19644

PUBLIC LIBRARY
Reg. No. 101
16/7/2017
VELOOR, KOTTAYAM-686 003

C. K. Kumaran
Kilikollor
Quilon

BOSE PUBLIC LIBRARY
Reg. No. 101
VELOOR, KOTTAYAM-686 003

KUMARAN C. K.
KILIKOLLOOR
QUILON

# പ്രശ്നമാർഗ്ഗം

നിധായഹൃദിപാദാബ്ജം വിധായഗ്രഹവന്ദനം। ക്രിയതേപ്ര
ശ്നമാർഗ്ഗസ്യ വ്യാഖ്യാരത്നശിഖാഭിധാ। അനയാരത്നശിഖയാ
വിശദേപ്രശ്നവർത്മനി। ബാലാ അപിചരേയുശ്ചേൽസ്ഥാനേയ
ത്നോയമാശ്രിതഃ। അഥവാദുർഗ്ഗേഗാഢേസ്മിൻപ്രശ്നമാർഗ്ഗമഹോദ
ധൌ। സേയംസുഖാവഗാഹായ ഭൂയഃ കസ്യനവാഭവേൽ॥

## പ്രശ്നമാർഗ്ഗേ
## പ്രഥമാദ്ധ്യായപ്രാരംഭഃ.

ശ്ലോ-൧ മദ്ധ്യാടവ്യധിപം ഭൂദേവസിന്ധുകന്യാധവം ധിയാ। ധ്യാ
യാമിസാധകാഭീഷ്ടസിദ്ധ്യൈബുദ്ധ്യൈചസിദ്ധയെ।

അന്വയാർത്ഥം— ഞാൻ മദ്ധ്യാടവ്യധിപനായി ഭൂദേവസിന്ധു
കന്യാധവനെ ബുദ്ധിയുടെ ശുദ്ധിക്കായിക്കൊണ്ടും സിദ്ധിക്കാ
യിക്കൊണ്ടും ധീകൊണ്ടു സാധുവാകുംവണ്ണം ധ്യാനിക്കുന്നു.

സാരം— ഞാൻ മദ്ധ്യാടവീക്ഷേത്രനാഥനായിരിക്കുന്ന വി
ഷ്ണുഭഗവാനെ നിർദ്ദോഷമായിരിക്കുന്ന അറിവിന്നായിക്കൊണ്ടും
അപ്രകാരമുള്ള അറിവിന്റെ വർദ്ധനത്തിന്നായിക്കൊണ്ടും ഇ
പ്പോൾ നിർമ്മിപ്പാനായിക്കൊണ്ടു ആരംഭിക്കപ്പെട്ടതായ ഒരു ഗ്ര
ന്ഥത്തിന്റെ സമാപ്തിക്കായിക്കൊണ്ടും മനസ്സുകൊണ്ടു നല്ല
വണ്ണം സ്മരിക്കുന്നു.

൨- ഗുരുഭ്യശ്ചഗ്രഹേഭ്യശ്ചമയാബദ്ധോയമഞ്ജലിഃ। പ്രസന്ന
മനസസ്സന്ത്വമീസത്യാം കുർവന്തുഭാരതീം॥

അന്വയാർത്ഥം— ഗുരുക്കൾക്കായിക്കൊണ്ടും ഗ്രഹങ്ങൾക്കാ
യിക്കൊണ്ടും എന്നാൽ ഒരു അഞ്ജലിബദ്ധമായിത്തു ഇവർപ്രസ
ന്നമനസ്സുകളായിട്ടു ഭാരതിയെ സത്യമാക്കിച്ചെയ്യേണമെ-

സാരം— ഗുരുനാഥന്മാർക്കായിക്കൊണ്ടും സൂര്യാദിനവഗ്രഹ
ങ്ങൾക്കായിക്കൊണ്ടും ഞാൻതൊഴുന്നു ആ ഇവർസന്തോഷിച്ചു

തായ മനസ്സോടു കൂടിയവരായിട്ടു എന്റെവാക്കിനെ അൎത്ഥത്തെ അനുസരിച്ചതാക്കിചെയ്യേണമെ-

൩- നമശ്ശ്രീമംഗലശ്രേണീനിവാസായ മഹാത്മനെ സൎവ്വം
ജ്ഞാനന്തിദൈവജ്ഞായദ്ദത്തശ്രുതചക്ഷുഷഃ॥

അന്വയാൎത്ഥം — യദ്ദത്തശ്രുത ചക്ഷുസ്സുകളായിരിക്കുന്ന ദൈവജ്ഞന്മാർ സൎവ്വത്തെയും അറിയുന്നു- ശ്രീമംഗലശ്രേണീനിവാസനായിരിക്കുന്ന ആ മഹാത്മാവിനായിക്കൊണ്ടു നമസ്കാരം-

സാരം— യാവനൊരുത്തങ്കൽ നിന്നുലഭിക്കപ്പെട്ട ജ്യൌതിഷശാസ്ത്രത്തോടുകൂടിയവരായജ്യൌതിഷക്കാർസകലത്തെയും അറിയുന്നുവൊ അദ്ദേഹമായ മംഗലശ്രേണി എന്ന ഗ്രഹത്തിങ്കൽ വസിക്കുന്ന മഹാത്മാവിനായിക്കൊണ്ടു നമസ്കാരം-

൪- ചെല്ലൂരീശപരംനത്വശൈലജാവല്ലഭംമയാ। ശിഷ്യായദെ
ശികാദാപ്തം പ്രശ്നവൎത്മാപദിശ്യതെ॥

അന്വയാൎത്ഥം___ ശൈലജാവല്ലഭനായിരിക്കുന്ന ചെല്ലൂരീശപരനെ ആനമിച്ചിട്ടു എന്നാൽ ശിഷ്യനായിക്കൊണ്ടു ദെശികങ്കൽനിന്ന ആപ്തമായിരിക്കുന്ന പ്രശ്നവൎത്മം ഉപദെശിക്കപ്പെടുന്നു-

സാരം___ പാൎവ്വതീഭൎത്താവായിരിക്കുന്ന ചെല്ലൂർ ക്ഷെത്രനാഥനെ നമസ്കരിച്ചിട്ടു ഞാൻ ഗുരുവിങ്കൽനിന്ന ലഭിക്കപ്പെട്ടപ്രശ്നമാൎഗ്ഗത്തെ ശിഷ്യനായിക്കൊണ്ടു ഉപദെശിക്കുന്നു-

(വാ) തത്ര പ്രഥമം ജ്യോതിശ്ശാസ്ത്രസ്വരൂപം
കിഞ്ചിദുച്യതെ।

അന്വയാൎത്ഥം ___ അവിടെ മുമ്പിൽ ജ്യോതിശ്ശാസ്ത്ര സ്വരൂപം അല്പമാകും വണ്ണം വചിക്കപ്പെടുന്നു-

സാരം___ സ്പഷ്ടം-

൫- സ്കന്ധത്രയാത്മകം ജ്യോതിശ്ശാസ്ത്രമെതൽ ഷഡംഗവൽ।
ഗണിതംസംഹിതാഹൊരാ ചെതിസ്കന്ധത്രയംമതം॥

അന്വയാൎത്ഥം___ഏതൽ ജ്യോതിശ്ശാസ്ത്രം സ്കന്ധത്രയാത്മകമായിട്ടും ഷഡംഗവത്തായിട്ടും ഭവിക്കുന്നു-ഗണിതവും സംഹിതയും ഹൊരയും ഇങ്ങിനെസ്കന്ധത്രയം മതമായി ഭവിക്കുന്നു-

സാരം——ഈ ജ്യോതിശ്ശാസ്ത്രം മൂന്നുസ്കന്ധങ്ങളാകുന്നസ്വരൂപത്തോടു കൂടിയതായിട്ടും ആറ അംഗങ്ങളോടുകൂടിയതായിട്ടും ഭവിക്കുന്നു ഗണിതം, സംഹിതാ, ഹൊരാ ഇങ്ങിനെമൂന്നുസ്കന്ധങ്ങൾ ഉണ്ടു- അതുകൾ മൂന്നും കൂടിയാൽ ജ്യോതിശ്ശാസ്ത്രത്തിന്റെ

സ്വരൂപമായി ഭവിക്കും. ജാതകഗോളാദികളായ ആറ അംഗങ്ങളും ജ്യോതിശ്ശാസ്ത്രത്തിന്നു ഭവിക്കുന്നു. അതുകളെത്തന്നെ അനന്തര ശ്ലോകം കൊണ്ടു പറയുന്നു-

൩- ജാതകഗോള നിമിത്തപ്രശ്നമുഹൂർത്താഖ്യ ഗണിതനാമാനി॥
അഭിദധതീഹ ഷഡംഗാന്യാചാര്യാ ജ്യോതിഷേ മഹാശാസ്ത്രേ॥

അന്വയാർത്ഥഃ—— ഇഹ ജ്യോതിഷമാകുന്ന മഹാശാസ്ത്രത്തിങ്കൽ ആചാര്യന്മാർ ജാതകഗോളനിമിത്തപ്രശ്ന മുഹൂർത്താഖ്യഗണിത നാമങ്ങളായിരിക്കുന്ന ആറ അംഗങ്ങളെ അഭിധാനം ചെയ്യുന്നു-

സാരം—— ജ്യോതിഷമെന്ന മഹാശാസ്ത്രത്തിന്നു ജാതകവും ഗോളവും നിമിത്തവും പ്രശ്നവും മുഹൂർത്തവും ഗണിതവുമാകുന്ന ആറ അംഗങ്ങളുണ്ടെന്ന അറിക

൪- ഗോളോഗണിതഞ്ചേതി ദ്വിതയംഖലുഗണിതസംജ്ഞിതസ്കന്ധേ। ഹോരാസംഹിതയോരപിനിമിത്തമന്യത്ത്രയഞ്ച ഹോരാഖ്യേ॥

അന്വയാർത്ഥം—— ഗോളവും ഗണിതവും ഇങ്ങിനെ ദ്വിതയാ ഗണിത സംജ്ഞിതകമായിരിക്കുന്ന സ്കന്ധത്തിങ്കൽ ഭവിക്കുന്നു. ഹോരാസംഹിതകളിൽ നിമിത്തവും ഭവിക്കുന്നു അന്യമായിരിക്കുന്നത്രയം ഹോരാഖ്യമായിരിക്കുന്ന സ്കന്ധത്തിങ്കലും ഭവിക്കുന്നു-

സാരം——ഗണിതസ്കന്ധത്തിങ്കൽ ഗോളസ്വരൂപവും ഗ്രഹഗണിതാദി പ്രകാരവും പറകപ്പെട്ടിരിക്കുന്നു. ഹോരാസ്കന്ധത്തിങ്കലും സംഹിതാസ്കന്ധത്തിങ്കലും നിമിത്തം പറകപ്പെട്ടിരിക്കുന്നു. ജാതക പ്രശ്നമുഹൂർത്തങ്ങളും ഹോരാസ്കന്ധത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു.

൫. ജനപുഷ്ടിക്ഷയവൃദ്ധിദ്വിരദതുരംഗാദിസർവ്വവസ്തൂനാം
കേതൂൽക്കാദീനാംവാലക്ഷണമുദിതംഹിസംഹിതാസ്കന്ധേ ॥

അന്വയാർത്ഥം—— സംഹിതാസ്കന്ധത്തിങ്കൽ ജനപുഷ്ടിക്ഷയവൃദ്ധി ദ്വിരദതുരംഗാദി സർവ്വ വസ്തുക്കളുടെയും കേതൂൽക്കാദികളുടെയും ലക്ഷണം ഉദിതമായി ഭവിക്കുന്നു.

സാരം—— ജനങ്ങളുടെ ധനധാന്യാദി സമൃദ്ധി, ക്ഷയം, വൃദ്ധി ഇതുകളുടെ ലക്ഷണവും ആന, കുതിര ഇത്യാദി സകല വസ്തുക്കളുടെ ലക്ഷണവും കേതുക്കൾ, കൊള്ളിമീൻ ഇതുകളുടെ ലക്ഷണവും സംഹിതാസ്കന്ധത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു.

൬, പ്രമാണഫലഭേദേനദ്വിവിധശ്ചൈവഭവേദിദം । പ്രമാ

ണംഗണിതസ്കന്ധസ്കന്ധാവന്യൌഫലാത്മകൌ-ഇതി ॥

അന്വയാൎത്ഥം—— ഇത പ്രമാണഫല ഭെദം ഹെതുവായിട്ട ദ്വിവിധമായിട്ടും ഭവിക്കുന്നു· ഗണിതസ്കന്ധം പ്രമാണമായി ഭവിക്കുന്നു. അന്യങ്ങളായിരിക്കുന്ന സ്കന്ധങ്ങൾ ഫലാത്മകങ്ങളായി ഭവിക്കുന്നു.

സാരം—— മെൽ പ്രകാരമുള്ള ഈ ജ്യോതിശ്ശാസ്ത്രം പ്രമാണമെന്നും ഫലമെന്നും ഉള്ള രണ്ട വ്യവഹാരങ്ങൾക്ക വിഷയമാകയാൽ രണ്ട വകയാകുന്നു- ഗണിതസ്കന്ധത്തെ പ്രമാണമെന്നും സംഹിതാസ്കന്ധവും ഹൊരാസ്കന്ധവും ഫലസ്വരൂപമാകുന്നു എന്നും ഗ്രഹിച്ചു കൊൾക- അവസാനത്തിങ്കൽ ഉള്ള ഇതി ജ്യോതിശ്ശാസ്ത്രസ്വരൂപ കഥനത്തിന്റെ സമാപ്തിയെ പറയുന്നതാകയാൽസ്കന്ധത്രയാത്മകം ജ്യോതിശ്ശാസ്ത്രമെതൽ ഷഡംഗവൽ എന്നതുതുടങ്ങി ഇതുവരെ ഉള്ളത ജ്യോതിശ്ശാസ്ത്ര സ്വരൂപ കഥനത്തിങ്കൽ താല്പൎയ്യത്തൊട കൂടിയതാകുന്നു എന്നും ഇതിങ്കൽ നിന്ന അനന്തരമായിട്ടുള്ളത ഈ പ്രകരണത്തിങ്കൽ ചെൎന്നതല്ലെന്നും ധരിച്ചുകൊൾക-

(വാ) ശാസ്ത്രെസ്മിൻബ്രാഹ്മണസ്യൈവാധികാരഃ । വെദാംഗത്വാൽ തഥാചൊക്തം ॥

അന്വയാൎത്ഥം —— വെദാംഗത്വം ഹെതുവായിട്ട ഈ ശാസ്ത്രത്തിങ്കൽ ബ്രാഹ്മണന്നു തന്നെ അധികാരം ഭവിക്കുന്നു- അപ്രകാരം തന്നെ ഉക്തമായി ഭവിക്കുന്നു.

സാരം —— ഈ ശാസ്ത്രം നിരുക്തകല്പാദികളെന്നപൊലെ വെദാംഗമായിട്ടുള്ളതാകയാൽ ഇതിങ്കൽ അധികാരം ശൂദ്രാദികൾക്ക ഭവിക്കുന്നില്ല- ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻഇവർ തന്നെ അധികാരികൾ യാതൊരു പ്രകാരമായാൽ ഇതു വെദാംഗമാകുന്നു എന്നതും ഇതിങ്കൽ ശൂദ്രാദികൾ അധികാരികളല്ല എന്നതും സിദ്ധമാവുന്നതൊ അപ്രകാരമുള്ള വചനമുണ്ട· അതിനെ ഇനിപറയുന്നു.

ഫം ജ്യോതിഃകല്പൊനിരുക്തഞ്ചശിക്ഷാവ്യാകരണംതഥാ । ഛന്ദൊവിചിതിരെതാനിഷഡംഗാനിവിദുശ്ശ്രുതെഃ ॥

അന്വയാൎത്ഥം——ജ്യോതിസ്സും കല്പവും നിരുക്തവും ശിക്ഷയും അപ്രകാരം വ്യാകരണവും ഛന്ദൊവിചിതിയും ഇപ്രകാരമുള്ള ഈ ആറുകളെ ശ്രുതിയുടെ അംഗങ്ങൾ എന്ന അറിയുന്നു,

സാരം—— ജ്യോതിഷം, കല്പം, നിരുക്തം, ശിക്ഷാ, വ്യാകരണം, ഛന്ദൊവിചിതി ഇവ ആറും വെദാംഗങ്ങളാകുന്നു,

൧൧. ഛന്ദഃപാദൌശബ്ദശാസ്ത്രംചവക്ത്രംകല്പഃപാണീജ്യൌതിഷംചക്ഷുഷീച। ശിക്ഷാഘ്രാണംശ്രോത്രമുക്തംനിരുക്തംവെദസ്യാംഗാന്യെവമാഹുൎമ്മുനീന്ദ്രാഃ ॥

അന്വയാൎത്ഥം — ഛന്ദസ്സു പാദങ്ങളായി ഭവിക്കുന്നു. ശബ്ദശാസ്ത്രം വക്ത്രമായിട്ടു ഭവിക്കുന്നു. കല്പം പാണികളായി ഭവിക്കുന്നു. ജ്യൌതിഷം ചക്ഷുസ്സുകളായി ഭവിക്കുന്നു. ശിക്ഷാ ഘ്രാണമായി ഭവിക്കുന്നു. നിരുക്തം ശ്രോത്രമെന്ന ഉക്തമായി ഭവിക്കുന്നു. മുനീന്ദ്രന്മാർ വെദത്തിന്റെ അംഗങ്ങളെ ഇപ്രകാരം പറയുന്നു.

സാരം — ഛന്ദൊവിചിതി എന്ന ശാസ്ത്രം വെദപുരുഷന്റെ പാദങ്ങളാകുന്നു. വ്യാകരണം മുഖമാകുന്നു. കല്പം കൈകളാകുന്നു. ജ്യൌതിഷം കണ്ണുകളാകുന്നു. ശിക്ഷാ എന്ന ശാസ്ത്രം മൂക്കാകുന്നു. നിരുക്തം ചെവിയാകുന്നു. ഇപ്രകാരം മുനിശ്രേഷ്ഠന്മാർ പറയുന്നു.

൧൨. വെദസ്യചക്ഷുഃകിലശാസ്ത്രമെതൽപ്രധാനതാംഗെഷുതതൊസ്യയുക്താ । അംഗൈൎയ്യുതൊന്യൈരപിപൂൎണ്ണമൂൎത്തിശ്ചക്ഷുൎവ്വിനാകഃപുരുഷത്വമെതി ॥

അന്വയാൎത്ഥം — ഈ ശാസ്ത്രം വെദത്തിന്റെ ചക്ഷുസ്സായി ഭവിക്കുന്നു പോൽ. അതു ഹെതുവായിട്ടു ഇതിന്നു അംഗങ്ങളിൽ വെച്ചു പ്രധാനതാ യുക്തയായി ഭവിക്കുന്നു. അന്യങ്ങളായിരിക്കുന്ന അംഗങ്ങളൊടു യുതനായി പൂൎണ്ണമൂൎത്തിയായിരുന്നു എങ്കിലും എവനൊരുത്തൻ ചക്ഷുസ്സൊടു കൂടാതെ പുരുഷത്വത്തെ പ്രാപിക്കുന്നു.

സാരം — ജ്യൌതിഷമെന്ന ഈ ശാസ്ത്രം വെദപുരുഷന്റെ കണ്ണാകയാൽ ഇതിന്നു വെദാംഗങ്ങളിൽ വെച്ചു മുഖ്യത്വം യുക്തമാകുന്നു. മറ്റുള്ള അംഗങ്ങൾ കൊണ്ടു ശരീരം പൂൎണ്ണമായിരുന്നാലും കണ്ണില്ലാത്തവനായിരുന്നാൽ അവനെ ഒരു പുരുഷനെന്നു പറഞ്ഞു കൂട. അതു ഹെതുവായിട്ടു അംഗങ്ങളിൽ പ്രാധാന്യം കണ്ണിന്നു ഭവിക്കുന്നു.

൧൩. അധ്യെതവ്യംബ്രാഹ്മണൈരെവതസ്മാജ്ജ്യൊതിശ്ശാസ്ത്രംപുണ്യമെതദ്രഹസ്യം । എതൽബുദ്ധ്വാസമ്യഗാപ്നൊതിയസ്മാദൎത്ഥംധൎമ്മംമൊക്ഷമഗ്ര്യംയശശ്ച - ഇതി ॥

അന്വയാൎത്ഥം — യാതൊന്നു ഹെതുവായിട്ടു ഇതിനെ വഴിപൊലെ അറിഞ്ഞിട്ടു അൎത്ഥത്തെയും ധൎമ്മത്തെയും മൊക്ഷത്തെയും അഗ്ര്യമായിരിക്കുന്ന യശസ്സിനെയും പ്രാപിക്കുന്നുവൊ അതു ഹെതുവായിട്ടു രഹസ്യമായി പുണ്യമായിരിക്കുന്ന ഈ ജ്യൊ

തിശാസ്ത്രം അധ്യേതവ്യമായി ഭവിക്കുന്നു- ബ്രാഹ്മണരാൽ തന്നെ അധ്യേതവ്യമായിട്ടും ഭവിക്കുന്നു.

സാരം—ജ്യോതിശ്ശാസ്ത്രമെന്നതു ഗ്രന്ഥമായൊരു വസ്തുവാകുന്നു. പുണ്യകരമായിട്ടുള്ളതുമാകുന്നു. ഈ ശാസ്ത്രത്തെ വേണ്ടുംവണ്ണം അറിഞ്ഞാൽ അതു ഹേതുവായിട്ട അൎത്ഥധൎമ്മങ്ങളെയും മോക്ഷത്തെയും ശ്രേഷ്ഠമായിരിക്കുന്ന യശസ്സിനെയും ലഭിക്കുന്നു. അതുഹേതുവായിട്ട ഈ ശാസ്ത്രം പഠിക്കപ്പെട്ടുവാൻ യോഗ്യമായിട്ടുള്ളതാകുന്നു- ബ്രാഹ്മണരാൽ തന്നെ പഠിക്കപ്പെട്ടുവാൻ യോഗ്യമായിട്ടുള്ളതുമാകുന്നു- ബ്രാഹ്മണൈഃ എന്നതു കൊണ്ടു വിപ്രക്ഷത്രിയ വൈശ്യന്മാരെ ഗ്രഹിക്കേണം. ശൂദ്രാദികൾക്കു അധികാരമില്ല എന്നത ഈ നിയമം ഹേതുവായിട്ടു സിദ്ധമായി- അവസാനത്തിങ്കലെ ഇതി ശബ്ദം സമാപ്തിയെ ബോധിപ്പിക്കുന്നതാകുന്നു.

(വാ) തഥാപി ജ്യോതിൎവ്വിദോ ജനാസ്സംവേദ്യമാനനീയാഃ । തഥാചോക്തം ॥

അന്വയാൎത്ഥം—അപ്രകാരമായാലും ജ്യോതിൎവ്വിത്തുകളായിരിക്കുന്ന ജനങ്ങൾ സൎവ്വന്മാരായിട്ടു മാനനീയന്മാരായി ഭവിക്കുന്നു അപ്രകാരംതന്നെ ഉക്തം ഭവിക്കുന്നു- —

സാരം——മേൽപറയപ്പെട്ട നിയമം ഹേതുവായിട്ടു ശൂദ്രാദികൾ ജ്യോതിശാസ്ത്രത്തിങ്കൽ അനധികാരികളാകുന്നു എന്നതു സിദ്ധമായിരുന്നാലും ജ്യോതിശ്ശാസ്ത്രത്തെ അറിയുന്നവർ ആരായിരുന്നാലും അവരെ ബഹുമാനിക്കേണം. അപ്രകാരം വചനമുണ്ടു. അതിനെ അനന്തരം പറയുന്നു-

ശ്ലോ- മ്ലേച്ഛാഹി യവനാസ്തേഷു സമ്യക്ശാസ്ത്രമിദം സ്ഥിതം।
ഋഷിവത്തെവിപൂജ്യന്തെ കിംപുനൎദ്ദൈവ വിദ്ദ്വിജഃ- ഇതി॥

അന്വയാൎത്ഥം—— യവനന്മാർ മ്ലേച്ഛന്മാരാകുന്നുവല്ലോ അവരിൽ ഈ ശാസ്ത്രം വഴിപോലെ സ്ഥിരമായി ഭവിക്കുന്നു. അതു ഹേതുവായിട്ട അവരും ഋഷികൾ എന്നപോലെ പൂജിക്കപ്പെടുന്നു ദൈവവിത്തായിരിക്കുന്ന ദ്വിജൻ പിന്നെ പറയപ്പെടേണമൊ-

സാരം—— യവനന്മാർ വേദപ്രാമാണ്യാദികളെ സ്വീകരിക്കാത്തവരാകയാൽ ആൎയ്യസമാജത്തിങ്കൽ പൂജയെ ലഭിക്കാത്തവരാകുന്നു എങ്കിലും അവരിൽ ജ്യോതിശ്ശാസ്ത്രം, വേണ്ടുംവണ്ണമിരിക്കകാരണമായിട്ടു മഹൎഷിമാർ എന്നപോലെ അവർ സൎവ്വരിൽനിന്നും പൂജയെ ലഭിക്കുന്നു- ബ്രാഹ്മണനായാലൊ പിന്നെ

പറയെണമെന്നില്ലല്ലൊ. ഇതി ശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

(വാ) അഥദൈവജ്ഞലക്ഷണമുച്യതെ॥

അന്വയാൎത്ഥം—അനന്തരം ദൈവജ്ഞലക്ഷണം വചിക്കപ്പെടുന്നു-

സാരം— പ്രശ്നത്തിങ്കൽ ചൊദിക്കപ്പെട്ടകാൎയ്യങ്ങളിൽ നിന്ന ഇഷ്ടാനിഷ്ട സമ്മിശ്രങ്ങളായിരിക്കുന്ന അതാതു അനുഭവങ്ങളിൽ ഇന്നവന്ന ഇന്നതുവരുവാൻ പൊകുന്നു എന്ന ലഗ്നരാശ്യാദികളുടെ അവസ്ഥയെ പ്രമാണിച്ചു പറയുന്നവനെത്രെ ദൈവജ്ഞനാകുന്നത. അവന്റെ ലക്ഷണത്തെ ഇനിപറയുന്നു-

ഫ ൩- ജ്യൊതിശ്ശാസ്ത്രവിശെഷാഗണിതപടുവ്വൃത്തവാംശ്ചസത്യവചാഃ। വിനയീവെദാധ്യായീഗ്രഹയജനപരശ്ചദൈവജ്ഞഃ-ഇതി॥

അന്വയാൎത്ഥം— ജ്യൊതിശ്ശാസ്ത്രവിശെഷനായിയുംഗണിതപടുവായിയും വൃത്തവാനായിയും സത്യവചസ്സായിയും വിനയിയായിയും വെദാധ്യായിയായിയും ഗ്രഹയജനപരനായിയു മിരിക്കുന്നവൻ ദൈവജ്ഞനായിഭവിക്കുന്നു-

സാരം— ജ്യൊതിശ്ശാസ്ത്രത്തിങ്കലും ഗണിത ക്രിയയിങ്കലും സാമൎത്ഥ്യമുള്ളവനായിയും സദാചാരത്തൊടു കൂടിയവനായിയും സത്യവാക്കായിയും വിനയത്തൊടു കൂടിയവനായിയും വിധിക്കുംവണ്ണം വെദത്തെഅധ്യയനംചെയ്യുന്നവനായിയും നവഗ്രഹപൂജാ തൽപരനായിയുമിരിക്കുന്നവൻദൈവജ്ഞനാകുന്നു- ഇതിശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു

ഫ൪-ദൈവവിദെവംഭൂതൊയദ്വദതിഫലംശുഭാശുഭംപ്രഷ്ടുഃ। തൽസൎവ്വംനചമിഥ്യാഭവതിപ്രാജ്ഞൈരസ്യഥാപൊക്തം

അന്വയാൎത്ഥം— ഏവം ഭൂതനായിരിക്കുന്ന ദൈവവിത്ത പ്രഷ്ടാവിന്ന യാതൊരു ശുഭാശുഭമായിരിക്കുന്ന ഫലത്തെവദിക്കുന്നുവൊ അതസൎവ്വമായിട്ട മിഥ്യയായിഭവിക്കുന്നില്ല- പ്രാജ്ഞന്മാരാൽ ഈപ്രകാരംവചിപ്പു എന്നുള്ളതുണ്ടായി-

സാരം—മെൽ പറകപ്പെട്ട പ്രകാരമുള്ള ദൈവജ്ഞൻ തന്നൊടൊരുത്തൻ ചൊദിച്ചാൽ അതിനെപ്പിടിച്ചു വിചാരിച്ചാച്ചിട്ടു ശുഭമായിട്ടൊ അശുഭമായിട്ടൊ ശാസ്ത്രാനുസാരെണഅചന്നു യാതൊരുഫലനിൎദ്ദെശത്തെ ചെയ്യുന്നുവൊ അതൊക്കെയും യഥാൎത്ഥമായി ഭവിക്കും എന്ന അറിവെറിയവർ പറഞ്ഞിരിക്കു

ന്നു അവരുടെവാക്കിനെ അനന്തരം പറയുന്നു-

൭. ദശഭേദംഗ്രഹഗണിതം ജാതകമവലോക്യ നിരവശേഷ മപിയഃകഥയതിശുഭാശുഭംതസ്യനമിഥ്യാഭവേദ്വാണീ॥

അന്വയാർത്ഥം—— യാവനൊരുത്തൻ ദശഭേദമായിരിക്കുന്ന ഗ്രഹഗണിതത്തെയും ജാതകത്തെയും നിരവശേഷമാകും വണ്ണം അവലോകനം ചെയ്തിട്ടു ശുഭത്തെയും അശുഭത്തെയും കഥിക്കുന്നുവൊ അവന്റെ വാണിമിഥ്യയായി ഭവിക്കില്ല.

സാരം—— പത്തുഭേദങ്ങളോട്ടും കൂടിയ ഗ്രഹഗണിതത്തെ ഒക്കെയും കണ്ടു ജാതകത്തെയും മെൽ പ്രകാരം കണ്ടു ഒരുത്തന്റെ ശുഭാശുഭ ഫലത്തെ ദൈവജ്ഞൻ ശാസ്ത്രത്തെ അനുസരിച്ചു പറഞ്ഞാൽ അതു സത്യമായിട്ടു തന്നെ ഭവിക്കും.

൮. അനേകഹോരാതന്ത്രജ്ഞഃപഞ്ചസിദ്ധാന്തകോവിദഃ।
ഊഹാപോഹപടുസ്സിദ്ധമന്ത്രോജാനാതിജാതകം-ഇതി ॥

അന്വയാർത്ഥം—— അനേകഹോരാതന്ത്രജ്ഞനായി പഞ്ചസിദ്ധാന്തകോവിദനായി ഊഹാപോഹപടുവായി സിദ്ധമന്ത്രനായിരിക്കുന്നവൻ ജാതകത്തെ അറിയുന്നു.

സാരം—— അനേക ഹോരാ ശാസ്ത്രങ്ങളിലും ബ്രാഹ്മാദികളായ അഞ്ചു ഗണിത ശാസ്ത്രങ്ങളിലും സമർത്ഥനായി ഊഹാപോഹങ്ങളിൽ നിപുണനായി മന്ത്രപ്രസാദത്തോടു കൂടിയവനായിരിക്കുന്നവൻ ജാതകത്തെ അറിയുന്നു. അവസാനത്തിങ്കലുള്ള ഇതിശബ്ദം സമാപ്തിയെ ബോധിപ്പിക്കുന്നതാകുന്നു.

(൯) ഗ്രഹഗണിതസ്യദശഭേദാസ്സന്തിതേചോക്താഃ ॥

അന്വയാർത്ഥം—— ഗ്രഹഗണിതത്തിന്നു പത്തു ഭേദങ്ങൾ ഭവിക്കുന്നു. അതുകളും ഉക്തങ്ങളായി ഭവിക്കുന്നു.

സാരം—— ഗ്രഹഗണിതത്തിന്നു ധ്രുവാനയനം മുതലായിട്ടു പത്തു ഭേദങ്ങൾ ഉണ്ടു. അതുകൾ പത്തും പണ്ടുള്ളവരാൽ പറകപ്പെട്ടതുകളാകുന്നു. അവരുടെവചനത്തെ അനന്തരംപറയുന്നു.

൰. ധ്രുവാനയനംഖെടമധ്യമസ്ഫുടയൊസ്തഥാ । ഗ്രഹണമുദിതയംഖെടകലഹസ്തൽസമാഗമഃ ॥

൰൧. അസ്തോദയൌപഖെടാനാംനക്ഷത്രാണാംചസംഗമഃ।
ഇതിഭേദാസ്സുവിജ്ഞേയാഗ്രഹാണാംഗണിതേദശ-ഇതി ॥

അന്വയാർത്ഥം —— ധ്രുവാനയനവും അപ്രകാരം ഖെടമധ്യമസ്ഫുടങ്ങളുടെ ആനയനവും ഗ്രഹണമുദിതയവും ഖെടകലഹവും തൽസമാഗമവും ഖെടന്മാരുടെ അസ്തോദയങ്ങളും നക്ഷത്രങ്ങളുടെ സംഗമവും ഇങ്ങിനെ പത്തു ഭേദങ്ങൾ ഗ്രഹങ്ങളുടെ

ഗണിതത്തിങ്കൽ വിഷയങ്ങളായി ഭവിക്കുന്നു.

സാരം — കലിദിനസംഖ്യയെ വരുത്തുക, ഗ്രഹമദ്ധ്യമത്തെ വരുത്തുക. ഗ്രഹസ്ഫുടത്തെ വരുത്തുക. സൂൎയ്യഗ്രഹണത്തെ ഗണിക്കുക. സോമഗ്രഹണത്തെ ഗണിക്കുക. ഗ്രഹയുദ്ധത്തെ പരീക്ഷിച്ചറിക. ഗ്രഹങ്ങളുടെ പരസ്പരമുള്ള ചേൎച്ചയെ പരീക്ഷിച്ചറിക. ഗ്രഹങ്ങളുടെ ഉദയത്തെ പരീക്ഷിച്ചറിക. അസ്തമയത്തെ പരീക്ഷിച്ചറിക. നക്ഷത്രങ്ങളുടെ യോഗത്തെ പരീക്ഷിച്ചറിക. ഇങ്ങിനെ പത്തു പ്രകാരമുള്ള ക്രിയകൾ ഗ്രഹഗണിതത്തിങ്കൽ വേണ്ടതുകളാകയാൽ അവറ്റുകളുടെ സമ്പ്രദായത്തെ ജ്യോതിഷികന്മാർ ധരിച്ചിരിക്കേണം. ഇതി ശബ്ദം സമാപ്തിയെ ബോധിപ്പിക്കുന്നതാകുന്നു.

൨൭. ബ്രാഹ്മസ്സൗരശ്ച വാസിഷ്ഠോ രൗമശഃ പൗലിശസ്തഥാ ।
സിദ്ധാന്താ ഇതി പഞ്ചൈസ്യുഃ കഥ്യന്തേ തൽഭിദാഃ ॥

൨൮. സ്പഷ്ടോ ബ്രാഹ്മസ്തു സിദ്ധാന്തസ്തസ്യാസന്നസ്തു രൗമശഃ ।
സൗരസ്സ്പഷ്ടതരോസ്പഷ്ടൗ വാസിഷ്ഠപൗലിശസ്തഥാ ॥

൨൯. കദാചിൽ ബ്രാഹ്മസിദ്ധാന്തസ്സാവിത്രസ്തു കദാചന ।
കദാചിദ്രൗമശസ്സ്പഷ്ടോ നകദാചിത്തഥേതരൗ ॥ ഇതി.

അന്വയാൎത്ഥം — ബ്രാഹ്മവും സൗരവും വാസിഷ്ഠവും രൗമശവും അപ്രകാരം പൗലിശവും ഇങ്ങിനെ സിദ്ധാന്തങ്ങൾ അഞ്ചായി ഭവിക്കും. തൽഭിദകൾ കഥിക്കപ്പെടുന്നു. ബ്രാഹ്മമായിരിക്കുന്ന സിദ്ധാന്തം അതാകട്ടെ സ്പഷ്ടമായി ഭവിക്കുന്നു. രൗമശമായിരിക്കുന്ന സിദ്ധാന്തമാകട്ടെ അതിന്നു ആസന്നമായി ഭവിക്കുന്നു. സൗരമായിരിക്കുന്ന സിദ്ധാന്തം സ്പഷ്ടതരമായി ഭവിക്കുന്നു. വാസിഷ്ഠമായിരിക്കുന്ന സിദ്ധാന്തവും അപ്രകാരം പൗലിശമായിരിക്കുന്ന സിദ്ധാന്തവും അസ്പഷ്ടങ്ങളായി ഭവിക്കുന്നു. ബ്രാഹ്മസിദ്ധാന്തം ഒരു കാലത്തിങ്കൽ സ്പഷ്ടമായി ഭവിക്കുന്നു. സാവിത്രമായിരിക്കുന്ന സിദ്ധാന്തം തന്നെ ഒരു കാലത്തിങ്കൽ സ്പഷ്ടമായി ഭവിക്കുന്നു. ഒരു കാലത്തിങ്കൽ രൗമശമായിരിക്കുന്ന സിദ്ധാന്തം സ്പഷ്ടമായി ഭവിക്കുന്നു. ഇതരങ്ങൾ ഒരു കാലത്തിങ്കലും അപ്രകാരം ഭവിക്കുന്നില്ല.

സാ — ബ്രാഹ്മം, സൗരം, വാസിഷ്ഠം, രൗമശം, പൗലിശം ഇങ്ങിനെ സിദ്ധാന്തങ്ങൾ അഞ്ചാകുന്നു. അനന്തരം അവറ്റുകളുടെ ഭേദങ്ങളെ പറയുന്നു.

ബ്രാഹ്മസിദ്ധാന്തം ഒക്കുന്നതാകുന്നു. രൗമശസിദ്ധാന്തം അതിന്നു അടുത്തതാകുന്നു. സൗരസിദ്ധാന്തം ബ്രാഹ്മസിദ്ധാന്ത

ത്തെക്കാൾ അധികമായി ഒക്കുന്നതാകുന്നു. വാസിഷ്ഠവും പൌലിശവും പ്രത്യക്ഷവിരുദ്ധങ്ങളാകുന്നു. ബ്രാഹ്മസിദ്ധാന്തം ഒരു കാലത്തിങ്കൽ ദൃഷ്ടിസാമ്യത്തോടു കൂടിയതായി ഭവിക്കുന്നു. മറെറാരു കാലത്തിങ്കൽ സൂൎയ്യസിദ്ധാന്തം തന്നെ ദൃഷ്ടിസാമ്യത്തൊടുകൂടിയതായി ഭവിക്കുന്നു. രൊമശസിദ്ധാന്തവും ഒരുകാലത്തിങ്കൽ മെൽപ്രകാരം ഭവിക്കുന്നു. വാസിഷ്ഠപൌലിശങ്ങൾ ഒരു കാലത്തിങ്കലും ദൃഷ്ടിസാമ്യത്തോടു കൂടിയതുകളായി ഭവിക്കുന്നില്ല. എങ്കിലും പ്രമാണങ്ങളാകയാൽ ജാതക വിചാരത്തിങ്കൽ അതുകളെ അനുസരിച്ചും വിചാരിക്കെണമെന്നുണ്ടു. അതു ഹെതുവായിട്ടാകുന്നു പഞ്ചസിദ്ധാന്തകൊവിദഃ എന്ന വിശെഷണത്തെത്തന്നെ മുമ്പെയുള്ളവർ പ്രയൊഗിച്ചത എന്ന അറിഞ്ഞുകൊൾകയും വെണം. ഇതി ശബ്ദം സമാപ്തി ബൊധകമാകുന്നു. കഥ്യന്തെഖലുതൽഫലമാഃ എന്നുള്ള പാദത്തിങ്കലെ ഖലു ശബ്ദം വാക്യാലങ്കാരാൎത്ഥമാകുന്നു.

൧൨. മന്ത്രംയഥാവിധിഗുരൊസ്സമധിഗ്രഹീതതദ്ദൈവതാം ജപഹുതപ്രമുഖൈഃപ്രതൊഷ്യ । ജ്ഞാനായജാതകഫലസ്യതുസിദ്ധമന്ത്രസ്സ്യാദ്ദൈവവിദിഹാപ്തവചസ്തഥാഹി ॥

അന്വയാൎത്ഥം —— മന്ത്രത്തെ സുദിനത്തിങ്കൽ വിധിക്കതക്കവണ്ണം ഗുരുവിങ്കൽനിന്നു ഗ്രഹിച്ചിട്ടതദ്ദൈവതയെ ജപഹുതപ്രമുഖങ്ങൾകൊണ്ടു പ്രതൊഷിപ്പിച്ചിട്ടു സിദ്ധമന്ത്രനായിരിക്കുന്ന ദൈവവിത്ത ജാതകഫലത്തിന്റെ ജ്ഞാനത്തിന്നായിക്കൊണ്ടു ഭവിക്കും സംശയമില്ല. ഇവിടെ ആപ്തവചസ്സ അപ്രകാരമാകുന്നു എല്ലൊ.

സാരം —— മന്ത്രത്തെനല്ല സമയത്തിങ്കൽ ഗുരുമുഖത്തിങ്കൽനിന്നു ഗ്രഹിച്ചിട്ടു അതിന്റെ ജപം കൊണ്ടും അതുകൊണ്ടുള്ള ഹൊമതൎപ്പണാദികൾകൊണ്ടും അതിന്റെ ദെവതയെ സന്തൊഷിപ്പിച്ചിട്ടു സിദ്ധമന്ത്രനായിരിക്കുന്ന ദൈവജ്ഞൻ ജാതകഫലത്തെ അറിവാനായിക്കൊണ്ടു സമൎത്ഥനായി ഭവിക്കും അതിന്നു സംശയമില്ല. യഥാൎത്ഥവാദികളായിട്ടുള്ളവർ അപ്രകാരം പറഞ്ഞിരിക്കുന്നു എല്ലൊ.

(൧൩) ഇദംശാസ്ത്രംസുമുഹൂൎത്തഎവാരബ്ധവ്യംയഥാ । ചൊക്തം ॥

അന്വയാൎത്ഥം —— ഇദം ശാസ്ത്രം സുമുഹൂൎത്തത്തിങ്കൽ തന്നെ ആരബ്ധവ്യമാകുന്നു. അപ്രകാരം തന്നെ ഉക്തം ഭവിക്കുന്നു.

സാരം —— ഇദംശാസ്ത്രത്തെ ഇതിന്റെ ആരംഭത്തിന്ന അനു

കൂലമായ സമയത്തിങ്കൽ ആരംഭിക്കേണം- വല്പസമയത്തിങ്കലും ആരംഭിക്കാമെന്നുഭ്രമിക്കരുത-അപ്രകാരം വചനമുണ്ടു- അതിനെ അനന്തരം പറയുന്നു

൨൫. ദാതവ്യമപാപെഭ്യൊനിപുണമതിഭ്യഃപ്രശാന്തിശീലെ
ഭ്യഃ। ശുദ്ധദിവസെഗുരുലഗ്നെചന്ദ്രെമൃദുശീർഷ്ണവർഗ്ഗസ്ഥെ ॥
൨൬. ബലിഹൊമഗന്ധപുഷ്പൈരാദിത്യാദീൻഗ്രഹാൻസമ
ഭ്യർച്ച്യ। പ്രാരഭ്യമിദംശാസ്ത്രംവിധിവൽകൃത്വാഗുരൊഃപൂജാം ॥
൨൭. വിധിവന്മന്ത്രാഃപഠിതാഭവന്തിസർവ്വാർത്ഥസാധകാലൊ
കെ। ഏവംസഫലംശാസ്ത്രംഭവതിഹിവിധിപൂർവ്വകംപഠിതം॥ ഇതി-

അന്വയാർത്ഥം —— ഈശാസ്ത്രം അപാപന്മാരായി നിപുണമതികളായി പ്രശാന്തി ശീലന്മാരായിരിക്കുന്നവൎക്കായിക്കൊണ്ടു ശുദ്ധദിവസത്തിങ്കൽ ഗുരുലഗ്നത്തിങ്കൽ ചന്ദ്രൻ മൃദുശീർഷ്ണവർഗ്ഗസ്ഥനായിരിക്കും വിഷയത്തിങ്കൽ ദാതവ്യമായി ഭവിക്കുന്നു-ബലിഹൊമഗന്ധ പുഷ്പങ്ങൾകൊണ്ടു ആദിത്യാദികളായിരിക്കുന്ന ഗ്രഹങ്ങളെ സമഭ്യർച്ചിച്ചിട്ടു വിധിക്കുതക്കവണ്ണം ഗുരുവിന്റെ പൂജയെച്ചെയ്തിട്ടു ഈ ശാസ്ത്രം പ്രാരഭ്യമായി ഭവിക്കുന്നു- ലൊകത്തിങ്കൽവിധിക്കുതക്കവണ്ണംപഠിതങ്ങളായിരിക്കുന്നമന്ത്രങ്ങൾ സർവ്വാർത്ഥ സാധകങ്ങളായി ഭവിക്കുന്നു- ഇപ്രകാരം വിധിപൂൎവ്വകമാകുംവണ്ണം പഠിതമായിരിക്കുന്ന ശാസ്ത്രവും സഫലമായി ഭവിക്കുന്നു എല്ലൊ-

സാരം—— പാപത്തൊടു കൂടാത്തവരായിട്ടും ശാന്തന്മാരായിട്ടും ബുദ്ധിസാമർത്ഥ്യത്തൊടു കൂടിയവരായിട്ടും ഇരിക്കുന്നവൎക്കായിക്കൊണ്ടു ഈ ശാസ്ത്രം ശുദ്ധമായ ദിവസം വ്യാഴത്തൊടു കൂടിയ ലഗ്നംകൊണ്ടുള്ള മുഹൂർത്ത സമയത്തിങ്കൽ ഉപദെശിക്കപ്പെടുവാൻ യൊഗ്യമാകുന്നു- ബലി, ഹൊമം, ചന്ദനം മുതലായ ഗന്ധദ്രവ്യം, പൂവ, ഇവകൊണ്ടു സൂൎയ്യാദികളായ നവഗ്രഹങ്ങളെ വിധിക്കുതക്കവണ്ണം പൂജിച്ചിട്ടു ഗുരുപൂജയെയും വിധിക്കുതക്കവണ്ണം ചെയ്തിട്ടു ഈ ശാസ്ത്രം പഠിച്ചു തുടങ്ങെണം- വിധിക്കുതക്കവണ്ണം പഠിക്കപ്പെട്ട മന്ത്രങ്ങൾ സകല പ്രയൊജനങ്ങളെയും സാധിക്കുന്നതു കളായിട്ടു ലൊകത്തിങ്കൽ സിദ്ധങ്ങളാകുന്നു- ഇപ്രകാരം വിധിക്കുതക്കവണ്ണം പഠിക്കപ്പെട്ട ശാസ്ത്രവും സഫലമായി ഭവിക്കുമെന്നു ഗ്രഹിച്ചുകൊൾക- ഇതിരണ്ടും സമാപ്തിയെബൊധിപ്പിക്കുന്നതാകുന്നു.

൨൮. സപ്ലാതഥാൎത്ഥബഹുലാചവരാഹഹൊരാതസ്യാഃപൃ
ഥുഃ പട്ടധിയാമവിഷഗ്ഗ്മൊൎത്ഥഃ। ഭട്ടൊൽപലാദിരചിതാവിവൃതി

ഷ്ടിലോകസ്സ്പഷ്ടംകരോതു ഹൃദിദൈവവിദാമസ്യാഃ ॥

അന്വയാൎത്ഥം—— വരാഹഹോരാസ്വല്പയായിട്ടും അൎത്ഥബഹുലയായിട്ടും ഭവിക്കുന്നു. അതിന്റെ അൎത്ഥമാകട്ടെ പടുധീകൾക്കും ദുൎഗ്ഗമമാകുന്നു. ദൈവവിത്തുകളാൽ പലാമിരചിതകളായിരിക്കുന്ന വിവൃതികളെ വിലോകനം ചെയ്തിട്ടു ഇതിന്റെ അൎത്ഥത്തെ ഹൃത്തിങ്കൽ സ്പഷ്ടമാക്കേണം.

സാരം—— വരാഹമിഹിരാചാൎയ്യരാൽ ഉണ്ടാക്കപ്പെട്ടതായ ഹോരാശാസ്ത്രം അധികമായ ശബ്ദസംക്ഷേപത്തോടും അൎത്ഥബാഹുല്യത്തോടും കൂടിയതാകുന്നു. അതിന്റെ അൎത്ഥം നിപുണബുദ്ധികളായിരിക്കുന്നവൎക്കും അറിവാൻ പ്രയാസമുള്ളതാകുന്നു. അതു ഹേതുവായിട്ടു ദൈവജ്ഞന്മാർ ഭട്ടോൽപലനെന്ന ഗ്രന്ഥകൎത്താവു മുതലായവരാൽ ഉണ്ടാക്കപ്പെട്ടതുകളായ വ്യാഖ്യാനങ്ങളെ നോക്കി അതിന്റെ അൎത്ഥത്തെ ഹൃദയത്തിങ്കൽ വ്യക്തമാക്കേണം.

൨൯. ഹോരാംവരാഹമിഹിരാസ്യവിനിൎഗ്ഗതാംയെമാലാമിവാദധതിദൈവവിദസ്സ്വകണ്ഠെ കൃഷ്ണീയശാസ്ത്രമപിഭൎത്തൃമതീവസൂത്രംതെഷാംസഭാസ്വമഹതീഭവതീഹശോഭാ ॥

അന്വയാൎത്ഥം—— യാതൊരുദൈവവിത്തുകൾ മാലയെഎന്നപോലെ വരാഹമിഹിരാസ്യവിനിൎഗ്ഗതയായിരിക്കുന്ന ഹോരയെയും ഭൎത്തൃമതീസൂത്രത്തെ എന്നപോലെ കൃഷ്ണീയശാസ്ത്രത്തെയും സ്വകണ്ഠങ്ങളിങ്കൽ ആധാനം ചെയ്യുന്നുവൊ ഇവിടെ അവരുടെ സഭയിങ്കൽ മഹതിയായിരിക്കുന്ന ശോഭഭവിക്കുന്നു.

സാരം—— ജ്യൌതിഷികന്മാർ അവരവരുടെ കണ്ഠത്തിങ്കൽ മാലയെ എന്നപോലെ വരാഹഹോരയെ ധരിക്കേണം. ഭൎത്താവുള്ളവൾ സൂത്രത്തെ എന്നപോലെ കൃഷ്ണീയമെന്ന ശാസ്ത്രത്തെയും ധരിക്കേണം. എന്നാൽ ഇവിടെ അവരുടെ സഭകളിൽ വലുതായ ശോഭ ഭവിക്കും.

൩൦. ഹോരായാസ്തുദശാധ്യായ്യാംവ്യാഖ്യായാംക്രിയതാംക്രമഃ । ദൈവജ്ഞനവിശേഷേണ ഫലമാദേഷ്ടുമിച്ഛതാ ॥

അന്വയാൎത്ഥം —— ഫലത്തെആദേശിപ്പാനായിക്കൊണ്ടു ഇച്ഛിക്കുന്നായിരിക്കുന്ന ദൈവജ്ഞനാൽ ഹോരയുടെ ദശാധ്യായിയാകുന്ന വ്യാഖ്യയിങ്കൽ തന്നെ വിശേഷേണ ക്രമം ചെയ്കപ്പെടേണം.

സാരം—— ഫലത്തെ പറവാനായിക്കൊണ്ടു ആഗ്രഹിക്കുന്ന ദൈവജ്ഞൻ ദശാധ്യായീ എന്ന ഹോരാവ്യാഖ്യാനത്തെ വിശേ

ക്ഷിച്ചും പരിചയിക്കെണം-

൧൭. ദശാദ്ധ്യായ്യാംവിശെഷെണശ്രമൊനൈവകൃതൊയദി । ദുഷ്കരഃഫലനിൎദ്ദെശസ്തദാജ്ഞൈസ്ഥാവചഃ ॥

അന്വയാൎത്ഥം —— ദശാദ്ധ്യായിയിങ്കൽ ശ്രമം അതിശയെന കൃതമായതു തന്നെ ഇല്ല- എങ്കിൽ ഫലനിൎദ്ദെശം ദുഷ്കരമായിഭവിക്കുന്നു- അപ്രകാരം തദ്വിത്തുകളുടെ വചസ്സും ഭവിക്കുന്നു-

സാരം —— ദശാദ്ധ്യായി എന്നഹൊരാവ്യാഖ്യാനത്തിങ്കൽ നല്ലവണ്ണം പരിചയമില്ലാത്തവൎക്ക ഇഷ്ടകഷ്ടഫലങ്ങളുടെ അനുഭവത്തെ യഥാൎത്ഥമായിപ്പറക എന്നത അസാദ്ധ്യമായിട്ടുള്ളതാകുന്നു- അപ്രകാരം ഫലനിൎദ്ദെശത്തിങ്കൽ സമൎത്ഥന്മാരായിരിക്കുന്നവരുടെ വചനവുമുണ്ട- അതിനെ അനന്തരം പറയുന്നു-

൧൮. അദൃഷ്ട്വായൊദശാദ്ധ്യായീംഫലമാദെഷ്ടുമിച്ഛതി । ഇച്ഛത്യെവസമുദ്രസ്യതരണംസപ്ലവംവിനാ-ഇതി ॥

അന്വയാൎത്ഥം —— യാവനൊരുത്തൻ ദശാദ്ധ്യായിയെദൎശിക്കാതെ ഫലത്തെ ആദെശിപ്പാനായിക്കൊണ്ട ഇച്ഛിക്കുന്നുവൊ അവൻ പ്ലവത്തൊടുകൂടാതെ സമുദ്രത്തിന്റെ തരണത്തെ ഇച്ഛിക്കുന്നു നിശ്ചയം-

സാരം —— യാവനൊരുത്തൻ ദശാദ്ധ്യായീ എന്ന ഹൊരാവ്യാഖ്യാനത്തിങ്കൽ പരിചയിക്കാതെ ഫലത്തെ പറവാനായിക്കൊണ്ടിച്ഛിക്കുന്നുവൊ അവൻ പൊങ്ങുതടിയൊടു കൂടാതെ സമുദ്രത്തെകടപ്പാനായിക്കൊണ്ട ഇച്ഛിക്കുന്നവനാകുന്നു- ഇതിശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

(വാ) ജാതകപ്രശ്നയൊൎവ്വിഷയവിഭാഗ ഉച്യതെ ।

അന്വയാൎത്ഥം —— ജാതകപ്രശ്നങ്ങളുടെ വിഷയവിഭാഗം വചിക്കപ്പെടുന്നു-

സാരം —— ഇനിജാതകശാസ്ത്രത്തിന്റെയും പ്രശ്നശാസ്ത്രത്തിന്റെയും വിഷയഭെദത്തെ പറയുന്നു-

൧൯. സ്വൎഗ്ഗാദ്യനുഭവക്ഷീണശിഷ്ടപ്രാചീനകൎമ്മണാം । ഭൊഗായജനനംനൄണാം മൊക്ഷഭാജാംമുഹുൎമ്മുഹുഃ ॥

അന്വയാൎത്ഥം —— പിന്നെയും പിന്നെയും മൊക്ഷഭാക്കുകളായിരിക്കുന്നനൄക്കൾക്ക സ്വൎഗ്ഗാദ്യനുഭവക്ഷീണശിഷ്ടപ്രാചീനകൎമ്മങ്ങളുടെ ഭൊഗത്തിനായിക്കൊണ്ട ജനനം ഭവിക്കുന്നു-

സാരം —— പിന്നെയും പിന്നെയും മൊക്ഷത്തൊടു ചെൎപ്പെടുന്നവരായ മനുഷ്യൎക്കു സ്വൎഗ്ഗം മുതലായ ലൊകങ്ങളുടെ അനുഭവം ഹെതുവായിട്ടു ചിലകൎമ്മങ്ങൾ നശിച്ചിട്ടും ചിലകൎമ്മങ്ങൾ നശി

ങ്ങാതെയും ഇങ്ങിനെ പ്രാചീനകൎമ്മങ്ങൾനഷ്ടാവശിഷ്ടങ്ങളായ്ത്തീരും പൊൾ അതുകൾക്ക സ്വൎഗ്ഗാദ്യനുഭവത്തെ ജനിപ്പിപ്പാൻ മതിയായതായസാമൎത്ഥ്യമില്ലാ എങ്കിൽ അതുകളെഅനുഭവിപ്പാനായിക്കൊണ്ട അവർ മനുഷ്യലൊകത്തിങ്കൽ പിന്നെയും പിന്നെയും ജനിക്കുന്നു-

ശ്ലൊ- അത്രഭുക്തിവിധംകൎമ്മപ്രാക്കൎമ്മനിജയത്നതഃ । അന്ത്യസ്യാനുഭവൊമുത്ര ഭുക്തെചാദ്യസ്യസംക്ഷയഃ ॥

അന്വയാൎത്ഥം—— ഇവിടെ ആകട്ടെ പ്രാക്കൎമ്മവും നിജയത്നം ഹെതുവായിട്ടുള്ള കൎമ്മവും ഇങ്ങിനെ കൎമ്മം ദ്വിവിധമായി ഭവിക്കുന്നു- അന്ത്യത്തിന്റെ അനുഭവം ജന്മാന്തരത്തിങ്കൽ ഭവിക്കുന്നു- ഇവിടെ ഭുജിച്ചിട്ട ആദ്യത്തിന്റെ സംക്ഷയം ഉണ്ടാക്കപ്പെടുന്നു.

സാരം——ഒരുജന്മത്തിങ്കൽ തന്നെകൎമ്മം രണ്ടുവിധമായിത്തീരുന്നു- പ്രാഗ്ജന്മത്തിങ്കൽ ചെയ്തകൎമ്മവും ഇപ്പൊൾതന്നെ യത്നംഹെതുവായിട്ടുണ്ടാകുന്ന കൎമ്മവും ഇങ്ങിനെ രണ്ടുവിധമെന്നറിക- ഇപ്പൊൾ തന്റെ യത്നങ്ങൾ ഹെതുവായിട്ട ഉണ്ടാകുന്നകൎമ്മങ്ങളുടെ അനുഭവം മറെറാരു ജന്മത്തിങ്കൽ ഭവിക്കും. പ്രാഗ്ജന്മത്തിങ്കൽ ചെയ്തകൎമ്മങ്ങൾ ഇപ്പൊൾ അനുഭവിക്കപ്പെടുകയാൽ നശിക്കുന്നതുകളാകുന്നു-

(വാ)അത്രശാസ്ത്രാന്തരം ॥

അന്വയാൎത്ഥം—— ഇവിടെശാസ്ത്രാന്തരം ഭവിക്കുന്നു-

സാരം—— സ്പഷ്ടം. അന്യശാസ്ത്രത്തെ അനന്തരം കാണിക്കുന്നു-

ശ്ലൊ- സ്വകൎമ്മഭൊക്തുംജായന്തെപ്രായശൊഹിജന്തവഃ । ക്ഷീണെകൎമ്മണിചാന്യത്രപുനൎഗ്ഗച്ഛന്തിദെഹിനഃ ॥

അന്വയാൎത്ഥം—— ജന്തുക്കൾ മിക്കതും തന്നെ സ്വകൎമ്മത്തെ ഭുജിപ്പാനായിക്കൊണ്ട ജനിക്കുന്നു- കൎമ്മം ക്ഷീണമായിരിക്കും വിഷയത്തിങ്കൽ പിന്നെ ദെഹികൾ അന്യദെശത്തിങ്കൽ ഗമിക്കുന്നു-

സാരം——ജന്തുക്കൾമിക്കതും തന്നെ അവരവരുടെ കൎമ്മങ്ങൾക്കുള്ള ഫലത്തെ അനുഭവിപ്പാനായിക്കൊണ്ട അതാതുദെശങ്ങളിൽജനിക്കുന്നു- കൎമ്മം ക്ഷയിച്ചാൽ അവർ മരിച്ചു മറെറാരു ദെശത്തെ പ്രാപിക്കുന്നു-

ശ്ലൊ- യദുപചിതമന്യജന്മനിശുഭാശുഭംതസ്യകൎമ്മണഃപക്തിം । വ്യഞ്ജയതിശാസ്ത്രമെതത്തമസിദ്രവ്യാണിദീപ ഇവ ॥

അന്വയാൎത്ഥം— അന്യജന്മത്തിങ്കൽയാതൊന്ന ശുഭാശുഭമായിട്ട ഉപചിതമായി ഭവിക്കുന്നുവൊ ആ കൎമ്മത്തിന്റെ പക്തിയെ തമസ്സിങ്കൽ ദ്രവ്യങ്ങളെ ദീപമെന്ന പൊലെ ൟശാസ്ത്രം വ്യഞ്ജിപ്പിക്കുന്നു-

സാരം—അന്യജന്മത്തിങ്കൽ ശുഭമായിട്ടൊ അശുഭമായിട്ടൊ യാതൊരുകൎമ്മം സമ്പാദിക്കപ്പെട്ടുവൊ അതിന്റെ ഫലത്തെ ഇരുട്ടിൽ ഇരിക്കുന്ന വസ്തുക്കളെ വിളക്കെന്ന പൊലെ ൟശാസ്ത്രം പ്രകാശിപ്പിക്കുന്നു-

നന്ത്യ· പൂൎവ്വജന്മാൎജ്ജിതം കൎമ്മ ശുഭം വാ യദി വാശുഭം । തസ്യ പക്തിം ഗ്രഹാസ്സൎവ്വേ സൂചയന്തീഹ ജന്മനി ॥

അന്വയാൎത്ഥം——ശുഭമായിട്ടൊ അശുഭമായിട്ടൊ ഇരിക്കുന്നതായ യാതൊരു കൎമ്മം പൂൎവ്വജന്മാൎജ്ജിതമായി ഭവിക്കുന്നുവൊ അതിന്റെ ൟ ജന്മത്തിങ്കൽ ഉള്ള പക്തിയെ സൎവ്വങ്ങളായിരിക്കുന്ന ഗ്രഹങ്ങളും സൂചിപ്പിക്കുന്നു-

സാരം—— ശുഭമായിട്ടൊ അശുഭമായിട്ടൊ പൂൎവ്വജന്മത്തിങ്കൽ ഒരു കൎമ്മം ചെയ്താൽ അതിന്റെ ഫലത്തെ ൟജന്മത്തിങ്കൽ അനുഭവിക്കും· അതിനെ സൂൎയ്യാദികളായ ഗ്രഹങ്ങളും അറിയിക്കുന്നു-

നമ്ര· സുഖദുഃഖകരം കൎമ്മ ശുഭാശുഭമുഹൂൎത്തജം । ജന്മാന്തരെപി തൽകൎത്തുഃ ഫലം തസ്യാന്വയെപി വാ ॥

അന്വയാൎത്ഥം—— ശുഭാശുഭമുഹൂൎത്തജമായിരിക്കുന്ന കൎമ്മം സുഖദുഃഖകരമായി ഭവിക്കുന്നു· അതു ജന്മാന്തരത്തിങ്കൽ എങ്കിലും ഫലത്തെ ചെയ്യും അവന്റെ അന്വയത്തിങ്കൽ ഫലത്തെ ചെയ്യുമാം·

സാരം—— നല്ലമുഹൂൎത്തത്തിങ്കൽ ചെയ്യപ്പെട്ട കൎമ്മം സുഖത്തെ ഉണ്ടാക്കും· ദുൎമ്മുഹൂൎത്തത്തിങ്കൽ ചെയ്യപ്പെട്ട കൎമ്മം ദുഃഖത്തെ ഉണ്ടാക്കും· മെൽപ്രകാരമുള്ള കൎമ്മം അന്യജന്മത്തിങ്കൽഎങ്കിലും ഫലത്തെ ജനിപ്പിക്കും· യാവനൊരുത്തൻ ചെയ്തുവൊ അവന്റെ വംശത്തിങ്കൽ ഫലത്തെ ജനിപ്പിച്ചു എന്നതുമാം·

നവ്യ· പ്രാഗ്ജന്മാൎജ്ജിതപുണ്യാഘപ്രാബല്യോദ്രേകഹേതുകഃ । പ്രാരബ്ധസംജ്ഞിതോ മാനുഷ്യജാതൌ ജാതകചിന്തനം ॥

അന്വയാൎത്ഥം—— പ്രാഗ്ജന്മാൎജ്ജിതപുണ്യാഘം പ്രാബല്യോദ്രേകം ഹേതുവായിട്ട പ്രാരബ്ധസംജ്ഞിതമായി ഭവിക്കുന്നു· അത മാനുഷ്യജാതിയിങ്കൽ ജാതകചിന്തനമായി ഭവിക്കുന്നു-

സാരം—പ്രാഗ്ജന്മത്തിങ്കൽ ചെയ്യപ്പെട്ട കൎമ്മങ്ങളിൽ ചിലതി

ന്ന ശക്തി അധികമായാൽ അതുമുമ്പെ ഫലമാനത്തിന്നായിക്കൊണ്ടു പ്രകൎഷേണ ആരംഭിച്ചതായി ഭവിക്കുന്നതാകയാൽ അതിനെപ്രാരബ്ധമെന്നുപറയുന്നു. പ്രാരബ്ധകൎമ്മത്തിന്റെ വിചാരസാധനംജാതകമാകുന്നു. ഇതുകൊണ്ടുജാതകശാസ്ത്രത്തിന്റെ വിഷയം വ്യക്തമാക്കപ്പെട്ടു.

൩൯- ആമരണാദിഹജന്തുഃ പ്രാക്തനനിജകൎമ്മപാകമനുഭവതി। തല്ക്രമലംജാതകമഥ കിംപ്രശ്നേനകഥ്യതെസത്യം॥

അന്വയാൎത്ഥം— മരണംവരെജന്തു പ്രാക്തനനിജകൎമ്മപാകത്തെഅനുഭവിക്കുന്നു. അതിനെവചിപ്പാനായിക്കൊണ്ടു ജാതകം പൎയ്യാപ്തമായിഭവിക്കുന്നു. ഇനിപ്രശ്നംകൊണ്ടു എന്തുകഥിക്കപ്പെടുന്നു എന്നുചൊദിക്കുന്നു എംകിൽസത്യമാകുന്നു.

സാരം— ജനനംമുതൽ മരണംവരെ ജന്തുക്കൾപൂൎവകൎമ്മങ്ങളുടെ ഫലത്തെ അനുഭവിക്കുന്നു. അതിനെപറവാനായിക്കൊണ്ടു ജാതകം മതിയായിട്ടുള്ളതാകുന്നു. ഇനിപ്രശ്നംകൊണ്ടുകാൎയ്യമെന്ത എന്നുള്ളചൊദ്യം ശരിയായിട്ടുള്ളതാകുന്നു. എംകിലും പ്രശ്നശാസ്ത്രത്തിന്നുപ്രയൊജനമുണ്ടെന്ന അഭിപ്രായം അതിന്റെഅനന്തരംവ്യക്തമാക്കുന്നു.

൪൦- കസ്യപക്തിരിതിജ്ഞാതുമിദാനീംപൂൎവ്വകൎമ്മണാം। ഇഹാൎജ്ജിതഞ്ചെവിജ്ഞാതും കൎമ്മപ്രശ്നോവിധീയതെ ഇതി॥

അന്വയാൎത്ഥം— ഇപ്പൊൾപൂൎവകൎമ്മങ്ങളിൽ വെച്ചഏതൊന്നിന്റെപക്തിയാകുന്നു എന്നഅറിവാനായിക്കൊണ്ടും ഇവിടെ ആൎജ്ജിതമായിരിക്കുന്നകൎമ്മത്തെ അറിവാനായിക്കൊണ്ടും പ്രശ്നം വിധിക്കപ്പെടുന്നു.

സാരം- പുരാതനങ്ങളായിരിക്കുന്ന കൎമ്മങ്ങളിൽഏതൊന്നിന്റെ ഫലമാണഇപ്പൊൾ അനുഭവിക്കപ്പെട്ടുവരുന്നത എന്ന അറിവാനായിക്കൊണ്ടും ഇപ്പൊൾചെയ്യപ്പെട്ടതായ ഒരുകൎമ്മം തന്നെ പ്രാബല്യത്തിന്റെ ആധിക്യവശാൽ പ്രാരബ്ധതുല്യമായിഭവിച്ചിരിക്കുന്നു എംകിൽ അതിനെഅറിവാനായിക്കൊണ്ടും പ്രശ്നം വിധിക്കപ്പെടുന്നു- ഇതുകൊണ്ടു പ്രശ്നത്തിന്റെവിഷയത്തെപറഞ്ഞു- ഇതിശബ്ദംസമാപ്തിയെബൊധിപ്പിക്കുന്നതാകുന്നു-

൪൧- പ്രാഗ്ജന്മനികൃതാനാഞ്ച കൃതാനാഞ്ചൈവ ജന്മനി। വിഭാഗൊപികഥംജ്ഞേയഇതിചെൽസൊപികഥ്യതെ॥

അന്വയാൎത്ഥം—— പ്രാഗ്ജന്മത്തിങ്കൽ കൃതങ്ങളായിയും ഈ ജന്മത്തിങ്കൽ കൃതങ്ങളായിട്ടും ഇരിക്കുന്നകൎമ്മങ്ങളുടെ വിഭാഗവും എങ്ങിനെജ്ഞേയമായിഭവിക്കുന്നു എന്നുചൊദിക്കുന്നു എംകിൽ

ഇതും കഥിക്കപ്പെടുന്നു-

സാരം___ പൂർവ്വജന്മത്തിങ്കൽ സമ്പാദിക്കപ്പെട്ട കർമ്മങ്ങളെയും ഈ ജന്മത്തിങ്കൽ സമ്പാദിക്കപ്പെട്ട കർമ്മങ്ങളെയും അറിയുന്നതെങ്ങിനെ എന്നുണ്ടെങ്കിൽ അറിവാനുള്ളവഴിപറയാം-

ശ്ലോ- യദാജാതകതഃപ്രശ്നോഗുണദോഷൈർവ്വിഭിദ്യതെ। തദാശുഭാശുഭം വിദ്യാൽ കർമ്മജന്മാന്തരാർജ്ജിതം॥

അന്വയാർത്ഥം___ യാതൊരുകാലത്തിങ്കൽ ജാതകത്തിങ്കൽനിന്നു പ്രശ്നം ഗുണദോഷങ്ങളെക്കൊണ്ടു ഭേദിക്കുന്നുവൊ അപ്പൊൾ ഈ ജന്മത്തിങ്കൽ ശുഭാശുഭങ്ങളായിരിക്കുന്ന കർമ്മഭേദങ്ങൾ ഹേതുവായിട്ടുള്ള ശുഭാശുഭത്തെ അറിയെണം-

സാരം___ ജാതകവശാൽ ദോഷാനുഭവകാലമെന്നുള്ള നിശ്ചയമിരിക്കുമ്പൊൾ പ്രശ്നംകൊണ്ടു ഗുണാനുഭവകാലമെന്നുകാണുകിലും ജാതകവശാൽ ഗുണാനുഭവകാലമെന്നുള്ള നിശ്ചയമിരിക്കുമ്പൊൾ പ്രശ്നംകൊണ്ടുദോഷാനുഭവകാലമെന്നു കാണുകിലും അക്കാലത്തിങ്കൽ ഗുണദോഷഹേതുക്കളായകർമ്മങ്ങൾ പുരാതനങ്ങളിൽചെയ്തതുകളല്ലെന്നും ഈ ജന്മത്തിങ്കൽ സമ്പാദിക്കപ്പെട്ടതുകളാകുന്നു എന്നും അറിഞ്ഞുകൊൾക- ഇപ്പൊൾചെയ്യപ്പെട്ട കർമ്മങ്ങളുടെ ഫലമൊക്കെയും ജന്മാന്തരത്തിങ്കലാകുന്നു എന്നുള്ള നിയമമില്ലാത്തത്യുൽക്കടൈഃ പുണ്യപാപൈരിഹൈവഫലമശ്നുതെ എന്നുണ്ട-

ശ്ലോ- യദാനുസരതിപ്രശ്നോജാതകംഗ്രഹദൃഷ്ടിഭിഃ। തദാപ്രാക്കർമ്മപാകസ്സ്യാദിത്യൂഹ്യമിഹധീമതാം॥

അന്വയാർത്ഥം___ യാതൊരുകാലത്തിങ്കൽ പ്രശ്നം ഗ്രഹദൃഷ്ട്യാദികൾകൊണ്ടു ജാതകത്തെ അനുസരിക്കുന്നുവൊ അപ്പൊൾ പ്രാക്കർമ്മപാകം ഭവിക്കും-എന്ന ഇവിടെ ധീമാന്മാരാൽ ഊഹ്യമാകുന്നു-

സാരം—പ്രശ്നം ഗ്രഹരാശ്യാദികൾകൊണ്ടു ജാതകത്തോടുചെർച്ചയുള്ളതായി വെച്ചാൽ അക്കാലത്തിങ്കൽ ഉള്ള ഇഷ്ടകഷ്ടഫലങ്ങൾ ഹേതുപുരാതനകർമ്മമാകുന്നു എന്നറിയെണം-

(൨) ജാതകെയൽഫലമുക്തം തത്സർവ്വം പ്രശ്നെപി ചിന്ത്യം ഇത്യാദെശികം॥

അന്വയാർത്ഥം—ജാതകത്തിങ്കൽ യാതൊരുഫലം ഉക്തമായിഭവിക്കുന്നുവൊ അതുസർവ്വമായിട്ട് പ്രശ്നത്തിങ്കലും ചിന്ത്യമായിഭവിക്കുന്നു അപ്രകാരം ഉക്തവും ഭവിക്കുന്നു-

സാരം___ ജാതകത്തിങ്കൽ പറകപ്പെട്ട ഫലങ്ങൾ ഒക്കെയും അതാതിന്ന അനുകൂലങ്ങളായിരിക്കുന്ന ഗ്രഹസ്ഥിത്യാദികൾ ഉണ്ടാ

യിതന്നാൽ അതുകളെ അനുസരിച്ച പ്രശ്നത്തിങ്കലും വിചാരിക്കപ്പെട്ടുവാൻ യൊഗ്യങ്ങളാകുന്നു അപ്രകാരം വചനവുമുണ്ട- അതിന്നെ അനന്തരം പറയുന്നു-

൨൭. ബുദ്ധ്വാശാസ്ത്രംയഥാന്യായംബലാബലവിധാനതഃ ।
യദ്യൊക്തംജാതകെസൎവ്വംതല്പര പ്രശ്നെപിചിന്തയെൽ ॥

അന്വയാൎത്ഥം — ശാസ്ത്രത്തെ ബൊധിച്ചിട്ട ന്യായത്തെ അനുസരിച്ചിട്ടും ബലാബലവിധാനത്തെ അനുസരിച്ചിട്ടും ജാതകത്തിങ്കൽ യാതൊരു പ്രകാരം ഉക്തമായി ഭവിക്കുന്നുവൊ അപ്രകാരം പ്രശ്നത്തിലും സൎവ്വത്തെ ചിന്തിക്കെണം.

സാരം — പ്രശ്നത്തിന്ന ജാതകശാസ്ത്രത്തിന്റെ അറിവു കൂടെ ഉണ്ടായിരിക്കണം. ജാതകശാസ്ത്രത്തെ അറിഞ്ഞിട്ട യുക്തിയെ അനുസരിച്ച സൂൎയ്യാദിഗ്രഹരാശ്യാദികളുടെ ബലാബലങ്ങളെ അനുസരിച്ചിട്ടുള്ള വിധിപ്രകാരം ജാതകത്തിങ്കൽ യാതൊന്നു യാതൊരുപ്രകാരം പറകപ്പെട്ടിരിക്കുന്നുവൊ അതിന്നെ അപ്രകാരം പ്രശ്നത്തിങ്കലും വിചാരിക്കെണം.

(വാ) പ്രശ്നസ്യസാമ്യമെവാന്യത്രൊക്തം।

അന്വയാൎത്ഥം — പ്രശ്നത്തിന്നു സാമ്യം തന്നെ അന്യഗ്രന്ഥങ്ങളിങ്കൽ ഉക്തമായി ഭവിക്കുന്നു.

സാരം — പ്രശ്നത്തിന്ന ജാതകസാമ്യം തന്നെഅന്യഗ്രന്ഥത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു. അതിന്നെത്തന്നെ ഇനി പറവാൻ പൊകുന്നു.

൨൮. സംപ്രെൎയ്യമാണസ്സ്വപവശ്ശരീരീപ്രസഹ്യദൈവെന ശുഭാശുഭെന। ജ്യൊതിൎവ്വിദസ്സന്നിധിമെതിയസ്മാൽപ്രശ്നെപ്യതൊജന്മസമംഫലംസ്യു॥

അന്വയാൎത്ഥം — ശുഭാശുഭമായിരിക്കുന്ന ദൈവത്താൽ ബലാൽകാരെണ സംപ്രെൎയ്യമാണനായിരിക്കുന്ന ശരീരിയാകട്ടെ അവശനായിട്ട യാതൊന്നുഹെതുവായിട്ട ജ്യൊതിൎവ്വിത്തിന്റെ സന്നിധിയെ പ്രാപിക്കുന്നുവൊ അതു ഹെതുവായിട്ട പ്രശ്നഫലങ്ങളിൽ ജന്മസമമായി ഭവിക്കുന്നു.

സാരം — പുണ്യപാപങ്ങളാൽ ബലാൽകാരെണ അതാതിങ്കൽ പ്രവൎത്തിപ്പിക്കപ്പെട്ടിരിക്കുന്നവനായ ശരീരിതന്റെ സ്വാതന്ത്ര്യത്തൊടു കൂടാതെ ജ്യൊതിഷികന്റെ സമീപത്തെ പ്രാപിക്കുന്നു. ഇപ്രകാരമാകയാൽ പ്രശ്നം ഫലങ്ങളിൽ ജാതകതുല്യമാകുന്നു.

൨൯. ജന്മലഗ്നതയാപ്രശ്നലഗ്നംസംകല്പ്യപണ്ഡിതഃ। ജാത

കെന്ദ്രദൃഷ്ടീഷ്ടം തത്ത്പ്രശ്നെപിചിന്തയെൽ॥

അന്വയാർത്ഥം —— പണ്ഡിതനായിരിക്കുന്നവൻ ജന്മലഗ്നത്തെയാപ്രശ്നലഗ്നത്തെ സംകല്പിച്ചിട്ട ജാതകത്തിങ്കൽ യാതൊന്ന യാതൊന്ന ഉദ്ദിഷ്ടമായി ഭവിക്കുന്നുവൊ അതിനെ അതിന്റെ പ്രശ്നത്തിങ്കലും ചിന്തിക്കണം.

സാരം —— ബുദ്ധിമാനായിരിക്കുന്ന ജ്യൊതിഷികൻ പ്രശ്നലഗ്നത്തെ ജന്മലഗ്നമാക്കി കല്പിച്ചിട്ട ജാതകത്തിങ്കൽ പറകപ്പെട്ടതുകളെ നിശ്ശെഷമാകുംവണ്ണം പ്രശ്നത്തിങ്കലും വിചാരിക്കണം.

ഇതി പ്രഥമൊദ്ധ്യായഃ

## അഥ ദ്വിതീയാദ്ധ്യായപ്രാരംഭഃ

(വാ) അഥദൈവജ്ഞകൃത്യമുച്യതെ॥

അന്വയാർത്ഥം —— അനന്തരം ദൈവജ്ഞകൃത്യം വചിക്കപ്പെടുന്നു.

സാരം —— ഇനി ദൈവജ്ഞൻ വെണ്ടതു യാതൊന്നൊ അതിനെ പറയുന്നു.

ശ്ലൊ. ഉത്ഥായൊഷസിദൈവതാംഹൃദിനിധായധ്യാത്വാഥപാദപ്ലവശ്ശൊധനംകൃത്വാസ്നാനപുരസ്സരംസലിലവിക്ഷെപാദികർമ്മാഖിലം । കൃത്വാമന്ത്രജപാദികഞ്ചവിധിവൽപഞ്ചാംഗവീക്ഷാംതഥാ ഖെടാനാംഗണനംചദൈവവിദഥസ്വസ്ഥാന്തരാത്മാഭവെൽ॥

അന്വയാർത്ഥം —— ദൈവവിത്ത ഉഷസ്സിങ്കൽ ഉത്ഥാനംചെയ്തിട്ട ഹൃത്തിങ്കൽ നിജയായിരിക്കുന്ന ദെവതയെ ധ്യാനിച്ചിട്ട പാദശ്ശോധനത്തെ ചെയ്തിട്ട സ്നാനപുരസ്സരമാകുംവണ്ണം സലിലവിക്ഷെപാദിയായി അഖിലമായിരിക്കുന്ന കർമ്മത്തെയും മന്ത്രജപാദികളെയും പഞ്ചാംഗവീക്ഷയെയും അപ്രകാരം ഖെടന്മാരുടെ ഗണനത്തെയും വിധിക്കുതക്കവണ്ണം ചെയ്തിട്ട അനന്തരം സ്വസ്ഥാന്തരാത്മാവായി ഭവിക്കെണം.

സാരം —— ജ്യൊതിഷികൻ പ്രഭാതത്തിങ്കൽ എഴുനീറ്റിട്ട തന്റെ ഇഷ്ടദൈവതയെ ഹൃദയത്തിങ്കൽ ധ്യാനിച്ചിട്ട അനന്തരം മ

ലമൂത്രവിസൎജ്ജനത്തെയും ശൌചദന്തധാവനാദികളെയും ചെതതിന്റെ ശേഷം കുളിച്ചിട്ട ഊക്കക മുതലായ സകല കൎമ്മത്തെയും മന്ത്രജപം തുടങ്ങിയുള്ള കൎമ്മത്തെയും പഞ്ചാംഗദൎശനത്തെയും ഗ്രഹഗണനത്തെയും വിധിക്കുംവണ്ണം ചെയ്തിട്ട അനന്തരം സ്വസ്ഥമനസ്സായി ഭവിക്കേണം-

൨. ആലോകെഖലുയസ്യ കസ്യചിദസാവായാതിയൽകിഞ്ചെ
നപ്രഷ്ടുംമാംപ്രതിനൂനമിത്യവഹിതസ്സന്ന്യസ്തദൃഷ്ടിൎദ്ദൃഢം । ത
ച്ചേഷ്ടാദികമാകലയ്യസകലംതൽകാലജാതംപുനൎജ്ജാനീയാൽസ
മസ്തനിമിത്തമപിചശ്വാസസ്ഥിതിഞ്ചാത്മനഃ ॥

അന്വയാൎത്ഥം —— വല്ലൊരുത്തന്റെ ആലൊകത്തിങ്കൽ തന്നെ ഇവൻ വല്ലൊന്നിനെ പൃഛ്ശിപ്പാനായിക്കൊണ്ട എന്റെ നെരെ വരുന്നു നിശ്ചയം- എന്നിപ്രകാരം വിചാരിച്ചിട്ട അവഹിതനായി ദൃഢമാകുംവണ്ണം തന്ന്യസ്തദൃഷ്ടിയായിട്ട തച്ചേഷ്ടാദികത്തെ ആകലനം ചെയ്തിട്ട പിന്നെ തൽക്കാല ജാതമായി സകലമായിരിക്കുന്ന സമസ്തനിമിത്തത്തെയും ആത്മാവിന്റെ ശ്വാസസ്ഥിതിയെയും അറിയെണം-

സാരം —— ദൈവജ്ഞൻ മെൽപറഞ്ഞപ്രകാരം സ്വസ്ഥചിത്തനായിരിക്കും സമയത്തിങ്കൽ വല്ലൊരുത്തനെകണ്ടാൽ ഇവൻ വല്ലൊന്നിനെ ചൊദിപ്പാനായിക്കൊണ്ട എന്റെ നെരെ വരുന്നവനാകുന്നു- നിശ്ചയം എന്നിപ്രകാരം വിചാരിച്ചിട്ട അവന്റെ ചെഷ്ടാദികളെ അറിയെണമെന്നുള്ള ദൃഢതാല്പൎയ്യത്തിങ്കൽനിന്നു മനസ്സിനെ തെറ്റാതെ നിറുത്തി അവങ്കൽതന്നെ ദൃഷ്ടിവെച്ച അവന്റെ ചെഷ്ടമുതലായതുകളെ കണ്ടറിഞ്ഞതിന്റെ ശെഷം തൽക്കാലത്തിങ്കൽ ദൈവസംകല്പവശാൽ ഉണ്ടാകുന്നതുകളായ ശുഭാശുഭ നിമിത്തങ്ങളെയും തന്റെ ശ്വാസസ്ഥിതിയെയും അറിയെണം-

(വാ) അഥപൃച്ശകകൃത്യമുച്യതെ ॥

അന്വയാൎത്ഥം— അനന്തരം പൃച്ശകകൃത്യം വചിക്കപ്പെടുന്നു.

സാരം—— ഇനിദൈവജ്ഞനൊട ചൊദിക്കുന്നവൻ വെണ്ടതു യാതൊന്നൊ അതിനെ പറയുന്നു-

൩. തിഥൌശുഭായാംശുഭദേനുകൂലെതാരെദിനെഭാനുശുഭഗ്ര
ഹാണാം । പ്രഷ്ടാപ്ലുതംപ്രാഭൃതമാനതുഷ്ടം ജ്യോതിൎവ്വിദംപ്രാതരു
പെത്യപൃച്ഛെൽ ॥

അന്വയാൎത്ഥം ——പ്രഷ്ടാവ ഭാനു ശുഭഗ്രഹങ്ങളുടെ ദിനത്തിങ്കൽ തിഥിശുഭയായിട്ടും താരം ശുഭദമായിട്ടും അനുകൂലമായിട്ട മി

തിക്കും വിഷയത്തിങ്കൽ രാവിലെ ഉപധാനം ചെയ്തിട്ടു പ്രാട്ട താനനുഷ്ഠനായിരിക്കുന്ന ജ്യോതിർവ്വിത്തിനോടു ഈപ്സിതത്തെ പൃച്ഛിക്കേണം.

സാരം—— ജ്യോതിഷികനോടു ചോദിപ്പാൻ പോകുന്നവൻ ചൊവ്വാഴ്ച, ശനിയാഴ്ച, ഈ രണ്ടു ദിവസങ്ങളെ ഉപേക്ഷിച്ചു മറ്റുള്ള ദിവസങ്ങളിൽ ശുഭമായ പക്കവും ശുഭനക്ഷത്രവും കൂടിയ സമയം മദ്ധ്യാഹ്നത്തോടടുക്കാതെ ലഭിക്കപ്പെട്ടുവെങ്കിൽ അപ്പോൾ ജ്യോതിഷികന്റെ സമീപത്തെ പ്രാപിച്ചിട്ടു യോഗ്യമായ പദാർത്ഥം കാഴ്ച ദ്രവ്യമാക്കി മുമ്പിൽ വെച്ചു കൊടുത്തു സന്തോഷിപ്പിച്ചിട്ടു തനിക്കു അറിവാൻ ഇഷ്ടമായിട്ടുള്ളതിനെ ചോദിക്കേണം.

(വാ) ഏവം ഭക്തിപൂർവ്വമപ്യത്ര പൃച്ഛതഏവ ശുഭാശുഭം വാച്യം നാന്യസ്യ । തഥാചോക്തം ॥

അന്വയാർത്ഥം——ഇപ്രകാരം ഭക്തിപൂർവ്വമാകും വണ്ണം ഉപധാനം ചെയ്തിട്ടു പൃച്ഛന്നായിരിക്കുന്നവന്നുതന്നെ ശുഭാശുഭം വാച്യമായി ഭവിക്കുന്നു. അന്യന്നു വാച്യമായി ഭവിക്കുന്നില്ല. അപ്രകാരം ഉക്തവും ഭവിക്കുന്നു.

സാരം —— മേൽ പറഞ്ഞ പ്രകാരം ഭക്തിപൂർവ്വകമായി വന്നു ചോദിക്കുന്നവന്നുവേണ്ടി ജ്യോതിഷികൻ യഥാ ശാസ്ത്രമാകുംവണ്ണം ശുഭങ്ങളെ പറയേണം. വല്ലപ്രകാരവും വന്നു ചോദിക്കുന്നവന്നു വേണ്ടി പറയരുത. അപ്രകാരം വചനവുമുണ്ടു അതിനെ അനന്തരം ദർശിപ്പിക്കുന്നു.

൨. നാപൃഷ്ടഃകസ്യചിൽ ബ്രൂയാന്നാന്യായെനാചപൃച്ഛതഃ । പരമാർത്ഥ ഫലജ്ഞാനം യതോനൈവെഹ സിദ്ധ്യതി - ഇതി ॥

അന്വയാർത്ഥം——അപൃഷ്ടനായിട്ടു ഒരുത്തന്റെ ശുഭാശുഭത്തെ പറയരുത. അന്യായേന പൃച്ഛന്നായിരിക്കുന്നവന്റെ ശുഭാശുഭത്തെയും പറയരുത. യാതൊന്നു ഹേതുവായിട്ടു ഈ വിഷയങ്ങളിൽ പരമാർത്ഥഫല ജ്ഞാനം സിദ്ധിക്കുന്നില്ലതന്നെ.

സാരം——ഒരുത്തന്റെ ഇഷ്ടഫലത്തെയൊ കഷ്ടഫലത്തെയൊ പറയേണമെങ്കിൽ അവനാൽ ചോദിക്കപ്പെട്ടവനായിരിക്കേണം. ചോദിച്ചില്ല എങ്കിൽ പറയരുത. ന്യായത്തോടു കൂടാതെ ഒരുത്തൻ ചോദിച്ചാലും പറയരുത. ചോദിക്കാത്തവന്റെയും വേണ്ടും വണ്ണമല്ലാതെ ചോദിക്കുന്നവന്റെ ഫലജ്ഞാനം പരമാർത്ഥമായി ഉണ്ടാവാൻ പ്രയാസമാകുന്നു. ഇതിശബ്ദം സമാപ്തിബോധകമാകുന്നു.

നാപൃഷ്ടഃ കഥയന ഇത്യാദി ശ്ലോകത്തിന്റെ അനന്തരം മൂല ശ്ലോകത്തിങ്കൽ അന്തർഭവിക്കുന്നതായിട്ടു "തഥാപി" എന്നൊരുപ ക്ഷമുണ്ടു അപ്രകാരമായാലുമെന്നു അതിന്റെ അൎത്ഥം-

൭. അപൃഷ്ടസ്തു പൃഷ്ടോ വാ ജിജ്ഞാസോസ്തസ്യ കസ്യചിത് । ഹോരാകേന്ദ്രത്രികോണേഭ്യഃ ശുഭാശുഭഫലം വദേൽ ॥

൮. വസിഷ്ഠവചനാദസ്യ ജിജ്ഞാസോരപ്യപൃച്ഛതഃ । മ ൎത്ത്യസ്യ ദൈവവിൽ ബ്രൂയാദാരൂഢേന ശുഭാശുഭം ॥

അനുവാദം അപൃഷ്ടനായിട്ടോ പൃഷ്ടനായിട്ടോ ഇരിക്കുന്നവനായ ജിജ്ഞാസുവായിരിക്കുന്ന വല്ലൊരുത്തന്റെയും ശുഭാശുഭഫലത്തെ ഹോരാകേന്ദ്രത്രികോണങ്ങളെ ആശ്രയിച്ചിട്ടു പറയേണം- വസിഷ്ഠവചനം ഹേതുവായിട്ടു അപൃച്ഛന്നാ യിരുന്നു എങ്കിലും ജിജ്ഞാസുവായിരിക്കുന്നവന്റെ മൎത്ത്യനെ ക്കുറിച്ചു ദൈവവിത്ത ആരൂഢംകൊണ്ടു ശുഭാശുഭത്തെ പറയേണം-

സാരം——ചോദിച്ചാലും ചോദിക്കാതെ ഇരുന്നാൽ അറിവാ നായിക്കൊണ്ടു അഭിരുചി ആൎക്കു ഭവിക്കുന്നുവൊ അവന്റെ ഇഷ്ടകഷ്ടഫലങ്ങളെ ലഗ്നകേന്ദ്രത്രികോണങ്ങൾകൊണ്ടു പറയേ ണം- ഇപ്രകാരമുള്ള വസിഷ്ഠവചനം ഹേതുവായിട്ടു ജിജ്ഞാസ ഉള്ളവനായിരുന്നാൽ അവൻ ചോദിച്ചില്ല എങ്കിലും അവനെ ക്കാണുന്ന സമയം ജ്യോതിഷികൻ അവന്റെ ആരൂഢാദിക ൾകൊണ്ടു ചിന്തിച്ചിട്ടു ശുഭത്തെയും അശുഭത്തെയും പറയേണം-

(വാ) അഥാരൂഢവിധിരുച്യതെ ॥

അനുവാദം—— അനന്തരം ആരൂഢവിധി പറയപ്പെ ടുന്നു.

സാരം—— പൃച്ഛകനായിരിക്കുന്നവനാൽ ആരോഹിക്കപ്പെട്ട രാശിയെ ആരൂഢമെന്നു പറയുന്നു- അതിന്റെ നിശ്ചയമില്ലാ ത്തെടത്തു ആരൂഢത്തെ ഉണ്ടാക്കേണം- അതിന്നു ആരൂഢസ്വ രൂപനിരൂപണം പൂൎവ്വകമായി പറയുന്നു-

൧. ഐന്ദ്ര്യാംമേഷവൃഷാവഗ്നികോണേമിഥുനഃസ്ഥിതഃ । യാമ്യാംകൎക്കടസിംഹൌനൈരൃത്യാംദിശികന്യകാ ॥

൨. വാരുണ്യാന്തുതുലാകീടൌവായവ്യാന്ധനുസ്ഥിതിഃ । ചാന്ദ്ര്യാംമൃഗഘടൌന്യസ്താവൈശാന്യാംദിശിമീനഭം ॥

൩. ഭൂമിചക്രമിദംപ്രോക്തംവിജ്ഞായദൈവവിദസ്ഥിതം । ത സ്മിൻയത്രസ്ഥിതഃപ്രഷ്ടാരാശിരാരൂഢസംജ്ഞിതഃ ॥

൪. ആരൂഢതാത്പൎയ്യകേനരാശിരാരൂഢമുച്യതെ । ആ സ്മിൻസമ്യക്പരിജ്ഞാതെസൎവ്വംതൈനൈവചിന്ത്യതാം ॥

൨൨. തസ്മിന്നനിശ്ചിതെ ചക്രംവിലിഖ്യസ്മിൻസുപൂജിതെ ।
പ്രഷ്ടാസ്പൃഷ്ടംയംരാശിം സ്വശൈരാരൂഢ എവസഃ-ഇതി ॥

അന്വയാർത്ഥം——ഐന്ദ്രിയായിരിക്കുന്ന ദിക്കിങ്കൽ മെഷവൃഷങ്ങളും ഭവിക്കുന്നു- അഗ്നികൊണത്തിങ്കൽ മിഥുനഭം സ്ഥിതമായി ഭവിക്കുന്നു- യാമിയായിരിക്കുന്ന ദിക്കിങ്കൽ കർക്കടസിംഹങ്ങളും ഭവിക്കുന്നു. നൈരൃതിയായിരിക്കുന്ന ദിക്കിങ്കൽ കന്യകാ ഭവിക്കുന്നു- വാരുണിയായിരിക്കുന്ന ദിക്കിങ്കൽ തുലാകീടങ്ങൾ ഭവിക്കുന്നു. വായുകൊണത്തിങ്കൽ ധനുസ്ഥിതി ഭവിക്കുന്നു- കൌബെരിയായിരിക്കുന്ന ദിക്കിങ്കൽ മൃഗഘടങ്ങളും ഭവിക്കുന്നു. ഐശാനിയായിരിക്കുന്ന ദിക്കിങ്കൽ മീനഭം ഭവിക്കുന്നു- പ്രകാശമായിരിക്കുന്ന ഒരു ഭൂമിചക്രം ദൈവവിത്തിന്റെ നാലു പുറവും സ്ഥിതമായി ഭവിക്കുന്നു- അതിങ്കൽ പ്രഷ്ടാവു യാതൊന്നിങ്കൽ സ്ഥിതനായി ഭവിക്കുന്നുവൊ ആ രാശി ആരൂഢമെന്നു പ്രസിദ്ധമാകുന്നു- പൃച്ഛകനാൽ ആരൂഢതം ഹെതുവായിട്ടു രാശി ആരൂഢമെന്നു പറയപ്പെടുന്നു- അതുവെണ്ടും വണ്ണം പരിജ്ഞാതമായിരിക്കും വിഷയത്തിങ്കൽ സർവ്വവും അതുകൊണ്ടു ചിന്തിക്കപ്പെടെണം- അത അനിശ്ചിതമായിരിക്കും വിഷയത്തിങ്കൽ ചക്രത്തെ വിലെഖനം ചെയ്തിട്ടു സുപൂജിതമായിരിക്കുന്ന ഇതിങ്കൽ പ്രഷ്ടാവ സ്പർശംകൊണ്ടു യാതൊരു രാശിയെ സ്പർശിക്കുമൊ അതുതന്നെ ആരൂഢമായി ഭവിക്കുന്നു

സാരം —— രാശിചക്രം ചരമായിട്ടും സ്ഥിരമായിട്ടുമുണ്ടു- ചരമായിരിക്കുന്നത ആകാശമദ്ധ്യത്തിങ്കൽ വൃത്താകാരെണയത്രെ സ്ഥിതി ചെയ്യുന്നതു- സ്ഥിരചക്രം ഭൂമിയിൽ ദൈവജ്ഞന്റെ നാലു പുറവുമായി ചതുരശ്രാകൃതിയായി ഒരെടത്തും വ്യത്യാസം കൂടാതെ സ്വാതന്ത്ര്യമുള്ളതായിട്ടു തന്നെ ഇരിക്കുന്നു. ദൈവജ്ഞന്നു കിഴക്കെദിക്കായതൊന്നൊ അവിടെ മെടം ഇടവം ഈ രണ്ടു രാശികളും മെൽ പറഞ്ഞ ചക്രത്തെ ആശ്രയിച്ചിരിക്കുന്നു- ദൈവജ്ഞന്നു യാതൊരു ദിക്ക അഗ്നികൊണായിട്ടുള്ളതൊ അവിടെ മിഥുനം രാശി ഇരിക്കുന്നു- അപ്രകാരം തെക്കെ ദിക്കിൽ കർക്കടകം, ചിങ്ങം ഈ രണ്ടു രാശികളും. നിരൃതികൊണിൽ കന്നിയുമിരിക്കുന്നു- പടിഞ്ഞാറെ ദിക്കിൽ തുലാരാശിയും വൃശ്ചികരാശിയും ഇരിക്കുന്നു- വായുകൊണിൽ ധനുരാശി ഇരിക്കുന്നു. വടക്കെ ദിക്കിൽ മകരവും കുംഭവുമിരിക്കുന്നു- ഈശാനകൊണിൽ മീനരാശി ഇരിക്കുന്നു. ഇങ്ങിനെ ദൈവജ്ഞന്റെ നാലുപുറവുമായി ചക്രാകാരെണ ഇരിക്കുന്നതുകളായ മെഷാദിരാശികളിൽ വെച്ചു

യാതൊരുരാശിയിൽ പ്രഷ്ടാവു പൃച്ഛാസമയത്തിങ്കൽനിന്നുവൊ അതു ആരൂഢരാശി എന്നു പ്രസിദ്ധമാകുന്നു. പ്രഷ്ടാവിനാൽ ആരൊഹിക്കപ്പെട്ടതാകയാൽ അതിനെ ആരൂഢമെന്നു പറയുന്നു. ആരൂഢരാശി; ഇന്നത എന്നു നല്ലവണ്ണം അറിവുണ്ടായിരുന്നാൽ അതുകൊണ്ടുതന്നെ സകലത്തെയും വിചാരിക്കെണം, അതിന്റെ നിശ്ചയമില്ലെന്നു വരികിൽ ചക്രത്തെ ലെഖനം ചെയ്തിട്ട അതിനെ വിധിക്കുതക്കവണ്ണം പൂജിപ്പിച്ചിട്ട സ്വൎണ്ണം കൊണ്ടു അതിൽ ഒരുരാശിയെ തന്റെ ഇച്ഛക്കു തക്കവണ്ണം സ്പൎശിപ്പാൻ പ്രഷ്ടാവിനൊടു പറയെണം. അനന്തരം പ്രഷ്ടാവ യാതൊരുരാശിയിൽ സ്വൎണ്ണത്തെ ന്യസിച്ചുവൊ അതുതന്നെ ആരൂഢമെന്നു കല്പിച്ചിട്ട അതുകൊണ്ടു സകലത്തെയും വിചാരിക്കെണം. ഇതിശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു.

(൨൭) പൃച്ഛാസമയാദിവദൈവജ്ഞേനജ്ഞാതവ്യാനിവക്ഷ്യ
മാണക്രമെണൊച്യന്തെ ॥

അന്വയാൎത്ഥം — പൃച്ഛാസമയത്തിങ്കൽ തന്നെ ദൈവജ്ഞനാൽ ജ്ഞാതവ്യങ്ങളായിരിക്കുന്നതുകളെ വക്ഷ്യമാണ ക്രമത്തൊടുകൂടെ വചിക്കപ്പെടുന്നു.

സാരം — ജ്യൊതിഷികനാൽ പ്രശ്നസമയത്തിങ്കൽ തന്നെ അറിയപ്പെടെണ്ടതുകളായവയെ ഇനിപ്പറകപ്പെടുന്നതായ ക്രമത്തെ അനുസരിച്ചു പറയുന്നു.

൨൮. ദൈവജ്ഞേന സമാഹിതെന സമയൊ ദെശസ്സ്വവാ
യുൎദ്ദിശാ പ്രഷ്ടുസ്പൎശനമാശ്രിതൎക്ഷഹരിതൌ പ്രശ്നാക്ഷരാണി
സ്ഥിതിഃ । ചെഷ്ടാഭാവവിലൊകനെ ച വസനാദ്യന്യച്ചതൽകാ
ലജം പൃച്ഛായാസ്സമയെ തദെതദഖിലം ജ്ഞെയം ഹി വക്തും ഫലം ।
ഇതി ॥

അന്വയാൎത്ഥം — സമാഹിതനായിരിക്കുന്ന ദൈവജ്ഞനാൽ സമയവും ദെശവും സ്വവായുവും ദിശയും പ്രഷ്ടാവിന്റെ സ്പൎശനവും ആശ്രിതൎക്ഷഹരിത്തുകളും പ്രശ്നാക്ഷരങ്ങളും സ്ഥിതിയും ചെഷ്ടയും ഭാവവിലൊകനങ്ങളും വസനാദിതൽകാലജമായി അന്യമായിരിക്കുന്നതും യാതൊന്നൊ അതു ഇതു സകലമായിട്ടു ഫലത്തെ വചിപ്പാനായിക്കൊണ്ടു ജ്ഞാതവ്യങ്ങളായി ഭവിക്കുന്നു.

സാരം — അവധാനസഹിതനായിരിക്കുന്ന ജ്യൊതിഷികൻ പ്രശ്നസമയത്തിങ്കൽ സമയം, ദെശം, തന്റെവായു, തന്റെ

വസ്ഥാ, പൃച്ഛകന്റെസ്പൎശം, പൃച്ഛകനാൽ ആശ്രയിക്കപ്പെട്ടരാശി, പൃച്ഛകനാൽ ആശ്രയിക്കപ്പെട്ടദിക്ക, പ്രശ്നാക്ഷരങ്ങൾ, പൃച്ഛകന്റെസ്ഥിതി, ചെഷ്ടാ, ഭാവം, ദൎശനം, വസ്ത്രം, മുതലായതുകളെയും ഇതുകൾക്കു പുറമെ തൽക്കാലത്തിങ്കൽ ഉണ്ടാകുന്നതുകളായ മറ്റുള്ളതുകളെയും ഫലത്തെ പറവാനായിക്കൊണ്ടു ഗ്രഹിക്കുകയും മനസ്സിങ്കൽ ധരിക്കുകയും വെണം- ഇതി ശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

(വാ) അഥഫലാനിദ്ദെശഃക്രമെണൊച്യതെ ॥

അന്വയാൎത്ഥം —— അനന്തരം ഫലനിൎദ്ദെശം ക്രമത്തൊടു കൂടെ വചിക്കപ്പെടുന്നു.

സാരം —— ഇനി ഫലകഥനം ഇങ്ങിനെ ഉള്ള ക്രമത്തൊടു കൂടെ കൎത്തവ്യമാകുന്നു എന്നു പറയുന്നു-

൰൩. പൃച്ഛാനിൎഗ്ഗമമാൎഗ്ഗമന്ദിരഗതിപ്രശ്നക്രിയാസംഭവസൂത്രംത്രിസ്ഫുടജാഷ്ടമംഗലഫലാന്യാരൂഢമയൊദ്ഭവം । ആയുഃ ദൈവവശാച്ചജാതകവശാൽസഞ്ചിന്ത്യഭാവാൻപരാൻദെവാനാമനുകൂലതാമപിചവദെൽബാധാഭിചാരാദ്യപി- ഇതി ॥

അന്വയാൎത്ഥം —— പൃച്ഛാനിൎഗ്ഗമമാൎഗ്ഗമന്ദിരഗതിപ്രശ്നക്രിയാസംഭവത്തെയും സൂത്രത്തെയും ത്രിസ്ഫുടജാഷ്ടമംഗലഫലാരൂഢൊദയൊദ്ഭവത്തെയും ദൈവവശാലും ജാതകവശാലും ഉള്ള ആയുസ്സിനെയും പരങ്ങളായിരിക്കുന്ന ഭാവങ്ങളെയും ദെവന്മാരുടെ അനുകൂലതാദിയെയും ബാധാഭിചാരാദിയെയും സഞ്ചിന്തിച്ചിട്ടു പറയെണം-

സാരം —— പ്രഷ്ടാവുവന്നിട്ടു തന്നൊടു ചൊദിച്ച സമയം തന്നെ ഗ്രഹിക്കപ്പെട്ടതായ ചൊദ്യസ്ഥിതികൊണ്ടു പറകപ്പെടുവാൻ യൊഗ്യമായഫലത്തെദൈവജ്ഞൻ മുമ്പെ പറയെണം- അനന്തരം പുറപ്പാടിങ്കലും മാൎഗ്ഗത്തിങ്കലും പ്രഷ്ടാവിന്റെ ഗ്രഹത്തിങ്കലുള്ള പ്രവെശത്തിങ്കലും പ്രശ്നത്തിന്ന ഉപയൊഗിയായ ചക്രലെഖനം മുതലായ കാൎയ്യത്തിങ്കലും സംഭവിക്കുന്നതായ അതാതു നിമിത്തങ്ങൾ കൊണ്ടു പറവാൻ യൊഗ്യങ്ങളായ അതാതുഫലങ്ങളെ ക്രമെണ പറയെണം- പിന്നെ സൂത്രഫലത്തെയും പിന്നെ ത്രിസ്ഫുടഫലത്തെയും പിന്നെ അഷ്ടമംഗല ഫലത്തെയും ആരൂഢഫലത്തെയും ഉദയഫലത്തെയും ചന്ദ്രഫലത്തെയും ക്രമെണ പറയെണം- പിന്നെ ജാതകത്തെ അനുസരിച്ചിട്ടും പ്രശ്നത്തെ അനുസരിച്ചിട്ടും വഴിപൊലെ വിചാരിച്ചിട്ടു ആയുസ്സിന്റെ അവസ്ഥയെ പറയെണം- പിന്നെ അതാതുഭാവങ്ങളുടെ

ഗുണദോഷങ്ങളെയും ദേവന്മാരുടെ ആനുകൂല്യം മുതലായതി
നെയും പിന്നെ ബാധാഭിചാരാദികളെയും പറയേണം- ഇതി
ശബ്ദം സമാപ്തി ബോധകമാകുന്നു-

൧൪. ദൈവജ്ഞസാവധാനത്വെ പ്രഷ്ടുശ്ച പ്രശ്നസൌഷ്ഠ
വെ। സതിപ്രശ്നേഷുസൎവ്വെഷുശുഭാപ്തിൎവ്വചനംതഥാ ॥

അന്വയാൎത്ഥം —— ദൈവജ്ഞസാവധാനത്വവും പ്രഷ്ടാവി
ന്റെ പ്രശ്നസൌഷ്ഠവവും സത്തായിരിക്കും വിഷയത്തിങ്കൽ സ
ൎവ്വങ്ങളായിരിക്കുന്ന പ്രശ്നങ്ങളിലും ശുഭാപ്തി ഭവിക്കും- അപ്രകാ
രം വചനം ഭവിക്കുന്നു.

സാരം—— ജ്യൌതിഷികന്റെ മനസ്സ് സാവധാനമായിരിക്ക
കയും പ്രഷ്ടാവു വേണ്ടും പ്രകാരം ചോദിക്കുകയും ചെയ്താൽ സ
ൎവ്വ പ്രശ്നങ്ങളിലും ശുഭപ്രാപ്തിയെ പറയേണം- അപ്രകാരം പ്ര
മാണികന്മാരുടെ വചനമുണ്ടു- ഇനി അതിനെ കാണിക്കുന്നു-

൧൫. ദൈവജ്ഞസാവധാനത്വം പ്രഷ്ടുശ്ച പ്രശ്നസൌഷ്ഠവം
ഇഷ്ടദ്രവ്യശ്രുതിക്ഷെ ച സമ്യഗിഷ്ടോപലബ്ധയെ ഇതി ॥

അന്വയാൎത്ഥം—— ദൈവജ്ഞസാവധാനത്വവും പ്രഷ്ടാവി
ന്റെ പ്രശ്നസൌഷ്ഠവവും ഇഷ്ടദ്രവ്യശ്രുതീക്ഷകളും വഴിപോ
ലെ ഇഷ്ടോപലബ്ധിക്കായിക്കൊണ്ടു ഭവിക്കുന്നു.

സാരം—— ദൈവജ്ഞന്റെ സാവധാനത്വം പ്രഷ്ടാവിന്റെ
പ്രശ്നത്തിന്റെ സൌഷ്ഠവവും ഇഷ്ടവസ്തുവിന്റെ ശ്രവണവും ദ
ൎശനവും ഇഷ്ടലാഭത്തിന്നായിക്കൊണ്ടു ഭവിക്കുന്നു. ഇതിശബ്ദം
സമാപ്തിബോധകമാകുന്നു.

൧൬. ബാലാന്നവസ്ത്രതാംബൂലഗന്ധാഢ്യോജ്ജ്വലദീപകാ।
അഷ്ടമീവിഷ്ടിരിക്താഃ സ്ഥിരൎക്ഷകരണെഷു ച।

൧൭. തിഥിനക്ഷത്രരാശ്യംശസന്ധ്യോശ്ചൂളികോദയെ। ച
ക്രാദ്യൌഗ്രഹണെസൎവ്വശിരസ്യൃക്ഷാഗ്ദ്യെതഥാ ॥

൧൮. മൃത്യുദഗ്ധാദിയോഗെഷു പാപദൃഷ്ടോദയെപി ച। ത്രയോദ
ശ്യാംപ്രദോഷെ ച നിശീഥെ രവിദൎശനെ ॥

൧൯. സംക്രാന്തൌ ച തഥാ പ്രഷ്ടുൎവ്വിപൎപ്രത്യരയോൎവ്വധെ।
അഷ്ടമെ ച തഥാ രാശൌ ജന്മാഷ്ടമഗതെ വിധൌ।

൨൦. ഇത്യാദിദുഷ്ടകാലെഷു പൃഷ്ടാസ്സ്യുശ്ശുഭപ്രദാഃ। ഇത്യാദി
ദോഷരഹിതെ കാലെ മൃതവല്പടിഷു ച ॥

൨൧. ശ്രുത്വാനാമയെദുഷ്ടാമഗ്രെത്ഥെഷു ശുഭെഷു ച। സിദ്ധാ
മൃതാദിയോഗെഷു വൃഥാഭീഷ്ടഫലപ്രദാ ॥

അന്വയാൎത്ഥം—— ബാലാന്നവസ്ത്രതാരകളും ഗന്ധാഢ്യോ

ഷ്ടപീഡങ്ങളും* അഷ്ടമിവിഷ്ടിരിക്തകളും സ്ഥിരങ്ങളായിരിക്കുന്ന കരണങ്ങളും സത്തുകളായിരിക്കുംവിഷയത്തിങ്കലും തിഥിനക്ഷത്രരാശ്യംശസന്ധിയും ഗുളികോദയവും ചക്രാർദ്ധവും ഗ്രഹണവും സർപ്പശിരസ്സും അപ്രകാരം ഏകാർഗ്ഗളവും സത്തുകളായിരിക്കും വിഷയത്തിങ്കലും മൃത്യുദഗ്ദ്ധാദിയോഗങ്ങളും പാപദൃഷ്ട്യുദയവും ത്രയോദശിയും സത്തുകളായിരിക്കുംവിഷയത്തിങ്കലും പ്രദോഷത്തിങ്കലും നിശീഥത്തിങ്കലും രവിദർശനത്തിങ്കലും സംക്രാന്തിസതിയായിരിക്കുംവിഷയത്തിങ്കലും അപ്രകാരം പ്രഷ്ടാവിന്റെ വിപൽപ്രത്യരങ്ങളും വധവും സത്തുകളായിരിക്കും വിഷയത്തിങ്കലും അപ്രകാരം അഷ്ടമമായിരിക്കുന്നരാശി സത്തായിരിക്കും വിഷയത്തിങ്കലുംവിധുജന്മാഷ്ടമഗതനായിരിക്കുംവിഷയത്തിങ്കലും ഇത്യാദിദുഷ്ടകാലങ്ങളിൽ പ്രശ്നം അശുഭപ്രദമായിഭവിക്കും ഇത്യാദിദോഷരഹിതമായിരിക്കുന്ന കാലത്തിങ്കലുംഅമൃതഘടികകളിലും ശുഭന്മാരുടെ ഉദയവും ദൃഷ്ടിയും സത്തുകളായിരിക്കുംവിഷയത്തിങ്കലും ശുഭങ്ങളായിരിക്കുന്ന മുഹൂർത്തങ്ങളിലും സിദ്ധാമൃതാദിയോഗങ്ങൾ സത്തുകളായിരിക്കുംവിഷയത്തിങ്കലും പൃച്ഛാ അഭീഷ്ടഫലപ്രദമായിഭവിക്കും.

സാരം — ചൊറൂണിന്റെ മുഹൂർത്തത്തിന്ന അതതഎന്നപറക്കപ്പെട്ടനാളുകൾ പ്രശ്നത്തിന്നും നിഷിദ്ധങ്ങളാകുന്നു അശ്വതി, മകം,മൂലം ഇതുകളുടെ മുതൽക്കാലുകൾക്കും രേവതി,ആയില്യം, തൃക്കേട്ട ഇതുകളുടെ നാലാംകാലിന്നു, ഗണ്ഡാന്തംഎന്നാരുദോഷപ്രസിദ്ധമാകുന്നു. അതും പ്രശ്നത്തിങ്കൽ നിഷിദ്ധമാകുന്നു ചൊറൂണിന്നു നിഷേധിക്കപ്പെട്ടനാളുകൾ ഭരണി,കാർത്തിക,തിരുവാതിര,ആയില്യം,മകം,പൂരം, പൂരാടം,പൂരട്ടാതി, വിശാഖം,തൃക്കേട്ട, മൂലം,ഇതുകൾ പതിനൊന്നുമാകുന്നു. അതുകളിൽവെച്ചു ആയില്യവും,മകവും, തൃക്കേട്ടയും, മൂലവും ചൊറൂണിന്നു കൊള്ളരുതായ്കയാൽ തന്നെ പ്രശ്നത്തിന്നുംകൊള്ളരുതതഎന്നത എല്ലാകാലുകൾക്കും സാധാരണമായിപ്രാപിച്ചിരിക്കുന്നു. എങ്കിലും രെവതിയും അശ്വതിയും ചൊറൂണിന്നുകൊള്ളുന്നതുകളാകയാൽ അതുകൾപ്രശ്നത്തിന്നും കൊള്ളാമെന്നതും. സർവപാദസാധാരണമായിട്ടുതന്നെ പ്രാപിച്ചിരിക്കുന്നുഎന്നും അതുകളുടെ നാലാംകാലും മുതൽക്കാലുംകൊള്ളരുതതഎന്നുണ്ടെങ്കിൽ അതുവിശേഷിച്ചുപറയെണ്ടതായിട്ടുമിരിക്കയില്ല,ചൊറൂണിന്നുകൊള്ളരുതാത്തനാൾ തന്നെ ഗണ്ഡാന്തമുള്ളതായിരുന്നാൽ ദോഷാധിക്യമുള്ളതാകയാലും ഗണ്ഡാന്തദോഷത്തെനിഷേധിച്ചതു സഫലമായിഎന്നഅ

റിഞ്ഞുകൊൾക ഉഷ്ണമെന്നദൊഷവും പ്രശ്നത്തിങ്കൽനിഷിദ്ധമാകുന്നു. ഉഷ്ണമെന്നദൊഷം എല്ലാനാളുകൾക്കും ഉണ്ടു. അശ്വതിമുതൽപതിനഞ്ചു നാളുകളെ മുമ്മൂന്നാക്കിവിഭജിച്ചാൽ മുമ്പെവരുന്നത അശ്വതി,ഭരണി, കാൎത്തികാ ഇതുകളെല്ലൊ ആകുന്നതു. അതുകളിൽവെച്ചു അശ്വതിക്കു ആദിയിലെ ഏഴരനാഴികകഴിഞ്ഞാൽപിന്നെഏഴരനാഴിക വിഷമാകുന്നു. ഭരണിക്കു അമ്പത്തഞ്ചു നാഴിക കഴിഞ്ഞാൽശിഷ്ടമായ അഞ്ചുനാഴിക വിഷമാകുന്നു. കാൎത്തികക്കു ഇരുപത്തൊന്നുനാഴിക കഴിഞ്ഞാൽ ഒന്നരനാഴിക വിഷമാകുന്നു. ഇങ്ങിനെ രോഹിണി,മകയിരം, തിരുവാതിരഇത്യാദികളായി അത്തം,ചിത്ര, ചോതിഎന്നതുവരെ ഉള്ളമുമ്മൂന്നുനാളുകളുടെ വിഷത്തെയും ഗ്രഹിച്ചുകൊൾക. വിശാഖം മുതൽപന്ത്രണ്ടു നാളുകളെയും മെൽപ്രകാരം മുമ്മൂന്നാക്കി വിഭജിച്ചാൽ മുമ്പെ വരുന്നതു വിശാഖം. അനിഴം, തൃക്കെട്ട ഇതുകളെല്ലൊ ആകുന്നതു. അതുകളിൽവെച്ചു വിശാഖത്തിന്നു ആദിയിലെഎട്ടുനാഴികവിഷമാകുന്നു. അനിഴത്തിന്നു ഒടുക്കത്തെ എട്ടു നാഴിക വിഷമാകുന്നു. തൃക്കെട്ടക്കു ആദിയിലെ ഇരുപതുനാഴിക കഴിഞ്ഞാൽ പത്തുനാഴിക വിഷമാകുന്നു. ഇങ്ങിനെമൂലം, പൂരാടം, ഇത്യാദികളായശെഷങ്ങൾക്കും ഗ്രഹിച്ചുകൊൾക. അങ്ങിനെ ഗ്രഹിക്കുംപൊൾ അശ്വതിക്കുആദിയിലെ ഏഴരനാഴിക കഴിച്ചു ഏഴരനാഴിക വിഷമായിരുന്നാലും അതുഗണ്ഡാന്തത്തിങ്കൽ അന്തൎഭവിക്കുകയാൽ ആവിഷയത്തിങ്കൽ ഃരം നിഷെധംവെണമെന്നില്ല ഗണ്ഡാന്തത്തെ വൎജ്ജിക്കെണമെന്നു പറഞ്ഞിട്ടുണ്ടല്ലൊ എന്നൊരുഭ്രമം ഭവിക്കാം. അങ്ങിനെഭ്രമിക്കരുതു-രണ്ടുദൊഷങ്ങൾ കൂടിവന്നാൽ അശുഭത്തിന്റെ ആധിക്യത്തെപറയാം. അതുഹെതുവായിട്ടു ആവിഷയത്തിങ്കലും ഃരം നിഷെധം പ്രയൊജനത്തൊടു കൂടിയതുതന്നെ- ഇപ്രകാരം സ്ഥലാന്തരത്തിങ്കലും ധരിച്ചുകൊൾക. വിഷമെന്നദൊഷവും പ്രശ്നത്തിങ്കൽ നിഷിദ്ധമാകുന്നു. അതിനെ മുഹൂൎത്തശാസ്ത്രാന്തൎഗ്ഗതമായ അംശൈനെവ ഇത്യാദിശ്ലോകം കൊണ്ടു അറിഞ്ഞുകൊൾക- വിസ്തരഭയം ഹെതുവായിട്ടു വിവരിക്കുന്നില്ല. അഷ്ടമിയും വിഷ്ടിഎന്ന കരണവും ചതുൎത്ഥി, നവമി, പതിന്നാല ഃരം തിഥികളും പ്രശ്നത്തിങ്കൽ വൎജ്ജ്യങ്ങളാകുന്നു. പുഴ, പുള്ളു, പാമ്പു, നാല്കാലി ഇതുകളാകുന്ന സ്ഥിരകരണങ്ങളും വൎജ്ജ്യങ്ങളാകുന്നു. തിഥിസന്ധി. നക്ഷത്രസന്ധി, രാശിസന്ധി, അംശകസന്ധി, ഗുളികൊദയം, ലാടം, വൈധൃതം ഗ്രഹണം സൎവ്വമസ്തകമെന്നദൊഷം ഏകാൎഗ്ഗളമെന്നദൊഷം

മൃത്യുയോഗം, ദഗ്ദ്ധയോഗം, പാപദൃഷ്ടി, പാപോദയം ത്രയോദ ശിഎന്നപക്കം, പ്രദോഷസമയം, അർദ്ധരാത്രി പാട്ടരാശി, സം ക്രമണം, പൃച്ഛകന്റെ മൂന്നാംനക്ഷത്രം, അഞ്ചാംനക്ഷത്രം, ഏ ഴാംനക്ഷത്രം, ഇതുകളും പ്രശ്നത്തിങ്കൽ നിഷിദ്ധങ്ങളാകുന്നു. ജന്മരാശിയും അഷ്ടമരാശിക്കൂറും കൊള്ളരുത കൊള്ളരുതാത്ത തുകളിൽ പ്രധാനങ്ങളായിരിക്കുന്നതുകളെ പറഞ്ഞു വെറെയും ചിലത ഇല്ലെന്നില്ല അതു ഹേതുവായിട്ട ഇങ്ങിനെ തുടങ്ങി മു മ്പുള്ളവരാൽ പരിഗണനംചെയ്തു നിഷേധിക്കപ്പെട്ടതുകളായ ദുഷ്ടകാലങ്ങളിൽ പ്രശ്നംഭവിച്ചാൽ അതത അശുഭസൂചകമായിഭവി ക്കുമെന്നധരിച്ചുകൊൾക. മെൽപ്രകാരമല്ലാതെ ഇരിക്കുന്നതായ സമയത്തിങ്കലും അമൃതഘടികാ എന്നകാലവിശേഷത്തിങ്കലും ശുഭോ ദയവും ശുഭദൃഷ്ടിയും ലഗ്നത്തിന്ന ഭവിച്ചിരിക്കുന്ന സമയത്തി ങ്കലും ശുഭങ്ങളായ മുഹൂർത്തങ്ങൾ ഉള്ളപ്പോഴും സിദ്ധാമൃതാദിയോ ഗങ്ങൾ ഉള്ളസമയത്തിങ്കലും പ്രശ്നം ഭവിച്ചാൽ അത അഭീഷ്ട ഫല സൂചകമായിഭവിക്കുമെന്നും ഗ്രഹിച്ചുകൊൾക-

(വാ)- ഏതൽ കാലവിഷയം।

അന്വയാർത്ഥം— ഇതു കാലവിഷയമായി ഭവിക്കുന്നു-

സാരം—— ബാലാന്ന വജ്ജ്യതാരാസു എന്നതു തുടങ്ങി മെൽപറ കപ്പെട്ട വചനംകൊണ്ടു ഗ്രാഹ്യമായിട്ടുള്ളതു പ്രശ്നത്തിന്നു ന ന്നല്ലാതെയും നന്നായിട്ടുമിരിക്കുന്ന കാലമാകയാൽ അതുകാലമാ കുന്ന വിഷയത്തൊടു കൂടിയതാകുന്നു-

൨൨- ഫലപ്രസൂനസംപൂർണ്ണമഹീരുഹസമാകുലെ। സ്നിഗ്ദ്ധഭൂമി
തലെരത്നകാഞ്ചനാദിസമന്വിതെ॥

൨൩- പഞ്ചെന്ദ്രിയമനഃപ്രീതികാരെഗോമയവാരിണാ। തൽക്ഷ
ണെപ്രോക്ഷിതക്ഷോണീതലെസമവസുന്ധരെ॥

൨൪- മംഗല്യകർമ്മസംയുക്തെമംഗലസ്ത്രീസമാകുലെ। മന്ദിരെ
പുത്രഭാര്യാദിഹൃഷ്ടപുഷ്ടജനാശ്രിതെ॥

൨൫- യജ്ഞവൃക്ഷതിദ്ദശെദേശെപ്രശ്നൊത്യഭിമതം ധ്രുവം। മഹാവ
നെ ശ്മശാനാന്തെനിമ്നൊച്ചെശൂന്യമന്ദിരെ॥

൨൬. ഗൃഹെചാത്ത്ജനെപ്രെതക്രിയാദ്യശുഭകർമ്മണി। ജലാ
ഗ്നിശുഷ്കവൃക്ഷാദ്യന്തെദൈവെന്ദ്രിയചെതസാം॥

൨൭. അനിഷ്ടദെപ്രദെശെചപ്രഷ്ടാന്നൊപ്പത്യഭീപ്സിതം।

അന്വയാർത്ഥം—— ഫലപ്രസൂനസംപൂർണ്ണമഹീരുഹസമാകുല മായിരിക്കുന്ന ദെശത്തിങ്കലും സ്നിഗ്ദ്ധഭൂമിതലമായിരിക്കുന്ന ദെ ശത്തിങ്കലും രത്നകാഞ്ചനാദി സമന്വിതമായിരിക്കുന്ന ദെശത്തി

ങ്കലും പഞ്ചേന്ദ്രിയമനഃപ്രീതികരമായിരിക്കുന്ന ദെശത്തിങ്കലും ഗോമയവാരികൊണ്ടു തൽക്ഷണെ പ്രോക്ഷിതക്ഷോണിതലമായിരിക്കുന്ന ദെശത്തിങ്കലും സമവസുന്ധരമായിരിക്കുന്ന ദെശത്തിങ്കലും മംഗല്യകൎമ്മസംയുക്തമായിരിക്കുന്ന ദെശത്തിങ്കലും മംഗലസ്ത്രീസമാകുലമായിരിക്കുന്ന ദെശത്തിങ്കലും പുത്രഭാൎയ്യാദിഹൃഷ്ടപുഷ്ടജനാശ്രിതമായിരിക്കുന്നമന്ദിരത്തിങ്കലും ഈദൃശമായിരിക്കുന്ന ദെശത്തിങ്കൽ യാവനൊരുത്തൻ പൃഛിക്കുന്നുവൊ അവൻ അഭിമതത്തെ ധ്രുവമാകുംവണ്ണം പ്രാപിക്കുന്നു മഹാവനത്തിങ്കലും ശ്മശാനാന്തത്തിങ്കലും നിമ്നൊച്ചമായിരിക്കുന്ന ദെശത്തിങ്കലും ശൂന്യമന്ദിരത്തിങ്കലും ഭഗ്നമായിരിക്കുന്ന ഗൃഹത്തിങ്കലും പ്രെതക്രിയാദ്യശുഭകൎമ്മമായിരിക്കുന്ന ഗൃഹത്തിങ്കലും ജലാഗ്നിശുഷ്കവൃക്ഷാന്തത്തിങ്കലും അപ്രകാരംതന്നെ ഇന്ദ്രിയചെതസ്സുകൾക്ക അനിഷ്ടമമായിരിക്കുന്ന പ്രദെശത്തിങ്കലും പ്രഷ്ടാവ അഭീപ്സിതത്തെ പ്രാപിക്കുന്നില്ല.

സാരം——കായകളൊടും പൂക്കളൊടുംകൂടിയ വൃക്ഷങ്ങൾ വളരെ ഉള്ള പ്രദെശം ഇന്ദുപുഷ്പങ്ങളൊടുകൂടിയ പ്രദെശം, രത്നക്കല്ലു, സ്വൎണ്ണം ഇവയൊടുകൂടിയ പ്രദെശം ചെവിമുതലായ അഞ്ചെ ഇന്ദ്രിയങ്ങൾക്കും മനസ്സിന്നും പ്രീതിയെ ജനിപ്പിക്കുന്നതായ പ്രദെശം ചാണകനീർകൊണ്ടു അപ്പൊൾതളിക്കപ്പെട്ട പ്രദെശം- സമഭൂമി, മംഗല്യകൎമ്മത്തൊടുകൂടിയ പ്രദെശം- മംഗലസ്ത്രീകൾ നിറഞ്ഞിരിക്കുന്ന പ്രദെശം- പുത്രഭാൎയ്യാദിജനങ്ങൾ സന്തുഷ്ടന്മാരായി പുഷ്ടിയൊടുകൂടിയവരായിട്ടു യാതൊരുന്നിങ്കൽ വസിക്കുന്നുവൊ ആ ഭവനം ഇങ്ങിനെ ഉള്ള പ്രദെശങ്ങളിലും ഇതുകൾ പൊലെ ഉള്ള അന്യദെശങ്ങളിലും നിന്ന ഒരുത്തൻ ചൊദിച്ചാൽ അവൻ ഇഷ്ടത്തെ ലഭിക്കും. വലിയകാട, ശവസംസ്കാരഭൂമിയുടെ സമീപം, താണും ഉയൎന്നുമുള്ള പ്രദെശം, ആളില്ലാത്ത ഗൃഹം, രൊഗികളായ ജനങ്ങളൊടുകൂടിയ ഗൃഹം, പ്രെതകൎമ്മംമുതലായ അമംഗലക്രിയകളൊടുകൂടിയ ഗൃഹം- വെള്ളത്തിന്റെ സമീപം. തീയ്യിന്റെ സമീപം, ഉണങ്ങിയമരത്തിന്റെ സമീപം, ഇന്ദ്രിയങ്ങൾക്കും മനസ്സിന്നും അപ്രിയമായദെശം ഇതുകൾ പ്രശ്ന(൧)ത്തിങ്കൽ നിഷിദ്ധങ്ങളാകുന്നു.

മെൽപറഞ്ഞ അശുഭദെശങ്ങളിൽ നിന്ന ഒരുത്തൻ പൃഛിച്ചാൽ അവന്ന അഭീഷ്ടലാഭം ഭവിക്കയില്ല എന്ന ജ്യൌതിഷികൻ ഗ്രഹിക്കെണം- അനിഷ്ടഫലത്തെ വിചാരിച്ചറിഞ്ഞു പറകയും വെണം.

(വാ) ഏതദ്ദെശവിഷയം.॥

അന്വയാൎത്ഥം — ഇതുദെശവിഷയമായി ഭവിക്കുന്നു.

സാരം—— ഫലപ്രസൂനസംപൂൎണ്ണമഹീരുഹസമാകുലെ- എന്നുതുടങ്ങിമെൽ വിവരിക്കപ്പെട്ട വചനംകൊണ്ടു ഗ്രഹിക്കെണ്ടുന്ന പ്രദെശത്തിന്ന നന്നായിട്ടും നന്നല്ലാതെയും ഉള്ളദെശമാകയാൽ അത ദെശമാകുന്ന വിഷയത്തൊടുകൂടിയതാകുന്നുഎന്ന ഗ്രഹിച്ചുകൊൾക-

൨൭. കാൎയ്യംശ്വാസപരീക്ഷണംപ്രതിദിനംബുധൈഃപ്രഭാതാഗമെഽസ്യെഡാദിഗതിഭിഃധരാ പ്രഭൃതിസഞ്ചാരശ്ച വിജ്ഞെയതാം। തെനാത്മീയശുഭാശുഭംഹിസകലംജ്ഞെയംപുനൎവ്യാധിതാംതൽകാലാത്മസമീരണെനചരഃഥാനഷ്ടാദികഞ്ചൊച്യതാം॥

അന്വയാൎത്ഥം———ദിനത്തിങ്കൽ ദിനത്തിങ്കൽ പ്രഭാതാഗമത്തിങ്കൽ ബൊധിച്ചിട്ട ജ്യൊതിഷികന്മാൽ ശ്വാസപരീക്ഷണം കാൎയ്യമായി ഭവിക്കുന്നു. അതിന്റെ ഇഡാദിഗതിയും ധരാപ്രഭൃതിസഞ്ചാരവും അറികപ്പെടെണം. അതുകൊണ്ടു സകലമായിരിക്കുന്ന ആത്മീയശുഭാശുഭം തന്നെ ജ്ഞെയമായി ഭവിക്കുന്നു. അപ്രകാരം വ്യാധിതന്മാരുടെ നഷ്ടാദികമാകട്ടെ തൽകാലാത്മസമീരണനെക്കൊണ്ടു വചിക്കപ്പെടുകയും വെണം.

സാരം——ദിവസം തൊറും രാത്രിമിക്കതും അവസാനമായാൽ ഉണൎന്നെഴുനീറ്റിരുന്നിട്ട തന്റെ ശ്വാസഗതിയെ ജ്യൊതിഷികൻ പരീക്ഷിക്കെണം. വായുവിന്റെ ഇഡാപിംഗലാദികളിൽ ഉള്ള ഗതിയെയും ഭൂമിമുതലായതുകളിൽ ഉള്ള സഞ്ചാരത്തെയും ജ്യൊതിഷികൻ അറിയെണം- അതുകൊണ്ടു സകലമായിരിക്കുന്ന തന്റെ ശുഭവും അശുഭവും തന്നെ അറികപ്പെടുവാൻ യൊഗ്യമാകുന്നു. വ്യാധികന്റെ നഷ്ടമുതലായതിനെ തൽകാലത്തിങ്കൽ ഉള്ള വായുവിന്റെ ഗതിവിശെഷം കൊണ്ടുപറകയും വെണം.

൨൮. വാരെഷ്വിന്ദുബുധാംഗിരൊഭൃഗുഭവാംവാമെചരന്മാരുതൊഭൌമാൎക്കാൎക്കിദിനെഷുദക്ഷിണഗതൊന്യാനാമഭീഷ്ടസ്തഥാ। സൌമ്യാനാംദിവസെഷു ദക്ഷിണഗതൊനിഷ്ടാസ്താംവാമഗൊവക്ഷ്യന്തെമതൊഽശുഭാശുഭദയൊരെതൌഫലാനാമിഹ॥

അന്വയാൎത്ഥം — ഇന്ദുബുധാംഗിരൊഭൃഗുക്കളുടെ വാരങ്ങളിൽ വാമത്തിങ്കൽ ചരന്നായിരിക്കുന്ന മാരുതൻ നൃക്കൾക്ക അഭീഷ്ടനെന്നു സ്മൃതനായി ഭവിക്കുന്നു. ഭൌമാൎക്കാൎക്കിദിനങ്ങളിൽ ദക്ഷിണഗതനായിരിക്കുന്ന മാരുതൻ നൃക്കൾക്ക അഭീഷ്ടനെന്നുസ്മൃതനായി ഭവിക്കുന്നു. സൌമ്യന്മാരുടെ ദിവസങ്ങളിൽ

ക്ഷിണഗതനായിരിക്കുന്ന മാരുതൻ അനിഷ്ടനായി ഭവിക്കുന്നു. അസത്തുക്കളുടെ ദിവസങ്ങളിൽ വാമഗനായിരിക്കുന്ന മാരുതൻ അനിഷ്ടനായി ഭവിക്കുന്നു. ഇവിടെ ശുഭാശുഭന്മാരായിരിക്കുന്ന മരുത്തുക്കളുടെ ഫലങ്ങളുടെ ഭേദങ്ങൾ പറയപ്പെടുവാൻ പോകുന്നു.

സാരം— ചന്ദ്രൻ, ബുധൻ, വ്യാഴം, ശുക്രൻ ഇവരുടെ ആഴ്ചകളിൽ ഇടത്തു സഞ്ചരിക്കുന്ന വായു ശുഭപ്രദമാകുന്നു. ആദിത്യൻ, ചൊവ്വ, ശനി ഇവരുടെ ആഴ്ചകളിൽ വലത്തു സഞ്ചരിക്കുന്ന വായു ശുഭപ്രദമാകുന്നു. ശുഭഗ്രഹങ്ങളുടെ ആഴ്ചകളിൽ വലത്തും, പാപഗ്രഹങ്ങളുടെ ആഴ്ചകളിൽഇടത്തുംവായുവിന്റെ സഞ്ചാരം ശുഭമല്ല. ഇനി ശുഭമായിട്ടും അശുഭമായിട്ടുമിരിക്കുന്ന വായുവിന്റെ ഫലഭേദങ്ങളെ പറവാൻ പോകുന്നു.

൩൦. സൎവ്വേഷാമപിവാസരേഷുപവനേഭീഷ്ടേവപുസ്സ്വാ
സ്ഥതാലാഭോഽൎത്ഥസ്യചമൃഷ്ടഭോജനമിതീഷ്ടാനാംഭവോന്യഥാ।
ശ്വാസശ്ചേദഹിതോനമൃഷ്ടമശനം നാൎത്ഥാഗമോവിഗ്രഹസ്സ
ൎവ്വൈൎന്നാശയനംസുഖേനസുഖംവിണ്മൊക്ഷണാദിഷ്വപി॥

അന്വയാൎത്ഥം—സൎവ്വന്മാരുടെ വാസരങ്ങളിലും പവനൻ അഭീഷ്ടനായിരിക്കും വിഷയത്തിങ്കൽ വപുസ്സ്വാസ്ഥതയും അൎത്ഥത്തിന്റെ ലാഭവും മൃഷ്ടഭോജനവും ഇപ്രകാരമുള്ള ഇഷ്ടങ്ങളുടെ ഭവം ജ്ഞേയമായി ഭവിക്കുന്നു. അന്യപ്രകാരമായാൽ ഇല്ല. ശ്വാസം അഹിതമാകുന്നു എങ്കിൽ മൃഷ്ടമായിരിക്കുന്ന അശനം ഭവിക്കുന്നില്ല- അൎത്ഥാഗമം ഭവിക്കുന്നില്ല- സൎവന്മാരൊടുകൂടയും വിഗ്രഹം ഭവിക്കുന്നു- സുഖത്തൊടുകൂടെ ഉള്ള ശയനം ഭവിക്കുന്നില്ല- വിണ്മൊക്ഷണാദികളിലും സുഖം ഭവിക്കുന്നില്ല.

സാരം— എല്ലാ ആഴ്ചകളിലും വായുവിന്റെ ഗതിവേണ്ടും വിധത്തിലായാൽ ശരീരസുഖവും ധനലാഭവും വേണ്ടുംപ്രകാരമുള്ള ഭക്ഷണവും ഇങ്ങിനെ ഇഷ്ടഫലങ്ങൾ സംഭവിക്കുന്നു. വായുവിന്റെ ഗതിവേണ്ടും പ്രകാരമായി ഭവിച്ചില്ല എങ്കിൽ വിപരീതമാകുന്നു. ഭക്ഷിക്കത്തക്കതായ അന്നം ലഭിക്കില്ല. ധനത്തിന്റെ വരവുഭവിക്കില്ല. എല്ലാവരോടും കലഹിക്കും. സുഖശയനമുണ്ടാകയില്ല. മലമൂത്രവിസൎജ്ജാദികളിൽ കൂടെ സുഖമുണ്ടാകയില്ല. ഇങ്ങിനെശ്വാസം പ്രതികൂലമായാൽ ഊഹിക്കപ്പെടുവാൻ യോഗ്യങ്ങളായ ഫലങ്ങളെ സംക്ഷേപേണ ഗ്രഹിച്ചുകൊൾക.

൩൧. ശ്വാസസ്യപ്രതികൂലതായദിദിനേഭാനോവപുൎവ്വേദനാ
ശീതാംശോഃകലഹഃകുജസ്യമരണംദൂരപ്രയാണംവിദഃ। രാജ്ഞാ

പധിക്ഷണേസ്യ ശുക്രദിവസേ കാൎയ്യസ്യ കസ്യാപി നോ സിദ്ധിൎമ്മന്ദദിനേ സ്വകീയകൃഷിനാശോ ഭുവിവാദോ വാ ॥

അന്വയാൎത്ഥം — ശ്വാസത്തിന്റെ പ്രതികൂലത ഭാനുവിന്റെ ദിനത്തിങ്കൽ ആകുന്നു എങ്കിൽ വപുൎവ്വേദന ഭവിക്കും. ശീതാംശുവിന്റെ ദിനത്തിങ്കൽ ആകുന്നു എങ്കിൽ കലഹം ഭവിക്കും. കുജന്റെ ദിനത്തിങ്കൽ ആകുന്നു എങ്കിൽ മരണം ഭവിക്കും. വിത്തിന്റെ ദിനത്തിങ്കലാകുന്നു എങ്കിൽ ദൂരപ്രയാണം ഭവിക്കും. ധിഷണന്റെ ദിനത്തിങ്കൽ ആകുന്നു എങ്കിൽ രാജാപത്തു ഭവിക്കും. ശുക്രദിവസത്തിങ്കലാകുന്നു എങ്കിൽ ഒരു കാൎയ്യത്തിന്റെയും സിദ്ധി ഭവിക്കില്ല. മന്ദദിനത്തിങ്കലാകുന്നു എങ്കിൽ സ്വകീയകൃഷിനാശം ഭൂവിവാദാദികൾ ഭവിക്കും.

സാരം — ഞായറാഴ്ച ശ്വാസത്തിന്റെ ഗതി വേണ്ട വിധത്തിലല്ലാതെ കണ്ടാൽ അന്നു ശരീരത്തിങ്കൽ എവിടെ എങ്കിലും വേദന ഉണ്ടാകുമെന്നും തിങ്കളാഴ്ച മേൽപ്രകാരമായാൽ കലഹമുണ്ടാകുമെന്നും ചൊവ്വാഴ്ച മേൽപ്രകാരമായാൽ മരണമൊ മരണതുല്യമായ ദുഃഖമൊ ഭവിക്കുമെന്നും ബുധനാഴ്ചയായാൽ ദൂരയാത്ര വേണ്ടി വരുമെന്നും വ്യാഴാഴ്ചയായാൽ രാജ്യനാശം ഭവിക്കുമെന്നും വെള്ളിയാഴ്ചയായാൽ അന്ന ഒരു കാൎയ്യവും സാധിക്കയില്ല എന്നും ശനിയാഴ്ചയായാൽ കൃഷിനാശം ഭൂവിവാദം ഇത്യാദികൾ ഭവിക്കുമെന്നും ഗ്രഹിച്ചുകൊൾക.

൩൨. വായുശ്ചന്ദ്രദിനാഷ്ടകേ യദി ചരേദ്വാമേ ഗുരോഃ പഞ്ചതാ വ്യാധിൎവ്വാ സുമഹാംസ്തഥൈവ ഹിമഗോൎവ്വാരാഷ്ടകേ ദക്ഷിണേ । പുത്രാപൽക്ഷിതിജസ്യ ബന്ധനമരേൎവ്വാമേ വിദോ ദക്ഷിണേ മൃത്യുസ്സ്വസ്യ നിരന്തരം സ്വരഗുരോൎമ്മൃത്യുൎഗ്ഗുരോസ്സംഭവേൽ ॥

൩൩. ശുക്രസ്യാവനിഹേതുധനക്ഷയോ ദക്ഷിണേ ശനേൎവ്വാമേ । യദി ചരതി മാരുതിശ്ചാഭാഗ്യാനാശോ നിവാസനാശോ വാ ॥

അന്വയാൎത്ഥം — വായു ചന്ദ്രദിനാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം വാമത്തിൽ ചരിക്കുമെങ്കിൽ ഗുരുവിന്നു പഞ്ചതയൊ സുമഹത്തായിരിക്കുന്ന വ്യാധിയൊ സംഭവിക്കും. അപ്രകാരംതന്നെ ഹിമഗുവിന്റെ വാരാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം ദക്ഷിണത്തിങ്കൽ ചരിക്കുമെങ്കിൽ പുത്രാപത്തു ഭവിക്കും. ക്ഷിതിജന്റെ വാരാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം വാമത്തിങ്കൽ ചരിക്കുമെങ്കിൽ അരിയിങ്കൽനിന്നു ബന്ധനം സംഭവിക്കും. വിത്തിന്റെ വാരാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം

ദക്ഷിണത്തിങ്കൽ ചരിക്കുമെങ്കിൽ തനിക്കു മൃത്യുസംഭവിക്കും. സുരഗുരുവിന്റെ വാരാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം ദക്ഷിണത്തിങ്കൽ ചരിക്കുമെങ്കിൽ ഗുരുവിന്നു മൃത്യുസംഭവിക്കും- ശുക്രന്റെ വാരാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം ദക്ഷിണത്തിങ്കൽ ചരിക്കുമെങ്കിൽ ഭൂവന്നി ഹെതുവായിരിക്കുന്ന ധനക്ഷയം സംഭവിക്കും-ശനിയുടെ വാരാഷ്ടകത്തിങ്കൽ നിരന്തരമാകുംവണ്ണം വാമത്തിങ്കൽ ചരിക്കുമെങ്കിൽ ഭാൎയ്യാനാശമൊ നിവാസനാശമൊ സംഭവിക്കും-

സാരം — എട്ടു ഞായറാഴ്ചകളിൽ അടുത്തടുത്തു ദൈവജ്ഞന്റെ ശരീര വായു ഇടത്തുഭാഗത്തിങ്കൽ സഞ്ചരിക്കുന്നതായിട്ടു നിയമെന ഉള്ള ശ്വാസപരീക്ഷാ സമയത്തിങ്കൽ ഭവിച്ചു കണ്ടാൽ തന്റെ പിതാവിന്റെ മരണം അടുത്തു എന്നു അറിയെണം- എട്ടു തിങ്കളാഴ്ചകളിൽ അടുത്തടുത്തു വലത്തുഭാഗത്തിങ്കൽ സംചരിക്കുന്നതായി ഭവിച്ചുകണ്ടാൽ പുത്രനാശം അടുത്തു എന്നു അറിയെണം- എട്ടു ചൊവ്വാഴ്ചകളിൽ ഇടത്തുഭാഗത്തിങ്കലായാൽ താമസം കൂടാതെ ശത്രുക്കൾ തന്നെ പിടിച്ചു കെട്ടുമെന്നു അറിയെണം- എട്ടു ബുധനാഴ്ചകളിൽ വലത്തുഭാഗത്തിങ്കലായാൽ തന്റെ മരണം അടുത്തു എന്നറിയെണം- എട്ടു വ്യാഴാഴ്ചകളിൽ വലത്തുഭാഗത്തിങ്കലായാൽ തന്റെ ഗുരുവിന്റെ മരണം അടുത്തു എന്നറിയെണം- എട്ടു വെള്ളിയാഴ്ചകളിൽ വലത്തുഭാഗത്തിങ്കലായാൽ ഭൂമിഹെതുവായിട്ടുള്ള ധനനാശം അടുത്തു എന്നറിയെണം-എട്ടു ശനിയാഴ്ചകളിൽ ഇടത്തുഭാഗത്തിങ്കലായാൽ ഭാൎയ്യാനാശമൊ ഗൃഹനാശമൊ അടുത്തു എന്നറിയെണം-

(വാ) അഥശ്വാസസ്യപ്രമാണെനതസ്യപൃഥ്വ്യാദിസഞ്ചാരസ്തൽഫലഞ്ചൊച്യതെ।

അന്വയാൎത്ഥം—— അനന്തരം ശ്വാസത്തിന്റെ പ്രമാണംകൊണ്ടു അതിന്റെ പൃഥ്വ്യാദി സഞ്ചാരവും തൽഫലവും വചിക്കപ്പെടുന്നു.

സാരം—— ഇനി വായുവിന്റെ നീളത്തിന്റെ ഭെദങ്ങൾകൊണ്ടു അതിന്നു ഭൂമി മുതലായതുകളിൽ ഉള്ള സഞ്ചാരത്തെയും അതിന്റെ ഫലത്തെയും പറയുന്നു.

൩൪- മെദിന്യാഃഖെലൃഷൊഡശാംഗുലമപാന്ദ്വെദ്വ്യംഗിനെശാംഗുലംവഹ്നെരഷ്ടമിതാംഗുലംമരുതഏതെഷ്ഷൃനമഗ്ന്യംഗുലം ।
ആകാശസ്യചവൈകൃമെതദ്ദമിതംഭൂമ്യാദിഭൂതാത്മകസ്വീയശ്വാസഗതിപ്രമാണമുഭയൊരെതൽസമംപ്രാണയൊഃ ॥

അനന്വയാൎത്ഥം—— മെദിനിയുടെ ദൈൎഘ്യം ഷോഡശാംഗുല
മായി ഭവിക്കുന്നു- അപ്പുകളുടെ ദൈൎഘ്യം ദ്വിനേശാംഗുലമായി ഭ
വിക്കുന്നു- വഹ്നിയുടെ ദൈൎഘ്യം മന്തിമിതാംഗുലമായി ഭവിക്ക
ന്നു- മരുത്തിന്റെ ദൈൎഘ്യം ഷട്പ്രമാണമായിരിക്കുന്ന ഇതായി ഭവി
ക്കുന്നു- ആകാശത്തിന്റെ ദൈൎഘ്യം അംഗുഷ്ഠാംഗുലമായി ഭവിക്ക
ന്നു- ഉദിതമായിരിക്കുന്ന ഇത ഭൂമ്യാദിഭൂതാത്മകസ്വകീയശ്വാസ
ഗതി പ്രമാണമാകുന്നു എന്ന വെളുമായി ഭവിക്കുന്നു- ഇതര
ന്റെ ഘ്രാണങ്ങളിലും സമമായി ഭവിക്കുന്നു.-

സാരം-ശ്വാസങ്ങൾ ചില ദിവസങ്ങളിൽ ഭൂമിയിൽ സഞ്ചരിക്ക
ന്നതുകളാകയാൽ ഭൂസ്വരൂപങ്ങളായി പ്രകാശിക്കും ചില ദിവസ
ങ്ങളിൽ ജലസ്വരൂപങ്ങളായി പ്രകാശിക്കും ചില ദിവസങ്ങ
ളിൽ അഗ്നിസ്വരൂപങ്ങളായി പ്രകാശിക്കും ചില ദിവസങ്ങ
ളിൽ വായു സ്വരൂപങ്ങളായിട്ട തന്നെ പ്രകാശിക്കും ചില ദിവ
സങ്ങളിൽ ആകാശസ്വരൂപങ്ങളായി പ്രകാശിക്കും- ഇങ്ങിനെ
അതാതു ഭൂതങ്ങളിൽ ഉള്ള സഞ്ചാരം നിമിത്തമായിട്ട അതാതു
രൂപത്തെ ഗ്രഹിക്കുന്നതുകളായ ശ്വാസങ്ങളിൽ വെച്ചു ഭൂസ്വ
രൂപമായിരിക്കുന്ന ശ്വാസം മൂക്കിന്റെ സുഷിരത്തിങ്കൽനിന്ന
പതിനാറുവിരൽ ദൂരംവരെ സ്പൎശിക്കും- ജലരൂപമായിരിക്കുന്ന
ശ്വാസം പന്ത്രണ്ടുവിരൽവരെ സ്പൎശിക്കും- അഗ്നിരൂപമായി
രിക്കുന്ന ശ്വാസം എട്ടുവിരൽവരെ സ്പൎശിക്കും- വായു രൂപമാ
യിത്തന്നെ ഇരിക്കുന്ന ശ്വാസം ആറുവിരൽവരെ സ്പൎശി
ക്കും- ആകാശ രൂപമായിരിക്കുന്ന ശ്വാസം മൂന്നുവിരൽവരെ
സ്പൎശിക്കും- മെൽ പറഞ്ഞ വിരൽ കണക്കിന്ന രണ്ടു മൂക്കുകളി
ലും സാമ്യമുണ്ട- മൂക്കിന്റെ ഭേദം ഹേതുവായിട്ട വിരലിന്റെ
സംഖ്യെക്ക വ്യത്യാസം വരികയില്ലെന്ന അറിഞ്ഞു കൊൾക-

൩൫. പക്ഷെ ക്ഷൌരലൂവക്ഷതെഭക്ഷിതിരിന്ധായയാതൊന്നമന്മ
ന്ദിരപ്രാസാദാദിഗൃഹപ്രവെശനകരീപട്ടാഭിഷെകപ്രമാദി കുൎയ്യാ
ന്ന്യദിഷ്ടകൎമ്മസലിലംവാമസ്ഥമെവംശ്രുഭംകൃപാഭെരചനം കര
ഗ്രഹണമംവ്യുത്ഥതെ കുൎയ്യാൽഭയം ॥

൩൬. വഹ്നിവാരിഭയായുധക്ഷതിശരീരാതുഃഗ്രഹഘോഷണം
പാതംവാശിശ്രുകാദികസ്യദഹനെകുൎയ്യാൽഭെജരെശ്വരം । വായു
ശ്ചോരഭയംപലായനമപിസ്ഥാനംവിസൃജ്യാത്മനൊമന്ത്യശ്വാശ്യ
ധിരൊഹണംചവിതരെദൈപ്യാദൊഷശ്ചെൽപുനഃ ॥

൩൭. മന്ത്രാദെരുപദെശലബ്ധിരസകൃദ്ദ്രവപ്രതിഷ്ഠാപനംദീ
ക്ഷാവ്യാധിസമുൽഭേവശ്ചനിതരാം പീഡാതനൊസ്സന്തതം । വി

ജ്ഞേതയംഖലുഭൂതപഞ്ചകഫലംനാഡ്യൊസ്സമംയൊൎദ്വയൊ ശ്വാസസ്സംഹരമീഫലഇഷ്ടഉദിതശ്ശീഘ്രസ്ഥിഖൊനേഷ്ടദഃ ॥

അന്വയാൎത്ഥം — അഗ്നിമായിരിക്കുന്ന പക്ഷത്തിങ്കൽ ഇഡയാതയായിരിക്കുന്ന ക്ഷിതി ഉന്നമമന്ദിര പ്രാസാദിഗ്രഹ പ്രവെശനകരിയായിട്ടും, പട്ടാഭിഷെക പ്രദയായിട്ടുംഭവിക്കുന്നു- അന്യമായിരിക്കുന്ന അഭീഷ്ടകൎമ്മത്തെയുംചെയ്യും- ഇപ്രകാരം വാമസ്ഥമായിരിക്കുന്ന സലിലം ശുഭമായിരിക്കുന്നകൂപാദിയുടെരചനത്തെയും കരഗ്രഹണത്തെയും അംബുസ്ഥമായിരിക്കുന്ന ഭയത്തെയും ഉണ്ടാക്കുന്നു. വഹ്നി അരിഭയായുധക്ഷതി ശരീരാരുഗ്രഹപ്പൊഷണത്തെയൊ ശിശുകാദികമായിരിക്കുന്ന ജനത്തിന്റെ ദഹനങ്ങൾ ഉള്ള പാതത്തെയൊ ഉണ്ടാക്കും- രംശപരനെ ഭജിക്കെണം- വായു ചൊരഭയത്തെയും തന്റെ സ്ഥാനത്തെ ഉപെക്ഷിച്ചിട്ടുള്ള പലായനത്തെയും ദന്ത്യശ്വാദ്യധിരൊഹണത്തെയും വിതരണം ചെയ്യും- വ്യൊമൊദയം ഭവിക്കമെങ്കിൽ പിന്നെ മന്ത്രാദിയുടെ ഉപദെശലബ്ധിയും പലപ്രാവശ്യം ദെവപ്രതിഷ്ഠാപനവും ദീക്ഷയും വ്യാധിസമുദ്ഭവവും എല്ലാസമയവും തനുവിന്ന അധികയായിരിക്കുന്ന പീഡയും ഭവിക്കും ഭൂതപഞ്ചകഫലം രണ്ടു നാഡികൾക്കും സമമാകുന്നു- എന്ന വിജ്ഞെയമായിട്ടും ഭവിക്കുന്നു. സംഹരമീഫലമായിരിക്കുന്ന ശ്വാസം ഇഷ്ടമെന്ന ഉദിതമായി ഭവിക്കുന്നു- ശീഘ്രസ്ഥിഖമായിരിക്കുന്ന ശ്വാസം ഇഷ്ടദമായി ഭവിക്കുന്നില്ല-

സാരം — വെളുത്ത പ്രതിപദത്തുന്നാൾ പ്രഭാതത്തിങ്കൽ ശ്വാസ പരീക്ഷയെ ചെയ്യുമ്പൊൾ ഭൂസ്വരൂപമായ വായു ഇടത്തു ഭാഗത്തിങ്കലായിക്കണ്ടാൽ മാളിക, ദെവാലയം, രാജഗ്രഹം ഇത്യാദികളിൽ ഉള്ള പ്രവെശവും പട്ടാഭിഷെകവും ഫലം- ഇതുകൾ കൂടാതെ വെറെ ഉള്ള ഇഷ്ടഫലങ്ങളുമുണ്ടാകും- ജലരൂപമായ വായു മെൽപ്രകാരമായാൽ കിണറു മുതലായതു കഴിപ്പിക്കയും വിവാഹവും ജലത്തിങ്കൽനിന്നു ഭയവും ഫലം- അഗ്നിസ്വരൂപമായ വായു മെൽപ്രകാരമായാൽ ശത്രുഭയവും ആയുധംകൊണ്ടു മുറികയും ശരീരത്തിങ്കൽ സൎവ്വത്ര ഉള്ളതായ രൊഗവും ഭവനം കത്തുകയും കുട്ടികൾ മുതലായവർ തീയ്യിൽ വീഴകയും ഫലം- അതിന്റെ പരിഹാരത്തിന്നായിക്കൊണ്ടു രംശപരനെ ഭജിക്കെണം- വായു രൂപമായിത്തന്നെ ഇരിക്കുന്ന വായു മെൽ പ്രകാരമായാൽ ചൊരഭയവുംതന്റെ ഇരിപ്പടത്തെ ഉപെക്ഷിച്ചു വല്ല വഴിക്കുമുള്ള പൊക്കും ആന, കുതിര ഇത്യാദി വാ

ഹനാരോഹണവും ഫലം· ആകാശരൂപമായ വായുമെൽ പ്ര
കാരമായാൽ മന്ത്രം മുതലായതിന്റെ ഉപദെശലാഭവും പലപ്രാ
വശ്യം ദെവപ്രതിഷ്ഠയെ ചെയ്യിപ്പിക്കുകയും ദീക്ഷയും വ്യാധി
യും ശരീരപീഡയും ഫലം- പൃഥിവ്യാദി പഞ്ചഭൂതങ്ങളുടെ ഫ
ലം രണ്ടു നാഡികളിലും തുല്യമാകുന്നു- അഗ്രം ചിതറാതെ നീ
ണ്ടിരിക്കുന്ന ശ്വാസം ശുഭകരമാകുന്നു- അഗ്രം ചിതറിയത അ
ശുഭകരമാകുന്നു-

ശ്ലൊ- ഭൂമൌനിഖാതമവനെരുദയെജലെപാം വാതസ്യധൂമവ
തീഖസ്യതഥൊൎദ്ധ്വദെശെ। ഭൂപൃഷ്ഠംഗഹുതഭുജഃഖെലുവസ്തുനഷ്ടം
ബ്രൂയാൽകൃതെഹയദിനഷ്ടപദാൎത്ഥപൃഷ്ടൌ॥

അന്വയാൎത്ഥം —— നഷ്ടപദാൎത്ഥ പൃഛാകൃതയായി എംകിൽ ഇ
വിടെ അവനിയുടെ ഉദയം സത്തായിരിക്കും വിഷയത്തിങ്കൽ
നഷ്ടമായിരിക്കുന്ന വസ്തുവിനെ ഭൂമിയിങ്കൽ നിഖാതമായി
എന്ന പറയെണം· അപ്പുകളുടെ ഉദയം സത്തായിരിക്കും വി
ഷയത്തിങ്കൽ ജലത്തിങ്കൽ എന്നുപറയെണം· വാതത്തിന്റെ
ഉദയം സത്തായിരിക്കും വിഷയത്തിങ്കൽ ധൂമവത്തായിരിക്കു
ന്ന പ്രദെശത്തിങ്കൽ എന്നു പറയെണം· അപ്രകാരം ഖത്തി
ന്റെ ഉദയം സത്തായിരിക്കും വിഷയത്തിങ്കൽ ഊൎദ്ധ്വദെശ
ത്തിങ്കൽഎന്നുപറയെണം· ഹുതഭുക്കിന്റെ ഉദയം സത്തായി
രിക്കും വിഷയത്തിങ്കൽ ഭൂപൃഷ്ഠംഎന്നുതന്നെ പറയെണം·

സാരം —— കാണാതെ ആയൊരു പദാൎത്ഥത്തെക്കുറിച്ചു ഒ
രുത്തൻ ചൊദിച്ചാൽ അവിടെ ശ്വാസപരീക്ഷയിൽ ഭൂമിയു
ടെ ഉദയം ഭവിച്ചാൽ നഷ്ടമായ വസ്തു ഭൂമിയുടെ ഉള്ളിൽ ഇരി
ക്കുന്നു എന്നുപറയെണം· ജലത്തിന്റെ ഉദയം ഭവിച്ചാൽ വെ
ള്ളത്തിൽ ഉണ്ടെന്നു പറയെണം· വായുവിന്റെ ഉദയം ഭവി
ച്ചാൽ പുക കൊള്ളുന്ന പ്രദെശത്തിങ്കൽ ഉണ്ടെന്നു പറയെണം·
ആകാശത്തിന്റെ ഉദയം ഭവിച്ചാൽ ഉയൎന്ന പ്രദെശത്തിങ്ക
ൽ ഉണ്ടെന്നു പറയെണം· അഗ്നിയുടെ ഉദയം ഭവിച്ചാൽഭൂ
മിയുടെ വൃക്ഷത്തിങ്കൽ ഉണ്ടെന്ന പറയെണം· ഇവിടെയുംഭൂ
മി, ജലം, അഗ്നി, വായു, ആകാശം എന്ന വാക്കുകൾ കൊണ്ടു
പതിനാറ, പന്ത്രണ്ടു, എട്ടു, ആറ,മൂന്ന, ഇങ്ങിനെ ഉള്ള വിരലു
കളാകുന്ന പ്രമാണത്തൊടു കൂടിയ ആതാതു വായുക്കളെ ക്രമെ
ണഗ്രഹിച്ചു കൊൾകയും വെണം·

ശ്ലൊ- ഐന്ദ്ര്യാദ്യാസുദിശൊജ്ഞെയാഃപൃഥിവ്യാദ്യുദയെഃക്ര
മാൽ। ആകാശൊദയതൊമദ്ധ്യംനഷ്ടംതത്രൈവവാസ്ഥിതം॥

അന്വയാൎത്ഥം — പൃഥിവ്യാദ്യുദയങ്ങൾ കൊണ്ടു ഐന്ദ്ര്യാദികളായിരിക്കുന്ന ദിക്കുകൾ ക്രമേണ ജ്ഞേയകളായി ഭവിക്കുന്നു. ആകാശോദയം കൊണ്ടു മദ്ധ്യം ജ്ഞേയമായി ഭവിക്കുന്നു. നഷ്ടമായിരിക്കുന്ന വസ്തുവിനെ അതുകളിൽ തന്നെ സ്ഥിതമാകുന്നു എന്നുപറകയുമാം.

സാരം — പൃഥിവിയുടെ ഉദയം ഭവിച്ചാൽ നഷ്ടമായ വസ്തുവിന്റെ സ്ഥിതി കിഴക്കെ ദിക്കിലാകുന്നു എന്നും ജലത്തിന്റെ ഉദയം ഭവിച്ചാൽ തെക്കെ ദിക്കിലാകുന്നു എന്നും അഗ്നിയുടെ ഉദയം ഭവിച്ചാൽ പടിഞ്ഞാറെ ദിക്കിലാകുന്നു എന്നും വായുവിന്റെ ഉദയം ഭവിച്ചാൽ വടക്കെ ദിക്കിലാകുന്നു എന്നും ആകാശോദയം ഭവിച്ചാൽ നാലുദിക്കുകളുടെയും നടുവിലാകുന്നു എന്നും പറകയുമാം.

൪൦. ഭാഗെയത്ര മരുത്സ്ഥിതിഃപുനരിദംക്ഷോണ്യംബുനൊൎവ്വാ
തദാഭാഗെതത്ര ദിദൃക്ഷതെയദിപുമാൻജ്യോതിൎവ്വിദംചെച്ഛതി ദീ
ൎഘായുൎഗ്ഗുണവൽകളത്രതനയഃപുഷ്ട്യാധനശ്ചാധികം വിജ്ഞേയ
സ്ത്വഥനാൎയ്യപിവിപരീതെതുഫലംചാന്യഥാ

അന്വയാൎത്ഥം — യാതൊരുഭാഗത്തിങ്കൽ മരുൽസ്ഥിതിഭവിക്കുന്നുവൊ ആ ഭാഗത്തിങ്കൽ ഇതാകട്ടെ ക്ഷോണിയൊ ജലമൊ ആയി സത്തായിരിക്കും വിഷയത്തിങ്കൽ അപ്പോൾ ഒരു പുമാൻ ജ്യോതിൎവ്വിത്തിനെ ദൎശിപ്പാനായിക്കൊണ്ടു ഇച്ഛിക്കുന്നു എങ്കിൽ അവൻ ദീൎഘായുസ്സെന്നും ഗുണവൽകളത്രതനയനെന്നും അധികമാകുംവണ്ണം പുഷ്ട്യാധനനെന്നും വിജ്ഞേയനായി ഭവിക്കുന്നു. സ്ത്രീകളും അപ്രകാരം വിജ്ഞേയകളായി ഭവിക്കുന്നു. ഇതിങ്കൽനിന്ന വിപരീതം സത്തായിരിക്കും വിഷയത്തിങ്കൽ ഫലവും മറെറാരുപ്രകാരമെന്ന ഭവിക്കും.

സാരം — വായുവൊടുകൂടിയഭാഗത്തിങ്കൽ വന്ന ആ വായു ഭൂരൂപമായിട്ടൊ ജലരൂപമായിട്ടൊ ഉദിച്ചിരിക്കുന്ന സമയത്തിങ്കൽ തന്നെ ഒരുപുരുഷൻ ജ്യൌതിഷികനെ കാണ്മാനായിക്കൊണ്ടു ഇച്ഛിച്ചവനായി എങ്കിൽ അവൻ ദീൎഘായുസ്സാകുന്നു എന്നും നല്ലഭാൎയ്യയൊടും പുത്രന്മാരൊടും കൂടിയവനാകുന്നു എന്നും അവന്റെ സമ്പത്തിന്നു പിന്നെയും ക്രമേണ വൃദ്ധിഭവിക്കുമെന്നും ജ്യൌതിഷികൻ അറിയെണം. സ്ത്രീകളായാലും ഫലം മെൽപ്രകാരംതന്നെ- അവരിൽ കളത്രപദാൎത്ഥം അനന്വിതമാകയാൽ അൎത്ഥാന്തരത്തെ ഊഹിക്കെണം. നല്ലഭൎത്താവിനൊടു കൂടിയവരാകുന്നു എന്ന ഗ്രഹിച്ചുകൊൾക- ശെഷം തുല്യമാകുന്നു- മെൽപറഞ്ഞു

ത്തിന്നവിപരീതമായിരുന്നാൽ ഫലവും വിപരീതമായി ഭവിക്കും.

(വാ) അത്രശാസ്ത്രാന്തരമപിലിഖ്യതെ।

അന്വയാൎത്ഥം—— ഇവിടെ ശാസ്ത്രാന്തരവും ലെഖനം ചൈകപ്പെടുന്നു

സാരം—— ശ്വാസവിഷയത്തിങ്കൽ വെറെ ഒരുശാസ്ത്രം കൂടെ ഇനി എഴുതുവാൻ പൊകുന്നു.

൪൭. ഇഡാവാമാഭവെന്നാഡീസൊമസ്യാൎക്കസ്യദക്ഷിണാ। പിംഗലാഖ്യാസുഷുമ്നാഖ്യാമദ്ധ്യമാഗ്നെരുദീരിതാ॥

അന്വയാൎത്ഥം—— വാമയായിരിക്കുന്ന നാഡി ഇഡയായി ഭവിക്കും. അതുസൊമൻെറ എന്ന ഉദീരിതയായി ഭവിക്കുന്നു; ദക്ഷിണയായിരിക്കുന്ന നാഡീ പിംഗലാഖ്യയായി ഭവിക്കും. അത അൎക്കൻെറ എന്ന ഉദീരിതയായി ഭവിക്കുന്നു. മദ്ധ്യമയായിരിക്കുന്ന നാഡി സുഷുമ്നാഖ്യയായി ഭവിക്കും- അത അഗ്നിയുടെ എന്ന ഉദീരിതയായി ഭവിക്കുന്നു.

സാരം—— ഇടത്തെ മൂക്കിൻെറ സുഷിരമാകുന്ന വദനത്തൊടു കൂടിയതായ നാഡീ ഇഡാ എന്ന പെരൊടുകൂടിയതാകുന്നു- അതിൻെറ ദെവതാ ചന്ദ്രനാകുന്നു- വലത്തെ മൂക്കിൻെറ സുഷിരമാകുന്ന വദനത്തൊടു കൂടിയതായ നാഡീ പിംഗലാ എന്ന പെരൊടുകൂടിയതാകുന്നു പിംഗലയുടെ ദെവതാ സൂൎയ്യനാകുന്നു- ഇഡാപിംഗലകളുടെ നടുവിൽ ഒരു സൂക്ഷ്മ നാഡി ഉണ്ടു അതിൻെറ പെർ സുഷുമ്നാ എന്നാകുന്നു. അതിൻെറ ദെവതാ അഗ്നിയാകുന്നു.

൪൮. നിൎഗ്ഗമെതുശുഭാഭവെദിഡാപിംഗലാതുശുഭാപ്രവെശനെ। യൊഗസാധനവിധൌതുമദ്ധ്യമാശസ്യതെനചപരെഷുകൎമ്മസു॥

അന്വയാൎത്ഥം—— ഇഡംതന്നെ നിൎഗ്ഗമത്തിങ്കൽ ശുഭദയായി ഭവിക്കും പിംഗലതന്നെ പ്രവെശനത്തിങ്കൽ സുഖദയായി ഭവിക്കും- യൊഗസാധനവിധിയിങ്കലാകട്ടെ മദ്ധ്യമാ ശംസിക്കപ്പെടുന്നു- പരങ്ങളായിരിക്കുന്ന കൎമ്മങ്ങളിൽ ഇല്ല-

സാരം—— ഇഡാ എന്ന നാഡി പുറപ്പാടിങ്കൽ ശുഭദയായി ഭവിക്കുന്നു- രാജഭവനാലികളിൽ കടക്കുംപൊൾ പിംഗലാ എന്ന നാഡി ശുഭദയായി ഭവിക്കുന്നു- യൊഗാഭ്യാസത്തിങ്കൽ സുഷുമ്നാനാഡി ശുഭദയായി ഭവിക്കുന്നു മററുള്ള കൎമ്മങ്ങളിൽ ശുഭദയല്ല-

൪൯. ശുഭവാരെശുക്ലപക്ഷെസിദ്ധിമാവാമനാഡികാ। ക്രൂര

വാരെകൃഷ്ണപക്ഷനാഡ്യന്യാസിദ്ധിമാധികം ॥

അന്വയാൎത്ഥം — വാമനാഡികാ ശുക്ലപക്ഷത്തിങ്കലെ ശുഭവാരത്തിങ്കൽ അധികമാകുംവണ്ണം സിദ്ധിമയായി ഭവിക്കുന്നു — അന്യയായിരിക്കുന്ന നാഡി കൃഷ്ണപക്ഷത്തിങ്കലെ ക്രൂരവാരത്തിങ്കൽ അധികമാകുംവണ്ണം സിദ്ധിമയായി ഭവിക്കുന്നു —

സാരം — വെളുത്തപക്ഷത്തിൽ ശുഭന്മാരുടെ ആഴ്ചകളിൽ ഇടത്തെ നാഡിയിൽ വായു സഞ്ചാരം അധികമായ ശുഭത്തെ ഉണ്ടാക്കും. കറുത്തപക്ഷത്തിൽ ആദിത്യൻ ചൊവ്വ ശനി ഇവരുടെ ആഴ്ചകളിൽ വലത്തെ നാഡിയിൽ വായു സഞ്ചാരം അധികമായ ശുഭത്തെ ഉണ്ടാക്കും —

൪൪. ഗ്രഹാച്ചന്ദ്രേണനിഷ്ക്രാന്തഃപ്രവിഷ്ടോഭാനുനാരണെ। ശൂന്യാംശെവൈരിണംകൃത്വാകാതരോപിജയീഭവെൽ ॥

അന്വയാൎത്ഥം — ഗ്രഹത്തിങ്കൽനിന്ന ചന്ദ്രനെക്കൊണ്ടുനിഷ്ക്രാന്തനായി ഭാനുവിനെക്കൊണ്ടു രണത്തിങ്കൽ പ്രവിഷ്ടനായിരിക്കുന്നവൻ ശൂന്യാംശത്തിങ്കൽ വൈരിയെ സ്ഥിതനാക്കിചെയ്തിട്ടു കാതരനായിരിക്കുന്നവനും ജയിയായി ഭവിക്കും —

സാരം — ഇടത്തെനാഡിയിൽ വായുസഞ്ചരിക്കുംപൊൾഗ്രഹത്തിങ്കൽനിന്നു പുറപ്പെടുകയും വലത്തെനാഡിയിൽ വായുസഞ്ചാരമുള്ളപ്പോൾ യുദ്ധഭൂമിയിൽ പ്രവെശിക്കുകയും ചെയ്തിട്ടു ശത്രുവിനെ ഇടത്തുഭാഗത്തിങ്കലാക്കി യുദ്ധം ചെയ്താൽ പരാക്രമമില്ലാത്തവനും ജയിക്കും.

മെൽപറഞ്ഞതിന്നു വിപരീതമായ പുറപ്പാട് മുതലായതുകൊണ്ടു പരാക്രമിയായിരിക്കുന്നവനും മടങ്ങും ഇതിനെ സ്പഷ്ടമായി പറയുന്നു.

൪൫. നിഷ്ക്രാന്തോഭാനുനാഗെഹാൽപ്രവിഷ്ടശ്ശശിനാരണെ। ജീവാംശെയസ്യവാശത്രുസ്സശൂരോപിവിനശ്യതി ॥

അന്വയാൎത്ഥം — യാവനൊരുത്തന്റെ ജീവാംശത്തിങ്കൽ ശത്രു ഭവിക്കുന്നുവൊ അവൻ ശൂരനായിരുന്നാലും ഭാനുവിനെക്കൊണ്ടു ഗെഹത്തിങ്കൽനിന്നുനിഷ്ക്രാന്തനായിട്ടും ശശിയെക്കൊണ്ടു രണത്തിങ്കൽ പ്രവിഷ്ടനായിട്ടുമിരിക്കുന്നവനായാൽ വിനശിക്കും —

സാരം — ഗ്രഹത്തിങ്കൽനിന്നു വലത്തുഭാഗത്തിങ്കൽ ശ്വാസമുള്ളപ്പോൾ പുറപ്പെടുകയും ശ്വാസം ഇടത്തുഭാഗത്തിങ്കലായപ്പോൾ യുദ്ധഭൂമിയിൽ പ്രവെശിക്കുകയും ചെയ്തവൻ ഇടത്തുഭാഗത്തിങ്കൽ ശത്രുവിനെ നിറുത്തി യുദ്ധം ചെയ്താൽ പരാക്ര

മിയായിരുന്നാലും മടങ്ങും-

൩൬. ദസ്യവഃശത്രവൊഭൂതാഃകിതവവ്യവഹാരിണഃ । ഏതെ ശൂന്യഗതാസ്സൌമ്യാഃപൂൎണ്ണസ്ഥാഭയദാഃസ്മൃതാഃ ॥

അന്വയാൎത്ഥം—— ദസ്യുക്കളും ശത്രുക്കളും ഭൂതങ്ങളും കിതവവ്യവഹാരികളും ആകുന്ന ഇവർ ശൂന്യഗതന്മാരായിട്ടു സൌമ്യന്മാരായി ഭവിക്കുന്നു- പൂൎണ്ണസ്ഥന്മാരായാൽ ഭയദന്മാർ എന്നു സ്മൃതന്മാരായി ഭവിക്കുന്നു-

സാരം—— കള്ളന്മാർ, ശത്രുക്കൾ, ഭൂതഗ്രഹങ്ങൾ, വ്യാജത്തോടുകൂടിയ വ്യവഹാരികൾ ഇവർ എല്ലാവരും വായുസഞ്ചാരത്തോടു കൂടാത്തതായ ഭാഗത്തിൽ പെട്ടാൽ വളരെ ഉപദ്രവിപ്പാൻമതിയാകയില്ല വായുസഞ്ചാരസഹിതമായ ഭാഗത്തിങ്കൽനിന്നാൽ വളരെ ഉപദ്രവിക്കും-

൩൭ വിവാദദ്യൂതയുദ്ധെഷു സ്നാനഭോജനമൈഥുനെ । വ്യവഹാരെഭയെഭംഗെ ഭാനുനാഡീപ്രശസ്യതെ ॥

അന്വയാൎത്ഥം—— വിവാദത്തിങ്കലും ദ്യൂതയുദ്ധത്തിങ്കലും സ്നാനഭോജന മൈഥുനത്തിങ്കലും വ്യവഹാരത്തിങ്കലും ഭയത്തിങ്കലും ഭംഗത്തിങ്കലും ഭാനുനാഡീ പ്രശംസിക്കപ്പെടുന്നു.

സാരം—— ജയെച്ഛയൊടു കൂടിയവനായ ഒരുത്തനൊടു ജയെച്ഛ ഹെതുവായിട്ടുള്ള വാദത്തിങ്കലും ചൂതുപൊരുന്ന സമയത്തിങ്കലും സ്നാനഭൊജന മൈഥുനങ്ങളിലും കൊള്ളുക കൊടുക്കുക ഇതുകളിലും ചിലവുചെയ്യും സമയത്തിങ്കലും രിപുഭംഗം മുതലായതിന്റെ ഭംഗത്തിങ്കലും പാത്രങ്ങൾ ഉടച്ചു പണിചെയ്വാൻ ആരംഭിക്കുന്ന സമയത്തിങ്കലും വലത്തെ മൂക്കിൽ വായുസഞ്ചാരം ശുഭമാകുന്നു-

൩൮. യാത്രാദാനവിവാഹെഷു വസ്ത്രാലങ്കാരഭൂഷണെ । ശുഭെസന്ധൌപ്രവെശെചവാമനാഡീപ്രശസ്യതെ ॥

അന്വയാൎത്ഥ—— യാത്രാദാനവിവാഹങ്ങളിലും വസ്ത്രാലങ്കാരഭൂഷണത്തിങ്കലും ശുഭത്തിങ്കലും സന്ധിയിൽ ഉള്ള പ്രവെശത്തിങ്കലും വാമനാഡീ പ്രശംസിക്കപ്പെടുന്നു-

സാരം—— യാത്ര, ദാനം, വെളി, വസ്ത്രധാരണം, ആഭരണം ധരിക്കുക, ശുഭമായകൎമ്മം, സന്ധിവാക്കിനായിക്കൊണ്ടുള്ള ആരംഭം ഇതുകൾക്കു ഇടത്തെ മൂക്കിൽ വായു സഞ്ചാരം ശുഭമാകുന്നു-

൩൯. ദെവെദക്ഷിണഭാഗെചപൂൎവ്വെരൊഗാതുരെക്ഷിതി ഉന്നെസ്ഥിതപാദപൃച്ശതിപൃച്ശകൊയപൂൎണ്ണെജീവത്യരൊഗീചിരം

വാമായാന്തുരുജാകുലീകൃതതനൌ വാമാശ്രിതെ ചെൽപരെ വാമെ പൃച്ഛതി ചെൽദ്ധ്രുവം ഗതഗദാ വാമാ ചിരം ജീവതി ।।

അന്വയാൎത്ഥം——ദൈവൻ ദക്ഷിണഭാഗഗനായിട്ടും പുരുഷൻ രോഗാതുരനായിട്ടുമിരിക്കും വിഷയത്തിങ്കൽ പൃച്ഛകൻ ദക്ഷിണത്തിങ്കൽ സ്ഥിതിചെയ്തിട്ടു പൃച്ഛിക്കുന്നു എങ്കിൽ അനന്തരം പുരുഷൻ അരോഗിയായിട്ടു വളരെക്കാലം ജീവിക്കുന്നു- വാമാ രുക്കിനാൽ ആകുലീകൃതതനുവായിട്ടും പരൻ വാമാശ്രിതനായിട്ടുമിരിക്കും വിഷയത്തിങ്കലാകട്ടെ പൃച്ഛകൻ വാമത്തിങ്കൽ സ്ഥിതിചെയ്തിട്ടു പൃച്ഛിക്കുന്നു എങ്കിൽ അനന്തരം വാമാ ഗതഗദയായിട്ടു വളരെകാലം ജീവിക്കുന്നു എന്നതു മൂലമാകുന്നു-

സാരം— വായുവലത്തും പുരുഷൻ രോഗിയുമായിരിക്കും സമയത്തിങ്കൽ പ്രഷ്ടാവു വലത്തുപുറത്തു നിന്നിട്ടു ദൈവജ്ഞനോടു ചോദിച്ചു എങ്കിൽ അപ്പോൾ രോഗിയായിരിക്കുന്നതു പുരുഷൻ അനന്തരം രോഗത്തോടു കൂടാത്തവനായിട്ടു വളരെകാലം ജീവിക്കുമെന്നു ദൈവജ്ഞൻ ഗ്രഹിക്കേണം. വായു ഇടത്തും സ്ത്രീ രോഗിണിയായിയുമിരിക്കും സമയത്തിങ്കൽ പ്രഷ്ടാവ ഇടത്തുപുറത്തുനിന്നു ചോദിച്ചു എങ്കിൽ അപ്പോൾ രോഗിണിയായതു സ്ത്രീ അനന്തരം രോഗത്തോടു കൂടാത്തവളായിട്ടു വളരെക്കാലം ജീവിക്കുമെന്നും ഗ്രഹിക്കേണം- മേൽപറഞ്ഞ രണ്ടു അവസ്ഥകൾക്കും നീക്കമില്ല-

൫൦. ദൈവെഗതെപൃച്ഛതിവാമഭാഗംസ്ഥിതെനരെദക്ഷിണതൊയദിസ്യാൽ । വ്യത്യാസതൊസ്മാദപികൃച്ഛ്രസാദ്ധ്യംവദന്തി സന്തഃഖലുരൊഗജാതം ।।

അന്വയാൎത്ഥം —— ദൈവൻ വാമഭാഗത്തെ ഗതനായിരിക്കും വിഷയത്തിങ്കൽ ദക്ഷിണത്തിങ്കൽ സ്ഥിതനായിരിക്കുന്ന നരൻ പൃച്ഛിക്കുന്നു എങ്കിൽ ഇതുഹേതുവായിട്ടും ഇതിങ്കൽ നിന്നുള്ള വ്യത്യാസം ഹേതുവായിട്ടും രോഗജാതം കൃച്ഛ്രസാദ്ധ്യമായി ഭവിക്കുമെന്ന സത്തുകൾ വദിക്കുന്നു-

സാരം—— വായു ഇടത്തെമൂക്കിൽ സഞ്ചരിക്കുമ്പോൾ പ്രഷ്ടാവു വലത്തുഭാഗത്തിങ്കലായിരുന്നാലും വായു വലത്തെമൂക്കിൽ സഞ്ചരിക്കുമ്പോൾ പ്രഷ്ടാവ ഇടത്തെ ഭാഗത്തിങ്കലായിരുന്നാലും രോഗങ്ങൾ ഒക്കെയും കൃച്ഛ്രസാദ്ധ്യങ്ങളായി ഭവിക്കുമെന്ന രോഗപ്രശ്നത്തിങ്കൽ ദൈവജ്ഞൻ അറിയേണം- പ്രഷ്ടാവിന്നും വായുവിന്നും ഭാഗൈക്യമുണ്ടായാൽ രോഗങ്ങളൊക്കെയും സുഖ

സാധ്യങ്ങളായി ഭവിക്കുമെന്നത ഇതുകൊണ്ടുതന്നെ ഊഹിക്കപ്പെടുവാൻ കഴിയുന്നതാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

൫൧. അന്തസ്ഥിതെപൃച്ഛതിപൃച്ഛകശ്ചെദ്ദൈവെനരൊജീവതിവീതരൊഗഃ । തെനൈവമാൎഗ്ഗെബഹിസ്ഥിതെചെൽപരെതരാജസ്യ പുരീംപ്രയാതി ॥

അന്വയാൎത്ഥം— ദൈവൻ അന്തസ്ഥനായിരിക്കും വിഷയത്തിങ്കൽ പൃഛകൻ പൃഛിക്കുന്നു എങ്കിൽ രോഗിയായിരിക്കുന്ന നരൻ വീതരോഗനായിട്ട ജീവിക്കുന്നു. ആ മാൎഗ്ഗത്തൂടെ തന്നെ ദൈവൻ ബഹിസ്ഥനായിരിക്കും വിഷയത്തിങ്കൽ പൃച്ഛിക്കുന്നു എങ്കിൽ പരെതരാജന്റെ പുരിയെ പ്രയാണം ചെയ്യുന്നു.

സാരം— വായു അകത്തെക്കുപൊയ സമയത്തിങ്കൽ പ്രഷ്ടാവു രോഗത്തെക്കുറിച്ചു ചൊദിച്ചു എങ്കിൽ രോഗി രോഗത്തിങ്കൽനിന്നു വെർപെട്ടവനായിട്ട ജീവിക്കുമെന്നും യാതൊരു മാൎഗ്ഗത്തൂടെ അകത്തുള്ളപൊയൊ ആ മാൎഗ്ഗത്തൂടെ തന്നെ വായു പുറത്തുള്ള പൊയ സമയത്തിങ്കൽ ചൊദിച്ചാൽ രോഗിമരിക്കുമെന്നും ജ്യൊതിഷികൻ അറിയെണം.

൫൨. യത്രാകൃതൗസ്ഥിതഃപൃഷ്ടാപുനസ്തത്സമാരുതെ । സ്ഥിരസ്ഥിതിചെദ്രൊഗിജീവത്യെവനസംശയഃ ॥

അന്വയാൎത്ഥം— ഉത്തൻവല്ലൊരെടത്ത സ്ഥിതനായിട്ട പൃഛിച്ചിട്ട പിന്നെ സമാരുതമായിരിക്കുന്ന ഭാഗത്തിങ്കൽ സ്ഥിരനായിട്ട സ്ഥിതി ചെയ്യുന്നു എങ്കിൽ രോഗി ജീവിക്കുന്നു തന്നെ സംശയം ഭവിക്കുന്നില്ല.

സാരം— ഉത്തൻവല്ലൊരെടത്തുനിന്നു ചൊദിച്ചിട്ട പിന്നെ വായുവൊടു കൂടിയഭാഗത്തിങ്കൽ ചെന്നു സ്ഥൈൎയ്യത്തൊടു കൂടെ നിന്നു എങ്കിൽ രോഗിജീവിക്കും സംശയമില്ല എന്നു ദൈവജ്ഞൻ ധരിക്കെണം.

൫൩. വാമെവാദക്ഷിണെഭാഗെപ്രശ്നശ്ചെദ്വായുസംയുതെ । ജീവെന്നരശ്ചനാരീചതഥാനുഷ്ഠാനപദ്ധതിഃ ॥

അന്വയാൎത്ഥം— വാമമായിട്ടൊ ദക്ഷിണമായിട്ടൊ ഇരിക്കുന്നതായ വായു സംയുതമായ ഭാഗത്തിങ്കൽ പ്രശ്നം ഭവിച്ചു എങ്കിൽ നരൻ ജീവിക്കും നാരിയും ജീവിക്കും അപ്രകാരം അനുഷ്ഠാനപദ്ധതി ഭവിക്കുന്നു.

സാരം — ഇടത്തുഭാഗമൊ വലത്തുഭാഗമൊ എതെങ്കിലും ഒന്നുവായുവിനൊടു കൂടിയതായിരിക്കുമ്പൊൾ അവിടെ നിന്നിട്ട രോഗ പ്രശ്നത്തെ ചെയ്താൽ രോഗിയായ പുരുഷനും രോഗി

ണീയായ സ്ത്രീയും ജീവിക്കുമെന്നു അനുഷ്ഠാന പദ്ധതി എന്ന ഗ്രന്ഥത്തിൽ സ്പഷ്ടമാകുന്നു.

൫൭. അഗ്രേവാമേപിചയഛ്പരിഃസ്ഥായിനാപൃച്ഛ്യമാനംശുക്ലേപക്ഷേതദിഹസകലംലഭ്യതെചന്ദ്രചാരാൽ । പൃഷ്ഠേധസ്താന്നിയതമസിതെദക്ഷിണെ സൂൎയ്യചാരാദാത്മാവസ്ഥാസദൃശമഖിലംപൃച്ഛകസ്യാപിവാച്യം ॥

അന്വയാൎത്ഥം—— അഗ്രത്തിങ്കലും വാമഭാഗത്തിങ്കലും മുകളിലും സ്ഥായിയായിരിക്കുന്നവനാൽ പൃച്ഛ്യമാനമായിരിക്കുന്നതു യാതൊന്നൊ അതുസകലമായിട്ടുശുക്ലമായിരിക്കുന്ന പക്ഷത്തിങ്കൽ ചന്ദ്രചാരം ഹേതുവായിട്ടു നിയതമാകുംവണ്ണം ലഭിക്കപ്പെടുന്നു- പൃഷ്ഠത്തിംകലും താഴത്തും ദക്ഷിണത്തിംകലും സ്ഥായിയായിരിക്കുന്നവനാൽപൃച്ഛ്യമാനമായിരിക്കുന്നതു യാതൊന്നൊ അതുസകലമായിട്ടു അസിതമായിരിക്കുന്ന പക്ഷത്തിങ്കൽ സൂൎയ്യചാരം ഹേതുവായിട്ടു നിയതമാകുംവണ്ണം ലഭിക്കപ്പെടും. ആത്മാവസ്ഥാ സദൃശമായിട്ടു അഖിലം പൃച്ഛകന്നും വാച്യമായി ഭവിക്കുന്നു-

സാരം—— മുമ്പിലും ഇടത്തുപുറത്തും മുകളിലും നിന്നു ചൊദിക്കപ്പെട്ടത ആസമയം വാമനാഡിയിൽ വായു സഞ്ചാരം ഉണ്ടായിരുന്നു എങ്കിൽ സകലമായിട്ടു ലഭിക്കപ്പെടും പിന്നിലും വലത്തുപുറത്തും താഴത്തും നിന്നു ചൊദിക്കപ്പെട്ടത ആസമയം ദക്ഷിണനാഡിയിൽ വായു സഞ്ചാരമുണ്ടായിരുന്നു എങ്കിൽ സകലമായിട്ടുലഭിക്കപ്പെടും രണ്ടിന്നും നീക്കമില്ലെന്നറിക- തന്റെ അവസ്ഥക്കു സദൃശമായിട്ടു പ്രഷ്ടാവിന്റെ സകലത്തെയും പറയാം-

൫൮. സ്നാനഭോജനനിദ്രാദിനിജകൎമ്മസുയാദൃശഃ । ആത്മനൊനുഭവസ്സ്യൈഷുതാദൃശഃപ്രഷ്ടുരുച്യതാം ॥

അന്വയാൎത്ഥം—— സ്നാനഭോജനനിദ്രാദിനിജകൎമ്മങ്ങളിൽആത്മാവിന്റെ അനുഭവം യാദൃശമായി ഭവിക്കുന്നുവൊ താദൃശമായിരിക്കുന്ന അനുഭവം അതുകളിൽ പ്രഷ്ടാവിന്നുവചിക്കപ്പെടെണം-

സാരം —— കുളി, ഭക്ഷണം, ഉറക്കം ഇത്യാദികളായിരിക്കുന്ന കൎമ്മങ്ങളിൽ ജ്യൌതിഷികന്റെ അനുഭവം യാതൊരു പ്രകാരമുള്ളതൊ അപ്രകാരമുള്ള അനുഭവത്തെ സ്നാനാദികൎമ്മങ്ങളിൽപ്രഷ്ടാവിന്നു പറഞ്ഞുകൊടുക്ക-

൫൯. ശാസ്ത്രാന്തരമപീഹാസ്മിന്നുക്തമെവവിധൈശായാദൃശീ

താഢ്രീവാച്യാമശാവ്യാധിമതാമിതി ॥

സാരം—ഇവിടെപ്രഷ്ടാവിന്റെയും ദൈവജ്ഞന്റെയും അ
വസ്ഥയാതൊരു പ്രകാരമൊ അപ്രകാരം ഇരിക്കുന്ന അവസ്ഥ
രോഗികൾക്കു ഭവിക്കുന്നു എന്നു പറയെണമെന്നുംശാസ്ത്രമുണ്ടു.

൫൬. ഗൎഭിണീമശ്നെവായുൎദക്ഷിണെചെൽപുമാൻവധൂഃ ।
ഗൎഭസ്ഥാവാമഭാഗെചെദപയൊന്യൊചെദസൽപ്രജാ ॥

അന്വയാൎത്ഥം—ഗൎഭിണീമശ്നത്തിങ്കൽ വായുദക്ഷിണ
ത്തിങ്കൽ ആകുന്നു എങ്കിൽ പുമാൻ ഗൎഭസ്ഥനാകുന്നു എന്നു വാ
ച്യനായി ഭവിക്കുന്നു. വാമഭാഗത്തിങ്കലാകുന്നു എങ്കിൽ വധൂ
ഗൎഭസ്ഥയാകുന്നു എന്ന വാച്യയായി ഭവിക്കുന്നു. രണ്ടുകളിലും
ഇല്ലാഎങ്കിൽ ഗൎഭിണീ അസൽ പ്രജയാകുന്നു എന്ന വാച്യ
യായി ഭവിക്കുന്നു.

സാരം—ഗൎഭിണിയെ കാണുന്ന സമയം വായുവിനെ പരീ
ക്ഷിക്കെണം. വായുസഞ്ചാരം വലത്തായിരുന്നാൽ ഗൎഭത്തിങ്കലുള്ള
പ്രജാപുരുഷനാകുന്നു എന്നും വായുസഞ്ചാരം ഇടത്തായിരുന്നാ
ൽ സ്ത്രീ പ്രജയാകുന്നു എന്നും വായു സഞ്ചാരം ഇടത്തും വലത്തു
മല്ലാതെ സുഷുമ്നയിൽ ആയിരുന്നാൽ പ്രജക്ക പ്രാണനില്ലെ
ന്നും ജ്യൌതിഷികൻ ധരിക്കെണം.

൫൭. ഗൎഭെമെകിമിതിപ്രശ്നെസവായൌഗൎഭിണീയദി । പുമാ
ൻസ്ത്രീവിരണെഭാഗെയുഗ്മംവായുദ്വയൊൎദ്വിഃ ॥

അന്വയാൎത്ഥം—ഗൎഭിണി എന്റെ ഗൎഭത്തിങ്കൽ എന്താകുന്നു
എന്നുള്ള പ്രശ്നത്തിങ്കൽ സവായുവായിരിക്കുന്ന ഭാഗത്തിങ്കലാ
കുന്നു എംകിൽ പുമാൻ വാച്യനായി ഭവിക്കുന്നു. വിരണമാ
യിരിക്കുന്ന ഭാഗത്തിങ്കലാകുന്നു എംകിൽ സ്ത്രീവാച്യയായി ഭ
വിക്കുന്നു. വായുരണ്ടുകളിലും ഭവിക്കുന്നു എംകിൽ യുഗ്മം വാച്യ
മായി ഭവിക്കുന്നു.

സാരം—ഗൎഭപ്രശ്നത്തിങ്കൽ ഗൎഭിണി വായു ഉള്ള ഭാഗത്തി
ങ്കൽ നിന്നാൽ പുരുഷപ്രജാ എന്നും വായു ഇല്ലാത്തഭാഗത്തിങ്ക
ൽനിന്നാൽ സ്ത്രീപ്രജാ എന്നും ഇരുഭാഗങ്ങളിലും വായു ഉണ്ടാ
യിരുന്നാൽ ഒന്നുപുരുഷനും മറെറത സ്ത്രീയും ഇങ്ങിനെ ഉള്ളമി
ഥുനമെന്നും പറയെണം.

൫൮. വായൊരാകാശസഞ്ചാരൊഗൎഭിസ്യസൂചകഃ । പൃഷ്ടപാ
സവായാവന്യത്രസ്ഥിതൌചാസൽപ്രജാംവദെൽ ॥

അന്വയാൎത്ഥം—വായുവിന്റെ ആകാശസഞ്ചാരം ഗൎഭ
ത്തിന്റെ സൂചകമായി ഭവിക്കുന്നു. സവായുവായിരിക്കുന്ന

ഭാഗത്തിങ്കൽ പൃച്ഛിച്ചിട്ട അന്യഭാഗത്തിങ്കൽ സ്ഥിതി സതീയാ
യിരിക്കും വിഷയത്തിങ്കൽ അസൽ പ്രജയെ വരിക്കുകയും വെ
ണം.

സാരം—വായുവിന്റെ ആകാശസംചാരം ശബ്ദസ്രാവത്തെ
അറിയിക്കുന്നതാകയാൽ വായുവിന്റെ ദൈൎഘ്യപരീക്ഷയിൽ
വായു ആകാശരൂപനാകുന്നു എന്ന തോന്നിയാൽ ശബ്ദം സ്രവി
ച്ചുപോകുമെന്ന പറയെണം വായു സഞ്ചാരത്തോടുകൂടിയഭാഗ
ത്തിങ്കൽ നിന്ന ചോദിച്ചിട്ട പിന്നെ വായു സഞ്ചാരമില്ലാത്തെ
ടത്തൊട്ടുനീങ്ങി നിന്നാൽ പ്രജക്കു ജീവനില്ലെന്ന പറകയും വെ
ണം.

൩൦ നിൎഗ്ഗത്യശശിനാഗേഹാൽ നിൎഗ്ഗത്യപ്രാപ്യംപ്രാപ്നുസ്യഭാ
നുനാ । കാൎയ്യസ്യഭ്രഷ്ടസ്യാപിലാഭസ്സ്യാദപ്രയത്നതഃ॥

അന്വയാൎത്ഥം—ശശികൊണ്ട ഗേഹത്തിങ്കൽ നിന്ന നിൎഗ്ഗ
മിച്ചിട്ട ഭാനുവിനെക്കൊണ്ട പ്രാപ്യത്തെ പ്രാപ്നുനായിരിക്കുന്ന
വന്ന ഭ്രഷ്ടമായിരുന്നു എങ്കിലും കാൎയ്യത്തിന്റെ ലാഭം പ്രയത്ന
ത്തൊടുകൂടാതെ ഭവിക്കും.

സാരം — ഇടത്തുപുറത്തു വായു സഞ്ചാരമുള്ളപ്പോൾ പുറപ്പെ
ടുകയും വലത്തു പുറത്ത വായു സഞ്ചരിക്കുമ്പോൾ എത്തെണ്ട
സ്ഥലത്ത എത്തുകയും ചെയ്താൽ ഇഷ്ടമായിരിക്കുന്ന കാൎയ്യം
സാധിപ്പാൻ പ്രയത്നമുള്ളതായിരുന്നാലും അതുപ്രയത്നം കൂടാതെ
സാധിക്കും.

൩൧. രിപൊരാഗമനപ്രശ്നേവാമഗെമാതരിശ്വനി । നാഗ
മൊനുക്തസിദ്ധ്യൈവതദാഗതിരതൊന്യഥാ॥

അന്വയാൎത്ഥം— രിപുവിന്റെ ആഗമനപ്രശ്നത്തിങ്കൽ മാ
തരിശ്വാവ വാമഗനായിരിക്കും വിഷയത്തിങ്കൽ ആഗമം വാ
ച്യമായി ഭവിക്കുന്നില്ല- ഇതിങ്കൽനിന്ന അന്യപ്രകാരമായാൽ
ആഗതി അനുക്തസിദ്ധയായിട്ട തന്നെ ഭവിക്കുന്നു.

സാ—ശത്രുക്കൾതന്റെ നെരെ വരുവാൻ അടുത്തുവൊ
ഇല്ലയൊ എന്ന സംശയിച്ചിട്ട ഒരുത്തൻ ചൊദിച്ചാൽ ആസമ
യം ദൈവജ്ഞന്റെ ശ്വാസവായു ഇടത്തായിരുന്നാൽ ഇപ്പൊ
ൾ ശത്രുക്കൾ വരികയില്ലെന്നും വലത്തായിരുന്നാൽ വരുമെന്നും
പറയെണം-

൩൨. അംകയുദ്ധെമമൈതസ്മിൻജയൊവാകിംപരാജയഃ। പ്ര
ശ്നെയംപൂൎണ്ണഭാഗെചെൽജയൊന്യത്രപരാജയഃ॥

അന്വയാൎത്ഥം—അംകയുദ്ധത്തിങ്കൽ ഇനിക്ക ഇതിങ്കൽ ജ

യം ഭവിക്കുമൊ പരാജയം ഭവിക്കുമൊ എന്നുള്ള ഈ പ്രശ്നം പൂണ്ണഭാഗത്തിങ്കൽ ആകുന്നു എങ്കിൽ ജയം വാച്യമായി ഭവിക്കുന്നു. പൂണ്ണഭാഗത്തിങ്കൽ അല്ല എങ്കിൽ പരാജയം വാച്യമായിഭവിക്കുന്നു.

സാരം — അംകയുദ്ധത്തിങ്കൽ ഒരുത്തൻ ദൈവജ്ഞനൊടുതൊൻ ഈ യുദ്ധത്തിങ്കൽ ജയിക്കുമൊ തൊൽക്കുമൊ എന്നിപ്രകാരം ചൊദിച്ചാൽ ആ ചൊദ്യം ഇടത്തെ മൂക്കിൽ വായുസഞ്ചരിക്കുന്നസമയം ഇടത്തുപുറത്തു നിന്നിട്ടു ചൈകപ്പെട്ടതായാലും വലത്തെമൂക്കിൽ വായുസഞ്ചാരം ഉള്ളപ്പൊൾ വലത്തുപുറത്തുനിന്നിട്ടുചൈകപ്പെട്ടതായാലും ജയം ഭവിക്കുമെന്നു പറയെണം വായുസഞ്ചാരത്തൊടുകൂടാത്തതായ ഭാഗത്തിങ്കൽ നിന്ന ചൈകപ്പെട്ടതായിരുന്നാൽ തൊല്ക്കുമെന്നുപറയെണം.

ന്നം. സന്നാഹന്നിർഗ്ഗമനംഖല്ലൂരികാരൊഹണഞ്ചശുഭമിഡയാ । പിംഗലയാപുനരിതരംപ്രഹരതിയദിവാമഗംജയൊനിയതഃ॥

അന്വയാർത്ഥം — സന്നാഹനവും നിർഗ്ഗമനവും ഖല്ലൂരികാരൊഹണവും ഇഡകൊണ്ടു ശുഭമാകുന്നു. പിംഗലകൊണ്ടാകട്ടെ വാമഗനായിരിക്കുന്ന ഇതരനെ പ്രഹരിക്കുന്നു എങ്കിൽ ജയംനിയതമായി ഭവിക്കുന്നു.

സാരം —— ഉടുത്തുകെട്ടുകയും പുറപ്പെടുകയും കളരിയിൽ കെറുകയും ഇടത്തുപുറത്തു വായു സഞ്ചരിക്കയും ചെയ്തിട്ടുപിന്നെ വായുസഞ്ചാരം വലത്താകുംപൊൾ മറ്റവനെ ഇടത്തുനിറുത്തി അടിക്കുക എന്നാൽ മെൽപ്രകാരം അടിച്ചതുയാവനൊരുത്തനൊ അവൻ മറ്റവനെ ജയിക്കും ഇതിന്ന നീക്കമില്ല.

ന്നം. ഇഡയാപ്യാരൂഢവതഃഖല്ലൂരികാമെനമൈവപുനരപിചെൽ । ചരതിമരുന്നെവജയഃപ്രാഗെപാദക്സ്ഥിയതാംതമാതസ്യാം॥

അന്വയാർത്ഥം — ഇഡകൊണ്ടു ഖല്ലൂരികയെ ആരൂഢവാനായിരിക്കുന്നവനും പിന്നെയും മരുത്ത ഇതൂടെ തന്നെ ചരിക്കുന്നു എങ്കിൽ ജയംഭവിക്കുന്നില്ല തന്നെ. അപ്പൊൾ അതിങ്കൽ കിഴക്കെ ഭാഗത്തിങ്കലൊ വടക്കെഭാഗത്തിങ്കലൊ സ്ഥിതിചെയ്തു എന്നുള്ളതുണ്ടാകെണം.

സാരം —— വാമനാഡിയിൽ വായുസഞ്ചരിക്കുംപൊൾ കളരിയിൽ പ്രവെശിച്ചവനായാലും പിന്നെയും വാമനാഡിയിൽതന്നെ വായുസഞ്ചരിക്കുന്നു എങ്കിൽ അവന്ന ജയം ഭവിക്കില്ല.

അതുകൊണ്ടു അപ്രകാരമായാൽ അവിടെ കിഴക്കുഭാഗത്തിങ്കലൊ വടക്കുഭാഗത്തിങ്കലൊ നില്ക്കണം എന്നാൽ ജയിക്കുമെന്നറിക.

(വാ) ഏതച്ഛ്വാസാവസ്ഥാവിഷയം-

അന്വയാൎത്ഥം — ഇതശ്വാസാവസ്ഥാവിഷയമായി ഭവിക്കുന്നു.

സാരം — കാൎയ്യം ശ്വാസപരീക്ഷണമെന്ന തുടങ്ങി പ്രാശ്വാസക്സ്ഥീയതാംതസ്യാം-എന്നതുവരെ ഉള്ളതിന്റെ വിഷയം ശ്വാസവും അവസ്ഥയുമാകുന്നു. ഇനി സ്പൎശംകൊണ്ടറിയേണ്ടതിനെ പറയുന്നു-

൩൭. പ്രഷ്ടാവക്ഷോദെശംസ്പൃശെദ്യദിക്ഷിപ്രമീപ്സിതംലഭതെ। മംഗലവസ്തൂനി ച തഥാവിപരീതംഫലമമംഗലസ്പൎശെ॥

അന്വയാൎത്ഥം — പ്രഷ്ടാവുവക്ഷോദെശത്തിങ്കലൊ മംഗലവസ്തുവിങ്കലൊ സ്പൎശിക്കുമെങ്കിൽ പൊട്ടന്നനവെ ഈപ്സിതത്തെ ലഭിക്കുന്നു. അമംഗലസ്പൎശത്തിങ്കൽ ഫലം വിപരീതമായി ഭവിക്കുന്നു.

സാരം — പൃച്ഛകനായിരിക്കുന്നവൻ തന്റെ മാറിടത്തെയൊ മംഗലവസ്തുവിനെയൊ തൊട്ടുചൊദിച്ചാൽ പൊട്ടന്നനവെ ഇഷ്ടലാഭം ഭവിക്കും. അമംഗലപദാൎത്ഥത്തെ തൊട്ടുചൊദിച്ചാൽ ഫലം വിപരീതമാകുന്നു.

൩൮. സംസ്പൃശന്നാഭിനാസാസ്യകെശരൊമനഖദ്വിജാൻ।
ഗുഹ്യപൃഷ്ഠസ്തനഗ്രീവാജഠരാനാമികാംഗുലീഃ॥

൩൯. രന്ധ്രാണ്യാമപിനവകംകരചരണതലഞ്ചസൎവ്വപൎവ്വാണി।
പ്രഷ്ടാലഭതെനിഷ്ടംനിമ്നസ്പൎശെതഥൈവവിജ്ഞെയം॥

അന്വയാൎത്ഥം — നാഭിനാസാസ്യകെശരൊമനഖദ്വിജങ്ങളെയും ഗുഹ്യപൃഷ്ഠസ്തനഗ്രീവാജഠരാനാമികാംഗുലികളെയും രന്ധ്രങ്ങളുടെ നവകത്തെയും കരചരണതലത്തെയും സൎവ്വപൎവ്വങ്ങളെയും സംസ്പൃശന്നായിരിക്കുന്ന പ്രഷ്ടാവ അനിഷ്ടത്തെ ലഭിക്കുന്നു. നിമ്നസ്പൎശത്തിങ്കലെ ഫലം അപ്രകാരം തന്നെ വിജ്ഞെയമായി ഭവിക്കുന്നു.

സാരം — പൊക്കിൾ, മൂക്ക, മുഖം, തലയിലെരൊമം, മെലുള്ള രൊമം, നഖം, പല്ല, ഗുഹ്യപ്രദെശം, പുറം, മുല, കഴുത്ത, വയറ, മൊതിരവിരൽ, ദ്വാരങ്ങൾ ഒമ്പത, കയ്യിന്റെ അടി, കാലിന്റെ അടി, സൎവ്വങ്ങളായിരിക്കുന്ന സന്ധികൾ ഇതുകളിൽ എതിനെ എങ്കിലും പൃച്ഛകൻ സ്പൎശിച്ചാൽ അശുഭത്തെ ലഭിക്കും. താ

ഷ്ട്യുള്ളപ്രദേശത്തിങ്കൽ തൊട്ടാലുംഫലം മേൽപ്രകാരമാകുന്നു ॥

൩൭ പ്രാഗാദിദിക്ഷുമൂർദ്ധാദിഷ്വഷ്ടാംശേഷ്വഷ്ടസുചസ്ഥിതാഃ ।
ധ്വജാദ്യാസ്തത്സ്പർശഫലംമയാത്രകഥ്യതേ ॥

അന്വയാർത്ഥം —— പ്രാഗാദിദിക്കുകളിലും മൂർദ്ധാദികളായിരിക്കുന്ന എട്ടു അംശങ്ങളിലും ധ്വജാദ്യങ്ങൾ സ്ഥിതങ്ങളായി ഭവിക്കുന്നു. തൽസ്ഥ തൽസ്പർശഫലവും ഇവിടെ കഥിക്കപ്പെടുന്നു.

സാരം —— കിഴക്കുമുതലായ എട്ടുദിക്കുകളിലും മൂർദ്ധാവുതുടങ്ങി ഉള്ള എട്ടു അംശങ്ങളിലും ധ്വജാദികൾ സ്ഥിതിചെയ്യുന്നതുകളാകുന്നു. ധ്വജാദികളിൽനിന്നു പൃഥക്കൻധ്വജാദികളെ സ്പർശിച്ചാൽ പറകപ്പെട്ടുവാൻ യോഗ്യമായ ഫലത്തെയും ഇവിടെ പറയുന്നു.

൩൮. ധ്വജോധൂമശ്ചസിംഹശ്ചസാരമേയോവൃഷഃഖരഃ । ദ
ന്തീകാകഃക്രമാദേതേദിശാസ്വൈന്ദ്ര്യാദിഷുസ്ഥിതാഃ ॥

൩൯. മൂർദ്ധ്നിധ്വജോഘ്രാണപുടേധൂമശ്ചാസ്യേഹരിശ്ശ്രോത്ര
പുടേശ്വസംജ്ഞിതഃ । കണ്ഠേവൃഷഃപാണിയുഗേഖരശ്ചഗജശ്ചഹൃ
ദ്യംഘ്രിയുഗേചകാകഃ ॥

൪൦ ധ്വജസിംഹവൃഷേഭാനാംസ്പർശനേനഫലംക്രമാൽ । ധ
നഗോയാനഭക്ഷ്യാണാംലാഭഃപ്രോദീരിതിക്ഷുതഃ ।

അന്വയാർത്ഥം —— ധ്വജവും ധൂമവും സിംഹവും സാരമേയവും വൃഷവും ഖരവും ദന്തിയും കാകനുമാകുന്ന ഇതുകൾ ക്രമേണ ഐന്ദ്ര്യാദികളായിരിക്കുന്ന ദിശികളിൽ സ്ഥിതങ്ങളായി ഭവിക്കുന്നു. ധ്വജം മൂർദ്ധാവിങ്കലും ധൂമം ഘ്രാണപുടത്തിങ്കലും ഹരി ആസ്യത്തിങ്കലും സംജ്ഞകൻ ശ്രോത്രപുടത്തിങ്കലും വൃഷം കണ്ഠത്തിങ്കലും ഖരം പാണിയുഗത്തിങ്കലും ഗജം ഹൃത്തിങ്കലും കാകൻ അംഘ്രിയുഗത്തിങ്കലും സ്ഥിതമായി ഭവിക്കുന്നു. പ്രാഗ്ദിക്കിങ്കൽ തിരുന്നായിരിക്കുന്ന ധ്വജസിംഹ വൃഷേഭങ്ങളുടെ സ്പർശനം ഹേതുവായിട്ടു ക്രമേണ ധനഗോയാന ഭക്ഷ്യകളുടെ ലാഭമാകുന്നു ഫലം വാച്യമായി ഭവിക്കുന്നു.

സാരം —— ധ്വജം, ധൂമം, സിംഹം, ശ്വാവ്, വൃഷം, ഖരം, ഗജം, കാകൻ ഇങ്ങിനെ എട്ടു വസ്തുക്കൾ കിഴക്കും അഗ്നികോണിലും തെക്കും നിരൃതികോണിലും പടിഞ്ഞാറും വായുകോണിലും വടക്കും ഈശാനകോണിലും സ്ഥിതിചെയ്യുന്നു. ഇതുകൊണ്ടു മേൽപറകപ്പെട്ടതിനെ വ്യക്തമാക്കി എന്നു അറിയേണ്ടതാകുന്നു. ധ്വജമെന്നതു ശിരസ്സിങ്കലും ധൂമം മൂക്കിന്റെ സുഷിരത്തിങ്കലും

സിംഹം മുഖത്തിങ്കലും ശഫാവു ചെവിയുടെ സുഷിരത്തിങ്കലും വൃഷം കഴുത്തിലും ഖരം കൈകളിലും ഗജം ഹൃദയത്തിങ്കലും കാകൻ കാലുകളിലുമിരിക്കുന്നു. ഇതുകൊണ്ടു ധ്വജാദികളുടെ മൂൎദ്ധാവു മുതലായ അംഗങ്ങളിൽ മുൻ പറകപ്പെട്ടതായ സ്ഥിതിയെവിവരിച്ചു എന്നു ഗ്രഹിച്ചു കൊൾക- ഇനി ഇതുകൊണ്ടറിയേണ്ടതായ ഫലത്തെ പറയുന്നു

കിഴക്കെ ദിക്കിൽനിന്നു ചോദിക്കുകയും ചോദിക്കുന്ന സമയം ശിരസ്സിനെയൊ മുഖത്തെയൊ കണ്ഠത്തെയൊ ഹൃദയത്തെയൊ സ്പൎശിക്കുകയും ചെയ്താൽ ധനലാഭവും പശുലാഭവും വാഹനലാഭവും ആഭരണലാഭവും ക്രമെണ ഫലമാകുന്നു-

൧൨. രിപുനാശേന്ദിരാപുത്രസുഹൃല്ലാഭാഃ ഫലം ക്രമാൽ । സിംഹൊക്ഷഗജകെതൂനാം സിംഹസ്ഥസ്യാഭിമൎശനെ ॥

അന്വയാൎത്ഥം—— സിംഹസ്ഥന്റെ സിംഹൊക്ഷഗജകെതുക്കളുടെ അഭിമൎശനത്തിങ്കൽ ക്രമെണ രിപുനാശേന്ദിരാപുത്രസുഹൃല്ലാഭങ്ങളാകുന്ന ഫലം വാച്യമാകുന്നു-

സാരം—— പ്രഷ്ടാവു തെക്കെദിക്കിൽ നിന്നു ചോദിക്കുകയും ആസമയം മുഖത്തെയൊ കണ്ഠത്തെയൊ ഹൃദയത്തെയൊ ശിരസ്സിനെയൊ സ്പൎശിക്കുകയും ചെയ്താൽ ക്രമെണ ശത്രുനാശവും ധനലാഭവും പുത്രലാഭവും ബന്ധുലാഭവും ഫലമാകുന്നു-

൧൩. വൃഷെഭധ്വജസിംഹാനാം വൃഷസ്ഥസ്യാഭിമൎശനെ । വൃഷവാഹനഭാൎയ്യാപ്തിൎമ്മിത്രപ്തിശ്ചഭവെൽക്രമാൽ ॥

അന്വയാൎത്ഥം—— വൃഷസ്ഥന്റെ വൃഷെഭധ്വജസിംഹങ്ങളുടെ അഭിമൎശനത്തിങ്കൽ ക്രമെണ [illegible]വാഹന ഭാൎയ്യാപ്തിയും മിത്രാപ്തിയും വാച്യയായി ഭവിക്കും-

സാരം—— പടിഞ്ഞാറെ ദിക്കിൽനിന്നു ചോദിക്കുകയും ആസമയം കണ്ഠത്തെയൊ മുഖത്തെയൊ ശിരസ്സിനെയൊ ഹൃദയത്തെയൊ സ്പൎശിക്കുകയും ചെയ്താൽ കാൎയ്യുടെ ലാഭവും വാഹനലാഭവും ഭാൎയ്യാലാഭവും ബന്ധുലാഭവുമാകുന്ന ഫലത്തെ ക്രമെണ പറയെണം-

൧൪. ദന്തിധ്വജമൃഗെന്ദ്രൊക്ഷനാംഗജസ്ഥസ്യാഭിമൎശനെ । ഗജഭൃഷ്ഠാസുഹൃൽപുത്രലാഭഃപ്രഷ്ടുഃക്രമാത്ഭവെൽ ॥

അന്വയാൎത്ഥം—— ഗജസ്ഥനായിരിക്കുന്ന പ്രഷ്ടാവിന്റെ ദന്തിധ്വജമൃഗെന്ദ്രൊക്ഷാക്കളുടെ അഭിമൎശനത്തിങ്കൽക്രമെണ ഗജഭൃഷ്ഠാസുഹൃൽ പുത്രലാഭം വാച്യമായി ഭവിക്കും-

സാരം—— പ്രഷ്ടാവു വടക്കെ ദിക്കിൽനിന്നു ചോദിക്കുകയും

ആസമയം ഹൃദയത്തെയോ ശിരസ്സിനെയോ മുഖത്തെയോ കണ്ഠത്തെയോ സ്പൎശിക്കുകയും ചെയ്താൽ ഗജലാഭവും ആഭരണലാഭവും ബന്ധുലാഭവും പുത്രലാഭവും ആകുന്ന ഫലത്തെ ക്രമെണ പറയെണം.

൧൫· ധൂമസ്ഥിതസ്യധൂമാദികൊണസംസ്ഥാദിമൎശനെ । മൃത്യുഃക്ലെശഃപ്രതാപായൊഭൎത്തൃവ്യാപൽക്രമാൽഭവെൽ ।

അന്വയാൎത്ഥം—ധൂമസ്ഥിതന്റെധൂമാദികൊണസംസ്ഥാദിമൎശനത്തിങ്കൽ മൃത്യുവും ക്ലെശവും പ്രതാപായവും ഭൎത്തൃവ്യാപത്തും ക്രമെണ വാച്യമായി ഭവിക്കും.

സാരം—പ്രഷ്ടാവ അഗ്നികൊണിൽ നിന്നു ചൊദിക്കുകയും അപ്പൊൾ മൂക്കു, ചെവി, കൈകൾ, കാലുകൾ ഇതുകളിൽ ഒന്നിനെ സ്പൎശിക്കുകയും ചെയ്താൽ മരണവും ക്ലെശവും പ്രതനാശവും കുടുംബനാശവുമാകുന്ന ഫലത്തെ ക്രമെണ പറയെണം.

൧൬· ശാന്ത്രസ്ഥസ്യതദാദീനാംചതുൎണ്ണാംസ്പൎശനെഭവെൽ । വ്യാധിരാത്മജനാശശ്ചനാനാവ്യാപൽസുഹൃന്മൃതിഃ ॥

അന്വയാൎത്ഥം—ശാന്ത്രസ്ഥനായിരിക്കുന്നവന്റെ തലാദികളായിരിക്കുന്ന നാലിന്റെ അഭിമൎശനത്തിങ്കൽ വ്യാധിയും ആത്മജനാശവും നാനാവ്യാപത്തും സുഹൃന്മൃതിയും ക്രമെണ ഭവിക്കും.

സാരം—പ്രഷ്ടാവു നിരൃതി കൊണിൽനിന്നു ചൊദിക്കുകയും അപ്പൊൾ ചെവി, കഴു, കാല, മൂക്കു ഇതുകളിൽ സ്പൎശിക്കുകയും ചെയ്താൽ രൊഗവും പുത്രനാശവും പലപ്രകാരമുള്ള ആപത്തും ബന്ധുമരണവും ക്രമെണ ഫലമാകുന്നു.

൧൭· ഖരസ്ഥിതസ്യതൽപൂൎവ്വചതുഷ്കസ്പൎശനെഫലം । വിവാദൊഗൊഹതിശ്ശസ്ത്രഭംഗൊഭാഗ്യാഗമഃക്രമാൽ ॥

അന്വയാൎത്ഥം—ഖരസ്ഥിതനായിരിക്കുന്നവന്റെ തൽപൂൎവ്വചതുഷ്കസ്പൎശനത്തിങ്കൽ വിവാദവും ഗൊഹതിയും ശസ്ത്രഭംഗവും ഭാഗ്യാഗമവുമാകുന്ന ഫലം ക്രമെണ വാച്യമായിഭവിക്കുന്നു.

സാരം—പ്രഷ്ടാവു വായുകൊണിൽ നിന്നു ചൊദിക്കുകയും അപ്പൊൾ കണ്ണു, കാല, മൂക്കു, ചെവി ഇതുകളിൽ ഒന്നിനെ സ്പൎശിക്കുകയും ചെയ്താൽ വിവാദവും പശുനാശവും ആയുധംകൊണ്ടു ശരീരത്തിൽ മുറിപറ്റുകയും ഭാൎയ്യക്കു രൊഗമുണ്ടാകയും ഫലമാകുന്നു.

൧൮· കാകസ്ഥസ്യചകാകാദികൊണസ്ഥസ്പൎശനെഭവെൽ ।

ബന്ധുനാശോവപുൎഭംഗോമൃതിൎന്നീചാൽസുതക്ഷയഃ ॥

അന്വയാൎത്ഥ —— കാകസ്ഥലന്റെ കാകാലി കോണസ്ഥസ്പൎശനത്തിങ്കൽ ബന്ധുനാശവും വപുൎഭംഗവും നീചങ്കൽനിന്നു മൃതിയും സുതക്ഷയവും ക്രമേണ വാച്യമായി ഭവിക്കും.

സാരം —— പ്രഷ്ടാവ ഈശാനകോണിൽനിന്നു ചോദിക്കുകയും അപ്പോൾ കാല, മൂക്കു, ചെവി, കണ്ണു ഇതുകളിൽ ഒന്നിനെ സ്പൎശിക്കുകയും ചെയ്താൽ ബന്ധുനാശവും ശരീരം ചതയുകയും നീചൻ നിമിത്തമായി മരണവും പുത്രനാശവും ഫലമാകുന്നു.

൬൦. ധൂമശൂലധരകാകസ്രഗ്ധ്വജസിംഹവൃഷേഭഗഃ । വിപരീതോപ്രവായായാദത്യന്തംനശുഭാശുഭം ॥

അന്വയാൎത്ഥം —— ധ്വജസിംഹവൃഷേഭഗനായി ധൂമശൂലധരകാകസ്രക്കായിരിക്കുന്നവനും വിപരീതനും അത്യന്തമായിരിക്കുന്ന ശുഭാശുഭത്തെ യാനം ചെയ്യില്ല.

സാരം —— കിഴക്കൊ തെക്കൊ പടിഞ്ഞാറൊ വടക്കൊനിന്നിട്ടു മൂക്കൊ, ചെവിയൊ, കയ്യൊ, കാലൊ തൊട്ടു ചോദിച്ചാലും അഗ്നി കോണിലൊ നിരൃതി കോണിലൊ വായു കോണിലൊ ഈശാന കോണിലൊ നിന്നിട്ടു ശിരസ്സിനെയൊ മുഖത്തെയൊ കണ്ഠത്തെയൊ ഹൃദയത്തെയൊ തൊട്ടു ചോദിച്ചാലും വലുതായ ശുഭത്തെയും വലുതായ അശുഭത്തെയും പ്രാപിക്കയില്ല.

(വാ) ഏതൽസ്പൎശനവിഷയം ॥

അന്വയാൎത്ഥം —— ഇതസ്പൎശന വിഷയമായി ഭവിക്കുന്നു.

സാരം —— പ്രഷ്ടാവക്ഷോണൌ എന്നു തുടങ്ങി ഇതുവരെ പറകപ്പെട്ടതു കൊണ്ടു ഗ്രഹിക്കേണ്ടതു ശുഭമായിട്ടും അശുഭമായിട്ടുമുള്ള സ്പൎശമാകയാൽ ഇത സ്പൎശവിഷയമാകുന്നു എന്നു ഗ്രഹിച്ചു കൊൾക.

൬൧. പൃച്ഛകാധിഷ്ഠിതംരാശിംവിജ്ഞായാനെനപൃഛതഃ । അനുഭൂതംഹിവക്തവ്യംകിമപിപ്രത്യയാപ്തയെ ॥

അന്വയാൎത്ഥം —— പൃഛകാധിഷ്ഠിതമായിരിക്കുന്ന രാശിയെ അറിഞ്ഞിട്ടു ഇതു കൊണ്ടു പൃച്ഛകന്റെ പ്രത്യയാപ്തിക്കായിക്കൊണ്ടു അനുഭൂതമായിട്ടു തന്നെ ഇരിക്കുന്ന ഒന്നു വക്തവ്യമായി ഭവിക്കുന്നു.

സാരം —— പ്രഷ്ടാവു യാതൊരു രാശിയിൽ നിന്നു ചോദിച്ചുവൊ ആ രാശിയെ നല്ലവണ്ണം പരീക്ഷിച്ചു അറിഞ്ഞിട്ടു അതുകൊണ്ടു അനുഭവിക്കപ്പെട്ടതായ ഒന്നിനെ പ്രഷ്ടാവിനു വി

ശാസത്തെ ജനിപ്പിപ്പാനായിക്കൊണ്ട പറയെണം.

(വാ) അത്രസാരസംഗ്രഹഃ॥

അന്വയാൎത്ഥം—— ഇവിടെ സാരസംഗ്രഹം ഭവിക്കുന്നു.

സാരം—— അനുഭൂതമായതിനെ പറയുക എന്ന ഈ വിഷയത്തിങ്കൽ ഉപയൊഗിക്കുന്നതായിട്ട സാരസംഗ്രഹ വചനമുണ്ട.

അതിനെത്തന്നെ അനന്തരം കാണിക്കുന്നു.

വൃ. രാഹ്വാൎക്കിഃവൃഷ്ണികാധിഷ്ഠിതക്ഷെയദപാതസ്സൂൎപഞ്ചമെവാഷ്ടമെവാ। ചണ്ഡാലാനാംപങ്‌ക്തിരഗ്രെപ്രദുഷ്ടാശ്ശൂദ്രാദുഷ്ടാസ്സുതൗചെൽഭൂമിജജ്ഞൌ॥

അന്വയാൎത്ഥം—— രാഹുവൊ അൎക്കിയൊ വൃഷകാധിഷ്ഠിതക്ഷെത്രത്തിങ്കലൊ അല്ലാഎംകിൽ അതിങ്കൽ നിന്ന പഞ്ചമത്തിങ്കലൊ അഷ്ടമത്തിങ്കലൊ ഭവിക്കുന്നു എംകിൽ ചണ്ഡാലന്മാരുടെ പങ്‌ക്തി അഗ്രത്തിങ്കൽ പ്രദുഷ്ടയായി എന്ന വാച്യയായി ഭവിക്കുന്നു. ഭൂമിജജ്ഞന്മാർ അതുകളിൽ ഭവിക്കുന്നു എംകിൽ ശൂദ്രന്മാർ ദുഷ്ടന്മാരായി എന്ന വാച്യന്മാരായി ഭവിക്കുന്നു.

സാരം—— പ്രഷ്ടാവിനാൽ ആശ്രയിക്കപ്പെട്ട രാശിയെല്ലൊ സാക്ഷാൽ ആരൂഢമാകുന്നത- അതിന്റെ അവസ്ഥയെ അനുസരിച്ചിട്ട അനുഭൂതത്തെ പറവാനുള്ളക്രമത്തെ കെൾക്ക.

ആരൂഢരാശിയിലൊ അതിന്റെ പഞ്ചമത്തിങ്കലൊ അഷ്ടമത്തിങ്കലൊ രാഹു എംകിലും ശനി എംകിലും നിന്നാൽ അവിടെനിന്നുപുറപ്പെട്ടപ്പൊൾ മുമ്പിൽ ചണ്ഡാലന്മാരുടെ സമൂഹത്തെ നിങ്ങൾ കണ്ടു എന്നിപ്രകാരം പ്രഷ്ടാവിനൊട പറയെണം. രാഹുവിന്റെയും ശനിയുടെയും സ്ഥിതി മെൽപ്രകാര മായാൽ അത വൃഷ്ണികനാൽ അനുഭൂതമായ ചണ്ഡാലദൎശനത്തിന്റെസൂചകമാകുന്നു. ചൊവ്വയൊ ബുധനൊ മെൽപ്രകാരം നിന്നാൽ ശൂദ്രരെ കണ്ടുഎന്ന പറയെണം.

വൃ. ലഗ്നസുതാഷ്ടമസംസ്ഥൈൎഗ്ഗുരുശുക്രൈൎദ്ദൃഷ്ടൈൎദ്വിജാതിഭിൎയ്യൊഗഃ। പാപയുതൈൎദ്ദൃഷ്ടൈൎവ്വാ ബ്രഹ്മണതന്ത്ര്യാധാരിഭിൎയ്യൊഗഃ॥

അന്വയാൎത്ഥം—— ഗുരുശുക്രന്മാർലഗ്നസുതാഷ്ടമസംസ്ഥന്മാരാകുന്നു എംകിൽ ദ്വിജാതികളൊടുള്ളയൊഗം വാച്യമായി ഭവിക്കുന്നു- ഗുരുശുക്രന്മാർ പാപയുതന്മാരായിട്ടൊ ദുഷ്ടന്മാരായിട്ടൊലഗ്നസുതാഷ്ടമസംസ്ഥന്മാരാകുന്നു എംകിൽ ബ്രഹ്മണതന്ത്ര്യാധാരികളൊടുള്ള യൊഗം വാച്യമായി ഭവിക്കുന്നു.

സാരം——ഗുരുശുക്രന്മാർ ആരൂഢരാശിയിലെ അതിന്റെ പഞ്ചമാഷ്ടമങ്ങളിലൊ നിന്നാൽ ബ്രാഹ്മണനെ കണ്ടു എന്നു പറയെണം. ആരൂഢരാശിയിലൊ അതിന്റെ പഞ്ചമാഷ്ടമങ്ങളിലൊ നില്ക്കുന്ന ഗുരുശുക്രന്മാർ പാപഗ്രഹത്തൊടൊരുമിച്ചു നില്ക്കുകയൊ അവൎക്കു പാപദൃഷ്ടി ഉണ്ടാകയൊ രണ്ടിലൊന്നു വരികിൽ വെദ ബാഹ്യന്മാരായിരിക്കുന്ന ബ്രാഹ്മണരെയൊ ബ്രാഹ്മണ്യമില്ലെങ്കിലും തന്തുധാരികളായിരിക്കുന്നവരെയൊ മുമ്പിൽ കണ്ടു എന്നുപറയെണം. ഗുരുവും ശുക്രനും കൂടിമെൽ പറഞ്ഞ രാശികളിൽ നില്ക്കെണമെന്നില്ല. ഗുരുവൊ ശുക്രനൊ ഉണ്ടായിരുന്നാൽ മതി എന്നുഗ്രഹിച്ചുകൊൾകയും വെണം.

വൃത്തം. അൎക്കൊയദ്യൈഃക്ഷ്മാപൈശ്ചന്ദ്രസിതൌചെൽസ്ത്രീയാ ഭവെദ്യൊഗഃ । ചന്ദ്രാൎക്കജൌസ്ഥിതൌചെദ്ദുഷ്ടസ്ത്രീഭിസ്സിതഃകുലസ്ത്രീഭിഃ॥

അന്വയാൎത്ഥം—— ഇതുകളിൽ അൎക്കൻ സ്ഥിതനായി എങ്കിൽ നൃപന്മാരൊടുകൂടെ ഉള്ളയൊഗം വാച്യമായി ഭവിക്കും ചന്ദ്രസിതന്മാർ സ്ഥിതന്മാരായി എങ്കിൽ സ്ത്രീയൊടുകൂടെ ഉള്ള യൊഗം വാച്യമായി ഭവിക്കും. ചന്ദ്രാൎക്കജന്മാർ സ്ഥിതന്മാരായി എങ്കിൽ ദുഷ്ടസ്ത്രീകളൊടുകൂടെ ഉള്ളയൊഗം വാച്യമായി ഭവിക്കും. സിതൻ സ്ഥിതനായി എങ്കിൽ കുലസ്ത്രീകളൊടുകൂടെ ഉള്ള യൊഗം വാച്യമായി ഭവിക്കും.

സാരം——ആരൂഢരാശിയിലൊ അതിന്റെ പഞ്ചമാഷ്ടമങ്ങളിലൊ ആദിത്യൻ നിന്നാൽ രാജാക്കന്മാരെ മുമ്പിൽ കണ്ടു എന്നു പറയെണം. ചന്ദ്രനും ശുക്രനും നിന്നാൽ സ്ത്രീകളെ കണ്ടു എന്ന പറയെണം ചന്ദ്രനും ശനിയും കൂടിനിന്നാൽ ദുഷ്ടസ്ത്രീകളെ കണ്ടു എന്ന പറയെണം. ശുക്രൻ നിന്നാൽ കുലസ്ത്രീകളെ കണ്ടു എന്നപറയെണം.

ഇവിടെ ഒരുശങ്കാ- ആരൂഢരാശിയിലൊ അതിന്റെ പഞ്ചമാഷ്ടമങ്ങളിലൊ ശുക്രൻ നിന്നാൽ ബ്രാഹ്മണനെ കണ്ടു എന്ന പറയെണമെന്ന ഉദയസുതാഷ്ടമസംസ്ഥൌഗുരുശുക്രൌചെദ്ദ്വിജാതിഭിൎയ്യൊഗഃ എന്നുള്ള വചനംകൊണ്ടും സ്ത്രീകളെ കണ്ടു എന്ന പറയെണമെന്ന ചന്ദ്രസിതൌചെൽസ്ത്രീയാഭവെദ്യൊഗഃ എന്നുള്ളവചനം കൊണ്ടും കുലസ്ത്രീകളെ കണ്ടു എന്നുപറയെണമെന്ന സിതഃകുലസ്ത്രീഭിഃ എന്നുള്ള വചനം കൊണ്ടും പ്രാപ്തമായി- ഗുരുശുക്രൌചെദ്ദ്വിജാതിഭിൎയ്യൊഗഃ- എന്നവചനത്തിന്ന ഗുരുവും ശുക്രനും കൂടി ഉദയാദിരാശികളിൽ വെച്ചു ഒ

ന്നിൽ നിന്നാൽ ബ്രാഹ്മണരെക്കണ്ടു എന്നുപറയെണമെന്നും
ചന്ദ്രസിതൌ ചെൽസ്ത്രീയാഭവെദ്യോഗഃ - എന്നതിന്ന ചന്ദ്രനും
ശുക്രനുംകൂടി ലഗ്നാദിരാശികളിൽ വെച്ച ഒന്നിൽ നിന്നാൽസ്ത്രീ
കളെക്കണ്ടു എന്നുപറയെണമെന്നും ശുക്രൻ താനെ നിന്നാ
ൽ കലസ്ത്രീകളെ കണ്ടു എന്നു പറയെണമെന്നും സാരമാകു
ന്നു. അതുകൊണ്ടു ലഗ്നാദി രാശികളിൽ ശുക്രന്റെ തന്നെസ്ഥി
തിഭവിച്ചാൽ എതാണെ അവിടെ പറയെണ്ടത എന്ന സംശയം
തന്നെ ഇല്ല. കലസ്ത്രീകളെ കണ്ടു എന്നു തന്നെ പറയെണം.
ഇതൊഴിച്ചു വെറെ ഒന്നും ഇവിടെ പ്രാപ്തമായിട്ടില്ലെന്നു പറ
ഞ്ഞുകൂടാ- രാഹ്വാൎക്കിഃ വൃശ്ചകാധിഷ്ഠിതൈകസ്മിൻപാതസ്സാൽപ
ഞ്ചമൈവാഷ്ടമെവാ- ഇത്യാദിശ്ലോകം കൊണ്ടു ചണ്ഡാല ദൎശന
മുണ്ടായി എന്നതിന്റെ സൂചകമായിപ്പറകപ്പെട്ടതു മെൽപറ
ഞ്ഞ രാശികളിൽ രാഹുവിന്റെയൊ ശനിയുടെയൊ സ്ഥിതിയാ
കുന്നു. രാഹുവിന്റെയും ശനിയുടെയും കൂടിയുള്ള സ്ഥിതിയല്ല
ഇങ്ങിനെ ആകയാൽ ദൃഷ്ട്വാഗ്രേഭാസ്കരൌ ചെൽ ഭൂമിജജീവൌ എ
ന്നുള്ളെടത്തും അപ്രകാരം തന്നെ ലഗ്നസുതാഷ്ടമസംസ്ഥൌ ഗു
രുശുക്രൌ ചപാപജ്ഞാദിഭിര്യോഗഃ ഇത്യാദിസ്ഥലങ്ങളിലും ഭൂമിജ
ജീവന്മാരിൽ വെച്ചും ഗുരുശുക്രന്മാരിൽ വെച്ചും ചന്ദ്രസിതന്മാ
രിൽവെച്ചും ഒരൊ ഗ്രഹത്തെ അതാതു യൊഗ സൂചകമാക്കിക
ല്പിക്കുന്നതത്രെ ഉചിതമായിട്ടുള്ളതു. ഇനി രാഹ്വാൎക്കിഃ വൃശ്ചകാ
ധിഷ്ഠിതൈകസ്മിൻ എന്നുള്ള സ്ഥലത്തിങ്കൽ എന്നപൊലെ വികല്പം
സ്ഥലാന്തരങ്ങളിലും ഇഷ്ടമായിരുന്നു എങ്കിൽ അപ്രകാരം വാശ
ബ്ദത്തൊടു കൂടത്തന്നെ പ്രയൊഗിപ്പാൻ സംഗതി ഉണ്ടായിരു
ന്നു. പ്രയൊഗം വെറെ ഒരുവിധമാകയാൽ മെൽ പറഞ്ഞ
പ്രകാരം അൎത്ഥഭെദത്തെ സ്വീകരിക്കുന്നതു എത്രയും യുക്തമാ
കുന്നു എന്നു പറയുന്നു എംകിൽ അങ്ങിനെ ഒരു നിയമമില്ലെ
ന്ന അറിയെണം. സമസ്ത പദം കൊണ്ടു പറകപ്പെട്ടതുകൾക്ക
സാഹിത്യേന തന്നെ ക്രിയാന്വയിത്വം വെണമെന്നുണ്ടു എ
ങ്കിൽ ലഗ്നസുതാഷ്ടമസംസ്ഥൌ ഗുരുശുക്രൌ ചപാപജ്ഞാതിഭിര്യോ
ഗഃ എന്നുള്ളെടത്തു ഗുരുശുക്രന്മാർ ഇരുവരും കൂടി ലഗ്നാദിമൂ
ന്നു ഭാവങ്ങളിലും നില്ക്കേണം എന്നാൽ ബ്രാഹ്മണ ദൎശന
ത്തെ പറയാം എന്നുള്ള സംഭവാൎത്ഥത്തെ കല്പിക്കെണ്ടിവരും. സം
ഭവമില്ലായ്കയാൽ അങ്ങിനെ കല്പിക്കുന്നില്ല എംകിൽ എന്നാൽ
മെൽപറഞ്ഞ നിയമം പൊയി. അവിടെ സംഭവമില്ലായ്കയാ
ൽ മെൽപറഞ്ഞ പ്രകാരം ഒന്നും കല്പിക്കുന്നില്ല. ഭൂമിജജീവൌ

ഇത്യാദികൾകൊണ്ടു ഭൂമിജനെയും ബുധനെയും മററുള്ളവരെയും പ്രത്യെകമായി ഗ്രഹിപ്പാനും കൂടി വിരോധമില്ല എന്ന ഒരു അവസ്ഥയിൽ രാഹുവ്യാഖ്യാ: എന്നതിനെ അനുസരിച്ചു വെവ്വെറെ തന്നെ ഗ്രഹിക്കുന്നു. അങ്ങിനെ ഗ്രഹിക്ക നിമിത്തമായിട്ടു ശുക്രനെ കൊണ്ടു ഏതിനെ പറയെണമെന്നു നിശ്ചയിപ്പാൻ കഴിയാതെവന്നു. ഒരു അനിഷ്ട നിവാരണം കൊണ്ടു സന്തൊഷിക്കാമെന്ന കരുതീട്ടാകിലും ഭൌമ ബുധാദികളെ പ്രത്യെകം ഗ്രഹിക്കാതെ ഇരിക്കുന്നതു യുക്തമാകുന്നു എന്നും വിചാരിക്കരുത. ഇതിന്ന പരിഹാരാന്തരത്തെ പറയാം. ശുക്രന്ന യാതൊരെടത്തു പുരുഷരാശിയിൽ സ്ഥിതിയൊ പുരുഷാംശകമൊ ബലവത്വമൊ ഭവിക്കുന്നുവൊ അവിടെ ബ്രാഹ്മണദശനത്തെയും സ്ത്രീരാശിയിൽ സ്ഥിതിയൊ സ്ത്രീരാശ്യംശകമൊ ബലഹാനിയൊ ഭവിക്കുന്നെടത്തു സ്ത്രീദശനത്തെയും പറയാം. ശുക്രസ്ഥിതികൊണ്ടു സ്ത്രീദശനത്തെ പറയാമെന്നതു സിദ്ധമായാലും ദശിക്കപ്പെട്ടുന്നവരായ സ്ത്രീകൾക്കു കുലസ്ത്രീത്വം അസിദ്ധമാകയാൽ അതിനെ സിദ്ധമാക്കുവാനായിക്കൊണ്ടാകുന്നു സിതഃ കുലസ്ത്രീഭിഃ എന്നുള്ള വിധി. അതുഹെതുവായിട്ടു മെൽ പറഞ്ഞ രാശികളിൽ ശുക്രൻ താനെനിന്നാലും വാച്യസന്ദെഹത്തിന്ന അവസരമില്ലെന്ന അറിഞ്ഞു കൊൾകയും വെണം.

വൃശ- അശുഭശുഭദൃഷ്ടിയോഗാത്തജ്ജാതീയൈശ്ച യോഗമപി വിദ്യാൽ। ദൂതസ്യ ചെഷ്ടയാതഃ പരംഫല്ലക്ഷണം ദിശാഗതയാ॥ ഇതി॥

അന്വയാൎത്ഥം—— അശുഭശുഭദൃഷ്ടിയോഗം ഹെതുവായിട്ടു തജ്ജാതീയന്മാരൊടു കൂടെ ഉള്ള യൊഗത്തെയും അറിയെണം. ഇതിങ്കൽ നിന്ന അനന്തരം ദൂതന്റെ ദിശാഗതയായിരിക്കുന്ന ചെഷ്ടകൊണ്ടു ലക്ഷണത്തെ വദിക്കെണം.

സാരം—— മെൽ പറഞ്ഞ രാഹുമുതലായ ഗ്രഹങ്ങൾക്കു പാപഗ്രഹത്തിന്റെയൊ ശുഭഗ്രഹത്തിന്റെയൊ ദൃഷ്ടി എങ്കിലും യൊഗമെങ്കിലുമുണ്ടായാൽ ദ്രഷ്ടാവായ ഗ്രഹത്തിന്റെയും കൂടിനില്ക്കുന്ന ഗ്രഹത്തിന്റെയും ജാതി യാതൊന്നൊ ആ ജാതിയിൽ ജനിച്ചവരെയും അവരൊടുകൂടെ മുമ്പിൽ കണ്ടു എന്നു പറയെണം. പിന്നെ ദൂതന്റെ ദിക്കിനെ ആശ്രയിച്ചിട്ടുള്ള ചെഷ്ടകൊണ്ടും ഫലത്തെ പറയെണം. ഇതി ശ്ലൊകസമാപ്തി ബൊധകമാകുന്നു. സാമാന്യെന ഗ്രഹങ്ങളുടെ ദൃഷ്ടി എഴാമെടത്തെക്കാ

കന്നു. ഏഴാമെടത്തെ എല്ലാവരുടെയും ദൃഷ്ടി പൂൎണ്ണമായിരിക്കും. ചില ഗ്രഹങ്ങൾക്കു മറ്റുള്ളതുകളിൽ ചിലഭാവങ്ങളിലെക്കും പൂൎണ്ണദൃഷ്ടി ഭവിക്കുന്നു. പൂൎണ്ണതയില്ലാത്തതായ ദൃഷ്ടി ഏഴാമെടം ഒഴിയെ മറ്റുള്ള ഭാവങ്ങളിൽ ചിലതുകളിലെക്കു സംഭവിക്കുന്നു. ഇതിന്റെ വിവരത്തെ ഹോരാ, ജാതകപദ്ധതി ഇത്യാദികളിൽ നിന്നു ഗ്രഹിച്ചുകൊൾക. വിസ്തരഭയം ഹേതുവായിട്ടു ഇവിടെ പറയുന്നില്ല. സാമാന്യേന ദൃഷ്ടി ഏഴാമെടത്തെക്കാകയാൽ ഇവിടെ അതുമാത്രം പറകപ്പെട്ടു എന്നു ഗ്രഹിച്ചുകൊൾക. യോഗമെന്നത ഏകരാശിയിൽ ഉള്ള സ്ഥിതിയാകുന്നു. ഗുരുശുക്രന്മാർ ബ്രാഹ്മണരാകുന്നു. ആദിത്യനും ചൊവ്വയും ക്ഷത്രിയരാകുന്നു. ചന്ദ്രൻ വൈശ്യനാകുന്നു. ബുധൻ ശൂദ്രനാകുന്നു.

മേൽ പറഞ്ഞ ജാതികളിൽ ചേരാത്തതായ അവാന്തര ജാതിയെ ശനിയെക്കൊണ്ടു വിചാരിച്ചുകൊൾക. ഇങ്ങിനെ ഗ്രഹങ്ങളുടെ ജാതി- ഇതിനെ അനുസരിച്ചു രാഹ്വാദികൾക്കു അന്യദൃഷ്ടിയോഗങ്ങൾ ഭവിച്ചാൽ അതുകൾ കൊണ്ടു മറ്റുള്ളവരുടെ മരണത്തെയും പറഞ്ഞുകൊൾക.

(വാ) - അത്ര പ്രശ്നമാധവീയംച॥

അന്വയാർത്ഥം.—— ഇവിടെ പ്രശ്നമാധവീയവും ഭവിക്കുന്നു.

സാരം.—— അനുഭൂതമായിട്ടുള്ളതിനെ സ്ഫുറക എന്നൊരു വിഷയത്തിങ്കൽ ഉപയോഗിക്കുന്നതായിട്ടു സാരസംഗ്രഹം തന്നെ അല്ല. പ്രശ്നമാധവീയവുമുണ്ടു. അതിനെ അനന്തരം കാണിക്കുന്നു.

വൃ- അൎക്കേഷ്ടമെ ബൃഹജ്ജനൈർ നൃപസേനയാ വാ യാതെര
വെരഹതിന്നുനമുദ്രവൊദ്ഭവൽ। ജീവാംശകെന്നൃപതിനെതിവദെദി
നാംശാദ്ധ്യാതപാദിവസ്തുവിഹതിശ്ചവിചിന്ത്യവാച്യാ॥

അന്വയാർത്ഥം.—— അൎക്കൻ അഷ്ടമത്തിങ്കൽ സ്ഥിതനായിരിക്കും. വിഷയത്തിങ്കൽ ബൃഹജ്ജനങ്ങളാലൊ നൃപസേനയാലൊ യാതമായിരിക്കുന്ന രവിയുടെ അഹസ്സിങ്കൽ ഉപദ്രവം ഭവിച്ചു നിശ്ചയം എന്നു വദിക്കേണം. അൎക്കൻ ജീവാംശകത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ നൃപതിയാൽ ഉപദ്രവം ഭവിച്ചു നിശ്ചയം എന്നു വദിക്കേണം. ഇന്ദ്വംശത്തെ അനുസരിച്ചിട്ടു ധാതപാദി വസ്തു വിഹതിയും വിചിന്തിച്ചിട്ടു വാച്യയായി ഭവിക്കുന്നു.

സാരം.—— അൎക്കസ്ഥാഷ്ടമ രാശിയിൽ ആദിത്യൻ നിന്നാ

വൃ

ൽ കഴിഞ്ഞ ഞായറാഴ്ച വളരെ ജനങ്ങളൊ രാജാവിന്റെ സെനയൊ വന്നിട്ടു നിങ്ങളെ ഉപദ്രവിച്ചു നിശ്ചയമെന്ന ദൈവജ്ഞൻ പൃച്ഛകനൊടു പറയെണം. ആ ആദിത്യൻ വ്യാഴത്തിന്റെ നവാംശകത്തിങ്കൽ നിന്നാൽ രാജാവിനെക്കൊണ്ടുപദ്രവം ഭവിച്ചു എന്നു പറയെണം. ആദിത്യന്റെ അംശകം ധാത്വംശകമാകുന്നു എംകിൽ ധാതുദ്രവ്യം നശിച്ചു എന്നും മൂലാംശകമാകുന്നു എംകിൽ മൂല ദ്രവ്യം നശിച്ചു എന്നും ജീവാംശകമാകുന്നു എംകിൽ ജീവ ദ്രവ്യം നശിച്ചു എന്നും പറയെണം.

വൃ- അഷ്ടമസ്ഥെ നിശാനാഥെ പ്രഷ്ടുഃ വാച്യമഭൊജനം। യവാഗ്രപാനമാത്രം വാ ശശിതെ ചന്ദ്രസ്യ വാസരെ॥

അന്വയാൎത്ഥം___ നിശാനാഥൻ അഷ്ടമസ്ഥനായിരിക്കും വിഷയത്തിങ്കൽ ഗതമായിരിക്കുന്ന ചന്ദ്രന്റെ വാസരത്തിങ്കൽ പ്രഷ്ടാവിന്റെ അഭൊജനമൊ യവാഗ്രപാനമാത്രമൊ വാച്യമായി ഭവിക്കുന്നു.

സാരം___ ആരൂഢാഷ്ടമരാശിയിൽ ചന്ദ്രൻ നിന്നാൽ കഴിഞ്ഞ തിങ്കളാഴ്ച നിങ്ങൾ ഉണ്ടിട്ടില്ല എന്നൊ അന്നകഞ്ഞികുടിക്ക മാത്രമെ ചെയ്തിട്ടുള്ളു എന്നൊ പറയെണം.

വൃ- ആരെഷ്ടമെ പരിഭ്രംശൊ മാന്ദിയുക്തസ്യ ചെൽ ക്ഷതിഃ। ധാത്വംശെസ്വജിശസ്ത്രേണ മൂലാംശെ കണ്ടകാദിനാ॥

വൃ- വാച്യാജീവാംശകെ ദന്തനഖാദ്യൈരംശകൊചിതൈഃ। സരീസൃപാംശെതത്തംശൊ വാരസ്യ ഗതവാസരെ॥

അന്വയാൎത്ഥം ___ ആരൻ അഷ്ടമത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ ആരന്റെ ഗതവാസരത്തിങ്കൽ പരിഭ്രംശം വാച്യമായി ഭവിക്കുന്നു. അവൻ മാന്ദി യുക്തനാകുന്നു എംകിൽ ക്ഷതി വാച്യമായി ഭവിക്കുന്നു. അവ്വണ്ണം ധാത്വംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ ശസ്ത്രം ഹെതുവായിട്ടുള്ള ക്ഷതിയും മൂലാംശത്തിങ്കൽ സ്ഥിതനായിരിക്കും സമയത്തിങ്കൽ കണ്ടകാദി ഹെതുവായിട്ടുള്ള ക്ഷതിയും ജീവാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ അംശകൊചിതങ്ങളായിരിക്കുന്ന ദന്തനഖാദ്യങ്ങൾ ഹെതുവായിട്ടുള്ള ക്ഷതിയും വാച്യമായിഭവിക്കുന്നു. സരീസൃപാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ തത്തംശവും വാച്യമായിഭവിക്കുന്നു.

സാരം___ ആരൂഢാഷ്ടമ രാശിയിൽ ചൊവ്വ നിന്നാൽ കഴിഞ്ഞ ചൊവ്വാഴ്ച നിങ്ങളുടെ കാല നടക്കുംപൊൾ തെററി ഒന്നിന്മെൽ കൊണ്ടു എന്ന പറയെണം. അപ്പിടെ ചൊവ്വാഴ്ച

ഷ്ടികളോടുള്ള യോഗ മുണ്ടായാൽ കാഷ്ഠം വ്രണം പററി എന്നു പറയെണം. അങ്ങിനെ പറക വെണ്ടി വരികിൽ ചൊവ്വയുടെ അംശകത്തെ കൂടെനൊക്കീട്ടു ധാതംശകമായിരുന്നാൽ ആയുധംകൊണ്ടു വ്രണപ്പെട്ടു എന്നും മൂലാംശമായിരുന്നാൽ മുള്ളു മുതലായതുകൊണ്ടു വ്രണപ്പെട്ടു എന്നും ജീവാംശമായിരുന്ന അംശകത്തിന്റെ ചെവ്വുക്ക രക്കവെണ്ണം പല്ലു കൊണ്ടൊ നഖം മുതലായതുകൾ കൊണ്ടൊ വ്രണംപ്പെട്ടു എന്നും കക്കടം, വൃശ്ചികം മീനം ഇങ്ങിനെ ഉള്ള സപ്പ്രാശങ്ങളിൽ എതെംകിലുമായാൽ തെളു പാമ്പ ഇത്യാദികൾ കടിച്ചു എന്നുംപറയെണം.

൮൯- അഷ്ടമസ്ഥെവിധൊഃപുത്രെഭംഗഇഷ്ടസ്യകമ്മണഃ। മൂലാംശെപുഗതാംബുലനാശൊഭാവൊഫവാനയൊഃ॥

൯൦- ധാതംശെവപുഷസ്സാമൊവാച്യാ ജീവാംശകെപുനഃ। പാരുഷ്യംവചസശ്ചൂണ്ണാഭാവൊവാഗരവിട്ടിനെ॥

അന്വയാത്ഥം—— വിധുവിന്റെ പുത്രൻ അഷ്ടമസ്ഥനായിരിക്കും വിഷയത്തിങ്കൽ ഗതവിട്ടിനത്തിങ്കൽ ഇഷ്ടമായിരിക്കുന്ന കമ്മത്തിന്റെ ഭംഗം വാച്യമായി ഭവിക്കുന്നു. മൂലാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ പുഗതാംബൂല നാശമൊ ഇതുകളുടെ അഭാവമൊ വാച്യമായിഭവിക്കുന്നു. ധാതംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ വപുസ്സിന്റെ സാദം വാച്യമായി ഭവിക്കുന്നു. ജീവാംശകത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കലാകട്ടെ വചസ്സിന്റെ പാരുഷ്യമൊ ചൂണ്ണാഭാവമൊ വാച്യമായി ഭവിക്കുന്നു.

സാരം—— അത്രസ്ഥാഷ്ടമ രാശിയിൽ ബുധൻ നിന്നാൽ കഴിഞ്ഞ ബുധനാഴ്ച നിങ്ങൾക്ക ഇഷ്ടമായിരിക്കുന്ന ഒരു കാൎയ്യത്തിന്നു മുടക്കം ഭവിച്ചു എന്നു പറയെണം. അവിടെ ബുധൻ മൂലനവാംശകത്തിങ്കൽ നിന്നാൽ അടക്കയും വെററിലയും ഉണ്ടായിരുന്നതു നശിച്ചു എന്നൊ അടക്കയും വെററിലയും ഉണ്ടായിരുന്നില്ല എന്നൊ പറയെണം. ധാതംശകത്തിങ്കൽ നിന്നാൽശരീരത്തിന്നു തളച്ചു ഭവിച്ചു എന്നു പറയെണം. ജീവാംശകത്തിങ്കൽ നിന്നാൽ വാക്കലഹത്തെയൊ ആ ദിവസം നൂറുണ്ടായിരുന്നില്ല എന്നതിനെയൊ പറയെണം.

൯൧- രന്ധ്രസ്ഥിതെമരാചാൎയ്യെനിത്യകമ്മവിളംബനം। ദ്വിജാനാംദ്രവ്യനാശശ്ചവാച്യൊഗുരുദിനെഗതെ॥

അന്വയാത്ഥം —— അമരാചാൎയ്യൻ രന്ധ്രസ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഗതമായിരിക്കുന്ന ഗുരുദിനത്തിങ്കൽ നിത്യ

കൎമ്മവിളംബനം വാച്യമായി ഭവിക്കുന്നു. ദ്വിജന്മാരുടെ വസ്ത്രനാശവും വാച്യമായി ഭവിക്കുന്നു.

സാരം—— അത്രധനാഷ്ടമ രാശിയിൽ വ്യാഴം നിന്നാൽ കഴിഞ്ഞ വ്യാഴാഴ്ച നിങ്ങളുടെ നിത്യകൎമ്മത്തിന്നു താമസം ഭവിച്ചു എന്നു പറയെണം. സമീപസ്ഥന്മാരായിട്ടൊ നിങ്ങൾക്കു വെണ്ടപ്പെട്ടവരായിട്ടൊ ഉള്ള ബ്രാഹ്മണൎക്കു ധനനാശം ഭവിച്ചു എന്നും പറയാം,

൯൨- ഭൃഗുപുത്രേഷ്ടമംപ്രാപ്തെ വിയൊഗഃ പ്രിയയൊഷിതാം।
വക്തവ്യൊ വസ്ത്രനാശശ്ച തത്ര ധാതംശഗെ ഭൃഗൗ॥

൯൩- വസനെ പങ്കസമ്പൎക്കൊ ജീവാംശെ സ്യന്നഖക്ഷതിഃ।
പിപീലികാദ്യുപദ്രവ്യാദ്യൈഃ ക്ഷതിരംശസരീസൃപെ॥

൯൪- കണ്ടകാദ്യൈസ്തു മൂലാംശെ യദ്വാ ജീവാംശകെ പുനഃ। അന്യൈസ്ത്യുവസ്ത്രമാനം വാഗതാസന്നെ ഭൃഗൊസ്ദിനെ॥

അന്വയാൎത്ഥം——— ഭൃഗുപുത്രൻ അഷ്ടമത്തെ പ്രാപ്തനായിരിക്കും വിഷയത്തിങ്കൽ ഗതാസന്നമായിരിക്കുന്ന ഭൃഗുവിന്റെ ദിനത്തിങ്കൽ പ്രിയയൊഷിത്തുകളുടെ വിയൊഗവും വസ്ത്രനാശവും വക്തവ്യമായിഭവിക്കുന്നു. അതിങ്കൽ ഭൃഗു ധാതംശഗനായിരിക്കും വിഷയത്തിങ്കൽ വസനത്തിങ്കൽ പങ്കസമ്പൎക്കം വക്തവ്യമായി ഭവിക്കുന്നു. ജീവാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഇതിന്റെ നഖക്ഷതിവക്തവ്യയായിഭവിക്കുന്നു. സരീസൃപമായിരിക്കുന്ന അംശത്തിങ്കൽ പിപീലികാദ്യുപദ്രവ്യാദ്യങ്ങൾ ഹെതുവായിട്ട ക്ഷതിവക്തവ്യയായി ഭവിക്കുന്നു. മൂലാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കലാകട്ടെ കണ്ടകാദ്യങ്ങൾ ഹെതുവായിട്ടക്ഷതിവക്തവ്യയായിഭവിക്കുന്നു. അല്ലാ എങ്കിൽ ജീവാംശകത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ അതുകട്ടെ അന്യനായിക്കൊണ്ടുവസ്ത്രമാനം വക്തവ്യമായി ഭവിക്കുന്നു-
വാശബ്ദം വാക്യാലങ്കാരാൎത്ഥമാകുന്നു എന്നു അറിഞ്ഞുകൊൾക.

സാരം——അത്രധനാഷ്ടമ രാശിയിൽ ശുക്രൻ നിന്നാൽ കഴിഞ്ഞവെള്ളിയാഴ്ച ഭാൎയ്യാവിരഹം ഭവിച്ചുഎന്നും, വസ്ത്രനാശം ഉണ്ടായി എന്നും പറയെണം- ശുക്രന്റെ സ്ഥിതി അവിടെ ധാതംശത്തിങ്കലായിരുന്നാൽ വസ്ത്രത്തിൽ ചളി പററി എന്നു പറയെണം- ജീവാംശത്തിങ്കലായിരുന്നാൽ നഖം നിമിത്തമായിട്ടു വസ്ത്രത്തിന്നു കെടു ഭവിച്ചു എന്നു പറയെണം-മൂലാംശത്തിങ്കലായിരുന്നാൽ മുള്ളു മുതലായവകൾ നിമിത്തമായി

ട്ടു വസ്ത്രത്തിന്നു കേടു ഭവിച്ചു എന്നു പറയേണം. ജീവാംശത്തിങ്കലായിരുന്നാൽ മറെറാരുത്തനായിക്കൊണ്ടു വസ്ത്രം കൊടുത്തു എന്നു പറകയുമാം.

൩൮. അഷ്ടമസ്ഥേ രവേഃ പുത്രേ വാച്യം ഭുക്തിവിളംബനം। അ
ത്യാപത്തിശ്ച മന്ദസ്യ സമീപസ്ഥേ ഗതേ ഹനി॥

അന്വയാർത്ഥം — രവിയുടെ പുത്രൻ അഷ്ടമസ്ഥനായിരിക്കും വിഷയത്തിങ്കൽ ഗതമായി സമീപസ്ഥമായിരിക്കുന്ന മന്ദന്റെ അഹസ്സിങ്കൽ ഭുക്തിവിളംബനം വാച്യമായി ഭവിക്കുന്നു. അത്യാപത്തിയും വാച്യയായി ഭവിക്കുന്നു.

സാരം — ആരൂഢാഷ്ടമരാശിയിൽ ശനിനിന്നാൽ കഴിഞ്ഞ ശനിയാഴ്ച ഭക്ഷണത്തിന്നു താമസം വന്നു എന്നോ അത്യാപത്തു ഭവിച്ചു എന്നോ പറയേണം.

൩൯. രന്ധ്രഗേ സിംഹികാസൂനൗ വാച്യാ പാദവ്യഥാ പഥി।
മൂലാംശേ കണ്ടകൈർന്നഷ്ടാ ധാത്വംശേഽശ്മാഭിഘാതതഃ॥

൪൦. ജീവാംശേ സാധ്വസം സർപ്പാൽ ഗതേ മന്ദസ്യ വാസരേ।
കേതൗ രന്ധ്രസ്ഥിതേ വാച്യം പാഷാണേ പാദഘട്ടനം॥

൪൧. മാന്ദിയുക്തോഽത്ര കേതുശ്ചേൽ പാദോ നൂനം ഹി ഭിദ്യതേ। ഭൗ
മസാമ്യാൽ ഫലേ കേതോർഗ്ഗതേ ഭൗമസ്യ വാസരേ॥

അന്വയാർത്ഥം — സിംഹികാസൂനു രന്ധ്രഗനായിരിക്കും വിഷയത്തിങ്കൽ ഗതമായിരിക്കുന്ന മന്ദന്റെ വാസരത്തിങ്കൽ പന്ഥാവിങ്കൽ പാദവ്യഥാ വാച്യയായി ഭവിക്കുന്നു. മൂലാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഇതു കണ്ടകം ഹേതുവായിട്ടു വാച്യയായി ഭവിക്കുന്നു. ധാത്വംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ അശ്മാഭിഘാതം ഹേതുവായിട്ടു വാച്യയായി ഭവിക്കുന്നു. ജീവാംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ സർപ്പത്തിങ്കൽ നിന്നു സാധ്വസം വാച്യമായി ഭവിക്കുന്നു. കേതുരന്ധ്രസ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഫലത്തിങ്കൽ കേതുവിന്നു ഭൗമസാമ്യം ഹേതുവായിട്ടു ഗതമായിരിക്കുന്ന ഭൗമന്റെ വാസരത്തിങ്കൽ പാഷാണത്തിങ്കൽ പാദഘട്ടനം വാച്യമായി ഭവിക്കുന്നു. ഇവിടെ കേതു മാന്ദിയുക്തനാകുന്നു എങ്കിൽ പാദം ഭേദിക്കപ്പെട്ടു നിശ്ചയമെന്നു വാച്യമായി ഭവിക്കുന്നു.

സാരം — ആരൂഢാഷ്ടമ രാശിയിൽ രാഹുനിന്നാൽ കഴിഞ്ഞ ശനിയാഴ്ച വഴിനടക്കുമ്പോൾ കാല്ക്കു വേദനയുണ്ടായി എന്നു പറയേണം. അവിടെ രാഹു മൂലാംശകത്തിങ്കലായിരുന്നാൽ

കാലിന്മെൽ മുള്ളുതറക്കുകയാലാകുന്നു വെദന ഉണ്ടായത എന്നു പറയെണം- ധാതംശകത്തിങ്കലായിരുന്നാൽ കല്ലിന്മെൽ തടിക്കുകയാൽ ഉണ്ടായതാകുന്നു എന്ന പറയെണം ജീവാംശകത്തിങ്കലായിരുന്നാൽ സൎപ്പത്തിങ്കൽ നിന്നു ഭയമുണ്ടായി എന്നു പറയെണം-

കെതു ആരൂഢാഷ്ടമത്തിങ്കൽ നിന്നാൽ കഴിഞ്ഞചൊവ്വാഴ്ച കാലകല്ലിന്മെൽ തട്ടി എന്ന പറയെണം- അവിടെ ഗുളികനൊടുകൂടി നിന്നാൽ കല്ലിന്മെൽ തട്ടുകകൊണ്ടു കാലുപൊട്ടി എന്ന പറയെണം-

കെതുവിനെ കൊണ്ടു പറയെണ്ടതു ചൊവ്വാഴ്ച എന്നത കെതുവിന്നു ചൊവ്വയൊടുകൂടെ ഉള്ള സാദൃശ്യം ഹെതുവായിട്ടാകുന്നു- രാഹുവിന്റെ ഫലത്തിങ്കൽ ശനിയാഴ്ച എന്ന പറഞ്ഞതിന്നും ഇതുപ്രകാരം സംഗതിയെ ഗ്രഹിച്ചുകൊൾക-

൯൯. പാപസ്ത്രിഖസംസ്ഥശ്ചെദ്വക്തവ്യംസ്യാദുപൊഷണം । ഗതെഹ്നിതദ്ദിവസെസൂചിചാരൈശ്ചൈവമാദിശെൽ ॥

അന്വയാൎത്ഥം— പാപൻ തൃതീയസംസ്ഥനാകുന്നു എങ്കിൽ ഗതമായിരിക്കുന്നത ദിവസത്തിങ്കൽ ഉപൊഷണം വക്തവ്യമായി ഭവിക്കും. നല്ലവണ്ണം വിചാരിച്ചിട്ട ഇപ്രകാരം ആദെശിക്കെണം.

സാരം—ആരൂഢ രാശിയുടെ മൂന്നാമെടത്തു പാപൻ നിന്നാൽ അതാതു പാപന്മാരുടെ കഴിഞ്ഞ ആഴ്ചകളിൽ നിങ്ങൾ ഭക്ഷിച്ചിട്ടില്ല എന്ന പറയെണം ഗ്രഹങ്ങളുടെ ബലാബലാദികളെ നല്ലവണ്ണം വിചാരിച്ചിട്ടു വെണം മെൽപ്രകാരം പറവാനെന്നു ധരിച്ചുകൊൾകയും വെണം.

൧൦൦. വ്യയക്ഷുത്തൃതീയശ്ചഭാവാനെഷ്ടായഥാഷ്ടമഃ । ദിനെഷ്വനിഷ്ടസംസ്ഥാനാംയാതെഷ്വശുഭംവദെൽ

൧൦൧. ഇഷ്ടസ്ഥിതാനാംവാരെഷുശുഭപ്രാപ്തിഞ്ചനിൎദ്ദിശെൽ । ഉദയെനൈഷ്യവാരെഷുഫലമപ്യെവമാദിശെൽ । ഇതി ॥

അന്വയാൎത്ഥം— വ്യയവും ക്ഷുത്തുവും തൃതീയവുമാകുന്ന ഭാവം അഷ്ടമമെന്നപൊലെ അനിഷ്ടമായി ഭവിക്കുന്നു. അനിഷ്ടസംസ്ഥന്മാരുടെ യാതങ്ങളായിരിക്കുന്ന ദിനങ്ങളിൽ അശുഭത്തെ പറയെണം, ഇഷ്ടസ്ഥിതന്മാരുടെ യാതങ്ങളായിരുന്ന വാരങ്ങളിൽ ശുഭപ്രാപ്തിയെയും നിൎദ്ദെശിക്കെണം- ഉദയം കൊണ്ടു ഏഷ്യവാരങ്ങളിലും ഇപ്രകാരം ഫലത്തെ ആദെശിക്കെണം.

സാരം — പന്ത്രണ്ടാമെടവും ആറാമെടവും മൂന്നാമെടവും അഷ്ടമവും അനിഷ്ടമാകുന്നു. അനിഷ്ടഭാവത്തിങ്കൽ നില്ക്കുന്നതായ ഗ്രഹങ്ങളുടെ കഴിഞ്ഞ ആഴ്ചകളിൽ അധികമായ അമംഗലം ഭവിച്ചു എന്നു പറയെണം. ഇഷ്ടഭാവത്തിങ്കൽ നില്ക്കുന്ന ഗ്രഹങ്ങളുടെ കഴിഞ്ഞ ആഴ്ചകളിൽ ഇഷ്ടപ്രാപ്തിയെയും പറയെണം. ഉദയലഗ്നം കൊണ്ടുവരുന്ന ആഴ്ചകളിലും മെൽപറഞ്ഞ പ്രകാരമുള്ള ഫലങ്ങളെ പറയാം.

ഇതി എന്ന ശബ്ദം അവസാനദ്യോതകമാകുന്നു.

(൨) പ്രശ്നഭാഷാച॥

അന്വയാൎത്ഥം — പ്രശ്നഭാഷയും ഭവിക്കുന്നു.

സാരം — മെൽപറഞ്ഞ വിഷയത്തിങ്കൽ മെൽപ്രകാരം പ്രശ്നമാധവീയമുണ്ടു എന്നതുതന്നെ അല്ല. പ്രശ്നഭാഷയുമുണ്ടു. പ്രശ്നഭാഷയിലെ ശ്ലോകങ്ങളെ ഇനി കാണിപ്പാൻ പൊകുന്നു.

൧൦൨. ദ്യൂനസ്ഥൈശ്ശുഭദുഷ്ടൈൎദ്ദുഷ്ടശകുനം നൈൎമ്മല്യമൂഹ്യൊ
ഛത്രാരൂഢവശാദമുഷ്യ കഥയെൽ പ്രശ്നാധിരൂഢൈൎവ്വാ കൎമ്മാ
രൂഢസുഖസ്ഥിതൈൎബ്ബലയുതൈരപ്യെവമാദിശ്യതാം യാതുൎവ്വാ
ശകുനഃ ശുഭാശുഭമിതി പ്രസ്ഥാനലഗ്നാദപി॥

അന്വയാൎത്ഥം — അശുഭന്മാർ ദ്യൂനസ്ഥന്മാരായിരിക്കും വിഷയത്തിങ്കൽ ദുഷ്ടശകുനത്തെയും ശുഭന്മാർ ദ്യൂനസ്ഥന്മാരായിരിക്കും വിഷയത്തിങ്കൽ ശൊഭനമായിരിക്കുന്ന അതിനെയും ഛത്രാരൂഢവശം ഹെതുവായിട്ടു ഇവന്നു കഥിക്കെണം. പ്രശ്നാധിരൂഢം കൊണ്ടും കഥിക്കാം. ബലയുതന്മാരായി കൎമ്മാരൂഢസുഖസ്ഥിതന്മാരായിരിക്കുന്നവരെക്കൊണ്ടും ഇപ്രകാരം ആദെശിക്കപ്പെടാം. യാതാവായിരിക്കുന്ന ഇവന്റെ ശുഭാശുഭമായിരിക്കുന്ന ശകുനത്തെ പ്രസ്ഥാനലഗ്നം കൊണ്ടു കഥിക്കുകയുമാം.

സാരം — ഛത്രാരൂഢത്തിന്റെ ഏഴാമെടത്തു പാപഗ്രഹങ്ങൾ നിന്നാൽ ദൂതൻ വഴിക്കു ദുശ്ശകുനത്തെ കണ്ടു എന്നും അവിടെ ശുഭഗ്രഹങ്ങൾ നിന്നാൽ നല്ലശകുനത്തെ കണ്ടു എന്നും പറയെണം, ഛത്രാരൂഢരാശിയുടെ നിശ്ചയമില്ലാത്തെടത്തു മെൽപ്രകാരം ശകുനത്തെ പ്രശ്നാരൂഢം കൊണ്ടു പറയെണം ശകുനമെന്നതു യാത്രക്കായി കൊണ്ടു ഒരുങ്ങിയവന്റെ ശുഭാശുഭങ്ങളെ പറയാതെ അറിയിപ്പാനായി കൊണ്ടു ഈശ്വരെച്ഛ ഹെതുവായിട്ടു പ്രകാശിക്കുന്നതാകയാൽ അതിന്റെ സംബന്ധം മുഖ്യമായിട്ടുള്ളതു യാനം ചെയ്വാൻ തുടങ്ങുന്നവന്നാകുന്നു. യാത്രകൊണ്ടുള്ള ശു

പ്രാപ്തികൾ യാത്രാലഗ്നഗുണദോഷങ്ങൾക്കു അധീനകളായിരിക്കുകയും ചെയ്യും. അതുഹേതുവായിട്ടു ശുഭാശുഭങ്ങളായിരിക്കുന്ന ശകുനങ്ങളെ പ്രസ്ഥാനലഗ്നം കൊണ്ടും മേൽപ്രകാരം പറയാം.

൧൦൩. തത്രസ്ഥചതുരംഘ്രിസംജ്ഞവിഹഗേ മാതംഗപശ്വാദയോഭ്യാ യാതാഃ ഖേ ഖഗപക്ഷിസംജ്ഞഖചരേ ദൃഷ്ടാശ്ചകോരാദയഃ । സൂൎയ്യാരൌ തു ചതുഷ്പദൌ നിഗദിതൌ മന്ദേന്ദുജൌ പക്ഷിണൌ ശീതാംശുസ്തു സരീസൃപോഷ്ടചരണസ്ത്വന്ത്ര പ്രദിഷ്ടഃ ഫണീ ॥

അന്വയാൎത്ഥം —— ചതുരംഘ്രിസംജ്ഞവിഹഗൻ തത്രസ്ഥമായിരിക്കും വിഷയത്തിങ്കൽ മാതംഗപശ്വാദികൾ പന്ഥാവിങ്കൽ അഭ്യായാതങ്ങളായി എന്ന വാച്യങ്ങളായി ഭവിക്കുന്നു. പക്ഷിസംജ്ഞഖചരൻ തത്രസ്ഥനായിരിക്കും വിഷയത്തിങ്കൽ ചകോരാദികൾ ദൃഷ്ടങ്ങളായി എന്ന വാച്യങ്ങളായി ഭവിക്കുന്നു. സൂൎയ്യാരന്മാരാകട്ടെ ചതുഷ്പദന്മാരെന്നു നിഗദിതന്മാരായി ഭവിക്കുന്നു മന്ദേന്ദുജന്മാർ പക്ഷികൾ എന്ന നിഗദിതന്മാരായി ഭവിക്കുന്നു. ശീതാംശുവാകട്ടെ സരീസൃപനെന്നു നിഗദിതനായി ഭവിക്കുന്നു. ഫണി അഷ്ടചരണനായിട്ടു ശാസ്ത്രത്തിങ്കൽ പ്രദിഷ്ടനായി ഭവിക്കുന്നു.

സാരം—— ദൂതാശ്രയസ്ഥരാശിയുടെയൊ പ്രഷ്ടാശ്രയസ്ഥരാശിയുടെയൊ പ്രസ്ഥാനലഗ്നത്തിന്റെയൊ ഏഴാമെടത്ത എങ്കിലും മേൽപറഞ്ഞ രാശികളിലെങ്കിലും അതുകളുടെ നാലാമെടത്തെങ്കിലും പത്താമെടത്തെങ്കിലും ചതുഷ്പാദ്ഗ്രഹം ബലവാനായി നിന്നാൽ വഴിയിൽ ആന, പശു മുതലായ നാല്ക്കാലികൾ നേരിട്ടുവന്നു എന്നും പക്ഷിഗ്രഹം ബലവാനായി മേൽപറഞ്ഞ രാശികളിൽ നിന്നാൽ ചകോരം മുതലായ പക്ഷികളെ കണ്ടു എന്നും പറയേണം. സൂൎയ്യനും ചൊവ്വയും ചതുഷ്പദ്ഗ്രഹങ്ങളാകുന്നു- ശനിയും ബുധനും പക്ഷിഗ്രഹങ്ങളാകുന്നു- ചന്ദ്രൻ സരീസൃപഗ്രഹമാകുന്നു- രാഹു എട്ടുകാലനാകുന്നു-

൧൦൪- ചണ്ഡാലാദ്യാഗമഃ പ്രാഗ്വദിഹ ശിഖിഗുളികബ്രധ്നജാസ്ത്രസംസ്ഥാ ശുക്രേന്ദ്വോർ ചടകപ്രവരമായരശിതനയസ്ത്രവിഭക്തൌ നാനാവിപ്രാണാം വാക്പതിശ്ചേത്യധിധരണിസുരശ്രേഷ്ഠിനാം കീർത്തനീയോ വക്തവ്യസ്ത്ര്യാഗമഃ പ്രാഗ്വദിഹ നരതനൌ ശ്രേഷ്ഠ്യഭാജാം ജനാനാം ॥

അന്വയാൎത്ഥം —— ശിഖിഗുളികബ്രധ്നജന്മാർ അതുകളിൽ

സംസ്ഥാനമാരാകുന്നു എങ്കിൽ മുമ്പെ ചണ്ഡാലാഭ്യാഗമം കീൎത്തനീയമായി ഭവിക്കുന്നു- ശുക്രെന്ദുക്കളാകുന്നു എങ്കിൽ വേശ്യകളുടെയും ശശിതനയൻ അതുകളിലാകുന്നു എങ്കിൽ വിദ്വജ്ജനങ്ങളുടെയും വാക്പതിയാകുന്നു എങ്കിൽ വിപ്രന്മാരുടെയും ധരണിസുതനാകുന്നു എങ്കിൽ ശസ്ത്രികളുടെയും അരുണനാകുന്നു എങ്കിൽ പിന്നെ ശ്രൈഷ്ഠ്യഭാക്കുകളായിരിക്കുന്ന ജനങ്ങളുടെയും വൎത്മാവിങ്കൽ മുമ്പെ അഭ്യാഗമം കീൎത്തനീയമായി ഭവിക്കുന്നു-

സാരം—— മെൽപറഞ്ഞ സ്ഥാനങ്ങളിൽ കെതുവും ഗുളികനും ശനിയും നിന്നാൽ മുമ്പെ ചണ്ഡാലന്മാർ നെരിട്ടുവന്നു എന്ന പറയെണം. ശുക്രനും ചന്ദ്രനുമാകിൽ സ്ത്രീകൾ നെരിട്ടു വന്നു എന്നുപറയെണം. ബുധനാകുന്നു എങ്കിൽ വിദ്വാന്മാരും ബൃഹസ്പതിയാകുന്നു എങ്കിൽ ബ്രാഹ്മണരും ചൊവ്വയാകുന്നു എങ്കിൽ ആയുധക്കാരും ആദിത്യനാകുന്നു എങ്കിൽ പ്രഭുത്വമുള്ളവരും നെരിട്ടുവന്നു എന്ന പറയെണം.

മെൽപറഞ്ഞ ഗ്രഹങ്ങളിൽ ശനിയും ബുധനും പക്ഷിഗ്രഹമാകയാലും സൂൎയ്യഭൌമന്മാർ ചതുഷ്പദഗ്രഹങ്ങളാകയാലും അവരെ കൊണ്ടു ചകൊരം മുതലായ പക്ഷികളുടെ ദൎശനത്തെയും ആനമുതലായ നാല്ക്കാലികളുടെ അഭിഗമനത്തെയും പറയെണമെന്നു പൂൎവ്വശ്ലൊകത്താൽ വിധിക്കപ്പെട്ടു. ഈ ശ്ലൊകത്താൽ വെറെ ചിലതിനെ പറയെണമെന്നും വിധിക്കപ്പെട്ടു. യാത്രാസമയത്തിങ്കൽ ചകൊരാദികളുടെ ദൎശനമുണ്ടായിട്ടും ചണ്ഡാലന്മാരുടെ അഭിഗമനമുണ്ടാവാത്തതായിട്ടും ചണ്ഡാലന്മാരുടെ അഭിഗമനമുണ്ടായിട്ടും ചകൊരാദി ദൎശനം ഉണ്ടാവാത്തതായിട്ടും കണ്ടുവരുന്നു. ഇപ്രകാരം നാല്ക്കാലികളുടെ അഭിഗമനമുണ്ടായിട്ടും ആയുധക്കാരുടെയും പ്രഭുത്വമുള്ളവരുടെയും അഭിഗമന മുണ്ടാവാത്തതായിട്ടും ആയുധക്കാരുടെയും പ്രഭുത്വമുള്ളവരുടെയും അഭിഗമന മുണ്ടായിട്ടും നാല്ക്കാലികളുടെ അഭിഗമനം ഉണ്ടാവാത്തതായിട്ടും കണ്ടുവരുന്നു. അതുഹെതുവായിട്ട മെൽപറഞ്ഞ വിധിയും ഈ വിധിയുംകൂടി യൊജിക്കുന്നത എങ്ങിനെ എന്നുണ്ടു എങ്കിൽ പറയാം- മെൽപറഞ്ഞ ഗ്രഹങ്ങൾക്കു ഉഭയരാശി സ്ഥിതിമുതലായതുകൂടെ ഉണ്ടു എങ്കിൽ അവിടെ രണ്ടുപ്രകാരത്തിലും പറയാം. ഉഭയരാശി സ്ഥിതിമുതലായതില്ലെങ്കിൽ അതൊ ഇതൊ രണ്ടിലൊന്നു ഭവിച്ചു എന്ന വികല്പിച്ചു പറഞ്ഞുകൊൾക. വികല്പിച്ചു പറഞ്ഞാൽ ശാസ്ത്രത്തിന്ന സന്ദെഹനിവൎത്തകത്വമില്ലെന്നവരും എന്നുശങ്കിക്കെണ്ട. ഇതും ശകുനമായി ഭവിച്ചുവൊ ഉള്ള

യൊ എന്നുള്ള സന്ദെഹം സകലവസ്തുസാധാരണമായിട്ട ഭവി
ച്ചിരുന്നു. അതു പൊയിട്ട ഇപ്പൊൾ ഉഭയത്തെ ആശ്രയിച്ചു
തായിതീൎന്നുവെല്ലൊ. അതുകൊണ്ടു സന്തൊഷിച്ചു കൊൾക- വൃ
ഷ്ചികവിശപാസത്തിന്ന ഇത്രതന്നെ ആയാലും അതുകാരണമാ
യിട്ടഭവിക്കകയും ചെയ്യും- ഊഹാപൊഹസാമൎത്ഥ്യം മന്ത്രസിദ്ധി
ഇത്യാദികൾകൂടെ ഉണ്ടായിരിക്കമെല്ലൊ അതുകൊണ്ടു സന്ദെഹം
വരുന്ന സമയം ഇവിടെ ഇന്നപ്രകാരം പറയെണമെന്നുള്ള
ബൊധം സൽസ്ഥിഷ്യന്മാൎക്ക ഗുരുദൈവതാനുഗ്രഹവശാൽ ഉണ്ടാക
യുമാം എന്ന ധരിച്ചുകൊൾകയും വെണം-

(൨൭) ഏതദാശ്രിതക്ഷവിഷയം॥

അന്വയാൎത്ഥം — ഇത ആശ്രിതക്ഷവിഷയമായിട്ടഭവിക്കുന്നു-

സാരം—— യാതൊരു രാശികൊണ്ടു ഭൂതൻ പുറപ്പെട്ടുന്നുവൊ
അതും യാതൊരുരാശിയിൽ നിന്നുചൊദ്യന്നുക്കുവൊ അതും യാ
തൊരുരാശി ആരൂഢരാശിയുടെ നിശ്ചയമില്ലായ്കയാൽ ഉണ്ടാക്ക
പ്പെട്ടുന്നുവൊ അതും ആശ്രിത രാശിതന്നെ എന്ന ധരിച്ചു
കൊൾക-

൨൮. വൃഷ്ചികസ്യദിശിസ്ഥാനംവിശെഷാച്ശുഭമംഗനാം। വൃ
ഷകസ്യസ്ഥിതിഃകൊണെപ്രശ്നസ്ത്രീവിഷയെശുഭാ॥

അന്വയാൎത്ഥം — സ്ത്രീകളുടെ പ്രശ്നത്തിങ്കൽ വൃഷകന്റെ ദി
ക്കിങ്കൽ ഉള്ളസ്ഥാനം അതിശയെന ശുഭമായി ഭവിക്കുന്നു-
സ്ത്രീവിഷയമായിരിക്കുന്ന പ്രശ്നത്തിങ്കൽ വൃഷ്ചികന്റെ കൊണി
ങ്കൽ ഉള്ളസ്ഥിതി ശുഭയായി ഭവിക്കുന്നു-

സാരം—— പുരുഷന്മാരുടെ ഇഷ്ടകഷ്ടഫലങ്ങളെക്കുറിച്ചുള്ള
പ്രശ്നത്തിങ്കൽ പ്രഷ്ടാവിന്റെ ദിക്കിലുള്ള സ്ഥിതി അതിശയെ
ന ശുഭത്തെ സൂചിപ്പിക്കുന്നതാകുന്നു- സ്ത്രീകളുടെ ഇഷ്ടകഷ്ടഫ
ലത്തെ അറിവാനായിക്കൊണ്ടുള്ള പ്രശ്നത്തിങ്കൽ പ്രഷ്ടാവി
ന്റെ മൂക്കിലുള്ളസ്ഥിതി ശുഭത്തെ അറിയിക്കുന്നതാകുന്നു- സ്ത്രീവി
ഷയമായപ്രശ്നത്തിങ്കലും ദിക്കിലുള്ള സ്ഥിതി നല്ലതല്ലെന്നില്ലാ-

൨൯. ദക്ഷിണാശാഭിമുഖ്യംച പ്രഷ്ടുൎദ്ദിശിസ്ഥിതിഃ। അ
ശുഭായഭവെന്നൂനമായുഃപ്രശ്നെവിശെഷതഃ॥

അന്വയാൎത്ഥം—— പ്രഷ്ടാവിന്റെ യമദിക്കിങ്കൽ ഉള്ള സ്ഥി
തിയും ദക്ഷിണാശാഭിമുഖ്യവും അശുഭത്തിനായിക്കൊണ്ടു ഭവി
ക്കും നിശ്ചയം- ആയുഃപ്രശ്നത്തിങ്കൽ ഏററവും അശുഭത്തിന്നാ
യിക്കൊണ്ടു ഭവിക്കും-

സാരം——ചൊദിക്കുന്നവൻ തെക്കെ ദിക്കിൽ നിന്നു ചൊദി

ക്കുകയും തെക്കോട്ട തിരിഞ്ഞുനിന്ന ചോദിക്കുകയും സകലപ്രശ്നത്തിങ്കലും അമംഗല സൂചകമാകുന്നു- ആയുഃ പ്രശ്നത്തിങ്കൽ വിശെഷിച്ചു മെന്നഅറിഞ്ഞു കൊൾക-

(വാ) ഏതല്ലിംഗവിഷയം ।।

അന്വയാൎത്ഥം —— ഇത ലിംഗവിഷയമായി ഭവിക്കുന്നു-

സാരം——മെൽപറഞ്ഞ ശ്ലോകങ്ങൾ രണ്ടും അൎത്ഥങ്ങൾ കൊണ്ടു ഗ്രഹിക്കെണ്ടുന്ന ലിംഗിന്റെ ഗുണവും ദൊഷവുമാകയാൽ ലിംഗവിഷയങ്ങളാകുന്നു-

൧൦൭- ആകാശവായുവഹ്ന്യൎണ്ണപൂൎവ്വം തൽഗണപൂൎവ്വകം । ഭൂതാൎത്ഥവാചകം ചാപി വചനന്നശുഭപ്രദം ।।

അന്വയാൎത്ഥം —— ആകാശ വായു വഹ്ന്യൎണ്ണപൂൎവ്വമായിയും തൽഗണപൂൎവ്വമായിയും ഭൂതാൎത്ഥവാചകമായിയും ഇരിക്കുന്ന വചനം ശുഭപ്രദമായി ഭവിക്കുന്നില്ലാ.

സാരം——ആകാശം, വായു, അഗ്നി ഇതുകളുടെ അക്ഷരങ്ങളിൽ എതെങ്കിലും ഒന്നിനെയൊ ആകാശത്തിന്റെയും വായുവിന്റെയും അഗ്നിയുടെയും ഗണങ്ങളിൽ എതെങ്കിലും ഒന്നിനെയൊ മുമ്പിലാക്കി പറകപ്പെട്ടാൽ ആ വാക്കും കഴിഞ്ഞതിനെ ബൊധിപ്പിക്കുന്നതായ വാക്കും അശുഭത്തെ സൂചിപ്പിക്കുന്നതാകുന്നു. ഗണമെന്നത മുമ്മൂന്നക്ഷരങ്ങളൊടുകൂടിയ സമുദായമാകുന്നു.

(വാ) അത്രപ്രശ്നസംഗ്രഹഃ ।।

അന്വയാൎത്ഥം——ഇവിടെ പ്രശ്നസംഗ്രഹം ഭവിക്കുന്നു.

സാരം——പ്രശ്നാക്ഷരസംബന്ധിയായ ഒരു വിഷയത്തിങ്കൽ പ്രശ്നസംഗ്രഹമെന്നുള്ള ഗ്രന്ഥത്തിങ്കലും ചിലവചനങ്ങൾ ഉണ്ടു. അതുകളെ ഇനി എഴുതുന്നു.

൧൦൮. ആദ്യൈസ്സ്വരൈശ്ച കാദ്യൈശ്ച വൎഗ്ഗൈൎഭിന്നാദ്വിധാ ലിപിഃ । സ്വരാജ്ജീവാസ്തനുൎവ്വൎഗ്ഗാ ഇത്ഥം ജ്ഞേയാ ച മാതൃകാ ।।

അന്വയാൎത്ഥം ——ആദ്യങ്ങളായിരിക്കുന്ന സ്വരങ്ങൾ ഹെതുവായിട്ടും കാദ്യങ്ങളായിരിക്കുന്ന വൎഗ്ഗങ്ങൾ ഹെതുവായിട്ടും ലിപി രണ്ടുപ്രകാരെണ ഭിന്നയായി ഭവിക്കുന്നു. സ്വരങ്ങൾ ജീവനാകുന്നു. വൎഗ്ഗങ്ങൾ തനുവാകുന്നു. ഇങ്ങിനെയും മാതൃകാ രണ്ടുപ്രകാരെണ ജ്ഞെയയായി ഭവിക്കുന്നു.

സാരം——സ്വരങ്ങളും വൎഗ്ഗങ്ങളും ഇങ്ങിനെ അക്ഷരങ്ങൾ രണ്ടുവകയാകുന്നു. അതുകളിൽ സ്വരാക്ഷരങ്ങൾ അകാരം മുതൽ പതിനാറാകുന്നു. അതുകൾക്ക അച്ച എന്നും പെരുണ്ടു-ഇപ്ര

കാരം ശെഷങ്ങൾക്ക ഹല്ല എന്നും പൊതുണ്ടം ഹല്ലുകൾവർഗ്ഗമെന്ന പെരൊടുംകൂടിയതുകളാകുന്നു. ക- ഖ-ഗ-ഘ-ങ- ഇതുകൾക്കു കവർഗ്ഗമെന്നത ഒന്നായിട്ടുള്ള പെരാകുന്നു എന്നും അപ്രകാരം ച-ഛ-ജ-ഝ-ഞ- ഇതുകൾക്ക ചവർഗ്ഗമെന്നു പെരാകുന്നു എന്നും, ട-ഠ-ഡ-ഢ-ണ-. ഇതുകൾക്ക ടവർഗ്ഗമെന്നു പെരാകുന്നു എന്നും ത-ഥ-ദ-ധ-ന-ഇതുകൾക്ക തവർഗ്ഗമെന്നപെരാകുന്നു എന്നും പ-ഫ-ബ-ഭ-മ- ഇതുകൾക്ക പ വർഗ്ഗമെന്നു പെരാകുന്നു എന്നുംയ-ര- ഇത്യാദികളായ ശിഷ്ടങ്ങൾക്ക യ വർഗ്ഗമെന്നപെരാകുന്നു എന്നും ഗ്രഹിച്ചുകൊൾക. ഇതുകളിൽ സ്വരാക്ഷരങ്ങളൊക്കെയും ജീവനാകുന്നു. വർഗ്ഗാക്ഷരങ്ങൾ ഒക്കെയും ശരീര മാകുന്നു.

൪൯. പ്രശ്നവാക്യംസ്വരാദ്യഞ്ചെജ്ജ്ഞേയംജീവഗതംശുഭം ।
ദൊഷശ്ചെദ്ദെഹവിഷയൊഹലാദ്യംചെദതൊന്യഥാ॥

അന്വയാർത്ഥം:—പ്രശ്നവാക്യം സ്വരാദ്യമാകുന്നു എംകിൽ ശുഭം ജീവഗതമാകുന്നു എന്ന ജ്ഞേയമായി ഭവിക്കുന്നു- ദൊഷം ദെഹവിഷയ മാകുന്നു എന്നും ജ്ഞേയമായി ഭവിക്കുന്നു- ഹലാദ്യമാകുന്നു എംകിൽ ഇതിങ്കൽ നിന്ന അന്യപ്രകാരെണ ശുഭവും ദൊഷവും ജ്ഞേയമായി ഭവിക്കുന്നു-

സാരം——ജ്യൊതിഷികനൊട പൃച്ഛകൻചൊദിച്ചത അകാരാദികളിൽ ചെന്നതായ ഒരു അക്ഷര മാകുന്ന ആദ്യത്തൊടകൂടിയതാകുന്നു എംകിൽ ജീവന്നു ദൊഷമില്ലെന്നും ദൊഷമുള്ളതുദെഹത്തിങ്കലാകുന്നു എന്നും ഗ്രഹിക്കെണം- കകാരാദികളിൽ ചെന്നതായ ഒരക്ഷരമാകുന്നു അതിന്റെ ആദിയിലെംകിൽ ദെഹം നിർദ്ദൊഷമാകുന്നു എന്നും, ദൊഷമുള്ളതു ജീവങ്കലാകുന്നു എന്നും ഗ്രഹിക്കെണം-

൫൦- വർഗ്ഗെഷ്വക്ഷരപഞ്ചകംപവനവഹ്നീന്ദ്രാംബുനാപുംസകം വാക്യാദൌതുനപുംസകാക്ഷരമതീവാനിഷ്ടദംപൃച്ഛതാം ।
ഉഷ്ണൌമാരുതപാവകൌ വലരിപുർമ്മദ്ധ്യഃപ്രശസ്തംജലംദീർഘഹ്രസ്വവിഭാഗതസ്സ്വരഗണാശ്ചാംഭൊമഹെന്ദ്രാത്മകാഃ॥ ഇതി॥

അന്വയാർത്ഥം — വർഗ്ഗങ്ങളിലെ അക്ഷരപഞ്ചകം പവനവഹ്നീന്ദ്രാംബുനപുംസകമായി ഭവിക്കുന്നു- വാക്യാദിയിങ്കലാകട്ടെ നപുംസകാക്ഷരം പൃച്ഛത്തുകൾക്ക ഏററവും അനിഷ്ടദമായിഭവിക്കുന്നു- മാരുതപാവകന്മാർ ഉഷ്ണന്മാരാകുന്നു- വലരിപുമദ്ധ്യനാകുന്നു- ജലംപ്രശസ്തമാകുന്നു- ദീർഘഹ്രസ്വവിഭാഗത്തെ ആശ്രയിച്ചിട്ട സ്വരഗണങ്ങളും അംഭൊമഹെന്ദ്രാത്മകങ്ങളായി

ഭവിക്കുന്നു-

സാരം — ക-ഖ-ഗ-ഘ-ങ ൟ അക്ഷരങ്ങൾ ക്രമേണ വായുവും അഗ്നിയും ഇന്ദ്രനും നപുംസകവു മാകുന്നു. ഇപ്രകാരം ച വൎഗ്ഗം മുതലായ വൎഗ്ഗങ്ങളിലെ അക്ഷരങ്ങളെയും ഗ്രഹിച്ചുകൊൾക. യ വൎഗ്ഗത്തിങ്കലെ ആദ്യം മുതൽ അഞ്ചെ അക്ഷരങ്ങളെയും പിന്നെ ഷകാരം മുതലായ ശേഷാക്ഷരങ്ങളെയും മേൽപ്രകാരം ഗ്രഹിച്ചു കൊൾക. അ ആ ഇതുകളിൽ ഹ്രസ്വം ഇന്ദ്രനും ദീൎഘം ജലമാകുന്നു. ഇപ്രകാരം ഇ-ൟ ഇത്യാദികളെയും ഗ്രഹിച്ചുകൊൾക. എകാരത്തിന്നും ഒകാരത്തിന്നും ഹ്രസ്വമില്ല എന്ന സംസ്കൃത ശബ്ദാനുസാരികൾ പറയുന്നു. എങ്കിലും ഇതര ഭാഷയിലും പ്രശ്ന വാക്യം സംഭവിക്കുന്നതാകയാൽ ഭാഷാനുരോധേന അതുകളുടെ ഉച്ചാരണം ഹ്രസ്വമായി വരികിൽ അതുകളെ ഇന്ദ്ര സ്വരൂപങ്ങളായിട്ടും ദീൎഘമായി വരികിൽ ജല സ്വരൂപങ്ങളായിട്ടും ഗ്രഹിക്കേണം- അനുസ്വാര വിസൎഗ്ഗങ്ങൾക്കു മറ്റൊന്നിനോടു കൂടിയല്ലാതെ ഉച്ചാരണമില്ലായ്കയാലും അതുകളെക്കുറിച്ചു ഹ്രസ്വമെന്നും ദീൎഘമെന്നുമുള്ള വ്യവഹാരം ഇല്ലായ്കയാലും അതുകളെ ഇവിടെ വിവക്ഷിച്ചിട്ടില്ല എന്നറിക. വാക്യാദിയിൽ നപുംസകാക്ഷരം വരികിൽ അത ഏറ്റവും അശുഭ സൂചക മാകുന്നു. വായുവും അഗ്നിയും അതുപോലെ എന്നില്ല എങ്കിലും അശുഭസൂചകങ്ങൾ തന്നെ ഇന്ദ്രാക്ഷരങ്ങൾ അത്യന്ത ശുഭത്തെയും അത്യന്തമായ അശുഭത്തെയും സൂചിപ്പിക്കാത്തതുകളാകയാൽ മദ്ധ്യങ്ങളാകുന്നു ജലാക്ഷരങ്ങൾ ശുഭസൂചകങ്ങളാകുന്നു ഇതിശബ്ദം സമാപ്തി ബോധകമാകുന്നു.

(വാ) അനുഷ്ഠാനപദ്ധതിശ്ച-

അന്വയാൎത്ഥം — അനുഷ്ഠാന പദ്ധതിയും ഭവിക്കുന്നു.

സാരം — ൟ വിഷയത്തിങ്കൽ ഉപയോഗിക്കുന്നതായ വചനം അനുഷ്ഠാന പദ്ധതിയിലുമുണ്ടു അതിനെ അനന്തരം കാണിപ്പാൻ പോകുന്നു.

൧൧. മദ്ധ്യാന്ത്യാദ്യഖിലേഷു ഗാജസഭമോസ്സ്യുർന്നിലേന്ദുക്ഷമാ
മാമേവാപ്തീതരുഗന്ന്യദേശഗമനപ്രഖ്യാതകീൎത്തിശ്രിയഃ। തഥാ
ൽസ്യുൎല്ലഘവോഗണാരതയനാവഹ്ന്യംബരാംഭോദിവൊ മൎത്ത്യാ
സ്സ്യുൎമ്മൃതിശ്രുന്യതൊത്തമസമുദ്ധ്യാമ്ലംഷീതെതനപതെ॥

അന്വയാൎത്ഥം — ജസഭമങ്ങളാകുന്നഗണങ്ങൾ മദ്ധ്യാന്ത്യാദ്യഖിലങ്ങളിൽ ഗണങ്ങളായി ഭവിക്കും സ്യുർന്നിലേന്ദുക്ഷമക

ൾ അതുകളുടെ ദൈവന്മാരായി ഭവിക്കും. അതുകൾ സ്ത്രീതനയ
ന്ന്യദെശ ഗമന പ്രഖ്യാതകീൎത്തിശ്രീകളെ ഉണ്ടാക്കുന്നു. രതയ
ന്ത്രങ്ങളാകുന്ന ഗണങ്ങൾ അതുകളെന്നപൊലെ ലഘുക്കളായി
ഭവിക്കും. വന്ന്യംബരാംഭൊമിവുകൾ അതുകളുടെ അമാത്ത്യന്മാ
രായി ഭവിക്ക. അതുകൾ മൃത്യുശൂന്ന്യതൊത്തമ സമൃദ്ധ്യായുസ്സു
കളെ ഉണ്ടാക്കുന്നു.

സാരം——പ്രശ്നവാക്യത്തിന്റെ ആദ്ദ്യക്ഷരത്തെയും രണ്ടാം
അക്ഷരത്തെയും മൂന്നാം അക്ഷരത്തെയും ഗ്രഹിച്ചിട്ട അതു
കൾ കൊണ്ടു ഗണത്തെ കല്പിക്കെണം എന്നാൽ ജഗ
ണം, സഗണം, ഭഗണം, മഗണം, രഗണം, തഗണം. യഗ
ണം, നഗണം ഇങ്ങിനെ എട്ടു പ്രകാരമെ ഗണങ്ങളുണ്ടാ
കും അതുകളിൽ ജഗണം മദ്ധ്യഗുരുവായിട്ടുള്ളതാകുന്നു. അതി
ന്റെ ദെവത സൂൎയ്യനാകുന്നു- ഫലം മഹാവ്യാധിയാകുന്നു-
സഗണം അന്ത്യഗുരുവായിട്ടുള്ളതാകുന്നു- അതിന്റെ ദെവത
വായുവാകുന്നു- ഫലം തന്റെ ദെശം വിട്ടു വല്ലെടത്തെക്കുമുള്ള
യാത്രയാകുന്നു- ഭഗണം ആദ്യഗുരുവായിട്ടുള്ളതാകുന്നു- അതി
ന്റെ ദെവത ചന്ദ്രനാകുന്നു- ഫലം അനെക ദെശങ്ങളിൽ
പരന്നതായ യശസ്സാകുന്നു- മഗണം ആദിയിലും മദ്ധ്യ
ത്തിലും അവസാനത്തിലും ഗുരുവായിട്ടുള്ളതാകുന്നു- അതിന്റെ
ദെവത ഭൂമിയാകുന്നു- ഫലം സംപത്താകുന്നു- രഗണം മദ്ധ്യ
ലഘുവായിട്ടുള്ളതാകുന്നു- അതിന്റെ ദെവത അഗ്നിയാകുന്നു-
ഫലം മരണമാകുന്നു- തഗണം അന്ത്യലഘുവായിട്ടുള്ളതാകുന്നു-
അതിന്റെ ദെവത ആകാശമാകുന്നു- ഫലം ഗൃഹധനധാന്ന്യാ
ദികളുടെ അത്യന്ത നാശമാകുന്നു- യഗണം- ആദിലഘുവാ
യിട്ടുള്ളതാകുന്നു- അതിന്റെ ദെവത ജലമാകുന്നു ഫലം വലുതാ
യിട്ടുള്ള സമൃദ്ധിയാകുന്നു- നഗണം ആദിയിലും മദ്ധ്യത്തിങ്ക
ലും അവസാനത്തിങ്കലും ലഘുവായിട്ടുള്ളതാകുന്നു- അതിന്റെ
ദെവത ബ്രഹ്മാവാകുന്നു. ഫലം ആയുസ്സാകുന്നു- ദീൎഘാക്ഷര
ങ്ങളും കൂട്ടക്ഷരം പരമായിരുന്നാൽ ഹ്രസ്വാക്ഷരങ്ങളും കൂട്ടക്ഷ
രം പരമായിട്ടില്ലെങ്കിലും അനുസ്വാരമൊ വിസൎഗ്ഗമൊ ഉണ്ടാ
യിരുന്നാൽ അങ്ങിനെ ഉള്ള ഹ്രസ്വാക്ഷരങ്ങളും ഗുരുക്കളാകു
ന്നു- ഇനി മെൽ പറഞ്ഞ ഗണങ്ങളുടെ ഉദാഹരണങ്ങളെ
കാണിക്കാം-

രമാജ ബിഭൎത്തി സഹംസ പയഃപെ ഇതു നാലും ജഗണ
ങ്ങളാകുന്നു- രമാജ എന്നതിന്റെ മദ്ധ്യാക്ഷരമായ മാ എന്നതു

ദീൎഘാക്ഷരമാകയാൽ ഗുരുവായിട്ടുള്ളതാകുന്നു- അതുകൊണ്ടു രരീ ജ എന്നതു മദ്ധ്യഗുരുവായ ഗണമായെല്ലൊ- ജഗണം മദ്ധ്യ ഗുരുവായിട്ടുള്ളതാകുന്നു എന്നു പറഞ്ഞിട്ടുമുണ്ടു- ഇപ്രകാരം ബലി ഭേത്തി എന്നതിന്റെ മദ്ധ്യാക്ഷരമായ ഭേ എന്നതു ദീൎഘാക്ഷര മല്ല എങ്കിലും അതിന്റെ ശേഷമായിട്ടു കൂട്ടക്ഷരത്തിന്റെ ഉച്ചാരണം വരികയാൽ അതു ഗുരുതന്നെ- സഹംസ എന്നതി ന്റെ മദ്ധ്യാക്ഷരം അനുസ്വാരത്തൊടുകൂടിയതാകയാൽ ഗുരുവാകുന്നു- പയഃപ എന്നതിന്റെ മദ്ധ്യാക്ഷരം വിസൎഗ്ഗത്തൊടുകൂടീയതാകയാൽ ഗുരുവാകുന്നു- ഇങ്ങിനെ അതുകളും മദ്ധ്യഗുരുക്കളാകയാൽ ജഗണങ്ങൾ തന്നെ- സഗണാദികളുടെ ഉദാഹരണങ്ങളെ ജഗണൊദാഹരണങ്ങൾകൊണ്ടുതന്നെ ഊഹിപ്പാൻ കഴിയുന്നതുകളാകുന്നു- രഗണത്തിന്റെ ഉദാഹരണം- ചൊദനാ എന്നാകുന്നു- ഇവിടെ മദ്ധ്യാക്ഷരം ലഘുവാകുന്നു- ഹ്രസ്വാക്ഷരത്തെ ലഘു എന്ന അറിഞ്ഞുകൊൾക- കൂട്ടക്ഷരം പരമായിരുന്നാലും അനുസ്വാരവിസൎഗ്ഗങ്ങളൊടുകൂടി ഇരുന്നാലും ഹ്രസ്വം തന്നെ ഗുരുവായിരിക്കുമെന്നു പറഞ്ഞിട്ടുണ്ടു- എങ്കിലും ഇവിടെ അപ്രകാരമല്ലായ്കയാൽ മദ്ധ്യാക്ഷരം ലഘുതന്നെ എന്നു ഗ്രഹിച്ചുകൊൾക- ശെഷഗണങ്ങളുടെ ഉദാഹരണങ്ങളെ ഇതുകൊണ്ടുതന്നെ ഊഹിക്കാം- അതു ഹെതുവായിട്ടു വെവ്വെറെ കാണിക്കുന്നില്ല-

വായു, അഗ്നി, ഭൂമി ഇവ മൂന്നു പദാൎത്ഥങ്ങൾ അചെതനങ്ങളായിട്ടു കണ്ടുവരുന്നു- വായു എന്നതു കാറ്റും അഗ്നിഎന്നതതിയ്യും ഭൂമിഎന്നതു മണ്ണുമെല്ലാ ആകുന്നതു- എങ്കിലും വായു എന്നൊരുദൈവനും അഗ്നിഎന്നൊരുദൈവനും ഭൂമി എന്നൊരുദെവിയും ഉണ്ടെന്നു പുരാണാദികളിൽ പ്രസിദ്ധമാകയാൽ അവർ ചില ഗണങ്ങളുടെ ദെവതകളായിട്ടും ഭവിക്കാം- ആകാശവും ജലവും സൎപ്പവും ഗണദെവതകളായി ഭവിക്കുന്നതെങ്ങിനെ അതുകൾ കെവലാചെതനപദാൎത്ഥങ്ങളല്ലെ എന്നു ചൊദിക്കുന്നു എങ്കിൽ അതിന്റെ സംഗതിയെയും പറയാം- വായ്വാദികളെന്നപൊലെ ആകാശാദികളും ദെവതകളായിട്ടുണ്ടു അനുസ്വാരസഹിതമായ ഹ എന്ന അക്ഷരമാകുന്ന മന്ത്രംകൊണ്ടു ആകാശാഭിമാനിദെവതയുടെ ഉപാസനത്തെ വെദം തന്നെ വിധിച്ചിരിക്കയാൽ ആകാശമെന്നൊരു ദെവതയെ കല്പിക്കെണം- വനസ്പതിസത്രന്യായെന മെൽപ്രകാരം കല്പിക്കാതെ കഴികയുമില്ല-വനസ്പതികളൊക്കയും സ്ഥാവരശരീരത്തിങ്കൽ പെട്ടിട്ടുള്ളജീ

ആത്മാക്കളല്ലല്ലൊ ആകുന്നത- അവക്ക യാഗാനുഷ്ഠാനം സംഭവിക്കുന്നതല്ല- എങ്കിലും വനസ്പതികൾ സത്രത്തെ അനുഷ്ഠിച്ചു എന്ന പ്രയോഗം ഉണ്ടാകയാൽ വനസ്പതികൾ എന്ന ചില്ദേവതകളെ കല്പിച്ചിരിക്കുന്നു- അതുപൊലെ ആകാശൊപാസനവും വേദത്താൽ വിഹിതമാകയാൽ ആകാശമെന്നൊരുദെവതയെ സ്വീകരിച്ചുകൊൾക- ഇപ്രകാരം ജലവും ദെവതാരൂപമായിട്ടുണ്ടെന്ന കല്പിക്കെണം- അങ്ങിനെ കല്പിക്കാതെ ഇരുന്നാൽ ആപൊ[illegible]വൻ ഇത്യാദിവൈദികപ്രയൊഗങ്ങൾക്കഅ സാധുത്വം പ്രസംഗിക്കും- ആപൊ[illegible]വൻ എന്നതിന്ന വെള്ളം പറഞ്ഞു എന്ന അൎത്ഥമാകുന്നു- അത ചേരെണമെങ്കിൽ ജലാഭിമാനിനിയായ ദെവത ഉണ്ടായിരിക്കെണമെല്ലൊ- സൎപ്പവും ദെവതാരൂപമായിട്ടുണ്ട എന്നതിന്നും ഇതുപൊലെ ഉള്ള പ്രമാണങ്ങൾ കാണൊന്നുണ്ട- അതുകൊണ്ട ആകാശത്തിന്നും ജലത്തിന്നും സൎപ്പത്തിന്നും ഇവിടെ ഗണദെവതാത്വത്തെ പറഞ്ഞതു യുക്തം തന്നെ എന്ന അറിഞ്ഞുകൊൾക-

൫൫. ശ്രൊത്രപ്രിയംവദതിവാവചനംശുഭംയൊയദ്വാൎത്ഥ
പുഷ്ടിശിരമസ്ഖലിതംതമാഹുഃ। പ്രഷ്ടാരമീയാത്വഭിമതംതദിതരൊ
നഭീഷ്ടമന്തെവിസൎഗ്ഗസഹിതംവചനഞ്ചവക്താ॥ ഇതി॥

അനന്വയാൎത്ഥം— യാതൊരു പ്രഷ്ടാവ അപ്പൊൾ ശ്രൊത്രപ്രിയമായി ശുഭമായിരിക്കുന്ന വചനത്തെയൊ അല്ലാ എങ്കിൽ അൎത്ഥപുഷ്ടശീരിന്നെയൊ അസ്ഖലിതമാകുംവണ്ണം വദിക്കുന്നുവൊ അവൻ അഭിമതത്തെ അഭിയാനംചെയ്യുന്നു- ഇതരൻ അനഭീഷ്ടത്തെ അഭിയാനംചെയ്യുന്നു- യാവനൊരുത്തൻ അന്തത്തിങ്കൽ വിസൎഗ്ഗസഹിതമായിരിക്കുന്ന വചനത്തെ വദിക്കുന്നുവൊ ആ വക്താവും അനഭീഷ്ടത്തെ അഭിയാനം ചെയ്യുന്നു-

സാരം— ചെവികൾക്ക സുഖത്തെ ഉണ്ടാക്കുന്നതായി വൎണ്ണഗണാദിദൊഷങ്ങളൊട്ടുകൂടാത്തതായിട്ടുമിരിക്കുന്ന വാക്കിന്നെ പ്രശ്നകാലത്തിങ്കൽ യാവനൊരുത്തൻ പറയുന്നുവൊ അവന്നും ശബ്ദങ്ങൾക്ക മാധുൎയ്യമില്ലെങ്കിലും അൎത്ഥപുഷ്ടിയൊടും വൎണ്ണഗണാദിശുദ്ധിയൊടും കൂടിയവാക്കിന്നെ പറയുന്നവന്നുംഇഷ്ടപ്രാപ്തി ഫലമാകുന്നു- മെൽപ്രകാരമല്ലാതെ ഉള്ളവാക്കിന്നെയും അവസാനത്തിങ്കൽ വിസൎഗ്ഗത്തൊടു കൂടിയവാക്കിന്നെ പറയുന്നവന്നും അനിഷ്ടപ്രാപ്തി ഫലമാകുന്നു ഇതി ശബ്ദം സമാപ്തിയെ അറിയിക്കുന്നതാകുന്നു-

൫൬ പ്രഷ്ടൃവാക്യാദിവൎണ്ണനലഗ്നംസംഗ്രഹ്യചാരുനാദി വാ

ച്യം ശുഭാശുഭം സർവ്വം തൽപ്രകാരോഥ കഥ്യതേ ॥

അന്വയാർത്ഥം — പ്രഷ്ടൃവാക്യാദിവർണ്ണം കൊണ്ടു ലഗ്നത്തെ സംഗ്രഹിച്ചിട്ടു ഇതുകൊണ്ടും ശുഭാശുഭം വാച്യമായി ഭവിക്കുന്നു. അനന്തരം തൽപ്രകാരം കഥിക്കപ്പെടുന്നു.

സാരം — പ്രഷ്ടാവു ചൊദിച്ചാൽ ആ വാക്യത്തിന്റെ ആദ്യാക്ഷരത്തെകൊണ്ടു ലഗ്നരാശിയെ കല്പിച്ചിട്ടു അതുകൊണ്ടും ഇഷ്ടാനിഷ്ടഫലങ്ങളെ പറയെണം. അത ഇന്ന പ്രകാരമെന്ന ഇനി പറയുന്നു.

(൮) അത്രാശ്വാസപൂർത്തിഃ ॥

അന്വയാർത്ഥം — ഇവിടെ ആശ്വാസപൂർത്തി ഭവിക്കുന്നു.

സാരം — മെൽപ്രകാരം ലഗ്നകത്തെ കല്പിക്ക മുതലായതിന്ന പ്രമാണമായിട്ടു ആശ്വാസപൂർത്തി എന്നൊരു പ്രശ്നമുണ്ടു അതിലുള്ള വചനത്തെ ഇനി കാണിപ്പാൻ പൊകുന്നു.

൧൧൨. അകചടതപയാവർഗ്ഗാ രവികുജസിതസൌമ്യജീവസൌരാണാം । ചന്ദ്രസ്യ ചനിർദ്ദിഷ്ടാഃ പ്രഷ്ടുഃ പ്രഥമോൽഭവം വർണ്ണം ॥

൧൧൩. ജ്ഞാത്വാ തസ്മാല്ലഗ്നം സംഗ്രഹ്യ ശുഭാശുഭം വദേൽ പ്രഷ്ടുഃ । വർഗ്ഗാദിമധ്യചരമൈർവ്വർണ്ണൈഃ പ്രഥമോൽഭവൈർവ്വിഷമം ॥

൧൧൪. രാശിം ലഗ്നം പ്രവദേച്ശിഷ്ടൈര്യുഗ്മം കുജജ്ഞജീവാനാം ഭൃഗുരവിജയോശ്ച നൈവം രവിശശിനോരേകരാശിതാൽ ॥

അന്വയാർത്ഥം — അകചടതപയങ്ങളാകുന്ന വർഗ്ഗങ്ങൾ രവികുജസിതസൌമ്യജീവസൌരന്മാരുടെയും ചന്ദ്രന്റെയു മാക്കിനിർദ്ദിഷ്ടങ്ങളായി ഭവിക്കുന്നു. പ്രശ്നത്തിങ്കൽ പ്രഥമോൽഭവമായിരിക്കുന്ന വർണ്ണത്തെ അറിഞ്ഞിട്ടു അതിങ്കൽനിന്നു ലഗ്നത്തെ സംഗ്രഹിച്ചിട്ടു പ്രഷ്ടാവിന്റെ ശുഭാശുഭത്തെ വദിക്കെണം. പ്രഥമോൽഭവങ്ങളായി വർഗ്ഗാദിമധ്യചരമങ്ങളായിരിക്കുന്ന വർണ്ണങ്ങൾ കൊണ്ടു കുജജ്ഞജീവന്മാരുടെയും ഭൃഗുരവിജന്മാരുടെയും വിഷമമായിരിക്കുന്ന രാശിയെ ലഗ്നമാക്കി പ്രവദിക്കെണം. ശിഷ്ടങ്ങൾകൊണ്ടു യുഗ്മത്തെ ലഗ്നമാക്കി പ്രവദിക്കെണം. രവിശശികൾക്ക ഏകരാശിതാം ഹെതുവായിട്ടു ഇപ്രകാരമല്ല.

സാരം — അകാരാദി പതിനാറക്ഷരങ്ങൾ ആദിത്യന്റെ എന്നും കകാരം മുതൽ അഞ്ചക്ഷരങ്ങൾ ചൊവ്വയുടെ എന്നും ചകാരം മുതൽ അഞ്ചക്ഷരങ്ങൾ ശുക്രന്റെ എന്നും ടകാരം മുതൽ അഞ്ചക്ഷരങ്ങൾ ബുധന്റെ എന്നും തകാരം മുതൽ അഞ്ചക്ഷരങ്ങ-

ൾ വ്യാഴത്തിന്റെ എന്നും പകാരം മുതൽ അഞ്ചക്ഷരങ്ങൾ ശനിയുടെ എന്നും ശിഷ്ടങ്ങൾ ചന്ദ്രന്റെ എന്നും പൂൎവ്വശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കയാൽ ദൈവജ്ഞനൊടു പ്രഷ്ടാവു പറഞ്ഞ വാക്കിന്റെ ആദ്യക്ഷരത്തെ ഗ്രഹിച്ചിട്ടു ആ അക്ഷരം എതൊരു ഗ്രഹത്തിന്റെ വൎഗ്ഗത്തിൽ ചെൎന്നതായി വരുമൊ ആ ഗ്രഹത്തിന്റെ ക്ഷെത്രമായ രാശിയെ ലഗ്നമാക്കി കല്പിച്ചു അതുകൊണ്ടും ഇഷ്ടകഷ്ട ഫലങ്ങളെ ചിന്തിക്കെണം- ആദിത്യന്റെ ക്ഷെത്രം ചിങ്ങം ചന്ദ്രന്റെ ക്ഷെത്രം കൎക്കടകം ചൊവ്വയുടെ ക്ഷെത്രം മെടവും വൃശ്ചികവും ബുധന്റെ ക്ഷെത്രം മിഥുനവും കന്നിയും വ്യാഴത്തിന്റെ ക്ഷെത്രം ധനുവും മീനവും ശുക്രന്റെ ക്ഷെത്രം ഇടവവും തുലാരാശിയും ശനിയുടെ ക്ഷെത്രം മകരവും കുംഭവുമാകുന്നു- ഇങ്ങിനെ ഉള്ള ക്ഷെത്രവിഭാഗത്തെ അനുസരിക്കുംപൊൾ എതെതു ഗ്രഹങ്ങൾക്കു ക്ഷെത്രം രണ്ടായിട്ടു കാണുന്നുവൊ അവരുടെ വൎഗ്ഗത്തിലെ ഓജാക്ഷരംകൊണ്ടു ഓജക്ഷെത്രത്തെയും യുഗ്മാക്ഷരംകൊണ്ടു യുഗ്മക്ഷെത്രത്തെയും ലഗ്നമാക്കിക്കൊൾക- വൎഗ്ഗാക്ഷരങ്ങളിൽ ഒന്നാമത്തെത ഓജം രണ്ടാമത്തെതു യുഗ്മം ഇങ്ങിനെ മുന്നു തുടങ്ങിയുള്ള അക്ഷരങ്ങളെയും ക്രമെണ ഗ്രഹിച്ചു കൊൾക- രാശികളിൽ ഓജയുഗ്മങ്ങളെയും മെൽ പ്രകാരം ഗ്രഹിച്ചുകൊൾക- സൂൎയ്യനും ചന്ദ്രനും ഓരൊ രാശിതന്നെ ക്ഷെത്രമായിരിക്കയാൽ അതാതു വൎഗ്ഗങ്ങളിലെ എല്ലാ അക്ഷരങ്ങൾകൊണ്ടും അവരുടെ ക്ഷെത്രമായ ചിങ്ങത്തെയും കൎക്കടകത്തെയും ഗ്രഹിച്ചുകൊൾക- ഇപ്രകാരം പ്രശ്നവാക്കിന്റെ ആദ്യാക്ഷരംകൊണ്ടു ലഗ്നത്തെ കല്പിച്ചാൽ അതുകൊണ്ടും ഗുണദൊഷങ്ങളെ ചിന്തിക്കാം- അതിനുള്ള ക്രമം ഇനി ഒരെടത്തു വിസ്തരിച്ചു പറകയും ചെയ്യുമെന്നറിക-

൫൫. തസ്മാല്ലഗ്നാൽപ്രവദെൽപൃഛാസമയെശുഭാശുഭംസൎവ്വം। കാലസ്യാവിജ്ഞാനാദെതച്ചിന്ത്യംബഹുപ്രശ്നെ॥

അന്വയാൎത്ഥം—— ആ ലഗ്നത്തെ അനുസരിച്ചിട്ടു പൃഛാസമയത്തിങ്കൽ സൎവ്വമായിരിക്കുന്ന ശുഭാശുഭത്തെ പ്രവദിക്കെണം- ഇതു കാലത്തിന്റെ അവിജ്ഞാനം ഹെതുവായിട്ടു ബഹുപ്രശ്നത്തിങ്കൽ ചിന്ത്യമായി ഭവിക്കുന്നു-

സാരം—— മെൽ പ്രകാരം വരുന്ന ലഗ്നരാശിയെ പ്രമാണിച്ചു അതുകൊണ്ടു ശുഭാശുഭങ്ങളെ പറയെണം- ഇത ഉദയലഗ്നത്തിന്റെ സ്ഥാനത്തിങ്കൽ ഉള്ള ലഗ്നരാശിയാകയാൽ അനെകങ്ങളായിരിക്കുന്ന പ്രശ്നങ്ങൾ സമയനിശ്ചയത്തൊടു കൂടാത്തതു

കളായിട്ടു സംഭവിക്കുന്നതു കളാകയാൽ അതുകളിലൊക്കെയും ഉപയോഗമുള്ളതാകുന്നു-

(൮) ഏതൽപ്രശ്നാക്ഷരവിഷയം ॥

അന്വയാൎത്ഥം—— ഇതു പ്രശ്നാക്ഷരവിഷയമായി ഭവിക്കുന്നു.

സാരം—— ആകാശവായുവഹ്ന്യംബുപൂൎവ്വം തൽഗണപൂൎവ്വകമെന്നു തുടങ്ങി ഇതുവരെ ഉള്ളതൊക്കെയും പ്രശ്നാക്ഷരംകൊണ്ടു ചിന്തിക്കപ്പെടേണ്ടതിനെ പറയുന്നതാകയാൽ പ്രശ്നാക്ഷരമാകുന്ന വിഷയത്തോടു കൂടിയതാകുന്നു.

൱൫. വാമാംഘ്രിരഗ്രേനിഹിതശ്ശുഭസ്യാദ്ദൂതസ്യദോഷായ
ചദക്ഷിണാംഘ്രിഃ । ദോഷായ ചാംഘ്രേശ്ചലനംഹി തസ്യസ്ഥി
തിംസ്ഥിരാതസ്യശുഭപ്രദാസ്യാൽ ॥

അന്വയാൎത്ഥം—— ദൂതന്റെ അഗ്രത്തിങ്കൽ നിഹിതമായിരിക്കുന്ന വാമാംഘ്രി ശുഭമായി ഭവിക്കും ദക്ഷിണാംഘ്രി ദോഷത്തിന്നായിക്കൊണ്ടു ഭവിക്കും- അവന്റെ അംഘ്രിയുടെ ചലനവും ദോഷത്തിന്നായിക്കൊണ്ടു തന്നെ ഭവിക്കും. അവന്റെ സ്ഥിരയായിരിക്കുന്ന സ്ഥിതി ശുഭപ്രദയായി ഭവിക്കും-

സാരം—— പൃച്ഛാസമയത്തിങ്കൽ ദൂതൻ ഇടത്തെക്കാല മുമ്പിൽ വെച്ചു എങ്കിൽ ഭാവിയായിട്ടുള്ളതു ശുഭമാകുന്നു എന്ന അറിഞ്ഞുകൊൾക- വലത്തെക്കാല മുമ്പിൽ വെച്ചാലും കാലിളക്കിയാലും ദോഷമാകുന്നു എന്ന അറിഞ്ഞുകൊൾക. ഇളക്കത്തൊടുകൂടാതെ ഉള്ള ദൂതന്റെ നില ശുഭ സൂചകമാകുന്നു-

൱൬. സുഖോപവിഷ്ടഋജ്വംഗസ്തുംഗദേശേശുഭാസനേ ।
ദൈവജ്ഞാഭിമുഖശ്ചേച്ഛുഭംയാത്യന്യഥാശുഭം ॥

അന്വയാൎത്ഥം —— തുംഗദേശത്തിങ്കൽ ശുഭാസനത്തിങ്കൽ സുഖോപവിഷ്ടനായി ഋജ്വംഗനായി ദൈവജ്ഞാഭിമുഖനായിരിക്കുന്ന പ്രഷ്ടാവും ശുഭത്തെത്തന്നെ യാനം ചെയ്യുന്നു മറ്റൊരു പ്രകാരമായാൽ അശുഭത്തെത്തന്നെ യാനം ചെയ്യുന്നു-

സാരം—— ഉയൎന്ന പ്രദേശത്തിങ്കൽ നല്ലൊരു പീഠത്തിന്മേൽ ഇരുന്നിട്ടു ശരീരത്തെ വളക്കാതെ ദൈവജ്ഞന്റെ നെരെ മുഖമാക്കി ചോദിച്ചാൽ അതും ശുഭഫലത്തെ സൂചിപ്പിക്കുന്നതാകുന്നു- താഴ്ചയുള്ള പ്രദേശത്തിങ്കൽ ചീത്തയായൊരു പീഠത്തിന്മെൽ ദൈവജ്ഞന്നു നെരെ മുഖം വരാത്ത പ്രകാരം ഇരുന്നിട്ടു ശരീരത്തെ കുലമാക്കി ഇരുന്നു ചോദിച്ചാൽ ഭാവിഫലം അശുഭമാകുന്നു എന്നറിക-

൱൭. ഉത്തിഷ്ഠതിയദിപ്രഷ്ടുംകൃഛ്രാന്നാസീനത്വസനാൽസ്ഥി

തശ്ചോപവിശേൽകൎയ്യൻഭദ്രമേവോദയം മതം ॥

അന്വയാൎത്ഥം — ആസീനനായിരിക്കുന്നവൻ പ്രശ്നത്തെ കൎത്തനായിട്ടു ആസനത്തിങ്കൽനിന്നു ഉത്ഥാനം ചെയ്യുന്നു എങ്കിൽ അതും സ്ഥിതനായിരിക്കുന്നവൻ പ്രശ്നത്തെ കൎയ്യനായിട്ടു ഉപവെശിക്കുമെങ്കിൽ അതുമാകുന്ന ഉദയം ഭദ്രം തന്നെ എന്നു മതമായി ഭവിക്കുന്നു-

സാരം — പൃഛ്ശകനായ പുരുഷൻ ഇരുന്നു ചൊദിച്ചിട്ടു എഴുനീല്ക്കുകയും നിന്നു ചൊദിച്ചിട്ടു ഇരിക്കുകയും ശുഭ സൂചകമായിട്ടുള്ളതാകുന്നു-

൫൫. പ്രഷ്ടാദൃഷ്ടിപഥംപ്രാപ്യ സ്ഥിത്വാസ്ഥിത്വാഗമദ്യദി ।
അതീത്യസ്ഥിതിസംഖ്യാഹാന്യസ്യകാൎയ്യസ്യസാധനം ॥

അന്വയാൎത്ഥം — പ്രഷ്ടാവു ദൃഷ്ടിപഥത്തെ പ്രാപിച്ചിട്ടു പിന്നെ സ്ഥിതിചെയ്തിട്ടു സ്ഥിതിചെയ്തിട്ടു ആഗമിച്ചു എങ്കിൽ സ്ഥിതിസംഖ്യാഹങ്ങളെ അതിക്രമിച്ചിട്ടു ഇവന്റെ കാൎയ്യത്തിന്റെ സാധനം വാച്യമായി ഭവിക്കുന്നു-

സാരം — ചൊദിപ്പാൻപൊകുന്നവൻ ജ്യൌതിഷികൻനൊക്കിയാൽ കാണ്മാൻ കഴിയുന്നതായ പ്രദെശത്തിങ്കലെത്തിയതിന്റെ ശെഷം പിന്നെയും പിന്നെയും അവിടവിടെ നിന്നിട്ടു സമീപത്തെ പ്രാപിച്ചു എങ്കിൽ അവൻ എത്രപ്രാവശ്യം നിന്നുവൊ അത്ര ദിവസം കഴിഞ്ഞിട്ടു അവന്റെ ഇഷ്ടം സാധിക്കുമെന്നു ജ്യൌതിഷികൻ പറയെണം-

൫൬. അന്തരാദ്ദൂതമാത്മാനംയദികശ്ചനഗച്ശതി । അനാഗമംസഹായസ്യകല്പിതസ്യാസ്യനിൎദ്ദിശെൽ ॥

അന്വയാൎത്ഥം — ദൂതന്റെയും ആത്മാവിന്റെയും മദ്ധ്യത്തൂടെ ഒരുത്തൻ ഗമിക്കുന്നു എങ്കിൽ കല്പിതമായിരിക്കുന്ന ഇവന്റെ സഹായത്തിന്റെ അനാഗമത്തെ നിൎദ്ദെശിക്കെണം-

സാരം — പ്രഷ്ടാവിന്റെയും ജ്യൌതിഷികന്റെയും ഇടയിൽ കൂടെ ഒരാൾ പൊകിൽ അവനു സകല കാൎയ്യങ്ങളിലും സഹായമായി നിശ്ചയിക്കപ്പെട്ട ജനം മെലിൽ ആതാതു സമയത്തിങ്കൽ വന്നു ചെരുക ഇല്ല എന്നു പറയെണം.

(വാ എതൽസ്ഥിതിവിഷയം ॥

അന്വയാൎത്ഥം — ഇത സ്ഥിതിവിഷയമായി ഭവിക്കുന്നു-

സാരം — വാമാംഘ്രിരഗ്രെ നിഹിതഃസ്ഥസ്യ്രാൽ എന്നതു മുതൽ ഇതുവരെ ഉള്ള വചനംകൊണ്ടു ഗ്രഹിക്കെണ്ടതു പൃച്ശകന്റെ സ്ഥിതിയെ കൊണ്ടുള്ള ഗുണദൊഷങ്ങളാകയാൽ സ്ഥിതി

വിഷയമാകുന്നു-

ഉന്നം. ഹസ്തൗ ഊൎദ്ധ്വനാൽ വിലഗ്നംശ്ചതിരശ്ചീനമുഖസ്പൃശാ ।
വിസ്തൃതസ്വാത്മജാൎത്ത്യൈതച്ചൽപൃഷ്ഠം തദ്വിനശ്യതി ।

അന്വയാൎത്ഥം— ഹസ്തങ്ങളെ ഊൎദ്ധ്വനായിരിക്കുന്നവനും അപ്രകാരം തിരശ്ചീനമുഖനായി വിലഗ്നനായിരിക്കുന്നവനും അപ്രകാരം തിരശ്ചീനമുഖനായി വിലഗ്നനായിരിക്കുന്നവനും വിസ്തൃത സ്വാത്മനായിരിക്കുന്നവനും ഇങ്ങിനെ രിക്കുന്നവനും ഉള്ള ഇവരാൽ യാതൊന്നു പൃഷ്ടമായി ഭവിക്കുന്നുവൊ അത വിനശിക്കുന്നു.

സാരം— പ്രഷ്ടാവു കൈകളെ ഇളക്കുന്നവനായിട്ടു ചൊദിച്ചാലും മുഖത്തെ ച്ചാലും കൈകളെ മട്ടിക്കുന്നവനായിട്ടു ചൊദിച്ചാലും ചൊദിക്കുന്നതിന്റെ മദ്ധ്യ വിലഗ്നത്തിലാക്കീട്ടു ചൊദിച്ചാലും അവന്നു ഭവിപ്പാനിരിക്ക ത്തിൽ സ്വാത്മത്തെ മറന്നുപൊയാലും ന്നത അശുഭമാകുന്നു എന്ന ദൈവജ്ഞൻ അറിയെണം.

ഉദ്ധ്വം. സ്വാംഗെക്ഷാന്യത്രവാദ്യൈശ്ശാഢസന്താഡനം ക്ഷണാൽ । മൃത്യുദാലയലിംഗാനാം ചിന്തെക്ഷാശ്രവണാദിഷു ॥

അന്വയാൎത്ഥം— സ്വാംഗങ്ങളിലൊ അന്യമായിരിക്കുന്ന ദ്രവ്യത്തിങ്കലൊ ഉള്ള ഗാഢസന്താഡനം പൊട്ടുന്നനവെ മൃത്യുദമായിഭവിക്കുന്നു- ലയലിംഗങ്ങളുടെ ചിന്തെക്ഷാശ്രവണാദിയും പൊട്ടുന്നനവെ മൃത്യുദങ്ങളായി ഭവിക്കുന്നു.

സാരം— പ്രഷ്ടാവ ദൈവജ്ഞനൊടു ചൊദിക്കുന്ന സമയം തന്റെ ദെഹത്തിന്മെലൊ മറ്റൊരെടത്തൊ ഉറക്കെ അടിച്ചു എങ്കിൽ ഉടനെ മരിക്കുമെന്ന ദൈവജ്ഞൻ അറിയെണം. നാശഹെതുക്കളായ വസ്തുക്കളുടെ സ്മരണവും കാഴ്ചയും അതുകളുടെ കെൾവി മുതലായതും പൊട്ടുന്നനവെ ഉള്ള മരണത്തെ സൂചിപ്പിക്കുന്നതുകളാകുന്നു.

(വാ) അത്രാനുഷ്ഠാനപദ്ധതിഃ ॥

അന്വയാൎത്ഥം— ഇവിടെ അനുഷ്ഠാനപദ്ധതി ഭവിക്കുന്നു-

സാരം— സ്പഷ്ടം- ഇനി അനുഷ്ഠാന പദ്ധതിയിലെ ശ്ലോകത്തെ കാണിക്കുന്നു.

ഉദ്ധ്വം. സുപ്തെ മുക്തകചെശ്ശുചൌ രുദതി വാ ഭഗ്നൊഗമെ മുണ്ഡി തെ നഗ്നെ ഹസ്തിന്ദതിഭിന്ദതി ദ്രവതി വാ വൈഹസ്തഹവിർജ്ജുഹൊതി । ദ്ദൂ തെ ഹസ്തപമൊശ്ചബന്ധനപരെ ഭൊജ്ജ്യാക്ഷിസമ്മൎദ്ദനെ ഭീനെകാ ക്ഷുത്ഭ്രമാദിമൎദ്ദനപരെ നസ്യാദിചാരശ്ശുഭഃ ॥

അന്വയാൎത്ഥം— ദൂതൻ സുപ്തനായിരിക്കും വിഷയത്തിങ്കലും മുക്തകചനായിരിക്കും വിഷയത്തിങ്കലും അശുചിയായിരി

ക്കും വിഷയത്തിങ്കലും രുദന്നായിരിക്കും വിഷയത്തിങ്കലും ഭഗ്നാ ശമനായിരിക്കും വിഷയത്തിങ്കലും മുണ്ഡിതന്നായിരിക്കും വിഷയത്തിങ്കലും നഗ്നന്നായിരിക്കും വിഷയത്തിങ്കലും ക്ലിന്നന്നായിരിക്കും വിഷയത്തിങ്കലും ഭിന്നന്നായിരിക്കും വിഷയത്തിങ്കലും ദ്രവന്നായിരിക്കും വിഷയത്തിങ്കലും പൃഷ്ഠയിങ്കൽ ഹവിസ്സിംന്ന ഗ്രഹണത്തായിരിക്കും വിഷയത്തിങ്കലും ഹസ്തപത്രുകളുടെ ബന്ധനപരന്നായിരിക്കും വിഷയത്തിങ്കലും ഒരുസ്സുകൊണ്ടു അക്ഷി സമമ്ൎദ്ദനന്നായിരിക്കും വിഷയത്തിങ്കലും ലീനന്നായിരിക്കും വിഷയത്തിങ്കലും കാഷ്ഠതൃണാദി മൎദ്ദനപരന്നായിരിക്കും വിഷയത്തിങ്കലും വിചാരം ശുഭമായി ഭവിക്കില്ല.

സാരം—— ഉറക്കംതൂക്കിക്കൊണ്ടു ചോദിക്കുകയും തലമുടി തൽക്കാലത്തിങ്കൽ അഴിച്ചിട്ടു ചോദിക്കുകയും ശരീരത്തിന്ന അശുദ്ധിയെ ഉണ്ടാക്കുന്നതായ കൎമ്മത്തെച്ചെയ്തു ചോദിക്കുകയും കരയുന്നവനായിട്ടു ചോദിക്കുകയും ഒരുത്തന്റെ വരവിനെ മുടക്കി ചോദിക്കുകയും ക്ഷൌരത്തിന്നായിക്കൊണ്ടു ആരംഭിച്ചവനായിട്ടു ചോദിക്കുകയും ഉടുത്തവസ്ത്രത്തെ അഴിച്ചുകളഞ്ഞിട്ടു ചോദിക്കുകയും വല്ലൊന്നിനെ മുറിക്കുകയൊ പൊട്ടിക്കുകയൊ രണ്ടിലൊരു കൎമ്മത്തെ ചെയ്യുന്നവനായിട്ടു ചോദിക്കുകയുംഓട്ടംപൊൾ ചോദിക്കുകയും ഛേദിക്കുംപൊൾ ചോദിക്കുകയും കൈകളെയൊകാലുകളെയൊ ബന്ധിപ്പാനായിക്കൊണ്ടുത്സാഹിച്ചവനായിട്ടു ചോദിക്കുകയുംകൈകൊണ്ടു കണ്ണു തിരുമ്പിചോദിക്കുകയും ദൈന്യത്തെ പ്രകാശിപ്പിച്ചു ചോദിക്കുകയും ഉണങ്ങിയമരം, പുല്ലു ഇത്യാദികളെ മൎദ്ദിപ്പാനായിക്കൊണ്ടുള്ള ഉത്സാഹത്തൊടുകൂടിയവനായിട്ടു ചോദിക്കുകയും അശുഭമാകുന്നു.

ഏവന്നു· പാശോദപത്തനകെനഖൈല്ലിഖതിവാപ്യുത്സാരിതൊ വാരിതൊസാഭ്യംഗൊസികതാസ്ഥിസീസശക്രുതാം ഭൎത്താവ്യാധിതൊ। വസ്ത്രപ്രാവൃതകന്ധരൊമലിനൊരുക്ഷാംശുഭാലാപിനീപ്രശ്നൈന്ദ്രൈവൈ വശുഭായനിൎവ്വപതിവാപിണ്ഡാൻപരെതാൻപ്രതി॥

അന്വയാൎത്ഥം——പാശോദപത്തകന്നായിട്ടൊ നഖങ്ങൾകൊണ്ടു ലിഖന്നായിട്ടൊ ഉത്സാരിതന്നായിട്ടൊ വാരിതന്നായിട്ടൊ ഇരിക്കും വിഷയത്തിങ്കലും സാഭ്യംഗന്നായിട്ടൊ സികതാസ്ഥിസീസശകൃത്തുകളുടെ ഭൎത്താവായിട്ടൊ വ്യാധിതന്നായിട്ടൊ ഇരിക്കും വിഷയത്തിങ്കലും വസ്ത്രപ്രാവൃത കന്ധരന്നായിട്ടൊ മലിനന്നായിട്ടൊ രുക്ഷാശുഭലാപിയായിട്ടൊ പരെതന്മാരെകുറിച്ചു പിണ്ഡങ്ങളെ നിൎവ്വപന്നായിട്ടൊ ഇരിക്കും വിഷ

യത്തിങ്കലും പ്രശ്നം ശുഭത്തിനായി കൊണ്ടു ഭവിക്കില്ല നിശ്ചയം.

സാരം— കയറുപിരിക്കുന്ന സമയത്തിങ്കലും നഖങ്ങൾകൊണ്ടു ചൊറികയൊ പല്ലൊരെടുത്തു മാന്തുകയൊ ചെയ്യുന്ന സമയത്തിങ്കലും പല്ലസംഗതിവശാൽ അടുത്തുവരുന്നതു ദൈവജ്ഞന്ന അനിഷ്ടമാകയാൽ ഭൃത്യജനങ്ങൾ നീക്കിനിറുത്തിയ സമയത്തിങ്കൽ അതിനെ ആദരിക്കാതെയും തട്ടത്താൽ അതിനെ ആദരിക്കാതെയും എണ്ണതേക്കുന്ന സമയത്തിങ്കലും മണല, അസ്ഥി, ഇഷ്ടം, മലം ഇതുകളെ ധരിച്ചിരിക്കുന്ന സമയത്തിങ്കലും വ്യാധിയൊട്ടുകൂടിയ സമയത്തിങ്കലും വസ്ത്രംകൊണ്ടു കഴുത്തുമൂടിയിരിക്കും സമയത്തിങ്കലും ശരീരത്തിങ്കലൊ വസ്ത്രാദികളിലൊ മാലിന്യത്തെ ധരിച്ചിരിക്കും സമയത്തിങ്കലും രൂക്ഷമായിട്ടും അശുഭമായിട്ടുമുള്ള വചനത്തിന്റെ മദ്ധ്യത്തിങ്കലും മരിച്ചവരെ കുറിച്ചു കമ്മം ചെയ്യുന്ന സമയത്തിങ്കലും ചൊദിച്ചാൽ അശുഭമാകുന്നു.

൫൨. വാസീഖഡ്ഗപലാലജാലതുഷയുക്പാത്രപിണ്യാതപ
ചാം ശൃംഗസ്യാപിചവാഹകെ ചവികലെസമ്മാൎജ്ജനീധാരണി।
പ്രെതാലംകൃതിശൂപ്പപാശമുസലാൻബിഭ്രത്യപെതെക്ഷ്യധാ ദൈ
വജ്ഞപിചപൃച്ഛകെചനശുഭൈനജ്ഞെയൊപിചാരഃകദാചിൽ॥

അനന്വയാൎത്ഥം— ദൈവജ്ഞനും പൃച്ഛകനും വാസീഖഡ്ഗപലാലജാലതുഷയുക്പാത്ര പിണ്യാതപത്രകളുടെയും ശൃംഗത്തിന്റെയും വാഹകനായിട്ടും വികലനായിട്ടും സമ്മാൎജ്ജനീധാരിയായിട്ടും പ്രെതാലംകൃതി ശൂപ്പപാശമുസലങ്ങളെ ബിഭ്രത്തായിട്ടു ക്ഷുതത്തിനാൽ ഉപെതനായിട്ടും ഇരിക്കുംവിഷയത്തിങ്കൽ ഒരെടത്തും വിചാരം ശുഭമായിട്ടു ജ്ഞെയമായി ഭവിക്കുന്നില്ല.

സാരം— പൃച്ഛകനൊ ദൈവജ്ഞനൊ അവർ ഇരിവരുമൊ മഴു, വാൾ, ഇത്യാദികളായ ആയുധങ്ങളെയൊ വയ്ക്കൊല, വല ഉമി, ചെരുപ്പ, പീലി, തൊല, കൊമ്പ, ചൂല ഇതുകളെയൊ അല്ലാ എങ്കിൽപ്രെതാലകരണത്തിന്നു യൊഗ്യങ്ങളായ പുഷ്പാദികളെയൊ മുറം, കയറ, ഉലക്ക ഇതുകളെയൊ വഹിച്ചിരിക്കും വിഷയത്തിങ്കലും പ്രശ്നഫലൊക്തികൾക്കു വെണ്ടുന്ന ഉപകരണങ്ങൾ കൈക്കൽ ഇല്ലാത്തസമയത്തിങ്കലും വിശപ്പൊടുകൂടിയ സമയത്തിങ്കൽ ചൊദിക്കുന്നതു ശുഭമല്ലാ എന്നു അറിഞ്ഞുകൊൾക.

(വാ) എതച്ചെഷ്ടാവിഷയം॥

അനന്വയാൎത്ഥം— ഇതു ചെഷ്ടാവിഷയമായി ഭവിക്കുന്നു.

സാരം—— ഹസ്യേനൗഷ്പന്നപൻ വിമൎദ്ദ്ദംശ്ച എന്നതുമുതൽ ഇതു വരെയുള്ള വചനം കൊണ്ടു അറിയേണ്ടതും പൃച്ഛകചേഷ്ടാഫലമാകയാൽ ആ ഇതു ചേഷ്ടാവിഷയമാകുന്നു.

൬൮. ദൈന്യംമുഖ്യംവദനാശ്രുപാതംശോകകോപശ്രുമാദിഭിഃ।വൈമനസ്യഞ്ചദൂതസ്യയെന്നകേനാപിദോഷകൃൽ॥

അന്വയാൎത്ഥം — വദനാശ്രുപാതശോകകോപശ്രമാദികൾ ഹേതുവായിട്ടുണ്ടായതായ ദൂതന്റെ ദൈന്യംമുഖ്യവും വല്ലോരു നിമിത്തവശാൽ ഉണ്ടായതായ വൈമനസ്യവും ദോഷകൃത്തായി ഭവിക്കുന്നു.

സാരം—ശോകം ഹേതുവായിട്ടൊ കോപം ഹേതുവായിട്ടൊ തളൎച്ച ഹേതുവായിട്ടൊ ഉണ്ടായതായ ദൂതന്റെ ദൈന്യമുഖതയും വല്ലോരു നിമിത്തവശാൽ ഉണ്ടായതായ മനസ്സിന്റെ കുണ്ഠിതവും അനിഷ്ടഫലത്തെ സൂചിപ്പിക്കുന്നതാകുന്നു.

൬൯. സുന്ദരശ്ച കുലീനശ്ചവിനയീചനിരാമയഃ । സുപ്രസന്നശ്ചദൂതശ്ചേൽ പ്രഷ്ടാസുഖമവാപ്നുയാൽ॥

അന്വയാൎത്ഥം——സുന്ദരനായിയും കുലീനനായിയും വിനയിയായിയും നിരാമനായിയും സുപ്രസന്നനായിയും ഇരിക്കുന്ന ദൂതൻ പ്രഷ്ടാവായി ഭവിക്കുമെങ്കിൽ സുഖത്തെ അവാപിക്കും.

സാരം— സൌന്ദൎയ്യത്തോടു കൂടിയവനായിയും നല്ല വംശത്തിങ്കൽ ജനിച്ചവനായിയും അടക്കമുള്ളവനായിയും വ്യാധിയോടുകൂടാത്തവനായിയും വളരെ പ്രസന്നതയോടുകൂടിയവനായിയു മുള്ളവനാകുന്നു ചോദിച്ചതെങ്കിൽ അവൻ മേലിൽ സുഖത്തെ പ്രാപിക്കുമെന്നറിക-

(വാ) ഏതൽ ഭാവവിഷയം॥

അന്വയാൎത്ഥം——ഇതു ഭാവവിഷയമായി ഭവിക്കുന്നു.

സാരം— ദൈന്യമുഖ്യമിത്യാദിശ്ലോകങ്ങൾ രണ്ടും പൃഛകഭാവവിഷയങ്ങളാകുന്നു.

൭൦. ഉന്മിഷദംബകയുഗളോമംഗലദ്രവ്യതരപദാൎത്ഥനിഹിതേക്ഷഃ । അധഊൎദ്ധ്വേക്ഷണരഹിതോലഭതേഭീഷ്ടംപ്രദീപദൃഗ്ദുഃഖം॥

അന്വയാൎത്ഥം——ഉന്മിഷദംബകയുഗളനായി മംഗലദ്രവ്യതരപദാൎത്ഥനിഹിതേക്ഷനായി അധഊൎദ്ധ്വേക്ഷണരഹിതനായിരിക്കുന്നവൻ അഭീഷ്ടത്തെ ലഭിക്കുന്നു. പ്രദീപദൃക്കായിരിക്കുന്നവൻ ദുഃഖത്തെ ലഭിക്കുന്നു,

സാരം——വെണ്മയും വെണ്ണീറും മിഴിച്ച കണ്ണുകളോടുകൂടിയവനാ

യിട്ടു മംഗലകരമായിട്ടും നല്ല ഉറപ്പോടുകൂടിയതായിട്ടും ഇരിക്കുന്ന പദാൎത്ഥത്തിങ്കൽ വെക്കപ്പെട്ട ദൃഷ്ടിയോടുകൂടിയവനായി കീഴ്പ്പോട്ടും മേൽപോട്ടും നോക്കാത്തവനായിരിക്കുന്നപൃച്ഛകൻ സുഖത്തെ ലഭിക്കും. വിളക്കിന്മേൽ നോക്കിയാൽ ദുഃഖത്തെ ലഭിക്കും.

(വാ) പ്രാഗ്വദ്ദൎശനവിഷയം॥

അന്വയാൎത്ഥം— ഇത ദൎശനവിഷയമായി ഭവിക്കുന്നു.

സാരം— ഉന്മിഷദംബകയുഗള ഇത്യാദിയായ ൩൦ ശ്ലോകം കൊണ്ടു അറിയേണ്ടതു പൃച്ഛകൻ തൽക്കാലത്തിങ്കൽ വല്ലൊരു വസ്തുവിന്മേൽ ദൃഷ്ടി വെച്ചാൽ അതുകൊണ്ടു നിശ്ചയിക്കേണ്ടതായ ഫലമാകകൊണ്ടു ഇതു ദൎശനവിഷയമാകുന്നു.

൫൩. തോയാൎദ്രഭിന്നമലിനാരുണനീലവാസാരക്തപ്രസൂനധൃദപിവ്യസനംപ്രയാതി। വാസസ്സിതംസുരഭിഗൌരസുമാനുലേപഭൂഷാദധച്ഛുഭമംഗലമേതിനൂനം॥

അന്വയാൎത്ഥം— തോയാൎദ്രഭിന്ന മലിനാരുണ നീലവാസസ്സായിരിക്കുന്നവനും രക്തപ്രസൂനധൃത്തായിരിക്കുന്നവനും വ്യസനത്തെ പ്രയാണം ചെയ്യുന്നു. സിതമായിരിക്കുന്ന വാസസ്സിനേയും സുരഭിഗൌരസുമാനുലേപ ഭൂഷകളേയും ദധത്തായിരിക്കുന്നവൻ മംഗലത്തെ യാനം ചെയ്യുന്നു നിശ്ചയം.

സാരം— നനഞ്ഞതായിട്ടും കീറിയതായിട്ടും മുഷിഞ്ഞതായിട്ടും ചുകപ്പൊ കറുപ്പൊ ആകുന്ന നിറത്തോടു കൂടിയതായിട്ടുമിരിക്കുന്ന വസ്ത്രത്തോടു കൂടിയവനും ചുവന്ന പുഷ്പത്തെ ധരിച്ചവനും ആപത്തിനെ പ്രാപിക്കും. വെളുത്ത വസ്ത്രത്തേയും സൌരഭ്യത്തോടും വെളുപ്പോടും കൂടിയ അനുലേപനത്തേയും അലംകാരത്തേയും ധരിച്ചവൻ ശുഭത്തെ പ്രാപിക്കും നിശ്ചയം.

൫൪. ബിഭ്രാണോമംഗലദ്രവ്യംപൃച്ഛകോയാതിമംഗലം। രിക്തപാണിരമംഗല്യദ്രവ്യഭൃച്ചാശുഭംവ്രജേൽ॥

അന്വയാൎത്ഥം— മംഗല ദ്രവ്യത്തെ ബിഭ്രാണനായിരിക്കുന്നവൻ മംഗലത്തെ യാനം ചെയ്യുന്നു. രിക്തപാണിയായിരിക്കുന്നവനും അമംഗല്യ ദ്രവ്യഭൃത്തായിരിക്കുന്നവനും അശുഭത്തെ വ്രജിക്കും.

സാരം— കണ്ണാടി മുതലായ മംഗല ദ്രവ്യത്തെ ധരിച്ചവൻ ശുഭത്തെ ലഭിക്കും. കയ്യിൽ ഒന്നുമില്ലാത്തവനും മഴു മുതലായ അമംഗല ദ്രവ്യത്തെ ധരിച്ചവനും അശുഭത്തെ പ്രാപിക്കും.

(വാ) ഏതച്ചേഷ്ടാദിവിഷയം॥

അന്വയാൎത്ഥം— ഇതു വസ്ത്രാദി വിഷയമായി ഭവിക്കുന്നു.

സാരം— തൊയാൎദ്രഭിന്ന മലിനാരുണനീലവാസാ എന്നു തുടങ്ങി ഉള്ള ൨ രണ്ടു ശ്ലോകം വസ്ത്രാദിവിഷയമാകുന്നു.

ശ്ലൊ. പ്രശ്നകാലെശുഭെപ്രഷ്ടൃസ്ഥിതിസ്പൎശേക്ഷണാദികെ
ദൈവജ്ഞചിത്തതുഷ്ടൌചസ്യാദിഷ്ടാൎത്ഥസമാഗമഃ ॥

അന്വയാൎത്ഥം — പ്രശ്നകാലത്തിങ്കൽ പ്രഷ്ടാവിന്റെസ്ഥിതിസ്പൎശേക്ഷണാദികം ശുഭമായിട്ടു, ദൈവജ്ഞചിത്തം തുഷ്ടമായിട്ടുമിരിക്കും വിഷയത്തിങ്കൽ ഇഷ്ടാൎത്ഥസമാഗമം ഭവിക്കും

സാരം— പ്രശ്നസമയത്തിങ്കൽ പൃച്ഛകന്റെ നിൽപും സ്പൎശവും ദൎശനം മുതലായതും ശുഭത്തെ സൂചിപ്പിക്കുന്നതായിട്ടും ജ്യൌതിഷികന്റെ മനസ്സ സന്തൊഷിച്ചതായിട്ടുമിരുന്നാൽ ഇഷ്ടവസ്തുവിന്റെ ലാഭം ഭവിക്കുമെന്നു പറയെണം.

ശ്ലൊ. മനൊഗതഫലപ്രാപ്തിരശുഭൈരെഷുനൊഭവെൽ।
മിശ്രെഷ്വെഷാമാധിക്യംഫലംതെഷാംവിനിൎദ്ദിശെൽ ॥

അന്വയാൎത്ഥം— ഇതുകൾ അശുഭങ്ങളായിരിക്കും വിഷയത്തിങ്കൽ മനൊഗതഫല പ്രാപ്തി ഭവിക്കില്ല. ഇതുകൾ മിശ്രങ്ങളായിരിക്കും വിഷയത്തിങ്കൽ യാവ ചിലതുകൾക്ക ആധിക്യം ഭവിക്കുമൊ അതുകളുടെ ഫലത്തെ വിനിൎദ്ദേശിക്കെണം.

സാരം— പൃച്ഛകന്റെ നിൽപും സ്പൎശവും ദൎശനം മുതലായതും അമംഗലസൂചകമായിരുന്നാൽ ഇഷ്ടത്തെ ലഭിക്ക ഇല്ലെന്നു പറയെണം. ചിലതു ശുഭസൂചകമായിട്ടും ചിലത അശുഭസൂചകമായിട്ടും ഭവിച്ചാൽ ഏതെറുമൊ അതിന്റെ ഫലത്തെ പറയെണം.

(വാ) ഏതാനിദൂതവിഷയാണി ।

അന്വയാൎത്ഥം— ഇതുകൾ ദൂതവിഷയങ്ങളായി ഭവിക്കുന്നു.

സാരം— പ്രഷ്ടാവക്ഷാദെശെ എന്നതു മുതൽ ഇതുവരെ ഉള്ള ശ്ലൊകങ്ങൾ ദൂതസ്പൎശാദികൾ കൊണ്ടു ഗ്രഹിക്കപ്പെടുവാൻ യൊഗ്യമായ ഫലവിഭാഗത്തെ ബൊധിപ്പിക്കുന്നതുകളാകയാൽ ദൂതവിഷയങ്ങളാകുന്നു.

(വാ) അഥതൽകാലജാനിശുഭാശുഭനിമിത്താന്യുച്യന്തെ॥

അന്വയാൎത്ഥം— അനന്തരം തൽകാലജങ്ങളായിരിക്കുന്ന ശുഭാശുഭ നിമിത്തങ്ങൾ വചിക്കപ്പെടുന്നു.

സാരം— ഇനി പ്രശ്നസമയത്തിങ്കൽ സംഭവിപ്പാൻവിരൊധമില്ലാത്തതുകളായിട്ടും ശുഭാശുഭങ്ങളെ പറയാതെ അറിയിക്കുന്നതുകളായിട്ടുമിരിക്കുന്ന നിമിത്തങ്ങളെ പറയുന്നു.

ശ്ലൊകം. പ്രശ്നെയദൃശ്യതെയച്ഛ്രൂയതെയച്ചദൃശ്യതെ | തൽസാദൃശ്യെനസകലംപ്രഷ്ടുർവാച്യംശുഭാശുഭം ||

അന്വയാൎത്ഥം.— പ്രശ്നത്തിങ്കൽ യാതൊന്നു വചിക്കപ്പെടുകയും യാതൊന്നു ശ്രവിക്കപ്പെടുകയും യാതൊന്നു ദൎശിക്കപ്പെടുകയും ചെയ്യുന്നുവൊ തൽസാദൃശ്യം കൊണ്ടു പ്രഷ്ടാവിന്റെ സകലമായിരിക്കുന്ന ശുഭാശുഭം വാച്യമായി ഭവിക്കുന്നു-

സാരം— പ്രശ്നസമയത്തിങ്കൽ പറകപ്പെടുന്നതും ഉദാസീനപദാൎത്ഥങ്ങളിൽ നിന്നു കെൾക്കപ്പെടുന്നതും കാണപ്പെടുന്നതും യാതൊന്നൊ അതിന്റെ സാദൃശ്യത്തെ അനുസരിച്ചിട്ടു പൃച്ഛകന്റെ സകലമായ ശുഭത്തെയും അശുഭത്തെയും ദൈവജ്ഞൻ പറയെണം-

(വാ) എതദൈവസ്പഷ്ടീക്രിയതെ ||

അന്വയാൎത്ഥം— ഇതുതന്നെ സ്പഷ്ടീകരിക്കപ്പെടുന്നു-

സാരം — മെൽ പറകപ്പെട്ടതിനെത്തന്നെ ഇനിസ്പഷ്ടമാക്കി പറയുന്നു.

ശ്ലൊകം. യസ്യകസ്യാപികാൎയ്യസ്യപൃച്ഛായാംപ്രസ്ഥിതാവപി തൽകാൎയ്യസാധനംവസ്തുദൃഷ്ടംചെത്തത്സിദ്ധ്യതി ||

അന്വയാൎത്ഥം— വല്ലൊരു കാൎയ്യത്തിന്റെ പൃച്ഛയിങ്കലൊപ്രസ്ഥിതിയിങ്കലൊ തൽകാൎയ്യ സാധനമായിരിക്കുന്ന വസ്തു ദൃഷ്ടമായി എങ്കിൽ അതു സിദ്ധിക്കുന്നു-

സാരം— ഒരു കാൎയ്യത്തെക്കുറിച്ചു ചൊദിക്കുന്ന സമയത്തിങ്കലൊ അതിന്നായിക്കൊണ്ടു പുറപ്പെടുന്ന സമയത്തിങ്കലൊ ആ കാൎയ്യത്തെ സാധിപ്പിക്കുന്നതായ ഒരുവനെക്കണ്ടാൽ അതു സാധിക്കും-

ശ്ലൊ. നവവസ്ത്രദംപത്യാദിനാംദൎശനംകരസംഗ്രഹെ | സിദ്ധയെതദസിദ്ധ്യൈസ്യാദ്വിയൊഗസ്തുകയൊരപി ||

അന്വയാൎത്ഥം— നവവസ്ത്രദംപത്യാദികളുടെ ദൎശനം കരസംഗ്രഹത്തിങ്കൽസിദ്ധിക്കായിക്കൊണ്ടു ഭവിക്കും-ഒരുത്തിയുടെയു. ഒരുത്തന്റെയും വിയൊഗമാകട്ടെ അസിദ്ധിക്കായിക്കൊണ്ടു ഭവിക്കും-

സാരം— ഇനിക്കു വിവാഹത്തെക്കുറിച്ചു അഭിലാഷമുണ്ടു ഇപ്പൊൾ അതു സാദ്ധ്യമായിട്ടുള്ളതൊ അല്ലയൊ എന്നൊരുത്തൻ ചൊദിച്ചിരിക്കുന്ന സമയത്തിങ്കലൊ അതിന്നായിക്കൊണ്ടു പുറപ്പെട്ട സമയത്തിങ്കലൊ കൊടിയായ ഇണപ്പുടവ മുതലായ വിവാഹൊപകരണങ്ങളെക്കണ്ടാൽ അതുസാധിക്കുമെന്നും ഒരു ക

ന്യകയുടെ സമീപത്തിങ്കൽ നിന്ന അവൾക്ക ഭൎത്താവായി ഭവിപ്പാൻ യൊഗ്യനായ ഒരു പുരുഷനെങ്കിലും അവന്റെ സമീപത്തിങ്കൽനിന്ന അവളെങ്കിലും മറെറാരെടത്തെയ്ക്കു പൊകുന്നതുകണ്ടാൽ ഇപ്പൊൾ സാധിക്ക ഇല്ല എന്നും പറയെണം.

ഫദെവ്യ. രന്ധ്രെംഗുലിപ്രവെശെതുകന്യായാദൂഷണംവദെൽ ।
യസ്യായ്കശ്ചിദായാതിവിവാഹൊസ്യാംദിശിസ്തുതാം ।

അന്വയാൎത്ഥം —— രന്ധ്രത്തിങ്കൽ അംഗുലിപ്രവെശം കൃതമായിരിക്കും വിഷയത്തിൽ കന്യയുടെ ദൂഷണത്തെ വദിക്കെണം. യാതൊരുദിക്കിങ്കൽ നിന്നു വല്ലൊരുത്തൻ വരുന്നുവൊ ആദിക്കിങ്കൽ വിവാഹം ഈരണം ചെയ്കപ്പെടെണം.

സാരം —— വിവാഹപ്രശ്നത്തിങ്കൽ പൃച്ഛകനൊ മറെറാരുത്തനൊ വല്ലൊരുദ്വാരത്തിങ്കൽ വിരലിട്ടു എങ്കിൽ ജ്യൌതിഷികൻ അതിനെ കണ്ടിട്ടു ഇപ്പൊൾ വെൾക്കപ്പെടുവാൻ വിചാരിച്ചിരിക്കുന്ന കന്യകക്ക ദൊഷമുണ്ടെന്നു പറയെണം. അപ്പൊൾ ഒരുത്തൻ യദൃഛയാ അവിടെ വരികിൽ അവനെ തൊരുദിക്കിൽ നിന്നു വന്നുവൊ അവിടെ ഉള്ള കന്യകയെ വെൾക്കുമെന്നു പറയെണം.

ഫമൻ. സ്ഫുടികാപുസ്തകാദ്യംയദ്വിദ്യാഭ്യസനസാധനം। കിംകിണീകടകാദീനിഭൂഷണാനിശിശൊരപി ।।

ഫരാ. മെഖലാജിനദണ്ഡാശ്ചഗൎഭിണീബാലകാസ്തഥാ। എതെഷാംദൎശനാദീനിഭവെയുഃപുത്രസിദ്ധയെ ।।

അന്വയാൎത്ഥം —— സ്ഫുടികാപുസ്തകാദ്യ മായിരിക്കുന്ന വിദ്യാഭ്യസനസാധനം യാതൊന്നൊ കിംകിണീകടകാദികളായിരിക്കുന്ന ശിശുവിന്റെ ഭൂഷണങ്ങളും യാവ ചിലതുകളൊ മെഖലാജിന ദണ്ഡങ്ങളും യാവചിലതുകളൊ ഗൎഭിണിയായിട്ടുള്ളവൾ യാവളൊരുത്തിയൊ ബാലകന്മാരായിരിക്കുന്നവർ യാവചിലരൊ ഇതുകളുടെ ദൎശനാദികൾ പുത്രസിദ്ധിക്കായിക്കൊണ്ടു ഭവിക്കും.

സാരം —— എഴുത്താണി ഗ്രന്ഥം മുതലായ വിദ്യാഭ്യാസൊപകരണത്തിന്റെയും കിങ്ങിണി വളമുതലായ ബാലഭൂഷണങ്ങളുടെയും പുൽചരട, മൃഗചൎമ്മം, പ്ലാശിൻകൊൽ മുതലായ ദണ്ഡം, ഇതുകളുടെയും ഗൎഭമുള്ളവളുടെയും ബാലന്മാരുടെയും ദൎശനമൊ സ്മരണം മുതലായതൊ സന്തതി പ്രശ്നത്തിങ്കൽ സംഭവിച്ചാൽ പുത്രനുണ്ടാകുമെന്നുപറയെണം.

ഫര്ഫം. ദൎശനംജ്വലിതസ്യാഗ്നെൎമ്മലാദിത്യജനംതഥൊ। യാ

നംകസ്യാപീതദ്ദേശാൽഗർഭച്ഛിദസ്യ സൂചകം ॥

അന്വയാർത്ഥം — ജ്വലിതമായിരിക്കുന്ന അഗ്നിയുടെ ദർശനവും തരുവിങ്കൽ നിന്ന മലാദിത്യജനവും തദ്ദേശത്തിങ്കൽ നിന്ന ഒരുത്തന്റെ യാനവും ഗർഭച്ഛിദ്രത്തിന്റെ സൂചകമായി ഭവിക്കുന്നു.

സാരം —— കത്തുന്ന തീയ്യിന്റെ ദർശനവും പ്രഷ്ടാവും ദൈവജ്ഞനും കൂടിവസിക്കുന്നെടത്ത ആരെങ്കിലും മലമൂത്രങ്ങളെ ത്യജിക്കയും അവിടെ നിന്ന ആരെംകിലുംപൊകയും ഗർഭസ്രാവത്തെ സൂചിപ്പിക്കുന്നതാകുന്നു.

൫൰൨. ദക്ഷിണാംഘ്രിംസ്ഥിരീകൃത്യസ്ഥിതിരായുധചാലനം ।
മർദ്ദനംദക്ഷഹസ്തസ്യജ്വലിതാഗ്നിപ്രദർശനം ॥

൫൰൩. പുരുഷസ്യപ്രസിദ്ധസ്യപ്രസന്നസ്യചദർശനം ।
ഏതൽഷൾകംവിശെഷേണയുദ്ധപ്രശ്നേജയാവഹം ॥

അന്വയാർത്ഥം —— ദക്ഷിണാംഘ്രിയെസ്ഥിരീകരിച്ചിട്ടുള്ളസ്ഥിതിയും ആയുധചാലനവും ദക്ഷഹസ്തത്തിന്റെ മർദ്ദനവും ജ്വലിതാഗ്നിപ്രദർശനവും പ്രസിദ്ധനായിരിക്കുന്ന പുരുഷന്റെ ദർശനവും പ്രസന്നനായിരിക്കുന്ന പുരുഷന്റെ ദർശനവും ആകുന്ന ഷൾക്കം യുദ്ധപ്രശ്നത്തിങ്കൽ അതിശയെന ജയാവഹമായി ഭവിക്കുന്നു.

സാരം വലത്തെക്കാലുറപ്പിച്ചിട്ടുള്ള നിൽപ്പും ആയുധത്തെ ഇളക്കുകയും വലത്തെക്കൈ മർദ്ദിക്കുകയും കത്തുന്നതീയ്യിനെ ദർശിക്കുകയും പ്രസിദ്ധിയുള്ള പുരുഷനെദർശിക്കുകയും പ്രസാദത്തൊടു കൂടിയ പുരുഷനെ ദർശിക്കുകയും യുദ്ധപ്രശ്നസമയത്തിങ്കൽ ഭവിച്ചാൽ ജയിക്കുമെന്ന നിസ്സന്ദേഹമായി പറയെണം.

൫൰൪- വാമപാദംസ്ഥിരീകൃത്യസ്ഥിതിർവ്വിക്ലബതാഗിരഃ । സാ
ശ്രുതാമലിനെക്ഷാചനിയമ്യായുധധാരണം ॥

൫൰൫- പരാജയകരാഃപഞ്ചയുദ്ധപ്രശ്നേവിശേഷതഃ । യൽ
കിഞ്ചിൽകാൎയ്യമുദ്ദിശ്യപ്രസ്ഥാനെയദിപശ്യതി ॥

൫൰൬-സുവർണ്ണംവാഫലംവാസ്യദ്രവ്യലാഭോനസംശയഃ । അ
ത്ഥ്യവാസമാശ്രിത്യജീവവദ്ധപസ്സ്യ പൃച്ഛതി ॥

൫൰൭ പ്രശ്നേചാഗസ്ത്യപ്രാണീതദ്ദേശംപ്രതികഥ്യതി । ജീവ
ത്യെവധ്രുവംരൊഗീമ്രിയതെവൈപരീത്യതഃ ॥

അന്വയാർത്ഥം —— വാമപാദത്തെ സ്ഥിരീകരിച്ചിട്ടുള്ള സ്ഥിതിയും ഗിരിന്റെ വിക്ലബതയും സാശ്രുതയും മലിനെക്ഷയും നിയമിച്ചിട്ടുള്ള ആയുധധാരണവും ആകുന്ന അഞ്ചു പദാ

ത്ഥങ്ങൾ യുദ്ധപ്രശ്നത്തിങ്കൽ അതിശയേനപരാജയകരങ്ങളായി ഭവിക്കുന്നു- വല്ലൊരുകാൎയ്യത്തെഉദ്ദെശിച്ചിട്ടുള്ളപ്രസ്ഥാനത്തിങ്കൽ സുവൎണ്ണത്തെയൊ ഫലത്തെയൊ ദൎശിക്കുന്നു എംകിൽ ഇവന്ന ദ്രവ്യലാഭംഭവിക്കുന്നു- സംശയം ഭവിക്കുന്നില്ല ജീവവത്തായിരിക്കുന്ന വസ്തുവിനെ ആരൊഹിച്ചിട്ടൊ സമാശ്രയിച്ചിട്ടൊ പൃച്ശിക്കുന്നു എംകിലും പ്രശ്നത്തിങ്കൽ തദ്ദെശത്തെക്കുറിച്ചു പ്രാണിയായിരിക്കുന്ന ഒരുത്തൻ ആഗമിക്കുന്നു എംകിലും രൊഗി ജീവിക്കുന്നു നിശ്ചയംതന്നെ വൈപരീത്യത്തിങ്കൽ മരിക്കുന്നു-

സാരം —— ഇടത്തെക്കാലുറപ്പിച്ചിട്ടുള്ളനിലയും വാക്കുകൾ വെണ്ടുംവണ്ണം പുറപ്പെടായ്കയും കണ്ണുനീരൊഴുകുകയും മാലിന്യമുള്ളപുരുഷനെ കാണുകയും ആയുധത്തെ ഇളക്കാതെ ധരിക്കുകയും ഇങ്ങിനെ ആയ്യൊകൂട്ടം യുദ്ധപ്രശ്നത്തിങ്കൽഉണ്ടായാൽ പൃച്ശകൻ യുദ്ധത്തിങ്കൽ മടങ്ങുമെന്നുപറയെണം- വല്ലൊരുകാൎയ്യത്തിന്നായി പുറപ്പെട്ടപ്പൊൾ സ്വൎണ്ണത്തെയൊ ഫലത്തെയൊകണ്ടാൽ അവന്ന ധനലാഭമുണ്ടാകും അതിന്ന സംശയമില്ല- ജീവനൊടുകൂടിയ ഗജാശ്വാദികളുടെ പുറത്തിരുന്നിട്ടൊ അതുകളെ തൊട്ടുനിന്നിട്ടൊ ചൊദിക്കുന്നു രൊഗപ്രശ്നത്തിങ്കൽരൊഗി ജീവിക്കുമെന്നതിനെ സൂചിപ്പിക്കുന്നതാകുന്നു പ്രശ്നസമയത്തിങ്കൽ ആപ്രദെശത്തിങ്കലെക്കു ബലവാനായിരിക്കുന്ന ഒരുത്തൻവന്നാലും ഫലം മെൽപ്രകാരം തന്നെ വിപരീതമായാൽ മരിക്കുമെന്നറിക.

മൂലം- പിതൃപുഷ്പം തിലംവഹ്നിൎന്നൂതനംവസനംതഥാ ദൎഭ
ധ്യാദിനിഖിലംസംഭൃതംപിതൃകൎമ്മണെ॥

മൂലം- മരണാനന്തരാപെക്ഷ്യംദ്രവ്യംവാസകലഞ്ചയൽ। എ
തെഷാംദൎശനംനൂനമായുഃപ്രശ്നെമൃതിപ്രദം॥

അന്വയാൎത്ഥം—— പിതൃപുഷ്പവും തിലവും വഹ്നിയും നൂതനമായിരിക്കുന്ന വസനവും അപ്രകാരം പിതൃകൎമ്മത്തിന്നായിക്കൊണ്ടുസംഭൃതമായി ദൎഭധ്യാദിയായി നിഖിലമായിട്ടുള്ളതൊ മരണാനന്തരാപെക്ഷ്യമായി സകലമായിരിക്കുന്ന ദ്രവ്യമൊ യാതൊന്നൊ അതും ഇങ്ങിനെഉള്ള ഇതുകളുടെ ആയുഃപ്രശ്നത്തിങ്കൽ ഉള്ളദൎശനം മൃതിപ്രദമായിഭവിക്കുന്നു നിശ്ചയം-

സാരം—— ചെറൂള, എള്ള, തീയ്യ, കൊടിവസ്ത്രം, പിതൃക്രിയക്കായിക്കൊണ്ടു ഒരുക്കിവെക്കപ്പെട്ട ദൎഭപ്പുല്ല, തൈര ഇത്യാദികളായ വസ്തുക്കൾ മരണത്തിന്റശെഷം ഉപകരിക്കുന്നതായ സകലവസ്തുക്കൾ ഇങ്ങിനെഉള്ള ഇതുകളെആയുഃപ്രശ്നസമ

യത്തിങ്കൽ കണ്ടാൽ യാവനൊരുത്തന്റെ ആയുസ്സിനെക്കുറിച്ചു ചൊദിച്ചുവൊ അവൻ മരിക്കുമെന്ന ദൈവജ്ഞൻ അറിയെണം.

൧൨൦ - ശയനഞ്ചൊപവെശശ്ചാപ്യഷ്ടപായാത്രാവിഘാതകൃൽ।
പാദവ്യത്യാസസംകൊചൌവിളംബനകരൌ ധ്രുവം॥

അന്വയാൎത്ഥം —— പൃഛിച്ചിട്ടുള്ള ശയനവും ഉപവെശവും യാത്രാവിഘാതകൃത്തായി ഭവിക്കുന്നു. പാദവ്യത്യാസസംകൊചങ്ങൾ വിളംബനകരങ്ങളാകുന്നു നിശ്ചയം.

സാരം —— യാത്രാപ്രശ്നത്തെ ചെയ്തിട്ടു കിടക്കുകയൊ ഇരിക്കുകയൊ ചെയ്താൽ യാത്രയ്ക്കു മുടക്കമുണ്ടെന്നും കാലുകൾ പിണച്ചുവെച്ചാലും മടക്കിയാലും യാത്രയ്ക്കു താമസം വരുമെന്നും പറയെണം.

൧൨൧ - പൃഷ്ടൊത്ഥാനംചയാനഞ്ചയാത്രാലാഭായസത്വരം। പാണിഗ്രഹണമന്യൊന്യംദമ്പയൊഃ കന്യാപിചാഗമഃ

൧൨൨ - സന്ധയെവൈരമെളാദിസൎവ്വംസന്ധിവിരൊധകൃൽ। ഫകസ്ഥാനിപക്ഷ്യന്തെനിമിത്താന്യധികാനിചിൽ॥

അന്വയാൎത്ഥം —— പൃഛിച്ചിട്ടുള്ള ഉത്ഥാനവുംയാനവും പൊട്ടന്നവെ യാത്രാലാഭത്തിനായിക്കൊണ്ടു ഭവിക്കുന്നു. ഇരുവരുടെ അന്യൊന്യമുള്ള പാണിഗ്രഹണവും ഒരുത്തന്റെ ആഗമവും സന്ധിക്കായിക്കൊണ്ടു ഭവിക്കുന്നു. വൈരമെളാദിയായിരിക്കുന്നത സൎവ്വമായിട്ടുസന്ധിവിരൊധകൃത്തായി ഭവിക്കുന്നു. അനന്തരം ചിലകഷ്ടനിമിത്തങ്ങളും പറകപ്പെടുവാൻ പൊകുന്നു.

സാരം-യാത്രയെക്കുറിച്ചു ചൊദിച്ചിട്ടു എഴുനീല്ക്കുകയുംനടക്കുകയും ചെയ്താൽ ഉടനെവിചാരിച്ചിരിക്കുന്ന യാത്രസാധിക്കുമെന്നു പറയെണം. സന്ധിപ്രശ്നത്തിങ്കൽ ഇരിവർതമ്മിൽ കൈപിടിക്കുകയൊ അന്യസ്ഥലത്തിങ്കൽ നിന്നൊരുത്തൻ അവിടെ വരികയൊ ഉണ്ടായാൽ ഉടനെ സന്ധിസാധിക്കുമെന്നു പറയെണം. വല്ലൊന്നിനെ മുറിക്കുകയൊ പിളൎക്കുകയൊ അക്കാലത്തിങ്കൽ ഉണ്ടായാൽ സന്ധിക്കില്ലെന്നു പറകയുംവെണം. ഇനിചില കഷ്ടനിമിത്തങ്ങളെയും ചിലഇഷ്ടനിമിത്തങ്ങളെയും സവസാധാരണ്യെനപറവാൻ പൊകുന്നു.

൧൨൩ - ഹാഹാശബ്ദരവംക്ഷുതംചപതനംചൈത്യധ്വജാദെ
സ്സൂഥാ വസ്ത്രഛത്രപദത്രവിക്ഷതിമപിധ്വാംസാൎത്ഥനാനാഗിരഃ।
ക്രൂരാണാംമൃഗപക്ഷിണാം പ്രതിദിശംവാചശ്ചദീപക്ഷയംഭെദം
പൂൎണ്ണഘടാദികസ്യചബുധാഃ കഷ്ടംനിമിത്തംവിദുഃ॥

അന്വയാൎത്ഥം.— ഹാഹാഖേദരവത്തെയും ക്ഷുതത്തെയും ചൈത്യധ്വജാദിയുടെ പതനത്തെയും വസ്ത്രഛത്രപദത്രവിക്ഷതിയെയും ധ്വംസാൎത്ഥനാനാഗീതകളെയും ക്രൂരങ്ങളായിരിക്കുന്ന മൃഗപക്ഷികളുടെ ദിക്കിങ്കൽ ഉള്ളവാക്കുകളെയും പ്രദീപക്ഷയത്തെയും പൂൎണ്ണഘടാദികത്തിന്റെ ഭേദത്തെയും ബുധന്മാർ കഷ്ടമായിരിക്കുന്ന നിമിത്തമെന്നു അറിയുന്നു.

സാരം.— ഹാഹാഎന്നിപ്രകാരം വിഷാദം ഹേതുവായിട്ടു മുറയിടുക, തുമ്മുക, അരയാൽമുതലായ ഉത്തമവൃക്ഷങ്ങൾ പുഴങ്ങിവീഴുക, കൊടിമരം വീഴുക, വസ്ത്രം, കുട, ചെരിപ്പു ഇവകെട്ടുവരിക അൎത്ഥനാശത്തെപറയുന്നതുകളായ പലവാക്കുകൾ ക്രൂരങ്ങളായ മൃഗങ്ങളും പക്ഷികളും, നാലുപുറവും നടന്നുശബ്ദിക്ക, വിളക്കുകെടുക, നിറകുടംമുതലായ പാത്രങ്ങൾ ഉടയുക ഇതുകൾ ഒക്കെയും കഷ്ടനിമിത്തങ്ങളാകുന്നു.

എല്ലാ പ്രശ്നങ്ങളിലും മേൽപ്രകാരമുള്ള കഷ്ടനിമിത്തങ്ങൾ സംഭവിച്ചാൽ പ്രഷ്ടാവിന്നു ഭാവിയായ ഫലം അത്യന്താനിഷ്ടമായിട്ടുള്ളതാകുന്നു എന്നു സാമാന്യേന ദൈവജ്ഞനു ഗ്രഹിച്ചുകൊൾക

൱൩൪. മാൎജ്ജാരധ്വനിധ്വാംക്ഷോലൂകഗോധാദ്യശുഭദൎശനം ഗൌ
ളീരുതഞ്ചനാശായവാമെദക്ഷേതഥാക്ഷുതം ॥

അന്വയാൎത്ഥം.— മാൎജ്ജാരധ്വനിധ്വാംക്ഷോലൂകഗോധാദ്യശുഭദൎശനവും വാമത്തിങ്കൽ ഗൌളിയുടെ രുതവും അപ്രകാരം ദക്ഷത്തിങ്കൽ ക്ഷുതവും നാശത്തിന്നായിക്കൊണ്ടു ഭവിക്കുന്നു.

സാരം.— പൂച്ച, ചേര, ഊമൻ, ഉടുമ്പ ഇത്യാദികളായ അമംഗലജന്തുക്കളെ കാണുകയും ഇടത്തുപുറത്തുനിന്നു ഗൌളിയുടെ ശബ്ദം കേൾക്കുകയും വലത്തുപുറത്തുനിന്നു തുമ്മൽകേൾക്കുകയും കഷ്ടമാകുന്നു.

൱൩൫. പ്രശസ്താഃകീൎത്തനെകോലഗോധാഹിശശകാദയഃ ।
നദൎശനെനവിരുതെവാനരൎക്ഷാഃപരെന്യഥാ ॥

അന്വയാൎത്ഥം.— കോലഗോധാഹിശശകാദികൾ കീൎത്തനത്തിങ്കൽ പ്രശസ്തങ്ങളായി ഭവിക്കുന്നു. ദൎശനത്തിങ്കൽ പ്രശസ്തങ്ങളായി ഭവിക്കുന്നില്ല. വാനരൎക്ഷങ്ങൾ വിരുതത്തിങ്കൽ പ്രശസ്തങ്ങളായി ഭവിക്കുന്നില്ല. പരങ്ങൾ മറിച്ചായി ഭവിക്കുന്നു.

സാരം.— പന്നി, ഉടുമ്പ, പാമ്പ, മുയല ഇത്യാദികളുടെ പേർ സംഗതിവശാൽ പറഞ്ഞു കേൾക്കുന്നതു ശുഭമാകുന്നു. അതുകളുടെ ദൎശനം ശുഭമല്ല. വാനരന്റെയും കരടിക്കുരങ്ങിന്റെയും

ശബ്ദംകേൾക്കുന്നതു ശുഭമല്ല. മററുള്ള ജന്തുക്കളുടെ ദൎശനവും ശബ്ദശ്രവണവും ശുഭമാകുന്നു.

൫൩. മാതംഗാശ്വവൃഷാദീനാം പൃച്ഛാകാലെ ഽത്ര യദി । തെഷാം വാ ദൎശനം തൎഹി പ്രഷ്ടാഭീഷ്ടമവാപ്നുയാൽ ॥

അന്വയാൎത്ഥം —— പൃച്ഛാകാലത്തിങ്കൽ മാതംഗാശ്വവൃഷാദികളുടെ തതമൊ അതുകളുടെ ദൎശനമൊ ഭവിക്കുമെങ്കിൽ എന്നാൽ പ്രഷ്ടാവ അഭീഷ്ടത്തെ അവാപിക്കും.

സാരം —— പ്രശ്നസമയത്തിങ്കൽ ആന, കുതിര, കാള ഇത്യാദികളായ ജന്തുക്കളുടെ ശബ്ദം കേൾക്കുകയൊ അതുകളെ കാണുകയൊ ഉണ്ടായാൽ പൃച്ഛകൻ അയാൾക്ക ഇഷ്ടമായിട്ടുള്ളതിനെ ലഭിക്കും.

൫൪. വീണാവെണുമൃദംഗശംഖപടഹധ്വാനഞ്ച ഭെരീരവം ഗീതം മംഗലമംഗനാഞ്ച ഗണികാം ദധ്യക്ഷതെക്ഷ്വാദികം । ദൂൎവ്വാ ചന്ദനപൂൎണ്ണകുംഭകുസുമം മാലാം ഫലം കന്യകാം വല്ലന്ദ്വാം ദിപസരൊരുഹെ ച ശുഭദം വിദ്യാന്നിമിത്തം ബുധഃ ॥

അന്വയാൎത്ഥം —— വീണാവെണുമൃദംഗശംഖപടഹധ്വാനത്തെയും ഭെരീരവത്തെയും മംഗലമായിരിക്കുന്ന ഗീതത്തെയും അംഗനയെയും ഗണികയെയും ദധ്യക്ഷതെക്ഷ്വാദികത്തെയും ദൂൎവ്വാചന്ദനപൂൎണ്ണകുംഭകുസുമത്തെയും മാലയെയും ഫലത്തെയും കന്യകയെയും വല്ലന്ദ്വയെയും ദിപസരൊരുഹങ്ങളെയും ബുധൻ ശുഭദമായിരിക്കുന്ന നിമിത്തമെന്ന അറിയെണം.

സാരം —— വീണ, കുഴൽ, മിഴാവ, ശംഖ, പടഹവാദ്യം പെരിമ്പറ ഇതുകളുടെ ശബ്ദത്തെയും ശുഭമായ ഗാനത്തെയും ഭൎത്തൃമതിയായ കലസ്ത്രീയെയും വെശ്യയെയും തൈർ, അക്ഷതം, കരിമ്പ മുതലായതുകളെയും, കറുക, ചന്ദനം, നിറകുടം, പൂവ്വ, മാല, കായ, കന്യക, മണി, വിളക്ക, താമരപ്പൂവ ഇതുകളെയും ശുഭമായ നിമിത്തമെന്ന അറിയെണം.

൫൫. ഛത്രം തൊരണവാഹ്യയാനശകടാ സ്തൊത്രഞ്ച വെദധ്വനിം ബദ്ധൈകപശും വൃഷഞ്ച മുകുരം സ്വൎണ്ണം സവത്സാഞ്ച ഗാം । ഭക്ഷ്യം ചൊദ്ധൃതമൃത്തികാം ബുധവരാ യച്ചാന്യദിഷ്ടം ശ്രുതം ദൃഷ്ടം ശ്രൊതൄണാം ശുഭം തദഖിലം വിദ്യാന്നിമിത്തം ബുധഃ ॥

അന്വയാൎത്ഥം —— ഛത്രത്തെയും തൊരണവാഹ്യയാനശകടങ്ങളെയും സ്തൊത്രത്തെയും വെദധ്വനിയെയും ബദ്ധമായിരിക്കുന്ന ഏകപശുവിനെയും വൃഷത്തെയും മുകുരത്തെയും സ്വൎണ്ണത്തെയും സവത്സയായിരിക്കുന്ന ഗൊവിനെയും ഭക്ഷ്യത്തെയും ഉദ്ധൃതമൃത്തികയെയും ശ്രൊതൃക്കൾക്ക ഇഷ്ടമായി അന്യമായിരി

ക്കുന്ന യാതൊന്നു ശ്രുതമായിട്ടും ദൃഷ്ടമായിട്ടും ഭവിക്കുന്നുവൊ അഖിലമായിരിക്കുന്ന അതിനെയും ബുധൻ ശുഭമായിരിക്കുന്ന നിമിത്തമെന്ന അറിയെണം.

സാരം—— കുട, കൊടിമരം, നല്ലവാഹനം, ചാട്ട്, കെട്ടിയിട്ട ഒററപ്പശു, കാള, കണ്ണാടി, സ്വൎണ്ണം കുട്ടിയൊടുകൂടെനില്ക്കുന്ന പശു, ഭക്ഷണയോഗ്യമായവസ്തു, മണ്ണ്, ഇതുകളെയും ചെവിക്കും കണ്ണിന്നും സന്തോഷകരങ്ങളായ അന്യവസ്തുക്കൾ കെൾക്കപ്പെട്ടുകയൊ കാണപ്പെട്ടുകയൊ ഉണ്ടായാൽ അതുകളെയും ശുഭനിമിത്തമെന്ന അറിയെണം.

മൂലം. ലൊകാച്ഛാസ്ത്രമുഖാൽഗുരുമുഖാദന്യന്നിമിത്താ
ന്തരംവിജ്ഞാതവ്യമതശ്ശുഭാശുഭഫലംപ്രാജ്ഞൈഃപ്രയത്നാദപി ।
യത്പൃഷ്ടുപ്രഷ്ടുരന്തികഗതസ്യന്നാശശബ്ദശ്രൂയതെയന്നാ
ശസ്സ്യാദിഹതസ്യതസ്യനചിരാത്തദ്വ്യത്യയെവ്യത്യയഃ ॥

അന്വയാൎത്ഥം—— ലൊകത്തിങ്കൽനിന്നും ശാസ്ത്രമുഖത്തിങ്കൽനിന്നും അപ്രകാരം ഗുരുമുഖത്തിങ്കൽനിന്നും അന്യമായിരിക്കുന്ന നിമിത്താന്തരം പ്രാജ്ഞന്മാരാൽ വിജ്ഞാതവ്യമായി ഭവിക്കുന്നു. ഇതുകളിൽനിന്നു പ്രയത്നത്തെ ആശ്രയിച്ചിട്ടു ശുഭാശുഭ ഫലവും വിജ്ഞാതവ്യമായി ഭവിക്കുന്നു. പൃച്ഛകൻ അന്തികഗതനായിട്ടു യാതൊന്നിനെ യാതൊന്നിനെ പൃഛിക്കുന്നുവൊ ഇവിടെ തന്നാശശബ്ദശ്രുതി സതിയായിരിക്കും വിഷയത്തിങ്കൽ താമസം കൂടാതെ അതിന്റെ അതിന്റെ നാശം വാച്യമായി ഭവിക്കും. തദ്വ്യത്യയം സത്തായിരിക്കും വിഷയത്തിങ്കൽ വ്യത്യയം വാച്യമായി ഭവിക്കും.

സാരം—— വെറെയുള്ള നിമിത്ത വിശെഷങ്ങളെ ലൌകിക വ്യവഹാരംകൊണ്ടും വെറെയുള്ള ശാസ്ത്രങ്ങൾകൊണ്ടും ഗുരുപദെശംകൊണ്ടും അറിയെണം. ഇവിടെ വിസ്തരഭയം ഹെതുവായിട്ടു സാകല്യെന പറഞ്ഞിട്ടില്ല. നിമിത്തങ്ങൾകൊണ്ടു നല്ലവണ്ണം മനസ്സിരുത്തി ആലൊചിച്ചിട്ടു ശുഭാശുഭഫലത്തെയും അറിയെണം. പ്രഷ്ടാവുസമീപത്തെ പ്രാപിച്ചിട്ടു യാതൊന്നിനെ ചൊദിച്ചുവൊ ആ സമയത്തിങ്കൽ അതിന്റെ നാശം ഉപശ്രുതിയായിട്ടു കേട്ടാൽ താമസം കൂടാതെ അതു നശിക്കുമെന്നും മറിച്ചായാൽ മറിച്ചും പറയെണം. ആയുഃ പ്രശ്നത്തിങ്കൽ മരണം കെട്ടാൽ ഉടനെ മരിക്കും. ജനനം കെട്ടാൽ ദീൎഘായുസ്സായിരിക്കും ഇത്യാദിയായി ഊഹിച്ചു നല്ലവണ്ണം അറിഞ്ഞു പറയെണം.

മൂലം. ജ്ഞാതൈതൽസകലംസമ്യക്സമയാദിശുഭാശുഭം ।

എതൈരെവാഖിലംവക്തുംശക്യംപ്രഷ്ടുശ്ശുഭാശുഭം ॥

അന്വയാൎത്ഥം — ശുഭാശുഭമായി സമയാദിയായിരിക്കുന്ന ഇതിനെ സകലമാകും വണ്ണം വഴിപോലെ അറിഞ്ഞിട്ട ഇതുകൾകൊണ്ട തന്നെ പ്രഷ്ടാവിന്റെ അഖിലമായിരിക്കുന്ന ശുഭാശുഭം വചിക്കപ്പെടുവാനായിക്കൊണ്ട ശക്യമായി ഭവിക്കുന്നു-

സാരം — ഇഷ്ടഫലത്തെയും കഷ്ടഫലത്തെയും സൂചിപ്പിക്കുന്നതുകളായ ഈ സമയം മുതലായതുകളെ ഒക്കെയുംവഴിപോലെ അറിഞ്ഞാൽ അതുകൾകൊണ്ട തന്നെ പൃഛകന്റെ സൎവ്വങ്ങളായ ഇഷ്ടകഷ്ട ഫലങ്ങളെ പറവാൻ കഴിയുമെന്നറിഞ്ഞു വഴിപോലെ മനസ്സു വെച്ച അതുകളെ ആവുന്നെടത്തോളം ഗ്രഹിക്കുകയും അതുകളെ പറ്റിയുള്ള വിചാരത്തെ ഉപെക്ഷിക്കാതെ ഇരിക്കുകയും വെണം-

(വാ) എതൽപ്രശ്നകാലജനിമിത്തവിഷയം॥

അന്വയാൎത്ഥം — ഇത പ്രശ്നകാലജനിമിത്ത വിഷയമായി ഭവിക്കുന്നു-

സാരം — പ്രശ്നകാലെശുഭെപ്രഷ്ടുഃ എന്നു തുടങ്ങി ഇതുവരെ ഉള്ളതുകൊണ്ട അറിയെണ്ടതു നിമിത്ത ഫലമാകയാൽ ഇതു നിമിത്ത വിഷയമാകുന്നു-

## ഇതി ദ്വിതീയൊദ്ധ്യായഃ

## അഥ തൃതീയാദ്ധ്യായപ്രാരംഭഃ

(വാ) അഥനിൎഗ്ഗമനസമയെനിരൂപണീയാന്യുച്യന്തെ ॥

അന്വയാൎത്ഥം — അനന്തരം നിൎഗ്ഗമനസമയത്തിങ്കൽ നിരൂപണീയങ്ങളായിരിക്കുന്നതുകൾ വചിക്കപ്പെടുന്നു-

സാരം — ഇനി പ്രശ്നംവെപ്പാനായിപ്പുറപ്പെടുമ്പൊൾ നിരൂപിക്കെണ്ടതുകളെ പറയുന്നു-

൧. പ്രശ്നകാലൊൽഭവംബുദ്ധ്വാസമസ്തസമയാദികം । നിൎഗ്ഗമൽസമയെജീവകാലഹൊരാദികെശുഭെ ॥

അന്വയാൎത്ഥം — പ്രശ്നകാലൊൽ ഭവമായിരിക്കുന്ന സമസ്തസമയാദികത്തെ ബൊധിച്ചിട്ട ജീവകാലഹൊരാദികമായി ശു

ഭമായിരിക്കുന്ന സമയത്തിങ്കൽ നിൎഗ്ഗമിക്കെണം.

സാരം—— പ്രശ്നകാലം മുതലായതു സത്തായിട്ടും അസത്തായിട്ടും ഭവിക്കുമെന്നതു രണ്ടാമത്തെ അദ്ധ്യായം കൊണ്ടു സ്പഷ്ടമായെല്ലൊ അങ്ങിനെ ഉള്ള സമയാദികളെ അറിഞ്ഞതിന്റെ ശെഷം ജ്യൌതിഷികൻ പ്രശ്നം ചെയ്യാനായിക്കൊണ്ടു ശുഭകഗ്രഹത്തെക്കുറിച്ചു വ്യാഴത്തിന്റെ കാലഹൊരമുതലായ നല്ലസമയം കൊണ്ടു പുറപ്പെടെണം- പകൽകൊണ്ടു പന്ത്രണ്ടു അംശമാക്കിയാൽ അതൊക്കെയും കാലഹൊരയായിരിക്കും- അതിൽവെച്ചു ആദ്യത്തിന്റെ അധിപതിവാരനാഥനാകുന്നു- ഞായറാഴ്ചയാകിൽ ഒന്നാമത്തെ കാലഹൊരയുടെ അധിപതി ആദിത്യൻ ശിഷ്ടങ്ങളായ തിങ്കളാഴ്ച മുതലായതായി വരികിൽ ചന്ദ്രൻ മുതൽ മറ്റുള്ളവർ ക്രമെണ ആദ്യകാലഹൊരയുടെ അധിപതികളായി ഭവിക്കും- മറ്റുള്ളതുകളുടെ അധിപതികൾ വാരാധിപന്റെ ആറാമത്തെ ഗ്രഹവും ആ ഗ്രഹത്തിന്റെ ആറാമത്തെ ഗ്രഹവും ഇങ്ങിനെ ക്രമെണ ആറാമത്തെ ആറാമത്തെ ഗ്രഹങ്ങളാകുന്നു- ഞായറാഴ്ച ഒന്നാമത്തെ കാലഹൊരയ്ക്കു അധിപതി ആദിത്യനാകുന്നു എന്നു പറഞ്ഞു എല്ലൊ രണ്ടാമത്തതിന്റെ അധിപതി ശുക്രനാകുന്നു- മൂന്നാമത്തതിന്റെ അധിപതി ബുധനാകുന്നു- നാലാമത്തതിന്റെഅധിപതിചന്ദ്രനാകുന്നു- ഇങ്ങിനെ യാതൊരു ഗ്രഹം പൂൎവ്വകാലഹൊരക്കു അധിപതിയായി ഭവിക്കുന്നുവൊ ആ ഗ്രഹത്തിന്റെ ആറാമത്തെ ഗ്രഹം മറ്റെതിന്റെ അധിപതിയായി ഭവിക്കും- ഇങ്ങിനെ യാതൊന്നിന്റെ ആധിപത്യംവ്യാഴത്തിന്നു വരുമൊ അതെത്രെ ജിവകാലഹൊരയാകുന്നത- ജീവകാലഹൊരതുടങ്ങിയുള്ളതു നിൎഗ്ഗമനത്തിങ്കൽ ശുഭത്തെ ഉണ്ടാക്കുന്നതാകയാൽ അങ്ങിനെഉള്ള സമയത്തിങ്കൽ പുറപ്പെടെണമെന്നറിക- കാലഹൊരാസ്വരൂപം മെൽ പറഞ്ഞ പ്രകാരമാകുന്നു എന്നത (ദിനദപാദശാംശൊമതഃകാലഹൊരാ ഇത്യാദി ഹൊരാശ്ലൊകം നൊക്കി വിശ്വസിക്കപ്പെട്ടുകൊൾക)

൨. ശുഭാശുഭനിമിത്തംയൽപ്രശ്നകാലസമുത്ഭവംഉക്തംനിഖിലമപ്യെതച്ചിന്തനീയംഹിനിൎഗ്ഗമെ ॥

അന്വയാൎത്ഥം——യാതൊരു ശുഭാശുഭനിമിത്തംപ്രശ്നകാലസമുൽഭവമാക്കി ഉക്തമായി ഭവിക്കുന്നുവൊ ഇതു നിഖിലമാക്കിനിൎഗ്ഗമത്തിങ്കലും ചിന്തനീയമായി ഭവിക്കുന്നു.

സാരം—— മെൽപറകപ്പെട്ടശുഭാശുഭ നിമിത്തങ്ങളെ പുറപ്പെടുന്നെരത്തും വിചാരിക്കെണം.

൩. നിൎഗ്ഗച്ഛതോംബരംസംഗമെതിഭ്രമെന്നപതെച്ഛവാ । ഛത്രാദ്യന്യൽകരസ്ഥംവാഭവെദെവാശുഭായതൽ ॥

അന്വയാൎത്ഥം—— നിൎഗ്ഗമന്നായിരിക്കുന്നവൻെറ അംബരം സംഗത്തെ പ്രാപിക്കുകയും ഭൂമിയിങ്കൽ പതിക്കുകയും കരസ്ഥമായി അന്യമായിരിക്കുന്ന ഛത്രാദി സംഗത്തെ പ്രാപിക്കയും ഭൂമിയിൽ പതിക്കുകയും യാതൊന്നൊ അത അശുഭത്തിന്നായിക്കൊണ്ടു തന്നെ ഭവിക്കും.

സാരം—— പുറപ്പെട്ടമ്പൊൾ വാതിലുമുതലായതിന്മെൽ വസ്ത്രം തടയുകയും ഭൂമിയിൽ വീഴുകയും, കയ്യിൽ ഉള്ള കുട മുതലായതു തടയുകയും വീഴുകയും അശുഭ സൂചകമാകുന്നു.

൪. ആഗച്ഛതിഷ്ഠമാഗച്ഛപ്രവിശകപനുഗച്ഛസിഇത്യാദിവാചഃപ്രസ്ഥാനെഭവന്ത്യശുഭമൊദ്ഭവം ॥

അന്വയാൎത്ഥം— പ്രസ്ഥാനത്തിങ്കൽ ആഗമിച്ചാലും സ്ഥിതിചെയ്താലും നീഗമിക്കരുത പ്രവെശിച്ചാലും എവിടെ ഗമിക്കുന്നു ഇത്യാദി വാക്കുകൾ അശുഭദകളായി ഭവിക്കുന്നു നിശ്ചയം.

സാരം—പ്രസ്ഥാനം ചെയ്പ്പാന്നായിക്കൊണ്ടുള്ള യാത്രയുടെ ആരംഭ സമയത്തിങ്കൽ നീ ഇങ്ങൊട്ടു വാ അവിടെനില്ക്ക പൊവരുത അകത്തെക്കുകടക്ക എവിടെപൊകുന്നു. ഇത്യാദികളായ വാക്കുകൾ അമംഗലത്തെ സൂചിപ്പിക്കുന്നതുകളാകുന്നു.

൫. പാഷാണാദിഷുപാദസ്ഖലനംസ്യാദ്ഘട്ടനംശിരസഃ । നെഷ്ടംനിൎഗ്ഗമനെന്യാന്യപിസഞ്ചിന്ത്യാനിലൊകസിദ്ധാനി ॥

അന്വയാൎത്ഥം— പാഷാണാദികളിൽ പാദസ്ഖലനവും സ്തംഭത്തിങ്കൽ ശിരസ്സിൻെറ ഘട്ടനവും നിൎഗ്ഗമനത്തിങ്കൽ ഇഷ്ടമായി ഭവിക്കുന്നില്ല. ലൊകസിദ്ധങ്ങളായിരിക്കുന്ന അന്യങ്ങളും സഞ്ചിന്ത്യങ്ങളായി ഭവിക്കുന്നു.

സാരം— യാത്രാരംഭ സമയത്തിങ്കൽ കാലിൻെറ വിരൽ കല്ലുമുതലായതിന്മെൽ തട്ടി ഇടറുകയും തൂണുമുതലായതിന്മെൽ തലമുട്ടുകയും അശുഭമാകുന്നു.

മെൽ പറകപ്പെട്ട നിമിത്തങ്ങളിൽ ചെൎന്നതുകളല്ലാതെയും ലൊകത്തിങ്കൽ പ്രസിദ്ധങ്ങളായിട്ടുള്ളതുകളെ ലൊകപ്രസിദ്ധി യാതൊരു പ്രകാരമൊ അപ്രകാരം വിചാരിക്കുകയും വെണം.

(വാ) എതന്നിൎഗ്ഗമനവിഷയം.

അന്വയാൎത്ഥം ഇതു നിൎഗ്ഗമനവിഷയമായി ഭവിക്കുന്നു.

സാരം—— മെൽപറകപ്പെട്ട വചനങ്ങൾകൊണ്ടു ഗ്രഹിക്ക

ല്പെടെണ്ടതു നിൎഗ്ഗമനസംബന്ധിയായ ശുഭാശുഭ നിമിത്ത
മാകയാൽ ഇതുവരെ ഉള്ള അതുകളുടെ വിഷയം നിൎഗ്ഗമനമാ
കുന്നു.

(വാ) അഥമാൎഗ്ഗെ ചിന്തനീയാന്യുച്യന്തെ।

അന്വയാൎത്ഥം — അനന്തരം മാൎഗ്ഗത്തിങ്കൽ ചിന്തനീയങ്ങാ
ളായിട്ടുള്ളതുകൾ വചിക്കപ്പെടുന്നു.

സാരം — ഇനിവഴിയിൽ ചിന്തിക്കെണ്ടതുകളെ പറയുന്നു.

(വാ) അത്രശാസ്ത്രാന്തരം-

അന്വയാൎത്ഥം — ഇവിടെ ശാസ്ത്രാന്തരംഭവിക്കുന്നു-

സാരം — മെൽ പറകപ്പെട്ട കാൎയ്യത്തിങ്കൽ അനുകൂലമായി
ട്ട അന്യശാസ്ത്രം ഉണ്ട അതിനെ അനന്തരം എഴുതുന്നു.

൩. അത്രജന്മാന്തരകൃതംകൎമ്മപുംസാംശുഭാശുഭം। യത്തസ്യശ
കുനഃപാകംനിവെദയതിപൃച്ഛതാം॥ഇതി॥

അന്വയാൎത്ഥം — ഇവിടെ പൃഛൎത്തുകളായിരിക്കുന്ന പു
മാന്മാരുടെ ജന്മാന്തരകൃതമായി ശുഭാശുഭമായിരിക്കുന്ന കൎമ്മം
യാതൊന്നൊ അതിൻെറപാകത്തെ ശകുനം നിവെദിപ്പിക്കുന്നു.

സാരം — പ്രശ്നകൎത്താക്കന്മാരായിരിക്കുന്ന പുരുഷന്മാരാൽ
പ്രാഗ്ജന്മത്തിങ്കൽ ചെയ്യപ്പെട്ട ശുഭാശുഭകൎമ്മങ്ങളുടെ ഫലത്തെ
ശകുനം അറിയിക്കുന്നു. അതുഹെതുവായിട്ട ശകുനത്തെക്കുറിച്ചു
ദൃഷ്ടിവെക്കെണമെന്നു ഗ്രഹിച്ചു കൊൾക ഇതിശബ്ദം സമാപ്തി
യെ ബൊധിപ്പിക്കുന്നതാകുന്നു.

൪- സമസ്തൈകനൊൽഭൂതനൃകൎത്തൃഭിദാസ്യ്വതൽഫലാനുഭ
വെ മാൎഗ്ഗാദിഭെദവശതസ്സൂപിചശാസ്ത്രാന്തരെകഥിതം॥

അന്വയാൎത്ഥം — സമസ്തൈകനൊൽഭൂതിസതിയായിരിക്കും
വിഷയത്തിങ്കൽ മാൎഗ്ഗാദിഭെദവശം ഹെതുവായിട്ട കൎത്തൃഭിദാഭവി
ക്കുന്നുതന്നെ അതും ശാസ്ത്രാന്തരത്തിങ്കൽ കഥിതമായി ഭവി
ക്കുന്നു.

സാരം — നന്നായിട്ടും നന്നല്ലാതെയും ഉള്ളശകുനങ്ങൾ ക
ണ്ടാൽ അതുകളുടെ ഫലങ്ങൾഒക്കെയും അനുഭവിക്കുന്നത ഒരു
ത്തൻ തന്നെഎന്നില്ല വഴിമുതലായതുകളെ അനുസരിച്ചു അതു
കളുടെ അനുഭവത്തിങ്കൽ ഭെദമുണ്ട അതുംഅന്യശാസ്ത്രത്തി
ങ്കൽ പറകപ്പെട്ടിരിക്കുന്നു.

൫- പഥ്യാത്മനാംനൃപൎഗ്ഗ്സൈന്യപുരെതൃദിശിദൈവതം। സാ
ൎത്ഥപ്രധാനംസാമ്യെത്തുജാതിവിദ്യാവയൊധികം॥ഇതി॥

അന്വയാൎത്ഥം പന്ഥാവിങ്കലെ ശകുനം ആത്മാവിനെ യാ

നംചെയ്യുന്നു. സൈന്യത്തിങ്കലെശകുനം നൃപനെയാനംചെയ്യുന്നു പുരത്തിങ്കലെശകുനം തട്ടിക്കിങ്കലെദൈവതയെ യാനംചെയ്യുന്നു. സാൎത്ഥത്തിങ്കലെശകുനം പ്രധാനനെ യാനം ചെയ്യുന്നു. സാമ്യം സത്തായിരിക്കും വിഷയത്തിങ്കൽഉണ്ടായ ശകുനമാകട്ടെ ജാതിവിദ്യാവയോധികനെ യാനം ചെയ്യുന്നു.

സാരം— വഴിയിൽ ഉണ്ടായ ശകുനത്തിന്റെ ഫലത്തെ താൻഅനുഭവിക്കും സേനയിൽഉണ്ടായ ശകുനത്തിന്റെഫലത്തെ രാജാവഅനുഭവിക്കും. നഗരത്തിങ്കൽഉണ്ടായ ശകുനത്തിന്റെ ഫലത്തെ ആനഗരത്തിന്നടുത്തസ്ഥലത്തിങ്കൽ ഉള്ള ദൈവത അനുഭവിക്കും. കൂട്ടത്തിൽഉണ്ടായ ശകുനത്തിന്റെ ഫലത്തെ അതിൽ പ്രാധാന്യമുള്ളവൻ അനുഭവിക്കും. എല്ലാവൎക്കും പ്രാധാന്യം സമമാകുന്നുഎംകിൽ ജാതികൊണ്ടു ഉത്തമനായിരിക്കുന്നവൻഅനുഭവിക്കും. അങ്ങിനെഉള്ളവർ അനേകന്മാരായിരുന്നാൽ അവരിൽവെച്ചു വിദ്യകൊണ്ടുആധിക്യം ആൎക്കൊ അവൻ അനുഭവിക്കും അനേകജനങ്ങൾ വിദ്യകൊണ്ടു മററുള്ളവരെക്കാൾ ആധിക്യത്തോടും പരസ്പരസാമ്യത്തോടും കൂടിയവരായിരുന്നാൽ അവരിൽ വെച്ചു വയോധികനായിരിക്കുന്നവൻ അനുഭവിക്കും. എല്ലാവൎക്കും ജാതിസാമ്യവുമുണ്ടായിരുന്നാൽ വിദ്യകൊണ്ടു ആധിക്യമുള്ളവൻ അനുഭവിക്കും. വിദ്യകൊണ്ടുംസാമ്യമുണ്ടായിരുന്നാൽ വയസ്സുകൊണ്ടു ആധിക്യമുള്ളവൻഅനുഭവിക്കും. ഇതി ശബ്ദം സമാപ്തിബോധകമാകുന്നു.

൯. ശകുനഫലാന്യമപിഭൂതാനാഗതവൎത്തമാനകാലതഃ। തൽ
സംഭവദിഗ്ഭാഗതൊജ്ഞേയംശാസ്ത്രാന്തരൊക്തമേതദപി॥

അന്വയാൎത്ഥം_____ ശകുനഫലങ്ങളുടെ ഭൂതാനാഗതവൎത്തമാനകാലതവും തത്സംഭവദിഗ്ഭാഗം ഹേതുവായിട്ടു ജ്ഞേയമായിഭവിക്കുന്നു. ഇതുംശാസ്ത്രാന്തരൊക്തമായി ഭവിക്കുന്നു.

സാരം_____ശകുനത്താൽ സൂചിക്കപ്പെട്ട ഫലങ്ങളിൽചിലതിന്റെ അനുഭവം കഴിഞ്ഞുപൊയിഎന്നും ചിലതുതന്നെ അടുത്തിരിക്കുന്നു എന്നും ചിലതുമെലിൽ ഒരുകാലത്തിങ്കൽ ഭവിപ്പാൻപൊകുന്നുഎന്നും ഉള്ളവിശെഷത്തെ ശകുനം യാതൊരുദിക്കിൽഉണ്ടായൊ അതിനെ അനുസരിച്ചിട്ടുഅറിയെണം ഇതും അന്യശാസ്ത്രത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു.

൧൦. ഉത്തരഭ്യസ്വോപാദയാമക്രമഃപൂൎവ്വാദ്യഷ്ടാസ്വദിക്ഷ്വപി। പ
ത്ത്യുൽപ്രയുതാസ്സ്വപ്നസ്വപ്നനാഡീദിവാനിശം॥

൧൧. മുക്തപ്രാപ്യൈഷ്യസൂൎയ്യാസ്ഥഫലംദിക്ഷ്വതഥാവിധം।അം

ഗാരമീപ്തിധൂമിന്യസ്താശ്ചശാന്താസ്തതൊപരാഃ॥

൫൨. തൽപഞ്ചമദിശാംതുല്യംഫലത്രൈകാല്യമാദിശെൽ। പരിശെഷദിശൊവാച്യംയഥാസന്നംശുഭാശുഭം॥ ഇതി॥

അന്വയാൎത്ഥം—— അൎക്കൻ സൊദയത്തിങ്കൽ നിന്ന ആരംഭിച്ചിട്ട അൎദ്ധയാമങ്ങളായിരിക്കുന്ന ഏഴെഴ നാഴികൾ മുഴുവൻ പൂൎവ്വാദിയായിട്ട എട്ടുദിക്കുകളിലും ചരിക്കുന്നു. പകലും രാവും മുക്തപ്രാപൈഷ്യസൂൎയ്യകളായിരിക്കുന്ന ദിക്കുകളിലെഫലം തഥാവിധമായിഭവിക്കുന്നു. അതുകൾ അംഗാരമീപ്തിധൂമിനികളായിട്ടും അതുകളിൽനിന്ന അപരകൾ ശാന്തകളായിട്ടുംഭവിക്കുന്നു. ഫലത്രൈകാല്യം തൽപഞ്ചമദിക്കുകൾക്കുതുല്യമായിഭവിക്കുന്നു. പരിശെഷദിക്കുകൾക്ക വാച്യമായിരിക്കുന്ന ശുഭാശുഭത്തെ ആസന്നത്തെഅനുസരിച്ച ആദെശിക്കെണം.

സാരം—— സൂൎയ്യൻതന്റെ ഉദയത്തിങ്കൽനിന്നതുടങ്ങി ഏഴര നാഴിക കിഴക്കുമുതലായ എട്ടുദിക്കുകളിൽസഞ്ചരിക്കുന്നു. സൂൎയ്യൻയാതൊരു ദിക്കിനെ ഉപെക്ഷിച്ചുവൊ അതിന്നുപെർ അംഗാരവതി എന്നാകുന്നു എന്നും അവിടെ ഉണ്ടായ ശകുനത്തിന്റെ ഫലം കഴിഞ്ഞതാകുന്നു എന്നും സൂൎയ്യൻ യാതൊരു ദിക്കിനെ അപ്പൊൾ ആശ്രയിച്ചുസഞ്ചരിക്കുന്നുവൊ അതിന്നുപെർ മീപ്തിമതി എന്നാകുന്നുഎന്നും അവിടെഉണ്ടായശകുനഫലം വളരെ അടുത്തതാകുന്നു എന്നും സൂൎയ്യൻ യാതൊരു ദിക്കിനെ ഉടനെ പ്രാപിപ്പാൻ പൊകുന്നുവൊ അതിന്നുപെർ ധൂമവതി എന്നാകുന്നുഎന്നും അവിടെ ഉണ്ടായ ശകുനഫലം മെലിൽ ഒരുകാലത്തിങ്കൽ വരുവാനിരിക്കുന്നതാകുന്നു എന്നും അറിഞ്ഞുകൊൾക. ഇങ്ങിനെ ഉള്ളകാലഭെദം തന്റെ തന്റെ അഞ്ചാമത്തതായദിക്കിന്നും തുല്യമാകുന്നു. ശിഷ്ടകളായ രണ്ടുദിക്കുകളിൽ ഉണ്ടാകുന്ന ശകുനഫലങ്ങളുടെ അനുഭവകാലത്തെ അതുകൾക്കടുത്തതുകളായദിക്കുകളെ അനുസരിച്ചു പറഞ്ഞുകൊൾക.

മെൽപറഞ്ഞതിന്നെ സ്പഷ്ടമാക്കി താഴെ എഴുതുന്നു.

ഉദയം മുതൽ ഏഴരനാഴികവരെ ആദിത്യന്റെ സഞ്ചാരം കിഴക്കെദിക്കിലാകയാൽ അപ്പൊൾ അവിടെ ഉണ്ടായ ശകുനത്തിന്റെയും അതിന്റെ അഞ്ചാംദിക്കായ പടിഞ്ഞാറെ ദിക്കിൽ ഉണ്ടായ ശകുനത്തിന്റെയും ഫലം വളരെ അടുത്തകാലത്തിങ്കൽ അനുഭവമുള്ളതുകളാകുന്നു എന്ന അറിയെണം. ആ സമയത്തിങ്കൽ തന്നെ ഒരംശാനകൊണിലും നിരൃതികൊണിലുമുണ്ടായ ശകുനങ്ങളുടെ ഫലംകഴിഞ്ഞതാകുന്നു എന്ന അറിയെണം. അഗ്നി

കോണിലും വായുകോണിലും ഉണ്ടായ ശകുനങ്ങളുടെ ഫലംമെലിൽ ഒരുകാലത്തിങ്കൽ അനുഭവിക്കപ്പെടെണ്ടുന്നുകളാകുന്നു എന്ന അറിയെണം. തെക്കെദിക്കിന്റെ നടുവിൽനിന്ന കിഴക്കുള്ളഅംശം അഗ്നികൊണിന്ന അടുത്തതാകയാൽ അവിടെ ഉണ്ടായ ശകുനഫലം ഭാവിതന്നെ എന്ന അറിയെണം. അതിന്റെനടുവിൽനിന്ന പടിഞ്ഞാറുള്ള അംശം നിരൃതികൊണിന്ന അടുത്തതാകയാൽ അവിടെ ഉണ്ടായ ശകുനത്തിന്റെ ഫലം കഴിഞ്ഞുപൊയി എന്നറിയെണം. വടക്കെദിക്കിന്റെ നടുവിൽനിന്ന കിഴക്കുള്ള അംശം ഒരം ശാനകൊണിന്ന അടുത്തതാകയാൽ അവിടെ ഉണ്ടായ ശകുനത്തിന്റെ ഫലവും കഴിഞ്ഞതുതന്നെ എന്ന അറിയെണം. അതിന്റെനടുവിൽനിന്ന പടിഞ്ഞാറുള്ളഅംശം വായുകൊണിന്ന അടുത്തതാകയാൽ അവിടെ ഉണ്ടായ ശകുനത്തിന്റെ ഫലം ഭാവിതന്നെ എന്ന അറിയെണം. ഇങ്ങിനെ രണ്ടാംയാമംമുതൽ ആദിത്യചാരം അഗ്നികൊണമുതലായ ദിക്കുകളിലെക്ക നീങ്ങിയാൽ വരുന്നകാലഭെദത്തെയും ഗ്രഹിച്ചുകൊൾക.

(വാ) എതൽസൎവ്വത്രഭൂതഭവിഷ്യദ്വൎത്തമാനപരിജ്ഞാനെ ഗ്രാഹ്യം॥

അന്വയാൎത്ഥം.—— ഇത സൎവ്വങ്ങളിലും ഭൂതഭവിഷ്യദ്വൎത്തമാനകാലപരിജ്ഞാനത്തിങ്കൽ ഗ്രാഹ്യമായി ഭവിക്കുന്നു.

സാരം.—— മെൽ പറഞ്ഞപ്രകാരം സകലപ്രശ്നങ്ങളിലും ഇതു ഭൂതമൊ ഭാവിയൊ വൎത്തമാനമൊ എന്നുള്ള ചിന്തവെണ്ടിവന്നാൽ സ്വീകരിക്കപ്പെടുവാൻ യൊഗ്യമാകുന്നു.

൧൩. രാജാകുമാരൊനെതാചദൂതശ്രെഷ്ഠശ്ചരൊദ്വിജഃ। ഗജാധ്യക്ഷശ്ചപൂൎവ്വാദ്യാഃക്ഷത്രിയാദ്യാശ്ചതുൎദ്ദിശഃ।

൧൪. ശൎമ്മതസ്തിഷ്ഠതൊവാപിയദ്ദിശ്യസ്യവ്യവസ്ഥിതഃ। വിദൗതിശകുനൊവാച്യസ്തദിക്സ്ഥെനസമാഗമഃ॥

അന്വയാൎത്ഥം —— പൂൎവ്വാദ്യകൾ രാജാവും കുമാരനും നെതാവും ദൂതനും ശ്രെഷ്ഠനും ചരനും ദ്വിജനും ഗജാധ്യക്ഷനുമായി ഭവിക്കുന്നു. ചതുൎദ്ദിക്കുകൾ ക്ഷത്രിയാദ്യന്മാരായി ഭവിക്കുന്നു. ശൎമ്മന്നായിരിക്കുന്നഉവന്ന ദിക്കിങ്കൽ വ്യവസ്ഥിതമായി ശകുനം വിരവിക്കുന്നുവൊ ദിക്സ്ഥനായിരിക്കുന്നവനൊ സമാഗമംവാച്യമായി ഭവിക്കുന്നു.

സാരം.—— കിഴക്കെദിക്ക അഗ്നികൊണ്ടെ, തെക്കെദിക്കനിരൃതികൊണ്ടെ, പടിഞ്ഞാറെദിക്ക വായുകൊണ്ടെ, വടക്കെദിക്ക ഒരം

ശാനകൊണ്ടെ ഇങ്ങിനെ ഉള്ള എട്ടു ദിക്കുകൾക്കു ക്രമെണ രാജാവും ഇളയരാജാവും പടനായകനും ദൂതനും ശ്രെഷ്ഠനും ചരനും ഉപനയമുള്ളവനും ഗജസ്വാമിയുമാകുന്നു എന്ന പറഞ്ഞതുകൊണ്ടു മെൽപറഞ്ഞ ദിക്കുകൾക്കു രാജാവമുതലായിട്ടുള്ളവർ സ്വാമികളാകുന്നു എന്നുള്ള ആശയത്തെ ഗ്രഹിച്ചുകൊൾക. കിഴക്കു, തെക്കു, പടിഞ്ഞാറ, വടക്കു ഈ നാലുദിക്കുകൾ ക്ഷത്രിയന്മുതലായവരാകുന്നു എന്നതിന്ന കിഴക്കെദിക്കിന്റെ സ്വാമി ക്ഷത്രിയനാകുന്നു എന്നും തെക്കെദിക്കിന്റെ സ്വാമി വൈശ്യനാകുന്നു എന്നും പടിഞ്ഞാറെ ദിക്കിന്റെ സ്വാമി ശൂദ്രനാകുന്നു എന്നും വടക്കെദിക്കിന്റെ സ്വാമി ബ്രാഹ്മണനാകുന്നു എന്നും ആശയമാകുന്നു എന്നറിഞ്ഞുകൊൾക.

പുറപ്പെട്ടവൻ വഴിനടക്കുന്ന സമയമൊ വഴിയിൽനില്ക്കുന്ന സമയമൊ ഇരിക്കുന്ന സമയമൊ മെൽപറകപ്പെട്ട എട്ടു ദിക്കുകളിൽവെച്ചു ഒരുദിക്കിനെ ആശ്രയിച്ചിരുന്നിട്ടു ശബ്ദിച്ചാൽ ആ ദിക്കിന്ന സ്വാമിയായവൻ ഏവനൊടു കൂടെ ഉള്ള സമാഗമം ഭവിക്കുമെന്നു പറയെണം. ഇവിടെ ഒരു വിശെഷമുണ്ടു അതിനെപ്പറയാം. കിഴക്കെദിക്കിന്ന ക്ഷത്രിയൻ അധിപതിയാകുന്നു എന്ന പെറെ പറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ടു യാതൊരു രാജാവിനൊടു കൂടെ സമാഗമം ഭവിക്കുമൊ ആ രാജാവ ക്ഷത്രിയനായിരിക്കെണമെന്നുള്ള നിയമമില്ലെന്നും രാജാവിനൊടു കൂടത്തന്നെ സമാഗമം ഭവിക്കെണമെന്നില്ല. ക്ഷത്രിയനൊടുകൂടെ ആയാലും മതി എന്നും ഗ്രഹിക്കെണം.

തെക്കെദിക്കിൽ ഇരുന്നിട്ടു ശബ്ദിച്ചാൽ നെതാവൊടുകൂടെ സമാഗമം ഭവിക്കുമെന്നു പറഞ്ഞു എല്ലൊ അവിടെയും ഭെദമുണ്ടു നെതാവൊടുകൂടെത്തന്നെ വെണമെന്നില്ല. വൈശ്യനൊടു കൂടെ ആയാലും മതി എന്ന മന്ത്രിയാകിലും അവൻ വൈശ്യവംശത്തിങ്കൽ ജനിച്ചവനായിരിക്കുമെന്നും ഗ്രഹിക്കെണം.

പടിഞ്ഞാറെ ദിക്കിൽ നിന്നായാൽ ശ്രെഷ്ഠനൊടു കൂടെ സമാഗമം ഭവിച്ചു എന്നു വരികയുമാം. യാവനൊരുത്തനൊടു സമാഗമം ഭവിച്ചുവൊ അവൻ പ്രാധാന്യമുള്ളവനായാലും ശൂദ്രനായിരിക്കുകയും ചെയ്യും എന്നു ഗ്രഹിക്കെണം.

വടക്കെദിക്കിൽ നിന്നായാൽ ഉപനയമുണ്ടു എങ്കിലും വെദബാഹ്യനായിരിക്കുന്ന ബ്രാഹ്മണനൊടു കൂടെഉള്ള സമാഗമത്തെയും അതുപൊലെ വെദാധികാരിയായിരുന്നാലും വെദാധ്യയനത്തെ ആചരിക്കാതെ ഉള്ള ബ്രാഹ്മണനൊടു കൂടെയുള്ള സ

മാൎഗ്ഗത്തെയും പറയാമെന്നു ഗ്രഹിക്കേണം-

മെൽ പറകപ്പെട്ട വിശെഷങ്ങൾ ഒക്കെയും ശകുനസംഗ്രഹത്തിങ്കൽ സ്പഷ്ടമാകുന്നു-

മെൽ പറകപ്പെട്ട ശ്ലോകങ്ങളുടെ അൎത്ഥത്തെ സംക്ഷെപെണ വിചാരിപ്പാനാഗ്രഹത്തൊടു കൂടിയ ഗ്രന്ഥകാരൻ ചികീൎഷിത പ്രതിജ്ഞയെ വാക്യംകൊണ്ടു ചെയ്യുന്നു,

(വാ) അസ്യാൎത്ഥഃ ॥

അന്വയാൎത്ഥം—— ഇതിന്റെ അൎത്ഥം വചിക്കപ്പെടുന്നു.

സാരം——സ്പഷ്ടമാകയാൽ അതിനെക്കുറിച്ചു ഞാൻ പറയുന്നില്ല-

ശ്ലൊ. പ്രാച്യാംദിശിശകുനരവൊയദിഖലുഭവിതാസമാഗമൊ രാജ്ഞാ । രാജകുമാരെണാഗ്നേയയാമ്യാദിഷ്വെവമെവനെതൃമുഖൈഃ ।ഇതി-

അന്വയാൎത്ഥം—— പ്രാചിയായിരിക്കുന്ന ദിക്കിങ്കൽ ശകുനരവം ഭവിക്കുമെങ്കിൽ രാജാവിനൊടു കൂടെ സമാഗമം വാച്യമായിഭവിക്കുന്നു- അഗ്നിയിങ്കൽ ഭവിക്കുമെങ്കിൽ രാജകുമാരനൊടു കൂടെ സമാഗമം വാച്യമായി ഭവിക്കുന്നു- യാമ്യാദികളിൽ ഭവിക്കുമെങ്കിൽ ഇപ്രകാരം തന്നെ നെതൃമുഖന്മാരൊടു കൂടെ സമാഗമം വാച്യമായി ഭവിക്കുന്നു-

സാരം—— കിഴക്കെദിക്കിൽ ശകുനശബ്ദം ഉണ്ടായാൽ രാജാവിനൊടു കൂടെ ഉള്ള ചെൎച്ചയുണ്ടാകുമെന്നും അഗ്നികൊണിൽ ശകുനശബ്ദമുണ്ടായാൽ രാജപുത്രനൊടു കൂടെ ഉള്ള ചെൎച്ചഉണ്ടാകുമെന്നും തെക്കെ ദിക്കുമുതലായതുകളിൽ ശകുനശബ്ദം ഭവിച്ചാൽ പടനായകൻ മുതലായവരൊടുകൂടെ ഉള്ള ചെൎച്ചഉണ്ടാകുമെന്നു പറയെണം-ഇതി ശബ്ദം സമാപ്തിബൊധകമാകുന്നു-

ശ്ലൊ പാഷണ്ഡാശ്രമിവൎണ്ണാനാംസവൎണ്ണൈഃ കാൎയ്യസിദ്ധയെ । തെഷാംതുവിപരീതാസ്സ്യുൎദൂതാഃകാൎയ്യവിപത്തയെ ॥

അന്വയാൎത്ഥം—— പാഷണ്ഡാശ്രമവൎണ്ണങ്ങൾക്കുസവൎണ്ണന്മാർ കാൎയ്യസിദ്ധിക്കായിക്കൊണ്ടു ഭവിക്കും അതുകൾക്കു വിപരീതന്മാരായിരിക്കുന്ന ദൂതന്മാരാകട്ടെ കാൎയ്യവിപത്തിക്കായിക്കൊണ്ടു ഭവിക്കുന്നു-

സാരം—— ബൌദ്ധക്ഷപണകാദികൾക്കു ബൌദ്ധക്ഷപണകാദികളും ബ്രഹ്മചാരി മുതലായ ആശ്രമസ്ഥന്മാൎക്കു ബ്രഹ്മചാരിമുതലായ ആശ്രമസ്ഥന്മാരും അതാതുജാതിക്കാൎക്കു അതാതു ജാതിക്കാരും ദൂതന്മാരായിവന്നാൽ കാൎയ്യസിദ്ധിയുംമെൽപ്രകാ

രമല്ലാത്തവർ ദൂതന്മാരായിവരികിൽ കാൎയ്യനാശവുംഫലമാകുന്നു-

(൯൫) അഥവക്ഷ്യമാണാനാംമാൎഗ്ഗേഭ്യാഗമൊഗ്രാഹ്യഃ ॥

അന്വയാൎത്ഥം—— അനന്തരം വക്ഷ്യമാണങ്ങളുടെ മാൎഗ്ഗത്തിങ്കലുള്ള അഭ്യാഗമം ഗ്രാഹ്യമായി ഭവിക്കുന്നു-

സാരം—— അനന്തരം ചിലവസ്തുക്കളെ കഷ്ടനിമിത്തങ്ങളാകുന്നു എന്നു പറവാൻ പൊകുന്നു- അതുകളുടെ അഭ്യാഗമമെത്രെകഷ്ടമായിട്ടുള്ളത എന്ന ഗ്രഹിച്ചുകൊൾക-

൯൬· കാൎപ്പാസൌഷധകൃഷ്ണധാന്യലവണാംജ്വാലാദിഹിംസാത്മകംഭസ്മാംഗാരമയശ്ചതക്രമുരഗംപൂതിംവിൾഛൎദ്ദിതെ ഭ്രാന്താപന്നജളാന്ധമൂകബധിര ക്ലീബാംശ്ചസന്ന്യാസിനൊയദ്ദൃഷ്ട്വാസൌരനിഷ്ടമഖിലംകഷ്ടംനിമിത്തംവിദുഃ ॥

അന്വയാൎത്ഥം—— കാൎപ്പാസൌഷധകൃഷ്ണധാന്യലവണത്തെയും ജ്വാലാദിയായിരിക്കുന്ന ഹിംസാത്മകത്തെയും ഭസ്മത്തെയും അംഗാരത്തെയും അയസ്സിനെയും തക്രത്തെയും ഉരഗത്തെയും പൂതിയെയുംവിൾഛൎദ്ദിതങ്ങളെയുംഭ്രാന്താപന്നജളാന്ധമൂകബധിരക്ലീബന്മാരെയും സന്ന്യാസികളെയും യാതൊന്നുയാതൊന്നു ദൃഷ്ടാസ്സുകൾക്കു അനിഷ്ടമായി ഭവിക്കുന്നുവൊ അഖിലമായിരിക്കുന്നതിനെയും കഷ്ടമായിരിക്കുന്ന നിമിത്തമെന്നറിയുന്നു-

സാരം—— നൂൽപ്പരുത്തി, മരുന്നുകൾ, കൃഷ്ണധാന്യം, ഉപ്പ, വിഷമുതലായ ഹിംസാ സാധനങ്ങൾ ഭസ്മം, തീക്കനല, ഇരുമ്പ, മൊര ഇതുകളെ നെരെ കൊണ്ടുവരികയും സൎപ്പം നെരെ വരികയും ദുൎഗ്ഗന്ധത്തൊടു കൂടിയ വസ്തു, മലം, ഛൎദ്ദിക്കപ്പെട്ടവസ്തു, ഇതുകളെ നെരെകൊണ്ടുവരികയും ഉന്മാദിചരോഗി, ഒരറിവുമില്ലാത്തവൻ, കണ്ണുകാണാത്തവൻ, മിണ്ടപ്പൊകാത്തവൻ, ചെവികെൾക്കാത്തവൻ, നപുംസകമായിരിക്കുന്നവൻ, സന്ന്യാസി ഇവർ നെരെ വരികയും കണ്ണിന്നും മനസ്സിന്നും അനിഷ്ടമായിട്ടുള്ളതു യാതൊന്നൊ അതിന്റെ നെരെ ഉള്ള വരവും അശുഭമാകുന്നു-

൯൭· പഥഭ്രൈഷൊഹിമാൎജ്ജാരഗൊധാനകുലവാനരൈഃ । സക്ഷ്പെന്ധനപാഷാണൈൎത്തൃണാദ്യപിചദൊഷകൃൽ ॥

അന്വയാൎത്ഥം —— അഹിമാൎജ്ജാരഗൊധാനകുലവാനരന്മാരാൽ പന്ഥാവിന്റെ ഛെദവും സക്ഷ്പെന്ധന പാഷാണതൃണാദിയും ദൊഷകൃത്തായി ഭവിക്കുന്നു-

സാരം—— പാമ്പ, പൂച്ച, ഉടുമ്പ, കീരി, വാനരൻ ഇവർവഴി മുറിച്ചുപൊകയും കട്ടക, വിറക, കല്ല, പുല്ല ഇതുകളെ നെരെ

കൊണ്ടുവരികയും അശുഭമാകുന്നു.

൧൯. ആമംമാംസമഥാസവംമധുഘൃതെധൌതാംബരാലെ
പനംരത്നേഭധ്വജവാജിനശ്ചനൃപതിംസംവർദ്ധമാനംനരം । ദെ
വംപാണ്ഡുരചാമരംസുമധുരസ്ത്രീശബ്ദാന്നപാനെശവംവിപ്രൌഘ
ജ്വലദഗ്നിമത്രശുഭദംവിദ്യാന്നിമിത്തംബുധഃ ॥

അന്വയാർത്ഥം —— ആമമായിരിക്കുന്ന മാംസത്തെയും സകല മായിരിക്കുന്ന ആസവത്തെയും മധുഘൃതങ്ങളെയും ധൌതാംബ രാലെപനത്തെയും രത്നേഭധ്വജവാജികളെയും നൃപതിയെയും സംവർദ്ധമാനനായിരിക്കുന്ന നരനെയും ദെവനെയും പാണ്ഡു രചാമരത്തെയും സുമധുരസ്ത്രീശബ്ദാന്ന പാനങ്ങളെയും ശവത്തെ യും വിപ്രന്മാരെയും ജ്വലദഗ്നിയെയും ബുധൻ ഇവിടെ ശുഭ ദമായിരിക്കുന്ന നിമിത്തമെന്ന അറിയെണം.

സാരം— പച്ചമാംസവും സകലമദ്യവും തെനും നെയ്യും അ ലക്കിയ വസ്ത്രവും കുറിക്കൂട്ടും രത്നവും ആനയും കൊടിമരവും കു തിരയും രാജാവും വിദ്യാധനാദികളുടെ അഭിവൃദ്ധിയൊടു കൂടി യ പുരുഷനും ദെവനും വെൺചാമരവും മധുരരസത്തൊടും സ്ത്രീ ശബ്ദത്തൊടും കൂടിയ അന്നപാനങ്ങളും ശവവും രണ്ടുബ്രാഹ്മണ രും കത്തുന്ന തീയും നെരെവരികിൽ നല്ലതാകുന്നു.

൨൦. പ്രദക്ഷിണംമൃഗഖഗായാന്തൊനൈവശ്വജംബുകൌ।
അയുഗ്മാശ്ചമൃഗാശ്ശസ്താശ്ശസ്താനിത്യഞ്ചദർശനെ ॥

അന്വയാർത്ഥം— പ്രദക്ഷിണമാകുംവണ്ണം യാതൃകളായിരി ക്കുന്നമൃഗഖഗങ്ങൾ ശസ്തങ്ങളായി ഭവിക്കുന്നു. ശ്വജംബുകങ്ങ ളും അയുഗ്മങ്ങളായിരിക്കുന്ന മൃഗങ്ങളും ശസ്തങ്ങളായി ഭവിക്ക ന്നില്ല തന്നെ. അയുഗ്മങ്ങളായിരിക്കുന്ന മൃഗങ്ങൾ നിത്യമാകും വണ്ണം ദർശനത്തിങ്കൽ ശസ്തങ്ങളായി ഭവിക്കുന്നു.

സാരം—— മൃഗങ്ങളും പക്ഷികളും പ്രദക്ഷിണഗതികളായി പ്പൊക ശുഭമാകുന്നു. ശ്വാവും കുറുക്കനും മൃഗങ്ങളിൽ ചെന്നതാ യാലും അതുകൾ പ്രദക്ഷിണഗതികളായിപ്പൊക ശുഭമല്ല മറ്റു ള്ള മൃഗങ്ങളും ഒജസംഖ്യയൊടു കൂടിയതുകളാകയാൽ അതുകൾ പ്രദക്ഷിണ ഗതികളായിപ്പൊകയും ശുഭമല്ല. ഒജസംഖ്യയൊടു കൂടിയ മൃഗങ്ങളുടെ ദർശനം നിയമെന്ന ശുഭമാകുന്നു.

൨൧. ചാഷഭാസഭരദ്വാജനകുലച്ഛാഗബർഹിണഃ । മത്സ്യൌ
ഘടീതിപദ്യൊക്താനിമിത്താശ്ശുഭപ്രദം ॥

അന്വയാർത്ഥം—— ചാഷഭാസഭരദ്വാജനകുലച്ഛാഗ ബർഹിക ൾ ശുഭപ്രദങ്ങളായി ഭവിക്കുന്നു. മത്സ്യൌഘടീതി പദ്യൊക്ത

മായിരിക്കുന്ന നിമിത്തവും ശുഭപ്രദമായി ഭവിക്കുന്നു-

സാരം— കാട്ടുകാക്ക, ഗോഷ്ഠുകുക്കുടം, ചെമ്പോത്ത, കീരി, ആട, മയില, ഇതുകളെ കാണുകയും മത്സ്യമൂഷലടീ ഇത്യാദികൾ രാശിലോകത്തിങ്കൽ പറകപ്പെട്ടവയെ കാണുകയും ശുഭമാകുന്നു-

൨൨· സൃഗാലനകുലവ്യാഘ്രചകോരോരഗപോത്രിണഃ। ശസ്താദക്ഷിണേവാമേശസ്താകാകാജമൃഗാദയഃ ॥

൨൩· ദൃഷ്ടാഃപ്രശസ്താഃഏതേതുനശുഭാസ്സ്യു വിപൎയ്യയാൽ। ആശാദേവശാദേഷാംവിശേഷഃകശ്ചിദച്യതെ ॥

൨൪· ദീപ്തശാന്തതയാശാനാംശകുനാനാഞ്ചതദ്വശാൽ। ശുഭാശുഭത്വമന്യസ്മാൽതദപിശാസ്ത്രാന്തരോദിതം ॥

അന്വയാൎത്ഥം— ദക്ഷിണത്തിങ്കൽഗച്ഛത്തുകളായിദൃഷ്ടങ്ങളായിരിക്കുന്ന സൃഗാലനകുലവ്യാഘ്രചകോരോരഗപോത്രികളും വാമത്തിങ്കൽ ഗച്ഛത്തുകളായി ദൃഷ്ടങ്ങളായിരിക്കുന്ന അശ്വകാകാജമൃഗാദികളും പ്രശസ്തങ്ങളായിഭവിക്കും, ഇതുകളാകട്ടെവിപൎയ്യയം ഹേതുവായിട്ട ശുഭങ്ങളായി ഭവിക്കില്ല- ഇതുകൾക്ക ആശാദേവശം ഹേതുവായിട്ടുള്ളൊരു വിശേഷം വചിക്കപ്പെടുന്നു· ആശകൾക്ക ദീപ്തശാന്തത്വം ഭവിക്കുന്നു- തദ്വശം ഹേതുവായിട്ടും ശകുനങ്ങൾക്ക ശുഭാശുഭത്വം ഭവിക്കുന്നു, ഇതുംശാസ്ത്രാന്തരോദിതമായി ഭവിക്കുന്നു·

സാരം— വലത്തുപുറത്തു സഞ്ചരിക്കുന്ന കുറുക്കനെയും കീരിയെയും പുലിയെയും ചകോരത്തെയും സൎപ്പത്തെയും പന്നിയെയും കാണുക ശുഭമാകുന്നു- ഇടത്തുപുറത്തു സഞ്ചരിക്കുന്ന മെൽപറഞ്ഞ ജന്തുക്കളെ കാണുക ശുഭമല്ല ഇടത്തുപുറത്ത സഞ്ചരിക്കുന്ന അശ്വത്തെയും കാക്കയെയും ആടിനെയും മാനിനെയും ആനയെയും കാണുക ശുഭമാകുന്നു- വലത്തുപുറത്തു സഞ്ചരിക്കുന്ന മെൽപറഞ്ഞ ജന്തുക്കളെ കാണുക ശുഭമല്ല-

ഇനി ദിഗ്ഭേദം ഹേതുവായിട്ടുള്ള ശകുനവിശേഷത്തെ പറയുന്നു· ദിക്കുകൾ ദീപ്തകളായിട്ടും ശാന്തകളായിട്ടുമുണ്ട അത ഹേതുവായിട്ടും ശകുനങ്ങൾക്ക ശുഭാശുഭത്വം ഭവിക്കും- ഇതും മറെറാരു ശാസ്ത്രത്തിങ്കൽപറകപ്പെട്ടിരിക്കുന്നു- ഇത അനന്തരം വ്യക്തമായി ഭവിക്കുകയും ചെയ്യും·

൨൫· രവിമുക്താദയസ്തിസ്രോദീപ്താനേഷ്ടാസ്സ്മൃതാഃപരാഃ। ശാന്താശ്ശുഭാസ്സ്യുദിക്തുല്യം ഫലംഹിശകുനംമതം॥ ഇതി॥

അന്വയാൎത്ഥം— രവിമുക്താദികളായിരിക്കുന്ന മൂന്നുദിക്കുകൾ ദീപ്തകളായി ഭവിക്കുന്നു- അതുകൾ ഇഷ്ടകളല്ല- അതുകളിൽ

നിന്ന അപരകൾ ശാന്തകളായി ഭവിക്കുന്നു. അതുകൾ ശുഭകളാകുന്നു. ശകുനം സപാദികതുല്യഫലമായിട്ടുതന്നെ മതമായി ഭവിക്കുന്നു.

സാരം—ആദിത്യനാൽ ഉപെക്ഷിക്കപ്പെട്ടതായ ദിക്കുമുതൽ മൂന്നുദിക്കുകൾ ദീപ്താഎന്നു പെരൊടുകൂടിയതുകളാകുന്നു. ശിഷ്ടകളായിരിക്കുന്ന അഞ്ചുദിക്കുകൾ ശാന്താ എന്ന പെരൊടുകൂടിയതുകളാകുന്നു. ദീപ്തകളായ ദിക്കുകളിലെ ശകുനം ശുഭമല്ല. ശാന്തകളായിരിക്കുന്ന ദിക്കുകളിലെ ശകുനം ശുഭമാകുന്നു. ആദിത്യൻ തന്റെ ഉദയം മുതൽ ഏഴരനാഴിക കിഴക്കെദിക്കിൽ സഞ്ചരിക്കുമെന്നും മറ്റും മുമ്പെ പറഞ്ഞിട്ടുണ്ട. അതിനെ അനുസരിച്ചിട്ടുതന്നെ ആദിത്യനാൽ ഉപെക്ഷിക്കപ്പെട്ട ദിക്കിനെ ഗ്രഹിച്ചുകൊൾകയും വെണം.

ഇതി ശബ്ദം സമാപ്തിബൊധക മാകുന്നു.

(പാ) ദുശ്ശകുനസംഭവെയൽകൃത്യം തദപിശാസ്ത്രാന്തരൊക്തമുച്യതെ ॥

അന്വയാൎത്ഥം—ദുശ്ശകുനസംഭവത്തിങ്കൽ യാതൊന്നു കൃത്യമായി ഭവിക്കുന്നുവൊ ശാസ്ത്രാന്തരൊക്തമായിരിക്കുന്ന അതും വചിക്കപ്പെടുന്നു.

സാരം—ദുശ്ശകുനം സംഭവിച്ചാൽ ചെയ്യെണ്ടത ഇന്നതാകുന്നു എന്ന അന്യശാസ്ത്രത്തിങ്കൽ പറഞ്ഞിട്ടുണ്ട. അത ഇന്ന പ്രകാരമാകുന്നു എന്ന ഇനി എഴുതുവാൻ പൊകുന്ന ശ്ലൊകം കൊണ്ട അറിഞ്ഞുകൊൾക.

൨൩. ഏകാദശാദിമെനിഷ്ടെ ദ്വിതീയെശകുനെപുനഃ । പ്രാണായാമാഃഷൊഡശസ്യുസ്തൃതീയെതുനചവ്രജെൽ ॥

അന്വയാൎത്ഥം—അനിഷ്ടമായിരിക്കുന്ന ശകുനം ആദിമമായിട്ടു സത്തായിരിക്കും വിഷയത്തിങ്കൽ പതിനൊന്ന പ്രാണായാമങ്ങൾ കാൎയ്യങ്ങളായി ഭവിക്കുന്നു. ദ്വിതീയമായിട്ടു സത്തായിരിക്കും വിഷയത്തിങ്കലാകട്ടെ പതിനാറു പ്രാണായാമങ്ങൾ കാൎയ്യങ്ങളായി ഭവിക്കുന്നു. തൃതീയമായിട്ടു സത്തായിരിക്കും വിഷയത്തിങ്കലാകട്ടെ വ്രജിക്കരുത.

സാരം—ആദ്യമായ ദുഷ്ടശകുനത്തിന്ന പതിനൊന്നു പ്രാവശ്യമുള്ള പ്രാണായാമം പ്രായശ്ചിത്തമാകുന്നു. രണ്ടാമത്തതിന്ന പതിനാറു പ്രാവിശ്യമുള്ള പ്രാണായാമം പ്രായശ്ചിത്തമാകുന്നു. മൂന്നാമത്തതിന്ന പ്രായശ്ചിത്തമില്ല. മൂന്നാമതും കണ്ടാൽ മടങ്ങിക്കൊൾക.

പ്രാണായാമമെന്നത പ്രാണന്റെ ഗതിരൊധമാകുന്നു-വായകൂടിയിരിക്കുംപൊൾ മൂക്കിന്റെ സുഷിരങ്ങൾകൂടെ അടച്ചാൽ പ്രാണന്റെ ഗതിരൊധം ഭവിക്കും- എന്നാലും ഒന്നാമത്തതിന്നു പതിനൊന്നുപ്രാവിശ്യം മൂക്കിന്റെസുഷിരങ്ങൾ വായകൂടിഇരിക്കുംപൊൾ രൊധിക്കുന്നതും രണ്ടാമത്തതിന്നു പതിനാറു പ്രാവിശ്യം മെൽപ്രകാരം രൊധിക്കുന്നതും പ്രായശ്ചിത്തമാകുന്നുഎന്നതന്നെ ഗ്രഹിച്ചാൽ മതിയാകയില്ല-

സവ്യാഹൃതിംസപ്രണവാംഗായത്രീംശിരസാസഹ। ത്രിഃപഠെദായതപ്രാണഃപ്രാണായാമസ്സഉച്യതെ ॥ എന്ന സ്മൃതി ഉണ്ട- അതഹെതുവായിട്ട പ്രണവത്തൊടും വ്യാഹൃതിയൊടും ശിരസ്സൊടുംകൂടിയ ഗായത്രിയെ മൂന്നുപ്രാവശ്യം പ്രാണരൊധത്തൊടുകൂടെ മനസ്സുകൊണ്ട ജപിക്കെണം അങ്ങിനെ ഉള്ളൊരു കൎമ്മത്തെ പ്രാണായാമപദംകൊണ്ട ഗ്രഹിച്ചുകൊൾകയും വെണം-

മെൽപ്രകാരം പതിനൊന്നു പ്രാവിശ്യം പ്രാണായാമം ആദ്യത്തതിന്നും പതിനാറുപ്രാവിശ്യം പ്രാണായാമം രണ്ടാമത്തതിന്നും ചെയ്യുകൊൾക- എന്നാൽ അതാതുകളുടെ ദൊഷം നശിക്കുമെന്നത്രെ സിദ്ധാന്തമാകുന്നത-

(൨) എതന്മാൎഗ്ഗവിഷയം॥

അന്വയാൎത്ഥം—ഇതു മാൎഗ്ഗവിഷയമാകുന്നു-

സാരം—സ്പഷ്ടമാകുന്നു.

(൩) അഥപൃച്ഛകഗൃഹപ്രവെശസമയെനിരൂപണീയാന്യുച്യന്തെ ॥

അന്വയാൎത്ഥം—അനന്തരം പൃച്ഛകഗൃഹപ്രവെശസമയത്തിങ്കൽ നിരൂപണീയങ്ങളായിട്ടുള്ളതുകൾ വചിക്കപ്പെടുന്നു-

സാരം— ഇനി പ്രഷ്ടാവിന്റെ ഗൃഹത്തിൽ കടക്കുംപൊൾ വിചാരിക്കെണ്ടതുകളെ പറയുന്നു-

൧൦- പ്രശ്നെതൽക്കാലജംയന്നിൎഗ്ഗമെയച്ചാധ്വനി । പ്രൊക്തംപ്രഷ്ടുൎഗൃഹപ്രാപ്തൌതൽപ്രായെണവിചിന്ത്യതാം।

അന്വയാൎത്ഥം—പ്രശ്നത്തിങ്കൽ തൽക്കാലജമായിട്ട യാതൊന്ന യാതൊന്ന പ്രൊക്തമായി ഭവിക്കുന്നുവൊ അതുംനിൎഗ്ഗമത്തിങ്കൽ യാതൊന്നു പ്രൊക്തമായി ഭവിക്കുന്നുവൊ അതും അധ്വാവിങ്കൽ യാതൊന്നു പ്രൊക്തമായി ഭവിക്കുന്നുവൊ അതും സൎവ്വമായിട്ട പ്രഷ്ടാവിന്റെ ഗൃഹപ്രവെശത്തിങ്കൽ പ്രായെണ ചിന്തിക്കപ്പെടെണം-

സാരം— പ്രശ്നകാലത്തിങ്കൽ ഉണ്ടാകുന്നതായിട്ടും നിൎഗ്ഗമ

ത്തിങ്കൽ ഉണ്ടാകുന്നതായിട്ടും വഴിയിലുണ്ടാകുന്നതായിട്ടും പറ
കപ്പെട്ടതൊക്കയും പൃച്ഛകഗ്രഹത്തിങ്കൽ പ്രവെശിക്കുന്ന സമ
യത്തിങ്കൽ മിക്കതും വിചാരിക്കപ്പെടുവാൻ യൊഗ്യമാകുന്നു.

൨൮. ആതുരാലയംവിശതിദൈവവിദിതഏതദ്ദ്വാരാന്നിരെതി
യദികൊപിസതുകഃമ്രിയെതദ്വാരാന്നയെവവിശതിഹയതദെത
ദശ്ശുഭംജീവെത്സൂനമിതിദെഗുരുണൊപദിഷ്ടം॥

അന്വയാർത്ഥം ദൈവവിത്ത ആതുരാലയത്തെ പ്രവിശ
ന്നായിരിക്കും വിഷയത്തിങ്കൽ ഇതിങ്കൽ നിന്ന ഏതദ്ദ്വാരത്തൂടെ
ഒരുത്തൻനിഷ്ക്രമിക്കുന്നു എങ്കിൽ സതുക്കായിരിക്കുന്നവൻ മരി
ക്കും- അപ്പൊൾ ഈ ദ്വാരത്തൂടെ തന്നെ ഇതരൻ ഇതിങ്കൽ
പ്രവെശിക്കുന്നു എങ്കിൽ അവൻ ജീവിക്കും നിശ്ചയം- ഇപ്ര
കാരം ഇനിക്കായിക്കൊണ്ട ഗുരുവിനാൽ ഉപദെശിപ്പു എന്ന
ള്ളതുണ്ടായി-

സാരം—— ജ്യൊതിഷികൻ രൊഗിയുടെ ഗ്രഹത്തിന്റെ അ
കത്തുള്ള കടക്കുമ്പൊൾ അതിന്റെ അകത്തുനിന്ന ഒരുത്തൻ ആ
വാതിക്കൽകൂടെ പുറത്തുപ്പൊയി എങ്കിൽ രൊഗി മരിക്കുമെ
ന്നും അപ്പൊൾ അന്യൻ ആ വാതിക്കൽകൂടെ തന്നെ അകത്ത
ള്ള കടന്നാൽ രൊഗി അപ്പൊൾ മരിക്കയില്ല എന്നും ജ്യൊതിഷി
കൻ ധരിക്കെണം ഗുരുപദെശം ഇപ്രകാരമാകുന്നു

൨൯. വെദാദ്ധ്യയനഘൊഷശ്ശംഖപുണ്യാഹനിസ്വനം।
ഗന്ധസ്സുരഭിർവായുസ്സുഖസ്പൎശഃ പ്രദക്ഷിണഃ॥

൩൦- വൃഷസ്യചാനുലൊമസ്യസ്വനസ്സ്വദാർഗവാമപി। പ്ര
വെശസമയെപ്രഷ്ടുരാരൊഗ്യാദിഫലാപ്തയെ॥

അന്വയാർത്ഥം—— പ്രവെശസമയത്തിങ്കൽ വെദാദ്ധ്യയന
ഘൊഷവും അപ്രകാരം പുണ്യാഹനിസ്വനവുംസുരഭിയായിരി
ക്കുന്ന ഗന്ധവും സുഖസ്പൎശമായി പ്രദക്ഷിണമായിരിക്കുന്ന
വായുവും അനുലൊമമായിരിക്കുന്ന വൃഷത്തിന്റെയും ഗവാദിക
ളുടെയും നിസ്വവും പ്രഷ്ടാവിന്ന ആരൊഗ്യാദിഫലാപ്തി
ക്കായിക്കൊണ്ട ഭവിക്കുന്നു-

സാരം—— പൃച്ഛകന്റെ ഗ്രഹത്തിങ്കൽ പ്രവെശിക്കുമ്പൊൾ
വെദധ്വനി, പുണ്യാഹധ്വനി, ഇവയും അവിടെ സുരഭിയായ
ഗന്ധം ഗ്രഹിക്കപ്പെടുവാൻ തക്കവണ്ണം വ്യക്തമായി ഉണ്ടാക
യും സുഖകരമായി പ്രദക്ഷിണഗതിയായ കാറ്റുണ്ടാകയും അ
നുകൂലഗതിയായി വൃഷം ശബ്ദിക്കുകയും പശുമുതലായ ജന്തുക്ക
ൾ മെൽപ്രകാരമായി ശബ്ദിക്കുകയും പ്രഷ്ടാവിന്ന ആരൊഗ്യം

മുതലായ ഫലങ്ങളുടെ അനുഭവത്തെ സൂചിപ്പിക്കുന്നതുകളാകുന്നു.

൩൭. ശയനാസനയാനാനാമുത്ഥാനാദ്യമദൎശനം । നൃബ്ജാനാമിതരേഷാഞ്ചപാത്രാദീനാമശോഭനം ॥

അന്വയാൎത്ഥം——ഉത്താനങ്ങളായിരിക്കുന്ന ശയനാസനയാനങ്ങളുടെ ദൎശനവും ന്യുബ്ജങ്ങളായിരിക്കുന്ന പാത്രാദികളായ ഇതരങ്ങളുടെ ദൎശനവും അശോഭനമായി ഭവിക്കുന്നു.

സാരം——കാലുമേൽപ്പട്ടാക്കി ഇട്ടകട്ടില, പീഠം, ഡോലിമുതലായ വാഹനങ്ങൾ കമഴ്ത്തിവെച്ച പാത്രാദികൾ, ഇതുകളുടെ ദൎശനം അശുഭമാകുന്നു.

൩൮. ആതുരസ്യഗൃഹെയസ്യഭിദ്യന്തേവാപതന്തിവാ । അതിമാത്രമമത്രാണിദുൎല്ലഭംതസ്യജീവിതം ॥

അന്വയാൎത്ഥം——യാതൊരു ആതുരന്റെ ഗൃഹത്തിങ്കൽ അമത്രങ്ങൾ ഏററവും ഭേദിക്കപ്പെടുകയൊ പതിക്കുകയൊ ചെയ്യുന്നുവൊ അവന്നു ജീവിതം ദുൎല്ലഭമായി ഭവിക്കുന്നു.

സാരം——ജ്യൌതിഷികൻ രോഗിയുടെ ഗൃഹത്തിങ്കൽ പ്രവെശിക്കുമ്പോൾ അവിടെ ഉള്ള ചില പാത്രങ്ങളെ ആരെങ്കിലും ഒന്നിന്നും ഉപകാരമില്ലാത്ത വിധത്തിൽ ഉടയ്ക്കുകയൊ വല്ലവരുടെയും കയ്യിൽനിന്നൊ ഉയൎന്ന സ്ഥലത്തിങ്കൽ ഉണ്ടായിരുന്ന സ്ഥിതിക്കു വല്ലപ്രകാരെണ ചലനം വരികയാൽ അവിടെനിന്നൊ നിഷ്പ്രയോജനമായി വരുവാൻ തക്കവണ്ണം വീണുടയുകയൊ ഉണ്ടായാൽ അവൻ മരിക്കുമെന്നു ധരിക്കെണം.

൩൯. നിവാതെദീപനാശസ്സ്യാന്മന്ദിരെയസ്യരോഗിണഃ । സനജീവതിചുല്ല്യാദൌ ചാഗ്നിനാശസ്സതിന്ധനെ ॥

അന്വയാൎത്ഥം—— യാതൊരുരോഗിയുടെ മന്ദിരത്തിങ്കൽ നിവാതത്തിങ്കൽ ദീപനാശവും ഇന്ധനം സത്തായിരിക്കും വിഷയത്തിങ്കൽ ചുല്ല്യാദിയിങ്കൽ അഗ്നിനാശവും ഭവിക്കുമൊ അവൻ ജീവിക്കുന്നില്ല.

സാരം—— രോഗിയുടെ ഗൃഹത്തിങ്കൽ ജ്യൌതിഷികൻ പ്രവെശിക്കുമ്പോൾ അവിടെ ഉണ്ടായിരുന്ന വിളക്കു കാററിന്റെ സംബന്ധത്തോടുകൂടാതെ കെട്ടുപൊയാൽ ആ രോഗി മരിക്കുമെന്നറിക. വിറകുള്ളപ്പോൾ അടുപ്പുമുതലായതിൽ ഉണ്ടായിരുന്ന തിയ്യ കെട്ടുപൊകിലും അവൻ മരിക്കും. വിളക്കിന്റെ ജ്വാലാചലനം കൂടാതെ തെളിഞ്ഞും, അടുപ്പിലെ തിയ്യ നല്ലവണ്ണം ജ്വലിച്ചും നിന്നാൽ അവന്നു ഭാവിയായ ഫലം ശുഭം തന്നെ എന്നും ധ

രിക്കേണം -

(വാ) എതൽഗൃഹപ്രവേശവിഷയം ॥

അന്വയാർത്ഥം—— ഇതു ഗൃഹപ്രവേശവിഷയമായി ഭവിക്കുന്നു -

സാരം—— പ്രശ്നേതൽകാലജ്ഞ യത്നാൽ എന്നു തുടങ്ങി ഇതുവരെയുള്ള ൦൭ം വചനം കൊണ്ടു ഗ്രഹിക്കേണ്ടതു ഗൃഹപ്രവേശഫലമാകയാൽ ഇതിന്റെ വിഷയം ഗൃഹപ്രവേശമാകുന്നു-

ഇതി തൃതീയോദ്ധ്യായഃ

## അഥ ചതുർത്ഥാദ്ധ്യായപ്രാരംഭഃ

൧. പ്രശ്നാനുഷ്ഠാനമേകം കനലക്ഷണാന്യപികാനിചിൽ । ശാസ്ത്രാന്തരേഷുദൃഷ്ടാനികഥ്യന്തേഖലു താന്തരം ॥

അന്വയാർത്ഥം——ഇനി ഏകംകൊണ്ടു പ്രശ്നാനുഷ്ഠാനവും ശാസ്ത്രാന്തരങ്ങളിൽ ദൃഷ്ടങ്ങളായിരിക്കുന്ന ചിലലക്ഷണങ്ങളും കഥിക്കപ്പെടുന്നു- (ഖലു എന്നത വാക്യാലംകാരാർത്ഥ മാകയാൽ അതിന്റെ അർത്ഥത്തെ പറഞ്ഞിട്ടില്ല)

സാരം—— ഇനി ഒരു അദ്ധ്യായംകൊണ്ടു പ്രശ്നം വെപ്പാനുള്ള ക്രമത്തെയും അന്യശാസ്ത്രങ്ങളിൽ പറഞ്ഞതിനെ അനുസരിച്ചിട്ടു ചീല ലക്ഷണങ്ങളെയും പറയുന്നു-

൨. സ്നാതഃധൃതസിതവാസാഃധൃതഭസ്മാപ്രാങ്മുഖസ്സുഖാസീനഃ । ആലോച്യാഥനിമിത്തംപ്രശ്നവിധിംപ്രാരഭേതഗുരുഭക്ത്യാ ॥

അന്വയാർത്ഥം—— സ്നാനം ചെയ്തിട്ടു ധൃതസിതവാസസ്സായി ധൃതഭസ്മാവായി പ്രാങ്മുഖനായി സുഖാസീനനായിട്ടു അനന്തരം നിമിത്തത്തെ ആലോചിച്ചിട്ടു ഗുരുഭക്തിയോടുകൂടെ പ്രശ്നവിധിയെ പ്രാരംഭിക്കേണം-

സാരം—— കുളിച്ചു അലക്കിയവസ്ത്രം ഉടുത്തു ഭസ്മം ധരിച്ചു കിഴക്കോട്ടുതിരിഞ്ഞു സുഖമായിരുന്നു നിമിത്തത്തെ സൂക്ഷിച്ചിട്ടു ഗുരുഭക്തിയോടുകൂടെ പ്രശ്നവിധിയെ ആരംഭിക്കേണം-

൩. അന്നാസന്നേതുസമയേമദ്ധ്യാഹ്നോദയയോരവേഃ । പ്ര

ശ്നകൎമ്മ ഹി കൎത്തവ്യം സുപ്രസന്നേ ദിവാകരേ ॥

അന്വയാൎത്ഥം— രവിയുടെ മദ്ധ്യാഹ്നോദയങ്ങളുടെ അനാസന്നമായിരിക്കുന്ന സമയത്തിങ്കൽതന്നെ ദിവാകരൻ സുപ്രസന്നനായിരിക്കും വിഷയത്തിങ്കൽ പ്രശ്നകൎമ്മം കൎത്തവ്യമായി ഭവിക്കുന്നു.

സാരം— സൂൎയ്യോദയത്തിന്നും മദ്ധ്യാഹ്നത്തിന്നും അടുത്തതല്ലാതെ ഉള്ള സമയത്തിങ്കൽ പ്രശ്നം വെച്ചുകൊൾക. അതുകൊണ്ടു അടുത്തസമയത്തിങ്കൽ അരുത. ആദിത്യന്നു മെഘാദികൾ കൊണ്ടു മൂടലില്ലാതെ ഉള്ള സമയം പ്രശ്നത്തിന്നു നല്ലതാകുന്നു. മൂടലുള്ള സമയം നന്നല്ല.

൪. പ്രശ്നാനുഷ്ഠാനസംഭാരസംഭൃതൌ പ്രാക്തു ഭസ്മനഃ । ആനീതിൎമ്മൃതിദാൎത്തസ്യ ദീപസ്യ തു ശുഭപ്രദാ ॥

അന്വയാൎത്ഥം— പ്രശ്നാനുഷ്ഠാനസംഭാരസംഭൃതിയിങ്കൽ മുമ്പെ ഭസ്മത്തിന്റെ ആനീതിയാകട്ടെ ആൎത്തന്നു മൃതിദയായി ഭവിക്കുന്നു. ദീപത്തിന്റെ ആനീതിയാകട്ടെ ശുഭപ്രദയായി ഭവിക്കുന്നു.

സാരം— പ്രശ്നത്തിന്നു വെണ്ടുന്ന ഉപകരണങ്ങൾ ഒരുക്കുമ്പോൾ മുമ്പെ ഭസ്മം കൊണ്ടുവന്നാൽ രൊഗി മരിക്കുമെന്നും വിളക്കുകൊണ്ടു വന്നാൽ സ്വസ്ഥതയെ പ്രാപിച്ചു പിന്നെയും ജീവിച്ചിരിക്കുമെന്നും ഗ്രഹിച്ചുകൊൾക.

൫. സൎവ്വപ്രശ്നേഷു സൎവ്വേഷ്ടകൎമ്മസ്വപി വിശേഷതഃ । പ്രസാദേനൈവ ദീപസ്യ ഭവിഷ്യച്ഛുഭമാദിശെൽ ॥

അന്വയാൎത്ഥം— സൎവ്വപ്രശ്നങ്ങളിലും സൎവ്വേഷ്ടകൎമ്മങ്ങളിലും വിശേഷിച്ചും ദീപപ്രസാദംകൊണ്ടുതന്നെ ഭവിഷ്യത്തായിരിക്കുന്ന ശുഭത്തെ ആദേശിക്കെണം.

സാരം— സകലപ്രശ്നങ്ങളിലും സകലസൽകൎമ്മങ്ങളിലും ദീപപ്രസാദംകൊണ്ടുതന്നെ ഭാവിയായ ഗുണത്തെ പറയെണം.

൬. വാമാവൎത്തോ മലിനകിരണസ്സസ്ഫുലിംഗൊല്പമൂൎത്തിഃ ക്ഷിപ്രം നാശം പ്രകൃതിവിമലസ്നേഹവൎത്ത്യന്വിതോപി ദീപഃ പാപം കഥയതി ഫലം ശബ്ദവാൻ വെപനശ്ച വ്യാകീൎണ്ണാൎച്ചിസ്സ്വപുനരഥ ഭൃശ്ചനാശം പ്രയാതി ॥

അന്വയാൎത്ഥം— യാതൊരു ദീപം വാമാവൎത്തമായി മലിനകിരണമായി സസ്ഫുലിംഗമായി അല്പമൂൎത്തിയായിട്ടു വിമലസ്നേഹവൎത്ത്യന്വിതമായിരിന്നു എങ്കിലും പൊട്ടന്നനവെ നാശത്തെ പ്രാപിക്കുന്നുവൊ ആ ദീപവും ശബ്ദവത്തായിട്ടും വെപനമാ

യിട്ടും വ്യാകീൎണ്ണാൎച്ചിസ്സായിട്ടുമുള്ള ദീപവും യാതൊന്നു പിന്നെ ഫലപ്രാവശ്യം നാശത്തെ പ്രയാണം ചെയ്യുന്നുവൊ അതും പാപമായിരിക്കുന്ന ഫലത്തെ കഥിക്കുന്നു.

സാരം—— ഇടത്തുപുറം ചുഴിയൊടുകൂടെ ജ്വലിച്ചും നിൎമ്മില്ലാത്തരശ്മിയൊടു കൂടിയതായിട്ടും ശീഘ്രൊൎച്ചിയൊടു കൂടിയതായിട്ടും അല്പയായ ജ്വാലയൊടുകൂടിയതായിട്ടും യാതൊരു വിളക്ക എണ്ണെയ്ക്കും തിരിക്കും ദൊഷമില്ലാത്ത സമയത്തിങ്കൽ പൊടുന്നനവെ നശിക്കുന്നുവൊ അതും ശബ്ദത്തൊടുകൂടെ ജ്വലിക്കുന്ന വിളക്കും ഇളകിക്കൊണ്ടിരിക്കുന്ന ജ്വാലയൊടു കൂടിയവിളക്കും ചിതറിയ ജ്വാലയൊടു കൂടിയ വിളക്കും ഫലപ്രാവശ്യം കെട്ട വിളക്കും അശുഭമായ ഫലത്തെ സൂചിപ്പിക്കുന്നതാകുന്നു.

൭. ദീപസ്സംഹതമൂൎത്തിരായതതനുൎന്നിൎവ്വെപഥുൎദ്ദീപ്തിമാൻനിശ്ശബ്ദൊരുചിരഃപ്രദക്ഷിണഗതിൎവ്വൈഡൂൎയ്യഹെമദ്യുതിഃ । ലക്ഷ്മീംക്ഷിപ്രമഭിവ്യനക്തിരുചിരൊയശ്ചൊദ്ഗതിംകുൎവ്വതെശെഷംലക്ഷണമഗ്നിലക്ഷണസമംയൊജ്യംയഥായുക്തിതഃ ॥

അനന്വയാൎത്ഥം—— സംഹതമൂൎത്തിയായി ആയതതനുവായി നിൎവെപഥുവായി ദീപ്തിമാനായിനിശ്ശബ്ദമായി രുചിരമായിപ്രദക്ഷിണ ഗതിയായി വൈഡൂൎയ്യഹെമദ്യുതിയായിരിക്കുന്ന ദീപം പൊടുന്നനവെ ഉള്ള ലക്ഷ്മിയെ അഭിവ്യഞ്ജിപ്പിക്കുന്നു. യാതൊരു ദീപം രുചിരമായി ഉദ്ഗതമായിട്ടു ദശിക്കപ്പെടുന്നുവൊ അതും അതിനെ അഭിവ്യഞ്ജിപ്പിക്കുന്നു. ശെഷമായിരിക്കുന്ന ലക്ഷണം അഗ്നിലക്ഷണ സമമായിട്ടു യാതൊരു പ്രകാരമായാൽ ഭവിക്കുന്നുവൊ അപ്രകാരം യുക്തിയെ ആശ്രയിച്ചിട്ടു യൊജ്യമായി ഭവിക്കുന്നു.

സാരം—— ചിതറാതെ നീണ്ടു വിറയലൊടും ശബ്ദത്തൊടും കൂടാതെ പ്രകാശത്തൊടും പ്രദക്ഷിണ ഗതിയൊടും വൈഡൂൎയ്യരത്നത്തിന്റെയൊ സ്വൎണ്ണത്തിന്റെയൊ നിറംപൊലെ ഉള്ള നിറത്തൊടും കൂടിയതായി മനൊഹരയായിരിക്കുന്ന ജ്വാലയൊടു കൂടിയതായിരിക്കുന്ന വിളക്ക ഉടനെ ഭവിപ്പാൻ പൊകുന്നതായ സമ്പത്തിനെ സൂചിപ്പിക്കുന്നതാകുന്നു. ഊൎദ്ധ്വഗതിയൊടുകൂടിയതായിട്ടു തന്നെ ഇരിക്കുന്ന ജ്വാലയൊടു കൂടിയതായിയും മനൊഹരമായിയും ഇരിക്കുന്ന വിളക്കും മെൽ പ്രകാരമാകുന്നു. അഗ്നിലക്ഷണം തന്നെ എററവും മുഖ്യമായിട്ടുള്ളതാകയാൽമററുള്ളലക്ഷണങ്ങൾഅതിനൊടു തുല്യമായ്യുതമാറു യൊജിപ്പിച്ചു കൊള്ളുകയുംവെണം.

(വാ) ഏതദ്ദീപലക്ഷണം ഹോമാദിഷ്വപി ഗ്രാഹ്യം ॥

അന്വയാൎത്ഥം—— ഏതം ദീപലക്ഷണം ഹോമാദികളിലും ഗ്രാഹ്യമായി ഭവിക്കുന്നു.

സാരം— മേൽപറഞ്ഞ ദീപലക്ഷണം കൊണ്ടു വിളക്കിന്റെ ഗുണദോഷങ്ങളെ തന്നെ ഗ്രഹിച്ചു കൊൾക എന്നില്ല- ഹോമാദി കൎമ്മങ്ങളിൽ അഗ്നി മേൽ പ്രകാരം ജ്വലിച്ചാൽ ദീപത്തിന്നു പറഞ്ഞതു പോലെ ഉള്ള ഫലസൂചകത്വം ഹോമാഗ്നി മുതലായതിന്നു മുണ്ടെന്നു ഗ്രഹിച്ചു കൊൾക- ദീപാപെക്ഷക്കു ഹോമാദി കൎമ്മങ്ങളിലും സംഭവമുണ്ടാകയാൽ അവിടെയും ദീപത്തിന്നു മേൽ പ്രകാരമുള്ള സൂചകത്വത്തെ ഗ്രഹിക്കേണമെന്നുമാം-

വൃ- പ്രശ്നാൎത്ഥമാപാദിതപത്രപൂൎവ്വം ഛേദിതപാടിതംവാ ഗുളികാദ്യരാശൌ। പ്രഷ്ടുഷ്ടമക്ഷേ യദി വാ ക്ഷിപേച്ചേൽ സദ്യോമൃതിസ്സ്യാന്ന ച ജീവദൃഷ്ടേ॥

അന്വയാൎത്ഥം—— ആപാദിതപത്രപൂൎവ്വമായി പ്രശ്നാൎത്ഥമായിരിക്കുന്നവസ്തുവിനെ ഒരുത്തൻ ഛേദിച്ചിട്ടും ഭേദിച്ചിട്ടും ഗുളികാദ്യരാശിയിലൊ പ്രഷ്ടുഷ്ടമക്ഷത്തിങ്കലൊ ക്ഷേപിക്കുമെങ്കിൽ ഉടനെ മൃത്യുഭവിക്കും. ജീവദൃഷ്ടമായിരിക്കും വിഷയത്തിങ്കൽ മൃതിഭവിക്കില്ല.

സാരം—— പ്രശ്നത്തിന്നായിക്കൊണ്ടു ഒരുക്കിവെച്ച ഇലമുതലായസാധനങ്ങളിലൊന്നിനെ യഥാവലെ ഒരുത്തൻ എടുത്തു മുറിച്ചിട്ടൊ ഭേദിച്ചിട്ടൊ സ്ഥിരചക്രത്തിങ്കൽ ആദിവസം ഏതൊരു രാശിയിൽ ഗുളികൻ നില്ക്കുന്നുവൊ ആരാശിയിലൊ പൃച്ഛകന്റെ അഷ്ടമരാശിയിലൊ ഇട്ടാൽ പൃച്ഛകന്ന ഉടനെ മരണംഭവിക്കുമെന്നു ഗ്രഹിക്കേണം. മേൽപറഞ്ഞ രാശികൾക്കു വ്യാഴദൃഷ്ടി ഉണ്ടായാൽ ഉടനെമരണംഭവിക്കുമെന്ന ഗ്രഹിച്ചുകൂടാ. നചജീവദൃഷ്ടേ എന്നുള്ളെടത്തു ചശബ്ദം കൂടെ ഉണ്ടാകയാൽ ഉടനെമരിക്കയില്ലെങ്കിലും രോഗവൃദ്ധ്യാദ്യനൎത്ഥങ്ങൾഭവിക്കാമെന്ന ഗ്രഹിച്ചു കൊൾകയും വേണം-

൯- ശുദ്ധതണ്ഡുലസംപൂൎണ്ണപ്രസ്ഥദീപാദ്യലംകൃതേ। സമേ സുമൃഷ്ടസംസിക്തേ ചക്രം ലിഖതു ഭൂതലേ॥

അന്വയാൎത്ഥം—— ശുദ്ധതണ്ഡുലസംപൂൎണ്ണ പ്രസ്ഥദീപാദ്യലംകൃതമായി സുമൃഷ്ടസംസിക്തമായി സമമായിരിക്കുന്ന ഭൂതലത്തിങ്കൽ ചക്രത്തെ ലേഖനം ചെയ്യേണം-

സാരം—— സമമായിനിലത്തുള്ളപൊടിയും കരടും അടിച്ചുകളു

ത്തു തളിച്ചുമെഴുകീട്ടവിടെ ഈശാനികൊണിൽ നെല്ലും, അരിയും നിറച്ചുവെച്ചു വിളക്കും, അഷ്ടമംഗല്യവും വെച്ചു കിഴക്കൊട്ടു തിരിഞ്ഞിരുന്നു മുമ്പിൽ രാശിചക്രത്തെ രെഖാകാരമായിട്ടിട്ടുനിൎമ്മിക്കെണം.

൧൦- ഹസ്തപ്രമാണെ ചതുരശ്രഖണ്ഡെ ഷഡംഗുലാംശൈൎവിഭ
ജെത്തൊനി। ചതുൎദ്ദളംപത്മമിഹാസ്യമദ്ധ്യെ ചതുൎദ്ദിരന്യാന്യജപൂൎവ്വ
ഭാനി॥

അന്വയാൎത്ഥം ഹസ്തപ്രമാണമായിരിക്കുന്ന ചതുരശ്രഖണ്ഡത്തിങ്കൽ ഷഡംഗുലാംശങ്ങൾകൊണ്ടു ദളങ്ങളെവിഭജിക്കെണം ഇതുകളിൽവെച്ചു മദ്ധ്യത്തിങ്കലെ നാലു ദളങ്ങൾകൊണ്ടു ചതുൎദ്ദളമായിരിക്കുന്ന പത്മംഭവിക്കെണം അന്യങ്ങളായിരിക്കുന്ന ദളങ്ങൾ അജപൂൎവ്വങ്ങളായി ഭവിക്കും-

സാരം —— ഒരുകൊലുനീളവും ഒരുകൊലുവിസ്താരവും ഉള്ളതായഒരുചതുരശ്രത്തെ നാലുദിക്കുകളിലും വളയാതെസമരെഖകളിട്ടു നിൎമ്മിക്കെണം- പിന്നെ പിന്നെ ആ രെഖകളിൽ ആറാറുവിരലകലംകണ്ടുമൂന്നുരെഖകൾ തെക്കുവടക്കുംമൂന്നുരെഖകൾ കിഴക്കുപടിഞ്ഞാറുമിട്ടാൽ സമചതുരങ്ങളായിപതിനാറുഖണ്ഡങ്ങൾജനിക്കും- അതുകളിൽവെച്ചു നടുവിലെ നാലുഖണ്ഡങ്ങളുടെ അധിഷ്ഠാനമായ ഉള്ളിലെ പരിധിയെ നിറുത്തി അതിന്റെ അകത്തു തെക്കുവടക്കും കിഴക്കുപടിഞ്ഞാറുമുള്ള മദ്ധ്യരെഖകൾ രണ്ടും അഴിച്ചു ആ നടുപ്രദെശത്തിങ്കൽ നാലിതളായൊരു പത്മത്തെ നിൎമ്മിക്കെണം. പത്മത്തിന്റെ ദളങ്ങൾ നാലും നാലുദിക്കുകളിൽ ആയിരിക്കെണം ദളാഗ്രം, സന്ധി, കെസരം, കൎണ്ണികാ എന്നിവ ഒക്കയും വിധിപ്രകാരം ഉണ്ടാക്കപ്പെടുകയും വെണം. നടുവിലെ നാലു ദളങ്ങൾ കഴിച്ചുപുറമെ ഉള്ള പന്ത്രണ്ടു ദളങ്ങളെ മെടം മുതലായരാശികളാക്കി സംകല്പിച്ചുകൊൾക-

മെൽപ്രകാരം ഉള്ള രാശികളെ സമങ്ങളായ ഒമ്പതിതഖണ്ഡങ്ങളാക്കിയാൽ അതുകൾ ഒക്കയും ഒരൊനവാംശകമായിരിക്കും- എല്ലാരാശികളുടെയും ഒന്നുമുതൽ ഒമ്പതുവരെ ഉള്ള അംശങ്ങളെ ഗണിക്കെണ്ടതിനുള്ള ക്രമത്തെ താഴെ എഴുതുന്നു.

മെടം, മിഥുനം, ചിങ്ങം, ഈ മൂന്നു രാശികൾക്കു ഈശാനകൊണിൽ നിന്നു തുടങ്ങി കിഴപ്പെട്ടു ഗണിക്കെണം എന്നാൽ ഒന്നുമുതൽ മൂന്നുവരെയുള്ള അംശകങ്ങൾ അതിൽപ്പെടും പിന്നെ ക്രമെണ മൂന്നംശകങ്ങളെ മെൽപൊട്ടു ഗണിക്കെണംപിന്നെ മൂന്നംശകങ്ങളെ കീഴ്പ്പൊട്ടു ഗണിക്കെണം- തുലാധനുകുംഭങ്ങൾക്കു

നിരൃതികോണിൽനിന്ന മെൽപ്പൊട്ടമൂന്ന- പിന്നെ ക്രമെണ കീ ഴ്പ്പോട്ടമൂന്ന-പിന്നെ മെൽപ്പൊട്ടമൂന്ന- ഇങ്ങിനെഗണിക്കെണം- കൎക്കടവൃശ്ചികകന്നികൾക്ക അഗ്നികോണിൽനിന്നവടക്കൊട്ട മൂന്ന- പിന്നെ ക്രമെണ തെക്കൊട്ട മൂന്ന- പിന്നെ വടക്കൊട്ട മൂന്ന- ഇങ്ങിനെ ഗണിക്കെണം- ഇടവമകരമീനങ്ങൾക്ക വായുകോണിൽ നിന്ന തുടങ്ങി തെക്കൊട്ട മൂന്ന- പിന്നെ ക്രമെണ വടക്കൊട്ട മൂന്ന- പിന്നെ തെക്കൊട്ട മൂന്ന- ഇങ്ങിനെ ഗണിക്കെണം.

നവാംശക വിധാനത്തെയും ഗണനക്രമത്തെയും ഇവിടെ പറഞ്ഞത മൂലശ്ലോകാൎത്ഥത്തിൽ അത അന്തൎഭവിക്കയാൽ അല്ല- പ്രസംഗ വശാൽപറഞ്ഞു എന്നു മാത്രം ഗ്രഹിക്കെണം- പ്രമാണ മെന്താകുന്നു എന്നുണ്ടെ എംകിൽ (ശ്ലൊ-കലശമധ്യഗ്ലീവകൊണാന്നിശിചരതസ്ഥിസ്ഥുകായമുപരിഗതം । പെരാന്താമനലാദ്യം മാതൃകൊണാൽപരെത്രു തിൎയ്യക്‌സ്ഥഃ॥ എന്നുള്ള ശ്ലോകം തന്നെ മെൽപറകപ്പെട്ടതിന്നു പ്രമാണമെന്നു ഗ്രഹിച്ചുകൊൾക-

൧൧. കെചിന്നിന്ദന്തിദൈവജ്ഞാഭസ്മനാചക്രലെഖനം । തഥാപിതത്രഭസ്മൈവഗൃഹ്ണന്തിബഹവൊധുനാ ॥

അന്വയാൎത്ഥം— ചില ദൈവജ്ഞന്മാർ ഭസ്മംകൊണ്ടുള്ള ചക്രലെഖനത്തെ നിന്ദിക്കുന്നു- അപ്രകാരമായാലുംഇപ്പൊൾ ബഹുക്കൾ അതിങ്കൽ ഭസ്മത്തെത്തന്നെ ഗ്രഹിക്കുന്നു-

സാരം— ചിലദൈവജ്ഞന്മാർ ഭസ്മം കൊണ്ടു രാശിചക്രത്തെ വരക്കരുത എന്ന നല്ലവണ്ണം നിഷെധിച്ചുപറയുന്നു- എംകിലും ഇപ്പൊൾ വളരെ ആളുകൾ ചക്രലെഖനത്തിന്നായിക്കൊണ്ടു ഭസ്മത്തെ സ്വീകരിച്ചു വരുന്നു- ആചാരവും പ്രമാണമായിട്ടുള്ളതാകുന്നുവല്ലൊ അതുകൊണ്ടു ഞാൻ അതിനെ നിഷെധിക്കുന്നില്ല എന്നത്രെ അഭിപ്രായമാകുന്നത-

൧൨. പ്രദക്ഷിണതയാകാൎയ്യംരാശിചക്രസ്യലെഖനം । അനുലൊമവിലൊമെനലെഖനെവിഘ്നസംഭവഃ ॥

അന്വയാൎത്ഥം— രാശിചക്രത്തിന്റെ ലെഖനം പ്രദക്ഷിണതയൊടുകൂടിയതായിട്ട കാൎയ്യമായി ഭവിക്കുന്നു- അനുലൊമവിലൊമത്തൊടുകൂടിയതായിട്ട ലെഖനം കൃതമായിരിക്കും വിഷയത്തിങ്കൽ വിഘ്നസംഭവം ജ്ഞെയമായി ഭവിക്കുന്നു.

സാരം— രാശിചക്രം പ്രദക്ഷിണമായിട്ട വരക്കെണം- അപ്രദക്ഷിണമായിട്ട വരക്കരുത- പ്രദക്ഷിണമായിട്ടും അപ്രദക്ഷിണമായിട്ടും വരച്ചാൽ വിഘ്നം ഫലമാകുന്നു എന്ന അറിഞ്ഞു

കൊൾക-

൧൩. സ്ഥൂലാരേഖാസുഖകരീസൂക്ഷ്മാദുഃഖപ്രദായിനീ। രേ
ഖാഛേദൊഭവെൽപ്രഷ്ടുസ്സുഖകാൎയ്യവിഘാതകൃൽ॥

അന്വയാൎത്ഥം — സ്ഥൂലയായിരിക്കുന്ന രേഖാസുഖകരിയായി ഭവിക്കുന്നു- സൂക്ഷ്മയായിരിക്കുന്ന രേഖാ ദുഃഖപ്രദായിനിയായി ഭവിക്കുന്നു. രേഖാഛേദം പ്രഷ്ടാവിന്റെ സുഖകാൎയ്യവിഘാതകൃത്തായി ഭവിക്കുന്നു-

സാരം—— രാശിചക്രത്തെ വരക്കുംപൊൾ രേഖ വലുതായി വന്നാൽ പൃഛകന്നു ഭാവിയായിട്ടുള്ളത സുഖമാകുന്നു എന്നും രേഖ മുറി ഞ്ഞാൽ സുഖത്തിന്നും കാൎയ്യങ്ങൾക്കും തടവാകുന്നുഎന്നും രേഖാ ഖ വളരെ വണ്ണംകുറഞ്ഞാൽ ദുഃഖ മാകുന്നു എന്നും രേഖ മുറി സൌഷ്ഠല്യാദികൾകൊണ്ടു പ്രഷ്ടാവിന്ന ഫല വിശേഷത്തെമെ ൽപ്രകാരം വിധിച്ചിരിക്കയാൽ രാശിചക്രത്തിന്റെ ലെഖനം ജ്യൌതിഷികനല്ലാതെ വെറെ ഒരുത്തൻ ചെയ്യെണ്ടതാകുന്നു എന്നും ഗ്രഹിച്ചുകൊൾക-

൧൪. ലിഖിതാസൌമ്യരെഖാപ്രാഗ്ദിശിനൂനംധനാഗമഃ। വാ
രുണീയദിരൊഗാപ്തിരൈന്ദ്രീചെൽസന്തതിൎഭവെൽ॥

അന്വയാൎത്ഥം—— മുമ്പെ സൌമ്യരെഖാലിഖിതയായി എം കിൽ ധനാഗമം ഭവിക്കും നിശ്ചയം- വാരുണിയായിരിക്കുന്ന രെഖാ ലിഖിതയായി എംകിൽ രൊഗാപ്തി ഭവിക്കും- ഐന്ദ്രി യായിരിക്കുന്ന രെഖാ ലിഖിതയായി എംകിൽ സന്തതി ഭ വിക്കും.

ചാച്ചരേഖാ ചരിദവേൽ ദുരന്തൊ ദൈവപ്പാത്രത്തെ

സാരം—— ചക്രത്തെ നിൎമ്മിക്കുംപൊൾ മുമ്പെ വടക്കെരെഖ യിട്ടാൽ ധനലാഭവും പടിഞ്ഞാറെരെഖ മുമ്പെയിട്ടാൽ രൊഗവും കിഴക്കെരെഖമുമ്പെ യിട്ടാൽ സന്തതിയും ഫലമാകുന്നു.

൧൫. ചക്രസ്യയത്രനിമ്നത്വമൌന്നത്യംവാപ്രദൃശ്യതെ പ്ര
ഷ്ടുൎന്നിവാസഭൂമിശ്ചതത്രതത്രനതൊന്നതാ॥

അന്വയാൎത്ഥം—— ചക്രത്തിന്ന യാതൊരെടത്തു നിമ്നത്വ വും യാതൊരെടത്ത ഔന്നത്യവും പ്രദൎശിക്കപ്പെടുന്നുവൊ അവി ടെ അവിടെ പ്രഷ്ടാവിന്റെ നിവാസഭൂമിനതൊന്നതാ എന്ന വാച്യയായി ഭവിക്കുന്നു.

സാരം—— ചക്രത്തിന്ന എവിടെതാഴ്ചഭവിക്കുന്നുവൊഅവിടെ താഴ്ചയും എവിടെ ഉയൎച്ചഭവിക്കുന്നുവൊ അവിടെ ഉയൎച്ചയും പൃ ഛകന്റെ വാസസ്ഥലത്തിന്നു ഭവിക്കുന്നു എന്ന പറഞ്ഞുകൊ ൾക-

൧൩. ചക്രയന്ത്രതൃണാന്നിതന്ത്രതരവസ്ത്രാംബുസിക്കേഷു
ലം ഗ്രാവായന്ത്രശിലേഷതന്ത്രസികതാസ്ത്രസ്ഥലംത്വൊന്നതം।
കെരാവാഖല്പനാളികെരസദൃശാകാരാഃ പരെഭ്രതഷൈവന്മീകൊ
ത്രപിപീലികാഹതമെൎയ്യത്രൈവമാദിശ്യതാം ॥

അന്വയാൎത്ഥം—ചക്രത്തിങ്കൽ യാതൊരെടത്തു തൃണങ്ങൾ
ഭവിക്കുന്നുവൊ അവിടെ തരുക്കളും അംബുസികതമായിരിക്കുന്ന
അതിങ്കൽ ജലവും ഗ്രാവാവു യാതൊരെടത്തു ഭവിക്കുന്നുവൊ
അവിടെ ഇവിടെ ശിലയും യാതൊരെടത്തു സികതാഭവിക്കുന്നു
വൊ അവിടെ ഉന്നതമായിരിക്കുന്ന സ്ഥലവും കെരങ്ങൾതന്നെ
യായിട്ടൊ നാളികെരസദൃശാകാരങ്ങളായി പരങ്ങളായിട്ടൊ ഇ
രിക്കുന്ന ഭ്രതട്ടുകളും യാതൊരെടത്തു പിപീലികാഹതമൎത്ത്യകൾ ഭ
വിക്കുന്നുവൊ അവിടെ വന്മീകവും ഭവിക്കുന്നു എന്ന ത്രമെ
ശിച്ചു എന്നുള്ളതുണ്ടാകെണം.

സാരം—രാശിചക്രത്തിങ്കൽ യാതൊരെടത്തു പുല്ലിന്റെ ശ
കലം കാണെപ്പെടുന്നുവൊ ആ പ്രദെശത്തൊടു സദൃശമായ ഭാ
ഗത്തിങ്കൽ വൃക്ഷങ്ങളുണ്ടെന്നും രാശിചക്രം എവിടെവെള്ളം
കൊണ്ടു നനവൊടുകൂടിയതായി കാണെപ്പെടുന്നുവൊ അതിനൊ
ടുതുല്യമായ പ്രദെശത്തിങ്കൽ കിണറ, കുളം, ഇത്യാദികളായ ജ
ലപ്രദെശങ്ങളുണ്ടെന്നും മണലുള്ളതു എവിടെയൊ അവിടെ
ഉയൎന്ന സ്ഥലവും തെങ്ങും അല്ലാ എങ്കിൽ അതുപൊലെ ഉള്ളത
ന്യവൃക്ഷവുമുണ്ടെന്നും ഉറുമ്പു തുരന്നുയൎത്തിയമണ്ണ എവിടെ ഭ
വിക്കുന്നുവൊ അവിടെ പുറ്റുണ്ടെന്നും പ്രഷ്ടാവിന്റെ വാസ
സ്ഥലത്തെ ക്കുറിച്ചു ദൈവജ്ഞൻ പറയെണം.

൧൪. സംസ്പൃശ്നാദ്യൈരപിചക്രകൎത്തുഃ പ്രഷ്ടുഃക്ഷിതെല്ലക്ഷ്യ
വിചാരണീയം। വിലിഖ്യചക്രംപ്രഥമാതികിഞ്ചിദ്ദ്രവ്യംപരന്യെ
യമിഭ്രമിരെഷാ ॥

൧൫. പരസപതാമെഷ്യതിയൽപരസ്മാദമാൎന്നമന്യക്ഷിതിലാ
ഭശംസി। യൽമൃധരെൽസപാഭിമുഖംപ്രസാൎദ്ധഹസ്തംനഗാസ്ത്യൎഷ്ട
മീസാംഗുലീയഃ ॥

൧൬. കരസ്സുവല്ലീപരിവെഷ്ടിതാംഗാഗ്രീവാദിഭ്രഷാലഭനെ
പിതഭൽ। ശാഖാവിഹീനാസ്തരവൊംഗുലീനാമാകുഞ്ചനെസ്ഥാ
നെവാഎവമുഷ്ടെന ॥

അന്വയാൎത്ഥം—ചക്രകൎത്താവിന്റെ സംസ്പൃശ്നാദ്യങ്ങൾ
കൊണ്ടും പ്രഷ്ടാവിന്റെ ക്ഷിതിയുടെ ലക്ഷ്യം വിചാരണീയമാ
യി ഭവിക്കുന്നു- ചക്രത്തെ വിലെഖനം ചെയ്തിട്ടു ഒരു ദ്രവ്യ

ത്തെ പരനായിക്കൊണ്ട പ്രദാനംചെയ്യുന്നു എങ്കിൽ ൟ ഭൂമി
പരസ്വത്തെ പ്രാപിക്കും- പരങ്കൽനിന്നുള്ള ആ ദാനംയാതൊ
ന്നൊ അത അന്യക്ഷിതിലാഭശംസിയായി ഭവിക്കുന്നു- സ്വാ
ഭിമുഖമാക്കി പ്രസാരണംചെയ്തിട്ട ഹസ്തത്തെ ഉദ്ധരിക്കുമെങ്കി
ൽ നഗങ്ങൾ വാച്യങ്ങളായി ഭവിക്കും- ആ കരംസാംഗുലീയമാ
കുന്നുഎങ്കിൽ വല്ലീപരിവെഷ്ടിതാംഗങ്ങളായിരിക്കുന്ന നഗങ്ങ
ങ്ങൾ വാച്യങ്ങളായി ഭവിക്കും- ഗ്രീവാമിദ്രഷ്ഠാലഭനം കൃതമായി
രിക്കും വിഷയത്തിങ്കലും അപ്രകാരം നഗങ്ങൾ വാച്യങ്ങളായി
ഭവിക്കും- അംഗുലികളുടെ ആകുഞ്ചനംകൃതമായിരിക്കും വിഷയ
ത്തിങ്കൽ ശാഖാവിഹീനങ്ങളായിരിക്കുന്ന തരുക്കൾ വാച്യങ്ങളാ
യി ഭവിക്കും- മുഷ്ടി ഉദ്ധതമായിരിക്കും വിഷയത്തിങ്കൽ സ്ഥാ
നങ്ങൾ തന്നെ വാച്യങ്ങളായി ഭവിക്കും-

സാരം—— രാശിചക്ര കൎത്താവിന്റെ അംഗസ്പൎശം മുതലായ
തുകൊണ്ടും പൃച്ഛകന്റെ കുടിയിരിപ്പു പറമ്പിന്റെ ലക്ഷണ
ത്തെ പറയെണം- ചക്രം വരച്ചിട്ടുവല്ലൊരു വസ്തുവിനെ അന്യ
നായിക്കൊണ്ട ചക്രലെഖനകൎത്താവു കൊടുത്തു എങ്കിൽ മെൽ
പറഞ്ഞ പറമ്പ മെലിൽ അന്യന്റെ ധനമായി ഭവിക്കുമെന്നും
ചക്രത്തെ വരച്ചിട്ടുടനെ അന്യനാൽ കൊടുക്കപ്പെട്ട വല്ലൊരുവ
സ്തുവിന്റെ ലാഭം ചക്രലെഖനകൎത്താവിന്ന ഭവിച്ചു എങ്കിൽ
അന്യങ്കൽനിന്ന ഒരു ഭൂമിലഭിക്കപ്പെടുകയും അതുമെൽ പറഞ്ഞ
ഭൂമിയൊടു ചെരുകയും ചെയ്യുമെന്നും പറയെണം- ചക്രത്തി
ന്റെ യാതൊരു ഭാഗംവരക്കുന്ന സമയം നെരെമുഖമാക്കി നീ
ട്ടിയകയ്യത്തിയൊ അതിനൊടു തുല്യമായ പൃഛകഗൃഹ ഭൂമിയു
ടെ പ്രദെശത്തിങ്കൽ വൃക്ഷങ്ങളുണ്ടെന്നും മെൽപ്രകാരം നീട്ടി
ഉയൎത്തിയ കയ്യിന്മെൽ മൊതിരമുണ്ടായിരുന്നാൽ മെൽപറഞ്ഞ
പ്രദെശത്തിങ്കൽ ഉണ്ട എന്നുകാണപ്പെട്ട വൃക്ഷങ്ങളിൽ വള്ളി
കൾ ചുററിയിരിക്കുന്നു എന്നും പറയെണം- മെൽപ്രകാരമുള്ള
കയ്യിന്റെ വിരലുകളിൽ ചിലതൊ വിരലുകൾ ഒക്കെത്തന്നെ
യൊ ഉയൎത്തിയ സമയം അല്പമായി മടങ്ങിയിരുന്നാൽ ആ പ്ര
ദെശത്തിങ്കൽ കൊമ്പുകളില്ലാത്തതുകളായ വൃക്ഷങ്ങൾ ഉണ്ടെന്നു
പറയെണം- വിരലുകൾ അഗ്രം ചുരുണ്ടുവരുമാറ നല്ലവണ്ണം മ
ടങ്ങിയതുകളായിരുന്നാൽ ആ പ്രദെശത്തിങ്കൽ ചില കുററികൾ
ഉണ്ടഎന്ന പറയെണം-

൨൦- മുഖരൊമാദ്ധ്യക്ഷിനംസ്പൃശെല്ലിവമെൽസ്കന്ദകാൻവൃ
ക്ഷാൻ । നാസാശ്രവണൊരസ്പൃശെത്തുവിലംഭുജംഗമാഢ്യനാം॥

അനന്വയാർത്ഥം—— അദ്ധ്വഹിന്നമായിരിക്കുന്ന മുഖരൊമത്തെ സ്പർശിക്കുമെങ്കിൽ സകണ്ടകങ്ങളായിരിക്കുന്ന വൃക്ഷങ്ങളെ വദിക്കെണം- നാസാശ്രവസ്സിന്റെ രന്ധ്രസ്പർശം കൃതമായിരിക്കും വിഷയത്തിങ്കൽ ഭുജംഗമാഖുക്കളുടെ വിലത്തെ വദിക്കെണം-

സാരം—— കണ്ടകാകാരമായിരിക്കുന്ന മുഖരൊമത്തെ സ്പർശിച്ചാൽ ആ ക്രിയ ചക്രലെഖനത്തിങ്കൽ എതൊരു പ്രദെശംവരക്കുംപൊൾ ഭവിച്ചുവൊ അതുപൊലെ ഉള്ള പ്രദെശത്തിങ്കൽ പൃഛകന്റെ കുടിയിരിപ്പുപറമ്പിൽ മുള്ളുള്ളമരങ്ങൾ ഉണ്ടെന്നു പറയെണം- മൂക്കിന്റെയും ചെവിയുടെയും പഴുതു തൊട്ടാൽ പാമ്പിൻ മടയും എലിമടയും മുണ്ടെന്ന പറയെണം-

൨൧. കെശാൻവിശ്ലഥിതാംശ്ചരൊമമുഖജംയത്രസ്പൃശെന്നിർദ്ദി
ശെന്മുഞ്ജോശീരകുശാദികാന്നിഹനസൊവല്മീകമാമർശനെ, മെ
ഢ്രക്രൊഡഭുജാംകചാസ്യവിലയൊശ്ചാമർശനെന്തർജ്ജലംപ്രഷ്ടു
ർവ്വസ്തുപനിശൊദ്ധ്യമംബുകഥയെൽസച്ഛിന്നാംഗസംസ്പർശനെ ॥

അനന്വയാർത്ഥം—— യാതൊരെടത്തു വിശ്ലഥിതങ്ങളായിരിക്കുന്ന കെശങ്ങളെയും മുഖജമായിരിക്കുന്ന രൊമത്തെയും സ്പർശിക്കുമൊ ഇവിടെ മുഞ്ജോശീരകുശാദികങ്ങളെ നിർദ്ദെശിക്കെണം- നാസികയുടെ ആമർശനം കൃതമായിരിക്കും വിഷയത്തിങ്കൽ വല്മീകത്തെ നിർദ്ദെശിക്കെണം- മെഢ്രക്രൊഡഭുക്കുകളുടെയും സ്തനാസ്യവിലങ്ങളുടെയും ആമർശനം കൃതമായിരിക്കും വിഷയത്തിങ്കൽ അന്തർഭാഗത്തിങ്കൽ ജലത്തെ നിർദ്ദെശിക്കെണം- സച്ഛിന്നാംഗസംസ്പർശനം കൃതമായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്റെ വസ്തുവിനെ അനിശൊദ്ധ്യമെന്നു കഥിക്കെണം-

സാരം—— ചക്രം വരക്കുംപൊൾ യാതൊരെടത്ത അഴിഞ്ഞ തലമുടിയെയും മുഖരൊമത്തെയും സ്പർശിച്ചുവൊ അവിടെ മെഖലപ്പുല്ല, രാമച്ചം, ദർഭ. ഇത്യാദികൾ ഉണ്ടു എന്ന പറയെണം- മൂക്കുതൊട്ടാൽ പുറ്റുണ്ടെന്നു പറയെണം- ലിംഗം, വയറ, കണ്ണ, മുല, വായ, ഈ അംഗങ്ങളെ സ്പർശിച്ചാൽ അവിടെ ഉള്ളിൽ വെള്ളമുണ്ടെന്നു പറയെണം- വിയത്തിരിക്കുന്ന ശരീരാവയവത്തെ സ്പർശിച്ചാൽ പ്രഷ്ടാവിന്റെ കുടിയിരിപ്പു പറമ്പിൽ ഉറവുള്ള പ്രദെശമുണ്ടെന്നു പറയെണം.

൨൨. കക്ഷാപാനസ്പർശനെവാരിദുഷ്ടംബാഹ്വന്ത്യാംഭ്രുതഹൊ
തീവദെദ്വാഃ । ഹസ്താന്ത്യാംതത്രവൃക്ഷാതിഖല്വൊലൊഹാനി
സ്പൃസ്പർശനെമന്നഖാന്നാം ॥

അനന്വയാർത്ഥം—— കക്ഷാപാന സ്പർശനം സത്തായിരിക്കും

വിഷയത്തിങ്കൽ അവിടെ ദൃഷ്ടമായിരിക്കുന്ന വാരിവാച്യമായി ഭവിക്കും. ബാഹ്വുന്നതി സതിയായിരിക്കും വിഷയത്തിങ്കൽ എറവും ദീൎഘങ്ങളായിരിക്കുന്ന ഭൃത്യകൾ വാച്യങ്ങളായി ഭവിക്കും. ഹസ്വാന്നതിസതിയായിരിക്കും വിഷയത്തിങ്കൽ അതിഖൎവമായിരിക്കുന്ന വൃക്ഷം വാച്യമായി ഭവിക്കും. നഖങ്ങളുടെ സ്പൎശനം സത്തായിരിക്കും വിഷയത്തിങ്കൽ ലോഹങ്ങൾ വാച്യങ്ങളായി ഭവിക്കും.

സാരം—— കക്ഷത്തെയും മലദ്വാരത്തെയും തൊട്ടാൽ അവിടെ കലങ്ങൽ മുതലായ ദോഷത്തോടുകൂടിയ ജലമുണ്ടെന്നു പറയേണം. കയ്യുയൎത്തിയാൽ വളരെ നീളമുള്ള വൃക്ഷങ്ങളുണ്ടെന്നു പറയേണം. കയ്യുതാഴ്ത്തിയാൽ നീളം കുറഞ്ഞ വൃക്ഷങ്ങളുണ്ടെന്നു പറയേണം. പല്ലുകൾ നഖങ്ങൾ ഇതുകളെ തൊട്ടാൽ ഇരിമ്പു മുതലായ ലോഹങ്ങൾ ഉണ്ടെന്നു പറയേണം.

൨൩. ജാനപാദികേംഗേസ്ഥിയുതേസ്പൃശേച്ചേൽപാഷാണജാലൈൎന്നിചിതാസ്ഥിഭിൎവ്വാ। നാഭ്യാദിനിമ്നാവയവാദിമൎശേശപദ്രാനചിതാപൃച്ഛകഭൂസ്സകല്യാ ॥

അന്വയാൎത്ഥം—— ജാനപാദികമായി അസ്ഥിയുതമായിരിക്കുന്ന അംഗത്തിങ്കൽ സ്പൎശിക്കുമെങ്കിൽ പൃച്ഛകഭൂ പാഷാണജാലങ്ങളാലും അസ്ഥികളാലും നിചിതയാകുന്നു എന്ന വാച്യയായി ഭവിക്കുന്നു. നാഭ്യാദിനിമ്നാവയവാദിമൎശം സത്തായിരിക്കുംവിഷയത്തിങ്കൽ ശപദ്രാനചിതാ എന്നും സകല്യാ എന്നും വാച്യയായി ഭവിക്കുന്നു.

സാരം—— മുട്ടുതുടങ്ങിയുള്ള അസ്ഥിയോടുകൂടിയ അവയവങ്ങളിൽ തൊട്ടാൽ പ്രഷ്ടാവിന്റെ കുടിയിരിപ്പു പറമ്പു പാറകളാലും അസ്ഥികളാലും വ്യാപിക്കപ്പെട്ടതാകുന്നു എന്നു പറയേണം. പൊക്കിൾ മുതലായ താഴ്ചയോടുകൂടിയ അവയവങ്ങളിൽ തൊട്ടാൽ മടയൊട്ടും കയ്യോടൊട്ടും കൂടിയതാകുന്നു എന്നു പറയേണം.

൨൪. സപൃഷ്ഠഭാഗസ്ഥനതപ്രദേശസ്പൎശേനകുല്യാംകഥയേന്നദീംവാ। രഹസ്യലക്ഷ്മ്യത്ഥതൽപ്രസംഗാദ്ഭുതാശ്രയംകിഞ്ചനലക്ഷ്മവക്ഷ്യേ ॥

അന്വയാൎത്ഥം—— സപൃഷ്ഠഭാഗസ്ഥനതപ്രദേശസ്പൎശംകൊണ്ടു കുല്യയെയൊ നദിയെയൊ കഥിക്കേണം. ഇപ്രകാരം രഹസ്യലക്ഷ്മം ഉക്തമായി അനന്തരം തൽപ്രസംഗം ഹേതുവായിട്ടുള്ളതാശ്രയമായിരിക്കുന്ന ചില ലക്ഷ്മത്തെ വചിപ്പാൻ തുടങ്ങുന്നു.

സാരം—— പുറത്തു താഴ്ചയോടുകൂടിയ പ്രദേശത്തിങ്കൽ തൊട്ടാ

ൽകയ്യൊട്ടുണ്ടെന്നെങ്കിലുംപുഴയുണ്ടെന്നെങ്കിലും പറയെണം- ഇങ്ങിനെ ശ്രദ്ധ മായിരിക്കുന്നതിനെ പറവാൻ മതിയായ ലക്ഷണങ്ങളെ പറഞ്ഞു- ഇനി പ്രസംഗവശാൽ ദൂതനെ ആശ്രയിച്ചിരിക്കുന്നവയായിട്ടും ചിലലക്ഷണങ്ങൾ ഉണ്ടു- അതുകളെ പറയുന്നു-

൨൭ ദൃശ്യന്തെബലുയത്രയത്ര മനുജാദൂതസ്യവിഷ്ടക്സ്ഥിതാലിക്ഷ്വാസ്വാസുഗ്രഹാണിസന്തിസദൃശാം ജ്ജാത്യാചതെസംഖ്യയാ । ആയാനെനധനുഷ്മതൊത്രഹരിതിസ്ഥാനഞ്ചശാസ്തുവ്വെദ്ദ്രവ്യാസ്തൃട്ടിശിയൊഷിതഃകേവൃഥകായാനെപിശാചസ്ഥിതിം ॥

അന്വയാൎത്ഥം—— യാതൊരെടത്തു യാതൊരെടത്തു ദൂതന്റെ നാലുപുറവും സ്ഥിതന്മാരായിട്ടു മനുജന്മാർ ദൎശിക്കപ്പെടുന്നുവൊ ഒരു ദിക്കുകളിൽ ജാതികൊണ്ടും, സംഖ്യകൊണ്ടും അവരൊടു സദൃക്കുകളായിരിക്കുന്നവരുടെ ഗൃഹങ്ങൾ ഭവിക്കുന്നു എന്നു വദിക്കെണം- ധനുഷ്മാന്റെ ആഗമനംകൊണ്ടു ഒരു ഹരിത്തിങ്കൽ ശാസ്താവിന്റെ സ്ഥാനത്തെയും യൊഷിത്തിന്റെ ആയാനംകൊണ്ടു തട്ടിക്കിങ്കൽ ദെവിയുടെ സ്ഥാനത്തെയും കൃശ്ശകായാനം സത്തായിരിക്കും വിഷയത്തിങ്കൽ തട്ടിക്കിങ്കൽ പിശാചസ്ഥിതിയെയും വദിക്കെണം-

സാരം—— ദൂതന്റെ നാലുപുറവും നില്ക്കുന്ന പുരുഷന്മാർ എത്രയുണ്ടൊ അത്രഭവനങ്ങൾ പ്രഷ്ടാവിന്റെ ഗൃഹത്തിന്റെ നാലുപുറവുമായി ഉണ്ടെന്നും മെൽ പറഞ്ഞ പുരുഷന്മാർ ഏതെതുജാതിക്കാരൊ അങ്ങിനെഉള്ള ജാതിക്കാരുടെയാകുന്നു ആഭവനങ്ങളെന്നും അവർ ഏതെതു ദിക്കുകളിൽ നില്ക്കുന്നുവൊ അതിനൊടു സമാനകളായ ദിക്കുകളിലാകുന്നു അതുകളെന്നും പറയെണം- അവിടെവില്ലൊടുകൂടിയവനായിട്ടു ഒരുത്തൻ വന്നാൽ ആ ദിക്കിൽ ശാസ്താവിന്റെ ക്ഷെത്രമുണ്ടെന്നും സ്ത്രീ വന്നാൽ ഭഗവതിയുണ്ടെന്നും അടക്കമില്ലാത്തൊരു ബാലൻ വന്നാൽ ആ ദിക്കിൽ പിശാചസ്ഥാനമുണ്ടെന്നും പറയെണം.

൨൮. വിപ്രായാനെബ്രഹ്മരക്ഷൊനിവാസശ്ചൊരൊത്ഥാപദമ്മതൊരാഗമെന । ദൂതസ്യൈതൽസംഭവൊയദ്ദിശായാംപ്രഷ്ടുൎദ്ധാമ്നസ്തൽഫലംതദ്ദിശിസ്യാൽ ॥ ഇതി-

അന്വയാൎത്ഥം—— വിപ്രായാനം സത്തായിരിക്കും വിഷയത്തിങ്കൽ ബ്രഹ്മരക്ഷൊനിവാസം വാച്യമായി ഭവിക്കുന്നു- ദുൎമ്മതിയുടെ ആഗമംകൊണ്ടുചൊരൊത്ഥാപത്തു വാച്യയായി ഭവിക്കുന്നു, ദൂതന്റെ യദ്ദിശയിങ്കൽ ഏതൽ സംഭവം ഭവിക്കുമൊ ത

ൽഫലം പ്രഷ്ടാവിന്റെ ധാമത്തിന്റെ ദിക്കിങ്കൽ ഭവിക്കും-

സാരം — ബ്രാഹ്മണൻ വന്നാൽ ബ്രഹ്മരക്ഷസ്സിന്റെ സ്ഥിതിയെ പറയെണം- ബ്രഹ്മരക്ഷസ്സ എന്നത ബ്രാഹ്മണൻ മരിച്ചാൽ വല്ലൊരു ഹെതുവശാൽ ഗതി ലഭിക്കാതെ നില്ക്കുന്ന ആജീവനെത്രെ ആകുന്നത- ഉൽബുദ്ധിയായിരിക്കുന്ന ഒരുത്തൻവന്നാൽ കള്ളന്മാരിൽ നിന്ന ഉണ്ടായ ആപത്തിനെ പറയെണം-ബ്രഹ്മരക്ഷസ്സിന്റെ സ്ഥിതിയും കള്ളന്മാരിൽ നിന്നുണ്ടായ ആപത്തും ഇന്ന ദിക്കിൽ എന്നതു ദൂതന്റെ യാതൊരു ദിക്കിങ്കൽ വിപ്രാഗമനം മുതലായതു ഭവിച്ചുവൊ ആദിക്കിൽ എന്നും അതു പൃഷ്ടകന്റെ ഗൃഹത്തിനെ അപെക്ഷിച്ചിട്ടുള്ള ദിക്കാകുന്നു എന്നുംഗ്രഹിച്ചു പറകയുംവെണം- ഇതിശബ്ദംസമാപ്തിയെബൊധിപ്പിക്കുന്നതാകുന്നു-

൧൭- ചക്രംവിലിഖ്യചരണൌപ്രക്ഷാള്യതനുശൊധനം। ആത്മപൂജാംഗണെശാൎച്ചാമപികൃത്വാമഹെശ്വരം॥

൧൮- ചക്രമദ്ധ്യസ്ഥിതെപത്മെപീഠപൂജാപുരസ്സരംപരിവാരനിവെദ്യാഢ്യംപഞ്ചാക്ഷൎയ്യാസമൎച്ചയെൽ॥

അന്വയാൎത്ഥം —— ചക്രത്തെ വിലെഖനം ചെയ്തിട്ടു ചരണങ്ങളെപ്രക്ഷാളനംചെയ്തിട്ടു തനുശൊധനത്തെയും ആത്മപൂജയെയും ഗണെശാൎച്ചയെയും ചെയ്തിട്ടു ചക്രമദ്ധ്യസ്ഥിതമായിരിക്കുന്ന പത്മത്തിങ്കൽ മഹെശ്വരനെ പീഠപൂജാപുരസ്സരമാകുംവണ്ണവും, പരിവാര നിവെദ്യാഢ്യമാകുംവണ്ണവും പഞ്ചാക്ഷരികൊണ്ടു സമൎപ്പിക്കെണം-

സാരം —— ചക്രംഎഴുതികഴിഞ്ഞാൽ കാൽകഴുകി ദെഹശുദ്ധിയെയും ആത്മപൂജയെയും ഗണപതി പൂജയെയും ചെയ്തിട്ടു ചക്രമദ്ധ്യത്തിങ്കൽ ഉള്ള പത്മത്തിങ്കൽ ശിവനെ പീഠപൂജാപൂൎവ്വകമായിയും പരിവാര നിവെദ്യത്തൊടു കൂടിയും പഞ്ചാക്ഷര മന്ത്രം കൊണ്ടു പൂജിക്കെണം-

(൨൦) തത്രൈവംധ്യാനം॥

അന്വയാൎത്ഥം —— അവിടെ ഇപ്രകാരം ധ്യാനം കൎമ്മമായിഭവിക്കുന്നു-

സാരം —— മെൽപ്രകാരം പൂജിക്കുംപൊൾ ചക്രമദ്ധ്യത്തിങ്കൽ ഉള്ള പത്മത്തിങ്കൽ ശിവനെ ഇനിപറവാൻ പൊകുന്ന പ്രകാരം ധ്യാനിക്കെണം-

അനന്തരശ്ലൊകംകൊണ്ടു ധ്യാനപ്രകാരത്തെഅറിയിക്കുന്നു-

൨൧- കൈലാസാദ്രിശിഖൊണെസ്സുരവിടപിതടെസ്ഫാടികെ മ

ന്ധപെസ ന്മാതംഗാരാതിപീഠോപരിപരിലസിതംസെവ്യമാനം
സുരൌഘൈഃ। ജാനുസ്ഥംവാമബാഹുംമൃഗമപിപരശുംജ്ഞാന
മുദ്രാംവഹന്തംനാഗൈൎയ്യോഗപട്ടാം ദധതമൃഷിഗണൈൎജ്ഞാന
മീശാനമീഡെ॥

അന്വയാൎത്ഥം —— കൈലാസാദ്രീശകൊണിങ്കലെ സുരവിടപി തടത്തിങ്കൽ ഉല്ലസ്ഫാടികമായിരിക്കുന്ന മണ്ഡപത്തിങ്കൽ സന്മാതംഗാരാതി പീഠത്തിന്റെ മുകളിൽ പരിലസിതനായി സുരൌഘങ്ങളാൽ സെവ്യമാനനായി ജാനുസ്ഥമായിരിക്കുന്ന വാമബാഹുവിനെയും മൃഗത്തെയും പരശുവിനെയും ജ്ഞാനമുദ്രയെയും വഹന്നായി നാഗൈൎയ്യോഗപട്ടനായി ഋഷിഗണത്തിങ്കൽ ജ്ഞാനത്തെ ദദത്തായിരിക്കുന്ന ഈശാനനെ ഞാൻ ഈഡിക്കുന്നു.

സാരം —— കൈലാസമെന്നു പെരൊട്ടുകൂടിയ പൎവ്വതത്തിന്റെ ഒരുഭാഗത്തിങ്കൽ ഉള്ളൊരു കല്പകവൃക്ഷത്തിന്റെ തറമെൽ സ്ഫടികംകൊണ്ടു നിൎമ്മിക്കപ്പെട്ട മണ്ഡപത്തിങ്കൽ, നല്ലൊരു സിംഹാസനമിട്ട അതിന്റെമുകളിൽ ഇടത്തെകൈകളിൽ ഒന്നമീഷ്ലമാക്കി ഇടത്തെകാലിന്റെ മുട്ടിന്മെൽവെച്ചു ഇരിക്കുന്നവനായിയും മറെറതിൽ മൃഗത്തെയും വലത്തെ കൈകളിൽ വെച്ചു ഒന്നുകൊണ്ടു വെണ്മഴുവിനെയും മറെറതുകൊണ്ടു ജ്ഞാനമുദ്രയെയും ധരിച്ചിരിക്കുന്നവനായിയും സൎപ്പംകൊണ്ടുള്ളയൊഗപട്ടത്തൊടു കൂടിയവനായിയും ഋഷിമാൎക്കായിക്കൊണ്ടു ജ്ഞാനത്തെ കൊടുത്തിരിക്കുന്നവനായിയു മിരിക്കുന്ന ശിവനെ ഞാൻ സ്തുതിക്കുന്നു.

൩൦- മെഷാദ്യാരാശയസ്സ്വസ്വസ്ഥാനെ സ്വാശ്രിതഭെ
ഗ്രഹാഃ। പരിവാരതയാപൂജ്യാഗുളികശ്ചസ്വനാമഭിഃ॥

അന്വയാൎത്ഥം —— മെഷാദ്യങ്ങളായിരിക്കുന്ന രാശികൾസ്വസ്വസ്ഥാനത്തിങ്കലും ഗ്രഹങ്ങളും ഗുളികനും സ്വാശ്രിതഭത്തിങ്കലും സ്വനാമങ്ങൾകൊണ്ടു പരിവാരതഹെതുവായിട്ടു പൂജ്യങ്ങളായി ഭവിക്കുന്നു.

സാരം —— മെടം മുതലായരാശികളെ അതാതുസ്ഥാനത്തിങ്കൽ മെഷാദികളായ നാമങ്ങൾകൊണ്ടും സൂൎയ്യാദിനവഗ്രഹങ്ങളെയും ഗുളികനെയും അവരാൽ ആശ്രയിക്കപ്പെട്ട രാശികളിൽ അവരവരുടെ പെർകൊണ്ടും ശിവന്റെ പരിവാരദെവതകൾ ആകുന്നുഎന്നു സംകല്പിച്ചു പൂജിക്കെണം.

൩൧- ബ്രഹ്മണ്യൈൎവ്വ്യണോന്നെവാശൈവീംഗുരുശ്ചാപൃഷ്ഠമംഗ

ചെ പുഷ്പൈൎദ്ദൂരാരാദ്ധ്യവന്ദ്യേതപ്രദീപെപതഥാശ്രിയം ।

അന്വയാൎത്ഥം—— ബ്രഹ്മാൎപ്പണാന്തത്തിങ്കൽ വാഗ്ദേവി
യെയും ഗുരുവിനെയും അഷ്ടമംഗലത്തിങ്കൽ പുഷ്പങ്ങൾ കൊ
ണ്ടു ആരാധിച്ചിട്ടു വന്ദിക്കേണം അപ്രകാരം പ്രദീപത്തിങ്കൽ
ശ്രീയിനെയും വന്ദിക്കേണം.

സാരം—— ബ്രഹ്മാൎപ്പണമെന്ന ക്രിയ കഴിഞ്ഞാൽ അഷ്ടമം
ഗലത്തിങ്കൽ സരസ്വതിയെയും ഗുരുവിനെയും । വിളക്കിന്മേൽ
ശ്രീഭഗവതിയെയും പൂക്കൾകൊണ്ടു പൂജിച്ചിട്ടു വന്ദിക്കേണം.

മൂ.- അഥപ്രക്ഷാള്യതോയെനസ്വൎണ്ണംചന്ദനഭൂഷിതം । പ
ത്രെവിന്യസ്യ കുസുമൈരക്ഷതൈരപിയോജയെൽ ॥

അന്വയാൎത്ഥം —— അനന്തരം സ്വൎണ്ണത്തെ തോയംകൊണ്ടു
പ്രക്ഷാളനം ചെയ്തിട്ടു ചന്ദനഭൂഷിതമാക്കി പത്രത്തിങ്കൽ വി
ന്യസിച്ചിട്ടു കുസുമങ്ങളോടും അക്ഷതങ്ങളോടും യോജിപ്പി
ക്കേണം.

സാരം—— അനന്തരം സ്വൎണ്ണത്തെ എടുത്തു വെള്ളംകൊ
ണ്ടു കഴുകി അതിന്മേൽ ചന്ദനം തേച്ചു ഒരു ഇലയിൽ വെച്ചു
പുഷ്പാക്ഷതങ്ങളോടു യോജിപ്പിക്കേണം.

മൂ. വാമഹസ്തെനിധായാഥപിധായാന്യെനപാണിനാ । പ
ഞ്ചാക്ഷരീംസാഷ്ടശതംമന്ത്രാനന്യാംശ്ചഭക്തിതഃ ॥

മൂ. ജപ്ത്വാപൈകത്രവിന്യസ്യ പ്രാരഭേതാഷ്ടമംഗലം ।
സംക്ഷേപേണാഥതൽകൎമ്മകഥ്യതെഗുരുണോദിതം ॥

അന്വയാൎത്ഥം——അനന്തരം വാമഹസ്തത്തിങ്കൽ നിധാനം
ചെയ്തിട്ടു അന്യമായിരിക്കുന്ന പാണികൊണ്ടു പിധാനം ചെ
യ്തിട്ടു നൂറെറട്ടു പഞ്ചാക്ഷരിയെയും അന്യങ്ങളായ മന്ത്രങ്ങളെയും ഭ
ക്തിയോടുകൂടെ ജപിച്ചിട്ടു ഒരെടത്തു വിന്യസിച്ചിട്ടു അനന്തരം
അഷ്ടമംഗലത്തെ പ്രാരംഭിക്കേണം- അനന്തരം ഗുരുവിനാൽ
ഉദിതമായിരിക്കുന്ന ആ കൎമ്മം സംക്ഷേപേണ കഥിക്കപ്പെ
ടുന്നു-

സാരം——അനന്തരം പുഷ്പാക്ഷതസഹിതമായ ആ സ്വൎണ്ണ
ത്തെ ഇടത്തെ കയ്യിലാക്കി വലത്തെ കൈകൊണ്ടു മറച്ചു പിടി
ച്ചു പഞ്ചാക്ഷരമന്ത്രത്തെ നൂറെറട്ടു പ്രാവശ്യം ജപിച്ചിട്ടു പിന്നെ
പ്രതിപത്തിക്കുതക്കവണ്ണം മററുള്ള മന്ത്രങ്ങളെയും ജപിച്ചു ഒരെ
ടത്തു വച്ചിട്ടു അനന്തരം അഷ്ടമംഗല കൎമ്മത്തെ വിധിച്ച പ്ര
കാരം ആരംഭിക്കേണം- ഗുരുനാഥനാൽ ഉപദേശിക്കപ്പെട്ടതായ
അഷ്ടമംഗലകൎമ്മത്തെ ചുരുക്കി അനന്തരം പറവാൻ പോകുന്നു-

ഹ്ന *

൩൫. കൃത്വാദക്ഷിണതോരാശിചക്രംപ്രാങ്മുഖആസനെ । ആസീനഃ ഫലകെഭിന്നെവരാടീരഷ്ടകംശതം ॥

൩൬. നിധായമന്ത്രവൽപ്രോക്ഷ്യഗന്ധപുഷ്പാക്ഷതൈശ്ച താഃ । അലംകൃത്യാച്ച്യെയത്താസുശിവമാവാഹ്യചക്രവൽ ॥

൩൭. പ്രാഗാദ്യാശാസുസൂൎയ്യാദ്യാൻജ്ഞാത്വാക്കിവിധ്വൂരഗാൻ। അപിസംപൂജ്യതാസ്സ്പൃഷ്ട്വാസ്പൃഷ്ട്വാസാഷ്ടശതംജപെൽ ॥

൩൮. പഞ്ചാക്ഷരീംമന്ത്രമന്യാനപിഗുരുവാനനാച്ഛ്രുതാൽ । തതസ്സംപ്രാൎത്ഥയെദ്ദേവംഗുരൂനപിനിജാൻഗ്രഹാൻ ॥

൩൯. എതന്നക്ഷത്രസംജ്ജാതസ്യൈതന്നാമ്നോസ്യപൃച്ഛതഃ । ഭൂതെചവൎത്തമാനെചസമയെചഭവിഷ്യതി ॥

൪൦. ശുഭാശുഭാനിചൈതാനിംചിന്തിതസ്യവിശെഷതഃ। സംഭവാസംഭവാദ്യന്യാന്യൎത്ഥപുത്രഗ്രഹാദിഷു ॥

൪൧. ശുഭാശുഭാനിദാന്യൈതാന്യഖിലാന്യപിതത്ത്വതഃ । യുഷ്മൽപ്രസാദതസ്സ്പഷ്ടംമമചിത്തെസ്ഫുരന്ത്വിതി ॥

അനന്തരാൎത്ഥം—— രാശിചക്രത്തെ ദക്ഷിണത്തിങ്കലാക്കീട്ട ആസനത്തിങ്കൽ പ്രാങ്മുഖനായി ആസീനനായിട്ടുഭിന്നമായിരിക്കുന്ന ഫലകത്തിങ്കൽ നൂറെറട്ടു വരാടികളെ നിധാനം ചെയ്തിട്ട മന്ത്രവത്താകുംവണ്ണം പ്രോക്ഷിച്ചിട്ട അതുകളെ ഗന്ധപുഷ്പാക്ഷതങ്ങൾകൊണ്ടു അലംകരിച്ചിട്ട അതുകളിലും ചക്രത്തിങ്കൽ എന്നപൊലെ ശിവനെ ആവാഹിച്ച അൎച്ചിക്കെണം- പ്രാഗാദ്യാശകളിൽ സൂൎയ്യാദ്യഷ്ടാക്കിവിധ്വൂരഗങ്ങളെയും സംപൂജിച്ചിട്ട അതുകളെ സ്പൎശിച്ചിട്ട സ്പൎശിച്ചിട്ട നൂറെറട്ടു പഞ്ചാക്ഷരിയെയും ഗുരുമുഖത്തിങ്കൽനിന്നു ശ്രുതങ്ങളായി അന്യങ്ങളായിരിക്കുന്ന മന്ത്രങ്ങളെയും ജപിക്കെണം അനന്തരം ദേവനെയും നിജന്മാരായിരിക്കുന്ന ഗുരുക്കളെയും ഗ്രഹങ്ങളെയും എതന്നക്ഷത്രസംജ്ജാതനായി എതന്നാമാവായി പൃച്ഛനായിരിക്കുന്ന ഇവന്റെ ഭൂതമായിരിക്കുന്ന സമയത്തിങ്കലും വൎത്തമാനമായിരിക്കുന്ന സമയത്തിങ്കലും ഭവിഷ്യത്തായിരിക്കുന്ന സമയത്തിങ്കലും ഉള്ള ശുഭാശുഭങ്ങളും വിശെഷിച്ച ഇപ്പൊൾ ചിന്തിതമായിരിക്കുന്നതിന്റെ സംഭവാസംഭവാദിയും അന്യങ്ങളായിരിക്കുന്ന അൎത്ഥപുത്രഗ്രഹാദികളിലെ ശുഭാശുഭങ്ങൾ യാവചിലതുകളൊ അഖിലങ്ങളായിരിക്കുന്ന അതുകളും യുഷ്മൽ പ്രസാദം ഹെതുവായിട്ട എന്റെ ചിത്തത്തിങ്കൽ തത്വത്തെ ആശ്രയിച്ചിട്ട സ്പഷ്ടമാകുംവണ്ണം സ്ഫുരിക്കെണമെ എന്നിപ്രകാരം സംപ്രാൎത്ഥിക്കെണം-

സാരം——രാശിചക്രം വലത്തു പുറത്താസ്സുതമൊറുകണ്ണൊരെടത്ത ഒരു പലക മെൽ കിഴക്കുനൊക്കിയിരുന്ന വെറെ ഒരു പലകമെൽ ആക്കി നൂറെറട്ടു കവിടി മുമ്പിൽ വെച്ചു സമന്ത്ര പ്രൊക്ഷണം ചൈതു ഗന്ധപുഷ്പാക്ഷതങ്ങൾകൊണ്ടു കവിടിയെഅലംകരിച്ചു അരി മെൽ രാശിചക്രത്തിങ്കൽ എന്ന പൊലെ ശിവനെ ആവാഹിച്ചു പൂജിക്കെണം- അതിന്റെ കിഴക്കു മുതലായ എട്ടു ദിക്കുകളിൽ ആദിത്യനെയും ചൊവ്വയെയും. ബൃഹസ്പതിയെയും ബുധനെയും ശുക്രനെയും ശനിയെയും ചന്ദ്രനെയും രാഹുവിനെയും പൂജിച്ചിട്ടു ആ കവിടി പിന്നെയും. പിന്നെയും തൊട്ടു നൂറെറട്ടു പ്രാവിശ്യം പഞ്ചാക്ഷരമന്ത്രത്തെയും പിന്നെ അതുപൊലെഗുരുമുഖത്തിങ്കൽനിന്നു കെൾക്കപ്പെട്ടതുകളായ അന്യമന്ത്രങ്ങളെ യഥാകാമമായിട്ടു ജപിച്ചു അനന്തരം ശിവനാകുന്ന ദെവനെയും തന്റെ ഗുരുനാഥന്മാരെയും നവഗ്രഹങ്ങളെയും വഴിപൊലെ പ്രാൎത്ഥിക്കെണം-

ഇന്ന നക്ഷത്രത്തൊടു കൂടിയ സമയത്തിങ്കൽ ജനിച്ചവനായിയും ഇന്നപെരൊടു കൂടിയവനായിയും ഇരിക്കുന്ന ഒരുപുരുഷകന്നു കഴിഞ്ഞതുകളും ഇപ്പൊൾ ഉള്ളതുകളും. ഇനി ഭവിപ്പാൻ പൊകുന്നതു കളുമായ ഇഷ്ടകഷ്ട ഫലങ്ങളും. വിശെഷിച്ചു ഇപ്പൊൾ വിചാരിക്കപ്പെട്ടിരിക്കുന്നതിന്റെ സിദ്ധ്യസിദ്ധ്യാദികളും ഇവന്റെധനസന്താനാദികളിൽ ഉള്ളഗുണദൊഷങ്ങളുംനിങ്ങളുടെ പ്രസാദംഹെതുവായിട്ടു എന്റെമനസ്സിങ്കൽ യഥാൎത്ഥമായിസ്പഷ്ടമാകുംവണ്ണം പ്രകാശിക്കെണമെന്നിപ്രകാരമാകുന്നു പ്രാൎത്ഥിക്കെണ്ടതു- ഇങ്ങിനെ അഷ്ടമംഗലസംക്ഷെപം -

൨൭. തതഃകന്യാകുമാരൌവാസ്നാതൌവസ്ത്രാദ്യലംകൃതൌ । രാശി
ഗ്രഹസ്ഥിതിജ്ഞാനശൂന്യൌവ്യാകന്നാപരഃ ।।

൨൮. ഉപെത്യാരാധയെൽപുഷ്പൈൎദ്ദീപവിഷ്ണുഖഗെശപരാൻ ।
തൌദസ്യദക്ഷിണെഹസ്തെസപൎണ്ണംസാക്ഷതപുഷ്പകം ।।

൨൯. മത്വാദെതരഥഹൻസൊപികൃതഥാചക്രപ്രദക്ഷിണം ।
കൃതപാസമീപതസ്തിഷ്ഠെച്ചക്രസ്യപ്രാങ്മുഖസ്സുധീഃ ।।

അന്വയാൎത്ഥം—— അനന്തരം സ്നാനം ചൈതിട്ടു വസ്ത്രാദ്യലംകൃതയായിരിക്കുന്ന കന്യകയെ സ്നാനം ചൈതിട്ടുവസ്ത്രാദ്യലംകൃതനായിരിക്കുന്ന കുമാരനെ രാശിഗ്രഹസ്ഥിതി ജ്ഞാനശൂന്യനായി അപരനായിരിക്കുന്ന ഒരുത്തനെ ഉപയാനം ചൈതിട്ടു പുഷ്പങ്ങൾകൊണ്ടു ദീപവിഷ്ണുഖഗെശപരന്മാരെ ആരാധിക്കെണം അനന്തരം ഒരം ജനത്തിന്റെ ദക്ഷിണ മായിരിക്കുന്ന ഹ

സ്ഥത്തിങ്കൽ സാക്ഷതപുഷ്പകമായിരിക്കുന്ന സ്വൎണ്ണത്തെ ദാനം ചെയ്യെണം- ആജനവും ഇതിനെ വഹത്തായിട്ട ചക്രപ്രദക്ഷിണത്തെ ചെയ്തിട്ട ചക്രത്തിന്റെ സമീപത്തിങ്കൽ പ്രാങ്മുഖമായി സുധിയായിട്ട സ്ഥിതിചെയ്യെണം-

സാരം—— അനന്തരം കുളിച്ച വസ്ത്രാഭ്യലംകാരങ്ങളെ ധരിച്ചിരിക്കുന്ന കന്യകയൊ കുമാരനെ രാശികളെയും ഗ്രഹസ്ഥിതിയെയും അറിയാത്തവനായ അന്യനൊ ദൈവജ്ഞനിയൊഗം ഹെതുവായിട്ട രാശിചക്ര സമീപത്തെ പ്രാപിച്ചിട്ട വിളക്കിനും ഗണപതിക്കും ആദിത്യനും പൂജാരാധിച്ചു നിന്നാൽ ആ ജനത്തിന്റെ വലത്തെകയ്യിൽ പുഷ്പാക്ഷതങ്ങളൊട കൂടിയസ്വൎണ്ണത്തെ ദാനംചെയ്യണം- അനന്തരം ആ ജനം അതിനെ അതിനെ വഹിച്ചുംകൊണ്ട രാശിചക്രത്തെ പ്രദക്ഷിണം വെച്ചു അതിന്റെ പടിഞ്ഞാറുപുറത്ത അടുക്കെ കിഴക്കുനൊക്കി ഉച്ചിചാരത്തൊട കൂടാതെ നില്ക്കെണം-

൪൫. തതഃപ്രഷ്ടാനിജാഭീഷ്ടംധ്യായംസ്തിഷ്ഠതുസാഞ്ജലിഃ ।
ദൈവജ്ഞൊഥസ്മരൻപ്രഷ്ടരഭീഷ്ടംതാവരാടികാഃ ॥

൪൬. സസ്പൃശൻസസ്പൃശന്മന്ത്രംമൂൎത്തിതെപൂൎവ്വകംജപെൽ ।
ത്രിവാരംതജ്ജപസ്യാന്തെദ്രുതംബ്രൂയാന്ന്യസെദ്ദിതി ॥

൪൭. തദ്ദൈവവിന്ന്യസെദ്ദ്രുതസ്സ്വൎണ്ണംനിജകരസ്ഥിതം । ചക്രസ്ഥഭെഷുചൈകത്രദൈവജ്ഞസ്താവരാടികാഃ । വിഭജെത്ത്രിരുദക്പൂൎവ്വംനിമിത്താനിചചിന്തയെൽ ॥

൪൮. പ്രാക്പൃഷ്ടാസമയെയദ്യദ്ദൃഷ്ടംഭാശുഭമലീരിതം । തത്തൽ
സകലമത്രാവിചിന്ത്യംസ്പൎശരാദികം ॥

അന്വയാൎത്ഥം—— അനന്തരം പ്രഷ്ടാവ നിജാഭീഷ്ടത്തെ ധ്യായന്നായി സാഞ്ജലിയായിട്ട സ്ഥിതിചെയ്യെണം- അനന്തരം ദൈവജ്ഞൻ പ്രഷ്ടാവിന്റെ അഭീഷ്ടത്തെ സ്മരന്നായി ആ വരാടികകളെ സംസ്പൃശന്നായി സംസ്പൃശന്നായിട്ട മൂൎത്തിതെപൂൎവ്വകമായിരിക്കുന്ന മന്ത്രത്തെ മൂന്നുപ്രാവശ്യം ജപിക്കെണം- തജ്ജപത്തിന്റെ അന്തത്തിങ്കൽ ന്യസിച്ചാലുമെന്ന ദൂതനൊട പറയെണം- ദൂതൻ അപ്പൊൾതന്നെ നിജകര സ്ഥിതമായിരിക്കുന്ന സ്വൎണ്ണത്തെ ചക്രസ്ഥഭങ്ങളിൽ വെച്ച ഏകത്തിങ്കൽ വിന്ന്യസിക്കുകയും വെണം- ദൈവജ്ഞൻ ആ വരാടികകളെ ഉദക്പൂൎവ്വമാകുംവണ്ണം മൂന്നു പ്രാവിശ്യം ഗണ്യകളാക്കി വിഭജിക്കുകയും നിമിത്തങ്ങളെ ചിന്തിക്കുകയും വെണം- മുമ്പെ പൃഷ്ടാസമയത്തിങ്കൽ സ്പൎശരാദികമായിരിക്കുന്ന യാതൊന്നു യാതൊന്നശു

ട്ടാ ശുഭമായിട്ട ഉദീരിതമായിയൊ അതാതു സകലമായിട്ട ഇവി
ടെയും ചിന്ത്യമായി ഭവിക്കുന്നു.

സാരം——അനന്തരം പൃഛകൻ തന്റെ അഭീഷ്ടത്തെ ധ്യാ
നിച്ചിരിക്കുന്നവനായിട്ട തൊഴുതുനില്ക്കണം. ദൈവജ്ഞൻ പൃ
ഛകന്റെ ഇഷ്ടത്തെ സ്മരിച്ചിരിക്കുന്നവനായിട്ട ആ കവിടി
കളെ പിന്നയും പിന്നയും വഴിപോലെ സ്പൎശിച്ചുംകൊണ്ട മൂ
ൎത്തിതെപരികല്പിത ഇത്യാദിയായ ഹൊരയിലെ ആദ്യശ്ലോകമാ
കുന്ന മന്ത്രത്തെ മൂന്നുപ്രാവശ്യം ജപിക്കെണം. അതിന്റെ അ
സ്ഥാനത്തിങ്കൽ വെക്കാമെന്ന രാശിചക്രസമീപത്തിങ്കൽ പുഷ്പാ
ക്ഷതങ്ങളോട സഹിതമായ സ്വൎണ്ണത്തെ കയ്യിൽ ധരിച്ചുനില്ക്കു
ന്ന ദൂതനൊട പറയെണം. ദൂതൻ അപ്പൊൾ തന്നെ തന്റെ ക
യ്യിൽ ഉള്ള സ്വൎണ്ണത്തെ രാശിചക്രത്തിങ്കൽ ഉള്ള മെഷാദിരാശി
കളിൽവെച്ച സ്വെച്ഛയെ അനുസരിച്ച ഒരു രാശിയിൽ വെക്കെ
ണം. ദൈവജ്ഞൻ തന്റെ മുമ്പിലുള്ള ആ കവിടികളെ വടക്ക
ള്ളതു മുമ്പിലുണ്ടായതാല്പരമാറു മൂന്നു ഭാഗങ്ങളിൽ അംശിച്ച വെ
ക്കെണം. നിമിത്ത പരീക്ഷയെ ചെയ്കയും വെണം. മുമ്പെ
പ്രശ്നകാലത്തിങ്കൽ അംഗസ്പൎശം മുതലായി എതെല്ലാം ശുഭമായി
ട്ടും അശുഭമായിട്ടും പറകപ്പെട്ടുവൊ അതൊക്കയും ഇവിടെവി
ചാരിക്കപ്പെടുവാൻ യൊഗ്യമാകുന്നു.

൫൯. അഥദൂതഃപൃഛായാമാനംകുൎയ്യാൽസമക്ഷിതൌ । യസ്മി
ൻരാശൌസ്ഥിരംസ്വൎണ്ണംസസ്യാദാരൂഢസംജ്ഞകഃ ॥

അന്വയാൎത്ഥം—— അനന്തരം ദൂതൻ സമക്ഷിതിയിങ്കൽ പ
ൃഛായാമാനത്തെ ചെയ്യെണം. സ്വൎണ്ണം യാതൊരുരാശിയിങ്കൽ
സ്ഥിതമായിയൊ അത ആരൂഢസംജ്ഞകമായി ഭവിക്കും.

സാഃ—— അനന്തരം ദൂതൻ സമഭൂമിയിൽ ചെന്നു നിന്നത
ന്റെ ഛായയെ അടികൊണ്ട അളന്ന ഇത്രഅടി ഉണ്ട എ
ന്ന അറിയെണം. ശെഷിച്ചുവരികിൽ അംഗുലംകൊണ്ടളന്ന അ
തിന്റെ സംഖ്യയെയും അറിയെണം. ഛായാപ്രമാണത്തെ യ
ഥാവസരമായി ദൈവജ്ഞനെ ഗ്രഹിപ്പിക്കുകയും വെണം. യാ
തൊരുരാശിയിൽ സ്വൎണ്ണം വെക്കപ്പെട്ടുവൊ ആ രാശി ആ
രൂഢമെന്ന പെരൊടുകൂടിയതാകുന്നു. ഇങ്ങിനെ ആരൂഢത്തെ
യും സ്വൎണ്ണസ്ഥിതിയുടെ സ്ഥലഭെദംകൊണ്ട ആരൂഢ നവാം
ശകം ഇന്നതെന്നും ഗ്രഹിക്കെണം.

൬൦. ജ്ഞാത്വാദൈവവിദാരൂഢംസ്വൎണ്ണസ്യൊത്ഥാനതാദി
ച । പൃഛകായഫലംകിഞ്ചിൽപ്രൊച്യപൂജാംസമൎപ്പയ്യൽ ॥

൫൧. വരാടീരഷ്ടശസ്ത്യക്ത്വാസ്ഥാനത്രിതയതഃപൃഥക്। ശിഷ്ടസംഖ്യാമപിജ്ഞാത്വാതാരക്ഷണീയാവരാടികാഃ ॥

അന്വയാൎത്ഥം—— ദൈവവിത്തിനാൽ ആരൂഢത്തെയും സ്വൎണ്ണത്തിന്റെ ഉത്ഥാനതാമിയെയും അറിഞ്ഞിട്ട പൃച്ഛകനായി കൊണ്ടു ഫലത്തെ അല്പമാകുംവണ്ണം പ്രവചിക്കുകയും പൂജയെ സമൎപ്പിക്കുകയും ചെയ്കിട്ട സ്ഥാനത്രിതയത്തിങ്കൽ നിന്ന വെവ്വെറെ വരാടികളെ എട്ടെട്ടാക്കി ത്യജിച്ചിട്ട ശിഷ്ടസംഖ്യയെയും അറിഞ്ഞിട്ട വരാടികകൾ രക്ഷണീയകളായി ഭവിക്കുന്നു.

സാരം—— ദൈവജ്ഞൻ ആരൂഢരാശിയെയും സ്വൎണ്ണത്തിന്റെ മലച്ചു തുടങ്ങി ഉള്ളതിനെയും അറിഞ്ഞിട്ട പൃച്ഛകനൊടു ഫലത്തെ അല്പമാകുംവണ്ണം പറഞ്ഞിട്ട പിന്നെയും പൂജ സമൎപ്പിച്ചു വടക്കും തെക്കും നടുവിലുമായി മൂന്നുസ്ഥാനങ്ങളിൽ അംശിച്ചു വെച്ചിരിക്കും കവിടികളെ വെവ്വെറെ എട്ടിൽ ഹരിച്ചു ശെഷിച്ച കവിടികളുടെ സംഖ്യയെ അറിഞ്ഞിട്ട ആ കവിടികളെ രക്ഷിച്ചു കൊള്ളെണം.

൫൨. ആരൂഢംസ്വൎണ്ണസംസ്ഥാനംഛായാമപ്യഷ്ടമംഗലം। വിലിഖെന്മാസയുതാഹപ്രഷ്ടതാരാപരസ്പരം ॥

അന്വയാൎത്ഥം—— ആരൂഢത്തെയുംസ്വൎണ്ണസംസ്ഥാനത്തെയുംഛായയെയുംഅഷ്ടമംഗലത്തെയുംമാസയുതാഹപ്രഷ്ടതാരാപരസ്പരമാകുംവണ്ണം വിലെഖനം ചെയ്യെണം.

സാരം—— മാസം തിയ്യതി പൃച്ഛകനക്ഷത്രം ഇതുകൾ മുമ്പിലാസ്സുമാറ ആരൂഢത്തെയും അതിന്റെ നവാംശകത്തെയുംസ്വൎണ്ണസ്ഥിതിയെയും ഛായാപ്രമാണത്തെയും അഷ്ടമംഗലസംഖ്യയെയും എഴുതെണം.

൫൩. യദത്രകഥിതംകൎമ്മചക്രലെഖനപൂൎവ്വകം। സംക്ഷെപെണൈതദെവാഥപുനരപ്യുച്യതെക്രമാൽ ॥

അന്വയാൎത്ഥം —— ഇവിടെ ചക്രലെഖനപൂൎവ്വകമായിരിക്കുന്ന യാതൊരു കൎമ്മം കഥിതമായിഭവിക്കുന്നുവൊ ഇതുതന്നെ അനന്തരം സംക്ഷെപെണ പിന്നെയും ക്രമത്തെ അവലംബിച്ചിട്ടുവചിക്കപ്പെടുന്നു.

സാരം—— ഈ അദ്ധ്യായത്തിങ്കൽ രാശി ചക്രത്തിന്റെ എഴുത്തുമുതലായി യാതൊരു കൎമ്മം പറകപ്പെട്ടുവൊ അതു തന്നെ ഇനിയും ചുരുക്കി ക്രമെണ പറകപ്പെടുവാൻ പൊകുന്നു.

൫൪. വിലിഖ്യചക്രംപ്രവികീൎയ്യചാക്ഷതംസംപൂജ്യഭക്ത്യാഥ കൃതെഷ്ടമംഗലെ। ആരൂഢരാശിംകനകെനസംസ്പൃശെത്പ്ര

ഷ്ടാവരാടീർവ്വിഭജേച്ചദൈവവിൽ ॥ ഇതി ॥

അന്വയാൎത്ഥം— ചക്രത്തെ വിലെഖനം ചെയ്തിട്ട അക്ഷതത്തെ പ്രവികിരണം ചെയ്തിട്ട ഭക്തിയൊടുകൂടെ സംപൂജിച്ചിട്ട അനന്തരം അഷ്ടമംഗലം കൃതമായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവ രാശിയെ ആരാധിച്ചിട്ട കനകംകൊണ്ട സ്പൎശിക്കെണം. ദൈവവിത്ത വരാടികളെ വിഭജിക്കുകയും വെണം.

സാരം— രാശിചക്രത്തെ എഴുതി അതിൽ അക്ഷതത്തെ വിതറി ഭക്തിയൊടുകൂടെ വെണ്ടുംവണ്ണം പൂജിച്ചിട്ട അനന്തരം അഷ്ടമംഗലകൎമ്മം അവസാനിച്ചിരിക്കും സമയത്തിങ്കൽ പൃച്ഛകൻ രാശിയെ ആരാധിച്ചിട്ട കനകത്തെ അതിൽ വെക്കെണം. ജ്യൌതിഷികൻ കവിടികളെ അംശിക്കുകയും വെണം. ഇതി ശബ്ദം സമാപ്തിബൊധകമാകുന്നു.

൫൫. രക്താനികുസുമാന്യത്രഗ്രാഹ്യന്തെകെശ്ചനാപരൈഃ ।
ശുക്ലംതുദൃശ്യതെപ്രായെണാത്രതുംബാഭിധാത്ഭവം ॥

അന്വയാൎത്ഥം— ഇവിടെ രക്തങ്ങളായിരിക്കുന്ന കുസുമങ്ങൾ അപരന്മാരായിരിക്കുന്ന ചിലരാൽ ഗ്രഹിക്കപ്പെടുന്നു. ഇന്നു പ്രായെണ ശുക്ലമായിരിക്കുന്ന തുംബാഭിധാത്ഭവം തന്നെ ദൎശിക്കപ്പെടുന്നു.

സാരം— ചില ദൈവജ്ഞന്മാർ രാശിയിൽ സ്വൎണ്ണത്തെ വെക്കുവാൻ ചുവന്ന പുഷ്പങ്ങൾ ആമെന്നു പറയുന്നു. ഇപ്പൊൾ പ്രായെണ ഉപയൊഗിപ്പിച്ചു വരുന്നതു ചുവന്ന പുഷ്പങ്ങളെ അല്ല. വെളുത്ത പുഷ്പങ്ങളെയാകുന്നു. അതുകൾക്കും നിയമമുണ്ട. തുമ്പപൂവിനെ ഒഴിച്ചുവെറെ ഒന്നിനെയും സ്വീകരിക്കുമാറില്ല. ഇങ്ങിനെ ആചാരമാകയാൽ അതിനെ അനുസരിച്ചു കൊള്ളുന്നതു തന്നെ ഉചിതമാകുന്നത.

## ഇതി ചതുൎത്ഥാദ്ധ്യായഃ

## അഥ പഞ്ചമാദ്ധ്യായപ്രാരംഭഃ

(൧) അഥലഗ്നാനയനാദികമുച്യതെ ॥

അന്വയാൎത്ഥം— അനന്തരം ലഗ്നാനയനാദികം വചിക്ക

പ്പെടുന്നു.

സാരം—— ഇനിലഗ്നം വരുത്തുക മുതലായതിന്റെ സംപ്രദായത്തെ പറയുന്നു.

൫- പ്രശ്നകാലവിലഗ്നസ്യസ്ഫുടാവഗമനെസതി । ഫലാദെശസ്യസാഫല്യം തഥാശാസ്ത്രാന്തരൊദിതം ॥

അന്വയാൎത്ഥം —— പ്രശ്നകാല വിലഗ്നത്തിന്റെ സ്ഫുടാവഗമനം സത്തായിരിക്കും വിഷയത്തിങ്കൽ ഫലാദെശത്തിന്റെ സാഫല്യം ഭവിക്കുന്നു അപ്രകാരം ശാസ്ത്രാന്തരൊദിതവും ഭവിക്കുന്നു-

സാരം——പ്രശ്നകാലത്തിങ്കൽ യാതൊരുരാശി ഉദിക്കുന്നുവൊ അതിന്റെ വ്യക്തമായ അറിവുള്ളപ്പൊൾ ഫലത്തെപറഞ്ഞാൽ അത സത്യമായിരിക്കും- അതുകൊണ്ട ഉദയലഗ്നത്തെ നല്ലവണ്ണം അറിയണം- ഇപ്പറഞ്ഞതിന്നു സഹായമായിട്ട അന്യശാസ്ത്രത്തിങ്കൽ ഒരു വചനമുണ്ട- ഇനിമെൽപറഞ്ഞ വചനത്തെ തന്നെ എഴുതുന്നു-

൬. തന്ത്രെസുപരിജ്ഞാതെലഗ്നെഛായാംബുയന്ത്രസംവിദിതെ । ഹൊരാൎത്ഥെചസുരൂഢെനാദെഷ്ടുൎഭാരതീവന്ധ്യാ ॥ ഇതി ॥

അന്വയാൎത്ഥം—— തന്ത്രംസുപരിജ്ഞാതമായിട്ടും ലഗ്നംഛായാംബുയന്ത്രസംവിദിതമായിട്ടും ഹൊരാൎത്ഥം സുരൂഢമായിട്ടുമിരിക്കും വിഷയത്തിങ്കൽ ആ ദെഷ്ടാവിന്റെ ഭാരതീവന്ധ്യയായി ഭവിക്കുന്നില്ല-

സാരം—— പ്രശ്നശാസ്ത്രം വഴിപൊലെ ഗ്രഹിക്കപ്പെട്ടതായിട്ടും നിഴൽകൊണ്ടൊ നാഴികവട്ടകൊണ്ടൊ ഉദയ ലഗ്നം നല്ലവണ്ണം അറികപ്പെട്ടതായിട്ടും ഹൊരയുടെ അൎത്ഥം നല്ലവണ്ണം ഹൃദയത്തിങ്കൽ ദൃഢമായിട്ട മിരിക്കും സമയത്തിങ്കൽ ഫലത്തെ പറയുന്ന ദൈവജ്ഞന്റെ വാക്ക മിഥ്യയായി ഭവിക്കില്ല- ഇതി ശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

(൭) തത്രപ്രഥമംദിനഗതനാഡികാനീതിരുച്യതെ ॥

അന്വയാൎത്ഥം—— അവിടെ മുമ്പിൽ ദിനഗതനാഡികാനീതി വചിക്കപ്പെടുന്നു-

സാരം—— അവിടെ മുമ്പിൽ ഉദിച്ചതിന്റെ ശെഷം പ്രശ്നസമയങ്കലെക്കുചെന്ന നാഴിക ഇത്രഎന്നറിവാനുള്ള ക്രിയയെ പറയുന്നു.

൮. ഛായാംതൽകാലജാംന്യസ്യത്യക്തപാദാഖ്യംതദ്ഭൂപഗം । തദ്ദ്വിഷ്ടമംഗുലീകൃത്യഷഷ്ട്യാഹതപാവിഭാജയെൽ ॥

൪. തൽക്കാലാംശ്ലിപ്രഭാപാശ്ചവാക്യയുഗ്മാന്തരാംശ്ശൈലേഃ ।
ലബ്ധാവിനാഡികാസ്ത്യക്തവാക്യനാഡ്യാഃ പരിത്യജേൽ ॥
൫. ലബ്ധനൈതഹനസ്ഥരായാതാനാഡികാശ്ചവിനാഡികാഃ । ത
തസ്തൽകാലസൂൎയ്യസ്യഗമ്യലിപ്താംശകാൻഹരേൽ ॥
൬. അക്ഷയുക്തക്ഷ്മഹാരേണലബ്ധ്യതൈക്കോദയാൽപരം । നാ
ഡ്യാദികംഹിതദ്രാശേരെതദ്വിനഗതാത്ത്യജേൽ ॥
൭. ഉദ്ധ്വരാശിപ്രമാണാനിത്യാജ്യാന്യപിതരസ്യജേൽ ।
ശേഷംതദ്രാശിഹാരഘ്നംലഗ്നംസ്യാൽഗതരാശിയുക് ।

അന്വയാൎത്ഥം—— തൽക്കാലജയായിരിക്കുന്ന ഛായയെന്യ
സിച്ചിട്ട തല്ലബ്ധ്വഗമായിരിക്കുന്ന വാക്യത്തെത്യജിച്ചിട്ട തച്ശേ
ഷത്തെ അംശ്ശലിപ്തീകരിച്ചിട്ട ഷഷ്ടികൊണ്ടു ഹനിച്ചിട്ട തൽക്കാലാം
ശ്ലിപ്രഭാപാശ്ചവാക്യയുഗ്മാന്തരാംശ്ശലങ്ങൾകൊണ്ടുവിഭജിക്ക
ണം. ലബ്ധങ്ങളായിരിക്കുന്ന വിനാഡികളെ ത്യക്തവാക്യനാഡി
യിൽനിന്നു പരിത്യജിക്കേണം. അപ്പോൾ അഹസ്സിന്റെയാ
തങ്ങളായിരിക്കുന്ന നാഡികളും വിനാഡികകളും ലഭിക്കപ്പെടു
ന്നു. അനന്തരം തൽക്കാലസൂൎയ്യന്റെ ഗമ്യലിപ്താംശ കങ്ങളെ
അക്ഷയുക്തക്ഷ്മഹാരംകൊണ്ടു ഹരിക്കേണം. അപ്പോൾ അക്കോദ
യത്തിങ്കൽനിന്നു പരമായ തദ്രാശിയുടെ നാഡ്യാദികം ലഭിക്ക
പ്പെടുന്നു. ഇതിനെ ദിനഗതത്തിങ്കൽനിന്നു ത്യജിക്കേണം. ത്യാ
ജ്യങ്ങളായിരിക്കുന്ന ഉദ്ധ്വരാശിപ്രമാണങ്ങളെയും അതിൽനി
ന്നു ത്യജിക്കേണം. ശേഷംതദ്രാശിഹാരഘ്നമായി ഗതരാശിയുക്താ
യിട്ടു ലഗ്നമായിഭവിക്കും.

സാരം—— പ്രശ്നംവെച്ച നെരത്തുള്ള ഛായ അതാതു മാസ
ങ്ങളിൽ ഉള്ള അടിവാക്യങ്ങൾക്കൊണ്ടു അതാതു നാഴികകൾക്ക പ
റകപ്പെട്ടതുകളിൽ ഒന്നിനൊടു സാമ്യമുള്ളതായിവന്നാൽ ഇത്ര
നാഴിക പുലൎന്നു എന്ന ആ മാസത്തിലെ അടിവാക്യംകൊണ്ടുനി
ശ്ചയിക്കാം. അതാതുനാഴികകൾക്ക പറഞ്ഞതിനെക്കാൾ ഏറി
ട്ടും കുറഞ്ഞിട്ടും വരുമ്പോൾ അടിവാക്യംകൊണ്ടു നിശ്ചയിച്ചുകൂട.
എല്ലാമാസങ്ങളിലുംഒന്ന രണ്ടു ഇങ്ങിനെ തുടങ്ങിയുള്ള നാഴികക
ളെ അറിവാനായികൊണ്ടുള്ള വഴിമാത്രമെ അടിവാക്യങ്ങളിൽവെ
ച്ചിട്ടുള്ളു. പ്രശ്നം വെക്കുന്നത അതാതുനാഴികക്കുതന്നെ എന്നുള്ള
നിയമംഇല്ല. ഒന്നെകാൽനാഴിക ഒന്നരനാഴിക ഒന്നെമുക്കാൽ
നാഴിക രണ്ടെഅരക്കാൽ നാഴിക ഇങ്ങിനെ തുടങ്ങി പലകാല
ങ്ങളിലും സംഭവിക്കാം. ഇങ്ങിനെ ഉള്ള കാലത്തിന്റെ നിൎണ്ണയ
ത്തെ താഴെ പറയും പ്രകാരം വരുത്തിക്കൊൾക.

തൽക്കാലഛായയുടെ അടിയും അംഗുലവും വെച്ചു അതിനെ അപെക്ഷിച്ചു അപ്പുറമുള്ള അടിവാക്യത്തെ അതിൽനിന്നു കളഞ്ഞ ശിഷ്ടത്തെ വിരലാക്കി അറുപതുകൊണ്ടു ഗുണിച്ചു തൽക്കാലഛായയുടെ പൂൎവ്വാപരഭാഗങ്ങളിൽ ഉള്ള വാക്യങ്ങളിൽ കുറഞ്ഞതിനെ ഏറിയതിൽനിന്നു കളഞ്ഞ ശിഷ്ടത്തെ വിരലാക്കി അതുകൊണ്ടു ഹരിക്കെണം. എന്നാൽ കിട്ടുന്നതു വിനാഴികയാകുന്നു. അതിനെ മൻതൽക്കാലഛായയിൽ നിന്നു കളകപ്പെട്ടവാക്യത്തിന്റെ നാഴികയിൽ നിന്നു കളയെണം. എന്നാൽ ശെഷിക്കുന്നത പകലിന്റെ കഴിഞ്ഞനാഴികയും വിനാഴികയുമായി വരുമെന്നറിക. ഇവിടെ സ്പഷ്ടബൊധത്തിന്നായിക്കൊണ്ടു ഒരു ഉദാഹരണത്തെ പറയാം.

മെടമാസത്തിൽപ്രശ്നം. പ്രശ്നകാലഛായാ പ്രമാണം അടി ൧൩. ഇങ്ങിനെ വരുമ്പൊൾ തൽക്കാലഛായയുടെ അടിയുടെ സംഖ്യവെച്ചു പതിമൂന്നടിയും കഴിഞ്ഞു പിന്നെ ഉപയൊഗമുള്ളതായ രാകാ എന്ന വാക്യത്തിന്റെ സംഖ്യയായപന്ത്രണ്ടിനെ അതിൽനിന്നു കളഞ്ഞാൽ ഒന്നുശെഷിക്കും അത അടിയാകുന്നു. അതിനെ എട്ടുകൊണ്ടു ഗുണിച്ചാൽ വിരലാകയും ചെയ്യും. ഇങ്ങിനെ വിരലാക്കി വിരൽ സംഖ്യയെഅറുപതുകൊണ്ടു ഗുണിച്ചാൽ വരുന്നസംഖ്യാ നാനൂറ്റെണ്പത. ഇങ്ങിനെ പതിമൂന്നടിയുടെ പൂൎവ്വാപരവാക്യങ്ങൾ അന്തരിച്ചാൽ ശെഷിക്കുന്ന വിരൽകൊണ്ടു ഹരിക്കെണം. പൂൎവ്വവാക്യം ശുകഎന്നാകുന്നു അപരവാക്യം രാകാ എന്നാകുന്നു. ശുകഎന്നസംഖ്യാ പതിനഞ്ച. അതിൽനിന്ന രാകാഎന്നപന്ത്രണ്ടിനെക്കളഞ്ഞാൽ മൂന്നു ശെഷിക്കും. അതിനെവിരലാക്കിയാൽ വരുന്നസംഖ്യാ ഇരുപത്തുനാല. ഇതുകൊണ്ടുനാനൂറ്റെണ്പതിനെഹരിച്ചാൽ കിട്ടുന്നതു ൨൦ ഇരുപതുവിനാഴികയെ രാകാ എന്നവാക്യത്തിന്റെ നാഴികയുടെ സംഖ്യയായ നാലിൽനിന്നുവാങ്ങിയാൽ ശെഷിക്കുന്നസംഖ്യ മകളിൽ ത്രയത്താൽ മൂന്നുനാഴികയും മറ്റെതു വിനാഴികയുമാകുന്നു. ഇപ്രകാരമാകയാൽ മെടമാസത്തിൽ ഉച്ചക്കുമുമ്പെ പതിമൂന്നടിനിഴലായാൽ നാലുനാഴികയും നാല്പത വിനാഴികയും പുലൎന്നുഎന്നു ഗ്രഹിക്കെണം ഇങ്ങിനെ എല്ലാഛായകൾകൊണ്ടും ദിനഗതത്തെ ഉപയൊഗത്തിന്നു തക്കവണ്ണം വരുത്തിക്കൊൾക.

ഇനി ഉദയലഗ്നാനയനത്തെ പറയുന്നു. തൽക്കാലാദിത്യസ്ഫുടത്തെ വെച്ചു അതിന്റെ രാശി എടുത്ത ശിഷ്ടത്തെ ഒരു രാശിയിൽനിന്നു വാങ്ങിയാൽ ഗമ്യലിപ്താംശകങ്ങൾ ശെഷിക്കും അതി

നെ ആദിത്യനോടുകൂടിയതായ രാശി ഏതാകുന്നുവൊ അതിന്റെ ഹാരകംകൊണ്ടു ഹരിച്ചാൽ കിട്ടുന്നനാഴികയും വിനാഴികയും ആ രാശിയുടെ ഉദയാൽപരമാകുന്നു- അതിനെ ദിനഗതത്തിങ്കൽ കളഞ്ഞ ശെഷിച്ചതിൽനിന്നു പിന്നെ അതിന്റെ മുകളിലുള്ള എത്രരാശിപ്രമാണങ്ങൾ പൊകുമൊ അതുകളെ കളഞ്ഞ ശെഷത്തെ ആ രാശിയുടെ ഹാരകംകൊണ്ടു ഗുണിച്ചപൊയ രാശികളെ മെഷാദിയായി അതിന്റെ രാശി സ്ഥാനത്തിങ്കൽ യൊജിപ്പിച്ചാൽ അത ഉദയലഗ്നസ്ഫുടമായി ഭവിക്കും-

൭. കന്ദ്രനിഘ്നപ്പ്രഫല്ഗുണേ പ്രഷ്ടതാരാനചെൽഭവെൽ। ക്ഷിപ്യാകാശ്ചിൽകലാസ്ത്യക്താവാനെയംപ്രഷ്ടജന്മഭം ॥

൮. ഊൎദ്ധ്വാസന്നെ ക്ഷിപെത്ത്യാജ്യാൎദ്ധസ്ഥെപ്യൎക്കൊധ്യനി। സപൂൎണ്ണംദശദശൈകൈകനക്ഷത്രസ്യഫലിപ്തികാഃ ॥

അന്വയാൎത്ഥം— ലഗ്നം വെറെ കന്ദ്രനിഘ്നമായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടതാരാഭവിക്കില്ല എങ്കിൽ ചിലകലകളെ ക്ഷെപിച്ചിട്ടൊ ത്യജിച്ചിട്ടൊ പ്രഷ്ടജന്മഭം ആനെയമായി ഭവിക്കുന്നു- വൃക്ഷതൊധ്യ ഊൎദ്ധ്വാസന്നമായിരിക്കും വിഷയത്തിങ്കൽ കലകളെക്ഷെപിക്കെണം- അധസ്ഥമായിരിക്കും വിഷയത്തിങ്കൽ കലകൾ ത്യാജ്യങ്ങളായിഭവിക്കുന്നു- ഇതിങ്കൽ എകൈകനക്ഷത്രത്തിന്ന പത്തുപത്തുകലകൾ സപൂൎണ്ണമായി ഭവിക്കുന്നു-

സാരം— ഉദയലഗ്നസ്ഫുടത്തെ വെറെവെച്ച എണ്ണൂറാതൊന്നു കൊണ്ടുഗുണിച്ചിട്ട കാണുംപൊൾ വൃക്ഷകന്റെനാൾത്രികൊണം വന്നില്ലഎങ്കിൽ കുറച്ചുഇലികൂട്ടിട്ടൊകളഞ്ഞിട്ടൊ വരുത്തികൊൾക എന്നാൽ ലഗ്നസ്ഫുടം സൂക്ഷ്മമാകയുംചെയ്യും- അശ്വതി, മകം, മൂലം, ഭരണി, പൂരം, പൂരാടം ഇത്യാദികൾനാൾത്രികൊണങ്ങളാന്നു- അതുകളിൽവെച്ച വൃക്ഷകനക്ഷത്രത്തിന്റെതുയാതൊന്നൊ അതിനെ ഗ്രഹിച്ചുകൊൾക- അതിൽപിറന്നനാൾതന്നെ വന്നെങ്കിലെ സൂക്ഷ്മമാവൂ എന്നില്ല മറ്റെതുകളിൽ ഒന്നുവന്നാലും മതി- മൂന്നിൽ ഒന്നും വന്നില്ലെങ്കിൽ വന്നനക്ഷത്രത്തൊട അതുകളിലെതെങ്കിലും ഒന്ന അടുത്തിട്ടുണ്ടൊ എന്നു പരീക്ഷിച്ചു കൊൾക- എന്നാൽ ഒന്ന അടുത്തതായിക്കാണാം-അതുമുകളിലാകുന്നു എങ്കിൽ ലഗ്നസ്ഫുടത്തിൽ ഇലികൾ ചെൎക്കെണം താഴെ ആകുന്നു എങ്കിൽ കളയെണം-ഒരെനക്ഷത്രത്തിന്ന പതിപ്പത്തഇലികൾ കൂട്ടുകയൊകുറക്കുകയൊ ചെയ്തുകൊൾക- ഇങ്ങിനെ ഉള്ളേ ലിപ്തികാ സംസ്കാരം സൂക്ഷ്മമായാൽ അനന്തരം എണ്ണൂറ്റതൊന്നുകൊണ്ടു ഗുണിച്ചു കയററി രാശിയിൽ പന്ത്രണ്ടുതികഞ്ഞു ക

ണ്ടാൽ അതുകളുടെ ശേഷത്തെ ചന്ദ്രസ്ഫുടപ്രകാരം കാണുമെമ്പോൾ വൃഷഭകന്റെ നാൾ മൂന്നിക്കോണത്തിലെതെങ്കിലും ഒരു നക്ഷത്രത്തിന്മെലായി കാണാം- അപ്രകാരം കണ്ടാൽ ഉഗ്രസ്ഫുടം സൂക്ഷ്മമായി എന്നു നിശ്ചയിച്ചു കൊൾക-

(വാ) ഷഡ്വർഗ്ഗാനയനവിഷയം ॥

അന്വയാർത്ഥം—— ഇതു ഷഡ്വർഗ്ഗാനയന വിഷയമായി ഭവിക്കുന്നു-

സാരം—— സ്പഷ്ടമാകയാൽ അതിനെക്കുറിച്ചു പറയുന്നില്ല- ഇനി ദൃക്‌ചന്ദ്രസ്ഫുടാനയനത്തെ പറയുന്നു.

൧൦. ചന്ദ്രെപരഹിതാനീതെവീരലിപ്താസമന്വിതെ । കാലഭൂമതിശോഭാംഗായെതികന്യാദ്യഷ്ടാക്കതഃ ॥

൧൧. പ്രാരഭ്യൈന്ന്ംധനംവീണാചാപാക്ക്താദ്ദൃഗ്ഗതിധ്രുവെൽ। കൊലംബൈമുരഹാസംഖ്യൈ ചന്ദ്രെവീരയുതിർമ്മതാ ॥

൧൨. സുംഭ്രാബ്ധ്യൈഷ്ടാഫയാതെഷ്ടുസംയൊജ്യൈകൈകലിപ്തികാ സംക്ഷെപെണൈതിദൃക്‌ചന്ദ്രാനയനക്രമംരംരിതഃ॥

അന്വയാർത്ഥം—— പരഹിതാനീതനായി വീരലിപ്താസമന്വിതനായിരിക്കുന്ന ചന്ദ്രങ്കൽ കാലഭൂമതിശോഭാംഗായ എന്നിപ്രകാരമുള്ള ഇതിനെ കന്യാദ്യഷ്ടാക്കങ്കൽനിന്നു തുടങ്ങീട്ട ഋണമാക്കിയും വീണാചാപാക്കങ്കൽനിന്നു തുടങ്ങി ധനമാക്കിയും ചെയ്യേണം, ഇപ്രകാരമായാൽ ദൃഗ്ഗതിധ്രുവ ഭവിക്കും- കൊലംബൈം മുരഹാസംഖ്യമായിരിക്കും വിഷയത്തിങ്കൽ ചന്ദ്രങ്കൽ വീരയുതിമതയായി ഭവിക്കുന്നു- അനന്തരം സുംഭ്രാബ്ധ്യങ്ങൾ യാതങ്ങളായിരിക്കും വിഷയത്തിങ്കൽ ഏകൈകലിപ്തികാ സംയൊജ്യയായി ഭവിക്കുന്നു- ഇപ്രകാരം ദൃക്‌ചന്ദ്രാനയനക്രമം സംക്ഷെപെണ ഈരിതമായി-

സാരം—— പരഹിത ശാസ്ത്രപ്രകാരം ഗണിച്ചുണ്ടാക്കപ്പെട്ട ചന്ദ്രസ്ഫുടത്തിൽ ഇരുപത്തുനാലിലികൂട്ടി കന്നി, തുലാം, വൃശ്ചികം ഈ മൂന്നു മാസങ്ങളിൽ ഒന്നു, മൂന്നു, ൪, ൫, ൬, ൫, ൪, ൩, ൨ ഈ സംഖ്യകളെ അതിൽനിന്നുകളയെണം- കന്നിമാസം പത്താം തിയ്യതി വരെ ഒന്ന- ഇരുപതാംതിയ്യതി വരെ മൂന്ന- പിന്നെ സംക്രാന്തിവരെ നാല- ഇങ്ങിനെ ക്രമെണ മെൽ പറഞ്ഞ സംഖ്യകളെ കളഞ്ഞു കൊൾക- മീനം മെടം ഇടവം ഈ മാസങ്ങളിലും മെൽ പ്രകാരം തന്നെ മിഥുനം കക്കടകം ചിങ്ങം ധനു മകരം കുംഭം ഈ മാസങ്ങളിൽ മെൽ പറഞ്ഞ സംഖ്യകളെ മെൽപ്രകാരം കൂട്ടിക്കൊൾക- എന്നാൽ പരഹിതചന്ദ്രൻ ദൃക്‌ചന്ദ്രനാ

യി ഭവിക്കും

ഇവിടെ ഒരുവിശേഷമുണ്ടു അതിനെ പറയാം- ഇരുപത്തനാലിലി കൂട്ടുക എന്ന എണ്ണൂററിരുപത്തഞ്ചാമതിലെ ക്രിയയാകുന്നു- അതിൻെറ ശേഷം നാല്പെത്തെഴിതെ സംവത്സരം കഴിയും തൊറും ഒരെ ഇലി അധികമായി കൂട്ടെണം- ഇതുതന്നെവിശേഷമുള്ളത ഇങ്ങിനെ ദൃൿചന്ദ്രനെ വരുത്തുവാൻ ഉക്തക്രിയ ചുരുക്കിപ്പറകപ്പെട്ടു-

(വാ) ഏതൽദൃൿചന്ദ്രാനയനം കർണ്ണാഭരണെസ്പഷ്ടമുക്തം തദപിലിഖ്യതെ ||

അന്വയാൎത്ഥം —— ഏതം ദൃൿചന്ദ്രാനയനം കർണ്ണാഭരണത്തിങ്കൽ സ്പഷ്ടമാകുംവണ്ണം ഉക്തമായി ഭവിക്കുന്നു- അതും ലെഖനം ചെയ്യപ്പെടുന്നു.

സാരം —— സ്പഷ്ടമാകുന്നു.

൧൨- കൊലംബൊസുകലാന്തരൈരയനയുക്തൽകാലസൂൎയ്യോൽഭവൈൎന്നൌമ്യഷ്ലപ്രിയഭാജിതൈരഹിതയുഗ്ഭാസ്പൽഭുജാകൊടിതഃ| സംയുക്തശ്ശിവകൈനവാക്യഭിദയാനിഘ്നോധനേശൈൎഹ്യതൊലിപ്തായാംഖലുയൊജിതഃ പരഹിതസ്ഫുടാപസ്ഫുടൿചന്ദ്രമാഃ||

ഇതി-

അന്വയാൎത്ഥം___ അയനയുക്തൽകാലസൂൎയ്യോൽഭവങ്ങളായി സൌമ്യഷ്ലപ്രിയഭാജിതങ്ങളായിരിക്കുന്ന അസുകലാന്തരങ്ങളൊടു ഭാസ്പൽഭുജാകൊടികളെ അനുസരിച്ചിട്ടു രഹിതയുക്തായി ശിവകത്തൊടുസംയുക്തമായി വാക്യഭിദകൊണ്ടു നിഘ്നമായി ധനേശസംഖ്യകൾകൊണ്ടു ഹൃതമായിരിക്കുന്ന കൊലംബം പരഹിതസ്ഫുടിൻെറ ലിപ്തയിങ്കൽതന്നെ യൊജിതമാക്കി കൎത്തവ്യമായി ഭവിക്കുന്നു ഇപ്രകാരമായാൽ അതുദൃൿചന്ദ്രമസ്സായി ഭവിക്കുന്നു.

സാരം—— തൽക്കാലാദിത്യസ്ഫുടത്തെ വെച്ചതിൽ അയനം കൂട്ടി അതിൽനിന്ന പ്രാണകലാന്തരംകൊണ്ടു അതിനെ പതിനെഴകൊണ്ടു ഗുണിച്ച പന്ത്രണ്ടുകൊണ്ടുഹരിച്ചാൽ കിട്ടുന്നസംഖ്യയെ കൊല്ല സംഖ്യവെച്ച ആദിത്യൻെറ ഭുജാകൊടികളെ നൊക്കി ക്രമെണ അതിൽനിന്നു കളകയൊ അതിൽകൂട്ടുകയൊ ചെയ്തിട്ടു അനന്തരം നൂററുനാല്പത്തഞ്ച അതിൽകൂട്ടിവാക്യാന്തരംകൊണ്ടു ഗുണിച്ചതഞ്ഞൂററൊമ്പതുകൊണ്ടു ഹരിച്ചാൽ കിട്ടുന്നസംഖ്യയെ പരഹിതചന്ദ്രസ്ഫുടത്തിൻെറ ഇലിയിൽകൂട്ടുക- എന്നാൽ അതുദൃൿചന്ദ്രൻെറ സ്ഫുടമായിഭവിക്കും. ഇതിശബ്ദംസമാ

പ്തിയെ ബോധിപ്പിക്കുന്നതാകുന്നു-

൫൪- മാന്ദികാലായനാഡ്യാക്ഷ ചരജ്യാംവിഭജേത്രിഭിഃ ലബ്ധാ വിനാഡികാസ്താഭിഷ്ഠതാഃ മാന്ദിഘടീഃ പൃഥക്॥

൫൫- ഘരെന്നീലൈവ്വിഘടികാലബ്ധാസ്സപഞ്ചം യഥാക്രമംമാന്ദിനാഡ്യാംസായനാക്കെ മേഷ ഊൎക്കാദിസംസ്ഥിതെ॥

൫൬- മാന്ദിനാഡ്യസ്തുഃസ്പഷ്ടാസ്താഭിസ്തു ഗുളികസ്ഫുടം। അന്നേതവ്യംയഥാലഗ്നം നാഡ്യാദിവസയാതയാ॥

അന്വയാൎത്ഥം —— മാന്ദികാലായനാഡ്യാക്ഷ ചരജ്യയെ മൂന്നു കൊണ്ടു വിഭജിക്കേണം- വിനാഡികകൾ ലബ്ധകളായിഭവിക്കും. അതുകൾകൊണ്ടു മാന്ദിഘടികളെ വെറെവെച്ചിട്ടു ഹനിച്ചുനില സംഖ്യകൊണ്ടുഹരിക്കേണം. ലബ്ധകളായിരിക്കുന്ന വിഘടികളെ സായനാക്കൻ മെഷ ഊൎക്കാദി സംസ്ഥിതനായിരിക്കും വിഷയത്തിങ്കൽ ക്രമെണമാന്ദിനാഡിയിങ്കൽ സപഞ്ചമാക്കിചെയ്യെണം അപ്പോൾ മാന്ദിനാഡികൾ സ്പഷ്ടകളായിഭവിക്കും അതുകൾ കൊണ്ടാകട്ടെ ഗുളികസ്ഫുടം ദിവസയാതയായിരിക്കുന്ന നാഡികൊണ്ടുലഗ്നമെന്നപൊലെ ആനെതവ്യമായിഭവിക്കുന്നു.

സാരം—— ചന്ദ്രോദയദ്യുത്യാദിവാക്യത്താൽ പറകപ്പെട്ടഗുളികനാഴികകളിൽ പ്രശ്നംവെച്ചദിവസത്തിന്നു വെണ്ടതിനെവെച്ച അക്കാലത്തെയ്ക്കു ആദിത്യനെഗണിച്ചുണ്ടാക്കി ആ സ്ഫുടത്തിൽ അയനംകൂട്ടി ആരിങ്കൽനിന്നു ചരജ്യാവുകൊണ്ടു അതിനെ മൂന്നുകൊണ്ടുഹരിക്കേണം അപ്പോൾ കിട്ടിയവിനാഴികകൾകൊണ്ടു ഗുളികനാഴികയെ വെറെവെച്ചു അതിനെ ഗുണിച്ചു ഒപ്പതുകൊണ്ടുഹരിച്ചാൽ കിട്ടുന്നവിനാഴികകളെ ഗുളികനാഴികയിൽകൂട്ടുകയൊ അതിൽനിന്നുകളകയൊവെണം. അയനത്തൊടുകൂടിയആദിത്യൻ മെഷാദിയിൽനിന്നാൽകൂട്ടുക തുലാദിയിൽ നിന്നാൽകളക ഇപ്രകാരംചെതാൽ ഗുളികന്റെനാഴിക സൂക്ഷ്മമാകയും ചെയ്യും. പിന്നെ ദിനഗതനാഴികകൊണ്ടു ലഗ്നസ്ഫുടത്തെ ഉണ്ടാക്കിയതുപൊലെ ആ നാഴികകൊണ്ടു ഗുളികസ്ഫുടത്തെ ഉണ്ടാക്കേണം.

(൨൨) ഏതന്മാന്ദിവിഷയം

അന്വയാൎത്ഥം—— ഇത മാന്ദിവിഷയമായി ഭവിക്കുന്നു..

സാരം സ്പഷ്ടമാകയാൽ അതിനെക്കുറിച്ചു പറയുന്നില്ല.

൫൭ ഏവംലഗ്നംവിധുംമാന്ദിമാനീയവിലിഖെൽപൃഥക്। തെഷാംത്രയാണാംസംയോഗാത്ത്രിസ്ഫുടംവിലിഖെച്ചതൽ।

അന്വയാൎത്ഥം—— ഇപ്രകാരം ലഗ്നത്തെയും വിധുവിനെയും

മാന്ദിയെയും ആനയനം ചെയ്തിട്ട വെവ്വെറെ വിലെഖനംചെയ്യെണം. ആ മൂന്നുകളുടെ സംയൊഗം ഹെതുവായിട്ട ത്രിസ്ഫുടം ഭവിക്കും. അതിനെയും വിലെഖനം ചെയ്യെണം.

സാരം — മെൽപറഞ്ഞപ്രകാരം ഉദയലഗ്നസ്ഫുടത്തെയും ചന്ദ്രസ്ഫുടത്തെയും ഗുളികസ്ഫുടത്തെയും ഉണ്ടാക്കി അതുകളെ വെവ്വെറെ എഴുതെണം.

മെൽപറഞ്ഞ സ്ഫുടങ്ങൾ മൂന്നും ഒന്നിൽ ചെർത്താൽ അതിന്ന പെർ ത്രിസ്ഫുടമെന്നാകുന്നു അതിനെയും എഴുതെണം.

൧൮. "ലഗ്നേന്ദുമാനമാനാദ്ധ്യം ഹത്വാമാന്ദിം ക്ഷിപെദ്ബുധഃ ।
പ്രാണദെഹൌക്രമാൽസ്യാതാം പുനൎമ്മാന്ദിസ്സുതാധിതഃ ॥

൧൯. ഭാനുയുക്തൊഭവെന്മൃത്യുർവ്വിലിഖെത്ത്രീനിമാനപി । പ്രശ്നകാലഗതാന്നാഡീന്നിരയഷ്ഷ്ഠാവിഭാജയെൽ ॥

൨൦. ദിവസസ്യപ്രമാണെനലബ്ധംരാശ്യാദികംഫലം । തൽക്കാലാർക്കെക്ഷിപെദർക്കെസ്ഥിരരാശിഗതെയദി ॥

൨൧. ഭചതുഷ്കംത്യജെച്ചാസ്മാദ്വന്ദ്വഗെയദിയൊജയെൽ । ത്യാഗയൊഗൌചരന്നസ്തഃപ്രാണാദ്യൈർവ്വിലിഖെച്ചതൽ ॥

അന്വയാൎത്ഥം — ലഗ്നേന്ദുക്കളെ മാനമാനങ്ങൾകൊണ്ടഹനിച്ചിട്ട രണ്ടുകളിലും മാന്ദിയെ ക്ഷെപിക്കെണം. എന്നാൽ ക്രമെണ പ്രാണദെഹങ്ങളായി ഭവിക്കും. മാന്ദി പിന്നെ സുതാധിതനായി ഭാനുയുക്തമായിട്ട മൃത്യുവായി ഭവിക്കും. ൨൨. മൂന്നുകളെയും വിലെഖനം ചെയ്യെണം. പ്രശ്നകാലഗതകളായിരിക്കുന്ന നാഡികളെ നിരയഷ്ഷ്ഠകളാക്കി ദിവസത്തിന്റെ പ്രമാണംകൊണ്ട വിഭജിക്കെണം. ലബ്ധമായി രാശ്യാദിയായിരിക്കുന്ന ഫലത്തെ തൽക്കാലാർക്കങ്കൽ ക്ഷെപിക്കെണം. അൎക്കൻ സ്ഥിരരാശിഗതനാകുന്നു എങ്കിൽ ഇവങ്കൽനിന്ന ഭചതുഷ്കത്തെ ത്യജിക്കെണം. ദ്വന്ദ്വഗനാകുന്നു എങ്കിൽ ഭചതുഷ്കത്തെ യൊജിപ്പിക്കെണം. ചരത്തിങ്കൽ ഇരിക്കുന്നു എങ്കിൽ ത്യാഗയൊഗങ്ങൾ ഭവിക്കുന്നില്ല. ഇത പ്രാണാദികളായിക്കൊണ്ട ഭവിക്കുന്നു അതിനെയും വിലെഖനം ചെയ്യെണം.

സാരം — ലഗ്നസ്ഫുടത്തെ അഞ്ചുകൊണ്ടപെരുക്കി അതിനൊട ഗുളികസ്ഫുടത്തെ ചെർത്താൽ അതു പ്രാണസ്ഫുടമായി ഭവിക്കും. ചന്ദ്രസ്ഫുടത്തെ എട്ടുകൊണ്ടപെരുക്കി അതിനൊട ഗുളികസ്ഫുടത്തെ ചെർത്താൽ അത ദെഹസ്ഫുടമായി ഭവിക്കും. ഗുളികസ്ഫുടത്തെ എഴുകൊണ്ടപെരുക്കി അതിനൊട സൂൎയ്യസ്ഫുടത്തെചെൎത്താൽ അതു മൃത്യുസ്ഫുടമായി ഭവിക്കും. ഇപ്രകാരം പ്രാണദെഹ

മൃത്യുസ്ഫുടങ്ങളെ ഉണ്ടാക്കി അതുകളെയും എഴുതെണം- പ്രശ്നകാലത്തിങ്കലെക്കചെന്ന നാഴികവെച്ച അതിനെ നൂററിരുപതുകൊണ്ടു ഗുണിച്ച ദിനംപ്രമാണംകൊണ്ടു ഹരിച്ച രാശ്യാദികളായ ഫലങ്ങളെ ഉണ്ടാക്കി അതുകളെ തൽക്കാലാദിത്യനിൽ കൂട്ടെണം- ആദിത്യൻ സ്ഥിരരാശിയിലാകുന്നു എങ്കിൽ നാലു രാശി വാങ്ങെണം- ഉഭയരാശിയിലാകുന്നു എങ്കിൽ നാലുരാശി കൂട്ടെണം- ചരരാശിയിലാകുന്നു എങ്കിൽ കളകയും കൂട്ടുകയും വെണ്ട ഇതും പ്രാണനാകുന്നു ഇതിനെയും എഴുതെണം-

൨൨. യാതാനാഡീസ്തിലപ്ലാവിജ്ഞേദിനമാനേനരാശ്യാദി ലബ്ധം സൂൎയ്യാൎദ്ധാംഗ്ഘ്രിവാരെഷ്വജമുഖചരഭാന്തെഷ്വസൃക്ജ്ഞാക്കിവാരെ| വീണാദിമന്ദ്ധമദ്ധ്യെഷ്വപിധനമുദിതംമൃത്യുലബ്ധം പ്രവിജ്ഞസ്ഥാനെഭ്യശ്ചോദിതെഭ്യസ്തുദിമപിഭവെൽ കാലഘ്നം രന്ധ്രലിഖെച്ച॥

അന്വയാൎത്ഥം—— യാതകളായിരിക്കുന്ന നാഡികളെ തിലപ്ലകളാക്കി ചെരിട്ടു ദിനമാനംകൊണ്ടു വിഭജിക്കെണം- ലബ്ധമായിരിക്കുന്ന രാശ്യാദിസൂൎയ്യാൎദ്ധാംഘ്രിവാരങ്ങളിൽ അജമുഖചരഭാന്തങ്ങളിലും അസൃക്ജ്ഞാക്കിവാരത്തിങ്കൽ വീണാദിമന്ദ്ധമദ്ധ്യങ്ങളിലും മൃത്യുലബ്ധിക്കായിക്കൊണ്ടു ധനമായിട്ടു ഉദിതമായി ഭവിക്കുന്നു- ഉദിതങ്ങളായിരിക്കുന്ന സ്ഥാനങ്ങളിൽ നിന്നു കളകയും വെണം എന്നാൽ ഋതുകാലമായി ഭവിക്കും- ഇതുകളെയും ലെഖനം ചെയ്യെണം.

സാരം—— പ്രശ്നസമയത്തിങ്കലെക്ക ചെന്ന നാഴികവെച്ച അതിനെ മുപ്പത്താറുകൊണ്ടു പെരുക്കി ദിനപ്രമാണംകൊണ്ടു ഹരിച്ച രാശിമുതലായി ലഭിക്കപ്പെട്ട ഫലത്തെ ഞായറാഴ്ചമെടം രാശിയുടെ അന്തത്തിങ്കലും വ്യാഴാഴ്ച കൎക്കടകരാശിയുടെ അന്തത്തിങ്കലും വെള്ളിയാഴ്ച തുലാരാശിയുടെ അന്തത്തിങ്കലും തിങ്കളാഴ്ച മകരരാശിയുടെ അന്തത്തിങ്കലും ചൊവ്വാഴ്ചമിഥുനരാശിയുടെ മദ്ധ്യത്തിങ്കലും ബുധനാഴ്ച കന്നിരാശിയുടെ മദ്ധ്യത്തിങ്കലും ശനിയാഴ്ച ധനുരാശിയുടെ മദ്ധ്യത്തിങ്കലും കൂട്ടുക- എന്നാൽ ഉണ്ടാകുന്നതും മൃത്യുവാകുന്നു- മെൽ പറഞ്ഞ രാശ്യാദിഫലത്തെ മെൽപറഞ്ഞ ആഴ്ചകളിൽ മെൽ പറഞ്ഞ സ്ഥാനങ്ങളിൽ നിന്നു കളഞ്ഞാൽ ശെഷിക്കുന്നതു കാലസ്ഫുടമാകുന്നു. ഈ മൃത്യുകാലസ്ഫുടങ്ങളെ എഴുതെണം.

൨൩- സാൎദ്ധെന്നനാഡ്യദിതയെനഗച്ഛത്യാരംഭ്യസൂൎയ്യോദയതൊദിനെശഃ। ചാപാദിലൊമാദനുലൊമഗാമീഭാനൊരമുഷ്യാ

സുഗമശ്ലോകഃ॥

൨൮- രാഹുർമ്മന്ദഗുരാരാതികക്കിമേഷാളിക്രൂകക്കിക്കിംകൈ ണ. ക്രൂകോക്ഷമേഷഷുപ്രതിലോമതഃ॥

൨൯- ചരത്യക്കോദയാൽസാദ്ധ്യനാഡീലിഖിതയതൊന്നഹം । ലിഖേദ്രാഹ്വാരംനിന്ദ്രരാഹുചക്രമിദംസ്മൃതം॥

(വാ) ഏതൽത്രിസ്ഫുടാദിവിഷയം ഏതൈഃഫലമുപരിഷ്ടാദ ഷ്ടമാദ്ധ്യായെവക്ഷ്യാമി-

അന്വയാൎത്ഥം.—— ഇതത്രിസ്ഫുടാദി വിഷയമായിഭവിക്കുന്നു. ഇതുകൾകൊണ്ടു ഫലംമുകളിൽ അഷ്ടമാദ്ധ്യായത്തിങ്കൽ വചി പ്പാൻ പൊകുന്നു.

സാരം——സ്പഷ്ടം-

(വാ)- അനുഷ്ഠാനപദ്ധത്യാംമൃത്യുചക്രമപ്യുക്തം തദപിലി ഖ്യതെ-

അന്വയാൎത്ഥം—— അനുഷ്ഠാനംപദ്ധതിയിൽ മൃത്യുചക്രവും ഉ ക്തമായി ഭവിക്കുന്നു- അതുംലെഖനംചെയ്യപ്പെടുന്നു.

സാരം—— സ്പഷ്ടം-

൩൦- ഗുളികെന്ദുതീക്ഷ്ണമഹസാംക്രമാന്നിജോദയനവാംശരാശി ഗതാൻ। പ്രതിഗ്രഹചാരൊജ്ഝിതായാനവതിപ്രാണെനസ്മൃവാമ തൊഗുളികഃ॥

൩൧. സൌക്ഷ്യുതൊമൃത്യുകരൊഭയദസ്സൊന്ദുശ്ചമൃത്യുചക്രമി ദം-ഇതി॥

(വാ) ഗ്രഹാംശ്ചദൃഗ്ഗണിതെനാനീയവിലിഖെൽ ॥

അന്വയാൎത്ഥം—— ഗ്രഹങ്ങളെയും ദൃഗ്ഗണിതംകൊണ്ടു ആ നയിച്ചിട്ടു വിലെഖനം ചെയ്യെണം-

സാരം——പരഹിതമെന്ന ഗണിത ശാസ്ത്രം മുഹൂൎത്താദികൾ ക്കും ദൃഗ്ഗണിതശാസ്ത്രം ജാതക പ്രശ്നങ്ങൾക്കും ഇങ്ങിനെ വിഷ യ വിഭാഗത്തെ അറിവുള്ളവർ കല്പിച്ചിരിക്കയാൽ ദൃഗ്ഗണിതം കൊണ്ടു ഭൌമാദി ഗ്രഹങ്ങളെ ഗണിച്ചു അവരുടെസ്ഫുടങ്ങളെയും എഴുതെണം-

(വാ) അത്രാനുഷ്ഠാനപദ്ധതിഃ ॥

അന്വയാൎത്ഥം:—— ഇവിടെ അനുഷ്ഠാനപദ്ധതി ഭവിക്കുന്നു.

സാരം—— ഈ വിഷയത്തിങ്കൽ അനുഷ്ഠാന പദ്ധതിയും പ്ര മാണമായി ഭവിക്കുന്നു.

ഇനി അനുഷ്ഠാനപദ്ധതിയിലെ വചനത്തെത്തന്നെ ഇവി ടെഎഴുതുന്നു.

൫൪. അൎക്കേന്ദുപാതുഭൊദയഭാംശേശാസ്സ്പഷ്ടഗണിതശാസ്ത്രേണ । ദൃക്തുല്യാനാന്യഗ്രഹാശ്ച സമ്പ്രേതൈവാന്യേ
ഇതി ||

അന്വയാൎത്ഥം —— അൎക്കേന്ദുപാതുഭൊദയഭാംശേശന്മാർ ദൃക്തുല്യമായിരിക്കുന്ന സ്പഷ്ടഗണിത ശാസ്ത്രംകൊണ്ടു ആനെയന്മാരായി ഭവിക്കുന്നു അന്യങ്ങളായി സൎവ്വങ്ങളായിരിക്കുന്ന ഗ്രഹങ്ങളും അപ്രകാരം തന്നെ ആനെയങ്ങളായി ഭവിക്കുന്നു.

സാരം —— സൂൎയ്യസ്ഫുടവും ചന്ദ്രസ്ഫുടവും ആരൂഢലഗ്നത്തിന്റെയും ഉദയലഗ്നത്തിന്റെയും അംശകങ്ങളുടെ അധിപതികളായ ഗ്രഹങ്ങളുടെ സ്ഫുടവും ദൃക്കിനൊടു തുല്യമായ സൂക്ഷ്മഗണിത ശാസ്ത്രം കൊണ്ടു ഉണ്ടാക്കപ്പെടുകയും മറ്റുള്ള സകല ഗ്രഹങ്ങളുടെ സ്ഫുടങ്ങളും അപ്രകാരംതന്നെ ഉണ്ടാക്കപ്പെടുകയും വെണം- ഇതിശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

(൫൫) ശാസ്ത്രാന്തരം ച ||

അന്വയാൎത്ഥം —— ശാസ്ത്രാന്തരവും ഭവിക്കുന്നു-

സാരം —— മെൽ പറകപ്പെട്ട അനുഷ്ഠാനപദ്ധതി എന്നഗ്രന്ഥത്തിലെ വചനമെന്നപൊലെ അന്യഗ്രന്ഥത്തിലെ വചനവുമുണ്ടു- ।

അനന്തരം അതിനെത്തന്നെ എഴുതുന്നു-

൫൬. യൊഗെ ഗ്രഹാണാം ഗ്രഹണെൎക്കസൊമയൊൎമ്മൌഢ്യെ തഥാ വക്രഗതൌ ച പാതെ । ദൃഷ്ടാനുരൂപം കരണം മനൊഹം തെന ഗ്രഹെന്ദ്രാൻ ഗണയെത്ത്രിവാരം ||

൫൭. യദ്വായയശ്ച വസിദ്ധാന്തൊ ഗണിതെ ദൃക്സമൊ ഭവെൽ । തമാതൈനൈവ സംസാധ്യം ജാതകം ഗണയെൽ ബുധഃ
ഇതി ||

അന്വയാൎത്ഥം —— ഗ്രഹങ്ങളുടെ യൊഗവും അൎക്കസൊമന്മാരുടെ ഗ്രഹണവും അപ്രകാരം മൌഢ്യവും വക്രഗതിയുമാകുന്ന അവസ്ഥകളിൽ അഹസ്സിങ്കൽ അഹസ്സിങ്കൽ ദൃഷ്ടാനുരൂപമായിരിക്കുന്ന കരണം യാതൊന്നൊ അതുകൊണ്ടു ഗ്രഹെന്ദ്രന്മാരെ ത്രിവാരകമാകുംവണ്ണം ഗണിക്കെണം യാതൊരു സമയത്തിങ്കൽ യാതൊരു സിദ്ധാന്തം ഗണിതത്തിങ്കൽ ദൃക്സമമായി ഭവിക്കുമൊ അപ്പൊൾ അതുകൊണ്ടു തന്നെ സംസാധ്യമായിരിക്കുന്ന ജാതകത്തെ ബുധൻ ഗണിക്കെണം-

സാരം —— ഗ്രഹങ്ങളുടെയൊഗ, സൂൎയ്യഗ്രഹണം, സൊമഗ്രഹണം, പാട, വക്രഗതി- ഇവകളെ അന്നന്നു കാണപ്പെട്ട

ന്ന ഗ്രഹസ്ഥിതിക്ക അനുരൂപമായ സൂക്ഷ്മഗണിതശാസ്ത്രം കൊണ്ടു ഗ്രഹങ്ങളെ മൂന്നു പ്രാവശ്യം ഗണിച്ചു അവരുടെ സ്ഫുടങ്ങളെ സൂക്ഷ്മമാക്കി അതുകൾകൊണ്ടു നിശ്ചയിക്കപ്പെടുവാൻ യോഗ്യങ്ങളാകുന്നു. യാതൊരു കാലത്തിങ്കൽ യാതൊരു സിദ്ധാന്തം ദർശനത്തിന്ന അനുരൂപമായി ഭവിക്കുന്നുവൊ അക്കാലത്തിങ്കൽ അതുകൊണ്ടു തന്നെ സൂക്ഷ്മമായി ഗണിക്കേണ്ടതായ ജാതകത്തെ ഗണിക്കേണം- ഇതി ശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

൩൧. ലഗ്നാടസ്ഫുടസ്യഭംത്യക്തപാകലാഭാഗാംശ്ചനിക്ഷിപെൽ।
ആരൂഢഭസ്ഫുടാവാപ്ത്യാത്മകഷ്യവിലിഖെച്ചതൽ ॥

അന്വയാൎത്ഥം.—— ലഗ്നസ്ഫുടത്തിന്റെ ഭത്തെത്യജിച്ചിട്ടു കലകളെയും ഭാഗങ്ങളെയും ആരൂഢത്തിങ്കൽ ഇതിന്റെ സ്ഫുടാവാപ്തിക്കായിക്കൊണ്ടു നിക്ഷേപിക്കേണം- അതിനെ വിലെഖനം ചെയ്കയും വെണം-

സാരം—— ഉദയലഗ്നസ്ഫുടത്തിന്റെ രാശി എടുത്ത ഇലി തി ഷ്ലിതികളെ ആരൂഢരാശിയിൽ ചെൎത്താൽ അത ആരൂഢസ്ഫുടമായി ഭവിക്കും അതിനെയും എഴുതെണം-

## ഇതി പഞ്ചമൊദ്ധ്യായഃ

## അഥ ഷഷ്ഠാദ്ധ്യായപ്രാരംഭഃ·

(വാ) അഥ സൂത്രാണിനിരൂപ്യന്തെ ॥

അന്വയാൎത്ഥം— അനന്തരം സൂത്രങ്ങൾ നിരൂപിക്കപ്പെടുന്നു-

സാരം—— സ്പഷ്ടമാകുന്നു·

൧. ആരൂഢൊദയലഗ്നാഭ്യാംസൂത്രംസാമാന്യസംജ്ഞിതം ।
തദീശാഭ്യാന്തുയച്ചിന്ത്യംതൽസ്യാദധിപസംജ്ഞിതം ॥

൨. ലഗ്നാരൂഢാംശകാഭ്യാന്തുസൂത്രമംശകസംജ്ഞിതം । ല
ഗ്നൊഡുപസ്ഥകൊഡുഭ്യാംചിന്ത്യംനക്ഷത്രസംജ്ഞിതം ॥

൩. ആരൂഢതട്ടശമതൊമഹാസൂത്രംവിചിന്തയെൽ । പൃഥീ
സാമാന്യസൂത്രംസ്യാദാപസൂപധിപസംജ്ഞിതം ॥

൪. തെജസ്സംശകസൂത്രംസ്യാദ്വായുസ്സൂത്രംതുമാരുതഃ । ആകാ

ശസ്തമഹാസൂത്രമിത്യേതത്സൂത്രപഞ്ചകം ॥

൫. പ്രാധാന്യേനവിചിന്ത്യംസ്യാൽപഞ്ചഭൂതാത്മകത്വതഃ।
ആരൂഢോദയയോശ്ചന്ദ്രേ ചരരാശിഗതേയദി ॥

൬. ചന്ദ്രേഏകംസ്ഥിരേന്യേഭാജ്ജീവസൂത്രമിതീരിതാ। ആ
രൂഢോദയയോരേകംചരേന്യസ്ത്വുഭയേപരം ॥

൭. ദ്വിതയംവാസ്ഥിരേതദ്വന്മൃതിസൂത്രമപീരിതാ। ചര
സംസ്ഥംതയോരേകമപരംസ്ഥിരസംജ്ഞിതം ॥

൮. ദ്വയംവോഭയരാശിസ്ഥംരോഗസൂത്രമപീരിതാ। ചി
ന്തനേംശകസൂത്രസ്യാപ്യയംന്യായോവിചിന്ത്യതാം ॥

അന്വയാർത്ഥം —— ആരൂഢോദയ ലഗ്നങ്ങൾകൊണ്ടു സാമാന്യ സംജ്ഞിതമായിരിക്കുന്ന സൂത്രം ചിന്ത്യമായിഭവിക്കുന്നു- തദീശന്മാരെക്കൊണ്ടുമാകട്ടെ യാതൊന്നു ചിന്ത്യമായി ഭവിക്കുന്നുവൊ അതു അധിപസംജ്ഞിതമായിരിക്കുന്ന സൂത്രമായി ഭവിക്കും- അംശകസംജ്ഞിതമായിരിക്കുന്ന സൂത്രമാകട്ടെ ലഗ്നാരൂഢാംശകങ്ങൾകൊണ്ടു ചിന്ത്യമായി ഭവിക്കുന്നു- നക്ഷത്രസംജ്ഞിതമായിരിക്കുന്ന സൂത്രം ലഗ്നാരൂഢർക്ഷങ്ങൾ കൊണ്ടു ചിന്ത്യമായി ഭവിക്കുന്നു- ആരൂഢദശമങ്ങൾകൊണ്ടു മഹാസൂത്രത്തെ വിചിന്തിക്കേണം- സാമാന്യ സൂത്രം പൃഥ്വിയായി ഭവിക്കും- അധിപസംജ്ഞിതമായിരിക്കുന്ന സൂത്രമാകട്ടെ അപ്പുകളായി ഭവിക്കും- അംശകസംജ്ഞിതമായിരിക്കുന്ന സൂത്രമാകട്ടെ തേജസ്സായി ഭവിക്കും- ഉഡുസൂത്രമാകട്ടെ മാരുതനായി ഭവിക്കും- മഹാസൂത്രമാകട്ടെ ആകാശമായി ഭവിക്കും- ഇപ്രകാരമുള്ള ഈ സൂത്രപഞ്ചകം പഞ്ചഭൂതാത്മകത്വം ഹേതുവായിട്ടു പ്രാധാന്യേനവിചിന്ത്യമായി ഭവിക്കും- ആരൂഢോദയങ്ങളുടെ ചന്ദ്രൻ ചരരാശിഗതമാകുന്നു എങ്കിലും ഏകം ചന്ദ്രത്തിങ്കലും അന്യം സ്ഥിരത്തിങ്കലുമാകുന്നു എങ്കിലും ഇങ്ങിനെ രണ്ടുപ്രകാരേണ ജീവസൂത്രം ഭവിക്കുന്നു- ആരൂഢോദയങ്ങളിൽ വെച്ചു ഏകം ചരത്തിങ്കലും പരം ഉഭയത്തിങ്കലുമായി ഭവിക്കുമെങ്കിലും രണ്ടും സ്ഥിരത്തിങ്കൽ ഭവിക്കുമെങ്കിലും അപ്രകാരം മൃതിസൂത്രവും രണ്ടുപ്രകാരേണ ഭവിക്കും- അതുകളിൽവെച്ചു ഏകം ചരസംസ്ഥമായിട്ടും അപരം സ്ഥിരസംജ്ഞിതമായിട്ടും ഭവിക്കുന്നു എങ്കിലും ദ്വയം ഉഭയരാശിസ്ഥമാകുന്നു എങ്കിലും രോഗസൂത്രവും രണ്ടു പ്രകാരേണ ഭവിക്കും- ഈ ന്യായം അംശകസൂത്രത്തിന്റെ ചിന്തനത്തിങ്കലും വിചാരിക്കപ്പെടേണം-

സാരം —— ആരൂഢോദയലഗ്നങ്ങൾകൊണ്ടു സാമാന്യസൂ

ത്രത്തെയും ആരൂഢോദയലഗ്നങ്ങളുടെ അധിപന്മാരെക്കൊണ്ടു അധിപസൂത്രത്തെയും ആരൂഢോദയലഗ്നങ്ങളുടെ നവാംശകങ്ങൾകൊണ്ടു അംശകസൂത്രത്തെയും ലഗ്നത്തിന്റെയും പ്രഷ്ടാവിന്റെയും നക്ഷത്രങ്ങൾകൊണ്ടു നക്ഷത്രസൂത്രത്തെയും ആരൂഢരാശികൊണ്ടും അതിന്റെ ദശമരാശികൊണ്ടും മഹാസൂത്രത്തെയും വിചാരിക്കേണം- സമാന്യസൂത്രം ഭൂമിയും അധിപസൂത്രം ജലവും അംശകസൂത്രം തെജസ്സും നക്ഷത്രസൂത്രം വായുവും മഹാസൂത്രം ആകാശവും ഇങ്ങിനെ മെൽ പറകപ്പെട്ട അഞ്ചുസൂത്രങ്ങൾ പഞ്ചഭൂതസ്വരൂപങ്ങളാകയാൽ അതുകളെ പ്രാധാന്യെന വിചാരിക്കേണം-

മെൽ പറഞ്ഞ അഞ്ചു സൂത്രങ്ങളും ജീവൻ, മൃത്യു, രൊഗം ഇങ്ങിനെ മുമ്മൂന്നു പ്രകാരെണ ഭവിക്കുന്നതുകളാകുന്നു-എങ്ങിനെ എന്നു താഴെ വിവരിക്കാം

ആരൂഢവും ഉദയലഗ്നവും ചരരാശിയായാലും അതുകളിൽ ഒന്നു ഉഭയരാശിയായിട്ടും മറ്റെത് സ്ഥിരരാശിയായിട്ടുമിരുന്നാലും ജീവസൂത്രമാകുന്നു. ആരൂഢോദയങ്ങളിൽ ഒന്നു ചരരാശിയും മറ്റെത് ഉഭയരാശിയുമായിരുന്നാലും രണ്ടും സ്ഥിരരാശിയായാലും മൃത്യുസൂത്രമാകുന്നു. ആരൂഢോദയങ്ങളിൽ ഒന്നു ചരമായിട്ടും മറ്റെത് സ്ഥിരമായിട്ടുമിരുന്നാലും അതുകൾ രണ്ടും ഉഭയരാശിയായിരുന്നാലും രൊഗസൂത്രമാകുന്നു.

മെൽപറഞ്ഞ ന്യായം അംശക സൂത്രവിചാരത്തിങ്കലും ഉപയൊഗമുള്ളതാകുന്നു.

ജീവസൂത്രഫലം ആയുസ്സാകുന്നു എന്നും മൃത്യുസൂത്രഫലം മരണമാകുന്നു എന്നും രൊഗസൂത്രഫലം രൊഗമാകുന്നു എന്നും ഗ്രഹിച്ചുകൊൾക-

൯- ആരൂഢസ്യ ചലഗ്നസ്യ പത്യോരൈക്യെച സൌഹൃദെ
ജീവസൂത്രം വിജാനീയാൽസമതെ രൊഗദം ഭവെൽ॥

൧൦- തയൊശ്ശത്രുഭാവെതു സൂത്രം തു മരണപ്രദം। ഗണയെ
ല്ലഗ്നനക്ഷത്രാദാരഭ്യ പ്രഷ്ടൃജന്മഭം॥

൧൧- ത്രിഭിസ്തൂം വിഭജെൽസംഖ്യാമെകശെഷെതു ജീവകൃൽ।
ദ്വിശെഷെ രൊഗദം സൂത്രം നിശ്ശെഷെ മരണപ്രദം॥

അന്വയാർത്ഥം___ ആരൂഢത്തിന്റെയും ലഗ്നത്തിന്റെയും പതികൾക്ക ഐക്യവും സൌഹൃദവും സത്തായിരിക്കും വിഷയത്തിങ്കൽ ജീവസൂത്രമെന്നു അറിയെണം സമതസത്തായിരിക്കും വിഷയത്തിങ്കൽ രൊഗദമായിരിക്കുന്ന സൂത്രം ഭവിക്കും

അവക്കുശാത്രവഭാവം സത്തായിരിക്കുംവിഷയത്തിങ്കലാകട്ടെ മരണപ്രദമായിരിക്കുന്ന സൂത്രം തന്നെഭവിക്കും. ലഗ്നനക്ഷത്രത്തിങ്കൽനിന്നു തുടങ്ങി പ്രഷ്ടൃജന്മഭത്തെ ഗണിക്കെണം ആ സംഖ്യയെ മൂന്നുകൾകൊണ്ടു വിഭജിക്കെണം ഏകശെഷം സത്തായിരിക്കും വിഷയത്തിങ്കൽ ജീവകൃത്തായിരിക്കുന്ന സൂത്രം ഭവിക്കും. ദ്വിവിശെഷം സത്തായിരിക്കും വിഷയത്തിങ്കൽ രൊഗതമായിരിക്കുന്ന സൂത്രംഭവിക്കും. നിശ്ശെഷം സത്തായിരിക്കുംവിഷയത്തിങ്കൽ മരണപ്രദമായിരിക്കുന്നസൂത്രം ഭവിക്കും.

സാരം—— ആരൂഢത്തിന്റെയും ലഗ്നത്തിന്റെയും ആധിപത്യം ഏകഗ്രഹത്തിന്നാകുന്നു എങ്കിൽ ആ അധിപസൂത്രത്തെ ജീവസൂത്രമെന്നു അറിയെണം. ആരൂഢലഗ്നാധിപന്മാർ ബന്ധുക്കളായാലും മെൽപ്രകാരംതന്നെ.

അവർസമന്മാരായിരുന്നാൽ അതുരൊഗസൂത്രമായിഭവിക്കും അവർ ശത്രുക്കളായിരുന്നാൽ അതു മൃത്യുസൂത്രമായിഭവിക്കും.

ലഗ്നനക്ഷത്രംതുടങ്ങി പ്രഷ്ടാവിന്റെ പിറന്നനാൾവരെ ഗണിച്ചാൽ ഉണ്ടാകുന്നസംഖ്യയെ മൂന്നുകൊണ്ടു ഹരിക്കെണം.

മെൽപ്രകാരം ഹരിച്ചപ്പൊൾ ഒന്നുശെഷിച്ചാൽ ആനക്ഷത്രസൂത്രംജീവസൂത്രമാകുന്നു എന്നും രണ്ടുശെഷിച്ചാൽ രൊഗസൂത്രമാകുന്നു. ഒന്നുംശെഷിക്കാഞ്ഞാൽ മൃത്യുസൂത്രമാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

൧൨. ആരൂഢനവാംശമയൊർദ്വിതയം ചന്ദ്രരാശിഗം യദി ജീ
വനദംസൂത്രംദ്വയഞ്ചെൽസ്ഥിരരാശിഗം॥

൧൩. മൃത്യുസൂത്രംതദാജ്ഞെയംയദാതുപുനരെനയൊഃ। ഏകം
ചാന്ദ്രംപരംസൌരംരൊഗസൂത്രംതദാഭവെൽ ॥

അന്വയാൎത്ഥം—— ആരൂഢനവാംശകങ്ങളുടെ ദ്വിതയംചന്ദ്രരാശിഗമാകുന്നു എങ്കിൽ അതുജീവനദമായിരിക്കുന്ന സൂത്രമായിഭവിക്കും. ദ്വയം സ്ഥിരരാശിഗമാകുന്നു എങ്കിൽ അപ്പൊൾമൃത്യുസൂത്രമെന്നജ്ഞെയമായ ഭവിക്കുന്നു. യാതൊരുസമയത്തിങ്കലാകട്ടെ പിന്നെ ഇതുകളിൽവെച്ചു ഏകം ചന്ദ്രമായിട്ടും പരംസൌരമായിട്ടും ഭവിക്കുമൊ അപ്പൊൾ അതുരൊഗസൂത്രമായിഭവിക്കും.

സാരം—— ആരൂഢരാശിയും അതിന്റെ പത്താംരാശിയും ചാന്ദ്രരാശികളിൽ ചെന്നതാകുന്നു എങ്കിൽ ആ മഹാസൂത്രത്തെ ജീവസൂത്രമെന്ന അറിയെണം. അതുകൾ രണ്ടും സൌരരാശികളിൽ ചെന്നതായാൽ മൃത്യുസൂത്രമെന്ന അറിയെണം. ഒന്നു

ചാന്ദ്രമായിട്ടും മറെറത സൌരമായിട്ടുമിരുന്നാൽ അത രോഗ
സൂത്രമാകുന്നു എന്ന അറിയെണം-

൬൪. ജീവസൂത്രഫലംദീൎഘമായുസ്തൽക്ഷണമനാമയം। രോഗപ
ത്തിശ്ചതദൌൎബ്ബല്യംരോഗസൂത്രഫലംമതം॥

൬൫. മൃതിസൂത്രഫലംമൃത്യുഃപ്രഷ്ടുസ്സംബന്ധിനാമപി । പ്രെ
ഷ്ടിതാപ്തിരപിപ്രഷ്ടുസ്സൂത്രെജീവനമായിനി॥

൬൬. രോഗെകാൎയ്യനാശാദിദുഃഖംഭീരപിമൃത്യുകെ അത്രഗ്ര
ന്ഥാന്തരഞ്ചോസ്ക്കിതമെവാനുവിലിഖ്യതെ॥

അന്വയാൎത്ഥം—— ജീവസൂത്രഫലം ദീൎഘമായിരിക്കുന്ന ആ
യുസ്സും തൽക്ഷണമനാമയവുമാകുന്നു- രോഗസൂത്രഫലം രോഗൊൽ
പത്തിയും തദൌൎബ്ബല്യവുമെന്നമതമായി ഭവിക്കുന്നു- മൃതിസൂത്ര
ഫലം പ്രഷ്ടാവിന്റെയും സംബന്ധികളുടെയും മൃത്യുവാകുന്നു-
ജീവനമായിയായിരിക്കുന്ന സൂത്രം സത്തായിരിക്കും വിഷയ
ത്തിങ്കൽ പ്രഷ്ടാവിന്റെ പ്രെഷ്ടിതാവാപ്തിയും വാച്യയായി ഭ
വിക്കുന്നു- രോഗമായിരിക്കുന്ന സൂത്രം സത്തായിരിക്കുംവിഷ
യത്തിങ്കൽ കാൎയ്യനാശാദിയും വാച്യമായി ഭവിക്കുന്നു- മൃത്യുമാ
യിരിക്കുന്ന സൂത്രം സത്തായിരിക്കുംവിഷയത്തിങ്കൽ ദുഃഖവും
ഭീതിയും വാച്യമായി ഭവിക്കുന്നു- ഇവിടെ ഗ്രന്ഥാന്തരവും ഭവി
ക്കുന്നു- അനന്തരം അതുതന്നെ വിലെഖനംചെയ്യപ്പെടുന്നു-

സാരം——ജീവസൂത്രത്തിന്റെ ഫലം ദീൎഘായുസ്സും രൊഗശ
മനംമുതലായതും പൃഛകന്റെ ഇഷ്ടലാഭവുമാകുന്നു- രൊഗസൂ
ത്രത്തിന്റെ ഫലം മെലിൽരൊഗങ്ങൾ ഉണ്ടാകയും അപ്പൊൾ
ഉള്ളരൊഗം ശമിക്കാതെ വളരെക്കാലം നില്ക്കുകയും കാൎയ്യനാശം
മുതലായതുമാകുന്നു- മൃത്യുസൂത്രത്തിന്റെ ഫലം പൃഛകനുതന്നെ
യൊ അല്ലാ എങ്കിൽ അയാളുടെ സംബന്ധികളായ ജനങ്ങൾ
ക്കൊ മരണം ഭവിക്കയും ദുഃഖവും ഭയവുമാകുന്നു- ഇവിടെ വെ
റെയും പ്രമാണമുണ്ട ഇനി അതിനെത്തന്നെ എഴുതുന്നു-

൬൭. ആയുൎവൃദ്ധിശ്ചധനമപിതഥാവൎദ്ധതെജീവസൂത്രംതൽസൂത്ര
ഞ്ചെദ്ധനഹതിമനൊഭംഗമെഹപ്രപീഡാഃ ഭീതശ്ചവ്യാധിവൃദ്ധിനമന
മനഃകൎമ്മഭംഗൊന്ത്യസൂത്രെപ്രഷ്ടുൎവ്വാച്യംഫലമിതിവുധംസൎവ്വവൃ
ഷ്ടാസുസൂത്രെഃ॥

അന്വയാൎത്ഥം——ജീവസൂത്രം ഭവിക്കുന്നു എങ്കിൽ ആയു
സ്സും വീൎയ്യവും അപ്രകാരം ധനവും വൎദ്ധിക്കുന്നു- തൽസൂത്രംഭ
വിക്കുന്നു എങ്കിൽ ധനഹതിമനൊഭംഗമെഹപ്രപീഡകൾ ഭവി
ക്കുന്നു- അന്ത്യസൂത്രം സത്തായിരിക്കും വിഷയത്തിങ്കൽ ഭീയും

മിനം പ്രതിരുഗ്വൃദ്ധിയും മനഃകൎമ്മഭംഗവും ഭവിക്കുന്നു- സൎവ്വ പൃഛ്ശുകളിലും സൂത്രങ്ങൾകൊണ്ടു ഇപ്രകാരം പ്രഷ്ടാവിനുള്ളഫലം മൂലമാകുംവണ്ണം വാച്യമായി ഭവിക്കുന്നു-

സാരം—ജീവസൂത്രമുണ്ടായിരുന്നാൽ ആയുസ്സ്, വീൎയ്യം, ധനം, ഇവ വൎദ്ധിക്കും- രോഗസൂത്രമുണ്ടായിരുന്നാൽ ധനനാശവും മനോഭംഗവും രോഗവുമുണ്ടാകും- മൃത്യുസൂത്രമുണ്ടായിരുന്നാൽ ഭയവും ദിവസംപ്രതിരോഗം വൎദ്ധിക്കുകയും മനോഭംഗവും കൎമ്മഭംഗവുമുണ്ടാകും- ഇപ്രകാരം സൂത്രങ്ങൾകൊണ്ടു പൃഛ്ശുകഫലത്തെ ഉറപ്പിച്ചു പറയെണം-

൧൮. സൂത്രംയൽഭൂതസംബന്ധിമൃത്യുകൃദപാഥരോഗകൃൽ। തൽഭൂതാംശഭവാൻദേഹരോഗൻപ്രഷ്ടുൎവിനിൎദ്ദിശേൽ॥

അന്വയാൎത്ഥം— മൃത്യുകൃത്തായിട്ടൊ രോഗകൃത്തായിട്ടൊ ഇരിക്കുന്നസൂത്രം യൽഭൂതസംബന്ധിയായി ഭവിക്കുന്നുവൊ തൽഭൂതാംശഭവങ്ങളായിരിക്കുന്ന രോഗങ്ങളെ പ്രഷ്ടാവിന്റെ ദെഹത്തിങ്കൽ വിനിൎദ്ദെശിക്കെണം-

സാരം—— മൃത്യുസൂത്രമൊ രോഗസൂത്രമൊ ഉണ്ടായിവന്നാൽ അതുകൾ പൃഥിവ്യാദികളിൽവെച്ചു എതൊരുഭൂതത്തിന്റെ സംബന്ധികളായി ഭവിക്കുമൊ അതിന്റെ അംശത്തിങ്കൽനിന്നു ഉൽഭവിച്ചതുകളായ രോഗങ്ങൾ പൃഛ്ശുകന്നു ഉണ്ടു എന്നു പറയെണം-

൧൯. മാംസാസ്ഥിത്വക്സിരാരോമപൃഥ്വീദെഹഭൂതാംതനൌ। സ്വെദാസൃങ്മൂത്രശുക്ലാസ്യതോയംതൊയമുദാഹൃതം॥

൨൦. ക്ഷുത്തൃഡാലസ്യനിദ്രാഭാസ്സ്യൊജോംഗചലനംമരുൽ। ദെവ ഷരാഗൌചമൊഹശ്വസാധ്വാനസ്സ്വജരാനഭഃ॥

൨൧. എവംഹിസൎവ്വജന്തൂനാംപഞ്ചഭൂതമയീതനുഃ। പഞ്ചൊക്താന്യത്രസൂത്രാണിത്രീണ്യെവാന്യെപ്രചക്ഷതെ॥

അന്വയാൎത്ഥം—— ദെഹഭൃത്തുകളുടെ തനുവിങ്കൽ ഉള്ളമാംസാസ്ഥിത്വക്സിരാരോമം പൃഥ്വീമായിഭവിക്കുന്നു- സ്വെദാസൃങ്മൂത്രശുക്ലാസ്യതോയംതൊയമെന്നു ഉദാഹൃതമായിഭവിക്കുന്നു- ക്ഷുത്തൃഡാലസ്യനിദ്രാഭകൾ തെജസ്സായിഭവിക്കുന്നു- അംഗചലനം മരുത്തായിഭവിക്കുന്നു- ദ്വെഷരാഗങ്ങളും മൊഹവും, സാധ്വസവും, ജരയും, നഭസ്സായി ഭവിക്കുന്നു- ഇങ്ങിനെസൎവ്വജന്തുക്കളുടെ തനുപഞ്ചഭൂതമയിയായി ഭവിക്കുന്നുഎല്ലൊ ഇവിടെ അഞ്ചുസൂത്രങ്ങൾ ഉക്തങ്ങളായി അന്യന്മാർ മൂന്നുസൂത്രങ്ങളെത്തന്നെ പ്രഖ്യാനം ചെയ്യുന്നു-

സാരം — എല്ലാശരീരങ്ങളിലും ഉള്ളമാംസം അസ്ഥി, തൊലി, ഞരമ്പ, രോമം ഇവ ഭൂമിയുടെ അംശമാകുന്നു- വിയൎപ്പ, ചൊര, മൂത്രം, ശുക്ലം, വായയിലെ വെള്ളം ഇവ ജലാംശമാകുന്നു- വിശപ്പ, തണ്ണീർദാഹം, ആലസ്യം, ഉറക്കം, കാന്തി ഇവ തെജസ്സു ഹെതുവായിട്ട ഉണ്ടാകുന്നതുകളാകുന്നു അവയവങ്ങളുടെ ഇളക്കം വായുവിനാൽ ഉണ്ടാക്കപ്പെടുന്നതാകുന്നു- രാഗം, ദ്വെഷം, മൊഹം, ഭയം യൌവനഹാനി ഇതുകൾ ആകാശത്താൽ ഉണ്ടാക്കപ്പെടുന്നതുകളാകുന്നു- ഇപ്രകാരമാകയാൽ എല്ലാവരുടെയും ശരീരം പഞ്ചഭൂതമയമാകുന്നു- ഈ പറഞ്ഞത ലൊകത്തിങ്കൽ പ്രസിദ്ധമായിട്ടുള്ളതു തന്നെ-

മെൽ പറകപ്പെട്ട ഭൂതസംബന്ധികളായിട്ട ഇവിടെ അഞ്ചു സൂത്രങ്ങൾ പറകപ്പെട്ടു അന്യന്മാർ മൂന്നു സൂത്രങ്ങളെ തന്നെ പ്രാധാന്യേന പറയുന്നു. മെൽ പറകപ്പെട്ടതിനെ തന്നെ അനന്തരം സ്പഷ്ടമായി പറയുന്നു-

൨൨. സൂത്രാണാം ത്രിതയസ്യ കീൎത്തിതമിഹ പ്രാധാന്യമന്യൈഃ പരം തൽകണ്ഠാഭരണെ സമീരിതമിഹാപ്യെതൽഫലഞ്ചൊച്യതെ । അത്രൂദ്ധ്വൊദയയൊ ഛയൊരപി തയൊസ്സംബന്ധിചാംകാംശയൊരാദിത്യാംശകയൊസ്ത്വയച്ചതദിഹാത്രൂദ്ധ്വസ്സംഗ്രഹ്യതാം ॥

അന്വയാൎത്ഥഃ — അന്യന്മാരാൽ ഇവിടെ സൂത്രങ്ങളുടെ ത്രിതയത്തിന്നുതന്നെ പ്രാധാന്യം കീൎത്തിതമായി ഭവിക്കുന്നു- അതു കണ്ഠാഭരണത്തിങ്കൽ സമീരിതമായി ഭവിക്കുന്നു- ഇവിടെയും ഇതും ഫലവും വചിക്കപ്പെടുന്നു- ആത്രൂദ്ധ്വൊദയങ്ങളാകുന്ന രണ്ടുകളുടെയും അതുകളുടെ അംകാംശങ്ങളുടെയും ആദിത്യാംശകങ്ങളുടെയും സംബന്ധിയായിട്ട യാതൊന്നു ഭവിക്കുന്നുവൊ ഇത അതായിട്ട ഭവിക്കുന്നു. ഇവിടെ ആത്രൂദ്ധ്വം സംഗ്രഹിക്കപ്പെടുകയും വെണം-

സാരം — മറ്റുള്ളവർ മൂന്നു സൂത്രങ്ങൾക്കു തന്നെ പ്രാധാന്യത്തെ പറഞ്ഞിരിക്കുന്നു- ഇതു കണ്ഠാഭരണമെന്ന ഗ്രന്ഥത്തിൽ സ്പഷ്ടമാകുന്നു ഇവിടെയും അതിന്റെ സൂത്രഫലങ്ങളെ പറയുന്നു- സൂത്രത്രയമെന്നത ആത്രൂദ്ധ്വൊദയ ലഗ്നങ്ങൾ കൊണ്ടും അതുകളുടെ നവാംശകങ്ങൾകൊണ്ടും ദ്വാദശാംശകങ്ങൾകൊണ്ടും വിചാരിക്കപ്പെടെണ്ടതാകുന്നു. ആത്രൂദ്ധ്വനവാംശകത്തെ ഗ്രഹിക്കുമ്പൊൾ ആത്രൂദ്ധ്വങ്ങളുടത്തെ സ്വീകരിക്കെണം- കലശമധ്യശ്ലിവകൊണ്ടെ ഇത്യാദി ശ്ലൊകപ്രകാരത്തെ വരുന്ന നവാംശത്തെ ഗ്രഹിച്ചാൽ പൊരാ ആത്രൂദ്ധ്വം കൂടത്തിന്നു സാമാന്യന്യായെ

ഫൻ

ന്ന യാതൊരു നവാംശകം ഭവിക്കുന്നുവൊ അതിനെത്തന്നെ ഗ്ര
ഹിക്കേണമെന്നു താൽപൎയ്യമാകുന്നു-

൨൩. ആരൂഢോദയയൊസ്സ്യയൊൎന്നവഭാഗാംശസം
ബന്ധിയൽ സൂത്രാണാംത്രിതയംമൃതിപ്രദമിദംയദ്യേനയൊൎന്നാ
ഥയൊഃ । സ്വസ്വാംശകദിവാകരാംശകപതീസ്യ്യാതാംമിഥൊ
വൈരിണൌ ദൊഷസ്ത്രിസ്ഫുടഭൂതലക്ഷണദശാലിനാംക്രിയെതാ
പ്യതഃ ॥

അന്വയാൎത്ഥം —— ആരൂഢോദയങ്ങളോടു സംബന്ധിയായി
യും അതുകളുടെ നവഭാഗാംശസംബന്ധിയായിട്ടും ഇരിക്കു
ന്ന സൂത്രങ്ങളുടെ ത്രിതയം യാതൊന്നൊ അതു ഇതു ഇതുകളുടെ
നാഥന്മാരു സ്വസ്വാംശകദിവാകരാംശക പതികൾ വൈരികളാ
യിട്ടു ഭവിക്കുമെങ്കിൽ മൃതിപ്രദമായി ഭവിക്കും- ത്രിസ്ഫുടഭൂതലക്ഷ
ണദശാലികൾക്കു ദൊഷം സത്തായിരിക്കും വിഷയത്തിങ്കൽ
അതുകളായിരിക്കുന്നവനും മരിക്കും.

സാരം —— ആരൂഢോദയ സംബന്ധിയായിട്ടും അതുകളു
ടെ നവാംശകങ്ങളുടെ സംബന്ധിയായിട്ടും അതുകളുടെ ദ്വാദ
ശാംശ സംബന്ധിയായിട്ടും ഇരിക്കുന്ന മൂന്നു സൂത്രവും ആരൂ
ഢോദയാധിപന്മാരു ആരൂഢോദയങ്ങളുടെ നവാംശകാധിപ
നും ദ്വാദശാംശകാധിപനും ശത്രുവാകുന്നു എങ്കിൽ മരണകരമാ
യി ഭവിക്കും ത്രിസ്ഫുടത്തിന്നും ഭൂതലക്ഷണത്തിന്നും ദശമുതലായ
തുകൾക്കും ദൊഷംകൂടെ ഉണ്ടു എങ്കിൽ രോഗത്തോടു കൂടാത്തവ
നായാലും മരിക്കും-

൨൪. സൂത്രാണാംത്രിതയെത്രജീവനകരെചാംശെശയൊസ്സൌ
ഹൃദെ ശംസ്യത്രിസ്ഫുടഭൂതലക്ഷണദശാചിദ്രാദികെചാഖിലെ । അ
ത്യാസന്നമൃതെരപീഹനമൃതിർമ്മിശ്രെത്രസൂത്രാദികെ ജീവെൽക
ൎമ്മഭിരെവനൈവസുകരംദൊഷെധികെജീവനം ॥ ഇതി-

അന്വയാൎത്ഥം. —— അംശേശന്മാൎക്കും സൌഹൃദയം സത്തായി
ട്ടും ഏതം സൂത്രങ്ങളുടെ ത്രിതയം ജീവനകരമായിട്ടും ത്രിസ്ഫുട ഭൂതല
ക്ഷണദശാച്ഛിദ്രാദികമായിരിക്കുന്ന അഖിലം ശസ്യമായിട്ടും സ
ത്തായിരിക്കും വിഷയത്തിങ്കൽ അത്യാസന്നമൃതിയായിരിക്കുന്ന
വനും ഇവിടെ മൃതി ഭവിക്കുന്നില്ല- സൂത്രാദികം മിശ്രമായിരി
ക്കും വിഷയത്തിങ്കൽ കൎമ്മങ്ങൾ ഹേതുവായിട്ടുതന്നെ ജീവിക്കും-
ദൊഷം അധികമായി സത്തായിരിക്കും വിഷയത്തിങ്കൽ ജീവ
നം ദുഷ്കരമായിട്ടുതന്നെ ഭവിക്കുന്നു-

സാരം —— നവാംശദ്വാദശാംശങ്ങളെ അധിപന്മാർ ആരൂഢ

ലഗ്നാധിപന്മാർക്ക ബന്ധുക്കളായിരിന്നാൽ സൂത്രത്രയം ജീവനകരമായിഭവിക്കും- അങ്ങിനെഭവിക്കുകയുംത്രിസ്ഫുടം മൃതലക്ഷണം രോഗം, ഛിദ്രം ഇത്യാദികൾ ദോഷത്തൊടുകൂടാത്തതുകളായിരിക്കയുമുണ്ടായാൽ ബലമാംസക്ഷയാദികൾകൊണ്ടു മരണം അടുത്തു എന്നകാണികൾക്ക തൊന്നതക്കവിധത്തിലായാലും അവൻ മരിക്കില്ല വ്യാധിതാനെ ശമിക്കും- സൂത്രം മുതലായതുകൾഉന്ന ദോഷ സമ്മിശ്രങ്ങളായിരുന്നാൽ ചില കർമ്മങ്ങൾ ഹേതുവായിട്ടു വ്യാധിശമിക്കും- ദോഷത്തിന്ന ആധിക്യം ഭവിച്ചാൽ വ്യാധിശമനം ദുർല്ലഭമായി ഭവിക്കും- ഇതിശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

ഇവിടെ ഒരുശംക ഭവിക്കും ആയത എന്തെന്നാൽ കണ്ഠാഭരണത്താൽ പറകപ്പെട്ടതായ അന്യദീയമതത്തിങ്കൽ ഉള്ള സൂത്രത്രയം ആരൂഢൊദയലഗ്നങ്ങൾ കൊണ്ടും അതുകളുടെ നവാംശകങ്ങൾകൊണ്ടും ദ്വാദശാംശങ്ങൾകൊണ്ടും വിചാരിക്കെണ്ടതാകുന്നു എന്നു മുമ്പെ പറഞ്ഞു എങ്കിലും പിന്നെ അതുമൂന്നും ആരൂഢലഗ്നാധിപന്മാർക്ക നവാംശദ്വാദശാംശങ്ങളുടെ അധിപന്മാർ ശത്രുക്കളായാൽ മൃതികരമാകുന്നു എന്നും അവർക്ക അവർ ബന്ധുക്കളായാൽ ജീവനകരമാകുന്നു എന്നും ഫലസാമ്യത്തെപറകയാൽ മൂന്നായിട്ടു സൂത്രവിഭാഗം ചെയ്തതു നിഷ്പ്രയോജനമായി. ഇങ്ങിനെ ഉള്ള ശംകയെ പരിഹരിപ്പാനായിക്കൊണ്ടഇവിടെ ഒരു ഉപദെശലഭ്യമായ അർത്ഥത്തെ വിവരിക്കുന്നു-

ആരൂഢലഗ്നാധിപന്മാർക്ക നവാംശദ്വാദശാധിപന്മാർ വൈരികളായിരുന്നാൽ ആരൂഢലഗ്ന സംബന്ധിയായ സൂത്രം മൃതിയെ ഉണ്ടാക്കുന്നതായിഭവിക്കും- ഈ അവസ്ഥ നവാംശകസൂത്രത്തിന്നു ഭവിക്കെണമെങ്കിൽ നവാംശകാധിപന്മാർക്ക ആരൂഢലഗ്നാധിപന്മാരും ദ്വാദശാംശാധിപന്മാരും ശത്രുക്കളായിരിക്കെണം- ദ്വാദശാംശകസൂത്രത്തിന്നും മെൽ പ്രകാരം തന്നെ- അതുകൊണ്ടു ആരൂഢ ലഗ്നാധിപന്മാർക്ക നവാംശ ദ്വാദശാംശാധിപന്മാരും നവാംശകാധിപന്മാർക്ക ആരൂഢലഗ്നാധിപന്മാരും ദ്വാദശാംശാധിപന്മാരും ദ്വാദശാംശാധിപന്മാർക്ക മറ്റുള്ളവരും ശത്രുക്കളായിരുന്നാൽ മൂന്നു സൂത്രവും മരണകരമാകുന്നു എന്നും മെൽ പ്രകാരം അവർ ബന്ധുക്കളായിരുന്നാൽ മൂന്നുസൂത്രവും ജീവനകരമാകുന്നു എന്നും ഗ്രഹിച്ചുകൊൾക- മെൽ പ്രകാരം അവർ സമന്മാരായിരുന്നാൽ മൂന്നും രോഗസൂത്രമായി ഭവിക്കുകയും ചെയ്യും-

സ്യാതാം-ച- എന്ന ച ശബ്ദവും അംശേശയോഃ-ച- എന്ന ച ശബ്ദവും മെൽ പറഞ്ഞ അൎത്ഥത്തിന്റെ സമുച്ചയത്തെ സൂചിപ്പിക്കുന്നതെത്രെ ആകുന്നതു-

(വാ) ഏതൽസൂത്രവിഷയം ॥

അന്വയാൎത്ഥം—— ഇതു സൂത്ര വിഷയമായി ഭവിക്കുന്നു-

സാരം——സ്പഷ്ടമാകുന്നു-

൨൫· കുളീരഭൃംഗമത്സ്യേഷു ദോഷദംസ്യാദ്യഥൊത്തരം । തത്രാപ്യഹീന്ദ്രപൌരന്ദൎക്ഷാന്തെ വൎത്തിത്രിസ്ഫുടംഭവെൽ ॥

അന്വയാൎത്ഥം—— കുളീരഭൃംഗമത്സ്യങ്ങളിൽ ത്രിസ്ഫുടം ഉത്തരത്തെ അതിക്രമിക്കാതെ ദോഷദമായി ഭവിക്കും- അതുകളിലും അഹീന്ദ്ര പൌരന്ദരങ്ങളിൽ അപ്രകാരം തന്നെ ദോഷദമായി ഭവിക്കും-

സാരം—— കൎക്കടകം, വൃശ്ചികം, മീനം, ഈ രാശികളിൽ ത്രിസ്ഫുടം വന്നാൽ ദോഷമാകുന്നു- പുണൎതത്തിന്റെ നാലാം കാലും പൂയവും ആയില്യവും കൎക്കടകത്തിൽ വരുന്ന ത്രിസ്ഫുടത്തിന്റെ നക്ഷത്രമായി ഭവിക്കും. പുണൎതംനക്ഷത്രത്തിന്മെൽ ആകുന്നതിനെക്കാൾ പൂയനക്ഷത്രത്തിന്മെൽ ആകുന്നതു കഷ്ടമാകുന്നു- അതിനെക്കാളും ആയില്യനക്ഷത്രത്തിന്മെൽ വരുന്നതു കഷ്ടമാകുന്നു- വൃശ്ചികത്തിൽ വരുമ്പൊൾ നക്ഷത്രങ്ങൾ വിശാഖത്തിന്റെ നാലാംകാൽ അനിഴം തൃക്കെട്ട ഇതുകളിൽ വിശാഖത്തിന്മെൽ വരുന്നതിനെക്കാൾ അനിഴത്തിന്മെൽ വരുന്നതു കഷ്ടമാകുന്നു- തൃക്കെട്ടയിന്മെൽ വരുന്നതു അതിനെക്കാളും കഷ്ടമാകുന്നു- മീനത്തിൽ വരുമ്പൊൾ നക്ഷത്രങ്ങൾ പൂരട്ടാതിയുടെ നാലാംകാൽ ഉത്രട്ടാതി. രെവതി ഇതുകളിലെ കഷ്ടതയും മെൽ പ്രകാരം തന്നെ-

൨൬· കൎക്കിവൃശ്ചികമീനാനാംത്രിസ്ഫുടംചരമാംശകം । മൃത്യുപ്രദംഭവെദബ്ദമാസദിനൈഃക്രമാൽ ॥

അന്വയാൎത്ഥം—— കൎക്കി വൃശ്ചിക മീനങ്ങളുടെ ചരമാംശകമായിരിക്കുന്ന ത്രിസ്ഫുടം ക്രമെണ അബ്ദമാസദിനങ്ങൾകൊണ്ടു മൃത്യുപ്രദമായി ഭവിക്കും നിശ്ചയം-

സാരം—— കൎക്കടകത്തിൽ ത്രിസ്ഫുടം ചരമാംശകമായി വരികിൽ ഒരു സംവത്സരം കഴിയുന്നതിന്നു മുമ്പെ പൃച്ഛകന്നു മരണം ഭവിക്കുമെന്നറിക- വൃശ്ചികത്തിൽ ചരമാംശകമായി വരികിൽ ഒരുമാസം കഴിയുന്നതിന്നു മുമ്പെ മരണം ഭവിക്കുമെന്നറിക- മീനത്തിൽ ചരമാംശകമായി വരികിൽ ഒരു ദിവസം കഴിയുന്ന

തിന്നു മുമ്പെ പൃഛകൻ മരിക്കുമെന്നറിക-

൫൭. സംഹാരഗമസദൃക്ഷംപ്രശ്നമേഹാംശകാദിഗം । ജന്മതാരാത്രയസ്ഥംചനിയമെനമൃതിപ്രദം ॥

അന്വയാൎത്ഥം —— സംഹാരഗമായിരിക്കുന്ന ത്രിസ്ഫുടവും അസദൃക്ഷമായിരിക്കുന്ന ത്രിസ്ഫുടവും പ്രശ്നമേഹാംശകാദിഗമായിരിക്കുന്നത്രിസ്ഫുടവും ജന്മതാരാത്രയസ്ഥമായിരിക്കുന്നത്രിസ്ഫുടവും നിയമെന മൃതിപ്രദമായി ഭവിക്കുന്നു.

സാരം —— സംഹാരഖണ്ഡത്തിങ്കൽ ത്രിസ്ഫുടം വരികയും ത്രിസ്ഫുടത്തിന്നു പാപസംബന്ധമുണ്ടാകയും പൃഛകലഗ്നത്തിങ്കലൊ അതിന്റെ നവാംശകരാശിമുതലായ സ്ഥിതിയുള്ളതായി വരികയും പൃഛകന്റെ പിറന്നനാളിന്മെലൊ പക്കപ്പിറന്നാളുകളിലൊ ആകിലും നിയമെന മരണകരമാകുന്നു.

൫൮. സൃഷ്ടിഖണ്ഡഗ്രഹൊഡുസ്ഥമഥവാശുഭസംയുതം । യദ്വാജ്ഞഹരിചാപാംശഗതംത്രിസ്ഫുടമായുഷെ ॥

അന്വയാൎത്ഥം —— സൃഷ്ടിഖണ്ഡഗ്രഹൊഡുസ്ഥമായിട്ടൊ ശുഭസംയുതമായിട്ടൊ അജ്ഞഹരിചാപാംശഗതമായിട്ടൊ ഇരിക്കുന്ന ത്രിസ്ഫുടം ആയുസ്സിന്നായിക്കൊണ്ടു ഭവിക്കുന്നു.

സാരം —— സൃഷ്ടിഖണ്ഡത്തിങ്കലും സൃഷ്ടിരാശിയിലും സൃഷ്ടിനക്ഷത്രത്തിന്മെലും ഉള്ള ത്രിസ്ഫുടവും ശുഭഗ്രഹയൊഗത്തൊടുകൂടിയ ത്രിസ്ഫുടവും മെഷാംശകമൊ സിംഹാംശകമൊ ചാപാംശകമൊ ആയിരിക്കുന്ന ത്രിസ്ഫുടവും ആയുസ്സിന്നായിക്കൊണ്ടു ഭവിക്കുന്നു.

൫൯. ത്രിസ്ഫുടസ്യദൃഗാണാദിപശ്ചേശാശ്രിതരാശിപൈഃ । താതമാതൃഭ്രാതൃബന്ധുപുത്രഭാൎയ്യാശുഭാശുഭം ।

൬൦. സഗുണൈൎമ്മസ്തുശുഭംവാച്യംസദൊഷൈശ്ചതഥാശുഭം । ദൊഷാദൌൎബ്ബല്യതാനിഷ്ടസ്ഥിതിപാപാന്വയാദയഃ ॥

അന്വയാൎത്ഥം —— ത്രിസ്ഫുടത്തിന്റെ ദൃഗാണാദിപശ്ചേശാശ്രിതരാശിപന്മാരെക്കൊണ്ടു താതമാതൃഭ്രാതൃ ബന്ധുപുത്രഭാൎയ്യാശുഭാശുഭം വാച്യമായി ഭവിക്കുന്നു സഗുണന്മാരായിരിക്കുന്ന അവരെക്കൊണ്ടു ശുഭം വാച്യമായി ഭവിക്കുന്നു. സദൊഷന്മാരായിരിക്കുന്ന അവരെക്കൊണ്ടു അപ്രകാരം അശുഭവും വാച്യമായി ഭവിക്കുന്നു. ദൊഷങ്ങൾ ദൌൎബ്ബല്യാനിഷ്ടസ്ഥിതി പാപാന്വയാദികളായി ഭവിക്കുന്നു.

സാരം —— ത്രിസ്ഫുടത്തിന്റെ ദ്രെക്കാണാധിപനെക്കൊണ്ടും ഹൊരാധിപനെക്കൊണ്ടും നവാംശകാധിപനെക്കൊണ്ടും ത്രിം

ശാംശകാധിപനെ കൊണ്ടും ദ്വാദശാംശകാധിപനെകൊണ്ടും പ്രഷ്ടാവിന്റെ അച്ഛൻ, അമ്മ, സഹോദരൻ, ബന്ധു, പുത്രൻ, ഭാൎയ്യാ, ഇവരുടെ ശുഭാശുഭത്തെ പറയേണം മേൽപറകപ്പെട്ട വൎഗ്ഗേശന്മാർ ഗുണവാന്മാരാകുന്നു എങ്കിൽ ശുഭത്തെയും ദൊഷവാന്മാരാകുന്നു എങ്കിൽ അശുഭത്തെയും പറഞ്ഞുകൊൾക- മെൽപറകപ്പെട്ട വൎഗ്ഗേശന്മാരുടെ ദൊഷങ്ങൾ ബലഹാനിയും അനിഷ്ടഭാവ സ്ഥിതിയും പാപസംബന്ധം മുതലായതുമാകുന്നു -

൬൧- ഇഷ്ടഭാവസ്ഥിതിർവീൎയ്യം സദ്യോഗേക്ഷ ചതൽഗു
ണാഃ । ദ്രേക്കാണാദ്യധിപൈരെവംകെശ്ചിദെവം നിരൂപ്യതെ ॥

൬൨- ത്രിംശട്ടെക്കാദിഭിൎജ്ഞെയം പിത്രാദീനാമശോഭനം । ചതു
ൎത്ഥാംശകൈൎദ്വാത്രിംശൈഃ പാപയുഗ്ദൃതി ॥

൬൩- വാച്യശ്ചതുൎത്ഥാംശനാഥെ സംയുക്ത്യാവിചിന്ത്യതാം । വി
വസ്ത്രിതയാദ്വാക്കുലഹൊഹെതുനാവിനാ ।

൬൪- ധനഹീനസ്യ വൃദ്ധസ്യ ഭ്രഷ്ടസ്യ സമാഗമഃ । അഗ്നി
ഭീതിസ്സ്യതൊനാശഃ പാത്രസ്യ വസനസ്യ വാ ॥

൬൫- തൽക്ഷതശരീരസ്യ രൊഗാണാം വാസമാഗമഃ । തത
സ്സപ്താംശമല്ലുധവിപ്രസ്യാഗമനം തതഃ

൬൬- നാശശ്ചതുൎത്ഥാംശദ്വാദശസ്യ പതനം തതഃ । സമീപെ
കസ്യചിന്മൃത്യുൎവ്യാധിതാഷ്ടമഗെവിധെയം ।

൬൭- ദ്രേക്കാണദ്വയ്യീപാനൊനിശ്ചലക്ഷണാനിമ്മെതെന്നവ । മ
ന്ത്രാദിനവതാരാണാം ത്രിംശദ്ഭുക്തിംകൊണ്ണഗെ ॥

൬൮- ത്രിംശാംശസ്യ രാശെൎവ്വാത്രികൊണെന്ദ്രൌരഗൾഭവെൽ ।
ജപനസ്യാപന്നസ്യ നേത്രസ്ഥീവിശേഷണൊജ്ഞെതജസഃ ॥

൬൯- അതിസാരസ്യ ധാഭോണൊൎഭൂമിപുത്രസ്യ ദ്ദ്രണഃ । ജതസ്യ
വാൎദ്ധനസൊസ്യ ഭൂഃ പാരവശ്യഞ്ചനെത്രയൊഃ ।

൭൦- വൈമനസ്സകലാംഗെഷ്വധ ഭ്രമശ്ചഗുരൊസ്സുതാഃ । ശൊ
ഷശ്ശുക്രസ്യ മന്ദസ്യ സംകൊചഃ കരപാദയൊഃ ॥

൭൧- രാഹൊസ്സൂപതനംകെതൊൎവ്യാധിഃ ണൊളുമാഹൃതഃ । ത്രി
ംശാംശടെനസമെതസ്യ ത്രിംശാംശകപസ്യവാ ॥

൭൨- രൊഗിണൊയദിരൊഗസ്യാന്മരണം തസ്യ നിശ്ചിതം । മ
ദാമപഹ്നിദിശ്ചിദ്രമാനീയ ത്രിംശടൊഡ്വനഃ ॥

൭൩- എഷ്യാഭിവല്ലികാളിൎവ്വസ്യൂത്സരാന്തം ഫലം വദെൽ । അ
സ്മിൻ പ്രശ്നദശാനിരൂപ്യ ക്ഷത്രഭെദസ്സലിഖ്യതെ ॥

അന്വയാൎത്ഥം— ഇഷ്ടഭാവസ്ഥിതിയും വീൎയ്യവും സദ്യൊഗേക്ഷകളും തൽഗുണങ്ങളായി ഭവിക്കുന്നു- ദ്രേക്കാണാദ്യധി

പന്മാരെക്കൊണ്ടതന്നെ ചിലരാൽ ഇപ്രകാരം നിരൂപിക്കപ്പെട്ടന്നു- ത്രിസ്ഫുടം അൎക്കാദികളൊടു യുക്തമായിരിക്കും വിഷയത്തിങ്കൽ പിത്രാദികൾക്ക അശൊഭനം വാച്യമായി ഭവിക്കുന്നു- ചതുഷ്പദമാകുന്ന അംശകത്തിങ്കലൊ ഭത്തിങ്കലൊ ത്രിസ്ഫുടംപാപയുക്തയായി എങ്കിൽ ചതുഷ്പാത്തുകളുടെ നാശം വാച്യമായി ഭവിക്കുന്നു- ഇപ്രകാരം യുക്തികളെക്കൊണ്ടും വിചിന്തിക്കപ്പെടെണം- ദിപസത്രിതയത്തിങ്കൽ നിന്ന മൂടമ്പഹെതുവിനൊടുകൂടാതെ കലഹവും ധനഹീനനായി വൃദ്ധനായിരിക്കുന്ന ഭൂസുരന്റെ സമാഗമവും അഗ്നിഭീതിയും അനന്തരം പാത്രത്തിന്റെയൊ വസനത്തിന്റെയൊ നാശവും അനന്തരം ക്ഷതശരീരനായിരിക്കുന്നവന്റെയൊ രൊഗിയുടെയൊ സമാഗമവും അനന്തരംസൎപ്പാഗമവും അനന്തരം ശുദ്ധവിപ്രന്റെ ആഗമനവും അനന്തരം ചതുഷ്പാത്തുകളുടെ നാശമൊ മാസന്റെ പതനമൊ രണ്ടിൽ വെച്ചൊന്നും സമീപത്തിങ്കൽ ഉത്തന്ന വിധുവ്യാധിരാഷ്ട്രമഗതനായിരിക്കും വിഷയത്തിങ്കൽ മൃതിയും ഭംഗാദ്യങ്ങൾഹെതുവായിട്ട ദിപഹാനിയും ആകുന്ന ഒമ്പതു വസ്തുക്കൾ ത്രിസ്ഫുടം ഒന്ദ്രാദിനവതാംശകളുടെ ത്രികൊണഗമായിരിക്കും വിഷയത്തിങ്കലാകട്ടെ മൃതിയുടെ ലക്ഷണങ്ങളായി ഭവിക്കുന്നു- ത്രിസ്ഫുടാംശത്തിന്റെയൊ രാശിയുടെയൊ ത്രികൊണെന്ദ്ര സന്നായിരിക്കും വിഷയത്തിങ്കൽ തദുൽഭവം ഭവിക്കും- ഉഷ്ണതെജസ്സിനു ജ്വരവും വിശെഷിച്ചു തനുവിങ്കലും മൂൎദ്ധാവിങ്കലും താപവും സുധാഭാനുവിന്ന അതിസാരവും ഭൂമിപുത്രന്നാകട്ടെ വ്രണവുംജ്ഞന്നുവാൎണ്ണമസ്സുകളുടെ സ്തംഭവും നെത്രത്തിന്നു പാരവശ്യവും ഗുരുവിന്നു സകലാംഗങ്ങളിൽ വെദനയും ധിഭ്രമവും വ്യാധിയായിട്ടു സ്മൃതമായി ഭവിക്കുന്നു- ശുക്രന്നുശൊഫവും മന്ദന്നു കരപാദങ്ങളുടെ സംകൊചവും രാഹുവിന്ന പതനവും കെതുവിന്ന പ്രണവും വ്യാധിയായിട്ട ഉദാഹൃതമായി ഭവിക്കുന്നു- രൊഗിയുടെ രൊഗം ത്രിസ്ഫുടത്തൊടു സമെതനായിട്ടൊ ത്രിസ്ഫുടാംശപനായിട്ടൊ ഇരിക്കുന്ന ഗ്രഹത്തിന്റെയായി ഭവിക്കുമെങ്കിൽ അവന്നു മരണം നിശ്ചിതമായി ഭവിക്കുന്നു- ത്രിസ്ഫുടൊഡുവിന്റെ എണ്ണകളായിരിക്കുന്ന ഘടികകൾകൊണ്ട ദശയെയും അപഹാരിയെയും ഛിദ്രത്തെയും ആനയിച്ചിട്ട അതുകൾകൊണ്ട വത്സരാന്തമായിരിക്കുന്ന ഫലത്തെ വദിക്കണം- പ്രശ്നശാനീതിയിങ്കൽ പക്ഷഭെദം ഭവിക്കുന്നു- അതുംലഖനം ചെയ്യപ്പെടുന്നു-

സാരം—— ഇഷ്ടഭാവത്തിങ്കൽ ഉള്ള നിൽപ്പും ബലവും ശുഭ

യോഗവും ശുഭദൃഷ്ടിയും മെൽപറകപ്പെട്ട വൎഗ്ഗെശന്മാരുടെ ഗുണങ്ങളാകുന്നു- ചിലർ ദ്രെക്കാണം മുതലായതുകളുടെ അധിപന്മാരെക്കൊണ്ടുതന്നെ വൃശ്ചികന്റെ അച്ഛൻ മുതലായിട്ടുള്ളവരുടെ ശുഭാശുഭങ്ങളെ വിചാരിക്കുന്നു- ത്രിസ്ഫുടത്തൊടുസൂൎയ്യാദികൾക്കു യൊഗം ഭവിച്ചാൽ അച്ഛൻമുതലായ ജനങ്ങൾക്കു അശുഭമാകുന്നു- ചതുൎത്ഥരാശിയിലൊ ചതുൎത്ഥരാശിനവാംശകമായിട്ടൊ വരികിൽ നാല്ക്കാലികൾ നശിക്കുമെന്നു പറയെണം- ഇങ്ങിനെ യുക്തിയെ അനുസരിച്ചു വിചാരിച്ചുകൊൾക- അശ്വതി, മകം, മൂലം, ൟ നക്ഷത്രങ്ങളിൽ ത്രിസ്ഫുടം വന്നാൽ മൂന്നുദിവസത്തിലകത്ത ഹെതുകൂടാതെ കലഹം ഭവിച്ചാൽ രൊഗി മരിക്കും- ഭരണി, പൂരം, പൂരാടം, ഈതുകളിൽ വന്നാൽ ദരിദ്രനായവൃദ്ധബ്രാഹ്മണൻ വരികിൽ മരിക്കും- കാൎത്തിക, ഉത്രം, ഉത്രാടം, ഈതുകളിൽ ത്രിസ്ഫുടം വന്നാൽ അഗ്നിഭയമുണ്ടാകിൽ മരിക്കും- രൊഹിണി, അത്തം, തിരുവൊണം, ഈതുകളിൽ ത്രിസ്ഫുടംവന്നാൽ പാത്രമൊ വസ്ത്രമൊ നശിച്ചാൽ മരിക്കും- മകയിരം, ചിത്ര, അവിട്ടം, ഈതുകളിൽത്രിസ്ഫുടംവന്നാൽദെഹത്തിങ്കൽ മുറിയുള്ളവനൊ രൊഗിയൊ വരികിൽ മരിക്കും- തിരുവാതിര, ചൊതി, ചതയം, ഈതുകളിൽ ത്രിസ്ഫുടംവന്നാൽ സൎപ്പംവരികിൽ മരിക്കും- പുണർതം, വിശാഖം, പൂരട്ടാതി, ഈതുകളിൽ ത്രിസ്ഫുടംവന്നാൽ ശുദ്ധബ്രാഹ്മണൻവരികിൽ മരിക്കും- പൂയം, അനിഴം, ഉത്രട്ടാതി, ഈതുകളിൽ ത്രിസ്ഫുടംവന്നാൽ നാല്ക്കാലികൾ നശിക്കുകയൊ ഭൃത്യനാശം ഭവിക്കുകയൊ രണ്ടിൽവെച്ചു ഒന്നുഭവിക്കിൽ മരിക്കും- ആയില്യം, തൃക്കെട്ട, രെവതി, ൟ നക്ഷത്രങ്ങളിൽ ത്രിസ്ഫുടംവന്നാൽസമീപത്തിങ്കൽ ഒരുത്തൻ രൊഗിയുടെ അഷ്ടമരാശിയിൽ ചന്ദ്രൻ നില്ക്കുമ്പൊൾ മരിക്കുകയൊ വണ്ടുമുതലായ ജന്തുക്കൾവന്നു വിളുക്കുകെടുക്കുകയൊ രണ്ടിലൊന്നു ഭവിക്കിൽ രൊഗിമരിക്കും-

മെൽപറഞ്ഞ മരണലക്ഷണങ്ങളിൽ കാലനിൎണ്ണയത്തൊടുകൂടെ പറകപ്പെടാത്തതുകൾ ത്രിസ്ഫുടരാശിയുടെയൊ ത്രിസ്ഫുടനവാംശകരാശിയുടെയൊ ത്രികൊണത്തിങ്കൽ ചന്ദ്രൻവരുമ്പൊൾ ഉണ്ടാകും ആ സമയം സൂക്ഷിച്ചു അറിയെണം- ഇനി ആദിത്യാദികളുടെ രൊഗങ്ങളെ പറയുന്നു-

ആദിത്യന്റെ രൊഗം പനിയും വിശെഷിച്ചുദെഹശിരസ്സുകളിൽ ചൂടമാകുന്നു-

ചന്ദ്രന്റെരൊഗം അതിസാരമാകുന്നു- ചൊവ്വയുടെ രൊഗം വ്രണമാകുന്നു- ബുധന്റെ രൊഗം വാക്സ്തംഭവും മനസ്തംഭവു

മാകുന്നു- വ്യാഴത്തിന്റെ രോഗം സൎവ്വാംഗവെദനയും ബുദ്ധിഭ്രമവുമാകുന്നു- ശുക്രന്റെ രോഗം വീക്കമാകുന്നു- ശനിയുടെ രോഗം കഴപ്പും കാലും നീൎത്തിക്കൂടായ്കയാകുന്നു- രാഹുവിന്റെരോഗം വീഴ്ചഹെതുവായിട്ടുള്ള മുടക്കമാകുന്നു- കെതുവിന്റെ രോഗം വ്രണമാകുന്നു- രൊഗി തന്റെരൊഗം ത്രിസ്ഫുടത്തൊടുകൂടെ നില്ക്കുന്ന ഗ്രഹത്തിന്നൊ ത്രിസ്ഫുടത്തിന്റെ അംശകാധിപന്നൊ പറകപ്പെട്ടതായിരുന്നാൽ അവൻ മരിക്കും. അതിന്നു സംശയമില്ല- ഉണ്ടായിക്കഴിഞ്ഞരൊഗം വെറെ ഒന്നായാലും അതിന്റെ മെലെ ത്രിസ്ഫുടത്തൊടുകൂടിയഗ്രഹത്തിന്റെയൊ ത്രിസ്ഫുടനവാംശകാധിപന്റെയൊ രൊഗം ഭവിച്ചാൽ മരിക്കുമെന്നും അഭിപ്രായത്തെ ഗ്രഹിക്കെണം-

ത്രിസ്ഫുടനക്ഷത്രന്റെ കഴിഞ്ഞനാഴിക കഴിച്ചുശിഷ്ടം കൊണ്ടു ശിഷ്ടദശയെ വരുത്തെണം- പ്രശ്നത്തിങ്കൽ ശിഷ്ടദശാനയനം ഇപ്രകാരമാകുന്നു- അതാതു ദശകളുടെ അപഹാരച്ഛിദ്രങ്ങളെയുമുണ്ടാക്കെണം- പിന്നെ അതുകൾകൊണ്ടു സംവത്സര വധിയായിട്ടു ഫലങ്ങളെ പറഞ്ഞുകൊൾക-

ശിഷ്ടദശവരുത്തുന്നെടത്തു പക്ഷാന്തരമുണ്ടു അതിനെ ഇനി എഴുതുന്നു-

രൗഃ പ്രശ്നോഡുത്രിസ്ഫുടാഭ്യാംവിധിവദുഡുദശാംമാന്ദിനാചപ്രദീപംയാതാഭിൎന്നാഡികാഭിൎന്നയതുതിസൃഷ്വെവഗ്രാഹ്യതാംതാസു ചൈകാ പ്രശ്നെയാത്രാനുരൂപാശുഭതദിതരദൈചാബ്ദികെമാസികെ വാചൈടാബ്ദാവാസരാസ്സ്യുസ്ത്രിഗുണിതവിഹൃതാസ്സൈ്വവനെയാ ദശെന്ദോഃ ॥

അന്വയാൎത്ഥം—— പ്രശ്നോഡുത്രിസ്ഫുടൊഡുക്കൾകൊണ്ടു വിധിക്കുംവണ്ണം ഉഡുദശയെനയിക്കെണം- മാന്ദിയെക്കൊണ്ടു പ്രദീപമാകുംവണ്ണം യാതകളായിരിക്കുന്ന നാഡികകൾകൊണ്ടും നയിക്കെണം- ആമൂന്നു ദശകളിൽവെച്ചു ശുഭതദിതരദമായിരിക്കുന്ന ഒരു പ്രശ്നത്തിങ്കൽ യാതൊന്നു അനുരൂപയായി ഭവിക്കുന്നുവൊ അതാകുന്ന ഒന്നു ഗ്രഹിക്കപ്പെടുകയുംവെണം- ആബ്ദികമായിട്ടും മാസികമായിട്ടും ഇരിക്കുന്ന പ്രശ്നത്തിങ്കൽ ത്രിഗുണിതവിഹൃതങ്ങളായിരിക്കുന്ന ചൈടാബ്ദങ്ങൾ വാസരങ്ങളായി ഭവിക്കും ഇന്ദുവിന്റെ ആ ദശ തന്നെ നെയയായി ഭവിക്കുന്നു-

സാരം—— പ്രശ്നനക്ഷത്രംകൊണ്ടും ത്രിസ്ഫുടനക്ഷത്രംകൊണ്ടും ക്രമപ്രകാരം നക്ഷത്രദശയെ വരുത്തെണം ഗുളികനക്ഷത്രത്തി

ന്മെൽ ചെന്ന നാഴികകൊണ്ടും വരുത്തെണം ഇതുശിഷ്ടദശാ പിന്നെ അതിന്റെ മുമ്പെയുള്ളദശാ പിന്നെ അതിന്റെ മുമ്പെയുള്ളദശാ- ഇങ്ങിനെ വിപരീതമായി വരുത്തെണം- മെൽ പറകപ്പെട്ട മൂന്നു ദശകളിൽ യാതൊന്നു ശുഭപ്രദമായിട്ടും അശുഭപ്രദമായിട്ടുമിരിക്കുന്ന പ്രശ്നത്തൊടു യൊജിക്കുന്നുവൊ അതിനെ തന്നെ ഗ്രഹിക്കെണം സംവത്സര പ്രശ്നത്തിങ്കൽമൂന്നുകൊണ്ടു ഗുണിക്കപ്പെട്ട ദശാസംവത്സരങ്ങൾ ദശാ ദിവസങ്ങളായി ഭവിക്കും. മാസ പ്രശ്നത്തിങ്കൽ നാലുകൊണ്ടു ഹരിക്കപ്പെട്ട ദശാസംവത്സരങ്ങൾ ദശാദിവസങ്ങളായി ഭവിക്കും. സംവത്സരപ്രശ്നത്തിങ്കലും മാസ പ്രശ്നത്തിങ്കലും, ത്രിസ്ഫുടഗുളികന്മാരെക്കൊണ്ടുദശ വരുത്തു മാറില്ല- ചന്ദ്രനെക്കൊണ്ടു തന്നെ വരുത്തുമാറുള്ളു

ഇതി ഷഷ്ഠൊദ്ധ്യായഃ

---

## അഥ സപ്തമാദ്ധ്യായപ്രാരംഭഃ.

(വാ) അഥാഷ്ടമംഗലഫലാന്യുച്യന്തെ ॥

അന്വയാൎത്ഥം—— അനന്തരം അഷ്ടമംഗലഫലങ്ങൾ വചിക്കപ്പെടുന്നു-

സാരം——സ്പഷ്ടമാകുന്നു-

ഫ. വാമസ്ഥനുഫലംഭൂതംവൎത്തമാനന്തുമദ്ധ്യതഃ। ദക്ഷിണസ്ഥനഭാവീനിഫലാനിചവിനിൎദ്ദിശെൽ ॥

അന്വയാൎത്ഥം——വാമസ്ഥമായിരിക്കുന്നതുകൊണ്ടു ഭൂതമായിരിക്കുന്ന ഫലത്തെയും മദ്ധ്യമായിരിക്കുന്നതുകൊണ്ടു വൎത്തമാനമായിരിക്കുന്ന ഫലത്തെയും ദക്ഷിണസ്ഥമായിരിക്കുന്നതു കൊണ്ടു ഭാവികളായിരിക്കുന്ന ഫലങ്ങളെയും വിനിൎദ്ദെശിക്കെണം-

സാരം-ഇടത്തുപുറത്തുള്ള കവിടിയുടെസംഖ്യകൊണ്ടു കഴിഞ്ഞ ഫലത്തെയും വലത്തുപുറത്തുള്ള കവിടിയുടെ സംഖ്യകൊണ്ടുവരുവാൻ പൊകുന്ന ഫലത്തെയും നടുവിലുള്ള കവിടിയുടെ സംഖ്യകൊണ്ടു വൎത്തമാനഫലത്തെയും പറയെണം-

ഫ. അധൊൎദ്ധ്വൊൎദ്ധ്വഭാഗെഷുവാമെഷ്ഠാദക്ഷിണൊദയഃ।യുഗസംഖ്യാവപുൎഭാഗെഗ്രഹൊക്തവ്യാധിമാദിശെൽ ॥

അന്വയാർത്ഥം — ദക്ഷിണാദികൾ വപുസ്സിന്റെ അധൊമദ്ധ്യോൎദ്ധ്വഭാഗങ്ങളിൽ ജ്ഞെയങ്ങളായി ഭവിക്കുന്നു. യുഗ്മാസംഖ്യാവപുൎഭാഗത്തിങ്കൽ ഗ്രഹൊക്തവ്യാധിയെ ആദെശിക്കെണം.

സാരം — അഷ്ടമംഗലത്തിന്റെ ദക്ഷിണഭാഗത്തിങ്കലുള്ള സംഖ്യയെ ദെഹത്തിന്റെ അരക്കൽനിന്നു താഴെടമെന്നും നടുവിലുള്ള സംഖ്യയെ അരക്കൽനിന്നു മെലെയും കഴുത്തിൽനിന്നു താഴെയുമായ പ്രദെശമെന്നും വാമഭാഗത്തിങ്കൽ ഉള്ള സംഖ്യയെ കഴുത്തിൽനിന്നു മെലെടമെന്നും കല്പിക്കെണം. ഇങ്ങിനെ കല്പിക്കുമ്പൊൾ ശരീരത്തിന്റെ യാതൊരു ഭാഗത്തിങ്കൽ യുഗ്മസംഖ്യ ഭവിക്കുന്നുവൊ അവിടെ അതാതു ഗ്രഹങ്ങൾക്കു പറകപ്പെട്ടവ്യാധിയെ പറയെണം.

ഗ്രഹങ്ങളുടെ വ്യാധികളെ ഇനി ഒരെടത്തു പറയും അതിനെ ഗ്രഹിച്ചുകൊൾക.

൩. സ്ഥാനെഷ്വെതിഷു ചൈകാദി ശെഷെഷ്വൎഭാസ്കരാദയഃ ।
ധ്വജാദ്യാഗരുഡാദ്യാശ്ച പഞ്ചഭൂതാനി ച ക്രമാൽ ॥

അന്വയാർത്ഥം — മൂന്നുസ്ഥാനങ്ങളിലും എകാദിശെഷം സത്തായിരിക്കും വിഷയത്തിങ്കൽ ഭാസ്കരാദികളും ധ്വജാദ്യങ്ങളും ഗരുഡാദ്യങ്ങളും അഞ്ചുഭൂതങ്ങളും ക്രമെണ ഭവിക്കും.

സാരം — അഷ്ടമംഗലത്തിന്റെ വാമദക്ഷിണമദ്ധ്യങ്ങളായ മൂന്നുസ്ഥാനങ്ങളിലും ഒന്നു മുതലായ സംഖ്യകൾ ശെഷിച്ചാൽ അതുകളെ ക്രമെണ സൂൎയ്യാദിഗ്രഹങ്ങളാക്കിയും ധ്വജാദിയൊനികളാക്കിയും ഗരുഡാദികളാക്കിയും പഞ്ചഭൂതങ്ങളാക്കിയും കല്പിക്കെണം.

സൂൎയ്യാദിഗ്രഹകല്പനയുടെ ക്രമത്തെയും ധ്വജാദികളും ഗരുഡാദികളും ഇന്നവ എന്നതിനെയും പഞ്ചഭൂതകല്പനയുടെ ക്രമത്തെയും ഇനി പറയും.

൪. അൎക്കാരജീവവിച്ഛുക്രമന്ദചന്ദ്രാഹയഃ ക്രമാൽ । ധ്വജധൂ
മഹരിശ്വൊക്ഷഖരമാതംഗവായസാഃ ॥

൫. താൎക്ഷ്യമാൎജ്ജാരസിംഹശ്വാഹ്യാഖുമൂഷിപശശാസ്സ്മൃതാഃ ।
ധ്വജസിംഹൌമഹീമന്ത്രിവൃഷൌജലമയൌമതൌ ॥

൬. ധൂമൊവഹ്നിഃഖരൊവായുശ്ശ്വകാകൌവിയദാത്മകൌ ।
അഭീഷ്ടാൎത്ഥാഗമംകീൎത്തിംജയംഭൂപതിമാനനം ॥

൭. സഭാജനപദഗ്രാമസൽകൃതിംകുരുതെരവിഃ । ചൊരഭൂപാ
യുധാഗ്നിഭ്യൊഭയംസ്കന്ദാച്ചഭൈരവാൽ ॥

൮. കലഹജ്വരപിത്താസൃക്‌ക്ലീബൊന്നെത്രഗദാൻകുജഃ । ഗുദ

ദൈവതവിപ്രാണാംപ്രസാദജശ്ശുഭാഗമം ।
൯. ഛത്രകുലഹേമമന്ത്രശുഭസുതാപ്തിംകുരുതേഗ്ഗുരുഃ । ശുഭഗോ
മൃഗാദീതൊളീതിംവിഷ്ണുകോപംവിഘച്ചികാം ॥
൧൦. തപഗ്രോഗാൻസന്നിപാതഞ്ചകുരുതേശീതരശ്മിജഃ । ഭൂ
ഷണാംബരശയ്യാപ്തിംസ്ത്രീസുഖംമൃഷ്ടഭോജനം ॥
൧൧. കൃഷിഗോമഹിഷീലാഭംകുരുതേഗുരുനന്ദനഃ । വാതശൂ
ലാമയംചോരഭീഞ്ഞ്നൈഭ്യോഭയംശനിഃ ॥
൧൨. കുരുതേമരണാന്തഭീതിംദുൎഗ്രഹാണാഞ്ചപീഡനം । വൈ
ശ്മസൌഖ്യംമനഃപ്രീതിംസുഹൃൽസ്വജനസംഗമം ॥
൧൩. ജലോത്ഥസസ്യപാനാന്നനാസ്ത്രാപ്തിംപൂൎണ്ണചന്ദ്രമാഃ ।
കുഷ്ഠപാമാദികാന്രോഗാൻനേത്രപാദഭവാനപി ॥
൧൪. വിഷഭീതിഞ്ചനീചാനാംവിരോധംകുരുതേഫണീ । ആ
രോഗ്യമൎത്ഥലാഭഞ്ചലഭതേശത്രുനാശനം ॥
൧൫. പുത്രലാഭംചനിയമഃധ്വജസന്ദൎശനാന്നരഃ । ചിത്ത
ദുഃഖംമഹാവ്യാധിംശത്രുപീഡാംനിരൎത്ഥതാം ॥
൧൬. സ്ഥാനഭ്രംശംവിവാദഞ്ചലഭതേധൂമദൎശനാൽ । നീരോ
ഗതാംസുതപ്രാപ്തിംമനഃപ്രീതിംധനാഗമം ।
൧൭. മഹിജഭൂപാലസമ്മാനംലഭതേസിംഹദൎശനാൽ । വിപ്ര
വാസംഭയഞ്ചൈവദ്രവ്യനാശംരുജംതഥാ ॥
൧൮. അപമൃത്യുംവിവാദഞ്ചനിൎദ്ദിശേച്ഛ്വപ്രദൎശനാൽ । സ്ത്രീ
ലാഭംപുത്രലാഭഞ്ചധനലാഭംഗൃഹസുഖം ॥
൧൯. ലഭതേചായുരാരോഗ്യംവൃഷസന്ദൎശനാന്നരഃ । ഭിക്ഷാ
മാഗമനംരോഗംസ്ഥാനനാശംധനക്ഷയം ॥
൨൦. കാൎശ്യഹാനിംമനഃക്ലേശംലഭതേഖരദൎശനാൽ । സ്ത്രീഭോ
ഗംധനധാന്യാപ്തിംസുഹൃദാംസംഗമംസുഖം ॥
൨൧. ഭൂപാലരത്നാദ്യഞ്ചകഥയേൽഗജദൎശനാൽ । സ്ഥാന
ഭ്രംശംസുഹൃന്നാശംസ്ഥാനനാശംമഹാഭയം ॥
൨൨. ജീവനാശമരേൎമ്മൃത്യുംലഭതേകാകദൎശനാൽ । സൎപ്പാദയഃ
ക്രമാന്മധ്യേചതുരാരോദക്ഷിണേപുനഃ ॥
൨൩. താൎക്ഷ്യാദയശ്ചചത്വാരോയദിതേമരണപ്രദാഃ । ഏ
വംക്രമാൽസ്ഥിതേഷ്വേഷുമാൎജ്ജാരസ്യാഖുഭക്ഷണം ॥
൨൪. ചകോരശ്യേനപൂൎവ്വാണാമുരഗഗ്രഹണംതഥാ । ശശ
സ്യഗ്രഹണംമാംസഖണ്ഡംവാദായചാഗമഃ ॥
൨൫. കുക്കുരസ്യഗ്രഹേപ്രഷ്ടുരേതന്മരണലക്ഷണം । ഓതൗ
മധ്യസ്ഥിതേവാച്യംപ്രഷ്ടുസ്സ്വല്പംഫലനാദികം ॥

അനപായാൎത്ഥം— അക്കാരജീവവിച്ഛുക്രമന്ദ ചന്ദ്രാദികൾ
ക്രമേണ ഭവിക്കും- ധ്വജധൂമഹരിശ്വോക്ഷഖര മാതംഗവായസ
ങ്ങളും ക്രമേണ ഭവിക്കും- അപ്രകാരം താൎക്ഷ്യമാൎജ്ജാരസിംഹ
ശ്വാഹ്യാഖുമൃഗപശശങ്ങളും ഭവിക്കും- ധ്വജസിംഹങ്ങൾ മഹിയാ
യി ഭവിക്കുന്നു- മന്തിവൃഷങ്ങൾ ജലമയങ്ങളായിട്ടു മതങ്ങളായി
ഭവിക്കുന്നു- ധൂമം വഹ്നിയായി ഭവിക്കുന്നു- ഖരം വായു
വായി ഭവിക്കുന്നു- ശ്വാകാകന്മാർ വിയദാത്മകന്മാരായി ഭവി
ക്കുന്നു- അഭീഷ്ടാൎത്ഥാഗമത്തെയും കീൎത്തിയെയും ജയത്തെയും ഭൂ
പതിമാനനത്തെയും സഭാജനപദഗ്രാമസൽകൃതിയെയും രവി
ഉണ്ടാക്കുന്നു- ചൊരഭൂപായുധാഗ്നികളിൽനിന്നും സൂന്ദക്കൽനി
ന്നും ഭൈരവൻകൽനിന്നും ഭയത്തെയും കലഹജ്വരപിത്താസൃക്
ക്ഷീരൊനെത്രരൊഗങ്ങളെയും കുജൻ ഉണ്ടാക്കുന്നു- ഗുരുദൈവതവി
പ്രന്മാരുടെ പ്രസാദജ്ഞഭാഗമത്തെയും ദുകൂലഹേമദന്ത്യശ്വ
സുതാപ്തിയെയും ഗുരു ഉണ്ടാക്കുന്നു- ശാഖാമൃഗാദികളിൽ നി
ന്നും ഭീതിയെയും വിജ്ഞകൊപത്തെയും വിചൎച്ചികയെയും ത്വ
ഗ്രോഗങ്ങളെയും സന്നിപാതത്തെയും ശീതരശ്മിജൻ ഉണ്ടാക്കു
ന്നു- ഭൂഷണാംബരശയ്യാപ്തിയെയും സ്ത്രീസുഖത്തെയും മൃഷ്ട
ഭൊജനത്തെയും കൃഷിഗൊമഹിഷീലാഭത്തെയും ഭൃഗുനന്ദനൻ
ഉണ്ടാക്കുന്നു- വാതശൂലാമയത്തെയും ചൊരദുൎജ്ജനങ്ങളിൽ നി
ന്നുഭയത്തെയും മരണത്തിങ്കൽനിന്നു ഭീതിയെയും ദുൎഗ്രഹങ്ങളു
ടെ പീഡനത്തെയും ശനി ഉണ്ടാക്കുന്നു- വൈശ്മസൌഖ്യത്തെ
യും മനഃപ്രീതിയെയും സുഹൃൽസ്വജനസംഗമത്തെയും ജലൊ
ത്ഥസസ്യപാനാന്നാദ്യാപ്തിയെയും പൂൎണ്ണചന്ദ്രമസ്സ ഉണ്ടാക്കു
ന്നു- കുഷ്ഠപാമാദികങ്ങളായിട്ടും നെത്രപാദഭവങ്ങളായിട്ടും ഇ
രിക്കുന്ന രൊഗങ്ങളെയും വിഷഭീതിയെയും നീചന്മാരുടെ വി
രൊധത്തെയും ഫണി ഉണ്ടാക്കുന്നു- ആരൊഗ്യത്തെയും അൎത്ഥ
ലാഭത്തെയും ശത്രുനാശനത്തെയും പുത്രലാഭത്തെയും ധ്വജദൎശ
നം ഹേതുവായിട്ടു നരൻ നിയമെന ലഭിക്കുന്നു- ചിത്തദുഃഖ
ത്തെയും മഹാവ്യാധിയെയും ശത്രുപീഡയെയും നിരൎത്ഥതയെയും
സ്ഥാനഭ്രംശത്തെയും വിവാദത്തെയും ധൂമദൎശനം ഹേതുവായിട്ടു
ലഭിക്കുന്നു- നീരൊഗതത്തെയും സുതപ്രാപ്തിയെയും മനഃപ്രീ
തിയെയും ധനാഗമത്തെയും ദ്വിജഭൂപാലസന്മാനത്തെയും സിം
ഹദൎശനം ഹേതുവായിട്ടു ലഭിക്കുന്നു- വിപ്രവാസത്തെയും
ഭയത്തെത്തന്നെയും ദ്രവ്യനാശത്തെയും അപ്രകാരം രുക്കിനെ
യും അപമൃത്യുവിനെയും വിവാദത്തെയും ശ്വപ്രദൎശനം ഹേതുവാ

യിട്ടു നിൎദ്ദേശിക്കേണം. സ്ത്രീലാഭത്തെയും പുത്രലാഭത്തെയും ധനലാഭത്തെയും ഗൃഹത്തെയും സുഖത്തെയും ആയുസ്സിനെയും ആരോഗ്യത്തെയും നരൻവൃക്ഷസന്ദൎശനം ഹേതുവായിട്ടു ലഭിക്കുന്നു- ഭിക്ഷാഗമനത്തെയും രോഗത്തെയും സ്ഥാനനാശത്തെയും ധനക്ഷയത്തെയും കാൎയ്യഹാനിയെയും മനഃക്ലേശത്തെയും ഖരദൎശനം ഹേതുവായിട്ടു ലഭിക്കുന്നു- സ്ത്രീഭോഗത്തെയും ധനധാന്യാപ്തിയെയും സുഹൃത്തുക്കളുടെ സംഗമത്തെയും സുഖത്തെയും ഭൂപാലരത്നലാഭത്തെയും ഗജദൎശനംഹേതുവായിട്ടു കഥിക്കേണം- സ്ഥാനഭ്രംശത്തെയും സുഹൃന്നാശത്തെയും സ്ഥാനനാശത്തെയും മഹാഭയത്തെയും ജീവനാശത്തെയും അരിയിങ്കൽനിന്നു മൃത്യുവിനെയും കാകദൎശനം ഹേതുവായിട്ടു ലഭിക്കുന്നു- മധ്യത്തിങ്കൽ ക്രമേണ സൎപ്പാദികൾനാലും ദക്ഷിണത്തിങ്കലാകട്ടെ താൎക്ഷ്യാദികൾ നാലും ഭവിക്കുന്നു എങ്കിൽ അതുകൾ മരണപ്രദങ്ങളായി ഭവിക്കുന്നു- ഇപ്രകാരം ഇതുകൾ ക്രമേണസ്ഥിതങ്ങളായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്റെ ഗൃഹത്തിങ്കൽമാൎജ്ജാരന്റെ ആഖുഭക്ഷണവും, അപ്രകാരം ചകോരശ്യേനപൂൎവ്വങ്ങളുടെ ഉരഗഗ്രഹണവും കുക്കുരത്തിന്റെ ശശത്തിന്റെ ഗ്രഹണവും മാംസഖണ്ഡത്തെ ആദാനംചെയ്തിട്ടുള്ള ആഗമവും ആകുന്ന ഇത മരണലക്ഷണമാകുന്നു- ഒരുമധ്യസ്ഥിതനായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്റെ തല്ലുംഫലനാദികം വാച്യമായി ഭവിക്കുന്നു-

സാരം.—— അഷ്ടമംഗലസംബന്ധികളായ മൂന്നുസ്ഥാനങ്ങളിൽ എതിലെങ്കിലും ഒന്നുശേഷിച്ചാൽ അതുസൂൎയ്യനെന്നുകല്പിച്ചുകൊൾക. രണ്ടാകിൽചൊവ്വ, മൂന്നാകിൽവ്യാഴം, നാലാകിൽ ബുധൻ, അഞ്ചാകിൽശുക്രൻ. ആറാകിൽശനി, ഏഴാകിൽചന്ദ്രൻ. എട്ടാകിൽരാഹു. ഇങ്ങിനെ സൂൎയ്യാദിരാഹുപൎയ്യന്തങ്ങളായഗ്രഹങ്ങളെകല്പിക്കേണം, അതുപ്രകാരംതന്നെ മേൽപറഞ്ഞ സംഖ്യകൾകൊണ്ടു ക്രമത്താലെ ധ്വജം, ധൂമം, സിംഹം, ശ്വാവ്, വൃഷം, ഖരം, ഗജം, കാകൻ ഇതുകളെയും ആദിത്യൻ, മാൎജ്ജാരൻ, സിംഹം, ശ്വാവ, സൎപ്പ, മൂഷികൻ. ഗജം, മുയൽ ഇതുകളെയും കല്പിക്കേണം ധ്വജവും സിംഹവും ഭൂമിയാകുന്നു. ഗജവും വൃഷവും ജലമാകുന്നു. ധൂമം തേജസ്സാകുന്നു. ഖരം വായുവാകുന്നു ശ്വാവും കാക്കയും ആകാശമാകുന്നു ഇങ്ങിനെ ധ്വജാദികൾകൊണ്ടു പഞ്ചഭൂതങ്ങളെയും കല്പിക്കേണം- ഇനി ഇതുകളുടെ ഫലത്തെ പറയുന്നു.

ഇഷ്ടലാഭവും, കീൎത്തിയും, ജയവും, രാജസമ്മാനവും, സഭാവാസികൾ, രാജ്യവാസികൾ, ഗ്രാമവാസികൾ ഇങ്ങിനെയുള്ളവർ സൽക്കരിക്കുകയും അഷ്ടമംഗലഗ്രഹം സൂൎയ്യനായാൽവരുന്നഫലമാകുന്നു.

കള്ളന്മാരിൽനിന്നുള്ളഭയവും രാജാവിങ്കൽ നിന്നുള്ളഭയവും ആയുധഭീതിയും അഗ്നിഭീതിയും സ്കന്ദകോപവും ഭൈരവകോപവും കലഹവും പനിയും പിത്തരോഗവും ശോണിതരോഗവും ശിരോരോഗവും നേത്രരോഗവും ചൊവ്വയായാൽവരുന്ന ഫലമാകുന്നു.

ഗുരുദൈവബ്രാഹ്മണന്മാരുടെ പ്രസാദം ഹേതുവായിട്ടുള്ള ഇഷ്ടപ്രാപ്തിയും പട്ടു, സ്വൎണ്ണം, രത്നം, കുതിര ഇതുകളെലഭിക്കയും പുത്രലാഭവും വ്യാഴത്തിന്റെ ഫലമാകുന്നു.

ശത്രുക്കളിൽനിന്നും പശുക്കളിൽനിന്നും മൃഗങ്ങളിൽനിന്നുമുള്ള ഭയവും വിഷ്ണുകോപവും ചൊറിയും ത്വക്കിനെ ആശ്രയിച്ചുണ്ടാകുന്ന രോഗങ്ങളും ത്രിദോഷകോപവും ബുധന്റെ ഫലമാകുന്നു. ആഭരണം വസ്ത്രം ശയനസാധനം ഇവയെലഭിക്കുകയും സ്ത്രീസുഖവും മൃഷ്ടാന്നലാഭവും കൃഷി, ഭൂമി, പശു, ഘൃതം, ഇവയെലഭിക്കുകയും ശുക്രന്റെ ഫലമാകുന്നു. വാതരോഗവും ശൂലരോഗവും കള്ളന്മാരിൽനിന്നും ദുൎജ്ജനങ്ങളിൽനിന്നും ഉണ്ടാകുന്ന ഭയവും മരണഭീതിയും ഉദ്വേഗതാപീഡയും ശനിയുടെ ഫലമാകുന്നു. ഗ്രഹസൌഖ്യവും മനസ്സിന്റെ സന്തോഷവും സ്നേഹിതന്മാരും ജ്ഞാനികളും വന്നുചേരുകയും വെള്ളത്തിൽ ഉണ്ടാകുന്നവസ്തുക്കൾ, ധാന്യാദികൾ, പാനദ്രവ്യം, ഭക്ഷണദ്രവ്യം, ഇവയെ ലഭിക്കുകയും സ്ത്രീലാഭവും ചന്ദ്രഫലമാകുന്നു. കുഷ്ഠം, ചിരങ്ങ, നേത്രരോഗം, വാതരോഗം ഇത്യാദികളായ രോഗങ്ങൾ ഉണ്ടാകയും വിഷഭയവും നീചവിരോധവും രാഹുഫലമാകുന്നു.

ആരോഗ്യം, ധനലാഭം, ശത്രുനാശം, പുത്രലാഭം ഇവധ്വജഫലമാകുന്നു. മനോദുഃഖം, മഹാവ്യാധി, ശത്രുപീഡ, ദാരിദ്ര്യം സ്ഥാനഭ്രംശം, വിവാദം ഇവധൂമഫലമാകുന്നു. ആരോഗ്യം, പുത്രലാഭം, മനഃപ്രീതി, ധനലാഭം, ബ്രാഹ്മണസല്ക്കാരം, രാജസല്ക്കാരം ഇവസിംഹഫലമാകുന്നു. സ്വദേശത്തെ വെടിഞ്ഞു വല്ലേടത്തെങ്കിലും പോക, ഭയം, ദ്രവ്യനാശം, രോഗം അപമൃത്യു വിവാദം ഇവ ശ്വാവിന്റെഫലമാകുന്നു. സ്ത്രീലാഭം, പുത്രലാഭം, ധനലാഭം, ഗ്രഹപുഷ്ടി, സുഖം, ആയുസ്സ് ആരോഗ്യം, ഇവവൃ

ക്ഷത്തിന്റെ ഫലമാകുന്നു. ശത്രുക്കളുടെ വരവ, രോഗം, സ്ഥാനനാശം, ധനക്ഷയം, കാൎയ്യനാശം, മനഃക്ലേശം, ഇവ ഖരത്തിന്റെ ഫലമാകുന്നു, സ്ത്രീഭോഗം, ധനലാഭം, ധാന്യലാഭം, സ്നേഹിതന്മാർ വന്നുചേരുക, സുഖം, രാജപ്രസാദം, രത്നലാഭം. ഇവ ഗജത്തിന്റെ ഫലമാകുന്നു, സ്ഥാനഭ്രംശം, സ്നേഹിതന്മാരായജനങ്ങൾനശിച്ചുപോക, സ്ഥാനനാശം. മഹാഭീതി, പശുപാദിജീവധനങ്ങളുടെനാശം, ശത്രുവിങ്കൽനിന്ന മരണപ്രാപ്തി ഇവക്രോഡഫലമാകുന്നു. സൎപ്പാദികൾനാലും നടുവിൽ താൎക്ഷ്യാദികൾനാലും ദക്ഷിണഭാഗത്തിങ്കൽ ഇങ്ങിനെവന്നാൽ അതുകൾ മരണഫലത്തെബോധിപ്പിക്കുന്നതുകളാകുന്നു.

സൎപ്പാദികളുടെയും താൎക്ഷ്യാദികളുടെയും സ്ഥിതിമേൽപ്രകാരമായിരിക്കുമ്പോൾ പൃച്ഛകന്റെ ഭവനത്തിൽവെച്ചൊരു പൂച്ച എലിയെപിടിക്കുകയൊ ചെമ്പോത്ത പരുന്ത ഇത്യാദികളായപക്ഷികൾ പാമ്പിനെ പിടിക്കുകയൊ നായ മുയലിനെ പിടിക്കുകയൊ മാംസഖണ്ഡം കടിച്ചുകൊണ്ടുവരികയൊ ഉണ്ടായാൽ പ്രഷ്ടാവുമരിക്കുമെന്നതു നിസ്സംശയമായിധരിക്കേണം. മാൎജ്ജാരൻ മദ്ധ്യത്തിൽനിന്നാൽ രോഗിയുടെ മേലെപൂച്ചചാടിക്കടക്കുകയൊ ദേഹത്തിന്മെൽ പൂച്ചവിഴുകയൊ ഉണ്ടാകുമെന്നപറയെണം.

൧൩- സാരമേയതതൊഭീതിൎവ്യാഘ്രാദിഭ്യോഥവാഭയം। മൂഷികെമൂഷികൈൎവ്വസ്ത്രശയനാദിനികൃന്തനം॥

അന്വയാൎത്ഥം—— സാരമെയം മദ്ധ്യസ്ഥിതമായിരിക്കുംവിഷയത്തിങ്കൽ അതിങ്കൽനിന്നുഭീതിവാച്യയായിഭവിക്കുന്നു. അല്ലാഎങ്കിൽ വ്യാഘ്രാദികളിൽനിന്നുഭയം വാച്യമായിഭവിക്കുന്നു. മൂഷികൻ മദ്ധ്യസ്ഥിതനായിരിക്കുംവിഷയത്തിങ്കൽ മൂഷികന്മാരാൽ വസ്ത്രശയനാദിനികൃന്തനം വാച്യമായിഭവിക്കുന്നു.

സാരം—ശ്വാവു നടുവിലായിവന്നാൽ ശ്വാക്കളിൽനിന്നൊ വ്യാഘ്രാദികളിൽനിന്നൊ ഭയപ്പെടുമെന്നു പറയെണം. മൂഷികൻ നടുവിലായിവന്നാൽ മുണ്ടുമുതലായതിനെയും കിടക്ക മുതലായതിനെയും എലിവെട്ടുമെന്ന പറയെണം.

൧൪. വായസെവായസസ്പൎശ്ശകൃൽപാതൊസ്യവാതനൌ। ഖരെചതുഷ്പാൽഭീതിൎമ്മൃത്യുഭയമഗ്നിജം।

അന്വയാൎത്ഥം—— വായസം മദ്ധ്യസ്ഥമായിരിക്കും വിഷയത്തിങ്കൽ വായസസ്പൎശമൊ തനുവിങ്കൽ ഇതിന്റെ ശകൃൽപാതമൊ വാച്യമായി ഭവിക്കുന്നു. ഖരം മദ്ധ്യസ്ഥമായിരിക്കും വിഷയ

ത്തിങ്കൽ ചതുഷ്പദത്തിങ്കൽനിന്നു ഭീതി വാച്യയായി ഭവിക്കുന്നു. ധൂമം മദ്ധ്യസ്ഥമായിരിക്കും വിഷയത്തിങ്കലാകട്ടെ അഗ്നിജമായിരിക്കുന്ന ഭയം വാച്യമായി ഭവിക്കുന്നു.

സാരം—— കാക്ക നടുവിലായാൽ പൃച്ഛകനെ കാക്ക തൊടുമെന്നൊ പൃച്ഛകശരീരത്തിങ്കൽ കാക്കയുടെമലം വീഴുമെന്നൊ പറയെണം. കഴുത നടുവിലായാൽ നാല്ക്കാലികളിൽനിന്നു ഭയം ഭവിക്കുമെന്ന പറയെണം. പുക നടുവിലായാൽ അഗ്നിഭയമുണ്ടാകുമെന്നുപറയെണം.

൨൭. ഏതത്തുസകലംപ്രഷ്ടുരൊഗാദ്യശുഭസൂചകം। ഏകസ്യ
യദിവെദ്ധ്യന്യൊമദ്ധ്യദക്ഷിണസംസ്ഥയൊഃ॥

൨൮. ഖെടയൊരുഭയത്രാപിപാപൌചെച്ചാശുഭംവദെൽ। സു
ഹൃദാമുഭയത്രാപിപാപാവപിശുഭപ്രദൌ॥

അന്വയാർത്ഥം—— സകലമായിരിക്കുന്ന ഇതാകട്ടെ പ്രഷ്ടാവിന്റെ രൊഗാദ്യശുഭസൂചകമായി ഭവിക്കുന്നു. മദ്ധ്യദക്ഷിണസംസ്ഥന്മാരിൽവെച്ചു ഏകനു അന്യൻ വൈരിയാകുന്നു എങ്കിലും ഖെടന്മാരുടെ ഇരുപുറവും പാപന്മാർ ഭവിക്കുന്നു എങ്കിലും അശുഭത്തെ വദിക്കെണം. സുഹൃത്തുകൾക്ക ഇരുപുറവും പാപന്മാരും ശുഭപ്രദന്മാരായി ഭവിക്കും.

സാരം—— മെൽപറകപ്പെട്ടതൊക്കയും പൃച്ഛകന്നു രൊഗാദികളായ അനിഷ്ടഫലങ്ങളെ ബൊധിപ്പിക്കുന്നതുകളാകുന്നു. നടുവിലും വലത്തും നിൽക്കുന്നവരിൽവെച്ചു ഏകനു അന്യൻ ശത്രുവായിരുന്നാലും നടുവിലും വലത്തുമുള്ള ഗ്രഹങ്ങളുടെ ഇരുപുറവും പാപഗ്രഹംനിന്നാലും അനിഷ്ടഫലത്തെ പറയെണം. ഇരുപുറവും നില്ക്കുന്നവർ പാപഗ്രഹങ്ങളായാലും ബന്ധുക്കളായിരിക്കുന്നവർക്ക ദൊഷത്തെ ചെയ്കയില്ല.

൨൯. ഭൂതെഷുശുഭദാപൃഥ്വീതൊയെവാപ്രകീർത്തിതാഃ। വ
ഹ്നിർവായുസ്തഥാകാശസ്ത്രയൊമീചാശുഭപ്രദാഃ॥

അന്വയാർത്ഥം—— ഭൂതങ്ങളിൽവെച്ചു പൃഥ്വീശുഭദയായി ഭവിക്കുന്നു. അപ്പുകളും അപ്രകാരം തന്നെ പ്രകീർത്തിതകളായി ഭവിക്കുന്നു. വഹ്നിയും വായുവും ആകാശവുമാകുന്ന ഈ മൂന്നും അശുഭപ്രദങ്ങളായി ഭവിക്കുന്നു.

സാരം—— ഭൂമി, ജലം, അഗ്നി, വായു, ആകാശം ഇങ്ങിനെ ഉള്ള പഞ്ചഭൂതങ്ങളിൽ ഭൂമിയും ജലവും ഇഷ്ടഫലത്തെ സൂചിപ്പിക്കുന്നതുകളാകുന്നു. അഗ്നി, വായു, ആകാശം ഇവ മൂന്നും അനിഷ്ടഫലത്തെ സൂചിപ്പിക്കുന്നതുകളാകുന്നു.

൩൦. ഏകത്രസ്യാദഗ്നിഃപരത്രതോയഞ്ചമദ്ധ്യദക്ഷിണയോഃ। യദിതർഹിവിനിർദ്ദേശ്യംപ്രഷ്ടുരോഗേഥവാമരണം॥

അന്വയാൎത്ഥം — മദ്ധ്യദക്ഷിണങ്ങളിൽവെച്ച ഒന്നിങ്കൽ അഗ്നിയും മറ്റെതിങ്കൽ തോയവും ഭവിക്കുമെങ്കിൽ എന്നാൽ പ്രഷ്ടാവിന്ന രോഗം വിനിർദ്ദേശ്യമായി ഭവിക്കുന്നു അല്ലാ എങ്കിൽ മരണം വിനിർദ്ദേശ്യമായി ഭവിക്കുന്നു.

സാരം — നടുവുംവലത്തുഭാഗവുമാകുന്ന രണ്ടുസ്ഥാനങ്ങളിൽ വെച്ച ഒന്നിൽ അഗ്നിയും മറ്റെതിൽ ജലവും വരികിൽ പൃച്ഛകന്നു രോഗത്തെ പറയെണം. മരണത്തെയും പറയാം. പൃച്ഛകൻ അരോഗിയാകുന്നു എങ്കിൽ അവന്ന രോഗവുമുണ്ടാകുമെന്നും രോഗിയാകുന്നു എങ്കിൽ മരിക്കുമെന്നും പറഞ്ഞുകൊൾക.

൩൧. ഏകസ്ഥാനദശസ്ഥാനശതസ്ഥാനതയാപുനഃ। സ്ഥാനത്രയംപ്രകല്പ്യാഥനീലഭക്താവശേഷിതഃ॥

൩൨. ശുക്ലപ്രതിപദാദ്യാസ്സ്യുസ്തിഥയസ്സാരശേഷതഃ। താരാവാരാസ്സപ്തശേഷാൽപ്രിയശേഷാത്തുരാശയഃ॥

൩൩. നവഭക്താവശേഷാത്തുവിജ്ഞേയാസ്സ്യുന്നവഗ്രഹാഃ। തഥൈവപഞ്ചഭൂതാനിപഞ്ചഭക്താവശേഷതഃ॥

൩൪. പ്രഷ്ടുരഷ്ടമോഭവെദ്രാശിഃപ്രശ്നനിഷ്ടാശ്ചതാരകാഃ। യദിചെദിഹവക്തവ്യംപൃച്ഛകസ്യാശുഭംധ്രുവം॥

൩൫. ഏഭിസ്തിഥ്യാദിഭിർജ്ഞേയാഗാമൃത്യുദശാദയോയദി। പ്രഷ്ടുർവിപത്തിരാദേശ്യാസ്വധായോഗാദയശ്ശുഭാഃ॥

അന്വയാൎത്ഥം — സ്ഥാനത്രയത്തെ പിന്നെ ഏകസ്ഥാനദശസ്ഥാനശതസ്ഥാനതയോടു കൂടിയതാക്കി പ്രകല്പിച്ചിട്ട നീലഭക്താവശേഷമായിരിക്കുന്ന ഇതിങ്കൽനിന്നു ശുക്ലപ്രതിപദാദ്യകളായിരിക്കുന്ന തിഥികൾ വിജ്ഞേയകളായി ഭവിക്കുന്നു. സാരശേഷമായിരിക്കുന്ന ഇതിങ്കൽനിന്ന താരകളും സപ്തശേഷമായിരിക്കുന്ന ഇതിങ്കൽനിന്നു വാരങ്ങളും പ്രിയശേഷമായിരിക്കുന്ന ഇതിങ്കൽനിന്നു രാശികളും നവഭക്താവശേഷമായിരിക്കുന്ന ഇതിങ്കൽനിന്ന ഒമ്പതു ഗ്രഹങ്ങളും വിജ്ഞേയങ്ങളായി ഭവിക്കുന്നു. അപ്രകാരംതന്നെ പഞ്ചഭക്താവശേഷമായിരിക്കുന്ന ഇതിങ്കൽനിന്ന പഞ്ചഭൂതങ്ങളും വിജ്ഞേയങ്ങളായി ഭവിക്കും. പ്രഷ്ടാഷ്ടമമായിരിക്കുന്ന രാശി ഭവിക്കുമെങ്കിലും പ്രശ്നനിഷ്ടകളായിരിക്കുന്നതാരകകൾ ഭവിക്കുമെങ്കിലും ഇവിടെ പൃച്ഛകന്നശുഭംധ്രുവമാകുംവണ്ണംവക്തവ്യമായി ഭവിക്കും. തിഥ്യാ

ദികൾകൊണ്ടു മൃത്യുദശാദികളായിരിക്കുന്ന യോഗങ്ങൾ ഭവിക്കുമെങ്കിൽ പ്രഷ്ടാവിന്റെ വിപത്തി അവശ്യയായി ഭവിക്കും സൂര്യയോഗാദികൾ ശുഭങ്ങളായി ഭവിക്കുന്നു-

സാരം- അഷ്ടമംഗല സംബന്ധികളായ മൂന്നുസ്ഥാനങ്ങളിൽ വലത്തേതിനെ ഏകസ്ഥാനമെന്നും നടുവിലുള്ളതിനെ ദശസ്ഥാനമെന്നും ഇടത്തേതിനെ ശതസ്ഥാനമെന്നും നിശ്ചയിച്ച് അതുകളിൽ ഉള്ള സംഖ്യയെ മുപ്പതുകൊണ്ടു ഹരിച്ചിട്ട ശേഷിച്ച സംഖ്യയെ വെളുത്ത പ്രതിപദം മുതലായി ഗ്രഹിച്ചിട്ട അഷ്ടമംഗല തീഥി ഇന്നതെന്ന അറിയെണം- ഇരുപത്തേഴുകൊണ്ടു ഹരിച്ച ശിഷ്ടംകൊണ്ടു നാളിനെ അറിയെണം- ഏഴുകൊണ്ടു ഹരിച്ച ശെഷംകൊണ്ടു ആഴ്ചയെ അറിയെണം- പന്ത്രണ്ടുകൊണ്ടു ഹരിച്ച ശെഷംകൊണ്ടു രാശിയെ അറിയെണം- ഒമ്പതുകൊണ്ടു ഹരിച്ച ശെഷംകൊണ്ടു നവഗ്രഹങ്ങളിൽ ഇന്നഗ്രഹമെന്നറിയെണം- അപ്രകാരം അഞ്ചുകൊണ്ടുഹരിച്ച ശെഷംകൊണ്ടു പൃഥിവ്യാദികളായ പഞ്ചഭൂതങ്ങളിൽ ഇന്ന ഭൂതമെന്നും അറിയെണം- പൃച്ഛകന്റെ അഷ്ടമരാശി അഷ്ടമംഗലരാശിയായിട്ടും പൃച്ഛകന്റെ മൂന്നാംനാളൊ അഞ്ചാംനാളൊ ഏഴാംനാളൊ അഷ്ടമംഗലത്തിന്റെ നാളായിട്ടും വന്നാൽ പൃച്ഛകന്ന അനിഷ്ടമായ ഫലത്തെ പറയെണം- തിഥിനക്ഷത്രവാരങ്ങൾ കൊണ്ടു നൊക്കുമ്പൊൾ മൃത്യയൊഗമൊ ദശയൊഗമൊ അതുകൾ പൊലെ ഉള്ള അന്യയൊഗങ്ങളൊ വരുന്നതും പൃച്ഛകന്ന അനിഷ്ടഫലത്തെ സൂചിപ്പിക്കുന്നതാകുന്നു- അമൃതയൊഗം മുതലായതുകൾ ശുഭങ്ങളാകുന്നു-

൩൩. സ്ഥാനത്രയെപിയുഗ്മാസ്സ്യുശ്ചെത്സംഖ്യാമൃതിർഭവെത്। വാമമദ്ധ്യമയൊര്യുഗ്മായദിസ്യാന്മഹതീരുജാ ॥

അന്വയാൎത്ഥം—— സ്ഥാനത്രയത്തിങ്കലും യുഗ്മകളായിരിക്കുന്ന സംഖ്യകൾ ഭവിക്കുമെങ്കിൽ മൃതി ഭവിക്കും. വാമമദ്ധ്യമങ്ങളിൽ യുഗ്മയായിരിക്കുന്നസംഖ്യ ഭവിക്കുമെങ്കിൽ മഹതിയായിരിക്കുന്ന രുജാ ഭവിക്കും-

സാരം—— മൂന്നു സ്ഥാനങ്ങളിലും രണ്ടു നാല ഇത്യാദികളായ യുഗ്മ സംഖ്യകൾ വന്നാൽ പ്രഷ്ടാവിന്നു മരണം ഫലമാകുന്നു- ഇടത്തു ഭാഗത്തിങ്കലും നടുവിലുമുള്ള സ്ഥാനങ്ങളിൽ യുഗ്മസംഖ്യ വന്നാൽ മഹാരൊഗം ഫലമാകുന്നു-

൩൪. സംഖ്യാംമദ്ധ്യഗതാംഹത്വാശൂന്യൈനവിഭജെദ്ദിനൈഃ। നിശ്ശെഷമരണംപ്രഷ്ടുഃശെഷെസുതപഞ്ചതാ ॥

൩൮. സ്വജനാപച്ചതുശ്ശേഷൈഷൾശ്ശേഷേ വൃദ്ധകാമയഃ
ഓജസംഖ്യാസു ശിഷ്ടാസു സുഖാരോഗ്യാദിസംഭവഃ ||

അന്വയാൎത്ഥം— മദ്ധ്യഗതയായിരിക്കുന്ന സംഖ്യയെശ്ശൂഭം കൊണ്ടു ഹനിച്ചിട്ട ഭിന്നങ്ങൾകൊണ്ടു വിഭജിക്കേണം- നിശ്ശേഷം സത്തായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്നു മരണവും ദ്വിശേഷം സത്തായിരിക്കും വിഷയത്തിങ്കൽ സുതനാശതയും ചതുശ്ശേഷം സത്തായിരിക്കും വിഷയത്തിങ്കൽ സ്വജനാപത്തും ഷൾശ്ശേഷം സത്തായിരിക്കും വിഷയത്തിങ്കൽ വൃദ്ധകാമയവും വാച്യമായി ഭവിക്കുന്നു- ഓജസംഖ്യകൾ ശിഷ്ടകളായിരിക്കും വിഷയത്തിങ്കൽ സുഖാരോഗ്യാദി സംഭവം വാച്യമായി ഭവിക്കുന്നു-

സാരം——നടുവിലുള്ള സംഖ്യയെ നാല്പത്തഞ്ചുകൊണ്ടു പെരുക്കി എട്ടുകൊണ്ടു ഹരിക്കേണം ശിഷ്ടസംഖ്യാ ഇല്ല എങ്കിൽ പൃച്ഛകന്നു മരണം ഫലമാകുന്നു- രണ്ടു ശേഷിച്ചാൽ പുത്രനാശം ഫലമാകുന്നു- നാലു ശേഷിച്ചാൽ ബന്ധുക്കൾക്ക ആപത്തിനെ പറയേണം ആറു ശേഷിച്ചാൽ പൃച്ഛകന്നു രോഗം ഫലമാകുന്നു- ഒന്നു മുതലായ ഓജസംഖ്യകളിൽ ഒന്നു ശേഷിച്ചാൽ സുഖാരോഗ്യാദികൾ ഫലങ്ങളായി ഭവിക്കും-

൩൯. ന്യസ്യ സ്ഥാനത്രയം ദ്വാഭ്യാം വാമസ്ഥം മദ്ധ്യഗം ത്രിഭിഃ।
ചതുൎഭിൎദ്ദക്ഷിണം സ്ഥാനം ഹത്വാ പക്ഷസ്സിതോ യദി ||

൪൦. ചലാംശം ദൈവതം കൃഷ്ണേ പക്ഷേ ക്ഷിപ്ത്വാ ഹരേൽ ഭുജൈഃ।
ഫലരാശിഗതേ ജീവേ ശിഷ്ടംപ്രിയനഗൈന്നതൈഃ ||

൪൧. ഹത്വാ വൈരാപുരാദ്യാദിഗതേ ചരാവിജ്ഞേമൃതഃ। അഷ്ടമംഗലമിത്യുക്തം സംക്ഷേപേണേന്ദുമൌലിതം ||

൪൨. ഇന്ദുഭക്ത്യാശ്രയാദ്ധ്യായൻവക്തൈൽസത്യംഭവെദ്ധ്രുവം ||

അന്വയാൎത്ഥം——സ്ഥാനത്രയത്തെ ന്യസിച്ചിട്ട വാമസ്ഥമായിരിക്കുന്ന സ്ഥാനത്തെ രണ്ടുകൊണ്ടും മദ്ധ്യഗമായിരിക്കുന്ന സ്ഥാനത്തെ മൂന്നുകൊണ്ടും ദക്ഷിണമായിരിക്കുന്ന സ്ഥാനത്തെ നാലുകൊണ്ടും ഹനിച്ചിട്ട പക്ഷം സിതമാകുന്നു എങ്കിൽ ചലാംശത്തെയും കൃഷ്ണമായിരിക്കുന്ന പക്ഷത്തിങ്കൽ ദൈവതത്തെയും ക്ഷേപിച്ചിട്ട ഭുജങ്ങൾകൊണ്ടു ഹരിക്കേണം- ജീവൻ ഫലരാശിഗതനായിട്ടും രവിജൻ ശിഷ്ടത്തെ പ്രിയനഗങ്ങൾകൊണ്ടും, നതങ്ങൾകൊണ്ടും ഹനിച്ചിട്ട വൈരാപുരാദ്യാദിഗതനായിട്ട മിരിക്കുംവിഷയത്തിങ്കൽമൃതി വാച്യയായി ഭവിക്കുന്നു- ഇന്ദുമൌലിതമായിരിക്കുന്ന അഷ്ടമംഗലം ഇപ്രകാരം സംക്ഷേപേണ ഉക്തമാ

യി ഗുരുഭക്തിയൊടുകൂടിയവനായി ശംശപരനെധ്യായനനായിട്ടു വരിക്കേണം- സത്യമായി ഭവിക്കുംനിശ്ചയം-

സാരം—— അഷ്ടമംഗലസംബന്ധികളായ മൂന്നുസ്ഥാനങ്ങളിൽ ഇടത്തെതിലുള്ളസംഖ്യയെ രണ്ടുകൊണ്ടും നടുവിലുള്ള സംഖ്യയെ മൂന്നുകൊണ്ടും വലത്തെതിലുള്ളസംഖ്യയെ നാലുകൊണ്ടും ഗുണിച്ചു ശുക്ലപക്ഷത്തിലാകുന്നു എങ്കിൽ മുന്നൂറ്റമ്പത്തറാരം സംഖ്യയെയും കൃഷ്ണപക്ഷത്തിലാകുന്നു എങ്കിൽ അറുനൂറ്റനാല്പത്തെട്ടരം സംഖ്യയെയും അതിൽ ചെർത്ത അതിനെഎണ്പത്തുനാലുകൊണ്ടുഹരിക്കേണം- അപ്പൊൾ കിട്ടുന്നരാശിയിൽ വ്യാഴവും ശിഷ്ടത്തെ പന്ത്രണ്ടുകൊണ്ടു, പിന്നെ മുപ്പതുകൊണ്ടും പിന്നെ അറുപതുകൊണ്ടു ഗുണിച്ചക്രമത്താലെ എണ്പത്തുനാലുകൊണ്ടുതന്നെ ഹരിച്ച സമയംകിട്ടിയ രാശി, തിയ്യതി, ഇലി എന്നിപ്രകാരം ക്രമമുള്ള ഫലത്തിങ്കൽ യാതൊരു രാശി വരുന്നുവൊ ആ രാശിയിൽ അത്ര തിയ്യതിയും അത്ര ഇലിയുമായി ശനിയുടെ സ്ഥിതിയും കൂടിവരുമ്പൊൾ പ്രഷ്ടാവിന്നു മരണം ഭവിക്കുമെന്ന അറിയെണം- ഗുരുനാഥനാൽ ഉപദെശിക്കപ്പെട്ടതായ അഷ്ടമംഗലഫലംഇങ്ങിനെചുരുക്കി എന്നാൽ പറകപ്പെട്ടു ഗുരുഭക്തിയൊടും ശംശപരധ്യാനത്തൊടും കൂടിയവനായിരുന്നു പറഞ്ഞുകൊൾക- എന്നാൽ ജ്യൌതിഷികൻ പറയുന്നത യഥാർത്ഥമായി ഭവിക്കും നിശ്ചയം-

(വാ) ഏതദഷ്ടമംഗലവിഷയം ॥

അന്വയാർത്ഥം—ഇത അഷ്ടമംഗലവിഷയമായി ഭവിക്കുന്നു-

സാരം—— സ്പഷ്ടമാകുന്നു-

## ഇതി സപ്തമൊദ്ധ്യായഃ

---

## അഥാഷ്ടമാദ്ധ്യായപ്രാരംഭഃ

(വാ) അഥാത്രദ്രെഷ്കാണാദിഫലമുച്യതെ ॥

അന്വയാർത്ഥം—— അനന്തരം ആദ്രെഷ്കാണാദി ഫലം വചിക്കപ്പെടുന്നു-

സാരം —— ഇനി ആദ്രെഷ്കാണരാശിമുതലായതുകളുടെ ഫലത്തെ

പറയുന്നു-

൮. അത്രാരൂഢോദയലഗ്നാംശച്ഛത്രസ്പൃഷ്ടാംഗരാശയഃ । ചന്ദ്രാധിഷ്ഠിതരാശിശ്ച ചിന്ത്യാഃ ഷൾപ്രശ്നകർമ്മണി ॥

അന്വയാർത്ഥം— അത്രാരൂഢോദയ ലഗ്നാംശച്ഛത്രസ്പൃഷ്ടാംഗരാശിയും ചന്ദ്രാധിഷ്ഠിതരാശിയുമാകുന്ന ആറു രാശികൾ പ്രശ്നകർമ്മത്തിങ്കൽ ചിന്ത്യങ്ങളായി ഭവിക്കുന്നു.

സാരം— ആരൂഢരാശി, ഉദയലഗ്നരാശി, ലഗ്നാംശകരാശി, ഛത്രരാശി, പ്രഷ്ടാവു ചോദിക്കുമ്പോൾ ഏതൊരംഗത്തെ തൊട്ടുവോ ആ അംഗംകൊണ്ടു കാലാംഗാനിവരാംഗമാനനമൂർ ഇത്യാദിഹോരാശ്ലോകത്താൽ പറകപ്പെട്ട പ്രകാരം നോക്കിയാൽ ഗ്രഹിക്കപ്പെടുവാൻ തക്കതായ അംഗരാശി ചന്ദ്രൻ ഏതൊരു രാശിയിൽ അപ്പോൾ നില്ക്കുന്നുവൊ ആരാശി ഇങ്ങിനെ ഉള്ള ആറുരാശികൾ പ്രശ്നത്തിങ്കൽ നിരൂപിക്കപ്പെടുവാൻ യോഗ്യങ്ങളാകുന്നു-

൯- ഏഷാം സമസ്തയോഗാദാരോഗ്യസരോഗതാദിശുഭമശുഭം അശുഭശുഭഭാവസന്ധായാം ബലവത്ത്വാത് പ്രഷ്ടുരുക്തമിതിശാസ്ത്രേ ॥

അന്വയാർത്ഥം— ഇതുകളുടെ സമസ്തയോഗം ഹേതുവായിട്ടു പ്രഷ്ടാവിന്റെ ആരോഗ്യസരോഗതാദിയായിരിക്കുന്ന ശുഭവും അശുഭവും വാച്യമായിഭവിക്കുന്നു അശുഭശുഭഭാവസന്ധാനതിയായിരിക്കുംവിഷയത്തിങ്കൽ ബലവത്ത്വത്തെ ആശ്രയിച്ചിട്ടു വാച്യമായിഭവിക്കുന്നു. എന്നിങ്ങിനെ ശാസ്ത്രത്തിങ്കൽ ഉക്തമായിഭവിക്കുന്നു.

സാരം— ആരൂഢാദികളായ ആറുരാശികൾക്കും ശുഭയോഗമുണ്ടായാൽ പൃച്ഛകന്ന ആരോഗ്യത്തെയും അശുഭയോഗമുണ്ടായാൽ രോഗത്തെയും ഇതുകൾരണ്ടുകൊണ്ടും ക്രമേണ ഇതുകൾപോലെ ഇഷ്ടങ്ങളായിട്ടും അനിഷ്ടങ്ങളായിട്ടുമിരിക്കുന്ന മറ്റുള്ളഫലങ്ങളെയും പറയെണം ശുഭാശുഭയോഗങ്ങൾസമ്മിശ്രങ്ങളായി ഭവിച്ചാൽ ബലാധിക്യത്തെ അനുസരിച്ചു പറയെണമെന്നു ശാസ്ത്രത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു.

൰- യദംഗരാശിസ്സംസ്പൃഷ്ട ആരൂഢ ഉദിതോഥവാ। തസ്മിൻ പാപയുതെ ബ്രൂയാത്തദംഗെ തദ്വ്രണാദികം ।

അന്വയാർത്ഥം— യദംഗരാശി സംസ്പൃഷ്ടമായിട്ടോ ആരൂഢമായിട്ടൊ ഉദിതമായിട്ടോ ഭവിക്കുന്നുവൊ തദംഗത്തിങ്കൽ വ്രണാദികളെ അതുപാപയുതമായിരിക്കും വിഷയത്തിങ്കൽ പറ

യെണം.

സാരം——. അംഗരാശിയൊ ആരൂഢരാശിയൊ ഉദയലഗ്നമൊ പാപഗ്രഹസഹിതമായിരുന്നാൽ അതുകൊണ്ടു ഗ്രഹിക്കപ്പെടുവാൻ യൊഗ്യമായ ശരീരാവയവത്തിങ്കൽ വെണ്മാ, വ്രണം ഇത്യാദികളായ രൊഗങ്ങൾ ഉണ്ടു എന്നുപറയെണം.

൮ ആരൂഢൊദയചന്ദ്രപാകാധിപതദ്യുക്തരാശിപാഃ। തുംഗാംശെബലവന്തശ്ചെൽപൂൎണ്ണാവസ്ഥാത്തുപ്യക്ലൃതാഃ॥

അന്വയാൎത്ഥം—— ആരൂഢൊദയചന്ദ്രപാകന്മാരും തദ്യുക്തരാശിപന്മാരും തുംഗാംശത്തിങ്കൽ ബലവാന്മാരായി ഭവിക്കുന്നുഎങ്കിൽ പൃച്ഛത്തുകളുടെ പൂൎണ്ണാവസ്ഥതന്നെ വാച്യയായി ഭവിക്കുന്നു.

സാരം—— ആരൂഢാധിപനും ഉദയലഗ്നാധിപനും ആദിത്യനും ചന്ദ്രനും അവർനില്ക്കുന്നരാശികളുടെ അധിപന്മാരും ഉച്ചാംശകത്തിങ്കൽ ബലവാന്മാരായിട്ടുനില്ക്കുന്നുഎങ്കിൽ പ്രഷ്ടാവിന്നു എല്ലാംകൊണ്ടും തികവൊടുകൂടിയ അവസ്ഥയെപറയെണം.

൯- എതെബലവിഹീനാശ്ചെദ്രിക്താംചകഥയെദ്ദശാം। നീചാംശഗതാശ്ചെദനിഷ്ടഫലദാദശാ॥

അന്വയാൎത്ഥം——ഇവർബലവിഹീനന്മാരാകുന്നുഎങ്കിൽ രിക്തയായിരിക്കുന്ന ദശയെയുംകഥിക്കെണം അവർ നീചാംശഗതന്മാരാകുന്നുഎങ്കിൽ അനിഷ്ടഫലദയായിരിക്കുന്ന ദശാ വാച്യയായി ഭവിക്കുന്നു.

സാരം—— ആരൂഢാധിപൻ മുതലായവർ ഒട്ടുംതന്നെബലമില്ലാത്തവരായിരുന്നാൽ പ്രഷ്ടാവിന്നു ഒന്നുകൊണ്ടും ഗുണമില്ലാത്തൊരവസ്ഥയാകുന്നു എന്നു പറയെണം. അവർനീചാംശകത്തിങ്കലൊ ശത്രുക്ഷെത്രാംശകത്തിങ്കലൊ ആയിവരികിൽ അനിഷ്ടഫലത്തെ കൊടുക്കുന്നതായൊരു ദശയാകുന്നുഎന്നുപറയെണം.

൰. ആരൂഢെശെബലവിരഹിതെരന്ധ്രപെവീൎയ്യയുക്തെ തസ്മിൻകാലെവിപദതിതരാം ജായതെപൃച്ഛകസ്യ। ആരൂഢെശശ്ശുഭപതിരപിപ്രാപ്യവീൎയ്യൌവിവീൎയ്യൌയത്രാൎദ്ധായുൎവ്യയഭവനതയസ്സൌഖ്യഭാഗ്യാഗമൊത്ര॥

അന്വയാൎത്ഥം—— ആരൂഢെശൻ ബലവിരഹിതനായിട്ടും രന്ധ്രപൻവീൎയ്യയുക്തനായിട്ടുമിരിക്കും വിഷയത്തിങ്കൽ പൃച്ഛകന്ന അക്കാലത്തിങ്കൽ വിപത്ത ഏറ്റവും ജനിക്കുന്നു. യാ

ടൊരുകാലത്തിങ്കൽ ആരൂഢേശനും ശുഭഖേചരിയും പ്രാപ്തവീൎയ്യ
ന്മാരായിട്ടും അസ്തായുവ്യയഭവേശകൾ വിവീൎയ്യന്മാരായിട്ടും ഭവി
ക്കുന്നുവൊ ഇക്കാലത്തിങ്കൽസൎവ്വഭാഗ്യാഗമംഭവിക്കുന്നു.

സാരം —— ആരൂഢാധിപനു ബലമില്ലാതെയും ആരൂഢ
ത്തിന്റെ അഷ്ടമഭാവത്തിന്റെ അധിപതിബലവാനായിയും
വരികിൽ അക്കാലത്തിങ്കൽ. പ്രഷ്ടാവിന്ന അധികമായിട്ടാ
പത്തുഭവിക്കും. ആരൂഢാധിപനും ഒമ്പതാംഭാവാധിപനും ബ
ലത്തൊടുകൂടിയും ആറാംഭാവാധിപനും അഷ്ടമാധിപനും പന്ത്ര
ണ്ടാംഭാവാധിപനും ബലമില്ലാതെയുംവരികിൽ അക്കാലത്തി
ങ്കൽ സകലസംപത്തുകളുടെയും പുഷ്ടിഭവിക്കും.

൭- അവസ്ഥാസപ്തകമപന്ദ്രം ഗ്രഹാണാമസ്ഥിതത്സമാ ഭവെ
ച്ചതുരകാവസ്ഥാപ്രൊക്തംശാസ്ത്രാന്തരെരിതാ॥

അന്വയാൎത്ഥം —— ഗ്രഹങ്ങൾക്ക അവസ്ഥാസപ്തകമപന്ദ്രം
ഭവിക്കുന്നു. ചതുരകാവസ്ഥാരത്സമയായി ഭവിക്കുന്നു ശാസ്ത്രാ
ന്തരത്തിങ്കൽ അപ്രകാരം ഉക്തമായിഭവിക്കുന്നു.

സാരം —— ഗ്രഹങ്ങൾക്ക സ്ഥാനാവസ്ഥകൾ ഏഴ കാലാവ
സ്ഥകൾ ഏഴ ഇങ്ങിനെ രണ്ടു പ്രകാരെണ. എംഴഅവസ്ഥ
കൾ ഭവിക്കുന്നു. പ്രഷ്ടാവിന്റെഅവസ്ഥാ അതിനൊട സാ
ദൃശ്യമുള്ളതായി ഭവിക്കും ഇത അന്യശാസ്ത്രത്തിങ്കലും പറകപ്പെട്ട
താകുന്നു.

൮- സമബന്ധുനിജക്ഷസ്വത്രികോണൊച്ചാരിനീചഭെ സ്വ
പ്താവസ്ഥാഗ്രഹാണാംസ്യുരതിബാല്യാദയഃക്രമാൽ॥

അന്വയാൎത്ഥം —— ഗ്രഹങ്ങൾക്ക സമബന്ധു നിജക്ഷസ്വ
ത്രികോണൊച്ചാരിനീചഭത്തിംകൽ ക്രമെണ അതിബാല്യാദി
കളായിരിക്കുന്ന ഏഴ അവസ്ഥകൾ ഭവിക്കും.

സാരം —— ഗ്രഹങ്ങൾക്കസമക്ഷേത്രത്തിംകലുംബന്ധുക്ഷേത്ര
ത്തിംകലും സ്വക്ഷേത്രത്തിങ്കലുംതന്റെ മൂലത്രികോണത്തിംകലും
ഉച്ചത്തിങ്കലുംശത്രുക്ഷേത്രത്തിംകലുംനീചത്തിംകലുംസ്ഥിതിഭവി
ച്ചാൽക്രമെണ അതിബാല്യംമുതലായഏഴഅവസ്ഥകൾഭവിക്കും.

൯- അതിബാലശ്ചബാലശ്ചകുമാരൊയുവഭൂമിപൌ വൃദ്ധൊ
മൃത [illegible]സ്ഥാനഭെദതഃ ക്രമശൊദശാഃ

അന്വയാൎത്ഥം —— അതിബാലനും ബാലനും കുമാരനും യുവ
ഭൂമിപന്മാരും വൃദ്ധനും മൃതനും ഇങ്ങിനെ സ്ഥാനഭെദം ഹെതു
വായിട്ടു ദശകൾ ക്രമെണഭവിക്കുന്നു.

സാരം —— സമക്ഷേത്രത്തിങ്കൽ നില്ക്കുന്നഗ്രഹം അതിബാ

ലനാകയാൽ അതിന്റെ ദശാ അതിബാല്യമാകുന്നു എന്നും ബന്ധുക്ഷേത്രത്തിങ്കൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാ ബാല്യമാകുന്നു എന്നും സ്വക്ഷേത്രത്തിങ്കൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാ കൌമാരമാകുന്നു എന്നും തന്റെ മൂലത്രികോണത്തിങ്കൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാ യൌവനമാകുന്നു എന്നും തന്റെ ഉച്ചരാശിയിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാ രാജത്വമാകുന്നു എന്നും ശത്രുക്ഷേത്രത്തിങ്കൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാ വൃദ്ധത്വമാകുന്നു എന്നും നീചത്തിങ്കൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാ മരണമാകുന്നു എന്നും ഗ്രഹിച്ചുകൊൾക ഈ അവസ്ഥകൾ ഏഴും സ്ഥാനങ്ങളെ ഹേതുവായിട്ടുണ്ടാകുന്നതുകളാകയാൽ സ്ഥാനാവസ്ഥകളല്ലൊ ആകുന്നതു.

൫൦- സൂൎയ്യാദുദിതമാത്രോയസ്സോതിബാലോ ഭവേൽഗ്രഹഃ॥ ദി
നാനി സപ്ത ബാലസ്സ്യാൽ കുമാരസ്സ്യാദതഃപരം ॥

൫൧. യുവാ വക്രസമാരംഭെ വക്രഗത്യാം മഹീപതിഃ। ആസന്നാ
സ്തമയൊ വൃദ്ധസ്സൂൎയ്യലുപ്തകരോ മൃതഃ॥

൫൨. ഏവം ദ്വിധാ ഗ്രഹാവസ്ഥാ പ്രോക്താ വാച്യാത്ര പൃഛതാം।
ആരൂഢലഗ്നഛത്രാണാമ് ദശേഷു ബലിനോ ദശാ॥

അന്വയാൎത്ഥം.____ യാതൊരു ഗ്രഹം സൂൎയ്യങ്കൽനിന്നു ഉദിതമാത്രനാകുന്നുവൊ ആ ഗ്രഹം അതിബാലനായി ഭവിക്കും. ഏഴ ദിവസങ്ങൾ മുഴുവൻ ബാലനായി ഭവിക്കും. ഇതുകളിൽനിന്നമെലിൽ കുമാരനായി ഭവിക്കും. വക്രസമാരംഭത്തിങ്കൽ യുവാവായി ഭവിക്കും വക്രഗതിയിങ്കൽ മഹീപതിയായി ഭവിക്കും ആസന്നാസ്തമയനായിരിക്കുന്നവൻ വൃദ്ധനായി ഭവിക്കും. സൂൎയ്യലുപ്തകരനായിരിക്കുന്നവൻ മൃതനായി ഭവിക്കും ഇങ്ങിനെ രണ്ടു പ്രകാരെണ ഗ്രഹാവസ്ഥകൾ പ്രോക്തകളായി പൃഛത്തുകൾക്കാകട്ടെ ആരൂഢലഗ്നഛത്രങ്ങളുടെ ദശേശന്മാരിൽ വെച്ചു ബലിയുടെ ദശാ വാച്യയായി ഭവിക്കുന്നു.

സാരം.____ പാട്ടകഴിഞ്ഞു ദിവസം അതിബാലൻ. പിന്നെ ഏഴു ദിവസം കഴിയുന്നതുവരെ ബാലൻ. അതിന്റെ ശേഷം ഗതി കുറഞ്ഞു തുടങ്ങുന്നതുവരെ കുമാരൻ. പിന്നെ വക്രം തുടങ്ങുന്നതുവരെ യുവാവ. വക്രത്തിൽ രാജാവ. പാട്ടുതുടങ്ങുന്നതിന്റെ ഏഴു ദിവസം മുമ്പെ തുടങ്ങി പാട്ട തുടങ്ങുന്നതുവരെ വൃദ്ധൻ. പാട്ടുള്ളപ്പോൾ മൃതൻ ഇതു കാലാവസ്ഥാ. ഇങ്ങിനെ രണ്ടുപ്രകാരമെന്ന ഗ്രഹാവസ്ഥയെ പറഞ്ഞു ആരൂഢാധിപതി ലഗ്നാധിപതി ഛത്രരാശ്യധിപതി ഈ മൂവരിൽ ആൎക്കബലമെറുമൊ ആ ഗ്രഹ

ത്തിന്നു തൽകാലത്തിങ്കൽ യാതൊരവസ്ഥയൊ ആ അവസ്ഥയെ പ്രഷ്ടാവിന്നു പറഞ്ഞുകൊൾക.

൧൯. അതിബാലബാലികാനാംയെസ്വഭാവാഃപ്രഥിതാഇഹ। യൂനസ്ത്രീസക്തതൈത്ര്യാദ്യാസ്തഎവൈഹദശാമതാഃ ॥ ഇതി-

അന്വയാൎത്ഥം — അതിബാലബാലികന്മാരുടെ സ്വഭാവങ്ങൾ യാതൊന്നുകളൊ അതുകൾ ഇവിടെ പ്രഥിതങ്ങളായി ഭവിക്കുന്നു- യുവാവിന്റെ സ്വഭാവങ്ങൾ സ്ത്രീസക്തതൈത്ര്യാദ്യങ്ങളാകുന്നു അതുകൾ തന്നെ ഇവിടെ ദശകൾ എന്നു മതങ്ങളായി ഭവിക്കുന്നു-

സാരം — അതിബാലൻ മുതലായവരുടെ സ്വഭാവങ്ങൾ ലൊകപ്രസിദ്ധങ്ങളാകുന്നു- യൌവനത്തൊടു കൂടിയവന്റെ സ്വഭാവങ്ങൾ സ്ത്രീകളിൽ താല്പൎയ്യം മുതലായതുകളാകുന്നു- അതിബാലാദികളുടെ സ്വഭാവങ്ങൾ തന്നെ അവസ്ഥകളാകുന്നത- ഇതിശബ്ദം സമാപ്തിയെ ബൊധിപ്പിക്കുന്നതാകുന്നു-

൨൦. ഉച്ചെരാശാവംശകെവാസ്ഥിതൊയൊവാരെശസ്സ്യാദാരൂഢരാശിസ്സ്വദൃക്ചെൽ। യദ്യാരൊഗ്യംദീൎഘമായുശ്ചവാച്യംപ്രഷ്ടുൎമ്മൃത്യുൎവ്വൈപരീത്യെതുപക്ഷ്യാൽ ॥

അന്വയാൎത്ഥം — ഉച്ചമായിരിക്കുന്ന രാശിയിങ്കലൊ യാവനൊരുത്തൻ സ്ഥിതനായി ഭവിക്കുന്നുവൊ ഇവന്റെ വാരത്തിങ്കൽ തദ്ദൃഷ്ടം ആരൂഢമായി ഭവിക്കുമെങ്കിൽ പ്രഷ്ടാവിന്ന ആരൊഗ്യവും ദീൎഘമായിരിക്കുന്ന ആയുസ്സും വാച്യമായി ഭവിക്കുന്നു ഇതിങ്കൽ നിന്നു വൈപരീത്യം സത്തായിരിക്കും വിഷയത്തിങ്കലാകട്ടെ മൃത്യു വാച്യമായി ഭവിക്കുന്നു-

സാരം — വാരാധിപൻ ആരൂഢാധിപനായിട്ട ഉച്ചരാശിയിലെങ്കിലും ഉച്ചനവാംശകത്തിങ്കൽ എങ്കിലും നിന്നാൽ പൃച്ഛകന്ന ആരൊഗ്യത്തെയും ദീൎഘായുസ്സിനെയും പറയെണം- ആരൂഢാധിപന്നു വാരാധിപത്യമില്ലാതെയും നീചരാശിയിലൊ നീചാംശകത്തിങ്കലൊ സ്ഥിതിയും വരികിൽ പൃച്ഛകന്മരിക്കുമെന്നു പറയെണം-

൨൧. സിംഹൈകകക്ഷ്യാക്ഷിജൊവ്യാധിരാത്മപീഡൊഷ്ണജ്വരകൃതഃ। വക്ഷൊജിഹ്വാസ്യരൊഗൊരുച്യംബുരാശൌസ്തുകൎക്കടെ ॥

൨൨. ശിരൊനെത്രഭവവ്യാധിജ്വരപ്രണവിചൎച്ചികാഃ। ഭൌമഭെ ബുധഭെവായുരൊധനാസാതപശാമയാഃ ॥

൨൩. ആൎദ്രൊഷ്ണജീവഭെബുദ്ധിഭ്രമകണ്ഠാമയാദയഃ। ശുക്രഭെ വൃഷ്ണനൊത്ഥാരുശരുചിശ്വാസബുജൊഗദഃ ॥

൧൮. ബുദ്ധിഭ്രമൊംഗസാദശ്ചമലയാനഹതിസ്സുനെഃ । വിചച്ചികാഞ്ചകണ്ഡൂതിൎമ്മൃയാൽസപ്പാനപിതെക്ഷിതെ ॥

൧൯. അത്രവൎഗ്ഗപാപസംയുക്തെനിയമെനവദെദിമം । അത്രൎഗ്ഗലഗ്നാംശാനാംമാന്ദിരാശിനവാംശയൊഃ ॥

൨൦. യൊഗൊരൊഗപ്രദസ്തത്രബഹുയൊഗൊമൃതിപ്രദഃ । അത്രവൎഗ്ഗവാവിലഗ്നെവാഗണ്ഡാന്താംശസ്സാപാപഗൈഃ ॥

൨൧. മൃതിചെൽഭവെന്നൄരാത്രൎഗ്ഗാഷ്ടമഗ്ഗെതഥാ । അത്രവൎഗ്ഗമീനഭെപ്രഷ്ടാപംഗുസ്സ്യാൽപാപവീക്ഷിതെ ॥

൨൨. കൂപാദൌപതനംവാച്യമാത്രൎഗ്ഗെമിനിവെന്ദ്രഭെ । പ്രാപ്യാമിത്ത്യകതവദ്രാശിനാത്രൎഗ്ഗമീന്യസെൽക്ഷിതെ ॥

അന്വയാൎത്ഥം— സിംഹം അത്രൎഗ്ഗമായിട്ടും പാപസംയുക്തമായിട്ടു മിരിക്കും വിഷയത്തിങ്കൽ കക്ഷ്യക്ഷിജമായിരിക്കുന്ന വ്യാധിയും അപ്രകാരം ആത്മപീഡയും ഉണ്ടാകും കൎക്കടം അത്രൎഗ്ഗമായിട്ടും പാപസംയുക്തമായിട്ടു മിരിക്കും വിഷയത്തിങ്കൽ വക്ഷൊജിഹ്വാസ്യരൊഗവും അതൃപ്യംബു രൊഗങ്ങളും മെഷമ ഭം അത്രൎഗ്ഗമായിട്ടും പാപസംയുക്തമായിട്ടു മിരിക്കും വിഷയത്തിങ്കൽ ശിരൊനെത്ര ഭവവ്യാധിജപരപ്രണ വിചച്ചികകളും ബുധഭം അത്രൎഗ്ഗമായിട്ടും പാപസംയുക്തമായിട്ടു മിരിക്കുംവിഷയത്തിങ്കൽ വായുരൊധനാസാതപഗാമയങ്ങളും ജീവഭം അത്രൎഗ്ഗമായിട്ടും പാപസംയുക്ത മായിട്ടു മിരിക്കും വിഷയത്തിങ്കൽ ബുദ്ധിഭ്രമകൎണ്ണാമയാദികളും ശുക്രഭം അത്രൎഗ്ഗമായിട്ടും പാപസംയുക്തമായിട്ടു മിരിക്കും വിഷയത്തിങ്കൽ വ്യഞ്ജനൊത്ഥമായായിരിക്കുന്ന തക്കും അരുചിയും അംബുജമായിരിക്കുന്ന ഗതവും ശനിയുടെ ഭം അത്രൎഗ്ഗമായിട്ടും പാപ സംയുക്ത മായിട്ടു മിരിക്കും വിഷയത്തിങ്കൽ ബുദ്ധി ഭ്രമവും അംഗ സാദവും മലയാനഹതിയും ഇങ്ങിനെ ഉള്ള ഇതിനെ നിയമെന വദിക്കെണം- അത്രൎഗ്ഗം സപ്പാനപിതെ ക്ഷിത മായിരിക്കും വിഷയത്തിങ്കൽ വിചച്ചികയെയും കണ്ഡൂതിയെയും പറയെണം- അത്രൎഗ്ഗലഗ്നഭാംശങ്ങൾക്കു മാന്ദിരാശിനവാംശങ്ങളുടെ യൊഗം രൊഗ പ്രദമായി ഭവിക്കുന്നു- അതുകളിൽവെച്ചു ബഹുയൊഗം മൃതിപ്രദമായി ഭവിക്കുന്നു- അത്രൎഗ്ഗത്തിങ്കലൊ വിലഗ്നത്തിങ്കലൊ അപ്രകാരംഅത്രൎഗ്ഗാഷ്ടമത്തിങ്കലൊ ഗണ്ഡാന്താംശം സപാപഗ്രഹമായിട്ടു ഉദിക്കുന്നുഎങ്കിൽ മൃത്യുഭവിക്കും. മീനഭം അത്രൎഗ്ഗമായിട്ടും പാപവീക്ഷിതമായിട്ടുമിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവ പംഗുവായിഭവിക്കും എന്നിങ്ങിനെ വാച്യമായിഭവി

ന്നു- അളിയൊ ഇന്ദുഭയൊ ആത്രൂഢമായിട്ടും പാപവീക്ഷിതമായിട്ടുമിരിക്കും വിഷയത്തിങ്കൽ കൂപാദിയിങ്കൽ പതനം വാച്യമായിഭവിക്കുന്നു- പ്രാച്യാദിത്ര്യക്ഷത്തൊടു തുല്യമാകുംവണ്ണം ആത്രൂഢാദികളായിരിക്കുന്നരാശികളെ ക്ഷിതിയിങ്കൽന്യസ്യക്കെണം-

സാരം—ചിങ്ങംരാശി ആത്രൂഢമായിവരുമ്പൊൾ അതിന്നു പാപയൊഗമുണ്ടായാൽ പറയെണ്ടും വ്യാധികൾ ഉദരരൊഗവും നെത്രരൊഗവും മനഃക്ലെശവും ഉഷ്ണരൊഗവുമാകുന്നു-

കൎക്കടകം ആത്രൂഢമായിവരുമ്പൊൾ പറയെണ്ടും വ്യാധികൾ ഗുല്മരൊഗവും ജിഹ്വാരൊഗവും മുഖരൊഗവും അരുചിയും ജലവ്യാധികളുമാകുന്നു- മെടത്തിന്നും വൃശ്ചികത്തിന്നും വ്യാധികൾ ശിരൊരൊഗം, നെത്രരൊഗം, പനി, പ്രണം, ചിരങ്ങ ഇതുകളാകുന്നു. മിഥുനത്തിന്നും കന്നിക്കും വ്യാധികൾ വായുവിന്റെതടവും നാസാരൊഗങ്ങളും ത്വഗ്രൊഗങ്ങളുമാകുന്നു- ധനുവിന്നും മീനത്തിന്നും വ്യാധികൾ ബുദ്ധിഭ്രമവും കണ്ണുരൊഗം മുതലായതുകളുമാകുന്നു. ഇടവത്തിന്നും തുലാത്തിന്നും വ്യാധികൾ ലിംഗരൊഗം അരുചിയും ജലവ്യാധിയുമാകുന്നു- മകരത്തിന്നും കുംഭത്തിന്നും വ്യാധികൾ ബുദ്ധിഭ്രമവും ദെഹംതളരുകയും മലംപൊവാസ്സയുമാകുന്നു ഇങ്ങിനെ അതാതു രാശി ആത്രൂഢമാകയും അതിൽ പാപസംബന്ധത്തൊടു കൂടായതാകയും കൂടിവരുംപൊൾ പറഞ്ഞുകൊൾക- ആത്രൂഢത്തിങ്കൽ രാഹുനിന്നാലും രാഹുവിന്റെ ദൃഷ്ടി ഉണ്ടായാലും ചിരങ്ങു ചൊറിയുമുണ്ടാകുമെന്നു പറയെണം- ആത്രൂഢത്തിന്നും ഉദയലഗ്നത്തിന്നും ആത്രൂഢനവാംശകത്തിന്നും ഉദയലഗ്നനവാംശകത്തിന്നും ഗുളികൻ നില്ക്കുന്ന രാശിയുടെയും ഗുളികന്റെ നവാംശകരാശിയുടെയും സംബന്ധമുണ്ടായാൽ രൊഗം ഫലമാകുന്നു- ആത്രൂഢരാശിമുതലായ നാലിൽവെച്ച് മൂന്നിന്നൊ അതുകൾക്കു നാലിന്നും കൂടിയായിട്ടൊ ഗുളികരാശ്യംശകസംബന്ധമുണ്ടായാൽ പ്രഷ്ടാവു മരിക്കുമെന്നു പറയെണം- ആത്രൂഢവിലഗ്നങ്ങൾക്കൊ ആത്രൂഢാഷ്ടമത്തിന്നൊ ഗണ്ഡാന്തത്തൊടു കൂടിയ നക്ഷത്ര പാദത്തിന്റെയും പാപഗ്രഹത്തിന്റെയും സംബന്ധമുണ്ടായാൽ ഫലം മെൽപ്രകാരമാകുന്നു- ആത്രൂഢം മീനരാശിയായിട്ടും അതിന്ന പാപദൃഷ്ടിയുണ്ടായിട്ടും വന്നാൽ പ്രഷ്ടാവിന്റെകാല്കൾ അസ്വാധീനങ്ങളായി ഭവിക്കുമെന്നു പറയെണം- വൃശ്ചികമൊ കൎക്കടകമൊ ആത്രൂഢമായിട്ടും പാപദൃഷ്ടിയൊടുകൂടിയും വന്നാൽ പൃഛകൻ കിണറു മുതലായ ജലാശയങ്ങളിൽ വീഴുമെന്നു പറയെണം ആത്രൂ

ഘാദി രാശിയെ ഭൂമിയിൽ കിഴക്കുമുതലായ ദിക്കുകളിൽ രാശിസ്ഥിതി ഇന്ന പ്രകാരമെന്നു പറഞ്ഞതിനെ അനുസരിച്ചു വെച്ചുകൊള്ളേണം.

൧൬. വൃക്ഷാദീൻനിർദ്ദിശേൽസ്വാംശാൻകേന്ദ്രഗൈശ്ചബലാന്വിതൈഃ । രാശിഭിഃഖേചരൈർവ്വാക്ഷേത്ര്യതദ്വൃക്ഷാംശ്ചാതഉത്തരം ॥

അന്വയാൎത്ഥം —— കേന്ദ്രഗങ്ങളായി ബലാന്വിതങ്ങളായിരിക്കുന്ന രാശികൾകൊണ്ടും കേന്ദ്രഗന്മാരായി ബലാന്വിതന്മാരായിരിക്കുന്ന ഖെചരന്മാരെക്കൊണ്ടും വൃക്ഷാദികളെ നിർദ്ദേശിക്കേണം. ഇതിങ്കൽനിന്നു മെലിൽ തദ്വൃക്ഷങ്ങളെയും വചിപ്പാൻപൊകുന്നു.

സാരം —— ആരൂഢത്തിന്റെ കേന്ദ്രരാശികൾ ബലത്തോടുകൂടിയതായിരുന്നാൽ അതുകൾകൊണ്ടും ആരൂഢകേന്ദ്രരാശികളിൽനില്ക്കുന്നഗ്രഹങ്ങൾ ബലവാന്മാരായിരുന്നാൽ അവരെകൊണ്ടും വൃക്ഷങ്ങളെപറയെണം രാശിഗ്രഹങ്ങൾകൊണ്ടുതന്നെ വൃക്ഷങ്ങളുടെ ദിക്കിനെയുംപറയെണം. ഇനിഗ്രഹവൃക്ഷങ്ങളെയും രാശിവൃക്ഷങ്ങളെയും പറയുന്നു.

൧൭. ഗിരിതരുകദളീകണ്ടകിവെണ്വാന്നാം ക്രമുകനാളികേരാണാം । താലാനാംചവനാനിക്രമശോൎക്കാൽസ്വാമിവത്തുരാശീനാം ॥

അന്വയാൎത്ഥം —— ഗിരിതരുകദളീകണ്ടകിവെണുക്കളുടെയും ക്രമുകനാളികെരങ്ങളുടെയും താലങ്ങളുടെയും വനങ്ങൾ അൎക്കൻകൽനിന്നുതുടങ്ങി ക്രമെണഭവിക്കുന്നു. രാശികൾക്കാകട്ടെവൃക്ഷങ്ങൾ സ്വാമികൾക്കെന്നപൊലെ ആകുന്നു.

സാരം —— ആദിത്യന്റെ വൃക്ഷങ്ങൾ കാട്ടുമരങ്ങളാകുന്നു. ചന്ദ്രന്റെവൃക്ഷങ്ങൾ വാഴകളാകുന്നു. ചൊവ്വയുടെവൃക്ഷങ്ങൾ മുള്ളുള്ളതുകളാകുന്നു. ബുധന്റെവൃക്ഷങ്ങൾമുളകളാകുന്നുവ്യാഴത്തിന്റെവൃക്ഷങ്ങൾ കവുങ്ങുകളാകുന്നു. ശുക്രന്റെവൃക്ഷങ്ങൾ തെങ്ങുകളാകുന്നു. ശനിയുടെവൃക്ഷങ്ങൾ കരിമ്പനകളാകുന്നു. മെടം, വൃശ്ചികം ഈ രാശികൾ ചൊവ്വയുടെയാകയാൽ അതുകളുടെവൃക്ഷങ്ങൾ മുള്ളുള്ളതുകൾതന്നെ. ഇടവം, തുലാം ഈരാശികൾ ശുക്രന്റെയാകയാൽ അതുകളുടെവൃക്ഷങ്ങൾ തെങ്ങുകൾതന്നെ. മിഥുനം, കന്നി ഈരാശികൾ ബുധന്റെയാകയാൽഅതുകളുടെവൃക്ഷങ്ങൾ മുളകൾതന്നെ. കൎക്കിടകംരാശിചന്ദ്രന്റെയാകയാൽ അതിന്റെവൃക്ഷങ്ങൾ വാഴകൾതന്നെ. ചിങ്ങംരാശി

ന്ദ്രന്റേതാകയാൽ അതിന്റെവൃക്ഷങ്ങളും കാട്ടുമരങ്ങളും തന്നെ-ധനു,മീനം ഈരണ്ടുരാശികളും വ്യാഴത്തിന്റെയാകയാൽ അതുകളുടെ വൃക്ഷങ്ങളും കവുങ്ങുകളും തന്നെ- മകരം,കുംഭം ഈരണ്ടുരാശികളും ശനിയുടെ യാകയാൽ അതിന്റെവൃക്ഷങ്ങളും കരിമ്പനകളുംതന്നെ ഇങ്ങിനെ ആരൂഢരാശികളുടെ വൃക്ഷങ്ങളും അതുകളുടെ അധിപന്മാർക്ക പറകപ്പെട്ടതുകളുംതന്നെ എന്ന അറിഞ്ഞുകൊള്ളുക-

൨൫- ആരൂഢസ്യോർദ്ധ്വവക്ത്രത്വം പ്രഷ്ടുരഭ്യുദയവൃദ്ധികൃത്। അധോമുഖ്യം ക്ഷയായസ്യാൽ തൽ കൃഷ്ണീയാദിഷൂദിതം॥

അന്വയാർത്ഥം—— ആരൂഢത്തിന്റെ ഊർദ്ധ്വവക്ത്രത്വം പ്രഷ്ടൃഭയവൃദ്ധിക്കുത്തായിഭവിക്കും. അധോമുഖ്യം ഇവന്റെ ക്ഷയത്തിന്നായിക്കൊണ്ടുഭവിക്കും അതു കൃഷ്ണീയാദികളിൽ ഉദിതമായിഭവിക്കുന്നു.

സാരം—— ആരൂഢം ഊർദ്ധ്വമുഖരാശിയായി വരികിൽ പൃച്ഛകന്റെ സംപത്തുമേലിൽ വർദ്ധിക്കും. അധോമുഖമായി വരികിൽ ക്ഷയിക്കും അതുകൃഷ്ണീയമുതലായ ശാസ്ത്രങ്ങളിൽ പറകപ്പെട്ടിരിക്കുന്നു-

൨൬- ഊർദ്ധ്വമുഖോദയരാശിഷ്വാരൂഢഃ പ്രശ്നേനരസ്യസിദ്ധികരീ। അന്യേവിഫലാജ്ഞേയാശുഭയുതദൃഷ്ടാശുഭാപ്ത്യൈച॥

അന്വയാർത്ഥം—— ഹോരാ ഊർദ്ധ്വമുഖമായിരിക്കുന്ന രാശിയാകുന്നു എംകിൽ നരന്ന സിദ്ധികരിയായിഭവിക്കുന്നു- അന്യകൾ വിഫലകളെന്നജ്ഞേയകളായിഭവിക്കുന്നു- ശുഭയുതദൃഷ്ടകളായാൽ ശുഭാപ്ത്യകളായിട്ടും ഭവിക്കുന്നു-

൨൭- ആരൂഢലഗ്നം ഊർദ്ധ്വമുഖമായിരുന്നാൽ പ്രഷ്ടാവിന്നു ഇഷ്ടപ്രാപ്തിയെ ഉണ്ടാക്കും. അധോമുഖരാശിയായാലും തിര്യങ്മുഖരാശിയായാലും ഇഷ്ടഫലത്തെ പറഞ്ഞുകൂടാ അപ്രകാരമായാലും ശുഭഗ്രഹയോഗം ശുഭദൃഷ്ടിയൊ ഉണ്ടായാൽ ദോഷമില്ലെന്നറിക-

൨൮- ഊർദ്ധ്വാസ്യസ്യതനുഗേപ്രസ്തുതഗതകാര്യാരംഭിണാം പൃച്ഛതാമൌന്നത്യം മഹദർത്ഥപൌരുഷയശഃസ്ഥാനാദികാനാംഭവേൽ। ഹ്യസ്യാരൂഢമധോമുഖംഭവതിചെൽ ഹീനത്വമിത്യാദിഭിഃ സ്യുസ്ത്വേ താഃ സ്യുഃ ശുഭഖേചരൈരവീക്ഷിതയുതൈഃ പാപാരിതുല്യൈഃ ശുഭൈഃ ഇതി॥

അന്വയാർത്ഥം—— ഊർദ്ധ്വാസ്യം തനുഗമായിരിക്കും വിഷയത്തിങ്കൽ പ്രസ്തുതഗതകാര്യാരംഭികളായിരിക്കുന്ന പൃച്ഛകന്മാർക്ക അർത്ഥപൌരുഷയശഃസ്ഥാനാദികങ്ങളുടെ മഹത്തായിരിക്കുന്ന ഔന്നത്യം ഭവിക്കും- അധോമുഖമായിരിക്കുന്നതും ആരൂ

ധമാകുന്നു എങ്കിൽ അഖിലങ്ങളായിരിക്കുന്ന വിത്താദികളൊടു പൃച്ഛകൻ ഹീനനായിഭവിക്കുകയും സുഹൃജ്ജനങ്ങളാലും ത്യജിക്കപ്പെടുകയും വാഹനാദികളിൽനിന്നു പതിക്കുകയും ചെയ്യും-

സാരം—— ജനനകാലത്തിന്റെ അനിശ്ചയത്തിങ്കൽ ജാതകഫലത്തെക്കുറിച്ചൊ ഒരുയാത്രയുടെ ഗുണദൊഷങ്ങളെക്കുറിച്ചൊ ഒരു കാൎയ്യാരംഭത്തിന്റെ ഗുണദൊഷങ്ങളെ കുറിച്ചൊ ചൊദിക്കുന്നവൎക്കു വെണ്ടിവെച്ച പ്രശ്നത്തിങ്കൽ ആരൂഢം ഊൎദ്ധ്വമുഖമായിഭവിച്ചാൽ മഹത്തായിരിക്കുന്ന ധനലാഭവും പൌരുഷവും യശസ്സും സ്ഥാനലാഭവുംമററും പലഗുണപുഷ്ടികളും അവൎക്കുണ്ടാകുമെന്നു പറയെണം. ആരൂഢരാശിഅധൊമുഖമായിഭവിച്ചാൽ പ്രഷ്ടാവിന്റെ ധനാദികൾ നശിക്കും സഖ്യമുള്ളവരും പ്രഷ്ടാവിനെ ഉപെക്ഷിക്കും കുതിരമുതലായ വാഹനങ്ങളിൽനിന്നൊവല്ലതിന്മെൽ നിന്നൊവീഴ്ച ഇങ്ങിനെ ഉള്ള അനിഷ്ടഫലത്തെയും പറയെണം.

മെൽപറകപ്പെട്ട വാക്യാൎത്ഥത്തിന്ന എല്ലാപ്രശ്നങ്ങളിലും ആരൂഢരാശി ഊൎദ്ധ്വമുഖമാകിൽ നന്നഎന്നും അധൊമുഖമാകിൽ ആകാഎന്നും ഉള്ള അഭിപ്രായത്തിന്മെൽ വിശ്രാന്തിഭവിക്കുന്നു എന്ന അറിഞ്ഞുകൊൾക- ഇതിശബ്ദം സമാപ്തിയെബൊധിപ്പിക്കുന്നതാകുന്നു-

വൃ- ആരൂഢാധിപതിശ്ശുഭഗ്രഹഗ്രഹെപ്രശ്നെയദിസ്യാൽ
സ്ഥിതഃ ക്ഷൊണീശാമരമന്ദിരാദിഷുമനൊജ്ഞെഷുസ്ഥിതിഃ പൃ
ഛതാം। പാപക്ഷെത്രഗതസ്സചെദിഹഭവെൽക്ലിഷ്ടപ്രദെശെ
സ്ഥിതി സൌമ്യാസൌമ്യദൃശാനുയാൽസമസതാംയൊഗശ്ച
തത്രൊഹ്യതാം॥

അന്വയാൎത്ഥം —— പ്രശ്നത്തിങ്കൽ ആരൂഢാധിപതിശ്ശുഭഗ്രഹഗ്രഹത്തിങ്കൽ സ്ഥിതനായി ഭവിക്കുമെങ്കിൽ പൃച്ഛത്തുക്കളുടെ സ്ഥിതിക്ഷൊണീശാമരമന്ദിരാദികളായി മനൊജ്ഞങ്ങളായിരിക്കുന്ന പ്രദെശങ്ങളിൽ വാച്യയായിഭവിക്കുന്നു. ഇവിടെ അവൻ പാപക്ഷെത്രഗതനാകുന്നു എങ്കിൽ പൃഛത്തുക്കളുടെസ്ഥിതി ക്ലിഷ്ടപ്രദെശത്തിങ്കൽ വാച്യയായിഭവിക്കുന്നു. അവങ്കൽ ഉള്ള സൌമ്യാസൌമ്യദൃശാനുയമത്തെ അനുസരിച്ചിട്ടു സദസത്തുകളുടെയൊഗവും ഊഹിക്കപ്പെടെണം.

സാരം—— ആരൂഢാധിപൻ ശുഭരാശിയിൽനിന്നാൽ പൃഛകന്റെസ്ഥിതി രാജഗൃഹംമുതലായ മനൊഹരപ്രദെശങ്ങളിലാകുന്നു എന്നുപറയെണം; ആരൂഢാധിപൻ പാപരാശിയി

ൽനിന്നാൽനിന്നാൽ പൃഛകന്റെസ്ഥിതി വളരെക്ലേശമായുള്ള
പ്രദേശത്തിങ്കലാകുന്നുഎന്നുപറയേണം ആരൂഢാധിപനുശു
ഭദൃഷ്ടിഉണ്ടായാൽ പൃഛകൻസജ്ജനസംസൎഗ്ഗത്തോടു കൂടിയ
വനാകുന്നുഎന്നും പാപദൃഷ്ടിഉണ്ടായാൽ ദുൎജ്ജനസംസൎഗ്ഗത്തോ
ടു കൂടിയവനാകുന്നുഎന്നും ഊഹിക്കേണം- ശുഭയോഗ പാപ
യോഗങ്ങൾകൊണ്ടും ക്രമേണസജ്ജനസംസൎഗ്ഗത്തേയും ദുൎജ്ജ
നസംസൎഗ്ഗത്തെയും ഊഹിക്കേണം-

൨൯- ശുഭവൎഗ്ഗേലഗ്നഗതെലഗ്നെവാസൌമ്യയോഗമായാ
തെ। ബ്രൂയാദഭിമതസിദ്ധിംപ്രഷ്ടുസ്ഥാനാന്തരപ്രാപ്തിം॥

അന്വയാൎത്ഥം—— ശുഭവൎഗ്ഗം ലഗ്നഗതമായിട്ടൊ ലഗ്നംസൌ
മ്യയോഗത്തെ ആയാതമായിട്ടൊ ഭവിച്ചിരിക്കും വിഷയത്തി
ങ്കൽ പ്രഷ്ടാവിന്റെ അഭിമതസിദ്ധിയെയും സ്ഥാനാന്തരപ്രാ
പ്തിയെയും പറയേണം-

സാരം—— ആരൂഢോദയലഗ്നങ്ങളുടെ വൎഗ്ഗശുഭസംബ
ന്ധിയായിരുന്നാലും ആരൂഢോദയലഗ്നങ്ങൾക്കു ശുഭയോഗമു
ണ്ടായാലും പ്രഷ്ടാവിന്റെഅഭീഷ്ടസിദ്ധിയെയും സ്ഥാനാന്തര
ലാഭത്തെയും പറയെണം-

൩൦- ദ്വിപദെചതുഷ്പദെവാഭവനെലഗ്നോപഗൊഗ്രഹഃപാ
പഃ। തിഷ്ഠതിതന്നാശകരൊജ്ഞേയസ്സൌമ്യോവിവൃദ്ധികരഃ॥

അന്വയാൎത്ഥം—— ദ്വിപദമായിട്ടൊ ചതുഷ്പദമായിട്ടൊ ഇ
രിക്കുന്ന ഭവനത്തിങ്കൽ ലഗ്നോപഗനായി പാപനായിരിക്കുന്ന
ഗ്രഹം സ്ഥിതിചെയ്യുന്നുഎങ്കിൽ അവൻതന്നാശകരനെന്ന
ജ്ഞേയനായി ഭവിക്കുന്നുസൌമ്യൻ വിവൃദ്ധികരനെന്നജ്ഞേ
യമായി ഭവിക്കുന്നു.

സാരം—— ആരൂഢോദയലഗ്നങ്ങൾ ദ്വിപാദ്രാശികളായി
ട്ടും അതുകളിൽ പാപഗ്രഹമുണ്ടായിട്ടുംവന്നാൽ രണ്ടുകാലൊടുകൂ
ടിയ ശരീരികൾക്കു നാശത്തെ പറയെണം ചതുഷ്പാദ്രാശികൾ
ആരൂഢോദയലഗ്നങ്ങളായിട്ടും അതുകളിൽപാപഗ്രഹമുണ്ടായി
ട്ടും വന്നാൽ നാല്ക്കാലികൾ നശിക്കുമെന്നു പറയെണം ശുഭ
ഗ്രഹം അതുകളിൽനിന്നാൽ ദ്വിപാത്തുകളും ചതുഷ്പാത്തുകളും
വൎദ്ധിക്കുമെന്നുപറയെണം-

൩൧- സപൎണ്ണേനാത്രസംവിന്ന്യസ്തേനാപിപ്രഷ്ടുശ്ശുഭാശുഭം ।
യംശാസ്ത്രാന്തരെഷൂക്തംതല്പൃഥഗ്വിലിഖ്യതെ।

അന്വയാൎത്ഥം——അത്രസംവിന്ന്യസ്തമായിരിക്കുന്നസപൎണ്ണം
കൊണ്ടും പ്രഷ്ടാവിന്റെശുഭാശുഭം ജ്ഞേയമാകുന്നുഎന്ന ശാ

സ്ത്രാന്തരങ്ങളിൽ ഉക്തമായി ഭവിക്കുന്നു ഇനിഅതും ലെഖനംചെയ്കപ്പെടുന്നു-

സാരം—— രാശിയിൽ വെക്കപ്പെട്ടസ്വൎണ്ണംകൊണ്ടും പ്രഷ്ടാവിന്റെശുഭാശുഭങ്ങളെ അറിയെണമെന്ന അന്യശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട ഇനിശാസ്ത്രാന്തരവചനത്തെയും ഇവിടെ എഴുതുന്നു-

൩൨- ജലഗന്ധാക്ഷതവ്രീഹിതണ്ഡുലാഭൂതപഞ്ചകം। തന്മയം ഹിവപുൎജ്ഞെയംജീവഹെമഫലികാത്മകം॥

അന്വയാൎത്ഥം.—— ജലഗന്ധാക്ഷതവ്രീഹിതണ്ഡുലങ്ങൾ ഭൂതപഞ്ചകമായിഭവിക്കുന്നു- വപുസ്സതന്മയമായി ഭവിക്കുന്നു എല്ലാ കാഞ്ചനം ജീവൻതന്നെഎന്ന ജ്ഞെയമായി ഭവിക്കുന്നു-

സാരം—— വെള്ളം, ചന്ദനം, പൂവ്വ, നെല്ല, അരി ഇവപഞ്ചഭൂതങ്ങളുടെ സ്ഥാനങ്ങളിൽ ഉള്ളതുകളാകയാൽ അതുകൾഒരുമിച്ചുചെരുമ്പൊൾ ദെഹമായിതീരുന്നുഎന്നും അതുകളുടെ ഉള്ളിൽ വെച്ചസ്വൎണ്ണം ജീവനാകുന്നുഎന്നും അറിയെണം-

൩൩. പുഷ്പാക്ഷതൊപരിസ്വൎണ്ണമുത്താനംപൃച്ഛകായുഷെ । തിൎയ്യങ്മൃത്യുകരംഭ്രഷ്ടം ന്യക്തുബാധാഗദാവഹം ॥

അന്വയാൎത്ഥം—— പുഷ്പാക്ഷതൊപരിഭാഗത്തിങ്കൽ ഉത്താനമായിരിക്കുന്ന സ്വൎണ്ണം പൃച്ഛകായുസ്സിനായിക്കൊണ്ടു ഭവിക്കുന്നു- തിൎയ്യക്കായി ഭ്രഷ്ടമായിരിക്കുന്ന സ്വൎണ്ണം മൃതികരമായി ഭവിക്കുന്നു- ന്യക്കായിരിക്കുന്ന സ്വൎണ്ണമാകട്ടെ ബാധാഗദാവഹമായി ഭവിക്കുന്നു-

സാരം—— സ്വൎണ്ണം പുഷ്പാക്ഷതങ്ങളുടെ മുകളിൽ മലൎന്നുവീണാൽ പൃച്ഛകന്നദീൎഘായുസ്സ്ഉണ്ടെന്ന പറയെണം- ചെരിഞ്ഞുഭ്രഷ്ടശ്ശത്തൊട്ടുകൂടെ വീഴുകിൽ മരണം ഫലമാകുന്നു- കവിണ്ണുവീണാൽ ബാധയും വ്യാധിയും ഫലമാകുന്നു-

൩൪. ഊൎദ്ധ്വംപുഷ്പാക്ഷതാനാംനിഹിതമിഹഭവെൽസ്വൎണ്ണമൂൎദ്ധ്വാനനംചെത്തൽകാലെവൎദ്ധനംസ്യാദ്ധനസുഖയശസാംപൃഛകസ്യൊൎദ്ധ്വമൂൎദ്ധ്വം । തത്തദ്വാധൊമുഖംചെൽക്ഷയഉപചയതഃ കിഞ്ചിതാരബ്ധഏവാധൊൎദ്ധ്വാസ്യത്വെമധ്യസ്ഥാൽക്ഷയതഉപചയാരംഭണംതത്രവാച്യം ॥

അന്വയാൎത്ഥം—— ഇതിങ്കൽ നിഹിതമായിരിക്കുന്ന സ്വൎണ്ണം പുഷ്പക്ഷതങ്ങളുടെ ഊൎദ്ധ്വഭാഗത്തിങ്കൽ ഊൎദ്ധ്വാനനമായി ഭവിക്കുമെങ്കിൽ തൽക്കാലത്തിങ്കൽ പൃഛകന്റെ ധനസുഖയശസ്സുകൾക്കു മെൽക്കുമെലെ വൎദ്ധനം ഭവിക്കും- അത അതിങ്കൽ

അധോമുഖമായി ഭവിക്കുമെംകിൽ ഉപചയത്തിങ്കൽ നിന്നനന്തരം അല്പമായി ആരബ്ധമായിട്ടുതന്നെ ഇരിക്കുന്ന ക്ഷയം വാച്യമായി ഭവിക്കുന്നു. അധോഭാഗത്തിങ്കൽ ഉൎദ്ധ്വാസ്യമായി ഭവിക്കുമെങ്കിൽ ക്ഷയത്തിങ്കൽ നിന്ന അനന്തരം ഉപചയാരംഭണം അതുകളിൽ വാച്യമായി ഭവിക്കുന്നു.

സാരം —— സ്വൎണ്ണം പൃഷ്ഠാക്ഷതൊപരിഭാഗത്തിങ്കൽ മലൎന്നുവീണാൽ അക്കാലത്തിങ്കൽ പ്രഷ്ടാവിന്റെ ധനസുഖയശസ്സുകൾക്കു മെൽക്കുമെലെ ഉള്ള വൎദ്ധനത്തെ പറയെണം. പൃഷ്ഠാക്ഷതൊപരിഭാഗത്തിങ്കൽ തന്നെ അധോമുഖമായി സ്വൎണ്ണം വീണാൽ പുത്രധനാദികളുടെ വൃദ്ധി അവസാനിച്ചതിന്റെ ശെഷം അല്പമായുള്ള ക്ഷയത്തിന്റെ ആരംഭത്തെ പറയെണം. പൃഷ്ഠാക്ഷതങ്ങളുടെ അധോഭാഗത്തിങ്കൽ മലൎന്ന വീണാൽ ക്ഷയിച്ചതിന്റെ ശെഷം വൃദ്ധി തുടങ്ങി എന്നു പറയെണം.

ശ്ലോ. സൎവ്വാധൊധൊമുഖഞ്ചെൽക്ഷയഇഹതുപുനശ്ചാപിസൎവ്വക്ഷയസ്സ്യാന്മധ്യസ്ഥെഹെമ്നിചൊഹ്യംഫലമപിസകലംപ്രൊക്തയൈവാത്രരീത്യാ ദീൎഘായുൎമ്മൃത്യുനൈസ്സ്വഉപചിതധനതാപ്രാഗ്ദിശാദിപ്രവൃത്തെസ്വൎണ്ണസ്യാഗ്ന്യാദികൊണപ്രപതനഇഹപുനൎമ്മൃത്യുരൊഗാദ്യനൎത്ഥാഃ ॥ ഇതി.

അന്വയാൎത്ഥം —— സൎവ്വാധൊഭാഗത്തിങ്കൽ അധോമുഖമായി ഭവിക്കുമെങ്കിൽ ഇപ്പൊൾ തന്നെ ക്ഷയം ഭവിക്കും. പിന്നെ സൎവ്വക്ഷയവും ഭവിക്കും. ഹെമം മദ്ധ്യസ്ഥമായിരിക്കും വിഷയത്തിങ്കലും ഇവിടെ പ്രൊക്തയായിരിക്കുന്ന രീതികൊണ്ടു തന്നെ സകലമായിരിക്കുന്ന ഫലവും ഊഹ്യമായി ഭവിക്കുന്നു. സ്വൎണ്ണത്തിന്ന പ്രാഗ്ദിശാദിപ്രവൃത്തം സത്തായിരിക്കും വിഷയത്തിങ്കൽ ദീൎഘായുസ്സും മൃത്യുനൈസ്സ്വങ്ങളും ഉപചിതധനതയും വാച്യങ്ങളായി ഭവിക്കുന്നു. അഗ്ന്യാദികൊണപ്രപതനം സത്തായിരിക്കും വിഷയത്തിങ്കൽ ഇപ്പൊഴും പിന്നയും മൃത്യുരൊഗാദ്യനൎത്ഥങ്ങൾ വാച്യങ്ങളായി ഭവിക്കുന്നു.

സാരം —— സ്വൎണ്ണം സകലത്തിന്റെയും അധോഭാഗത്തിങ്കൽ കവിണ്ണുവീണാൽ അക്കാലത്തിങ്കൽ തന്നെ ധനാദികൾ മിക്കതും ക്ഷയിച്ചിരിക്കുന്നു എന്നും, മെലിൽ നിശ്ശെഷമായി ക്ഷയിക്കുമെന്നും പറയെണം. സ്വൎണ്ണം പൃഷ്ഠാക്ഷരമദ്ധ്യത്തിങ്കലായി വന്നാൽ ഊൎദ്ധ്വാധൊഭാഗങ്ങളിൽ അതിനെക്കുറിച്ചു പറകപ്പെട്ട ന്യായത്തെ അനുസരിച്ചു സകലമായിരിക്കുന്ന ഫലത്തെയും ഊഹിക്കെണം. സ്വൎണ്ണത്തിന്ന കിഴക്കെദിക്കിൽ പ്രവം ഭ

വിച്ചാൽ ഫലം ദീൎഘായുസ്സാകുന്നു. തെക്കെദിക്കിൽ പ്ലവം ഭവിച്ചാൽ മരണം ഫലമാകുന്നു. പടിഞ്ഞാറെ ദിക്കിൽ പ്ലവം ഭവിച്ചാൽ ദാരിദ്ര്യം ഫലമാകുന്നു. വടക്കെ ദിക്കിൽ പ്ലവം ഭവിച്ചാൽ ഫലം ധനപുഷ്ടിയാകുന്നു. അഗ്ന്യാദി കോണുകളിൽ പ്ലവം ഭവിച്ചാൽ മൃത്യുരോഗാദികളായിരിക്കുന്ന അനൎത്ഥങ്ങളെ അനുഭവിക്കും. ഇതു തൽക്കാലത്തിങ്കലും മേലിലും വരുന്നതുമാകുന്നു. ഇതി ശബ്ദം സമാപ്തിയെ ബോധിപ്പിക്കുന്നതാകുന്നു.

(വാ) ഏതദാരൂഢാദിവിഷയം ॥

അന്വയാൎത്ഥ —— ഇത ആരൂഢ വിഷയമാകുന്നു.

സാരം—— മേൽ പറകപ്പെട്ടതുകൊണ്ടു മുഖ്യമായി അറിയേണ്ടത ആരൂഢ ഫലമാകയാൽ അത ആരൂഢവിഷയമാകുന്നു.

(വാക്യം) അഥലഗ്നാദിഫലമുച്യതെ ॥

അന്വയാൎത്ഥം—— അനന്തരം ലഗ്നാദിഫലം വചിക്കപ്പെടുന്നു.

സാരം—— ഇനി ഉദയലഗ്നം മുതലായതിന്റെ ഫലത്തെ പറയുന്നു.

൩൩. മാന്ദീന്ദുദയലഗ്നാംശാമൃത്യുദേഹാസവഃസ്മൃതാഃ । ആയു
രാരോഗ്യദാന്യേചതെരോഗവൈകല്യപ്രദാസ്ഥിരെ ॥

൩൪. ദചന്ദ്രലഗ്നാസ്സംയുതാശ്ചെത്ത്രയഃപൃഷ്ഠാമൃതിപ്രദാഃ ।
മോഹദാസ്സമ്മിഥോദൃഷ്ടാസ്ത്രികോണസ്ഥാമഹാരുജേ ॥

൩൫. യോഗദൃഷ്ട്യാദിസംബന്ധസ്യപായുഷൊപ്രാണദെഹ
യൊഃ । ദേഹമൃത്യോസ്തുരോഗായപ്രാണമൃത്യോസ്തുമോഹകൃൽ ॥

അന്വയാൎത്ഥം—— ചരത്തിങ്കൽ ഉള്ള മാന്ദീന്ദുദയലഗ്നാംശങ്ങളും മൃത്യുദേഹാസുക്കളും ആയുരാരോഗ്യങ്ങളായി ഭവിക്കുന്നു. സ്ഥിരത്തിങ്കൽ ഉള്ള ഇതുകളാകട്ടെ രോഗവൈകല്യപ്രദങ്ങളായി ഭവിക്കുന്നു. സംയുതങ്ങളായി ദചന്ദ്രലഗ്നങ്ങളായിരിക്കുന്ന ഇതുകൾ മൂന്നായാൽ പൃഷ്ഠാവിന്ന മൃതിപ്രദങ്ങളായി ഭവിക്കുന്നു. അന്യോന്യം ദൃഷ്ടങ്ങളായിരിക്കുന്ന ഇതുകൾ മോഹദങ്ങളായി ഭവിക്കും. ത്രികോണസ്ഥങ്ങളായിരിക്കുന്ന ഇതുകൾ മഹാരുജിന്നായിക്കൊണ്ടു ഭവിക്കും. പ്രാണദേഹങ്ങളുടെ യോഗദൃഷ്ട്യാദി സംബന്ധം ആയുസ്സിന്നായിക്കൊണ്ടു ഭവിക്കും. ദേഹമൃത്യുക്കളുടെ യോഗദൃഷ്ട്യാദിസംബന്ധം രോഗത്തിന്നായിക്കൊണ്ടു ഭവിക്കും. പ്രാണമൃത്യുക്കളുടെ യോഗദൃഷ്ട്യാദി സംബന്ധം മോഹകൃത്തായി ഭവിക്കും.

സാരം—— ഗുളികന്റെയും ചന്ദ്രന്റെയും ഉദയലഗ്നത്തിന്റെ

യും നവാംശകരാശികൾ ചരങ്ങളായാൽ ആയുസ്സിന്നെയും ആരോഗ്യത്തെയുമുണ്ടാക്കും. സ്ഥിരങ്ങളായാൽ വ്യാധിയെ ദീൎഘിപ്പിക്കും. മൃത്യുദേഹപ്രാണസ്ഫുടങ്ങൾ ചരരാശികളിലായിവന്നാൽ ആയുസ്സിന്നെയും ആരോഗ്യത്തെയു മുണ്ടാക്കും. സ്ഥിരരാശികളിലായിവന്നാൽ വ്യാധിയെ ദീൎഘിപ്പിക്കും. ഉഭയരാശികളിൽ അംശിക്കുകയൊ ഉഭയരാശിയിൽ സ്ഥിതിയൊ മേൽ പറകപ്പെട്ടതുകളിൽ വെച്ചു മൂന്നു പദാൎത്ഥങ്ങൾക്കു ഒരുമിച്ചു വന്നാൽ അതുകൾ മരണത്തെ ഉണ്ടാക്കും. ആയതു പൃച്ശകന്നു തന്നെ എന്ന അറിഞ്ഞുകൊൾക. അന്യോന്യം ദൃഷ്ടിയൊടു കൂടിയ ഗുളികാദികൾ ബാധക്കെടിനെ ഉണ്ടാക്കും. അഞ്ചേമ്പതാം രാശികളിൽ ഉള്ള സ്ഥിതി എന്നുള്ള സംബന്ധം അതുകൾക്കു ഭവിച്ചാൽ മഹാരോഗത്തെ ഉണ്ടാക്കും. പ്രാണസ്ഫുടത്തിന്നും ദേഹസ്ഫുടത്തിന്നും പരസ്പരം യോഗദൃഷ്ട്യാദിസംബന്ധമുണ്ടായാൽ ആയുസ്സിന്നു ഗുണം തന്നെ. ദേഹമൃത്യുക്കൾക്കു മേൽ പറഞ്ഞ സംബന്ധമുണ്ടാകുന്നതു രോഗഹേതുവാകുന്നു. പ്രാണമൃത്യുക്കൾക്കാകിൽ ബാധകെടുണ്ടാകും.

൩൯. ക്ഷീണേന്ദുപക്ഷസുതാരതീക്ഷ്ണമഹസാംവൎഗ്ഗാവിലഗ്ന
സ്ഥിതാമൃത്യുവ്യാധിധനക്ഷയാദ്യശുഭദാഃപ്രഷ്ടുൎബ്ബുധൊവിത്തധീ
സാമൎത്ഥ്യപ്രദഃപൂൎണ്ണശശിനശ്ശുക്രസ്യവാവാക്പതെരെതെക്കു
ൎവ്വരരൊഗതാൎത്ഥതനയപ്രാപ്ത്യാദ്യഭീഷ്ടാഗമാൻ ॥

അന്വയാൎത്ഥം—— ക്ഷീണേന്ദുപക്ഷസുതാര തീക്ഷ്ണമഹസ്സുകളുടെ വൎഗ്ഗങ്ങൾ വിലഗ്നസ്ഥിതങ്ങളായി എങ്കിൽ പ്രഷ്ടാവിന്നു മൃത്യുവ്യാധിധനക്ഷയാദ്യശുഭങ്ങളായി ഭവിക്കും. വിത്തിന്റെ ഇതുകൾ വിലഗ്ന സ്ഥിതങ്ങളായി എങ്കിൽ ധീസാമൎത്ഥ്യങ്ങളുകളായി ഭവിക്കും. പൂൎണ്ണശശിയുടെയൊ ശുക്രന്റെയൊ വാൿപതിയുടെയൊ ഇതുകൾ വിലഗ്ന സ്ഥിതങ്ങളായി എങ്കിൽ ആരോഗതാൎത്ഥതനയ പ്രാപ്ത്യാദ്യഭീഷ്ടാഗമങ്ങളു ഉണ്ടാകും.

സാരം—— ഉദയലഗ്നത്തിന്റെ ദ്രെക്കാണാദിവൎഗ്ഗങ്ങൾ ക്ഷീണചന്ദ്രന്റെയും ശനിയുടെയും ചൊവ്വയുടെയും ആദിത്യന്റെയുമായാൽ പൃച്ശകന്നു മരണം, വ്യാധി, ധനക്ഷയം മുതലായത ഇങ്ങിനെ ഉള്ള അനിഷ്ട ഫലങ്ങളെ ഉണ്ടാക്കും. ബുധന്റെ വൎഗ്ഗങ്ങൾ ഉദയലഗ്നത്തിന്നു വന്നാൽ ബുദ്ധിസാമൎത്ഥ്യം ഫലമാകുന്നു. ക്ഷീണനല്ലാത്ത ഉള്ള ചന്ദ്രന്റെയും ശുക്രന്റെ ബൃഹസ്പതിയുടെയും വൎഗ്ഗങ്ങളായാൽ ആരോഗ്യം, ധനം, സന്തതി ഇത്യാദികളായ ഇഷ്ടവസ്തുക്കളുടെ ലാഭം ഫലമാകുന്നു.

൩൦. ലഗ്നേതദീശചരേവൊച്ചയുക്തെ ശ്രുത്വ്യാദിപിത്തരുക് ।
ദാഹശ്ചഭവനസ്യാസ്യാഥസപിഷ്ടത്ര്യംശനാഡികെ ॥
൩൧. തൽഭീംസൈകാഗ്ര്യമത്ര ഗ്രഹാലസ്യഞ്ചമൂർഛതിഃ ॥
൩൨. യദ്രാശിസംജ്ഞതാലഗ്നാംശസ്സദ്രാശിശ്ചെച്ചുഭാന്വിതഃ
ഗതകാലശ്ശുഭഃ പ്രഷ്ടുരശുഭൊയദിപാപയുക് ॥

അന്വയാൎത്ഥം — ലഗ്നം ഉച്ചയുക്തമായിരിക്കും വിഷയത്തിങ്കലും തദീശ്വരൻ ഉച്ചയുക്ത മായിരിക്കും വിഷയത്തിങ്കലും ശ്രുത്വ്യാദിപിത്തരുക്ക വാച്യയായി ഭവിക്കുന്നു- ഭവനത്തിന്റെ ദാഹവും വാച്യമായി ഭവിക്കുന്നു- അതുസപഷ്ടത്ര്യംശനാഡികമായി സത്തായിരിക്കും വിഷയത്തിങ്കൽ തൽഭീവാച്യയായിഭവിക്കുന്നു- സൈകാഗ്ര്യമായി സത്തായിരിക്കും വിഷയത്തിങ്കൽ ഗ്രഹാലസ്യം വാച്യമായി ഭവിക്കുന്നു- മൂർഛതിയും വാച്യയായി ഭവിക്കുന്നു. ലഗ്നാംശം യദ്രാശിസംജ്ഞമായിഭവിക്കുന്നുവൊ തദ്രാശിശുഭാന്വിതമാകുന്നു എങ്കിൽ പ്രഷ്ടാവിന്റെ ഗതകാലം ശുഭമെന്നു വാച്യമായി ഭവിക്കുന്നു- പാപയുക്താകുന്നു എങ്കിൽ അശുഭമെന്നു വാച്യമായി ഭവിക്കുന്നു.

സാരം—— ഉദയലഗ്നത്തിന്നൊ ഉദയലഗ്നാധിപന്നൊ ഉച്ചമെന്നദൊഷം തട്ടിയാൽ വിക്കുകന്നുപനി മുതലായ പിത്തരൊഗങ്ങൾ ഉണ്ടാകുമെന്നു പറയെണം. ഗ്രഹത്തിന്ന അഗ്നിബാധ ഭവിക്കുമെന്നും പറയെണം. ഉദയലഗ്നം വിഷദ്രെക്കാണമായിരുന്നാലും ഉദയലഗ്നത്തിന്റെ നക്ഷത്രനാഴികക്ക വിഷദൊഷമുണ്ടായാലും വിഷഭയത്തെ പറയെണം. ഇത ലഗ്നാധിപന്നെക്കൊണ്ടുമാം- ഐകാഗ്ര്യമെന്ന ദൊഷമുണ്ടായാൽ പ്രഷ്ടാവിന്റെ ഗ്രഹത്തിങ്കൽ ഉള്ളവൎക്ക ആലസ്യവും മൊഹാലസ്യവും ഫലമാകുന്നു. ഉദയലഗ്നത്തിന്റെ നവാംശകരാശിയിൽ ശുഭഗ്രഹം നിന്നാൽ പ്രഷ്ടാവിന്ന കഴിഞ്ഞകാലം ശുഭമെന്നപറയെണം- പാപഗ്രഹം നിന്നാൽ അശുഭമെന്നും പറയെണം-

൩൩. ലഗ്നാംശരാശിഗെചന്ദ്രെലൊഹപാത്രക്ഷതിർമൃതെഃ ।
ലക്ഷ്മമാന്ദ്യംശരാശൌതുലഗ്നേമൂൎദ്ധ്നിഭാണ്ഡഭഞ്ജനം ॥

അന്വയാൎത്ഥം — ചന്ദ്രൻ ലഗ്നാംശരാശിഗനായിരിക്കും വിഷയത്തിങ്കൽ ലൊഹപാത്രക്ഷതി മൃതിയുടെ ലക്ഷ്മമായി ഭവിക്കുന്നു. മാന്ദ്യംശരാശി ലഗ്നമായി സത്തായിരിക്കും വിഷയത്തിങ്കൽ മൂൎദ്ധ്നിഭാണ്ഡഭഞ്ജനം മൃതിയുടെ ലക്ഷ്മമായി ഭവിക്കുന്നു-

സാരം—— ഉദയലഗ്നത്തിന്റെ നവാംശകരാശിയിൽ ചന്ദ്രൻ നിന്നാൽ ഇരുമ്പുപാത്രം ഉടഞ്ഞുഎങ്കിൽ മരിക്കും- മൂൎദ്ധ്നി

ന്റെ നവാംശകരാശി ഉദയലഗ്നമായി വന്നാൽ മണ്ഡൂത്രം ഉടഞ്ഞാൽ മരിക്കും.

മെൽ വിവരിക്കപ്പെട്ട ശ്ലോകത്തിന്റെ ഉത്തരാൎദ്ധം ലഗ്നമാന്ദ്യംശരാശിസ്ഥെമൂത്രഭാണ്ഡസ്യഭേദനം എന്ന ചില ഗ്രന്ഥങ്ങളിൽ കാണുന്നു. ഗുളികനവാംശകരാശിയിൽ ചന്ദ്രൻനിന്നാൽ മണ്ഡൂത്രം ഉടഞ്ഞു എങ്കിൽ മരിക്കുമെന്ന അപ്രകാരം പാഠമായാൽ അതിന്റെ സാരമായിട്ടൂഹിക്കയും ചെയ്യും. എങ്കിലും ഗുളികാംശരാശി ലഗ്നമാകിൽ മണ്ഡൂത്രം ഉടഞ്ഞാൽ മരണമെന്നുള്ള തന്ത്രികളുടെ ഭാഷയെ അനുസരിച്ചുള്ളതായ പാഠം മെൽവിവരിച്ച പ്രകാരമാകുന്നു എന്ന ഗ്രഹിച്ചു കൊൾകയും വെണം.

൪൭. മൃത്യുപ്രാണശരീരരാശിസഹിതൈസ്സൂക്ഷ്മീകൃതൈകൈകശഃ ഗ്രഹൈസ്ത്രീണിഭവന്തിയൽ പ്രസ്ഫുടാനിവിഹരന്ത്യയുതിനാ ശ്രദ്ധയാ സംജ്ഞാദ്ധ്യായമശോധനൈകകൈകൈശ്ചൈവ ശുക്ലാദി ഭേദൈർമൃത്യുനഷ്ടൈസ്ഫുടൈൎണ്ണ നമ്രമൂൎദ്ധ്വാത്ര്യംസ്യാ ദ്യാതഥൈന ചതു॥

൪൮. ലഗ്നെന്ദുമാന്ദ്യംശകഫലാതഃ ശരീരമിത്യുക്താന്യധികഫലം। പ്രാണോമൃത്യുശരീരാണ്യമധ്യന്ന സമീക്ഷ്യ്‌തെ॥

അന്വയാൎത്ഥം—ഇനി ഇപ്പോൾ ലഗ്നെന്ദുമാന്ദ്യാംശാഭ്യാം എന്നുള്ള ശ്ലോകംകൊണ്ടു ഉക്തങ്ങളായിരിക്കുന്ന മൃത്യുപ്രാണശരീരങ്ങളുടെ ഫലം സമീരണം ചെയ്കപ്പെടുന്നു.

സാരം— ഇനി ഇപ്പോൾ ലഗ്നെന്ദുമാന്ദ്യാംശാഭ്യാം എന്നുള്ള ശ്ലോകംകൊണ്ടു മുമ്പ പറകപ്പെട്ടമൃത്യുവിന്റെയും പ്രാണന്റെയും ദെഹത്തിന്റെയും ഫലത്തെ പറയുന്നു.

൪൯. പ്രാണെമൃത്യുശരീരെഷു ദെഹാധിക്യെതദംശകഃ। പ്രാണെധികെമഹാൻരൊഗൊ മൃത്യൌചെദധികെമൃതിഃ।

അന്വയാൎത്ഥം— മൃത്യുപ്രാണശരീരങ്ങളിൽ വെച്ചു ദെഹാധിക്യംസത്തായിരിക്കും വിഷയത്തിങ്കൽ തൽക്കെ രൂടെ ശമം വാച്യമായി ഭവിക്കുന്നു. പ്രാണൻ അധികമായി സത്തായിരിക്കും വിഷയത്തിങ്കൽ മഹത്തായിരിക്കുന്ന രൊഗം വാച്യമായി ഭവിക്കുന്നു. മൃത്യു അധികമാകുന്നു എങ്കിൽ മൃതി വാച്യയായി ഭവിക്കുന്നു.

സാരം — മൃത്യുസ്ഫുടം, പ്രാണസ്ഫുടം, ദെഹസ്ഫുടം ഇങ്ങിനെ ഉള്ള മൂന്നസ്ഫുടങ്ങളിൽവെച്ചു ദെഹസ്ഫുടം വലുതായാൽ രൊഗങ്ങളുടെ ശമനം ഫലമാകുന്നു. പ്രാണസ്ഫുടം വലുതായാൽ മഹാരൊഗം ഫലമാകുന്നു. മൃത്യുസ്ഫുടം വലുതായാൽ മരണം ഫലമാകുന്നു.

൫൦. മൃത്യൂനംജ്ഞ ഷ്ഠാഹിതെ നൃണ്ണം സ്വജന്മനക്ഷത്രചാ ചെന്നാ॥

മൃത്യുഃപ്രാണോഽഥദേഹശ്ച ക്രമവൃദ്ധാഃ ശുഭപ്രദാഃ॥

അന്വയാൎത്ഥം—— മൃത്യുജ്യേഷ്ഠഫലിപ്പെട്ടുസ്ഥമായിരിക്കും വിഷയത്തിങ്കലും ജന്മട്ടസ്ഥമായിരിക്കും വിഷയത്തിങ്കലും പഞ്ചതാ വാച്യയായി ഭവിക്കുന്നു- മൃത്യുവും പ്രാണനും ദേഹവും ക്രമവൃദ്ധങ്ങളായാൽ ശുഭപ്രദങ്ങളായി ഭവിക്കുന്നു-

സാരം—— ആയില്യം, തൃക്കേട്ട, രേവതി, പൃച്ഛകൻെറ ജന്മനക്ഷത്രം ഇതുകളിൽ മൃത്യുസ്ഫുടം വന്നാൽ മരണം ഫലമാകുന്നു- മൃത്യുവിനെക്കാൾ വലുപ്പം പ്രാണന്നു പ്രാണനെക്കാൾ വലുപ്പം ദേഹത്തിന്നുമായാൽ അതുകൾ ഇഷ്ടഫലത്തെ കൊടുക്കുന്നതുകളാകുന്നു-

൨൮. ലഗ്നേന്ദുഗുളികാംശേശപ്രാധിന്യാദി വിചിന്തനം। എതൽക്രിയതെകൈശ്ചിത്തദപ്യത്രവിലിഖ്യതെ॥

അന്വയാൎത്ഥം —— ഒരം ആധിക്യാദിവിചിന്തനം ലഗ്നേന്ദുഗുളികാംശങ്ങൾകൊണ്ടും ചിലരാൽ ചെയ്യപ്പെടുന്നു- അനന്തരം അതും ലേഖനം ചെയ്യപ്പെടുന്നു-

സാരം——മൃത്യുപ്രാണശരീരങ്ങളുടെ ആധിക്യാദികൊണ്ടുള്ള ഫലഭേദനിരൂപണം മുമ്പെപോലെ ഉദയലഗ്നത്തിൻെറയും ചന്ദ്രൻെറയും ഗുളികൻെറ അംശകങ്ങൾകൊണ്ടും ഫലഭേദനിരൂപണം ചിലരുടെ പക്ഷത്തിൽ ഉണ്ടു- അതിനുള്ള വചനത്തെ ഇനി എഴുതുന്നു-

൨൯. ലഗ്നാംശകേധികെവൃദ്ധിരുജാംചന്ദ്രാംശകേശമഃ। മാന്ദ്യംശകെധികെമൃത്യുസ്താദിഷ്ടികാദിഭിഃ॥ ഇതി॥

അന്വയാൎത്ഥം—— ലഗ്നാംശകഗതകളായിരിക്കുന്ന ഘടികാദികൾകൊണ്ടു അധികമായി സത്തായിരിക്കും വിഷയത്തിങ്കൽ രുക്കുകളുടെ വൃദ്ധി വാച്യയായി ഭവിക്കുന്നു- ചന്ദ്രാംശകം അധികമായി സത്തായിരിക്കും വിഷയത്തിങ്കൽ രുക്കുകളുടെ ശമം വാച്യമായി ഭവിക്കുന്നു- മാന്ദ്യംശകം അധികമായി സത്തായിരിക്കും വിഷയത്തിങ്കൽ മൃത്യു വാച്യമായി ഭവിക്കുന്നു-

സാരം—— ഉദയലഗ്നത്തിൻെറ അംശം കഴിഞ്ഞ നാഴിക കൊണ്ടും വിനാഴിക കൊണ്ടും മറ്റുള്ളതുകളെക്കാൾ അധികമായിരുന്നാൽ രോഗവൃദ്ധിയെ പറയെണം- ചന്ദ്രാംശകം മേൽ പ്രകാരമായാൽ രോഗശമനത്തെ പറയെണം- ഗുളികാംശകം മേൽപ്രകാര മായിരുന്നാൽ മരണം ഫലമാകുന്നു-

൩൦. മൃത്യുകാലാസതാംപ്രാണെമധ്യതേത്യതെക്ഷിതെ। പ്രദിഷ്ടമരണാമാദെശ്യംശുഭമൊന്യസംഗമഃ॥

അന്വയാൎത്ഥം — പ്രാണൻ, മൃത്യുകാലാസത്തുകൾക്കിടമദ്ധ്യഗനായിരിക്കും വിഷയത്തിങ്കലും തദൃഷ്ടെക്ഷിതനായി സന്നായിരിക്കും വിഷയത്തിങ്കലും പ്രഷ്ടാവിന്റെ മരണം അവശ്യമായി ഭവിക്കുന്നു. ഇവന്റെ ഇന്ദുസംഗമം സ്ഫുടമായി ഭവിക്കുന്നു.

സാരം — പ്രാണന്നു മൃത്യുകാലപാപഗ്രഹങ്ങളുടെ മദ്ധ്യത്തിങ്കൽ സ്ഥിതിവന്നാലും അവരുടെ യോഗമൊ ദൃഷ്ടിയൊ ഉണ്ടായാലും പൃച്ഛകൻ മരിക്കുമെന്നു പറയെണം. പ്രാണന്ന ചന്ദ്രനൊടുള്ള യോഗം ഇഷ്ടഫലത്തെ കൊടുക്കുന്നതാകുന്നു. ഇവിടെ പ്രാണമൃത്യുക്കൾ പ്രശ്നകാലത്തിങ്കൽ ചെന്ന നാഴികകൊണ്ടുണ്ടാക്കപ്പെട്ടവരാകുന്നു.

൫൯. ആരൂഢനതദീംശെന ലഗ്നലഗ്നാംശകാധിപൈഃ । ഇന്ദുഭാംശെനെന്ദുനായുക്തെനമൃത്യുകാലൌമൃതിപ്രദൌ ॥

അന്വയാൎത്ഥം — ആരൂഢത്തൊടും തദംശത്തൊടും ലഗ്നലഗ്നാംശകാധിപന്മാരൊടും ഇന്ദുഭാംശത്തൊടും ഇന്ദുവിനൊടുംയുക്തന്മാരായിരിക്കുന്ന മൃത്യുകാലന്മാർ മൃതിപ്രദന്മാരായി ഭവിക്കുന്നു.

സാരം — ആരൂഢത്തൊടും ആരൂഢനവാംശകത്തൊടും ഉദയലഗ്നത്തൊടും അതിന്റെ നവാംശകത്തൊടും ആരൂഢംമുതലായ ഈ നാലിന്റെ ആധിപന്മാരൊടും ചന്ദ്രാംശകത്തൊടും ചന്ദ്രനൊടും യോഗമുള്ള മൃത്യുകാലന്മാർമരണത്തെ ഉണ്ടാക്കും.

൬൦. ലഗ്നെരാഹുയുതെചൊരരിപുപീഡാരവൈൎമൃതിഃ । ചന്ദ്രെദെഹവ്യഥാകെന്ദ്രരാഹുചക്രഫലന്ത്വിദം ॥

അന്വയാൎത്ഥം — ലഗ്നം രാഹുയുതമായിരിക്കും വിഷയത്തിങ്കൽ ചൊരരിപുപീഡാ വാച്യയായി ഭവിക്കുന്നു. രവി ലഗ്നത്തിങ്കൽ സന്നായിരിക്കും വിഷയത്തിങ്കൽ മൃതി വാച്യയായി ഭവിക്കുന്നു. ചന്ദ്രൻ ലഗ്നത്തിങ്കൽ സന്നായിരിക്കും വിഷയത്തിങ്കൽ ദെഹവ്യഥാ വാച്യയായി ഭവിക്കുന്നു. ഇതാകട്ടെ അൎക്കെന്ദുരാഹുചക്രത്തിന്റെ ഫലമായി ഭവിക്കുന്നു.

സാരം — രാഹു ലഗ്നത്തിങ്കൽ നിന്നാൽ കള്ളന്മാരുടെ ഉപദ്രവവും ശത്രുക്കളുടെ ഉപദ്രവവുമുണ്ടാകും. ആദിത്യൻ നിന്നാൽ മരിക്കും. ചന്ദ്രൻ നിന്നാൽ ദെഹദുഃഖമുണ്ടാകും. ഇപ്പറഞ്ഞത അൎക്കെന്ദുരാഹുചക്രത്തിന്റെ ഫലമാകുന്നു.

൬൧. കാലഹൊരാഫലംവാച്യംപ്രഷ്ടുൎവ്വിന്യാസപനംപരം । വിശെഷാൎത്ഥംസഹൊരത്ത്വാംതദ്പ്പ്രഥവിലിഖ്യതെ ॥

അന്വയാർത്ഥം — പ്രഷ്ടാവിന്ന ഏററവും വിസ്മാപനമായിരിക്കുന്ന കാലഹോരാഫലം സ്വഭാരതിയിങ്കൽ വിശ്വാസത്തിന്നായിക്കൊണ്ട വാച്യമായി ഭവിക്കുന്നു- അനന്തരം അതും ലെഖനം ചെയ്കപ്പെടുന്നു.

സാരം — പൃച്ഛകന്ന അധികമായ വിസ്മയത്തെ ഉണ്ടാക്കുന്നതായ കാലഹോരാഫലത്തെ, തന്റെ വാക്കിങ്കൽ വിശ്വാസത്തെ ജനിപ്പിപ്പാനായിക്കൊണ്ട പറയെണം- ഇനി അതിന്ന ഉപയോഗമുള്ള പ്രമാണത്തെ കാണിക്കുന്നു-

൧൪. സൂൎയ്യസ്യകാലഹോരായാം പ്രശ്നശ്ചെൽഭൂമിപാഗമഃ ।
നാൎയ്യാഗമശ്ശശാംകസ്യ ഭൂമിപുത്രസ്യ ശസ്ത്രിണഃ ॥

൧൫. ബൌധസ്യാം പാരശവായാനമഥവാ വിപ്രാഗമഃ । ഗുരൊൎവ്വിപ്രവരായാനം ഭൃഗൊൎവ്വെശ്യാംഗനാഗമഃ ॥

൧൬. മന്ദസ്യ വണിഗായാനം ഭൃത്യബൌദ്ധാഗമൊഥവാ । കെന്ദ്രഗാശ്ചെദമീഖെടാന്നിയമെനവദെദിദം ॥

അന്വയാർത്ഥം — സൂൎയ്യന്റെ കാലഹോരയിങ്കലാകുന്നു പ്രശ്നമെങ്കിൽ ഭൂമിപാഗമം ഭവിക്കും- ശശാംകന്റെ കാലഹോരയിങ്കലാകുന്നു എംകിൽ നാൎയ്യാഗമം ഭവിക്കും- ഭൂമിപുത്രന്റെ കാലഹോരയിങ്കലാകുന്നു എംകിൽ ശസ്ത്രിയുടെ ആഗമം ഭവിക്കും- ബൌധിയായിരിക്കുന്ന കാലഹോരയിങ്കലാകുന്നു എങ്കിൽ പാരശവായാനം ഭവിക്കും- അല്ലാ എങ്കിൽ വിപ്രാഗമം ഭവിക്കും- ഗുരുവിന്റെ കാലഹോരയിങ്കലാകുന്നു എങ്കിൽ വിപ്രവരായാനം ഭവിക്കും- ഭൃഗുവിന്റെ കാലഹോരയിങ്കലാകുന്നു എങ്കിൽ വെശ്യാംഗനാഗമം ഭവിക്കും- മന്ദന്റെ കാലഹോരയിങ്കലാകുന്നു എംകിൽ വണിഗായാനം ഭവിക്കും- അല്ലാ എങ്കിൽ ഭൃത്യബൌദ്ധാഗമം ഭവിക്കും- ഈ ഖെടന്മാർ കെന്ദ്രഗന്മാരാകുന്നു എങ്കിൽ ഇതിനെ നിയമെന വദിക്കെണം-

സാരം — ആദിത്യന്റെ കാലഹോരയിൽ പ്രശ്നം വെച്ചു എംകിൽ അതിനെ അറിഞ്ഞിട്ട ദൈവജ്ഞൻ ഇവിടെ ഒരു രാജാവു വരുമെന്നു പറയെണം- ചന്ദ്രന്റെ കാലഹോരയിലായാൽ ഒരു സ്ത്രീ വരുമെന്നു പറയെണം- ചൊവ്വയുടെ കാലഹോരയിലായാൽ ആയുധധാരിയായിരിക്കുന്ന ഒരുത്തൻ വരുമെന്ന പറയെണം- ബുധന്റെ കാലഹോരയിലായാൽ ഒരു വാരിയരൊ ഒരു വിപ്രാനൊ വരുമെന്നു പറയെണം- വ്യാഴത്തിന്റെ കാലഹോരയിലായാൽ ശ്രെഷ്ഠനായ ഒരു ബ്രാഹ്മണൻ വരുമെന്നു പറയെണം- ശനിയുടെ കാലഹോരയിലായാൽ ഒരു കച്ചൊടക്കാര

നൊ ഭൃത്യനൊ ബന്ധുവൊ വരുമെന്നു പറയെണം. മെൽപ
റഞ്ഞ ഗ്രഹങ്ങളും ഉദയലഗ്നരാശിയിലൊ അതിന്റെ നാലാ
മെടത്തൊ എഴാമെടത്തൊ പത്താമെടത്തൊ നിന്നാൽ മെൽപ
റഞ്ഞ ഫലങ്ങളെ സംശയം തീൎത്തു പറകയുമാം.

(വാ) എതദ്ദുദയലഗ്നാദിവിഷയം ॥

അന്വയാൎത്ഥം——ഇതു ഉദയലഗ്നാദിവിഷയമായി ഭവിക്കുന്നു
സാരം സ്പഷ്ടമാകുന്നു.

൫൦. യദ്രാശിസംജ്ഞശ്ചന്ദ്രാംശസ്സരാശിശ്ചെൽ ശുഭാന്വിതഃ ।
ഭാവികാലശ്ശുഭൊവാച്യഃ പാപയുക്തെശുഭൊഭവേൽ ॥

അന്വയാൎത്ഥം——ചന്ദ്രാംശം യദ്രാശിസംജ്ഞമാകുന്നുവൊ ആ
രാശി ശുഭാന്വിതമാകുന്നു. എങ്കിൽ ഭാവികാലം ശുഭമെന്നു വാ
ച്യമായി ഭവിക്കുന്നു. പാപയുക്തമാകുന്നു എങ്കിൽ അശുഭന
മെന്നു വാച്യമായി ഭവിക്കുന്നു.

സാരം——ചന്ദ്രന്റെ അംശകരാശിയിൽ ശുഭൻനിന്നാൽ
ഭവിപ്പാൻ പൊകുന്ന കാലം ശുഭമാകുന്നു എന്നു പറയെണം.
പാപൻ നിന്നാൽ അശുഭമാകുന്നു എന്നും പറയെണം.

൫൧. ജീവസ്സുതപ്രദൊവിപ്രവൈരകൃന്നീചഭാംശഗഃ । ശു
ക്രൊവന്ധ്യാംഗനാലാഭീവിവാദെജയകൃൽബുധഃ ॥

൫൨. പൂൎണ്ണചന്ദ്രൊമനൊഹാരിദ്രവ്യലാഭംപ്രയച്ഛതി । ദെവ
ഭൂമിപയൊഃ കൊപംകുൎയ്യാൽകൊഥഭൂമിജഃ ॥

൫൩. വൃഥൈവവിഗ്രഹംഭൂമിവിവാദംചസമാവഹെൽ । സൂ
ൎയ്യപുത്രഃകൃഷിപ്രെഷ്യപശ്വാദീനാംവിനാശകൃൽ ॥

൫൪. ചണ്ഡാലാപഹൃതിരൊരൊഗവിഷസൎപ്പഭയംഫണീ ।
പ്രെതബാധാംശിഖികുൎയ്യാന്മാന്ദിശ്ചൂൎണ്ണാദ്യുപദ്രവം

അന്വയാൎത്ഥം —— ജീവൻ സുതപ്രദനായി ഭവിക്കുന്നു.
നീചഭാംശഗനായിരിക്കുന്ന ജീവൻ വിപ്രവൈരകൃത്തായി
ഭവിക്കുന്നു. ശുക്രൻ വന്ധ്യാംഗനാലാഭിയായി ഭവിക്കുന്നു.
ബുധൻ വിവാദത്തിങ്കൽ ജയകൃത്തായി ഭവിക്കുന്നു. പൂ
ൎണ്ണചന്ദ്രൻ മനൊഹാരിദ്രവ്യലാഭത്തെ ഉണ്ടാക്കുന്നു. അൎക്കൻ
ദെവഭൂമിപന്മാരുടെ കൊപത്തെ ഉണ്ടാക്കും. ഭൂമിജൻ വെറുതെ
തന്നെ ഉള്ള വിഗ്രഹത്തെയും ഭൂമിവിവാദത്തെയും സമാവഹി
ക്കും. സൂൎയ്യപുത്രൻ കൃഷിപ്രെഷ്യപശ്വാദികളുടെ വിനാശകൃത്താ
യി ഭവിക്കുന്നു. ഫണി ചണ്ഡാലാപഹൃതിരൊ രൊഗവിഷസൎപ്പഭ
യത്തെ ഉണ്ടാക്കും. ശിഖി പ്രെതബാധയെ ഉണ്ടാക്കും. മാന്ദി
ചൂൎണ്ണാദ്യുപദ്രവത്തെ ഉണ്ടാക്കും.

സാരം—— ചന്ദ്രാംശകരാശിയിൽ വ്യാഴം നിന്നാൽ സന്ത തിലാഭം ഫലമാകുന്നു- വ്യാഴം നീചസ്ഥിതിയോടെ നീചാംശക ത്തോടൊ കൂടിയവനാകുന്നു എങ്കിൽ ബ്രാഹ്മണരുടെ വിരോധം ഫലമാകുന്നു- ശുക്രൻ നിന്നാൽ വസ്ത്രലാഭവും സ്ത്രീലാഭവും ഫ ലമാകുന്നു- ബുധൻനിന്നാൽ വ്യവഹാരത്തിങ്കൽ ജയിച്ചും ക്ഷീ ണനല്ലാതെ ഉള്ള ചന്ദ്രൻനിന്നാൽ മനോഹരമായവസ്തുവിന്റെ ലാഭം ഫലമാകുന്നു- ആദിത്യൻ നിന്നാൽ ദൈവകോപവും രാജ കോപവും ഫലമാകുന്നു- ചൊവ്വനിന്നാൽ വെറുതെ ഉള്ള കലഹ വും ഭൂമിനിമിത്തമായുള്ള വ്യവഹാരവും ഫലമാകുന്നു- ശനിനിന്നാൽ കൃഷിയും ഭൃത്യനും പശുക്കൾ മുതലായവയും ന ശിക്കും രാഹുനിന്നാൽ ചണ്ഡാലോപദ്രവവും ശിരോരോഗവും വിഷഭക്ഷിയും സൎപ്പഭയവും ഉണ്ടാകും- കേതുനിന്നാൽ പ്രേത ബാധയെ ഉണ്ടാക്കും-ഗുളികൻ നിന്നാൽ ചൂൎണ്ണാദികളുടെ പ്രയോ ഗം ഹേതുവായിട്ടുള്ള ഉപദ്രവം ഉണ്ടാകും-

൩൨. ബുധഃപാപയുതശ്ചേത്സവിവാദേപരിഭ്രതികൃൽ। ക്ഷീ ണചന്ദ്രോമനഃപീഡാംകരോതിപരിവൃഢതാം

൩൩, കാലഃപ്രോക്താംശമാസോത്രലഗ്നാംശേപിവിധിസ്മൃ യം । പ്രശ്നകാലസ്യ ഭാഭാനുക്രിയാണാംസദൃശംഫലം ॥

൩൪. പ്രഷ്ടുൎവക്തവ്യമിത്യുക്തംജീവേനൈതദപിച്ചിന്ത്യതെ । ക്രമാച്ചന്ദ്രക്രിയാഃ പഞ്ചപഞ്ചമേഷാദിരാശിഷു ॥

൩൫. പ്രകല്പ്യതൽസമം ബ്രൂയാൽസൎവകാൎയ്യേഷുതൽഫലം। പ്ര ശ്നകാലേഗുണശ്ചേന്ദോൎദ്ദോഷശ്ചേയമിശുഭപ്രദഃ ॥

൩൬. പ്രശ്നേശ്ചാശുഭകൎമ്മസ്ഥചന്ദ്രേപ്രശ്നേശുഭപ്രദഃ ॥ ഇതി-

അനന്വയാൎത്ഥം—— ബുധഃ പാപയുതനാകുന്നു എങ്കിൽ അ വൻ വിവാദത്തിങ്കൽ പരിഭ്രതി കൃത്തായി ഭവിക്കുന്നു- ക്ഷീണ ചന്ദ്രൻപരിവൃഢത്തുകൾക്കു മനഃപീഡയെ ഉണ്ടാക്കുന്നു- ഇ വിടെക്കാലം പ്രോക്താംശമാസമായി ഭവിക്കുന്നു. ഒരംവിധിയു കൂട്ട ലഗ്നാംശത്തിങ്കലും ഭവിക്കുന്നു- പ്രശ്നകാല സ്യഭാഭാനു ക്രിയകൾക്കു സദൃശമായിരിക്കുന്ന ഫലം പ്രഷ്ടാവിന്നു വക്തവ്യ മായി ഭവിക്കുന്നു- എന്ന ജീവനാൽ ഉക്തമായി ഭവിക്കുന്നു- ഇ ത വിലെചനം ചെയ്യപ്പെടുന്നു- ക്രമേണ അഞ്ചഞ്ചു ചന്ദ്രക്രി യകളെ മേഷാദി രാശികളിൽ പ്രകല്പിച്ചിട്ടു തത്സമമായിരിക്കു ന്ന ഫലത്തെ സൎവ്വകാൎയ്യങ്ങളിലും പറയേണം- പ്രശ്നകാലത്തി ങ്കൽ ഇന്ദുവിന്ന ശുഭമായിരിക്കുന്ന ഗുണം ഭവിക്കുന്നു എങ്കിൽ

പ്രശ്നവും ശുഭപ്രദമായി ഭവിക്കുന്നു. ചന്ദ്രൻ അശുഭകരമസ്ഥനായിരിക്കും വിഷയത്തിങ്കൽ പ്രശ്നം അശുഭപ്രദമായി ഭവിക്കുന്നു.

സാരം—— ബുധൻ പാപന്മാരോടുകൂടെ ചന്ദ്രനവാംശകരാശിയിൽ നിന്നാൽ വിവാദത്തിങ്കൽ മടക്കം ഫലമാകുന്നു. ക്ഷീണനായിരിക്കുന്ന ചന്ദ്രൻ മനഃക്ലേശത്തെ ഉണ്ടാക്കും. മെൽപറഞ്ഞ ഫലങ്ങളുടെ അനുഭവകാലം നവാംശകരാശിയിൽ സൂൎയ്യസഞ്ചാരം തുടങ്ങുമ്പോൾ തുടങ്ങി അതു കഴിയുന്നതുവരെ ആകുന്നു. ചന്ദ്രന്റെ അംശകരാശിയിൽ ശുഭന്മാരും പാപന്മാരും നിന്നാൽ അതാതു ഗ്രഹങ്ങൾക്കു പറയെണ്ടതായി മെൽപറകപ്പെട്ട ഫലം ഉദയലഗ്നാംശകത്തിങ്കലെ ശുഭയൊഗാദികൊണ്ടു കഴിഞ്ഞ കാലത്തിന്റെ ഗുണദൊഷങ്ങളെ വിചാരിക്കുന്നെടത്തും ഉപയൊഗിപ്പിച്ചുകൊൾകയും വെണം. പ്രശ്നകാലത്തിങ്കലെ ചന്ദ്രക്രിയകൾക്കു അനുരൂപമായ ഫലം പൃച്ഛകന്നു പറയെണം. ചന്ദ്രക്രിയകളെ അശ്വിന്യാദി മെഷാദിരാശികളിൽ കല്പിച്ചു അതിന്നു തക്കവണ്ണം ഉള്ള ഫലങ്ങളെ എല്ലാപ്രശ്നങ്ങളിലും പറയെണം. ചന്ദ്രക്രിയ നന്നായിരുന്നാൽ പ്രശ്നവും ശുഭകരമായി ഭവിക്കും വിപരീതമായാൽ വിപരീതമായി ഭവിക്കും. ഇതിശബ്ദം സമാപ്തിയെ പറയുന്നതാകുന്നു.

(വാ) ഏതച്ചന്ദ്രവിഷയം ॥

അന്വയാൎത്ഥ —— ഇതു ചന്ദ്രവിഷയമായി ഭവിക്കുന്നു.

സാരം—— യദ്രാശിസംജ്ഞശ്ചന്ദ്രാംശഃ എന്നു തുടങ്ങി ഇതുവരെ ഉള്ള വചനംകൊണ്ടു അറിയെണ്ടതു ചന്ദ്രഫലമാകയാൽ മെൽ പറഞ്ഞ വചനം ചന്ദ്രവിഷയമാകുന്നു.

## ഇത്യഷ്ടമൊദ്ധ്യായഃ

---

## നവമാദ്ധ്യായപ്രാരംഭഃ

൧. ആയുൎവ്വിവാഹസന്താനപ്രഭൃതിപ്രശ്നകൎമ്മസു । സാധാരണാഃ ഫലാഃ പ്രായസ്സമയാല്പാ ഇതീരിതാഃ ॥

അന്വയാൎത്ഥം—— ഇപ്രകാരം ശരീരങ്ങളായിരിക്കുന്ന സ

മയാദ്യങ്ങളും ആയുൎവ്വിവാഹസന്താന പ്രഭൃതി പ്രശ്നകൎമ്മങ്ങളിൽ പ്രായെണ സാധാരണ ഫലങ്ങളായി ഭവിക്കുന്നു.

സാരം — മെൽ പറകപ്പെട്ട സമയാദി ഫലങ്ങളും പ്രായെണ ആയുഃ പ്രശ്നത്തിങ്കലും, വിവാഹ പ്രശ്നത്തിങ്കലും സന്താന പ്രശ്നം മുതലായവറ്റു കളിലും തുല്യങ്ങളാകുന്നു.

(വാ) അത്രാനുഷ്ഠാനപദ്ധതിഃ ॥

അന്വയാൎത്ഥ — ഇവിടെ അനുഷ്ഠാന പദ്ധതി ഭവിക്കുന്നു.

സാരം — ഇനിപറവാൻ പൊകുന്ന വിഷയത്തിങ്കൽ ഉത്തമ കൃത്യത്തൊടു കൂടിയതായിട്ട അനുഷ്ഠാന പദ്ധതി എന്നഗ്രന്ഥമുണ്ടു. അതിലെ വചനത്തെ കാണിക്കുന്നു.

ശ. തൽക്കാലജൈൎന്നിമിത്തൈഃ പ്രശ്നാരൂഢോദയെന്ദുഗുളികാദ്യൈഃ। ആയുഃ പ്രഥമം ചിന്ത്യം സ്വസ്ഥാതുരവിഷയഭെദമെവ ഗമ്യ। ഇതി ॥

അന്വയാൎത്ഥം — തൽകാലജങ്ങളായിരിക്കുന്ന നിമിത്തങ്ങളുംകൊണ്ടും പ്രശ്നാരൂഢോദയെന്ദുഗുളികാദ്യന്മാരെ കൊണ്ടും സ്വസ്ഥാതുരവിഷയഭെദത്തെ അവഗമിച്ചിട്ട മുമ്പെ ആയുസ്സു ചിന്ത്യമായി ഭവിക്കുന്നു.

സാരം — പൃഛകൻ രൊഗിയൊ അരൊഗിയൊ എന്നു പരീക്ഷിച്ചറിഞ്ഞിട്ടു രൊഗിയാകുന്നു എങ്കിൽ മുമ്പെ തൽക്കാല ലക്ഷണങ്ങളുംകൊണ്ടും ആരൂഢംകൊണ്ടും ഉദയ ലഗ്നംകൊണ്ടും ചന്ദ്രഗുളികന്മാരെ കൊണ്ടും ആയുസ്സിനെ വിചാരിക്കെണം.

(വാ) ഗ്രന്ഥാന്തരം ച.

അന്വയാൎത്ഥം — ഗ്രന്ഥാന്തരവും ഭവിക്കുന്നു.

സാരം — മെൽപറകപ്പെട്ട അനുഷ്ഠാനപദ്ധതിയിലെ വചനമെന്ന പൊലെ അന്യഗ്രന്ഥത്തിങ്കലെ വചനവുമുണ്ടു. ഇനി അതിനെത്തന്നെ എഴുതുന്നു.

ശ. ആയുഃ പൂൎവ്വം പരീക്ഷെത പശ്ചാല്ലക്ഷണമാദിശെൽ। അനായുഷാന്തു മൎത്ത്യാനാം ലക്ഷണൈഃ കിം പ്രയൊജനം ॥ ഇതി ॥

അന്വയാൎത്ഥം — ആയുസ്സിനെ മുമ്പെ പരീക്ഷിക്കെണം. പിന്നെ ലക്ഷണത്തെ ആദെശിക്കെണം. അനായുസ്സുകളായിരിക്കുന്ന മൎത്ത്യന്മാൎക്ക ലക്ഷണങ്ങളെക്കൊണ്ടു പ്രയൊജനം എന്താകുന്നു.

സാരം — മുമ്പെ ആയുസ്സിനെ പരീക്ഷിച്ചറിയെണം. ആയുസ്സുണ്ടു എന്ന നിശ്ചയമായാൽ അതാതു ലക്ഷണവശാൽ ഉള്ള ഫലത്തെ പറയെണം. ആയുസ്സില്ലാത്തവൎക്ക ലക്ഷണവശാ

ൽ ഉള്ള ഫലങ്ങളെ പറയുന്നതു നിരൎത്ഥകമാകുന്നു.

൪. ഇത്യാദിഭിസ്സുവചനൈഃ പൂൎവ്വമായുൎന്നിരൂപണം । കൎത്തവ്യമിതി ലഗ്നാഷ്ടമേശപ്രഭൃതിഭിൎഗ്രഹൈഃ ॥

അന്വയാൎത്ഥം — ഇത്യാദികളായിരിക്കുന്ന വചനങ്ങൾ ഹേതുവായിട്ടാകട്ടെ ലഗ്നാഷ്ടമേശപ്രഭൃതികളായിരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു മുമ്പിൽ ആയുൎന്നിരൂപണം കൎത്തവ്യമാകുന്നു എന്ന പ്രാപ്തമായി.

സാരം — മേൽപറകപ്പെട്ട വചനങ്ങൾ ഹേതുവായിട്ടു ലഗ്നാധിപൻ അഷ്ടമാധിപൻ ഇത്യാദികളായ ഗ്രഹങ്ങളെക്കൊണ്ടു ആയുസ്സിനെ വിചാരിക്കേണമെന്നതു സിദ്ധമായി.

൫. ആയുരേവ വിശേഷേണ പ്രഥമം ചിന്ത്യതേ ധ്രുവം । സ്വസ്ഥമുദ്ദിശ്യ വാ പ്രശ്നേക്ഷവാതുരമിത്യയം ॥

൬. വിവേകോ വിഹഗൈഃ കാൎയ്യ ഇതി ശാസ്ത്രാന്തരോദിതം ॥

അന്വയാൎത്ഥം — ഇപ്പോൾ മുമ്പ ആയുസ്സു തന്നെ വിശേഷേണ ചിന്തിക്കപ്പെടുന്നു. ഈ പ്രശ്നം സ്വസ്ഥനെ ഉദ്ദേശിച്ചിട്ടോ ആതുരനെ ഉദ്ദേശിച്ചിട്ടോ എന്നുള്ള ഈ വിവേകം വിഹഗന്മാരെക്കൊണ്ടു കാൎയ്യമാകുന്നു എന്ന ശാസ്ത്രാന്തരോദിതമായി ഭവിക്കുന്നു.

സാരം — ഈ അദ്ധ്യായത്തിങ്കൽ മുമ്പ ആയുസ്സിനെ തന്നെ അതിശയെന നിരൂപിപ്പാൻ പോകുന്നു. അതു രോഗിയെ ഉദ്ദേശിച്ചിട്ടുള്ള പ്രശ്നത്തിങ്കൽ തന്നെ മുഖ്യമായ ഉപയോഗത്തോടുകൂടിയതാകുന്നു എന്ന ഗ്രഹിക്കേണം. ഈ പ്രശ്നം രോഗിയെ ഉദ്ദേശിച്ചിട്ടോ സ്വസ്ഥനെ ഉദ്ദേശിച്ചിട്ടോ എന്നുള്ളതിന്റെ തീൎച്ചയെ സൂൎയ്യാദിഗ്രഹങ്ങളെക്കൊണ്ടു തന്നെ വരുത്തിക്കൊൾകയും വേണമെന്നതു അന്യശാസ്ത്രത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു.

൭. ലഗ്നേശോ യദി കേന്ദ്രഗോ ബലയുതോ ബലീ രാശ്യൌ ചരൌ ചാംശകേ പ്രശ്നസ്സ്വസ്ഥഗതോഥ രിഫരിപുവ്യയോ ലഗ്നാധിപശ്ചേൽ സ്ഥിരേ । നിൎവ്വീൎയ്യശ്ച മഹാഗദാൎത്തവിഷയോ വൃദ്ധ്യാദ്യമിത്രസ്സചേത്തോയധീക്ഷായവാൎഗ്ഗഹൈഃ പ്രശമനം വൃദ്ധിശ്ച വാച്യൌ തയോഃ ॥

അന്വയാൎത്ഥം — ലഗ്നേശൻ ചരമായിരിക്കുന്ന രാശിയിങ്കലും ചരമായിരിക്കുന്ന അംശകത്തിങ്കലും സ്ഥിതനായി ബലിയായിട്ടു കേന്ദ്രഗനായി ഭവിക്കുന്നു എങ്കിൽ പ്രശ്നം സ്വസ്ഥഗതമാകുന്നു എന്ന ജ്ഞേയമായി ഭവിക്കുന്നു. ലഗ്നാധിപൻ രിഫരിപുവ്യയനായിട്ടും നിൎവ്വീൎയ്യനായിട്ടും സ്ഥിരത്തിങ്കൽ ആകുന്നു

എംകിൽ വൃച്ഛ്രമഹാരോഗമാത്ത വിഷയയാകന്നു എന്ന ജ്ഞേയ യായിഭവിക്കുന്നു- അവൻ മിശ്രനാകുന്നുഎംകിൽ തൊയവൃദ്ധി ക്ഷയങ്ങൾ എന്നപൊലെ രുക്കുകളുടെ പിന്നെയും പിന്നയുമ ള്ള വൃദ്ധിയും ശമനവും വാച്യങ്ങളായി ഭവിക്കുന്നു-

സാരം—ലഗ്നാധിപൻ ചരരാശിയിൽ നില്ക്കുകയും ചരരാ ശിതന്നെ ലഗ്നാധിപനവാംശകമാകയും ചരരാശിയിൽ ഉള്ള സ്ഥിതി കെന്ദ്രത്തിങ്കലാകയും ലഗ്നാധിപൻ ബലവാനാകയും പ്ര ഷ്ടാവിന്റെ സ്വാസ്ഥതയെ ഗ്രഹിപ്പിക്കുന്നതായ ലക്ഷണമാകു ന്നു- ലഗ്നാധിപന്നു പന്ത്രണ്ടാം ഭാവത്തിന്റെയൊ ആറാംഭാവ ത്തിന്റെയൊ ആധിപത്യമുണ്ടാകയും ബലഹാനി ഉണ്ടാകയും സ്ഥിരരാശിയിൽ നില്ക്കുകയും സ്ഥിരരാശിതന്നെ അംശകമായി വരികയും സ്ഥിരരാശിയിൽ ഉള്ളനില കെന്ദ്രത്തിലല്ലാതെ വരി കയും പ്രഷ്ടാവ മഹാരോഗത്തൊടു കൂടിയവനാകുന്നു എന്നതി ന്റെലക്ഷണമാകുന്നു- രണ്ടുവകലക്ഷണവുമുണ്ടായിരുന്നാൽ-ജ ലത്തിന്റെ വൃദ്ധിക്ഷയങ്ങളെന്നപൊലെ രൊഗങ്ങളുടെ വൃദ്ധി യും ക്ഷയവും ചിലചിലസമയങ്ങളിൽ ഭവിക്കുന്നു എന്ന പറ യെണം-

(വാ) പുനരപിഗ്രന്ഥാന്തരം-

അന്വയാൎത്ഥം—പിന്നെയും ഗ്രന്ഥാന്തരം ഭവിക്കുന്നു-

സാരം—മെൽപറകപ്പെട്ടതു പൊലെ അന്യഗ്രന്ഥവചനം ഇനിയുമുണ്ടു-

൮. തുംഗസ്ഥിതെതനുപതൌസധനസ്സവീൎയ്യൊജ്ജെതാമപി ഷ്ഠാം ഖലുഭവെൽപ്രഥമാനരെജാഃ। പ്രഷ്ടാഭിമാനസഹിതൊഥ നിജത്രികൊണെ വാസൊവിഭൂഷണലസത്തനുരാപ്തസൌ ഖ്യഃ ॥

൯. ബന്ധൊഗ്രഹെനിജഗൃഹെചവിനഷ്ടവൈരീഭൊഗ്യാതനൂ ജധനവെസ്തുഭിരിദ്ധമൊദഃ। വൈയ്യക്ഷശത്രുഗനിശംസ്ഥിതമി ത്രഭാഗ്യാന്നാശശ്ചഭ്രമിപതിപാവകചൊരപീഡാ ॥

൧൦- നീചസ്ഥിതെരിപുനിപീഡനതൊന്യദെശയാനം പദാ ച്ചചലനംധനഹാനിരെന്യ। മൂഢെസപാപഖളികെചനൃപാ രിഹെതൊൎവ്വൈകല്യവാനിതരദെശഗതൊമൃതൊവാ ॥

അന്വയാൎത്ഥം—തനുപതി തുംഗസ്ഥിതനായിരിക്കും വിഷ യത്തിങ്കൽ പ്രഷ്ടാവ സധനനായിട്ടും സംവീൎയ്യനായിട്ടും മറ്റു ള്ളവരുടെ ജൊതാവായിട്ടും പ്രഥമാന തെജസ്സായിട്ടും അഭിമാനസ ഹിതനായിട്ടും ഭവിക്കും- തനുപതി നിജത്രികൊണത്തിങ്കൽ സ്ഥി

തവാനായിരിക്കും വിഷയത്തിങ്കൽ വാസോവിഭ്രഷ്ടനാലസത്തവായിട്ടും ആപൂൎണ്ണൈശ്വൎയ്യനായിട്ടും ഭവിക്കും. ബന്ധുവിന്റെ ഗൃഹത്തിങ്കലും നിജഗൃഹത്തിങ്കലും സ്ഥിതവാനായിരിക്കും വിഷയത്തിങ്കൽ വിനഷ്ടവൈരിയായിട്ടും ഭാൎയ്യാരത്നജധനബന്ധുക്കൾ ഹേതുവായിട്ട ഇദ്ധമോദനായിട്ടും ഭവിക്കും. വൈയ്ക്ഷഗനായിരിക്കും വിഷയത്തിങ്കൽ എല്ലാസമയത്തിങ്കലും ദുഃഖഭവിക്കും സുതമിത്രഭാൎയ്യാനാശവും ഭൂമിപതി പാവകചോരഭയമുണ്ടാകും. നീചസ്ഥിതനായിരിക്കും വിഷയത്തിങ്കൽ രിപുനിപീഡനം ഹേതുവായിട്ട അന്യദേശയാനവും പദത്തിങ്കൽ നിന്നു ചലനവും ധനഹാനിദൈന്യങ്ങളും ഭവിക്കും. മൂഢനായിട്ടും സപാപഗുളികനായിട്ട മിരിക്കും വിഷയത്തിങ്കൽ നൃപാരികൾ ഹേതുവായിട്ട വൈകല്യവാനായിട്ടൊ ഇതരദേശഗതനായിട്ടൊ മൃതായിട്ടൊ ഭവിക്കും.

സാരം — ലഗ്നാധിപൻ തന്റെ ഉച്ചരാശിയിൽ നിന്നാൽ പൃച്ഛകൻ ധനവാനായിട്ടും ഉത്സാഹാതിശയത്തോട കൂടിയവനായിട്ടും ശത്രുക്കളെ ജയിക്കുന്നവനായിട്ടും വൎദ്ധിച്ചിരിക്കുന്ന തേജസ്സോടുകൂടിയവനായിട്ടും അഹംകാരസഹിതനായിട്ടും ഭവിക്കുമെന്നറിയേണം. ലഗ്നാധിപൻ തന്റെ മൂലക്ഷേത്രത്തിൽ നിന്നാൽ പൃച്ഛകൻ വസ്ത്രാഭരണങ്ങൾ ഹേതുവായിട്ട ശോഭിച്ചിരിക്കുന്ന ശരീരത്തോടും സുഖത്തോടും കൂടിയവനായി ഭവിക്കുമെന്നറിയേണം. ബന്ധുക്ഷേത്രത്തിങ്കലൊ സ്വക്ഷേത്രത്തിങ്കലൊ നിന്നാൽ പൃച്ഛകൻ ശത്രുക്കളോടുകൂടാത്തവനായിട്ടും ഭാൎയ്യാപുത്രധനബന്ധുക്കൾ ഹേതുവായിട്ടും വൎദ്ധിച്ചിരിക്കുന്ന സന്തോഷത്തോടുകൂടിയവനായിട്ടും ഭവിക്കുമെന്നറിയേണം. ശത്രുക്ഷേത്രത്തിങ്കൽനിന്നാൽ പൃച്ഛകന്ന എല്ലാസമയവും രോഗമുണ്ടെന്നും ഭാൎയ്യാപുത്രബന്ധുക്കൾ നശിക്കുമെന്നും രാജാവിൽനിന്നും കള്ളന്മാരിൽനിന്നും ഉപദ്രവമുണ്ടാകുമെന്നും ഗൃഹാദികളിൽ അഗ്നിബാധഭവിക്കുമെന്നും അറിയേണം. നീചരാശിയിൽ നിന്നാൽ ശത്രൂപദ്രവം ഹേതുവായിട്ട പൃച്ഛകന്നു തന്റെ ദേശത്തെ വെടിഞ്ഞ അന്യദേശത്തെ കുറിച്ച ഗമനം സംഭവിക്കുമെന്നും സ്ഥാനത്തിങ്കൽനിന്ന ചലനം ഭവിക്കുമെന്നും ധനനാശവും ദൈന്യവുമുണ്ടാകുമെന്നും അറിയേണം. ലഗ്നാധിപന്നു മൌഢ്യപാപഗ്രഹയോഗമൊ ഗുളികയോഗമൊ ഉണ്ടായാൽ രാജാവുനിമിത്തമായിട്ടൊ ശത്രുനിമിത്തമായിട്ടൊ ഉള്ള അംഗനാശമൊ അന്യദേശഗമനമൊ മരണമൊ പൃച്ഛകന്നു ഭവിക്കുമെന്നറിക.

൧൫. ലഗ്നേശാഷ്ടമപശ്ചനീചഗ്രഹഗേഹയഭാസ്തഗേഹചെ
ദ്ദൈവ പ്രഷ്ടാഭഗ്നമനാസ്സുഖേനരഹിതഃ പീഡാർത്തദേഹസ്സദാ ।
സ്വല്പായുശ്ചലിതഃ പദാദപി നിജാദ്ദുഃഖാംഗരോഗാർദ്ദിതോ യോഗേഷ്വ
പ്യശുഭേഷ്വസത്സു കഥയേൽ കെമദ്രുമാദ്യേഷ്വപി ।।

അന്വയാർത്ഥ —— ലഗ്നേശനും അഷ്ടമപനും നീചഗ്രഹഗന്മാരായിട്ടൊ ഇരുവരും അസ്തഗന്മാരായിട്ടൊ ഭവിക്കുമെങ്കിൽ പ്രഷ്ടാവ ഭഗ്നമനസ്സായിട്ടും സുഖത്തൊടരഹിതനായിട്ടും എല്ലാസമയത്തിങ്കലും പീഡാർത്തദെഹനായിട്ടും സ്വല്പായുസ്സായിട്ടും നിജമായിരിക്കുന്ന പദത്തിങ്കൽനിന്ന ചലിതനായിട്ടും ഊദ്ധ്വാംഗരൊഗാർദ്ദിതനായിട്ടും ഭവിക്കും- കെമദ്രുമാദ്യങ്ങളായി അശുഭങ്ങളായിരിക്കുന്ന രൊഗങ്ങൾ സത്തുക്കളായിരിക്കും വിഷയത്തിങ്കലും ഇതിനെ കഥിക്കെണം.

സാരം — ലഗ്നാഷ്ടമാധിപന്മാൎക്ക നീചസ്ഥിതിയൊ മറ്റൊ ഉണ്ടായാൽ പൃച്ഛകന്റെ മനസ്സ തളൎന്നിരിക്കും. സുഖമുണ്ടാകയില്ല- എല്ലാസമയവും ദെഹത്തിന്ന രൊഗപീഡ ഉണ്ടാകും- തന്റെ സ്ഥാനത്തിങ്കൽനിന്ന ഇളകും- കഴുത്തിങ്കൽനിന്ന മെലെ ഉള്ള അവയവങ്ങളിൽ വിശെഷിച്ചും പലരൊഗങ്ങൾ ഉണ്ടാകും- ആയുസ്സും വളരെ ചുരുങ്ങിയിരിക്കും- കെമദ്രുമം മുതലായ അനിഷ്ടയൊഗങ്ങൾ ഉണ്ടായാലും മെൽപറകപ്പെട്ട ഫലങ്ങളെ പറയാം.

൧൬- ലഗ്നാധിപശ്ച മൂർത്തിപശ്ച മിഥസ്സമെതൌ യദാ സ്വ
ത്തുംഗനിജഗേഹസുഹൃൽഗ്രഹഗൌസ്യാതാം ലഗ്നേശശുക്രധിഷണാ
ഷണ്ണോഃ ധനത്രികോണ കേന്ദ്രസ്ഥിതാ വിദധ്യുഃ ദീർഘമാ
യുഃ ।। ഇതി-

അന്വയാർത്ഥ — അന്യൊന്യം സമെതന്മാരായിട്ടൊ സ്വതുംഗനിജഗെഹസുഹൃൽഗ്രഹസ്ഥന്മാരായിട്ടൊ ഇരിക്കുന്ന ലഗ്നാധിപനും മൂർത്തിപനും ധനത്രികൊണകെന്ദ്രസ്ഥിതന്മാരായിരിക്കുന്ന ലഗ്നെശശുക്രധിഷണന്മാരും ദീർഘമായിരിക്കുന്ന ആയുസ്സിനെ വിധാനംചെയ്യുന്നു.

സാരം — ഏകരാശിയിലൊ തന്റെതന്റെ ഉച്ചരാശിയിലൊ സ്വക്ഷെത്രത്തിങ്കലൊ ബന്ധുക്ഷെത്രത്തിങ്കലൊ നില്ക്കുന്നവരായ ലഗ്നാഷ്ടമാധിപന്മാരും രണ്ടാമെടം, അഞ്ചാമെടം ഒമ്പതാമെടം, ലഗ്നം, നാലാമെടം, എഴാമെടം, പത്താമെടം ഈ സ്ഥാനങ്ങളിൽ നില്ക്കുന്ന ലഗ്നാധിപനും ശുക്രനും ബൃഹസ്പതിയും ദീൎഘമായിരിക്കുന്ന ആയുസ്സിനെ ഉണ്ടാക്കും-

൧൩-പ്രഷ്ടുസ്സ്വാരാത്രികോണെസ്ഥിതവതിഗുളികെജന്മചന്ദ്രാഷ്ടമെവാ നക്ഷത്രേശെചമാന്ദ്യാശ്രിതഭവനപതൌസത്യവിപ്രഷ്ടരിസ്യെ। സ്ഥാനത്ര്യപൃഷ്ടമക്ഷെനിഹിതഇഹപണെചാത്രയാജന്മതാരാ പ്രശ്നേന്ദുമാന്ദിഗൊദ്യന്ത്രിതയപതിഷുവാഷ്ടംസ്ഥാപിസ്യാന്മൃത്യുഃ॥ ഇതിച-

അന്വയാൎത്ഥം—ഗുളികൻ പ്രഷ്ടാവിന്റെ ദാരാത്രികോണത്തിങ്കൽ സ്ഥിതനായിരിക്കുംവിഷയത്തിങ്കലും ജന്മചന്ദ്രാഷ്ടമത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കലും നക്ഷത്രേശൻ മാന്ദ്യാശ്രിതഭവനപതിയായി സന്നായിരിക്കും വിഷയത്തിങ്കലും പ്രഷ്ടാവ സ്വപന്നായിരിക്കുന്ന അഷ്ടമക്ഷത്തിങ്കൽസ്ഥാതാവായിരിക്കും വിഷയത്തിങ്കലും പണം ഇവിടെ നിഹിതമായിരിക്കും വിഷയത്തിങ്കലും ഇവിടെ യാതൊന്നു ജന്മതാരയും യാതൊന്നു പ്രശ്നേന്ദുവും യാതൊന്നു മാന്ദിഗൊദ്യുവുമായി ഭവിക്കുന്നുവൊ അതുകളുടെ ത്രിതയപതികൾ സ്ഥിതന്മാരായിരിക്കുംവിഷയത്തിങ്കലു, ഇങ്ങിനെ ആറുവിഷയങ്ങളിൽ സ്വാസ്ഥമൃത്യുവാച്യമായിഭവിക്കുന്നു-

സാരം—അശ്വതി, മകം, മൂലം ഇത്യാദികൾ നാൾ ത്രികോണങ്ങളാകുന്നു എന്ന മുമ്പെ പറഞ്ഞിട്ടുണ്ട. അങ്ങിനെ ഉള്ള നാൾത്രികോണങ്ങളിൽ പൃഛകന്റെ ജന്മനക്ഷത്രം ഏതിൽവരുന്നുവൊ അതു പൃഛകന്റെനാൾ ത്രികോണമാകുന്നു- അതിങ്കലന്തൎഭവിച്ചതുകളായ മൂന്നു നക്ഷത്രങ്ങളിൽ വെച്ച ഒന്നിങ്കൽ ഗുളികൻ നിന്നാലും പൃഛകന്റെ ജനനകാലത്തിങ്കൽ യാതൊരുരാശിയിൽ ചന്ദ്രൻനിന്നുവൊ അതിന്റെ എട്ടാംരാശിയിൽ ഗുളികൻനിന്നാലും പൃഛകന്റെ ജന്മനക്ഷത്രാധിപൻ പ്രശ്നകാലത്തിങ്കൽ ഗുളികൻനിന്ന രാശിയുടെ അധിപനായി ഭവിച്ചാലും പൃഛകൻ ദൈവജ്ഞനൊടുചൊദിക്കുമ്പോൾ തന്റെ അഷ്ടമരാശിയിൽ നിന്നാലു, അഷ്ടമരാശിയിൽപണം വെച്ചാലു, പൃഛകന്റെ ജന്മനക്ഷത്രാധിപനൊ പ്രശ്നനക്ഷത്രാധിപനൊ[1] ഗുളികനക്ഷത്രാധിപനൊ പൃഛകന്റെ അഷ്ടമരാശിയിൽനിന്നാലും പൃഛകമരണത്തെ പറയെണം- സ്വാസ്ഥമൃത്യുഃ എന്നിങ്ങിനെ സ്വാസ്ഥപദത്തെപ്രയൊഗിച്ചതുകൊണ്ടുമെൽ പറഞ്ഞതാറുലക്ഷണങ്ങളും പ്രഷ്ടാവിന്നുരൊഗമില്ലെങ്കിലും മരണത്തെ സൂചിപ്പിക്കുന്നതുകളാകുന്നു എന്ന ഗ്രഹിച്ചുകൊൾക- ഇവിടെനക്ഷത്രാധിപത്യത്തെ അശ്വതി-മകം-മൂലം-കെതു- ഭരണി- പൂരം- പൂരാടം-ശുക്രൻ-കാൎത്തിക-ഉത്രം-ഉത്രാടം-ആദിത്യൻ-ഇങ്ങിനെതുടങ്ങിന

ക്ഷേത്രമേശക്കു യാതൊരുപ്രകാരം ഗ്രഹിക്കുന്നുവൊ അപ്രകാരം ഗ്രഹിച്ചുകൊൾക -

൮൪- ഹൊരായാഗ്രഹജീവസ്യാൽപ്രഷ്ടുരായുൎന്നിരൂപണം। ദെഹഃഫലാന്തരജ്ഞാനമിതിശാസ്ത്രാൎത്ഥിതം॥ സാരോ

അന്വയാൎത്ഥം—— പ്രഷ്ടാവിന്റെ ആയുൎന്നിരൂപണം ഇവിടെ ഹൊരയുടെ ജീവനായിഭവിക്കും. ഫലാന്തരജ്ഞാനം ദെഹമായിഭവിക്കും. എന്ന ശാസ്ത്രാൎത്ഥൊദിതമായിഭവിക്കുന്നു-

സാരം—— പൃച്ഛകന്റെ ആയുൎന്നിരൂപണം ഗണിതം സംഹിത. ഹൊരാ ഇങ്ങിനെ മൂന്നുസ്കന്ധങ്ങളിൽവെച്ചു ഹൊരാ എന്ന സ്കന്ധത്തിന്റെ ജീവനാകുന്ന മററുള്ള ഫലങ്ങളുടെ വിചാരം ശരീരമാകുന്നു. ഇത ശാസ്ത്രാൎത്ഥങ്ങളിൽ പറകപ്പെട്ടതാകുന്നു.

൮൫. ആയുശ്ചലൊകയാത്രാചശാസ്ത്രസ്യാസ്യൈപ്രയൊജനെ। നീശ്ചെതുംകൊനശക്നൊതിവസിഷ്ഠൊവാബൃഹസ്പതിഃ॥

൮൬. കിംപുനഃമനുജാസ്തു വിശെഷണകലൌയുഗെ। ലൊകയാത്രാപരിജ്ഞാനംശരീരംകഥ്യതെബുധൈഃ॥

൮൭- ആയുഷസ്സുപരിജ്ഞാനംഹൊരായാജീവഉച്യതെ॥ ഇതി

അന്വയാൎത്ഥം—— ഈ ശാസ്ത്രത്തിങ്കൽ ആയുസ്സും ലൊകയാത്രയും ഇങ്ങിനെ രണ്ടുപ്രയൊജനങ്ങൾ ഭവിക്കുന്നു. അതുകളെ നിശ്ചയിപ്പാനായിക്കൊണ്ടു വസിഷ്ഠനൊ ബൃഹസ്പതിയൊ ആർ ശക്തനായിഭവിക്കും. അതിങ്കൽ മനുജന്മാർ പിന്നെ ശക്തന്മാരായി ഭവിക്കുമൊ. വിശെഷിച്ചു കലിയുഗത്തിങ്കൽപിന്നെ ശക്തന്മാരായി ഭവിക്കുമൊ ലൊകയാത്രാപരിജ്ഞാനം ബുധന്മാരാൽ ഹൊരയുടെ ശരീരമെന്നു കഥിക്കപ്പെടുന്നു- ആയുസ്സിന്റെ പരിജ്ഞാനം തന്നെ ഹൊരയുടെ ജീവനെന്നുവചിക്കപ്പെടുന്നു.

സാരം—— ഫലഭാഗത്തെ പറയുന്നതായ ജ്യൊതിശ്ശാസ്ത്രത്തിന്റെ പ്രയൊജനം ആയുസ്സ ഇത്ര എന്നുള്ള അറിവും ഐഹികഫലത്തിന്റെ അറിവുമാകുന്നു. അതുകളെ നിശ്ചയിപ്പാൻ ഋഷികൾകൂടെ ശക്തന്മാരാകുന്നില്ല. മനുഷ്യർ പിന്നെ എങ്ങിനെ ശക്തന്മാരായി ഭവിക്കും. വിശെഷിച്ചു കലിയുഗത്തിങ്കൽ മന്ദബുദ്ധികളാകയാൽ ഒട്ടുംതന്നെ ശക്തന്മാരായി ഭവിക്കില്ല. അതു ഹെതുവായിട്ടു ജാതകപ്രശ്നഫലങ്ങൾ കലിയുഗത്തിങ്കൽ ഒക്കാത്തതുകളാകുന്നു എന്ന അറിഞ്ഞുകൊൾക. ഐഹികഫലജ്ഞാനം ഹൊരാശാസ്ത്രത്തിന്റെ ശരീരമാകുന്നു- ജീവനായത ആയുസ്സിന്റെ ജ്ഞാനംതന്നെ എന്ന അറിവുള്ളവർ പറയുന്നു.

൧൮. ലഗ്നംവിലഗ്നപതിമൃത്യുതദീശചന്ദ്രാഃ പ്രഷ്ടുരായുരവശമനബലസാധനാനി। തെഷാംശുഭാശുഭഗണാശ്രയവീൎയ്യവത്താ നിൎവ്വീൎയ്യതാദിഗുണദൊഷവശാദചിന്ത്യം॥

അന്വയാൎത്ഥം—ലഗ്നവും വിലഗ്നപതിമൃത്യുതദീശചന്ദ്രന്മാരും പ്രഷ്ടാവായുസ്സിന്റെ അവശമത്തിങ്കൽ സാധനങ്ങളായിഭവിക്കുന്നു. അവരുകളുടെ ശുഭാശുഭഗണാശ്രയവീൎയ്യവത്താ നിൎവ്വീൎയ്യതാദിഗുണദൊഷവശത്തെ ആശ്രയിച്ചിട്ട ആയുസ്സ വിചിന്ത്യമായി ഭവിക്കുന്നു.

സാരം—ലഗ്നവും ലഗ്നാധിപനും അഷ്ടമവും, അഷ്ടമാധിപനും ചന്ദ്രനും പൃഷ്ടാവിന്റെ ആയുസ്സിനെ നിശ്ചയിപ്പാനുള്ള സാധനങ്ങളാകുന്നു. മെൽപറഞ്ഞ സാധനങ്ങൾക്ക ശുഭദൃഷ്ടിയും ശുഭയൊഗവും ബലവും ഗുണമാകുന്നു. അശുഭദൃഷ്ടിയും അശുഭയൊഗവും ബലഹാനിയും ദൊഷമാകുന്നു. ഇങ്ങിനെ ഉള്ള ഗുണദൊഷങ്ങളെ അനുസരിച്ച ആയുസ്സിനെ വിചാരിക്കെണം.

൧൯- പാപാന്തരസ്ഥിതിശുഭെതരദൃഷ്ടിയൊഗാ ദൊഷാഗുണാസ്ത്വിഹ ഇമെ വപുഷസ്തു ഭൂരി। സൌമ്യസ്യസംഗമമുശന്തി ച ഗുണൈൎഭവെതാം ദൊഷാഗുണാശ്ച ബലലഗ്നവദഷ്ടമസ്യ॥

അന്വയാൎത്ഥം— പാപാന്തരസ്ഥിതിശുഭെതരദൃഷ്ടിയൊഗങ്ങൾ വപുസ്സിന്റെ ദൊഷങ്ങളായി ഭവിക്കുന്നു. ശുഭന്മാരൊട ഉള്ള മൂന്ന വപുസ്സിന്റെ ഗുണങ്ങളായി ഭവിക്കുന്നു. സൌമ്യന്റെ സംഗമത്തെയും ഗുണങ്ങളായിഭവിക്കും. അഷ്ടമത്തിന്റെ ദൊഷങ്ങളും ഗുണങ്ങളും ലഗ്നത്തിന്റെ എന്നപൊലെതന്നെ

സാരം—പാപഗ്രഹങ്ങളുടെ മദ്ധ്യത്തിങ്കൽ ഉള്ളസ്ഥിതിയും പാപഗ്രഹദൃഷ്ടിയും പാപഗ്രഹയൊഗവും ലഗ്നത്തിന്ന ദൊഷങ്ങളാകുന്നു. ശുഭഗ്രഹ മദ്ധ്യത്തിങ്കൽ സ്ഥിതിയും ശുഭഗ്രഹ ദൃഷ്ടിയും ശുഭഗ്രഹയൊഗവും ലഗ്നത്തിന്ന ഗുണങ്ങളാകുന്നു, ലഗ്നാധിപയൊഗവും ലഗ്നാധിപദൃഷ്ടിയും ലഗ്നത്തിന്ന ഗുണങ്ങളാകുന്നു, അഷ്ടമഭാവത്തിന്നും പാപമദ്ധ്യസ്ഥിതി, പാപദൃഷ്ടി, പാപയൊഗം ഇതുകൾ ദൊഷങ്ങളാകുന്നു, ശുഭമദ്ധ്യസ്ഥിതി, ശുഭദൃഷ്ടി ശുഭയൊഗം സ്വാമിദൃഷ്ടി, സ്വാമിയൊഗം ഇതുകൾ ഗുണങ്ങളാകുന്നു.

൨൦- പാപാനപെക്ഷ്യ ശുഭതൊമദ്ധ്യവാസമെവ പ്രാഹുൎന്നിഷാദശമാന്ത്യപസ്യ ദൊഷാഃ। ത്ര്യംശാത്മവസ്ഥുടവദന്ത്സ്ഥിതി സൌമ്യയൊഗ വീക്ഷാന്തരസ്ഥിതിവിലൊമഗൃഹാ ഗുണാസ്ത്യുഃ॥

അന്വയാൎത്ഥം,——തനുഭാവന്ന പാപാന്വയെക്ഷണെശുഭെതരമ ധ്യവാസമെന്നിവ്യാരിനീചഭംഗമങ്ങൾ ദോഷങ്ങളായി ഭവിക്കും ശുഭാത്മബന്ധുഭവനസ്ഥിതിസൌമ്യയോഗ വീക്ഷാന്തരസ്ഥി തിവിലൊമഗമങ്ങൾ ഗുണങ്ങളായി ഭവിക്കും.

സാരം——ലഗ്നാധിപന്ന പാപയോഗവും പാപദൃഷ്ടിയും പാ പമധ്യസ്ഥിതിയും പാട്ടം ശത്രുക്ഷേത്രത്തിങ്കൽസ്ഥിതിയും നീച രാശിയിൽസ്ഥിതിയും ദോഷമാകുന്നു. ഉച്ചരാശിയിലുംസ്വക്ഷേ ത്രത്തിങ്കലും ബന്ധുക്ഷേത്രത്തിങ്കലുമുള്ള സ്ഥിതിയും ശുഭയോ ഗവും ശുഭദൃഷ്ടിയും ശുഭമധ്യസ്ഥിതിയും വക്രഗതിയും ഗുണമാ കുന്നു.

൨൧. ലഗ്നപസ്യഗുണാദോഷാസ്തുല്യാസ്സ്യുർമ്മൂൎത്തിപസ്യച ।
കേന്ദ്രസ്ഥിതിർമ്മൂൎത്തിശസ്യ ദോഷാലഗ്നപതെൎഗ്ഗുണഃ ॥

അന്വയാൎത്ഥം——ലഗ്നപന്റെ ഗുണങ്ങളും ദോഷങ്ങളും മൂ ൎത്തിപന്നു തുല്യങ്ങളായി ഭവിക്കും. മൂൎത്തിശന്റെ കേന്ദ്രസ്ഥിതി ദോ ഷമായിഭവിക്കുന്നു. ലഗ്നപതിയുടെ കേന്ദ്രസ്ഥിതി ഗുണമായി ഭവിക്കുന്നു.

സാരം——ലഗ്നാധിപന്റെ ഗുണദോഷങ്ങൾ യാതൊരുപ്ര കാരം പറയപ്പെട്ടുവൊ അപ്രകാരം അഷ്ടമാധിപന്റെ ഗുണദൊ ഷങ്ങൾ. എങ്കിലും ഒരുവിശെഷമുണ്ട അഷ്ടമാധിപതിയുടെകെ ന്ദ്രസ്ഥിതി ദോഷമാകുന്നു. ലഗ്നാധിപന്റെകേന്ദ്രസ്ഥിതി അ ങ്ങിനെ അല്ല ഗുണംതന്നെ. ഇതുതന്നെ ഭെദമായതെ വി ശെഷമെന്നറിക.

൨൨. ചന്ദ്രസ്യാരിമൂൎത്തിവ്യയസ്ഥിതിരസന്മധ്യസ്ഥിതിക്ഷീ
ണതായാഃ ക്ഷീണത്വംതനുഗാപമത്രനിജനീചാപ്തിശ്ശുഭാദോഷാഗ്ലെ
മെ। പൂൎണ്ണത്വംശുഭമധ്യവാസയുതിദൃഗ്വൈധ്യകേന്ദ്രസ്ഥതാ
സ്ഥാനാംശഗൃഹെ യുതിശ്ശുഭഗുണാ സാംശെവിശെഷാൽഗു
ണാഃ॥

അന്വയാൎത്ഥം——ഇതുകളിൽ വെച്ച ചന്ദ്രന്ന അരി മൂൎത്തിവ്യ യസ്ഥിതിയും അസന്മധ്യസ്ഥിതിക്ഷീണനായങ്ങളും ക്ഷീണത്വ വും തനുഗതാപവും നിജനീചാപ്തിയും ആകുന്ന ഇതുകൾ ദൊ ഷങ്ങളായി ഭവിക്കുന്നു. പൂൎണ്ണതയും ശുഭമധ്യവാസയുതിദൃഗ്വെ വെധ്യകേന്ദ്രസ്ഥതകളും ശുഭഗ്രഹത്തിങ്കൽ സ്ഥാനവും ഗുരുവി നൊടുകൂടെയുള്ള യുതിയും ഗുണങ്ങളായി ഭവിക്കുന്നു. അതത അം ശത്തിങ്കൽ വിശെഷിച്ചും ഗുണമായി ഭവിക്കുന്നു.

സാരം——ചന്ദ്രന്ന ആറാമെടത്തിങ്കലും അഷ്ടമത്തിങ്കലുംപ

ന്ത്രണ്ടാമെടത്തിങ്കലും ഉള്ള സ്ഥിതിയും പാപമദ്ധ്യത്തിങ്കൽ ഉള്ള സ്ഥിതിയും പാപദൃഷ്ടിയും പാപയോഗവും ക്ഷീണതയും ലഗ്നസ്ഥിതിയും ദോഷമാകുന്നു- പൂൎണ്ണതയും ശുഭമദ്ധ്യസ്ഥിതിയും ശുഭയോഗവും ശുഭദൃഷ്ടിയും വ്യാഴകേന്ദ്രത്തിങ്കൽ സ്ഥിതിയും ഉച്ചരാശിസ്ഥിതിയും വ്യാഴത്തോടുള്ള യോഗവും ഗുണമാകുന്നു-വ്യാഴത്തോടുള്ളയോഗം ലഗ്നത്തിലായാൽ വിശേഷിച്ചു, ഗുണമാകുന്നു-

൭൩. ത്ര്യായാരിഷ്വസദാവാസോ ദീൎഘായുഷ്ട്വകൃദീരിതഃ। വരാഹമിഹിരേണൈവ പദ്യേന ഗുരുശാലിനാ॥

അന്വയാൎത്ഥം—— ത്ര്യായാരികളിൽ അസദാവാസം ദീൎഘായുഷ്ട്വകൃത്താകുന്നു എന്ന വരാഹമിഹിരനാൽതന്നെ ഗുരുശാലിയായിരിക്കുന്ന പദ്യംകൊണ്ടു ഈരിതമായി ഭവിക്കുന്നു-

സാരം——മൂന്നാമെടത്തും പതിനൊന്നാമെടത്തും ആറാമെടത്തും പാപസ്ഥിതി ദീൎഘായുസ്സിനെ ഉണ്ടാക്കുന്നതാകുന്നു എന്ന വരാഹമിഹിരാചാൎയ്യർ ശ എന്ന അക്ഷരമായൊരു ശ്ലോകംകൊണ്ടു പറഞ്ഞിരിക്കുന്നു-

(൭൪) അത്രസാരസംഗ്രഹഃ ॥

അന്വയാൎത്ഥം——ഇവിടെ സാരസംഗ്രഹം ഭവിക്കുന്നു-

സാരം—— ആയുൎവ്വിചാരത്തിങ്കൽ ഉപയോഗിക്കുന്നതായിട്ട സാരസംഗ്രഹമെന്ന ഗ്രന്ഥത്തിങ്കൽ ചില വചനമുണ്ടു അതിനെ ഇനി ഇവിടെ കാണിക്കുന്നു-

൭൫. ലഗ്നംമൂൎദ്ധോദയഞ്ചേച്ശുഭവതിസഹിതം വീക്ഷിതഞ്ചോഭിലഗ്നാം ദീൎഘായുഷ്യപ്രദംസ്യാന്നിധനമപി തഥൈവാന്യഭാവാവിചിന്ത്യാഃ। രന്ധ്രേശേ ലഗ്നപേവാ ബലിബലസഹിതേത്വാനയോൎവ്വാപിമൈത്രീ ചാഷ്ടമശ്ചോൎദ്ധ്വവക്ത്രസ്സജലസമൃദ്ധസ്സമൂൎദ്ധോദയാഖ്യഃ॥

അന്വയാൎത്ഥം——ലഗ്നവും നിധനവും മൂൎദ്ധോദയമായിട്ടും ശുഭവതിസഹിതമായിട്ടും വീക്ഷിതമായിട്ടും ഭവിക്കുമെങ്കിൽ അഖിലന്മാൎക്കും ദീൎഘായുഷ്യപ്രദമായി ഭവിക്കും അന്യഭാവങ്ങളും അപ്രകാരം തന്നെ ചിന്ത്യങ്ങളായി ഭവിക്കുന്നു. രന്ധ്രേശനും ലഗ്നപനും ബലസഹിതന്മാരാകുന്നു എങ്കിലും ഇവൎക്ക അതിമൈത്രി ഭവിക്കുന്നു എങ്കിലും ദീൎഘായുഷ്യപ്രദന്മാരായി ഭവിക്കും- ഊൎദ്ധ്വവക്ത്രമായി സജലസമൃദ്ധമായി സമൂൎദ്ധോദയാഖ്യമായിരിക്കുന്ന അഷ്ടമവും ദീൎഘായുഷ്യപ്രദമായി ഭവിക്കും-

സാരം——ഉദയലഗ്നവും ഉദയലഗ്നത്തിന്റെ അഷ്ടമരാശിയും

ശീൎഷോദയമായിട്ടും ശുഭയോഗത്തോടെ അധിപയോഗത്തോടെ ശുഭദൃഷ്ടിയോടെ അധിപദൃഷ്ടിയോടെ കൂടിയതായിട്ടും വരികിൽ ഫലം ദീൎഘായുസ്സാകുന്നു- ലഗ്നാഷ്ടമാധിപതികൾ ബലവാന്മാരായിരുന്നാലും അവർ അന്യോന്യം മിത്രബന്ധുക്കളായിരുന്നാലും ഫലം ദീൎഘായുസ്സാകുന്നു- ആരൂഢരാശി ഊൎദ്ധ്വമുഖമായിട്ടും പ്രശ്നംവെച്ച സമയത്തിങ്കലെ നാളിനുംപക്കത്തിനും കഴിഞ്ഞനാളിനെക്കാളും കഴിഞ്ഞ പക്കത്തെക്കാളുമുള്ള വൎദ്ധനമെന്നഭിപ്രായത്തോടുകൂടിയതായ സമയസമൃദ്ധിയോടും വെലിയെററത്തോടും കൂടിയതായിട്ടും ശീൎഷോദയരാശിയായിട്ടും വരികിലും ദീൎഘായുസ്സാകുന്നു-

൨൭- ത്രികോണാഃ ഫണിഭ്രഷ്ടനാമമൂൎത്തികരാഃ കൊലാഭ്രഭ്രാന്താസ്സ്ക്രൂരായദിശീതഗൌനിധനഗെഹീനസ്സ്യാച്ചവ്യാധിനാര ന്ധ്രെശീതകരൊഭവെന്മൂൎത്തികരഃ പൃഷ്ഠോദയാലഗ്നഗാഃ പാപാഃ കെന്ദ്രമൂൎത്തിസ്ഥിതാശ്ചമൂൎത്തിലാരൊഗാൎദ്ദിതാനാംനൃണാം ॥ ഇതി-

അന്വയാൎത്ഥം —ഫണിഭ്രഷ്ടങ്ങളായിട്ടും കൊലാഭ്രഭ്രാന്തങ്ങളായിട്ടും ഇരിക്കുന്ന ദ്രെക്കാണങ്ങൾ ക്രൂരങ്ങളാകുന്നുവെങ്കിൽ മൂൎത്തികരങ്ങളായി ഭവിക്കും- ശീതഗു നിധനഗനായിരിക്കും വിഷയത്തിങ്കൽ വ്യാധിയോടു ഹീനനായിരിക്കുന്നവനും മൂൎത്തികരങ്ങളായി ഭവിക്കും- രന്ധ്രത്തിങ്കലെ ശീതകരൻ രൊഗാൎത്തന്മാരായിരിക്കുന്ന നൃക്കൾക്ക മൂൎത്തികരനായി ഭവിക്കും- ലഗ്നമായിരിക്കുന്ന പൃഷ്ഠോദയവും കെന്ദ്രമൂൎത്തിസ്ഥിതന്മാരായിരിക്കുന്ന പാപന്മാരും മരണത്തെ ഉണ്ടാക്കും-

സാരം.——സൎപ്പദ്രെക്കാണമൊ കൊലദ്രെക്കാണമൊ ഗൃദ്ധ്രദ്രെക്കാണമൊ ലഗ്നമാകയും അതു പാപഗ്രഹത്തൊടുകൂടിയിരിക്കകയും ഇവരണ്ടുംകൂടെ വരികിൽ പ്രഷ്ടാ മരിക്കും- ചന്ദ്രന്റെ അഷ്ടമസ്ഥിതി കൂടെ ഉണ്ടായാൽ രൊഗമില്ലെങ്കിലും മരിക്കുമെന്നറിയെണം- ചന്ദ്രന്റെ അഷ്ടമസ്ഥിതി മാത്രമുണ്ടായാലും ലഗ്നം പൃഷ്ഠോദയരാശിയായാലും കെന്ദ്രത്തിങ്കലും അഷ്ടമത്തിങ്കലും പാപഗ്രഹങ്ങൾ ഉണ്ടായാലും പ്രഷ്ടാവു രൊഗിയാകുന്നു എങ്കിൽ മരിക്കുമെന്നറിക-

ഗൊജാശ്വികൎക്കിമിഥുനാ ഇത്യാദിയായ ഹൊരാശ്ലോകത്താൽ പറകപ്പെട്ട പ്രകാരം ശീൎഷോദയരാശികളെയും പൃഷ്ഠോദയരാശികളെയും സൎവ്വത്ര ഗ്രഹിക്കെണം ദ്രെക്കാണസ്വരൂപങ്ങളെ ഹൊരയിലെ ദ്രെക്കാണാധ്യായംകൊണ്ടു അറിഞ്ഞുകൊൾക

ഉന്നതൽകാലൊദ്ധൃതരാശിഃപ്രഷ്ടാരൂഢശ്ചബലസംശയെപ്പൊകെതു

കൃഷ്ണീയാദിഷു കഥിതം താഭ്യാമേതാഭ്യാം ഫലംഹി വാച്യമിതി॥

അന്വയാർത്ഥം — തൽകാലോദ്യദ്രാശിയും പ്രഷ്ടാരൂഢവും ലഗ്നശബ്ദവാച്യങ്ങളായി ഭവിക്കുന്നു, അവരണ്ടുകൊണ്ടും ഫലം വാച്യമാകുന്നു എന്ന കൃഷ്ണീയാദികളിൽ കഥിതമായി ഭവിക്കുന്നു.

സാരം — മേൽപറയപ്പെട്ട സ്ഥലങ്ങളിൽ ഉദയരാശിയെയും ആരൂഢത്തെയും വെവ്വേറെ പറഞ്ഞിട്ടുള്ള സ്ഥലം ഒഴികെയുള്ള ശേഷങ്ങളിൽ ലഗ്നശബ്ദംകൊണ്ടു തന്നെ ആരൂഢരാശിയെയും ഗ്രഹിക്കേണം. അതുഹേതുവായിട്ടു ഉദയലഗ്നംകൊണ്ടു വിചാരിപ്പാൻ പറഞ്ഞപ്രകാരം സകലത്തെയും ആരൂഢംകൊണ്ടും വിചാരിക്കേണം. ഇങ്ങിനെ ആരൂഢംകൊണ്ടു പറഞ്ഞത ഉദയലഗ്നംകൊണ്ടുമാം. കൃഷ്ണീയം മുതലായ ഗ്രന്ഥങ്ങളിൽ അങ്ങിനെ വേണമെന്നു പറഞ്ഞിട്ടുണ്ടു.

൨൭. ഭൂമിസ്ഥം സ്ഥിരചക്രം ചരതി തഥാകാശഗമേവ ചരചക്രം ।
ചക്രമിതിദ്വയമനയോഃ ഫലം പ്രശ്നേ ദൈവജ്ഞൈസ്തു വാച്യം॥

അന്വയാർത്ഥം — സ്ഥിരചക്രം ഭൂമിസ്ഥമായി ഭവിക്കുന്നു. അപ്രകാരം ചരചക്രം ആകാശത്തിങ്കൽ തന്നെ ചരിക്കുന്നു. ചക്രമിതദ്വയംകൊണ്ടു പ്രശ്നാദിയിങ്കൽ വ്യവഹർത്താക്കൾക്ക ഫലം വാച്യമായി ഭവിക്കുന്നു.

സാരം — സ്ഥിരചക്രം, ചരചക്രം ഇങ്ങിനെ രാശിചക്രം രണ്ടുപ്രകാരത്തിൽ ഉണ്ടു. സ്ഥിരചക്രം ഭൂമിയിൽ ഇരിക്കുന്നു. അതിന്നു ഗതിഇല്ല. ചരചക്രം ആകാശത്തിങ്കൽ ഇരിക്കുന്നു. അതിന്നു ഗതിയുണ്ടു. സ്ഥിരചക്രംകൊണ്ടും, ചരചക്രംകൊണ്ടും ഫലം പറയേണം.

൨൮. ഉദയാരൂഢത്രിഭാഗാംശ്ശുഭാശുഭം പ്രഷ്ടുരാദിശേദ്യചരാൽ।
ദൈവവിദോ വ്യയഭാഗാംഗമാദ്ഭാഗാംശദൈവജ്ഞസ്യ॥

അന്വയാർത്ഥം — ഉദയാരൂഢങ്ങൾ കൊണ്ടു പ്രഷ്ടാവിന്റെ ശുഭാശുഭത്തെ യഥാപ്രകാരം ആദേശിക്കാമൊ അപ്രകാരംതന്നെ വ്യയങ്ങൾകൊണ്ടു ദൈവവിത്തിന്റെയും, ഗമാദ്യങ്ങൾകൊണ്ടു ദൂതന്റെയും ശുഭാശുഭത്തെ ആദേശിക്കാം.

സാരം — മേൽപറയപ്പെട്ട ചക്രങ്ങളിൽ ചരചക്രത്തിങ്കൽ ഉള്ള ഉദയരാശികൊണ്ടും സ്ഥിരചക്രത്തിങ്കൽ ഉള്ള ആരൂഢരാശികൊണ്ടും പൃച്ഛകന്റെ ഇഷ്ടാനിഷ്ടഫലങ്ങളെ പറയേണം. അതുപോലെ ഉദയരാശിയുടെയും ആരൂഢരാശിയുടെയും പന്ത്രണ്ടാം രാശികൾകൊണ്ടു ദൈവജ്ഞന്റെ ശുഭാശുഭങ്ങളെയും പതിനൊന്നാം രാശികൾകൊണ്ടു ദൂതന്റെ ശുഭാശുഭങ്ങളെയും പറ

യെന്നു.-

൨൯- അഥോദയാസ്തസ്ഥഭയൊർദ്ദ്വയൊസ്സമബലാന്വിതയൊഃ ദശാഭാവജംഫലം। തഥാത്മപിത്രാദിപദാൎത്ഥകാരകൈരപിഗ്രഹൈ ഭക്ഷ്മം വൈശിഷ്ട്യമൂഹ്യതെ । ഇതി-

അന്വയാൎത്ഥം — അനന്തരം ഉദയാസ്തസ്ഥങ്ങളാകുന്ന രണ്ടു കളിൽവെച്ചു അപ്പൊൾ ബലാന്വിതമായിരിക്കുന്നതിനെ ആശ്രയിച്ചിട്ടു അപ്രകാരംആത്മപിത്രാദിപദാൎത്ഥകാരകന്മാരായിരു ക്കുമുഖന്മാരായിരിക്കുന്ന ഗ്രഹങ്ങൾകൊണ്ടു ദശാദശഭാവജമായി രിക്കുന്ന ഫലവും വിമൎശിക്കപ്പെടുന്നു-

സാരം — അതിന്റെശെഷം ഉദയാസ്തസ്ഥരാശികളിൽ വെച്ചു ബലാധിക്യം ഏതിന്നുഭവിക്കുമൊ അതിനെക്കൊണ്ടും അതി ന്നും അതിനെ അപെക്ഷിച്ചിട്ടുള്ള ദ്വിതീയഭാവാദികൾക്കും അ ധിപന്മാരായ സൂൎയ്യാദിഗ്രഹങ്ങളെക്കൊണ്ടും ലഗ്നാദികളായ പ ന്ത്രണ്ടു ഭാവങ്ങളുടെ ഫലത്തെ വിചാരിച്ചുവരുന്നു. സൂൎയ്യാദിഗ്ര ഹങ്ങൾ പിതാവുമുതലായവരുടെ കാരകന്മാരാകയാൽ പിതാവു തുടങ്ങിയുള്ളവരുടെഗുണദൊഷങ്ങളെയുംഅവരുടെകാരകത്വത്തെ അനുസരിച്ചു വിചാരിക്കമാറുണ്ടു.

(വാ) കൃഷ്ണീയെതുതയൊർവ്വിഷയവിഭാഗ ഉക്തഃ । തഥാചതദ്വ ക്തിഃ॥

അന്വയാൎത്ഥം — കൃഷ്ണീയത്തിങ്കലാകട്ടെ അതുകളുടെ വിഷ യവിഭാഗം ഉക്തമായി- അപ്രകാരം തദുക്തിഭവിക്കുന്നു.

സാരം — ഉദയരാശികൊണ്ടു വിചാരിക്കെണ്ടത ഇന്ന സ്ഥല ത്തിങ്കൽ എന്നും അസ്തസ്ഥരാശികൊണ്ടു വിചാരിക്കെണ്ടത ഇ ന്നസ്ഥലത്തിങ്കലെന്നും കൃഷ്ണീയത്തിങ്കൽ പറഞ്ഞിട്ടുണ്ടു- യാതൊ രുപ്രകാരമായാൽ അപ്രകാരമുള്ളനിയമം സിദ്ധമാകുമൊ അപ്ര കാരം കൃഷ്ണീയവചനമുണ്ടു ഇനിഅതിനെത്തന്നെകാണിക്കുന്നു

൩൦. പ്രശ്നെഖല്വുദയാസ്തസ്ഥപ്രാധാന്യേനവിധാമതഃ। ഭാസ്ക രൊദയവെലായാംസഞ്ചരത്യപിവൃശ്ചികെ॥

൩൧. വൃശ്ചികെവിദ്ധ്യമായുക്തെയാത്രാദിചരകൎമ്മസു। ഉദയെ നഫലംബ്രൂയാദെവമാദിഷുദൈവവിൽ॥

൩൨. കൎമ്മാന്തെചദിനാന്തെചശയിതെപൃച്ഛകെനിശി। പ്ര ദെശെജനസംപൂൎണ്ണെനഷ്ടെചാസ്തഗൃഹസ്യപി॥

൩൩. വിഷയെസ്ഥാവരാണാമിത്യാദിഷ്വസ്തസ്ഥരാശിനാചി ന്ത്യമത്രൊഭയത്രാപിസാംസാംഹരന്തച്യുതെ॥

അന്വയാൎത്ഥം — പ്രശ്നെ ഉദയാസ്തസ്ഥപ്രാധാന്യം ഹെതുവാ

വന്നു

യിട്ട രണ്ടുപ്രകാരേണ മതമായി ഭവിക്കുന്നു. ഭാസ്കരോദയവേലയിങ്കലും പൃഛ്ശകൻ സഞ്ചരന്നായിരിക്കും വിഷയത്തിങ്കലും പൃഛകൻ വിദ്യയോടു യുക്തനായി സന്നായിരിക്കും വിഷയത്തിങ്കലും യാത്രാദിചരകർമ്മങ്ങളിലും ഏവമാദികളിൽ ദൈവവിത്ത ഉദയംകൊണ്ടു ഫലത്തെ പറയേണം. കർമ്മാന്തത്തിങ്കലും ദിനാന്തത്തിങ്കലും പൃഛകൻ ശയിതനായിരിക്കും വിഷയത്തിങ്കലും നിശയിങ്കലും ജനസമ്പൂർണ്ണമായിരിക്കുന്ന പ്രദേശത്തിങ്കലും മുഷ്ടിയിങ്കലും ഗ്രഹത്തിന്റെ അന്തർഭാഗത്തിങ്കലും സ്വഭാവങ്ങളുടെ വിഷയത്തിങ്കലും ഇത്യാദികളിൽ ആരൂഢരാശികൊണ്ടു ചിന്ത്യമായി ഭവിക്കുന്നു. ഉഭയം രണ്ടുകളിലും സമമായി സമമായിരിക്കുന്ന ഛത്രം ഗ്രാഹ്യമായി ഭവിക്കുന്നു. അതു വചിക്കപ്പെടുന്നു.

സാരം—പ്രശ്നം ഉദയരാശി പ്രധാനമായിട്ടും ആരൂഢരാശി പ്രധാനമായിട്ടും ഉണ്ടു. സൂര്യോദയ സമയത്തിങ്കലും പൃഛകൻ സഞ്ചരിച്ചുകൊണ്ടും ചോദിച്ചാലും പൃഛകൻ വിദ്വാനായിരുന്നാലും യാത്രാദി ചരകർമ്മങ്ങളോടു കൂടിയവനായാലും ഇങ്ങിനെമറ്റും ചിലതുകളിലും ഉദയരാശിയെ പ്രധാനമാക്കി വിചാരിക്കേണം. ഒരു കർമ്മത്തിന്റെ അവസാനകാലത്തിങ്കൽ ചോദിച്ചാലും സായാഹ്നത്തിങ്കൽ ചോദിച്ചാലും കിടന്നുചോദിച്ചാലും രാത്രിയിൽ ചോദിച്ചാലും ജനങ്ങൾനിറഞ്ഞിരിക്കുന്ന പ്രദേശത്തിങ്കൽ വന്നുചോദിച്ചാലും മുഷ്ടിയുടെ ഉള്ളിലെന്ത എന്നുചോദിച്ചാലും ഗ്രഹത്തിന്റെ ഉള്ളിൽ വന്നുചോദിച്ചാലും വളരെവൃക്ഷാദികൾ ഉള്ള പ്രദേശത്തിങ്കൽ വെച്ചുചോദിച്ചാലും ഇങ്ങിനെ മറ്റുചിലതുകളിലും ആരൂഢരാശിയെ പ്രധാനമാക്കി വിചാരിക്കേണം. രണ്ടേടത്തും ഛത്രരാശിയെക്കൊണ്ടു വിചാരിക്കുമ്പോൾ അതാതിന്റെ ഛത്രരാശിയെ ഗ്രഹിച്ചുകൊൾക. ഇനി ഛത്രരാശിയുടെ സ്വരൂപത്തെ പറയുന്നു.

൩൪. മാർത്താണ്ഡവൃഷതോളിതശ്ച ചതുരോരാശീനതോന്യാംസ്തഥാ പ്രാപ്യ ജോമിഥുനംക്രമേണ ചവൃഷോവിധ്യേത്രതാവാൻഭവേൽ। ആരൂഢാദുദയോഥവീഥിഭവനാത്താവൽഭവേച്ഛത്രഭം ഗ്രാഹ്യംസ്യാൽസ്ഥിരചക്രഗേതദുദിതേ ലഗ്നാംശകഞ്ചാദകഃ॥ ഇതി.

അന്വയാർത്ഥം——മാർത്താണ്ഡൻ വൃഷത്തിങ്കൽനിന്നും അശ്വിയിങ്കൽനിന്നും തുടങ്ങി നാലുരാശികളെയും ഇതുകളിൽനിന്നന്യങ്ങളായിരിക്കുന്ന രാശികളെയും പ്രാപ്തനായിരിക്കും വിഷയത്തിങ്കൽ ക്രമേണ അജവും മിഥുനവും വൃഷവും ഇവിടെവീ

ഥികളായി ഭവിക്കുന്നു. ആരൂഢത്തിങ്കൽനിന്ന ഉദയം യാവത്തായി ഭവിക്കുന്നുവൊ വീഥി ഭവനത്തിങ്കൽനിന്ന താവത്തായിട്ടുള്ളത ഛത്രമായിഭവിക്കും, ഇത സ്ഥിരചക്രത്തിങ്കൽ ഗ്രാഹ്യമായിഭവിക്കും. അരൂഢത്തിങ്കൽ ലഗ്നാംശകം ഛാദകമായി ഭവിക്കും.

സാരം —— ഇടവംതുടങ്ങി നാലുമാസങ്ങളിൽ മെടത്തിന്നുംവൃശ്ചികം തുടങ്ങി നാലുമാസങ്ങളിൽ മിഥുനത്തിന്നും ശെഷങ്ങളായ മാസങ്ങളിൽ ഇടവത്തിന്നും ജ്യോതിശ്ശാസ്ത്രത്തിങ്കൽ വീഥി എന്ന പെർ സിദ്ധമായി ഭവിക്കുന്നു- ആരൂഢരാശിയിങ്കൽനിന്ന ഉദയരാശി എത്രാമത്തതാകുന്നുവൊ വീഥിരാശിയിൽനിന്ന അത്രാമത്തരാശിയെ ഛത്രരാശി എന്ന ഗ്രഹിച്ചുകൊൾക- സ്ഥിരചക്രത്തിങ്കലായാൽ ഇപ്രകാരമാകുന്നു- ചരചക്രത്തിങ്കലായാൽ ഉദയരാശിയുടെ നവാംശകരാശിയെ ഛത്രരാശി എന്നു ഗ്രഹിക്കെണം- ഇങ്ങിനെ രണ്ടു പ്രകാരെണ ഉള്ള ഛത്രരാശിയെ ആരൂഢൊദയ രാശികൾകൊണ്ടുള്ള വിചാരങ്ങളിൽ ക്രമെണ ഗ്രഹിച്ചു കൊൾകയും വെണം-

൩൫. നിരന്തരൊദ്യദംഗാനാംകസ്യാപ്യസ്യൊദയസ്സദാ । തദാപ്യാരൂഢവാന്യൊയതസ്തെനൈവപ്രധാനതാ ॥

അന്വയാർത്ഥം —— നിരന്തരൊദ്യത്തുകളായിരിക്കുന്ന ഭങ്ങളിൽ വെച്ചു ഒന്നിന്റെ ഉദയം എല്ലാസമയത്തിങ്കലും ഭവിക്കുന്നു- അപ്പൊഴും ആരൂഢവാന്യാ ഭവിക്കുന്നു എന്നതു യാതൊന്നൊ അതു ഹെതുവായിട്ട അതിന്നു തന്നെ പ്രധാനത്വം ഭവിക്കുന്നു-

സാരം —— രാശികളുടെ ഉദയം നിരന്തരമായിട്ടുള്ളതാകയാൽ എല്ലാസമയത്തിങ്കലും ഒരുരാശി എതെങ്കിലും ഉദയത്തൊടുകൂടിയതായിരിക്കും എന്നാലും ആരൂഢത്തിന്റെ അപെക്ഷ ഉള്ളതാകയാൽ ആരൂഢം തന്നെ മുഖ്യമെന്നു ധരിക്കെണം-

൩൬. ഏതെഷുദൊഷരഹിതെഷുഗുണാന്വിതെഷുനീരൊഗതാദ്യഖിലസൌഖ്യമനല്പമായുഃ । ദൊഷാന്വിതെഷുവിഗുണെഷുമൃതിവ്യധരൊഗദൈൎഘ്യാദികന്തുഗുണദൊഷവിമിശ്രിതെഷു ॥

അന്വയാർത്ഥം —— ഇതുകൾ ദൊഷ രഹിതങ്ങളായിട്ടും ഗുണാന്വിതങ്ങളായിട്ടും സത്തുകളായിരിക്കും വിഷയത്തിങ്കൽ നീരൊഗതാദിയും അഖില സൌഖ്യവും അനല്പമായിരിക്കുന്ന ആയുസ്സും വാച്യമായി ഭവിക്കുന്നു- ദൊഷാന്വിതങ്ങളായിട്ടും വിഗുണങ്ങളായിട്ടും സത്തുകളായിരിക്കും വിഷയത്തിങ്കൽ മൃതിയും വാച്യയായി ഭവിക്കുന്നു. ഗുണദൊഷ വിമിശ്രിതങ്ങളായിരി

ക്കുംവിഷയത്തിങ്കലാകട്ടെ രോഗദൈൎഘ്യാധികംവാപ്യമായിഭവി ക്കുന്നു-

സാരം—— ലഗ്നം,ലഗ്നാധിപൻ ഇങ്ങിനെ തുടങ്ങി മെൽപ റകപ്പെട്ട വസ്തുക്കൾ ഒക്കെയും ദൊഷത്തൊടു കൂടാതെയും ഗുണ ത്തൊടു കൂടിയും വന്നാൽ രോഗമില്ലായ്ക, ഒട്ടൊഴിയാതെ ഉള്ള സൌഖ്യം, ദീൎഘായുസ്സ ഇങ്ങിനെ ഉള്ള ഫലങ്ങളെ പറയെണം- ദൊഷത്തൊടു കൂടിയും ഗുണത്തൊടു കൂടാതെയും വരികിൽ മര ണം ഫലമാകുന്നു- ചിലദൊഷങ്ങളൊടും ചില ഗുണങ്ങളൊടും കൂടിയതുകളായി ഭവിച്ചാൽ രോഗശമനത്തിന്നുള്ള താമസം മുത ലായതിനെ പറയെണം-

൩൭. ലഗ്നംദെഹൊഷ്ടമൊജീവസ്തയൊരധിപയൊൎബ്ബലം ।
അന്യൊന്യദൃഷ്ടിയൊഗൌചദീൎഘായുഃപ്രഷ്ടുരായുഷെ ॥

അന്വയാൎത്ഥം —— ലഗ്നം ദെഹമായി ഭവിക്കുന്നു. അഷ്ടമം ജീവനായി ഭവിക്കുന്നു- അതുകളുടെ അധിപന്മാരുടെ ബലവും അന്യൊന്യ ദൃഷ്ടിയൊഗങ്ങളും പ്രഷ്ടാവിന്ന ദീൎഘമായിരിക്കു ന്ന ആയുസ്സിന്നായിക്കൊണ്ടു ഭവിക്കും-

സാരം—— ലഗ്നത്തെ ദെഹമെന്നും അഷ്ടമത്തെ ജീവനെ ന്നും ഗ്രഹിച്ചുകൊൾക- ലഗ്നാധിപന്നും അഷ്ടമാധിപന്നും ബ ലവും പരസ്പര ദൃഷ്ടിയും പരസ്പരയൊഗവും ഉണ്ടായാൽ പൃച്ഛക ൻ ദീൎഘായുസ്സായി ഭവിക്കുമെന്നറിക-

൩൮. ലഗ്നാധിപശ്ചജീവശ്ചശുക്രശ്ചാത്രസ്ഥകെന്ദ്രഗഃ । എ കൈകൊപ്യായുഷെപ്രഷ്ടുഃകിമുദ്വൌകിംപുനസ്ത്രയഃ ॥

അന്വയാൎത്ഥം—— ലഗ്നാധിപനും ജീവനും ശുക്രനും എകൈ കനായിട്ടെങ്കിലും ആരൂഢകെന്ദ്രഗനായാൽ പ്രഷ്ടാവിന്ന ആ യുസ്സിന്നായിക്കൊണ്ടു ഭവിക്കുന്നു- ഇരുവരായാൽ പറയെണ മൊ പിന്നെ മൂവരായാൽ പറയെണമൊ-

സാരം—— ഉദയലഗ്നാധിപൻ ഉദയലഗ്നത്തിന്റെ കെന്ദ്ര ത്തിങ്കൽ നിന്നാലും ആരൂഢരാശ്യാധിപൻ ആരൂഢകെന്ദ്രത്തി ങ്കൽ നിന്നാലും പൃച്ഛകൻ ദീൎഘായുസ്സായി ഭവിക്കുമെന്നു പറ യെണം- ഗുരുശുക്രന്മാർ രണ്ടിന്റെയും കെന്ദ്രത്തിങ്കൽ നിന്നാ ലും ഫലം മെൽപ്രകാരമാകുന്നു- ലഗ്നാധിപനൊ ബൃഹസ്പതി യൊ ശുക്രനൊ കെന്ദ്രത്തിങ്കൽ നിന്നാൽ തന്നെ ദീൎഘായുസ്സാകു ന്നു എന്നുപറയെണം- ഒരു അവസ്ഥയിൽ ലഗ്നാധിപനും ബൃ ഹസ്പതിയും അല്ലാ എങ്കിൽ ലഗ്നാധിപനും ശുക്രനും അതുമല്ല എങ്കിൽ ബൃഹസ്പതിയും ശുക്രനും ഇങ്ങിനെ ഒരോരുത്തർ കൂടീ

ട്ടോ ലഗ്നാധിപൻ മുതലായവർ മുപ്പരും കൂടീട്ടോ കേന്ദ്രത്തിങ്കൽ നിന്നാൽ ദീൎഘായുസ്സായി ഭവിക്കുമെന്ന പറവാൻ പിന്നെ സംശയിക്ക തന്നെ യോഗ്യമല്ലെന്ന അറിയാമെല്ലൊ —

ഇവിടെയും ലഗ്നം മെഷൊഷ്ണമൊ ജീവഃ എന്നുള്ള പൂൎവ്വശ്ലൊകത്തിങ്കലും ലഗ്നശബ്ദം അതിന്റെ മെൽ പറകപ്പെട്ട പ്രകാരം ഉദയരാശി എന്നും ആരൂഢരാശി എന്നുമാകുന്ന ൨ രണ്ടു അൎത്ഥങ്ങളൊടു കൂടിയതാകുന്നു — ആരൂഢകെന്ദ്രഗാഃ — എന്നുള്ള സ്ഥലത്തിങ്കലെ ആരൂഢശബ്ദവും ആരൂഢൊദയരാശികളാകുന്ന രണ്ടു രാശികളിൽ വെച്ച ഒന്ന എന്നുള്ള അൎത്ഥത്തൊടു കൂടിയതാകുന്നു — അതു ഹെതുവായിട്ട ൟ പ്രകരണത്തിങ്കൽ സൎവ്വത്ര ആരൂഢൊദയരാശികളെ അങ്ങിനെ വിചാരിച്ചു കൊൾകയും വെണം —

൩൯. അന്യൊന്യകെന്ദ്രഗൈരെഷാ പഷ്ടദീൎഘമായുരിതീതരെ ॥

അന്വയാൎത്ഥം —— ഇവർ അന്യൊന്യ കെന്ദ്രഗന്മാരായിരിക്കും വിഷയത്തിങ്കൽ ദീൎഘമായിരിക്കുന്ന ആയുസ്സ വാച്യമായി ഭവിക്കുന്നു എന്നു ഇതരന്മാർ പറയുന്നു —

സാരം —— ലഗ്നാധിപനും ബൃഹസ്പതിയും ശുക്രനും പരസ്പരകെന്ദ്രങ്ങളിൽ നിന്നാൽ ദീൎഘായുസ്സിനെ പറയെണമെന്നന്യന്മാർ പറയുന്നു —

൪൦. സൌമ്യാസ്ത്രികൊണധനകെന്ദ്രഭവാഷ്ടമസ്ഥാദീൎഘായുഷെ സഹജഷൾഭവഗാശ്ച പാപാഃ । അന്യത്രഗാമരണരൊഗകരാശ്ചതെസ്യുൎമ്മാന്ദിർമ്മൂൎത്തിമതികരൊപിഗ്രഹണെഷ്ടസത്സു ॥

അന്വയാൎത്ഥം —— ത്രികൊണധനകെന്ദ്രഭവാഷ്ടമസ്ഥന്മാരായിരിക്കുന്ന സൌമ്യന്മാരും സഹജഷൾഭവഗന്മാരായിരിക്കുന്ന പാപന്മാരും ദീൎഘായുസ്സിന്നായിക്കൊണ്ടു ഭവിക്കുന്നു — അന്യത്രഗന്മാരായിരിക്കുന്ന അവർ മരണ രൊഗകരന്മാരായിട്ടും ഭവിക്കും ഗ്രഹങ്ങൾ സത്തുകളായിരിക്കും വിഷയത്തിങ്കലും മൂൎത്തിയിങ്കൽ ഉള്ള മാന്ദി മൂൎത്തികരനായി ഭവിക്കും —

സാരം —— മൂന്നാമെടത്തു, ആറാമെടത്തും പന്ത്രണ്ടാമെടത്തുമല്ലാതെ ശുഭഗ്രഹങ്ങൾ നില്ക്കുകയും, മൂന്നാമെടത്തും ആറാമെടത്തും പതിനൊന്നാമെടത്തു, പാപന്മാർ നില്ക്കുകയും ദീൎഘായുസ്സിനെ കല്പിപ്പാൻ മതിയായ ലക്ഷണങ്ങളാകുന്നു — മൂന്നാമെടത്തും ആറാമെടത്തും പന്ത്രണ്ടാമെടത്തും ശുഭന്മാർ നില്ക്കുകയും മൂന്നാമെടത്തും ആറാമെടത്തും പതിനൊന്നാമെടത്തുമല്ലാതെ പാപന്മാർ നില്ക്കുകയും മരണ രൊഗങ്ങളുടെ ലക്ഷണങ്ങളാകുന്നു — മൂന്നാമെ

ടത്തും ആറാമെടത്തും പന്ത്രണ്ടാമെടത്തുമായി ശുഭന്മാർ എല്ലാവരും നില്ക്കുകയും മൂന്നാമെടത്തും ആറാമെടത്തും പതിനൊന്നാമെടത്തു മല്ലാതെ മററുള്ളെടത്തു പാപന്മാർ എല്ലാവരും നില്ക്കുകയും ഇങ്ങിനെ രണ്ടു ലക്ഷണങ്ങളും തികവൊടുകൂടെ വരികിൽ മരണത്തെ പറയെണം. സൌമ്യസ്ഥിതിയൊ പാപസ്ഥിതിയൊ രണ്ടിലൊന്നു വിപരീതമായി വരികിലും സൌമ്യന്മാരിലും പാപന്മാരിലും ചിലരുടെ സ്ഥിതിമാത്രം വിപരീതമായി വരികിലും രൊഗത്തെ പറയെണം- ഇങ്ങിനെ ഇവിടെ വിഷയവിഭാഗത്തെ കല്പിച്ചുകൊൾക- ഗുണങ്ങൾ വളരെ ഉണ്ടായാലും അഷ്ടമത്തിങ്കൽ നില്ക്കുന്ന ഗുളികൻ മരണത്തെ ഉണ്ടാക്കും-

൮൯. സൎവ്വെഷാമപി പാപാനാം മാന്ദിൎദ്ദൊഷപ്രദൊധികഃ ।
സൊതിദൊഷകരൊ യൊഗദൃഗ്വശഗശ്ശനെഃ ॥

അന്വയാൎത്ഥം— സൎവ്വന്മാരായിരിക്കുന്ന പാപന്മാരിലും വെച്ചു മാന്ദി അധികമായിട്ടു ദൊഷപ്രദനായി ഭവിക്കുന്നു- ശനിയുടെ യൊഗദൃഗ്വശഗനായിരിക്കുന്ന അവൻ അതിദൊഷകരനായി ഭവിക്കുന്നു-

സാരം— സകല പാപന്മാരിലും വെച്ചു ഗുളികൻ അധികമായി ദൊഷത്തെ ഉണ്ടാക്കുന്നവനാകുന്നു- ഗുളികനു ശനിയുടെ യൊഗമൊ ദൃഷ്ടിയൊ ക്ഷെത്രാണാദി വൎഗ്ഗമൊ ഉണ്ടായാൽ സ്വാഭാവിക മായുള്ളതിനെക്കാളും അധികമായ ദൊഷത്തെ ഉണ്ടാക്കും-

൯൦. വരാഹമിഹിരഹൊരാശാസ്ത്രാദ്ധ്യായെഭ്യധത്തയാൻ ।
യൊഗാൻമൃതികരാൻസൎവ്വാൻസംവാദൊ വിചിന്ത്യതാം ।

അന്വയാൎത്ഥം— വരാഹമിഹിരൻ ഹൊരാശാസ്ത്രാദ്ധ്യായത്തിങ്കൽ ചൊല്ലുന്ന മൃതികരങ്ങളായിരിക്കുന്ന യാവചില യൊഗങ്ങളെ അഭിധാനം ചെയ്തുവൊ തൽസംവാദം വിചിന്തിക്കപ്പെടെണം-

സാരം— മെൽ പറകപ്പെട്ട അരിഷ്ട ലക്ഷണങ്ങളൊടു കൂടെ ഹൊരയിൽ ആറാമത്തെ അദ്ധ്യായം കൊണ്ടു പറകപ്പെട്ട അരിഷ്ടയൊഗങ്ങളും ഉണ്ടൊ എന്നു വിചാരിക്കെണം- അതുകളിൽ എതെങ്കിലും അപ്രകാരം ഉണ്ടായിരുന്നാൽ പ്രഷ്ടാവ ഉടനെമരിക്കുമെന്നു വിശ്വസിക്കയുമാം-

(൯൧) എതൽപ്രശ്നവശാദായുൎന്നിരൂപണം ॥

അന്വയാൎത്ഥം— ഈ പ്രശ്നവശത്തെ ആശ്രയിച്ചിട്ടുള്ള ആയുൎന്നിരൂപണമായി ഭവിക്കുന്നു-

സാരം—— മെൽപറകപ്പെട്ട വചനങ്ങൾ പ്രശ്നത്തെ അനുസരിച്ചുള്ള ആയുൎവിചാരത്തിങ്കൽ ഉപയോഗിക്കുന്നതു കളാകുന്നു-

(പാ) അഥജാതകവശാദായുൎന്നിരൂപ്യതെ ॥

അന്വയാൎത്ഥം—— അനന്തരം ജാതക വശത്തെ ആശ്രയിച്ചിട്ട ആയുസ്സ നിരൂപിക്കപ്പെടുന്നു-

സാരം—— ഇനി ജാതകത്തെ അനുസരിച്ചിട്ടുള്ള ആയുൎവിചാരത്തിന്ന ഉപയോഗിക്കുന്നതുകളായ ചില പ്രമാണങ്ങളെ കാണിക്കുന്നു-

൬൩. ഗ്രഹചാരദശാപ്രശ്നഫലസംവാദസംഭവെസത്യവ ഫലമാദെശ്യംശുഭംശുഭമസംശയം ॥

അന്വയാൎത്ഥം—— ഗ്രഹചാരദശാപ്രശ്ന ഫലസംവാദസംഭവം സത്തായിരിക്കും വിഷയത്തിങ്കൽ തന്നെശുഭാശുഭമായിരിക്കുന്ന ഫലം അസംശയമാകുംവണ്ണം ആദെശ്യമായിഭവിക്കുന്നു.

സാരം—— ഗ്രഹചാര ഫലത്തിന്റെയും ദശാഫലത്തിന്റെയു, സാമ്യം പ്രശ്നഫലത്തിന്നു ഭവിക്കുന്നു എംകിൽ സംശയത്തൊടു കൂടാതെ പറയാം- അതുകളുടെ സാമ്യമില്ലെംകിൽ പ്രശ്നഫലത്തെ വിശ്വസിക്കരുത- അതുഹെതുവായിട്ട ജാതകംകൊണ്ടും ആയുസ്സിന്റെ സ്ഥിതി, ഏതൊരുപ്രകാരമാകുന്നു എന്നു വിചാരിച്ച അറിയെണം-

൬൪. ഇത്യെതയൊതുശാസ്ത്രൊക്ത്യാപ്രശ്നജാതകയൊരിഹസംവാദശ്ചിന്ത്യഇത്യായുശ്ചിന്ത്യതെജാതകെനച ॥

അന്വയാൎത്ഥം — ഇപ്രകാരമുള്ള ശാസ്ത്രൊക്തി ഹെതുവായിട്ട പ്രശ്നജാതകങ്ങളുടെ ഇവിടെ ഉള്ള സംവാദം ചിന്ത്യമായി ഭവിക്കുന്നു- എന്നതു ഹെതുവായിട്ട ജാതകം കൊണ്ടു ആയുസ്സ ചിന്തിക്കപ്പെടുന്നു-

സാരം—— മെൽപ്രകാരമുള്ള ശാസ്ത്രവചനം ഹെതുവായിട്ട ആയുൎവിഷയത്തിങ്കൽ ജാതക പ്രശ്നങ്ങൾക്കു സാമ്യമുണ്ടൊ എന്നു പരീക്ഷിക്കെണം. അതുഹെതുവായിട്ട ജാതകം കൊണ്ടും ആയുസ്സിനെ വിചാരിച്ചു വരുന്നു-

൬൫. പൂൎവകൎമ്മഫലംഭൊക്തു-ജന്തൊൎദ്ദീൎഘജീവനം । ആയുസ്തൽകൎമ്മശക്ത്യാസ്യ ദീൎഘമദ്ധ്യാല്പതാദികം ॥

അന്വയാൎത്ഥം——പൂൎവകൎമ്മഫലത്തെ ഭുജിപ്പാനായിക്കൊണ്ടു ഇവിടെ ജന്തുവിന്റെ ജീവനം യാതൊന്നു അതു ആയുസ്സാകുന്നു- കൎമ്മശക്തി ഹെതുവായിട്ട ഇതിന്ന ദീൎഘമദ്ധ്യാല്പതാദികം

ഭവിക്കുന്നു:

സാരം—— പൂൎവ്വജന്മത്തിങ്കൽ ചെയ്യപ്പെട്ട കൎമ്മങ്ങളുടെ ഫലത്തെ അനുഭവിപ്പാനായിക്കൊണ്ട ഈ ലൊകത്തിങ്കൽ ശരീരിയായിരിക്കുന്നവൻ പ്രാണധാരണത്തൊട്ട കൂടിയവനായി ഭവിക്കുന്നു യാതൊന്നൊ അതിനെ ആയുസ്സെന്നു പറയുന്നു- വളരെ കാലം കൊണ്ട അനുഭവിക്കെണ്ടതായ കൎമ്മഫലമാകുന്നു എങ്കിൽ ആയുസ്സു ദീൎഘമായി ഭവിക്കും- അല്പകാലം കൊണ്ട അനുഭവിക്കെണ്ട കൎമ്മഫലമാകുന്നു എങ്കിൽ ആയുസ്സ അല്പമായി ഭവിക്കും- മധ്യകാലംകൊണ്ട അനുഭവിപ്പാൻ യൊഗ്യമായിരിക്കുന്ന കൎമ്മഫലമാകുന്നു എങ്കിൽ ആയുസ്സ മധ്യമായി ഭവിക്കും-ഇങ്ങിനെ തന്റെ കാരണമായ കൎമ്മങ്ങളുടെ വൈചിത്ര്യത്തെ അനുസരിച്ചിട്ട ആയുസ്സ അനെക വിധമായി ഭവിക്കുന്നു-

൩൭. അവശ്യമനുഭൊക്തവ്യംയൽകിഞ്ചിൽഫലമസ്തിചെൽ। യെനകെനാപിയൊഗെനനാഭുക്തായൻമ്രിയെതതൽ ॥

അന്വയാൎത്ഥം—— വല്ലൊരു ഫലം ഭവിക്കുന്നു എങ്കിൽ അതു വല്ലൊരു യൊഗം കൊണ്ട അവശ്യമായി അനുഭൊക്തവ്യമായി ഭവിക്കുന്നു- യാതൊന്ന ഹെതുവായിട്ട അതിനെ ഭുജിക്കാതെ മരിക്കില്ല-

സാരം—— ഒരുത്തന്ന മുമ്പെ ചെയ്തിട്ടുള്ള കൎമ്മങ്ങളിൽ എതെങ്കിലും ഒന്ന അനുഭവിക്കെണ്ടതായിട്ടുണ്ടെങ്കിൽ അതിനെ വല്ലൊരു ഉപായെന അനുഭവിക്കെണം- അതിനെ അനുഭവിക്കാതെ മരിക്കുകയില്ല-

൩൮. ശാസ്ത്രാന്തരൊദിതംയൊഗശബ്ദനിൎവ്വചനംതഥാ। യൊഗസ്യരൂപസംഖ്യാശ്ചതൽപ്രകാരൊഥകഥ്യതെ ॥

അന്വയാൎത്ഥം—— യൊഗശബ്ദനിൎവ്വചനംശാസ്ത്രാന്തരൊദിതമായി ഭവിക്കുന്നു- യൊഗത്തിന്റെ രൂപസംഖ്യകളും ശാസ്ത്രാന്തരൊദിതകളായി ഭവിക്കുന്നു- അനന്തരം തൽപ്രകാരം കഥിക്കപ്പെടുന്നു-

സാരം—— അവശ്യമായി അനുഭവിക്കെണ്ടതായ കൎമ്മഫലങ്ങൾ ഉണ്ടൊ ഇല്ലയൊ എന്നുള്ള സംശയത്തിങ്കൽ അതിന്റെ തീൎച്ച ഉണ്ടാകെണ്ടത യൊഗാദികളിൽ നിന്നാകുന്നു- അവിടെ യൊഗമെന്ന ശബ്ദത്തിന്റെ നിൎവ്വചനവുംയൊഗങ്ങളുടെസ്വരൂപ സംഖ്യകളും അന്യശാസ്ത്രത്തിങ്കൽ പ്രസിദ്ധിയുള്ളതുകളാകുന്നു ഇനി യൊഗനിൎവ്വചനാദികളെ അറിവാൻ ഉപയൊഗിക്കുന്നതുകളായ ശാസ്ത്രാന്തരവചനങ്ങളെ കാണിക്കുന്നു-

൧൮. ഗ്രഹാണാം സ്ഥിതിഭേദേന പുരുഷം യോജയന്തി ഹി ।
ഫലൈഃ കർമ്മസമുൽഭൂതൈരിതി യോഗാഃ പ്രകീർത്തിതാഃ ॥

അന്വയാർത്ഥം — ഗ്രഹങ്ങളുടെ സ്ഥിതി ഭേദങ്ങൾകൊണ്ടു പുരുഷനെ കർമ്മസമുൽഭൂതങ്ങളായിരിക്കുന്ന ഫലങ്ങളോടു കൂടെ യോജിപ്പിക്കുന്നു- എന്നിതു ഹേതുവായിട്ടു യോഗങ്ങൾ എന്നു പ്രകീർത്തിതങ്ങളായി ഭവിക്കുന്നു-

സാരം— സൂര്യൻ മുതലായ ഗ്രഹങ്ങളുടെ നിലഭേദം കൊണ്ടു പുരുഷനെ അതാത കർമ്മഫലങ്ങളോടു യോജിപ്പിക്കുന്നതുകളാകയാൽ യോഗങ്ങൾ എന്ന ഫലജ്ഞാന സാധനങ്ങൾക്ക അങ്ങിനെ ഒരു സംജ്ഞയുണ്ടെന്നുള്ളവരാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു-

൧൯. സ്ഥാനതോ ഭാവതഃ ഖേടൈഃ സ്ഥാനഭാവനഭശ്ചരൈഃ ।
സ്ഥാനഭാവസമായോഗാൽ ഭാവഖേചരയോഗതഃ ॥

൨൦. യോഗാസ്സ്യുഃ ഷഡ്വിധാഃ സ്ഥാനഖേചരാഭ്യാം തു സപ്തമഃ । ഉച്ചമൂലത്രികോണാദി ഗ്രഹാണാം സ്ഥാനമുച്യതേ ॥

൨൧. ഭാവാ ലഗ്നാദയഃ പ്രോക്താഃ ഖേചരാ ഭാസ്കരാദയഃ ।
ഭാവസ്ഥാനഗ്രഹൈഃ പ്രോക്തൈര്യോഗൈര്യേ യോഗഹേതവഃ ॥

൨൨. തേഷാം ബലീയാൻ കർത്താ സ്യാൽ സ ഏവാസ്യ ഫലപ്രദഃ ॥ ഇതി-

അന്വയാർത്ഥം— സ്ഥാനം ഹേതുവായിട്ടും ഭാവം ഹേതുവായിട്ടും ഖേടന്മാര ഹേതുവായിട്ടും, സ്ഥാനഭാവനഭശ്ചരന്മാർ ഹേതുവായിട്ടും സ്ഥാനഭാവസമായോഗം ഹേതുവായിട്ടും ഭാവഖേചരയോഗം ഹേതുവായിട്ടും യോഗങ്ങൾ ഷഡ്വിധങ്ങളായി ഭവിക്കും സ്ഥാനഖേചരന്മാർ ഹേതുവായിട്ടാകട്ടെ സപ്തമമായിരിക്കുന്ന യോഗം ഭവിക്കുന്നു- ഗ്രഹങ്ങളുടെ ഉച്ചമൂലത്രികോണാദി സ്ഥാനമെന്നു വചിക്കപ്പെടുന്നു- ലഗ്നാദികൾ ഭാവങ്ങൾ എന്ന പ്രോക്തങ്ങളായി ഭവിക്കുന്നു- ഭാസ്കരാദികൾ ഖേചരന്മാർ എന്ന പ്രോക്തന്മാരായി ഭവിക്കുന്നു- ഭാവസ്ഥാന ഗ്രഹങ്ങൾകൊണ്ടു പ്രോക്തമായിരിക്കുന്ന യോഗത്തിങ്കൽ യാവചിലതുകൾ യോഗഹേതുക്കളായി ഭവിക്കുന്നുവൊ അതുകളിൽ വെച്ചു ബലീയാൻ കർത്താവായി ഭവിക്കും- അവൻതന്നെ ഇതിന്റെ ഫലപ്രദനായി ഭവിക്കുന്നു-

സാരം— ഗ്രഹങ്ങളുടെ ഉച്ചരാശി മുതലായതുകൊണ്ടും ലഗ്നാദിഭാവംകൊണ്ടും സൂര്യാദികളായിരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും സ്ഥാനഭാവ ഗ്രഹങ്ങളെക്കൊണ്ടും സ്ഥാനഭാവങ്ങളെ കൊണ്ടും സ്ഥാനഗ്രഹങ്ങളെക്കൊണ്ടുമാകയാൽ യോഗങ്ങൾ ഏഴപ്ര

കാരമാകുന്നു. ഇവിടെസ്ഥാനങ്ങൾ എന്നപറകപ്പെട്ടതു സൂൎയ്യാദിഗ്രഹങ്ങളുടെ ഉച്ചരാശി മുതലായതുകളെ ആകുന്നു. ഭാവങ്ങൾ എന്ന പറകപ്പെട്ടത ലഗ്നം മുതലായതുകളെ ആകുന്നു. ഖെചരന്മാർ എന്ന പറകപ്പെട്ടത സൂൎയ്യാദിഗ്രഹങ്ങളെ ആകുന്നു. മെൽപ്രകാരം ഉള്ള യൊഗങ്ങൾക്ക അതിന്റെ കാരണങ്ങളിൽ യാതൊന്ന ബലവത്തായി ഭവിക്കുമൊ അതിന്നുതന്നെ അതിനെ കുറിച്ച കൎത്തൃത്വമെന്നും അതുതന്നെ അതിന്റെ ഫലത്തെ കൊടുക്കുന്നത എന്നും അറിഞ്ഞുകൊൾക.

൧൩. യൊഗായുശ്ചദശായുശ്ചെത്യായുൎദ്വിവിധംനൃണാം ।
യൊഗൊത്ഥമായുൎയ്യൊഗായുൎദ്ദശായുശ്ചദശൊത്ഥകം ॥

അന്വയാൎത്ഥം — യൊഗായുസ്സും ദശായുസ്സും ഇങ്ങിനെ നൃക്കളുടെ ആയുസ്സ ദ്വിവിധമായി ഭവിക്കുന്നു. യൊഗൊത്ഥമായിരിക്കുന്ന ആയുസ്സ യൊഗായുസ്സായി ഭവിക്കുന്നു. ദശൊത്ഥമായിരിക്കുന്ന ആയുസ്സ ദശായുസ്സായി ഭവിക്കുന്നു.

സാരം —— മനുഷ്യരുടെ ആയുസ്സ രണ്ടു പ്രകാരമാകുന്നു. അതിലൊന്നിനെ യൊഗായുസ്സെന്നും മറ്റെതിനെ ദശായുസ്സെന്നും ഗ്രഹിച്ചുകൊൾക. യൊഗായുസ്സെന്നതു യൊഗംകൊണ്ടു പറകപ്പെട്ട ആയുസ്സാകുന്നു ദശായുസ്സെന്നതു ദശാവശാൽ ഉള്ള ആയുസ്സാകുന്നു.

൧൪. യൊഗായുഷ്ഷഡ്വിധംയൊഗൈഷ്ഷഡ്വിധൈസ്സൂൎവകാമൃത ।
സദ്യൊരിഷ്ടാഽരിഷ്ടാഖ്യായൊഗാരിഷ്ടാഹ്വയാസ്തഥാ ॥

൧൫. മദ്ധ്യദീൎഘാമിതായുൎഭ്യൊയൊഗാസ്സൂക്ഷ്മഷഡ്വിധാഃ ।
സദ്യൊരിഷ്ടാഹ്വയായൊഗാഉത്സവാന്തൎമ്മൃതിപ്രദാഃ ॥

൧൬. ദ്വ്യബ്ദാന്തരരിഷ്ടാഖ്യാന്നാപെക്ഷന്തെദശാമിമെ യൊ
ഗാരിഷ്ടാഹ്വയായൊഗാദ്വാത്രിംശദ്വത്സരാൽപുരാ ॥

൧൭. അബ്ദാനാംസപ്തതെരന്തൎയ്യൊഗായെമദ്ധ്യമായുഷഃ ।
ദീൎഘായുഷശ്ശതസ്യാന്തൎദ്ദശാപെക്ഷാന്നയാന്തിതെ ॥

൧൮. ശതാധികസമാജീവെജ്ജാതൊയൊഗൈരമിതായുഷി । ആ
യുൎദ്ദായവിധിംയൊഗാന്നാപെക്ഷന്തെഽമിതായുഷഃ ॥

അന്വയാൎത്ഥം —— യൊഗായുസ്സ ഷഡ്വിധങ്ങളായിരിക്കുന്ന യൊഗങ്ങൾ ഹെതുവായിട്ട ഷഡ്വിധമായി ഭവിക്കുന്നു. അനന്തരം അതുകളെ പറയുന്നു. സദ്യൊരിഷ്ടങ്ങളായിരിക്കുന്നയൊഗങ്ങളും അരിഷ്ടാഖ്യങ്ങളായിരിക്കുന്ന യൊഗങ്ങളും രിഷ്ടാഹ്വയങ്ങളായിരിക്കുന്ന യൊഗങ്ങളും അപ്രകാരം മദ്ധ്യദീൎഘാമിതായു

ദ്രങ്ങളായിരിക്കുന്ന യോഗങ്ങളും. ഇങ്ങിനെ യോഗങ്ങൾ ഷഡ്വി
ധങ്ങളായി ഭവിക്കുന്നു. സദ്യോരിഷ്ടാഹ്വയങ്ങളായിരിക്കുന്ന
യോഗങ്ങൾ വത്സരാന്തർഭാഗത്തിങ്കൽ മൃതിപ്രദങ്ങളായി ഭവിക്കു
ന്നു. അരിഷ്ടാഖ്യങ്ങളായിരിക്കുന്ന യോഗങ്ങൾ ദ്വാദശാബ്ദാന്തർഭാ
ഗത്തിങ്കൽ മൃതിപ്രദങ്ങളായി ഭവിക്കുന്നു. ഈ യോഗങ്ങൾ ദ
ശയെ അപെക്ഷിക്കുന്നില്ല. രിഷ്ടാഹ്വയങ്ങളായിരിക്കുന്നയോ
ഗങ്ങൾ ദ്വാത്രിംശദ്വത്സരത്തിങ്കൽനിന്നു മുമ്പെ മൃതിപ്രദങ്ങളാ
യി ഭവിക്കുന്നു. യാവചില യോഗങ്ങൾ മദ്ധ്യമായുസ്സുകളായി
ഭവിക്കുന്നുവൊ അതുകൾ അബ്ദങ്ങളുടെ സപ്തതിയുടെ അന്ത
ർഭാഗത്തിങ്കൽ മൃതിപ്രദങ്ങളായി ഭവിക്കുന്നു. ദീർഘായുസ്സുകളാ
യിരിക്കുന്ന യോഗങ്ങൾ ശതത്തിന്റെ അന്തർഭാഗത്തിങ്കൽ മൃ
തിപ്രദങ്ങളായി ഭവിക്കുന്നു. ഈ മൂന്നു യോഗങ്ങൾ ദശാപെക്ഷാ
നപരങ്ങളായി ഭവിക്കുന്നു. അമിതായുസ്സായിരിക്കുന്ന യോഗ
ത്തിങ്കൽ ജാതനായിരിക്കുന്നവൻ ശതാധികസമകൾ മുഴുവൻ
ജീവിക്കും. അമിതായുസ്സായിരിക്കുന്ന യോഗങ്ങൾ ആയുർദ്ദായ
വിധിയെ അപെക്ഷിക്കുന്നില്ല.

സാരം — യോഗങ്ങൾ ആറു പ്രകാരമാകയാൽ യോഗായു
സ്സ് ആറു പ്രകാരമാകുന്നു. ആറു പ്രകാരമുള്ള യോഗങ്ങളെ ഇ
തിന്നു താഴെ വിവരിക്കുന്നു. സദ്യോരിഷ്ട യോഗങ്ങൾ അരി
ഷ്ടയോഗങ്ങൾ രിഷ്ടയോഗങ്ങൾ മദ്ധ്യമായുർയ്യോഗങ്ങൾ ദീർഘാ
യുർയ്യോഗങ്ങൾ അമിതായുർയ്യോഗങ്ങൾ ഇങ്ങിനെ ആറു പ്രകാ
രമാകുന്നു. യോഗങ്ങളെന്ന അറിഞ്ഞു കൊൾക.

മെൽ പറഞ്ഞ യോഗങ്ങളിൽ സദ്യോരിഷ്ടയോഗങ്ങൾ ഒരു
സംവത്സരം തികയുന്നതിന്റെ മുമ്പെയും അരിഷ്ടയോഗങ്ങൾ
പന്ത്രണ്ടു സംവത്സരം തികയുന്നതിന്റെ മുമ്പെയും മരണത്തെ
ഉണ്ടാക്കുന്നതുകളാകുന്നു. ഈ രണ്ടുവക യോഗങ്ങൾക്കു ദശയു
ടെ അപെക്ഷ ഇല്ലായ്കയാൽ ദശകൾകൊണ്ടു നൊക്കുമ്പൊൾ
മെൽ പറഞ്ഞ അവധികൾ കഴിഞ്ഞിട്ടു പിന്നെയും ആയുസ്സ
ഉണ്ടു എന്നു കണ്ടാലും അതിനെ വിശ്വസിക്കരുത. രിഷ്ടയോ
ഗങ്ങൾ മുപ്പത്തിരണ്ടു സംവത്സരത്തിന്നുള്ളിൽ മരണത്തെ ഉ
ണ്ടാക്കും. മദ്ധ്യമായുർയ്യോഗങ്ങൾ എഴുപതു സംവത്സരത്തിന്നുള്ളി
ൽ മരണത്തെ ഉണ്ടാക്കും. ദീർഘായുർയ്യോഗങ്ങൾ നൂറു സംവത്സ
രത്തിന്നുള്ളിൽ മരണത്തെ ഉണ്ടാക്കും.

മെൽ പറഞ്ഞ യോഗങ്ങൾ ദശാപെക്ഷയോടു കൂടിയതുകളാ
കയാൽ അതാതുകൾക്കു പറഞ്ഞ കാലത്തെ അനുസരിച്ചു ജീവിക്കെ

ന്നമെങ്കിൽ അതുവരെ ദശകൾ ദോഷത്തൊട കൂടാത്തതുകളായിരിക്കുകയും വെണം. ദശകൾക്ക ദോഷമുണ്ടായാൽ മുമ്പെതന്നെ മരിച്ചുപൊകയുമാം അമിതായുൎയ്യോഗത്തൊട കൂടിയവൻ നൂററിലധികം സംവത്സരം ജീവിക്കും ഇതിന്ന ദശാപെക്ഷ ഇല്ലെന്നറിഞ്ഞു കൊൾക.

൧൩. എതെയൊഗാസ്സുവിജ്ഞെയാസ്സാരാവല്യാദിശാസ്ത്രതഃ। ത്രിവിധാച്ചെപുനസ്സ്യാദായുൎദ്ദീൎഘമദ്ധ്യാല്പതാവശാൽ ॥

അന്വയാൎത്ഥം — ഏതെ യൊഗങ്ങൾ സാരാവല്യാദിശാസ്ത്രങ്ങളിൽ നിന്ന വിജ്ഞെയങ്ങളായി ഭവിക്കുന്നു. ആയുസ്സാകട്ടെ പിന്നെ ദീൎഘമദ്ധ്യാല്പതാവശം ഹെതുവായിട്ട ത്രിവിധമായി ഭവിക്കുന്നു.

സാരം — മെൽ പറകപ്പെട്ട യൊഗങ്ങൾ സാരാവലി മുതലായ ഗ്രന്ഥങ്ങളിൽ നിന്ന അറികപ്പെടുവാൻ യൊഗ്യങ്ങളാകുന്നു. യൊഗങ്ങൾ ആറ വിധമാകയാൽ ആയുസ്സും ആറു വിധമാകുന്നു എന്ന മുമ്പെ പറഞ്ഞുവെല്ലൊ ഇനി അതിനെ തന്നെ മൂന്ന പ്രകാരമെന്ന ഗ്രഹിക്കെണം. ദീൎഘായുസ്സ മദ്ധ്യമായുസ്സ അല്പമായുസ്സ ഇങ്ങിനെ ആയുസ്സ മൂന്നു പ്രകാരമാകുന്നു.

൧൪. ലഗ്നജന്മപയൊശ്ശത്രുനിജാഷ്ടമപതീയദി । സമൌവായദിവാബന്ധൂസ്വല്പമദ്ധ്യചിരായുഷഃ ॥

അന്വയാൎത്ഥം — ലഗ്നജന്മപന്മാൎക്കു നിജാഷ്ടമപതികൾ ശത്രുക്കളാകുന്നു എങ്കിലും സമന്മാരാകുന്നു എങ്കിലും ബന്ധുക്കളാകുന്നു എങ്കിലും സ്വല്പമദ്ധ്യചിരായുസ്സുകളായി ഭവിക്കും.

സാരം — ലഗ്നാധിപന്ന ലഗ്നാൽ അഷ്ടമാധിപനും ചന്ദ്രരാശ്യധിപന്ന ചന്ദ്രാൽ അഷ്ടമാധിപനും ശത്രുക്കളാകുന്നു എങ്കിൽ അല്പായുസ്സായിട്ടും ബന്ധുക്കളാകുന്നു എങ്കിൽ ദീൎഘായുസ്സായിട്ടും സമന്മാരാകുന്നു എങ്കിൽ മദ്ധ്യായുസ്സായിട്ടും ഭവിക്കും. ഗ്രഹങ്ങളുടെ അന്യൊന്യമുള്ള ശത്രുത്വത്തെയും ബന്ധുതയെയും സമത്വത്തെയും സത്യൊക്തസുഹൃദ ഇത്യാദി ഹൊരാവാക്യം കൊണ്ടൊ ശത്രുമന്ദസിതൌ ഇത്യാദി ജാതകാദെശശ്ലോകം കൊണ്ടൊ അറിവാൻ കഴിയുന്നതാകയാൽ അതിനെ ഇവിടെ വിവരിക്കുന്നില്ല.

൧൫. ചന്ദ്രാംശെശസ്യതൽഭ്രഷ്ടാനവാംശെശൊഥവാരവെഃ । ലഗ്നെശൊവാപിയദ്യെവംസ്വല്പമദ്ധ്യചിരായുഷഃ ॥

അന്വയാൎത്ഥം — ചന്ദ്രാംശെശന്നുതൽ ഭ്രഷ്ടാനവാംശെശനൊ രവിക്കു ലഗ്നെശനൊ ഇപ്രകാരമാകുന്നു എങ്കിൽ സ്വല്പ

മധ്യ, ചിരായുസ്സുകളായി ഭവിക്കും.

സാരം—— ചന്ദ്രനവാംശക രാശിയുടെ അധിപന്ന അതിന്റെ അറുപത്തുനാലാമത്തെ നവാംശകത്തിന്റെ അധിപൻ ശത്രുവായാൽ അല്പായുസ്സായിട്ടും ബന്ധുവായാൽ ദീൎഘായുസ്സായിട്ടും സമനായാൽ മധ്യമായുസ്സായിട്ടും ഭവിക്കും. അതുപ്രകാരം ലഗ്നാധിപൻ ശത്രുവായാൽ അല്പായുസ്സായിട്ടും ബന്ധുവായാൽ ദീൎഘായുസ്സായിട്ടും സമനായാൽ മധ്യമായുസ്സായിട്ടും ഭവിക്കും.

൩൨. അഥ കേചല്ലിഖ്യന്തേത്രായുൎദൈൎഘ്യകരാ ഗുണാഃ। ബലവത്വം വിലഗ്നേന്ദ്വോഃ ശുഭയോഗശ്ശുഭേക്ഷണം॥

൩൩. കേന്ദ്രത്രികോണരന്ധ്രാൎത്ഥേഷ്വപനയോഃ ശുഭസംസ്ഥിതിഃ। ത്രിഷഡായേഷ്വസല്പാസോവിശേഷേണ ഗുരുശ്രയഃ॥

൩൪. ഗുരുചന്ദ്രമസോൎയ്യോഗഃ കേന്ദ്രേലഗ്നപതേസ്ഥിതിഃ। ജന്മേശസംസ്ഥിതിശ്ചാത്രബലവത്വം തയോഃ ദ്വയോഃ॥

൩൫. അനയോരായസംസ്ഥാനമായുൎദൈൎഘ്യകരാ ഗുണാഃ। ആയുഷൊല്പത്വദാദോഷാവിലിഖ്യന്തേഥ കേചന॥

അന്വയാൎത്ഥം—— അനന്തരം ഇവിടെ ആയുൎദൈൎഘ്യകരങ്ങളായിരിക്കുന്ന ചില ഗുണങ്ങളും ലേഖനം ചെയ്യപ്പെടുന്നു. വിലഗ്നേന്ദുക്കൾക്കു ബലവത്വവും ശുഭയോഗവും ശുഭേക്ഷണവും ഇവരുകളുടെ കേന്ദ്രത്രികോണരന്ധ്രാൎത്ഥങ്ങളിൽ ശുഭസംസ്ഥിതിയും ത്രിഷഡായങ്ങളിൽ അസല്പാസവും വിശേഷത്തൊടുകൂടെ ഗുരുശ്രയവും ഗുരുചന്ദ്രമസ്സുകളുടെ യോഗവും കേന്ദ്രത്തിങ്കൽ ലഗ്നപതിയുടെ സ്ഥിതിയും ഇതിങ്കൽ ജന്മേശസംസ്ഥിതിയും ആ ഇരിവൎക്കും ബലത്വവും ഇവരുടെ ആയസംസ്ഥാനവും ആയുൎദൈൎഘ്യകരങ്ങളായിരിക്കുന്ന ഗുണങ്ങളായി ഭവിക്കുന്നു. അനന്തരം ആയുസ്സിന്റെ അല്പത്വമങ്ങളായിരിക്കുന്ന ചില ദോഷങ്ങളും ലേഖനം ചെയ്യപ്പെടുന്നു.

സാരം——ഇനി ആയുസ്സിന്റെ ദീൎഘതയെ സൂചിപ്പിക്കുന്നതുകളായ ചില ഗുണങ്ങളെ പറയുന്നു. ലഗ്നത്തിന്നും ചന്ദ്രന്നും ബലമുണ്ടായിരിക്കുകയും രണ്ടേടത്തും ശുഭയോഗശുഭദൃഷ്ടികൾ ഉണ്ടായിരിക്കുകയും ലഗ്നരാശിയുടെയും ചന്ദ്രരാശിയുടെയും കേന്ദ്രങ്ങളിലും അഞ്ചൊമ്പതാമെടങ്ങളിലും അഷ്ടമത്തിങ്കലും രണ്ടാമെടത്തും ശുഭന്മാർ നില്ക്കുകയും മൂന്നാമെടത്തും ആറാമെടത്തും പതിനൊന്നാമെടത്തും പാപന്മാർ നില്ക്കുകയും ഗുരുചന്ദ്രന്മാർ തമ്മിൽകൂടുകയും ലഗ്നാധിപൻ ലഗ്നകേന്ദ്രത്തിങ്കൽ നില്ക്കുകയും ചന്ദ്രരാശ്യധിപൻ അതിന്റെ കേന്ദ്രത്തിങ്കൽ നില്ക്കുകയും ല

ഗ്നാധിപചന്ദ്രരാശ്യധിപന്മാരും ബലമുണ്ടായിരിക്കയും അവ
ർ പതിനൊന്നാമെടത്തു നില്ക്കയും ആയുസ്സിന്നു ദീൎഘതയെ ഉ
ണ്ടാക്കുന്ന ഗുണങ്ങളാകുന്നു- ലഗ്നത്തിങ്കൽ ബൃഹസ്പതിയുടെ
സ്ഥിതി വിശേഷിച്ചും ഗുണമാകുന്നു- ഇനി ആയുസ്സിന്റെ അ
ല്പതയെ സൂചിപ്പിക്കുന്നതുകളായ ചില ദോഷങ്ങളെ പറയുന്നു-

൬൬. ബലഹാനിൎവ്വിലഗ്നേന്ദ്വോഃ പാപദൃഷ്ടിസമന്വയൌ ।
ലഗ്നേശചന്ദ്രരാശ്യേശയോൎദ്ദൗൎബ്ബല്യം സ്ഥിതിശ്ചാരിവ്യയാഷ്ടമേ ॥

൬൭. അനയോരപിദൌൎബ്ബല്യം പരിവേഷോപരാഗയോഃ സ
ന്ധ്യായാം ദിക്പ്രദാഹാദിദുൎന്നിമിത്തേക്ഷ്വപ്യജനിഃ ॥

൬൮. രാശീനാം മൃത്യുഭാഗേഷു സന്ധിഷ്വപി ച ധാന്യജനിഃ । പീ
നം ധനം ഖരഃ ക്രൂരോ മന്ദ്രം രന്ധ്രം വനം ശിരോ ॥

൬൯. ദിവ്യനാഡീപരാ നിത്യാ മൃത്യുഭാഗാഭജാദിഷു । മൃത്യുഭാഗ
സ്ഥചന്ദ്രസ്യ സ്ഥിതിഃ കേന്ദ്രേഷ്വഥാഷ്ടമേ ॥

൭൦. കേന്ദ്രായുൎമ്മൃതഭാഗസ്ഥവിധ്വോശ്ചാസത്സമന്വയഃ । ച
ന്ദ്രാരക്ഷ്മാജയോൎമ്മിത്രേ ദ്വിരാശ്യം ചിരംഭയം ॥

൭൧. ഗോപമാത്രോ മനോരമ്യം മൃത്യുഭാഗാവിധോരജാത് । ഗ്രഹ
ദൃഷ്ടസ്യ ചന്ദ്രസ്യ സ്ഥിതിരഷ്ടമക്ഷേഷ്വയോഃ ॥

൭൨. ശുഭാനാം വക്രിഭിഃ പാപൈൎദ്ദൃഷ്ടാനാം ത്രസംസ്ഥിതിഃ ।
കേന്ദ്രത്രികോണരന്ധ്രേഷു തഥൈവാശുഭസംസ്ഥിതിഃ ॥

൭൩. ആയുരല്പായ ദോഷാ ഹേതി കേചിത്പ്രകീൎത്തിതാഃ । ദീ
ൎഘായുഷോ ഗുണേഷ്വസ്യ സ്സദോഷേ ഷ്വനായുഷഃ ॥

അന്വയാൎത്ഥം——വിലഗ്നേന്ദുക്കളുടെ ബലഹാനിയും പാപ
ദൃഷ്ടിസമന്വയങ്ങളും ലഗ്നചന്ദ്രേശന്മാരുടെ ദൌൎബ്ബല്യവും അരി
വ്യയാഷ്ടമത്തിങ്കൽ സ്ഥിതിയും ഇവരുടെ ദൌൎബ്ബല്യവും പരി
വേഷോപരാഗങ്ങളും നടക്കുമ്പോഴിരിക്കും വിഷയത്തിങ്കലൊ
സന്ധ്യയിങ്കലൊ ദിക്പ്രദാഹാദി ദുൎന്നിമിത്തങ്ങളും സത്തുകളാ
യിക്കും വിഷയത്തിങ്കലൊ ഉള്ള ജനിയും രാശികളുടെ മൃതഭാഗ
ങ്ങളിലും അപ്രകാരം സന്ധികളിലുമുള്ള ജനിയും ദോഷങ്ങളാകു
ന്നു പീനമെന്നും ധനമെന്നും ക്രൂരമെന്നും മന്ദ്രമെന്നും രന്ധ്ര
മെന്നും വനമെന്നും ശിരോ എന്നും ദിവ്യ എന്നും നാഡീ എന്നും
പരാ എന്നും നിത്യമെന്നും ഉള്ളതു അജാദികളിലെ മൃത്യുഭാഗങ്ങ
ളാകുന്നു- മൃത്യുഭാഗസ്ഥചന്ദ്രന്റെ കേന്ദ്രങ്ങളിലൊ അഷ്ടമത്തിങ്ക
ലൊ ഉള്ള സ്ഥിതിയും കേന്ദ്രായു മൃത്യുഭാഗസ്ഥവിധുവിന്റെ അ
സത്സമന്വയവും ദോഷമാകുന്നു- ചന്ദ്ര എന്നും ആര എന്നും ക്ഷ്മാ
ജ എന്നും മിത്രേ എന്നും ദ്വി എന്നും രാശ്യമെന്നും ചിരമെന്നും ഭ

യമെന്നും ഗൊവ എന്നും മാത്ര എന്നും മനഃഎന്നും രന്ധ്രമെന്നും ഉള്ളത അജങ്ങളിംകൽ നിന്നുതുടങ്ങി വിധുവിന്റെ മൃത്യുഭാഗങ്ങളാകുന്നു ഗ്രഹദൃഷ്ടനായിരിക്കുന്ന ചന്ദ്രന്റെ അഷ്ടമസ്ഥാനങ്ങളിലുള്ളസ്ഥിതിയും ഇതുകളിൽ വക്രികളായിരിക്കുന്ന പാപന്മാരാൽ ദൃഷ്ടന്മാരായിരിക്കുന്ന ശുഭന്മാരുടെ സംസ്ഥിതിയും അപ്രകാരംതന്നെ കെന്ദ്രത്രികൊണരന്ധ്രങ്ങളിൽ അശുഭസംസ്ഥിതിയും ദൊഷങ്ങളാകുന്നു- ഇപ്രകാരം ശ്രുത്യരപ്രതിപാദങ്ങളായിരിക്കുന്ന ചിലദൊഷങ്ങൾ പ്രതിപാദിതങ്ങളായി ഗുണങ്ങൾ സത്തുകളായിരിക്കും വിഷയത്തിംകൽ ദീർഘായുസ്സുകളായി ഭവിക്കും- ദൊഷങ്ങൾ സത്തുകളായിരിക്കും വിഷയത്തിംകൽ അനായുസ്സുകളായി ഭവിക്കും-

സാരം:—— ലഗ്നത്തിന്നും ചന്ദ്രന്നും ബലഹീനതയും പാപദൃഷ്ടിയൊഗങ്ങൾ ഉണ്ടാകയും ലഗ്നാധിപന്നും ചന്ദ്രരാശ്യധിപന്നും മൌഢ്യമുണ്ടാകയും അവർ ആറാമെടത്തൊ പന്ത്രണ്ടാമെടത്തൊ അഷ്ടമത്തിംകലൊ നിൽക്കുകയും ദുർബ്ബലന്മാരാകയും പരിവെഷമൊ ഗ്രഹണമൊ ഉള്ളപ്പൊൾ ജനിക്കുകയും സന്ധ്യാസമയത്തിംകൽ ജനിക്കുകയും ഉൽപാതം മുതലായ ദുർന്നിമിത്തങ്ങളുള്ളപ്പൊൾ ജനിക്കുകയും മെഷാദിരാശികളുടെ മൃത്യുഭാഗങ്ങളിലൊ സന്ധികളിലൊ ജനിക്കുകയും ദൊഷമാകുന്നു ഇനിമെഷാദിരാശികളുടെ മൃത്യുഭാഗങ്ങളെ വിവരിക്കുന്നു- മെടത്തിന്റെ ഒന്നാമത്തെ തിയ്യതിയും ഇടവത്തിന്റെ ഒമ്പതാമത്തെ തിയ്യതിയും മിഥുനത്തിന്റെ ഇരിപത്തിരണ്ടാമത്തെ തിയ്യതിയും കൎക്കിടകത്തിന്റെ ഇരിപത്തിരണ്ടാമത്തെ തിയ്യതിയും ചിങ്ങത്തിന്റെ ഇരിപത്തിരണ്ടാമത്തെ തിയ്യതിയും കന്നിയുടെ രണ്ടാമത്തെ തിയ്യതിയും തുലാത്തിന്റെ നാലാമത്തെ തിയ്യതിയും വൃശ്ചികത്തിന്റെ ഇരിപത്തിമൂന്നാമത്തെ തിയ്യതിയും ധനുവിന്റെ പതിനെട്ടാമത്തെ തിയ്യതിയും മകരത്തിന്റെ ഇരിപതാമത്തെ തിയ്യതിയും കുംഭത്തിന്റെ ഇരിപത്തുനാലാമത്തെ തിയ്യതിയും മീനത്തിന്റെ പത്താമത്തെ തിയ്യതിയും മൃത്യുഭാഗങ്ങളാകുന്നു- മൃത്യുഭാഗത്തിങ്കൽ നിൽക്കുന്ന ചന്ദ്രന്റെസ്ഥിതി കെന്ദ്രത്തിംകലൊ അഷ്ടമത്തിംകലൊ ആയിവരികയും കെന്ദ്രാഷ്ടമങ്ങളിലൊ മൃത്യുഭാഗത്തിംകലൊ നിൽക്കുന്ന ചന്ദ്രന്ന പാപയൊഗമുണ്ടാകയും ദൊഷമാകുന്നു- മെടത്തിൽ ഇരിപത്താറാമത്തെ തിയ്യതിയും ഇടവത്തിൽ പന്ത്രണ്ടാമെടത്തെ തിയ്യതിയും മിഥുനത്തിൽ പതിമൂന്നാമത്തെ തിയ്യതിയും കൎക്കിടകത്തിൽ ഇരിപത്തഞ്ചാമത്തെ തിയ്യതിയും ചിങ്ങ

ത്തിൽ ഇരിപത്തിനാലാമത്തെ തിഥിയും കന്നിയിൽ പതിനൊന്നാമത്തെ തിഥിയും തുലാത്തിൽ ഇരിപത്താറാമത്തെ തിഥിയും വൃശ്ചികത്തിൽ ഇരിപത്തിനാലാമത്തെ തിഥിയും ധനുവിൽ പതിമൂന്നാമത്തെ തിഥിയും മകരത്തിൽ ഇരിപത്തഞ്ചാമത്തെ തിഥിയും കുംഭത്തിൽ അഞ്ചാമത്തെ തിഥിയും മീനത്തിൽപന്ത്രണ്ടാമത്തെ തിഥിയും ചന്ദ്രന്നു മൃത്യുഭാഗങ്ങളാകുന്നു. സൂൎയ്യാദിഗ്രഹങ്ങളിൽവെച്ചു ഒരു ഗ്രഹത്തിന്റെ ദൃഷ്ടിയൊടുകൂടിയ ചന്ദ്രൻ എട്ടാമെടത്തൊ ആറാമെടത്തൊ നിൽക്കുകയും അവിടെ വക്രഗതിയുള്ള പാപന്മാരുടെ ദൃഷ്ടിയൊടുകൂടിയ ശുഭഗ്രഹങ്ങൾ നിൽക്കുകയും കെന്ദ്രരാശിയിലും അഞ്ചൊമ്പതാമെടങ്ങളിലും അഷ്ടമത്തിങ്കലും പാപന്മാർ നിൽക്കുകയും ദൊഷമാകുന്നു. ഇങ്ങിനെ ആയുസ്സിന്റെ അല്പതയെ സൂചിപ്പിക്കുന്നതുകളായ ചില ദൊഷങ്ങൾ ഇവിടെ പറകപ്പെട്ടു. മെൽപറകപ്പെട്ട ഗുണങ്ങൾ തന്നെ ഉണ്ടായിരുന്നാൽ ദീൎഘായുസ്സുകളായി ഭവിക്കും. ഇവിടെ പറകപ്പെട്ടദൊഷങ്ങൾ തന്നെ ഉണ്ടായിരുന്നാൽ അല്പായുസ്സുകളായിഭവിക്കും.

൭൪. കല്പ്യമായുൎവ്വിമിശ്രേഷ്വതെഷാമല്പാധികതപതഃ ॥

അന്വയാൎത്ഥം—ഗുണങ്ങളും, ദൊഷങ്ങളും മിശ്രങ്ങളായി സത്തുകളായിരിക്കും വിഷയത്തിങ്കൽ അതുകളുടെ അല്പാധികതകളെ അനുസരിച്ചിട്ട ആയുസ്സ കല്പ്യമായി ഭവിക്കുന്നു.

സാരം— ഗുണദൊഷങ്ങൾസംമിശ്രങ്ങളായിരുന്നാൽ അതുകളിൽ വെച്ചു ഗുണങ്ങൾ അല്പങ്ങളാകുന്നു എങ്കിൽ ആയുസ്സ അല്പമായിട്ടും ദൊഷങ്ങൾ അല്പങ്ങളാകുന്നു എങ്കിൽ അധികമായിട്ടും നിശ്ചയിക്കെണം.

൭൫. എവംപ്രശ്നവശാച്ചജാതകവശാൽ ഹൃതപായുഷൊനിൎണ്ണയം നിൎണ്ണീതെമരണെന്നൃ രൊഗസമയെൎവ്വാച്യാവദ്ഘൊരരൊഗിണാം । നിൎണ്ണീതംയദിജീവിതന്തുശമനാരംഭാദികംവാതജ്ഞാംസന്നിശംയദിതദ്വയംതദ്ഉചിതംബ്രൂയാൽസുധീല്ലക്ഷണം ॥

അന്വയാൎത്ഥം— ഇപ്രകാരം പ്രശ്നവശം ഹെതുവായിട്ടുംജാതകവശം ഹെതുവായിട്ടും ആയുസ്സിന്റെ നിൎണ്ണയത്തെ ചെയ്തിട്ട മരണം നിൎണ്ണീതമായിരിക്കും വിഷയത്തികൽ ഇതിന്റെ രൊഗസമയങ്ങൾവാച്യങ്ങളായിഭവിക്കുന്നു. രൊഗികളുടെജീവിതം തന്നെനിൎണ്ണീതമായി എങ്കിൽ രുക്കുകളുടെശമനാരംഭാദികവുംവാച്യമായി ഭവിക്കുന്നു. തദ്വയം സന്നിശ്ചമാകുന്നു എങ്കിൽ സുധീയായിരിക്കുന്നവൻ തദുചിതമാകുംവണ്ണം ലക്ഷണത്തെ പ

റയെണം-

സാരം — മെൽ പറഞ്ഞ പ്രകാരം പ്രശ്നം കൊണ്ടും. ജാതകം കൊണ്ടും ആയുൎവിചാരത്തെ ചെയ്തിട്ടു രണ്ടുകൊണ്ടും മരണമടുത്തു എന്നുകണ്ടാൽ മരണഹെതുവായിരിക്കുന്ന രൊഗത്തെയും മരണസമയത്തെയും പറയെണം- പൃച്ഛകൻ രൊഗിയായിരിക്കുംപൊൾ അവൻ ജീവിക്കുമെന്നുള്ള നിശ്ചയമുണ്ടായാൽ രൊഗാരംഭം ഇന്നസമയത്തിങ്കൽ എന്നും രൊഗശമനം ഇന്നസമയത്തിങ്കൽ എന്നും തുടങ്ങിയുള്ളതിനെ പറയെണം. മരണവും ജീവനവും സംശയത്തിൽ പെട്ടാൽ ബുദ്ധിമാനായിരിക്കുന്ന ദൈവജ്ഞൻ അപ്രകാരമുള്ള സംശയത്തിന്ന ഉചിതമാകും വണ്ണം പറയെണം- എങ്ങിനെ എന്നാൽ ഇഷ്ടാനിഷ്ടലക്ഷണങ്ങൾക്കു സാമ്യമുണ്ടാകയാൽ അരിഷ്ടപരിഹാരത്തിന്നായിക്കൊണ്ടു മതിയായി വരുന്ന സൽകൎമ്മങ്ങൾകൊണ്ടു ജീവിക്കുമെന്നു പറയെണം എന്ന ഗ്രഹിച്ചുകൊൾക-

(വാ) എരജ്ജാതകവശാദായുൎന്നിരൂപണം-

അന്വയാൎത്ഥം — ഇത ജാതകവശത്തെ ആശ്രയിച്ചിട്ടുള്ള ആയുൎന്നിരൂപണമായി ഭവിക്കുന്നു-

സാരം — മെൽ പറയപ്പെട്ട വചനങ്ങൾ ജാതകം കൊണ്ടുള്ള ആയുൎവിചാരത്തിങ്കൽ ഉപയൊഗിക്കുന്നതുകളാകുന്നു-

ഇതി നവമൊദ്ധ്യായഃ

## ദശമാദ്ധ്യായപ്രാരംഭഃ

(വാ) അഥമരണകാലശ്ചിന്ത്യതെ ॥

അന്വയാൎത്ഥം — അനന്തരം മരണകാലം ചിന്തിക്കപ്പെടുന്നു-

സാരം — ഇനി മരണകാലത്തെ നിശ്ചയിപ്പാനുള്ള പ്രമാണത്തെ കാണിക്കുന്നു-

൧. പ്രശ്നെനാപിചജാതകെനചമൃതെശ്ചിന്ത്യംഹികാലാദികം തത്രപ്രാക്സമയൊഗലഗ്നജന്മഷ്ടാമെശശ്ചസംചിന്ത്യതെ। കാൎയ്യംകാലവിചിന്തനംഖലുമൃതെൎയ്യൊഗൈൎദ്ദശാന്തൎദ്ദശാമന്ദാചാ
രവൃ •

ഷ്ടമിനേശശീതകിരണസ്ഥാനൈൎവ്വിലഗ്നേന വാ ||

അന്വയാൎത്ഥം — മൃതിയുടെ കാലാദികം പ്രശ്നംകൊണ്ടും ജാതകംകൊണ്ടും ചിന്ത്യമായി ഭവിക്കുന്നു- അതുകളിൽവെച്ചു മുമ്പെ സമയവും ഗദവും ദേശവും ജനുസ്സുകൊണ്ടു സഞ്ചിന്തിക്കപ്പെടുന്നു- മൃതിയുടെ കാലവിചിന്തനം യോഗങ്ങൾകൊണ്ടും ദശാന്തൎദ്ദശാമന്ദാചാൎയ്യാഷ്ടമിനേശ ശീതകിരണ സ്ഥാനങ്ങൾകൊണ്ടും വിലഗ്നംകൊണ്ടും കാൎയ്യമായി ഭവിക്കുന്നു-

സാരം —— മരണകാലത്തെയും മരണത്തിന്നു ഹേതുവായ രോഗം മുതലായതിനെയും പ്രശ്നജാതകങ്ങൾകൊണ്ടു വിചാരിക്കേണം- അതുകളിൽവെച്ചു ജാതകംകൊണ്ടു മരണസമയത്തെയും മരണത്തിന്നു ഹേതുവായ രോഗത്തെയും മരണദേശത്തെയും മുമ്പെ വിചാരിക്കുന്നു- സദ്യോരിഷ്ടാദി യോഗങ്ങൾ കാലചക്രദശാ നക്ഷത്രദശാ ഇത്യാദികളായ ദശകൾ അപഹാരങ്ങൾ ശനിയുടെയും ബൃഹസ്പതിയുടെയും സൂൎയ്യചന്ദ്രന്മാരുടെയും സ്ഥിതി,ലഗ്നരാശി- ഇതുകൾ മരണകാലാദി വിചാരസാധനങ്ങളാകുന്നു-

൨. യോഗേഷ്വസത്സുയോഗോക്തവത്സരാന്തെമൃതിൎഭവേൽ ।
ദശാപേക്ഷാന്വിതെയോഗെ തത്സംവാദൊവിചിന്ത്യതാം ॥

അന്വയാൎത്ഥം —— യോഗങ്ങൾ സത്തുകളായിരിക്കും വിഷയത്തിങ്കൽ യോഗോക്തവത്സരാന്തത്തിങ്കൽ മൃതി ഭവിക്കും- ദശാപേക്ഷാന്വിതമായിരിക്കുന്ന യോഗം സത്തായിരിക്കുംവിഷയത്തിങ്കൽ തത്സംവാദം വിചിന്തിക്കപ്പെടേണം-

സാരം —— ആയുസ്സിനെ പറയുന്നതുകളായ യോഗങ്ങൾ ഉണ്ടു എങ്കിൽ അതിന്നു പറയപ്പെട്ട സംവത്സരം തികഞ്ഞാൽ മരിക്കുമെന്നറിയേണം- യോഗത്തിന്നു ദശാപേക്ഷ കൂടെ ഉണ്ടെങ്കിൽ ദശാഫലങ്ങൾക്കു സാമ്യമുണ്ടോ ഇല്ലയൊ എന്നതിനെ പരീക്ഷിച്ചറിഞ്ഞു അതിനെ അനുസരിച്ചു നിശ്ചയിക്കേണം-

൩. ദശാപഹാരചാരേഷുഗ്രഹാണാംദോഷദായിഷു । മരണന്നിൎദ്ദിശെന്നൄണാംയോഗാഭാവെത്വയംവിധിഃ ॥

അന്വയാൎത്ഥം —— ദോഷദായികളായിരിക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരചാരങ്ങളിൽ നൃക്കളുടെ മരണത്തെ നിൎദ്ദേശിക്കേണം- യോഗാഭാവം സത്തായിരിക്കും വിഷയത്തിങ്കൽ ഇതുകട്ടെ ഒരു വിധികാൎയ്യമായി ഭവിക്കുന്നു-

സാരം —— യോഗങ്ങൾ ഇല്ല എങ്കിൽ ദശയും അന്തൎദ്ദശയും ചാരവും കൂടി ദോഷത്തെ കൊടുക്കുന്നതുകളായി വരുമ്പോൾ മ

രണത്തെ പറഞ്ഞുകൊൾക-

(വാ) അഥാതൊഷ്ടാദശാപഹാരംഉച്യന്തെ ॥

അന്വയാൎത്ഥം — അനന്തരം ദൊഷ്ടങ്ങളായിരിക്കുന്ന ദശാപഹാരങ്ങൾ വചിക്കപ്പെടുന്നു-

സാരം — ഇനി മൃത്യുരൊഗാദ്യനിഷ്ടഫലത്തെ അനുഭവിപ്പിക്കുന്നവകളായ ദശകളുടെയും അന്തൎദ്ദശകളുടെയും സ്വരൂപത്തെ വിവരിക്കുന്നു-

൯. ലഗ്നാദഥവാപിജന്മതൊമൃതിപതിർമൃത്യുസ്ഥദൃഷ്ടീക്ഷകൌ മന്ദഃക്രൂരദ്രേക്കാണപൊഗുളികപസ്തദ്ദൃക്കരാശ്യംശപാഃ രാഹുൎയ്യൊ ഷ്യസ്സൎവ്വബലൊജ്ഝിതൊയൊഭാവെനിഷ്ടസ്ഥിതഃ പാപാലൊകിതസംയുതൊസ്യഹിദശാചാന്തൎദ്ദശാമൃത്യുദാ ॥

അന്വയാൎത്ഥം — ലഗ്നത്തിങ്കൽ നിന്നൊ ജന്മത്തിങ്കൽനിന്നൊ മൃതിപതിയും, മൃത്യുസ്ഥദൃഷ്ടീക്ഷകന്മാരും മന്ദനും ക്രൂരദ്രേക്കാണപനും ഗുളികപനും തദ്ദൃക്കരാശ്യംശപന്മാരും രാഹുവും ഇങ്ങിനെ ഉള്ളവരിൽവെച്ച യാവനൊരുത്തൻ സൎവ്വബലജ്ഝിതനായി പാപാലൊകിതസംയുതനായിട്ട ജന്മസ്ഥിതിങ്കൽ അനിഷ്ടമായിരിക്കുന്ന ഭാവത്തിങ്കൽ സ്ഥിതനായി ഭവിക്കുന്നുവൊ അവന്റെ ദശയൊ അന്തൎദ്ദശയൊ മൃത്യുദമായി ഭവിക്കും-

സാരം — ജനനരാശിയുടെ അഷ്ടമാധിപതി ജനനകാലത്തിങ്കൽ ചന്ദ്രനാൽ ആശ്രയിക്കപ്പെട്ട രാശിയുടെ അഷ്ടമാധിപതി രണ്ടിന്റെയും അഷ്ടമത്തിങ്കൽ നില്ക്കുന്നവൻ രണ്ടിന്റെയും അഷ്ടമത്തിങ്കൽ ദൃഷ്ടിയൊടു കൂടിയവൻ ശനി ലഗ്നദ്രെക്കാണത്തിന്റെ ഇരിപത്തിരണ്ടാംദ്രെക്കാണാധിപൻ ഗുളികഭവനാധിപൻ ലഗ്നാഷ്ടമാധിപൻ തുടങ്ങി ഉള്ളവർ നില്ക്കുന്നരാശിയുടെ അധിപന്മാർ അവരുടെ നവാംശകരാശികളുടെ അധിപന്മാർ ഇങ്ങിനെ ഉള്ള ഇവരിൽവെച്ച യാവനൊരുത്തൻ ഏററവും ബലഹീനനായിട്ടും പാപദൃഷ്ടിയൊടും പാപയൊഗത്തൊടും കൂടിയവനായിട്ടും ജനനകാലത്തിങ്കൽ അനിഷ്ടഭാവത്തിങ്കൽ നിന്നിരിക്കുന്നുവൊ അവന്റെ ദശാകാലത്തിങ്കലൊ അപഹാരകാലത്തിങ്കലൊ മരിക്കുമെന്നറിക-

൰. പാപാനാം ചതുശ്ശായാമഹ്നിരസതാംചിന്തനീയൊത്രമൃത്യുൎദ്ദൊമാസഖേടശരണാനാമപിനിജജനിഭാദ്ദ്വാദശെ പാപകാലഃ । ചിത്ര്യാദീനാംദശാനാംയുഗപദവസിതിസ്ത്വത്രകാലസ്സകഷ്ട സ്സ്യാസാം വാദശാനാമവസിതിരശുഭാ മൊക്ഷദാനാംവിംശഷ്ടാൽ ।

അന്വയാർത്ഥം — പാപന്മാരുടെ ദശയിങ്കൽ അസത്തുകളുടെ അപഹാരം ഭവിക്കുന്നു എങ്കിൽ ഇവിടെ മൃത്യു ചിന്തനീയമായി ഭവിക്കുന്നു. നിജജന്മനക്ഷത്രത്തിങ്കൽനിന്ന ഗോമാസക്ഷേശപരന്മാരുടെ പാകകാലവും ദോഷമമായി ഭവിക്കുന്നു. മൃത്യ്വാദികളായിരിക്കുന്ന ദശകളുടെ ഒരുമിച്ചിട്ടുള്ള അവസിതിയാതൊന്നിങ്കൽ ഭവിക്കുന്നുവൊ അക്കാലം കഷ്ടമായി ഭവിക്കുന്നു. സൽഫലകളായിരിക്കുന്ന ദശകളുടെയും അവസിതി അശുഭയായിഭവിക്കുന്നു. ദോഷദകളായിരിക്കുന്ന ദശകളുടെ അവസിതി വിശേഷിച്ചും അശുഭയായി ഭവിക്കുന്നു.

സാരം — പാപന്മാരുടെ ദശയിങ്കൽ പാപന്മാരുടെ അപഹാരം വരുമ്പോഴും മൂന്നഞ്ചേഴാം നക്ഷത്രങ്ങളുടെ അധിപന്മാരുടെ ദശയിങ്കലും രണ്ടു മൂന്ന തുടങ്ങിയിട്ടുള്ള ദശകളുടെ അവസാനം ഒരുമിച്ചു വരുമ്പോഴും മരണത്തെ വിചാരിക്കേണം. എല്ലാദശകളുടെയും അവസാനകാലങ്ങളിൽ അരുത എന്നില്ല. ദുഷ്ടദശയുടെ അവസാനത്തിങ്കൽ വിശേഷിച്ചു മാമെന്നറിഞ്ഞുകൊൾക.

൩. ദോഷോരന്ധ്രാധിപതാപാദിജാതസ്സ്വദശാസമഃ। ദശാസ്വുഡുഭവാസ്വേവഗോമാസക്ഷ്മാധിപത്യജഃ॥

അന്വയാർത്ഥം — രന്ധ്രാധിപതാപാദി ജാതമായിരിക്കുന്ന ദോഷം സ്വദശാസമമായി ഭവിക്കുന്നു. ഗോമാസക്ഷ്മാധിപത്യജമായിരിക്കുന്ന ദോഷം ഉഡുഭവകളായിരിക്കുന്ന ദശകളിൽ തന്നെ ഭവിക്കുന്നു.

സാരം — ദശാനാഥന്റെ അഷ്ടമാധിപത്യം മുതലായതുകൊണ്ടുള്ള ദോഷം എല്ലാദശകൾക്കും തുല്യമാകുന്നു. മൂന്നഞ്ചേഴാം നാളുകളുടെ ആധിപത്യം ഹേതുവായിട്ടുള്ള ദോഷം നക്ഷത്രദശകൾക്കല്ലാതെ മറ്റുള്ള ദശകൾക്ക ഭവിക്കുന്നില്ല.

൪. ദശാനീചസ്ഥമൂഢാനാംനിയമേനമൃതിപ്രദാ। കാലചക്രദശായാന്തുവിശേഷോപിനിഗദ്യതെ॥

അന്വയാർത്ഥം — നീചസ്ഥമൂഢന്മാരുടെ ദശാനിയമത്തൊടുകൂടെ മൃതിപ്രദയായി ഭവിക്കുന്നു. അനന്തരം കാലചക്രദശയുടെ വിശേഷമാകട്ടെ നിഗദിക്കപ്പെടുന്നു.

സാരം — നീചരാശിയിൽ നിൽക്കുന്ന ഗ്രഹത്തിന്റെ ദശയും പാട്ടുള്ളഗ്രഹത്തിന്റെ ദശയും നിയമേന മരണത്തെ ഉണ്ടാക്കും. ചിലർ നീചസ്ഥദശയെയും മൂഢന്റെ ദശയെയും പൂർണ്ണമായി അനുഭവിച്ചിട്ട പിന്നെയും മരിക്കാതെ കണ്ടെങ്കിലും ഈ വചനത്തിന്ന അത്രമാത്രംകൊണ്ട അപ്രാമാണ്യത്തെ ശങ്കിക്ക

ദുതം- ഇവിടെ ദശാശാസ്ത്രത്തിന്ന അന്തൎദ്ദശാഎന്നുകൂടി അൎത്ഥമു ണ്ടാകയാൽ മറ്റുള്ള ദശകളിൽ നീചസ്ഥന്റെയും മൂഢന്റെയും അപഹാരം വരുംപൊൾ മരിച്ചാലും ഈ വചനത്തിന്റെ പ്രാമാ ണ്യം അഭഗ്നമായിട്ടതന്നെ നിൽക്കുമെന്നറിക- ഇനി കാലചക്ര ദശക്കുള്ള വിശെഷത്തെ പറയുന്നു.

൨൮. മീനാദ്വൃശ്ചികഭംപ്രജ്യെഷ്ഠദിനഗാഷഷ്ഠാദഥൊ കൎക്കടം സിംഹാദപാമിഥുനംതതൊപിഹരിഭംചാപാച്ചമെഷന്തഥാ । ക ഷ്ടസ്യാദിഹതൽപ്രവെശസമയഃകഷ്ടാദശാചൊത്തരാ ചാരൊ രാശ്യനതിക്രമെണശുഭദൊരാശ്യന്തരംസ്ഥശ്ശുഭഃ ॥

അന്വയാൎത്ഥം—— മീനത്തിംകൽ നിന്ന വൃശ്ചികത്തെയും അപ്രകാരം ഷഷ്ഠത്തിംകൽ നിന്ന അനന്തരം കൎക്കടത്തെയും സിംഹത്തിംകൽ നിന്ന മിഥുനത്തെയും അതിംകൽ നിന്ന ഹരി ഭത്തെയും അപ്രകാരം ചാപത്തിംകൽ നിന്ന മെഷത്തെയും പ്ര ാപിക്കുമെങ്കിൽ ഇവിടെ തൽപ്രവെശസമയം കഷ്ടമായി ഭവി ക്കും- ഉത്തരയായിരിക്കുന്ന ദശയും കഷ്ടമായി ഭവിക്കും- രാശ്യ നതിക്രമത്തൊടുകൂടിയ ചാരം ശുഭദമായി ഭവിക്കും- രാശ്യന്ത രസ്ഥമായിരിക്കുന്ന ചാരം അശുഭമായി ഭവിക്കും.

സാരം—— മീനത്തിംകൽ നിന്ന വൃശ്ചികത്തെയും കന്നിയി ൽനിന്ന കൎക്കടകത്തെയും ചിങ്ങത്തിംകൽനിന്ന മിഥുനത്തെയും മിഥുനത്തിംകൽ നിന്ന ചിങ്ങത്തെയും ധനുവിൽ നിന്ന മെട ത്തെയും പ്രാപിക്കുന്നു എംകിൽ ആ കാലം കഷ്ടമാകുന്നു- പി ന്നെ ഉള്ള ദശയും രൊഗാദ്യനൎത്ഥങ്ങളെ ഉണ്ടാക്കുന്നു- രാശിക ളിൽ ക്രമെണ ഉള്ള ദശാസഞ്ചാരം ഇഷ്ടഫലത്തെ കൊടുക്കു ന്നതാകുന്നു- ഇടയിൽ ചില രാശികളെ വിട്ടിട്ടുള്ള ദശാഗതി അ നൎത്ഥഹെതുവാകുന്നു.

൨൯. ദെഹൊദക്ഷിണതാരാസുവാക്യ്യാമകെതഷ്ടാദിമംഗ്രഹം । ജീവസ്സ്യാദന്തിമൊരാശിവിപരീതംഹിവാമകെ ॥

൩൦. ദെഹജീവെശയൊരെകസ്യാസദ്ദെരൊഗദശ്രദഃ । ദ്വ യൊസ്സഹസ്ഥെർമൃത്യുൎദ്ദശാപെമക്രൂരാശ്രയം ॥

അന്വയാൎത്ഥം—— ദക്ഷിണതാരകളിൽ വാക്യ്യാകങ്ങളിൽ വെച്ച ആദിമമായിരിക്കുന്ന ഗ്രഹം ദെഹമായിഭവിക്കും- അ ന്തിമമായിരിക്കുന്ന രാശി ജീവനായി ഭവിക്കും- വാമഭത്തിംക ൽ വിപരീതമാകുന്നു- ദെഹജീവെശന്മാരിൽ വെച്ച ഏകന്ന അ സദ്ദ്യൊഗം ഗദപ്രദമായി ഭവിക്കും- ഇരിവൎക്കും ആതങ്ക മിച്ചാകുന്നു എംകിൽ മൃത്യുഭവിക്കും- ദശ അശുഭയാകുന്നു എംകിൽ

ഇത ധ്രുവമായി ഭവിക്കുന്നു.

സാരം—— അശ്വതി, ഭരണി, കാൎത്തിക ഇവ മൂന്നും ദക്ഷിണ നക്ഷത്രങ്ങളാകുന്നു. രോഹണി മകീരം, തിരുവാതിര ഇവ മൂന്നു വാമനക്ഷത്രങ്ങളാകുന്നു. ഇങ്ങിനെ മറ്റുള്ള നക്ഷത്രങ്ങളെയും ദക്ഷിണങ്ങളാകിയും വാമങ്ങളാകിയും കല്പിച്ചുകൊൾക. ഇങ്ങിനെ ഉള്ള കല്പനയിൽ ദക്ഷിണങ്ങളായി വരുന്ന നക്ഷത്രങ്ങൾക്ക വരുന്ന കാലചക്രദശാവാക്യങ്ങളിൽ ആദിയിൽ പറയപ്പെട്ട രാശി ദേഹമെന്നും അവസാനത്തിൽ പറയപ്പെട്ട രാശി ജീവനെന്നും ഗ്രഹിക്കണം. ഇങ്ങിനെ സിദ്ധിച്ചതായ ദേഹരാശിയുടെയും ജീവരാശിയുടെയും അധിപന്മാരിൽ വെച്ച ഒരുത്തന്നു പാപയോഗം ഉണ്ടായിവരികിൽ രോഗം ഫലമാകുന്നു എന്നും ഇരുവൎക്കു പാപയോഗം ഉണ്ടായിവരികിൽ മരണം ഫലമാകുന്നു എന്നും ഗ്രഹിച്ചുകൊൾക. ശേഷ ദോഷമുണ്ടെങ്കിൽ രോഗത്തെയും മരണത്തെയും നിസ്സംശയമായി പറകയുമാം.

(൨൨) ഏതദ്ദശാപഹാരവിഷയം॥

അന്വയാൎത്ഥം—— ഇതദ്ദശാപഹാരവിഷയമായി ഭവിക്കുന്നു.

സാരം—— സ്പഷ്ടമാകുന്നു.

൧൧. പരായുഃപൎയ്യയേഷ്വാദ്യേഷ്വല്പമധ്യചിരായുഷാം । മരണം നിൎദ്ദിശേന്നൄണാം ചതുൎത്ഥേ ച മിതായുഷാം ॥

അന്വയാൎത്ഥം —— അക്കിയുടെ പരായുഃപൎയ്യയങ്ങളിൽ അല്പമധ്യചിരായുസ്സുകളായിരിക്കുന്ന നൃക്കളുടെ മരണത്തെ നിൎദ്ദേശിക്കേണം. അമിതായുസ്സുകളുടെ മരണത്തെ ചതുൎത്ഥമായിരിക്കുന്ന പൎയ്യയത്തിങ്കലും നിൎദ്ദേശിക്കേണം.

സാരം—— പ്രായേണ മുപ്പതസംവത്സരംകൊണ്ടു ശനി. മേടം മുതലായ രാശികളിൽ ഒരു പ്രാവിശ്യം സഞ്ചരിക്കും. ഇതിന്ന പൎയ്യയമെന്നും പരിവൃത്തിയെന്നും പേരാകുന്നു. ജനനകാലത്തിങ്കൽ യാതൊരുരാശിയിൽ ശനിനിന്നുവൊ ആ രാശിങ്കൽ നിന്ന തുടങ്ങിയ ഒന്നാമതിലുള്ള പൎയ്യയം കഴിയുന്നതിന്നുമുമ്പെ അല്പായുസ്സായിരിക്കുന്നവൻ മരിക്കും. മധ്യമായുസ്സായിരിക്കുന്നവൻ രണ്ടാമത്തെ പൎയ്യയം കഴിയുന്നതിന്ന മുമ്പെ മരിക്കും. ദീൎഘായുസ്സായിരിക്കുന്നവൻ മൂന്നാമത്തെ പൎയ്യയം കഴിയുന്നതിന്നുമുമ്പെ മരിക്കും. അമിതായുസ്സായിരിക്കുന്നവൻ നാലാമത്തെ പൎയ്യയം കഴിയുന്നതിന്റെ മുമ്പെ മരിക്കും.

൧൭. മാന്ദിത്രികോണഗേമന്ദേമരണംരാത്രിജന്മനാം । ദിന ജാനാംതഥാസ്യാംശരാശേസ്ത്രൃത്രികോണഗേ ॥

അന്വയാൎത്ഥം — രാത്രിജന്മാക്കൾക്കു മരണം മന്ദൻ മാന്ദിത്രികോണഗനായിരിക്കും വിഷയത്തിങ്കൽ ഭവിക്കും അപ്രകാരം ദിനജന്മാക്കുമരണം മന്ദൻ ഇവന്റെ അംശരാശികളുടെ അസ്ത്രിത്രികോണഗനായിരിക്കും വിഷയത്തിങ്കൽ ഭവിക്കും.

സാരം — രാത്രിയിലൊ രാത്രിരാശികൊണ്ടൊ ജനിച്ചവൎക്ക് അവരുടെ ജനനകാലത്തിങ്കൽ ഗുളികനേതൊരു രാശിയിൽ നിന്നുവൊ ആ രാശിയൊടുകൂടിയ ത്രികൊണത്തിങ്കൽ ശനിസഞ്ചരിക്കുന്ന കാലത്തിങ്കൽ മരണത്തെ ഊഹിക്കെണം. മെടം രാശിയിലാകുന്നു ഗുളികസ്ഥിതി എംകിൽ മെടം, ചിങ്ങം, ധനു, ഈ മൂന്നുരാശികളിൽ വെച്ച ഒന്നിങ്കൽ ശനിസഞ്ചരിക്കുംപൊൾ മരണം ഭവിക്കാമെന്ന അഭിപ്രായം. ഗുളികാംശക രാശിയിലൊ അതിന്റെ അഞ്ചൊമ്പതാം രാശികളിലൊ ശനി സഞ്ചരിക്കും കാലത്തിങ്കലും മരണം സംഭവിക്കാമെന്നും ഗ്രഹിക്കെണം. മാന്ദിത്രികോണഗെ എന്ന പദത്തിങ്കലെ മാന്ദിശബ്ദലക്ഷണെകൊണ്ടു ഗുളികൻ നില്ക്കുന്നരാശിയെയു ഗുളികനവാംശകരാശിയെയും ബൊധിപ്പിക്കുന്നു എന്നത്രെ വൃദ്ധസിദ്ധാന്തമാകുന്നത അതിന്നുയുക്തിയുമുണ്ടു. ഉത്തരാൎദ്ധംകൊണ്ടു പറയുന്നെടത്ത അംശത്തെക്കൂടെ ഗ്രഹിച്ചിട്ടുണ്ടല്ലൊ ഇതുതന്നെ യുക്തിയാകുന്നത. പകലൊ പകൽരാശികൊണ്ടൊ ജനിച്ചവൎക്ക അവരുടെ ജനനകാലത്തിങ്കൽ ഗുളികൻയാതൊരുരാശിയിൽ നിന്നുവൊ അതിന്റെ ഏഴാംരാശിയിലൊ ഗുളികനവാംശക രാശിയുടെ ഏഴാം രാശിയിലൊ അതുകളുടെ അഞ്ചൊമ്പതാം രാശികളിലൊ ശനി സഞ്ചരിക്കുംപൊൾ മരണം സംഭവിക്കാം.

൧൮. മന്ദരന്ധ്രേശയൊരംശരാശ്യൊൎവ്വാക്കെന്ദ്രത്രികോണഗെ । അക്കാക്രാന്തഗ്രഹസ്യാൎത്ഥരിഫയൊൎവ്വാത്രികോണഗെ॥

൧൯. ലാവിംശത്ര്യംശപൊയസ്മിൻഭവനെജന്മനിസ്ഥിതഃ । തത്ത്രികോണഗതെവാൎക്കൗനിൎദ്ദിഷ്ടംമരണംനൃണാം ।

അന്വയാൎത്ഥം — അൎക്കിമന്ദരന്ധ്രേശന്മാരുടെ അംശരാശികളുടെ ത്രികൊണഗനായിരിക്കും വിഷയത്തിങ്കലും അക്കാക്രാന്തഗ്രഹത്തിന്റെ അൎത്ഥരിഫങ്ങളുടെ ത്രികൊണഗനായിരിക്കും വിഷയത്തിങ്കലും അൎക്കി ജന്മത്തിങ്കൽ ലാവിംശത്ര്യംശപൻ യാതൊരുഭവനത്തിങ്കൽ സ്ഥിതനായി ഭവിക്കുന്നുവൊ തത്ത്രികൊണഗതനായിരിക്കും വിഷയത്തിങ്കലും നൃക്കളുടെ മരണം നിൎദ്ദി

ഷ്ടമായി ഭവിക്കുന്നു.

സാരം—— ജനനകാലത്തിങ്കൽ ശനിയും അഷ്ടമാധിപനും നിന്ന രാശികളിലൊ അതുകളുടെ അഞ്ചൊമ്പതാംരാശികളിലൊ അവരുടെ നവാംശകരാശികളിലൊ അതുകളുടെ അഞ്ചൊമ്പതാംരാശികളിലൊ ശനി സഞ്ചരിക്കുന്ന കാലത്തിങ്കലും ജനനകാലത്തിങ്കൽ ആദിത്യൻ നിന്നരാശിയുടെ രണ്ടാംരാശിയിലും പന്ത്രണ്ടാം രാശിയിലും അതുകളുടെ അഞ്ചൊമ്പതാംരാശികളിലും ശനി സഞ്ചരിക്കുന്നകാലത്തിങ്കലും ജനനത്തിങ്കൽ ലഗ്നദ്രെക്കാണത്തിന്റെ ഇരുപത്തുരണ്ടാംദ്രെക്കാണാധിപൻ നിന്ന രാശിയിലൊ അതിന്റെ അഞ്ചൊമ്പതാംരാശികളിലൊ ശനിസഞ്ചരിക്കുന്ന കാലത്തിങ്കലും മനുഷ്യരുടെ മരണത്തെ ഊഹിക്കാമെന്ന അറിവുള്ളവർ പറഞ്ഞിരിക്കുന്നു.

(വാ) ഏതന്മന്ദചാരവിഷയം ॥

അന്വയാൎത്ഥം—— ഇതുമന്ദചാര വിഷയമായി ഭവിക്കുന്നു.

സാരം—— മാന്ദിത്രികൊണഗെമന്ദെ എന്നുതുടങ്ങി ഇതുവരെയുള്ള ഈ പ്രകരണംകൊണ്ടുഗ്രഹിക്കെണ്ടുന്ന മരണസൂചകമായ മന്ദന്റെ ചാരമാകയാൽ ഇത മന്ദചാരവിഷയമാകുന്നു.

ശ്ലൊ. ലഗ്നത്ര്യംശെശരാക്രാന്തരാശെൎജ്ജീവെത്രികൊണഗെ।
കാലഹൊരാധിപാക്രാന്തരാശെർവാമരണംനൃണാം॥

അന്വയാൎത്ഥം—— ജീവൻ ലഗ്നത്ര്യംശെശരാക്രാന്തരാശിയുടെയൊ കാലഹൊരാധിപാക്രാന്തരാശിയുടെയൊ ത്രികൊണഗനായിരിക്കും വിഷയത്തിങ്കൽ നൃക്കൾക്കുമരണം ഭവിക്കും.

സാരം—— ലഗ്നദ്രെക്കാണാധിപൻ ജനനകാലത്തിങ്കൽ നിന്നരാശിയിലൊ അതിന്റെ അഞ്ചൊമ്പതാംരാശികളിലൊ ജനനകാലത്തിങ്കലെ കാലഹൊരയുടെ അധിപൻ ജനനകാലത്തിങ്കൽ നിന്ന രാശിയിലൊ അതിന്റെ അഞ്ചൊമ്പതാംരാശികളിലൊ വ്യാഴം സഞ്ചരിക്കുന്നകാലത്തിങ്കൽ മരണത്തെ ഊഹിക്കെണം.

ശ്ലൊ. യൊരാശിസ്സൂൎയ്യജാക്രാന്തസ്തദ്ധനസ്യവ്യയസ്യവാ।
ബൃഹസ്പതിസ്ത്രികൊണസ്ഥൊമരണായഭവെന്നൃണാം॥

അന്വയാൎത്ഥം—— യാതൊരുരാശി സൂൎയ്യജാക്രാന്തമായി ഭവിക്കുന്നുവൊ തദ്ധനത്തിന്റെയൊ വ്യയത്തിന്റെയൊ ത്രികൊണസ്ഥനായിരിക്കുന്ന ബൃഹസ്പതി നൃക്കളുടെ മരണത്തിനായിക്കൊണ്ടു ഭവിക്കും.

സാരം—— ജനനകാലത്തിങ്കൽ ശനിനിന്ന രാശിയുടെ ര

ണ്ടാം രാശിയിലൊ പന്ത്രണ്ടാം രാശിയിലൊ അതുകളുടെ അ ഞ്ചൊമ്പതാം രാശികളിലൊ വ്യാഴം സഞ്ചരിക്കുംപൊൾ മരണം സംഭവിക്കും-

൧൭. മെഷജീവെശയൊൎയ്യൊഗരാശിഗൊപിബ്രെഹസ്പതിഃ । പാപഗ്രഹാശ്ചതത്രസ്ഥാസ്തന്നാംമരണമായിനഃ ॥

അന്വയാൎത്ഥം — മെഷജീവെശന്മാരുടെ യൊഗരാശിഗനായി രിക്കുന്ന ബൃഹസ്പതിയും തത്രസ്ഥന്മാരായിരിക്കുന്ന പാപഗ്രഹ ങ്ങളും നൃക്കൾക്കു മരണദായികളായി ഭവിക്കും-

സാരം — ജനനകാലത്തിങ്കൽ ലഗ്നാഷ്ടമാധിപന്മാർ ഒരുമി ച്ച ഏകരാശിസ്ഥന്മാരാകുന്നു എങ്കിൽ ആ രാശിയിൽ വ്യാഴം സ ഞ്ചരിക്കുന്ന കാലത്തിങ്കലും പാപഗ്രഹങ്ങൾ സഞ്ചരിക്കുന്നകാ ലത്തിങ്കലും മരണം ഭവിക്കും-

൧൮. രാശെൎമ്മന്ദാധിരൂഢസ്യതൃതീയായാത്മജാരിഷു । യ ത്രസപക്ഷന്യൂനംതത്രസ്ഥൊമൃതിമൊഗുരുഃ ॥

അന്വയാൎത്ഥം —— മന്ദാധിരൂഢമായിരിക്കുന്ന രാശിയുടെ തൃതീയായാത്മജാരികളിൽ വെച്ചു യാതൊന്നിങ്കൽ സപക്ഷം ന്യൂനമായി ഭവിക്കുന്നുവൊ തത്രസ്ഥനായിരിക്കുന്ന ഗുരുമൃതി ദനായി ഭവിക്കും-

സാരം—— ജനനകാലത്തിങ്കൽ ശനിനിന്ന രാശിയുടെ മൂ ന്നാം രാശി പതിനൊന്നാംരാശി അഞ്ചാംരാശി ആറാംരാശി എ ന്ന ൪ രാശികളിൽവെച്ചു യാതൊരു രാശിയിൽവ്യാഴത്തിന്റെ ദൃഷ്ടിയില്ലായ്ക ഭവിക്കുന്നുവൊ ആ രാശിയിൽ വ്യാഴം സഞ്ചരി ക്കുന്ന കാലത്തിങ്കൽ മരിക്കും-

(വാ) ഏതജ്ജീവചാരവിഷയം ।

അന്വയാൎത്ഥം —ഇതു ജീവചാര വിഷയമായി ഭവിക്കുന്നു-

സാരം—— ലഗ്നാത്‌മെശപരാക്രാന്ത എന്നു തുടങ്ങി ഇതുവ രെ ഉള്ള പ്രകരണംകൊണ്ടു അറിയെണ്ടതു മരണകാലത്തിങ്ക ലെ ഗുരുചാരമാകുന്നു-

൧൯. അഷ്ടമെശാശ്രിതംരാശിമാവസത്യഹിമതപിഷി । ജ ന്മതാരാംവിലഗ്നസ്ഥതാരകാംവാമൃതിൎഭവെൽ ॥

അന്വയാൎത്ഥം—— അഹിമരപിട്ട അഷ്ടമെശാശ്രിതമായിരി ക്കുന്ന രാശിയെയൊ ജന്മതാരയെയൊ വിലഗ്നസ്ഥതാരയെയൊ ആവസന്നായിരിക്കും വിഷയത്തിങ്കൽ മൃതി ഭവിക്കും-

സാരം— ലഗ്നാൽ അഷ്ടമത്തിന്റെ അധിപനായ ഗ്രഹം ജ നന കാലത്തിങ്കൽ യാതൊരു രാശിയിൽനിന്നുവൊ ആ രാശി

യിലെങ്കിലും ജന്മ നക്ഷത്രത്തിന്മേൽ എങ്കിലും ലഗ്നസ്ഫുടത്തിങ്കൽ കാണുന്നനക്ഷത്രത്തിന്മേൽ എങ്കിലുംആദിത്യൻ നില്ക്കുന്നകാലത്തിങ്കൽ മരണം ഭവിക്കും-

(വാ) അത്രാനുഷ്ഠാനപദ്ധതിഃ ॥

അന്വയാൎത്ഥം—— ഇവിടെ അനുഷ്ഠാനപദ്ധതി ഭവിക്കുന്നു-

സാരം——സ്പഷ്ടമാകുന്നു-

൨൦. ആത്മാക്കാംശകത്രികോണസഹിതേസ്വ്യേചരസ്ഥ സ്ഥാപ്യേ ദൃഢൃക്സ്ഥിരഭേഷ്ടമേശനവഭാഗക്ഷത്രികോണസ്ഥി തേ ലഗ്നേശസ്ഥനവാംശരാശിസഹിതേതസ്യത്രികോണേഥവാ സൂൎയ്യേമൃത്യുമശന്തിയദ്വൃദ്ധയഗസ്സ്യോയംഭവേജ്ജന്മനി-ഇതി॥

അന്വയാൎത്ഥം— ജന്മത്തിങ്കൽ അൎക്കൻ സ്ഥിരഭത്തിങ്കൽ ഭവിക്കുമെങ്കിൽ അഷ്ടമേശനവഭാഗക്ഷത്രികോണ സ്ഥിതനായിരിക്കും വിഷയത്തിങ്കലും അവൻ ചരസ്ഥനാകുന്നു എങ്കിൽ സൂൎയ്യൻ ആത്മാക്കാംശകത്രികോണസഹിതനായിരിക്കും വിഷയത്തിങ്കലും ആ ഇവൻ ദ്വിഭയേഗനായി ഭവിക്കുമെങ്കിൽ സൂൎയ്യൻ ലഗ്നേശസ്ഥനവാംശരാശി സഹിതനായിട്ടോ അതിന്റെ ത്രികോണത്തിങ്കൽ തിഷ്ഠനായിട്ടോ ഇരിക്കുംവിഷയത്തിങ്കലും മൃത്യുവിനെ ഇച്ഛിക്കുന്നു.

സാരം—— ജനനകാലത്തിങ്കൽ ആദിത്യൻ ചരരാശിയിൽ നിന്നവനാകുന്നു എങ്കിൽ തന്റെ ദ്വാദശാംശക രാശിയിലൊ അതിന്റെ അഞ്ചൊമ്പതാം രാശികളിലൊ ആദിത്യന്റെ സ്ഥിതി വരുന്നകാലത്തിങ്കൽ മരണം ഭവിക്കും- സ്ഥിരരാശിയിങ്കൽനിന്നവനാകുന്നു എങ്കിൽ അഷ്ടമാധിപന്റെ നവാംശകരാശിയിലൊ അതിന്റെ അഞ്ചൊമ്പതാം രാശികളിലൊ ആദിത്യന്റെ സ്ഥിതി വരുന്നകാലത്തിങ്കൽമരണം ഭവിക്കും. ഉഭയരാശിയിൽ നിന്നവനാകുന്നു എങ്കിൽ ലഗ്നാധിപന്റെ നവാംശകരാശിയിലൊഅതിന്റെ അഞ്ചൊമ്പതാം രാശികളിലൊ ആദിത്യന്റെ സ്ഥിതി വരുന്ന കാലത്തിങ്കൽ മരണം ഭവിക്കും-

(വാ) അഥമാസവിഷയം ॥

അന്വയാൎത്ഥം—— ഇത മാസവിഷയമായി ഭവിക്കുന്നു-

സാരം— അഷ്ടമേശാശ്രിതാംശരാശിം എന്ന തുടങ്ങി ഇതുവരെ ഉള്ളത എതൊരു മാസത്തിങ്കൽ മരിക്കുമൊ ആ മാസത്തെ അറിവാനുള്ള പ്രമാണമാകുന്നു-

൨൧. സൂൎയ്യാശ്രിതക്ഷ്മഗെ ചന്ദ്രേരന്ധ്രേശാശ്രിതവെശ്മനഃ ത്രികോണോപഗതെവെന്ദൌരാശൌപാദ്രവോപുനസ്സ്മൃതാ ॥

൨൨. രന്ധ്രേശാധിഷ്ഠിതൌദ്യൂവാനിർദ്ദിഷ്ടംമരണംനൃണാം ।
ധനേശാശ്രിതരാശേർവാതസ്യസപ്തമഭസ്യവാ ॥

൨൩. ത്രികോണേസ്ഥധനേശാംശരാശിഗെവാവിധൌമൃതിഃ ।
നിജജന്മനിയസ്മിൻഭേഗുളികസ്തത്രഗെവിധൌ ॥

൨൪. രോഗാരംഭസ്തുതസ്യസ്ഥമരണംദൃഢമാദിശേൽ ॥

അന്വയാൎത്ഥം—— ചന്ദ്രൻ സൂൎയ്യാശ്രിതൎക്ഷഗനായിരിക്കുംവിഷയത്തിംകലും ഇന്ദുരന്ധ്രേശാശ്രിതവെശ്മത്തിന്റെ ത്രികൊണൊപഗതനായിരിക്കും വിഷയത്തിംകലും അപ്രകാരം രാഹചാത്രദ്ധൊദ്ധ്യുവിന്റെ ത്രികൊണൊപഗതനായിരിക്കും വിഷയത്തിംകലും രന്ധ്രേശാധിഷ്ഠിതൊദ്ധ്യുവിംകൽ തിഷ്ഠന്നായിരിക്കും വിഷയത്തിങ്കലും നൃക്കൾക്കു മരണം നിൎദ്ദിഷ്ടമായി ഭവിക്കുന്നു- വിധുധനേശാശ്രിത രാശിയുടെയൊ അതിന്റെ സപ്തമഭത്തിന്റെയൊ ത്രികൊണസ്ഥനായിരിക്കും വിഷയത്തിംകലും ധനെശാംശരാശിഗനായിരിക്കും വിഷയത്തിംകലും മൃതി ഭവിക്കും നിജജന്മത്തിംകൽ ഗുളികൻ യാതൊരു ഭത്തിങ്കൽ സ്ഥിതനായിട്ടിരിക്കുന്നുവൊ വിധുതത്രഗനായിരിക്കും വിഷയത്തിങ്കൽരോഗാരംഭം വാച്യമായി ഭവിക്കുന്നു തദസ്തസ്ഥനായിരിക്കും വിഷയത്തിംകൽ മരണത്തെ ദൃഢമാകുംവണ്ണം ആദെശിക്കെണം-

സാരം—— ജനനകാലത്തിങ്കൽ സൂൎയ്യൻ യാതൊരു രാശിയിൽ നിന്നുവൊ ആ രാശിയിൽ ചന്ദ്രൻവരുമ്പൊൾ മരിക്കും അഷ്ടമാധിപൻനിന്ന രാശിയിലും അതിന്റെ അഞ്ചൊമ്പതാം രാശികളിലും ചന്ദ്രൻ വരുന്ന കാലത്തിംകലും മരണം ഭവിക്കാം- ജനന കാലത്തിങ്കൽരാഹുനിന്ന നാളിലൊ അതിന്റെ പത്താം നാളിലൊ പത്തൊമ്പതാം നാളിലൊ അഷ്ടമാധിപൻ നിന്നനാളിലൊ രണ്ടാംഭാവാധിപൻനിന്ന രാശിയിലൊ അതിന്റെ ഏഴാം രാശിയിലൊ അതുകളുടെ അഞ്ചൊമ്പതാം രാശികളിലൊ രണ്ടാം ഭാവാധിപന്റെ നവാംശക രാശിയിലൊ ചന്ദ്രൻ വരുന്ന സമയവും മരിക്കാം- ജനനത്തിങ്കൽ ഗുളികൻ യാതൊരു രാശിയിൽനിന്നുവൊ അവിടെ ചന്ദ്രൻ വരുമ്പൊൾ രോഗം തുടങ്ങുമെന്നും അതിന്റെ ഏഴാം രാശിയിൽ ചന്ദ്രൻ വരുമ്പൊൾ മരിക്കുമെന്നും നിസ്സംശയമായി പറയാം-

(വാ) ഏതച്ചന്ദ്രവിഷയം ॥

അന്വയാൎത്ഥം—— ഇത ചന്ദ്രവിഷയമായി ഭവിക്കുന്നു-

സാരം—— സ്പഷ്ടമാകുന്നു-

൨൫. പ്രമാണഗുളികാനീതസ്ഫുടേശാന്മന്ദജീവയൊഃ । സ്ഥ

ച്ചേന്ദ്വോശ്ച സ്ഥിതിർമ്മൃത്യൌ ശാസ്ത്രോക്താഥ നിഗദ്യതേ ॥

അന്വയാൎത്ഥം—— അനന്തരം ശാസ്ത്രോക്തമായിരിക്കുന്ന പ്രമാണഗുളികാനീതിയും തല്പരത്തെ ആശ്രയിച്ചിട്ടു മൃത്യുവിങ്കൽ മന്ദജീവന്മാരുടെയും സൂൎയ്യേന്ദുക്കളുടെയും സ്ഥിതിയും നിഗദിക്കപ്പെടുന്നു-

സാരം—— അനന്തരം ശാസ്ത്രത്തിങ്കൽ പറയപ്പെട്ടിട്ടുള്ള പ്രമാണഗുളികന്റെ ആനയനവും മരണകാലത്തിങ്കൽ പ്രമാണഗുളികനെ അനുസരിച്ചിട്ടുള്ള മന്ദജീവന്മാരുടെയും സൂൎയ്യചന്ദ്രന്മാരുടെയും സ്ഥിതിയും പറയപ്പെടുന്നു-

൨൩. ജാതസ്യാഹ്നി സഷഡ്ഗ്രഹൈർഗ്ഗതനിശാമാന്ദിഃ പ്രമാണാഹ്വയോ രാത്രൌ പ്രാഗ്ദിനമാന്ദിരേവ ന പരസ്തദ്രാശിനാഥാലയേ । മന്ദോമുഷ്യ നവാംശപാശ്രിതഗൃഹേ മൃത്യുപ്രദായീ ഗുരുർഭാനുർദ്വാദശഭാഗപാശ്രിതഗൃഹേ ത്രിംശാംശപക്ഷേ ശശീ-ഇതി ॥

അന്വയാൎത്ഥം—— അഹസ്സിങ്കൽ ജാതനായിരിക്കുന്നവന്നു സഷഡ്ഗ്രഹനായിരിക്കുന്ന ഗതനിശാമാന്ദി പ്രമാണാഹ്വയനായി ഭവിക്കുന്നു. രാത്രിയിങ്കൽ ജാതനായിരിക്കുന്നവന്നു പ്രാഗ്ദിനമാന്ദിതന്നെ പരനല്ല- തദ്രാശിനാഥാലയത്തിങ്കലെ മന്ദനും ഇവന്റെ നവാംശപാശ്രിത ഗൃഹത്തിങ്കലെ ഗുരുവും ദ്വാദശഭാഗപാശ്രിത ഗൃഹത്തിങ്കലെ ഭാനുവും ത്രിംശാംശപക്ഷത്തിങ്കലെ ശശിയും മൃത്യുപ്രദായിയായി ഭവിക്കുന്നു-

സാരം—— പകൽ ജനിച്ചവന്നു കഴിഞ്ഞ രാത്രിയിലെ ഗുളികന്റെ സ്ഫുടത്തിൽ ആറുരാശികൂട്ടിയാൽ അതു പ്രമാണഗുളികന്റെ സ്ഫുടമായി ഭവിക്കും- രാത്രിയിൽ ജനിച്ചവന്നു കഴിഞ്ഞ പകലിലെ ഗുളികൻതന്നെ- ഇങ്ങിനെ ഉള്ള പ്രമാണഗുളികൻ നിന്നരാശിയുടെ അധിപന്റെ ക്ഷേത്രത്തിങ്കൽ നില്ക്കുന്ന ശനിയും നവാംശകരാശ്യധിപൻ നിന്ന രാശിയിൽ നില്ക്കുന്ന വ്യാഴവും ദ്വാദശാധിപൻ നിന്നരാശിയിൽ നില്ക്കുന്ന ആദിത്യനും ത്രിംശാംശകാധിപന്റെ ക്ഷേത്രത്തിൽ നില്ക്കുന്ന ചന്ദ്രനും മരണകാലത്തെ സൂചിപ്പിക്കുന്നവരാകുന്നു-

൨൪. മന്ദജീവാൎക്കചന്ദ്രാണാം പ്രോക്തക്ഷേത്രേഷു രാശിഷു । മൃതിദാ സ്വാഷ്ടവൎഗ്ഗേഷു ഹീനാക്ഷഭവനേ സ്ഥിതിഃ ॥

അന്വയാൎത്ഥം—— പ്രോക്തങ്ങളായിരിക്കുന്ന ഈ രാശികളിൽവെച്ചു സ്വാഷ്ടവൎഗ്ഗങ്ങളിൽ ഹീനാക്ഷ ഭവനത്തിങ്കൽ ഉള്ള മന്ദജീവാൎക്ക ചന്ദ്രന്മാരുടെ സ്ഥിതി മൃതിദമായി ഭവിക്കുന്നു.

സാരം— മേൽപറയപ്പെട്ട ഗുളികത്രികോണാദി രാശിക

ളിൽവെച്ച എതൊരുരാശിയിൽ ശനിയുടെ അഷ്ടവൎഗ്ഗത്തിങ്കൽ ഫലിന്റെ സംഖ്യാ നാലിൽകുറഞ്ഞുവരുമൊ ആ രാശിയിൽശനി സഞ്ചരിക്കും കാലത്തിങ്കൽ മരിക്കും. ഇപ്രകാരം ജീവാദികളുടെ സ്ഥിതികൊണ്ടും നിശ്ചയിച്ചു കൊൾക.

എല്ലാഗ്രഹങ്ങളുടെയും അഷ്ടവൎഗ്ഗത്തിങ്കൽ അക്ഷങ്ങൾ കുറഞ്ഞരാശികൾ കഷ്ടങ്ങളാകയാൽ അതുകളിൽ അവരുടെ ചാരങ്ങളും കഷ്ടങ്ങളാകയാൽ മന്ദാദികളുടെ ഹീനാക്ഷരാശികളിലുള്ള ചാരകാലത്തിങ്കൽ മരണമെന്നും ഒരു ലക്ഷണമാകുന്നു. എംകിലും അതുകൊണ്ടുതന്നെ മരണത്തെ വിശ്വസിച്ചു പറഞ്ഞുകൂടാ. ഇപ്രകാരം മെൽപറകപ്പെട്ട രാശികളിൽ മന്ദാദികളുടെ ചാരത്തെതന്നെ പ്രമാണിച്ചിട്ടും പറഞ്ഞുകൂടാ. അതുഹെതുവായിട്ട അനെകപ്രകാരെണ കഷ്ടത എതെതുരാശികൾക്ക ഉണ്ടായ്വരുമൊ അതുകളിലുള്ള മന്ദാദിചാരത്തെതന്നെ പ്രമാണിക്കെണമെന്ന മെൽപറകപ്പെട്ടതിന്റെ ആശയമാകുന്നു എന്ന ധരിച്ചു കൊൾകയും വെണം.

(പ്ര. അഥപ്രകാരാന്തരെണമന്ദാദീനാംസ്ഥിതിരുച്യതെ.।

അന്വയാൎത്ഥം —— അനന്തരം പ്രകാരാന്തരെണ മന്ദാദിസ്ഥിതി വചിക്കപ്പെടുന്നു.

സാരം——ഇനി മറ്റൊരുപ്രകാരെണ മന്ദാദികൾ ഇന്ന രാശികളിൽ നില്ക്കുമ്പൊൾ മരണമെന്ന ഊഹിപ്പാനുള്ള മൎഗ്ഗത്തെ പറയുന്നു.

൨൭. മന്ദെനാസ്യദൃഗാണരന്ധ്രതപനാംശെശൈൎശ്ശുതെക്കൊച്യ
ഥഗ്രാശിദ്വ്രാസ്യൃതമസ്തഭസ്യയമിവാ പ്രാപ്യെത്രികൊണംക്രമാ
ൽ । ചന്ദ്രെരീക്ഷണകരെഗ്രൗരവിസുതെയൊഗാംശഭസ്ഥെഷു
വാ മൃത്യുസ്ത്യുക്ഷപഥെതൗനിജാംശഗുണിതെസ്സംവാദഊക്ഷ്യ
സൂചിഃ ॥

അന്വയാൎത്ഥം —— മന്ദനൊടും ഇവന്റെ ദ്രെക്കാണരന്ധ്രതപനാംശെശന്മാരൊടും വെവ്വെറെ അക്കൻ യുതനായിരിക്കും വിഷയത്തിങ്കൽ യാതൊരു രാശി ഭവിക്കുന്നുവൊ ഇതിന്റെയൊ തഥസ്തഭത്തിന്റെയൊ ത്രികൊണത്തെ ചന്ദ്രനും തീക്ഷ്ണകരനും ഗുരുവും രവിസുതനും ക്രമെണപ്രാപ്തനായിരിക്കും വിഷയത്തിങ്കലൊ അവർയൊഗാംശഭസ്ഥന്മാരായിരിക്കും വിഷയത്തിങ്കലൊ മൃത്യുവാച്യമായി ഭവിക്കുന്നു. നിജാംശഗുണിതന്മാരായിരിക്കുന്ന അവരൊടുകൂടെ ഉള്ള സംവാദം ഇവിടെ ഊക്ഷ്യമായി ഭവിക്കുന്നു.

സാ —— ജനനകാലത്തിങ്കലെ ശനിയൊടു സൂൎയ്യൻ ചെന്നാൽ ഏതൊരുരാശി വരുമൊ അതിലെയൊ അതിന്റെ ഏഴാം രാശിയിലൊ അതുകളുടെ അഞ്ചൊമ്പതാം രാശികളിലൊ ചന്ദ്രൻ നില്ക്കുന്നസമയത്തിങ്കൽ മരിക്കും- ജനനകാലത്തിങ്കലെ ശനിയുടെ ദ്രെക്കാണാധിപനൊടു സൂൎയ്യൻ ചെന്നാൽ വരുന്നരാശിയിലൊ അതിന്റെ ഏഴാംരാശിയിലൊ അതുകളുടെ അഞ്ചൊമ്പതാം രാശികളിലൊ ആദിത്യൻ നില്ക്കുന്ന സമയത്തിങ്കൽ മരിക്കും- ജനനകാലത്തിങ്കലെ ശനിയുടെ നവാംശകത്തിന്റെ അധിപനൊടു സൂൎയ്യൻചെന്നാൽ വരുന്നരാശിയിലൊ അതിന്റെ ഏഴാം രാശിയിലൊ അതുകളുടെ അഞ്ചൊമ്പതാം രാശികളിലൊ വ്യാഴം നില്ക്കുന്നകാലത്തിങ്കൽ മരിക്കും- ജനനകാലത്തിങ്കലെ ശനിയുടെ ദ്വാദശാംശത്തിന്റെ അധിപനൊടു സൂൎയ്യൻ ചെന്നാൽ വരുന്നരാശിയിലൊ അതിന്റെ ഏഴാംരാശിയിലൊ അതുകളുടെ അഞ്ചൊമ്പതാം രാശികളിലൊ ശനിനില്ക്കുന്ന കാലത്തിങ്കൽ മരിക്കും- ജനനകാലത്തിങ്കലെ ശനിയൊടും ശനിയുടെ ദ്രെക്കാണാധിപനൊടും നവാംശകാധിപനൊടും ദ്വാദശാംശാധിപനൊടും സൂൎയ്യൻ ചെന്നാൽ വരുന്ന യൊഗനവാംശകരാശികളിൽ ചന്ദ്രൻ ആദിത്യൻ, വ്യാഴം, ശനി, ഇവർ ക്രമെണ നില്ക്കുന്നകാലത്തിങ്കൽ മരിക്കുമെന്നും പറയാം- ഇനി പറവാൻപൊകുന്ന അംശഗ്രഹണത്തൊടുകൂടിയ മെൽപറഞ്ഞ ഗ്രഹങ്ങളുടെ സ്പഷ്ടങ്ങളൊടുകൂടെ വിരൊധം വന്നില്ലയെങ്കിൽ മെൽപറഞ്ഞതിനെ പ്രമാണിച്ചു മരണത്തെ പറഞ്ഞുകൊൾക- അതുകളുടെ സംവാദപരിക്ഷയെ ചെയ്യാതെ നിശ്ചയിച്ചു പറയരുത-

ഇനി ശ്ലൊകാൎത്ഥത്തെ സ്ഥിരപ്പെടുത്തുവാനായിക്കൊണ്ടു ഒരു അംശത്തിനുമാത്രമായുള്ള തൎജ്ജമകളുടെ ഭാഷയെ എഴുതുന്നു-

ശനി നില്ക്കുന്ന നവാംശാധിപനും ആദിത്യനുംകൂടി നില്ക്കുന്നരാശിയുടെയും അതിന്റെ ഏഴാംരാശിയുടെയും ത്രികൊണങ്ങളിലും ഇവർ കൂടിനിന്ന നവാംശകരാശിയിലും വ്യാഴംചെല്ലുംകാലം മരണം-

(൨൭) അഥ സൎവ്വഗ്രഹാണാം മരണകാലസ്ഥിതിരുച്യതെ ॥

അനന്തരാൎത്ഥം—— അനന്തരം സൎവ്വഗ്രഹങ്ങളുടെ മരണകാലസ്ഥിതി വചിക്കപ്പെടുന്നു.

സാരം—— സ്പഷ്ടമാകുന്നു.

൨൯. പ്രധാനസ്യവിഘംശമപ്പൂടമജ്ഞാദ്യൊതാംശസംഖ്യാഹതെ തൈസ്ത്രൈരാശികലീകൃതാദിതരസ്യാത്താംശെകസ്യൊദ്ധൃതഃ । നി

ഷഷ്ഠ്യാത്മകലാഭിരാനഖഹൃതാപ്തപൂൎവ്വസ്സമായൊജയെ അത്ത്രായാ തസ്യഗ്രഹെഭവെത്സമരണെശുദ്ധെഫ്ലവാചക്രതഃ ||

അനന്വയാൎത്ഥം— വിഹംശമസ്പുടത്തെ രണ്ടുപ്രകാരെണ ന്യസിച്ചിട്ട അജത്തിംകൽനിന്ന തുടങ്ങി യാതാംശസംഖ്യാഹതമായിരിക്കുന്ന അതുകളിൽവെച്ച ഏകത്തിംകൽ കലീകൃതമായി അതിംകൽ ഉല്പന്നമായിരിക്കുന്ന അംശകത്തിന്റെ യാതകലകൾകൊണ്ട നിഘ്നമായിരിക്കുന്ന ഇതരത്തിങ്കൽ നിന്ന ഒരു നഖഹൃതങ്ങളായിരിക്കുന്ന ലിപ്തകളെ സമായൊജിപ്പിക്കെണം അതിങ്കൽ ഒരു യാതഗ്രഹത്തിംകലൊ അത ചക്രത്തിംകൽ നിന്നശുദ്ധമായിരിക്കും വിഷമത്തിങ്കൽ ഒരു യാതഗ്രഹത്തിംകലൊ അവൻ മരണത്തിംകൽ ഭവിക്കും.

സാരം—— സ്ഫുടാദികളായ ഗ്രഹങ്ങളിൽ വെച്ച ഒന്നിന്റെ സ്ഫുടം രണ്ടെടത്തവെച്ച അതുകളിൽ ഒന്നിനെ അതിന്റെ നവാംശകത്തെ മെടംതുടങ്ങി എണ്ണിയാൽ വരുന്ന സംഖ്യകൊണ്ട ഗുണിച്ചിട്ട അതിംകൽ മറ്റതിനെ ഇലിയാക്കി അതിന്റെ നവാംശകത്തിംകൽ ചെന്ന ഇലികൾകൊണ്ട പെരുക്കി ഇരുനൂറുകൊണ്ട ഹരിച്ചാൽ കിട്ടുന്ന ഇലികളെ കൂട്ടിയാൽ അതിംകൽ വരുന്ന രാശിയിലൊ രാശിസംഖ്യ പന്ത്രണ്ടുവെച്ച അതിൽനിന്ന അതവാങ്ങിയാൽ വരുന്ന രാശിയിലൊ ഒരു ഗ്രഹം മരണകാലത്തിംകൽ നില്ക്കും-

൩൦. ആത്മാദ്ധ്യാശ്രിതരിപത്രികൊണെഷ്വപാത്യല്പാക്ഷമന്ദിരെസ്വപാഷ്ടവൎഗ്ഗെ । ന്യൂനാലൊകെ ചാഖിലാനാംഗ്രഹാണാംസഞ്ചാരസ്സ്യാൻമൃത്യുമൊനൎത്ഥമെവം ||

അന്വയാൎത്ഥം—— ആത്മാശ്രയസ്ഥത്തിംകൽനിന്നുള്ള അരിഷത്രികൊണങ്ങളിൽ വെച്ച സ്വാഷ്ടവൎഗ്ഗത്തിങ്കൽ അത്യല്പാക്ഷമായിട്ടും ന്യൂനാലൊകമായിട്ടും ഇരിക്കുന്ന മന്ദിരത്തിംകൽ അഖിലന്മാരായിരിക്കുന്ന ഗ്രഹങ്ങളുടെ സഞ്ചാരം മൃത്യുദമായിട്ടൊ അനൎത്ഥദമായിട്ടൊ ഭവിക്കും.

സാരം—— ജനനകാലത്തിങ്കൽ ചന്ദ്രനാലാശ്രയിക്കപ്പെട്ട രാശിയുടെ ഷഷ്ഠീയരാശി പന്ത്രണ്ടാംരാശി അതുകളുടെ അഞ്ചൊമ്പതാം രാശികൾ ഇതുകളിൽവെച്ച തന്റെ അഷ്ടവൎഗ്ഗത്തിങ്കൽ പരൽ വളരെകുറഞ്ഞതായിട്ടും തന്റെദൃഷ്ടിയൊടുകൂടാത്തതായിട്ടും ഉള്ള രാശി ഏതൊ അതിങ്കൽ എല്ലാഗ്രഹങ്ങളുടെ സഞ്ചാരവും മരണത്തെയൊ രൊഗാദ്യനിഷ്ടഫലങ്ങളെയൊ ഉണ്ടാക്കുന്നതാകുന്നു-

(വാ) അഥമരണലഗ്നമുച്യതെ ॥

അന്വയാൎത്ഥം— അനന്തരം മരണലഗ്നം വചിക്കപ്പെടുന്നു-

സാരം— സ്പഷ്ടമാകുന്നു-

൩൧. വിലഗ്നാദഷ്ടമൊരാശിരഷ്ടമെശാശ്രിതശ്ചയഃ । ലഗ്നെശാശ്രിതരാശ്യൊശ്ചൈരന്ധ്രരാശീഇതീഹയെ ॥

൩൨. ചതചാരസ്യൂത്ത്രികൊണെഷുലഗ്നാഗെന്ന്യതമെമൃതി । യദാചന്ദ്രാംശകക്ഷസ്യ ലഗ്നാംശഭവനസ്യവാ ॥

൩൩. മരണംനിൎദ്ദിശെന്നൄണാംചതുൎത്ഥഭവനൊദയെ । ദ്വിത്രിസംപാദതസ്സ്പഷ്ടമാദെശ്യമിതിയത്രഭെ ॥

൩൪. ലക്ഷണാന്നിബെഹൂന്യത്രവാച്യാമന്ദാദയഃസ്ഫുടം । പരസ്പരഞ്ചസംപാദംമന്ദാദീനാംനിരീക്ഷ്യച ॥

൩൫. പശ്ചാത്താസമയെതെഷാംസമ്യൿസ്ഥിതിനുയാത്സ്ഥിതിം ॥

അന്വയാൎത്ഥം— വിലഗ്നത്തിങ്കൽ നിന്ന അഷ്ടമമായിരിക്കുന്ന രാശിയും അഷ്ടമെശാശ്രിതമായിരിക്കുന്ന രാശി യാതൊന്നൊ അതും ലഗ്നെശാശ്രിതരാശികളുടെരന്ധ്രരാശികൾ യാവചിലതുകളൊ അതുകളും ഇങ്ങിനെ ഇവിടെ നാലരാശികൾ യാവചിലതുകളൊ തത്രികൊണങ്ങളിൽ വെച്ച അന്യതമം ലഗ്നഗമായിരിക്കും വിഷയത്തിങ്കൽ മൃതിവാച്യയായി ഭവിക്കുന്നു അല്ലാ എങ്കിൽ ചന്ദ്രാംശകക്ഷത്തിന്റെയൊ ലഗ്നാംശഭവനത്തിന്റെയൊ ചതുൎത്ഥഭവനൊദയത്തിങ്കൽ നൄകളുടെ മരണത്തെ നിൎദ്ദേശിക്കെണം ദ്വിത്രിസംപാദത്തെ അനുസരിച്ചിട്ട സ്പഷ്ടമാകുംവണ്ണം ആദെശ്യമായിഭവിക്കുന്നു എന്നതുഹെതുവായിട്ടയാതൊരുഭത്തിങ്കൽ ബഹുക്കളായിരിക്കുന്ന ലക്ഷണങ്ങൾ ഭവിക്കന്നുവൊ ഇവിടെ മന്ദാദികൾ സ്ഫുടമാകുംവണ്ണം വാച്യന്മാരായി ഭവിക്കുന്നു- മന്ദാദികളുടെ അന്യൊന്യമുള്ള സംപാദത്തെയും നിരീക്ഷിച്ചിട്ടപാശ്ചാത്താസമയത്തിങ്കൽ അവരുടെസ്ഥിതിയെവഴിപൊലെനിശ്ചയിക്കെണം,

സാരം— ലഗ്നത്തിന്റെ അഷ്ടമരാശി അഷ്ടമരാശ്യധിപൻ നിന്ന രാശി ലഗ്നാധിപൻ നിന്നരാശി ലഗ്നാധിപന്റെ അംശകരാശി ഈ നാല രാശികളൊ അതുകളുടെ അഞ്ചൊമ്പതാംരാശികളൊ ചന്ദ്രന്റെ അംശകരാശിയുടെയും ലഗ്നത്തിന്റെ അംശകരാശിയുടെയും നാലാംരാശികളൊ ഇതുകളിൽ ഏതെങ്കിലും ഒന്ന മരണലഗ്നമായിഭവിക്കും. ഒന്നിങ്കൽ രണ്ടൊ മൂന്നൊ ലക്ഷണങ്ങൾ ചെൎന്ന വന്നല്ലാതെ നിസ്സംശയമാകുംവണ്ണം പറയരുത എന്നുണ്ട- അതു ഹെതുവായിട്ട യാതൊരു രാശികളിൽമ

ന്ദാദികളുടെ നില അനേക പ്രമാണവശാൽ സിദ്ധമായി വരുന്നുവൊ അതുകളിൽ അവരുടെ നിലയെ നിസ്സംശയമാകും വണ്ണം പറയെണം. അതും മന്ദാദികൾക്കതപ്രകാരം ഉള്ള നിലയിൽ പരസ്പര വിരൊധമില്ലെന്നു കണ്ടിട്ടു തന്നെ വെണ്ടതാകുന്നു. അതുഹെതുവായിട്ടു അന്യൊന്യ സംവാദത്തെ അനുസരിച്ചിട്ടു മരണ കാലത്തിങ്കൽ അവരുടെ സ്ഥിതിയെ നിശ്ചയിച്ചുകൊൾക.

(വാ) ഏതജ്ജാതകവശാന്മരണകാലനിരൂപണവിഷയം॥

അന്വയാർത്ഥം—— ഇത ജാതകവശത്തെ ആശ്രയിച്ചിട്ടുള്ള മരണ കാല നിരൂപണ വിഷയമായി ഭവിക്കുന്നു.

സാരം— ഒരു പ്രകരണം ജാതകത്തെ അനുസരിച്ചിട്ടുള്ള മരണകാലചിന്തയെ ഉദ്ദെശിച്ചു പറപ്പെട്ടതാകുന്നു.

൩൬. പ്രശ്നേനാപി വക്തവ്യോമൃതികാലസ്തതോമുതെ।
മന്ദാദ്യാഃ ക്വവിധുസ്ഥാനലഗ്നാദികമഥോച്യതെ ॥

അന്വയാർത്ഥം—— പ്രശ്നംകൊണ്ടും മൃതികാലം വക്തവ്യമായി ഭവിക്കുന്നു. അതുഹെതുവായിട്ടു മന്ദാദ്യാഃ ക്വവിധുസ്ഥാനലഗ്നാദികം അനന്തരം വചിക്കപ്പെടുന്നു.

സാരം—— പ്രശ്നംകൊണ്ടും മരണകാലത്തെ പറയെണം. അതുഹെതുവായിട്ടു കാലനിർണ്ണയത്തിന്ന ഉപയൊഗിക്കുന്നതായ ശനി ഗുരു സൂര്യചന്ദ്രന്മാർ ഇന്നെടത്തു നിൽക്കുമെന്നും ഇന്നതു ലഗ്നമായി ഭവിക്കുമെന്നും ഇനിപറയുന്നു.

൩൭. മാന്ദ്യംശരാശിഗോമന്ദോഗുരുർല്ലഗ്നാംശരാശിഗഃ। ആരൂഢരാശിഗോഭാനുഃ മാന്ദിരാശിഗതശ്ശശീ ॥

൩൮. ഏതെമൃതിപ്രദാഃപ്രഷ്ടുസ്സംവാദശ്ചേൽപരസ്പരം। മൃതവാക്യാന്തവർണ്ണൊക്തരാശിഗൊത്ര്യന്തകൊഥവാ ॥

൩൯. ഗന്ദഗുർവ്വൎക്കചന്ദ്രേഷു മൃതിസ്സ്യാൽഭവനോദയെന്ദ്രാദിക്ഷു പാദശോഷസ്സു വ്യൎദ്ധാദ്യന്തായനാനിതാഃ ॥

൪൦. ഷഷ്ഠാംശിഷു ക്രമാല്ലഗ്നാദ്യാദ്വാ ഷഷ്ഠാംശാദിഷ്വപി। ലഗ്നാംശരാശിഗെ ചന്ദ്രെപ്രഷ്ടുരാധനംവദി ॥

൪൧. സപ്താംശരാശിഗതെമൊഹൊമൃതിൎമ്മാന്ദ്യംശരാശിഗെ। ചന്ദ്രമന്ദ്യംശകെനൂനക്ഷത്രയമിതരാശിഗെവിധൌ ॥

൪൨. ലൊഹസ്ത്രീക്ഷമാന്ദ്യംശെയോഗെതത്ര ഗതെമൃതിഃ। ലഗ്നേന്ദുമാന്ദ്യാദ്യമിത്യാനീതസ്ഫുടത്രയെ ॥

൪൩. യമകണ്ടകമാന്ദ്യൊക്ത്യാധൊധൂമസ്യാത്സപഞ്ചരാഗുളികൊപുത്രിതോണെ ചസ്ഥാനൈസ്സ്വരാശിഗഃ ॥

൪൪. മൃത്യുലോകസ്ഥമാന്ദിനക്ഷത്രഞ്ചമൃതിപ്രദം । ത്രിസ്ഫു
ടദേഹായുരയോഗാവസ്ഥാഭിഃകൊണ്ടമരണോദ്ധൃതഃ ॥

൪൫. താവൽകാലസമാസാദന്ന്യാധികാന്തേമൃതിർഭവേൽ । ല
ഗ്നേശസ്യതഥാംശേശബന്ധുമധ്യാഹ്നിതാധ്യരൌ ॥

൪൬. സ്വഭപ്രതീപതോമാന്ദിഭിന്നരാശ്യേമൃതിപ്രദഃ । ഏഷ്യ
ന്ന ലഗ്നസമാഹന്ത്യംസാബ്ജാന്തേലഗ്നചന്ദ്രയോഃ ।

൪൭. ബലീയസോനവാംശസ്യഭോക്താധികൃപ്ലുതാവശാൽ ।
ലഗ്നാംശേഷ്യഭിന്നാധിപിസ്ഥമാഹസ്വാംസവത്സരൈഃ ।

൪൮. മൃതിസ്ഥഗ്രഹതേജ്ഞത്രൈസമ്മബന്ധനിതംശപെ । മൃ
ത്യുപ്രദനവാംശൈശേഷ്യഭിന്നാദ്ധ്യശ്ചമൃതിപ്രദാഃ ॥

൪൯. പ്രോക്തവല്ലഗ്നപാരാതിസമ്മബന്ധനിതംശപെ ॥

അന്വയാൎത്ഥം——മാന്ദ്യംശരാശിഗനായിരിക്കുന്ന മന്ദനും ലഗ്നാംശരാശിഗനായിരിക്കുന്ന ഗുരുവും ആരൂഢരാശിഗനായിരിക്കുന്ന ഭാനുവും മാന്ദിരാശിഗതനായിരിക്കുന്ന ശശിയും ആകുന്ന ഇവർ അന്യോന്യം സംബന്ധം ഭവിക്കുന്നു എങ്കിൽ പ്രഷ്ടാവിന്നു മൃതിപ്രദന്മാരായിഭവിക്കും- മന്ദഗുൎവ്വൎക്കചന്ദ്രന്മാരിൽ അത്യന്ത ദോഷദനായിരിക്കുന്നവൻ ഭൂതവാക്യാന്തവൎഗ്ഗൊന്നാകരാശിഗനായിരിക്കും വിഷയത്തിങ്കൽ തൽഭവനോദയത്തിങ്കൽ മൃതി ഭവിക്കും- ദ്വാദിമുകളായിരിക്കുന്ന പഞ്ചഭൂതങ്ങളും യമാനനിരതങ്ങളായിരിക്കുന്നവൎഗ്ഗാദ്യന്തങ്ങളും മേഷാദികളിൽ സമയോജ്യങ്ങളായി ഭവിക്കും- ശേഷങ്ങൾ മേഷാദികളായിരിക്കുന്ന ആറുകളിലും സമായോജ്യങ്ങളായി ഭവിക്കും- ചന്ദ്രൻ ലഗ്നാംശരാശിഗനായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്റെ രുഗാദ്ധ്വാനം ഭവിച്ചു എങ്കിൽ ചന്ദ്രൻ സ്വാംശരാശിഗതനായിരിക്കും വിഷയത്തിങ്കൽ മോഹം ഭവിക്കും മാന്ദ്യംശരാശിഗനായിരിക്കും വിഷയത്തിങ്കൽ മൃതി ഭവിക്കും- ചന്ദ്രമാന്ദ്യംശകങ്ങൾ യുക്മങ്ങളാകുന്നു എങ്കിൽ വിധുതദ്രാശിഗനായിരിക്കും വിഷയത്തിങ്കൽ മോഹം വാച്യമായി ഭവിക്കുന്നു- അൎക്കമാന്ദ്യംശയോഗം സതായിരിക്കും വിഷയത്തിങ്കൽ വിധു അതിങ്കൽ ഗതനായിരിക്കും വിഷയത്തിങ്കൽ മൃതിവാച്യയായി ഭവിക്കുന്നു-ലഗ്നേന്ദുമാന്ദ്യംശനാഥാമിത്രാന്നീതസ്ഫുടത്രയത്തിങ്കൽ യമകണ്ടകനെ ആദ്യോജിപ്പിച്ചിട്ടു യാതൊന്നു ഉദ്ധരിക്കപ്പെടുന്നുവൊ അതിങ്കലും പ്രവ്യതഭവിക്കും ഇദ്ദിൎക്കൊണ്ടു ത്രികോണസ്ഥനായിയും അപ്രകാരം തദ്വ്യയരാശിഗനായിയും ഇരിക്കുന്ന അൎക്കൻമൃത്യുദനായി ഭവിക്കുന്നു അപ്രകാരം മാന്ദിനക്ഷത്രവും മൃതിപ്രദമായി ഭവിക്കുന്നു-

ത്രിസ്ഫുടസ്ഥാനാദികളിൽനിന്ന ഉരഗോന്ധുവിന്റെ ത്രികോണം യാവത്തായി ഭവിക്കുമൊ താവലപത്സര ദൌസ്സാമന്നാഡി കാന്ത ത്തികളിൽമൃതിലഗ്നേശന്ന തദംശേശൻ ബന്ധുമദ്ധ്യാഹിതാതരി യായി സന്നായിരിക്കും വിഷയത്തിങ്കൽ ഭവിക്കും- മാന്ദിസ്പ ഭ്രപ്രതിപമായിട്ട ദിനരാത്രിയിങ്കൽ മൃതിപ്രദനായി ഭവിക്കും- ലഗ്നചന്ദ്രന്മാരിൽ വെച്ച ബലീയസ്സിന്റെ നവാംശത്തിന്റെ ദ്രെഷ്കാണാധീസ മാഹന്മാസാബ്ദ്യത്തിങ്കൽ മൃതിദൊഷാധിക്യാപ്തതാവശത്തെ ആശ്രയിച്ചിട്ട ഭവിക്കും- ലഗ്നപതിക്ക തദംശെശൻ ശത്രുവായിട്ടും സമനായിട്ടും ബന്ധുവായിട്ടും സന്നായിരിക്കും വിഷയത്തിങ്കൽ ലഗ്നാംശെഷ്യദിനാദികളൊടുസമാഹന്മാസവത്സരങ്ങൾകൊണ്ട മൃതിഭവിക്കും-മൃത്യുപ്രദനവാംശെഷ്യദിനാദികളും തദംശപൻ ലഗ്നപാരാതിസമബന്ധുവായി സന്നായിരിക്കും വിഷയത്തിങ്കൽ പ്രൊക്തത്തൊട തുല്യമായിട്ട മൃതിപ്രദകളായി ഭവിക്കും-

സാരം—— ഗുളികന്റെ നവാംശകരാശിയിൽ നിൽക്കുന്ന ശനിയും ലഗ്നനവാംശകരാശിയിൽ നിൽക്കുന്ന വ്യാഴവും ആദ്ധ്യരാശിയിൽ നിൽക്കുന്ന ആദിത്യനും ഗുളികരാശിയിൽ നിൽക്കുന്ന ചന്ദ്രനും പരസ്പരവിരൊധം കൂടാതെ വരുമെങ്കിൽ അവർ പൃച്ഛകന്നു മരണത്തെ ഉണ്ടാക്കുന്നവരാകുന്നു- ശനി ഗുരു ആദിത്യൻ ചന്ദ്രൻ ഈ നാല ഗ്രഹങ്ങളിൽ അത്യന്തദൊഷകരനായിട്ടുള്ളവൻ ഭൂതവാക്കിന്റെ ഒടുക്കത്തെ അക്ഷരത്തിന്നു പറയപ്പെട്ട രാശിയിൽ നിൽക്കുമ്പൊൾ ആ രാശിയുടെ ഉദയസമയത്തിങ്കൽ മരിക്കും- ഭൂതവാക്കിന്റെ ഒടുക്കത്തെ അക്ഷരംകൊണ്ട രാശിയെ കല്പിപ്പാൻ ഉള്ളപ്രമാണം ഭ്രാമിളാദപാദശാചന്ത്യഃ ഇത്യാദിയാകുന്നു. ഇതിന്റെ ഇന്നകണ്ട വരുന്ന പ്രകാരമുള്ള വൃദ്ധഭാഷയെ താഴെ കാണിക്കുന്നു.

അഃ ആ ഇ ഈ ഉ ഊ ഋ ൠ എ ഏ ഐ ഒ ഔ ഇവ മെടം തുടങ്ങി കാണെ- ക ങ ച ഞ ട ണ ത ന പ മ യ ര ഇവയും മെടം തുടങ്ങിയാൽക്ക- ല വ ശ ഷ സ ഹ ഇവ മെടം തുടങ്ങി ആറിന്ന അപ്പൊൾ മെടം തുടങ്ങി ആറ രാശിക്ക മുമ്മൂന്നക്ഷരം മറെറവററിന്ന ഈ രണ്ട അക്ഷരം എന്നുവന്നു- എന്നാൽ ചൊദ്യത്തിന്റെ ഒടുക്കത്തെ അക്ഷരം അകാരംതാൻ കകാരംതാൻ ലകാരംതാൻ വരികിൽ മെടം ആകാരംതാൻ ങകാരംതാൻ വകാരംതാൻ വരികിൽ ഇടവം- എന്നിങ്ങിനെ തുടങ്ങി കണ്ടുകൊൾക-

മെൽ എഴുതിയ ഭാഷയെ അനുസരിച്ചിട്ട തന്നെ ഇനിയുള്ളവ

തം ഭൂതവാക്കിന്റെ അന്ത്യാക്ഷരം കൊണ്ടു രാശിയെ കല്പിച്ചു വരുന്നു-

ലഗ്നത്തിന്റെ നവാംശക രാശിയിൽ ചന്ദ്രൻ നിന്നപ്പൊൾ വൃശ്ചികന്റെ രോഗത്തിന്നു വൎദ്ധന തുടങ്ങീ എങ്കിൽ പ്രശ്നകാലത്തിങ്കൽ തന്റെ അംശകരാശി യാതൊന്നൊ- അതിങ്കൽ നിൽക്കുമ്പൊൾ ബൊധക്കെടു ഗുളികാംശക രാശിയിൽ നിൽക്കുമ്പൊൾ മരണവും ഉണ്ടാകും- ചന്ദ്രാംശകവും മാന്ദ്യംശകവും ഏകരാശിയിലായിരുന്നാൽ ആ രാശിയിൽ ചന്ദ്രൻനിൽക്കുമ്പൊൾ ബൊധക്കെട ഉണ്ടാകും- ആദിത്യ ഗുളികന്മാരുടെ അംശകങ്ങൾ ഏകരാശിയിലായാൽ ആ രാശിയിൽ ചന്ദ്രൻ നിൽക്കുമ്പൊൾ മരിക്കും- ലഗ്നേന്ദ്വാനമാനാൽഭ്യാം എന്നുള്ള ശ്ലൊകംകൊണ്ടു പറഞ്ഞ പ്രകാരം വരുത്തിയ ദെഹപ്രാണമൃത്യുക്കളുടെ സ്ഫുടങ്ങളിൽ യമകണ്ടകനെ ചെൎത്താൽ യാതൊരു നക്ഷത്രം വരുമൊ അതു മരണകാലമാകുന്നു- ഗുളികന്റെ നാൾ ത്രികൊണത്തിന്മെലും അഷ്ടമാധിപൻനിന്ന രാശിയിലും നിൽക്കുന്ന ആദിത്യൻ മരണത്തെ ഉണ്ടാക്കും ഗുളികനക്ഷത്രവും മരണത്തെ ഉണ്ടാക്കും- ത്രിസ്ഫുടനക്ഷത്രത്തിങ്കൽനിന്നു തുടങ്ങി എണ്ണിയാൽ ആയില്യം തൃക്കെട്ട രെവതി ഇതുകളിൽ ഒന്നൊരുമാകുമ്പൊൾ എത്രയാകുമൊ അത്ര സംവത്സരത്തിന്റെ അവസാനത്തിങ്കലൊ അത്ര മാസത്തിന്റെ അവസാനത്തിങ്കലൊ അത്രദിവസത്തിന്റെ അവസാനത്തിങ്കലൊ അത്രനാഴികയുടെ അവസാനത്തിങ്കലൊ മരണംഭവിക്കും- ലഗ്നാധിപന്നലഗ്നാംശകാധിപൻ ബന്ധുവാകുന്നു എങ്കിൽ മെൽ പറകപ്പെട്ടതുകളിൽ വെച്ചു സംവത്സരത്തെയും സമനാകുന്നു എങ്കിൽ മാസത്തെയും ശത്രുവാകുന്നു എങ്കിൽ ദിവസത്തെയും അതിശത്രുവാകുന്നു എങ്കിൽ നാഴികയെയും ഗ്രഹിച്ചുകൊൾക- ഗുളികൻ നിന്നതദിനരാശിയിലാകുന്നു എങ്കിൽ രാത്രിയിൽ മരിക്കും- രാത്രി രാശിയിലാകുന്നു എങ്കിൽ പകൽ മരിക്കും- ലഗ്നചന്ദ്രന്മാരിൽ വെച്ചു ബലമെറിയതിന്റെ നവാംശകത്തിങ്കൽ ചെന്ന നാഴിക കഴിച്ചു ശിഷ്ടമായ നാഴിക എത്രയൊ അത്ര ദിവസമൊ മാസമൊ സംവത്സരമൊ കഴിയുമ്പൊൾ മരിക്കും- ദൊഷത്തിന്റെ ആധിക്യത്തെയും അല്പതയെയും അനുസരിച്ചിട്ടു ദിവസാദികളെ ഗ്രഹിച്ചുകൊൾക- ശെഷം മൃത്യുസൂത്രം മുതലായതാകുന്നു- ലഗ്നാധിപന്ന ലഗ്നാംശകാധിപൻ ശത്രുവായാൽ ലഗ്നാംശകത്തിങ്കൽ ചെന്നതു കഴിച്ചു ശിഷ്ടങ്ങളായ വിനാഴികൾ എത്രയൊ അത്ര ദിവ

സം കഴിയുമ്പോൾ മരിക്കും. ബന്ധുവായാൽ അത്രസംവത്സരം കഴിയുമ്പോൾ മരിക്കും. മരണത്തിന്നു ഹേതുവായി പറഞ്ഞ സൂക്ഷ്മാദിഗ്രഹം മുതലായതിന്റെ നവാംശകത്തിന്മേൽ ചെന്നു കഴിച്ച ശിഷ്ടങ്ങളുളായ വിനാഴികകൾ ലഗ്നാധിപന്നു ലഗ്നാംശകാധിപൻ ശത്രുവായിട്ടു, സമനായിട്ടും ബന്ധുവായിട്ടും ഇരുന്നാൽ ക്രമേണ മുൻപറകപ്പെട്ടപ്രകാരം മരണത്തെ ഉണ്ടാക്കും.

(വാ) അത്രാനുഷ്ഠാനപദ്ധതിശ്ച ॥

അന്വയാൎത്ഥം—— ഇവിടെ അനുഷ്ഠാന പദ്ധതിയും ഭവിക്കുന്നു.

സാരം—— സ്പഷ്ടമാകുന്നു.

൫൦. ക്രൂരാഹിമൃത്യുഗുളികാദിക്ഷുയാവതിസ്യാല്ലഗ്നാംശകാൽ പ്രഭൃതികഷ്ടതമൊനവാംശൊ തൽകഷ്ടഭാവവശതഃഖലുതാവതീ ഷുവാപ്യൊഗതാസുദിനമാസസമാസുമൃത്യുഃ ॥

അന്വയാൎത്ഥം—ക്രൂരാഹിമൃത്യുഗുളികാദികളിൽവെച്ചു കഷ്ടതമനായിരിക്കുന്നവൻ ലഗ്നാംശകത്തിങ്കൽ നിന്നുതുടങ്ങി യാവത്തായിരിക്കുന്ന നവാംശത്തിങ്കൽ ഭവിക്കുമൊ താവതികളായിരിക്കുന്ന ദിനമാസസമകൾ ഗതകളായിരിക്കുംവിഷയത്തിങ്കൽ മൃത്യുതൽകഷ്ടഭാവ വശത്തെ ആശ്രയിച്ചിട്ടു വാച്യമായി ഭവിക്കുന്നു.

സാരം——ആദിത്യൻ, ചൊവ്വ, ശനി, രാഹു, മൃത്യു, ഗുളികൻ മുതലായവർ ഇങ്ങിനെ ഉള്ള ഇവരിൽവെച്ചു അനിഷ്ടഭാവസ്ഥിതിമുതലായ ദോഷത്തിന്റെ ആധിക്യം യാവനൊരുത്തന്നു അവൻ ലഗ്നത്തിന്റെ അംശകത്തിങ്കൽ നിന്നുതുടങ്ങി എത്രാമത്തെ അംശകത്തിങ്കൽ നില്ക്കുന്നുവൊ അത്രദിവസമൊ മാസമൊ സംവത്സരമൊ കഴിഞ്ഞാൽ മരിക്കുമെന്നു പറയെണം. ദോഷത്തിന്റെ ശക്തിയെഅനുസരിച്ചു ദിവസത്തെയും മാസത്തെയും സംവത്സരത്തെയും സ്ഥിരപ്പെടുത്തിക്കൊൾക.

൫൧. കഷ്ടാഹിമൃത്യുഗുളികാദിഷുയത്രരാശൌ തൽകാലജം നിധനദംയദിവാനിമിത്തം। തസ്യത്രികൊണഗൃഷികഷ്ടതമെത ദാനീം ചന്ദ്രാൎക്കജീവരവിജെഷുമൃതിർവിചിന്ത്യാ ।

അന്വയാൎത്ഥം —— അഹിമൃത്യുഗുളികാദികളിൽവെച്ചു കഷ്ടനായിരിക്കുന്നവനൊ അല്ല എങ്കിൽ തൽക്കാലജമായി നിധനദമായിരിക്കുന്ന നിമിത്തമൊ യാതൊരുരാശിയിങ്കൽ ഭവിക്കുമൊ അപ്പൊൾ ചന്ദ്രാൎക്കജീവരവിജന്മാരിൽ കഷ്ടനായിരിക്കുന്നവൻ അതിന്റെ ത്രികൊണങ്ങളുട്ടായിരിക്കും വിഷയത്തിങ്കൽ മൃതി

വിചിന്ത്യയായി ഭവിക്കുന്നു-

സാരം.——രാഹു മൎത്ത്യഗുളികാദികളിൽവെച്ചു ദോഷമേറിയവനൊ തൽകാലത്തിങ്കൽ ഉണ്ടായ മരണസൂചകനിമിത്തമൊ യാതൊരുരാശിയിൽ ഭവിക്കുമൊ ആ രാശിയിലൊ അതിന്റെ അഞ്ചൊമ്പതാം രാശികളിലൊ ചന്ദ്രാൎക്കഗുരുമന്ദന്മാരിൽവെച്ചു അല്പം ദോഷമേറിയവൻ നില്ക്കുന്ന സമയത്തിങ്കൽ മരിക്കും.

൭൨. ലഗ്നാദ്രന്ധ്രഭയോൎദ്വയോൎബ്ബലവതഃ പ്രാരഭ്യ യസ്മിൻഗ്രഹെ നക്ഷത്രെഥ ദ്രേക്കാണകെ തു വതിപ്രശ്നെ നവാംശെപി വാ വൃക്ഷാദെഃ പതനാദ്യനിഷ്ടമസുമൽപ്രാണ പ്രാണാദശാപി വാ സ്ഥാനം വാ ഗുളികാദികസ്യ ഭവിതാ താവദ്ദിനാന്തെ മൃതിഃ॥ ഇതി.

അന്വയാൎത്ഥം — ലഗ്നാദ്രന്ധ്രങ്ങളാകുന്ന രണ്ടുകളിൽവെച്ചു ബലവത്തിങ്കൽനിന്നു തുടങ്ങി യാതൊരു ഗ്രഹത്തിങ്കലൊ നക്ഷത്രത്തിങ്കലൊ ദ്രേക്കാണത്തിങ്കലൊ നവാംശത്തിങ്കലൊ പ്രശ്നത്തിങ്കൽ വൃക്ഷാദികളുടെ പതനാദിയായിരിക്കുന്ന അനിഷ്ടമൊ അസുമൽപ്രാണപ്രാണദശമൊ ഗുളികാദികളുടെ സ്ഥാനമൊ ഭവിക്കുന്നുവൊ താവത്ത് ദിനാന്തത്തിങ്കൽ മൃതി ഭവിക്കും.

സാരം——ലഗ്നരന്ധ്രങ്ങളിൽവെച്ചു ബലമേറിയതു ഏതൊ അതിങ്കൽനിന്നു തുടങ്ങി എത്രാംരാശിയിലൊ എത്രാമത്തെ നക്ഷത്രത്തിന്മെലൊ ദ്രേക്കാണത്തിങ്കലൊ നവാംശകത്തിങ്കലൊ ഗുളികൻ മുതലായവരുടെ സ്ഥിതി ഭവിക്കുന്നുവൊ അത്ര ദിവസം കഴിഞ്ഞാൽ മരിക്കും- ഇപ്രകാരം പ്രശ്നസമയത്തിങ്കൽ വൃക്ഷം മുതലായതിന്റെ പതനം മുതലായതു മെൽപറഞ്ഞ രാശ്യാദികളിൽ എത്രാമത്തേതിൽ ഭവിച്ചുവൊ അത്രദിവസം കഴിഞ്ഞാൽ മരിക്കുമെന്നും ഗ്രഹിച്ചുകൊൾക-

൭൩- അത്രവൊദയതൊരാശെരഷ്ടമെശാശ്രിതാലയെ । പിണ്ഡാഷ്ടവൎഗ്ഗഹീനാക്ഷരാശൌവാലഗ്നമെവഹി॥

൭൪. ശ്ലോകസ്യാസ്യൊത്തരാൎദ്ധംയ ജന്മവിഷയന്തഥാ । സപ്രശ്നീപതൊമാന്ദിദിത്യൎദ്ധെപുരൊദിതഃ॥

അന്വയാൎത്ഥം——അത്രവൊദയങ്ങളുടെ അഷ്ടമമൊ അഷ്ടമെശാശ്രിതാലയമൊ പിണ്ഡാഷ്ടവൎഗ്ഗത്തിങ്കൽ ഹീനാക്ഷമായിരിക്കുന്ന രാശിയൊ ലഗ്നമായിരിക്കും വിഷയത്തിങ്കൽ മൃതിവാച്യയായി ഭവിക്കുന്നു- ഈ ശ്ലോകത്തിന്റെ ഉത്തരാൎദ്ധമാകൊന്നൊ അതും അപ്രകാരം മുമ്പെ ഉദിതമായിരിക്കുന്ന സപ്രെതീപതൊമാന്ദിദിത്യൎദ്ധവും ജന്മവിഷയമായിട്ടും ഭവിക്കുന്നു-

സാരം——അത്രവത്തിന്റെയും ഉദയരാശിയുടെയും അഷ്ടമ

രാശികൾ രണ്ടിന്റെയും അഷ്ടമാധിപന്മാർനിന്ന രാശികൾ സമുദായാഷ്ടവർഗ്ഗത്തിങ്കൽ പരൽപതിനഞ്ചിൽ കുറഞ്ഞിട്ടു യാതൊതുരാശിയിൽ വരുന്നുവൊ ആ രാശിഇങ്ങിനെയുള്ള ഈ രാശികളിൽ ഒന്നിന്റെ ഉദയസമയത്തിങ്കൽ മരിക്കും- പിണ്ഡാഷ്ടവർഗ്ഗഹീനാക്ഷരാശ്യൌദയാഗമെമൃതിഃ എന്നുള്ള വചനവും സപ്തമപ്രതീപതൊമാന്ദിഃ എന്നുതുടങ്ങി മുമ്പെ പറകപ്പെട്ടവചനവും പ്രശ്നത്തിങ്കൽതന്നെ എന്ന നിയമിച്ചിട്ടില്ല- ജാതകത്തിങ്കലും അതുകൾ ഉപയോഗമുള്ളതുകളാകുന്നു-

(വാ) ഏതൽപ്രശ്നവശാന്മരണകാലനിരൂപണവിഷയം-

മെൽ എഴുതിയ വാക്യത്തിന്റെ അർത്ഥം ഇതിന്നുമുമ്പെ വിവരിക്കപ്പെട്ടതായ (ജാതകവശാന്മരണകാലനിരൂപണവിഷയം) എന്നുള്ളവാക്യത്തിന്റെ വിവരണക്രമത്തെ അനുസരിച്ചു ഊഹിച്ചുകൊൾക-

(വാ) പുനരപികാശ്ചനമരണകാലഗ്രഹസ്ഥിതയഉച്യന്തെ-

അന്വയാർത്ഥം—— ഇനിയും ചില മരണകാലഗ്രഹസ്ഥിതികൾവചിക്കപ്പെടുന്നു -

സാരം—സ്പഷ്ടമാകുന്നു.

൭൬. ദ്വാദശജന്മാഷ്ടമഗാഃപുംസാംദിനനാഥെന്ദുമന്ദനിജീവാഃ । വിത്തക്ഷയംപ്രവാസംരൊഗാൻജനയന്തിമരണഭീതിംവാ ॥

അന്വയാർത്ഥം—— ദ്വാദശജന്മാഷ്ടമഗന്മാരായിരിക്കുന്ന ദിനനാഥെന്ദുമന്ദനിജീവന്മാർ പുമാന്മാൎക്കു വിത്തക്ഷയത്തെയൊ പ്രവാസത്തെയൊ രൊഗങ്ങളെയൊ മരണഭീതിയെയൊ ഉണ്ടാക്കുന്നു-

സാരം—— ജനനകാലത്തിങ്കൽ ചന്ദ്രൻനിന്ന രാശിയിലും അതിന്റെ പന്ത്രണ്ടാം രാശിയിലും എട്ടാം രാശിയിലും സൂൎയ്യനൊ ചൊവ്വയൊ ശനിയൊ വ്യാഴമൊ നിൽക്കുന്ന കാലത്തിങ്കൽ ധനക്ഷയമൊ ഗൃഹം വിട്ടു പൊകയൊ രൊഗമൊ മരണഭയമൊ ഉണ്ടാകും-

൭൭. ചന്ദ്രസ്സനിധനംപ്രാപ്തസ്സപ്തമംബുധലൊഹിതൌ । ദ്വാദശെഭാസ്കരശ്ശുക്രഭൂപുത്രസ്സമാശ്രിതഃ ॥

൭൮. തുരീയംദൈവമന്ത്രീവരൊപുകെതുശനൈശ്ചരാഃ । ജന്മസ്ഥാഃപ്രാണസന്ദെഹംകുൎവ്വന്ത്യെതെനസംശയഃ ॥

അന്വയാർത്ഥം —— നിധനസ്ഥാനത്തപ്രാപ്തനായിരിക്കുന്ന ചന്ദ്രനും സപ്തമത്തെ പ്രാപ്തന്മാരായിരിക്കുന്ന ബുധലൊഹിതന്മാ

ത്തം ദ്വാദശത്തെ പ്രാപ്തനായിരിക്കുന്ന ഭാസ്കരനും ഷഷ്ഠത്തെ സമാശ്രിതനായിരിക്കുന്ന ഭൃഗുപുത്രനും തൃതീയത്തെ സമാശ്രിതനായിരിക്കുന്ന ദൈവമന്ത്രിയും ജന്മസ്ഥന്മാരായിരിക്കുന്ന രാഹുകേതുശനൈശ്ചരന്മാരും ആകുന്ന ഇവർ പ്രാണസന്ദേഹത്തെ ഉണ്ടാക്കുന്നു സംശയം ഭവിക്കുന്നില്ല.

സാരം — എട്ടാമെടത്തുനിൽക്കുന്ന ചന്ദ്രനും ഏഴാമെടത്തു നിൽക്കുന്ന ചൊവ്വയും ബുധനും പന്ത്രണ്ടാമെടത്തു നിൽക്കുന്ന ആദിത്യനും ആറാമെടത്തു നിൽക്കുന്ന ശുക്രനും, മൂന്നാമെടത്തു നിൽക്കുന്ന വ്യാഴവും ജന്മത്തിങ്കൽ നിൽക്കുന്ന രാഹുകേതുക്കളും ശനിയും മരണത്തെ ഉണ്ടാക്കും സംശയമില്ല.

൫൮. പ്രഥമേച ചതുൎത്ഥേച സപ്തമേ ചാഷ്ടമേവ്യയേ ।
ക്രൂരഗ്രഹാഃപ്രദീപ്യന്തേലിപ്തപാവകസന്നിഭാഃ ॥

അന്വയാൎത്ഥം — പ്രഥമത്തിങ്കലും ചതുൎത്ഥത്തിങ്കലും സപ്തമത്തിങ്കലും അഷ്ടമത്തിങ്കലും വ്യയത്തിങ്കലും ക്രൂരഗ്രഹങ്ങൾ ലിപ്തപാവക സന്നിഭന്മാരായിട്ട പ്രദീപിക്കുന്നു.

സാരം — ജന്മരാശിയിലും അതിന്റെ നാലാമെടത്തും ഏഴാമെടത്തും എട്ടാമെടത്തും പന്ത്രണ്ടാമെടത്തും പാപഗ്രഹങ്ങൾ നിൽക്കുന്നകാലം കഷ്ടമാകുന്നു.

൫൯. ചതുൎത്ഥനിധനേചാന്ത്യേ ചന്ദ്രോനിത്യമനിഷ്ടകൃൽ ।
ശുഭദൃഷ്ടശ്ചജന്മസ്ഥോനസ്യാജ്ജന്മദിനംതഥാ-ഇതി ॥

അന്വയാൎത്ഥം — ചതുൎത്ഥത്തിങ്കലും നിധനത്തിങ്കലും അന്ത്യത്തിങ്കലും ചന്ദ്രൻ എന്നും അനിഷ്ടകൃത്തായി ഭവിക്കുന്നു. ജന്മസ്ഥനായിരിക്കുന്ന ശശി ശുഭദൃഷ്ടനായിട്ടും ജന്മദിനം മുഴുവൻ അപ്രകാരമല്ലാതെയും ഭവിക്കുന്നു.

സാരം — നാലാമെടത്തും എട്ടാമെടത്തും പന്ത്രണ്ടാമെടത്തും നില്ക്കുന്ന ചന്ദ്രൻ എന്നും ദോഷത്തെ ചെയ്യുന്നവനാകുന്നു. ജന്മത്തിങ്കൽ നില്ക്കുന്ന ചന്ദ്രൻ ജന്മനക്ഷത്രത്തിന്മേൽ അല്ലെങ്കിൽ ഇഷ്ടഫലത്തെ ഉണ്ടാക്കും ജന്മനക്ഷത്രത്തിന്മേൽ ചന്ദ്രൻ നില്ക്കുന്നകാലം കഷ്ടമാകുന്നു.

൬൦. ഇത്ഥംസംചിന്ത്യനിശ്ചിത്യസസംവാദംപരസ്പരം । ഖെ
ചരാണാമവസ്ഥാനംസമയഃകഥ്യതാമിതി ॥

അന്വയാൎത്ഥം — ഇപ്രകാരം സംചിന്തിച്ചിട്ട ഖെചരന്മാരുടെ പരസ്പരം സസംവാദമായിരിക്കുന്ന അവസ്ഥാനത്തെ നിശ്ചയിച്ചിട്ട മൃതിയുടെ സമയം കഥിക്കപ്പെടേണം.

സാരം — മെൽ പറഞ്ഞ പ്രകാരം നല്ലവണ്ണം വിചാരിച്ചി

ട്ടു സൂൎയ്യാദിഗ്രഹങ്ങളുടെ അന്യോന്യ വിരോധത്തോടു കൂടാതെ ഉള്ള സ്ഥിതിയെ നിശ്ചയിച്ചിട്ടു മരണകാലത്തെ പറയെണം-

## ഇതി ദശമോദ്ധ്യായഃ

## ഏകാദശാദ്ധ്യായപ്രാരംഭഃ

(വാ) അഥമരണനിമിത്താന്യുച്യന്തെ ॥

അന്വയാൎത്ഥം — അനന്തരം മരണ നിമിത്തങ്ങൾ വചിക്കപ്പെടുന്നു-

സാരം — സ്പഷ്ടമാകുന്നു-

൧. ക്രമെണമരണംവഹ്നിസലിലായുധജ്വൎത്തിഭിഃ । അജ്ഞാതരൊഗതൃൾക്ഷുൽഭിരൎക്കാദ്യൈരഷ്ടമസ്ഥിതൈഃ ॥

അന്വയാൎത്ഥം — അഷ്ടമസ്ഥിതന്മാരായിരിക്കുന്ന അൎക്കാദ്യന്മാരെക്കൊണ്ടു ക്രമെണവഹ്നിസലിലായുധ ജ്വൎത്തികൾ ഹെതുവായിട്ടും അജ്ഞാതരൊഗ തൃൾക്ഷുത്തുകൾ ഹെതുവായിട്ടുമുള്ള മരണം വാച്യമായി ഭവിക്കുന്നു-

സാരം — എട്ടാമെടത്തുനില്ക്കുന്ന സൂൎയ്യാദിസപ്തഗ്രഹങ്ങളെക്കൊണ്ടു ക്രമെണ തീ ഹെതുവായിട്ടും വെള്ളം ഹെതുവായിട്ടും ആയുധം ഹെതുവായിട്ടും പനിഹെതുവായിട്ടും ഇന്നതെന്നൊരുവനാലും അറികപ്പെട്ടതല്ലാതെ ഇരുന്നതായ ഒരു വ്യാധി ഹെതുവായിട്ടും തണ്ണീർദാഹം ഹെതുവായിട്ടും വിശപ്പുഹെതുവായിട്ടും ഉള്ള മരണത്തെ പറയെണം-

൨. ദൃഷ്ടെഷ്ടമെതു സൂൎയ്യാദ്യൈസ്സ്വൽപ്രൊക്താസ്ഥ്യാദിജാമയൈഃ । മൃത്യുസ്ഥപാഥതൽപ്രൊക്തപിത്തവഹ്ന്യാദിസംഭവഃ ॥

അന്വയാൎത്ഥം — അഷ്ടമം സൂൎയ്യാദ്യന്മാരാൽ ദൃഷ്ടമായിരിക്കിൽ വിഷയത്തിങ്കലാകട്ടെ തൽപ്രൊക്താസ്ഥ്യാദി ജാമയങ്ങൾ ഹെതുവായിട്ടുള്ള മൃത്യുവാച്യമായി ഭവിക്കുന്നു- അല്ല എങ്കിൽ തൽപ്രൊക്തപിത്ത വഹ്ന്യാദി സംഭവമായിരിക്കുന്ന മൃത്യു വാച്യമായി ഭവിക്കുന്നു-

സാരം — എട്ടാമെടത്തു സൂൎയ്യൻമുതലായവരുടെ ദൃഷ്ടിയുണ്ടെങ്കിൽ അവരാൽ പറകപ്പെട്ട അസ്ഥി മുതലായ ധാതുക്കളിൽനി

നുണ്ടായ രോഗം ഹേതുവായിട്ടു മരിക്കുമെന്നു പറയെണം- അല്ലാഎംകിൽ അവക്കു പറകപ്പെട്ട പിത്താദികൾ ഹെതുവായിട്ടൊ അഗ്നി മുതലായതുകൾ ഹെതുവായിട്ടൊ മരിക്കുമെന്നു പറയെണം-

൯. അസ്ഥിരക്തഞ്ചമജ്ജാത്വഗ്വസാശുക്ലഞ്ചവസ്നസാ। ഏവംഹിധാതവസ്സപ്തസൂൎയ്യാദീനാംപ്രകീൎത്തിതാഃ॥

അന്വയാൎത്ഥം—— അസ്ഥിയും രക്തവും മജ്ജാവും ത്വക്കും വസയും ശുക്ലവും വസ്നസയും ഇങ്ങിനെ പ്രസിദ്ധങ്ങളായിരിക്കുന്ന എഴ ധാതുക്കൾ സൂൎയ്യാദികൾക്കു പ്രകീൎത്തിതങ്ങളായി ഭവിക്കുന്നു-

സാരം—അസ്ഥി എന്നധാതു സൂൎയ്യന്റെയും രക്തമെന്നധാതു ചന്ദ്രന്റെയും മജ്ജാവന്ന ധാതു ചൊവ്വയുടെയും ത്വക്കെന്ന ധാതു ബുധന്റെയും വസാ എന്നധാതു വ്യാഴത്തിന്റെയും ശുക്ലമെന്നധാതുശുക്രന്റെയും വസ്നസാ എന്ന ധാതു ശനിയുടെയുമാകുന്നു-

൧൦. പിത്തംവാതകഫൌപിത്തംവാതപിത്തകഫാഃകഫഃ। കഫപാതൌചവാതശ്ചസൂൎയ്യാദീനാമുദീരിതാഃ॥

അന്വയാൎത്ഥം—— പിത്തവും വാതകഫങ്ങളും പിത്തവും പിത്തവാതകഫങ്ങളും കഫവും കഫവാതങ്ങളും വാതവും സൂൎയ്യാദികൾക്കു ഉദീരിതങ്ങളായി ഭവിക്കുന്നു-

സാരം—— സൂൎയ്യനും ചൊവ്വക്കും പിത്തം ചന്ദ്രനും ശുക്രനും വാതകഫങ്ങൾ ബുധനു വാതവും പിത്തവും കഫവും വ്യാഴത്തിനു കഫം ശനിക്കുവാതം ഇങ്ങിനെ സൂൎയ്യാദി ഗ്രഹങ്ങളുടെ ദൊഷവിഭാഗം-

൧൧. കാലാംശേഷ്വഷ്ടമോരാശിൎഗ്രഹൊവാഷ്ടമവീക്ഷകഃ। ജന്മകാലെസ്ഥിതൊയത്ര്യംശെതൽഗംദൊൽഭവഃ॥

അന്വയാൎത്ഥം—— അഷ്ടമമായിരിക്കുന്ന രാശിയൊ അഷ്ടമവീക്ഷകനായിരിക്കുന്ന ഗ്രഹമൊ ജന്മകാലത്തിങ്കൽ കാലാംശങ്ങളിൽ വെച്ചു യാതൊന്നിങ്കൽ സ്ഥിതമായിരിക്കുന്നു അംശത്തിങ്കൽ തൽഗദൊൽഭവം ഭവിക്കും-

സാരം— ജനന ലഗ്നാൽ അഷ്ടമരാശിയൊ അവിടെക്കു ദൃഷ്ടിയുള്ള ഗ്രഹമൊ കാലാംശാനിഖരാംശമിത്യാദി ഹൊരാ ശ്ലൊകത്തൊടുഅനുസരിച്ചുനൊക്കുമ്പൊൾ യാതൊരു കാലാംശത്തിങ്കലായിരുന്നുവൊ ആ അംശത്തിങ്കൽ മരണ ഹെതുവായിരിക്കുന്ന രോഗത്തിന്റെ ഉൽപത്തിയെ പറഞ്ഞു കൊൾക.

൩൬. ഗ്രഹയോഗേക്ഷണാഭാവേ നിധനേ നിധനാധിപഃ । ദ്വാവിംശത്ര്യംശപോ വാപി സപാപൈൎമ്മരണപ്രദഃ ॥

അന്വയാൎത്ഥം— നിധനത്തിങ്കൽ ഗ്രഹയോഗേക്ഷണാഭാവം സത്തായിരിക്കും വിഷയത്തിങ്കൽ നിധനാധിപനോ ദ്വാവിംശത്ര്യംശപനോ സപാപന്മാരായ്ക്കൊണ്ടു മരണപ്രദനായി ഭവിക്കും.

സാരം— അഷ്ടമത്തിങ്കൽ ഗ്രഹം നിന്നിട്ടുമില്ലെന്നും ഗ്രഹം നോക്കീട്ടുമില്ല എന്നും വരികിൽ അഷ്ടമാധിപനോ ഇരുപത്തു രണ്ടാം ദ്രേക്കാണത്തിന്റെ അധിപനോ തനിക്കു പറഞ്ഞിട്ടുള്ള നിമിത്തങ്ങളെക്കൊണ്ടു മരണത്തെ ഉണ്ടാക്കുമെന്നറിക.

൩൭. ധാതവശ്ചാത്ര ദോഷാശ്ച പ്രോക്താ വഹ്ന്യാദയോ ഗുണാഃ । മന്ദേന്ദ്വാദിസംയുക്തേഷ്വേഷാം യോഗാദിരീരിതഃ ॥

൩൮. രോഗേണ തത്ര ജാതേന പുരുഷസ്യ മൃതിർഭവേത് । ഭാനുനാ വാസൃഗ്ജ്വാലപീഡ ക്ഷാംഗേ ഗദസ്യ വാ ॥

൩൯. അതിസാരോ നിശാഭർത്രാ വെപഥുശ്ചന്ദ്രസൂനുനാ । ഗുരുണാ ശ്വയഥുഃ പാദേ ക്ഷീണാംഗേ ച വേദനാ ॥

൪൦. ക്ഷയശ്ശോഫശ്ച ശുക്രേണ ശ്വാസശ്വാസാദിനേക്ഷിതേ । രാഹുണാ സന്ധിസാദാദി മാന്ദിനോന്മാദസംഭവഃ । മൂൎച്ഛാ ദ്രോഹീയസീ മന്ദേ യമകണ്ടകവീക്ഷിതേ ॥

൪൧. ഖരദ്ധപ്രഹാരേണ സമാസന്നേസുനിൎഗ്ഗമേ । കാലദ്രഷ്ടൈൎവദേത്പ്രാജ്ഞോ നൃണാം ഞ്ചേരതാം മൃതിഃ ॥

അന്വയാൎത്ഥം— പ്രോക്തങ്ങളായിരിക്കുന്ന ധാതുക്കളും ത്രിദോഷങ്ങളും വഹ്ന്യാദികളും ഗുണങ്ങളായി ഭവിക്കുന്നു. മന്ദൻ സൂൎയ്യാദി സംയുക്തനായിരിക്കും വിഷയത്തിങ്കൽ അവൎക്കു ഈരിതമായിരിക്കുന്ന അസ്ഥ്യാദികളായിട്ടുള്ളവ യാതൊന്നോ അതിങ്കൽ ജാതമായിരിക്കുന്ന രോഗം ഹേതുവായിട്ടു പുരുഷന്മാൎക്കു മൃതിവാച്യയായി ഭവിക്കും. മന്ദൻ ഭാനുവിനാലൊ അസൃക്കിനാലൊ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ ക്ഷതാംഗത്തിങ്കൽ അസൃഗ്ദ്രവയായിരിക്കുന്ന രുക്ക വാച്യയായി ഭവിക്കും. നിശാഭൎത്താവിനാൽ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ അതിസാരം വാച്യമായി ഭവിക്കും. ചന്ദ്രസൂനുവിനാൽ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ വെപഥു വാച്യമായി ഭവിക്കും. ഗുരുവിനാൽ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ പാദത്തിങ്കൽ പാദത്തിങ്കൽ ശ്വയഥുവും ക്ഷീണാംഗത്തിങ്കൽ വേദനയും വാച്യങ്ങളായി ഭവിക്കും. ശുക്രനാൽ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ ക്ഷയവും ശോഫവും വാ

ച്ച്യങ്ങളായി ഭവിക്കും. നിരീക്ഷിതനായിരിക്കും വിഷയത്തിങ്കൽ കാസശ്വാസാദി വാച്യമായി ഭവിക്കും. രാഹുവിനാൽ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ സന്ധിസാദാദി വാച്യമായി ഭവിക്കും. മാന്ദിയാൽ ദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ ഉന്മാദസംഭവം വാച്യമായി ഭവിക്കും. മന്ദൻ യമകണ്ടകവീക്ഷിതനായിരിക്കും വിഷയത്തിങ്കൽ ഭാഷീയസിദ്ധായിരിക്കുന്ന മൂൎഛാവാച്യയായി ഭവിക്കും. അൎദ്ധപ്രഹാരനാൽ വീക്ഷിതനായിരിക്കും വിഷയത്തിങ്കൽ അരസ്സുവാച്യമായി ഭവിക്കും. രവിയുടെ പുത്രൻ കാലദൃഷ്ടനായിരിക്കും വിഷയത്തിങ്കൽ അസുനിൎഗ്ഗമം സമാസന്നമായിരിക്കും വിഷയത്തിങ്കൽ ചരണ്ടുകളായിരിക്കുന്ന സ്ഥലങ്ങൾ കളമൂതി വാച്യയായി ഭവിക്കും.

സാരം—— മേൽപറയപ്പെട്ട ധാതുക്കളും വാതപിത്തകഫങ്ങളും അഗ്നിമുതലായവയും ഗുണമെന്നുള്ള പേരോടു കൂടിയതുകളാകുന്നു. ശനി ആദിത്യൻമുതലായ ഗ്രഹങ്ങളോടു കൂടി നിന്നാൽ അവക്കുള്ള ധാതുക്കൾ മുൻ പറഞ്ഞ പ്രകാരം ഏതെതുകളായി ഭവിക്കുമൊ അതുകളിൽ ഉണ്ടാകുന്ന രോഗങ്ങൾ ഹേതുവായിട്ടു മരണം ഭവിക്കുമെന്നറിക. ശനി ആദിത്യന്റെയൊ ചൊവ്വയുടെയൊ ദൃഷ്ടിയോടു കൂടിയവനായാൽ വലത്തുഭാഗത്തിങ്കലുള്ള ശരീരാവയവത്തിങ്കൽ രക്തോത്ഭവമായിരിക്കുന്ന രോഗമുണ്ടാകും. ശനിക്കു ചന്ദ്രദൃഷ്ടി ഉണ്ടായാൽ അതിസാരവും ബുധദൃഷ്ടി ഉണ്ടായാൽ വിറയലും വ്യാഴദൃഷ്ടി ഉണ്ടായാൽ കാലിന്മേൽ വീക്കവും ദക്ഷിണാംശത്തിങ്കൽ വേദനയും ശുക്രദൃഷ്ടി ഉണ്ടായാൽ ക്ഷയവും വീക്കവും ആരുടെയും ദൃഷ്ടിയില്ലാ എങ്കിൽ കാസശ്വാസങ്ങൾ തുടങ്ങിയുള്ള രോഗങ്ങളും രാഹുദൃഷ്ടി ഉണ്ടായാൽ സന്ധികൾ തളരുകയും മററും പല രോഗങ്ങളും ഗുളികന്റെ ദൃഷ്ടി ഉണ്ടായാൽ ചിത്തഭ്രമവും യമകണ്ടകദൃഷ്ടി ഉണ്ടായാൽ വളരെക്കാലം നിൽക്കുന്നതായ ബാധകൊണ്ടും മരണഹേതുവായി ഉൽഭവിക്കും. ശനിക്കു അൎദ്ധപ്രഹാരന്റെ ദൃഷ്ടി ഉണ്ടായാൽ മേൽപ്രകാരം വ്രണമുണ്ടാകും. കാലദൃഷ്ടി ഉണ്ടായാൽ പ്രാണനിൎഗ്ഗമം അടുത്തിരിക്കുമ്പോൾ സഞ്ചാരം നിമിത്തമായിട്ടു മരിക്കും.

൨൮. മാന്ദ്യാശ്രിതനവാംശകാദ്ഗ്രഹഗാസ്സൌമ്യാസ്സുമൃത്യുപ്രദാഃ പാപാസ്സൂത്രഗതാസ്സുദുൎമ്മൃതികരാസ്സ്യുഃ ഷഷ്ഠ്യക്കളുവീചയതേഃ। ക്ഷീണേന്ദുസ്സലിലെയ്യധിക്ഷിതിസുതഃസ്സൂക്ഷ്മാത്മം ജാവബ്ധ്യേനാദ്രാഹുഃ പന്നഗദംശനാന്മരണമൊയദപാവിഷസ്സ്പൎശനാൽ ॥

അന്വയാൎത്ഥം—— മാന്ദ്യാശ്രിത നവാംശകാദ്ഗ്രഹഗന്മാരായി

രിക്കുന്ന സൌമ്യന്മാർ സ്വമൃത്യുപ്രദന്മാരായി ഭവിക്കും. അവിടെ ഗതന്മാരായിരിക്കുന്ന പാപന്മാരാകട്ടെ ദുർമ്മൃതികരന്മാരായി ഭവിക്കും. അവരിൽ വെച്ചു അർക്കൻ ഉർവീപതിയിങ്കൽ നിന്നും ക്ഷീണേന്ദു സലിലത്തിങ്കലും ക്ഷിതിസുതൻ യുദ്ധത്തിങ്കലും സൂര്യാത്മജൻ വഞ്ചനം ഹേതുവായിട്ടും രാഹു പന്നഗദംശനം ഹേതുവായിട്ടും അല്ലാ എങ്കിൽ വിഷസ്പർശനം ഹേതുവായിട്ടും മരണമന്നായി ഭവിക്കും.

സാരം—— ഗുളിക നവാംശകരാശിയുടെ ഏഴാമെടത്തു ശുഭഗ്രഹങ്ങൾ നിന്നാൽ മരണം നന്നായിവരും അവിടെ പാപഗ്രഹങ്ങൾ നിന്നാൽ ദുർമ്മരണം ഫലമാകുന്നു. പാപഗ്രഹങ്ങളിൽ വെച്ചു ആദിത്യൻ ഗുളികനവാംശക രാശിയുടെ ഏഴാമെടത്തു നിന്നാൽ രാജാവിങ്കൽ നിന്നു മരണം ഫലം. ക്ഷീണചന്ദ്രൻ നിന്നാൽ ജലംഹേതുവായി മരിക്കും. ചൊവ്വനിന്നാൽ യുദ്ധത്തിങ്കൽ മരിക്കും. ശനിനിന്നാൽ വഞ്ചനം ഹേതുവായിട്ടു മരിക്കും. രാഹുനിന്നാൽ പാമ്പുകടിച്ചിട്ടോ വിഷത്തെ സ്പർശിച്ചിട്ടോ മരിക്കും.

(വാ) ഏതൽപ്രശ്നേവിചിന്ത്യം ॥

അന്വയാർത്ഥം—— ഇത പ്രശ്നത്തിങ്കൽ വിചിന്ത്യമാകുന്നു.

സാരം—— സ്പഷ്ടമാകുന്നു.

ഫമം. ക്ഷുത്തൃട്തോയവികാരതശ്ച പിടകാദ്യുഗ്രാമയൈർവ്വായു
നാ ഗുന്മാംശോത്ഥിതവേദനാഭിരധികൈശ്ശോഫപ്രമേഹക്ഷ
യൈഃ। കാസശ്വാസസമീരതോമൃതിരിനാദീനാംശനൈസ്ത്ര്യംശ
ഗേ ത്ര്യംശേശായമിതൈരഹിവീക്ഷിതയുതാ മൃത്യുർവ്വിഷോത്ഥാമ
യൈഃ॥

അന്വയാർത്ഥം——ശനി ഇനാദികളുടെ ത്ര്യംശഗനായിരിക്കും വിഷയത്തിങ്കൽ ക്ഷുത്തിഹേതുവായിട്ടും തോയവികാരം ഹേതുവായിട്ടും പിടകാദ്യുഗ്രാമയങ്ങൾ ഹേതുവായിട്ടും വായുഹേതുവായിട്ടും ഗുന്മാംശോത്ഥിതവേദനകൾ ഹേതുവായിട്ടും അധികങ്ങളായിരിക്കുന്ന ശോഫപ്രമേഹക്ഷയങ്ങൾ ഹേതുവായിട്ടും കാസശ്വാസസമീരന്മാർ ഹേതുവായിട്ടും മൃതി വാച്യയായി ഭവിക്കുന്നു. ത്ര്യംശേശന്മാരായിരിക്കുന്ന അവർ അഹിവീക്ഷിതയുതന്മാരാകുന്നു എങ്കിൽ വിഷോത്ഥാമയങ്ങൾകൊണ്ടു മൃതി വാച്യയായി ഭവിക്കുന്നു.

സാരം——ആദിത്യദ്രേക്കാണത്തിങ്കൽ ശനിനിന്നാൽ ജ്വരം ഹേതുവായിട്ടു മരണം. ചന്ദ്രദ്രേക്കാണത്തിങ്കൽ നിന്നാൽ ജ

ലരോഗം ഹെതുവായിട്ടമരണം- ചൊവ്വയുടെ ദ്രെക്കാണത്തിങ്കൽ നിന്നാൽ ക്ഷതമുതലായ ഉഷ്ണരൊഗങ്ങൾ ഹെതുവായിട്ടമരണം- ബുധൻ ബുധദ്രെക്കാണത്തിങ്കൽ നിന്നാൽ വായുകൊപം ഹെതുവായിട്ട മരണം- ഗുരു ദ്രെക്കാണത്തിങ്കൽ നിന്നാൽ ഗുന്മം, ശരീരവെദനാ ഇതുകൾ ഹെതുവായിട്ട മരണം ശുക്രദ്രെക്കാണത്തിങ്കൽനിന്നാൽ വിക്കം, പ്രമെഹം, ക്ഷയം ഇതുകൾ ഹെതുവായിട്ട മരണം- ശനി ദ്രെക്കാണത്തിങ്കൽ നിന്നാൽ കഫ, എക്കം, വാതവ്യാധി ഇതുകൾ ഹെതുവായിട്ട മരണം- ശനി നില്ക്കുന്ന ദ്രെക്കാണത്തിന്റെ അധിപന്ന രാഹുവിന്റെ ദൃഷ്ടിയൊ രാഹുവിനൊടുള്ള യൊഗമൊ ഉണ്ടെങ്കിൽ വിഷം ഹെതുവായിട്ടുണ്ടായ രൊഗങ്ങൾ മരണ ഹെതുക്കളായിഭവിക്കും-

ശ്ലൊ- സൌമ്യാനാമംശരാശൌ ഗതവതിരവി ജെസപക്ഷാത്തുംഗാദിഗെവാജീവക്ഷസ്ഥെവിം ശക്താ ന്നിയതഇഹഗൃഹെപുത്രമിത്രാദ്യപെതഃ നീചാരാത്യാലയസ്ഥെരവിഭവിരഹിതൊബന്ധുദ്ദിഷ്ടൊതസ്സൻ സപ്തൃംശെതൃതിസൃതഹിഗുളികസമെതെക്ഷിതെ സപ്പമെഷ്ടെ ॥

അനന്വയാൎത്ഥം—രവിങ്കൻ സൌമ്യന്മാരുടെ അംശരാശികളെ ഗതവാനായിട്ടൊ ഇരിക്കുംവിഷയത്തിങ്കലും ഇവൻ ജീവക്ഷസ്ഥനായിരിക്കും വിഷയത്തിങ്കൽ വിശെഷിച്ചും ഗൃഹത്തിങ്കൽ പുത്രമിത്രാദ്യപെതനായിട്ട മരിക്കുന്നു- രവിഭുനീചാരാത്യാലയസ്ഥനായിരിക്കും വിഷയത്തിങ്കൽ ബന്ധുക്കളൊട രഹിതനായി ദുഃഖിതനായി സനായിട്ട മരിക്കുന്നു. ഇവൻ അഹിഗുളികസമെതെക്ഷിതനായിട്ട സപ്തൃംശത്തിങ്കൽ തിഷ്ഠനായിരിക്കും വിഷയത്തിങ്കൽ നപ്പമഷ്ടനായിട്ട മരിക്കുന്നു.

സാരം—ശനിക്ക സൌമ്യക്ഷെത്രത്തിലുള്ളസ്ഥിതിയുംനെനൃഷ്യരാശ്യംശകവും അല്ലാഎങ്കിൽ സ്വക്ഷെത്രത്തിങ്കലൊ സ്വൊച്ചരാശിയിലൊ ഉള്ളസ്ഥിതിയും ബന്ധുക്ഷെത്രസ്ഥിതിമുതലായതുമുണ്ടായിരുന്നാൽ പൃഷ്ടാവ തന്റെ ഭവനത്തിൽ പുത്രന്മാരുടെയും ബന്ധുക്കളുടെയും നടുവിൽകിടന്നു മരിക്കുമെന്നുപറയെണം- ശനിയുടെസ്ഥിതി ഗുരുക്ഷെത്രത്തിങ്കലായാൽ വിശെഷിച്ചും മെൽപ്രകാരം പറയെണം- നീചരാശിയിലൊ ശത്രുക്ഷെത്രത്തിലൊ ശനിനിന്നാൽ ബന്ധുക്കളൊട വെർപെട്ടവനായിയും പ്രബലമായ ദുഃഖത്തൊടുകൂടിയവനായിയും ഭവിച്ചിരിക്കുന്നവനായിട്ട മരിക്കും- രാഹുഗുളികന്മാരുടെ യൊഗത്തൊടൊ ദൃഷ്ടിയൊടൊ കൂടിയവനായിട്ട ശനി സപ്പദ്രെക്കാണത്തിങ്കൽനിന്നാ

ൽ സർപ്പത്താൽ കടിക്കപ്പെട്ടവനായിട്ടു മരിക്കും-

൧൭. മന്ദേ ഭൌമയുതേഥ വാരവിയുതേ ക്ഷേത്രസ്ഥിതേവാന യൊ ശ്ശുഭൈർവഹ്നിമയെ സ്ഥിതെ ഗുളികൊ പെക്ഷിതെ ഗൌണ്യമൃതിഃ ഏവം ഭൂതശനൌജലഗ്രഹയുതെ തല്പാംബുപാതാദിഭി ൎദ്ദോഷെസത്യുദിതെ ബുഭൂരഖചരക്ഷേത്രാന്വിതെവാരിണി ॥

അന്വയാൎത്ഥം——മന്ദൻ ഭൌമയുതനായിട്ടോ രവിയുതനായിട്ടോ ഇവരുടെ ക്ഷേത്രസ്ഥിതനായിട്ടോ വഹ്നിമയമായിരിക്കുന്ന ഭൂതത്തിങ്കൽ അശ്ശുഭഗുളികൊപെക്ഷിതനായി സ്ഥിതനായിരിക്കും. വിഷയത്തിങ്കൽ അഗ്നിയിങ്കൽ മൃതി വാച്യയായി ഭവിക്കുന്നു. ഏവം ഭൂതശനി ജലഗ്രഹയുതനായിരിക്കും വിഷയത്തിങ്കൽ തല്പാംബുപാതാദികൾ ഹേതുവായിട്ടു മൃതിവാച്യയായി ഭവിക്കുന്നു- ഉദിതമായിരിക്കുന്ന ദോഷം അസത്തായിരിക്കും വിഷയത്തിങ്കൽ അംബു ഭൂരഖചരക്ഷേത്രാന്വിതനായിരിക്കും വിഷയത്തിങ്കൽ വാരിയിൽ മൃതി വാച്യയായി ഭവിക്കുന്നു-

സാരം——ശനി ആദിത്യനോടൊ ചൊവ്വയോടൊ കൂടിയവനായിട്ടൊ ആദിത്യന്റെയൊ ചൊവ്വയുടെയൊ രാശിയിൽ നിന്നവനായിട്ടൊ അഗ്നിയാകുന്ന ഭൂതത്തിങ്കൽ രാഹു ഗുളികന്മാരുടെ ദൃഷ്ടിയോഗങ്ങളോടു കൂടിയവനായി വരികിൽ തീയ്യിൽ വീണു മരിക്കും-

മെൽ പറഞ്ഞപ്രകാരം ഉള്ള ശനിക്കു ജലഗ്രഹയോഗം കൂടെ ഉണ്ടാകിൽ അഗ്നിസംയോഗം ഹേതുവായിട്ടു കഠിനമായ ചൂടൊടുകൂടിയ ജലത്തിൽ വീഴുക മുതലായതുകൾ ഹേതുവായിട്ടു മരിക്കും-

മെൽ പറയപ്പെട്ട ദോഷങ്ങളോടുകൂടാതെ ശനി ജലഭൂതത്തിങ്കൽ ജലഗ്രഹയോഗത്തോടുകൂടെ ജലക്ഷേത്രത്തെ ആശ്രിതനായിനിന്നാൽ വെള്ളത്തിൽ വീണു മരിക്കുമെന്നു പറയെണം. ഇനി ഇന്ന ഭൂതത്തിങ്കൽ സ്ഥിതി എന്നറിവാനുള്ള വഴിയെ ഇതിന്നു താഴെ കാണിക്കുന്നു-

അശ്വതി തുടങ്ങിയുള്ള നാളുകളിൽ ഒന്നെകാൽനാഴിക കഴിയുന്നതുവരെ ഭൂമി പിന്നെ ഒന്നെനാഴിക കഴിയുന്നതുവരെ ജലം പിന്നെ മുക്കാൽ നാഴിക കഴിയുന്നതുവരെ അഗ്നി പിന്നെ അരനാഴിക കഴിയുന്നതുവരെ വായു പിന്നെ കാൽ നാഴിക കഴിയുന്നതുവരെ ആകാശം ഇങ്ങിനെ മൂന്നെമുക്കാൽ നാഴിക കഴിയുന്നതുവരെ ഉള്ള ഭൂതക്രമമെന്നറിക-

പിന്നെ മൂന്നെമുക്കാൽ നാഴികയിൽ മുമ്പിൽ കാൽ നാഴിക

കഴിയുന്നതുവരെ ആകാശം, പിന്നെ അരനാഴികകഴിയുന്നതുവരെവായു പിന്നെ മുക്കാൽ നാഴികകഴിയുന്നതുവരെ അഗ്നി,പിന്നെ ഒരു നാഴികകഴിയുന്നതുവരെ ജലം പിന്നെ ഒന്നെകാൽനാഴികകഴിയുന്നതുവരെ ഭൂമി ഇങ്ങിനെ ഗ്രഹിച്ചുകൊൾക. പിന്നെ മൂന്നെമുക്കാൽ നാഴികയിൽ ഒരുവൃത്തത്തിലെപൊലെ പിന്നെത്തെതിൽ മറിച്ചു ഇങ്ങിനെ മറ്റുള്ളയാമാൎദ്ധങ്ങളിലുമെന്നു ധരിച്ചുകൊൾക. ഭൂതക്രമത്തെ ഇവിടെ പ്രസംഗവശാൽ തന്ത്രാക്കളുടെ ഭാഷയിൽ യാതൊരുപ്രകാരമൊ അപ്രകാരം വിവരിച്ചു.

൧൩. ത്ര്യംശെകൊലമുഖെസ്ഥിതെമൃഗഗണൈൎഗ്ഗൃദ്ധ്രാനനെപക്ഷിഭിസ്സത്ത്രാപ്യന്ന ബലൊനതാഗുളികയൊഗെക്ഷാദികംഭാന്വാദ്യൈൎന്നെഷ്ടസ്ഥാനഗതാസ്തമാന്ദിഗ്രഹപാ സൂൎയ്യാദയൊദുൎബ്ബലാസ്സന്താന്മാതൃസഹൊത്ഥബന്ധുതനയസ്ത്രീഭൃസ്സപത്നൊമൃത്യുദാഃ॥

അന്വയാൎത്ഥം —— മന്ദൻ കൊലമുഖമായിരിക്കുന്ന ത്ര്യംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ മൃഗഗണങ്ങൾ ഹെതുവായിട്ടുള്ള മൃതി വാച്യയാകുന്നു ഗൃദ്ധ്രാനനമായിരിക്കുന്ന ത്ര്യംശത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ പക്ഷികൾ ഹെതുവായിട്ടുള്ള മൃതി വാച്യയായി ഭവിക്കുന്നു, അവിടെയും ഭാനുക്കൾ ബലൊനതാഗുളികയൊഗെക്ഷാദികം ഭവിക്കെണം മാന്ദിഗ്രഹപന്മാരായിയും ദുൎബ്ബലന്മാരായിയും നെഷ്ടസ്ഥാനഗതന്മാരായിയും ഇരിക്കുന്ന സൂൎയ്യാദികൾ താതൻ ഹെതുവായിട്ടും മാതൃസഹൊദരബന്ധുതനയസ്ത്രീകൾഹെതുവായിട്ടും താൻഹെതുവായിട്ടും മൃത്യുദന്മാരായി ഭവിക്കുന്നു.

സാരം—— ശനി കൊലദ്രെക്കാണത്തിങ്കൽ നിന്നാൽ മൃഗങ്ങൾ ഹെതുവായിട്ടും ഗൃദ്ധ്രദ്രെക്കാണത്തിങ്കൽ നിന്നാൽ പക്ഷികൾ ഹെതുവായിട്ടും മരിക്കുമെന്ന പറയെണം അങ്ങിനെ പറയെണമെങ്കിൽ ശനിക്കുബലഹാനിയും ഗുളികയൊഗദൃഷ്ട്യാദികളും ഉണ്ടായിരിക്കയുംവെണം. ഗുളികൻ നിന്ന രാശിയുടെആധിപത്യത്തൊടും ബലഹാനിയൊടും കൂടിയവനായിട്ട സൂൎയ്യൻ അനിഷ്ടഭാവത്തിങ്കൽ നിന്നാൽ അഛൻ നിമിത്തമായിട്ട മരിക്കുമെന്നും ചന്ദ്രൻ മെൽപ്രകാരമായാൽ അമ്മനിമിത്തമായിട്ടും ചൊവ്വ മെൽപ്രകാരമായാൽ സഹൊദരൻ നിമിത്തമായിട്ടുംബുധൻ മെൽപ്രകാരമായാൽ ബന്ധുനിമിത്തമായിട്ടും വ്യാഴം മെൽപ്രകാരമായാൽ പുത്രൻനിമിത്തമായിട്ടും ശുക്രൻ മെൽപ്രകാരമായാൽ ഭാൎയ്യാനിമിത്തമായിട്ടും ശനി മെൽപ്രകാരമായാൽ താ

ൻ നിമിത്തമായിട്ടും മരിക്കുമെന്ന പറഞ്ഞുകൊൾക.

൧൭. ദൌർബ്ബല്യാദിയുതശ്ശനൌ ക്ഷിതിഭുവായുക്തേക്ഷിതെ പഞ്ചതാ ചാമുണ്ഡ്യാദി നിപീഡയാരഗുളികൊപേതെസിബൊണാദിഭിഃ മന്ദേമാന്ദിവിവസ്പദീക്ഷിതയുതെകൊപെനശംഭൊസ്സുരീയാവാസാഹിതവാസഭൂതകൃതയാജ്ജൂത്ത്യാമൃതിംനിർദ്ദിശെൽ ।

അന്വയാൎത്ഥം — ദൌൎബ്ബല്യാദിയുതനായിരിക്കുന്ന ശനി ക്ഷിതിഭൂഹേതുവായിട്ട യുക്തേക്ഷിതനായിരിക്കും വിഷയത്തിങ്കൽ ചാമുണ്ഡ്യാദിനിപീഡഹേതുവായിട്ടുള്ള പഞ്ചതാ വാച്യയാകുന്നു. ആര ഗുളികൊപേതനായിരിക്കും വിഷയത്തിങ്കൽ അസിബാണാദികൾ ഹേതുവായിട്ടുള്ള പഞ്ചതാ വാച്യയാകുന്നു. മന്ദൻ മാന്ദിവിവസ്പദിക്ഷിയുതനായിരിക്കും വിഷയത്തിങ്കൽ ശംഭുവിൻെറ കൊപം ഹേതുവായിട്ട തദീയാവാസാഹിതവാസഭൂതകൃതയായിരിക്കുന്ന ജൂത്തി ഹേതുവായിട്ടുള്ളമൃതിയെ നിർദ്ദേശിക്കേണം.

സാരം — ബലഹാനിമുതലായ ദോഷങ്ങളോടുകൂടിയ ശനി ചൊവ്വയുടെ ദൃഷ്ടിയൊടൊ യോഗത്തോടൊ കൂടിയവനായിരുന്നാൽ ചാമുണ്ഡിമുതലായ ദേവതകളുടെ ബാധഹേതുവായിട്ടമരിക്കുമെന്ന പറയെണം. ചൊവ്വയൊടും ഗുളികനൊടും കൂടിയവനാകുന്നു എങ്കിൽ ഖഡ്ഗശരാദികൾ നിമിത്തമായിട്ട മരിക്കുമെന്നു പറയെണം. ശനിക്കു ഗുളികൻെറയും ആദിത്യൻെറയും ദൃഷ്ടിയോഗങ്ങൾ ഉണ്ടു എങ്കിൽ ശിവൻെറ കൊപം ഹേതുവായിട്ട ശിവക്ഷേത്രത്തിൽ വസിക്കുന്ന ഒരു ഭൂതത്താൽ ഉണ്ടാക്കപ്പെട്ടതായ പനി ഹേതുവായിട്ട മരിക്കുമെന്നു പറയെണം.

(വാ) ഏതജ്ജാതകവശാൻമൃത്യുകാലാദിനിരൂപണവിഷയം ।

അന്വയാൎത്ഥം — ഇത ജാതക വശത്തെ ആശ്രയിച്ചിട്ടുള്ളമൃത്യുകാലാദി നിരൂപണ വിഷയമായി ഭവിക്കുന്നു.

സാരം — സ്പഷ്ടമാകുന്നു.

൧൮. മൃത്യുരൊഗനിമിത്താനി കഥിതാനീതിജാതകാൽ അഥമൃത്യുപ്രദാരൊഗാഃ കഥ്യന്തെപ്രശ്നലഗ്നതഃ ॥

അന്വയാൎത്ഥം — ജാതകത്തെ അനുസരിച്ചിട്ട മൃത്യുരൊഗനിമിത്തങ്ങൾ ഇപ്രകാരം കഥിതങ്ങളായി അനന്തരം പ്രശ്നലഗ്നത്തെ ആശ്രയിച്ചിട്ട മൃത്യുപ്രദങ്ങളായിരിക്കുന്ന രൊഗങ്ങൾ കഥിക്കപ്പെടുന്നു.

സാരം — ജാതകത്തെ അനുസരിച്ചിട്ട മരണ നിമിത്തങ്ങളായിരിക്കുന്ന രൊഗങ്ങൾ ഇപ്രകാരം പറകപ്പെട്ടു. ഇനിപ്രശ്ന

ലഗ്നത്തെ അനുസരിച്ചിട്ടുള്ള നിമിത്തങ്ങളായ രൊഗങ്ങളെ പറയുന്നു-

൧൯. വീക്ഷതെയൊഷ്ടമം ഖെടസ്തസ്യ രൊഗസ്തുമൃത്യവെ ।
തദഭാവെഷ്ടമസ്ഥസ്യ തദഭാവെതദീശിതുഃ ॥

അന്വയാൎത്ഥം — യാതൊരു ഖെടൻ അഷ്ടമത്തെ വീക്ഷിക്കുന്നുവൊ അവന്റെ രൊഗംതന്നെ മൃത്യുദമായി ഭവിക്കുന്നു. തദഭാവ സത്തായിരിക്കും വിഷയത്തിങ്കൽ അഷ്ടമസ്ഥന്റെ രൊഗം മൃത്യുവിന്നായിക്കൊണ്ടു ഭവിക്കുന്നു. തദഭാവം സത്തായിരിക്കും വിഷയത്തിങ്കൽ തദീശിതാവിന്റെ രൊഗം മൃത്യുവിന്നായിക്കൊണ്ടു ഭവിക്കുന്നു.

സാരം — എട്ടാമെടത്തെക്കു ദൃഷ്ടിയുള്ള ഗ്രഹത്തിന്റെ രൊഗം മരണഹെതുവായി ഭവിക്കും. എട്ടാമെടത്തെക്കു ദൃഷ്ടിയുള്ള ഗ്രഹമില്ലാ എങ്കിൽ എട്ടാമെടത്തു നില്ക്കുന്ന ഗ്രഹത്തിന്റെ രൊഗം മരണഹെതുവായി ഭവിക്കും. എട്ടാമെടത്തെക്കു ദൃഷ്ടിയുള്ള ഗ്രഹവും എട്ടാമെടത്തു നില്ക്കുന്ന ഗ്രഹവും ഇല്ലാ എങ്കിൽ എട്ടാമെടത്തിന്റെ അധിപന്നു പറകപ്പെട്ട രൊഗം മരണഹെതുവായി ഭവിക്കും.

൨൦. അത്യഗ്നിംവെദനാമന്തൎജ്ജ്വരഞ്ചാൎക്കൊഥ ചന്ദ്രമാഃ । ഛ
ൎദ്ദിമൂൎദ്ധ്വാനനെതിൎയ്യഗാസ്യെമൂത്രാദിബന്ധനം ॥

൨൧. അതിസാരംതൃഷഞ്ചാധൊവക്ത്രെശൊഫന്തുസൎവ്വഗഃ । ഉ
ഷ്ണപ്രസരണംദാഹരക്തക്ഷൊഭഭവംവ്രണം ॥

൨൨. ഭൂമിജൊഥബുധഃകുൎയ്യാച്ഛീതജ്വരമതിഭ്രമൌ । സന്നി
പാതജ്വരാദ്യുഗ്രാന്വൈരനാജ്ജ്വവം ॥

൨൩. അജീൎണ്ണംശ്വയഥുംചാഥദാഹംമൊഹഞ്ചഭാൎഗ്ഗവഃ । ഗു
ല്മാരുചിസമന്യാംശ്ചതൊദാംസ്സൂരണിനന്ദനഃ ॥

൨൪. വായുക്ഷൊഭമഗ്നിമാന്ദ്യിൎഹിക്കാമപിസിരൊൽഗമം ।
നൃത്ത്വാദിഗ്രഹികാന്താനാമിമെരൊഗാഃപ്രകീൎത്തിതാഃ ॥

അന്വയാൎത്ഥം —— അൎക്കൻ അത്യഗ്നിയെയും വെദനയെയും അന്തൎജ്വരത്തെയും ഉണ്ടാക്കും. ഊൎദ്ധ്വാനനത്തിങ്കലെ ചന്ദ്രമസ്സ ഛൎദ്ദിയെയും തിൎയ്യഗാസ്യത്തിങ്കലെ ചന്ദ്രമസ്സ മൂത്രാദിബന്ധനത്തെയും അധൊവക്ത്രത്തിങ്കലെ ചന്ദ്രമസ്സ അതിസാരത്തെയും തൃട്ടിനെയും ഉണ്ടാക്കും. ശൊഫത്തെ അതുകൂടെ സൎവ്വഗനായിരിക്കുന്ന ചന്ദ്രമസ്സ ഉണ്ടാക്കും. ഭൂമിജൻ ഉഷ്ണപ്രസരണത്തെയും ദാഹരക്തക്ഷൊഭഭവമായിരിക്കുന്ന വ്രണത്തെയും ഉണ്ടാക്കും. ബുധൻ ശീതജ്വരമതിഭ്രമങ്ങളെയും സന്നിപാതത്തെ

ക്കിനെയും ഉണ്ടാക്കും. ഗുരു ബുദ്ധിയുടെ അനാർജ്ജവത്തെയും അജീർണ്ണത്തെയും ശ്വയഥുവിനെയും ഉണ്ടാക്കും. ഭാർഗ്ഗവൻ ദാഹത്തെയും മോഹത്തെയും ഉണ്ടാക്കും. തരണിനന്ദനൻ തൃഷ്ണാരുചിസമസ്താംഗ താപങ്ങളെ ഉണ്ടാക്കും. അഹിവായു ക്ഷോഭത്തെ ഉണ്ടാക്കും. മാന്ദി ഹിക്കയെയും സിരോൽഗമത്തെയും ഉണ്ടാക്കും. സൂര്യാദി ഗുളികാന്തന്മാർക്ക ഈ രോഗങ്ങൾ പ്രകീർത്തിതങ്ങളായി ഭവിക്കുന്നു.

സാരം—— ആദിത്യൻ അത്യുഷ്ണിയെയും വേദനയെയും ഉൾപനിയെയും ഉണ്ടാക്കും. ഊർദ്ധ്വമുഖരാശിയിൽ നിൽക്കുന്ന ചന്ദ്രൻ ഛർദ്ദിയെ ഉണ്ടാക്കും തിര്യങ്മുഖരാശിയിൽ നില്ക്കുന്ന ചന്ദ്രൻ മലമൂത്രാദി ബന്ധനത്തെ ഉണ്ടാക്കും അധോമുഖ രാശിയിൽ നില്ക്കുന്ന ചന്ദ്രൻ അതിസാരത്തെയും തണ്ണീർദാഹത്തെയും ഉണ്ടാക്കും. ചന്ദ്രൻ ഏതൊരു രാശിയിൽ നിന്നാലും വീക്കത്തെ ഉണ്ടാക്കും. ചൊവ്വ സർവ്വാംഗത്തെയു ഉഷ്ണിപ്പിക്കും. ചൂടും രക്തക്ഷോഭവും ഹേതുവായിട്ടൽ ഭവിക്കുന്ന വ്രണത്തെയും ഉണ്ടാക്കും. ബുധൻ വിറച്ചു പനിയെയും ബുദ്ധിഭ്രമത്തെയും ത്രിദോഷകോപനിമിത്തമായ പലരോഗത്തെയും ഉണ്ടാക്കും. വ്യാഴം ബുദ്ധികൌടില്യത്തെയും അജീർണ്ണദോഷത്തെയും വീക്കത്തെയും ഉണ്ടാക്കും. ശുക്രൻ ചൂട് ബാധക്കുട ഇത്തുകളെ ഉണ്ടാക്കും. ശനി തണ്ണീർദാഹത്തെയും അരുചിയെയും സർവ്വാംഗങ്ങളിലും കുത്തിനോവിനെയും ഉണ്ടാക്കും. രാഹു വായുക്ഷോഭത്തെ ഉണ്ടാക്കും. ഗുളികൻ എക്കിട്ടത്തെ ഉണ്ടാക്കും.

സൂര്യൻമുതൽ ഗുളികൻവരെ ഉള്ള മേൽ പറഞ്ഞ ഗ്രഹങ്ങൾക്കു മേൽ പറഞ്ഞ രോഗങ്ങൾ പൂർവ്വാചാര്യന്മാരാൽ പറകപ്പെട്ടതുകളാകുന്നു.

൨൫. സൂര്യാദ്യൈർഭാസ്കരാദീനാംശൈർവ്വാ ത്രിസ്ഫുടയുതെ ।
യെ രൊഗാമൃത്യുദാഃ പ്രൊക്താശ്ചിന്ത്യയെ ദിഹതാനപി ॥

അന്വയാർത്ഥം ത്രിസ്ഫുടം സൂര്യാദ്യന്മാരോടൊ ഭാസ്കരാദികളുടെ അംശങ്ങളോടൊ യുതമായിരിക്കും വിഷയത്തിങ്കൽ യാവചില രോഗങ്ങൾ മൃത്യുദങ്ങളായിട്ട പ്രൊക്തങ്ങളായി ഭവിക്കുന്നുവൊ അതുകളെയും ഇവിടെ ചിന്തിക്കേണം.

സാരം—— ത്രിസ്ഫുടം സൂര്യന്മുതലായ ഗ്രഹങ്ങളോടൊ അവരുടെ നവാംശകങ്ങളോടൊ കൂടിയാൽ ചിലരോഗങ്ങൾ മരണഹേതുക്കളായി ഉൽഭവിക്കുമെന്നു പറഞ്ഞിട്ടുണ്ട അതുകളെയും ഇവിടെ വിചാരിക്കേണം.

൨൰൬. ചന്ദ്രേലഗ്നാംശരാശിസ്ഥേവൃദ്ധിമേതിമനാഗപി । ആ
മയോയൊഭവെത്തസ്യമരണായൈവപൃച്ഛതാം ॥

അന്വയാൎത്ഥം—— യാതൊരു ആമയം ചന്ദ്രൻ ലഗ്നാംശരാ
ശിസ്ഥനായിരിക്കും വിഷയത്തിങ്കൽ അല്പമായിട്ടെങ്കിലും വൃ
ദ്ധിയെ പ്രാപിക്കുന്നുവൊ ഈ ആമയം പൃച്ഛകന്മാരുടെ മരണ
ത്തിന്നായിക്കൊണ്ടു തന്നെ ഭവിക്കും-

സാരം—— ലഗ്നത്തിന്റെ നവാംശകരാശിയിൽ ചന്ദ്രൻ വരു
ന്നസമയത്തിങ്കൽ അല്പമായിട്ടെംകിലും വൎദ്ധനയൊടുകൂടിയരൊ
ഗം പൃച്ഛകന്നു മരണഹേതുവാകുന്നു-

൨൰൭. ലഗ്നമാന്ദ്യംശകാഭ്യാംയദുദിതംപാത്രഭഞ്ജനം । ത്രിസ്ഫുട
സ്ഥോദ്ഭവന്തച്ചലക്ഷ്മതച്ചേഹചിന്ത്യതാം ॥

അന്വയാൎത്ഥം—— ലഗ്നമാന്ദ്യംശകങ്ങൾകൊണ്ടു ഉദിതമാ
യിരിക്കുന്ന പാത്രഭഞ്ജനം യാതൊന്നൊ അതും ത്രിസ്ഫുടസ്ഥോ
ദ്ഭുകൊണ്ടു ഉദിതമായിരിക്കുന്നലക്ഷ്മം യാതൊന്നൊ അതും ഇ
വിടെ ചിന്തിക്കപ്പെടെണം-

സാരം—— ലഗ്നമാന്ദ്യംശങ്ങൾ കൊണ്ടുമുമ്പെപറകപ്പെട്ടപാ
ത്രഭഞ്ജനമാകുന്ന ലക്ഷണത്തെയും ത്രിസ്ഫുട നക്ഷത്രം കൊണ്ടു
പറകപ്പെട്ട ലക്ഷണത്തെയും ഇവിടെവിചാരിക്കെണം -

(വാ) അത്രകണ്ഠാഭരണം ॥

അന്വയാൎത്ഥം—— ഇവിടെ കണ്ഠാഭരണം ഭവിക്കുന്നു-

സാരം—— ഈ വിഷയത്തിങ്കൽ ഉപയോഗമുള്ളതായ ചില
വചനം കണ്ഠാഭരണമെന്ന ഗ്രന്ഥത്തിൽ ഉണ്ടു- ഇനി അതി
നെത്തന്നെ കാണിക്കുന്നു-

൨൰൮. മൃത്യുപതിസ്ഥമിഭാനുഃപ്രബലജനസ്യാഗമൊവിഗ്രഹ്യഭ
വെൽ। ആസന്നെസതിമരണെപ്രഷ്ടുസ്യാകൊപികലഹൊവാ॥

൨൰൯. ചന്ദ്രശ്ചെമ്പനിതാഗമൊയദികുജഃകാന്തക്ഷാഗ്നുക്ഷീ
രയൊൎവ്വക്രംവ്യാമയിനൊഥവാഖല്വമൈന്ദാനീതിമത്രാനയൊഃ ।
ആയാനംവിദ്ഭഷൊബ്ധയൊയദിഗുരുൎവ്വിപ്രസ്യ ക്രൊയമി വ്യാ
പദിപ്രചതുൎത്ഥരാംയദിശനിസ്സ്യാദ്ദുഷ്ടനീചാഗമഃ ॥

൩൰. മൃത്യുശ്ചെൽഫണിയുക്സപാശിഖിയുതൊ ഭക്ഷാശിസ
പ്പാഗമസ്തുസ്മിൻകെതുയുതെഭവെച്ഛപതനം തത്രാരചന്ദ്രാന്വി
തെ । ബ്രൂയാൽഭാജനഭഞ്ജനംമരണലക്ഷ്മാഥായുരാരൊഗ്യദെപ്ര
ശ്നെതൽക്രമലക്ഷ്മചൈതദുദിതംദൈവാസുനാഥാദിഭിഃ ॥

൩൰൧. ഷഷ്ഠിഷ്ഠൊഹൊതിസാരൊമരണകരഗദാസ്ത്രിസ്ഫുടാംശെ
ഷ്വഭഗെപാൎദ്ധാന്നൃപ്യൃദ്ധപാസ്യാദ്യഭമാട്ടിന കരകുജയൊരുഷ്ണസ

ജ്വരദാഹൈ / പാതൊവാൿസംഭ്രമംവാവിദൃഗ്ഗണഹേതുഗൈർദ്ധീഭ്രമൊപെതവാണീരൊധശ്ശ്വാസസ്യവായൊ സ്ഖലനമപി ശനെർദ്ദൃഷ്ടിയുക്തൈശ്ചതൈസ്തൈഃ- ഇതി॥

അന്വയാർത്ഥം—— ഭാനുമൃത്യുപതിയാകുന്നു എങ്കിൽ പ്രഷ്ടാവിൻെറ മരണം ആസന്നമായി സത്തായിരിക്കും വിഷയത്തിങ്കൽ പ്രബലജനത്തിൻെറ വിഗ്രഹിച്ചിട്ടുള്ള ആഗമം ഭവിക്കും- ഒരു കലഹം ഭവിക്കയുമാം- ചന്ദ്രനാകുന്നു എങ്കിൽ വനിതാഗമം ഭവിക്കും. കുജനാകുന്നു എങ്കിൽ ഗുളക്ഷീരങ്ങളിൽ കാദൊ ആമയിക്കുവക്തവ്യയായി ഭവിക്കുന്നു- അല്ലാഎങ്കിൽ ഇവടെ അതുകളുടെ ആ നീതിയെ വദിക്കേണം- ബുധനാകുന്നു എങ്കിൽ വിദ്വാൻെറ ആയാനം ഭവിക്കും. ഗുരുവാകുന്നു എങ്കിൽ വിപ്രൻെറ ആയാനം ഭവിക്കും- ശുക്രനാകുന്നുഎങ്കിൽ വിപ്രചതുഷ്പാത്തുകളുടെ വ്യാപത്തു ഭവിക്കും ശനിയാകുന്നു എങ്കിൽ ദുഷ്ടനീചാഗമം ഭവിക്കും- മൃത്യുഫണിയുക്കായിട്ടൊ അതുശിഖിയുതമായിട്ടൊ ഭവിക്കുന്നു എങ്കിൽ ഭിക്ഷാശിസപ്പാഗമം ഭവിക്കും- അതുകെതുയുതമായിരിക്കുംവിഷയത്തിങ്കൽ പതനവുംഭവിക്കും. അത ആരചന്ദ്രാന്വിതമായിരിക്കും വിഷയത്തിങ്കൽ ഭാജനഭഞ്ജനമാകുന്ന മരണലക്ഷ്മത്തെ പറയെണം- ആയുരാരൊഗ്യദമായിരിക്കുന്ന പ്രശ്നത്തിങ്കൽ ശുക്ലമ ലക്ഷ്മത്തെയും പറയെണം. ഇതുമെഹാസുന്നാഫാദികളെക്കൊണ്ടു ഉദിതമായി ഭവിക്കുന്നു- ത്രിസ്ഫുടാംശം അബ്ജഭൂഗ്രക്കളുടെ ധാമമായിട്ടും സത്തായിരിക്കും വിഷയത്തിങ്കൽ ഊർദ്ധ്വശ്വാസപ്രാബല്യദൈമം ഹെതുവായിട്ട ഛർദ്ദിയും ശൊഷവും അതിസാരവും മരണകരഗദങ്ങളായി ഭവിക്കും ദിനകരകുജന്മാരുടെ ധാമമായിട്ട സത്തായിരിക്കും വിഷയത്തിങ്കൽ ഉഷ്ണസഞ്ചാരദാഹങ്ങൾ മരണകരഗദങ്ങളായി ഭവിക്കും- വിത്തിൻെറ ധാമമായിട്ട സത്തായിരിക്കും വിഷയത്തിങ്കൽ പാതമൊ വാൿസംഭ്രമമൊ മരണകര ഗദമായി ഭവിക്കും- ഗുരുവിൻെറ ധാമമായിട്ട സത്തായിരിക്കും വിഷയത്തിങ്കൽ ധീഭ്രമൊപെതവാണീ മരണ കരഗദമായി ഭവിക്കും- ശനിയുടെ ധാമമായിട്ട സത്തായിരിക്കും വിഷയത്തിൽ ശ്വാസത്തിൻെറ രൊധവും വായുവിൻെറ സ്ഖലനവും മരണകരഗദമായി ഭവിക്കും- ത്രിസ്ഫുടാംശം അതാതു ഗ്രഹങ്ങൾ ഹെതുവായിട്ട ദൃഷ്ടയുക്തമായിരിക്കും വിഷയത്തിങ്കലും ഛർദ്ദ്യാദികൾ മരണകര ഗദങ്ങളായി ഭവിക്കും-

സാരം——ആദിത്യൻ അഷ്ടമാധിപതിയാകിൽ പൃച്ഛകൻെറ

മരണം അടുത്താൽ ബെലമെറിയ ഒരുത്തൻ വൈരത്തൊടുകൂടിയ വനായിട്ടു പൃഛകഗ്രഹത്തിങ്കൽ വരും- ചന്ദ്രൻ അഷ്ടമാധിപതിയായാൽ ഒരു സ്ത്രീ വരും- ചൊവ്വയാകിൽ മരണമടുത്താൽ രൊഗിയായിരിക്കുന്ന അവന്നു ശക്കരയിലും പാലിലും ഇഛയുണ്ടാകും ശക്കരയും പാലുംകൊണ്ടു ഒരുത്തൻ അവന്റെ ഗ്രഹത്തിങ്കൽ വന്നുഎന്നു വരികയുമാം- ബുധനാകിൽ ഒരുവിദ്വാൻ അവിടെവരും- വ്യാഴമാകിൽ ബ്രാഹ്മണൻവരും- ശുക്രനാകിൽ ബ്രാഹ്മണമരണമൊ നാല്ക്കാലിമരണമൊ സമീപത്തിങ്കൽ ഉണ്ടാകും- പൃഛകഗ്രഹത്തിങ്കലുമാം- ശനിയാകിൽ ദുഷ്ടന്മാരും നീചന്മാരും പൃഛകഗ്രഹത്തിങ്കൽവരും- അഷ്ടമരാശിയിൽ രാഹുകെതുക്കൾനിന്നാൽ ഇരന്നുനടക്കുന്നവനും സപ്പവും വരും- അഷ്ടമരാശിയിൽ കെതുനിന്നാൽ വീഴ്ചയുമുണ്ടാകും- കുജചന്ദ്രന്മാർ നിന്നാൽ പാത്രം ഉടയും- ഇതുകൾ ഒക്കെയും ആസന്നമരണത്തിന്റെ ലക്ഷണങ്ങളാകുന്നു- ആയുസ്സിന്നും ആരൊഗ്യത്തിന്നും അനുകൂലമായ പ്രശ്നത്തിങ്കൽ രൊഗശമനാരംഭം അടുത്താൽ ഉണ്ടാകുന്നലക്ഷണത്തെയും പറയെണം- അത ലഗ്നാഷ്ടമാധിപന്മാർ മുതലായവരെക്കൊണ്ടു പറഞ്ഞിട്ടു- ത്രിസ്ഫുടത്തിന്റെ നവാംശകം ചന്ദ്രന്റെയൊ ശുക്രന്റെയൊ രാശിയാകിൽ അതിന്റെ ഊദ്ധ്വമുഖത്വം മുതലായ ഭെദത്തിന്നുതക്കവണ്ണം ഛദ്ദിയും വീക്കവും അതിസാരവും മരണത്തിന്നു ഹെതുവായി ഭവിക്കും- വീക്കമെന്നതു മുമ്പെ സവ്വരാശിസാധാരണമായി പറകപ്പെട്ടതുതന്നെ- എങ്കിലും കന്യാഭരണകാരമതത്തിങ്കൽ ചന്ദ്രന്നു തിയ്യഗ്വരാശിയിൽമാത്രം വീക്കത്തെക്കുറിച്ചു കത്തൃത്വമെന്നിരിക്കയാൽ മെൽപറഞ്ഞതു യുക്തമാകുന്നു എന്നൊ വീക്കത്തിന്നുമരണഹെതുത്വം ത്രിസ്ഫുടാംശകമായ ചന്ദ്രക്ഷെത്രം തിയ്യങ്മുഖമായി വരികിലല്ലാതെ ഇല്ല എന്നൊ ഗ്രഹിച്ചുകൊൾക-

ആദിത്യന്റെയൊ ചൊവ്വയുടെയൊ രാശിയാകിൽ സവ്വാംഗത്തിങ്കൽ വ്യാപിച്ചതായ ഉഷ്ണവും നീറലും മരണഹെതുവായി ഭവിക്കും- ബുധനാകിൽ വീഴ്ചയും വാക്സ്തംഭവും മരണഹെതുവായിഭവിക്കും- വ്യാഴമാകിൽ ചിത്തഭ്രമത്തെ സൂചിപ്പിക്കുന്നതായ വാക്കുകൾ പറഞ്ഞുതുടങ്ങും- എന്നാൽ ഉടനെ മരിക്കുമെന്നറിക-ശനിയാകിൽ ശ്വാസത്തിന്റെ തടവും ദെഹത്തിങ്കൽവായുസഞ്ചാരം വെണ്ടുംവണ്ണമില്ലായ്കയും മരണകാരണമായി ഭവിക്കും- മെൽപറഞ്ഞ ഗ്രഹങ്ങളുടെ ദൃഷ്ടിയൊ യൊഗമൊ ത്രിസ്ഫുടാംശകത്തിങ്കൽ ഉണ്ടായാലും ഛദ്ദ്യാദിരൊഗങ്ങൾ മരണഹെതുക്ക

ളായി ഭവിക്കുമെന്നറിക-

ശ്ലോകാവസാനത്തിന്റെ അനന്തരം എഴുതിയ ഇതിശബ്ദത്തിന്ന ഇപ്രകാരമെന്ന അൎത്ഥത്തെയും ഇപ്രകാരം കണ്ഠാഭരണം ഭവിക്കുന്നു എന്നാകയാൽ അതിന്റെ സംബന്ധം പൂൎവ്വവാക്യത്തോടാകുന്നു എന്നും ധരിച്ചുകൊൾക ഇനിയുള്ള ശ്ലോകത്തിന്റെ അനന്തരമായുള്ളതിന്റെ അൎത്ഥസംബന്ധങ്ങളും ഇപ്രകാരം തന്നെ- അതിനോടുകൂടെ സമുച്ചയത്തെ പറയുന്നതായൊരു ചകാരമുണ്ടാകും- ഇതുതന്നെ വിശേഷമെന്നും ഗ്രഹിച്ചുകൊൾക-

൩൧ പ്രാണോലഗ്നനവാംശശ്ചന്ദ്രനവാംശസ്സമീരിതോ ദേഹഃ।
ഗുളികനവാംശോ മൃത്യുഃ കാലസ്ത്രിസ്ഫുടസ്യാംശഃ॥ ഇതി ച-

അന്വയാൎത്ഥം——ലഗ്നനവാംശം പ്രാണനാകുന്നു- ചന്ദ്രനവാംശം ദേഹമെന്നു സമീരിതമായി ഭവിക്കുന്നു- ഗുളികനവാംശം മൃത്യുവാകുന്നു- ത്രിസ്ഫുടത്തിന്റെ അംശം കാലനാകുന്നു-

സാരം—ലഗ്നത്തിന്റെ നവാംശകം പ്രാണനും ചന്ദ്രന്റെ നവാംശകം ദേഹവും ഗുളികന്റെ നവാംശകം മൃത്യുവും ത്രിസ്ഫുടനവാംശകം കാലനുമാകുന്നു.

(വാ) ഏതൽ പ്രശ്നവശാന്മരണരോഗനിരൂപണവിഷയം।

അന്വയാൎത്ഥം - ഇത പ്രശ്നവശത്തെ ആശ്രയിച്ചിട്ടുള്ള മരണരോഗനിരൂപണവിഷയമാകുന്നു-

സാരം——സ്പഷ്ടമാകുന്നു-

(വാ) അഥജാതകേനൈവ മരണദേശ ഉച്യതേ।

അന്വയാൎത്ഥം——അനന്തരം ജാതകംകൊണ്ടുതന്നെ മരണദേശം വചിക്കപ്പെടുന്നു-

സാരം സ്പഷ്ടമാകുന്നു.

൩൨. മൃത്യുസ്ഥ്യാച്ചരഭേ വിദേശ ഉഭയേ മാൎഗ്ഗേ സ്വദേശേ സ്ഥിരേ
ഗ്രാമ്യാരണ്യജലാത്മകേഷു നിധനേ ഗ്രാമേ വനേ ചാന്തികേ।
സ്വച്ഛാദ്യേഷു നതോന്നതേഷു സസൽ ക്ഷേത്രാദ്യ ഊൎദ്ധ്വാന
ന്നേ ലീപാദീനി വിനിൎദ്ദിശേൽ സ്വരതവൽ ഭേനോഷ്ടമേനാമുനാ॥

അന്വയാൎത്ഥം— നിധനം ചരഭമായി സത്തായിരിക്കും വിഷയത്തിങ്കൽ വിദേശത്തിങ്കൽ മൃത്യുഭവിക്കും- ഉഭയഭമായി സത്തായിരിക്കും വിഷയത്തിങ്കൽ മാൎഗ്ഗത്തിങ്കൽ മൃത്യു ഭവിക്കും- സ്ഥിരമായി സത്തായിരിക്കും വിഷയത്തിങ്കൽ സ്വദേശത്തിങ്കൽ മൃത്യുഭവിക്കും ഗ്രാമ്യാരണ്യജലാത്മകമായി സത്തായിരിക്കും വിഷയത്തിങ്കലാകട്ടെ ഗ്രാമത്തിങ്കലും വനത്തിങ്കലും അംബാന്തികത്തിങ്കലും മൃത്യുഭവിക്കും- സമസൽക്ഷേത്രമായിട്ടും ഊൎദ്ധ്വാദ്യാ

ന്നമായിട്ടും സത്തായിരിക്കും വിഷയത്തിങ്കൽ സ്വപക്ഷമ്ലെച്ശന്ന തൊന്നതങ്ങളായിരിക്കുന്ന ദെശങ്ങളിൽ മൃത്യു ഭവിക്കും- ൻരം അഷ്ടമമായിരിക്കുന്ന ഭംകൊണ്ടു ദിപാദികളെയും-സുരതത്തിങ്കൽ എന്നപൊലെ നിർദ്ദെശിക്കെണം-

സാരം—— ലഗ്നാൽ എട്ടാമെടം ചരരാശിയാകിൽ പരദെശത്തിങ്കൽ കിടന്നുമരിക്കുമെന്ന പറയെണം- സ്ഥിരരാശിയാകിൽ സ്വദെശത്തിങ്കൽ കിടന്നുമരിക്കുമെന്നുപറയെണം- ഉഭയരാശിയാകിൽ വഴിയിൽ കിടന്നുമരിക്കുമെന്നുപറയെണം- അഷ്ടമരാശിഗ്രാമചരമാകിൽ ഗ്രാമത്തിങ്കൽ കിടന്നുമരിക്കുമെന്നുപറയെണം- വനചരമാകുന്നു എങ്കിൽ കാട്ടിൽകിടന്നുമരിക്കുമെന്നുപറയെണം- ജലചരമാകുന്നു എങ്കിൽ ജലസമീപത്തിങ്കൽ കിടന്നുമരിക്കുമെന്നുപറയെണം- അഷ്ടമം ശുഭരാശിയാകുന്നു എംകിൽ നല്ല സ്ഥലത്തിങ്കലും പാപരാശിയാകുന്നു എങ്കിൽ ചീത്തസ്ഥലത്തിങ്കലും അധൊമുഖമാകുന്നു എങ്കിൽ താണസ്ഥലത്തിങ്കലും ഊൎദ്ധ്വമുഖമാകുന്നു എങ്കിൽ ഉയൎന്നസ്ഥലത്തിങ്കലും കിടന്നുമരിക്കുമെന്നു, പറയെണം- അഷ്ടമരാശികൊണ്ടുതന്നെ സുരതപ്രശ്നത്തിങ്കൽ പറയുംപ്രകാരം വിളക്കുമുതലായതുകളെയും പറയെണം-

൩൪. സ്വജന്മനി വിലഗ്നാംശപത്യോഃ പ്രാണ്യാശ്രിതെന ച രാശിനാ സ്വപരാധ്വാദി പ്രദെശെഷ്വവദെൻമൃതിം॥

അന്വയാൎത്ഥം—— സ്വജന്മത്തിങ്കൽ വിലഗ്നാംശപതികളിൽവെച്ചു പ്രാണ്യാശ്രിതമായിരിക്കുന്ന രാശികൊണ്ടും സ്വപരാധ്വാദിപ്രദെശങ്ങളിൽ മൃതിയെ വദിക്കാം-

സാരം — ജനനകാലത്തിങ്കൽ ലഗ്നലഗ്നാംശകാധിപന്മാരിൽവെച്ചു ഏറെ ബലമുള്ളവൻ യാതൊരുരാശിയിൽ നിന്നുവൊ ആ രാശി ചരമാകുന്നുഎങ്കിൽ പരദെശത്തിങ്കൽ കിടന്നുമരിക്കുമെന്നും സ്ഥിരമാകുന്നു എങ്കിൽ സ്വദെശത്തിങ്കൽ കിടന്നുമരിക്കുമെന്നും ഉഭയമാകുന്നു എങ്കിൽ വഴിയിൽകിടന്നു മരിക്കുമെന്നും ഗ്രാമചരമാകിൽ ഗ്രാമത്തിങ്കൽ കിടന്നുമരിക്കുമെന്നും വനചരമാകിൽ വനത്തിങ്കൽ കിടന്നുമരിക്കുമെന്നും ജലചരമാകുന്നുഎങ്കിൽ ജലസമീപത്തിങ്കൽ കിടന്നുമരിക്കുമെന്നും ശുഭരാശിയാകുന്നുഎങ്കിൽ ശുഭസ്ഥലത്തിങ്കലും അശുഭരാശിയാകുന്നു എംകിൽ അശുഭസ്ഥലത്തിങ്കലും ഊൎദ്ധ്വമുഖമാകിൽ ഉയൎന്നസ്ഥലത്തിങ്കലും അധൊമുഖമാകുന്നു എംകിൽ താണസ്ഥലത്തിങ്കലുംകിടന്നുമരിക്കുമെന്നും പറയാം-

൩൭. സപ്രാണീപദന്ന്യഖെടൈസ്സമെതസ്സന്ദൃഷ്ടോവാതെഷുവീൎയ്യാൎപ്പിതസ്യലഗ്നാംശാധീശസ്യവാ ദെഹഭാംജാംദെവാംബ്വാദിസ്ഥാനഗൈൎമ്മൃത്യുഃ॥

അന്വയാൎത്ഥം — പ്രാണിയായിരിക്കുന്ന അവൻ അന്യഖെടന്മാരൊടു സമെതനായിട്ടൊ അന്യഖെടന്മാരാൽ ദൃഷ്ടനായിട്ടൊ ഭവിക്കുന്നു എങ്കിൽ അവരിൽവെച്ചു വീൎയ്യാൎപ്പിതന്റെയൊ ലഗ്നാംശാധീശന്റെയൊ ദെവാംബ്വാദിസ്ഥാനങ്ങളിൽ ദെഹഭാക്കുകളുടെ മൃത്യു വാച്യമാകുന്നു-

സാരം — ലഗ്നലഗ്നാംശകാധിപന്മാരിൽവെച്ചു ബലമെറിയവൻ അന്യഗ്രഹങ്ങളൊടുകൂടിയവനായിട്ടൊ അന്യഗ്രഹങ്ങളുടെ ദൃഷ്ടിയൊടു കൂടിയവനായിട്ടൊ നിന്നാൽ അവരിൽവെച്ചു ബലമെറിയവന്റെ സ്ഥാനം ദെവാംബ്വഗ്ന്യാദിഹൊരാശ്ലൊകപ്രകാരം ദെവാലയാദികളിൽവെച്ചു ഏതാകുന്നുവൊ അതിങ്കൽ കിടന്നുമരിക്കുമെന്നു പറയെണം-

൩൮. ലഗ്നലഗ്നെശയുഗ്ദ്രഷ്ടാവാസ്യാച്ചെൽകശ്ചനാമുനാ। ജീൎണ്ണസംസ്കൃതഗെഹാദൌ മരണംകെശ്ചനൊദിതം॥

അന്വയാൎത്ഥം — ലഗ്നലഗ്നെശയുക്കായിട്ടൊ ദ്രഷ്ടാവായിട്ടൊ ഒരുത്തൻ ഭവിക്കുന്നു എങ്കിൽ ഇവനെക്കൊണ്ടു ജീൎണ്ണസംസ്കൃതഗെഹാദിയിങ്കൽ മരണം ചിലരാൽ ഉദിതമായി ഭവിക്കുന്നു-

സാരം — ലഗ്നത്തൊടു യൊജിച്ചവനായിട്ടൊ ലഗ്നെശനൊടു യൊജിച്ചവനായിട്ടൊ ലഗ്നത്തിങ്കലൊ ലഗ്നെശങ്കലൊ ദൃഷ്ടിയുള്ളവനായിട്ടൊ ഒരു ഗ്രഹം ഉണ്ടായാൽ ആ ഗ്രഹത്തെക്കൊണ്ടു പഴകിയതായും പുതിയതാക്കപ്പെട്ടതായിട്ടുമിരിക്കുന്ന ഭവനം മുതലായപ്രദെശത്തിങ്കൽ മരണത്തെപറയെണമെന്നു ചിലർ പറയുന്നു- മറ്റുള്ളവരുടെ മതത്തിങ്കൽ മെൽപ്രകാരമുള്ള ഗ്രഹത്തെക്കൊണ്ടു മെൽപ്രകാരം മരണത്തെ പറയെണമെന്നൊരെടത്തും കാണുന്നില്ല എംകിലും അവരുടെപക്ഷം സ്വീകാരയൊഗ്യമായിട്ടുള്ളതുതന്നെ എന്നറിഞ്ഞുകൊൾകയും വെണം-

(വാ) ഏതന്മരണസ്ഥാനനിരൂപണവിഷയം॥

അന്വയാൎത്ഥം — ഇത മരണസ്ഥാനനിരൂപണവിഷയമായി ഭവിക്കുന്നു-

സാരം സ്പഷ്ടമാകുന്നു

൩൯. ജാതാപാകാദ്യാദിസൎവ്വംതല്ഗുരുഭൃഗുഭതൊചാപിബുധപാ ഘതെഷാംസൎവ്വെഷാമ്പ്യൈശ്രുഭതാപം ഗദശമനമരംരിഫലമായുശ്ചവാച്യം। സൎവ്വെഷാമ്പ്യശ്രുഭംപംയദിമൃതിരചിരാന്മിശ്രതായാന്തുതെ

ക്ഷാംമന്ദാംശാന്തിരുജാംവാമൃതിരധികതയാസ്യാൽ സതാംവാസതാംവാ ॥

അന്വയാൎത്ഥം— സൎവ്വദായിരിക്കുന്നകാലാദിയെ അറിഞ്ഞിട്ടു തദ്ദുഭശുഭതകളെയും ബൊധിച്ചിട്ടനന്തരം സൎവ്വങ്ങളായിരിക്കുന്ന അത്തുകൾക്കു ശുഭത്വം ഭവിക്കുന്നു എങ്കിൽ പൊട്ടുന്നനവെ രൊഗശമനവും ദീൎഘമായിരിക്കുന്ന ആയുസ്സും വാച്യമായി ഭവിക്കുന്നു- സൎവ്വങ്ങളായിരിക്കുന്ന അത്തുകൾക്കു അശുഭത്വം ഭവിക്കുന്നു എങ്കിൽ പൊട്ടുന്നനവെ മൃതിയും വാച്യയായിഭവിക്കുന്നു- അത്തുകൾക്കു മിശ്രിതാസതിയായിരിക്കും വിഷയത്തിങ്കൽ സത്തുകളുടെയും അസത്തുകളുടെയും അധികതഹെതുവായിട്ടു മന്ദമാകുംവണ്ണം രുക്കുകളുടെ ശാന്തിയും മൃതിയും ഭവിക്കും-

സാരം— മുൻപറകപ്പെട്ട സമയദെശാദികളെ മുഴുവനും ഗ്രഹിച്ചു അത്തുകളുടെ ഗുണദൊഷങ്ങളെയും വിചാരിച്ചറിഞ്ഞിട്ടു അനന്തരം അത്തുകൾ ഒക്കെയും ശുഭങ്ങളാകുന്നു എന്നുവരികിൽ ഉടനെരൊഗം ശമിക്കുമെന്നും ദീൎഘമായ ആയുസ്സിനെ അനുഭവിക്കുമെന്നും പറയെണം- അശുഭങ്ങളാകുന്നു എങ്കിൽ താമസത്തൊടു കൂടാതെ മരിക്കുമെന്നും പറയെണം- കാലാദികൾ ഗുണദൊഷമിശ്രങ്ങളായി വരികിൽ ഗുണാധിക്യത്തിങ്കൽ പതുക്കെ രൊഗം ശമിക്കുമെന്നും ദൊഷാധിക്യത്തിങ്കൽ പതുക്കെ മരിക്കുമെന്നും പറയെണം-

മൂലം. ഏവംനിരൂപ്യനിൎണ്ണീതെമരണെസതിപൃച്ഛകാനാം। തസ്യകാലംചരൊഗാംശ്ചദെശാംശ്ചാതിവിനിൎദ്ദിശെൽ ॥

അന്വയാൎത്ഥം— പൃച്ഛകളുടെ മരണം ഇപ്രകാരം നിരൂപിച്ചിട്ടു നിൎണ്ണീതമായി സത്തായിരിക്കും വിഷയത്തിങ്കൽ അതിന്റെ കാലത്തെയും രൊഗങ്ങളെയും ദെശങ്ങളെയും ഇപ്രകാരം വിനിൎദ്ദെശിക്കെണം.

സാരം— മെൽപ്രകാരം വിചാരിച്ചു പൃച്ഛകന്റെ മരണത്തെ നിശ്ചയിച്ചാൽ അതിന്റെസമയ രൊഗദെശങ്ങളെ മെൽപറഞ്ഞ പ്രകാരം വിചാരിച്ചു പറഞ്ഞുകൊൾക-

ഇത്യെകാ ദശൊദ്ധ്യായഃ

# പ്രശ്നമാൎഗ്ഗം

## ദ്വാദശാദ്ധ്യായപ്രാരംഭഃ

(വാ) അഥരോഗവിശേഷാഉച്യന്തെ ॥

അന്വയാൎത്ഥം— അനന്തരം രോഗ വിശെഷങ്ങൾ വചിക്കപ്പെടുന്നു-

സാരം—സ്പഷ്ടമാകുന്നു-

൧. നിൎണ്ണീതെസതിജീവനെഖലുരുജാംശാന്ത്യൈചികിത്സാം വദെജ്ഞാത്വാതെഷുഗദെഷുദുഷ്കരതരാസാചാപിയസ്മാത്തതഃ । കൎത്തവ്യാഗദതത്വബൊധഇഹതൽബൊധായഭെദാരുജാംകഥ്യന്തെഖലുതത്രരൊഗശമനെകാൎയ്യാഃക്രിയാശ്ചൊചിതാഃ ॥

അന്വയാൎത്ഥം—ജീവനം തന്നെ നിൎണ്ണീതമായി സത്തായിരിക്കും വിഷയത്തിങ്കൽ രുക്കുകളുടെ ശാന്തിക്കായിക്കൊണ്ടു ചികിത്സയെ വദിക്കെണം- അതും ഗദങ്ങൾ അജ്ഞാതങ്ങളായിരിക്കും വിഷയത്തിങ്കൽ യാതൊന്നു ഹെതുവായിട്ടു ദുഷ്കരതരയാകുന്നുവൊ അതുഹെതുവായിട്ടുഗദതത്വബൊധം കൎത്തവ്യമായിഭവിക്കുന്നു- ഇവിടെ തൽബൊധത്തിനായിക്കൊണ്ടു രുക്കുകളുടെ ഭെദങ്ങളും അവിടെ രൊഗശമനം ഇഷ്ടമായിരിക്കും വിഷയത്തിങ്കൽ കാൎയ്യകളായി ഉചിതകളായിരിക്കുന്ന ക്രിയകളും കഥിക്കപ്പെടുന്നു-

സാരം— ജീവിക്കുമെന്നുതന്നെ നിശ്ചയം സിദ്ധമായാൽ രൊഗശമനത്തിന്നായിക്കൊണ്ടു ചികിത്സയെ പറയെണം- ചികിത്സയും രൊഗങ്ങളുടെ അറിവും ഭവിക്കുന്നില്ല എങ്കിൽ ചെയ്‌വാൻ കഴിയാത്തതാകുന്നു- അതുഹെതുവായിട്ടു രൊഗങ്ങളെ പറ്റി യഥാൎത്ഥമായ അറിവിനെഉണ്ടാക്കെണം- അതിന്നായിക്കൊണ്ടു ഒരം സ്ഥലത്തിങ്കൽ രൊഗവിശെഷങ്ങളെയും മറ്റൊരു സ്ഥലത്തിങ്കൽ അതുകളുടെ ശമനത്തിന്നായിക്കൊണ്ടു ചെയ്കപ്പെടുവാൻ യൊഗ്യകളായിയും ഉചിതകളായിയും ഇരിക്കുന്ന ചികി

ന്സകളെയും പറയുന്നു-

൨. തത്തൽകതാമയാവാച്യാ അനിഷ്ടസ്ഥാനഗൈർഗ്രഹൈഃ। ഇഷ്ടസ്ഥിതൈസ്തഥാരോഗ്യം തദൈവാത്രനിഗദ്യതെ ॥

അന്വയാൎത്ഥം —— അനിഷ്ടസ്ഥാനഗന്മാരായിരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു തത്തൽകതാമയങ്ങൾ വാച്യങ്ങളായി ഭവിക്കുന്നു- അപ്രകാരം ഇഷ്ടസ്ഥിതന്മാരായിരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു ആരൊഗവും വാച്യമായി ഭവിക്കുന്നു- അനന്തരം അതുതന്നെ നിഗദിക്കപ്പെടുന്നു-

സാരം —— അനിഷ്ട ഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു അവക്കു പറകപ്പെട്ട രൊഗങ്ങളെ പറയെണം- ഇഷ്ടഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു ആരൊഗ്യത്തെയും പറയെണം- ഇതിനെത്തന്നെ ഇനി വ്യക്തമാക്കി പറവാൻ പൊകുന്നു-

൩. പാപാ ലാഭതൃതീയഗാസ്സഹജവൈയ്യന്ത്യാഷ്ടമെഭ്യൊന്യഗാസ്സൌമ്യാസ്സൌമ്യാമാന്ദിരപിത്രികൊണമൃതികെന്ദ്രെഭ്യൊപരത്രസ്ഥിതാഃ। സംവ്വമികഥയന്ത്യനാമയതനും പ്രഷ്ടാരമെവം സ്ഥിതാരൊഗഗ്രസ്തകളെബരംച കഥിതെഭ്യൊന്യത്രതെസംസ്ഥിതാഃ॥

അന്വയാൎത്ഥം —— ലാഭതൃതീയഗന്മാരായിരിക്കുന്ന പാപന്മാരും സഹജവൈയ്യന്ത്യാഷ്ടമങ്ങളിൽനിന്ന അന്യഗന്മാരായിരിക്കുന്ന സൌമ്യന്മാരും ത്രികൊണമൃതികെന്ദ്രങ്ങളിൽനിന്ന അപരത്തിങ്കൽ സ്ഥിതനായിരിക്കുന്ന മാന്ദിയുമാകുന്ന ഇവർ സൎവ്വന്മാരായിട്ട എവം സ്ഥിതന്മാരായാൽ പ്രഷ്ടാവിനെ അനാമയതനു എന്നു കഥിക്കുന്നു- അവർ സൎവ്വന്മാരായിട്ട കഥിതങ്ങളിൽനിന്ന അന്യങ്ങളിൽ സ്ഥിതന്മാരായാൽ രൊഗഗ്രസ്തകളെബരനെന്നും കഥിക്കുന്നു-

സാരം —— പതിനൊന്നാമെടത്തും മൂന്നാമെടത്തും പാപന്മാർനില്ക്കുകയും മൂന്നാമെടവും ആറാമെടവും പന്ത്രണ്ടാമെടവും എട്ടാമെടവും അല്ലാത്ത ഭാവങ്ങളിൽ ശുഭന്മാർ നില്ക്കുകയും അഞ്ചാമെടവും ഒമ്പതാമെടവും എട്ടാമെടവും ലഗ്നവും നാലാമെടവും എഴാംമെടവും പത്താമെടവും അല്ലാത്തഭാവത്തിങ്കൽ ഗുളികൻ നില്ക്കുകയും കൂടിവരികിൽ പൃച്ശകന്നു യാതൊരു രൊഗവും ഇല്ലഎന്നു പറയെണം- പാപസൌമ്യഗുളികന്മാർ അവരവക്കു പറഞ്ഞഭാവങ്ങളിലല്ലാതെ എല്ലാവരും കൂടിനിന്നാൽ പൃച്ശകന്നു ബലിഷ്ഠമായൊരു രൊഗമുണ്ടെന്നു പറയെണം- പലരൊഗങ്ങളെ പറകയുമാം- വൈപരീത്യത്തിന്റെ കുറവിന്നു തക്കവണ്ണം രൊഗത്തിന്റെ ബലഹാനിയെ

യൊ സംഖ്യാഹാനിയെയൊ യുക്തികൊണ്ടറിഞ്ഞുപറഞ്ഞുകൊൾക. പാപന്മാർ എന്നതുകൊണ്ടുകെതുവിനെവിട്ട മററുള്ളവരെ എല്ലാവരെയും ഗ്രഹിച്ചുകൊൾക.

൭. ആരൊഗ്യദാഗ്രഹായത്രസുസ്ഥസംജ്ഞാസ്തുതത്രഗാഃ।
രൊഗദായത്രതെദുസ്ഥാസ്സൂക്തംസാരസംഗ്രഹെ ॥

അന്വയാൎത്ഥം— യാതൊരെടത്തു സ്ഥിതന്മാരായിരിക്കുന്ന ഗ്രഹങ്ങൾ ആരൊഗ്യദന്മാരായി ഭവിക്കുന്നുവൊ തത്രഗന്മാരായിരിക്കുന്ന അവരാകട്ടെ സുസ്ഥസംജ്ഞന്മാരായി ഭവിക്കുന്നു. യാതൊരെടത്തു സ്ഥിതന്മാരായിരിക്കുന്ന ഗ്രഹങ്ങൾ രൊഗദന്മാരായി ഭവിക്കുന്നുവൊ അവിടെ അവർ ദുസ്ഥന്മാരായി ഭവിക്കുന്നു. അത സാരസംഗ്രഹത്തിങ്കൽ ഉക്തമായി ഭവിക്കുന്നു.

സാരം— യാതൊരെടത്തു യാതൊരു ഗ്രഹം നിന്നാൽ ആരൊഗ്യംഫലമാകുന്നുവൊ അവിടെ നില്ക്കുന്ന ആ ഗ്രഹത്തിന്നു സുസ്ഥനെന്നപെരുണ്ടു. യാതൊരെടത്തു യാതൊരു ഗ്രഹംനിന്നാൽ രൊഗം ഫലമാകുന്നുവൊ അവിടെ നില്ക്കുന്ന ആ ഗ്രഹത്തിന്ന ദുസ്ഥനെന്ന പെരുണ്ടു. അതുസാരസംഗ്രഹമെന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു.

൮. ഷഷ്ഠാന്ത്യാഷ്ടമരാംബുലഗ്നനവമാപത്യെഷുയെദുൎബ്ബലാഃപാപാഃക്ഷുദ്രതിവ്യയെഷ്വപിശുഭാദുസ്ഥാഭവന്തിഗ്രഹാഃ। ലഗ്നെശാദ്ധ്യരയൊതിരൊഗമൃതിദാദുസ്ഥെഷ്വസുസ്ഥാശ്ചതെനുക്തസ്ഥാനഗതാശ്ശശാങ്കസഹിതാസ്സ്വംസ്വംഫലംകുൎവ്വതെ- ഇതി॥

അന്വയാൎത്ഥം— ഷഷ്ഠാന്ത്യാഷ്ട മരാംബുലഗ്നനവമാപത്യങ്ങളിൽ സ്ഥിതന്മാരായി ദുൎബ്ബലന്മാരായിരിക്കുന്ന പാപന്മാർ യാവചിലരൊ അവരും ക്ഷുദ്രതി വ്യയങ്ങളിൽ സ്ഥിതന്മാരായിരിക്കുന്ന ശുഭന്മാരുമാകുന്നഗ്രഹങ്ങൾ ദുസ്ഥന്മാരായിഭവിക്കുന്നു ദുസ്ഥന്മാരിൽവെച്ചു ലഗ്നെശാദ്ധ്യരികൾ അതിരൊഗ മൃതിദന്മാരായി ഭവിക്കുന്നു. അനുക്തസ്ഥാന ഗതന്മാരായിട്ടും ശശാങ്കസഹിതന്മാരായിട്ടും ഇരിക്കുന്ന അവർ സുസ്ഥന്മാരായി ഭവിക്കുന്നു. അവർസ്വംസ്വമായി സ്വമായിരിക്കുന്ന ഫലത്തെ ചെയ്യുന്നു.

സാരം— ആറാമെടത്തും പന്ത്രണ്ടാമെടത്തും എട്ടാമെടത്തും എഴാമെടത്തും നാലാമെടത്തും ലഗ്നത്തിലും ഒമ്പതാമെടത്തുംഅഞ്ചാമെടത്തും ബലഹീനതയൊടുകൂടിയവരായി നില്ക്കുന്ന പാപഗ്രഹങ്ങളും ആറാമെടത്തും എട്ടാമെടത്തും പന്ത്രണ്ടാമെടത്തും നില്ക്കുന്ന ശുഭഗ്രഹങ്ങളും പ്രത്യെകം ദുസ്ഥനെന്ന പെരൊടുകൂടിയവരാകുന്നു. ദുസ്ഥഗ്രഹങ്ങളിൽവെച്ചു ലഗ്നാധിപന്റെ അധിശ

ത്രുക്കളായുള്ളവർ രോഗത്തെയും മരണത്തെയും അധികമായി ഉണ്ടാക്കും. മററുള്ള സ്ഥാനങ്ങളിൽ നില്ക്കുന്ന പാപഗ്രഹങ്ങളും ശുഭഗ്രഹങ്ങളും സുനഫനെന്ന പേർ പ്രത്യേകം ഉള്ളവരാകുന്നു - വല്ലൊരെടത്തു ചന്ദ്രനൊടുകൂടെ നില്ക്കുന്ന ഗ്രഹവും സുനഫൻ തന്നെ. ആസുനഫന്മാർതന്റെ ഫലത്തെ ജനിപ്പിക്കുന്നു-

(വാ) അത്രഗ്രന്ഥാന്തരമപി-

അന്വയാൎത്ഥം—ഇവിടെ ഗ്രന്ഥാന്തരവും ഭവിക്കുന്നു.

സാരം——൦ ര൦ വിഷയത്തിങ്കൽ വെറെയും ഗ്രന്ഥമുണ്ട- ഗ്രന്ഥാന്തരവചനത്തെ അനന്തരം കാണിപ്പാൻ പൊകുന്നു-

ന്നു. ലിംൎമൃത്യുവ്യയസംസ്ഥിതൈസ്സ്വദിതൊൻ വ്യാധീൻവദെ ല്ലഗ്നാപ ൭ ട്ടാതൽസഹിതൈനവാതനുഗതൈ സ്സുദ്രഷ്ടൈഭിൎവാഗ്രഹൈഃ। ഊൎദ്ധ്വാസ്യേചരഭെഗളൊപരിഗളാത്തിൎയ്യങ്മുഖെചസ്ഥിതൈ ലന്ദ്രെധൊമുഖകെവ്യധഃകടീതടാല്ലഗ്നസ്ഥിതെവ്യാധയഃ

അന്വയാൎത്ഥം——ലിൻൎമൃത്യുവ്യയസംസ്ഥന്മാരായിരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടൊ ലഗ്നപദ്രഷ്ടാവായിരിക്കുന്ന ഗ്രഹത്തെക്കൊണ്ടൊ തൽസഹിതനായിരിക്കുന്ന ഗ്രഹത്തെ കൊണ്ടൊ തനുഗന്മാരായിരിക്കുന്ന ഗ്രഹങ്ങളെ ക്കൊണ്ടൊ രദ്രഷ്ടാക്കന്മാരായിരിക്കുന്ന ഗ്രഹങ്ങളെക്കൊണ്ടൊ. തദ്രിതങ്ങളായിരിക്കുന്ന വ്യാധികളെ വദിക്കെണം- ഊൎദ്ധ്വാസ്യവും ചരഭവും ലഗ്നസ്ഥിതമായിരിക്കും വിഷയത്തിങ്കൽ ഗളൊപരിഭാഗത്തിങ്കലും തിൎയ്യങ്മുഖവും സ്ഥിരവും ലഗ്നസ്ഥിതമായിരിക്കും വിഷയത്തിങ്കൽ ഗളത്തിങ്കൽനിന്ന അധൊഭാഗത്തിങ്കലും ലന്ദ്രപവും അധൊമുഖകവും ലഗ്നസ്ഥിതമായിരിക്കും വിഷയത്തിങ്കൽ കടിതടത്തിങ്കൽനിന്ന അധൊഭാഗത്തിങ്കലു, വ്യാധികൾ വാച്യങ്ങളായി ഭവിക്കുന്നു-

സാരം——ഒന്നാമെടത്തും എട്ടാമെടത്തും പന്ത്രണ്ടാമെടത്തും നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടൊ ലഗ്നാധിപനെക്കുറിച്ചു ദൃഷ്ടിയുള്ള ഗ്രഹത്തെക്കൊണ്ടൊ ലഗ്നാധിപനൊടുകൂടിനില്ക്കുന്ന ഗ്രഹത്തെക്കൊണ്ടൊ ലഗ്നത്തിൽനില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടൊ ലഗ്നത്തെക്കുറിച്ചു ദൃഷ്ടിയുള്ള ഗ്രഹങ്ങളെക്കൊണ്ടൊ അവൎക്കുപറകപ്പെട്ട വ്യാധികൾ പ്രഷ്ടാവിന്ന ഉണ്ടെന്നു പറയെണം- ഊൎദ്ധ്വമുഖരാശിയും ചരരാശിയും ലഗ്നമായാൽ കഴുത്തിങ്കൽനിന്ന മെലെയും തിൎയ്യങ്മുഖരാശിയും സ്ഥിരരാശിയും ലഗ്നമായാൽ കഴുത്തിങ്കൽ നിന്ന താഴെയും ഉഭയരാശിയും അധൊമുഖരാശിയും ലഗ്നമായാൽ അരക്കെട്ടിൽനിന്ന താഴെയും വ്യാധികളെപറയെ

ന്നം-

൧. സൂൎയ്യാദീനാംകുക്ഷിഹൃന്മൂൎദ്ധവക്ഷാംസ്യൂരുവക്ത്രം ജാനുനീ ചാംഘ്രിയുഗ്മം। അംഗാനിസ്യുൎവ്യാധയോംശേഗ്രഹാണാംവക്ത വ്യാദൌൎബ്ബല്യദൌസ്ഥ്യാദിഭാജാം॥

അന്വയാൎത്ഥം—— കുക്ഷിഹൃന്മൂൎദ്ധവക്ഷസ്സുകളും ഊരുക്കളും വക്ത്രവും ജാനുക്കളും അംഘ്രിയുഗ്മവും സൂൎയ്യാദികളുടെ അംഗങ്ങളായി ഭവിക്കും. ദൌൎബ്ബല്യദൌസ്ഥ്യാദിഭാക്കുകളായിരിക്കുന്നഗ്രഹങ്ങളുടെ വ്യാധികൾ അംഗങ്ങളിൽ വക്തവ്യങ്ങളാകുന്നു.

സാരം——വയറ, ഹൃദയം, മൂൎദ്ധാവ, മാറിടം, തുടകൾ, മുഖം മുട്ടുകൾ, കാലടികൾ ഇതുകൾ ക്രമേണ സൂൎയ്യൻ മുതലായ ഗ്രഹങ്ങളുടെ അംഗങ്ങളാകുന്നു. ദുൎബ്ബലന്മാരായിട്ടും ദുസ്ഥതമുതലായ ദോഷങ്ങളോടു കൂടിയവരായിട്ടുമിരിക്കുന്ന ഗ്രഹങ്ങളുടെ രോഗങ്ങളെ അവൎക്കു പറയപ്പെട്ട അംഗങ്ങളിൽ പറഞ്ഞുകൊൾക.

൨. പരാംഗപൂൎവ്വാപരാവയവാനിധേയാ ലഗ്നാദിഭാവേഷ്വധിപേഷ്വചൈഷാം। സക്രൂരഭാവഗ്രഹസംസ്ഥമംഗംസവ്യാധികം പ്രഷ്ടുജനസ്യവാച്യം॥ ഇതി.

അന്വയാൎത്ഥം—— പരാംഗപൂൎവ്വാവയവങ്ങൾ ലഗ്നാദിഭാവങ്ങളിലും ഇതുകളുടെ അധിപന്മാരിലും നിധേയങ്ങളായി ഭവിക്കുന്നു. സക്രൂരഭാവഗ്രഹസംസ്ഥമായിരിക്കുന്ന പ്രഷ്ടുജനത്തിന്റെ അംഗം സവ്യാധികമെന്നു വാച്യമായി ഭവിക്കുന്നു.

സാരം—കാലാംഗാനിവരാംഗം ഇത്യാദിയായ ഹോരാശ്ലോകത്തിൽ കേൾക്കപ്പെടുന്ന മൂൎദ്ധാവ മുതലായ അംഗങ്ങളെ ലഗ്നം തുടങ്ങീട്ടും ആരൂഢം തുടങ്ങീട്ടും ദ്വാദശഭാവങ്ങളിൽ ക്രമേണ കല്പിക്കേണം. രണ്ടുവക ഭാവാധിപന്മാരിലും കല്പിക്കേണം. ഇങ്ങിനെ കല്പിക്കുമ്പോൾ യാതൊരംശത്തിങ്കൽ പാപൻ വരുന്നുവോ ആ അംശത്തിങ്കലും യാതൊരംശത്തിന്റെ സ്ഥാനാധിപൻ പാപനോടുകൂടി നില്ക്കുന്നുവോ ആ അംശത്തിങ്കലും പൃച്ഛകന്നു രോഗമുണ്ടെന്നു പറയേണം.

൩. സ്പൃഷ്ടേനരാശിനാപ്രഷ്ട്രാ ചാരൂഢേനോദയേനച। രോഗസ്ഥാനംവദേദുക്തമാരൂഢവിഷയേപിതൽ॥

അന്വയാൎത്ഥം —— പ്രഷ്ടാവിനാൽ സ്പൃഷ്ടമായിരിക്കുന്ന രാശികൊണ്ടും ആരൂഢംകൊണ്ടും ഉദയംകൊണ്ടും രോഗസ്ഥാനത്തെ വദിക്കേണം. അതു ഹേതുവായിട്ടു ഉക്തമായതു ആരൂഢവിഷയത്തിങ്കലും ഭവിക്കുന്നു.

സാരം—— പൃച്ഛകൻ യാതൊരുശരീരാവയവത്തെ തൊട്ടുവോ

അതുകൊണ്ടു കല്പിക്കപ്പെടുന്ന രാശിയെത്രെ സ്പൃഷ്ടരാശിയാകുന്നത സ്പൃഷ്ടരാശികൊണ്ടും ആത്രൂഢംകൊണ്ടും ഉദയരാശികൊണ്ടും വ്യാധികളുടെ സ്ഥാനത്തെ പറയെണം അതുഹെതുവായിട്ടു പരാംഗാദികളായിരിക്കുന്ന അംഗങ്ങളുടെ കല്പന ആത്രൂഢാദിദ്വാദശഭാവങ്ങളിലും വെണ്ടതാകുന്നു- ആത്രൂഢപിക്ഷയെപി എന്നുള്ള അപി ശബ്ദം അനുക്തസമുച്ചയത്തിന്നായിക്കൊണ്ടുള്ളതാകയാൽ സ്പൃഷ്ടരാശിമുതലായ ഭാവങ്ങളിലും പരാംഗം മുതലായ അംഗങ്ങളെ കല്പിക്കെണം- രണ്ടെടത്തും ഭാവാധിപന്മാരിലുള്ള കല്പനയുംവെണം-

൫൦. പ്രൊക്തസ്ത്രിദൊഷസംബന്ധൊവരാഹമിഹിരൊദിതഃ।
ഗ്രഹാണാംപ്രാഗഥെദാനീം വച്മ്യുക്തംസാരസംഗ്രഹെ॥

അന്വയാൎത്ഥം——വരാഹമിഹിരൊദിതമായിരിക്കുന്ന ഗ്രഹങ്ങളുടെ ത്രിദൊഷസംബന്ധം മുമ്പെ പ്രൊക്തമായി- ഇനി ഇപ്പൊൾ സാരസംഗ്രഹത്തിങ്കൽ ഉക്തമായതിനെ വചിക്കുന്നു-

സാരം—— വരാഹമിഹിരാചാൎയ്യരാൽ പറകപ്പെട്ട ഗ്രഹങ്ങളുടെ വാതാദിദൊഷസംബന്ധത്തെ മുമ്പെ പറഞ്ഞു- ഇനി ഇപ്പൊൾ സാരസംഗ്രഹത്തിൽ പറഞ്ഞപ്രകാരം പറയുന്നു-

൫൧. പിത്തംവാതയുതംകരൊതിദിനകൃദ്വാതംകഫംശീതഗുഃപിത്തംഭൂമിസുതസ്തഥാശശിസുതൊവാതഞ്ചപിത്തംകഫം।ജീവൊവാതകഫൌസിതൊനിലകഫൌവാതഞ്ചപിത്തംശനിഃ ക്ഷീണെന്ദുസ്ഥിതരാശിനാഥകഥിതംപൂൎണ്ണെൎന്ദുഃകഫംതൊയഭെ॥ ഇതി

അന്വയാൎത്ഥം—— ദിനകൃത്തവാതയുതമായിരിക്കുന്ന പിത്തത്തെ ഉണ്ടാക്കുന്നു- ശീതഗു വാതത്തെയുംകഫത്തെയുംഉണ്ടാക്കുന്നു ഭൂമിസുതൻ പിത്തത്തെ ഉണ്ടാക്കുന്നു- അപ്രകാരം ശശിസുതൻ വാതത്തെയും പിത്തത്തെയും കഫത്തെയുംഉണ്ടാക്കുന്നു- ജീവൻ വാതകഫങ്ങളെ ഉണ്ടാക്കുന്നു- സിതൻ അനിലകഫങ്ങളെ ഉണ്ടാക്കുന്നു- ശനി വാതത്തെയും പിത്തത്തെയുംഉണ്ടാക്കുന്നു- ക്ഷീണെന്ദുസ്ഥിതരാശിനാഥ കഥിതമായിരിക്കുന്നതിനെ ഉണ്ടാക്കുന്നു- തൊയഭത്തിങ്കൽ സ്ഥിതനായി പൂൎണ്ണനായിരിക്കുന്ന ഇന്ദു കഫത്തെ ഉണ്ടാക്കുന്നു-

സാരം- ആദിത്യനും ശനിയും വാതപിത്തങ്ങളെ ഉണ്ടാക്കുന്നു- ചന്ദ്രനും വ്യാഴവും ശുക്രനും വാതകഫങ്ങളെ ഉണ്ടാക്കുന്നു- ചൊവ്വ പിത്തത്തെ ഉണ്ടാക്കുന്നു- ബുധൻ വാതപിത്തകഫങ്ങളെ ഉണ്ടാക്കുന്നു- ക്ഷീണചന്ദ്രൻ തന്റെ ആസ്പദമായ രാശിയുടെ അധിപനു യാതൊരുദൊഷമൊ അതിനെ ഉണ്ടാക്കുന്നു- ജലരാശി

യിൽനില്ക്കുന്നപൂൎണ്ണചന്ദ്രൻകഫത്തെ ഉണ്ടാക്കുന്നു.

൧൨. രോഗാൻകുൎയ്യുൎഗ്രഹാസ്സ്വെപാകതാപഞ്ചഭൂതവശാദപി । ത
ല്ക്കാലശ്ചാത്തവസ്സ്വെപാകതാസ്യഥാശാസ്ത്രാന്തരോദിതം ॥

അന്വയാൎത്ഥം —— ഗ്രഹങ്ങൾ സ്വെപാകതാപഞ്ചഭൂതവശത്തെ ആശ്രയിച്ചിട്ടും രോഗങ്ങളെ ഉണ്ടാക്കും. സ്വെപാകതങ്ങളായിരിക്കുന്ന ഋതുക്കൾതന്നെ തല്ക്കാലമായി ഭവിക്കുന്നു. അപ്രകാരംശാസ്ത്രാന്തരോദിതമായി ഭവിക്കുന്നു.

സാരം —— ഗ്രഹങ്ങൾ ദുസ്ഥങ്ങളായാൽ ഭൂമിമുതലായ അഞ്ചു ഭൂതങ്ങളിൽവെച്ചു തനിക്കു യാതൊന്നൊ അതിനെ അനുസരിച്ചിട്ടും രോഗങ്ങളെ ഉണ്ടാക്കും. അതിന്റെ കാലം അവരവൎക്കു പറകപ്പെട്ട ഋതുക്കൾതന്നെ. ഇത അന്യശാസ്ത്രത്തിങ്കലും പറകപ്പെട്ടതാകുന്നു.

൧൩. ദുഃസ്ഥയോരൎക്കഭൂസൂന്വോരോഗാസ്സ്യുഃപിത്തസംഭവാഃ ।
ശുക്രെന്ദ്വൊ ജലജാമന്ദെവാതജാജ്ഞെത്രിദോഷജാഃ ॥

൧൪. ബാധിഷ്ഠാദ്ധ്യാനഭോജാതാ അനിഷ്ടസ്ഥാനഗൈൎഗ്രഹൈഃ ।
അനിഷ്ടഗാനിജാൻരോഗാൻകുൎയ്യുന്നിജനിജൎത്തുഷു ॥ ഇതി

അന്വയാൎത്ഥം —— അൎക്കഭൂസൂനുക്കൾ ദുസ്ഥന്മാരായിരിക്കും വിഷയത്തിങ്കൽ പിത്തസംഭവങ്ങളായിരിക്കുന്ന രോഗങ്ങൾ ഭവിക്കും. ശുക്രേന്ദുക്കൾ ദുസ്ഥന്മാരായിരിക്കും വിഷയത്തിങ്കൽ ജലജങ്ങളായിരിക്കുന്ന രോഗങ്ങൾ ഭവിക്കും. മന്ദൻ ദുസ്ഥനായിരിക്കുംവിഷയത്തിങ്കൽ വാതജങ്ങളായിരിക്കുന്ന രോഗങ്ങൾ ഭവിക്കും. ജ്ഞൻ ദുസ്ഥനായിരിക്കും വിഷയത്തിങ്കൽ ത്രിദോഷജങ്ങളായിരിക്കുന്ന രോഗങ്ങൾ ഭവിക്കും. ഗുരു അനിഷ്ടസ്ഥാനഗനായിരിക്കുംവിഷയത്തിങ്കൽ നഭോജാതങ്ങളായി ബാധിഷ്ഠ്യങ്ങളായിരിക്കുന്ന രോഗങ്ങൾ ഭവിക്കും. അനിഷ്ടഗങ്ങളായിരിക്കുന്ന ഗ്രഹങ്ങൾ നിജങ്ങളായിരിക്കുന്ന രോഗങ്ങളെ നിജനിജൎത്തുക്കളിൽ ഉണ്ടാക്കും.

സാ —— ആദിത്യനും ചൊവ്വയും അനിഷ്ടസ്ഥാനങ്ങളിൽ നിന്നാൽ പിത്തത്തിങ്കൽ നിന്നുണ്ടാകുന്ന രോഗങ്ങൾ ഭവിക്കും. പിത്തമെന്നത അഗ്നിയുടെ അംശമാകുന്നു. ചന്ദ്രനും ശുക്രനും ദുസ്ഥതയെ പ്രാപിച്ചാൽ ജലം ഹേതുവായിട്ടുള്ള രോഗങ്ങൾ ഉണ്ടാകും. ശനിദുസ്ഥനായാൽ വാതം ഹേതുവായിട്ടുള്ള രോഗങ്ങൾ ഉണ്ടാകും. വാതമെന്നത വായു തന്നെ ബുധൻദുസ്ഥനായാൽ ത്രിദോഷങ്ങൾ ഹേതുവായിട്ടുള്ള രോഗങ്ങൾ ഉണ്ടാകും. ത്രിദോഷങ്ങൾ വാതപിത്തകഫങ്ങളാകുന്നു. ഇതുകളിൽ കഫമെന്നതു

൩൪ *

ജലാംശമാകുന്നു. വ്യാഴം ദുസ്ഥനായാൽ അതികാമം ഹേതുവായി ട്ടുള്ള ബാധിൎയ്യം മുതലായ രോഗങ്ങൾ ഭവിക്കും. ദുസ്ഥന്മാരാ യിരിക്കുന്ന ഗ്രഹങ്ങൾ അവരവരുടെ ദശകളിൽ അവരവൎക്കു പറകപ്പെട്ട രോഗങ്ങളെ ഉണ്ടാക്കും.

൰൩. രോഗമായിഷ്ടധൈൎയ്യം തത്തൽപ്രോക്തേഷുധാതുഷു। അപിരോഗോൽഭവോവാച്യഃ പ്രോക്തംഗ്രന്ഥാന്തരേതഥാ॥

അന്വയാൎത്ഥം — ഖേടന്മാർ രോഗമായികളായിരിക്കും വി ഷയത്തിങ്കൽ തത്തൽ പ്രോക്തങ്ങളായിരിക്കുന്ന ധാതുക്കളിലും രോഗോൽഭവംവാച്യമായി ഭവിക്കുന്നു. അപ്രകാരം ഗ്രന്ഥാന്ത രത്തിങ്കൽ പ്രോക്തമായി ഭവിക്കുന്നു.

സാരം — ഗ്രഹങ്ങൾ ദുസ്ഥന്മാരായിട്ടു രോഗങ്ങളെ ജനിപ്പി പ്പാനിരിക്കുന്ന സമയത്തിങ്കൽ അതാതു ഗ്രഹങ്ങളെക്കൊണ്ടു അവരവൎക്കു പറകപ്പെട്ട ധാതുക്കളിൽ രോഗോൽഭവത്തെ പറ യേണം. അപ്രകാരം അന്യഗ്രന്ഥത്തിങ്കൽ പറഞ്ഞിട്ടുണ്ടു.

൰൪. ദുസ്ഥിതാസ്ഥ്യാദിധാതുസ്ഥോരോഗിണാംരോഗംരംശ്ച താം। രോഗപ്രശ്നേഥവാരോഗമാശ്രിതാംശപധാതുഷു. ഇതി॥

അന്വയാൎത്ഥം — രോഗപ്രശ്നത്തിങ്കൽ രോഗികളുടെ രോ ഗം ദുസ്ഥിതാസ്ഥ്യാദി ധാതുസ്ഥമെന്നൊ രോഗമാശ്രിതാംശപ ധാതുക്കളിൽ സ്ഥിതമെന്നൊ ശരണം ചെയ്യപ്പെടേണം.

സാരം — രോഗപ്രശ്നത്തിങ്കൽ ദുസ്ഥന്മാരായിരിക്കുന്ന ഗ്ര ഹങ്ങൾക്കു പ്രത്യേകമായിപറകപ്പെട്ട അസ്ഥ്യാദിധാതുക്കളിലൊ രോഗകരന്മാരായിരിക്കുന്ന ഗ്രഹങ്ങളുടെ നവാംശകങ്ങൾ യാ തൊന്നുകളൊ അതുകളുടെ അധിപന്മാരുടെ ധാതുക്കളിലൊ ആ കുന്നു രോഗത്തിന്റെ സ്ഥിതി എന്നു പറയേണം.

൰൫. സന്തിപ്രകാരഭേദാശ്ചരോഗഭേദനിരൂപണെ। തെ ഷാപ്യത്രവിലിഖ്യന്തെയഥാശാസ്ത്രാന്തരോദിതാഃ॥

അന്വയാൎത്ഥം — രോഗഭേദനിരൂപണത്തിൽ പ്രകാരഭേദ ങ്ങൾ ഭവിക്കുന്നു. അതുകളും യാതൊരു പ്രകാരം ശാസ്ത്രാന്തരോ ദിതങ്ങളായി ഭവിക്കുന്നുവൊ അപ്രകാരം ഇവിടെ വിലേഖനം ചെയ്യപ്പെടുന്നു.

സാരം — വ്യാധിഭേദ വിചാരത്തിങ്കൽ പ്രകാരഭേദങ്ങൾ വളരെ ഉണ്ടു അതുകളെ ഗ്രന്ഥാന്തരത്തിങ്കൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇവിടെ ഇനി എഴുതുന്നു.

൰൬. രോഗാസ്ത്രിവിധാജ്ഞേയാനിജാഗന്തുകഭേദതഃ। നിജാശ്ചാഗന്തുകാശ്ചാപിപ്രത്യേകംദ്വിവിധാഃപുനഃ॥

അന്വയാൎത്ഥം—— രോഗങ്ങളാകട്ടെ നിജാഗന്തുകഭേദം ഹേതുവായിട്ട ദ്വിവിധങ്ങളെന്ന ജ്ഞേയങ്ങളായി ഭവിക്കുന്നു- നിജങ്ങളായിരിക്കുന്ന രോഗങ്ങളും ആഗന്തുകങ്ങളായിരിക്കുന്ന രോഗങ്ങളും പിന്നെ ദ്വിവിധങ്ങളായി ഭവിക്കുന്നു-

സാരം—— വ്യാധികൾ നിജങ്ങളായിട്ടും ആഗന്തുക്കളായിട്ടു ഉണ്ടാകയാൽ രണ്ടു വകയാകുന്നു- അതുകൾ രണ്ടു വകയും പിന്നെ പ്രത്യേകം രണ്ടു പ്രകാരമെന്ന ഭവിക്കുന്നു-

൪൯. നിജാശ്ശരീരചിത്തോത്ഥാ ദൃഷ്ടാദൃഷ്ടനിമിത്തജാഃ । തഥൈവാഗന്തുകാശ്ചൈവം വ്യാധയസ്സ്യുശ്ചതുൎവ്വിധാഃ ॥

അന്വയാൎത്ഥം—— നിജങ്ങളായിരിക്കുന്ന രോഗങ്ങൾ ശരീര ചിത്തോത്ഥങ്ങളായിട്ടും ദൃഷ്ടാദൃഷ്ട നിമിത്തജങ്ങളായിട്ടും ഭവിക്കുന്നു- ആഗന്തുകങ്ങളായിരിക്കുന്ന രോഗങ്ങളും അപ്രകാരം തന്നെ ഭവിക്കുന്നു- ഇപ്രകാരം വ്യാധികൾ ചതുൎവ്വിധങ്ങളായി ഭവിക്കുന്നു-

സാരം—— നിജങ്ങളായിരിക്കുന്ന രോഗങ്ങളും ആഗന്തുകരോഗങ്ങളും ശാരീരങ്ങളായിട്ടും മാനസങ്ങളായിട്ടുമുണ്ടു- ഇത്രതന്നെ അല്ല ചിലതു ദൃഷ്ടനിമിത്തമായിട്ടും ചിലത അദൃഷ്ടനിമിത്തമായിട്ടുമുണ്ടു- അതുഹേതുവായിട്ട മെൽ പറഞ്ഞ രണ്ടുവക രോഗങ്ങളും രണ്ടുവിധമായി നാലുപ്രകാരമെന്ന ഭവിക്കുന്നു-

൫൦. വാതപിത്തകഫൈൎഭൃതാഃ പൃഥക്സംസൃഷ്ടജാഃ । പൃഥക്സംസൃഷ്ടജാസ്തഥാ । സന്നിപാതഭവാശ്ചൈതെ ശാരീരാഃ കീൎത്തിതാ ഗദാഃ ॥

അന്വയാൎത്ഥം—— വെവ്വെറെ വാതപിത്ത കഫൈൎഭൃതങ്ങളായിരിക്കുന്നതുകളും അപ്രകാരം സംസൃഷ്ടജങ്ങളായിരിക്കുന്നതുകളും സന്നിപാതത്താൽ ഭവങ്ങളായിരിക്കുന്നതുകളുമാകുന്ന രോഗങ്ങൾ ശാരീരങ്ങൾ എന്നു കീൎത്തിതങ്ങളായി ഭവിക്കുന്നു-

സാരം—— വാതം ഹെതുവായിട്ടും പിത്തം ഹെതുവായിട്ടും കഫം ഹെതുവായിട്ടും വാതപിത്തങ്ങൾ ഹെതുവായിട്ടും വാതകഫങ്ങൾ ഹെതുവായിട്ടും പിത്തകഫങ്ങൾ ഹെതുവായിട്ടും വാതപിത്തകഫങ്ങൾ ഹെതുവായിട്ടും ഉണ്ടാകുന്ന വ്യാധികൾ ശാരീരങ്ങളായി ഭവിക്കുന്നു-

൫൧. അഷ്ടമെനതഥീശെന തദ്ഭ്രാതൽഗതെനവാ । വിജ്ഞാതവ്യാസ്സപ്ര്വരെതെഷാംവിഷ്ണുരസ്സൽകൃതാഗദാഃ ॥

അന്വയാൎത്ഥം—— അഷ്ടമംകൊണ്ടും തദീശനെക്കൊണ്ടും തദ്ദ്രഷ്ടാവിനെക്കൊണ്ടും തൽഗതനെക്കൊണ്ടും ഇവരുടെ വിഷ്ണുംകൊ

ണ്ടും തൽകൃതങ്ങളായിരിക്കുന്ന ഗദങ്ങൾ വിജ്ഞാതവ്യങ്ങളായി ഭവിക്കും.

സാരം—— അഷ്ടമരാശികൊണ്ടും അഷ്ടമരാശിയുടെ അധിപനെക്കൊണ്ടും അഷ്ടാധിപനെക്കുറിച്ചു ദൃഷ്ടിയുള്ള ഗ്രഹത്തെക്കൊണ്ടും അഷ്ടമത്തിങ്കൽ നില്ക്കുന്ന ഗ്രഹത്തെകൊണ്ടും അഷ്ടമത്തിന്റെയും അഷ്ടമാധിപൻ മുതലായവരുടെയും വീൎയ്യംകൊണ്ടും വാതാദിദോഷത്താൽ ഉണ്ടാക്കപ്പെട്ടതുകളായ രോഗങ്ങളെ അറിയേണം.

൨൨. ക്രോധസാധ്വസശോകാദിവേഗജാതാസ്തുമാനസാഃ।
ജ്ഞേയാരന്ധ്രമനോനാഥ മിഥോയോഗേക്ഷണാദിഭിഃ ॥

അന്വയാൎത്ഥം—— ക്രോധസാധ്വസശോകാദിവേഗജാതങ്ങളായിരിക്കുന്ന ഗദങ്ങളാകട്ടെ മാനസങ്ങളായിട്ടും രന്ധ്രമനോനാഥമിഥോയോഗേക്ഷണാദികൾ കൊണ്ടു ജ്ഞേയങ്ങളായിട്ടും ഭവിക്കുന്നു.

സാരം—— കോപം ഭയം ദുഃഖം ഇത്യാദികളുടെവേഗത്തിങ്കൽ നിന്നുണ്ടാകുന്ന വ്യാധികൾ മാനസങ്ങളാകുന്നു. അതുകളെ അഷ്ടമാന്റെയും അഞ്ചാംഭാവാധിപന്റെ തമ്മിൽ ഉള്ള യോഗം കൊണ്ടും ദൃഷ്ടികൊണ്ടും അറിയേണം.

൨൩. ശാപാഭിചാരഘാതാദിജാതാദൃഷ്ടനിമിത്തജാഃ । ജ്ഞേ
യാഃക്ഷുതദീശാഭ്യാംത ദ്രഷ്ട്രാതൽഗതേനവാ ॥

൨൪. രന്ധ്രേശക്ഷുസംബന്ധശാപാദ്യാഃപ്രബലാശ്ചതേ।
അദൃഷ്ടഹേതുജാജ്ഞേയാബാധകഗ്രഹസംഭവാഃ-ഇതി ॥

അന്വയാൎത്ഥം—— ശാപാഭിചാരഘാതാദി ജാതങ്ങളായിരിക്കുന്ന ഗദങ്ങൾ ദൃഷ്ടനിമിത്തജങ്ങളായി ഭവിക്കുന്നു. അതുകൾ ക്ഷുതദീശന്മാരെക്കൊണ്ടോ തദ്രഷ്ടാവിനെക്കൊണ്ടോ തൽഗതനെക്കൊണ്ടോ ജ്ഞേയങ്ങളായി ഭവിക്കുന്നു. രന്ധ്രേശക്ഷുസംബന്ധം സത്തായിരിക്കും വിഷയത്തിങ്കൽ ആ ശാപാദികൾ പ്രബലങ്ങളായിട്ടു ജ്ഞേയങ്ങളായി ഭവിക്കുന്നു. ബാധകഗ്രഹസംഭവങ്ങളായിരിക്കുന്ന ഗദങ്ങൾ അദൃഷ്ടഹേതുജങ്ങളായി ജ്ഞേയങ്ങളായിഭവിക്കുന്നു.

സാരം— ശാപം മാരണം അഭിചാരം ഇത്യാദികൾ നിമിത്തമായി ഉണ്ടാകുന്ന രോഗങ്ങൾ ദൃഷ്ടഹേതുക്കളാകുന്നു. അതുകളെ ആറാം ഭാവംകൊണ്ടോ അതിന്റെ അധിപനെക്കൊണ്ടോ അതിനെക്കുറിച്ചു ദൃഷ്ടിയോടുകൂടിയ ഗ്രഹത്തെക്കൊണ്ടോ ആറാമെടത്തു നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടോ അറിയേണം. അഷ്ട

മാധിപതിക്കും ആറാമെടത്തിന്നും ദൃഷ്ടിയോഗാദി സംബന്ധമുണ്ടായിരുന്നാൽ ശാപാദികാരണങ്ങളും അധികമായ ബലത്തോട കൂടിയതുകളായിരിക്കും. ഗ്രഹബാധകൊണ്ടുണ്ടായ രോഗങ്ങളും അദൃഷ്ടഹേതുക്കളാകുന്നു.

൨൫. ദൃഷ്ടം വാ യച്ഛ്രുതം ദ്രവ്യം പ്രശ്നകാലെ യദൃച്ഛയാ । തദാശാ
ശ്രിതജാം ഭേദൈർജ്ഞേയാ ഗ്രന്ഥാന്തരേ തഥാ ॥

അന്വയാർത്ഥം — പ്രശ്നകാലത്തിങ്കൽ യദൃച്ഛാഹേതുവായിട്ടു യാതൊരു ദ്രവ്യം ദൃഷ്ടമായിട്ടോ ശ്രുതമായിട്ടോ ഭവിക്കുന്നുവോ തദാശയെ ആശ്രയിച്ചിട്ടും രുക്കുകളുടെ ഭേദങ്ങൾ ജ്ഞേയങ്ങളാകുന്നു അപ്രകാരം ശാസ്ത്രാന്തരത്തിങ്കൽ ഉക്തമായിഭവിക്കുന്നു.

സാരം—പ്രശ്നസമയത്തിങ്കൽ വല്ലോരു ദ്രവ്യത്തെ ഇന്നതുകാരണമെന്നില്ലാതെ കാണുകയോ കേൾക്കുകയോ ഉണ്ടായാൽ അതിനെ അനുസരിച്ചും വ്യാധിഭേദത്തെ അറിയേണം അന്യഗ്രന്ഥത്തിങ്കൽ അപ്രകാരം പറഞ്ഞിട്ടുണ്ടു.

൨൬. യസ്യ രോഗസ്യ യദ്ദ്രവ്യമപഥ്യം തസ്യ വീക്ഷണെ । ശ്ര
വണെ വാസ്യ വിജ്ഞേയസ്സ രോഗോ രോഗചിന്തനെ. ഇതി ॥

അന്വയാർത്ഥം— യാതൊരു രോഗത്തിന്നു യാതൊരു ദ്രവ്യം അപഥ്യമായി ഭവിക്കുന്നുവോ അതിന്റെ അതിന്റെ വീക്ഷണം സത്തായിരിക്കും വിഷയത്തിങ്കൽ ഇവന്നു ആ രോഗം രോഗചിന്തനത്തിങ്കൽ ജ്ഞേയമായി ഭവിക്കുന്നു.

സാരം— പ്രശ്നസമയത്തിങ്കൽ ഇന്നതുകാരണമെന്നില്ലാതെ ആ സ്ഥലത്തിങ്കൽവെച്ചൊരു ദ്രവ്യത്തെ കാണുകയോ അതിനെ സംബന്ധിച്ചിട്ടുള്ള വാക്കിനെ കേൾക്കുകയോ ഉണ്ടായാൽ അതു യാതൊരു രോഗത്തിന്നു അപഥ്യമായി ഭവിക്കുന്നുവോ ആ രോഗം പൃച്ഛകന്നു ഭവിക്കുന്നു എന്നു ഗ്രഹിക്കേണം.

(വാ) അത്രാഷ്ടാംഗഹൃദയം ॥

അന്വയാർത്ഥം— ഇവിടെ അഷ്ടാംഗഹൃദയം പ്രമാണമായി ഭവിക്കുന്നു.

സാരം— ഇന്നരോഗത്തിന്നു ഇന്നത അപഥ്യമെന്നുള്ള വിഷയത്തിങ്കൽ അഷ്ടാംഗഹൃദയമെന്ന ശാസ്ത്രം പ്രമാണമാകുന്നു.

൨൭. രസാസ്സ്വാദ്വമ്ലലവണതിക്തോഷണകഷായകാഃ തത്രാ
ദ്യാ മാരുതം ഘ്നന്തി ത്രയസ്തിക്താദയഃ കഫം ॥

൨൮. കഷായതിക്തമധുരാഃ പിത്തം ഘ്നന്തി ചേതരെ । വാതഃ
പിത്തം കഫശ്ചേതി ത്രയോ ദോഷാസ്സമീരിതാഃ ॥ ഇതി.

അന്വയാർത്ഥം—രസങ്ങൾ സ്വാദ്വമ്ലലവണതിക്തോഷണ

കഷായരസങ്ങളായി ഭവിക്കുന്നു. അതുകളിൽവെച്ചു ആദ്യങ്ങളായിരിക്കുന്ന മൂന്നുരസങ്ങളും മാരുതനെ ഹനിക്കുന്നു. തിക്താദികളായിരിക്കുന്ന മൂന്നുരസങ്ങളും കഫത്തെ ഹനിക്കുന്നു. കഷായതിക്തമധുരങ്ങളും പിത്തത്തെ ഹനിക്കുന്നു. ഇതരങ്ങളും പൊഷിപ്പിക്കുന്നു. വാതവും പിത്തവും കഫവും ഇങ്ങിനെ ദൊഷങ്ങളും മൂന്നായിട്ടു സമീരിതങ്ങളായി ഭവിക്കുന്നു.

സാരം — മധുരം, പുളി, ഉപ്പു, കയ്പു എരു, ചവൎപ്പു ഇതുകൾ രസങ്ങളാകുന്നു മധുരാദികളായ ആ രസങ്ങളിൽവെച്ചു മധുരാമ്ലലവണങ്ങളായ മൂന്നു രസങ്ങളും വാതത്തെ ശമിപ്പിക്കും. മറ്റുള്ളരസങ്ങളും വൎദ്ധിപ്പിക്കും. തിക്തോഷ്ണകഷായങ്ങളാകുന്നമൂന്നരസങ്ങളും കഫത്തെ ശമിപ്പിക്കും. മറ്റുള്ളതുകൾ വൎദ്ധിപ്പിക്കും. കഷായതിക്തമധുരങ്ങൾ പിത്തത്തെ ശമിപ്പിക്കും. മറ്റുള്ളതുകൾ വൎദ്ധിപ്പിക്കും. വാതം പിത്തം കഫം ഇങ്ങിനെ ദൊഷങ്ങൾ മൂന്നാകുന്നു.

മെൽ വിവരിക്കപ്പെട്ട അഷ്ടാംഗഹൃദയമാകുന്ന പ്രമാണം കൊണ്ടു മധുരരസത്തൊടൊ അമ്ലരസത്തൊടൊ ലവണരസത്തൊടൊ കൂടിയ ഒരുവസ്തുവിനെ പ്രശ്നസമയത്തിങ്കൽ കണ്ടാൽ അതും കഫവൃദ്ധിനിമിത്തമായി ഉണ്ടാകുന്നവ്യാധിക്കനുകൂല്യമായിട്ടുള്ളതാകയാൽ പ്രഷ്ടാവിന്നു കഫവൃദ്ധി ഹെതുവായിട്ടുള്ള രൊഗമുണ്ടെന്നു ഗ്രഹിക്കാം. ഇങ്ങിനെ മറ്റുള്ളതുകളും ഊഹിച്ചറിക.

൨൯. യസ്യ ഗ്രഹസ്യ യൊ ദൊഷഃ പിത്താദിഃ പരികീൎത്തിതഃ
തെന രൊഗൊ ഗ്രഹവക്തവ്യൊ വാച്യ സ്തദ്ദൊഷജൊ ഗദഃ॥

അന്വയാൎത്ഥം — യാതൊരുഗ്രഹത്തിന്നു പിത്താദികളിൽവെച്ചു യാതൊരുദൊഷം ഇവിടെ കീൎത്തിതമായി ഭവിക്കുന്നുവൊ ആ ഗ്രഹത്തെക്കൊണ്ടു രൊഗം വക്തവ്യമായിരിക്കും. വിഷയത്തിങ്കലാകട്ടെ തദ്ദൊഷജമായിരിക്കുന്ന ഗദം വാച്യമായി ഭവിക്കുന്നു.

സാരം — പ്രഷ്ടാവിന്നു രൊഗത്തെ പറയെണമെന്നുവരുമ്പൊൾ എതൊരുഗ്രഹത്തെക്കൊണ്ടു രൊഗമുണ്ടു എന്നു നിശ്ചയിക്കപ്പെട്ടുവൊ ആ ഗ്രഹത്തിന്നു ഇവിടെ പറകപ്പെട്ട ദൊഷം പിത്താദികളിൽ വെച്ചു ഏതാകുന്നുവൊ അതു ഹെതുവായിട്ടുള്ള രൊഗം പ്രഷ്ടാവിന്നു ഭവിക്കുന്നു എന്നുപറയെണം.

൩൦. പാപാലൊകിതയൊരാൎത്ത്യൈസ്തൈരൈഹാരാദിഷ്വപിതെഷു
അപിജ്ഞെയാരുജാംഭെദാഃ പ്രാഗ്ലഗ്നദുരിതൊൽഭവാഃ॥

അന്വയാൎത്ഥം — പ്രാഗ്ലഗ്നദുരിതൊൽഭവങ്ങളായിരിക്കുന്ന ആ

ക്കകളുടെ ഭേദങ്ങൾ പാപാലോകിതയോരാദ്യങ്ങൾകൊണ്ടും ഹോരാദികളിൽ ഉദിതങ്ങളായിരിക്കുന്ന യോഗങ്ങൾ കൊണ്ടും ജ്ഞേയങ്ങളായി ഭവിക്കുന്നു.

സാരം——പൂർവ്വജന്മത്തിങ്കൽ ചെയ്യപ്പെട്ട ദുരിതകർമ്മങ്ങൾ ഹേതുവായിട്ടുണ്ടാകുന്ന ചില രോഗങ്ങളെ ഹോരമുതലായ ശാസ്ത്രങ്ങളിൽ പറയപ്പെട്ട യോഗങ്ങൾകൊണ്ടു അറിയേണം. ഹോരയിൽ അനിഷ്ടയോഗാദ്ധ്യായത്തിൽ ഏഴാമത്തെ ശ്ലോകം പാപാലോകിതയോഃ ഇത്യാദി ഇതുകൊണ്ടു ശുക്രനും ചൊവ്വയും പാപദൃഷ്ടിയോടുകൂടിയവരായി ഏഴാമെടത്തുനിന്നാൽ വൃദ്ധിരോഗത്തെ പറയേണമെന്നും വല്ലോരേടത്തു നില്ക്കുന്ന ചന്ദ്രൻ കർക്കടകമൊ വൃശ്ചികമൊ ആകുന്ന നവാംശകത്തോടും പാപയോഗത്തോടും കൂടിയവനായിരുന്നാൽ ഗുഹ്യരോഗത്തെ പറയേണമെന്നും പന്ത്രണ്ടാമെടത്തും രണ്ടാമെടത്തും അശുഭന്മാർ നില്ക്കുമ്പോൾ ചന്ദ്രൻ ലഗ്നത്തിങ്കലും ആദിത്യൻ ഏഴാമെടത്തും നിന്നാൽ ശ്വിത്രമെന്ന രോഗത്തെ പറയേണമെന്നും ചന്ദ്രൻ പത്താമെടത്തും ചൊവ്വ ഏഴാമെടത്തും നില്ക്കുമ്പോൾ ശനി സൂര്യൻ നില്ക്കുന്ന രാശിയുടെ രണ്ടാം രാശിയിൽ നിന്നാൽ അംഗഹീനതയെ പറയേണമെന്നും പറയപ്പെട്ടിരിക്കുന്നു. ഇങ്ങിനെ പല അനിഷ്ടയോഗങ്ങൾ ഇനിയുമുണ്ടു. അപ്രകാരം മറ്റുള്ള ശാസ്ത്രങ്ങളിലുമുണ്ടു. അങ്ങിനെയുള്ള യോഗങ്ങൾ ഒക്കെയും മേൽപറഞ്ഞതുകൾക്കുംപുറമെ രോഗവിശേഷങ്ങളെ ഗ്രഹിപ്പാനുള്ള സാധനങ്ങളാകുന്നു എന്ന ധരിച്ചുകൊൾക.

(വാ) അഥോന്മാദലക്ഷണമുച്യതെ ॥

അന്വയാർത്ഥം—അനന്തരം ഉന്മാദലക്ഷണം വചിക്കപ്പെടുന്നു

സാരം——സ്പഷ്ടമാകുന്നു.

൩൭. ലഗ്നസ്ഥധിഷ്ണേ ദിവാകരസുതേ ഭൌമേഥവാദ്യൂ
നഗേ മന്ദേ ലഗ്നഗതേ മദാത്മജതപസ്സംസ്ഥേഥവാക്ഷീണേന്ദൌ ॥ ധൂ
ർത്തേന്ദ്വൂർദ്ധശശീന്ദുജൌ വ്യയശശീ മന്ദശ്ചരിഃഫേസ്ഥിതേ പാ
പൈഃ പൈതൃശരാസ്രതാംഗ്രതഭയായുസ്സാന്ത്യധർമ്മാപഗഃ ॥

൩൮. അന്യേ പാപയുതോമന്ദേ വ്യയസ്ഥേ ഷഷ്ഠാഷ്ടമാന്ത്യഗഃ ഉ
ന്മാദമായിന്നോ വാ ഗോ വിഷമഷ്ടൌസമിതിരിതി ॥ ഇതി.

അന്വയാർത്ഥം—— ധിഷണൻ ലഗ്നസ്ഥനായിരിക്കും വിഷയത്തിങ്കൽ ദ്യൂനഗനായിരിക്കുന്ന ദിവാകരസുതനും അല്ലായെങ്കിൽ ഭൌമനും മന്ദൻ ലഗ്നഗതനായിരിക്കും വിഷയത്തിങ്കൽ മദാത്മജതപസ്സംസ്ഥനായിരിക്കുന്ന മഹീനന്ദനനും മൂർത്തിയിങ്കൽ

സ്ഥിതന്മാരായിരിക്കുന്ന മൂഢശശീന്ദുജന്മാരും രിഃഫത്തിങ്കൽ സ്ഥിതന്മാരായിരിക്കുന്ന കൃശശശിയും മന്ദനും ഉഭയാദ്യസ്സ്വാന്ത്യധൎമ്മോപഗനായിരിക്കുന്ന പാപോപേതകൃശാമൃതാംശുവും അസ്തത്തിങ്കൽ പാപയുതനായിരിക്കുന്ന മാന്ദിയും ത്രിഷഷ്ഠാഷ്ടമാന്ത്യഗനായി പാപയുതനായിരിക്കുന്ന വിത്തും ഉന്മാദദായികളാകുന്നു. ഇങ്ങിനെ എട്ടുയോഗങ്ങൾ പൂൎവ്വാചാൎയ്യന്മാരാൽ സമീരിതങ്ങളായി ഭവിക്കുന്നു.

സാരം——വ്യാഴം ലഗ്നത്തിങ്കൽ നില്ക്കുംപൊൾ എഴാമെടത്തു നില്ക്കുന്ന ശനി ചിത്തഭ്രമത്തെ ഉണ്ടാക്കും.

വ്യാഴം ലഗ്നത്തിങ്കൽ നില്ക്കുംപൊൾ എഴാമെടത്തുനില്ക്കുന്ന ചൊവ്വ ചിത്തഭ്രമത്തെ ഉണ്ടാക്കും.

ശനി ലഗ്നത്തിങ്കൽ നില്ക്കുംപൊൾ എഴാമെടത്തൊ അഞ്ചാമെടത്തൊ ഒമ്പതാമെടത്തൊ നില്ക്കുന്ന ചൊവ്വ ചിത്തഭ്രമത്തെ ഉണ്ടാക്കും.

ലഗ്നത്തിങ്കൽ പാട്ടുള്ള ചന്ദ്രബുധന്മാർ ഒരുമിച്ചുനിന്നാൽ അവർ ചിത്തഭ്രമത്തെ ഉണ്ടാക്കും.

പന്ത്രണ്ടാമെടത്തു ക്ഷീണചന്ദ്രനും ശനിയും തുല്യകാലത്തിങ്കൽ നിന്നാൽ അവർ ചിത്തഭ്രമത്തെ ഉണ്ടാക്കും.

ലഗ്നത്തിങ്കലൊ അഷ്ടമത്തിങ്കലൊ രണ്ടാമെടത്തൊ പന്ത്രണ്ടാമെടത്തൊ ഒമ്പതാമെടത്തൊ പാപനൊടുകൂടെ നില്ക്കുന്നക്ഷീണചന്ദ്രൻ ചിത്തഭ്രമത്തെ ഉണ്ടാക്കും.

എഴാമെടത്തു പാപനൊടുകൂടെ നില്ക്കുന്ന ഗുളികൻ ചിത്തഭ്രമത്തെ ഉണ്ടാക്കും.

മൂന്നാമെടത്തും ആറാമെടത്തും എട്ടാമെടത്തും പന്ത്രണ്ടാമെടത്തും പാപനൊടുകൂടെനില്ക്കുന്ന ബുധൻ ചിത്തഭ്രമത്തെ ഉണ്ടാക്കും.

ഇങ്ങിനെ ചിത്തഭ്രമനിമിത്തങ്ങളായ എട്ടുയൊഗങ്ങൾ പൂൎവ്വാചാൎയ്യന്മാരാൽ പറകപ്പെട്ടതുകളാകുന്നു.

൩൩. കാരണമുന്മാദാനാമുന്മത്താനാം തഥൈവ ചേഷ്ടാദ്യം ।
കഥ്യതഇഹതൽഭേദാത്തത് ഖലു ശാസ്ത്രാന്തരെവിനിൎദ്ദിഷ്ടം ॥

അന്വയാൎത്ഥം—— ഉന്മാദങ്ങളുടെ കാരണവും അപ്രകാരം തന്നെ തൽഭേദംഹേതുവായിട്ടുള്ള ഉന്മത്തന്മാരുടെ ചെഷ്ടാദ്യവും ഇവിടെ കഥിക്കപ്പെടുന്നു. അത ശാസ്ത്രാന്തരത്തിങ്കൽ വിനിൎദ്ദിഷ്ടമായിട്ടുള്ളതു തന്നെ.

സാരം—— ഇനി ഉന്മാദകാരണങ്ങളെയും കാരണഭേദംഹെ

ത്തുവായിട്ടു ഭേദിക്കുന്നതുകളായ ഉന്മത്തചേഷ്ടകളെയും മററും പറയുന്നു- അത അന്യശാസ്ത്രത്തിങ്കൽ പലവിധമായി പറകപ്പെട്ടതുതന്നെ-

൧൪. ഇഷ്ടക്ഷയഭയശോകാദേ വിരുദ്ധാശുചിഭോജനാൽ ।
ഗുരുദേവാദികോപാച്ച പഞ്ചോന്മാദാ ഭവന്ത്യഥ ॥

൧൫. ത്രിദോഷജാസ്സന്നിപാതാദാഗന്തവഇതീരിതാഃ । ഹ
സനാസ്ഫോടനാക്രന്ദഗീതനൃത്തനരോദനം ॥

൧൬. അസ്ഥാനമംഗവിക്ഷേപസ്താമ്രാരുക്ഷകൃശാതനുഃ । ജീ
ർണ്ണേബലഞ്ചവാഗ്രൂക്ഷാഹിവാതോന്മാദസ്യലക്ഷണം ॥

൧൭. സംരംഭോമർഷവൈമുഖ്യമഭിദ്രവണതർജ്ജനം । ഛായാ
ശീതാന്നതോയേച്ഛാരോഷഃപീതോഷ്ണദേഹതാ ॥

൧൮. നാരീവിവിക്തപ്രിയതാനിദ്രാരോചനമല്പവാക് ।
ലാലാഛർദ്ദിർബ്ബലംഭുക്തൌനഖാദിഷ്വശുക്ലതാ ॥

൧൯. ഏതാഃപിത്തകഫോന്മാദചേഷ്ടാഃശ്ലോകോദിതാഃക്രമാൽ ।
സമ്മിശ്രലക്ഷണോവജ്ജ്യ ഉന്മാദസ്സാന്നിപാതികഃ ॥

൨൦. ആഗന്തവോഗ്രഹോജ്ജാതയാസ്സ്യുർദേവാസുരാദയഃ । അ
മർത്ത്യബലവാക്ജ്ഞാനവിക്രമാദിസമന്വിതാഃ ॥

അന്വയാർത്ഥം ____ ഇഷ്ടക്ഷയഭയശോകാദിഹേതുവായിട്ടും വിരുദ്ധാശുചിഭോജനം ഹേതുവായിട്ടും ഗുരുദേവാദികോപം ഹേതുവായിട്ടും അനന്തരം അഞ്ചു ഉന്മാദങ്ങൾ ഭവിക്കുന്നു ത്രിദോഷജങ്ങളും സന്നിപാതങ്ങളും ആഗന്തുകങ്ങളും ഇങ്ങിനെ അതുകൾ സ്വതങ്ങളായി ഭവിക്കുന്നു- ഹസനാസ്ഫോടനാക്രന്ദഗീതനൃത്തനരോദനവും അസ്ഥാനവും അംഗവിക്ഷേപവും താമ്രയായി രൂക്ഷകൃശയായിരിക്കുന്ന തനുവും അന്നം ജീർണ്ണമായിരിക്കും വിഷയത്തിങ്കൽ ബലവും ബഹിയായിരിക്കുന്ന വാക്കും ഹതോന്മാദത്തിന്റെ ലക്ഷണമാകുന്നു- സംരംഭവും അമർഷവൈമുഖ്യവും അഭിദ്രവണതർജ്ജനവും ഛായാശീതാന്നതോയേച്ഛയും രോഷവും പീതോഷ്ണദേഹതയും നാരീവിവിക്തപ്രിയതയും നിദ്രാരോചങ്ങളും അല്പമായിരിക്കുന്ന വചസ്സും ലാലയും ഛർദ്ദിയും ഭുക്തികൃതയായിരിക്കും വിഷയത്തിങ്കൽ ബലവും നഖാദികളിൽ ശുക്ലതയും ഇങ്ങിനെ ശ്ലോകോദിതകളായിരിക്കുന്ന ഇതുകൾ ക്രമേണ പിത്തകഫോന്മാദചേഷ്ടകളായി ഭവിക്കുന്നു- സാന്നിപാതികമായിരിക്കുന്ന ഉന്മാദം സമ്മിശ്രലക്ഷണമാകുന്നു- അതുവജ്ജ്യമായി ഭവിക്കുന്നു- ആഗന്തുകങ്ങളായിരിക്കുന്ന ഉന്മാദങ്ങൾ ഗ്രഹം ഹേതുവായിട്ടു ഉണ്ടാകുന്നു- എന്ന ജ്ഞേയങ്ങളായി ഭവിക്കുന്നു- അ

വരാകട്ടെ ഗൊസ്വരാദികളായി ഭവിക്കുന്നു- അവർ അമാത്യബലവാക്ജ്ഞാനവിക്രമാദി സമന്വിതന്മാരായിട്ടും ഭവിക്കുന്നു-

സാരം—— അതിസന്തൊഷവും അത്യാഗ്രഹവും അതിഭീതിയും അതി ദുഃഖവും വിരുദ്ധാന്ന ഭക്ഷണവും അശുദ്ധാന്ന ഭക്ഷണവും ഗുരുകൊപവും ദെവകൊപം മുതലായതും ഉന്മാദ കാരണങ്ങളാകുന്നു- ഉന്മാദങ്ങൾ വാതം ഹെതുവായിട്ടും പിത്തം ഹെതുവായിട്ടും കഫം ഹെതുവായിട്ടും വാതപിത്ത കഫങ്ങൾ ഹെതുവായിട്ടും ആഗന്തുക്കളായിട്ടും ഉണ്ടാകുന്നതുകളാകയാൽ അഞ്ചു പ്രകാരമെന്ന സംഭവിക്കുന്നതുകളാകുന്നു-

ചിരി, കൈകൊട്ടുക, നിലവിളി, പാട്ടു, നൃത്തം, കരച്ചിൽ, കയ്യും കാലു മിളക്കുക, ശരീരം മെലിയുക ചെമ്പുനിറമാകുക അന്നം ദഹിച്ചാൽ വർദ്ധിക്കുക വളരെ പറയുക- ഇതുകൾ വാതൊന്മാദ ലക്ഷണങ്ങളാകുന്നു-

പരാക്രമം ധാർഷ്ട്യം സാമർത്ഥ്യം കണ്ടവരുടെനെരെ പായുക നിന്ദിച്ചു പറയുക നിഴല തണുപ്പു അന്നപാനങ്ങൾ ഇതുകളിൽ ഇച്ശാ കൊപം ദെഹം മഞ്ഞൾ നിറത്തൊടും ചൂടൊടും കൂടിയതായി ഭവിക്കുക- ഇതുകൾ പിത്തൊന്മാദ ലക്ഷണങ്ങളാകുന്നു- സ്ത്രീകളിലും വിജനപ്രദെശത്തിങ്കലും പ്രീതി ഉറക്കം അരുചി വാക്കിന്റെ ചുരുക്കം, വായയിൽനിന്നുവെള്ളം ഒഴുകുക ഛർദ്ദി, ഉണ്ടാൽ വർദ്ധിക്കുക നഖം മുതലായതു വെളുക്കുക- ഇതുകൾ കഫൊന്മാദ ലക്ഷണങ്ങളാകുന്നു- ആഗന്തുക്കളായിരിക്കുന്ന ഉന്മാദങ്ങൾക്കു കാരണം ഗ്രഹങ്ങളുടെ ആവെശമാകുന്നു- ഗ്രഹങ്ങൾ ദെവതാ വിശെഷങ്ങളാകുന്നു പറഞ്ഞു ദെവഗ്രഹം അസുരഗ്രഹം ഇങ്ങിനെ തുടങ്ങി അവർ പലരെ ഉണ്ടു- ദെവന്മാരുടെ ബലം പൊലെ ഉള്ള ബലവും വാക്കു പൊലെ ഉള്ള വാക്കും അറിവുപൊലെ ഉള്ള അറിവും പരാക്രമം പൊലെ ഉള്ള പരാക്രമവും അവൎക്കുണ്ടു- എങ്കിലും ദെവന്മാരല്ല ദെവന്മാരെന്നപൊലെ ഉള്ളവരാകുന്നു അവർ മനുഷ്യരെ അനെകം ഹെതുവശാൽ ബാധിക്കും- ബാധിച്ചവർ ഉന്മാദ ഗ്രഹങ്ങളായിരുന്നാൽ ഉന്മാദത്തെ ഉണ്ടാക്കും ഗുരുദെവാദികളുടെ കൊപം ഹെതുവായിട്ട ഉന്മാദഗ്രഹങ്ങൾ ബാധിക്കും ഇപ്രകാരമാകയാൽ ഗുരുദെവാദി കൊപംഹെതുവായിട്ടുണ്ടാകുന്ന ഉന്മാദങ്ങൾക്കു ആഗന്തുത്വവും ആഗന്തുക്കളായ ഉന്മാദങ്ങൾക്കു ഗ്രഹഹെതുത്വവും ഉചിതമാകുന്നു എന്ന ധരിച്ചുകൊൾക-

൪൧. വാതൊന്മാദെസ്നെഹപാനം പിത്തൊന്മാദെ വിരെചനം

ശ്ലൈഷ്മികേ നസ്യവമനേ ആഗന്തുഷ്വപി ലോഃ ക്രിയാഃ ॥

൪൫. സർവ്വേ നശ്യന്തി ചോന്മാദാ ജപഹോമാദികർമ്മതഃ-ഇതി ॥

അന്വയാർത്ഥം —— വാതോന്മാദം സത്തായിരിക്കും വിഷയത്തിങ്കൽ സ്നേഹപാനം ഹിതമായി ഭവിക്കുന്നു- പിത്തോന്മാദം സത്തായിരിക്കും വിഷയത്തിങ്കൽ വിരേചനം ഹിതമായിഭവിക്കുന്നു- ശ്ലൈഷ്മികം സത്തായിരിക്കും വിഷയത്തിങ്കൽനസ്യവമനങ്ങൾ ഹിതങ്ങളായി ഭവിക്കുന്നു- ആഗന്തുക്കൾ സത്തുകളായിരിക്കും വിഷയത്തിങ്കൽ അഖിലകളായിരിക്കുന്ന ക്രിയകൾ ഹിതകളായി ഭവിക്കുന്നു- സർവ്വങ്ങളായിരിക്കുന്ന ഉന്മാദങ്ങളും ജപഹോമാദി കർമ്മങ്ങൾ ഹേതുവായിട്ട് നശിക്കുന്നു-

സാരം—— വാതകോപം ഹേതുവായിട്ട ഉന്മാദമുണ്ടായാൽ എണ്ണ മുതലായ സ്നേഹത്തെ സേവിക്കുകയും പിത്തകോപം ഹേതുവായിട്ട ഉന്മാദമുണ്ടായാൽ വയറിളക്കുകയും കഫകോപം ഹേതുവായിട്ട ഉന്മാദമുണ്ടായാൽ നസ്യം ചെയ്കയും ഛർദ്ദിപ്പിക്കുകയും ഹിതമാകുന്നു ആഗന്തുക്കളായ ഉന്മാദങ്ങൾക്ക എല്ലാക്രിയകളും ഹിതങ്ങളാകുന്നു ജപഹോമാദികർമ്മങ്ങൾകൊണ്ട എല്ലാ ഉന്മാദങ്ങളും ശമിക്കും-

൪൬. സംപ്രദായവിശേഷോസ്തി പൂർവ്വാചാര്യൈരുദാഹൃതഃ। ഉന്മാദകാരണാദീനാം കഥനേ സ ച ലിഖ്യതേ ॥

അന്വയാർത്ഥം ഉന്മാദകാരണാദികളുടെ കഥനത്തിങ്കൽപൂർവ്വാചാര്യന്മാരാൽ ഉദാഹൃതമായിരിക്കുന്ന സംപ്രദായ വിശേഷം ഭവിക്കുന്നു- അതും ലേഖനം ചെയ്കപ്പെടുന്നു-

സാരം—— ഉന്മാദത്തിൻെറ കാരണം മുതലായതിനെ പറവാൻ പണ്ടുള്ള ആചാര്യന്മാർ പറകപ്പെട്ടതായൊരു സംപ്രദായഭേദമുണ്ട അതിനെ ഇനി വിവരിക്കുന്നു.

൪൭. വിഷമാശുചിഭോജ്യാന്നോപവാസൈശ്ച ഭയവൈരാഗ്യമധ്യാക്രധ്യാഭിചാരൈഃ। ഗുരുപാവകദൈവതാപവാദൈസ്ത്രിവിധോന്മാദ ഉദാഹൃതസ്ത്രിദോഷൈഃ ॥

൪൮. മദശതിഹേതവൊദ്ഭ്രാന്തൗമദശ്ച ഹൃദ്ഭവോഽപി। ത്രിദോഷകോപസ്ത്വന്മാദഃ പിത്തജേ ബന്ധനം ഭവേൽ ॥

൪൯. ചന്ദ്രശുക്രാഷ്ടമാധിശോ ശോ ചരേതരശായദി। വിഷമാഷ്ട പ്രവാസേ സ്ഥ ഉന്മാദ ഇതി നിർദ്ദിശേൽ ॥

൫൦. കേതുമാന്ദ്യഹിയുക്തേ ഫ്വചൈതൈഷ്ചശ്ച ചിഭുക്തിജഃ। സപാപേ പഞ്ചമേ ഷഷ്ഠീ തിവൈരാഗ്യോത്ഥസ്സ്വഭ്രമിജേ ॥

൫൧. ക്രോധജോ ഭൗമാദി ചാരൈഃ ത്ഥഃഷഷ്ഠ്യശേഷ പശ്ശുഭേഷ്ഠു സഃ।

ഗുൎവ്വാദിശാപസംഭൂതഃ പാപെ നവമസംസ്ഥിതെ ||

൪൯. കല്യാണപഞ്ചഗവ്യാജ്യസെവാദ്യൈശ്ച വിധീയതാം-

ഇതി ||

അന്വയാൎത്ഥം—— വിഷമാശുചി ഭോജനോപവാസങ്ങൾ ഹെതുവായിട്ടും ഭയവൈരാഗ്യ ക്രോധാക്രുധാഭിചാരങ്ങൾ ഹെതുവായിട്ടും ഗുരുപാവകദൈവതാപവാദങ്ങൾ ഹെതുവായിട്ടും ത്രിദൊഷങ്ങൾ ഹെതുവായിട്ട ത്രിവിധൊന്മാദം ഉദാഹൃതമായി ഭവിക്കുന്നു- ഭ്രാന്തിയിങ്കൽ ഇപ്രകാരം പത്തുഹെതുക്കൾ ഭവിക്കുന്നു- ദശഹെതുഭവങ്ങളാകുന്നു എങ്കിലും, ഉന്മാദങ്ങൾ ത്രിദൊഷജങ്ങളായി ഭവിക്കും- പിത്തജമായിരിക്കുന്ന ഉന്മാദത്തിങ്കൽ വൈബന്ധ്യം കൎത്തവ്യമായി ഭവിക്കും- ചന്ദ്രശുക്രാഷ്ടമാധീശന്മാർ ഗൊചരെതരഗന്മാരാകുന്നു എങ്കിൽ ഉന്മാദം വിഷമാഷ്ടപ്രചാദസൊത്ഥമാകുന്നു എന്നു നിൎദ്ദെശിക്കേണം- ഇവർ കേതുമാന്ദ്യഹിയുക്തന്മാരായിരിക്കും വിഷയത്തിങ്കൽ അശുചിഭുക്തിജമാകുന്നു എന്നു നിൎദ്ദെശിക്കേണം- പഞ്ചമം സപാപമായി സത്തായിരിക്കും വിഷയത്തിങ്കൽ ഭീതിവൈരാഗ്യൊത്ഥമാകുന്നു എന്നു നിൎദ്ദെശിക്കേണം- പഞ്ചമം സഭൂമിജമായി സത്തായിരിക്കും വിഷയത്തിങ്കൽ ക്രൊധജമാകുന്നു എന്നു നിൎദ്ദെശിക്കേണം- അശുഭന്മാർ ഷഷ്ഠഗന്മാരായിരിക്കും വിഷയത്തിങ്കൽ അഭിചാരജമാകുന്നു എന്നു നിൎദ്ദെശിക്കേണം പാപൻ നവമസംസ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഗുൎവ്വാദിശാപ സംഭൂതമാകുന്നു എന്നു നിൎദ്ദെശിക്കേണം- ഇതുകൾ സത്തുകളായിരിക്കും വിഷയത്തിങ്കൽ കല്യാണ പഞ്ചഗവ്യാജ്യ സെവാദി വിധിക്കപ്പെടേണം-

സാരം——അകാലത്തിങ്കൽ അല്പമായിട്ടൊ ബഹുവായിട്ടൊ ഉള്ള അന്നത്തെ ഭക്ഷിക്കുകയും കാലത്തിങ്കലൊ അകാലത്തിങ്കലൊ അശുദ്ധമായ അന്നത്തെ ഭക്ഷിക്കുകയും ഉപവസിക്കുകയും ഭയപ്പെടുകയും വൈരാഗ്യമുള്ളവാകയും കൊപിക്കുകയും വൈരികൾ അഭിചാരകൎമ്മത്തെ ചെയ്കയും ഗുരു, അഗ്നി, ദെവന്മാർ ഇവരെ നിന്ദിച്ചു പറകയും ഉന്മാദത്തിന്നു ഹെതുവായി ഭവിക്കുന്നു-

ഉന്മാദഹെതുക്കൾ മെൽപ്രകാരം പത്തായിരുന്നാലും അതുകൾ നിമിത്തമായിട്ടും ദൊഷകൊപമുണ്ടാകിലല്ലാതെ ഉന്മാദം ഭവിക്കയില്ല- അതുകൊണ്ടു എല്ലാ ഉന്മാദങ്ങളും ദൊഷജങ്ങളാകയാൽ വാതൊന്മാദവും പിത്തൊന്മാദവും കഫൊന്മാദവു മിങ്ങിനെ

മൂന്നു പ്രകാരമല്ലാതെ ഉന്മാദമില്ലെന്നും വാതാദികളായിരിക്കുന്ന ദോഷങ്ങളെ കോപത്തെ കുറിച്ചു വിഷമഭോജനാദികൾ കാരണമാകുന്നു എന്നും ഗ്രഹിച്ചുകൊൾക. പിത്തജമായിരിക്കുന്ന ഉന്മാദം ഭവിച്ചാൽ അകത്തിട്ടടക്കുക. മുതലായ ബന്ധന ക്രിയകൾ കൂടെ വെണ്ടിവരും.

ചന്ദ്രനും ശുക്രനും അഷ്ടമാധിപനും ഗോചരത്തിങ്കലല്ലാതെ നില്ക്കിൽ വിഷമഭോജനമൊ ഉപവാസമൊ കാരണമായി ഭവിക്കുമെന്നറിക. ചന്ദ്രശുക്രാഷ്ടമാധിപന്മാർ കെതുഗുളിക രാഹുക്കളൊടുകൂടെ നിന്നാൽ അശുദ്ധാന്ന ഭക്ഷണം കാരണമായി ഭവിക്കുമെന്നറിക. അഞ്ചാമെടത്തു പാപൻനിന്നാൽ ഭയ വൈരാഗ്യങ്ങൾ കാരണങ്ങളായി ഭവിക്കുമെന്നറിക. അഞ്ചാമെടത്തു ചൊവ്വനിന്നാൽ കൊപം കാരണമായി ഭവിക്കുമെന്നറിക. ആറാമെടത്തു പാപന്മാർ നിന്നാൽ ആഭിചാരം കാരണമായി ഭവിക്കുമെന്നറിക. ഒമ്പതാമെടത്തു പാപൻനിന്നാൽ ഗുരുശാപം മുതലായതു കാരണമായി ഭവിക്കുമെന്നറിക.

മെൽപറഞ്ഞ ഉന്മാദങ്ങളിൽ എതെങ്കിലുമുണ്ടായാൽ കല്യാണഘൃതമൊ പഞ്ചഗവ്യഘൃതമൊ സെവിക്കെണമെന്നു തുടങ്ങിയുള്ള പ്രതിവിധികളെ പറയെണം.

(പാ) അഥാപസ്മാരലക്ഷണമുച്യതെ॥

അന്വയാൎത്ഥം— അനന്തരം അപസ്മാരലക്ഷണം വചിക്കപ്പെടുന്നു.

സാരം. സ്പഷ്ടമാകുന്നു.

ശ്ലോ. മന്ദെരന്ധ്രഗതെഹ്യചത്രികൊണെബലിനൊശുഭാഃ।
യൊഗൊപസ്മാരമൊഭാനുൎഭൌമശ്ചഗദമൊയദി॥

അന്വയാൎത്ഥം—മന്ദനും അഹിയും രന്ധ്രഗതനായിരിക്കും വിഷയത്തിങ്കൽ ബലികളായിരിക്കുന്ന അശുഭന്മാർ ത്രികൊണത്തിങ്കലും ഭാനുവും ഭൌമനും ഗദദനായിട്ടും ഭവിക്കുന്നു എങ്കിൽ അപസ്മാരമായിരിക്കുന്ന യൊഗം ജ്ഞെയമായി ഭവിക്കുന്നു.

സാരം——അഷ്ടമത്തിങ്കൽ ശനി, രാഹുക്കളിൽവെച്ചു ഒരു ഗ്രഹവും ത്രികൊണത്തിങ്കൽ ബലവാന്മാരായിരിക്കുന്ന പാപഗ്രഹവും ഇങ്ങിനെ ഇവർ നില്ക്കുമ്പോൾ ആദിത്യനൊ ചൊവ്വയൊ രൊഗത്തെ കൊടുക്കുന്നവനായി ഭവിക്കിൽ ഇതു അപസ്മാരയോഗമാകുന്നു എന്നറിക.

ശ്ലോ. ഭിന്നൊദപാദശഭിർമ്മൈരപസ്മാരസ്സ്വപത്രപതഃ। സ്വചതസ്യചളെമൊന്യെനിശല്യന്തെസ്വപത്രപതഃ॥

അന്വയാൎത്ഥം——അപസ്മാരം പന്ത്രണ്ടു ഭേദങ്ങൾ ഹേതുവായിട്ടു ഭിന്നമായി ഭവിക്കുന്നു. സ്വതന്ത്രമെന്ന അതും സ്വതന്ത്രമെന്ന അതിന്റെ ദ്വന്ദ്വ ഭേദങ്ങളും നിരൂപിക്കപ്പെടുന്നു.

സാരം——അപസ്മാരം എന്നത ഒന്നുതന്നെ എങ്കിലും അതു പന്ത്രണ്ടുപ്രകാരമെന്ന രൂപാന്തരത്തെ ധരിക്കുന്നു. അപ്രകാരമാകയാൽ അപസ്മാരമെന്ന ഒന്നിനെയും അതിന്റെ പന്ത്രണ്ടു രൂപഭേദങ്ങളെയും ഇനി പറയുന്നു.

൭൨- വിത്രസ്താംശഃപതതിസഹസാ ഭൂതലെനഷ്ടസംജ്ഞഃ ഫേനോൽഗാരീശ്വസിതിപരുഷംസന്നകായശ്ചിരായ വ്യാവൃത്താക്ഷോദശനമശനാൻപീതവൎണ്ണഃപ്രമാദി തോയാസക്തോവികൃതവചനസ്ത്വപസ്മാരഏകഃ ॥

അന്വയാൎത്ഥം——യാതൊന്നു ഹേതുവായിട്ടു പുരുഷൻ പൊട്ടുന്നവെ വിത്രസ്താംശനായി നഷ്ടസംജ്ഞനായിട്ടു ഭൂതലത്തിങ്കൽ പതിക്കുകയും ഫേനോൽഗാരിയായി ഭവിക്കുകയും പരുഷമാകുംവണ്ണം ശ്വസിക്കുകയും വളരെകാലം സന്നകായനായി ഭവിക്കുകയും വ്യാവൃത്താക്ഷനായിട്ടു ദശനത്തെ ദംശിക്കുകയും പീതവൎണ്ണനായിട്ടും പ്രമാദിയായിട്ടും തോയാസക്തനായിട്ടും വികൃതവചനനായിട്ടും ഭവിക്കുകയും ചെയ്യുന്നുവൊ ഇത അപസ്മാരമായി ഭവിക്കും.

സാരം——യാതൊരുരോഗം ഹേതുവായിട്ടു പുരുഷൻ പൊട്ടുന്നവെ ദുൎബ്ബലനായിയും ബൊധത്തൊടുകൂടാത്തവനായിയും ഭവിച്ചുംകൊണ്ടു ഭൂമിയിൽ വീഴുകയും നുരയെ തുപ്പുകയും ക്രൂരമായി ശ്വസിക്കുകയും വളരെനെരം തളൎന്നുകിടക്കുകയും വട്ടത്തിൽ മിഴിച്ച കണ്ണുകളോടുകൂടിയവനായിട്ടു പല്ലുകടിക്കുകയും മഞ്ഞളിച്ച ശരീരത്തൊടുകൂടിയവനാകയും മനസ്സിന്റെ സാവധാനതയില്ലാത്തവനാകയും ജലത്തിങ്കൽ താല്പൎയ്യമുള്ളവനാകയും മുഖത്തിങ്കൽ പ്രകൃതിക്കു പകൎച്ചയുള്ളവനാകയുമുണ്ടാകുന്നുവൊ ആ രൊഗം അപസ്മാരമെന്ന പെരൊടുകൂടിയതാകുന്നു. അപസ്മാരമെന്നത ഒരു ദൈവതയാകുന്നു എന്നും പക്ഷമുണ്ടു. എല്ലാ രൊഗങ്ങൾക്കും ദൈവതയുണ്ടു എങ്കിലും ഔഷധപ്രധാനങ്ങളായുള്ളവ രൊഗങ്ങളായിട്ടും ബലിഹോമാദി പ്രധാനങ്ങളെ ദൈവതകളായിട്ടും വ്യവഹരിച്ചുവരുന്നു. അപസ്മാരമെന്നതു ബലിഹോമാദിപ്രധാനമാകയാൽ ദൈവതംഎന്നുതന്നെ പറയുന്നതിന്ന വിരൊധമില്ലെന്നും ജ്വരാദികൾ ഔഷധപ്രധാനങ്ങളാകയാൽ അതുകൾ ദൈവതാരൂപങ്ങളായിട്ടു ഉണ്ടായിരുന്നാലും ഇതുപൊലെ പറഞ്ഞു

വരുമാറില്ലെന്നും ഗ്രഹിച്ചുകൊൾക-

൧൩. ശ്വസനാമലിനാനിദ്രാജൃംഭികാനശനാതഥാ। ത്രാസിനീ മോഹിനീ ചാഥരോദിനീക്രോധിനീതഥാ॥

൧൪. താപനീശോഷണീചൈവ ധ്വംസിനീചൈവകീൎത്തിതാഃ। ദ്വാദശാപസ്മാരസ്യ സുപ്രിയാഃ॥

അന്വയാൎത്ഥം——ശ്വസനയും മലിനയും നിദ്രയും ജൃംഭികയും അനശനയും ത്രാസിനിയും മോഹിനിയും പിന്നെ രോധിനിയും ക്രോധിനിയും താപനിയും ശോഷണിയും ധ്വംസിനിയും അപസ്മാരത്തിന്റെ വിഖ്യാതകളായിരിക്കുന്ന പന്ത്രണ്ടു ദൂതിമാർ എന്ന കീൎത്തിതകളാകുന്നു-

സാരം——ശ്വസനാ, മലിനാ, നിദ്രാ, ജൃംഭികാ, അനശനാ, ത്രാസിനീ, മോഹിനീ, രോദിനീ, ക്രോധിനീ, താപനീ, ശോഷണീ ധ്വംസിനീ ഇങ്ങിനെ അപസ്മാരത്തിന്നു പന്ത്രണ്ടുദൂതിമാർ ഭവിക്കുന്നു-

മെൽപറകപ്പെട്ട അപസ്മാരം ഒന്നുതന്നെ രൂപാന്തരങ്ങളെ കൈക്കൊണ്ടു ശ്വസനാ മാലിനീ ഇത്യാദി നാമങ്ങളോടുകൂടിയതായി ദൂതഭാവത്തെ അംഗീകരിച്ചു തനിക്കു ആകിയിൽ ഉള്ള രൂപത്തോടുകൂടെ മെൽപറഞ്ഞ ദൂതിമാരെ പറഞ്ഞയക്കുന്ന ഒരു പ്രഭുവായിട്ടും ഇരിക്കുന്നു എന്ന ധരിച്ചുകൊൾക-

൧൫. ഏതാസ്സമസ്താവ്യസ്താവാസംശ്രയന്തിനരംകില। സാഖ്യാനാഖ്യവതീംചേഷ്ടാംത്ദ്രൂതാട്ടിവ്യഞ്ജയന്തിച॥

അന്വയാൎത്ഥം—ഇവർ സമസ്തകളായിട്ടൊ വ്യസ്തകളായിട്ടൊ നരനെ സംശ്രയിക്കുകയും സാഖ്യാനാഖ്യവതിയായിരിക്കുന്ന ചെഷ്ടയെ അവകൾ അഭിവ്യഞ്ജിപ്പിക്കുകയും ചെയ്യുന്നു പൊൽ-

സാരം—മെൽപറകപ്പെട്ട ദൂതിമാർ എല്ലാവരും കൂടീട്ടൊ അപ്രകാരമല്ലാതെയൊ മനുഷ്യരെ ബാധിക്കും. എന്നാൽ അവർ അവരവരുടെ പെരിന്റെ അൎത്ഥത്തെ അനുസരിച്ചുള്ള ചെഷ്ടയെ കാണിക്കുകയും ചെയ്യും- ശ്വസനാ ശ്വാസത്തെ ഉണ്ടാക്കും-മലിനാ മലിനതയെ ഉണ്ടാക്കും- നിദ്രാ നിദ്രയെ ഉണ്ടാക്കും- ജൃംഭികാ കൊട്ടുവായ ഇടിവിക്കും- അനശനാ ഭക്ഷിക്കാതെ ഇരുത്തും ത്രാസിനീ ഭയത്തെ ഉണ്ടാക്കും- മൊഹിനീ ബൊധത്തെ നശിപ്പിക്കും രൊദിനീ കരയിക്കും- ക്രൊധിനീ കൊപത്തെ ഉണ്ടാക്കും- താപനീ പനിപ്പിക്കും- ശൊഷിണീ ശരീര ശൊഷണത്തെ ഉണ്ടാക്കും- ധ്വംസിനീ ശരീരത്തെ നശിപ്പിക്കും- ഇങ്ങിനെ

ശാസനാദികളുടെ ചെഷ്ടകൾ.

ക്രന്ന- ശൈത്യാദാവപസ്മാരെ കുശ്മാണ്ഡീബലിമാഹരെൽ । സുദ
ൎശനെനഹുയാത്തിലാൻക്രോധാഗ്നിനാഥവാ ॥

ര൭- പ്രത്യക്ഷരസഹസ്രേണ ഘൊരാപസ്മാരശാന്തയെ ॥
ഇതി-

അന്വയാൎത്ഥം — അപസ്മാരം സത്തായിരിക്കും വിഷയത്തിങ്കൽ ശമനത്തിന്നായികൊണ്ട ആദിയിൽ കുശ്മാണ്ഡീബലിയെ ആഹരിക്കെണം- ഘൊരാപസ്മാരശാന്തിക്കായികൊണ്ട പ്രത്യക്ഷരസഹസ്രമായിരിക്കുന്ന സുദൎശനംകൊണ്ടൊ ക്രൊധാഗ്നികൊണ്ടൊ തിലങ്ങളെ ഹവിക്കെണം.

സാരം — അപസ്മാരം ഉണ്ടായാൽ അതിന്റെ ശമനത്തിന്നായിക്കൊണ്ട കുശ്മാണ്ഡീബലിയെ ചെയ്യെണം- അതിപ്രബലമായ അപസ്മാരത്തിന്റെ ശമനത്തിന്നായിക്കൊണ്ട സുദൎശനമന്ത്രംകൊണ്ടൊ ക്രൊധാഗ്നി എന്നമന്ത്രംകൊണ്ടൊ ആ മന്ത്രത്തിന്റെ അക്ഷരങ്ങൾ എത്രയൊ അത്രആയിരം തിലഹൊമത്തെ ചെയ്യുകൊൾക-

ര്വ്യ. ദൃഷ്ടാഃഗ്രന്ഥാന്തരെപ്രശ്നവിഷയെപസ്മൃതെൎഹിതാഃ ।
ലിഖിതാസ്സാമ്പ്രതംവ്യന്തെചികിത്സാഅപികാശ്ചന ॥

അന്വയാൎത്ഥം — പ്രശ്നവിഷയമായിരിക്കുന്ന ഗ്രന്ഥാന്തരത്തിങ്കൽ ലിഖിതകളായിട്ട ദൃഷ്ടകളായി അപസ്മൃതിയിങ്കൽ ഹിതകളായിരിക്കുന്ന ചില ചികിത്സകളും ഇവിടെ ലെഖനംചെയ്യപ്പെടുന്നു.

സാര — പ്രശ്നത്തിന്നുപയൊഗമുള്ളതായ അന്യഗ്രന്ഥത്തിൽ പറകപ്പെട്ടുള്ളകളായിട്ടും അപസ്മാരത്തിങ്കൽ ഹിതകളായിട്ടും ഇരിക്കുന്ന ചില ചികിത്സകളെയും ഇവിടെ എഴുതുന്നു-

ക്രൻ- സിന്ധുത്ഥവൃശ്ചികാളീകഷ്ണകണാശാൎങ്ഗീഭിഃകൃതംചൂൎണ്ണം
നസിയൊജ്യയെതുദ്ഭൃശസ്യംതീവ്രാപസ്മാരശാന്തയെപുംസാം ॥

അന്വയാൎത്ഥം — സിന്ധൂത്ഥവൃശ്ചികാളീകഷ്ണകണാശാൎങ്ഗികൾകൊണ്ട കൃതമായി ശസ്തമായിരിക്കുന്നചൂൎണ്ണത്തെ തീവ്രാപസ്മാരശാന്തിക്കായിക്കൊണ്ടപുരുഷന്മാരുടെ നാസികയിങ്കൽ യൊജിപ്പിക്കെണം-

സാരം — ഇന്തുപ്പ, തെക്കടവെർ കൊട്ടം, തിപ്പലി, അതിവിടയം ഇവപൊടിച്ചു നല്ല പൊടിയാക്കി അതുകൊണ്ട നസ്യം ചെയ്ക, ഘൊരമായ അപസ്മാരം ശമിക്കും.

ന്റാം. ബ്രഹ്മീരസെഘൃതവചാമയശംഖപുഷ്പീ ധാത്രീസമുൽഭവര

ന്സമധുകാനപിതേ ച । സിദ്ധാർത്ഥഹിംഗുസഹിതേ വൃഷബസ്തമൂത്രേ പാനാദിനാ ഹരതി സർപ്പിരപസ്മൃതിം തൽ ।

അന്വയാർത്ഥം— യാതൊന്നു ഘൃതവചാമയശംഖ പുഷ്പീധാത്രീസമൽ ഭവരസമായിട്ടും മധുകാനപിതമായിട്ടും സിദ്ധാർത്ഥഹിംഗു സഹിതമായിട്ടും വൃഷബസ്തമൂത്രമായിട്ടും ഇരിക്കുന്ന ബ്രഹ്മീരസത്തിങ്കൽ പകമായി ഭവിക്കുന്നുവൊ ആ സർപ്പിസ്സ പാനാദികൊണ്ടു അപസ്മൃതിയെ ഹരിക്കുന്നു-

സാരം—ബ്രഹ്മി, ശംഖപുഷ്പം, നെല്ലിക്ക- ഇതുകളുടെ നീരിൽ വയമ്പ, കൊട്ടം, ഇരട്ടിമധുരം, വെണ്കടുക, കായം- ഇവ അരച്ചുകലക്കി കാളയുടെ മൂത്രവും ആട്ടിൻ മൂത്രവും നെയ്യും ചെൎത്തു കാച്ചി അരിച്ചു ആ നെയ്യ സെവിക്കുക- അപസ്മാരം ശമിക്കും- നസ്യത്തിന്നും കൊള്ളാം-

൩൪. ത്രിവൃദ്വിളംഗത്രിഫലാഗ്നിവിശാവ്യാഘ്രാതസിസ്പൃക്കകണൊത്ഥഹാവൽ ബ്രഹ്മീരസൈസ്സർപ്പിരിദം പ്രശസ്തം പ്രസാമപസ്മാരവിനാശനായ ॥

അന്വയാർത്ഥം— ത്രിവൃദ്വിളംഗത്രിഫലാഗ്നിവിശാവ്യാഘ്രാതസിസ്പൃക്കകണങ്ങൾ കൊണ്ടു ബ്രഹ്മീരസത്തിങ്കൽ സർപ്പിസ്സിനെ വിധിക്കുതക്കവണ്ണം പചിക്കെണം- ഇതു പ്രമാണന്മാരുടെ അപസ്മാര വിനാശനത്തിനായിക്കൊണ്ടു പ്രശസ്തമായി ഭവിക്കുന്നു-

സാരം—ബ്രഹ്മിനീരിൽ, ത്രികൊല്പകൊന്ന, വിഴാലരി, ത്രിഫല, കൊടുവെലിക്കിഴങ്ങ, ചുക്ക, കൊന്നത്തൊലി, ഇന്തുപ്പ, തിപ്പലി- ഇവ അരച്ചുകലക്കി നെയി ചെൎത്തു കാച്ചി അരിച്ചു സെവിക്കുക- അപസ്മാരം ശമിക്കും-

൩൫. മഞ്ജിഷ്ഠാഗ്നിവിളംഗകുഷ്ഠരജനീമുസ്താത്രിവൃച്ചാരിബാമാദ്രീതിക്തകശംഖപുഷ്പസഹിതൈരേലാവചായഷ്ടിഭിഃ । പാഠാമാഗധിസംയുതൈർഘൃതമിദംഗവ്യംപ്രസിദ്ധംനൃണാംതീവ്രാപസ്മൃതിദോഷവിസ്മൃതിഹരംകുഷ്ഠാപഹംകാന്തിദം- ഇതി ॥

അന്വയാർത്ഥം — മഞ്ജിഷ്ഠാഗ്നിവിളംഗകുഷ്ഠരജനീമുസ്താത്രിവൃച്ചാരിബാമാദ്രീതിക്തക ശംഖപുഷ്പസഹിതങ്ങളായി പാഠാമാഗധി സംയുതങ്ങളായിരിക്കുന്ന ഏലാവചായഷ്ടികൾ കൊണ്ടു ഗവ്യങ്ങളിൽ സിദ്ധമായിരിക്കുന്ന ഒരു സർപ്പിസ്സനൃക്കൾക്കു തീവ്രാപസ്മൃതിദോഷവിസ്മൃതി ഹരമായിട്ടും കുഷ്ഠാപഹമായിട്ടും കാന്തിദമായിട്ടും ഭവിക്കുന്നു.

സാരം— പാല, തൈര, ഗൊമൂത്രം, ചാണകനീര- ഇവതന്നു •

ത്തിൽ ചെൎത്ത അതിൽ മഞ്ചട്ടിപ്പൊടി, കൊട്ടവെലിക്കിഴങ്ങ, ചിഴാലരി, കൊട്ടം മഞ്ഞൾ മുത്തങ്ങക്കിഴങ്ങ, ത്രികൊല്പക്കൊന്ന നന്നാരിക്കിഴങ്ങ, മരമഞ്ഞത്തൊലി, പുത്തരിച്ചുണ്ടവെര, ശംഖപുഷ്പത്തിൻവെര, എലത്തരി, വയമ്പ, ഇരട്ടിമധുരം, പാടക്കിഴങ്ങ, തിപ്പലി. ഇവ അരച്ചുകലക്കി നെയ് ചെൎത്ത കാച്ചി അരിച്ചു സെവിക്കുക. എന്നാൽ അപസ്മാരവും, ഓൎമ്മക്കെടും കമ്പവും ശമിക്കും തെജസ്സുണ്ടാകും.

ന്ദ്ര. പാപഗ്രഹെക്ഷിതംലഗ്നംരന്ധ്രംരവിജവീക്ഷിതം । രന്ധ്രെശൊവിബലൊയൊഗഎഷഭക്തവിരൊധകൃൽ ॥

അന്വയാൎത്ഥം——ലഗ്നം പാപഗ്രഹെക്ഷിത മായിട്ടും രന്ധ്രം രവിജവീക്ഷിതമായിട്ടും രന്ധ്രെശൻ വിബലനായിട്ടും ഭവിക്കുമെങ്കിൽ ഈ യൊഗം ഭക്തവിരൊധകൃത്തായി ഭവിക്കും.

സാരം—— ലഗ്നത്തിങ്കൽ പാപദൃഷ്ടിയും അഷ്ടമത്തിങ്കൽ ശനിദൃഷ്ടിയും അഷ്ടമാധിപന്നു ബലഹാനിയും ഉണ്ടായാൽ ഭക്തരൊധമെന്ന വ്യാധിയുണ്ടാകും. ഭക്തരൊധമെന്ന വ്യാധിയുടെ സ്വരൂപം അതിന്റെ നാമധെയം കൊണ്ടു തന്നെ സ്പഷ്ടമാകുന്നു. എങ്ങിനെ എന്നാൽ ഭക്തമെന്നത അന്നമാകയാലും രൊധമെന്നതു തടവാകയാലും ചൊറ ഇറക്കി കൂടാത്തതന്നെ ഭക്തരൊധമെന്ന വ്യാധിയുടെ സ്വരൂപമെന്നതറിയാം ഇങ്ങിനെ എന്നറിക.

ന്ദ്ര. ലഗ്നെപാപെക്ഷിതെലഗ്നനാഥെനീചാരിരാശിഗെ। ശുക്രയുക്തെക്ഷിതംരന്ധ്രമെഷയൊഗഃപ്രമെഹകൃൽ ॥

അന്വയാൎത്ഥം—— ലഗ്നം പാപെക്ഷിതമായിട്ടും ലഗ്നനാഥൻ നീചാരിഗെഹഗനായിട്ടുമിരിക്കും വിഷയത്തിങ്കൽ ശുക്രയുക്തെക്ഷിതമായിരിക്കുന്ന രന്ധ്രമാകുന്ന ഈ യൊഗം പ്രമെഹകൃത്തായി ഭവിക്കുന്നു.

സാരം—— ലഗ്നത്തിങ്കൽ പാപദൃഷ്ടിയും ലഗ്നാധിപന്ന നീചരാശിയിലൊ ശത്രുക്ഷെത്രത്തിലൊ സ്ഥിതിയും അഷ്ടമത്തിങ്കൽ ശുക്രന്റെ സ്ഥിതിയൊ ദൃഷ്ടിയൊ രണ്ടിൽ ഒന്നുംകൂടെ ഉണ്ടായാൽ പ്രമെഹമെന്ന രൊഗമുണ്ടാകും.

ന്ദ്ര. സിംഹികക്ഷ്യാക്ഷിജത്ര്വാദ്യൈൎവ്യാധയൊയെത്രകീൎത്തിതാഃ। അത്രാധ്വവിഷയെപൂൎവ്വംചിന്തയെദ്വിഹതാനപി ॥

അന്വയാൎത്ഥം—— സിംഹികക്ഷജത്ര്വാദ്യങ്ങൾകൊണ്ടു മുമ്പെ അത്രാധ്വവിഷയത്തിങ്കൽ യാവചിലവ്യാധികൾ ഇവിടെ കീൎത്തിതങ്ങളായി ഭവിക്കുന്നുവൊ അതുകളെയും ഇവിടെ ചി

ന്തിക്കണം-

സാരം—— സിംഹേകക്ഷ്യക്ഷി ജൊവ്യാധിഃ ഇത്യാദിവാക്യങ്ങൾകൊണ്ടു മുമ്പെ ആതുരാധസ്ഥലത്തിങ്കൽപറകപ്പെട്ടിരിക്കുന്ന വ്യാധികളെ ഇവിടെയും വിചാരിക്കേണം-

൩൩. മൂൎത്തിഭെദാഃ ജാംഭെദാഃ പ്രശ്നാനുഷ്ഠാനപദ്ധതൌ । പ്രൊക്താദ്യസ്ഥവിഹംഗാനാം ലിഖ്യന്തെത്ര ചതെഥാ ॥

അന്വയാൎത്ഥം—— ദ്യസ്ഥവിഹംഗങ്ങളുടെ മൂൎത്തിഭെദങ്ങളും രുക്കുകളുടെ ഭെദങ്ങളും പ്രശ്നാനുഷ്ഠാന പദ്ധതിയിങ്കൽ പ്രൊക്തങ്ങളായി ഭവിക്കുന്നു- അതുകളും അപ്രകാരം ഇവിടെ ലെഖനം ചെയ്യപ്പെടുന്നു-

സാരം—— അനുഷ്ഠാന പദ്ധതിയിൽ അനിഷ്ടസ്ഥാനത്തിങ്കൽ നില്ക്കുന്ന ഗ്രഹങ്ങളുടെ മൂൎത്തിഭെദത്തെയും രൊഗഭെദത്തെയും പറഞ്ഞിട്ടുണ്ടു ഇനി ഇവിടെ അനുഷ്ഠാന പദ്ധതിയിലെ ആവകവചനങ്ങളെത്തന്നെ എഴുതുന്നു-

൩൪. പിത്തൊഷ്ണജ്വരതാപദെഹപതനാപസ്മാരഹൃൽക്രൊഡജവ്യാധീൻവക്തി രവിൎദൃഗാൎത്തിരിഭയംതപംശൊഷമസ്ഥിസ്രുതിം । വൃക്ഷാഗ്ന്യസ്ത്രവിഷാൎത്തിദാരതനയവ്യാപച്ചതുഷ്പാൽഭയം ചൊരക്ഷ്മാപതിധൎമ്മദൈവഫണഭൃൽഭൂതെശഭൂതാൽഭയം ॥

അന്വയാൎത്ഥം—— രവി പിത്തൊഷ്ണജ്വരതാപദെഹപതനാപസ്മാര ഹൃൽക്രൊഡജവ്യാധികളെയും, ദൃഗാൎത്തിരി ഭയത്തെയും തപശൊഷത്തെയും അസ്ഥിസ്രുതിയെയും വൃക്ഷാഗ്ന്യസ്ത്രവിഷാൎത്തിദാരതനയവ്യാപച്ചതുഷ്പാൽ ഭയത്തെയും ചൊരക്ഷ്മാപതിധൎമ്മദൈവഫണഭൃൽഭൂതെശ ഭൂതത്തിങ്കൽ നിന്നുള്ള ഭയത്തെയും വചിക്കുന്നു-

സാരം—— ആദിത്യൻ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ പിത്തം, നീറിപ്പനി, ചൂട, വീഴ്ച, അപസ്മാരം, ഹൃദയരൊഗം, കുക്ഷിരൊഗം, അക്ഷിരൊഗം, ശത്രുഭയം, തപശൊഷം, അസ്ഥിസ്രാവം, വൃക്ഷം, അഗ്നി, ആയുധം, വിഷം ഇതുകളിൽനിന്നുൽഭവിച്ചതായ വ്യാധി, ഭാൎയ്യാനാശം, പുത്രനാശം, നാല്ക്കാലികളിൽനിന്നുള്ളഭയം, ചൊരഭയം രാജഭയം, ധൎമ്മദൈവകൊപം, സൎപ്പകൊപം, ശിവകൊപം, ശൈവമായ ഭൂതത്തിന്റെ കൊപം ഇതുകളെ ഉണ്ടാക്കും.

൩൫. നിദ്രാലസ്യകഫാതിസാരപിടകാശ്ശീതജ്വരംചന്ദ്രമാശ്ശൃംഗ്യബ്ജാഹതിമഗ്നിമാന്ദ്യകൃശതായൊഷിദ്വ്യഥാകാമിലാഃ । ചെതസ്ത്രാന്തിമസൃഗപികാരമുദകാൽഭീതിഞ്ചബാല ഗ്രഹാദ്ദുൎഗ്ഗാകിന്നരധൎമ്മദൈവഫണഭൃദ്യക്ഷാച്ച ഷിഢാംവദേൽ

ധൎമ്മദൈവഫണിഭൃത്യക്ഷാംശ്ചപീഡാംവദേൽ ॥

അന്വയാൎത്ഥം—— ചന്ദ്രമസ്സ നിദ്രാലസ്യകഫാതിസാരപിടകകളെയും ശീതജ്വരത്തെയും ശൃംഗ്യാഹതിയെയും അഗ്നിമാന്ദ്യകൃശതായോഷിദ്വ്യഥാകാമിലകളെയും ചേതഃശ്രാന്തിയെയും അസൃഗ്വികാരത്തെയും ഉദകത്തിങ്കൽനിന്നുള്ള ഭയത്തെയും ബാലഗ്രഹത്തിങ്കൽനിന്നും ദുൎഗ്ഗാകിന്നരധൎമ്മ ദൈവഫണിഭൃത്യക്ഷങ്കൽനിന്നുള്ള പീഡയെയും വദിക്കും-

സാരം—— ചന്ദ്രൻ അനിഷ്ട സ്ഥാനത്തിങ്കൽ നിന്നാൽ ഉറക്കം, ആലസ്യം, കഫം, അതിസാരം, കുരു, വിറച്ചുപനി, കൊമ്പുള്ള ജന്തുക്കൾകുത്തുക, ജലജന്തുക്കളുടെ ഉപദ്രവം, അഗ്നിമാന്ദ്യം, ദേഹം മെലിയുക, ഭാൎയ്യാദുഃഖം, കാമിലാഎന്നരോഗം, മനസ്സുതളരുക, രക്തദോഷംഹേതുവായി ഉണ്ടാകുന്ന രോഗങ്ങൾ, ജലത്തിങ്കൽ നിന്നുള്ളഭയം, ബാലഗ്രഹപീഡാ ദുൎഗ്ഗാകോപം, കിന്നരകോപം, ധൎമ്മദൈവകോപം, സൎപ്പകോപം, യക്ഷപീഡാ ഇതുകളെ ഉണ്ടാക്കും.

൫൯. തൃഷ്ണാസൃക്കോപപിത്തജ്വരമനലവിഷാസ്ത്രാൎത്തികുക്ഷ്യാക്ഷിരോഗാൻഗുന്മാപസ്മാരമജ്ജാവിഹതിപരുഷതാപാമികാദേഹഭംഗാൻ । ഭൂപാരിസ്തേനപീഡാംസഹജസുതസുഹൃദ്വൈരയുദ്ധംവിധത്തേരക്ഷോഗന്ധൎവ്വഘോരഗ്രഹ ഭയമവനീസൂനുരൂൎദ്ധ്വാംഗരോഗം ॥

അന്വയാൎത്ഥം — അവനീസൂനു തൃഷ്ണാസൃക്കോപപിത്തജ്വരത്തെയും അനലവിഷാസ്ത്രാൎത്തികുക്ഷ്യാക്ഷി രോഗങ്ങളെയും ഗുന്മാപസ്മാര മജ്ജാവിഹതിപരുഷതാ പാമികാദേഹ ഭംഗങ്ങളെയും ഭൂപാരിസ്തേന പീഡയെയും സഹജസുതസുഹൃദ്വൈര യുദ്ധത്തെയും രക്ഷോഗന്ധൎവ്വഘോരഗ്രഹഭയത്തെയും ഊൎദ്ധ്വാംഗരോഗത്തെയും ഉണ്ടാക്കുന്നു-

സാരം—— ചൊവ്വ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ തണ്ണീൎദാഹം രക്തകോപം പിത്തം പനി തീയ്യ വിഷം ആയുധം- ഇവമൂന്നും ഹേതുവായി ഉണ്ടാകുന്ന രോഗങ്ങൾ കുക്ഷി നേത്രരോഗം ഗുന്മം അപസ്മാരം മജ്ജാനാശം പാരുഷ്യം ചൊറി ദേഹം ചതയുക രാജഭയം ശത്രുഭയം ചോരഭയം സഹോദരവൈരം പുത്രവൈരം ബന്ധുവൈരം യുദ്ധം രാക്ഷസഭയം ഗന്ധൎവ്വഭയം ഘോരഗ്രഹഭയം കഴുത്തിൽ നിന്നുമേലെ ഉള്ള അംഗങ്ങളിൽരോഗം ഇതുകളെ ഉണ്ടാക്കും-

൬൦. ഭ്രാന്തിംദുൎവ്വചനംദൃഗാമയഗളഘ്രാണോത്ഥരോഗാൻജ്വ-

രം പിത്തശ്ലേഷ്മസമീരജം വിഷമപി ത്വഗ്ദോഷപാണ്ഡ്വാമയാൻ। ദുസ്സ്വപ്നഞ്ച വിചർച്ചികാഗ്നിപതനം പാരുഷ്യബന്ധശ്രമാൻ ഗന്ധർവ്വക്ഷിതിഹർമ്മ്യവാസമയുഭിർജ്ഞഃ പക്ഷിപീഡാം ഖഗൈഃ॥

അന്വയാർത്ഥം—— ജ്ഞൻ ഭ്രാന്തിയെയും ദുർവ്വചനത്തെയും ദൃഗാമയഗളഘ്രാണോത്ഥ രോഗങ്ങളെയും പിത്തശ്ലേഷ്മസമീരജ മായിരിക്കുന്ന ജ്വരത്തെയും വിഷത്തെയും ത്വഗ്ദോഷപാണ്ഡ്വാമയങ്ങളെയും ദുസ്സ്വപ്നത്തെയും വിചർച്ചികാഗ്നി പതനത്തെയും പാരുഷ്യബന്ധശ്രമങ്ങളെയും ഗന്ധർവ്വക്ഷിതിഹർമ്മ്യ വാസമയുക്കളാലും ഖഗങ്ങളാലും ഉള്ള പീഡയെയും വചിക്കുന്നു-

സാരം——ബുധൻ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ ചിത്തഭ്രമം, ദുർവ്വാക്കു, നേത്രരോഗം, കണ്ഠരോഗം, നാസാരോഗം, സന്നിപാതജ്വരം, വിഷം, കുഷ്ഠം, പാണ്ഡുരോഗം, ദുസ്സ്വപ്നം, ചിരങ്ങ, തിയ്യിൽവീഴുക, പാരുഷ്യം, ബന്ധനം, തളർച്ച, ഗന്ധർവ്വപീഡാ, ഭൂമിയിലുള്ള ഹർമ്മ്യങ്ങളിൽവസിക്കുന്ന കിന്നരന്മാരുടെ പീഡാ പക്ഷിപീഡാ ഇതുകളെ ഉണ്ടാക്കും.

൬. ഉന്മാദാന്ത്രജ്വരശോകമോഹകഫജശ്രോത്രാർത്തിമേഹാമയാൻ ദേവസ്ഥാനനിധിപ്രപീഡനമഹീദേവേശശാപോൽഭവം। രോഗം കിന്നരയക്ഷദേവഫണിഭൃദ്വിദ്യാധരാദ്യുൽഭവം ജീവസ്സൂചയതി സ്വയം ബുധഗുരുക്ലിഷ്ടാപചാരോൽഭവം॥

അന്വയാർത്ഥം——ജീവൻ ഉന്മാദാന്ത്രജ്വരശോകമോഹകഫജശ്രോത്രാർത്തിമേഹാമയങ്ങളെയും ദേവസ്ഥാനനിധിപ്രപീഡനമഹീദേവേശശാപോൽഭവമായിരിക്കുന്ന രോഗത്തെയും കിന്നരയക്ഷദേവഫണിഭൃദ്വിദ്യാധരാദ്യുൽഭവമായിരിക്കുന്ന രോഗത്തെയും താനേ സൂചിപ്പിക്കുന്നു. ബുധഗുരുക്കൾക്ലിഷ്ടാപചാരോൽഭവമായിരിക്കുന്ന രോഗത്തെ സൂചിപ്പിക്കുന്നു-

സാരം——വ്യാഴം അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ ഉന്മാദരോഗം, ആന്ത്രരോഗം, പനി, ദുഃഖം, ബോധക്കേട, കഫംഹേതുവായിട്ടുള്ള കർണ്ണരോഗം, പ്രമേഹം, ദേവഗ്രഹപീഡാ, സ്ഥലഗ്രഹപീഡാ, നിധിഗ്രഹപീഡാ, ബ്രാഹ്മണശാപം ഇതുകൾഹേതുവായിട്ടുള്ള രോഗം കിന്നരന്മാർ, യക്ഷന്മാർ, ദേവന്മാർ, സർപ്പങ്ങൾ, വിദ്യാധരന്മാർ ഇത്യാദികളായവരുടെ കോപംഹേതുവായിട്ടുള്ള രോഗം ഇതുകളെ സൂചിപ്പിക്കുന്നു. ബുധനും വ്യാഴവും അനിഷ്ടസ്ഥിതന്മാരായാൽ വിഷ്ണുകോപം ഹേതുവായിട്ടുള്ള രോഗത്തെയും അവർ സൂചിപ്പിക്കുന്നു.

൭. പാണ്ഡുശ്ലേഷ്മമരുൽപ്രകോപനയന വ്യാപൽപ്രമേ

൧൨, പാണ്ഡുശ്ലേഷ്മമരുൽപ്രകോപനയനവ്യാപൽപ്രമേ
ഹാമയാൻ ഗുഹ്യാസ്യാമയമൂത്രകൃച്ഛ്രമദനവ്യാപത്തിശുക്ലസ്രു
തീഃ। വാരസ്ത്രീകൃഷിദേഹകാന്തിവിഹതിം ശോഫാമയം യോഗി
നീയക്ഷീമാതൃഗണാൽ ഭയം പ്രിയസുഹൃൽഭംഗം സിതസ്സൂചയേൽ॥

അന്വയാർത്ഥം——സിതൻ പാണ്ഡുശ്ലേഷ്മമരുൽപ്രകോപനയ
നവ്യാപൽപ്രമേഹാമയങ്ങളേയും ഗുഹ്യാസ്യാമയമൂത്രകൃച്ഛ്രമദന
വ്യാപത്തിശുക്ലസ്രുതികളേയും വാരസ്ത്രീകൃഷിദേഹകാന്തിവിഹ
തിയെയും ശോഫാമയത്തെയും യോഗിനീയക്ഷീമാതൃഗണത്തി
ങ്കൽ നിന്നുള്ള ഭയത്തെയും പ്രിയസുഹൃൽഭംഗത്തെയും സൂചി
പ്പിക്കും.

• സാരം——ശുക്രൻ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ പാ
ണ്ഡുരോഗം, കഫവായുക്കളുടെ അധികമായ കോപം, നേത്രരോ
ഗം, പ്രമേഹം, ഗുഹ്യനാശം, ഭാര്യാനാശം, കൃഷിനാശം, കാന്തി
നാശം, വീക്കം, യോഗിനികൾ, യക്ഷികൾ, മാതൃക്കൾ ഇവരു
ടെ ഗണത്തിങ്കൽനിന്നുള്ള ഭയം ഇഷ്ടബന്ധുവായിരിക്കുന്ന
വന്റെ നാശം ഇതുകളെ ഉണ്ടാക്കും.

൧൩. വാതശ്ലേഷ്മവികാരപാദവിഹതീരാപത്തിതന്ദ്രീശ്രമാൻ
ഭ്രാന്തിം കുക്ഷിരുഗന്തരുഷ്ണഭൃതകധ്വംസഞ്ചപശ്വാഹതിം। ഭാര്യാ
പുത്രവിപത്തിമംഗവിഹതിം ഹൃത്താപമർക്കാത്മജോ വൃക്ഷാശ്മക്ഷ
തിമാഹ കശ്മലഗണൈഃ പീഡാം പിശാചാദിഭിഃ॥

അന്വയാർത്ഥം—— അർക്കാത്മജൻ വാതശ്ലേഷ്മവികാരപാദവി
ഹതികളെയും ആപത്തിതന്ദ്രീശ്രമങ്ങളെയും ഭ്രാന്തിയെയും കു
ക്ഷിരുഗന്തരുഷ്ണഭൃതകധ്വംസത്തെയും പശ്വാഹതിയെയും ഭാര്യാ
പുത്രവിപത്തിയെയും അംഗവിഹതിയെയും ഹൃത്താപത്തെയും
വൃക്ഷാശ്മക്ഷതിയെയും കശ്മലഗണങ്ങളാലും പിശാചാദികളാലും
ഉള്ള പീഡയെയും പറയുന്നു.

സാരം——ശനി അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ വാതരോ
ഗം കഫരോഗം പാദരോഗം പലപ്രകാരമുള്ള ആപത്ത മടി തള
ർച്ച ചിത്തഭ്രമം ഉദരവ്യാധി ഉൾച്ചൂട ഭൃത്യനാശം പശുനാശം ഭാ
ര്യാനാശം പുത്രനാശം അംഗനാശം മനഃക്ലേശം വൃക്ഷനാശം ശി
ലാനാശം കശ്മലഗണങ്ങളുടെയും പിശാചാദികളുടെയും പീഡാ
ഇതുകൾ ഉണ്ടാകും.

൧൪- സ്ഫടികാഭസ്വരതാപകുഷ്ഠവിഷമവ്യാധീൻ വിഷം കൃത്രി
മം പാദാർത്തിം ച പിശാചപന്നഗഭയം ഭാര്യാതനൂജാപദം। ബ്രഹ്മ
ക്ഷത്രവിരോധശത്രുജഭയം കേതുസ്സംസൂചയേൽ പ്രേരോത്ഥം
ച ഗദം പിശാചിക ഉളികസ്സപ്പാർത്തിമാശൌചകം॥

അന്വയാർത്ഥം — സപ്താന്ത്യാന്ത്യാപക്ഷ്യു വിഷമവ്യാധികളേയും കൃത്രിമമായിരിക്കുന്ന വിഷത്തെയും പാദാർത്തിയെയും പിശാചപന്നഗഭയത്തെയും ഭാര്യാതനൂജാപത്തിനെയും സംസൂചിപ്പിക്കും. കേതു ബ്രാഹ്മണക്ഷത്രവിരോധശത്രുജഭയത്തെ സംസൂചിപ്പിക്കും. ഗുളികൻ പ്രേതോത്ഥമായിരിക്കുന്ന ഗദത്തെയും വിഷത്തെയും സപ്പാർത്തിയെയും ആശൌചകത്തെയും സംസൂചിപ്പിക്കും.

സാരം — രാഹു അനിഷ്ട സ്ഥാനത്തിങ്കൽ നിന്നാൽ ശരീരത്തിന്നു ചുട കഷ്ടം വിഷമവ്യാധി കൃത്രിമവിഷഭക്ഷണം പാദരോഗം പിശാചഭയം സർപ്പഭയം ഭാര്യാനാശം പുത്രനാശം ഇതുകൾ ഉണ്ടാകും. കേതു അനിഷ്ടസ്ഥാനത്തിങ്കൽനിന്നാൽ ബ്രാഹ്മണവിരോധം രാജവിരോധം ശത്രുഭയം ഇതുകൾ ഉണ്ടാകും. ഗുളികൻ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ പ്രേതബാധാവിഷബാധാ സർപ്പപീഡാ അശുദ്ധിഹേതുവായി ഉണ്ടാകുന്ന ചിത്തഭ്രമം മുതലായ പലരോഗങ്ങൾ ഇതുകൾ ഉണ്ടാകും.

൭൫. ബാധാം പക്ഷിപിശാചജാം ദശമഗോ മന്ദോഥ സർപ്പേക്ഷിതോ വീക്ഷാഭ്രൂണഭവം വിഷം ച ഗുളികോ ദേഹാഷ്ടമസ്ഥോ നൃണാം। പാപാഃ ഷഷ്ഠഗതാസ്സ്വഗോദരരുജം ദ്വാദശഗാരോ ജ്വരം ലഗ്നാന്ത്യോപഗതോഗ്നിജാംശ്ച രുജശ്ചന്ദ്രോരിപീഡാം രിപൌ ॥ ഇതി ॥

അന്വയാർത്ഥം — ദശമഗനായിരിക്കുന്ന മന്ദൻ പക്ഷിപിശാചജമായിരിക്കുന്ന പീഡയെ സംസൂചിപ്പിക്കും. സർപ്പേക്ഷിതനായി ദേഹാഷ്ടമസ്ഥാനഗനായിരിക്കുന്ന ഗുളികൻ വീക്ഷാഭ്രൂണഭവമായിരിക്കുന്ന വിഷത്തെ സംസൂചിപ്പിക്കും. അപ്രകാരം ഷഷ്ഠഗതന്മാരായിരിക്കുന്ന പാപന്മാർ ഉദരരുക്കിനെ സംസൂചിപ്പിക്കും. ദ്വാദശഗാരൻ ജ്വരത്തെ സംസൂചിപ്പിക്കും. ലഗ്നാന്ത്യോപഗതനായിരിക്കുന്ന ആരൻ അഗ്നിജരുക്കിനെ സംസൂചിപ്പിക്കും. രിപുവിങ്കലെ ചന്ദ്രൻ അരിപീഡയെ സംസൂചിപ്പിക്കും.

സാരം — പത്താമെടത്തു ശനിനിന്നാൽ പക്ഷിപീഡയെയും പിശാചപീഡയെയും പറഞ്ഞുകൊൾക. സർപ്പദൃഷ്ടിയോടുകൂടിയ ഗുളികൻ എട്ടാമെടത്തുനിന്നാൽ കണ്ടിട്ടു നാറ്റീട്ടുമുണ്ടായ വിഷോപദ്രവത്തെ പറഞ്ഞുകൊൾക. ആറാമെടത്തു പാപൻനിന്നാൽ ഉദരരോഗത്തെ പറഞ്ഞുകൊൾക. ചൊവ്വ എട്ടാമെടത്തോ ഏഴാമെടത്തോ നിന്നാൽ ജ്വരത്തെ പറഞ്ഞുകൊൾക. ലഗ്നത്തി

ലോ എട്ടാമെടത്തോ ചൊവ്വനിന്നാൽ അഗ്നിനിമിത്തമായുള്ള രോഗത്തെ പറഞ്ഞുകൊൾക. ചന്ദ്രൻ ആറാമെടത്തുനിന്നാൽ ശത്രുബാധയെ പറഞ്ഞുകൊൾക.

൬൭. ഗ്രഹാശ്രിതഭഭാവാന്യഗ്രഹയോഗേക്ഷണാദികം। ദൌസ്ഥ്യാധിക്യഞ്ച സഞ്ചിന്ത്യ സർവ്വം വാച്യം യഥോചിതം॥

അന്വയാർത്ഥം —— ഗ്രഹാശ്രിതഭഭാവാന്യഗ്രഹയോഗേക്ഷണാദികത്തെയും ദൌസ്ഥ്യാധിക്യത്തെയും സഞ്ചിന്തിച്ചിട്ട സർവ്വവും ഉചിതത്തെ അതിക്രമിക്കാതെ വാച്യമായി ഭവിക്കുന്നു.

സാരം —— ദുഃസ്ഥനായിരിക്കുന്ന ഗ്രഹത്താൽ ആശ്രയിക്കപ്പെട്ട രാശിയെയും ഭാവത്തെയും മറ്റുള്ള ഗ്രഹങ്ങളുടെ യോഗദൃഷ്ട്യാദികളെയും ദുഃസ്ഥതയുടെ ആധിക്യത്തെയും നിരൂപിച്ചിട്ട ഒക്കെയും യോഗ്യതയെ അനുസരിച്ചു പറകപ്പെടുവാൻ യോഗ്യമായിട്ടുള്ളതുകളാകുന്നു.

൬൮. ലാഭതൃതീയേ ഹിത്വാ പരത്ര പാപാഃ സ്ഥിതാ ഭവന്തി യദി। രോഗവതൈവ പ്രഷ്ട്രാ ഭാവ്യം തൽപ്രോക്തദോഷതോ നിയതം॥

അന്വയാർത്ഥം —— ലാഭതൃതീയങ്ങളെ ഒഴിച്ചു പരങ്ങളിൽ പാപന്മാർ സ്ഥിതന്മാരായി ഭവിക്കുന്നു എങ്കിൽ തൽപ്രോക്തദോഷഹേതുവായിട്ട പ്രഷ്ടാവിനാൽ രോഗവാനായിട്ടുതന്നെ നിയതമാകുംവണ്ണം ഭവിപ്പു എന്നുള്ളതുണ്ടാകുവാൻ യോഗ്യമാകുന്നു.

സാരം —— മൂന്നാമെടവും പതിനൊന്നാമെടവുമല്ലാതെ മറ്റുള്ള ഭാവങ്ങളിൽ പാപന്മാർനിന്നാൽ അവകൾ പറയപ്പെട്ട ദോഷംനിമിത്തമായിട്ട പൃച്ഛകൻ നിയമേന രോഗിയായി ഭവിക്കുമെന്നറിക.

൬൯. കാലീതി കണ്ഡശിത്യാദ്യൈഃ പ്രഷ്ടുരംഗാനി ചിന്തയേൽ। പാപദൃഷ്ടയുതേ ഗാത്രേ വ്രണരോഗാദികം വദേൽ॥

അന്വയാർത്ഥം —— കാലി എന്നും കണ്ഡക എന്നും ഉള്ള ഇവകൾ കൊണ്ടു പ്രഷ്ടാവിന്റെ അംഗങ്ങളെ ചിന്തിക്കേണം. പാപദൃഷ്ടയുതമായിരിക്കുന്ന ഗാത്രത്തിങ്കൽ വ്രണരോഗാദിയെ വദിക്കേണം.

സാരം —— കാലീ വിലഗ്ന വിഭക്തഭഗാത്രഃ എന്നും കണ്ഡശിത്യാദിയായും ഉള്ള ഹോരാവചനങ്ങളുടെ അർത്ഥത്തെ അനുസരിച്ച അതാതുരാശികളെക്കൊണ്ടു പൃച്ഛകന്റെ അതാതംഗങ്ങളെ ഗ്രഹിക്കേണം. യാതൊരംഗത്തിങ്കൽ പാപദൃഷ്ടിയും പാപയോഗവും ഭവിക്കുന്നുവോ അതിങ്കൽ വ്രണരോഗാദികളെ പറയേണം.

൭൦. ചരോർദ്ധ്വശീർഷോദയാദീനാം ലഗ്നഗതത്വാൽ കണ്ണാ

വസ്തിപൂർവ്വാംഗഗ്രഹണംനക്ഷാണ്വരഃ॥

വൃ൦. രാശ്യംശയോശ്ചരാദിത്വസംവാദേതു ചരാദിഭിഃ । തദഭാവേനചജ്ഞാതെ ചാംശഊർദ്ധ്വാനനാദിഭിഃ॥

അന്വയാർത്ഥം —— ചരോർദ്ധ്വവക്ത്രശീർഷോദയാദികളുടെ ലഗ്നശതം ഹേതുവായിട്ട കക്കുന്നൊവസ്തിപൂർവ്വാംഗഗ്രഹണം കർത്തവ്യമായി ഭവിക്കുന്നു. ദൃഗാണം ഹേതുവായിട്ടല്ല. രാശ്യംശങ്ങൾക്കു ചരാദിത്വസംവാദം സത്താധിരിക്കുംവിഷയത്തിങ്കൽ ചരാദികൾഹേതുവായിട്ട കക്കുന്നൊവസ്തിപൂർവ്വാംഗഗ്രഹണം കർത്തവ്യമായി ഭവിക്കുന്നു. അംശവും തദഭാവത്തൊടുകൂടെ ജ്ഞാതമായിരിക്കുംവിഷയത്തിങ്കൽ ഊർദ്ധ്വാനനാദികൾ ഹേതുവായിട്ടും കർത്തവ്യമായി ഭവിക്കുന്നു.

സാരം — ചരരാശിയൊ ഊർദ്ധ്വമുഖരാശിയൊ ശീർഷോദയരാശിയൊ ലഗ്നമായാൽ അംഗങ്ങളെ ശിരസ്സുതുടങ്ങി ഗ്രഹിക്കെണം. സ്ഥിരരാശിയൊ തിര്യങ്മുഖരാശിയൊ ഉഭയോദയരാശിയൊ ലഗ്നമായാൽ കഴുത്തുതുടങ്ങി ഗ്രഹിക്കെണം. ഉഭയരാശിയൊ അധോമുഖരാശിയൊ പൃഷ്ഠോദയരാശിയൊ ലഗ്നമായാൽ വസ്തി തുടങ്ങി ഗ്രഹിക്കെണം. രാശിയും നവാംശകവും ചരമാകിൽ ചരലഗ്നത്തിന്നു പറഞ്ഞ പ്രകാരം തന്നെ രണ്ടും സ്ഥിരമാകിൽ സ്ഥിരലഗ്നത്തിന്ന പറഞ്ഞപ്രകാരം തന്നെ രണ്ടും ഉഭയമാകിൽ ഉഭയത്തിന്നു പറഞ്ഞ പ്രകാരം തന്നെ രാശിക്കും അംശകത്തിന്നും സാമ്യമില്ല എങ്കിൽ ഊർദ്ധ്വമുഖതാദികൾ യാതൊന്നിനൊ അതിനെക്കൊണ്ടു മെൽപ്രകാരം അംഗങ്ങളെ ഗ്രഹിക്കെണം.

വൃ൦. അത്യന്തവിബലെക്കംഗഗ്രഹണം കോദയാദിഭിഃ । നീചാംശസ്ത്രീതുലാന്ത്യാദ്യദൃശ്യേഷ്വർക്കാതിദുർബ്ബലഃ॥

അന്വയാർത്ഥം —— അൎക്കൻ അത്യന്തവിബലനായി സന്നായിരിക്കും വിഷയത്തിങ്കൽ കോദയാദികൾകൊണ്ടു അംഗഗ്രഹണം കർത്തവ്യമായി ഭവിക്കുന്നു. നീചാംശസ്ത്രീതുലാന്ത്യാദ്യദൃശ്യാംശങ്ങളിൽ അൎക്കൻ അതിദുർബ്ബലനായി ഭവിക്കുന്നു.

സാരം —— ആദിത്യൻ ഏറ്റവും ബലഹീനനാകിൽ മെൽപ്രകാരമല്ല രാശ്യംശങ്ങൾക്കു സാമ്യമില്ലായ്കയും ആദിത്യന്ന അതിദുർബ്ബലതയും കൂടി ഭവിക്കുമ്പോൾ ശീർഷോദയാദികൾകൊണ്ടു മെൽപ്രകാരം അംഗകല്പനയെ ചെയ്തുകൊൾക. നീചാംശകത്തിങ്കലും കന്നിരാശിയുടെ അന്ത്യദ്രെക്കാണത്തിങ്കലും തുലാരാശിയുടെ ആദ്യദ്രെക്കാണത്തിങ്കലും ആദിത്യന്നു ബലഹാനി ഭ

വിക്കുന്നു. അതുകളിൽ നിന്നാൽ അത്യന്തം ദുൎബ്ബലനായിഎന്നു അറിഞ്ഞു കൊൾക- ഇവിടെ നീചാംശകസ്ഥിതിയൊടു കൂടാതെ തുലാരാശിയുടെ ആദ്യദ്രെക്കാണത്തിങ്കൽ ആദിത്യന്റെ സ്ഥിതി ഭവിക്കാം. തുലാരാശിയിൽ മൂന്നു തിയ്യതിയും ഇരുപത ഇലിയും കഴിഞ്ഞാൽ നീചാംശകം കഴിയും. പിന്നെ വൃശ്ചികക്കാൽ പിന്നെ ധനുക്കാൽ ഇങ്ങിനെ എല്ലൊ അതിങ്കലെ അംശക്രമം. എങ്കിലും തുലാരാശിയിൽ ആദ്യദ്രെക്കാണത്തിങ്കൽ സ്ഥിതിയൊടു കൂടാതെ നീചാംശകസ്ഥിതി സംഭവിക്കില്ല. അതുകൊണ്ടു തുലാരാശിയിൽ ആദ്യത്ര്യംശത്തിങ്കൽ നില്ക്കുന്ന സൂൎയ്യൻ. അതിദുൎബ്ബലനാകുന്നു എന്നു പറഞ്ഞാൽമതി എന്നുതൊന്നുന്നു. ഇങ്ങിനെഇരിക്കുമ്പൊൾ നീചാംശഗ്രഹണം എന്തിന്നായിക്കൊണ്ടെന്നു ബുദ്ധിമാന്മാർ വിചാരിച്ചു നിശ്ചയിച്ചു കൊൾക

വൃ൫. വിലഗ്നാദിഷുകാല്യംശവിന്യാസോയന്നിഗദ്യതെ । കുണ്ഡലീയെതു യഥാഗ്രാഹ്യസ്സഏവപ്രശ്നകൎമ്മണി ॥

അന്വയാൎത്ഥം——ഒന്നന്തരം വിലഗ്നാദികളിൽ കാല്യംശവിന്യാസം കുണ്ഡലിയത്തിങ്കൽ യാതൊരു പ്രകാരമൊ അപ്രകാരം നിഗദിക്കപ്പെടുന്നു- അതുതന്നെ പ്രശ്നകൎമ്മത്തിങ്കൽ ഗ്രാഹ്യമാകുന്നു-

സാരം—— ഇനി ലഗ്നാദിഭാവങ്ങൾ കൊണ്ടുള്ള അംശകല്പന കുണ്ഡലിയത്തിങ്കൽ യാതൊരു പ്രകാരമൊ അപ്രകാരം പറയുന്നു- പ്രശ്നകൎമ്മത്തിങ്കൽ അതുതന്നെ ഗ്രഹിക്കപ്പെടുവാൻ യൊഗ്യമാകുന്നു-

വൃ൬. ഹൊരൊക്തമാംശസംഘാദക്ഷിണെവാമാവനാശതാത്രെതി കണ്ണാക്ഷിനാസികാപുടകപൊലനവൊഷ്ഠവക്ത്രാന്താഃ॥

വൃ൭. ശ്രീവാംസഭുജപാൎശ്വഹൃദയൊദരകടിഗുദാന്ത്യാഃ । നാഭിവസ്തിഗുദാന്ധാമുഷ്കാപൂൎവ്വാദയൊൎജ്ജാനുജെനുജ്ഞതി ॥

വൃ൮. കന്ദുകക്ഷ്രൊത്രെതിഹൊരായാംവരാഹമിഹിരൊദിതഃ യെംശെഷുഭാവവിന്യാസൊഗ്രാഹ്യഏവസഞ്ജാതകെ ॥

അന്വയാൎത്ഥം——കന്ദുകക്ഷ്രൊത്രഎന്ന ശ്ലോകംകൊണ്ടു ഹൊരയിൽ വരാഹമിഹിരൊദിതമായിരിക്കുന്ന അംശങ്ങളിൽ ഉള്ള ഭാവവിന്യാസം യാതൊന്നൊ അതുജാതകത്തിങ്കൽ തന്നെ ഗ്രാഹ്യമായി ഭവിക്കുന്നു.

സാരം—— കന്ദുകക്ഷ്രൊത്രഎന്ന ആദ്യമായ ശ്ലോകം കൊണ്ടു ഹൊരയിൽ വരാഹമിഹിരാചാൎയ്യരാൽ പറകപ്പെട്ട അംശകല്പന

യാതൊന്നൊ അതിന്നെ ജാതകത്തിങ്കൽ ഗ്രഹിച്ചുകൊൾക- പ്ര
ശ്നത്തിങ്കൽ ക്ലിഷ്ടിയത്തെ അനുസരിച്ചിട്ടു തന്നെ അതാതുഭാവം
കൊണ്ടു അതാത അംശത്തെ കല്പിക്കേണം-

വൃ. രോഗഭേദാനിതിജ്ഞാത്വാചികിത്സാമുചിതാംവദേൽ ।
തീവ്രേകൎമ്മവിപാകോക്തപ്രായശ്ചിത്തംശ്ചശാന്തയെ ॥

അന്വയാൎത്ഥം —— രോഗഭേദങ്ങളെ ഇപ്രകാരം അറിഞ്ഞിട്ടു
ശാന്തിക്കായിക്കൊണ്ടു ഉചിതയായിരിക്കുന്ന ചികിത്സയെ വദി
ക്കേണം. തീവ്രമായിരിക്കുന്ന രോഗം സത്തായിരിക്കും വിഷയ
ത്തിങ്കൽ കൎമ്മവിപാകോക്തപ്രായശ്ചിത്തത്തെയും വദിക്കേണം.

സാരം—— മെൽപറഞ്ഞ പ്രകാരം വിചാരിച്ചിട്ടു ഇന്നരോഗ
മെന്നു നിശ്ചയിച്ചാൽ അതിന്റെ ശമനത്തിന്നായിക്കൊണ്ടു
നല്ലതായ ചികിത്സയെയും ആ രോഗം പ്രബലമായിരുന്നാൽ ക
ൎമ്മ വിപാകത്തിങ്കൽ പറഞ്ഞ പ്രകാരം അതിനുള്ള പ്രായശ്ചിത്ത
ത്തെയും പറഞ്ഞുകൊൾക-

(വാ) ഏതദ്രോഗവിശേഷനിരൂപണവിഷയം ॥

അന്വയാൎത്ഥം—— ഏത രോഗവിശേഷ നിരൂപണ വിഷ
യമായി ഭവിക്കുന്നു-

സാരം—— സ്പഷ്ടമാകുന്നു-

## ഇതി ദ്വാദശോദ്ധ്യായഃ

## ത്രയോദശോദ്ധ്യായപ്രാരംഭഃ

(വാ) അഥരോഗാരംഭാവസാനകാലാദിനിരൂപ്യതെ ॥

അന്വയാൎത്ഥം— അനന്തരം രോഗാരംഭാവസാനകാലാദി നി
രൂപിക്കപ്പെടുന്നു-

സാരം—— ഇനി ഇന്നപ്പോൾ വ്യാധി ആരംഭിച്ചു എന്നും ഇ
ന്നപ്പോൾ ശമിക്കും എന്നും ഉള്ള നിശ്ചയത്തിന്നു ഉപയോഗി
ക്കുന്നതായ വിചാരത്തിങ്കൽ അപെക്ഷയുള്ള പ്രമാണത്തെ പ
റയുന്നു-

ഫ. ലഗ്നോദിതൊഡുരശ്മിൎയ്യാവത്യുഡുനിസംസ്ഥിതഃ ।
തസ്മാത്താവതിനക്ഷത്രെരോഗാരംഭമുദീൎയ്യതാം ॥

അന്വയാൎത്ഥം— ലഗ്നാദിതൊഡുവിങ്കൽ നിന്നു യാവതായിരിക്കുന്ന ഉഡുവിങ്കൽ ചന്ദ്രൻ സംസ്ഥിതനായി ഭവിക്കുന്നുവൊ അതിങ്കൽ നിന്നു താവതായിരിക്കുന്ന നക്ഷത്രത്തിങ്കൽ രൊഗാരംഭം ഉദീരണം ചെയ്യപ്പെടെണം.

സാരം— ലഗ്നനക്ഷത്രത്തിങ്കൽനിന്നു എത്രാമത്തെ നക്ഷത്രത്തിന്മെൽ ചന്ദ്രൻ നില്ക്കുന്നുവൊ അവിടെനിന്നു തുടങ്ങി അത്രാമത്തെനക്ഷത്രത്തിങ്കൽ രൊഗം ആരംഭിച്ചു എന്നു പറയെണം.

൨. യദ്വാമാന്ദിനവാംശസ്യദ്വാദശാംശൎക്ഷഗെവിധൌ। മാ
ന്ദീന്ദുയൊഗഭെവൈഷാംഗ്രാഹ്യം പ്രഷ്ടുരനിഷ്ടഭം॥

അന്വയാൎത്ഥം— അല്ലാഎങ്കിൽ വിധു മാന്ദിനവാംശത്തിന്റെ ദ്വാദശാംശൎക്ഷഗനായിരിക്കും വിഷയത്തിങ്കലൊ മാന്ദീന്ദുയൊഗത്തിങ്കലൊ രൊഗാരംഭം ഉദീരണം ചെയ്യപ്പെടണം. ഇതുകളിൽ വെച്ചു പ്രഷ്ടാവിന്നു അനിഷ്ടമായിരിക്കുന്നതു ഗ്രാഹ്യമായി ഭവിക്കുന്നു.

സാരം— അല്ലാഎങ്കിൽ ഗുളികനവാംശകത്തിന്റെ ദ്വാദശാംശകരാശിയിൽ ചന്ദ്രൻ ചെന്നപ്പൊളെന്നു പറയെണം. ഗുളികസ്ഫുടവും ചന്ദ്രസ്ഫുടവും തമ്മിൽ കൂട്ടിയാൽ വരുന്ന രാശിയിൽ ചന്ദ്രൻചെന്നപ്പൊളെന്നും പറയാം. ഇതുകളിൽവെച്ചു പൃച്ഛകന്നു അനിഷ്ടകരമായിട്ടുള്ളതിനെ ഗ്രഹിക്കെണം. ആദിയിൽ പറഞ്ഞ പ്രകാരം നൊക്കിയാൽ വരുന്നനാൾ മൂന്നാം നക്ഷത്രമൊ അഞ്ചാം നക്ഷത്രമൊ ഏഴാം നക്ഷത്രമൊ ആയി വരുമെങ്കിൽ അത അനിഷ്ടകരമാകുന്നു. അപ്രകാരമാകയാലതിനെ ഗ്രഹിക്കാം. രണ്ടാമതും പറഞ്ഞപ്രകാരം നൊക്കിയാൽ അതാത രാശിയിൽ വരുന്ന ചന്ദ്രസ്ഥിതികൾക്കു മൂന്നാം നക്ഷത്രാദി സംബന്ധമൊ ചന്ദ്രാഷ്ടക വൎഗ്ഗത്തിങ്കൽ ആരാശികളിൽ പരലിന്റെസംഖ്യാ കുറകയൊ ശൂന്യമാകയൊ ഏതെങ്കിലു മുണ്ടായാൽ അതുകളും അനിഷ്ടഹെതുക്കൾതന്നെ. ഇങ്ങിനെ അനിഷ്ടകരത്വത്തെ പരീക്ഷിച്ചറിഞ്ഞ അതിനെ അനുസരിച്ചു പറഞ്ഞുകൊൾക.

൩. ദൂതവാക്യാദ്യവൎണ്ണൊത്ഥരാശിഗെത്ര്യൎത്ഥദൊഷദെ। ച
ന്ദ്രാൎക്കഗുരുമന്ദെഷുരൊഗാരംഭമുദീരയെൽ॥

അന്വയാൎത്ഥം— ചന്ദ്രാൎക്കഗുരു മന്ദന്മാരിൽ വെച്ചു ത്ര്യൎത്ഥദൊഷദൻ ദൂതവാക്യാദ്യവൎണ്ണൊത്ഥരാശിഗനായിരിക്കും വിഷയത്തിങ്കൽ രൊഗാരംഭത്തെ ഉദീരണം ചെയ്യാം.

സാരം— ആദിത്യൻ ചന്ദ്രൻ വ്യാഴം ശനി. ഇവരിൽ വെച്ചു അധികമായ ദൊഷത്തെ ചെയ്യുന്നവൻ ദൂതവാക്യത്തിന്റെ

ന്ത്യാക്ഷരത്തിന്ന പറകപ്പെട്ട രാശിയിൽ പ്രവെശിച്ചപ്പോൾ രൊഗത്തിന്റെ ആരംഭമെന്നും പറയാം-

൮. യമാശാഭിമുഖൊരൊഗീദൃഷ്ടൊദൂതൊഽഥവാ । രൊഗാരംഭ
ണമെതസ്യാംദിശിപ്രഷ്ടുരധിഷ്ഠിതാം ॥

അന്വയാൎത്ഥം — രൊഗിയൊ ദൂതൻ തന്നെയൊ യമാശാഭിമുഖനായിട്ട ദൎശിക്കുന്നുവൊ ആ ദിക്കിങ്കൽ രൊഗാരംഭണം ഉദീരണം ചെയ്യപ്പെടെണം-

സാരം— രൊഗിയായിരിക്കുന്നവനെ എങ്കിലും ദൂതനെ എങ്കിലും ജ്യൌതിഷികൻ കാണുന്ന സമയം അവന്റെ മുഖം യാതൊരു ദിക്കിന്നനെരെയായിരുന്നുവൊ ആ ദിക്കിൽവസിക്കുന്നകാലത്തിങ്കൽ പൃഛ്ഛിക്കുന്ന രൊഗംതുടങ്ങി എന്നു പറയെണം-

൯. ഐന്ദ്രീതൊദിശിയാവത്യാംദൂതഃ പൃഛ്ഛതിസംസ്ഥിതഃ । യാ
മെതത്സമസംഖ്യെസ്യാൽപ്രഷ്ടുർവ്യാധിസമുൽഭവഃ ॥

അന്വയാൎത്ഥം—— ഐന്ദ്രിയിങ്കൽ നിന്ന യാവതിയായിരിക്കുന്ന ദിക്കിങ്കൽ സ്ഥിതനായിട്ട ദൂതൻ പൃഛ്ഛിക്കുന്നുവൊ തത്സമസംഖ്യമായിരിക്കുന്ന യാമത്തിങ്കൽ പ്രഷ്ടാവിന്ന വ്യാധിസമുൽഭവം ഭവിക്കും-

സാരം— കിഴക്കെദിക്ക തുടങ്ങി എണ്ണിയാൽ ദൂതൻ ചൊദിച്ചത എത്രാമത്തെ ദിക്കിലായി വരുമൊ അത്രാമത്തെ യാമത്തിങ്കൽ പൃഛ്ഛകന്ന രൊഗം ആരംഭിച്ചു എന്നു പറയെണം.

൰. യാവന്തൊവ്യാധിതെസന്തിനിമഗ്നനയനാജനാഃ । വ്യാ
ധ്യാരംഭെന്തികസ്ഥാസ്സ്യുസ്താവന്തസ്സദൃശാശ്ചതെഃ ॥

അന്വയാൎത്ഥം___ യാവന്തകളായിരിക്കുന്ന ജനങ്ങൾ വ്യാധിതങ്കൽ നിമഗ്നനയനന്മാരായി ഭവിക്കുന്നു താവന്തകളായിയും അവരൊട സദൃശന്മാരായിയും ഉള്ളവർ വ്യാധ്യാരംഭത്തിങ്കൽ അന്തികസ്ഥന്മാരായി ഭവിക്കും-

സാരം——പ്രശ്നസമയത്തിങ്കൽ എത്രജനങ്ങൾ രൊഗിയെ നൊക്കിനില്ക്കുന്നവരായി ഉണ്ടായിരുന്നുവൊ അത്രജനങ്ങൾ അവരൊട തുല്യന്മാരായിട്ട രൊഗാരംഭസമയത്തിങ്കൽ സമീപത്തിങ്കൽ ഉണ്ടായിരുന്നു എന്ന പറയെണം-

൰൧. രൊഗാശ്രിതരാശെൎഭുക്തഭൊക്തവ്യഭാഗതഃ । രൊ
ഗസ്യഗതഗന്തവ്യകാലാധിക്യാല്പതെവദെൽ ॥

അന്വയാൎത്ഥം——രൊഗാശ്രിതരാശിയിങ്കൽതൽ ഭുക്തഭൊക്തവ്യഭാഗങ്ങളെ അനുസരിച്ച രൊഗത്തിന്റെ ഗതഗന്തവ്യകാലാധിക്യാല്പതകളെ വദിക്കെണം-

സാരം——രോഗസ്ഥാനാധിപൻനിന്ന രാശിയിൽ കഴിഞ്ഞ നവാംശകങ്ങളെ ഏറുകിൽ രോഗത്തിന്റെ കഴിഞ്ഞകാലത്തിന്ന ആധിക്യത്തെയും കുറയുകിൽ കഴിവാനുള്ള കാലത്തിന്ന ആധിക്യത്തെയും മറ്റെതുകൊണ്ട അല്പതയെയും പറയെണം-

വ്യ- ഷഷ്ഠാധിപെ ദിവാവീൎയ്യയുതെ ഷഷ്ഠഗതെ ഗ്രഹെ ദിവാ രംഭശ്ചവൃദ്ധിശ്ചരോഗാണാമന്യഥാനിശി ॥

അന്വയാൎത്ഥം____ ഷഷ്ഠാധിപനൊ ഷഷ്ഠഗതനായിരിക്കുന്ന ഗ്രഹമൊ ദിവാവീൎയ്യനായി സ്ഥനായിരിക്കും വിഷയത്തിങ്കൽ പകൽ രോഗങ്ങളുടെ ആരംഭവും വൃദ്ധിയും വാച്യങ്ങളായി ഭവിക്കുന്നു- മറിച്ചായാൽ നിശയിങ്കൽ ആരംഭവും വൃദ്ധിയും വാച്യങ്ങളായി ഭവിക്കുന്നു-

സാരം—ആറാം ഭാവാധിപൻ പകൽ വീൎയ്യത്തോടുകൂടിയവനായിരുന്നാലും പകൽ വീൎയ്യത്തോടുകൂടിയ ഗ്രഹം ആറാമെടത്തു നിന്നാലും രോഗത്തിന്റെ ആരംഭവും വൎദ്ധനവും പകലാകുന്നു എന്നു പറയെണം- ആറാം ഭാവാധിപനും ആറാമെടത്തുനില്ക്കുന്ന ഗ്രഹവും രാത്രിയിൽ വീൎയ്യത്തോടുകൂടിയവരായിരുന്നാൽ രോഗത്തിന്റെ ആരംഭവും വൎദ്ധനവും രാത്രിയിലാകുന്നു എന്നു പറയെണം.

(വാ) അത്ര കണ്ഠാഭരണം-

ഇവിടെ കണ്ഠാഭരണം ഭവിക്കുന്നു എന്നു മെലെഴുതിയ വാക്യത്തിന്റെ അൎത്ഥം—

വ- ആരൂഢാൽ ഭൈരെതൂയാവതിഗമസ്ഥാനാധിപസ്സംസ്ഥിതൊ മാസെതാവതിവാഹിഭൂസപ്പദ്ധ്യൂചാരെവാഥനെൎയ്യതൊയാ വൽപ്രശ്നഭതൊരിപാവൃമൃദ്ധുതാവന്തംഗമാരംഭണെ ബ്രൂയാൽകാലമെനെനഭക്തനവഭാഗപ്പ്ലംഗണെശസ്യവ ॥

അന്വയാൎത്ഥം——ആരൂഢത്തിങ്കൽനിന്ന യാവതായിരിക്കുന്ന ഭവനത്തിങ്കൽ ഗമസ്ഥാനാധിപൻ സംസ്ഥിതനായി ഭവിക്കുന്നുവൊ താവതായിരിക്കുന്ന മാസത്തിങ്കലെ ഭാസ്പദ്ധ്യചാരത്തിങ്കലൊ അഹസ്സിങ്കലൊ എല്ലാവൎക്കും ജനിക്കുന്നു- പ്രശ്നഭത്തിങ്കൽനിന്ന അരിപാവുമായിരിക്കുന്ന ഉഡുയാവത്തൊാഗമാരംഭണം ജാതമായിരിക്കും വിഷയത്തിങ്കൽ ഇതുകൊണ്ടെതാവത്തായിരിക്കുന്ന കാലത്തെ പറയെണം- ഗണെശന്റെ ഭക്തനവഭാഗനമാകിലും പറയാം-

സാരം——ആരൂഢരാശിയിൽ നിന്ന എത്രാമത്തെ രാശിയിൽ ആറാംഭാവാധിപതിനില്ക്കുന്നുവൊ അത്രമാസമൊ ദൊറവുമെ

ലയൊ ദിവസമൊ രൊഗംതുടങ്ങിയതിന്റെ ശെഷം കഴിഞ്ഞിട്ടിരിക്കുന്നു എന്നപറയാം- പ്രശ്നനക്ഷത്രത്തിങ്കൽനിന്ന എത്രാമത്തെ നക്ഷത്രത്തിന്മെൽ ആറാംഭാവാധിപൻ നില്ക്കുന്നുവൊ അത്രനാൾ കഴിഞ്ഞുഎന്നും പറയാം- ആ നാളുകളുടെ സംഖ്യയെ ആറാം ഭാവാധിപതി നില്ക്കുന്നരാശിയിൽ കഴിഞ്ഞ നവാംശക സംഖ്യകൊണ്ടു ഗുണിച്ചാൽ എത്രയായി വരുമൊ അത്ര നാൾ കഴിഞ്ഞുഎന്നും പറയാം-

൧൦. ഷഷ്ഠെശാശ്രിതരാശിസ്ഥെ ചന്ദ്രവാരൊഗസംഭവഃ। ശ
മനംതുരുജാംവാച്യംസുഖെശാശ്രിതരാശിഗെ॥

അന്വയാൎത്ഥം___ ചന്ദ്രൻ ഷഷ്ഠെശാശ്രിതരാശിസ്ഥനായിരിക്കും വിഷയത്തിങ്കലും രൊഗസംഭവംവാച്യമായിഭവിക്കുന്നു- ചന്ദ്രൻ സുഖെശാശ്രിതരാശിഗനായിരിക്കും വിഷയത്തിങ്കൽ രുക്കുകളുടെ ശമനവും വാച്യമായി ഭവിക്കുന്നു-

സാരം—— ആറാം ഭാവാധിപതിനില്ക്കുന്നരാശിയിൽ ചന്ദ്രൻ പ്രവെശിച്ച സമയം രൊഗത്തിന്റെ ആരംഭം എന്നും നാലാംഭാവാധിപൻ നില്ക്കുന്നരാശിയിൽ ചെല്ലുമ്പൊൾ ശമനം ഭവിക്കുമെന്നും പറയെണം-

൧൧ ലഗ്നസ്യാധിപതെശ്ചന്ദ്രസ്യശശിനൊവാപാപയൊഗെ
ക്ഷണം യത്രാഭൂൽസമയെരുജാമയസമാരംഭസ്സമാദിശ്യതാം। സൌ
മ്യാനാംയുതിവീക്ഷണെചഭവിതാ തെഷാംത്രയാണാംയദാ രൊഗാ
ണാംശമനംതദാഥ ശമനാരംഭസ്സമെകാന്വയെ॥

അന്വയാൎത്ഥം___ ലഗ്നത്തിന്നും അതിന്റെ അധിപതിക്കും ശശിക്കും യാതൊരുസമയത്തിങ്കൽ പാപയൊഗെക്ഷണം ഭവിച്ചുവൊ അപ്പൊൾ ആമയസമാരംഭം സമാദെശിക്കപ്പെടെണം- ആ മൂന്നുപെൎക്കു യാതൊരു കാലത്തിങ്കൽ സൌമ്യന്മാരുടെ യുതിയും വീക്ഷണവും ഭവിക്കുമൊ അപ്പൊൾ രൊഗങ്ങളുടെ ശമനം സമാദെശിക്കപ്പെടെണം- സമെകാന്വയം സത്തായിരിക്കും വിഷയത്തിങ്കൽ ശമനാരംഭം സമാദെശിക്കപ്പെടെണം-

സാരം___ ലഗ്നത്തിന്നും ലഗ്നാധിപന്നും ചന്ദ്രന്നും പാപയൊഗവും പാപദൃഷ്ടിയും, യാതൊരുകാലത്തിങ്കൽ ഭവിച്ചുവൊ ആ കാലത്തെ അറിഞ്ഞിട്ട അന്നുരൊഗം സമാരംഭിച്ചിരിക്കുന്നു എന്ന പറയെണം- ലഗ്നലഗ്നാധിപചന്ദ്രന്മാൎക്കു ശുഭയൊഗവും ശുഭദൃഷ്ടിയും വരുന്നകാലത്തെ അറിഞ്ഞ അന്നുരൊഗംശമിക്കുമെന്നും പറയെണം- ലഗ്നത്തിനൊ ലഗ്നാധിപന്നൊ ചന്ദ്രന്നൊ ശുഭയൊഗദൃഷ്ടികൾ വരുന്ന കാലത്തെ അറിഞ്ഞ അന്ന

രോഗശമനത്തിന്റെ ആരംഭമെന്നും പറഞ്ഞുകൊൾക.

൧൨. ലഗ്നാധിതനവാംശസ്യപാദശാംശകരാശിഗേ। മാന്ദിരാശിമതിക്രാന്തെവെന്ദൌസ്യാദ്രുക്ശമനംനൃണാം॥

അന്വയാൎത്ഥം —— ലഗ്നാധിതനവാംശത്തിന്റെ ദ്വാദശാംശകരാശിഗനായിരിക്കും വിധുയത്തിങ്കലൊ മാന്ദിരാശിയെ അതിക്രാന്തനായിരിക്കും വിധുയത്തിങ്കലൊ രുക്കുകളുടെശമനം ഭവിക്കും.

സാരം —— ലഗ്നനവാംശത്തിന്റെ ദ്വാദശാംശകരാശിയിൽ ചന്ദ്രൻ പ്രവേശിച്ചാൽ രോഗം ശമിക്കും. ഗുളികൻനിന്നരാശിയെ ചന്ദ്രൻ അതിക്രമിച്ചാലും രോഗം ശമിക്കും.

൧൩. അഷ്ടമെന്ദൌപുരോധായയദിചേദ്വ്യാധിസംഭവഃ। അതിയാതെഷ്ടമംരാശിംശശാങ്കെശമനംനൃണാം॥

അന്വയാൎത്ഥം —— വ്യാധിസംഭവം അഷ്ടമെന്ദുവിനെ പുരോധാനം ചെയ്തിട്ടാകുന്നു എങ്കിൽ ശശാങ്കൻ അഷ്ടമമായിരിക്കുന്ന രാശിയെ അതിയാതനായിരിക്കും വിധുയത്തിങ്കൽ രുക്കുകളുടെ ശമനം ഭവിക്കും.

സാരം —— ജന്മാഷ്ടമരാശിയിൽ ചന്ദ്രൻ പ്രവേശിച്ചസമയം തുടങ്ങിയരോഗമാകുന്നു എങ്കിൽ ആ രാശിയിൽനിന്നു ചന്ദ്രൻ പോയാൻ അതിന്നു ശമനം ഭവിക്കും.

(വാ) അത്രാനുഷ്ഠാനപദ്ധതിഃ।

ഇവിടെ അനുഷ്ഠാനപദ്ധതി ഭവിക്കുന്നു എന്ന മെലെഴുതിയ വാക്യത്തിന്റെ സാരം

൧൪. ദുഃസ്ഥഖെടവശാദ്രോഗമംസുസ്ഥഖെടവശാച്ഛമംവദെൽ। മന്ത്രനൃത്തബലിപൂജനൌഷധദൈവതാഭജനധാതുപൊഷണൈഃ॥

അന്വയാൎത്ഥം —— ദുഃസ്ഥഖെടവശത്തെ ആശ്രയിച്ചിട്ടു രോഗത്തെ വദിക്കെണം. സുസ്ഥഖെടവശത്തെ ആശ്രയിച്ചിട്ടു മന്ത്രനൃത്തബലിപൂജനങ്ങൾ ഹെതുവായിട്ടും ദൈവതാഭജനധാതുപൊഷണങ്ങൾ ഹെതുവായിട്ടും ശമത്തെ വദിക്കെണം.

സാരം —— അനിഷ്ടസ്ഥാനങ്ങളിൽനില്ക്കുന്ന ഗ്രഹങ്ങളെ അനുസരിച്ചിട്ടു രോഗാരംഭത്തെയും ഇഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളെ അനുസരിച്ചിട്ടു രോഗശമനത്തെയും പറയെണം. മന്ത്രം, നൃത്തം, ബലി, പൂജ, ഔഷധം, ദൈവതാഭജനം, ധാതുപുഷ്ടികരമായ കൎമ്മം ഇതുകൾ രോഗശമനത്തെ കുറിച്ചു കാരണങ്ങളാകുന്നു.

(വ്യാ) അസ്യാൎത്ഥഃ

മേൽപറഞ്ഞ ശ്ലോകത്തിന്റെ അൎത്ഥം ഇനിപറവാൻപോകുന്ന ശ്ലോകംകൊണ്ടു സ്പഷ്ടമാക്കപ്പെടുന്നു എന്ന മേലെഴുതിയ വാക്യത്തിന്റെ അൎത്ഥം–

ശ്ലോ. ദുസ്ഥാനാമതിദോഷദാശ്രിതഗ്രഹപ്രാപ്തേഷു ചന്ദ്രാദി
ഷ്വപ്യാധ്യാരംഭേഹ്യതിദുഃഖഭഗസംബന്ധീശകോപോൽഭവഃ।
സുസ്ഥാനാമപിതദ്വദിഷ്ടതമഖേടാധിഷ്ഠിതക്ഷാശ്രിതേ ഷ്വപി
ദ്വാദ്യേഷ്വതദീയദേവഭജനാച്ഛാന്തിശ്ച വാച്യാ തദാ॥ ഇതി

അന്വയാൎത്ഥം—— ചന്ദ്രാദികൾ ദുസ്ഥാനത്തിൽ വെച്ച അതിദോഷദാശ്രിത ഗ്രഹപ്രാപ്തന്മാരായിരിക്കും വിഷയത്തിങ്കൽ അതിദുഃഖഭഗസംബന്ധീശ കോപോൽഭവമായിരിക്കുന്ന വ്യാധ്യാരംഭം ഇവിടെ വാച്യമാകുന്നു- അപ്രകാരം ഇന്ദ്വാദ്യന്മാർ സുസ്ഥാനത്തിൽ വെച്ചു ഇഷ്ടതമഖേടാധിഷ്ഠിതക്ഷാശ്രിതന്മാരായിരിക്കും വിഷയത്തിങ്കൽ തദീയദേവഭജനം ഹേതുവായിട്ടതുകളുടെശാന്തിയും വാച്യയാകുന്നു-

സാര —— ചന്ദ്രൻമുതലായവർ ദുസ്ഥാനത്തിൽവെച്ച അതിദോഷത്തെ ചെയ്യുന്നവർനിൽക്കുന്ന രാശികളിൽ പ്രവേശിക്കുമ്പോൾ അവരെ കൊണ്ടു കല്പിക്കപ്പെടുവാൻ യോഗ്യന്മാരായിരിക്കുന്ന ദേവന്മാരുടെ കോപം ഹേതുവായിട്ടു അതാതു രോഗങ്ങൾ തുടങ്ങുമെന്നും ഇഷ്ടസ്ഥാനങ്ങളിൽനില്ക്കുന്ന ഗ്രഹങ്ങളിൽ വെച്ചു ഇഷ്ടത്തെ അധികമായി ചെയ്യുന്നവർ നിൽക്കുന്ന രാശികളിൽ ചന്ദ്രാദികൾ പ്രവേശിക്കുമ്പോൾ അവരെക്കൊണ്ടു കല്പിക്കപ്പെടുവാൻ യോഗ്യന്മാരായിരിക്കുന്ന ദേവന്മാരുടെ ഭജനം മുതലായതുകൾ ഹേതുവായിട്ടു ആ രോഗങ്ങൾ ശമിക്കുമെന്നും പറയേണം-

(വ്യാ) രോഗാരംഭാദിതാരവശാച്ഛമനാദികാലമുച്യതേ॥

അന്വയാൎത്ഥം—— രോഗാരംഭാദി താരവശത്തെ ആശ്രയിച്ചിട്ടു ശമനാദി കാലം വചിക്കപ്പെടുന്നു-

സാര.—— ഇനി രോഗാരംഭം മുതലായതിന്റെ നക്ഷത്രങ്ങളെ അനുസരിച്ചു ശമനാദികാലത്തെ പറയുന്നു-

ശ്ലോ. വൈശ്വേന്ദ്രമൈത്രേ ചമാസാദുപരിതുവസുഭബ്രാഹ്മ
ശ്രാവിഷ്ഠേഷുപക്ഷാദ്ദേഗീചിത്രാ പ്രചേതോയമഹർക്ഷേഷുസുഖം പി
ത്രൈതദ്രസംഖ്യാൽ വിംശാദഹ്നോമഘായാംഗുരുഭഗേ സുരസൂ
ര്യേഷ്ഠവൈധസ്ത്രഭദ്രൈസ്സാർപ്പേ മൂലാശ്വിന്യോഃ കഥ ഹൃതഭുജി നവമാന്മി
ത്രപൂഷ്ണോസ്സൂൎയ്യാൽ॥

കളും മൂൎത്തികളായിരിക്കുന്ന ശുഭചക്രങ്ങളും ജന്മപ്രകൃതികളുമാകുന്ന അംശകങ്ങളുടെ സംഗമം സത്തായിരിക്കും വിഷയത്തിങ്കൽ മൂൎത്തിധ്രുവയായി ഭവിക്കും.

സാരം—— തൃക്കേട്ട തുടങ്ങി ഏഴ മരണനാളുകളും പാപവാരങ്ങളും രിക്താദി മരണപക്ഷങ്ങളും പിറന്നനാൾ തുടങ്ങിയുള്ളതുകളും ഒന്നിച്ചുവന്ന ദിവസം രോഗം തുടങ്ങിയാൽ മരിക്കുമെന്നിശ്ചയം ॥

൨൨. രൊഗാരംഭെതാരകാന്തഗണനെ ജന്മൎക്ഷതൊയാദ്ദ്വൈൽസംഖ്യാതാംത്രിഗുണാംഹരെജ്ജലധിഭിശ്ശെഷൈഃഫലാനി ക്രമാൽ । ഏകദ്വിത്രിചതുഷ്ടിരാശുമരണംമൃത്യുശ്ശനൈൎജ്ജീവനം കൃച്ഛ്രാജ്ജീവനമപ്രയത്നതഇദംപ്രാഗ്ഷൊഡശാബ്ദാച്ഛിശൊഃ ॥

അന്വയാൎത്ഥം—— ജന്മനക്ഷത്രത്തിങ്കൽ നിന്ന തുടങ്ങി രോഗാരംഭനക്ഷത്രാന്തം ഗണിക്കുന്നതിങ്കൽ യാതൊരു സംഖ്യ ഭവിക്കുമൊ അതിനെ ത്രിഗുണയാക്കി ചെയ്തിട്ട ജലധികളെക്കൊണ്ട ഹരിക്കെണം. ശെഷങ്ങളായിരിക്കുന്ന ഒന്നും രണ്ടും മൂന്നും നാലുമാകുന്ന സംഖ്യകളെക്കൊണ്ടുള്ള ഫലങ്ങളെ ക്രമെണ പൊട്ടുന്നനവെ ഉള്ള മരണവും പതുക്കെ ഉള്ള മരണവും പണിപ്പെട്ടുള്ള ജീവനവും പ്രയത്നത്തോട കൂടാതെയുള്ള ജീവനവുമാകുന്നു. ഇത ഷൊഡശാബ്ദത്തിങ്കൽനിന്ന മുമ്പെ ശിശുവിന്ന വാച്യമായി ഭവിക്കുന്നു.

സാരം—— പിറന്ന നാൾ തുടങ്ങി രോഗാരംഭ സമയത്തിങ്കലുണ്ടായിരുന്ന നാളോളം എണ്ണിയാൽ വരുന്ന സംഖ്യയെ മൂന്നകൊണ്ട പെരുക്കി നാലുകൊണ്ട ഹരിച്ചാൽ ഒന്നു ശെഷിക്കിൽ ഉടനെ മരണം. രണ്ട ശെഷിക്കിൽ ക്രമെണ മരണം. മൂന്ന ശെഷിക്കിൽ പ്രയത്നപ്പെട്ട ജീവിക്ക. നാലു ശെഷിക്കിൽ പ്രയത്നം കൂടാതെ ജീവിക്ക ഇങ്ങിനെ മെൽ പറഞ്ഞ ഹരണശിഷ്ട സംഖ്യകളെ കൊണ്ട ഫലങ്ങളെ പറയെണം. ഇതു പന്ത്രണ്ട വയസ്സു തികഞ്ഞാൽ പിന്നെ നൊക്കമാറില്ല

൨൩. ഷഷ്ഠെശെമന്ദഗതെസ്ഥിരരാശിഗെവാരുജാംശമനൈ ശ്ശീഘ്രഗതെചരയാതെശമനംരൊഗസ്യനചിരെണ ॥

അന്വയാൎത്ഥം—— ഷഷ്ഠെശൻ മന്ദഗതിയായിട്ടൊ സ്ഥിരരാശിഗതനായിട്ടൊ സന്നായിരിക്കും വിഷയത്തിങ്കൽ പതുക്കെ ഉള്ള രുക്കുകളുടെ ശമനം വാച്യമായി ഭവിക്കുന്നു. ശീഘ്രഗതിയായിട്ടൊ ചരയാതനായിട്ടൊ സന്നായിരിക്കും വിഷയത്തിങ്കൽ പൊട്ടുന്നനവെ ഉള്ള രോഗത്തിന്റെ ശമനം വാച്യമായി ഭവിക്കുന്നു.

സാരം — പ്രശ്നകാലത്തിങ്കൽ ആറാംഭാവാധിപനു ശക്തികുറഞ്ഞിരുന്നാലും സ്ഥിരരാശിയിൽ അവൻ നിന്നാലും പതുക്കെ രൊഗം ശമിക്കുമെന്നുപറയെണം. ആറാം ഭാവാധിപനു ശക്തി എറുകിലും അവൻ ചരരാശിയിൽ നില്ക്കിലും ഉടനെ രൊഗംശമിക്കുമെന്നു പറയെണം.

൨൪. പാപാനാമുദയശ്ചമദ്ധ്യവസതിർല്ലഗ്നസ്യലഗ്നെശിതുർ ദൌർബ്ബല്യംകഥിതംഭയഞ്ചഹിമഗൊ സ്ത്വച്ചൊദയംക്ഷീണതാ । രിഃഫാരാതിമൃതിഷ്ഠ പൂർണ്ണഹിമഗൊ സ്ത്വത്രസ്ഥിതിശ്ചാസതാം കെന്ദ്രാപ്യാമയദൈർഘ്യമെഷ്വബഹുഭിർവ്വക്തവ്യമെഭിഃകിമു ॥

അന്വയാർത്ഥം — ലഗ്നത്തിന്നു പാപന്മാരുടെ ഉദയവും മദ്ധ്യവസതിയും ലഗ്നേശിതാവിന്നു ദൌർബ്ബല്യവും കഥിതമായിരിക്കുന്ന ഭയവും ഹിമഗുവിന്നു ആ ഉദയവും ക്ഷീണതയും അപൂർണ്ണഹിമഗുവിന്നു രിഃഫാരാതിമൃതികളിലുള്ള സ്ഥിതിയും പാപന്മാൎക്കു അതുകളിൽ ഉള്ള സ്ഥിതിയുമാകുന്ന ഇതുകളിൽവെച്ചു ഒന്നു ഹെതുവായിട്ടു തന്നെ ആമയദൈർഘ്യം ഭവിക്കുന്നു. ബഹുക്കളായിരിക്കുന്ന ഇതുകൾഹെതുവായിട്ടുവക്തവ്യംഭവിക്കുന്നുവൊ

സാരം — ലഗ്നത്തിന്നു പാപയൊഗവും പാപമദ്ധ്യസ്ഥിതിയും ലഗ്നാധിപന്നു പാപയൊഗവും പാപമദ്ധ്യസ്ഥിതിയും ദൌർബ്ബല്യതയും ചന്ദ്രന്നു പാപയൊഗവും പാപമദ്ധ്യസ്ഥിതിയും ദൌർബ്ബല്യതയും ക്ഷീണതയും ക്ഷീണചന്ദ്രന്നു പന്ത്രണ്ടാമെടത്തൊ ആറാമെടത്തൊ എട്ടാമെടത്തൊ ഉള്ളസ്ഥിതിയും പാപന്മാൎക്കു മെൽപറഞ്ഞെടങ്ങളിലുള്ള സ്ഥിതിയുമാകുന്ന ദൊഷങ്ങളിൽ ഓരൊന്നു തന്നെ രൊഗത്തെ ദീൎഘമാക്കിചെയ്യും. രണ്ടൊ മൂന്നൊ അതിൽ അധികമൊകൂടിവന്നാൽ ഉള്ളഅവസ്ഥ പിന്നെ പറയെണമെന്നില്ലല്ലൊ.

൨൫. പ്രായശ്ചിത്തന്ദുഷ്കൃതരൊഗശമനായതത്തദുദിതമപി । കാൎയ്യംസൎവ്വെഷ്വപമൽസ്വഗ്രന്ഥെസായണൊസ്യവചനമിദം ॥

അന്വയാർത്ഥം — ദുഷ്കൃതരൊഗം സത്തായിരിക്കുംവിഷയത്തിങ്കൽ ശമനത്തിന്നായിക്കൊണ്ടു തത്തദുദിതമായിരിക്കുന്ന പ്രായശ്ചിത്തവും കാൎയ്യമായി ഭവിക്കുന്നു. സായണൻ സ്വഗ്രന്ഥത്തിങ്കൽ സൎവങ്ങളായിരിക്കുന്ന രൊഗങ്ങളിലും പ്രായശ്ചിത്തത്തെ വദിച്ചു. ഇത ഇവന്റെ വചനമാകുന്നു.

സാരം — ശമിപ്പാൻ പ്രയാസമായ രൊഗംഭവിച്ചാൽ അതാതിന്നുപറകപ്പെട്ട പ്രായശ്ചിത്തത്തെയും ചികിത്സയെയും ചെയ്യുകൊൾക എന്നാൽശമിക്കും. സൎവ്വരൊഗങ്ങൾക്കും പ്രായശ്ചിത്ത

ത്തെ സായണാചാൎയ്യൻ പറഞ്ഞിരിക്കുന്നു. സായണാചാൎയ്യനാൽ ഉണ്ടാക്കപ്പെട്ട ഗ്രന്ഥത്തിൽ നോക്കി അറിഞ്ഞുകൊൾക. ഇനി പറവാൻപോകുന്നതു സായണാചാൎയ്യന്റെ വചനമാകുന്നു.

൫൬. യഥാകാൎയ്യേഷ്വസാമഗ്രീദൃഷ്ടാദൃഷ്ടോഭയാത്മികാ। തഥൈവാരോഗനാശേഷ്വപിപ്രായശ്ചിത്തൌഷധാത്മികാ। ഇതി-

അന്വയാൎത്ഥം — യാതൊരുപ്രകാരം കാൎയ്യങ്ങളിലെ സാമഗ്രീ ദൃഷ്ടാദൃഷ്ടോഭയാത്മികയായിട്ട ഉക്തയായി ഭവിക്കുന്നുവൊ അപ്രകാരം രോഗനാശങ്ങളിലെ സാമഗ്രീപ്രായശ്ചിത്തൌഷധാത്മികയായി ഭവിക്കുന്നു.

സാരം — ഒരു കാൎയ്യം ഉണ്ടാകേണമെങ്കിൽ രണ്ടുപ്രകാരമുള്ള കാരണങ്ങൾ ഉണ്ടായിരിക്കേണം. ഇന്ദ്രിയങ്ങളിലൊന്നുകൊണ്ടു ഗ്രഹിക്കപ്പെടുന്നതും ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടാത്തതും ഈങ്ങിനെ കാരണം രണ്ടുവിധമായിട്ടുണ്ടു. ഗൃഹനഗരാദികൾ ഉണ്ടാകേണമെങ്കിൽ ആശാരി കല്ലു മര മുതലായതുകൾ ഉണ്ടായിരിക്കേണം. ഇതുകൾ ദൃഷ്ടകാരണങ്ങളാകുന്നു. ഇതുകൾ ഉണ്ടായിരുന്നാലും ഗൃഹനഗരാദികൾക്കു അനുകൂലമായ പുണ്യമില്ല എംകിൽ ഉണ്ടാകയില്ല. അതുകൊണ്ടു പുണ്യവും വേണം. പുണ്യപാപാദികൾ അദൃഷ്ടകാരണങ്ങളാകുന്നു. രോഗശമനത്തെകുറിച്ചും മെൽപ്രകാരം രണ്ടുകാരണങ്ങൾ ഉണ്ടായിരിക്കേണം. അതുകളിൽ ഒന്നു പ്രായശ്ചിത്തവും മറ്റെതു ഔഷധവുമാകുന്നു. ൟ വചനംകൊണ്ടു രോഗശമനത്തിനായിക്കൊണ്ടു പ്രായശ്ചിത്തവും ചികിത്സയും വേണ്ടുന്നതു എന്നു സാധിക്കപ്പെട്ടു അതു ഗ്രഹിച്ചുകൊൾകയും വേണം.

(വാ) അത്രാൎത്ഥാസംപൂതിഃ॥

ഇവിടെ അൎത്ഥാസംപൂതി എന്ന ശാസ്ത്രമുണ്ടു എന്നു മെൽ എഴുതിയവാക്യത്തിന്റെ അൎത്ഥമാകുന്നു.

൫൭- പരിപൂൎണ്ണതനുശ്ചന്ദ്രോ ലഗ്നോപഗതോനിരീക്ഷിതൊ ഗുരുണാ। ഗുരുശുക്രൌകേന്ദ്രെവാപീഡാ തത്സുത്രസുഖിതസ്സ്യാൽ॥

൫൮- ഉപചയസംസ്ഥശ്ചന്ദ്രസ്സൌമ്യാഃ കേന്ദ്രത്രികോണധനമൃതിഗാഃ। ലഗ്നംവാശുഭദൃഷ്ടം സുഖിതസ്സ്യാത്തദാരാവാച്യഃ।

അന്വയാൎത്ഥം — പരിപൂൎണ്ണതനുവായി ഗുരുവിനാൽ നിരീക്ഷിതനായിരിക്കുന്ന ചന്ദ്രൻ ലഗ്നോപഗതനാകുന്നു എങ്കിലും ഗുരുശുക്രന്മാർ കേന്ദ്രത്തിങ്കലാകുന്നു എംകിലും തല്ക്കാലത്തിങ്കൽ

പീഡിതനായിരിക്കുന്നവൻ സുഖിതനായി ഭവിക്കും. ചന്ദ്രൻ ഉപചയസംസ്ഥനായിട്ടും സൌമ്യന്മാർ കേന്ദ്രത്രികോണനിധനഗതിഗന്മാരായിട്ടു, ലഗ്നം ശുഭദൃഷ്ടമായിട്ടും ഭവിക്കുന്നു എങ്കിൽ അക്കാലത്തിങ്കൽ ആതുരൻ സുഖിതനായിട്ടു വാച്യനാകുന്നു.

സാരം — പൂൎണ്ണചന്ദ്രൻ ഗുരുദൃഷ്ടിയോടുകൂടിയവനായിട്ടു ലഗ്നത്തിങ്കലും ഗുരുശുക്രന്മാർ കേന്ദ്രത്തിങ്കലും നിന്നാൽ രോഗം ഉടനെ ശമിക്കും. ചന്ദ്രൻ ഉപചയരാശിയിലും മറ്റുള്ള ശുഭന്മാർ ത്രികോണത്തിങ്കലും രണ്ടാമേടത്തും അഷ്ടമത്തിങ്കലുമായിയും നില്ക്കുകയും ലഗ്നത്തിന്നു ശുഭദൃഷ്ടിയുണ്ടാകയും ഉടനെ രോഗശമനത്തെ ഉണ്ടാക്കുന്നതുകളാകുന്നു.

(വ്യാ) രോഗഹേതുരപ്യത്ര.

രോഗകാരണം പറകപ്പെടുന്നു എന്ന മേൽ എഴുതിയ വാക്യത്തിന്റെ അൎത്ഥമാകുന്നു.

(വ്യാ) അത്രാപ്തവചനം.

അന്വയാൎത്ഥം —— ഇവിടെ ആപ്തവചനം ഭവിക്കുന്നു.

സാരം —— രോഗഹേതുവിഷയത്തിങ്കൽ ഉപയോഗത്തിന്നു യോഗ്യമായ ഒരു ആപ്തവചനം ഉണ്ടു.

ഇനിമേൽപ്രകാരം ഉള്ള ആപ്തവചനത്തെത്തന്നെ കാണിക്കുന്നു.

൨൯. ജന്മാന്തരകൃതം പാപം വ്യാധിരൂപേണ ജായതേ। തച്ഛാ
ന്തിരൌഷധൈൎദ്ദാനൈൎജ്ജപഹോമാൎച്ചനാദിഭിഃ॥

അന്വയാൎത്ഥം —— ജന്മാന്തരകൃതമായിരിക്കുന്ന പാപം വ്യാധിരൂപേണ ജനിക്കുന്നു. തച്ഛാന്തി ഔഷധങ്ങൾ ഹേതുവായിട്ടും ദാനങ്ങൾ ഹേതുവായിട്ടും ജപഹോമാൎച്ചനാദികൾ ഹേതുവായിട്ടും ഭവിക്കും.

സാരം —— പൂൎവ്വജന്മത്തിങ്കൽ ചെയ്കപ്പെട്ട നിഷിദ്ധകൎമ്മങ്ങളിൽനിന്നുണ്ടായ പാപം ഈ ജന്മത്തിങ്കൽ വ്യാധിസ്വരൂപമായിട്ടു പ്രകാശിക്കുന്നു. വ്യാധിയുടെ ശമനം ഔഷധംകൊണ്ടും ജപംകൊണ്ടും ഹോമംകൊണ്ടും പൂജാദികൾകൊണ്ടും ഭവിക്കുന്നതാകുന്നു.

൩൦. രോഗാൎത്താനാമിഹ തു ബഹുധാ കല്പ്യതേ രോഗഹേതുൎദ്ദൈ
വേശാൽഗ്രഹകൃതിവശാദ്വാതപിത്താദികോപാൽ। ഏതത്തൈസ്ത്രി
വിധമപിതംപ്രായശസ്സ്വീയപാപാദ്രോഗാൽ പതത്ദ്വേവംവിഹിന്ദ്ര
ന്നാംഹേതുരേകസ്ത്രിധാസ്യാൽ।

അന്വയാൎത്ഥം —— ഇവിടെ രോഗാൎത്തന്മാരുടെ രോഗഹേതു

ഭൂതാവേശം ഹേതുവായിട്ടു ഗ്രഹഗതിവശം ഹേതുവായിട്ടു വാതപിത്താദികോപം ഹേതുവായിട്ടു ഇങ്ങിനെ പലപ്രകാരേണ കല്പിക്കപ്പെടുന്നു. ത്രിവിധമാകുംവണ്ണം ഉദിതമായിരിക്കുന്ന ഇതുമിക്കതും തഥ്യമാകുന്നു. നൃക്കൾക്ക സ്വീയപാപ്മാവാകുന്ന ഏകം തന്നെ മൂന്നുപ്രകാരേണ ഉള്ള രോഗോൽപത്തിയുടെ ഹേതുവായി ഭവിക്കുന്നു.

സാരം—— ലോകത്തിങ്കൽ രോഗികളുടെ രോഗകാരണം പല പ്രകാരേണ നിശ്ചയിക്കപ്പെടുന്നു. ഭൂതബാധഹേതുവായിട്ടു ഉണ്ടായതാകുന്നു ഒരു രോഗമെന്നും ഗ്രഹചാരദോഷം ഹേതുവായിട്ടുണ്ടായതാകുന്നു ഒരു രോഗമെന്നും ദോഷകോപം ഹേതുവായിട്ടുണ്ടായതാകുന്നു ഒരു രോഗമെന്നും വ്യവഹാരമുണ്ടു. ഒരു വ്യവഹാരത്തിൽ അനേകപ്രകാരമുള്ള രോഗഹേതുകല്പനയും അടങ്ങിയിരിക്കുന്നു. മൂന്നുപ്രകാരം പറകപ്പെട്ട ഒരു ഹേതുകല്പനമിക്കതും പരമാൎത്ഥം തന്നെ എങ്കിലും മുഖ്യകാരണം വേറെ ഉണ്ടു അതു പാപംതന്നെ. അവരവരാൽ ചെയ്കപ്പെട്ട പാപമാകുന്ന ഒന്നു തന്നെ ഭൂതങ്ങളെ ആവേശിപ്പിച്ചും ഗ്രഹചാരദോഷത്തെ അനുസരിച്ചും ഫലോന്മുഖമായി ഭവിച്ചും ത്രിദോഷകോപത്തെ ജനിപ്പിച്ചും രോഗങ്ങൾക്ക കാരണമായിത്തീരുന്നതാകയാൽ അതുതന്നെ മുഖ്യകാരണമെന്നറിക.

ന.ഥ. ദുഷ്ടചാരേ ഗ്രഹാണാംഭവതി തനുഭൃതാംപീഡനംദുർഗ്ര
ഹാണാം ജായന്തേതേനദോഷത്രിതയചലനതസ്സൎവ്വഭവാവ്യാധി
ഭേദാഃ! സൎവ്വേഷാമേവതേഷാംഖലുദുരിതംപ്രാക്തനംഹേതു
രേകഃപ്രായശ്ചിത്തൈസ്തതൽകഥിതമപി ചികിത്സാസ്തു രോഗോ
പശാന്ത്യൈ!! ഇതി!!

അന്വയാൎത്ഥം—— ഗ്രഹങ്ങളുടെ ദുഷ്ടമായിരിക്കുന്ന ചാരത്തിങ്കൽ തനുഭൃത്തുകൾക്ക ദുർഗ്രഹങ്ങളുടെ നിപീഡനം ഭവിക്കുന്നു. അതു ഹേതുവായിട്ടു ദോഷത്രിതയചലനം ഹേതുവായിട്ടു തൽഭവങ്ങളായിരിക്കുന്ന വ്യാധിഭേദങ്ങൾ ജനിക്കുന്നു. സൎവ്വങ്ങളായിത്തന്നെ ഇരിക്കുന്ന അവകൾക്ക പ്രാക്തനമായിരിക്കുന്ന ദുരിതംതന്നെ ഏകമായിരിക്കുന്ന ഹേതുവായി ഭവിക്കുന്നു. തത്തൽകഥിതമായിരിക്കുന്ന പ്രായശ്ചിത്തവും ചികിത്സയും രോഗോപശാന്തിക്കായിക്കൊണ്ടു ഭവിക്കും.

സാരം—— സൂൎയ്യാദികൾ അനിഷ്ടഭാവങ്ങളിൽ സഞ്ചരിക്കുന്നകാലത്തിങ്കൽ ദുർദ്ദേവതമാർ മനുഷ്യരെ ബാധിക്കും. എന്നാൽ വാതപിത്തകഫങ്ങൾ ഇളകും അതു ഹേതുവായിട്ടു അനേകരോ

ഗങ്ങൾ ഉണ്ടാകും- സൎവ്വങ്ങളായ അതുകൾക്കും പുരാതനമായപാ
പംതന്നെ മുഖ്യമായഹെതുവായി ഭവിക്കുന്നു. അതഹെതുവായിട്ട
പ്രായശ്ചിത്തവും ചികിത്സയും രൊഗശമനത്തെക്കുറിച്ചു കാരണ
മാകുന്നു-

൩൨. പാപഭെദാശ്ചതൽപ്രായശ്ചിത്തഭെദാശ്ചവിസ്തരാൽ ।
സായണെനൊദിതാഃകൎമ്മവിപാകെഗ്രന്ഥ ഉത്തമെ ॥

അന്വയാൎത്ഥം —— പാപഭെദങ്ങളും തൽപ്രായശ്ചിത്തഭെദങ്ങളും വിസ്തരത്തെ ആശ്രയിച്ചിട്ട സായണനാൽ ആത്മാവിന്റെ കൎമ്മവിപാകമാകുന്ന ഗ്രന്ഥത്തിങ്കൽ ഉദിതങ്ങളായിഭവിക്കുന്നു-

സാരം—— പാപഭെദങ്ങളും അതുകൾക്കു വെവ്വെറെ ഉള്ള പ്രായശ്ചിത്തങ്ങളും സായണാചാൎയ്യനാൽ ഉണ്ടാക്കപ്പെട്ട കൎമ്മവിപാക ഗ്രന്ഥത്തിൽ സ്പഷ്ടങ്ങളാകുന്നു-

൩൩. രാജയക്ഷ്മാദിരൊഗാണാംബ്രഹ്മഹത്യാദികാരണം ।
വസ്ത്രദാനാദികംപ്രായശ്ചിത്തംതദ്ദിശീരിതം ॥

അന്വയാൎത്ഥം—— രാജയക്ഷ്മാദി രൊഗങ്ങൾക്കു കാരണം ബ്രഹ്മഹത്യാദിയാകുന്നു- അതുകൾക്കു പ്രായശ്ചിത്തം വസ്ത്രദാനാദികമാകുന്നു- തദ്ദിക്കു ഇപ്രകാരം ഉദീരിതയായി ഭവിക്കുന്നു-

സാരം—— ക്ഷയം മുതലായ രൊഗങ്ങൾക്കു കാരണം ബ്രഹ്മഹത്തി മുതലായ പാപമാകുന്നു- അതുകൾക്കു പ്രായശ്ചിത്തം വസ്ത്രദാനം മുതലായതാകുന്നു- ഇങ്ങിനെ പാപപ്രായശ്ചിത്തങ്ങളുടെ സംഗ്രഹമെന്നറിക-

൩൪. കൎമ്മവിപാകം വക്ഷ്യാമ്യദ്ധ്യായെസ്മിൻഖലുത്രയൊവിംശെ । ദൃഷ്ട്വാതസ്മാത്തത്തൽപ്രായശ്ചിത്തംവിധിയതാംവിധിവൽ ॥

അന്വയാൎത്ഥം—— ഇതിങ്കൽതന്നെ ത്രയൊവിംശമായിരിക്കുന്ന അദ്ധ്യായത്തിങ്കൽ കൎമ്മവിപാകത്തെ വചിക്കും- അതിങ്കൽനിന്ന ദൎശിച്ചിട്ട അതാത പ്രായശ്ചിത്തം വിധിക്കതക്ക വണ്ണം ചെയ്യപ്പെടെണം-

സാരം—— ഒരം ഗ്രന്ഥത്തിങ്കൽ തന്നെ ഇരിപത്തിമൂന്നാംഅദ്ധ്യായത്തിൽ രൊഗഹെതുക്കളെയും പ്രായചിത്തങ്ങളെയും പറയും- അതു നൊക്കി അറിഞ്ഞിട്ട അതാതു പ്രായശ്ചിത്തത്തെ വിധിക്കതക്കവണ്ണം അനുഷ്ഠിക്കെണം-

൩൫. ഔഷധംപഥ്യമാഹാരം തൈലാഭ്യംഗംപ്രതിശ്രയം ।
രൊഗിഭ്യശ്രദ്ധയാദത്വാരൊഗീരൊഗവിമുക്തയെ ॥

അന്വയാൎത്ഥം—— രൊഗിയായിരിക്കുന്നവൻ രൊഗവിമു

നൻ

കതിക്കായിക്കൊണ്ടു ഔഷധത്തെയും പത്ഥ്യമായിരിക്കുന്ന ആഹാരത്തെയും തൈലാഭ്യംഗത്തെയും പ്രതിശ്രയത്തെയും രോഗികൾക്കായിക്കൊണ്ടു ശ്രദ്ധയോടുകൂടി ദാനംചെയ്യേണം-

സാരം—— രോഗിയായാലവൻ തന്റെരോഗ ശമനത്തിനായിക്കൊണ്ടു മരുന്ന ഹിതമായ അന്നം തേപ്പാൻഎണ്ണ ശയനസാധനം ഇതുകളെ രോഗികൾക്കായിക്കൊണ്ടു ദാനം ചെയ്യേണം-

൩൬. മൃത്യുഞ്ജയഹവനംഖല്വസൎവ്വരുജാംശാന്തയെവിധെയം സ്യാൽ। സൎവ്വഷ്വപിഹൊമെഷു ബ്രാഹ്മണഭുക്തിസ്തഥാപൂപവചഃ ॥

അന്വയാൎത്ഥം—— മൃത്യുഞ്ജയഹവനംതന്നെ സൎവ്വരുജകൾക്കുടെ ശാന്തിക്കായിക്കൊണ്ടു വിധെയമായി ഭവിക്കും- അപ്രകാരം സൎവ്വങ്ങളായിരിക്കുന്ന ഹൊമങ്ങളിലും ബ്രാഹ്മണഭുക്തി കാൎയ്യമാകുന്നു- അപ്രകാരം അപൂപവചസ്സു ഭവിക്കുന്നു-

സാരം——മൃത്യുഞ്ജയഹൊമത്തെത്തന്നെ സൎവ്വരോഗശമനത്തിന്നായിക്കൊണ്ടു വിധിക്കാം എല്ലാഹൊമങ്ങൾക്കും ബ്രാഹ്മണരെ കാൽ കഴുകിച്ചു ഊട്ടുകയും വെണം- അപ്രകാരം അപൂപ വാക്യമുണ്ടു-

൩൭. തീവ്രജ്വരാഭിചാരാദിശാന്തിദംഹവനംമതം । മൃത്യുഞ്ജയാഖ്യമന്ത്രെണനൈവകെവലമായുഷെ ॥

അന്വയാൎത്ഥം,—— മൃത്യുഞ്ജയാഖ്യമന്ത്രം കൊണ്ടുള്ള ഹവനം ആയുസ്സിന്നായിക്കൊണ്ടുതന്നെയല്ല- അതതീവ്രജ്വരാഭിചാരാദി ശാന്തിദമെന്നും മതമാകുന്നു

സാരം—— മൃത്യുഞ്ജയഹൊമം ആയുസ്സിനായിക്കൊണ്ടുതന്നെ അല്ല പ്രബലമായപനി ആഭിചാരം മുതലായത ഇതുകളും മൃത്യുഞ്ജയം ഹൊമം കൊണ്ടു ശമിക്കും-

൩൮. തീവ്രജ്വരെതീവ്രതരാഭിചാരെസോന്മാദകെമോഹഗദെ ചമൊഹെ। തന്നൊതിശാന്തിംനചിരെണഹൊമസ്സഞ്ജീവനശ്ചാഷ്ടസഹസ്രസംഖ്യഃ ॥

അന്വയാൎത്ഥം—— അഷ്ടസഹസ്ര സംഖ്യമായിരിക്കുന്ന ഹൊമം തീവ്രമായിരിക്കുന്ന ജ്വരത്തിങ്കലും തീവ്രതരാഭിചാരത്തിങ്കലും സൊന്മാദകമായിരിക്കുന്ന മോഹഗദത്തിങ്കലും മൊഹത്തിങ്കലും പൊട്ടുന്നനവെ ശാന്തിയെ ഉണ്ടാക്കുകയും സഞ്ജീവനമായി ഭവിക്കുകയും ചെയ്യുന്നു-

സാരം—— മൃത്യുഞ്ജയമന്ത്രംകൊണ്ടുള്ള ഹൊമം എണ്ണായിരം

സംഖ്യതികഞ്ഞാൽ പ്രബലമായ പനിയെയും, ആഭിചാരൊപദ്രവത്തെയും ഉന്മാദത്തെയും മഹാമൊഹങ്ങളെയും ശമിപ്പിക്കും. ആയുസ്സിനെ ഉണ്ടാക്കുകയും ചെയ്യും-

ശ്ലൊ. ശാന്തികെ പൌഷ്ടികെ ചാപി വശീകരണകൎമ്മണി ।
ഹുതസംഖ്യാസമഃനംസ്യാദുത്തമം ദ്വിജഭൊജനം-ഇതി ॥

അന്വയാൎത്ഥം— ശാന്തികമായിരിക്കുന്ന ഹൊമത്തിങ്കലും പൌഷ്ടികമായിരിക്കുന്ന ഹൊമത്തിങ്കലും വശീകരണ കൎമ്മമായിരിക്കുന്ന ഹൊമത്തിങ്കലും ഹുതസംഖ്യാ സമാനമായിരിക്കുന്ന ദ്വിജഭൊജനം ഉത്തമമായി ഭവിക്കും-

സാരം— ജ്വരാദിശമനകരമായ ഹൊമത്തിങ്കലും ശ്രീകരമായ ഹൊമത്തിങ്കലും വശീകരണഹൊമത്തിങ്കലും ഹൊമസംഖ്യ എത്രയൊ അത്ര ബ്രാഹ്മണരെ കാലുകഴുകിച്ച ഊട്ടുന്നത ഉത്തമപക്ഷമാകുന്നു-

(വാ) ഏതദ്രൊഗാരംഭാദിനിരൂപണവിഷയം ॥

അന്വയാൎത്ഥം— ഇത രൊഗാരംഭാദി നിരൂപണ വിഷയമായി ഭവിക്കുന്നു-

സാരം— സ്പഷ്ടമാകുന്നു-

ഇതി ത്രയൊദശൊദ്ധ്യായഃ

## ചതുൎദ്ദശാദ്ധ്യായപ്രാരംഭഃ

(വാ) അഥഭാവാന്നിരൂപ്യന്തെ ॥

അനന്തരം ഭാവങ്ങൾ നിരൂപിക്കപ്പെടുന്നു എന്നു മെൽ എഴുതിയ വാക്യത്തിന്റെ അൎത്ഥമാകുന്നു-

ശ്ലൊ. വാച്യാസ്സുതാദയൊ ഭാവാഃ പരൊക്ഷസ്യാപി പൃച്ഛതഃ ।
സ്വപചാദ്യൈവയൊജ്ഞാതാപായതസ്സൂചകസ്യതെ ॥

അന്വയാൎത്ഥഃ— പരൊക്ഷനായിട്ടു പൃച്ഛനായിരിക്കുന്നവന്റെയും സുതാദി ഭാവങ്ങൾ വാച്യങ്ങളാകുന്നു- അതുകൾ യാതൊന്ന ഹെതുവായിട്ടു വയസ്സിനെ അറിഞ്ഞിട്ടു സ്വപചങ്ങളാകുന്നുവൊ അതു ഹെതുവായിട്ട അതും കഥിക്കപ്പെടുന്നു

സാരം— പ്രഷ്ടാവിനെ ജ്യൌതിഷികൻ കണ്ടിട്ടില്ല എങ്കി

ലും അവൻെറ പുത്രാദിഭാവങ്ങളെ പറയെണം- അതു വയസ്സിൻെറ നിശ്ചയം ഭവിച്ചല്ലാതെ സാധ്യമാകയുമില്ല അതുഹെതുവായിട്ടു വയൊനിശ്ചയത്തിന്നുള്ള പ്രമാണത്തെ പറയുന്നു-

൨. ലഗ്നെശെക്ഷിതിജെ ചബാലഹിമഗൌ നൊപഞ്ചസംവത്സരാഃ പൂൎണ്ണാഃ പ്രഷ്ടുരഥെന്ദുജെഷ്ടഭൃഗുജെ ഷൾസംയുതാവാമശ। ത്രിംശദ്ദെവഗുരൌ രവൌ ദശഗുണാശ്ശൈലാശ്ച വൃദ്ധൊഡുപെ പ്രഷ്ടാവൃദ്ധതരൊൎക്കജെഫണിനിവാസെചൈഷാംതഥൈവൊദയെ-ഇതി ॥

അന്വയാൎത്ഥം—— ക്ഷിതിജനും ബാലഹിമഗുവും ലഗ്നെശനായി സന്നായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്ന അഞ്ചു സംവത്സരങ്ങളും ഇന്ദുജൻ ലഗ്നെശനായി സന്നായിരിക്കുംവിഷയത്തിങ്കൽ എട്ടുസംവത്സരങ്ങളും ഭൃഗുജൻ ലഗ്നെശനായിസന്നായിരിക്കും വിഷയത്തിങ്കൽ ഷൾസംയുതങ്ങളായിരിക്കുന്ന പത്തു സംവത്സരങ്ങളും ദെവഗുരു ലഗ്നെശനായി സന്നായിരിക്കും വിഷയത്തിങ്കൽ മുപ്പതു സംവത്സരങ്ങളും രവിലഗ്നെശനായി സന്നായിരിക്കും വിഷയത്തിങ്കൽ ദശഗുണങ്ങളായിരിക്കുന്ന ശൈലങ്ങളും പൂൎണ്ണങ്ങളായിട്ടു വാച്യങ്ങളായി ഭവിക്കുന്നില്ല- വൃദ്ധൊഡുപനൊ അൎക്കജനൊ ലഗ്നെശനായി സന്നായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവു വൃദ്ധതരനെന്നു വാച്യനായി ഭവിക്കുന്നു- ഇവരുടെ ഉദയം സത്തായിരിക്കും വിഷയത്തിങ്കലും അപ്രകാരം തന്നെ സംവത്സരങ്ങൾ വാച്യങ്ങളായി ഭവിക്കുന്നു- പ്രഷ്ടാവും വാച്യനായി ഭവിക്കുന്നു- ഫണിലഗ്നസ്ഥനായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവു വൃദ്ധതരനെന്നുവാച്യനാകുന്നു-

സാരം—— ചൊവ്വ ലഗ്നാധിപനായാലും ബാലചന്ദ്രൻ ലഗ്നാധിപനായാലും പ്രഷ്ടാവിന്ന അഞ്ചു വയസ്സു തികഞ്ഞില്ല എന്നു ഗ്രഹിച്ചുകൊൾക- ബുധൻ ലഗ്നാധിപനായാൽ എട്ടുവയസ്സുതികഞ്ഞില്ല എന്നു ഗ്രഹിക്കെണം- ശുക്രൻ ലഗ്നാധിപനായാൽ പതിനാറു വയസ്സു തികഞ്ഞില്ല എന്നു ഗ്രഹിക്കെണം- വ്യാഴം ലഗ്നാധിപനായാൽ മുപ്പതു വയസ്സു തികഞ്ഞില്ല എന്നു ഗ്രഹിക്കെണം- ആദിത്യൻ ലഗ്നാധിപനായാൽ എഴുപതു വയസ്സു തികഞ്ഞില്ല എന്നു ഗ്രഹിക്കെണം- വൃദ്ധചന്ദ്രനൊ ശനിയൊ ലഗ്നാധിപനായാൽ എഴുപതിലധികം വയസ്സായി എന്നു ഗ്രഹിക്കെണം-

മെൽ പറഞ്ഞ ഗ്രഹങ്ങൾ ലഗ്നത്തിങ്കൽ നിന്നാലും മെൽപ്ര

കാരം തന്നെ രാഹുനിന്നാൽ എഴുപതിലധികം വയസ്സായി എന്നു ഗ്രഹിക്കേണം.

൧. ദേഹസ്യസൌഖ്യംസ്വാസ്ഥ്യം സ്ഥിതിശ്രേയോയശസ്സുഖം। ജയോവപുശ്ചതത്സൎവ്വംചിന്തനീയംവിലഗ്നതഃ॥

അന്വയാൎത്ഥം—ദേഹത്തിന്റെ സൌഖ്യവും സ്വാസ്ഥ്യവും സ്ഥിതിയും ശ്രേയസ്സും യശസ്സും സുഖവും ജയവും വപുസ്സും യാതൊന്നൊ അതു സൎവ്വമായിട്ട ലഗ്നംകൊണ്ടു ചിന്തനീയമായി ഭവിക്കുന്നു.

സാരം—ദേഹത്തിന്റെ സുഖത്തെയും സ്വാസ്ഥതയെയും സ്ഥിതിയെയും ശ്രേയസ്സിനെയും യശസ്സിനെയും സുഖത്തെയുംജയത്തെയുംദേഹത്തെയുംലഗ്നരാശികൊണ്ടു വിചാരിക്കേണം.

൨. ഭൎത്തവ്യമഖിലംവിത്തംവാണീചക്ഷുശ്ചദക്ഷിണം। വിദ്യാചവിവിധാപ്യേതൽസൎവ്വംചിന്ത്യംദ്വിതീയതഃ॥

അന്വയാൎത്ഥം—ഭൎത്തവ്യമായിരിക്കുന്ന അഖിലവും വിത്തവും വാണിയും ദക്ഷിണമായിരിക്കുന്ന ചക്ഷുസ്സും വിവിധയായിരിക്കുന്ന വിദ്യയുമാകുന്ന ഇത സൎവ്വമായിട്ടദ്വിതീയംകൊണ്ടു ചിന്ത്യമായി ഭവിക്കുന്നു.

സാരം—കുടുംബം, ധനം, വാക്കു, വലത്തെക്കണ്ണു, പലപ്രകാരത്തിലുള്ള വിദ്യാ ഇതൊക്കെയും രണ്ടാമെടംകൊണ്ടു വിചാരിക്കപ്പെടുവാൻ യോഗ്യമാകുന്നു.

൩. ധൈൎയ്യംവീൎയ്യംചബുദ്ധിസ്സഹോദരപരാക്രമൌ। ദക്ഷകൎണ്ണസഹായൌചചിന്തനീയാസ്തൃതീയതഃ॥

അന്വയാൎത്ഥം—ധൈൎയ്യവും വീൎയ്യവും ബുദ്ധിയും, സഹോദരപരാക്രമങ്ങളും ദക്ഷകൎണ്ണസഹായങ്ങളും തൃതീയംകൊണ്ടു ചിന്തനീയങ്ങളാകുന്നു.

സാരം—ധൈൎയ്യം, വീൎയ്യം, ബുദ്ധി, സഹോദരൻ, പരാക്രമം, വലത്തെചെവി, സഹായം ഇവ ഏഴും മൂന്നാമെടംകൊണ്ടു വിചാരിക്കപ്പെടുവാൻ യോഗ്യങ്ങളാകുന്നു.

൪. മാതാസുഹൃന്മാതുലഭാഗിനേയൌ ക്ഷേത്രംസുഖംവാഹനമാസനഞ്ച। ലാളിത്യമംഭശ്ശയനഞ്ചവൃദ്ധിഃ പശ്വാദികംവേശ്മഗൃഹാച്ചതുൎത്ഥാൽ॥

അന്വയാൎത്ഥം—മാതാവും സുഹൃത്തും മാതുലഭാഗിനേയന്മാരും ക്ഷേത്രവും സുഖവും വാഹനവും ആസനവും ലാളിത്യവും അംഭസ്സും ശയനവും വൃദ്ധിയും പശ്വാദികവും വേശ്മവും ചതുൎത്ഥമായിരിക്കുന്ന ഗൃഹത്തെ ആശ്രയിച്ചിട്ടു ചിന്ത്യങ്ങളായി ഭ

വിക്കുന്നു.

സാരം——അമ്മ, ബന്ധു, അമ്മാമൻ, മരുമകൻ ഇവരെയും വിളവുഭൂമിയെയും സുഖത്തെയും വാഹനത്തെയും ശയനത്തെയും ലാളിത്യത്തെയും ജലത്തെയും കിടപ്പും വൃദ്ധിയെയും പശ്വാദികളെയും ഭവനത്തെയും നാലാമെടംകൊണ്ടു വിചാരിക്കേണം

൭- പ്രജ്ഞാമേധാപ്രതിഭാവിവേകശക്തിഃ പുരാതനംപുണ്യം। മന്ത്രാമാത്യതനൂജാഃ പഞ്ചമതഃ സൈന്യമന്യമപി ചിന്ത്യം॥

അന്വയാർത്ഥം——പ്രജ്ഞയും മേധയും പ്രതിഭയും വിവേകശക്തിയും പുരാതനമായിരിക്കുന്ന പുണ്യവും മന്ത്രാമാത്യതനൂജന്മാരും പഞ്ചമംകൊണ്ടു ചിന്ത്യങ്ങളായി ഭവിക്കുന്നു. സൈന്യമന്യവും പഞ്ചമംകൊണ്ടു ചിന്ത്യമായി ഭവിക്കുന്നു.

സാ——പ്രജ്ഞാ, മേധാ, പ്രതിഭാ, വിവേകശക്തി, പൂർവ്വപുണ്യം, മന്ത്രം, മന്ത്രി, പുത്രൻ, മനോഗുണം ൟ ഒമ്പതുവസ്തുക്കളെയും അഞ്ചാമെടംകൊണ്ടു വിചാരിക്കേണം.

൮. തസ്കരാരാതിവിഘ്നാധിവ്യാധയശ്ച തൽക്ഷതിഃ। മരണം വാരിശസ്ത്രോത്ഥം ചിന്തനീയം ച ഷഷ്ഠതഃ॥

അന്വയാർത്ഥം—തസ്കരാരാതിവിഘ്നാധിവ്യാധികളും തൽക്ഷതിയും ഷഷ്ഠംകൊണ്ടു ചിന്തനീയങ്ങളായി ഭവിക്കുന്നു. വാരിശസ്ത്രഹേതുവായിട്ടുള്ള മരണവും ഷഷ്ഠംകൊണ്ടു ചിന്തനീയമായി ഭവിക്കുന്നു.

സാരം——കള്ളൻ, ശത്രു ഇവരെയും വിഘ്നത്തെയും ആധിവ്യാധികളെയും ദേഹവ്രണത്തെയും ശത്രുവിനാൽ പ്രയോഗിക്കപ്പെട്ട ആയുധം ഹേതുവായിട്ടുള്ള മരണത്തെയും ആറാമെടംകൊണ്ടു വിചാരിക്കേണം.

൯- വിവാഹമദനാലോകഭാര്യാഭർത്തൃസമാഗമാഃ। ശയ്യാസ്ത്രീസത്തമസ്ഥാനമൈഥുനാദ്യപി സപ്തമാൽ॥

അന്വയാർത്ഥം —— വിവാഹമദനാലോകഭാര്യാഭർത്തൃസമാഗമങ്ങളും ശയ്യാസ്ത്രീസത്തമസ്ഥാനമൈഥുനങ്ങളും സപ്തമത്തെ ആശ്രയിച്ചിട്ടു ചിന്തനീയങ്ങളായി ഭവിക്കുന്നു.

സാരം——വേളി, കാമം, ദൃഷ്ടി ഇതുകളെയും ഭാര്യാഭർത്താക്കന്മാരെയും ഗമനാഗമനത്തെയും ശയനസാധനത്തെയും സ്ത്രീഭവനത്തെയും നശിച്ചധനത്തെയും മൈഥുനത്തെയും ഏഴാമെടംകൊണ്ടു വിചാരിക്കേണം.

൰ സർവ്വപ്രണാശോവിപദൌ പാപൌഹേതുപ്രദേശൌ മരണസ്യാസാധി മാലികംവൈരശത്രാദ്യവിഘ്നാവിചന്തനീയാഃ

പുനരഷ്ടമെനി॥

അന്വയാൎത്ഥം——സൎവ്വപ്രണാശവും വിപത്തുകളും അപവാദങ്ങളും മരണത്തിന്റെ ഹേതുപ്രദേശങ്ങളും ദാസന്മാരും മറ്റാദികമായിരിക്കുന്ന വൈരവും ഗദങ്ങളും വിഘ്നങ്ങളും പിന്നെ അഷ്ടമംകൊണ്ടു വിചിന്തനീയങ്ങളായി ഭവിക്കുന്നു.

സാരം—— സൎവ്വനാശത്തെയും ആപത്തുകളെയും അപവാദത്തെയും മരണകാരണത്തെയും മരണപ്രദേശത്തെയും ഭൃത്യന്മാരെയും മറ്റും മുതലായഗ്രഹത്തെയും രോഗങ്ങളെയും വിഘ്നങ്ങളെയും എട്ടാമെടംകൊണ്ടുവിചാരിക്കേണം.

൧൧. ഭാഗ്യധൎമ്മദയാപുണ്യതപസ്സുതാത്മജാഃ ദാനോപാസനസൌശീല്യഗുരവൊനവമാദമീ॥

അന്വയാൎത്ഥം—— ഭാഗ്യധൎമ്മദയാപുണ്യതപസ്സുതാത്മജന്മാരും ദാനോപാസനസൌശീല്യഗുരുക്കളുമാകുന്ന ഈ പദാൎത്ഥങ്ങൾ നവമത്തെ ആശ്രയിച്ചിട്ടു ചിന്തനീയമായി ഭവിക്കുന്നു.

സാരം—— ഭാഗ്യം, ധൎമ്മം, ദയാ, പുണ്യം, തപസ്സു ഇതുകളെയും അച്ഛനെയും മകന്റെമകനെയും ദാനം, ഭജനം, സദാചാരം ഇതുകളെയും ഗുരുവിനെയും നവമംകൊണ്ടു വിചാരിക്കേണം.

൧൨. ദേവാലയനഗരസഭാമാൎഗ്ഗാലയദാസസൎവ്വകൎമ്മാണി॥ ആജ്ഞാലംബനമെതൽസൎവ്വംചിന്ത്യംഹിദശമെനി॥

അന്വയാൎത്ഥം—— ദേവാലയനഗരസഭാ മാൎഗ്ഗാലയദാസസൎവ്വകൎമ്മങ്ങളും ആജ്ഞയും ആലംബനവുമാകുന്നഇതു സൎവ്വമായിട്ടു ദശമംകൊണ്ടു ചിന്തനീയമാകുന്നു.

സാരം—— അംബലം, നഗരം, സഭാ, വഴിയമ്പലം ഇതുകളെയും ദാസനെയും സൎവ്വകൎമ്മത്തെയും ആജ്ഞയെയും ആശ്രയത്തെയും പത്താമെടംകൊണ്ടു വിചാരിക്കേണം.

൧൩. സൎവ്വഭീഷ്ടാഗമജ്യെഷ്ഠഭ്രാതാജാതാനിജാത്മജാഃ। വാമകൎണ്ണാൎത്ഥലാഭശ്ചചിന്ത്യാഹ്യേകാദശെനതു॥

അന്വയാൎത്ഥം—— സൎവ്വാഭീഷ്ടാഗമവും ജ്യെഷ്ഠഭ്രാതാവും ജാതന്മാരായിരിക്കുന്നനിജാത്മജന്മാരും വാമകൎണ്ണവും അൎത്ഥലാഭവും യാതൊന്നുകളൊ അതുകൾ ഏകാദശംകൊണ്ടു ചിന്ത്യങ്ങളായി ഭവിക്കുന്നു.

സാരം—— സകലമായ ഇഷ്ടവസ്തുലാഭത്തെയും ജ്യെഷ്ഠഭ്രാതാവിനെയും ഉണ്ടായപുത്രന്മാരെയും ഇടത്തെ ചെവിയെയും ധനലാഭത്തെയും പതിനൊന്നാം മെടംകൊണ്ടുവിചാരിക്കേണം.

൧൪. പാപംവ്യയശ്ചപതനംനിദ്രാംവാമമംബകം സ്ഥാനഭ്രം

ശം ചവൈകല്യം ഷോഡശേന വിചിന്തയേൽ ।

അന്വയാൎത്ഥം — പാപത്തെയും വ്യയത്തെയും പതനത്തെയും നിരയത്തെയും വാമമായിരിക്കുന്ന അംഗവൈകത്തെയും സ്ഥാനഭ്രംശത്തെയും വൈകല്യത്തെയും ഷോഡശാംശംകൊണ്ടു വിചിന്തിക്കേണം.

സാരം — പാപത്തെയും വ്യയത്തെയും വീഴ്ചയെയും അല്ലാ എങ്കിൽ ജാതിഭ്രംശത്തെയും നരകത്തെയും ഇടത്തെകണ്ണിനെയും സ്ഥാനഭ്രംശത്തെയും ഇന്ദ്രിയങ്ങൾക്കൊ ശരീരാവയവങ്ങൾക്കൊ ഉള്ള കുറവിനെയും പന്ത്രണ്ടാമെടംകൊണ്ടു വിചാരിക്കേണം.

൫൮- ചിന്ത്യം ചാക്രമണം ലഗ്നാച്ശയനംഹിപതുൎത്ഥതഃ । സപ്തമേനോപവേശശ്ച ചിന്ത്യോ ദശമതഃ സ്ഥിതിഃ ॥

അന്വയാൎത്ഥം — ലഗ്നത്തെ ആശ്രയിച്ചിട്ട ആക്രമണവും ചിന്ത്യമാകുന്നു. ചതുൎത്ഥത്തെ ആശ്രയിച്ചിട്ട ശയനവും ചിന്ത്യമാകുന്നു. സപ്തമംകൊണ്ട ഉപവേശവും ചിന്ത്യമാകുന്നു. ദശമത്തെ ആശ്രയിച്ചിട്ട സ്ഥിതിയും ചിന്ത്യമാകുന്നു.

സാരം — ലഗ്നംകൊണ്ടു നടപ്പിനെയും നാലാമെടംകൊണ്ടു കിടപ്പിനെയും ഏഴാമെടംകൊണ്ടു ഇരിപ്പിനെയും പത്താമെടംകൊണ്ടു നില്പിനെയും വിചാരിക്കേണം.

൫൯. ഹിബുകേനാധസ്സലിലം നദ്യാഃ ഗമനം തു സപ്തമേനൈവ। ദശമേന വൃഷ്ടിപതനം ബ്രൂയാദുദയേന തത്രീതയം ॥

അന്വയാൎത്ഥം — ഹിബുകംകൊണ്ടു അധസ്സലിലത്തെ പറയേണം. നദിയുടെ ഗമനത്തെ സപ്തമംകൊണ്ടു തന്നെ പറയേണം. ദശമംകൊണ്ടു വൃഷ്ടിപതനത്തെ പറയേണം ലഗ്നംകൊണ്ടു തത്രീതയത്തെയും പറയേണം.

സാരം — നാലാമെടംകൊണ്ടു കുളം മുതലായതുകളിലെ ജലത്തെ വിചാരിക്കേണം നദീപ്രവാഹത്തെ ഏഴാമെടംകൊണ്ടുതന്നെ വിചാരിക്കേണം പത്താമെടംകൊണ്ടു വൎഷത്തെ വിചാരിക്കേണം. ലഗ്നംകൊണ്ടു കുളം മുതലായതിലെ ജലത്തെയും നദീപ്രവാഹത്തെയും വൎഷത്തെയും വിചാരിക്കാം

൬൦. വിശേഷസ്സന്തി ഭാവാനാം ഭുക്തിപ്രശ്നേ ച ഭൂപതേഃ । തേ ചാവശ്യത്വവിലിഖ്യന്തേ ലഗ്നാദ്യാദ്വാദശക്രമാൽ ॥

അന്വയാൎത്ഥം — ഭുക്തിപ്രശ്നത്തിങ്കലും ഭൂപതിക്കും ഭാവങ്ങളുടെ വിശേഷങ്ങൾ ഭവിക്കുന്നു- ലഗ്നാദികളായിട്ടും പന്ത്രണ്ടായിട്ടും ഇരിക്കുന്ന അതുകളെയും ക്രമേണ ഇവിടെ ലെഖനം

ചെയ്യപ്പെടുന്നു.

സാരം — ഭോജനപ്രശ്നത്തിങ്കലും രാജപ്രശ്നത്തിങ്കലും ഭാവങ്ങൾക്കുവിശേഷങ്ങളുണ്ടു ലഗ്നംമുതലായപന്ത്രണ്ടു ഭാവങ്ങൾക്കും. അവിടെഉള്ളവിശേഷങ്ങളെ ഇനി ഇവിടെ ക്രമേണ പറയുന്നു.

ശ്ലൊ. മൂൎത്തിരമത്രംഭക്ഷ്യംഭോജ്യംഭോജയിതൃഭോപദംശഃ।
സെചനമന്നംസഹഭുക്പൂൎത്തികഥാശയനമപിവിലഗ്നാൽ॥

ഹൻ. മൂൎത്തിഃകോശൊയാനാദിനോവാഹനാനിമന്ത്രശ്ശത്രുൎമ്മാ
ൎഗ്ഗആയുൎമ്മനശ്ച। വ്യാപാരശ്ചപ്രാപ്തിരപ്രാപ്തിരെവംലഗ്നാൽ
ഭാവാഭൂമിഭൎത്തുൎവ്വിചിന്ത്യാഃ॥ ഇതി॥

അന്വയാൎത്ഥം — വിലഗ്നത്തിങ്കൽ നിന്നുതുടങ്ങി മൂൎത്തിയും അമത്രവും ഭക്ഷ്യവും ഭോജ്യവും ഭോജയിതൃഭാവവും ഉപദംശവും സെചനവും അന്നവും സഹഭുക്കും പൂൎത്തികഥാശയനവും ചിന്ത്യമായി ഭവിക്കുന്നു. വിലഗ്നത്തിങ്കൽ നിന്നു തുടങ്ങി മൂൎത്തിയുംകോശവും യാനാദികളുംവാഹനങ്ങളുംമന്ത്രവുംശത്രുവും മാൎഗ്ഗവും ആയുസ്സും മനസ്സും വ്യാപാരവും പ്രാപ്തിയും അപ്രാപ്തിയും ഇങ്ങിനെ ഭാവങ്ങൾ ഭൂമിഭൎത്താവിന്നു വിചിന്ത്യങ്ങളായി ഭവിക്കുന്നു.

സാരം — ഭോജനപ്രശ്നത്തിങ്കൽ ലഗ്നംകൊണ്ടു ഭോക്താവിന്റെ ദെഹത്തെയും രണ്ടാമെടംകൊണ്ടു പാത്രത്തെയും മൂന്നാമെടംകൊണ്ടു അപ്പംമുതലായ ഭക്ഷ്യദ്രവ്യങ്ങളെയും നാലാമെടംകൊണ്ടു കദളിഫലസലിലാദി ഭോജ്യദ്രവ്യങ്ങളെയും അഞ്ചാമെടംകൊണ്ടു വിളമ്പുന്നവന്റെ മനസ്സിനെയും ആറാമെടംകൊണ്ടു കറിയെയും ഏഴാമെടംകൊണ്ടു മോരമുതലായ സെചന ദ്രവ്യങ്ങളെയും എട്ടാമെടംകൊണ്ടു അന്നത്തെയും ഒമ്പതാമെടംകൊണ്ടു ഒരുമിച്ചുണ്ണുവനെയും പത്താമെടംകൊണ്ടു ഉദരപൂരണത്തെയും പതിനൊന്നാമെടംകൊണ്ടു ഭോജനമദ്ധ്യത്തിങ്കൽ ഉണ്ടായസല്ലാപത്തെയും പന്ത്രണ്ടാമെടംകൊണ്ടു ശയനത്തെയും വിചാരിക്കേണം.

രാജപ്രശ്നത്തിങ്കൽ ലഗ്നംകൊണ്ടു രാജശരീരത്തെയും രണ്ടാമെടംകൊണ്ടു ഭണ്ഡാരത്തെയും മൂന്നാമെടംകൊണ്ടു പടക്കോപ്പുകളെയും നാലാമെടംകൊണ്ടു വാഹനങ്ങളെയും അഞ്ചാമെടംകൊണ്ടു മന്ത്രത്തെയും ആറാമെടംകൊണ്ടു ശത്രുവിനെയും ഏഴാമെടംകൊണ്ടു മാൎഗ്ഗത്തെയും എട്ടാമെടംകൊണ്ടു ആയുസ്സിനെയും ഒമ്പതാമെടംകൊണ്ടു മനസ്സിനെയും പത്താമെടംകൊണ്ടു വ്യാപാരത്തെ

യും പതിനൊന്നാമെടം കൊണ്ട പ്രാപ്തിയെയും പന്ത്രണ്ടാമെടം കൊണ്ട അപ്രാപ്തിയെയും ചിന്തിക്കേണം.

൨൦- ബാഹ്യാഭ്യന്തരഭേദേന ദ്വിവിധാ ഭാവാസ്സമീരിതാ ഹ്യത്ര ।
ബാഹ്യാസ്ഖലു തന്വാദ്യാ ജ്ഞേയാഃ പുനരാന്തരാസ്തു കല്യാദ്യാഃ ॥

അന്വയാർത്ഥം —— ഈ ഭാവങ്ങൾ ബാഹ്യാഭ്യന്തരഭേദം ഹേതുവായിട്ട ദ്വിവിധങ്ങളായിട്ട സമീരിതങ്ങളായി ഭവിക്കുന്നു. ബാഹ്യങ്ങളായിരിക്കുന്ന ഭാവങ്ങൾ തന്വാദ്യങ്ങളാകുന്നു. കല്യാദ്യങ്ങളായിരിക്കുന്ന ഭാവങ്ങളാകട്ടെ ആന്തരങ്ങൾ എന്നു വിജ്ഞേയങ്ങളായി ഭവിക്കുന്നു.

സാരം —— ഭാവങ്ങൾ പുറത്തുള്ളവയും അകത്തുള്ളവയും ഇങ്ങിനെ രണ്ടുപ്രകാരം ഭവിക്കുന്നു. അതുകൊണ്ട ഇതുകളെ ബാഹ്യഭാവങ്ങളെന്നും ആന്തരഭാവങ്ങളെന്നും രണ്ടുവകയായി ഗ്രഹിക്കേണം. ശരീരകുഡുംബാദികൾ ബാഹ്യഭാവങ്ങളാകുന്നു. കല്യാദികൾ ആന്തരഭാവങ്ങളാകുന്നു.

൨൧- യദ്യല്ലഗ്നാദിഭിശ്ചിന്ത്യം തത്തത്സ്വാമിസമാഗമേ । ആഭ്യന്തരം ഭവേത്സർവ്വം വിജ്ഞേയം ബാഹ്യമന്യഥാ ॥

അന്വയാർത്ഥം —— യാതൊന്ന യാതൊന്ന ലഗ്നാദികൾകൊണ്ട ചിന്ത്യമായി ഭവിക്കുന്നുവോ അത സർവ്വമായിട്ട തത്സ്വാമിസമാഗമം സത്തായിരിക്കും വിഷയത്തിങ്കൽ ആഭ്യന്തരമായി ഭവിക്കും. മറിച്ചായാൽ ബാഹ്യമെന്നു വിജ്ഞേയമായി ഭവിക്കുന്നു.

സാരം —— ലഗ്നാദിഭാവങ്ങൾക്ക തന്റെ തന്റെ അധിപനോട യോഗമുണ്ടായിരുന്നാൽ അതുകൾകൊണ്ട ആന്തരഭാവങ്ങളെ വിചാരിക്കേണം. അവരോട യോഗമില്ലാ എങ്കിൽ ബാഹ്യഭാവങ്ങളെ വിചാരിച്ചുകൊൾക. ആന്തരഭാവങ്ങൾ കല്യസ്വപ്ന । ക്രമഗ്രഹപ്രതിഭാക്ഷതാന്നി എന്ന ഹോരാശ്ലോകംകൊണ്ട പറകപ്പെട്ട സ്വപ്നസ്ഥമുതലായതാകുന്നു. ബാഹ്യഭാവങ്ങൾ ഹോരാദ്യസ്വജനകുഡുംബഭ്രാത്രാദി ഹോരാശ്ലോകം കൊണ്ട പറകപ്പെട്ട തന്വാദികളാകുന്നു. അതുകളെ ഹോരയിൽ നോക്കി പ്രത്യേകമായറിഞ്ഞുകൊൾക.

൨൨- മൂർദ്ധാസ്യഗളസ്കന്ധാ ഹൃദയോദരവസ്തിഗുഹ്യാനി । ഊരുജാനുജംഘാപാദൌ ഭാവാഃ ക്രമാദ്വിലഗ്നാദ്യാഃ ॥

അന്വയാർത്ഥം —— വിലഗ്നാദ്യങ്ങളായിരിക്കുന്ന ഭാവങ്ങൾ ക്രമേണ മൂർദ്ധാസ്യഗളസ്കന്ധങ്ങളായിട്ടും ഹൃദയോദരവസ്തിഗുഹ്യങ്ങളായിട്ടും ഊരുക്കളായിട്ടും ജാനുക്കളായിട്ടും ജംഘകളായിട്ടും പാ

ങ്ങളുമായിട്ടും ഭവിക്കുന്നു-

സാരം—— ലഗ്നം മുതൽപന്ത്രണ്ടാമെടംവരെ ഉള്ള ഭാവങ്ങൾ ക്രമെണ മൂൎദ്ധാവ, മുഖം, കഴുത്ത, ചുമല, ഹൃദയം, വയർ, വസ്തി, ഗുഹ്യം, തുടകൾ, മുട്ടുകൾ, കണങ്കാലുകൾ, അടികൾ, ഇങ്ങിനെയുള്ള അംഗങ്ങളാകുന്നു-

൨൨- അംഗാനാംഹ്രസ്വദീൎഘത്വംലഗ്നാദ്യാശ്രിതരാശിഭിഃവാച്യം। തൽകഥനെപ്രായശൊപ്യെതദുപയുജ്യതെ ॥

അന്വയാൎത്ഥം—— അംഗങ്ങളുടെ ഹ്രസ്വദീൎഘത്വം ലഗ്നാദ്യാശ്രിതരാശികൾ കൊണ്ട വാച്യമാകുന്നു- ഇതുതൽകഥനത്തിങ്കൽ തന്നെ മിക്കതും ഉപയൊജിക്കുന്നു-

സാരം—— അംഗങ്ങളുടെ ഹ്രസ്വത്വവും ദീൎഘവും ലഗ്നംമുതലായ അംഗാശ്രിതരാശികൾകൊണ്ട പറകപ്പെടുവാൻ യൊഗ്യമാകുന്നു- അതുകളെ പറവാൻ തന്നെ മെൽപറഞ്ഞ അംഗകല്പനമിക്കതും ഉപകരിക്കുന്നതാകുന്നു.

൨൩. ലഗ്നരാശിസ്സ്വയംപ്രഷ്ടാതത്സംബന്ധിധനാദയഃ। ദ്വിതീയാദ്യന്യഭാവാസ്യുൎപുഷ്ടിഹാനീശുഭാശുഭൈഃ ॥

അന്വയാൎത്ഥം—— ലഗ്നരാശി താനെതന്നെ പ്രഷ്ടാവായി ഭവിക്കുന്നു- ദ്വിതീയാദ്യന്യഭാവങ്ങൾ തൽസംബന്ധിധനാദികളായി ഭവിക്കുന്നു- ശുഭാശുഭന്മാർ ഹെതുവായിട്ട തൽപുഷ്ടിഹാനികൾ ഭവിക്കുന്നു-

സാരം—— ലഗ്നരാശിയെ പൃഛകനെന്നും രണ്ടാമെടം മുതലായതുകളെ പൃഛകന്റെ ധനാദികളെന്നും കല്പിച്ചിട്ട ലഗ്നാദിരാശികളുടെ ശുഭാശുഭസംബന്ധങ്ങൾകൊണ്ട പൃഛകാദികളുടെ പുഷ്ടിയെയും ഹാനിയെയും പറഞ്ഞുകൊൾക.

(വാ) അത്രഷൾപഞ്ചാശികാ ।

ഇവിടെ ഷൾപഞ്ചാശികാ എന്നൊരുശാസ്ത്രമുണ്ട എന്ന മെൽഎഴുതിയ വാക്യത്തിന്റെ അൎത്ഥമാകുന്നു.

൨൪- യൊയൊഭാവസ്സ്വാമിദൃഷ്ടൊയുതൊവാസൌമ്യൈൎവ്വാസ്യാത്തസ്യതസ്യാഭിവൃദ്ധിഃ। പാപൈരെവംതസ്യഭാവസ്യഹാനിൎന്നിൎദ്ദിഷ്ടാപൃഛതാംജന്മതൊവാ ॥ ഇതി ॥

അന്വയാൎത്ഥം—— യാതൊരു യാതൊരുഭാവം സ്വാമിദൃഷ്ടമായിട്ടൊ യുതമായിട്ടൊ സൌമ്യന്മാരാൽ ദൃഷ്ടമായിട്ടൊ സൌമ്യന്മാരാൽ യുതമായിട്ടൊ ഭവിക്കുന്നുവൊ അതിന്ന അതിന്ന അഭിവൃദ്ധി ഭവിക്കും- ഇപ്രകാരം യാതൊരുഭാവം പാപന്മാരാൽ ദൃഷ്ടമായിട്ടൊ പാപന്മാരൊട യുതമായിട്ടൊ ഭവിക്കുന്നുവൊ അതു

ഭാവത്തിന്ന ഹാനിപ്രശ്നംകൊണ്ടും ജന്മംകൊണ്ടും നിർദ്ദേഷ്ടവ്യയായി ഭവിക്കുന്നു-

സാരം—— അതാത ഭാവത്തിന്ന ഭാവാധിപദൃഷ്ടിയൊ ഭാവാധിപയോഗമൊ ശുഭദൃഷ്ടിയൊ ശുഭയോഗമൊ ഉണ്ടായിരുന്നാൽ അതിന്ന അഭിവൃദ്ധിയെ പറയെണം- പാപദൃഷ്ടിയൊ പാപയൊഗമൊ ഉണ്ടായിരുന്നാൽ നാശത്തെ പറയെണം- പ്രശ്നത്തിന്നും ജാതകത്തിന്നും ഇതു സാധാരണമാകുന്നു-

(വാ) അത്ഥ്യാസപ്തിശ്ച॥

അത്ഥ്യാസപ്തിയുമുണ്ട എന്ന മെൽഎഴുതിയ വാക്യത്തിന്റെ അർത്ഥമാകുന്നു-

൨൭- യൊയൊഭാവഃപ്രഭുണാദൃഷ്ടോയുക്തൊഥവാപ്രശ്നേ । ഗുരുബുധശുക്രൈരെവംവക്തവ്യംതസ്യതസ്യശുഭം॥

അന്വയാർത്ഥം—— പ്രശ്നത്തിങ്കൽ യാതൊരു യാതൊരു ഭാവം പ്രഭുവിനാൽ ദൃഷ്ടമായിട്ടൊ പ്രഭുവിനൊട യുതമായിട്ടൊ ഭവിക്കുന്നുവൊ അതിന്ന അതിന്ന ശുഭം വക്തവ്യമാകുന്നു- ഇപ്രകാരം ഗുരുബുധശുക്രന്മാരെക്കൊണ്ടും വക്തവ്യമാകുന്നു-

സാരം—— സ്വാമിയുടെയൊ ബുധഗുരുശുക്രന്മാരുടെയൊ ദൃഷ്ടിയോഗങ്ങൾ ഭാവപുഷ്ടിയെ ഉണ്ടാക്കുന്നതുകളാകുന്നു-

൨൮- യസ്മിൻയസ്മിൻഭാവെ ദ്വിപാദശസ്വപൂർണ്ണസ്ഥിതാസ്സൌമ്യാഃ । തസ്മിംസ്തസ്മിൻവൃദ്ധിർദ്ദശമചതുർത്ഥസ്ഥിതൈസ്സകലൈഃ॥ ഇതി ॥

അന്വയാർത്ഥം—— യാതൊരു യാതൊരു ഭാവത്തിങ്കൽ ദ്വിപാദശസ്വപൂർണ്ണസ്ഥിതന്മാരായിട്ട സൌമ്യന്മാർ ഭവിക്കുമൊ അതിങ്കൽ അതിങ്കൽ വൃദ്ധി വാച്യയാകുന്നു- അപ്രകാരം ദശമചതുർത്ഥസ്ഥിതന്മാരായിരിക്കുന്ന സൌമ്യന്മാരെക്കൊണ്ടും വൃദ്ധി വാച്യയായി ഭവിക്കുന്നു-

സാരം—— യാതൊരുഭാവത്തിന്ന ഇരുപുറങ്ങളിലും നാലാമെടത്തും ഏഴാമെടത്തും പത്താമെടത്തും ശുഭന്മാർനില്ക്കുന്നുവൊ അതിന്ന പുഷ്ടിയെ പറയെണം- യസ്മിൻ യസ്മിൻഭാവെ എന്ന സപ്തതിക്കശതി അന്വെഷണയൊഗ്യമാകുന്നു-

൨൯- ഷഷ്ഠാഷ്ടമരിഃഫെശാഭാവപരിപവസ്തുഭാശ്ചഭാവഹനാഃ । ഭാവതദീശപരകാരകദുർബ്ബലതാചാസ്തിചെത്തഥാപൂർവ്വവചഃ ।

അന്വയാർത്ഥം—— ഷഷ്ഠാഷ്ടമരിഃഫെശന്മാരായിട്ടും ഭാവപരിപക്കളായിട്ടും ഇരിക്കുന്ന ശുഭന്മാരും ഭാവതദീശപരകാരകദുർബ്ബലതകൂടെ ഭവിക്കുന്നുഎങ്കിൽ ഭാവഹാനികളായി ഭവിക്കും അപ്ര

കാരം അപൂവചസ്സുഭവിക്കുന്നു-

സാരം— ആറാം ഭാവത്തിന്റെയൊ അഷ്ടമത്തിന്റെയൊ പന്ത്രണ്ടാം ഭാവത്തിന്റെയൊ ആധിപത്യമുള്ള ഗ്രഹം ശുഭനായിരുന്നാലും യോഗദൃഷ്ടികൾകൊണ്ടു തനിക്ക ആധിപത്യമില്ലാത്ത ഭാവത്തെ നശിപ്പിക്കും ഭാവത്തിന്നും ഭാവാധിപന്നും ഭാവകാരകഗ്രഹത്തിന്നും ബലഹാനികൂടെ ഉണ്ടായിരിക്കേണം അതില്ലാ എങ്കിൽ നശിപ്പിക്കയില്ല- അങ്ങിനെ അപൂവചനം ഉണ്ടു-

വ്യ ഷഷ്ഠം ചാഷ്ടമഞ്ചമുന്നയൊ ഭാവാനനിഷ്ടാൻവിദു
സ്സൂന്നാഥാന്നപിവീക്ഷിതാ യദധിപായെവാ ചഭാവാസ്സ്വയം। ത
ത്രസ്ഥാശ്ച ഖഗീശ്വരാസ്സൂയജ്ഞമൈനശ്യന്തിഭാവാസ്തണാം ജാതാ
വാവിഫലാവിനഷ്ടവികലാസ്സൂത്രാതികഷ്ടാഷ്ടമഃ॥

അന്വയാൎത്ഥം —മുനികൾ ഷഷ്ഠവും ദ്വാദശവും അഷ്ടമവുമാകുന്ന ഭാവങ്ങളെ അനിഷ്ടങ്ങളെന്ന അറിയുന്നു- തന്നാഥാന്നപിതവീക്ഷിതന്മാരായിട്ട യദധിപന്മാർ ഭവിക്കുന്നുവൊ അതും തന്നാഥാന്നപിതവീക്ഷിതങ്ങളായിട്ട യാവചില ഭാവങ്ങൾതാനെ തന്നെ ഭവിക്കുന്നുവൊ അതുകളും തത്രസ്ഥന്മാരായിട്ട യദീശന്മാർ ഭവിക്കുന്നുവൊ അതുകളുമാകുന്ന ഒരു മൂന്നുഭാവങ്ങൾനശിക്കുന്നു- ജാതങ്ങളായാൽ വിഫലങ്ങളായിട്ടൊ വിനഷ്ടവികലങ്ങളായിട്ടൊ ഭവിക്കുന്നു- അതുകളിൽ വെച്ചു അഷ്ടമം അതികഷ്ടമായി ഭവിക്കുന്നു

സാരം—ആറാമെടവും എട്ടാമെടവും പന്ത്രണ്ടാമെടവും അനിഷ്ടഭാവങ്ങളാകുന്നു- അനിഷ്ടഭാവങ്ങളുടെ അധിപന്മാരൊട ഭാവാധിപന്മാൎക്കൊ ഭാവങ്ങൾക്കൊ യൊഗമൊ ഭാവഭാവാധിപന്മാൎക്ക അവരുടെ ദൃഷ്ടിയൊ ഭാവാധിപന്മാൎക്ക അനിഷ്ടഭാവസ്ഥിതിയൊ ഉണ്ടായാൽ ഭാവങ്ങൾനശിക്കും- ഉണ്ടാകതന്നെയില്ല- ഉണ്ടായാലും അനുഭവമില്ലാത്തതുകളായിട്ടൊ നശിച്ചതുകളായിട്ടൊ അല്പങ്ങളായിട്ടൊ ഭവിക്കും- അനിഷ്ടഭാവങ്ങളിൽവെച്ചു അഷ്ടമം അതികഷ്ടമാകുന്നു-

ലഗ്നം ഭാവാധീശൌ ചഷ്ടഃ വെസതിബലരഹിതെ ചഗ്രഹെ [illegible]
[illegible] കാരകാഖ്യെ പാപാന്തസ്ഥെ ച പാപൈപരരിളിരപിസമെതെ
ക്ഷിതെനാന്യൈൎന്നെടെഃ। പാപൈസ്സ്വൽബന്ധുമിത്രവ്യയഭവനഗ
തൈസ്സൂത്രികൊണെ സ്ഥിതൈൎവ്വാ വാച്യാഭാവസ്യഹാനിസ്ഫുടമി
ഹഭവതിചിത്രസംവാദതോബാൽ॥ ഇതി॥

അന്വയാൎത്ഥം — ഭാവവും ഭാവാധീശനും കാരകാഖ്യഗ്രഹ

ങ്ങൾക്കും ദാസഭൃത്യാദികൾക്കും കാരകൻ ശനിയാകുന്നു-

൩൫. ആത്മാദയൊഗഗനഗൈൎബ്ബലിഭിൎബ്ബലവത്തരാഃ । ദുൎബ്ബലൈൎദ്ദുൎബ്ബലാജ്ഞേയാവിപരീതംശനെസ്മൃതം ॥

അന്വയാൎത്ഥം— ബലികളായിരിക്കുന്ന ഗഗനഗന്മാർഹേതുവായിട്ട ആത്മാദികൾ ബലത്തരങ്ങളായിട്ട ജ്ഞേയങ്ങളായി ഭവിക്കുന്നു- ദുൎബ്ബലന്മാരായിരിക്കുന്ന ഗഗനഗന്മാർ ഹേതുവായിട്ട ദുൎബ്ബലങ്ങളായിട്ട ജ്ഞേയങ്ങളായി ഭവിക്കുന്നു- ശനിക്ക ഇതു വിപരീതമായിട്ട സ്മൃതമായി ഭവിക്കുന്നു-

സാരം—— കാരക ഗ്രഹങ്ങൾ ബലവാന്മാരായിരുന്നാൽ അവൎക്കുകാൎയ്യങ്ങളായ ഭാവങ്ങൾ പ്രബലങ്ങളായിരിക്കും ബലഹീനന്മാരാകിൽ ബലഹീനങ്ങളായിരിക്കും ശനിക്ക വിപരീതമാകുന്നു- ശനി ബലവാനാകുന്നു എങ്കിൽ മരണ രോഗദുഃഖാദികൾ ബലഹീനങ്ങളായിരിക്കും ശനിദുൎബ്ബലനായിരുന്നാൽ പ്രബലങ്ങളായിരിക്കുമെന്നറിക

൩൬. അൎക്കാംശസ്യൌഷ്ണ്യംസംതാപശ്ചാമൃദിതസൎവ്വവസ്തുനാം കാരകതാൎക്കാദീനാംവിജ്ഞേയാപൊഷണൈതഗ്രഹനനെ ॥

൩൭. ഭാഗ്യാദ്യഭീഷ്ടഭാവെശൊപ്യശുഭൊഭാവപുഷ്ടിദഃസ്യാൽ । ലഗ്നാൽപുത്രേതിപദ്യേതദ്വരാഹമിഹിരൊദിതം ॥

അന്വയാൎത്ഥം—— ഭാഗ്യാദ്യഭീഷ്ടഭാവേശൻ അശുഭനാകുന്നു എങ്കിലും ഭാവപുഷ്ടികൃത്തായി ഭവിക്കുന്നു- ലഗ്നാൽ പുത്ര എന്ന പദ്യത്തിങ്കൽ അത വരാഹമിഹിരോദിതമായി ഭവിക്കുന്നു-

സാരം—— ഭാഗ്യാദികളായിരിക്കുന്ന അഭീഷ്ടഭാവങ്ങളുടെ അധിപന്മാർ പാപന്മാരായിരുന്നാലും യോഗദൃഷ്ട്യാദികൾ കൊണ്ടു ഭാവപുഷ്ടിയെ ഉണ്ടാക്കും- ഭാവാധിപനല്ലാതെ ഉള്ള പാപന്റെ യോഗദൃഷ്ട്യാദികൾ ഭാവഹാനിക്ക കാരണങ്ങളായിരുന്നാലും, ഭാവാധിപനായിരിക്കുന്ന പാപന്റെ യോഗദൃഷ്ട്യാദികൾ നല്ലതുകൾതന്നെ-

മേൽ പറഞ്ഞ സിദ്ധാന്തത്തെ വരാഹമിഹിരാചാൎയ്യൻ ലഗ്നാൽ പുത്രകളത്രഭെ ശുഭപതി പ്രാപ്തൊഥവാലൊകിതെ എന്നുള്ള ഹോരാ ശ്ലോകത്തിലെ പതിശബ്ദം കൊണ്ടു ബോധിപ്പിച്ചിരിക്കുന്നു-

൩൮. ശുഭമാനാംപ്രാബല്യംശുഭപൌഷ്കല്യംപുനസ്സമൊക്തം । വൈബല്യമൊഷ്ഠാണാംപൌഷ്കല്യംഭവേതിരംഭാജിയുക്തഃ ॥

അന്വയാൎത്ഥം——ശുഭന്മാൎക്ക പ്രാബല്യം നന്നായിരിക്കും

വിഷയത്തിങ്കൽ ശുഭപൌഷ്കല്യം വാച്യമായി ഭവിക്കുന്നു. പിന്നെ ദോഷകൃത്തുക്കളുടെ വൈബല്യസത്തായിരിക്കും വിഷയത്തിങ്കൽ തന്നെ ദോഷങ്ങളുടെ പൌഷ്കല്യം വാച്യമായി ഭവിക്കുന്നു. അഭിയുക്തൻ അവനെന്നപൊലെ ഭവിക്കുന്നു.

സാ—ഇഷ്ടഫലത്തെ കൊടുക്കുന്നവർ ബലവാന്മാരായിരുന്നാൽ അവരിൽനിന്നുവരുന്ന ഫലങ്ങൾക്കു തികവിനെ പറയേണം. അനിഷ്ടഫലത്തെ കൊടുക്കുന്നവർ ബലമില്ലാത്തവരായാൽ അവരിൽനിന്നു വരുന്ന ഫലങ്ങൾക്കു തികവിനെ പറയേണം. അഭിയോജിച്ചഗ്രഹം യാതൊരുഗ്രഹത്തൊട അഭിയോജിച്ചുവൊ ആ ഗ്രഹമെന്നപൊലെ ആകുന്നു. ശുഭനാകിൽ തനിക്കും ശുഭത്വമുണ്ടാകും. പാപനാകിൽ തനിക്കും പാപത്വമുണ്ടാകുമെന്നറിക.

൩൫. പഞ്ചമസംസ്ഥഃ പാപഃ പുത്രവിനാശംകരൊതിബലഹീനഃ। സൌമ്യസ്സുതംവിധത്തെബലസഹിതശ്ചാഷ്ടമാധിപംഹിത്വാ॥ ഇതി.

അന്വയാൎത്ഥം—പഞ്ചമസംസ്ഥനായി ബലഹീനനായിരിക്കുന്ന പാപൻ പുത്രവിനാശത്തെ ഉണ്ടാക്കുന്നു. പഞ്ചമസംസ്ഥനായി ബലസഹിതനായിരിക്കുന്ന സൌമ്യൻ അഷ്ടമാധിപനെ ഒഴിച്ചിട്ടു സുതനെ ഉണ്ടാക്കുകയുംചെയ്യുന്നു.

സാരം—ബലഹീനനായ പാപൻ അഞ്ചാമെടത്തു നിന്നാൽ പുത്രനാശത്തെ ഉണ്ടാക്കും. അവിടെ അഷ്ടമാധിപനെ ഒഴിച്ചുമറ്റുള്ളശുഭൻബലവാനായിട്ടുനിന്നാൽ പുത്രനെ ജനിപ്പിക്കും.

൩൬. യെനഗ്രഹെണയൽപ്രൊക്തമശുഭംവാശുഭംഫലം। ബലീചെൽസശുഭംപൂൎണ്ണമശുഭംദുൎബ്ബലൊയദി॥ ഇതി.

അന്വയാൎത്ഥം—യാതൊരുഗ്രഹത്തെക്കൊണ്ടു യാതൊരു അശുഭമായിരിക്കുന്ന ഫലവും യാതൊരു ശുഭമായിരിക്കുന്ന ഫലവും പ്രൊക്തമായി ഭവിക്കുന്നുവൊ അവൻ ബലിയാകുന്നുഎങ്കിൽ അശുഭമായിരിക്കുന്ന ഫലത്തെ പൂൎണ്ണമാക്കിചെയ്യും. ദുൎബ്ബലനാകുന്നുഎങ്കിൽ ആ അശുഭമായിരിക്കുന്ന ഫലത്തെ പൂൎണ്ണമാക്കിചെയ്യും.

സാരം—ഒരു ഗ്രഹത്തിന്നുതന്നെ ശുഭമായിട്ടും അശുഭമായിട്ടും ഫലം പറകപ്പെട്ടതായിരുന്നാൽ ആ ഗ്രഹം ബലവാനായിരിക്കുമ്പൊൾ ശുഭമായഫലത്തെത്തന്നെ പൂൎണ്ണമാക്കിചെയ്യുമെന്നും ബലഹീനനായിരിക്കുമ്പൊൾ അശുഭഫലത്തെത്തന്നെ പൂൎണ്ണമാക്കിചെയ്യുമെന്നും ഗ്രഹിച്ചുകൊൾക.

രന്നും ബലികളായിട്ടും ഇഷ്ടഭാവസ്ഥിതന്മാരായിട്ടും ഭവിക്കുമൊന്നുകളുടെ ആ ഭാവം സംപൂൎണ്ണമായിട്ടും അനുഭവക്ഷമമായിട്ടും നിയതമാകുംവണ്ണം ഭവിക്കും. യൽകാരകാധീശപരന്മാർ രിഃഫാരാരി മൃതിസ്ഥിതന്മാരായിട്ടും വിബലന്മാരായിട്ടും ഭവിക്കുമൊളും ഭാവം സംഭവിക്കുക പൊലും ഇല്ല ഇതിന്റെ അനുഭവത്തിങ്കൽ ഉള്ള കഥാ എന്താകുന്നു.

സാരം—— ഭാവാധിപനും ഭാവകാരകനും ഇഷ്ടസ്ഥിതിയും ബലവുമുണ്ടായാൽ ഭാവത്തിന്നു പൂൎണ്ണതയും അതിന്റെ അനുഭവവും ഉണ്ടാകും. ഭാവാധിപകാരകന്മാർ ബലത്തൊടു കൂടാത്തവരായി ആറാമെടത്തും എട്ടാമെടത്തും പന്ത്രണ്ടാമെടത്തും നിന്നാൽ ഭാവത്തിന്റെ സംഭവം പൊലുമുണ്ടാകയില്ല. ഈ അവസ്ഥയിരിക്കുംപൊൾ അനുഭവത്തിന്റെ കഥ എന്താകുന്നു.

൩൯. സ്വൊച്ചാദിഷുഗ്രഹെഷു കാരകപതീരന്ധ്രാദ്യനിഷ്ട
സ്ഥിതെഷ്വയൽഭാവസ്യസ സംഭവെദവികലൊനാസ്യാനുഭൂതിർ
ന്നൃണാം। നീചാദ്യാശ്രയതൊബലെഷ്വശുഭതരെലാഭാദിഭാവെസ്ഥി
തെഷ്വ യൽഭാവാധിപകാരകെഷ്വസവികലൊപ്യസ്യാനു ഭൂതിൎഭ
വെൽ ॥

അന്വയാൎത്ഥം — യൽഭാവത്തിന്റെ കാരകപതികൾ സ്വൊച്ചാദിഷു ഗ്രഹങ്ങളിൽ രന്ധ്രാദ്യനിഷ്ടസ്ഥിതന്മാരായി ഭവിക്കുമൊ അത അവികലമായിട്ടു സംഭവിക്കും നൃക്കൾക്ക ഇതിന്റെ അനുഭവം ഭവിക്കില്ല. യൽഭാവാധിപ കാരകന്മാർ നീചാദ്യാശ്രയം ഹെതുവായിട്ടു അബലന്മാരായിട്ടും ശുഭതരമായിരിക്കുന്ന ലാഭാദി ഭാവത്തിങ്കൽ സ്ഥിതന്മാരായിട്ടു, ഭവിക്കുമൊ അതുവികലമായിരിക്കുമെങ്കിലും ഇതിന്റെ അനുഭൂതി ഭവിക്കും.

സാരം——ഭാവാധിപനും ഭാവകാരകനും അനിഷ്ടസ്ഥാനത്തിങ്കൽ നിന്നതു തന്റെ തന്റെ ഉച്ചം മുതലായ ഇഷ്ടരാശികളിലാകുന്നു എങ്കിൽ ഭാവം സംപൂൎണ്ണമായി ഭവിക്കും എങ്കിലും അനുഭവമുണ്ടാകയില്ല. ഭാവാധിപഭാവകാരകന്മാർ നീചം മുതലായരാശികളെ ആശ്രയിക്കുകയാൽ ബലഹീനന്മാരായിട്ടു പതിനൊന്നാമെടം മുതലായ അത്യന്ത ശുഭസ്ഥാനത്തിങ്കൽനിന്നാൽ ഭാവത്തിന്നു പൂൎണ്ണത ഭവിക്കില്ലാ എങ്കിലും ആ ഭാവത്തിന്റെ അനുഭവമുണ്ടാകും.

൪൦. നാഥകാരകയൊരെകൊബലവാനിഷ്ടഭാവഗഃഅന്യൊഥെ
തിമിശ്രതെപ്യുക്തരീത്യൊഹ്യതാംഫലം ॥

അന്വയാൎത്ഥം —— നാഥകാരകന്മാരിൽ വെച്ചു എകൻ ബല

യോഗം കേന്ദ്രസ്ഥിതി ഇത്യാദിയെത്രെ സംബന്ധമാകുന്നതു-

(വാ) ഗ്രഹാണാമിഷ്ടാനിഷ്ടഭാവാശ്ചോച്യന്തെ ॥

അന്വയാൎത്ഥം—— ഗ്രഹങ്ങളുടെ ഇഷ്ടാനിഷ്ട ഭാവങ്ങളും വചിക്കപ്പെടുന്നു-

സാരം—— ഇനി ഗ്രഹങ്ങളുടെ ഇഷ്ടസ്ഥാനങ്ങളെയുംഅനിഷ്ട സ്ഥാനങ്ങളെയും പറയുന്നു-

൬൩. സൌമ്യാനാംവ്യയശത്രുമൃത്യുസഹജാനെഷ്ടാഅഭീഷ്ടാഃ പരെപാപാനാമപിമാതിസോദരഭവാഇഷ്ടാഅനിഷ്ടാഃപരെ । ഭാവെഷ്വെഷുഹിമുഖ്യരാശു വപുഷോധൎമ്മാത്മജൌതൽസമൌതെഷുത്രിഷ്വധികംശുഭാശുഭഫലംവിദ്യാൽസതാഞ്ചാസതാം ॥

അന്വയാൎത്ഥം—— സൌമ്യന്മാൎക്കു വ്യയശത്രു മൃത്യുസഹജങ്ങളും ഇഷ്ടങ്ങളായി ഭവിക്കുന്നില്ല പരങ്ങൾ അഭീഷ്ടങ്ങളായി ഭവിക്കുന്നു- പാപന്മാൎക്കു അപിമാതി സോദരഭവങ്ങൾ ഇഷ്ടങ്ങളായി ഭവിക്കുന്നു- പരങ്ങൾ അനിഷ്ടങ്ങളായി ഭവിക്കുന്നു- ഏഷു ഭാവങ്ങളിൽ വെച്ചു വപുസ്സിന്നു മുഖ്യതാഭവിക്കുന്നു- ധൎമ്മാത്മജങ്ങൾ തത്സമങ്ങളായി ഭവിക്കുന്നു- ആമൂന്നുകളിൽ സാധുക്കളുടെയുംഅസത്തുകളുടെയും ശുഭാ ശുഭ ഫലത്തെ അധികമെന്നു അറിയെണം-

സാരം—— സൌമ്യന്മാൎക്കു മൂന്നാമെടവും ആറാമെടവും എട്ടാമെടവും പന്ത്രണ്ടാമെടവും അനിഷ്ടങ്ങളാകുന്നു- ശേഷങ്ങൾഇഷ്ടങ്ങളാകുന്നു- പാപന്മാൎക്കു മൂന്നാമെടവും ആറാമെടവും പതിനൊന്നാമെടവും ഇഷ്ടങ്ങളാകുന്നു- ശേഷങ്ങൾ അനിഷ്ടങ്ങളാകുന്നു- ഏഷു ഭാവങ്ങളിൽവെച്ചു ലഗ്നം മുഖ്യമാകുന്നു- അഞ്ചാമെടവും ഒമ്പതാമെടവും ലഗ്നത്തോടു തുല്യങ്ങളാകുന്നു- ലഗ്നാദികളായ ആ മൂന്നു ഭാവങ്ങളിൽ ശുഭന്മാർ നിന്നാൽ അവരുടെശുഭമായ ഫലം അധികമായിരിക്കുമെന്നും പാപന്മാർ നിന്നാൽ അവരുടെ അശുഭമായ ഫലം അധികമായിരിക്കുമെന്നും അറിയെണം-

൬൪. താമ്രഹേമാദിവസ്തൂനാംസ്വപാകതാനാംലാഭദാഅപി । ഉക്പ്രദതാസ്തുരോഗാദിപ്രശ്നേനിഷ്ടാരിപൌഖരാഃ-ഇതി ॥

അന്വയാൎത്ഥം—— സ്വപാകതങ്ങളായിരിക്കുന്ന താമ്രഹേമാദിവസ്തുക്കളുടെ ലാഭദന്മാരാകുന്നു എങ്കിലും രിപുവിങ്കലെ ഖരന്മാർ രോഗാദി പ്രശ്നത്തിങ്കൽ ഉക്പ്രദത്വം ഹേതുവായിട്ടു തന്നെ ഇഷ്ടന്മാരായി ഭവിക്കുന്നില്ല-

സാരം—— ചെമ്പ സ്വൎണ്ണം ഇത്യാദികളായ വസ്തുക്കളുടെ ലാ

സാരം——ഏകഗ്രഹംതന്നെ ഇഷ്ടഫലത്തെയും അനിഷ്ടഫലത്തെയും ദാനംചെയ്യുന്നവനായിരുന്നാൽ ആ ഗ്രഹം ഇഷ്ടസ്ഥാനത്തിങ്കലാകുന്നു എങ്കിൽ ഇഷ്ടഫലങ്ങളെയും അനിഷ്ടസ്ഥാനത്തിങ്കലാകുന്നു എങ്കിൽ അനിഷ്ടഫലങ്ങളെയും പറയെണം. ഇവിടെ ഹൊരാദികളിലെ സംജ്ഞാദ്ധ്യായത്തിങ്കൽ പറകപ്പെട്ടതൊക്കയും ചെൎക്കപ്പെടുവാൻ യൊഗ്യമാകുന്നു. എങ്ങിനെ എന്നാൽ ആദിത്യൻ ദുസ്ഥനായാൽ രാജകൊപവും ശിവകൊപവും താമ്രനാശവും അസ്ഥിരൊഗവും ഫലമെന്നും ആദിത്യൻ സുസ്ഥനായിരുന്നാൽ രാജസമ്മാനവും ശിവപ്രസാദവും താമ്രലാഭവും അസ്ഥിസൌഖ്യമെന്നും ഇങ്ങിനെ മറ്റുള്ള ഗ്രഹങ്ങളുടെ സ്ഥിതിവിശെഷത്തെ അനുസരിച്ചുമെത്രെ ഫലം പറകവെണ്ടതു. ആദിത്യനെക്കൊണ്ടു രാജാദികളെ ഗ്രഹിക്കെണമെങ്കിൽ അപ്രകാരം ഗ്രഹിക്കാമെന്നതിനെ ബൊധിപ്പിക്കുന്നതായ സംജ്ഞാദ്ധ്യായത്തെ ആശ്രയിക്കെണം. അതുഹെതുവായിട്ടു സംജ്ഞാദ്ധ്യായത്തിങ്കൽ പറകപ്പെട്ടതുകളിൽ പ്രശ്നൊപയൊഗമുള്ളതുകളെ ഒന്നിനെയും വിടാതെ മെൽപ്രകാരം യൊജിപ്പിച്ചു പറയെണമെന്ന അറിഞ്ഞുകൊൾക.

൭൨. മൃത്യ്വാദ്യാന്നിജരന്ധ്രപെന ശനിനാ വാസ്യുൎയ്യദാസംയുതാ
സ്സ്വപസ്വാരവ്യയരന്ധ്രപാപഹതയ സ്തൽസ്ഥസ്യ വാപ്യെ
ത്താദി തത്തൽഭാവവിപത്തിരസ്തി നിയമാദെവം വരാംഗാദിഷു
ബ്രൂയാമംഘ്രിയുഗാന്തിമെഷു വപുഷൾഭാഗെഷു രൊഗാൻ സുധീഃ॥

ശബ്ദാൎത്ഥം——മൃത്യ്വാദ്യങ്ങൾ നിജരന്ധ്രപനൊടൊ ശനിയൊടൊ യാതൊരു കാലത്തിങ്കൽ സംയുതങ്ങളായി ഭവിക്കുമൊ അപ്പൊൾ സ്വപസ്വാരിവ്യയരന്ധ്ര പാപഹതികളൊ തൽസ്ഥന്റെ അപഹൃതിയൊ ഭവിക്കുമെങ്കിൽ തത്തൽഭാവവിപത്തിനിയമെന വാച്യയായി ഭവിക്കുന്നു. ഇപ്രകാരം സുധീയായിരിക്കുന്നവൻ വരാംഗാദികളായി അംഘ്രിയുഗാന്തിമങ്ങളായിരിക്കുന്ന വപുർഭാഗങ്ങളിൽ രൊഗത്തെയും പറയെണം.

സാരം——യാതൊരുഭാവം തന്റെ അഷ്ടമാധിപനൊടൊ ശനിയൊടൊകൂടെ യൊഗത്തെ ലഭിച്ചിരിക്കുന്നുവൊ ആ ഭാവത്തിന്റെ ആറാംഭാവത്തിന്റെയൊ എട്ടാം ഭാവത്തിന്റെയൊ പന്ത്രണ്ടാംഭാവത്തിന്റെയൊ അധിപന്റെ അപഹാരമൊ ആറെട്ടുപന്ത്രണ്ടാംഭാവങ്ങളിൽവെച്ചൊന്നിൽ നിന്നവന്റെ അപഹാരമൊ വല്ലൊരു ദശാമദ്ധ്യത്തിൽ വരികിലക്കാലത്തിങ്കൽ നശിക്കും. പ്രശ്നാനന്തരകാലം മെൽപ്രകാരമായിരുന്നാൽ അതു യാ

ത്തിങ്കൽ സ്വപൂൎവ്വനിചിതദ്രവ്യക്ഷയവും വക്രതകൾ ഭൎത്തവ്യാൎമയദക്ഷിണനേത്രവൈകൃതങ്ങളും ഉദ്യോഗാദിപാത്രക്ഷതികളും ഇങ്ങിനെ ഉള്ള ഫലത്തെ പ്രഷ്ടാവു യാനം ചെയ്യും. സൌമ്യൻ വിത്തഗതനായിരിക്കും വിഷയത്തിങ്കൽ പുരാൎജ്ജിതധനങ്ങൾക്കുന്നെ വൃദ്ധ്യുത്ഭവവും പാത്രാപ്തിയും ഭരണീയരാലുള്ള സുഖവും ഇങ്ങിനെ ഉള്ള ഫലത്തെ പ്രഷ്ടാവു യാനം ചെയ്യും.

സാരം.—— രണ്ടാമെടത്തു പാപൻനിന്നാൽ മുമ്പെ ഉള്ള ധനത്തിന്നു ക്ഷയവും മുഖരോഗവും തന്നാൽ ഭരിക്കപ്പെടെണ്ടവരായ ജനങ്ങൾക്കു വ്യാധിയും വലത്തെ കണ്ണിൽ രോഗവും വാഗ്ദോഷവും പാത്രനാശവും ഫലമാകുന്നു. രണ്ടാമെടത്തു ശുഭൻനിന്നാൽ മുമ്പെ ഉള്ള ധനത്തിന്നു വൎദ്ധനവും പാത്രലാഭവും കുടുംബസുഖവും ഫലമാകുന്നു.

ശ്ലോ. പാപെ ഭ്രാതൃഗതെ സഹായവിഗമസ്സോദൎയ്യരോഗാദികം
വക്ഷഃകന്ധരദക്ഷിണശ്രവണരുഗ്ദൌൎഭാഗ്യധൈൎയ്യക്ഷയാഃ।
സൌമ്യെ ഭ്രാതൃഗതെ സഹോദരസഹായാരോഗ്യലാഭാദികം സൽ
ബുദ്ധ്യുദയശ്ച ധൈൎയ്യയുതിരിത്യെതൽ ഫലം പൃച്ഛതാം॥

അന്വയാൎത്ഥം.—— പാപൻ ഭ്രാതൃഗതനായിരിക്കും വിഷയത്തിങ്കൽ സഹായവിഗമവും സോദൎയ്യരോഗാദികവും വക്ഷഃകന്ധരദക്ഷിണശ്രവണരുഗ്ദൌൎഭാഗ്യധൈൎയ്യക്ഷയങ്ങളും ഇങ്ങിനെ ഉള്ള ഈ ഫലം പൃച്ഛകന്മാൎക്കു വാച്യമായിഭവിക്കുന്നു. സൌമ്യൻ ഭ്രാതൃഗതനായിരിക്കും വിഷയത്തിങ്കൽ സഹോദരസഹായാരോഗ്യലാഭാദികവും സൽബുദ്ധിയുടെ ഉദയവും ധൈൎയ്യയുതിയും ഇങ്ങിനെ ഉള്ള ഈ ഫലം പൃച്ഛകന്മാൎക്കു വാച്യമായിഭവിക്കുന്നു.

സാരം.—— മൂന്നാമെടത്തു പാപൻനിന്നാൽ സഹായജനങ്ങളുടെ വെർപാടും സഹോദരന്റെ രോഗം മുതലായതും മാറിടം കഴുത്തു, വലത്തെ ചെവി ഈ അവയവങ്ങളിൽ രോഗവും ബുദ്ധിദോഷവും ധൈൎയ്യക്ഷയവും ഫലമാകുന്നു. മൂന്നാമെടത്തു ശുഭൻ നിന്നാൽ സഹോദരന്നു രോഗമുണ്ടാവായ്കയും സഹായജനത്തെ ലഭിക്കുക മുതലായതും നല്ലബുദ്ധി പ്രകാശിക്കയും ധൈൎയ്യമുണ്ടാകയും ഫലമാകുന്നു.

ശ്ലോ. മാതുൎമ്മാതുലഭാഗിനെയസുഹൃദാം ഗോവെശ്മശയ്യാസന
ക്ഷേത്രാണാമപിവാഹനസ്യചവിപദ്ധൃദ്ദേശതപ്തസ്സുഖം। കൂപാ
ദ്യംബുവിദൂഷണം സുഖഗതെ പാപെ ശുഭെ വാഹനം ക്ഷേത്രം
ഗോശയനാസനാനി സുഖമിത്യേഷാംഹിലാഭോഭവെൽ॥

അന്വയാൎത്ഥം—— പാപൻ ഷഷ്ഠഗതനായിരിക്കും വിഷയത്തിങ്കൽ ഷഷ്ഠഭവനൊക്താംഗത്തിങ്കൽ വ്രണത്തിന്റെ ഉത്ഭവവും ചൊരാരി വ്യസനവും നാഭികടിതുക്കും കൎമ്മങ്ങളിൽ വിഘ്നോൽഭവവും ൟ പാപന്റെ ദൊഷസംഭവശരവും സൌമ്യൻ ഷഷ്ഠഗതനായിരിക്കും വിഷയത്തിങ്കൽ ശത്രുക്ഷയവും രൊഗങ്ങളുടെ അഭയവുംസത്തുകളായിരിക്കുന്ന രൊഗങ്ങളുടെ ശമനവും പ്രഷ്ടാവിന്നു സമാദെശിക്കപ്പെടെണം.

സാരം—— ആറാമെടത്തു പാപൻ നിന്നാൽ ആ രാശിക്കുപറകപ്പെട്ട അവയവത്തിങ്കൽ വ്രണമുണ്ടാകയും കള്ളന്മാർ ഹെതുവായിട്ടും ശത്രുക്കൾ ഹെതുവായിട്ടും ഉള്ള നാശവും പൊക്കിളിലും അരക്കെട്ടിലും വ്യാധിയും കൎമ്മങ്ങൾക്കു മുടക്കമുണ്ടാകയും യാതൊരു പാപൻ അവിടെ നിന്നുവൊ ആ പാപന്നു പറകപ്പെട്ട ദൊഷം നിമിത്തമായി ഉൽഭവിക്കുന്ന രൊഗവും ഫലമാകുന്നു. ആറാമെടത്തു സൌമ്യൻ നിന്നാൽ ശത്രുനാശവും രൊഗങ്ങൾ ഉണ്ടാവായ്കയും അപ്പൊൾ ഉള്ള രൊഗങ്ങൾ ശമിക്കുകയും ഫലമാകുന്നു.

൫൬. പാപെ സപ്തമഗെ കളത്രമരണം രൊഗൊ വിയൊഗൊ ഽഥവാ സ്യാദ്ഭൎത്തുൎഗ്ഗമനാന്തരായ ഉദിയാൽ സ്യുൎമ്മൂത്രകൃച്ഛ്രാദയഃ । സൌമ്യെ സപ്തമഗെ വിവാഹഘടനാനഷ്ടാൎത്ഥലാഭസ്ത്വരൊഗാവാപ്തിൎവ്വിദെശയാതസുഹൃദായാനാദികം സ്യാത്ഫലം ॥

൫൭. മന്ദെ പാപസമെതെ ദാരാദികമപി ഗ്രഹസ്യ ഭാൎയ്യായാഃ ബലവച്ഛുഭസംയുക്തെ ഗ്രഹകരണം സംഭവെച്ച ജായായാഃ ॥

അന്വയാൎത്ഥം—— പാപൻ സപ്തമഗനായിരിക്കും വിഷയത്തിങ്കൽ കളത്രമരണമൊ ഏതിന്നു രൊഗമൊ വിയൊഗമൊ ഭൎത്താവിന്റെ മരണമൊ രൊഗമൊ വിയൊഗമൊ ഇവയും ഗമനാന്തരായവും ഉദിക്കും. മൂത്രകൃച്ഛ്രാദികൾ ഭവിക്കും. സൌമ്യൻ സപ്തമഗനായിരിക്കും വിഷയത്തിങ്കൽ വിവാഹഘടനയും നഷ്ടാൎത്ഥലാഭവും സ്വരൊഗാവാപ്തി വിദെശയാതസുഹൃദായാനാദികവുമാകുന്ന ഫലം ഭവിക്കും. മന്ദൻ പാപസമെതനായിരിക്കും വിഷയത്തിങ്കൽ ഭാൎയ്യയുടെ ഗ്രഹദാഹാദികവും സംഭവിക്കും മന്ദൻ ബലവച്ഛുഭസംയുക്തനായിരിക്കും വിഷയത്തിങ്കൽ ജായയുടെ ഗ്രഹകരണവും സംഭവിക്കും.

സാരം—— ഏഴാമെടത്തു പാപൻനിന്നാൽ ഭാൎയ്യാമരണവും ഭാൎയ്യക്കു രൊഗവും ഭാൎയ്യാവിരഹവും ഭൎത്തൃമരണവും ഭൎത്താവിന്നു രൊഗവും ഭൎത്തൃവിരഹവും യാത്രാവിഘ്നവും മൂത്രകൃച്ഛ്രം മുതലായ

പാപെ ധർമ്മസ്ഥിതെസ്യാൽ ഗുരുജന പിതൃപൌത്രാദിരുഗ്

ഭാഗ്യഹാനിർദ്ധർമ്മശ്ചോപരാന്ന ഗ്രഹസുകൃതതപോഹാനയോ
നിഷ്കൃപത്വം । സൌമ്യെധർമ്മസ്ഥിതെസ്യാൽഗുരുപിതൃമനസ
ശ്ചോപചാരാണാംപ്രസാദോവൃദ്ധിർഭാഗ്യസ്യ ധർമ്മസ്യചശുഭതപ
സാമാർദ്രതാപൌത്രസൌഖ്യം ॥

അന്വയാർത്ഥം —— പാപൻ ധർമ്മസ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഗുരുജനപിതൃപൌത്രാദികൾക്കു രുക്ക ഭവിക്കും. ഭാഗ്യഹാനിയും ധർമ്മോപചാരാന്നഗ്രഹ സുകൃതതപോഹാനികളും ഫലങ്ങളാകുന്നു. നിഷ്കൃപതയും ഭവിക്കും. സൌമ്യൻ ധർമ്മസ്ഥിതനായിരിക്കും വിഷയത്തിങ്കൽ ഗുരുപിതൃ മനസ്സിന്റെയും ഉപചാരന്മാരുടെയും പ്രസാദം ഭവിക്കും. ഭാഗ്യത്തിന്റെയും ധർമ്മത്തിന്റെയും ശുഭതപസ്സുകളുടെയും വൃദ്ധിയും ആർദ്രതയും പൌത്രസൌഖ്യവും ഭവിക്കും.

സാരം —— ഒമ്പതാമെടത്തു പാപൻനിന്നാൽ ഗുരുവിന്നും മാതാപിതാക്കന്മാൎക്കും പുത്രന്റെ പുത്രൻ തുടങ്ങി ഉള്ളവൎക്കും രോഗമുണ്ടാകയും ഭാഗ്യക്ഷയവും ധർമ്മക്ഷയവും ഉപചാരാന്നഗ്രഹക്ഷയവും സുകൃതക്ഷയവും തപഃക്ഷയവും ദയയില്ലായ്കയും ഫലമാകുന്നു. ഒമ്പതാമെടത്തു ശുഭൻനിന്നാൽ ഗുരുവിന്റെയും മാതാപിതാക്കന്മാരുടെയും ഉപചാരന്റെയും പ്രസാദവും ഭാഗ്യധർമ്മസുകൃതതപസ്സുകളുടെ വർദ്ധനവും പൌത്രസുഖവും ഫലമാകുന്നു.

൬൪- പാപെകർമ്മഗതെതുകർമ്മവിഹതിർദ്ദുഷ്കീർത്തിരാജ്ഞാക്ഷ
തിർദ്ദാസാലംബനയൊർവ്വിനാശനമപിസ്യാജ്ജാനുരുക്പ്രോഷ
ണം । സൌമ്യെപദ്ധതിമന്ദപാമരഗ്രഹാദ്യുൽപാദനംകർമ്മണാ
മാജ്ഞാലംബനയൊശ്ചസിദ്ധിരപിദാസാവാപ്തികീർത്ത്യുൽഗമൌ ॥

അന്വയാർത്ഥം —— പാപൻ കർമ്മഗതനായിരിക്കും വിഷയത്തിങ്കൽ കർമ്മവിഹതിയും ദുഷ്കീർത്തിയും ആജ്ഞാക്ഷതിയും ദാസാലംബനങ്ങളുടെ വിനാശനവും ജാനുരുക്കും പ്രോഷണവും ഭവിക്കും. സൌമ്യൻ കർമ്മഗതനായിരിക്കും വിഷയത്തിങ്കൽ പദ്ധതി മന്ദപാമര ഗ്രഹാദ്യുൽപാദനവും കർമ്മങ്ങളുടെയും ആജ്ഞാലംബനങ്ങളുടെയും സിദ്ധിയും ദാസാവാപ്തികീർത്ത്യുൽഗമങ്ങളും ഭവിക്കും.

സാരം —— പത്താമെടത്തു പാപൻ നിന്നാൽ കർമ്മങ്ങൾ മുടങ്ങുകയും ദുഷ്കീർത്തിയും ആജ്ഞാഹാനിയും ദാസനാശവും ആശ്രയനാശവും കാൽമുട്ടുകളിൽ രോഗവും പുറപ്പെട്ടു പോകയും ഫലമാകുന്നു. പത്താമെടത്തു ശുഭൻ നിന്നാൽ വഴിയമ്പലമുണ്ടാക്കുകയും ദേവാലയം മുതലായതുണ്ടാക്കുകയും കർമ്മസിദ്ധിയും ആജ്ഞാ

ഗവും പതനവും പാപവൃദ്ധിയും ഫലമാകുന്നു- പന്ത്രണ്ടാമെട
ത്തു ശുഭൻനിന്നാൽ ഉചിതവ്യയവും ദ്വേഷ്യമില്ലായ്കയും പാപ
ക്ഷയവും വ്യാധിശമനവും മററും ഫലമാകുന്നു-

൩൮൪. ലഗ്നസൽസാമാന്യഫലം ലഗ്നാദിഷ്വീരിതം പുനൎവിശേ
ഷഫലം । ക്രൂരസ്ഥാദ്യൈരിതം ഹോരായാമപി വിചിന്ത്യ വാച്യ
മിഹ ॥

അന്വയാൎത്ഥം—— ഇപ്രകാരം ലഗ്നാദികളിൽ ഉള്ള സൽ
സാമാന്യഫലവും പിന്നെ ഹോരയിൽ ക്രൂരസ്ഥാദ്യൈരിതമായി
രിക്കുന്ന വിശേഷഫലവും വിചിന്തിച്ചിട്ട ഇവിടെ വാച്യമാ
യി ഭവിക്കുന്നു-

സാരം—— ലഗ്നാദി ഭാവങ്ങളിൽ ശുഭ പാപന്മാൎക്കു മേൽ പ്ര
കാരമുള്ള സാമാന്യ ഫലത്തെയും ഹോരയിൽ ക്രൂരസ്ഥദ്വാവി
കലനയന ഇത്യാദി പ്രകരണം കൊണ്ടു പറകപ്പെട്ട വിശേഷ
ഫലത്തെയും പ്രശ്നത്തിങ്കൽ പറയെണം -

൩൮൫. ഹോരായാം നോദിതം മാന്ദേൎവ്വിലഗ്നാദിസ്ഥിതേഃ ഫ
ലം । വിലിഖ്യതേ തദപ്യത്ര ദൃഷ്ടം ഗ്രന്ഥാന്തരേ ക്വചിൽ ॥

അന്വയാൎത്ഥം—— ഹോരയിൽ മന്ദിയുടെ വിലഗ്നാദി സ്ഥി
തിയുടെ ഫലം ഉദിതമായില്ല- ഒരു ഗ്രന്ഥാന്തരത്തിങ്കൽ ദൃഷ്ടമാ
യിരിക്കുന്ന അതും ഇവിടെ വിലെഖനം ചെയ്യപ്പെടുന്നു-

സാരം—— ഹോരയിൽ ഗുളികൻ ലഗ്നാദി ഭാവങ്ങളിൽ നി
ന്നാൽ ഉള്ള ഫലത്തെ പറഞ്ഞിട്ടില്ല അന്യ ഗ്രന്ഥത്തിങ്കൽ ഗു
ളികന്റെ ഫലം പറഞ്ഞിട്ടുണ്ടു അതിനെ ഇവിടെ എഴുതുന്നു-

൩൮൬. രോഗീ ക്രൂരഃ ശഠോ ഗുളികേ തനുസ്ഥേ നിന്ദ്യാഭിഭാഷീ ധ
നഗേ വിവേഷഃ । സൌഖ്യമപിച്ഛൽ ഭ്രാതൃഗതേ സശൗൎയ്യസ്സുഖാ
ലിഹീനസ്സുഖഗേരിതഃ ॥

൩൮൭. ഉദ്വ്വാദിനിന്ദ്യോ ക്ഷമനാത്മജസ്ഥേ ഽല്പശ്രുതിൎലീനസുതസ്ഥേ ഥരിപൂൻ
നിഹന്തി । വിദ്വേഷ്ടണോ വംശപിതൃക്ഷണോ ദ്യൂനകളത്രഹന്താ
മദഗേതികാമഃ ॥

൩൮൮. ധീമാൻ ബഹുവ്യാധിരനായതായുൎവിഷാഗ്നിശസ്ത്രൈൎമ്മൃ
തിരഷ്ടമസ്ഥേ । ധൎമ്മസ്ഥിതേ ധൎമ്മതപോമനുജ്ഞഃ ഖസ്ഥേ സു
കീൎത്തിഃ പരകാൎയ്യസക്തഃ ॥

൩൮൯. കള്ളാച്ചപൌരുഷയുതോ ധനവാനനൎത്ഥാനൈശ്വൎയ്യവാൻ
ഭവഗതേ ബഹുഭൃത്യയുക്തഃ । ദുസ്ഥൈഃ-പ്പാപാശ്ചാകുനഖി വികലോ
വ്യയസ്ഥേ ലഗ്നാദിഭാവഗതമാന്ദിഫലം പ്രദിഷ്ടം-ഇതി ।

അന്വയാൎത്ഥം—— ഗുളികൻ തനുസ്ഥനായിരിക്കും വിഷയ

ന്നാൽ യശസ്സും പരകാൎയ്യങ്ങളിൽ താല്പൎയ്യവും പ്രതാപവും ധനഹാനിയും അൎത്ഥങ്ങളെ ഉണ്ടാക്കുകയും ഫലമാകുന്നു. പതിനൊന്നാമെടത്തുനിന്നാൽ ഐശ്വൎയ്യവും പരിചാരകബഹുത്വവും ഫലമാകുന്നു. പന്ത്രണ്ടാമെടത്തുനിന്നാൽ ദുസ്സ്വപ്നവും കഴിനഖവും ഇന്ദ്രിയങ്ങൾക്കൊ ശരീരാവയവങ്ങൾക്കൊ കുറവും ഫലമാകുന്നു. ഇങ്ങിനെ ലഗ്നാദിഭാവങ്ങളിലെ ഗുളികന്റെ ഫലം പറകപ്പെട്ടു.

൬൰. ലഗ്നാദിഗതാവപുരാദ്യുപചയഹാനീശ്ശുഭാശുഭാഃകുൎയ്യുഃ ।
വിപരീതംഷഷ്ഠമൃതിദ്വാദശഗാഃകഥിതമിതിഹസത്യേന ॥

അന്വയാൎത്ഥം——ലഗ്നാദിഗന്മാരായിരിക്കുന്ന ശുഭാശുഭന്മാർ വപുരാദ്യുപചയഹാനികളെ ചെയ്യും. ഷഷ്ഠമൃതിദ്വാദശഗന്മാർ വിപരീതമാകുംവണ്ണം ചെയ്യും. ഇപ്രകാരം സത്യനാൽ കഥിതമായി ഭവിക്കുന്നു.

സാരം——ലഗ്നംമുതലായ ഭാവങ്ങളിൽ ശുഭൻനിന്നാൽ അതാതുഭാവത്തിന്നു പുഷ്ടിയും പാപൻനിന്നാൽ ക്ഷയവും ഷഷ്ഠാഷ്ടമദ്വാദശങ്ങളിൽ ശുഭൻനിന്നാൽ അതാതുഭാവത്തിന്നുക്ഷയവും പാപൻനിന്നാൽ പുഷ്ടിയും ഭവിക്കുമെന്നത സത്യാചാൎയ്യന്റെ മതമാകുന്നു.

൬൧. ധൂമാദിപഞ്ചദോഷാണാംയല്ലഗ്നാദിഷുസംസ്ഥിതേഃ ।
ഫലംതല്ലിഖ്യതേതച്ചസമംപ്രശ്നേചജാതകേ ॥

അന്വയാൎത്ഥം——ധൂമാദിപഞ്ചദോഷങ്ങളുടെ ലഗ്നാദികളിലുള്ള സംസ്ഥിതിക്ക ഫലംയാതൊന്നൊ അതുലേഖനംചെയ്യപ്പെടുന്നു. അതും പ്രശ്നത്തിങ്കലും ജാതകത്തിങ്കലും സമമായി ഭവിക്കുന്നു.

സാരം——ഇനി ധൂമാദികളായ അഞ്ചുദോഷങ്ങൾ ലഗ്നംമുതലായ ഭാവങ്ങളിൽനിന്നാലുള്ള ഫലത്തെ എഴുതുന്നു. അതും പ്രശ്നജാതകങ്ങളിൽ തുല്യമായിട്ടുള്ളതാകുന്നു.

൬൨. കൂപെസ്യാൽപതനംതനൌയമിവചസ്ഖാലിത്യമൎത്ഥസ്ഥിതഃ
പംഗുൎഭ്രാതരിസോദരസ്സുഖഗൃഹംരക്ഷേൽസുഖൈൎമ്മാതുലഃ ക്രുദ്ധഃപഞ്ചമമരേരിപോൎബ്ബലഭവെദ്യൂത്യാംശ്രണെദഷ്ടാമൃഷെയാതിഭ്രഷ്ട
തയാമമെതുനിധനെധൂമഃക്ഷതിശ്ശസ്ത്രതഃ ।

അന്വയാൎത്ഥം——ധൂമം തനുവിങ്കൽ സ്ഥിതമാകുന്നു എങ്കിൽ കൂപത്തിങ്കൽ പതനം ഭവിക്കും. അൎത്ഥസ്ഥിതമാകുന്നു എങ്കിൽ വചസ്ഖാലിത്യം ഭവിക്കും. ഭ്രാതാവിങ്കൽ സ്ഥിരമാകുന്നു എങ്കിൽ സോദരൻ പംഗുവായി ഭവിക്കും. സുഖത്തിങ്കൽ സ്ഥിതമാക

വ്യതിപാതകമെന്ന ദൊഷം ലഗ്നത്തിങ്കൽ നിന്നാൽ ശരീര
രൊഗമുണ്ടാകും- രണ്ടാമെടത്തുനിന്നാൽ സാമൎത്ഥ്യമുണ്ടാകും- മൂ
ന്നാമെടത്തുനിന്നാൽ പാട്ടുണ്ടാകും നാലാമെടത്തുനിന്നാൽ അ
ശ്വത്തെ ലഭിക്കും. അഞ്ചാമെടത്തുനിന്നാൽ പുത്രമരണം ഹെതു
വായിട്ടു ദുഃഖിക്കും- ആറാമെടത്തുനിന്നാൽഗൃഹഛിദ്രത്തെ ഉണ്ടാ
ക്കുന്നവനായി ഭവിക്കും- ഏഴാമെടത്തു നിന്നാൽ ദരിദ്രനായി ഭ
വിക്കും-

൭൭. വെത്താസൎവ്വകലാസുതൈതപസിഭാഗ്യൊനൊനഭസ്യ
ഗ്നിർഭീർല്ലാഭെഭൂപതിസൽകൃതൊവ്യയഗൃഹെഭ്രഷ്ടൊഥസൎപ്പാന്മൃതിഃ!
ലഗ്നാദെഃപരിവെഷനാമ്നിനിധികൃൽ സൊദ്ഭ്രാന്തിമാൻസൊദ
രവാൻസൊനാത്മഗൃഹെസുഖെമനസിബന്ധൊന്തസ്ഥചൊരൊ
രിപൌ ||

അന്വയാൎത്ഥം—— വ്യതീപാതകം മൂൎത്തിയിങ്കൽ സ്ഥിതമാക
ന്നു എങ്കിൽ സൎവ്വകലകളെ വെദിക്കും- തപസ്സിങ്കൽ സ്ഥിതമാക
ന്നു എങ്കിൽ ഭാഗ്യോനനായി ഭവിക്കും- നഭസ്സിങ്കൽ സ്ഥിതമാ
കുന്നു എങ്കിൽ അഗ്നിഭീ ഭവിക്കും ലാഭത്തിങ്കൽ സ്ഥിതമാക
ന്നു എങ്കിൽ ഭൂപതി സൽകൃതനായി ഭവിക്കും- വ്യയഗൃഹത്തിങ്ക
ൽ സ്ഥിതമാകുന്നു എങ്കിൽ ഭ്രഷ്ടനായി ഭവിക്കും- പരിവെഷ
നാമാവായിരിക്കുന്നദൊഷം ലഗ്നസ്ഥമായിരിക്കും വിഷയത്തി
ങ്കൽ സൎപ്പം ഹെതുവായിട്ടു മൃതി ഭവിക്കും- സ്വത്തിങ്കൽ സ്ഥി
തമായിരിക്കും വിഷയത്തിങ്കൽ നിധികൃത്തായിഭവിക്കും- സൊ
ദരങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്കൽ ഭ്രാന്തിമാനായി ഭ
വിക്കും- സുഖത്തിങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്കൽ അ
നാത്മഗൃഹത്തിങ്കൽ വാസം ഭവിക്കും- മനസ്സിങ്കൽ സ്ഥിതമായി
രിക്കും വിഷയത്തിങ്കൽ ബന്ധനായി ഭവിക്കും- രിപുവിങ്കൽ
സ്ഥിത നായിരിക്കും വിഷയത്തിങ്കൽ അന്തസ്ഥ ചൊരനായി ഭ
വിക്കും-

സാരം—— വ്യതീപാതകമെന്ന ദൊഷം എട്ടാമെടത്തുനിന്നാ
ൽ സൎവ്വകലാവിദ്യകളുടെ അറിവുണ്ടാകും- ഒമ്പതാമെടത്തു നി
ന്നാൽ ഭാഗ്യഹാനി ഭവിക്കും പത്താമെടത്തുനിന്നാൽ അഗ്നിഭ
യമുണ്ടാകും- പതിനൊന്നാമെടത്തുനിന്നാൽ രാജസൽകാരത്തെ
ലഭിക്കും- പന്ത്രണ്ടാമെടത്തുനിന്നാൽജാതിഭ്രംശം ഭവിക്കും-

പരിവെഷമെന്ന ദൊഷം ലഗ്നത്തിങ്കൽ നിന്നാൽ പാമ്പി
ന്റെ കടികൊണ്ടു മരിക്കും- രണ്ടാമെടത്തുനിന്നാൽ നിധിയെ
ഉണ്ടാക്കും- മൂന്നാമെടത്തു നിന്നാൽഭ്രാന്തനായി ഭവിക്കും നാലാ

ജന്മൊല്ഗതിസ്ഥ വസിബെസപല്പാംബെരശ്ശീഘ്രഭുൾ ॥
അന്വയാൎത്ഥം— വെശ്മസ്ഥമായിരിക്കും വിഷയത്തിങ്കൽഗ
ണെരക്ഷ്യഹാവായി ഭവിക്കും- മനസ്സിങ്കൽ സ്ഥിതമായിരിക്കും
വിഷയത്തിങ്കൽ വാശിമന്ത്രവാദങ്ങളുണ്ടാകുന്നു- രണ്ടുപദാൎത്ഥങ്ങളും
ഭവിക്കും- ക്ഷുത്തിങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്കൽ ശ
ത്രുഭയം ഭവിക്കും- മദത്തിങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്ക
ൽ അംഗവികലനായി ഭവിക്കും ഭാഗ്യാനുഭൂതി ഭവിക്കില്ല- അ
ഷ്ടമത്തിങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്കൽ ഭൂരിതരാശ
യാൽ ബദ്ധനായി ജാള്യത്തെ പ്രകാശമനായിട്ടു ചരിക്കും- ത
പസ്സിങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്കൽ ബന്ധം ഹെതു
വായിട്ടൊ ആത്മജൻ ഹെതുവായിട്ടൊ മൃതിഭവിക്കും- ഖത്തിങ്കൽ
സ്ഥിതമായിരിക്കും വിഷയത്തിങ്കൽ സപല്പാംബരനായിട്ടും ശീ
ഘ്രഭുക്കായിട്ടും ഭവിക്കും-

സാരം— നാലാമെടത്തു ഇന്ദ്രചാപം നിന്നാൽ ഗണെരക്ഷ്യ
വധത്തെ ചെയ്യും- അഞ്ചാമെടത്തു നിന്നാൽ വാശ്യവും മന്ത്ര
വാദവുമുണ്ടാകും ആറാമെടത്തുനിന്നാൽ ശത്രുഭയമുണ്ടാകും- എ
ഴാമെടത്തു നിന്നാൽ അംഗവൈകല്യവും ഭാഗ്യാനുഭവമില്ലായ്കയു
മുണ്ടാകും- എട്ടാമെടത്തുനിന്നാൽ വലുതായ ആശാബന്ധം ഹെ
തുവായിട്ടു തന്റെരജ്ജുളപത്തെ പ്രകാശിപ്പിച്ചിയങ്ങുന്നവനായി
ട്ടു നടക്കും- ഒമ്പതാമെടത്തുനിന്നാൽ ബന്ധനം ഹെതുവായി
ട്ടൊപുത്രൻ ഹെതുവായിട്ടൊ മരിക്കും- പത്താമെടത്തുനിന്നാൽ ഉ
ടുപ്പാൻ മതിയാകുന്നവസ്ത്രം ഒരു കാലത്തിങ്കലും ഉണ്ടാകയില്ല-
ശീഘ്രഭൊജനനായി ഭവിക്കുമെന്നും ധരിച്ചുകൊൾക-

൨൦. ലാഭെഭൂരിപരാക്രമശ്ചമൃഗയാസക്തൊവ്യയെപ്രൊക്ഷ
ണംകൊപാൽഭൂമിപതെരഗ്രൊദയഗതെ കെതൌവികെശൊഗ്ര
തഃ । ദൌൎബ്ബല്യംഗിരിസാനുനാസികവചാവാശിശ്ചസൊത്ഥെ
ഛയംവെശ്മെസ്ഥസുരഭിസ്സ്വദാഹ്വമിനരസ്ത്രീവപൃഷ്ഠെമസ്ഥഃ ।
അന്വയാൎത്ഥം— ലാഭത്തിങ്കൽ സ്ഥിതനായിരിക്കും വിഷ
യത്തിങ്കൽ ഭൂരിപരാക്രമനായിട്ടും മൃഗയാസക്തനായിട്ടും ഭവി
ക്കും- വ്യയത്തിങ്കൽ സ്ഥിതമായിരിക്കും വിഷയത്തിങ്കൽ ഭൂമി
പതിയുടെ കൊപം ഹെതുവായിട്ടു പ്രൊക്ഷണം ഭവിക്കും- കെതൂദ
യഗതമായിരിക്കും വിഷയത്തിങ്കൽ അഗ്രത്തിങ്കൽ വികെശ
നായി ഭവിക്കും. ഗിരിങ്കൽ സംസ്ഥിതനായിരിക്കും വിഷയത്തി
ങ്കൽദൌൎബ്ബല്യം ഭവിക്കും- സൊത്ഥങ്കൽ സ്ഥിതമായിരിക്കും വി
ഷയത്തിങ്കൽ സാനുനാസികവചസ്സാകയും വാശിയുമാകുന്നുദ-

വനായി കഫാദികളാൽ ഉള്ള തടവുഹേതുവായിട്ട ശരീരത്തിങ്കൽ വേണ്ടുംവണ്ണം വായു സഞ്ചരിക്കാതെയും വീൎപ്പുമുട്ടിയും അന്യഗൃഹത്തിങ്കൽ കിടന്നുമരിക്കും. ഏഴാമെടത്ത നിന്നാൽ മോഷണം നിമിത്തമായി മരിക്കും. എട്ടാമെടത്തു നിന്നാൽ വിഷഭക്ഷണം ഹേതുവായിട്ട മരിക്കും. ഒമ്പതാമെടത്തുനിന്നാൽ ക്രൂരനായിരിക്കും ദുൎമ്മരണത്തെ പ്രാപിക്കുകയും ചെയ്യും. പത്താമെടത്തു നിന്നാൽ ശരീരത്തിന്മേൽ മരം വീഴുക നിമിത്തമായിട്ടോ മരത്തിന്മേൽ നിന്നുതാൻ വീഴുകനിമിത്തമായിട്ടോ മരിക്കും. പതിനൊന്നാമെടത്ത നിന്നാൽ നിധിയുള്ളവനായി ഭവിക്കും. പന്ത്രണ്ടാമെടത്തു നിന്നാൽ ശയനസുഖമില്ലായ്കയും ദുഃഖവും ദാരിദ്ര്യവും ഭവിക്കും.

൭൯. ലാഭനാശാദികം സൎവ്വഭാവാനാം യദിഹോദിതം । കദാ തത്സംഭവേദിത്യാകാംക്ഷായാം കാല ഉച്യതെ ॥

അന്വയാൎത്ഥം —— ഇവിടെ ഉദിതമായിരിക്കുന്ന സൎവ്വഭാവങ്ങളുടെ ലാഭനാശാദികം യാതൊന്നൊ അത എപ്പോൾ സംഭവിക്കുമെന്നുള്ള ആകാംക്ഷാസതിയായിരിക്കും വിഷയത്തിങ്കൽ കാലം വചിക്കപ്പെടുന്നു.

സാരം —— എല്ലാഭാവങ്ങളുടെയും ലാഭനാശാദികൾ ഇവിടെ പഠിക്കപ്പെട്ടുവല്ലൊ അതുകൾ സംഭവിക്കുന്നത എപ്പോൾ എന്നുള്ള ആകാംക്ഷ ഹേതുവായിട്ട ഭാവലാഭനാശാദികളുടെ അനുഭവകാലത്തെ പറയുന്നു.

൮൦. ഫലാപ്തിഃ കഥ്യതെ യേന തസ്യ കാലോയനാദികഃ । തൽഭുക്താംശകസംഖ്യാപ്തസ്തത്സിദ്ധൌസമുദീൎയ്യതാം ॥

അന്വയാൎത്ഥം —— യാവനൊരുത്തനെക്കൊണ്ട ഫലാപ്തി കഥിക്കപ്പെടുന്നുവൊ അവന്റെ തൽഭുക്താംശകസംഖ്യാപ്തമായി അയനാദികമായിരിക്കുന്ന കാലം തത്സിദ്ധിയിങ്കൽ സമുദീരണം ചെയ്യപ്പെടെണം.

സാരം —— യാതൊരു ഗ്രഹത്തെക്കൊണ്ടും ഫലംപറയുന്നുവൊ ഗ്രഹത്തിന്ന അയനാദി കാലങ്ങളിൽ യാതൊരു കാലം ഹോരാദിശാസ്ത്രവശാൽ പ്രാപിച്ചിരിക്കുന്നുവൊ ആക്കാലത്തെ ഫലദാതാവായ ഗ്രഹം നില്ക്കുന്നരാശിയിൽ കഴിഞ്ഞനവാംശക സംഖ്യകൊണ്ട ഗുണിച്ചാൽ വരുന്നകാലത്തെ മെൽപറഞ്ഞ ഫലസിദ്ധിയെ കുറിച്ചുപറയുകൊൾക. അയനം ആറുമാസം ഇത ആദിത്യന്നു പറഞ്ഞ കാലമാകുന്നു. ആദിത്യഫലദാതാവായാൽ ഫലാനുഭവകാലം അയനമായി ഭവിക്കും. ആദ്യമായ നവാംശ

ഷയത്തിങ്കൽ അന്യമായിരിക്കും പ്രകാരത്തൊടുകൂടിയതായിട്ടും
കാലം ഗ്രന്ഥാന്തരൊദിതമായി ഭവിക്കുന്നു- ഇപ്പൊൾ അതും
ലെഖനം ചെയ്യപ്പെടുന്നു-

സാരം—— അന്യഗ്രന്ഥത്തിങ്കൽ ഫലപ്രാപ്തിയുടെ കാല
ത്തെ മറെറാരുപ്രകാരം പറഞ്ഞിരിക്കുന്നു ഇനി അതിനെയും
എഴുതുന്നു-

വൃ॰ ഭാവശ്ഭാവപതെരുദൃശ്യദലഗെതൽഭാവലാഭൊചിരാത്ത
ത്രാദൃശ്യഗതെശനൈരിതിഭിദാഭാവാൽപുനസ്സൽപതിഃ । രാ
ശൌയ്യാവതിതത്സമെതുദിവസെമാസെഥവാ ഭാവനാഥാത്രസ്ഥാ
ലയഗെഥവാഹിമകരെഭാവസ്യലാഭൊഭവെൽ ॥

അന്വയാൎത്ഥം—— ഭാവപതി ഭാവത്തിങ്കൽ നിന്നുദൃശ്യദലഗ
നായിരിക്കും വിഷയത്തിങ്കൽ താമസത്തൊടുകൂടാതെ തൽഭാവലാ
ഭം ഭവിക്കും- അവൻ അദൃശ്യഗതനായിരിക്കും വിഷയത്തിങ്ക
ൽപതുക്കെ ഭവിക്കും ഇപ്രകാരം ഭിദാഭവിക്കുന്നു- ഭാവത്തിങ്കൽ
നിന്ന തൽപതി എത്രാമത്തതായ രാശിയിൽ സ്ഥിതനായിയൊ
തത്സമമായിത്തന്നെ ഇരിക്കുന്ന ദിവസത്തിങ്കലൊ മാസത്തിങ്ക
ലൊ ഹിമകരൻ ഭാവനാഥാത്രസ്ഥാലയഗനായിരിക്കും വിഷയ
ത്തിങ്കലൊ ഭാവത്തിന്റെ ലാഭം ഭവിക്കും-

സാരം—— ഭാവാധിപനായ ഗ്രഹം ഭാവത്തിങ്കൽ നിന്നുള്ള ദൃ
ശ്യാൎദ്ധത്തിങ്കൽ നിന്നാൽ ഭാവലാഭം ഉടനെ ഉണ്ടാകും അദൃശ്യാ
ൎദ്ധത്തിങ്കൽ നിന്നാൽ പതുക്കെ അത്രതന്നെ അല്ല- ഭാവത്തിങ്കൽ
നിന്നു ഭാവാധിപൻ എത്രാമത്തതായ രാശിയിൽ നിന്നുവൊ അ
ത്രാമത്തതായ ദിവസത്തിങ്കലൊ മാസത്തിങ്കലൊ ഭാവാധിപ
ൻ നില്ക്കുന്ന രാശിയിൽ ചന്ദ്രൻ പ്രവെശിച്ചാലൊ ഭാവലാഭം
ഭവിക്കുമെന്നും പറയാം-

വൃ॰ ലഗ്നംവാഫലദാതൃഗെഹമഥവാതസ്യൊച്ചഭംവായദായാ
യാദിന്ദുൎന്നൈഥവാഥഫലദൊവാച്യംതദാതൽഫലം । ഭദ്രെവാ
സമയെഥവെഷ്ടിയദാലഗ്നസ്യപാപാന്വയസ്സൽകാലെശു
ഭമാദിശെച്ഛുഭസമായൊഗെശുഭംപ്രാപ്യതാം ॥ ഇതി ॥

അന്വയാൎത്ഥം—— ലഗ്നത്തെയൊ ഫലദാതൃഗെഹത്തെയൊ
അവന്റെ ഉച്ചസ്ഥത്തെയൊ യാതൊരുകാലത്തിങ്കൽ ഇന്ദുവൊ ഇ
നനൊ ഫലദനൊ യാനംചെയ്യുമൊ അക്കാലത്തിങ്കൽ തൽഫ
ലം വാച്യമായി ഭവിക്കുന്നു- ഭദ്രമായിട്ടും എഷ്ട്യത്തായിട്ടുമിരിക്കു
ന്ന സമയത്തിങ്കൽ യാതൊരുരൂവിൽ ലഗ്നത്തിന്ന പാപാന്വ
യം അറികപ്പെട്ടുമൊ അക്കാലത്തിങ്കൽ അശുഭത്തെ ആദെശി

താന്താന്റെ സ്ഥിതിയെ അനുസരിച്ചിട്ടു ദാനം ചെയ്യുമെന്നുവിദ്വാന്മാർ ഗ്രഹിക്കേണം ॥

വൃ. ദശാഫലാന്യനിഷ്ടാനിഷ്ടാനീഷ്ടാനിഷ്ടാദിനാചൊക്തമത്രയൽ । സംക്ഷെപെണതദെവാഥവിസ്തരെണനിഗദ്യതെ ॥

അന്വയാൎത്ഥം— ഇവിടെ ദശാഫലാദികൊണ്ടും ഇഷ്ടാനിഷ്ടാദികൊണ്ടും, സംക്ഷെപെണ യാതൊന്നു ഉക്തമായി ഭവിക്കുന്നുവൊ അതുതന്നെ അനന്തരം വിസ്തരെണ നിഗദിക്കപ്പെടുന്നു.

സാരം— ഈ അദ്ധ്യായത്തിൽ ദശാഫലാനി എന്നും ഇഷ്ടാനിഷ്ടഗതെചന്ന എന്നും ആദിയായ രണ്ടു ശ്ലോകങ്ങൾകൊണ്ടുമുമ്പെ സംക്ഷെപിച്ചു പറയപ്പെട്ടതിനെത്തന്നെ ഇനി വിസ്തരിച്ചു പറയുന്നു.

വൃ. മാൎത്താണ്ഡെനിഷ്ടസംസ്ഥെനൃപശിവപിതൃകൊപാദിഹൃൽക്രോഡനെത്രവ്യാധ്യസ്ഥിസ്രാവപിത്താമയശിഖിപശുഭീതാമ്രനാശാത്മപീഡാഃ । ഇഷ്ടസ്ഥെസാത്വികത്വംശിവപിതൃനൃപതിപ്രീതയസ്താമ്രലാഭശ്ചാൎത്ഥാപ്തിഃ കംബലാധ്വാടനതൃണകനകാദ്യൌഷധൈശ്ചൊദ്യമസ്സ്യാൽ ॥

അന്വയാൎത്ഥം— മാൎത്താണ്ഡൻ അനിഷ്ടസംസ്ഥനായിരിക്കും വിഷയത്തിങ്കൽ നൃപശിവപിതൃകൊപാദിഹൃൽക്രോഡനെത്രവ്യാധ്യസ്ഥിസ്രാവപിത്താമയശിഖി പശുഭീതാമ്രനാശാത്മപീഡകൾ ഭവിക്കും. ഇഷ്ടസ്ഥനായിരിക്കുംവിഷയത്തിങ്കൽസാത്വികത്വവും, ശിവപിതൃനൃപതിപ്രീതികളും താമ്രലാഭവും അൎത്ഥാപ്തിയും കംബലാധ്വാടനതൃണകനകാദിയും ഔഷധങ്ങൾകൊണ്ടുള്ള ഉദ്യമവും ഭവിക്കും.

സാരം— ആദിത്യൻ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാൽ ആദിത്യദശയിൽ രാജകൊപവും ശിവകൊപവും പിതൃകൊപം മുതലായതും ഹൃദ്രൊഗവും ഉദരരൊഗവും നെത്ര രൊഗവും അസ്ഥിസ്രാവവും പിത്തരൊഗവും അഗ്നിഭയവും പശുഭയവും താമ്രനാശവും മനഃക്ലെശവും ഉണ്ടാകും. ആദിത്യൻ നില്ക്കുന്നതു ഇഷ്ടസ്ഥാനത്തിങ്കലാകുന്നു എങ്കിൽ ആദിത്യദശയിൽ സത്വഗുണപ്രധാനനായിരിക്കും ശിവപ്രീതിയും പിതൃപ്രീതിയും രാജപ്രീതിയും താമ്രലാഭവുംധനലാഭവും. കംബളം, പുല്ല്, കനകം, ഇതുകളുടെ ലാഭവും ഔഷധങ്ങൾകൊണ്ടുള്ളപ്രവൃത്തിയുമുണ്ടാകും. വഴിനടപ്പാൻ സംഗതിയുമുണ്ടാകും.

വൃ. കൊപൊരാജ്ഞ്യാജനന്യാരുഗപികഫസമീരാസ്രരുഗപീ

വായിട്ടും ഭ്രാതാവു ഹെതുവായിട്ടും ഭൂപതി ഹെതുവായിട്ടുംധനം ഭവിക്കും-

സാരം—— അനിഷ്ടസ്ഥാനത്തിങ്കൽ നില്ക്കുന്ന ചൊവ്വയുടെ ദശയിൽ സൊദരൻ മുതലായവരൊടു വൈരവും ഭൂമിനാശവും സ്വൎണ്ണനാശവും അഗ്നിഭയവും ചൊരഭയവും ശത്രുഭയവും സുബ്രഹ്മണ്യ കൊപവും പടനായക കൊപവും രക്തകൊപവും പനിയും നെത്രരൊഗവും പാത്രനാശവും ശസ്ത്രനാശവും അംഗനാശവും ഭവിക്കും- ഇഷ്ടസ്ഥാനത്തിങ്കൽ നില്ക്കുന്ന ചൊവ്വയുടെ ദശയിൽ ഭൂമിലാഭവും സ്വൎണ്ണലാഭവും ആയുധലാഭവും സുബ്രഹ്മണ്യ പ്രസാദവും പടനായക പ്രസാദവും ശത്രുവധം ഹെതുവായിട്ടും ഭ്രാതാവു ഹെതുവായിട്ടും രാജാവുഹെതുവായിട്ടും ഉള്ളധനലാഭവും ഭവിക്കും-

൯൧. ജ്ഞെനിഷ്ടസ്ഥെവത്തുകൊപൊഹരിയുവനൃപയൊൎവ്വച
സ്താപകരാൎത്തിസ്ത്വിഷ്ടസ്ഥെശ്വഹെമക്ഷിതിസുഹൃദവനീദെ
വഗുരുവിത്തലാഭഃ । അൎത്ഥൊദൌത്യാച്ചശില്പൈസ്തുതിരപിവിദുഷാം
വൎദ്ധനംബുദ്ധിവൃത്തെസ്സിദ്ധിൎദ്ധൎമ്മക്രിയാണാംലിപിഗണിതധ
നംഗൊപസൂനുപ്രസാദഃ ॥

അന്വയാൎത്ഥം—— ജ്ഞൻ അനിഷ്ടസ്ഥനായിരിക്കും വിഷയത്തിങ്കൽ ഹരിയുവനൃപന്മാരുടെ കൊപവും ഉവ്ചപല്യം താപകരാൎത്തിയുംഭവിക്കും- അവൻ ഇഷ്ടസ്ഥനായിരിക്കും വിഷയത്തിങ്കൽ അശ്വഹെമക്ഷിതി സുഹൃദവനീദെവ ഗുരുവിത്തലാഭവും ദൌത്യം ഹെതുവായിട്ടും ശില്പങ്ങൾ ഹെതുവായിട്ടുമുള്ള അൎത്ഥവും വിദ്വാന്മാരുടെ സ്തുതിയും ബുദ്ധിവൃത്തിയുടെ വൎദ്ധനവും ധൎമ്മക്രിയകളുടെ സിദ്ധിയും ലിപിഗണിതധനവും ഗൊപസൂനുപ്രസാദവും ഭവിക്കും-

സാരം—— അനിഷ്ടസ്ഥാനത്തിങ്കൽ നില്ക്കുന്ന ബുധന്റെ ദശയിൽ ശ്രീകൃഷ്ണകൊപവും യുവരാജകൊപവും വാഗ്ദൊഷവും താപവ്യാധിയും കരവ്യാധിയും ഉണ്ടാകും- ഇഷ്ടസ്ഥിതനായിരിക്കുന്ന ബുധന്റെ ദശയിൽ കുതിര, സ്വൎണ്ണം, ഭൂമി, ഗുരുക്കളെ ലഭിക്കയും ബന്ധുലാഭവും ബ്രാഹ്മണലാഭവും ഗുരുലാഭവും ധനലാഭവും ദൂതകൎമ്മം കൊണ്ടും കൌശലപ്പണികൾ കൊണ്ടുമുള്ള ധനലാഭവും വിദ്വൽ സ്തുതിയും ജ്ഞാനവൃദ്ധിയുംധൎമ്മക്രിയാസിദ്ധിയും ലിപിഗണിതങ്ങൾഹെതുവായിട്ടുള്ളധനലാഭവും ശ്രീകൃഷ്ണ പ്രസാദവുമുണ്ടാകും.

൯൨ ജീവെനിഷ്ടസ്ഥിതെസ്യാച്ഛ്രവണതനയരുക്പ്രമെ

നാശം, ദ്രവ്യനാശം, ഇതുകൾഭവിക്കും. ഇഷ്ടസ്ഥിതനായ ശുക്രന്റെദശയിൽ, വെള്ളി, വസ്ത്രം, ആഭരണം, നിധി, രത്നം, സ്ത്രീവിവാഹം, ധനം, ഇതുകളുടെ ലാഭവും ഗാനത്തിങ്കലും കൎമ്മാദികളിലും ശ്രദ്ധയും പൊരുത്തം, പശു, ബന്ധു, മൃഷ്ടാന്നം, ഇതുകളുടെ ലാഭവും ഉണ്ടാകും.

൩൮. മന്ദേനിഷ്ടസ്ഥിതേസ്യാദനിലകഫരുഗജ്ഞാനചൌ
ൎയ്യാദികോപവ്യാപത്ശ്രീശൂദ്രാസ്ത്രീട്ടതകതനുഭവാം ഭൃത്യസംവ്യ
ഗരേഷ്വ്യാ । ഇഷ്ടെസ്ഥെദുഃഖനാശഃപരിണതവനിതാഭോഗമാ
സായസ്സാം പൂശ്രേണീഗ്രാമാധിപത്യസ്യചവരകമഹിഷ്യാദികാ
നാഞ്ചലാഭഃ ॥

അന്വയാൎത്ഥം— മന്ദൻ അനിഷ്ടസ്ഥിതനായിരിക്കും വിഷയത്തിങ്കൽ അനിലകഫരുജാ ഭവിക്കും. അജ്ഞാനചൌൎയ്യാദികോപവ്യാപത്ശ്രീശൂദ്രങ്ങളും സ്ത്രീട്ടതകതനുഭവങ്ങളുടെ ഭൃത്യസവും വ്യംഗതയും ഭ്രംശയും ഭവിക്കും. മന്ദൻ ഇഷ്ടസ്ഥനായിരിക്കും വിഷയത്തിങ്കൽ ദുഃഖനാശവും പരിണതവനിതാഭോഗമാസായസ്സുകളുടെയും പൂശ്രേണീഗ്രാമാധിപത്യത്തിന്റെയും വരകമഹിഷ്യാദികങ്ങളുടെയും ലാഭവും ഭവിക്കും.

സാരം— അനിഷ്ടസ്ഥിതനായ ശനിയുടെ ദശയിൽ വാതകഫങ്ങൾ ഹേതുവായിട്ടുള്ള രോഗവും അജ്ഞാനം ഹേതുവായിട്ടും മോഷണാദികൾ ഹേതുവായിട്ടും കോപം ഹേതുവായിട്ടും ഉള്ള ആപത്തും ആലസ്യവും തളൎച്ചയും ഭാൎയ്യാപുത്രഭൃത്യന്മാർനിന്ദിക്കയും അംഗനാശവും ഈൎഷ്യയുമുണ്ടാകും. ഇഷ്ടസ്ഥനായശനിയുടെ ദശയിൽ ദുഃഖനാശവും വൃദ്ധസ്ത്രീഭോഗവും മാസലാഭവും ലോഹലാഭവും നഗരാധിപത്യത്തെ ലഭിക്കുകയും സമൂഹാധിപത്യത്തെ ലഭിക്കുകയും ഗ്രാമാധിപത്യത്തെ ലഭിക്കുകയും വരകിനെ ലഭിക്കുകയും എരുമ മുതലായതുകളെ ലഭിക്കുകയുമുണ്ടാകും.

൩൯. മന്ദോദിതംസ്വാശ്രിതഭേശപരോക്തംസ്വോക്തഞ്ചരാ
ഹോരഫലംഭൂമിജോക്തം । സ്വോക്തംനിജാധിഷ്ഠിതരാശിപോ
ക്തംകേതോശ്ചവാച്യംത്രിതയംഫലാനാം ॥ ഇതി ॥

അന്വയാൎത്ഥം— രാഹുവിന്ന മന്ദോദിതവും സ്വാശ്രിതഭേശപരോക്തവും സ്വോക്തവും ഇങ്ങിനെ ഫലങ്ങളുടെ ത്രിതയം വാച്യമായി ഭവിക്കുന്നു. ഭൂമിജോക്തവും സ്വോക്തവും നിജാധിഷ്ഠിതരാശിപോക്തവും ഇങ്ങിനെ ഫലങ്ങളുടെ ത്രിതയം കേതുവിന്നും വാച്യമായി ഭവിക്കുന്നു.

സാരം— രാഹുവിന്നശനിയുടെഫലത്തെയും താൻ നിന്നരാ

സാരം—— പുറപ്പെട്ടുപോക, വിഷമവ്യാധി, സ്വജനനാശ ഗ്രഹംകത്തുക. സ്ഥാനഭ്രംശം, രാജകോപം, ലോകവിരോധം, അതിവ്യയം, കള്ളന്മാർകടന്നു മുതൽകൊണ്ടുപോക, മാനഭംഗം, ദുഷ്കീൎത്തി, ഇങ്ങിനെയുള്ളതുകൾ ഒക്കയും ആപത്തുകൾ ആകുന്നു. ദുഷ്ടങ്ങളായഭാവങ്ങളെയും ദുഷ്ടഗ്രഹങ്ങളെയും അനുസരിച്ചിട്ടു മെൽപറഞ്ഞ ആപത്തുകളിൽ ഏതെതിന്നു സംഗതിയുണ്ടാകുമൊ അതൊക്കയും പറകപ്പെട്ടുവാൻ യൊഗ്യമാകുന്നു.

൯൮. ആരൊഗ്യംനൃപമാനനാധനസമായാനംസുഹൃൽസംഭവസ്സാഫല്യം സഫലക്രിയാസ്വസതതംചിത്തപ്രസാദൊദയഃ। സ്ഥാനപ്രാപ്തിജനാനുരാഗസുയശസ്സന്താനലാഭാദയൊവാച്യാസ്സ്യുഃഖെലുസംപദൊഭിമതഭാവൊപെതഖെടൊചിതാഃ॥

അന്വയാൎത്ഥം —— ആരൊഗ്യവും നൃപമാനനയും ധനസമായാനവും സുഹൃൽസംഭവവും സകലക്രിയകളിലെ സാഫല്യവും എല്ലാസമയത്തിങ്കലും ചിത്തപ്രസാദൊദയവും സ്ഥാനപ്രാപ്തിജനാനുരാഗസുയശസ്സന്താനലാഭാദികളുമാകുന്ന അഭിമതഭാവൊപെതഖെടൊചിതകളായിരിക്കുന്ന സംപത്തുകൾ വാച്യകളായി ഭവിക്കുന്നു.

സാരം—— ആരൊഗ്യവും രാജസമ്മാനവും ധനലാഭവും ബന്ധുക്കളുണ്ടാകയും എല്ലാകൎമ്മങ്ങളും സഫലങ്ങളായി ഭവിക്കുകയും എല്ലാസമയത്തിങ്കലും മനഃപ്രസാദമുണ്ടാകയും സ്ഥാനപ്രാപ്തിയും ജനസ്നേഹവും നല്ലയശസ്സുണ്ടാകയും പുത്രലാഭവും തുടങ്ങിയുള്ളതുകളും സംപത്തുകളാകുന്നു. അതുകളിൽവെച്ചു ഇഷ്ടഭാവസ്ഥിതന്മാരായിരിക്കുന്ന സൂൎയ്യാദികൾക്കു ഏതെതു ചെരുന്നതായ്ക്കുമൊ അതൊക്കെയും പറകപ്പെട്ടുവാൻ യൊഗ്യമാകുന്നു.

൯൯. ദൃഷ്ടാദൃഷ്ടക്രിയാത്തതാപാച്ശുഭാശുഭഫലംദ്വിധാ। മനൊവാക്കൎമ്മജത്വാച്ചത്രിവിധംതൽഭിദൊച്യതെ॥

അന്വയാൎത്ഥം—— ദൃഷ്ടാദൃഷ്ടക്രിയാത്തതാപം ഹെതുവായിട്ടുശുഭാശുഭഫലം രണ്ടുപ്രകാരെണ ഭവിക്കുന്നു. അതുമനൊവാക്കൎമ്മജമാകയാൽ ത്രിവിധമായിട്ടും ഭവിക്കുന്നു.

സാരം—— ഇഷ്ടഫലവും കഷ്ടഫലവും ദൃഷ്ടകൎമ്മംകൊണ്ടു സംപാദിക്കപ്പെട്ടതായിട്ടും അദൃഷ്ടകൎമ്മംകൊണ്ടു സംപാദിക്കപ്പെട്ടതായിട്ടുമുണ്ടാകുന്നതാകയാൽ രണ്ടും രണ്ടുവിധമാകുന്നു. ആ രണ്ടും മാനസമായിട്ടും വാചികമായിട്ടും കൎമ്മജമായിട്ടുമുണ്ടാകുന്നതാകയാൽ മൂന്നുവിധമാകുന്നു. ഇനി അതിന്റെ ഭെദത്തെപറയുന്നു.

ത്താളമായിരിക്കുന്ന തന്ത്രീകത്തിങ്കൽ യാതൊന്ന വിബലഖര യുതമായി ഭവിക്കുന്നുവൊ അതുകൊണ്ടു ദൊഷാനുഭൂതി വാച്യ യായി ഭവിക്കുന്നു-

൯൦൨. ചിത്തവാചിചകൎമ്മണിത്രിഷുഖരൊപെതെഷുതെ ഷ്വത്രിഭി ജ്ജായന്തദ്ദുരിതാനികൎമ്മസശുഭംസാന്തച്ചചെതൊവ ചഃ । യദ്യത്രക്രിയമാണകൎമ്മസുമനഃഖെദാൽശിരാനിഷ്ടയാ പാപംചെതസിവാക്ചഖെദശുഭയുക്ചെൽകൎമ്മചാശ്രദ്ധയാ॥

അന്വയാൎത്ഥം — ചിത്തവും വാക്കും കൎമ്മവുമാകുന്ന മൂന്നും ഖരൊപെതങ്ങളായിരിക്കും വിഷയത്തിങ്കൽ ആ മൂന്നും ഹെതുവാ യിട്ടു ദുരിതങ്ങൾ ജനിക്കുന്നു- കൎമ്മം സശുഭമായിട്ടും ചെതൊവ ചസ്സു സാന്തമായിട്ടും ഭവിക്കമെങ്കിൽ ഇവിടെ ക്രിയമാണക ൎമ്മങ്ങളിൽ മനഃഖെദം ഹെതുവായിട്ടും അനിഷ്ടയായിരിക്കുന്ന ഗിരഹെതുവായിട്ടും ദുരിതങ്ങൾ ജനിക്കുന്നു- ചെതസ്സിങ്കൽ പാ പൻ സ്ഥിതനായിട്ടും വാക്കും കൎമ്മവും ശുഭയുക്തായിട്ടും ഭവിക്ക മെങ്കിൽ ശ്രദ്ധയൊടുകൂടാതെ ഉള്ള കൎമ്മവും വാച്യമാകുന്നു-

സാരം — അഞ്ചാമെടത്തും രണ്ടാമെടത്തും പത്താമെടത്തും പാപയൊഗമുണ്ടായ്വരികിൽ മനൊവാക്കൎമ്മങ്ങൾ മൂന്നും നിമിത്ത മായിട്ടുള്ള ദുരിതങ്ങളെ പറയെണം- പത്താമെടത്തിന്നു ശുഭയൊ ഗവും അഞ്ചാമെടത്തിന്നും രണ്ടാമെടത്തിന്നും പാപയൊഗവുമുണ്ടാ യ്വരികിൽ കൎമ്മങ്ങളെ ചെയ്യുന്നസമയത്തിങ്കൽ മനൊദൊഷവും വാഗ്ദൊഷവുമുണ്ടായിരിക്ക നിമിത്തമായി ഉണ്ടായ ദുരിതത്തെ പറയെണം- അഞ്ചാമെടത്തിന്നു പാപയൊഗവും രണ്ടാമെടത്തി ന്നും പത്താമെടത്തിന്നും ശുഭയൊഗവുമുണ്ടായ്വരികിൽ ശ്രദ്ധയൊ ടുകൂടാതെ കൎമ്മങ്ങൾ ചെയ്ക നിമിത്തമായി ഉണ്ടായ ദുരിതത്തെ പറയെണം-

൯൦൩. തദ്ദൊഷസ്സുതനായപെധികതരഃ പാപംപരംവാചിചെൽ സൌമ്യൈഃ കൎമ്മണിമാനസെ ചദുരിതംവാഗ്ദൊഷതൊജായതെ । ത ദ്ദൊഷൊധികമൎത്ഥഹാഫൊപ്യരിചക്ഷെചമൌഢ്യെഖരാ സ്സൂശ സപക്ഷസ്സുഹൃൽഗ്രഹെഷ്വപിശുഭാദ്ദൊഷൊല്പൈണെചാധികാഃ ॥ ഇതി ॥

അന്വയാൎത്ഥം — തദ്ദൊഷം തനയാപത്തിന്നായിക്കൊണ്ടു അ ധികതരമായി ഭവിക്കുന്നു- വാക്കിങ്കൽതന്നെ പാപനും കൎമ്മത്തി ങ്കലും മാനസത്തിങ്കലും സൌമ്യന്മാരാകുന്നു എങ്കിൽ വാഗ്ദൊഷം ഹെതുവായിട്ടു ദുരിതംജനിക്കുന്നു- തദ്ദൊഷം ഏററവും അൎത്ഥഹാ വായിഭവിക്കുന്നു- അരിപ്പനിചക്ഷത്തിങ്കലും മൌഢ്യത്തിങ്കലും

സാരം— ആദിത്യന്റെ ഏഴാംരാശി, ഒമ്പതാംരാശി, അഞ്ചാം രാശി, ഈ മൂന്നുരാശികളിൽ വെച്ച പാപക്ഷെത്രമായിട്ടുള്ളതിൽ രണ്ടുപാപന്മാർ നിന്നാൽ പൃഛ്ഛകന്റെ അഛന്ന ബന്ധനത്തെ പറയെണം- സൂൎയ്യൻ ബലവാനായിരുന്നാൽ ആ ബന്ധനംകാൎയ്യം ഹെതുവായിട്ടാകുന്നു എന്നും ദുൎബ്ബലനായിരുന്നാൽ കടംഹെതുവായിട്ടാകുന്നു എന്നും പറയെണം- സൂൎയ്യന്റെസ്ഥിതി ചരരാശിയിലായിരുന്നാൽ ബന്ധനത്തിങ്കൽ കിടക്കുന്നതു ദൂരദെശത്തിങ്കലെന്നും സ്ഥിരരാശിയിലായിരുന്നാൽ സമീപത്തിങ്കലെന്നും ഉഭയരാശിയിലായിരുന്നാൽ ദൂരവും സമീപവുമല്ലാത്തെടത്തന്നും പറയെണം= സൂൎയ്യന്റെ ഏഴൊമ്പതഞ്ചാമെടങ്ങളിൽ നില്ക്കുന്ന രണ്ടുപാപന്മാർ പാപക്ഷെത്രത്തിലല്ലെന്നിരിക്കിലും അവരുടെ നവാംശകരാശികളുടെ അധിപന്മാർ പാപന്മാരായിരുന്നാൽ അതുകൊണ്ടും പിതൃബന്ധനയൊഗത്തെ പറയാം= സൂൎയ്യൻ പിതൃകാരകനാകയാൽ സൂൎയ്യങ്കൽ നിന്ന ഏഴൊമ്പതഞ്ചാമെടങ്ങളിൽ രണ്ടുപാപന്മാരുടെ മെൽപ്രകാരമുള്ള സ്ഥിതികൊണ്ടു പിതൃബന്ധനത്തെ പറയുന്നതുപൊലെ പുത്രാദികാരകന്മാരായ വ്യാഴംമുതലായുള്ളഗ്രഹങ്ങളുടെമെൽപറഞ്ഞ ഭാവങ്ങളിൽ മെൽപറഞ്ഞപ്രകാരം പാപസ്ഥിതി ഭവിച്ചാൽ അതുകൊണ്ടു പുത്രാദിബന്ധനത്തെയും പറയാം-

൫൦൬. കൃത്വാലഗ്നം രവെസ്ഥാനെ പ്രഷ്ടുൎബ്ബന്ധൊപികല്പ്യതാം । ലഗ്നെചരെസ്ഥിരെദ്വന്ദ്വെബന്ധൊദൂരാന്തികാദ്ധ്വസു ॥

അന്വയാൎത്ഥം——രവിയുടെ സ്ഥാനത്തിങ്കൽ ലഗ്നത്തെ ചെയ്തിട്ട പ്രഷ്ടാവിന്റെ ബന്ധവും പറകപ്പെടെണം- ലഗ്നം ചരമായിട്ടും സ്ഥിരമായിട്ടും ദ്വന്ദ്വമായിട്ടും സത്തായിരിക്കും വിഷയത്തിങ്കൽ ബന്ധം ദൂരാന്തികാദ്ധ്വാക്കളിൽ കഥിക്കപ്പെടെണം=

സാരം—— ആദിത്യന്റെ സ്ഥാനത്തിങ്കൽ ലഗ്നത്തെ കല്പിച്ചിട്ടു മെൽപ്രകാരം പൃഛകബന്ധത്തിന്ന യൊഗംകണ്ടാൽ അതിനെയും പറയെണം- അവിടെയും ലഗ്നം ചരരാശിയാകിൽ ദൂരദെശത്തിങ്കലെന്നും സ്ഥിരരാശിയാകിൽ അടുത്ത ദെശത്തിങ്കലെന്നും ഉഭയരാശിയാകിൽ വഴിയിലെന്നും ബന്ധഭൂമിയെ പറയെണം-

൫൦൭. ഏവം വരാഹമിഹിരെണാപിസപ്തഹൊരായാംസമീരിതം। ലക്ഷണംബന്ധനസ്യാത്രതദ്വ്യാഖ്യാതവിലിഖ്യതെ ॥

അന്വയാൎത്ഥം—— വരാഹമിഹിരനാലും ബന്ധനത്തിന്റെ

പാപൻ രണ്ടാമെടത്തുനിന്നാൽ രാജാവിനാൽ അവന്റെ ദൊഷം നിമിത്തമായി ചെയ്കപ്പെട്ട ബന്ധനത്തെയും അഞ്ചാമെടത്തു പാപൻ നിന്നാൽ പുത്രൻ ഹെതുവായിട്ടുള്ള ബന്ധനത്തെയും ഒമ്പതാമെടത്തു പാപൻനിന്നാൽ അച്ഛൻ ഹെതുവായിട്ടുള്ള ബന്ധനത്തെയും പറയെണം. മെടവും, ഇടവവും, ധനുവും, ലഗ്നമായാൽ ബന്ധനസാധനം കയർതന്നെ. മിഥുനം, കന്നി. തുലാം, കുംഭം ഇതുകൾ ലഗ്നങ്ങളായാൽ ബന്ധനസാധനം ചങ്ങലയെത്രെ ആകുന്നതു. ശെഷരാശികൾ ലഗ്നങ്ങളായാൽ ബന്ധനസാധനം ഗൃഹാദികളാകുന്നു അതുകൾ ബന്ധനസാധനങ്ങളായാൽ ബന്ധനമെന്നത അകത്തിട്ടു അടയ്ക്കുകയാകുന്നു എന്നും അറിഞ്ഞുകൊൾക.

(വാ) അത്രശ്ലൊകീയം ||

ഇവിടെ ശ്ലൊകീയ മുമ്പെന്നു മെൽ എഴുതിയ വാക്യത്തിന്റെ സാരം.

൧൦൯. സൌരദ്രെക്കാണെവാ ഭുജഗപതിവെഷ്ടിതെ വാലഗ്നെ ശശിസൌരാഭ്യാം ദൃഷ്ടെ ബന്ധനമിഹ വാച്യമാദെശെ ||

അന്വയാൎത്ഥം — ലഗ്നം സൌരദ്രെക്കാണമായിട്ടൊ ഭുജഗപതിവെഷ്ടിതമായിട്ടൊ ശശിസൌരന്മാരാൽ ദൃഷ്ടമായിരിക്കുമ്പൊൾ ഈ ആദെശത്തിങ്കൽ ബന്ധനം വാച്യമായി ഭവിക്കുന്നു.

സാരം — ശനിദ്രെക്കാണമൊ സൎപ്പദ്രെക്കാണമൊ ലഗ്നമായിരിക്കുമ്പൊൾ ആ ലഗ്നത്തിന്ന ചന്ദ്രദൃഷ്ടിയും ശനിദൃഷ്ടിയുമുണ്ടായാൽ ബന്ധനത്തെ പറയെണം.

൧൧൦ പാപക്ഷെത്രെഷുയമെ ത്രികൊണചതുരശ്രസപ്തമെ ക്രൂരൈൎന്നിരീക്ഷ്യമാണെബന്ധസ്ഥിത്യാദിശെൽ ക്ഷിപ്രം ||

അന്വയാൎത്ഥം — യമൻ പാപക്ഷെത്രങ്ങളിൽ ഗതനായിട്ടും ത്രികൊണ ചതുരശ്രസപ്തമങ്ങളിലെ ക്രൂരന്മാരാൽ നിരീക്ഷ്യമാണനായിട്ടും സന്നായിരിക്കും വിഷയത്തിങ്കൽ പൊട്ടുന്നനെ ബന്ധനത്തെ ആദെശിക്കെണം.

സാരം — പാപക്ഷെത്രത്തിങ്കൽ പാപന്മാരുടെ ത്രികൊണചതുരശ്ര സപ്തമ ദൃഷ്ടിയൊടു കൂടിയവനായിട്ടു ശനി നിന്നാൽ ബന്ധനത്തെ പറയെണം.

൧൧൧. അചിരെണചരെമൊക്ഷസ്ഥിരഭെമൊക്ഷസ്സുദീൎഘകാലെന | ദ്വിശരീരഗതെസൌരെമധ്യകാലെനമൊക്ഷസ്സ്യാ

൫൫. ദ്യൂനസ്ഥൗകുജഭാനുജൗഘലയുതക്ഷേസ്യാത്താംതയോശ്ച കസ്യാപി ത്ര്യാശേന്ത്യസ്യമരണസ്ഥിതിശ്ചമൃതയെ രിഃഫാർത്ഥസംസ്ഥൗചതേ|പാപാസ്സ്യുശ്ചതുരശ്രഗാശ്ചമൃതിദാഃപ്രോക്തംതഥാ ദിരംചിന്ത്യം ഭാവാനാംതദധീനകാരകവിഹംഗാനാംത്രയാണാമപി||

അന്വയാർത്ഥം — ദ്യൂനസ്ഥന്മാരായിരിക്കുന്ന കുജഭാനുജന്മാർ ശത്രുക്കളായിക്കൊണ്ടു ഭവിക്കും. അവരിൽവെച്ചു ഒരുത്തന്റെ യോഗം സത്തായിരിക്കും വിഷയത്തിങ്കൽ അന്യന്റെ മരണസ്ഥിതിയും രിഃഫാർത്ഥസംസ്ഥന്മാരായിരിക്കുന്ന് അവരും മൃതിക്കായിക്കൊണ്ടുഭവിക്കും. ചതുരശ്രഗന്മാരായിരിക്കുന്ന പാപന്മാരും മൃതിദന്മാരായിഭവിക്കും. പ്രോക്തമായിരിക്കുന്ന ഇതാകട്ടെ ഭാവങ്ങളും തദധീനകാരകവിഹംഗന്മാരുമാകുന്ന മൂന്നുകളുടെ ചിന്തനമായി ഭവിക്കുന്നു.

സാരം — ലഗ്നത്തിന്റെയൊ ലഗ്നാധിപന്റെയൊ ലഗ്നകാരകന്റെയൊ ഏഴാമെടത്തു ചൊവ്വയും ശനിയും കൂടിനിന്നാൽ വ്യാധിളുണ്ടാകും. അവരിൽവെച്ചു ഒരുത്തൻ ലഗ്നത്തൊടൊ ലഗ്നാധിപനൊടൊ ലഗ്നകാരകനൊടൊ കൂടിയും മറ്റെവൻ ഏഴാമെടത്തും നിന്നാൽ മരിക്കും. ലഗ്നത്തിന്റെയൊ ലഗ്നാധിപന്റെയൊ ലഗ്നകാരകന്റെയൊ പന്ത്രണ്ടാമെടത്തെങ്കിലും, രണ്ടാമെടത്തെങ്കിലും ചൊവ്വയും ശനിയും കൂടിനിന്നാൽ മരിക്കും. ലഗ്നലഗ്നാധിപകാരകന്മാരുടെ ചതുരശ്രങ്ങളിൽ പാപന്മാർ നിന്നാലും മരിക്കും. ലഗ്നലഗ്നാധിപകാരകന്മാരെ എല്ലാം ഗ്രഹിക്കെണമെന്നത് പ്രോക്തന്തിദം ചിന്ത്യമിത്യാദി വാക്യശെഷബലാൽ സിദ്ധമാകുന്നു.

൫൬. ചന്ദ്രെപാപയുതെഥവാഭൃഗുസുതെകാമെഥവാവെശ്മനി സ്ത്രീഭിസ്സ്യാൽകലഹൊഥബന്ധുകലഹഃ പാപെഭവെൽബന്ധുഗെ| മാതുഃക്ലേശകരോശുഭോന്യസുഖഗസ്സൌമ്യോന്യഗെബന്ധുഗഃ പാപത്വബലാവശാത്സപജനസ്യാപ്രഷ്ടാധികംചിന്തയെൽ||

അന്വയാർത്ഥം — പാപയുതനായിരിക്കുന്ന ചന്ദ്രനൊ ഭൃഗുസുതനൊ കാമത്തിങ്കലൊ വെശ്മത്തിങ്കലൊ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ സ്ത്രീകളൊടുകൂടെ കലഹം ഭവിക്കും. പാപൻ ബന്ധുഗനായിരിക്കുംവിഷയത്തിങ്കൽ ബന്ധുകലഹം ഭവിക്കും. അന്യസുഖഗനായിരിക്കുന്ന അശുഭൻമാതൃക്ലേശകരനായി ഭവിക്കും. സൌമ്യൻഅന്യഗനായിരിക്കും വിഷയത്തിങ്കൽ പാ

ദിക്കുമെന്നും ഗ്രഹിക്കേണമെന്നറിക. ആദിത്യ ചന്ദ്രന്മാരുടെ യോഗം ഹേതുവായിട്ട ധനാദിഭാവങ്ങളുടെ പ്രകാശതയെയും അറിയേണം.

(൫) അമാസ്യോദാഹരണം॥

ഇതിന്റെ ഉദാഹരണമെന്ന മേൽഎഴുതിയ വാക്യത്തിന്റെ അർത്ഥമാകുന്നു. ഉദാഹരണത്തെ താഴെ പറയുന്നു.

ഫമവ്യ അദൃശ്യാർദ്ധസ്ഥിതെന്യൂനെശെപ്രഷ്ടുസ്സ്യാൽഗ്രഹകാമതാ। സ്പൃഷ്ടകാമൊഭവെൽപ്രഷ്ടാദൃശ്യനെശെസ്പൃഷ്ടഭാവഗെ॥ ഇതി॥

അന്വയാർത്ഥം—— അന്യേശൻ അദൃശ്യാർദ്ധസ്ഥിതനായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്നു ഗ്രഹകാമതാ ഭവിക്കും. ദ്യൂനേശൻ ദൃശ്യഭാഗഗനായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവസ്പൃഷ്ടകാമനായി ഭവിക്കും.

സാരം—— ഏഴാംഭാവാധിപൻ അദൃശ്യാർദ്ധത്തിങ്കൽ നിന്നാൽ പൃഛകൻ ഗ്രഹകാമനായി ഭവിക്കും. ഏഴാംഭാവാധിപൻ ദൃശ്യാർദ്ധത്തിങ്കൽ നിന്നാൽ പൃഛകൻ സ്പൃഷ്ടകാമനായി ഭവിക്കും. ഇപ്രകാരം മറ്റുള്ളഭാവങ്ങളുടെയും സ്പൃഷ്ടാസ്പൃഷ്ടതകളെ ഗ്രഹിച്ചുകൊൾക.

ഫഫൻ- ശുഭൊശുഭക്ഷജീർണ്ണസംസ്കൃതാദിഭ്യാംയദീരിതം। തൽ സർവ്വംസർവ്വഭാവെഷുയൊജനീയംഹിയുക്തിതഃ॥

അന്വയാർത്ഥം—— ശുഭാശുഭക്ഷജീർണ്ണസംസ്കൃതാദികൾകൊണ്ട യാതൊന്ന ഉദീരിതമായി ഭവിക്കുന്നുവൊ അതുസർവ്വമായിട്ട സർവ്വഭാവങ്ങളിൽ യുക്തിയെ അനുസരിച്ചു യൊജനീയമായി ഭവിക്കുന്നു.

സാരം—— ശുഭാശുഭക്ഷ എന്നാകുന്ന ആദിയോടുകൂടിയ ശ്ലോകംകൊണ്ടും ജീർണ്ണസംസ്കൃത എന്നാകുന്ന ആദിയൊടുകൂടിയതായ ശ്ലോകംകൊണ്ടും പറകപ്പെട്ടതൊക്കെയും യുക്തിക്കുതക്കവണ്ണം എല്ലാഭാവങ്ങളിലും യോജിപ്പിക്കപ്പെടുവാൻയോഗ്യമാകുന്നു അതുഹേതുവായിട്ട സപ്തമാധിപൻ ശുഭനായി അശുഭക്ഷേത്രത്തിൽ നിന്നാൽ നികൃഷ്ടഭവനത്തിങ്കൽനിന്ന സൌന്ദര്യാദിഗുണങ്ങളൊടുകൂടിയ ഭാര്യയെ ലഭിക്കും. ഇങ്ങിനെതുടങ്ങി എല്ലാംവിചാരിച്ചുയോജിപ്പിച്ചു പറഞ്ഞുകൊൾക.

ഇതി ചതുർദ്ദശൊദ്ധ്യായഃ

ന്തരം അവരുടെ ആനുകൂല്യത്തെ ഉണ്ടാക്കുന്നതായ ശുഭകർമ്മത്തെ ചെയ്‌വാൻ പ്രഷ്ടാവിനോടു പറയേണം - ഇതു ദൈവജ്ഞകൃത്യമാകയാൽ അവരുടെ ആനുകൂല്യത്തെയും പ്രതികൂലതയെയും അറിവാനുള്ള മാർഗ്ഗത്തെ ഇനി ഉപദേശിക്കുന്നു-

൩. സദേശപരാണാംധിഷ്ണ്യാനാംസ്ഥിതിനിത്യംസാന്നിധ്യമസ്മാ
ദ്ധിഷ്ണ്യമാനുകൂലെ । പ്രായേണാനുകൂലാസ്സകലാശ്ചദേവാസ്തൽ
പ്രാതികൂല്യെസതിനാനുകൂലാഃ ।

അന്വയാർത്ഥം—— സദേശപരന്മാരുടെയും സാന്നിധ്യം ധിഷ്ണ്യങ്ങൾ എന്നും ഭവിക്കുന്നു ഇത ഹേതുവായിട്ട ധിഷ്ണ്യൻ അനുകൂലനായി സന്നായിരിക്കും വിഷയത്തിങ്കൽ സകലന്മാരായിരിക്കുന്ന ദേവന്മാരും പ്രായേണ അനുകൂലന്മാരായി ഭവിക്കും- തൽപ്രാതികൂല്യം സത്തായിരിക്കും വിഷയത്തിങ്കൽ അനുകൂലന്മാരായി ഭവിക്കില്ല-

സാരം—— എല്ലാദേവന്മാരും തന്റെ തന്റെ ശക്തിയെ വ്യാഴത്തിങ്കൽ വെച്ചിരിക്കുന്നു- അത ഹേതുവായിട്ട വ്യാഴത്തിന്റെ ആനുകൂല്യമുണ്ടായിരുന്നാൽ എല്ലാദേവന്മാരും പ്രായേണ അനുകൂലന്മാരായി ഭവിക്കും വ്യാഴം പ്രതികൂലനായാൽ പ്രതികൂലന്മാരായിട്ടുതന്നെ ഭവിക്കും-

൪. അർക്കശ്ശംഭുരുദാഹൃതൊഖിലഗ്രഹേഷുപക്കോയദിമന്ദപദെ
ദ്രെക്കാണെപ്രഥമെഗ്രഹൊത്രകഥിതൊവിഘ്നേശപരോമധ്യമെ ।
ദുർഗ്ഗാശീതകരൊബലീസവിബലഃകാളീസഏവാബലശ്ചാമുണ്ഡീ
പ്രമുഖാസ്തമൊഗുണജ്ഞെഷൊഭൈരമാലയസ്ഥെയദി ॥

അന്വയാർത്ഥം—— അഖിലഗ്രഹങ്ങളിൽ സ്ഥിതനായിരിക്കുന്ന അർക്കൻ ശംഭുഎന്ന ഉദാഹൃതനായി ഭവിക്കുന്നു- അർക്കൻമന്ദപദത്തിങ്കൽ പ്രഥമമായിരിക്കുന്ന ദ്രെക്കാണത്തിങ്കൽ സ്ഥിതനാകുന്നുഎങ്കിൽ ഗുഹനെന്നു ഉദാഹൃതനായി ഭവിക്കുന്നു- ഇതിങ്കൽ മധ്യമമായിരിക്കുന്ന ദ്രെക്കാണത്തിങ്കൽ സ്ഥിതനാകുന്നു എങ്കിൽ വിഘ്നേശപരനെന്നു കഥിതനായിഭവിക്കുന്നു- ബലിയായിരിക്കുന്ന ശീതകരൻ ദുർഗ്ഗയാകുന്നു- വിബലനായിരിക്കുന്ന അവൻതന്നെ കാളിയാകുന്നു- അബലനായിരിക്കുന്ന അവൻതന്നെ ഭൈരമാലയസ്ഥനാകുന്നു എങ്കിൽ തമോഗുണജ്ഞകളായിരിക്കുന്ന ചാമുണ്ഡീപ്രമുഖകളാകുന്നു-

സാരം—— മിഥുനം കന്നി, ധനു, മീനം, ഈ നാല ഉഭയരാശികളെ ഒഴിച്ചു മറ്റുള്ളരാശികളിലും മിഥുനംമുതലായ ഉഭയരാശികളുടെ മൂന്നാമത്തെ ദ്രെക്കാണങ്ങളിലും നില്ക്കുന്ന ആദിത്യ

യിട്ടു ഭീമാംഗനയായി ഭവിക്കുന്നു.

സാരം — സ്ഥിരരാശിയെ ഒഴിച്ചു മററുള്ള രാശികളിൽ നില്ക്കുന്ന ബുധൻ ശ്രീരാമൻ മുതലായ അവതാര വിഷ്ണുവാകുന്നു. സ്ഥിരരാശിയിൽ ഒന്നാംദ്രേക്കാണത്തിലും രണ്ടാംദ്രേക്കാണത്തിലും നിന്നാൽ ശ്രീകൃഷ്ണനാകുന്നു. സ്ഥിരരാശിയിൽ മൂന്നാംദ്രേക്കാണത്തിൽ നിന്നാൽ വിഷ്ണുതന്നെ ആകുന്നു. വ്യാഴം മഹാവിഷ്ണുവെന്നും പറഞ്ഞിട്ടുണ്ടു. അത്ര തന്നെ അല്ല. വ്യാഴം സൎവ്വദേവ സ്വരൂപനാകുന്നു. ഗ്രഹസംബന്ധത്തിന്റെ രാശിസംബന്ധത്തിന്റെയും ഭേദവശാൽ അതാതുദേവന്മാരായി ഭവിക്കുന്നു.

൭. അന്നപൂൎണ്ണേശരീലക്ഷ്മീയക്ഷീവാഭൃഗുനന്ദനഃ । മന്ദശ്ശാസ്താദികംദൈവംരാഹുസ്സൎപ്പഗണസ്മൃതഃ ॥

അന്വയാൎത്ഥം — ഭൃഗുനന്ദനൻ അന്നപൂൎണ്ണേശരിയായിട്ടും ലക്ഷ്മിയായിട്ടും യക്ഷിയായിട്ടും ഭവിക്കുന്നു. മന്ദൻ ശാസ്താദികമായിരിക്കുന്ന ദൈവമായി ഭവിക്കുന്നു. രാഹു സൎപ്പഗണമെന്ന സ്മൃതനായി ഭവിക്കുന്നു.

സാരം — ശുക്രൻ അന്നപൂൎണ്ണേശരിയായിട്ടും ശ്രീഭഗവതിയായിട്ടും യക്ഷിയായിട്ടും ഭവിക്കുന്നു. സ്വക്ഷേത്രത്തിൽ നിന്നാൽ അന്നപൂൎണ്ണേശരിഎന്നും ശുഭക്ഷേത്രത്തിൽ നിന്നാൽ ശ്രീഭഗവതിഎന്നും. പാപക്ഷേത്രത്തിൽ നിന്നാൽ യക്ഷിയെന്നുമെത്രെ മേൽപറഞ്ഞതിന്റെ സാരമാകുന്നത. ശനിയെക്കൊണ്ടു അയ്യപ്പൻ വെട്ടെക്കരമകൻ മുതലായദൈവന്മാരെ ഗ്രഹിച്ചു കൊൾക രാഹുവിനെക്കൊണ്ടു സൎപ്പഗണത്തെ ഗ്രഹിക്കേണം.

൮. ബാധകാധീശരാസ്സന്ത്യേയദിസൂൎയ്യാദിഖേചരാഃ । ദേവതാനാംനിജോക്താനാംപീഡാംബ്രൂയുരനിഷ്ടഗാഃ ॥

അന്വയാൎത്ഥം — സൂൎയ്യാദിഖേചരന്മാർ ബാധകാധീശന്മാരായി സന്തുക്കളായിട്ടു അനിഷ്ടഗന്മാരായി ഭവിക്കുമെങ്കിൽ നിജോക്തകളായിരിക്കുന്നദൈവതമാരുടെ പീഡയെ ബ്രവിക്കും.

സാരം — സൂൎയ്യൻ മുതലായ ഗ്രഹങ്ങൾ ബാധകസ്ഥാനാധിപതികളായിട്ടു അനിഷ്ടഭാവങ്ങളിൽ നിന്നാൽ അവക്കു പാകല്പെട്ട അതാതുദൈവന്മാരുടെ കോപം ഹേതുവായിട്ടാകുന്നു ഓരോ ദോഷങ്ങളും ഇപ്പോൾ സംഭവിച്ചത എന്നു പറയേണം. ബാധകസ്ഥാനം ഇന്നതെന്ന ഇനി ഒരേടത്തു പറയും.

൯. കോപസ്യകാരണംകോപശമനായപ്രതിക്രിയാ । ദേവ

൧൧. ലഗ്നസ്ഥപാപയുക്തസതി ഖലു വിഘ്നേ ബിംബ ദോഷോത്ര ബിംബം ഭിന്നം തസ്മിൻ സമേതേ ധരണിതനുഭുവാ ശുദ്ധിരേവാന്യപാപൈഃ। ബിംബം തത്ര പ്രദേയം ഭവതി ഖലു മന്ദൈപചരേ ഫാലയന്യേഹജീൎണ്ണം വെശ്മാലയന്തന്നവമഥ കുരുതാം മിയതാംവാന്യവെ ൧൧ ॥

അനന്വയാൎത്ഥം— പാപയുക്തനായി സന്നായിരിക്കുന്ന വിഘ്നൻ ലഗ്നസ്ഥനായിരിക്കും വിഷയത്തിങ്കൽ ഇതിങ്കൽ കാരണമായിട്ടു ബിംബദോഷം തന്നെ വാച്യമായി ഭവിക്കുന്നു- അവൻ ധരണിതനുഭുവിനോടു സമേതനായിരിക്കും വിഷയത്തിങ്കൽ ഭിന്നമായിരിക്കുന്ന ബിംബം കാരണമായിട്ടു വാച്യമായി ഭവിക്കുന്നു- അന്യപാപന്മാരോടു സമേതനായിരിക്കും വിഷയത്തിങ്കൽ അശുദ്ധിതന്നെ വാച്യമായി ഭവിക്കുന്നു- അതു ഭിന്നമായിരിക്കും വിഷയത്തിങ്കൽ മത്തിനായിക്കൊണ്ടു ബിംബംതന്നെ പ്രദേയമായിട്ടു ഭവിക്കുന്നു- പാപയുക്തനായി സന്നായിരിക്കുന്നവൈചരൻ ആലയസ്ഥനായിരിക്കുംവിഷയത്തിങ്കൽജീൎണ്ണമായിരിക്കുന്നവെശ്മം ഇതിങ്കൽ കാരണമായിട്ടു വാച്യമായിഭവിക്കുന്നു- അതുജീൎണ്ണമായിരിക്കുംവിഷയത്തിങ്കൽ ആലയത്തെ നവമാക്കിച്ചെയ്യണം- അന്യവെശ്മംദാനംചെയ്യപ്പെടുകയുമാം

സാരം— ലഗ്നത്തിങ്കൽ പാപനോടുകൂടെ ശുക്രൻ നിന്നാൽ കോപകാരണം ബിംബദോഷമാകുന്നു എന്നുപറയേണം- ഇവിടെ ബിംബദോഷമെന്നതു ബിംബത്തിന്റെ ഭിന്നതയും അശുദ്ധിയുമാകുന്നു- ലഗ്നത്തിങ്കൽ നില്ക്കുന്ന ശുക്രനോടുകൂടിയപാപൻ ചൊവ്വയാകുന്നു എങ്കിൽ ബിംബഭിന്നതയെയും മറ്റുള്ള പാപന്മാരായാൽ അശുദ്ധിയെയും പറഞ്ഞുകൊൾക- ബിംബം ഭിന്നമായാൽ വേറെ ഒരുബിംബത്തെ നിൎമ്മിച്ചുകൊടുക്കേണം- അശുദ്ധിയെക്കുറിച്ചു ഒന്നും പറഞ്ഞില്ല- അതിന്നുകാരണം പ്രതിവിധി പ്രസിദ്ധിയെത്രെ ആകുന്നതു- എങ്കിലും സ്പഷ്ടമായി ഗ്രഹിപ്പാനായിക്കൊണ്ടു പറയുന്നു- ബിംബത്തിന്ന അശുദ്ധി ഭവിച്ചാൽ ബിംബശുദ്ധിയെ ചെയ്തുകൊള്ളേണം- നാലാമെടത്തു ശുക്രൻ പാപനോടു കൂടെ നിന്നാൽ അമ്പലത്തിന്റെ പഴക്കം ഹേതുവായിട്ടുള്ള കേടു കോപകാരണമാകുന്നു എന്നും പറയേണം- അതുതന്നെ പുതിയതാക്കുകയോ വേറെ ഒന്നു നിൎമ്മിച്ചുകൊടുക്കുകയോ അതിന്റെ പ്രതിവിധിയാകുന്നു-

൧൨. ഇത്ഥംപ്രസംഗതഃകോക്കുഗ്രഹദോഷെബിംബപ്രദീപസ്മൃത ശൃങ്ക്രനുപാലയഗോപുവായസമപിക്ഷീരംഘൃതംവാപ്യനഃ। ബൌ

അതാതിനെക്കൊട്ടത്തു കൊള്ളുക-

(വാ) അത്രഗ്രന്ഥാന്തരം ॥

അന്വയാൎത്ഥം—— ഇവിടെ ഗ്രന്ഥാന്തരം ഭവിക്കുന്നു-

സാരം—— ഇപ്പറകപ്പെട്ട വിഷയത്തിങ്കൽ വേറെ ഒരുശാസ്ത്ര മുണ്ടു ഇനി അതിനെക്കാണിക്കുന്നു-

൫൪. ലഗ്നാദൌ പ്രതിബിംബദാനജപപൂജാധാമസന്തൎപ്പണൈരുക്ത്യാന്തിഃ പ്രതികാരനൃത്തബലിഭിർദ്ദീപോപാസനൈ ശ്ചക്രമാൽ । ശ്രീഭൂതാഖ്യബലിനോത്സവേന സലിലൈരപ്യത്രദോഷാ യമീശാന്തോഽത്രഭേദ്യ(?) ഉത്സാഹിതമിതി ॥

അന്വയാൎത്ഥം——ബാധകാധീശ്വരൻ ലഗ്നാദിയിങ്കൽസ്ഥിതനായിരിക്കും വിഷയത്തിങ്കൽ പ്രതിബിംബദാനജപ പൂജാധാമ സന്തൎപ്പണങ്ങളും ഹേതുവായിട്ടും പ്രതികാര നൃത്ത ബലിദീപോപാസനങ്ങളും ഹേതുവായിട്ടും ശ്രീഭൂതാഖ്യ സമൎപ്പിതമായിരിക്കുന്ന ബലി ഹേതുവായിട്ടും ഉത്സവം ഹേതുവായിട്ടും ക്രമേണ ശാന്തി വരുത്തുന്നു- ബാധാധീശ്വരൻ അന്ത്യഗനായിരിക്കും വിഷയത്തിങ്കൽ ഉക്തമായി ഭവിക്കുന്നില്ല അതുഹേതുവായിട്ടു വ്യയത്തിങ്കൽ ഒന്നും പ്രോക്തമായില്ല-

സാരം—— ബാധകാധിപതി ലഗ്നത്തിൽ നിന്നാൽ മണ്ണു, കല്ലു, മരം, ചെമ്പ, ഓട, വെള്ളി, സ്വൎണ്ണം- ഇതുകളിൽ ഒന്നുകൊണ്ടു പ്രതിമയെ ഉണ്ടാക്കി വെക്കുക- എന്നാൽ രോഗം, ശമിക്കുമെന്നും രണ്ടാമെടത്തുനിന്നാൽ മന്ത്രജപാദികൾകൊണ്ടു ശമിക്കുമെന്നും മൂന്നാമെടത്തുനിന്നാൽ പൂജകൊണ്ടു ശമിക്കുമെന്നും നാലാമെടത്തുനിന്നാൽ ദേവാലയത്തെ നിൎമ്മിച്ചാൽ ശമിക്കുമെന്നും അഞ്ചാമെടത്തു നിന്നാൽ അന്നദാനംകൊണ്ടു ശമിക്കുമെന്നും ആറാമെടത്തുനിന്നാൽ പ്രതികാരംകൊണ്ടു ശമിക്കുമെന്നും ഏഴാമെടത്തു നിന്നാൽ നൃത്തംകൊണ്ടു ശമിക്കുമെന്നും എട്ടാമെടത്തുനിന്നാൽ ശ്രീഭൂതബലികൊണ്ടു ശമിക്കുമെന്നും പത്താമെടത്തു നിന്നാൽ ഉത്സവംകൊണ്ടു ശമിക്കുമെന്നും പതിനൊന്നാമെടത്തു നിന്നാൽ ജലതൎപ്പണംകൊണ്ടു ശമിക്കുമെന്നും പറയേണം- ബാധകസ്ഥാനാധിപൻ പന്ത്രണ്ടാമെടത്തു നിന്നാൽ ബാധ പറഞ്ഞിട്ടില്ല- അതുഹേതുവായിട്ടു പന്ത്രണ്ടാമെടത്തു നിന്നാൽ ഇന്നതുകൊണ്ടു ശമിക്കുമെന്നു പറഞ്ഞില്ല-

൫൫. അംശേക്ഷവാക്യഗ്രഹസ്ഥവാവിഹംഗേനിഷ്ടസംബന്ധി

ക്കും വിഷയത്തിങ്കല് രോഗശമനത്തിനായിക്കൊണ്ടു ബഹുവായിരിക്കുന്ന അന്നം പ്രദേയമായി ഭവിക്കുന്നു.

സാരം — ചൊവ്വ അനിഷ്ടസ്ഥാനത്തിങ്കൽ നിന്നാലും അനിഷ്ടസ്ഥാനത്തിങ്കൽ നില്ക്കുന്ന ഗ്രഹം ചൊവ്വയുടെ ക്ഷേത്രത്തിങ്കൽ ആയാലും ദേവന്നു വിളക്കു വെപ്പിക്കുകയും ഹോമവും ചെയ്താൽ രോഗം ശമിക്കും. ബുധനായാലും ബുധക്ഷേത്രത്തിങ്കലായാലും ദേവസന്നിധിയിൽ നൃത്തത്തെ ചെയ്യിപ്പിക്കേണം. വ്യാഴമായാലും വ്യാഴക്ഷേത്രത്തിങ്കലായാലും ബ്രാഹ്മണൎക്കായിക്കൊണ്ടു അന്നം കൊടുക്കേണം. സ്വൎണ്ണം മുതലായതിനെ ദേവനായിക്കൊണ്ടു ദാനംചെയ്കയുംവേണം. ശുക്രനായാലും ശുക്രക്ഷേത്രത്തിങ്കലായാലും വളരെ അന്നത്തെ ദാനംചെയ്യേണം. എന്നാൽ രോഗം ശമിക്കും.

ശ്ലോ. മന്ദേമന്ദഗ്രഹേവാവിഹഗേനിഷ്ടസംസ്ഥിതേ ।
നീചാനാമന്നദാനംസ്യാൽ ഭൂദാനം ചാൎത്തിശാന്തയേ ॥

അന്വയാൎത്ഥം — അനിഷ്ടസംസ്ഥിതനായിരിക്കുന്ന വിഹഗൻ മന്ദനായിട്ടോ മന്ദഗ്രഹസ്ഥനായിട്ടോ സന്നായിരിക്കും വിഷയത്തിങ്കൽ നീചന്മാൎക്കു അന്നദാനവും ഭൂദാനവും ആൎത്തിശാന്തിക്കായിക്കൊണ്ടു ഭവിക്കും.

സാരം — അനിഷ്ട സ്ഥാനത്തിങ്കൽനിന്ന ഗ്രഹം ശനിയായാലും ശനിക്ഷേത്രത്തിലായാലും വ്യാധിശമനത്തിന്നായിക്കൊണ്ടു നീചന്മാൎക്കു അന്നദാനത്തെയും ഭൂദാനത്തെയും ചെയ്ക.

ശ്ലോ. ലഗ്നേശേധൎമ്മനാഥേസ്വസ്വപിനാദിഷ്ടവശേദ്ദേവതാനുഗ്രഹം പ്രവിഷ്ടേനാഗ്രഭേവാധ്യകാലയശാതേധൎമ്മാധിപേപ്രാക്ചരം । യൽകിഞ്ചിൽ സമുപാസ്യ ദൈവതമമുഷ്യാപേക്ഷയാസ്വാംപ്രതം തൽകോപോസ്തിജനൈൎദ്ദൈവതമതോളദ്രാൎത്ഥമിത്യാദിശേൽ ॥

അന്വയാൎത്ഥം — ഇനാദികൾ സ്വസ്വത്തുകളായിട്ടു ലഗ്നസ്ഥന്മാരായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാക്കന്മാൎക്കു തദ്ദൈവതാനുഗ്രഹത്തെ വദിക്കേണം. ധൎമ്മാധിപൻ ബാധകാലയ ഗതനായിരിക്കും വിഷയത്തിങ്കൽ മുമ്പെ വളരെക്കാലം ഏതെങ്കിലും ഒരു ദൈവതത്തെ സമുപാസിച്ചിട്ടു പിന്നെ ഇതിന്റെ ഉപേക്ഷ ഹേതുവായിട്ടു ഇപ്പോൾ തൽകോപം ഭവിക്കുന്നു. ഒരു ദൈവതത്തെ ഭദ്രത്തിനായിക്കൊണ്ടു ഭജിക്കേണമെന്ന ആദേശിക്കേണം.

സാരം — സൂൎയ്യാദികളിൽ വെച്ചു യാതൊരു ഗ്രഹം ശുഭനോടുകൂടെ ലഗ്നത്തിങ്കൽ നില്ക്കുന്നുവൊ ആ ഗ്രഹത്തെക്കൊണ്ടു ക

കൽ നില്ക്കിലും മൂലദ്രവ്യം ഹേതുവാകുന്നു എന്നു പറയേണം- ഉദയരാശി ലഗ്നമാകിലും ജീവഗ്രഹം ലഗ്നത്തിങ്കൽ നില്ക്കിലുംജീവദ്രവ്യം ഹേതുവാകുന്നു എന്നു പറയേണം- ഇവിടത്തെശ്ലോകങ്ങളുടെ ഭാഷയെ താഴെ കാണിക്കുന്നു-

ധാതു രാശി ലഗ്നമാകിലും രണ്ടാമെടമാകിലും ധാതുഗ്രഹം ലഗ്നത്തിൽ താൻ രണ്ടാമെടത്തുതാൻ നില്ക്കിലും ലഗ്നാധിപൻ താൻ രണ്ടാമെടത്തുടയവൻതാൻ ധാതു ഗ്രഹമാകിലും ബാധകഗ്രഹം ധാതുരാശിയിൽനില്ക്കിലും ധാതു ഗ്രഹസംബന്ധമുണ്ടാകിലും രോഗത്തിന്നു ധാതു ഹേതുവാകുന്നത ഇങ്ങിനെതന്നെ മൂലജീവഹേതുക്കളെയും അറിക-

മേൽഎഴുതിയ ഭാഷയിലും ലഗ്നസംബന്ധത്തെ അംഗീകരിച്ചിട്ടുണ്ട അതുഹേതുവായിട്ട ഇവിടെലഗ്ന എന്ന പദാധ്യാഹാരത്തെക്കുറിച്ചു ശങ്കിപ്പാൻ അവകാശമില്ലെന്നറിക- ഭാഷയിൽ അവശിഷ്ടമായ ഭാഗം പ്രമാണാന്തരസിദ്ധമായിരിക്കാം അതുകൊണ്ട അതിനെ അനുസരിച്ചും വിചാരിച്ചുകൊൾക-

ഇനിപ്രകൃതത്തെ അനുസരിക്കുന്നു- മൂലമെന്നത ഭൂമിയും ഭൂമിയിൽ മുളക്കുന്നവസ്തുക്കൾമുതലായതുമാകുന്നു- ധാതുഎന്നതു പൊന്ന, വെള്ളി, ഇത്യാദിയാകുന്നു- ജീവനെന്നതു മനുഷ്യർ നാല്ക്കാലികൾ ഇത്യാദിയാകുന്നു- ജീവദ്രവ്യങ്ങളെ അതാതുരാശികൾക്കു അനുരൂപങ്ങളായിട്ടുംവല്ലതും പറഞ്ഞുകൊൾക-

൨൨- ജീവേഹേതൌതദാത്മനാകല്പിതാനാം പശുപാലിനാമീ
ശാപരസ്യാപ്രമാദാൽ । കോപോദേവസ്യാപഹൃത്യാഥതേഷാംജീ
വാൎത്ഥവാശപ്തിൎത്തേനപ്പണാമപാ ॥

അന്വയാൎത്ഥം—— ജീവൻ ഹേതുവായി സന്നായിരിക്കുംവിഷയത്തിങ്കലാകട്ടെ ദേശപരന്ന ആത്മാവുകൊണ്ട കല്പിതങ്ങളായിരിക്കുന്ന പശുപാലികളുടെ അപ്രമാദം ഹേതുവായിട്ടൊ അതുകളുടെ അപഹൃതിഹേതുവായിട്ടൊ ജീവാൎത്ഥം വാശപ്പിതമായിയിരിക്കും വിഷയത്തിങ്കൽ അനപ്പണം ഹേതുവായിട്ടൊ ദേവന്റെ കോപം വാച്യമാകുന്നു.

സാരം—— ജീവധനം ഹേതുവാകുന്നു എന്നുള്ളനിശ്ചയമുണ്ടായാൽ ദേവന്നുകൊടുപ്പാനായി മനസ്സുകൊണ്ട നിശ്ചയിക്കപ്പെട്ട പശുപാലികളെ കൊടുക്കായ്കനിമിത്തമായിട്ടൊ ദേവന്റെ ധനമായ പശുപാലികളെ അപഹരിക്കനിമിത്തമായിട്ടൊ ദേവന്നായിക്കൊണ്ട കൊടുക്കാമെന്നു പറഞ്ഞുവെച്ചിട്ടുള്ള ജീവധനത്തെ കൊടുക്കായ്കനിമിത്തമായിട്ടൊ ദേവൻ കോപിച്ചിരിക്കുന്നു

ഇവിടെ ധാതുമൂലജീവവിഭാഗമാകുന്ന ഈ വിഷയത്തിങ്കൽ കൃഷ്ണീയമെന്ന ശാസ്ത്രം ഉണ്ടു എന്നുംമെൽ എഴുതിയ വാക്യത്തിന്റെ സാരം ഇനി കൃഷ്ണീയത്തെ കാണിക്കുന്നു-

൨൫. ചന്ദ്രാരൊരഗസൌരൈർദ്ധാതുർമ്മൂലംകിലാർക്കശുക്രാദ്യൈഃ ।
ജീവൊജീവബുധാഭ്യാംമെഷാദ്യാശ്വിന്യാദിധാതുപൂർവ്വാഃ ॥ ഇതി ॥

അന്വയാർത്ഥം— ചന്ദ്രാരൊരഗസൌരന്മാരെക്കൊണ്ടു ധാതു ബൊദ്ധ്യമായി ഭവിക്കുന്നു- അർക്കശുക്രന്മാരെക്കൊണ്ടു മൂലം ബൊദ്ധ്യമായി ഭവിക്കുന്നു. ജീവബുധന്മാരെക്കൊണ്ടു ജീവൻ ബൊദ്ധ്യനായി ഭവിക്കുന്നു- മെഷാദ്യാശ്വിന്യാദി ധാതുപൂർവ്വമായി ഭവിക്കുന്നു-

സാരം— ചന്ദ്രൻ, കുജൻ, രാഹു, ശനി, ഇവരെക്കൊണ്ടു ധാതുദ്രവ്യത്തെ പറയെണം- അർക്കശുക്രന്മാരെക്കൊണ്ടു മൂലദ്രവ്യത്തെ പറയെണം- ജീവബുധന്മാരെക്കൊണ്ടു ജീവദ്രവ്യത്തെ പറയെണം- മെടം, ഇടവം, മിഥുനം, ഈ രാശികൾ ക്രമെണ ധാതുവും മൂലവും ജീവനുമാകുന്നു- ഇപ്രകാരം മറ്റുള്ള രാശികളുമെന്നറിക- ഇപ്രകാരം നാളുകളും അശ്വതി തുടങ്ങി ക്രമെണ ധാതുവായിട്ടും മൂലമായിട്ടും ജീവനായിട്ടും ഭവിക്കുന്നു- അശ്വതിനക്ഷത്രം ധാതു, ഭരണി, മൂലം, കാർത്തിക, ജീവൻ- ശെഷങ്ങളെല്ലാം ഇങ്ങിനെ അറിഞ്ഞുകൊൾക-

(വാ) അത്രഗ്രന്ഥാന്തരം ॥

ഇവിടെ അന്യഗ്രന്ഥം ഭവിക്കുന്നു എന്ന മെൽഎഴുതിയവാക്യത്തിന്റെ അർത്ഥം ഇനി അന്യഗ്രന്ഥത്തിലെ വചനത്തെ കാണിക്കുന്നു

൨൬. ജീവൊജീവെനവാച്യഃക്ഷിതിസുതഫണിനൌധാതു
ഔ സർവ്വപക്ഷെധാതുർമ്മൂലംവികല്പാദ്രവിരവിതനയൌദൈത്യാ
ചാര്യസ്തഥൈവ । ജീവൊമൂലംചതദ്വൽബുധഭൃഗുതനയൌധാ
തുജീവൌശശാങ്കൊ ധാതുർമ്മൂലഞ്ചജീവഃക്രമശഉഹമതാരാശ
യൊവൈചരാദ്യാഃ ॥ ഇതി ॥

അന്വയാർത്ഥം— സർവ്വപക്ഷത്തിങ്കലും ജീവനെക്കൊണ്ടു ജീവൻ വാച്യനാകുന്നു- ക്ഷിതിസുതഫണികൾ ധാതുക്കളായി ഭവിക്കുകയും ചെയ്യുന്നു- രവിരവിതനയന്മാർ വികല്പത്തെ ആശ്രയിച്ചിട്ടു ധാതുവായിട്ടും മൂലമായിട്ടും ഭവിക്കുകയും ഇരിവരും ഉഭയത്തെ ധരിക്കുകയുംചെയ്യുന്നു- അപ്രകാരം ബുധഭൃഗുതനയന്മാർ ജീവനും മൂലവുമായി ഭവിക്കുന്നു- ശശാങ്കൻ ധാതുജീവന്മാരായി ഭവിക്കുന്നു- ഇവിടെ ചരാദികളായിരിക്കുന്ന രാശിക

സാരം — ബാധകാധിപൻ നാലാമെടത്തു നിന്നാലും നാലാം ഭാവത്തിന്റെ അധിപൻ ബാധകസ്ഥാനത്തിങ്കൽ നിന്നാലും ബാധകാധിപൻ നാലാം ഭാവാധിപന്റെ ക്ഷേത്രത്തിൽ നിന്നാലും നാലാം ഭാവാധിപൻ ബാധകാധിപന്റെ ക്ഷേത്രത്തിൽ നിന്നാലും ധൎമ്മദൈവ ബാധയെ പറയേണം- ലക്ഷണങ്ങളുടെ ആധിക്യത്തെ അനുസരിച്ചു ബാധക്കു ശക്തിയെ ഏററി പറഞ്ഞു കൊൾക -

൭൯. ചതുൎത്ഥനാഥസ്തു ദൈവതം യത്തസ്യാനുരൂപം ഖലു ധൎമ്മദൈവം । തൽപ്രീതയെ യൽ ക്രിയതെസ്മ പൂൎവ്വൈസ്തൽ പൂജാദികം തത്തു വിധെയമത്ര ॥

അന്വയാൎത്ഥം — ധൎമ്മദൈവമാകട്ടെ ചതുൎത്ഥനാഥന്റെ ദൈവതം യാതൊന്നൊ അതിന്ന അനുരൂപമായി ഭവിക്കും തൽപ്രീതിക്കായിക്കൊണ്ടു പൂജാദികമായിരിക്കുന്ന യാതൊന്നു പൂൎവ്വന്മാരാൽ ചെയ്യപ്പെട്ടുവൊ അതുതന്നെ ഇതുസമയത്തിങ്കൽ ഈ വിഷയത്തിങ്കൽ വിധെയമായി ഭവിക്കുന്നു-

സാരം — ധൎമ്മദൈവം നാലാം ഭാവാധിപന്നു പറയപ്പെട്ട ദൈവൻതന്നെയായിട്ടൊ ആ ദൈവന്റെ സാദൃശ്യമുള്ളതായിട്ടൊ ഭവിക്കും- ധൎമ്മദൈവബാധ ഉണ്ടായാൽ മുമ്പെ ഉണ്ടായിരുന്നവൻ ധൎമ്മദൈവത്തെ ഏതൊരു പ്രകാരം സെവിച്ചിരുന്നുവൊ അപ്രകാരം സെവിക്കേണം-

൮൦. കൊപെ ഹെതുപ്രതിവിധിരമുഷ്യാപി യൊ ദൈവതാനാം പൂൎവ്വം പ്രൊക്തസ്സ ഇഹ സുധിയാ യൊജനീയൊപി യൊജ്യഃ । ബാധാസംസ്ഥെ ശശിനി ച രവൌ ധൎമ്മദൈവസ്യ ബാധാവാപ്ത്യാ ഭക്ത്യാ പ്രീതിസമമിഹ പൂജനീയം സമുദ്ദൈര്യ്യം ॥

അന്വയാൎത്ഥം — മുമ്പിൽ ദെവതകളുടെ കൊപത്തിങ്കൽ പ്രൊക്തമായിരിക്കുന്ന ഹെതുവും പ്രതിവിധിയും ഇതിന്ന ഇവിടെ യൊജനീയമാകുന്നു എങ്കിൽ അതും സുധിയായിരിക്കുന്നവനാൽ യൊജ്യമാകുന്നു- ശശിയും രവിയും ബാധാസംസ്ഥനായിരിക്കും വിഷയത്തിങ്കലും ധൎമ്മദൈവത്തിന്റെ ബാധാവാപ്ത്യയായി ഭവിക്കുന്നു- ഇതു സമയിങ്കൽ സമൃദ്ധിക്കായിക്കൊണ്ടു ഭക്തിയൊടുകൂടെ പൂജനീയമായി ഭവിക്കുന്നു-

സാരം — മുമ്പു ദെവകൊപത്തെക്കുറിച്ചു പറഞ്ഞ ഹെതു പ്രതിവിധികളിൽ ധൎമ്മദൈവത്തിന്നും കൊപത്തെ കുറിച്ചു യൊജിച്ചു ഇരിക്കുന്ന ഹെതുവിനെയും പ്രതിവിധിയെയും ബുദ്ധിമാനായിരിക്കുന്ന ദൈവജ്ഞൻ ഇവിടെ ചെൎത്തു പറഞ്ഞു കൊൾക-

തയെവെശ്മസ്ഥബലചിത്രകൂടകരണംശാന്തിക്രിയാരിഃഫഗൈ ല ഗ്നെസ്സചസ്സുധാപയൊവിതരണംനൃത്തക്രിയാവാസ്തഗെസ്ഥാ നെഷ്ഷ പഞ്ചപികീൎത്തനാൽ പ്രതി വിധെഷ്വാധൊച്യതാംഭൊ ഗിനാം ॥

അന്വയാൎത്ഥം — രാഹുബൊധക ഷഷ്ഠരന്ധ്രവശതന്നായിരി ക്കും വിഷയത്തിങ്കൽ പ്രീതിക്കായിക്കൊണ്ടു ബലികാൎയ്യമായി ഭ വിക്കുന്നു- വെശ്മസ്ഥനായിരിക്കും വിഷയത്തിങ്കൽ ചിത്രകൂട കരണം കാൎയ്യമായി ഭവിക്കുന്നു- രിഃഫഗനായിരിക്കും വിഷയ ത്തിങ്കൽ ശാന്തിക്രിയാ കാൎയ്യയായി ഭവിക്കുന്നു- ലഗ്നത്തിങ്ക ലും, അസ്തത്തിങ്കലും സ്ഥിതനായിരിക്കും വിഷയത്തിങ്കൽ സു ധാപയൊവിതരണം കാൎയ്യമായി ഭവിക്കുന്നു- അസ്തഗനായിരി ക്കും നൃത്തക്രിയയുമാം- പ്രതിവിധിയുടെ കീൎത്തനം ഹെതുവാ യിട്ടു രാഹു ഈസ്ഥാനങ്ങളിൽ സ്ഥിതനായിരിക്കും വിഷയത്തി ങ്കലും ഭൊഗികളുടെ ബാധാ വചിക്കപ്പെടണം-

സാരം — ബാധകസ്ഥാനത്തിങ്കലും ആറാമെടത്തും എട്ടാമെ ടത്തും പത്താമെടത്തും രാഹുനിന്നാൽ സൎപ്പപ്രീതിക്കായിക്കൊണ്ടു സൎപ്പബലികഴിക്കെണം- നാലാമെടത്തുനിന്നാൽ ചിത്രകൂടമു ണ്ടാക്കി വെക്കെണം- പന്ത്രണ്ടാമെടത്തുനിന്നാൽ പാട്ടുകഴിക്കെ ണം- ലഗ്നത്തിലും എഴാമെടത്തും നിന്നാൽ നൂറും പാലും കൊ ടുക്കെണം- എഴാമെടത്തുനിന്നാൽ തുള്ളലുമാം- മെൽ പറകപ്പെട്ട സ്ഥാനങ്ങളിൽ സൎവ്വത്ര രാഹുവിന്റെ സ്ഥിതികൊണ്ടു സൎപ്പബാ ധയെ പറയാമെന്നുകൂടെ ധരിച്ചുകൊൾക- അതില്ലാ എങ്കിൽ പ്രതിവിധിയെ പറകയില്ലല്ലൊ-

നനു, സ്ഥാനെഷു പഞ്ചസ്വഖിലെഷു സൎപ്പബലിരെവൊദിതസ്താം വാപുനസ്സൎപ്പസൃത്യത്തമഭൊഗിനസ്സു ബലിന്നാഗിഃചാസ്സുശാന്ത്യാദി ഭിഃ । സംസൃഷ്ടാ ബലികൎമ്മതുഷ്ടീകരണംവക്തവ്യമെ പംഹിവാ സൎപ്പപ്രീതിരവശ്യമെവകരണീയാരൊഗ്യപുത്രാപ്തയെ ॥

അന്വയാൎത്ഥം — അഖിലങ്ങളായിരിക്കുന്ന സ്ഥാനങ്ങളിലും സൎപ്പബലിതന്നെ ഉദീരണം ചെയ്യപ്പെട്ടതുമാം. ഉത്തമ ഭൊ ഗികളായുള്ളവൎക്കു ബലിഹെതുവായിട്ടു തുഷ്ടിയെ പ്രാപിക്കുന്നു നീ ചന്മാരായുള്ളവൎക്കു ശാന്ത്യാദികൾ ഹെതുവായിട്ടു തുഷ്ടിയെ പ്രാപിക്കു ന്നു- സൎവ്വന്മാൎക്കും ബലികൎമ്മം തുഷ്ടീകരണമാകുന്നു ഇപ്രകാ രം ഒന്നെയും വക്തവ്യമാകുന്നു- ആരൊഗ്യപുത്രാപ്തിക്കായിക്കൊ ണ്ടു സൎപ്പപ്രീതി അവശ്യമായിട്ടുതന്നെ കരണീയയായി ഭവി ക്കുന്നു.

കാവിൽ വൃക്ഷങ്ങളെ വെട്ടുകയുംചെയ്തെന്നും-

൩൫. ഏകാദശചതുൎല്ലഗ്നേഷ്വന്ദ്യപസ്ഥിതെനവ്വാ അ
നേധാനിചാഹയശ്ചേതിസംപ്രദായവിദാംവചഃ॥

അൎത്ഥം — ചരം ലഗ്നമായിരിക്കും വിഷയത്തിങ്കൽ അ
ന്യങ്ങളും അഹികളും പതിനൊന്ന- സ്ഥിരം ലഗ്നമായിരിക്കും
വിഷയത്തിങ്കൽ ഒമ്പതു- ഉഭയം ലഗ്നമായിരിക്കും വിഷയ
ത്തിങ്കൽ ഏഴ ഇങ്ങിനെ സംപ്രദായവിത്തുകളുടെ വചസ്സു ഭ
വിക്കുന്നു-

സാരം — ചരരാശി ലഗ്നമായാൽ പതിനൊന്നു മുട്ടകളും പ
തിനൊന്ന കുട്ടികളും വെണം- സ്ഥിരരാശി ലഗ്നമായാൽ ഒമ്പ
തുമുട്ടകളും ഒമ്പതുകുട്ടികളും വെണം- ഉഭയരാശി ലഗ്നമായാൽ ഏ
ഴു മുട്ടകളും ഏഴുകുട്ടികളും വെണം- ശാസ്ത്രമൎമ്മങ്ങളെ അറിഞ്ഞ
വർ ഇങ്ങിനെ പറഞ്ഞിരിക്കുന്നു- മുട്ടകളുടെയും കുട്ടികളുടെയും ഉണ്ടാ
കുന്നത ഈപ്രകാരമായിക്കൊൾക-

൩൬. രാഹുൎമ്മാന്ദിയുതസ്സന്നസ്വനവമൊപാന്ത്യസ്ഥിതൊവായദി
പ്രഷ്ടുസ്സ്യാൽഫണിബാധനംക്ഷിതിസുതഃകെന്ദ്രെതുരാഹൊൎയ്യദി
ബാധാഹെതുരഭിദ്രുതഃഫണിഗ്രഹക്ഷെത്രെദ്രുമച്ഛെദനം ഭൂ
മെൎവ്വാഖനനംവിഹിംസനമഥൊവല്മീകഭെദാദവാ॥

അൎത്ഥം — രാഹു മാന്ദിയുതനായിട്ടൊ ലഗ്നസ്യനവമൊ
പാന്ത്യസ്ഥിതനായിട്ടൊ ഭവിക്കുമെങ്കിൽ പ്രഷ്ടാവിന്ന ഫണിബാ
ധനം ഭവിക്കും- രാഹുവിന്റെ കെന്ദ്രത്തിങ്കൽ ക്ഷിതിസുതൻ ഭ
വിക്കുമെങ്കിൽ ഫണിഗ്രഹക്ഷെത്രെ ദ്രുമച്ഛെദനമൊ ഭൂമിയുടെ
ഖനനമൊ അഹിയുടെ വിഹിംസനമൊ വല്മീകഭെദമൊ ബാ
ധാഹെതുവാകി ഉരിരണം ചൊല്ലപ്പെടെണം-

സാരം — രാഹു ഗുളികസഹിതനായി ലഗ്നരാശിയിലൊ അതിന്റെ
ഏഴാമെടത്തൊ ഒമ്പതാമെടത്തൊ അഞ്ചാമെടത്തൊ നിന്നാലും
സൎപ്പബാധയെ പറയെണം- രാഹുകെന്ദ്രത്തിങ്കൽ ചൊവ്വ നി
ന്നാൽ അതിന്റെകാരണം പാമ്പിൻകാവിലെ മരം മുറിക്കുകയൊ
ഭൂമികുഴിക്കുകയൊ പാമ്പിനെ ഹിംസിക്കുകയൊ പുറ്റുപൊടിക്കു
കയൊ ഇതുകളിൽ ഒന്നാകുന്നു എന്നുപറയെണം-

൩൭. യദ്വൈതാല്പ്യാന്നമഹീരുഹാദിഭെദനംവാചിത്രകൂടസ്ഥിതാ ദൊ
ഷൊകെന്ദ്രഗതഃപന്നഗ്ഗ്വദിശെനിൎമ്മാന്ദിശ്ചനാഗാലയെ ഭൂമെൎച്ഛൊസ്തി
ഷ്ഠക്രമെപിസജ്ഞ്യരണംനിഷ്ഠീവനംവാന്തികെ പന്ഥാലൊ
പശ്ചിദുഷ്ടെരിഭെരിപ്രകൊഷ്ഠഹരണംവാപന്നഗ॥

അൎത്ഥം — അല്ലാഎങ്കിൽ ഉദ്യാനമഹീരുഹാദികളെ

ഈ ഉല്ക്രഷ്ടതന്നെ അതുഹേതുവായിട്ടുതന്നെ രതിന്നും പ്രതിവിധിയെ പറഞ്ഞതെന്നറിക-

വൃക്ഷാദികളും നശിച്ചുപോകിൽ അതുകളെ മുമ്പെ ഉണ്ടായിരുന്നപ്രകാരം വെച്ചുണ്ടാക്കേണം- ഉഛിഷ്ടമലാദികളും സംഭവിച്ചാൽ അപ്രമേയം ചെത്തിക്കോരി മെഴുകിയടിച്ചു തളിച്ചു പുണ്യാഹം ചെയ്തുകൊൾക- എന്നാൽ സൎപ്പങ്ങളും പ്രസാദിക്കും-

(വാ)- ഏതൽ സൎപ്പബാധാനിരൂപണവിഷയം॥

ജീവന്മരണബോധകൌ എന്നതുമുതൽ ഇതുവരെ ഉള്ള ഗ്രന്ഥപ്രകരണം സൎപ്പബാധാവിചാരമാകുന്ന ഉപയോഗഫലത്തോടുകൂടിയതാകുന്നു എന്ന മേലെഴുതിയ വാക്യത്തിന്റെ അൎത്ഥം-

(വാ) അഥപിതൃശാപാദികം നിരൂപ്യതെ-

അനന്തരം പിതൃശാപം മുതലായതു വിചാരിക്കപ്പെടുന്നു എന്ന മേലെഴുതിയ വാക്യത്തിന്റെ അൎത്ഥം-

ന്മൻ- ഭൌമക്ഷ്മാംശകയോരശീതകിരണോബാധാഗതശ്ചേൽ പിതൃശ്ശാപോന്യൈവമൎഗ്ഗൂപ്രഭൃതിഭിൎവൈഗൂപ്യശാപം വദേൽ। പിത്രോശ്ശാപ ഇനോഡുനാഥഗ്രഹയോൎബ്ബാധിഷ്ഠഗേസ്യാൽഖലെശുശ്രൂഷാൎത്ഥസമൎപ്പണാദിഭിരിഹപ്രീതിംവിധ്യാത്തയോഃ॥

അന്വയാൎത്ഥം—— ഭൌമക്ഷ്മാംശകങ്ങളിൽ സ്ഥിതനായിരിക്കുന്ന അശീതകിരണൻ ബാധാഗതനായി ഭവിക്കുമെങ്കിൽ പിതാവിന്റെശാപംഭവിക്കുന്നു എന്നുവദിക്കേണം. ഈപ്രകാരം ഉഡുപ്രഭുഭവിക്കുമെങ്കിൽ ജനനിയുടെശാപത്തെവദിക്കേണം. ഇനോഡുനാഥഗ്രഹങ്ങളിൽ സ്ഥിതനായിരിക്കുന്നവൻ അനിഷ്ടഗനായിരിക്കും വിഷയത്തിങ്കൽ പിതാക്കന്മാരുടെ ശാപംഭവിക്കും. ആതുരസ്ഥനായിരിക്കുംവിഷയത്തിങ്കൽ ശുശ്രൂഷാൎത്ഥസമൎപ്പണാദികൾകൊണ്ടു അവരുടെ പ്രീതിയെ ഉണ്ടാക്കേണം-

സാരം—— ചൊവ്വയുടെ ക്ഷേത്രത്തിലൊ നവാംശകത്തിലൊ ഉള്ള ആദിത്യൻ ബാധകസ്ഥാനത്തിങ്കൽ നിന്നാൽ അഛന്റെ ശാപത്തെ പറയേണം. ആദിത്യന്റെ ക്ഷേത്രത്തിങ്കൽ നില്ക്കുന്നപാപൻ അനിഷ്ട സ്ഥാനങ്ങളിൽനിന്നാലും അഛന്റെശാപത്തെ പറയേണം- ചൊവ്വയുടെ ക്ഷേത്രത്തിലും നവാംശകത്തിലുമുള്ള ചന്ദ്രൻ ബാധകസ്ഥാനത്തിങ്കൽനിന്നാലും ചന്ദ്രക്ഷേത്രത്തിൽനില്ക്കുന്നപാപൻ അനിഷ്ടസ്ഥാനത്തിങ്കൽനിന്നാലും മാതൃശാപത്തെ പറയേണം. മാതാപിതാക്കന്മാരുടെ ശാപമുണ്ടായാൽ ശുശ്രൂഷകൊണ്ടും ധനദാനാദികൾകൊണ്ടും അവരെ

ന്നെക്കൊണ്ട ചതുൎത്ഥഷഷ്ഠപതികളെക്കൊണ്ട ജനനിയുടെ ഇതിന്ന ചിന്തിക്കേണം.

സാരം —— ആറാംഭാവാധിപൻ ഒമ്പതാമെടത്തു നിന്നാലും ഒമ്പതാം ഭാവാധിപൻ ആറാമെടത്തു നിന്നാലും പിതാവിന്റെയൊ ഗുരുവിന്റെയൊ പൂൎവ്വന്മാരുടെയൊ മനസ്സാക്ഷികളെക്കുറിച്ചു സന്തോഷത്തോടു കൂടാത്തതാകുന്നു എന്നു പറയേണം. സൂൎയ്യൻ ആറാമെടത്തു നിന്നാലും ആറാംഭാവാധിപനോടുകൂടി നിന്നാലും അച്ഛന്റെ അസന്തോഷത്തെ പറയേണം. ചന്ദ്രൻ ആറാമെടത്തു നിന്നാലും ആറാംഭാവാധിപനോടുകൂടി നിന്നാലും ആറാം ഭാവാധിപൻ നാലാമെടത്തു നിന്നാലും നാലാം ഭാവാധിപൻ ആറാമെടത്തു നിന്നാലും അമ്മയുടെ അസന്തോഷത്തെ പറയേണം.

(വാ) ഏതൽപിതൃശാപാദിനിരൂപണവിഷയം ||

അൎത്ഥം സ്പഷ്ടമാകുന്നു.

(വാ) അഥ പ്രേതബാധാനിരൂപ്യതേ ||

അന്വയാൎത്ഥം — അനന്തരം പ്രേതബാധാനിരൂപിക്കപ്പെടുന്നു.

സാരം —— ഇനി പ്രേതോപദ്രവത്തെക്കുറിച്ചു പറയുന്നു.

ശ്ലോ. അബ്ദദീക്ഷാദിലോപേന പ്രേതായാതാഃ പിശാചതാം സ്വജനാൻബാധമാനാസ്തേ ചരന്തീതിഖലു സ്മൃതിഃ ||

അന്വയാൎത്ഥം —— അബ്ദദീക്ഷാദിലോപം ഹേതുവായിട്ടു പ്രേതന്മാർ പിശാചതയെയാതന്മാരായി ഭവിക്കും. അവർ സ്വജനങ്ങളെ ബാധമാനന്മാരായിട്ടു ചരിക്കുന്നു. എന്നിപ്രകാരം സ്മൃതി ഭവിക്കുന്നു.

സാരം —— ഒരുത്തൻ മരിച്ചാൽ അവന്റെ ശേഷക്രിയയെ ചെയ്യേണ്ടുന്നവർ അതിനെ ഒട്ടുംതന്നെ ചെയ്യാഞ്ഞു നിമിത്തമായിട്ടൊ തികച്ചും ചെയ്യാഞ്ഞു നിമിത്തമായിട്ടൊ ചെയ്തു വെണ്ടുംപ്രകാരമാവാഞ്ഞു നിമിത്തമായിട്ടൊ അതിന്റെ അംഗമായ നിയമത്തിന്നു ഭംഗം വന്നുപോക നിമിത്തമായിട്ടൊ മരിച്ചവൻ പിശാചായി ഭവിക്കും. ഇങ്ങിനെ മരിച്ചവർ പിശാചുക്കളായി ഭവിച്ചിട്ടു ശേഷക്രിയ ചെയ്യേണ്ടവരെ ബാധിച്ചുകൊണ്ടു സഞ്ചരിക്കുന്നു. അവരെത്തന്നെ പ്രേതമാകുന്നത ഇങ്ങിനെ സ്മൃതിയുണ്ടു. എന്നു സാരം. ഇതിനെ അനുസരിച്ചു ഇവിടെ പ്രേതബാധാനിരൂപണമെന്ന പ്രകരണത്തെ നിബന്ധിച്ചിരിക്കുന്നു. ഇതിനെ അനുസരിച്ചും വിചാരിച്ചും മരിച്ചവർ തന്നെ

വിനെ പ്രാപ്തനെന്നു വിജ്ഞേയനാകുന്നു. ഇപ്രകാരം ഗുളികനു ശത്രുക്കളുടെ സംബന്ധം സത്തായിരിക്കും വിഷയത്തിങ്കലും പ്രേതങ്ങൾ ദുൎമ്മൃത്യുക്കൾ എന്നു വിജ്ഞേയന്മാരായി ഭവിക്കുന്നു. ഗുളികാംശരാശിവശത്തെ ആശ്രയിച്ചിട്ടു പുംസ്ത്രീഭിദാ വാച്യയായിട്ടു ഭവിക്കുന്നു.

സാരം —— ബാധകസ്ഥാനത്തിങ്കലൊ അനിഷ്ടസ്ഥാനത്തിങ്കലൊ നില്ക്കുന്ന ഗുളികനു രാഹുവിനോടു കൂടെ ഉള്ള യോഗമൊ രാഹുവിന്റെ ദൃഷ്ടിയൊ ഉണ്ടായാൽ പ്രേതം പാമ്പു കടിക്കകയാൽ മരിച്ചതാകുന്നു എന്നും മെൽ പ്രകാരമുള്ള ഗുളികനു പാപസംബന്ധവും, ജലരാശിയിൽ സ്ഥിതിയും ഉണ്ടായാൽ പ്രേതം, പുഴ മുതലായ ജലത്തിൽ വീണു മരിച്ചതാകുന്നു എന്നും പറയെണം. ഈ പ്രകാരം ഗുളികനു പാപസംബന്ധമുണ്ടായാൽ പ്രേതങ്ങൾ ദുൎമ്മരണത്തെ പ്രാപിച്ചതുകളായി ഭവിക്കുമെന്ന സൎവ്വത്ര ഗ്രഹിച്ചു കൊൾക. പുരുഷപ്രേതമെന്നും സ്ത്രീപ്രേതമെന്നും ഉള്ള ഭേദത്തെ ഗുളികൻ നില്ക്കുന്ന രാശിയെയും അംശകത്തെയും അനുസരിച്ചു പറയെണം. ഗുളികൻ നില്ക്കുന്ന രാശിയും ഗുളികന്റെ അംശകവും പുരുഷരാശികളാകുന്നു എങ്കിൽ പുരുഷപ്രേതമെന്നും സ്ത്രീരാശികളാകുന്നു എങ്കിൽ സ്ത്രീപ്രേതമെന്നും പറഞ്ഞുകൊൾക.

൨൫ മാന്ദേർഭ്രാത്രാദിഭാവസ്ഥിതിതദധിപതത്കാരകേക്ഷാ
നയാദ്വൈരപ്രേതാസ്സ്യുസ്സോദരാദ്യാഃ സ്ഥിരഭവനഗതേ മന്ദജേ
പ്രേതഏഷഃ । മൃത്യും പ്രാപ്തസ്തു ചിരാന്നീം യദി സ ചരഗതഃ പ്രാ
ക്തനസ്സ്യാദ്ദമാന്ദേരുഭയസ്ഥേ തത്പതീക്ഷാനയവശിഗ്രഹ
സംബന്ധവാൻ നാന്യഥാ ചേൽ ॥

അന്വയാൎത്ഥം —— മാന്ദിയുടെ ഭ്രാത്രാദിഭാവസ്ഥിതിതദധിപതത്കാരകേക്ഷാനയാദ്യങ്ങൾ ഹേതുവായിട്ടു പ്രേതങ്ങൾ സൊദരാദ്യന്മാരായി ഭവിക്കും. മന്ദജൻ സ്ഥിരഭവനഗതനായിരിക്കും വിഷയത്തിങ്കൽ ഒരു പ്രേതം ഇപ്പോൾതന്നെ മൃത്യുവിനെ പ്രാപ്തനാകുന്നു എന്നു വിജ്ഞേയനായി ഭവിക്കുന്നു. അവൻ ചരഗതനാകുന്നു എങ്കിൽ അവൻ പ്രാക്തനനാകുന്നു എന്നു വിജ്ഞേയനായി ഭവിക്കുന്നു. മാന്ദിപെടുസ്ഥനായിട്ടും തത്പതീക്ഷാനപയവാനായി സന്നായിട്ടു ഇരിക്കും വിഷയത്തിങ്കൽ അവൻ ഗ്രഹസംബന്ധവാനാകുന്നു എന്ന വിജ്ഞേയനായി ഭവിക്കുന്നു. മറിച്ചാകിൽ അങ്ങിനെ വിജ്ഞേയനായി ഭവിക്കുന്നില്ല.

സാരം —— ഗുളികനു സഹോദരാദി ഭാവങ്ങളിൽ സ്ഥിതി

അന്വയാൎത്ഥം — പ്രേതത്തിന്റെ ജാതിജിജ്ഞാസാ ഒരെടത്തു ജനിക്കുന്നു എങ്കിൽ അവിടെ മാന്ദ്യധിഷ്ഠിതരാശീശജാതിയെ വിനിൎദ്ദേശിക്കെണം -

സാരം — പ്രേതത്തിന്റെ ജാതി അറിവാനായിക്കൊണ്ടുള്ള ഇച്ശാ ഒരെടത്തുണ്ടായി എങ്കിൽ അവിടെ ഗുളികൻ നില്ക്കുന്ന രാശിയുടെ അധിപൻ പറഞ്ഞ ജാതിയെ പ്രേതത്തിന്റെ ജാതിയാക്കി പറഞ്ഞുകൊൾക. ഗുളികരാശ്യധിപന്റെ ജാതിയെ വിപ്രാദിത ഇത്യാദി ഹോരൊക്തിയെ അനുസരിച്ചു ഗ്രഹിച്ചുകൊൾക -

൮൯. പ്രേതബാധാമിതിജ്ഞാത്വാ കാൎയ്യാവശ്യം പ്രതിക്രിയാ ।
അപന്നോയദിതൽപ്രീതൌ സംപച്ചാത്രാഭിയുക്തവാക് ॥

അന്വയാൎത്ഥം — പ്രേതബാധയെ ഇപ്രകാരം അറിഞ്ഞിട്ടു പ്രതിക്രിയാ അവശ്യമായിട്ടു കാൎയ്യയായി ഭവിക്കുന്നു. അപത്ത ഇല്ലാ എങ്കിൽ തൽപ്രീതി സതിയായിരിക്കും വിഷയത്തിങ്കൽ സംപത്തു ഭവിക്കും. ഇവിടെ അഭിയുക്തവാക്കും ഭവിക്കുന്നു -

സാര — മെൽപറഞ്ഞ പ്രകാരം പ്രേതബാധയെ അറിഞ്ഞാൽ അതിന്റെ പ്രതിവിധിയെ ചെയ്യെണം. അതിന്ന സംശയമില്ല. അപത്ത ഇപ്പൊൾ ഇല്ല എന്നുവരികിലും പ്രേതബാധ ഉണ്ടു എന്ന കണ്ടാൽ പ്രതിവിധിയെ ചെയ്തുകൊൾക. എന്തിനായിക്കൊണ്ടെന്നാൽ അവർ സന്തോഷിച്ചാൽ സംപത്തുണ്ടാകും. ഇവിടെ അറിവുള്ളവരുടെ ഒരു വചനമുണ്ടു ഇനി അതിനെ കാണിക്കുന്നു -

൯൦. കോപഃ പ്രേതസ്യ കൎത്താത്തനയവിഹനനഞ്ചാമയാദീന
നൎത്ഥാം സ്തൽപ്രീത്യൈപാൎത്ഥ്വണൊദ്യംപിതൃഗണമനസഃപ്രീണ
സഃപ്രീണനംശ്രാദ്ധകൎമ്മ । കുൎയ്യാച്ചക്ഷേത്രപിണ്ഡംതിലഹ
വനമഥബ്രാഹ്മണാന്നാഞ്ചഭക്തിം പ്രതാഃ പ്രേതാസ്സുപമിഭിൎവ്വി
ദധതിസകലാസ്സംപദസ്സന്തതിഞ്ച ॥ ഇതി -

അന്വയാൎത്ഥം — പ്രേതത്തിന്റെ കോപം തനയവിഹനനത്തെയും ആമയാദികളായിരിക്കുന്ന അനൎത്ഥങ്ങളെയും ചെയ്യും. തൽപ്രീതിക്കായിക്കൊണ്ടു പിതൃഗണമനസ്സിന്റെ പ്രീണനമായിരിക്കുന്ന ശ്രാദ്ധകൎമ്മത്തെയും ക്ഷേത്രപിണ്ഡത്തെയും തിലഹവനത്തെയും ബ്രാഹ്മണഭൊജനത്തെയും ചെയ്യെണം. പ്രേതങ്ങൾ ഇതുകൾ ഹെതുവായിട്ടു പ്രീതന്മാരായിട്ടു സകലകളായിരിക്കുന്ന സംപത്തുകളെയും സന്തതിയെയും ഉണ്ടാക്കുന്നു -

സാര — പ്രേതകോപം ഹെതുവായിട്ടു സന്തതിനാശവും രൊ

നായിയും കാന്തദെഹനായിയും നിധിവിലയകരനായിയും കാ
തരനായിയും ഭക്ഷിതാംഗനായിയും രാത്രിയിൽ എകാകിയായി
യുമിരിക്കുന്ന ആ പുമാനെ ഗ്രസിക്കുന്നു-

സാരം—— ശൈവങ്ങളായിരിക്കുന്ന ഭൂതങ്ങൾ ലൊഭമുള്ളവനെ
യും ക്രൂരതയൊടു കൂടിയവനെയും ഭയംഹെതുവായിട്ടു വിവശനാ
യവനെയും ഛൎദ്ദിച്ചവനെയും വളരെശൌച്യമുള്ളവനെയും പൂൎവ്വ
വൈരത്തൊടുകൂടിയവനെയും ധനനാശം വന്നവനെയും ഇ
ഷ്ടജനങ്ങളൊടു വെർപിരിഞ്ഞവനെയും തൊററവനെയും അ
ശുദ്ധിയുള്ളവനെയും രൊഗത്തൊടു കൂടിയവനെയും അധികമാ
യഹൊസം നിമിത്തമായി തന്റെടം വിട്ടവനെയും മനൊഹര
മായ ദെഹത്തൊടു കൂടിയവനെയും നിധിയെ എടുത്തവനെയും
ധൈൎയ്യത്തൊടു കൂടാത്തവനെയും ആഭരണങ്ങളെ ധരിച്ചവനെ
യും രാത്രിയിൽ അസഹായനായിസഞ്ചരിക്കുന്നവനെയും। ബാ
ധിക്കുന്നു. പ്രാപ്തകാലമെന്നുള്ളവിശെഷണംകൊണ്ടു ബാധാ
സമയം പ്രാപ്തമായിരിക്കുകയും വെണമെന്നുഗ്രഹിച്ചുകൊൾക.
അതുമധ്യത്തിലാകയാൽ മുമ്പെ പറകപ്പെട്ടതുകളൊടും പിമ്പെ പ
റകപ്പെടുന്നതുകളൊടും സംബന്ധിക്കുന്നതുമാകുന്നു. അതുഹെതു
വായിട്ടു അപ്രാപ്തകാലനായ പുരുഷനു ലൊഭാദികൾ സംഭവി
ച്ചാലും ഭൂതബാധ ഉണ്ടാകയില്ലെന്നും പ്രാപ്തകാലനായാലും അ
വനെ ബാധിക്കെണമെങ്കിൽ ലൊഭാദികളെ ഭൂതങ്ങൾ പ്രതീക്ഷി
ച്ചിരിക്കുമെന്നും ഗ്രഹിച്ചുകൊൾക- അല്ലാഎങ്കിൽ പ്രാപ്തകാല
നായിരിക്കുന്നവനെയും ബാധിക്കുന്നു എന്നുതന്നെ ഗ്രഹിക്കാം
കാലമെന്നതിന്റെ അൎത്ഥം. ഭൂതബാധാനിമിത്തമായിമരിപ്പാനു
ള്ള കാലമെന്നാകുന്നു. അതടുത്തു വരികയാൽ ഉള്ള ബാധക്കു
വെറെ ഒന്നും നിമിത്തമില്ലായ്കയാൽ അതിന്നു പ്രതിവിധിയി
ല്ലമററുള്ളഹെതുക്കളാൽ ഉണ്ടാക്കപ്പെട്ടബാധക്കുപ്രതിവിധിയുണ്ടു
ഇതത്രെഭെദമാകുന്നതെന്നു ധരിച്ചുകൊൾകയും വെണം-

ശ്ലൊ- തൈലാഭ്യക്താംപ്രസൂതാമഭിനവസുരതാംമദ്യപാനാനുര
ക്താംനഗ്നാമുൽപന്നസത്വാം സ്മരശരവിവശാ മുഹ്യമാനാംവി
ഹാരെഷു രഥ്യാശൃംഗാടകസ്ഥാമൃതുസമയയുതാംപുംശ്ചലീംപ്രാത
രന്തീംമദാന്താംകാന്തദെഹാംസ്ത്രീയമപിവിഷമാം ഗുഹ്യകാസ്സം
സ്പൃശന്തി॥ഇതി॥

അന്വയാൎത്ഥം—— ഗുഹ്യകന്മാർതൈലാഭ്യക്തയായിയും പ്ര
സൂതയായിയും അഭിനവസുരതയായിയും മദ്യപാനാനുരക്തയാ
യിയും നഗ്നയായിയും ഉൽപന്നസത്വയായിയും സ്മരശരവി

ധാകരങ്ങളായ ദുഷ്കൎമ്മങ്ങളിൽ ഏതെല്ലാം ജന്മാന്തരത്തിങ്കൽ ചെയ്യപ്പെട്ടിരിക്കുന്നുവൊ അതൊക്കെയും മറ്റു ശംശപരകല്പനയുമെന്നതിന്റെ ആശയത്തെ ഗ്രഹിക്കുകയും അങ്ങിനെ ഉള്ളകൎമ്മങ്ങളുടെ വിവരത്തെ അന്യശാസ്ത്രങ്ങളിൽ നിന്നു അറികയും ചെയ്യേണ്ടും.

൩൩. ഗുഹാശ്മകൂടശൈലാഗ്രവനോപവനസാനുഷു സരിദ്വാപീസരഃ കൂപതടാകൊദ്യാനപത്തനെ ॥

൩൪. സംഗമെ സരിദാവൎത്തെ ഗോകുലെ ശൂന്യമന്ദിരെ । ഏകവൃക്ഷെ ചിതാസ്ഥാനെ പ്രഭ്രഷ്ടെ ദെവതാഗൃഹെ ॥

൩൫. നിധിദെശെ രസക്ഷെത്രെ വിലദ്വാരെ ചതുഷ്പഥെ । ഗ്രാമസീമാന്തരെ മാതൃസ്ഥാനെ ച ക്ഷെത്രതീൎത്ഥയൊഃ ॥

൩൬. ആരാമൊദ്യാനയൊസ്സൌധപ്രാസാദാട്ടാലകെഷു ച । ക്രീഡാപരാവസന്ത്യെതെ സ്ഥാനെഷ്വെതെഷു ഹി ഗ്രഹാഃ ഇതി ॥

അന്വയാൎത്ഥം — ഗുഹാശ്മകൂടശൈലാഗ്രവനൊപവനസാനുക്കളും സരിദ്വാപീസരഃ കൂപതടാകൊദ്യാനപത്തനങ്ങളുടെ തടവും സംഗമവും സരിദാവൎത്തവും ഗോകുലവും ശൂന്യമന്ദിരവും ഏകവൃക്ഷവും ചിതാസ്ഥാനവും പ്രഭ്രഷ്ടമായിരിക്കുന്ന ദെവതാഗൃഹവും നിധിദെശവും രസക്ഷെത്രവും വിലദ്വാരവും ചതുഷ്പഥവും ഗ്രാമസീമാന്തരവും മാതൃസ്ഥാനവും ക്ഷെത്രതീൎത്ഥങ്ങളും ആരാമൊദ്യാനവും സൌധപ്രാസാദാട്ടാലകങ്ങളുമാകുന്ന ഈ സ്ഥാനങ്ങളിൽ ഈ ഗ്രഹങ്ങൾ ക്രീഡാപരന്മാരായി വസിക്കുന്നു.

സാരം — ഗുഹയിലും പാറക്കൂട്ടത്തിലും പൎവ്വതത്തിന്മുകളിലും കാട്ടിലും കാടിന്റെ സമീപത്തിങ്കലും പൎവ്വതത്തിന്റെ ചെരിവുപാട്ടിലും പുഴവക്കത്തും ചെറുകുളത്തിൻ കരയിലും പൊയികക്കരയിലും കിണറ്റുകരയിലും നെടുകുളത്തിൻ കരയിലും കടൽവക്കത്തും പുഴയും സമുദ്രവും തമ്മിൽ ചേരുന്നെടത്തും പുഴച്ചുഴിയിലും വളരെ പശുക്കൾ മെയുന്നെടത്തും ആരുമില്ലാത്ത ഗൃഹത്തിലും ഒററയായ മരം നില്ക്കുന്നെടത്തും ചുടലസ്ഥലത്തിങ്കലും നന്നെത്താഴ്കിയ ദെവാലയത്തിങ്കലും നിധിയുള്ളെടത്തും രസം വിളയുന്ന സ്ഥലത്തിങ്കലും തുരന്നുണ്ടാക്കിയ വഴിയിലും നാൽക്കൊൽപെരുവഴിയിലും ഗ്രാമാവസാന പ്രദെശത്തിങ്കലും മാതൃസ്ഥാനത്തിങ്കലും കുരുക്ഷെത്രം പ്രയാഗം ഗയാ ഇത്യാദിയായ പുണ്യസ്ഥലത്തിങ്കലും പുണ്യതീൎത്ഥത്തിങ്കലും പൂങ്കാവിലും പള്ളിപ്പൂങ്കാവിലും വെങ്കളിമാടത്തിന്മെലും എഴുനിലമാളികയിന്മെലും കൊത്തളത്തി

പത്തു ഗണങ്ങൾ ഗ്രഹങ്ങളെന്നു സമാഖ്യാതങ്ങളായി ഭവിക്കുന്നു-

സാരം—— ദെവന്മാർ, അസുരന്മാർ, നാഗങ്ങൾ, യക്ഷന്മാർ, ഗന്ധൎവ്വന്മാർ, രാക്ഷസന്മാർ, ദൈത്യന്മാർ, കശ്മലന്മാർ, നിസ്സൃജന്മാർ, ഭേസ്തകന്മാർ, പിതൃക്കൾ, കൃശന്മാർ, വിനായകന്മാർ, പ്രലാപന്മാർ, വിചന്മാർ, അന്ത്യജന്മാർ, യൊനിജന്മാർ, ഭൂതങ്ങൾ- ഇങ്ങിനെ പതിനെട്ടു കൂട്ടക്കാർ മഹാഗ്രഹങ്ങളാകുന്നു- അപസ്മാരം, ബ്രഹ്മരാക്ഷസൻ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, നീചൻ, ചണ്ഡാലൻ, വ്യന്തരൻ.- ഇങ്ങിനെ ഒമ്പതുഗണത്തിൽ ചെൎന്നവർ ക്ഷുദ്രഗ്രഹങ്ങളാകുന്നു- ഗുഹ്യകന്മാർ യക്ഷന്മാരിൽ ചിലർ തന്നെ എന്നു ധരിച്ചുകൊൾക-

ശ്ലൊ· രുദ്രക്രൊധൊൽഭവാഏതെഹ്യന്യെചബഹവൊഗ്രഹാഃ।
ബലികാമാഹന്തുകാമാരന്തുകാമാഇതിത്രിധാ ॥

അന്വയാൎത്ഥം—— ഇവരും അന്യന്മാരായി ബഹുക്കളായിരിക്കുന്ന ഗ്രഹങ്ങളും രുദ്രക്രൊധൊൽഭവന്മാരായി ഭവിക്കുന്നു- ബലികാമന്മാരും ഹന്തുകാമന്മാരും രന്തുകാമന്മാരും ഇങ്ങിനെ മൂന്നു പ്രകാരെണ ഭവിക്കുകയും ചെയ്യുന്നു-

സാരം—— മെൽ പറഞ്ഞ ഗ്രഹങ്ങളും വെറെ വളരെ ഗ്രഹങ്ങളും രുദ്രകൊപത്തിങ്കൽനിന്നുണ്ടായവരാകുന്നു- അവരിൽവെച്ചു മനുഷ്യരെ ബാധിക്കുന്നവരിൽ ചിലർ ബലിയെ ആഗ്രഹിക്കുന്നവരായിട്ടും ചിലർ ഹിംസിക്കെണമെന്നുള്ള ഇച്ശയൊടു കൂടിയവരായിട്ടും ചിലർ രമിപ്പാൻ ആഗ്രഹിക്കുന്നവരായിട്ടും ഭവിക്കുന്നവരാകയാൽ ബാധക ഗ്രഹങ്ങൾ മൂന്നു പ്രകാരത്തിലുണ്ടെന്നറിക-

ശ്ലൊ· ഏതെഗ്രഹാഃപുനൎജ്ഞെയാസൌമ്യാഘൊരായതൊവശാൽ।
ഉപാധാചതൽഭിദാജ്ഞെയാഗ്രഹതൽസ്ഥാനിഭെദതഃ ॥

അന്വയാൎത്ഥം—— ഏതാം ഗ്രഹങ്ങൾ പിന്നെ സൌമ്യഘൊരതകൾ ഹെതുവായിട്ടു രണ്ടു പ്രകാരെണ ഭവിക്കുന്നു- തൽഭിദാ ഗ്രഹതൽസ്ഥിതിഭെദം ഹെതുവായിട്ടു വിജ്ഞെയയായി ഭവിക്കുന്നു-

സാരം——മെൽപറഞ്ഞ ഗ്രഹങ്ങളിൽ ചിലർ സൌമ്യന്മാരായിട്ടും ചിലർ ക്രൂരന്മാരായിട്ടുമുണ്ടു- ഇങ്ങിനെ ഉള്ള ഭെദത്തെ സൂക്ഷ്മാദികളായ ഗ്രഹങ്ങളുടെ ഭെദംകൊണ്ടും അവരുടെ നിലഭെദം കൊണ്ടും അറിഞ്ഞുകൊൾക-

ന്റെ അപ്രകാരമുള്ള ലക്ഷണത്തെ ഇനി ഇവിടെ പറയുന്നു-

൬൯. സ്നാതസ്സുഗന്ധസ്തേജസ്വീ ഹൃഷ്ടോ ദേവാലയേ രതഃ। അല്പവാഗല്പവിൺമൂത്രസ്സ്വല്പഭുക്തിരകോപനഃ॥

൭൦. ഗന്ധമാല്യപ്രിയോ ധീരസ്സൌമ്യദൃഷ്ടിസ്സുരഗ്രഹീ। ദേവാന്നിന്ദൻ സ്തുവൻ ദൈത്യാൻ ബ്രഹ്മദ്വിട്ജിഹ്മലോചനഃ॥

൭൧. ദുഷ്ടാത്മാ നിൎഭയോ ഗൎവ്വഹാസീ സവിസ്മയഃ। മുദ്രാം ബധ്നൻ പ്രഭൂതാശീ സകമ്പാംഗോസുരഗ്രഹീ॥

അന്വയാൎത്ഥം——സ്നാതനായി സുഗന്ധനായി തേജസ്വിയായി ഹൃഷ്ടനായി ദേവാലയത്തിങ്കൽ രതനായി അല്പവാക്കായി അല്പവിൺമൂത്രനായി സ്വല്പഭുക്തിയായി അകോപനനായി ഗന്ധമാല്യപ്രിയനായി ധീരനായി സൌമ്യദൃഷ്ടിയായിരിക്കുന്നവൻ സുരഗ്രഹിയായി ഭവിക്കുന്നു- ദേവന്മാരെ നിന്ദന്നായി ദൈത്യന്മാരെ സ്തുവന്നായി ബ്രഹ്മദ്വിട്ടായി ജിഹ്മലോചനനായി ദുഷ്ടാത്മാവായി നിൎഭയനായി ഗൎവ്വഹാസിയായി സവിസ്മയനായി മുദ്രയെ ബധ്നന്നായി പ്രഭൂതാശിയായി സകമ്പാംഗനായിരിക്കുന്നവൻ അസുരഗ്രഹിയായി ഭവിക്കുന്നു-

സാരം— കളിച്ചു ചന്ദനം മുതലായതു തേച്ചു ദേഹത്തെ സുരഭിയാക്കി സന്തോഷത്തോടുകൂടിയവനായി ദേവാലയത്തിങ്കൽ എല്ലാസമയവും വസിക്കയും വളരെ പറയാതെ ഇരിക്കുകയും മലമൂത്രങ്ങൾ കുറഞ്ഞിരിക്കുകയും ഭക്ഷണം കുറകയും കോപിക്കാതെ ഇരിക്കുകയും ഗന്ധമാല്യങ്ങളിൽ പ്രീതിഭവിക്കുകയും ധൈൎയ്യവും ദൃഷ്ടിക്കു സൌമ്യതയുണ്ടാകയും ദേവഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു- ദേവന്മാരെ നിന്ദിക്കുകയും അസുരന്മാരെ സ്തുതിക്കുകയും ബ്രാഹ്മണരിൽ ദ്വേഷമുണ്ടാകയും ദൃഷ്ടിക്കു വളവുഭവിക്കുകയും ദുൎമ്മനസ്സായിരിക്കുകയും ഭയമില്ലാതെയാകയും ഗൎവ്വമുണ്ടാകയും വളരെ ചിരിക്കുകയും അത്ഭുതരസത്തോടുകൂടിയവനായിരിക്കുകയും മുദ്രകളെ കൈകൊണ്ടു കാണിക്കുകയും വളരെ ഭക്ഷിക്കുകയും ദേഹം വിറക്കുകയും അസുരഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു-

൭൨- പാനീയശുഷ്കോഷ്ഠതാലിഃ പിപാസുസ്സ്വകപാണിലിഹൻ। ഭവിസൎപ്പിഃക്ഷീരാക്ഷരാഃ ക്രോധാലുരചലേ ദേവസൻ॥

൭൩. സകമ്പാംഗോ ദശൻ ദന്താൻ പല്ലവൈൎന്നാഗപീഡിതഃ। അല്പവാഗ്ഗന്ധമാല്യാദിപ്രിയസ്സംശീതനേത്രകൃൽ॥

൭൪. പുളിനാരാമൌവസന്മ്യാനൽ പരോക്ഷംമുഖവാദ്യകൃൽ। പിബൻ ക്ഷീരം ഹസൻ ക്രീഡൻ ഹൃഷ്ടോ ഗന്ധൎവ്വപീഡിതഃ॥

ശായിരുടന്നായി ഹസനനായി സ്ത്രീദ്രോഹിയായി ജന്തുക്കളെത്രാ
സനനായി എല്ലാസമയത്തിങ്കലും അശ്നനായി കലഹപ്രിയ
നായി രാഗിയായി പരാൎത്ഥഹൃത്തായി ക്രുദ്ധനായി സപ്ലവാ
ക്കായിരിക്കുന്നവൻ കശ്മലഗ്രഹിയായി ഭവിക്കുന്നു-

സാരം—— ഓടുകയും തന്റെശരീരത്തിങ്കൽ കടിച്ചു മാംസം
തിന്നുകയും മദ്യത്തെയും രക്തത്തെയും കുടിക്കുകയും ആതുരമില്ലാ
ത്തെടത്തിരിക്കുകയും ചെമ്പിന്റെനിറംപൊലെ ഉള്ളനിറത്തൊ
ടു കൂടിയവനാകയും ലജ്ജയൊടു കൂടാത്തവനാകയും ക്രൂരനാക
യും കൊപത്തൊടു കൂടിയവനാകയും ശുദ്ധിയില്ലാത്തവനാകയും
രാത്രിയിൽ സഞ്ചരിക്കുകയും ബലവാനായിരിക്കുകയും രാക്ഷ
സഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു-

ചിരിച്ചു മുഖംതാഴ്ത്തി ആരെയും കാണാതെ കയ്യിന്റെവിരലു
കൾമടക്കി കയ്യുടത്തെ കാണിക്കാതെമറച്ചുവെക്കുകയും മുട്ടിന്മെ
ൽ തലവെച്ചിരിക്കുകയും ക്രൂരദൃഷ്ടിയായിരിക്കുകയും ഹെഡ്രുഗ്ര
ഹത്താൽ ബാധിക്കപ്പെട്ടവന്റെലക്ഷണമാകുന്നു.

മലം, ചളിഇതുകളെ വാരിമെൽതെയ്ക്കുകയും ശൌചത്തൊടുകൂ
ടാത്തവനാകയും ഭസ്മത്തിൽ കിടക്കുകയും കരയുകയും ചിരിക്കുക
യും സ്ത്രീകളെദ്രൊഹിക്കയും ജന്തുക്കളെഭയപ്പെടുത്തുകയും എല്ലാ
സമയത്തിങ്കലും ഭക്ഷിക്കുകയും കലഹപ്രിയനായിരിക്കുകയും
ഓരൊരൊപദാൎത്ഥങ്ങളിൽരാഗംവൎദ്ധിക്കുകയും അന്യധനത്തെ
അപഹരിക്കുകയും കൊപംവൎദ്ധിക്കുകയും വളരെ പറയാതെഇ
രിക്കുകയും കശ്മലഗ്രഹബാധയുള്ളവന്റെലക്ഷണമാകുന്നു-

ശ്ലൊ- നിസ്സ്യഹൊവിഹ്വലഃപശ്യന്നനിമെഷണമബ്രുവൻ।
പരിഹാസിതവൈകല്യശ്ചനിസ്സ്യഹഗ്രഹബാധിതഃ॥

ശ്ലൊ- അസംഗതാൎത്ഥവാദിശ്ചപക്ഷിശീഘ്രഗസ്തിൎയ്യഗ്‌വീക്ഷണഃ।
ഭക്താവതൃപ്തഃക്ലിഷ്ടാംഗൊനിൎമ്മലൊഭസ്മകഗ്രഹീ॥

അന്വയാൎത്ഥം —— അസംഗതാൎത്ഥവാക്കായിപക്ഷിയായിശീ
ഘ്രഗനായിതിൎയ്യഗ്‌വീക്ഷണനായി ഭക്തിയിങ്കൽ അതൃപ്തനായി
ക്ലിഷ്ടാംഗനായി നിൎമ്മലനായിരിക്കുന്നവൻ ഭസ്മകഗ്രഹിയായി
ഭവിക്കുന്നു-

സാരം—— തമ്മിൽ ചെരാത്തതുകളായ പദാൎത്ഥങ്ങളൊടുകൂടിയ
വാക്കുകളെപറകയും ഒരുത്തന്റെനെരെയും ഒരുവസ്തുവിങ്കലും
പ്രീതിയില്ലായ്കയും ദെഹംതണുത്തു കറുത്തുമിരിക്കുകയും ദൃഷ്ടിവി
ലങ്ങത്തിലാകയും ഭക്ഷിച്ചാൽ തൃപ്തിയില്ലായ്കയും ദെഹമാലിന്യ
ത്തെ ധരിക്കാതെ ഇരിക്കുകയും ഭസ്മകഗ്രഹത്താൽ ബാധിക്ക

യിയും നൃത്യനായിയും സ്പന്ദനായിയും ഒരിക്കൽഹനായി
യും ബഹുഭക്ഷനായിയും ബഹുഭാഷിയായിയുമിരിക്കുന്നവൻ പ്ര
ലാപഗ്രഹ പീഡിതനായി ഭവിക്കും.

സാരം — തന്റെ ശരീരാവയവങ്ങളെ താൻ തന്നെ ശിലാദി
കൾ കൊണ്ടിടിച്ചു ചതക്കുകയും ശരീരം വരണ്ടിരിക്കുകയും നൃ
ത്തം വെക്കുകയും വെറെ ഒരു ചിന്തയുമില്ലാതെ ആകയും ചില
പ്പൊൾ ചിരിക്കുകയും വളരെ ഭക്ഷിക്കുകയും വളരെ പറയുകയും
പ്രലാപ ഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു.

വൃ. ഖരരൂക്ഷസ്വരശ്ശൂന്യഭിന്നസ്വേദീപ്രലാപകഃ । ഉഗ്ര
ന്ധശ്ചാശുചിർല്ലോലഃ പിശാചഗ്രഹപീഡിതഃ ॥

അന്വയാർത്ഥം — ഖരരൂക്ഷസ്വരനായിയും ശൂന്യഭിന്നസ്വെ
ദിയായിയും പ്രലാപകനായിയും ഉഗ്രന്ധനായിയും അശുചി
യായിയും ലോലനായിയും ഇരിക്കുന്നവൻ പിശാചഗ്രഹപീ
ഡിതനായി ഭവിക്കും.

സാരം — ഒച്ച രൂക്ഷമായിട്ടും ക്രൂരമായിട്ടുമിരിക്കുകയും അ
നർത്ഥ വാക്കുകളെ പറകയും ദെഹത്തിന്നു ദുർഗ്ഗന്ധമുണ്ടാകയും അ
ശുദ്ധനായിരിക്കുകയും ഇളക്കത്തോടു കൂടിയവനാകയും പിശാ
ചഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു.

വൃ. തജ്ജ്യയൻലോലരക്താക്ഷോലുബ്ധോവിഗംപംകലെപ
കഃ । ബഹുഭുക്സാംഗകംപശ്ചദീനവാഗന്ത്യജഗ്രഹീ ॥

അന്വയാർത്ഥം — തജ്ജ്യയനായിയും ലോലരക്താക്ഷനായി
യും ലുബ്ധനായിയും വിഗംപംകലെപകനായിയും ബഹുഭുക്കായിയും
സാംഗകംപനായിയും ദീനവാക്കായിയുമിരിക്കുന്നവൻ അന്ത്യ
ജഗ്രഹിയായി ഭവിക്കും.

സാരം — എല്ലാവരെയും നിന്ദിക്കുകയും കണ്ണുകൾ ഇളക്ക
ത്തോടും ചുവപ്പോടും കൂടിയതുകളായി ഭവിക്കുകയും ലുബ്ധനാ
കയും മലം, ചളി ഇതുകളെ വാരിമെൽ തെക്കുകയും വളരെ ഭക്ഷി
ക്കുകയും കൈകാൽ മുതലായ അവയവങ്ങളെ വിറപ്പിക്കുകയും
വാക്കിന്നു ദീനത ഭവിക്കുകയും അന്ത്യജഗ്രഹബാധയുള്ളവന്റെ
ലക്ഷണമാകുന്നു.

വൃ. ബഹുഭുക്ചിന്തിതജ്ഞാനൻവിശിതാശീചലെക്ഷണഃ ।
നിർമ്മര്യാദോമെഷഗന്ധസ്ഥിരാംഗോയോനിജഗ്രഹീ ॥

അന്വയാർത്ഥം — ബഹുഭുക്കായി ചിന്തിതത്തെ ജ്ഞാനനായി
വിശിതാശിയായി ചലെക്ഷണനായിനിർമ്മര്യാദനായി മെഷ
ഗന്ധനായി സ്ഥിരാംഗനായിരിക്കുന്നവൻയൊനിജഗ്രഹിയാ

ക്കുകയും ശരീരം മഞ്ഞളിക്കുകയും പല്ലുകടിക്കുകയും, ബോധമുണ്ടായാൽ സ്വപ്നാന്തരത്തെ ലഭിക്കുകയും അപസ്മാരബാധയുള്ളവന്റെ ലക്ഷണമാകുന്നു. വെളുത്ത പുഷ്പങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ട മാലയിലും വെളുത്ത വസ്ത്രത്തിന്മേലും താല്പൎയ്യമുണ്ടാകയും വെദത്തെ ചൊല്ലുകയും ദൎഭപ്പുല്ല് മുതലായതുകളെ ധരിക്കുകയും ബ്രാഹ്മണാചാരത്തെ ചെയ്കയും ശുദ്ധനായി ദെവന്മാരെ ഭജിക്കുകയും ബ്രാഹ്മണഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു.

൫൦. രക്തപുഷ്പാദിധൃന്നിത്യംധാവനഃ ഫല്ഗുൎഹസൻ ലിഖൻ।
സഹിഷ്ണുഃ ക്ഷത്രചെഷ്ടാകൃൽഗായൻഗൎജ്ജൻ നൃപഗ്രഹീ ॥

അന്വയാൎത്ഥം — രക്തപുഷ്പാദിധൃക്കായി എല്ലാസമയത്തിങ്കലും ധാവനനായി വൽഗനനായി ഹസനനായി ലിഖനനായി സഹിഷ്ണുവായി ക്ഷത്രചെഷ്ടാകൃത്തായി ഗായനനായി ഗൎജ്ജനനായിരിക്കുന്ന നരൻ നൃപഗ്രഹിയായി ഭവിക്കും.

സാരം — ചുവന്ന പുഷ്പം മുതലായതിനെ ധരിക്കുകയും എല്ലാ സമയവും ഓടുകയും ചാടുകയും ചിരിക്കുകയും വരക്കുകയും ശീതോഷ്ണാദികളെ സഹിക്കുകയും ക്ഷത്രിയചെഷ്ടകളെ ചെയ്കയും പാടുകയും ഉറക്കെ ശബ്ദിക്കുകയും ക്ഷത്രിയഗ്രഹബാധയുള്ളവന്റെ ലക്ഷണമാകുന്നു.

൫൧. ജൃംഭമാണൊഹസൻ ക്രന്ദന്നാക്രൊശൻ കൎഷകൊ വണിക്।
നൃത്യന്നവാച്യവാക്കല്പ്യൻ ദുൎവൃത്തിൎന്നിതൊ വിശാതുരഃ ॥

അന്വയാൎത്ഥം — ജൃംഭമാണനായി ഹസനനായി ക്രന്ദനനായി ആക്രൊശനനായി കൎഷകനായി വണിക്കായി നൃത്യന്നായി അവാച്യവാക്കായി കല്പ്യനായി ദുൎവൃത്തിനായിരിക്കുന്ന നരൻ വിട്ടു ഹെതുവായിട്ടു ആതുരനായി ഭവിക്കും.

സാരം — കൊട്ടുവായയിടുകയും ചിരിക്കുകയും നിലവിളിക്കുകയും ശപിക്കുകയും കൃഷിപ്രവൃത്തി എന്ന പൊലെ ചിലതു കാട്ടുകയും കച്ചൊടപ്രവൃത്തി പൊലെ ചിലതു കാട്ടുകയും നൃത്തം വെക്കുകയും പറയരുതാത്ത വാക്കുകളെ പറകയും കൊപിക്കുകയും വിനയത്തെ വെടികയും വൈശ്യഗ്രഹ ബാധയുള്ളവന്റെ ലക്ഷണമാകുന്നു.

൫൨. വിണ്മൂത്രാദിഭുഗവ്യക്തവാഗ്ദൈന്യസ്പൃക്തമൊഹസന്നവി।
പ്രദ്വിൾ സ്ത്രീപ്രിയസ്സാംഗശ്ചെഷ്ട്യസ്പൃശ്ശൂദ്രഗ്രഹീ ॥

അന്വയാൎത്ഥം — വിണ്മൂത്രാദിഭുക്കായി അവ്യക്തവാക്കായി ദൈന്യസ്പൃക്കായി തമനായി ഹസനനായി വിപ്രദ്വിട്ടായി സ്ത്രീ

ലികാമൊരതികാമശ്ചെത്യെതൌസാദ്ധ്യൗതുമന്ത്രിണഃ॥

അന്വയാൎത്ഥം— ഏതു കാമഗ്രഹിയായിരിക്കുന്നനരൻ വപ്രവൃക്ഷാദികളിൽനിന്നുനിപതിതനായി വഹ്നിഗാധാംഭസ്സുകളിൽ വിശനായി മൂൎദ്ധജങ്ങളെവിധൂനനായി ഹൃഷ്ടനായി ഭവിക്കും. വൈദ്യനെ പശ്യനായാൽ പ്രദോഷിതനായി രുദനായിരക്താക്ഷനായിട്ടു മൂത്രം വെക്കുകയും ചെയ്യുന്നു യാചനൊരുത്തൻ നാലുപുറവും പശ്യനാളലിംഗനായി ശൂലദാഹജപരാളിതനായി ക്ഷുത്തൃഷ്ണാൎത്തനായി ശിരോരോഗിയായിട്ടു തരെണമെ തരെണമെന്നുബ്രുവനായി ഭവിക്കുന്നുവൊ അവൻബലികാമനാകുന്നു. യാചനാരുത്തൻ ഉദലിംഗനായി സ്ത്രീകളുവിങ്കൽ ക്രൊധനായി പ്രിയവാദിയായി അനുപദ്രവിയായി സ്നാതനായി മാല്യാദ്യലംകാരനായി ശുചിയായിട്ടു രതിയെ യാചിക്കുന്നുവൊ അവൻരതികാമനാകുന്നു. ഇവരാകട്ടെ മന്ത്രിയാൽസാദ്ധ്യന്മാരാകുന്നു.

സാരം— ഏതുകാമഗ്രഹത്താൽ ബാധിക്കപ്പെട്ടാമനുഷ്യൻ മതിലിന്മെലൊ മരംമുതലായതിന്മെലൊ കയറി മനസ്സാലെ വീഴും. തീയിലും നിലയില്ലാത്തവെള്ളത്തിലും ചാടും. തലമുടികുടഞ്ഞു ഹൎഷിച്ചുമിരിക്കും. പ്രതിക്രിയചെയ്വാനായിവന്നവനെക്കണ്ടാൽഅധികമായിസംസാരിക്കുകയും കരയുകയു മൂത്രംവെക്കുകയു ചെയ്യും.

ബലികാമഗ്രഹത്താൽബാധിക്കപ്പെട്ടവൻ നാലുപുറംനൊക്കും ഭയത്തൊടുകൂടിയവനായിരിക്കും. വയററിൽവെദന.യും, ചുട്ടും, പനി.യും അധികമായിവിശപ്പും തണ്ണീർദാഹവും തലവെദനയുണ്ടാകും. തരെണമെ തരെണമെ എന്നുപറകയും ചെയ്യും.

രതികാമഗ്രഹത്താൽ ബാധിക്കപ്പെട്ടവൻ ഭയത്തൊടുകൂടിയവനായി സ്ത്രീകളൊടിണങ്ങിഅവരുടെ ശരീരത്തിങ്കൽ ക്രീഡിക്കും. നല്ലവാക്കുകളെപറയും. പരൊപദ്രവത്തെചെയ്കയില്ല. കുളിച്ചുമാലമുതലായഅലംകാരങ്ങളെധരിച്ചു ശുദ്ധനായിരതിയെഅപെക്ഷിച്ചിരിക്കും.

ബലികാമൻ മാന്ത്രികന്റെബലിക്രിയകൊണ്ടുസന്തൊഷിച്ചു ഒഴിച്ചുപൊകും. രതികാമനെ എത്രബലികൾകൊടുത്താലും ബാധിക്കപ്പെട്ട ശരീരത്തെഉപെക്ഷിക്കയില്ല എന്നുമുമ്പെപറഞ്ഞിട്ടുണ്ടു അതുകൊണ്ടുഇവിടെ ബലികാമനും രതികാമനുംമന്ത്രിയാൽസാദ്ധ്യന്മാരാകുന്നു എന്നുപറഞ്ഞതിന്ന ബലികാമനൊ ഉപദ്രവശാന്തി. ആഗ്രഹത്തെവെർപെടുത്തികളഞ്ഞിട്ടുംരതികാമന്റെഉ

സ്ഥാത്രക്ഷഃപിശാചകശ്ശൂലമുഖാനിന്ദ്യൂജസംജ്ഞാ ഗ്രഹാഃ। രാഹൌസൎപ്പപിശാചപന്നഗഭൂതഃപ്രേതഗ്രഹാശ്ശിഖിഭവാഃ കേതൌന്യൂഖിലമേഹിനാംവിധേയതരോഗാനനിഷ്ടക്ഷഗാഃ॥ ഇതി॥

(വാ) സന്താനദീപികായാം।

സന്താനദീപികയിലുണ്ട എന്ന മെൽഎഴുതിയ വാക്യത്തിന്റെ അൎത്ഥം-

൱൩. ബാധകസ്ഥാനഗേസൂൎയ്യേശൈവഭൂതാദിപീഡനം। ചന്ദ്രേദുൎഗ്ഗാകൃതംരോഗംധൎമ്മദൈവകൃതംഗദം।

൱൪. ഭൌമേസ്കന്ദകൃതംവ്യാധിംഭൈരവാദിനിപീഡനം। സൌമ്യേഗന്ധൎവ്വയക്ഷാദിവിമാനസ്ഥാനവാസിനാം।

൱൫. ജീവേബ്രാഹ്മണശാപഞ്ചദേവാനാമപികോപനം। ശുക്രേയക്ഷീകൃതംരോഗംബ്രഹ്മരാക്ഷസപീഡനം।

൱൬. മന്ദേചഭൂതനാഗാനാംശിവാനാംപീഡനംതഥാ। രാഹൌസൎപ്പകൃതംരോഗംകേതൌചണ്ഡാലദൈവജം।

൱൭. മാന്ദൌപ്രേതകൃതംരോഗംപ്രവദന്തിമാനവാഃ। ഇതി।

അന്വയാൎത്ഥം—— സൂൎയ്യൻ ബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ ശൈവഭൂതാദിപീഡനത്തെയും ചന്ദ്രൻ ബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ ദുൎഗ്ഗാകൃതമായിരിക്കുന്നരോഗത്തെയും ധൎമ്മദൈവകൃതമായിരിക്കുന്ന ഗദത്തെയും ഭൌമൻ ബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ സ്കന്ദകൃതമായിരിക്കുന്ന വ്യാധിയെയും ഭൈരവാദിനിപീഡനത്തെയും സൌമ്യൻ ബാധകസ്ഥാനത്തെ ഗതനായിരിക്കും വിഷയത്തിങ്കൽ ഗന്ധൎവ്വയക്ഷാദിവിമാനസ്ഥാനവാസികളുടെ നിപീഡനത്തെയും ജീവൻബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ ബ്രാഹ്മണശാപത്തെയും ദേവന്മാരുടെ കോപനത്തെയും ശുക്രൻബാധകസ്ഥാനഗനായിരിക്കുംവിഷയത്തിങ്കൽ യക്ഷീകൃതമായിരിക്കുന്ന രോഗത്തെയും ബ്രഹ്മരാക്ഷസപീഡനത്തെയും മന്ദൻ ബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ അപ്രകാരം ശൈവങ്ങളായിരിക്കുന്ന ഭൂതനാഗങ്ങളുടെ പീഡനത്തെയും രാഹുബാധകസ്ഥാനഗനായിരിക്കുംവിഷയത്തിങ്കൽ സൎപ്പകൃതമായിരിക്കുന്ന രോഗത്തെയും കേതുബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ ചണ്ഡാലദൈവജമായിരിക്കുന്ന രോഗത്തെയും മാന്ദിബാധകസ്ഥാനഗനായിരിക്കും വിഷയത്തിങ്കൽ പ്രേതകൃതമായിരിക്കുന്ന രോഗത്തെയും മതിമാനായിരിക്കുന്ന നരൻ പ്രവദിക്കുന്നു.-

സാരം—— മേടം, കക്കിടകം, തുലാം, മകരം. ഇങ്ങിനെ ഉള്ള ചരരാശികളിലൊന്ന ആരൂഢമായിവന്നാൽ അവിടെ ആരൂഢത്തിന്റെ പതിനൊന്നാമത്തെ രാശിയത്രെ ബാധകസ്ഥാനമാകുന്നത. ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം, ഇങ്ങിനെഉള്ള സ്ഥിരരാശികളിൽ ഒന്ന ആരൂഢമായിവന്നാൽ അവിടെ ആരൂഢത്തിന്റെ ഒമ്പതാമത്തെ രാശിയത്രെ ബാധകസ്ഥാനമാകുന്നത. മിഥുനം. കന്നി, ധനു. മീനം. ഇങ്ങിനെ ഉള്ള ഉഭയ രാശികളിൽ ഒന്ന ആരൂഢമായി വന്നാൽ അവിടെ ആരൂഢത്തിന്റെ ഏഴാമത്തെ രാശിയത്രെ ബാധക സ്ഥാനമാകുന്നത.

മേൽപറഞ്ഞ മൂന്നുബാധകസ്ഥാനങ്ങളുടെയും കേന്ദ്രരാശികളും ബാധകസ്ഥാനങ്ങൾ തന്നെ എന്നു ചിലർ പറയുന്നു. ചരരാശികൾക്കു കുംഭവും വൃശ്ചികം, ധനു. ചിങ്ങം. കന്നി ഇതുകൾക്കു വൃശ്ചികവും ഇടവത്തിന്നു മകരവും കുംഭത്തിന്നു കക്കടകവുംമിഥുനത്തിന്നും മീനത്തിന്നും ധനുവും ബാധമാകുന്നു. ഇങ്ങിനെ ബാധാവിചാരത്തിങ്കൽ മൂന്നുപക്ഷങ്ങൾ ഉണ്ടു ഇതുകളിൽ ഒന്നാമത്തതും മൂന്നാമത്തതും എല്ലാ പ്രശ്നങ്ങളിലും സ്വീകരിക്കപ്പെടുവാൻ യോഗ്യങ്ങളാകുന്നു. രണ്ടാമത്തതിനെ ചിലെടത്തു ഗ്രഹിച്ചുകൊൾക.

൫൫൫. പിത്രൊശ്ചിത്യാദയഃശ്ലോകാഃപ്രശ്നാനുഷ്ഠാനപദ്ധതൌ । യെപ്രാഗ്രോഗചികിത്സായെപ്രോക്താശ്ചിന്ത്യയെമിഹതാന്യപി ॥

അന്വയാൎത്ഥം—— മുമ്പെ രോഗചികിത്സയത്തിങ്കൽ പ്രശ്നാനുഷ്ഠാനപദ്ധതിയിലുള്ള പിത്രൊശ്ചിത്യാദികളായ യാവചില ശ്ലോകങ്ങൾ പ്രോക്തങ്ങളായി ഭവിക്കുന്നുവൊ അതുകളെയും ഇവിടെ ചിന്തിക്കേണം.

സാരം—— പിത്രൊശ്ചിത്യാദികളായ അനുഷ്ഠാന പദ്ധതിയിലെ ശ്ലോകങ്ങൾ ഇവിടെ രോഗനിരൂപണപ്രകരണത്തിങ്കൽപറയപ്പെട്ടിട്ടുണ്ടു അതുകളെ ഇവിടെയും വിചാരിക്കേണം.

(വാ) അലമതിപ്രസംഗേനപ്രകൃതമെവാനുസരാമഃ ॥

അന്വയാൎത്ഥം—— അതിപ്രസംഗം കൊണ്ടുസാദ്ധ്യമില്ല പ്രകൃതത്തെത്തന്നെ ഞങ്ങൾ അനുസരിക്കുന്നു.

സാരം——സ്പഷ്ടമാകുന്നു.

൫൫൬. ബാധകാധിപതില്ലഗ്നംലഗ്നേശംവായദീക്ഷതെത്രിമശാലീക്ഷണെനാപിബാധാസ്യാദ്ദൃഷ്ടിസംഭവാ ॥

മുണ്ടായിട്ടും ചൊവ്വ ഏഴാമെടത്തു നിന്നവനായിട്ടും ഭവിച്ചാൽ ദൃഷ്ടിബാധഹേതുവായിട്ടുള്ള രോഗത്തെ പറയെണം- ലഗ്നത്തിന്നു പാപയോഗവും ഏഴാമെടത്തു ശനിയും ചന്ദ്രന്നു പാപദൃഷ്ടിയുമുണ്ടായാൽ പിശാചദർശനം ഹേതുവായിട്ടുള്ള രോഗത്തെ പറയെണം-

[illegible]. ലഗ്നേശബന്ധുസ്ഥിതിബാധകേശൊരന്തുംനിഹന്തും
രമിതസ്യശത്രു: । ഭോക്തുംസമശ്ചേൽഗ്രഹപീഡനംസ്യാദേവം
ത്രിധാദൈവവിദൊവദന്തി ॥

അന്വയാർത്ഥം——ബാധകേശൻ ലഗ്നേശബന്ധുവാകുന്നു എങ്കിൽ രമിപ്പാനായിക്കൊണ്ടും അവന്റെ ശത്രുവാകുന്നു എങ്കിൽ ഹനിപ്പാനായിക്കൊണ്ടും സമനാകുന്നു എങ്കിൽ ഭുജിപ്പാനായിക്കൊണ്ടും ഇങ്ങിനെ ഗ്രഹപീഡനം മൂന്നു പ്രകാരമായി ഭവിക്കുമെന്ന ദൈവവിത്തുകൾ പറയുന്നു.

സാരം——ബാധകസ്ഥാനാധിപൻ ലഗ്നാധിപന്റെ ബന്ധുവാകുന്നു എങ്കിൽ ദേവതയുടെ ബാധ രമിപ്പാനായിക്കൊണ്ടാകുന്നു- ശത്രുവാകുന്നു എങ്കിൽ കൊല്ലുവാനായിക്കൊണ്ടാകുന്നു- സമനാകുന്നു എങ്കിൽ ബലികർമ്മത്തെ അനുഭവിപ്പാനായിക്കൊണ്ടാകുന്നു ഇങ്ങിനെ ദേവതാബാധയുടെ പ്രയോജനഭേദത്തെ അറിഞ്ഞുകൊൾക-

[illegible]. അന്യേതുലഗ്നേശപരദൃഷ്ടിയോഗേരന്തുംനിഹന്തുംമൂ
തിഷഷ്ഠപാദ്യാം। ബാധാധിപൈരന്യരിഹഭോക്തുമേവംഗ്രാ
ഹ്യാവിരോധേസതിപൂർവ്വപക്ഷ: ॥

അന്വയാർത്ഥം——അന്യന്മാരാകട്ടെ ബാധാധിപന്മാർ ലഗ്നേശപരദൃഷ്ടിയോഗം സത്തായിരിക്കും വിഷയത്തിങ്കൽ രമിപ്പാനായിക്കൊണ്ടും മൂർത്തിഷഷ്ഠപന്മാരാൽ ഉള്ള ദൃഷ്ടിയോഗം സത്തായിരിക്കും വിഷയത്തിങ്കൽ നിഹനിപ്പാനായിക്കൊണ്ടും ഇവരകൾ അന്യന്മാരാൽ ഉള്ള ദൃഷ്ടിയോഗം സത്തായിരിക്കും വിഷയത്തിങ്കൽ ഭുജിപ്പാനായിക്കൊണ്ടും ഇങ്ങിനെ മൂന്നുപ്രകാരെണ വദിക്കുന്നു- വിരോധം സത്തായിരിക്കും വിഷയത്തിങ്കൽ പൂർവ്വപക്ഷം ഗ്രാഹ്യമായി ഭവിക്കുന്നു-

സാരം—— ബാധകാധിപന്നു ലഗ്നാധിപന്റെ ദൃഷ്ടിയോ യോഗമോ ഉണ്ടായാൽ രമിപ്പാനായിക്കൊണ്ടെന്നും ഷഷ്ഠാഷ്ടമാധിപന്മാരുടെ ദൃഷ്ടിയോ യോഗമോ ഉണ്ടായാൽ ഹിംസിപ്പാനായിക്കൊണ്ടെന്നും മറ്റുള്ള ഗ്രഹങ്ങളുടെ ദൃഷ്ടിയോഗങ്ങളുണ്ടായാൽ ബലികർമ്മത്തെ അനുഭവിപ്പാനായിക്കൊണ്ടെന്നും ഗ്രഹ

ളുള്ളപ്രദേശവും തോട്ടം പാമ്പിൻകാവും മേടത്തിന്റെഎന്നറിക. കിഴക്കോട്ടു പടിഞ്ഞാറുമുള്ള പ്രദേശങ്ങളും കൃഷിയുള്ളേടവും മനോഹരമായപ്രദേശവും ഇടവത്തിന്റെഎന്നറിക. ഉദ്യാനവും അമ്പലവും രംഗസ്ഥലവും മിഥുനത്തിന്റെഎന്നറിക. മിഥുനത്തിന്ന മനോഹരമായ പ്രദേശവുമാം. ദേവസ്ത്രീകളുടെവാസസ്ഥാനമായ താമരപ്പൊയ്കയുടെ സമീപം കർക്കടകത്തിന്റെഎന്നറിക.

൧൨൨. സ്ഥാനംമൃഗേന്ദ്രസ്യതുംഗശൈലോഗോക്ഷേത്രദേവദ്വിജവാസഭൂമിഃ। ദേവാലയാശ്വത്ഥപമന്ദിരാജിക്ഷേത്രേഷുവാസോവനിതാഗൃഹസ്യ ॥

അന്വയാർത്ഥം—— മൃഗേന്ദ്രന്റെസ്ഥാനമാകട്ടെ തുംഗശൈലവും ഗോക്ഷേത്രദേവദ്വിജവാസഭൂമിയുമാകുന്നു. വനിതാഗൃഹത്തിന്റെവാസം ദേവാലയശ്വത്ഥപമന്ദിരാജിക്ഷേത്രങ്ങളിൽ ഭവിക്കുന്നു.

സാരം—— ചിങ്ങത്തിന്റെ സ്ഥാനം ഉയർന്നപ്രദേശവും പശുക്കളും ബ്രാഹ്മണരും വസിക്കുന്നേടവും അമ്പലവുമാകുന്നു. കന്നിയുടെസ്ഥാനം അമ്പലവും കുതിരപ്പന്തിയും ആനപ്പന്തിയും സമുദ്രവും കൃഷിഭൂമിയുമാകുന്നു.

൧൨൩. തുലസ്യവീഥ്യാപണകാനനേഷുകീടസ്യവല്മീകതടാകയോശ്ച। ആരാമസേനാഗൃഹയുദ്ധഭൂമിസാലേഷുവാസോനവമസ്യരാശേഃ॥

അന്വയാർത്ഥം—— തുലത്തിന്റെ വാസം വീഥ്യാപണകാനനങ്ങളിലും കീടത്തിന്റെവാസംവല്മീകതടാകങ്ങളിലും നവമമായിരിക്കുന്ന രാശിയുടെവാസം ആരാമസേനാഗൃഹയുദ്ധഭൂമിസാലങ്ങളിലുമാകുന്നു.

സാരം തുലാരാശിയുടെസ്ഥാനം തെർവീഥിയും അങ്ങാടിയുംകാടുമാകുന്നു. വൃശ്ചികത്തിന്റെസ്ഥാനം പുററും പൊയ്കയുമാകുന്നു. ധനുവിന്റെസ്ഥാനം ഉദ്യാനവുംസേനാഗൃഹവും യുദ്ധഭൂമിയും എഴുനിലമാളികയുമാകുന്നു.

൧൨൪. നദീമുഖാരണ്യനിഷാദവാസേഷ്വേണസ്യരാശേഘടഭസ്യതദ്വത്। ശ്വഭ്രാംബുപൂർണ്ണാമരമന്ദിരേഷുഝഷസ്യ വാസഃകഥിതോമുനീന്ദ്രൈഃ॥

അന്വയാർത്ഥം____ ഏണമാകുന്ന രാശിയുടെ വാസംനദീമുഖാരണ്യനിഷാദവാസങ്ങളിലാകുന്നു. ഘടത്തിന്റെ വാസം അതിന്റെ എന്നപോലെ ആകുന്നു. ഝഷത്തിന്റെവാസംശ

തന്വാദിഗ്രഹങ്ങളാൽ ബാലന്മാൎക്കു തന്നെ ഭവിക്കുന്നതായ ബാധയെ വിചാരിക്കുന്നു-

ശ്ലോ. മന്ദചന്ദ്രജയോരേകൊ യദി ചാമിഥുനനക്രയോഃ। ബാധകസ്ഥാനസംസ്ഥശ്ചേൽ ബാലപീഡാംവിനിൎദ്ദിശേൽ॥

അന്വയാൎത്ഥം— മന്ദചന്ദ്രജന്മാരിൽവെച്ചു ഏകൻ ബാധകസ്ഥാനസംസ്ഥനായി ഭവിക്കുന്നു എങ്കിൽ ബാലപീഡയെ വിനിൎദ്ദേശിക്കേണം- അല്ലാ എങ്കിൽ മിഥുനനക്രങ്ങളിൽവെച്ചു ഏകം ബാധകസ്ഥാനസംസ്ഥമാകുന്നു എങ്കിൽ ബാലപീഡയെ വിനിൎദ്ദേശിക്കേണം-

സാരം— ശനിയൊ ബുധനൊ ബാധകസ്ഥാനത്തിങ്കൽ നിന്നാലും ബാധകസ്ഥാനം മിഥുനമൊ മകരമൊ ആയിവന്നാലും ബാലപീഡയെ പറയെണം-

(വാ) ഏതൽബാലപീഡാനിരൂപണവിഷയം॥

സാരംസ്പഷ്ടമാകുന്നു-

(വാ) അഥവിഷഭോജനംനിരൂപ്യതെ।

അന്വയാൎത്ഥം—അനന്തരം വിഷഭോജനം നിരൂപിക്കപ്പെടുന്നു-

സാരംസ്പഷ്ടമാകുന്നു-

ശ്ലോ. മിത്രെപുത്രെസപത്നെവാഷ്ടമെവാമാന്ദ്യൌവാഹൌതിഷ്ഠതിക്ഷെപളഭുക്തിഃ। തത്ത്രസ്ഥചാരീശപരൈരപ്രയുക്താവിജ്ഞാതവ്യാസാനചെദ്ദൈവയോഗാൽ॥

അന്വയാൎത്ഥം— മിത്രത്തിങ്കലൊ പുത്രങ്കലൊ സപ്തമത്തിങ്കലൊ അഷ്ടമത്തിങ്കലൊ മാന്ദിയൊ അഹിയൊ തിഷ്ഠന്നായിരിക്കും വിഷയത്തിങ്കൽ ക്ഷെപളഭുക്തി വാച്യയായി ഭവിക്കുന്നു- അരിശപരൻ തത്ര സ്ഥനായിട്ടുമിരിക്കും വിഷയത്തിങ്കൽ അത അരിപ്രയുക്താ എന്നു വിജ്ഞാതവ്യയായി ഭവിക്കുന്നു അരിശപരൻ തത്ത്രസ്ഥനല്ല എങ്കിൽ ദൈവയോഗം ഹെതുവായിട്ടു എന്നു വിജ്ഞാതവ്യയാകുന്നു-

സാരം— ഗുളികനൊ രാഹുവൊ നാലാമെടത്തെങ്കിലും അഞ്ചാമെടത്തെങ്കിലും ഏഴാംമെടത്തെങ്കിലും എട്ടാമെടത്തെങ്കിലും നിന്നാൽ കൈവിഷം വയറ്റിൽപെട്ടിരിക്കുന്നു എന്നു പറയെണം- മെൽപറഞ്ഞ സ്ഥാനങ്ങളിൽവെച്ചു യാതൊന്നിങ്കൽ ഗുളികന്റെയൊ രാഹുവിന്റെയൊ സ്ഥിതി ഉണ്ടായൊ അതിങ്കൽ തന്നെ ആറാംഭാവാധിപന്റെ സ്ഥിതിയുമുണ്ടായാൽ അതു ശത്രുവിനാൽ പെടുത്തപ്പെട്ടതാകുന്നു എന്നും ആറാംഭാവാധിപൻ മ

സാരം—— ലഗ്നാധിപനും ആറാം ഭാവാധിപനും തമ്മിൽ സംബന്ധമുണ്ടായാൽ വിഷം കൊടുത്തു കൊല്ലുവാനായിക്കൊണ്ടാകുന്നു എന്നും ലഗ്നാധിപനും ഏഴാം ഭാവാധിപനും തമ്മിൽ സംബന്ധമുണ്ടായാൽ വശീകരിപ്പാനായിക്കൊണ്ടാകുന്നു എന്നും അറിയെണം-

(വാ) ഏതല്പിഷ്ടഭൊജനനിരൂപണെവിഷയം ॥

മെൽ എഴുതിയവാക്യത്തിന്റെ അൎത്ഥം സ്പഷ്ടമാകുന്നു-

(വാ) അഥശത്രുബാധാനിരൂപ്യതെ ॥

അനന്തരം ശത്രുബാധാനിരൂപിക്കപ്പെടുന്നു എന്നു മെൽ എഴുതിയ വാക്യത്തിന്റെ അൎത്ഥം-

ശ്ലൊ. ദൊഷത്രിതയസംഭൃതാഃ കെവലംബാധയാകൃതാഃ ।
ദ്വൈവിധ്യമിതിരൊഗാണാം തൽഭെദഃ പ്രാങ്നിരൂപ്യതെ ॥

അന്വയാൎത്ഥം—— ദൊഷത്രിതയ സംഭൃതങ്ങളായിട്ടുതന്നെയും ബാധയാൽ കൃതങ്ങളായിട്ടും ഭവിക്കുക ഹെതുവായിട്ടു രൊഗങ്ങൾക്കു ദ്വൈവിധ്യം ഭവിക്കുന്നു- മുമ്പെ തൽപ്രഭെദം നിരൂപിക്കപ്പെടുന്നു-

സാരം—— രൊഗങ്ങൾ ബാധാസംബന്ധത്തൊടു കൂടാതെയും കൂടിയുമുണ്ടാകയാൽ അതുകളെ തിരിച്ചറിവാനായിക്കൊണ്ടുള്ള ഉപായത്തെ മുമ്പെ പറയുന്നു-

ശ്ലൊ. അത്രത്രയപ്രബലവദന്തിസുധിയൊരൊഗൊൽഭവംബാധയാ പ്രാഗ്ലഗ്നപ്രബലെതഥാമയഗണൊവാച്യാസ്ത്രിദൊഷൊൽഭവാഃ । തല്പഷ്ഠപതൌബലിന്യപിഗദാൻബാധൊൽഭവാന്നിൎദ്ദിശെൽരന്ധ്രെശെതിബലെത്രിദൊഷജനിതാൻരൊഗാംസ്തഥൈവംവദെൽ ॥

ശ്ലൊ. വ്യാധിനാമീശപാംരൊജ്ജയത്പൃഷ്ഠപൊരസ്ഥപസ്യഥാ ബാധയാസബലെതീശെരന്ധ്രെശെതത്ക്രിദൊഷതഃ-ഇതി ॥

അന്വയാൎത്ഥം— സുധീകൾ അത്രയും പ്രബലമായി സത്തായിരിക്കും വിഷയത്തിങ്കൽ ബാധ ഹെതുവായിട്ടുള്ള രൊഗൊൽഭവത്തെ വദിക്കുന്നു- പ്രാഗ്ലഗ്നം പ്രബലമായി സത്തായിരിക്കും വിഷയത്തിങ്കൽ അപ്രകാരം ത്രിദൊഷൊൽഭവങ്ങളായിരിക്കുന്ന ആമയഗണങ്ങൾ വാച്യങ്ങളായി ഭവിക്കുന്നു. അപ്രകാരം ഷഷ്ഠപതി ബലിയായി സന്നായിരിക്കും വിഷയത്തിങ്കൽ ബാധൊൽഭവങ്ങളായിരിക്കുന്ന ഗദങ്ങളെ നിൎദ്ദെശിക്കെണം- രന്ധ്രെശൻ അതിബലനായി സന്നായിരിക്കും വിഷയത്തിങ്കൽ ത്രിദൊഷജനിതങ്ങളായിരിക്കുന്ന ഗദങ്ങളെ നി

ശ്ലോകം. മഹാഭിചാരോപലക്ഷിതവ്യശ്ശുഭശ്ചേൽബാധകാധിപഃ । പാപശ്ചേൽക്ഷുദ്രകസ്സ്യാദഭിചാരഇതിദ്വിധാ ॥

അന്വയാർത്ഥം —— ബാധകാധിപൻ ശുഭനാകുന്നു എങ്കിൽ മഹാഭിചാരം തന്നെ ലക്ഷിതവ്യമായി ഭവിക്കുന്നു. പാപനാകുന്നു എങ്കിൽ ക്ഷുദ്രംതന്നെ ലക്ഷിതവ്യമായി ഭവിക്കുന്നു. അഭിചാരം ഇങ്ങിനെ രണ്ടു പ്രകാരം തന്നെ ഭവിക്കും.

സാരം —— ബാധകാധിപൻ ശുഭഗ്രഹമാകിൽ മഹാഭിചാരമെന്നുതന്നെ പറയേണം. പാപഗ്രഹമാകിൽ ക്ഷുദ്രാഭിചാരമെന്നുതന്നെ പറയേണം. അഭിചാരം ഇങ്ങിനെ രണ്ടുപ്രകാരമല്ലാതെ വേറെ ഇല്ല.

ശ്ലോകം. മഹാഭിചാരശ്ശ്രൗതസ്യാദ്വൈദികൈർമ്മാരണാദികം യൽകർമ്മക്രിയതേക്ഷുദ്രോയൽകീലാഖിനിഖന്യതേ ॥

അന്വയാർത്ഥം —— വൈദികന്മാർ മാരണാദികമായിരിക്കുന്ന യാതൊരു കർമ്മം ചെയ്യപ്പെടുന്നുവോ ഇതു മഹാഭിചാരമായി ഭവിക്കും. കീലാഖിനിഖനിക്കപ്പെട്ടു എന്നതു യാതൊന്നോ ഇതു ക്ഷുദ്രമായി ഭവിക്കും.

സാരം —— മഹാഭിചാരമെന്നതു മന്ത്രശാസ്ത്രങ്ങളിൽ പ്രസിദ്ധമായിട്ടും സമന്ത്രമായി പ്രവൃത്തിക്കേണ്ടതുമായ മാരണാദികർമ്മമാകുന്നു. ക്ഷുദ്രാഭിചാരമാകുന്നതു മരുന്നു കുഴിച്ചിടുകയാകുന്നു. അതിന്റെ ഫലം മാരണാദികർമ്മങ്ങളോടു തുല്യംതന്നെ. ശാസ്ത്രപ്രസിദ്ധി അതിന്നുമുണ്ടു എങ്കിലും മന്ത്രശക്തിപ്രാധാന്യമുള്ളതു മഹാഭിചാരമെന്നും ഔഷധശക്തിപ്രാധാന്യമുള്ള ക്ഷുദ്രമെന്നു ധരിച്ചുകൊൾക.

ശ്ലോകം. രിപോശ്ച തന്നിയോഗാദ്വാമാരണാദികൃതസ്യ ച । ജാതിഃപ്രയോക്തുർവ്വക്തവ്യാതൽപ്രകാരോഥകഥ്യതേ ॥

അന്വയാർത്ഥം —— രിപുവും തന്നിയോഗം ഹേതുവായിട്ടു യാവനൊരുത്തൻ മാരണാദികൃത്തായി ഭവിക്കുന്നുവോ ഇവനുമാകുന്ന ഇരിവരുടെ ജാതി വക്തവ്യയാകുന്നു. അനന്തരം തൽപ്രകാരം കഥിക്കപ്പെടുന്നു.

സാരം —— ശത്രുവിന്റെയും ശത്രുപ്രേരണഹേതുവായിട്ടു മാരണാദി കർമ്മത്തെ ചെയ്തവന്റെ ജാതിയെ പറയേണം. അതു യാതൊരു പ്രകാരമെന്നു ഇനി പറയുന്നു.

ശ്ലോകം. പഞ്ചമായസ്തകുരാശെസ്സഭവതിഹിരിപോഷ്ടകുരാശീശിതുർവ്വാവാച്യാബാധാവ്യതാശേതഥതദധിപതെർവ്വാപിവർണ്ണഃപ്രയോക്തുഃ । വിപ്രസ്ത്വാദ്യൈനരാശിദ്ധരണിപതിരഥോ

കുന്നാലും ആറാമെടത്തിന്നപറഞ്ഞജാതിതന്നെ ശത്രുവിന്റെരാശി എന്നുപറഞ്ഞുകൊൾക- ആറാംഭാവാധിപൻ ബാധകസ്ഥാനത്തിങ്കൽനിന്നാലും നൊക്കിയാലും ബാധകാധിപനൊടുകൂടിനിന്നാലും ബാധകാധിപനെ നൊക്കിയാലും അതുപൊലെവെറെ വല്ല സംബന്ധമുണ്ടായിരുന്നാലും ആറാംഭാവാധിപന്റെ ജാതിതന്നെ ശത്രുവിന്റെജാതിഎന്നുപറഞ്ഞുകൊൾക- ഇതുകൊണ്ടു ശത്രുവിന്റെജാതി നിൎദ്ദേശത്തിങ്കൽ രണ്ടുപക്ഷങ്ങൾ പറഞ്ഞുകൊണ്ടുള്ള സംശയത്തെ പരിഹരിച്ചു രണ്ടുപക്ഷങ്ങൾക്കും വിഷയഭെദം ഇപ്പൊൾവ്യക്തമായിവല്ലൊ ഇനിപ്രയൊക്താവിന്റെ ജാതിനിൎദ്ദേശത്തിങ്കലും ഇങ്ങിനെ വന്നിരിക്കുന്നസംശയത്തെ പരിഹരിക്കുന്നു-

൫൭൨- ഷഷ്ഠാധിപതിസംബന്ധാദ്ബാധകസ്യ ഗ്രഹസ്യ ചെൽ। യൊഗാദിനാപ്രയൊക്തുസ്സ്യാദ്വൎണ്ണൊബാധകൊദിതഃ॥

൫൭൩- ബാധകെശസ്യ ചെൽ ഷഷ്ഠഷഷ്ഠെശെക്ഷാനപായാദയഃ। ബാധകാധിപതെൎവ്വൎണ്ണം പ്രയൊക്തുസ്തൎഹിനിൎദ്ദിശെൽ॥

അന്വയാൎത്ഥം — ബാധകമായിരിക്കുന്നഗ്രഹത്തിന്നു ഷഷ്ഠാധിപതിസംബന്ധം യൊഗാദിഹെതുവായിട്ടുഭവിക്കുന്നുഎങ്കിൽ പ്രയൊക്താവിന്നു ബാധകൊദിതമായിരിക്കുന്ന വൎണ്ണംഭവിക്കും- ബാധകെശന്നു ഷഷ്ഠഷഷ്ഠെശെക്ഷാനപായാദികൾ ഭവിക്കുന്നുഎങ്കിൽ എന്നാൽപ്രയൊക്താവിന്നു ബാധകാധിപതിയുടെ വൎണ്ണത്തെ നിൎദ്ദേശിക്കെണം-

സാരം — ആറാംഭാവാധിപൻ ബാധകസ്ഥാനത്തിങ്കൽ നിന്നാലും നൊക്കിയാലും അതുപൊലെതമ്മിൽവെറെവല്ല സംബന്ധമുണ്ടായിരുന്നാലും ബാധകരാശിയുടെ ജാതിതന്നെ മാരണാദികൎമ്മത്തെച്ചെയ്തവന്റെജാതിഎന്നുപറഞ്ഞുകൊൾക- ബാധകാധിപൻ ആറാമെടത്തുനിന്നാലും നൊക്കിയാലും ആറാംഭാവാധിപനൊടുകൂടിനിന്നാലും, ആറാംഭാവാധിപനെ നൊക്കിയാലും അതുപൊലെവെറെവല്ലസംബന്ധമുണ്ടായിരുന്നാലും ബാധകാധിപന്റെ ജാതിതന്നെമെൽപറഞ്ഞവന്റെ ജാതിഎന്നുപറഞ്ഞുകൊൾക-

൫൭൪- വിപ്രാവസുരസുരെഡ്യൌ ഭൌമാൎക്കൌ ക്ഷത്രിയൌശശീവൈശ്യഃ। ശൂദ്രസ്സൂബുധൊമന്ദശ്ചാന്തരവൎണ്ണൊവരാഹമിഹിരമതെ॥

അന്വയാൎത്ഥം — വരാഹമിഹിരമതത്തിങ്കൽ അസുരസുരെഡ്യന്മാർ വിപ്രന്മാരായിട്ടും ഭൌമാൎക്കന്മാർ ക്ഷത്രിയന്മാരായിട്ടും

ത്തിന്റെ അത്ഥമാകുന്നു- ഇവിടെ എന്നതിന്ന ജാതിയെ പറക
എന്നവിഷയത്തിങ്കൽ എന്നുസാരമാകുന്നു- ഇനിമാധവീയത്തി
ൽശ്ലോകം തന്നെ എഴുതപ്പെടുന്നു-

൧൨൧- വിപ്രാഹപയൌഗുരുസിതൌനൃപതീകുജാർക്കൌവൈ
ശ്യശ്ശശീശശിസുതോവൃഷലോക്കജോന്ത്യഃ- ഇതി॥

അന്വയാർത്ഥം___ ഗുരുസിതന്മാർ വിപ്രാഹപയന്മാരായിഭ
വിക്കുന്നു- കുജാക്കന്മാർനൃപതികളായിഭവിക്കുന്നു- ശശി വൈ
ശ്യനായിഭവിക്കുന്നു- ശശിസുതൻ വൃഷലനായിഭവിക്കുന്നു-
അക്കജൻ അന്ത്യനായിഭവിക്കുന്നു-

സാരം___ ഗുരുശുക്രന്മാർ ബ്രാഹ്മണർ ചൊവ്വയുമാദിത്യനും
രാജാവ ചന്ദ്രൻ വൈശ്യൻ ബുധൻ ശൂദ്രൻശനിചണ്ഡാല
ൻ- മെൽപ്രകാരമായമാധവമത്തിൽ ശനിയുടെ ജാതിതീച്ചപ്പെ
ട്ടതിപറഞ്ഞിരിക്കുന്നു എന്നതുതന്നെ വിശെഷമെന്നറിക-

(വാ) കൃഷ്ണീയത്തിൽ

കൃഷ്ണീയവുമുണ്ടെന്നു മെൽ എഴുതിയവാക്യത്തിന്റെസാരം-
൧൨൨- വിപ്രൌഗുരുദേവഗുരൂക്ഷത്രിയഭൂപൌമൌദിവാകരൌ
വിംജ്ഞൌ വൈശ്യൌബുധചന്ദ്രമസൌശനൈശ്ചരശ്ശൂദ്രസംക
രകൃത്॥ ഇതി॥

അന്വയാർത്ഥം___ ഭൃഗുദെവഗുരുക്കൾ വിപ്രന്മാരാകുന്നു-
ദിവാകരൊവ്വീജന്മാർ ക്ഷത്രിയഭൂപന്മാരാകുന്നു- ബുധചന്ദ്രമ
സ്സുകൾ വൈശ്യന്മാരാകുന്നു- ശനൈശ്ചരൻ ശൂദ്രസംകരകൃത്താ
കുന്നു-

സാരം___ ശുക്രനും വ്യാഴവും ബ്രാഹ്മണനാകുന്നു- ആദിത്യ
നും ചൊവ്വയും ക്ഷത്രിയനാകുന്നു- ബുധചന്ദ്രന്മാർ വൈശ്യന്മാ
രാകുന്നു ശനി ശൂദ്രനാകുന്നു-സംകരജാതിയെയും ശനിയെക്കൊ
ണ്ടുചിന്തിക്കാം ഇങ്ങിനെകൃഷ്ണീയത്തിൽ പറഞ്ഞിരിക്കുന്നുഎന്നു
ഗ്രഹിച്ചുകൊൾക-

(വാ) സാരസമുച്ചയശ്ച॥

സാരസമുച്ചയമെന്ന ശാസ്ത്രവുമുണ്ടെന്നുമെൽ എഴുതിയവാ
ക്യത്തിന്റെ അത്ഥം-

൧൨൩- അക്കസ്യവിപ്രോരാജാവാ ശുക്രദ്വൊവാമണ്ഡചാധിപഃ॥
ഇന്ദൊവ്വിപ്രോഥവാവൈശ്യോഭൌമസ്യദാഹിശ്ശൂദ്രകൌ॥
൧൨൪- സൌമസ്യശൂദ്രൊവൈശ്യൊവാസനൈശ്ശൂദ്രൊന്ത്യജൊ
പിവാ ജീവസ്യവിപ്രശ്ശുക്രസ്യശൂദ്രൊവാവിപ്രൊപിവാസ്ത്രിയഃ ॥
൧൨൫- നീചാരിമൂഢഗൈരെതെന്നീചജാതിംവിനിർദ്ദിശെ

ന്നെ ഉള്ള ഹേതുവിനെ ഇവിടെ തന്നെ മിക്കതും വിവരിച്ചു പ
റവാൻ പൊകുന്നു-

൫൨. ഷഷ്ഠേശെയദിഭൌമവെൎമ്മനിബുധൈൎഹേതുമ
ഹീത്യച്യതെ ബൌധെകാഞ്ചനമാഖ്യഭെപണഫലാന്യസ്യത്ര
പ്യംതഥാ । വാസൊധാന്യചതുഷ്പദാശ്ചശനിഭെചണ്ഡാലദാ
സായുധംചാന്ദ്രെഭാജനമംബുവാൎക്കഭവനെതാമ്രഞ്ചമൂലംഫലം॥

അന്വയാൎത്ഥം—— ഷഷ്ഠേശൻ ഭൌമവെശ്മത്തിങ്കൽ ആകു
ന്നു എങ്കിൽ ബുധന്മാരാൽ ഹേതുമഹി എന്ന പറകപ്പെടുന്നു-
ബൌധത്തിങ്കൽ ആകുന്നു എങ്കിൽ കാഞ്ചനമെന്ന പറകപ്പെട്ടു
ന്നു- ആഖ്യഭത്തിങ്കൽ ആകുന്നു എങ്കിൽ പണഫലങ്ങൾ എന്ന
പറകപ്പെടുന്നു- ആസ്ഫുൻെറഭത്തിങ്കൽ ആകുന്നു എങ്കിൽ രൂപ്യ
വും അപ്രകാരം വാസൊധാന്യ ചതുഷ്പാത്തുകളുമെന്നു പറകപ്പെട്ടു
ന്നു ശനിഭത്തിങ്കൽ ആകുന്നു എങ്കിൽ ചണ്ഡാല ദാസായുധമെ
ന്നു പറകപ്പെടുന്നു- ചാന്ദ്രത്തിങ്കൽ ആകുന്നു എങ്കിൽ ഭാജനവും
അംബുവും എന്ന പറകപ്പെടുന്നു- അൎക്കഭത്തിങ്കൽ ആകുന്നുഎ
ങ്കിൽ താമ്രവും മൂലവും ഫലവും എന്ന പറകപ്പെടുന്നു-

സാരം—— ആറാം ഭാവാധിപൻ ചൊവ്വയുടെ രാശിയിൽനി
ന്നാൽ ശത്രുതക്ക കാരണം ഭൂമിയാകുന്നു എന്നും ബുധൻെറ രാ
ശിയിൽ നിന്നാൽ സ്വൎണ്ണമാകുന്നു എന്നും വ്യാഴത്തിൻെറ രാ
ശിയിൽ നിന്നാൽ പണമൊ ഫലമൊ ആകുന്നുഎന്നും ശുക്ര
ൻെറ രാശിയിൽ നിന്നാൽ വെള്ളിയൊ വസ്ത്രമൊ ധാന്യമൊ
നാൽക്കാലിയൊ ആകുന്നുഎന്നും- ശനിയുടെ രാശിയിൽനിന്നാ
ൽ ചണ്ഡാലനൊ ദാസനൊ ആയുധമൊ ആകുന്നു എന്നും ച
ന്ദ്രരാശിയിൽ നിന്നാൽ പാത്രമൊ ജലമൊ ആകുന്നുഎന്നും സൂ
ൎയ്യൻെറ രാശിയിൽ നിന്നാൽ ചെമ്പൊ മൂലമൊ ഫലമൊ എ
ന്നും അറിവുള്ളവർ പറയുന്നു-

(വാ) അത്രഗ്രന്ഥാന്തരം ॥

ഇവിടെ അന്യഗ്രന്ഥമുണ്ടു എന്ന മെലെഴുതിയ വാക്യത്തി
ൻെറ അൎത്ഥമാകുന്നു-

൫൩. ലഗ്നാദികെഷുഭാവെഷുയത്രാസ്യേബാധകാധിപഃ ।
ഭാവമെനംനിമിത്തീകൃത്യാഭിചാരംവിനിൎദ്ദിശെൽഇതി ॥

അന്വയാൎത്ഥം—— ബാധകാധിപൻ ലഗ്നാദികളായിരിക്കു
ന്ന ഭാവങ്ങളിൽ വെച്ചു യാതൊന്നിങ്കൽ ആസിക്കുന്നുവൊ ഒരം
ഭാവത്തെ നിമിത്തി കരിച്ചിട്ടു ആഭിചാരത്തെ വിനിൎദ്ദേശിക്കെ
ണം-

തിക്കും വിഷയത്തിങ്കൽ രിപുക്കളും പിതൃഭ്രാതൃന്മാരായിരിക്കുന്ന ഗുരുക്കന്മാരായി ഭവിക്കുന്നു. അല്ലാ എങ്കിൽ ഇവൎക്കു ഇവരുടെ ശാപം ഭവിക്കുന്നു.

സാരം— ചരരാശിലഗ്നമായാൽ ശത്രു സഗോത്രന്മാരിൽ ഒരുത്തനായിരിക്കും സ്ഥിരരാശി ലഗ്നമായാൽ മുമ്പെ സഖ്യമുണ്ടായിരുന്ന വനായിരിക്കും ഉഭയ രാശി ലഗ്നമായാൽ സഗോത്രനും സഖ്യമുണ്ടായിരുന്നവനു മല്ലാതെ വെറെ ഒരുത്തനായിരിക്കും. ഇങ്ങിനെ ലഗ്നംകൊണ്ടു ശത്രുവിന്റെ സംബന്ധ വിശേഷത്തെപറയാം. അല്ലാ എങ്കിൽ ഇനി നാലാം ഭാവാധിപൻ ആറാമെടത്തുനിന്നാൽ സഗോത്രൻ ശത്രു എന്നും അഞ്ചാം ഭാവാധിപൻ നിന്നാൽ പുത്രൻ ശത്രു എന്നും ഏഴാംഭാവാധിപതിനിന്നാൽ ഭാൎയ്യാശത്രു എന്നും ഒമ്പതാം ഭാവാധിപതിനിന്നാൽ അച്ഛൻ അമ്മ മുതലായ ഗുരുജനങ്ങളും ശത്രുക്കളും എന്നും പറയാം. ഇങ്ങിനെ ആറാമെടത്തു നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടും ശത്രുവിന്റെ സംബന്ധ വിശേഷത്തെ പറഞ്ഞുകൊൾക. ഒമ്പതാം ഭാവാധിപതി ആറിൽ നിന്നാൽ ഗുരുജനങ്ങളുടെ ശാപത്തെ പറകയുമാം.

ശ്ലോകം: സഹവാസീ സ്ഥിരേ ലഗ്നേ ദ്വന്ദ്വേ ഽന്തികദേശഗഃ ।
ചരേ ദൂരഗതശ്ശത്രുർജ്ഞേയസ്സ്നിഗ്ദ്ധജനോഽഥവാ ॥

അന്വയാൎത്ഥം—— സ്ഥിരം ലഗ്നമായി സത്തായിരിക്കും വിഷയത്തിങ്കൽ ശത്രു സഹവാസി എന്നു ജ്ഞേയനായി ഭവിക്കുന്നു. ദ്വന്ദ്വം ലഗ്നമായി സത്തായിരിക്കും വിഷയത്തിങ്കൽ അന്തിക ദേശഗനെന്നു ജ്ഞേയനായി ഭവിക്കുന്നു. ചരം ലഗ്നമായി സത്തായിരിക്കും വിഷയത്തിങ്കൽ ദൂരഗതൻ എന്നു ജ്ഞേയനായി ഭവിക്കുന്നു. അല്ലാ എങ്കിൽ സ്നിഗ്ദ്ധജനമെന്നു ജ്ഞേയനായി ഭവിക്കുന്നു.

സാരം— സ്ഥിരരാശി ലഗ്നമായാൽ ശത്രു പൃച്ഛകന്റെ സഹവാസിയാകുന്നു എന്നും ഉഭയരാശി ലഗ്നമായാൽ സമീപസ്ഥനാകുന്നു എന്നും ചരരാശി ലഗ്നമായാൽ ദൂരസ്ഥനാകുന്നു എന്നും അറിയേണം. ചരരാശി ലഗ്നമായാൽ മുമ്പെ സ്നേഹത്തോടുകൂടിയിരുന്നവൻ തന്നെ ഇപ്പോൾ ശത്രുവായതു എന്നും പറയാം.

ശ്ലോകം: ശത്രോഃ ക്ലീബഗ്രഹസ്ഥാനേ വൈരിഗ്രഹയോരേകസ്യ പഞ്ചാത്മകത്വേ ബാധാരാശിതലിംഗൈരിതരലിംഗാഃ പാപ്രിയാ കുന്ദസ്കന്ധാ । പ്രാഗാദ്യൈൎത്യമന്യോദിതാവിഹഗാദിക്പ്രാഗാദിതോ രാശിദിക്ക് താഭ്യാം ദൂരസമീപമദ്ധ്യഗതതാജ്ഞാദ്യാ ഭാംശൈരന്യു

ത്തിങ്കലുള്ള സന്താനദീപികയിലെ ശ്ലോകങ്ങളെ എഴുതുന്നു-

ശ്ലൊ. ചരെവിലഗ്നെരിപുനാഥദൃഷ്ടെകുജെചലാഭെസ്ഥിരഭെച ധൎമ്മെ । ദ്വന്ദ്വെചസസ്തരാശൌപ്രവദെന്നരാണാംരൊഗംരിപൂണാം കൃതമാഭിചാരൈഃ ॥

അന്വയാൎത്ഥം —— ലഗ്നം ചരമായിട്ടും രിപുനാഥദൃഷ്ടമായി ട്ടും കുജൻ ലാഭത്തിങ്കൽ തിഷ്ഠുന്നായിട്ടും ഇരിക്കും വിഷയത്തിങ്ക ലും ലഗ്നംസ്ഥിരമായിട്ടും രിപുനാഥദൃഷ്ടമായിട്ടും കുജൻ ധൎമ്മത്തി ങ്കൽ തിഷ്ഠുന്നായിട്ടും ഇരിക്കുംവിഷയത്തിങ്കലും ലഗ്നം ദ്വന്ദ്വമാ യിട്ടും രിപുനാഥദൃഷ്ടമായിട്ടും കുജൻ അസ്തരാശിയിങ്കൽ തിഷ്ഠു ന്നായിട്ടും ഇരിക്കുംവിഷയത്തിങ്കലും നരന്മാരുടെ രൊഗത്തെ രിപു ക്കളുടെ ആഭിചാരങ്ങളാൽ കൃതമെന്ന പ്രവദിക്കണം-

സാരം —— ലഗ്നത്തിങ്കൽ ആറാംഭാവാധിപന്റെ ദൃഷ്ടിയും ബാധകസ്ഥാനത്തിങ്കൽ ചൊവ്വയുടെ സ്ഥിതിയുമുണ്ടായാൽ ആ ഭിചാരത്തെ പറയാം-

ശ്ലൊ- ഹൊരനാഥയുതെഭൌമെലഗ്നകെന്ദ്രഗതെഥവാ । രിപു നാഥെവിലഗ്നസ്ഥെചാഭിചാരഉദീൎയ്യതാം ॥

അന്വയാൎത്ഥം —— ഭൌമൻ ഹൊരനാഥയുതനായിട്ടുംഅല്ലാ എങ്കിൽ ലഗ്നകെന്ദ്രഗതനായിട്ടും രിപുനാഥൻ വിലഗ്നസ്ഥനാ യിട്ടും ഇരിക്കും വിഷയത്തിങ്കൽ ആഭിചാരം ഉദീരണംചെയ്യ പ്പെടണം-

സാരം —— ചൊവ്വ ലഗ്നാധിപനൊടുകൂടിയൊ ലഗ്നകെന്ദ്ര ത്തിങ്കലൊ നില്ക്കുംപൊൾ ആറാംഭാവാധിപൻ ലഗ്നത്തിങ്കൽ നിന്നാൽ ആഭിചാരത്തെ പറയെണം-

ശ്ലൊ. ശത്രുസ്ഥാനാധിപെലഗ്നെകൎമ്മണ്യസ്തംഗതെഥവാ । ലഗ്നെഭൌമയുതെദൃഷ്ടെവാഭിചാരഉദീൎയ്യതാം ॥

അന്വയാൎത്ഥം —— ശത്രുസ്ഥാനാധിപൻ ലഗ്നത്തിങ്കലൊ ക ൎമ്മത്തിങ്കലൊ സ്ഥിതനായിട്ടും അല്ലാഎങ്കിൽ അസ്തത്തെ ഗത നായിട്ടും ലഗ്നം ഭൌമയുതമായിട്ടും അല്ലാഎങ്കിൽ ദൃഷ്ടമായിട്ടും ഇ രിക്കും വിഷയത്തിങ്കൽ ആഭിചാരം ഉദീരണം ചെയ്യപ്പെടെ ണം-

സാരം—— ആറാംഭാവാധിപതി ലഗ്നത്തിങ്കലൊ പത്താമെട ത്തൊ ഏഴാമെടത്തൊ നില്ക്കുമ്പൊൾ ചൊവ്വ ലഗ്നത്തിങ്കൽ നി ല്ക്കുകയൊ ലഗ്നത്തെ നൊക്കുകയൊ ചെയ്താൽ ആഭിചാര ത്തെ പറയെണം-

ശ്ലൊ. സുഖഭാവഗതെകെതൌ ക്ഷ്മലഗ്നഗതെഥവാ । ല

ൽതന്നെ ഭവിക്കും- ശുക്രൻ തൽകെന്ദ്രത്തിങ്കൽ സ്ഥിതനാകുന്നു എങ്കിൽ ശയനാലയത്തിങ്കൽ ഭവിക്കും-

സാരം—— ഗുളികകെന്ദ്രത്തിങ്കൽ ആദിത്യൻ നിന്നാൽ വൃക്ഷത്തിങ്കൽ കഷ്ടമുണ്ടെ എന്നും ചൊവ്വനിന്നാൽ കൃഷിഭൂമിയിൽ ഉണ്ടെഎന്നും വ്യാഴംനിന്നാൽ ഗ്രഹത്തിങ്കൽ ഉണ്ടെഎന്നും ശുക്രൻ നിന്നാൽ ശയനഗ്രഹത്തിങ്കലുണ്ടെന്നും, പറയെണം.

ശ്ലൊ. മന്ദശ്ചെന്മലമൂത്രാദിപരിഹാരൊചിതാവനൌ । മാന്ദി മെഷത്രികൊണസ്ഥസ്സ്വാംശസ്ഥൊവാഥവാഭവെൽ ॥

ശ്ലൊ, ശിരഃകപാലനിഹിതംവ്യാഘ്രസ്യാഖുഭുജൊഥവാ ഗൊത്രികൊണെഖലടെവാച്യംവംശാദൌമിഥുനസ്യചെൽ ॥

അന്വയാൎത്ഥം—— മന്ദൻ തൽകെന്ദ്രത്തിങ്കൽ സ്ഥിതനാകുന്നു എങ്കിൽ മലമൂത്രാദി പരഹാരൊചിതാവനിയിങ്കൽ കഷ്ടം വാച്യമാകുന്നു- മാന്ദിഃ മെഷത്രികൊണസ്ഥനായിട്ടൊ തദംശസ്ഥനായിട്ടൊ ഭവിക്കുന്നു എങ്കിൽ വ്യാഘ്രത്തിന്റെയൊ ആഖുഭുക്കിന്റെയൊ ശിരഃ കപാല നിഹിതമായിരിക്കുന്ന കഷ്ടം വാച്യമായി ഭവിക്കുന്നു- മാന്ദിഃ ഗൊത്രി കൊണത്തിങ്കൽ ആകുന്നു എങ്കിൽ ഖലടത്തിങ്കൽ വാച്യമാകുന്നു- മിഥുനത്തിന്റെ ത്രികൊണത്തിങ്കൽ ആകുന്നു എങ്കിൽ വംശാദിയിങ്കൽ വാച്യമാകുന്നു

സാരം—— ഗുളികകെന്ദ്രത്തിങ്കൽ ശനിനിന്നാൽ മലമൂത്രാദികളെ വിസൎജ്ജിപ്പാൻ യൊഗ്യമായ സ്ഥലത്തിങ്കൽ കഷ്ടമുണ്ടെ എന്ന പറയെണം- ഗുളികൻ മെഷ ചിങ്ങ ധനു ഈ രാശികളിലൊ ഈ അംശകങ്ങളിലൊ നിന്നാൽ വ്യാഘ്രത്തിന്റെയൊ പൂച്ചയുടെയൊ തലയൊട്ടിൽ കഷ്ടമുണ്ടെ എന്ന പറയെണം- ഇടവം കന്നി മകരം ഈ രാശികളിലൊ ഈ അംശങ്ങളിലൊ നിന്നാൽ കുടത്തിൽ കഷ്ടമുണ്ടെ എന്ന പറയെണം- മിഥുന തുലാ കുംഭം ഈ രാശികളിലൊ ഈ അംശങ്ങളിലൊ നിന്നാൽ മുളകൊണ്ടുണ്ടാക്കിയ പാത്രം മുതലായതുകളിൽ ആക്കി കഷ്ടത്തെ സ്ഥാപിച്ചിട്ടുണ്ടെന്നു പറയെണം-

ശ്ലൊ. കൎക്കിത്രികൊണസംസ്ഥശ്ചെൽ കപാലെ നിഹിതംഭവെൽ । മാന്ദൌസംഹാരനക്ഷത്രസ്ഥിതെവാച്യാഹിപുത്രികാ ॥

അന്വയാൎത്ഥം—— കൎക്കിത്രികൊണസ്ഥനാകുന്നു എങ്കിൽ അത കപാല നിഹിതമായി ഭവിക്കും- മാന്ദിസംഹാര നക്ഷത്ര സ്ഥിതനായിരിക്കും വിഷയത്തിങ്കൽ പുത്രികാ വാച്യയായി ഭവിക്കുന്നു-

സാരം—കൎക്കടകം, വൃശ്ചികം, മീനം ഈ രാശികളിലൊ ഈ അംശങ്ങളിലൊ ഗുളികൻ നിന്നാൽ ചിരട്ടയിൽ കാഞ്ഞം സ്ഥാപിച്ചിട്ടുണ്ടെന്നു പറയെണം. ഗുളികൻ സംഹാരനക്ഷത്രത്തിങ്കൽനിന്നാൽ പ്രതിമയുണ്ടാക്കിസ്ഥാപിച്ചിട്ടുണ്ടെന്നു പറയെണം-

൫൭. കീടരാശിസ്ഥിതെയന്ത്രം ചതുരശ്രാംശകെസ്ഥിതെ।
വിഷാംസംഖ്യാതുവിജ്ഞെയാമാന്ദിഭുക്താംശകൈസ്സമാ॥

അന്വയാൎത്ഥം—മാന്ദികീടരാശിസ്ഥിതനായിരിക്കും വിഷയത്തിങ്കൽ യന്ത്രം വാച്യമായി ഭവിക്കുന്നു- ചതുരശ്രാംശകത്തിങ്കൽ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ അസ്ഥിയും വാച്യമായി ഭവിക്കുന്നു- ഇതുകളുടെ സംഖ്യാമാന്ദിഭുക്താംശകങ്ങളൊട സമയായി ഭവിക്കും-

സാരം—ഗുളികൻ വൃശ്ചികരാശിയിൽ നിന്നാൽ യന്ത്രംസ്ഥാപിച്ചിട്ടുണ്ടെന്നും ചതുരശ്രാംശകത്തിങ്കൽ നിന്നാൽ അസ്ഥി സ്ഥാപിച്ചിട്ടുണ്ടെന്നും പറയെണം- ക്ഷുദ്രങ്ങളുടെ സംഖ്യ ഗുളികൻനിന്ന രാശിയിൽ ചെന്ന നവാംശകസംഖ്യയൊട തുല്യയായിരിക്കെന്നും ചെല്ലും-

൫൮. മാന്ദിരാശ്യംശയൊൎവ്വാമിശ്രിതാമത്രനിൎദ്ദിശെൽ।
എവംഹിസംപ്രദായൊത്രകശ്ചിദന്യൊഥകഥ്യതെ॥

അന്വയാൎത്ഥം—മാന്ദിരാശ്യംശങ്ങളുടെ ദിക്കയാതൊന്നൊ ആദിക്കിനെ ഇവിടെ നിൎദ്ദെശിക്കണം- ഇവിടെ സംപ്രദായം ഇപ്രകാരമാകുന്നു- അനന്തരം അന്യമായിരിക്കുന്ന ഒരു സംപ്രദായം കഥിക്കപ്പെടുന്നു-

സാരം—ഗുളികൻ നില്ക്കുന്ന രാശിയുടെയൊ അംശകത്തിന്റെയൊ ദിക്കിൽ ക്ഷുദ്രത്തെ സ്ഥാപിച്ചിരിക്കുന്നു എന്ന പറയെണം- ക്ഷുദ്രത്തെപറവാനുള്ള സംപ്രദായം ഇപ്രകാരമാകുന്നു- ഇനിവെറെ സംപ്രദായത്തെ പറയുന്നു-

൫൯. ഉദയ്പാദസ്യവാപകാധീശെനിഹിതംഭൂതഗൈഹപരി।
നിപാതംകാവമധ്യൊവാതത്രിൎഗ്ഗ്വശപമനശസ്സഞ്ചെൽ॥

൬൦. പൃം-പാഷാണെദ്രുമമധ്യാദിന്യസ്തംചൂൎണ്ണാദികംവദെൽ। ബാധെശതൽസ്ഥരാശിദ്ര്യാംദ്രുമതൽസ്ഥപ്രദെശയൊഃ॥

൬൧. ശൂലെൊശൂലഭെക്ഷ്ടഇത്ത്യെതെനൊഹ്യാചൊത്തമനീചതാ।
ബാധകാധിപതിസ്സ്വാംശാന്നവാംശെയാവതിസ്ഥിതഃ॥

൬൨. തൽസംഖ്യാസ്സൃൎത്തമാസ്സുത്രമധ്യഗാംശകപൊമിതാഃ।
തെക്ഷ്ബാധെശവൃക്ഷെവാസമീപെവാസ്യതൽസ്ഥിതം॥

അന്വയാൎത്ഥം—ബാധകാധീശൻ ഉദയ്പാസ്യത്തിങ്കൽസ്ഥി

യിരുന്നാൽ വെള്ളം മുള്ളേടത്ത കുഴിച്ചിട്ടിരിക്കുന്നു എന്നു പറയെണം.

൫൭൨. അൎക്കേ വാൎക്കേണ യുക്തേ വാ ബാധേശേ ദേവസന്നിധൌ । ചന്ദ്രേ ചന്ദ്രാന്വിതേ തോയേ പ്രാഹുരേവം ഫലോക്ഷരേ ॥

൫൭൩. കുജേ വാ കുജയുക്തേ വാ ശ്മശാനേ വാഗ്നിസന്നിധൌ । യുദ്ധോൎവ്വ്യാം വൈവമാദ്യേഷു ശശിജേ വാ തദ്യുതേ ॥

൫൭൪. വിദ്യാഭ്യാസവിഹാരോൎവ്വ്യാമഥ ജീവേ ച തദ്യുതേ । ദേശാന്തേ കോശഗേഹേ വാ തദ്വൽ ശുക്രേ ച തദ്യുതേ ॥

൫൭൫. ശയ്യാഗൃഹേ വാ ഗ്രാമാന്തേ തഥാ മന്ദേ ച തദ്യുതേ ഉച്ഛിഷ്ടാദിപരിത്യാഗസ്ഥാനേ ചൂൎണ്ണാളികം സ്ഥിതം ॥

അന്വയാൎത്ഥം — ബാധേശൻ അൎക്കനായിട്ടോ അൎക്കയുക്തനായിട്ടോ സന്നായിരിക്കും വിഷയത്തിങ്കൽ ദേവസന്നിധിയിങ്കലും ചന്ദ്രനായിട്ടോ ചന്ദ്രാന്വിതനായിട്ടോ സന്നായിരിക്കും വിഷയത്തിങ്കൽ തോയത്തിങ്കലും അല്ലാ എങ്കിൽ ഊഷരമായിരിക്കുന്ന പ്രദേശത്തിങ്കലും കുജനായിട്ടോ കുജയുക്തനായിട്ടോ സന്നായിരിക്കും വിഷയത്തിങ്കൽ ശ്മശാനത്തിങ്കലൊ അഗ്നിസന്നിധിയിങ്കലൊ യുദ്ധോൎവ്വിയിങ്കലൊ ഏവമാദ്യങ്ങളായിരിക്കുന്ന സ്ഥാനങ്ങളിലും പിന്നെ ശശിജനായിട്ടൊ തദ്യുതനായിട്ടൊ സന്നായിരിക്കും വിഷയത്തിങ്കൽ വിദ്യാഭ്യാസവിഹാരോൎവ്വിയിങ്കലും പിന്നെ ജീവനായിട്ടും തദ്യുതനായിട്ടും സന്നായിരിക്കും വിഷയത്തിങ്കൽ ദേശാന്തത്തിങ്കലും അല്ലാ എങ്കിൽ കോശഗേഹത്തിങ്കലും പിന്നെ ശുക്രനായിട്ടും തദ്യുതനായിട്ടും സന്നായിരിക്കും വിഷയത്തിങ്കൽ ശയ്യാഗൃഹത്തിങ്കലും അല്ലാ എങ്കിൽ ഗ്രാമാന്തത്തിങ്കലും പിന്നെ മന്ദനായിട്ടും തദ്യുതനായിട്ടും സന്നായിരിക്കും വിഷയത്തിങ്കൽ ഉച്ഛിഷ്ടാദി പരിത്യാഗസ്ഥാനത്തിങ്കലും ചൂൎണ്ണാളികം സ്ഥിരമായിട്ടു വാച്യമാകുന്നു.

സാരം— ആദിത്യൻ ബാധകാധിപനായാലും ബാധകാധിപനോടു കൂടിയാലും ദേവസന്നിധിയിൽ ചൂൎണ്ണാളികം കു സ്ഥാപിച്ചിരിക്കുന്നു എന്നു പറയെണം. ചന്ദ്രനായാലും കൂടിയാലും വെള്ളത്തിലൊ ഉവരം ഉള്ളേടത്തൊ സ്ഥാപിച്ചിരിക്കുന്നു എന്നു പറയെണം. ചൊവ്വയായും കൂടിയാലും ശവഭൂമി അഗ്നിസമീപം യുദ്ധഭൂമി ഇങ്ങിനെ തുടങ്ങിയുള്ള സ്ഥാനങ്ങളിൽ വെച്ചിരിക്കുന്നു എന്നു പറയെണം. ബുധനായാലും കൂടിയാലും വിദ്യാസ്ഥലത്തിങ്കലൊ ക്രീഡാസ്ഥലത്തിങ്കലൊ ക്ഷുദ്രയത്ത സ്ഥാപിച്ചിരിക്കുന്നു എന്നു പറയെണം. വ്യാഴമായാലും കൂടിയാലും ദേശാവ

പ്രകാരം അറിഞ്ഞിട്ട തക്കവിധികൊണ്ട അതിനെത്യജിച്ചിട്ട സ്ഥലംരക്ഷ്യമായിഭവിക്കുന്നു- അനന്തരം മഹാചാരപ്രതിക്രിയയെവചിക്കുന്നുണ്ട-

സാരം ____ ക്ഷുദ്രത്തെയും അതിന്റെഉൽപ്പടത്തെയും മെൽപറഞ്ഞപ്രകാരം അറിഞ്ഞിട്ട അതിന്നപറഞ്ഞപ്രകാരം അതിനെ എടുത്തുകളഞ്ഞിട്ട സ്ഥലത്തെരക്ഷിക്കെണം. ഇനി മഹാഭിചാര പ്രതിക്രിയയെ പറവാൻപൊകുന്നു-

ശ്ലൊ- യുക്തപാപക്ഷപതിംവിലഗ്നപതിനായൊരാശിരന്ധ്രാഗതസ്സ്യാദിത്യാനപിതവീക്ഷിതൊയദിബലിംകുൎയ്യാദഘൊരാഹ്വയം। കാൎയ്യശ്ചന്ദ്രമസാകപാലഹവനംസ്യാച്ചക്രഹൊമമാവിദാകൎത്തവ്യപ്രതിസാരകൎമ്മഗുരുണാപ്രൊക്തംതദെവാക്കിണാ॥

അന്വയാൎത്ഥം ____ ക്ഷുപതിയെ വിലഗ്നപതിയൊട്ടയൊജിപ്പിച്ചിട്ട ഇവിടെ യാതൊരുരാശി ആഗതമായിഭവിക്കുമൊ അത ആദിത്യനാപീതവീക്ഷിതമായിഎങ്കിൽ അഘൊരാഹ്വയമായിരിക്കുന്ന ബലിയെചെയ്യെണം ചന്ദ്രമസ്സിനാൽ അനാപിതവീക്ഷിതമായി എങ്കിൽ കപാലഹവനം കാൎയ്യമായിഭവിക്കും- വിത്തിനാൽ അനാപിതവീക്ഷിതമായിഎങ്കിൽ ചക്രഹൊമംകാൎയ്യമായിഭവിക്കും- ഗുരുവിനാൽ അനാപിതവീക്ഷിതമായിഎങ്കിൽ പ്രതിസാരകൎമ്മം കൎത്തവ്യമായിഭവിക്കും അൎക്കിയാൽ അനാപിതവിക്ഷിതമായിഎങ്കിൽ അതുതന്നെപ്രൊക്തമായി ഭവിക്കുന്നു

സാരം ____ ക്ഷുദ്രാധിപസ്ഫുടവും ലഗ്നാധിപസ്ഫുടവും തമ്മിൽ ചെൎത്താൽ ഉണ്ടാകുന്നരാശിയിൽ ആദിത്യന്റെ സ്ഥിതിയൊദൃഷ്ടിയൊ ഉണ്ടെങ്കിൽ അഘൊരബലിയെ ചെയ്യെണം- ചന്ദ്രന്റെസ്ഥിതിയൊ ദൃഷ്ടിയൊ ഉണ്ടാകിൽ കപാലഹൊമത്തെചെയ്യെണം- ബുധന്റെസ്ഥിതിയൊ ദൃഷ്ടിയൊഉണ്ടാകിൽ ചക്രഹൊമത്തെചെയ്യെണം- വ്യാഴത്തിന്റെ സ്ഥിതിയൊ ദൃഷ്ടിയൊ ഉണ്ടാകിൽപ്രതിസാരബലിയെചെയ്യെണം. ശനിയുടെയായും പ്രതിസാരബലിതന്നെപ്രതിക്രിയയാകുന്നതു-

ശ്ലൊ- ഭൂമിജെക്ഷിതയുതെഥയൊഗഭെഭൂതമാരണംബലിൎവ്വിധീയതാം। ഖഡ്ഗരാവണബലിംകരൊതുവാകൃത്തികാബലിമഥാതനൊതുവാ॥

അന്വയാൎത്ഥം ____ പിന്നെ യൊഗത്തും ഭൂമിജെക്ഷിതയുതമായിരിക്കും വിഷയത്തിങ്കൽ ഭൂതമാരബലി വിധിക്കപ്പെടെണം- ഖഡ്ഗരാവണബലിയെ ചെയ്കയുമാം- അല്ലാഎങ്കിൽ കൃത്തികാബലിയെ ചെയ്യാം-

അന്വയാൎത്ഥം — പ്രശ്നാനുഷ്ഠാനപദ്ധതിയിൽ വൃഷന്ത്രകളുടെ ദൃഷ്ടികൊണ്ടു പ്രതിക്രിയകളുടെ ഭേദം പ്രോക്തമായി അനന്തരം തത്പ്രകാരം കഥിക്കപ്പെടുന്നു.

സാരം — പ്രശ്നാനുഷ്ഠാനപദ്ധതി എന്ന ശാസ്ത്രത്തിങ്കൽ വൃഷകന്റെ ദൃഷ്ടിഭേദത്തെ അനുസരിച്ചിട്ട പ്രതിക്രിയയെ ചെയ്യാനുള്ള രൂപങ്ങൾക്കും ഭേദത്തെ പറഞ്ഞിരിക്കുന്നു. അങ്ങിനെ ഉള്ള ഭേദത്തെ ഇനി ഇവിടെ പറയുന്നു.

ഗ്രന്ഥം· വ്യാധൌശാന്തിർഭവതി മുഖജൈൎദ്ദക്ഷിണൈൎദ്ധ്വപാദവല്ലോകെ പ്രഷ്ടുൎദ്ദൃഷ്ടാവിഷപുനരധോദൈവതാഗായകൈൎവ്വാ । വാമൊൎദ്ധ്വപാദസ്സൃഷ്ടനിഹിതപ്രേക്ഷണെ ത്വപ്രശസ്തൈശ്ചണ്ഡാലാന്ത്യൈരപിതദധമൈസ്സ്വാനിരുക്താക്രമേണ ॥

അന്വയാൎത്ഥം — ദക്ഷിണൊൎദ്ധ്വപാദലോകം സത്തായിരിക്കും വിഷയത്തിങ്കൽ വ്യാധിയുടെ ശാന്തി മുഖജന്മാരെക്കൊണ്ടു ഭവിക്കും. പിന്നെ ഇവിടെ പ്രഷ്ടാവിന്റെ ദൃഷ്ടി അധൊഭാഗത്തിങ്കൽ സതിയായിരിക്കും വിഷയത്തിങ്കൽ ദൈവതാഗായകന്മാരെക്കൊണ്ടു തന്നെ ഭവിക്കും. പ്രഷ്ടാവ വാമൊൎദ്ധ്വപാദസ്സൃഷ്ടനിഹിതപ്രേക്ഷണനായിരിക്കും വിഷയത്തിങ്കൽ ചണ്ഡാലന്മാരിൽ വെച്ചു പ്രശസ്തന്മാരെക്കൊണ്ടും അധമന്മാരെക്കൊണ്ടും അനുക്രമേണ നിരുക്തയായി ഭവിക്കുന്നു.

സാരം — പ്രഷ്ടാ വലത്തുഭാഗത്തിങ്കൽ മേല്പെട്ടു നോക്കിയാൽ ബ്രാഹ്മണരെക്കൊണ്ടു പ്രതിക്രിയ ചെയ്യിച്ചാൽ രോഗംശമിക്കും. വലത്തുഭാഗത്തിങ്കൽ താഴെ നോക്കിയാൽ കല്ലാററക്കുറുപ്പു, തെയ്യംപാടി ഇത്യാദികളായ ദൈവതാഗായകന്മാരെക്കൊണ്ടു ചെയ്യിപ്പിച്ചാൽ രോഗംശമിക്കും. ഇടത്തുഭാഗത്തിങ്കൽ മേല്പെട്ടു നോക്കിയാൽ ചണ്ഡാലോത്തമന്മാരെക്കൊണ്ടും അവിടെ തന്നെ കീഴ്പെട്ടു നോക്കിയാൽ ചണ്ഡാലാധമന്മാരെക്കൊണ്ടും പ്രതിവിധിയെ ചെയ്യിപ്പിക്കേണം. എന്നാൽ ശമിക്കും.

ഗ്രന്ഥം· ബാധാഭേദൈസ്ത്രിവിധജനിതസ്സ്പൎശനാദിപ്രവൃത്തോ। പ്രായെണൈതദ്ദൃഷ്ടിബാധാഖിലെഷൂപയുജ്യതെ ।

അന്വയാൎത്ഥം — ഇവിടെ പൃഷത്തുക്കളുടെ സ്പൎശനം ഹേതുവായിട്ടും ബാധഭേദം വിജ്ഞേയമായി ഭവിക്കുന്നു. മിക്കതും ദൃഷ്ടിബാധയിങ്കൽ തന്നെ ഇതു ഉപയോഗിക്കപ്പെടുന്നു.

സാരം — പ്രഷ്ടാവിന്റെ അതാത അംഗസ്പൎശം ഹേതുവായിട്ടും ബാധാഭേദത്തെ ഗ്രഹിക്കേണം. ഇതുകൊണ്ടു എല്ലാ ബാധാവിചാരത്തിങ്കലും ഉപയോഗമുണ്ടു എന്നില്ല. മിക്കതും ഇതുകൊ

യിരിക്കുന്ന ദേവതാബാധാകരിയായി ഭവിക്കും. ജീവക്ഷേത്രാംശകങ്ങളിൽ സ്ഥിതനായി ഭവിക്കുമെങ്കിൽ സുരാലയഗതയായിരിക്കുന്ന ദേവതാബാധാകരിയായി ഭവിക്കും. മാന്ദത്തിങ്കൽ സ്ഥിതനായി ഭവിക്കുമെങ്കിൽ നീചാൎച്ചിതയായിരിക്കുന്ന ദേവതാബാധാകരിയായിഭവിക്കും അവൻ സ്വാംശത്തിങ്കലൊ സ്വാലയത്തിങ്കലൊ സ്ഥിതനായി ഭവിക്കുമെങ്കിൽ ഭീമൊദ്യാനനിവാസിനിയായിരിക്കുന്ന ദേവതാ ബാധാകരിയായി ഭവിക്കും.

സാരം——ബാധകസ്ഥാനാധിപൻ നില്ക്കുന്നതു ബുധക്ഷേത്രത്തിങ്കലൊ ബുധന്റെ അംശകത്തിങ്കലൊ ആയാൽ ഉത്തമന്മാരായ ജനങ്ങളാൽ തങ്ങളുടെ ഭവനത്തിങ്കൽ കുടിവെച്ചു പൂജിക്കപ്പെടുന്ന ദേവതയുടെ ബാധയെ പറയെണം. വ്യാഴക്ഷേത്രത്തിങ്കലും വ്യാഴത്തിന്റെ അംശകത്തിങ്കലുമായാൽ ദേവാലയത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദേവതയുടെ ബാധയെ പറയെണം. ശനിക്ഷേത്രത്തിങ്കലൊ ശന്യംശകത്തിങ്കലൊ നിന്നാൽ നീചന്മാരാൽ സെവിക്കപ്പെട്ടു വരുന്ന ദേവതയുടെ ബാധയെപറയെണം. തന്റെ ക്ഷേത്രത്തിങ്കലൊ അംശകത്തിങ്കലൊ നിന്നാൽ ഭയങ്കരമായ വനത്തിങ്കൽ വസിക്കുന്ന ദേവതയുടെ ബാധയെ പറയെണം.

൨൦൧. ദിവാകീൎത്ത്യൎച്ചിതാ വാച്യാ ചാമുണ്ഡീ സഹകെതുനാ
പഞ്ചമീ ബുധയുക്തെ തൽക്ഷെത്രസ്ഥെ ന വാസൃജഃ।

അന്വയാൎത്ഥം—— സഹകെതുവായിരിക്കുന്ന അസൃക്കിനെക്കൊണ്ടു ദിവാകീൎത്ത്യൎച്ചിതയായിരിക്കുന്ന ചാമുണ്ഡീ വാച്യയായി ഭവിക്കുന്നു. ബുധയുക്തനായിട്ടൊ തൽക്ഷെത്രസ്ഥനായിട്ടൊ ഇരിക്കുന്ന അസൃക്കിനെക്കൊണ്ടു പഞ്ചമീ വാച്യയായി ഭവിക്കുന്നു.

സാരം——കെതുവിനോടുകൂടി നില്ക്കുന്നവനായിട്ടും ബാധകാധിപനായിട്ടും ഇരിക്കുന്ന ചൊവ്വയെക്കൊണ്ടു പറയരാൽ പൂജിക്കപ്പെട്ടു വരുന്ന ചാമുണ്ഡിയുടെ ബാധയെ പറയെണം. ബുധനോടുകൂടിയൊ ബുധക്ഷേത്രത്തിങ്കലൊ നില്ക്കുന്നവനായിട്ടും ബാധകാധിപനായിട്ടും ഇരിക്കുന്ന ചൊവ്വയെക്കൊണ്ടു പഞ്ചമീ എന്ന ദേവതയുടെ ബാധയെ പറയെണം.

൨൦൨. ജ്ഞെമന്ദൈരവൊഘണ്ടാകൎണ്ണഇത്യാദയസ്തു താഃ।വാച്യാരക്തെശ പരീ രക്തചാമുണ്ഡ്യാദി ഭയങ്കരീ ॥

൨൦൩. കാളീ ചെത്യാദയസ്സ്യുഃ പാപജന്യൈമരാശ്യംശദൈവതം। ഭ ജയ്യുതപാദൈദൈവതൂളാംശയൊൎ ദിവിധാ അപി ഇതി ॥

വി മനുഷ്യന്മാരാൽ പ്രതിഷ്ഠാപിതനായിരിക്കുന്ന ത്രിണയനനായി ഭവിക്കുന്നു- ഇവിടെ മദ്ധ്യഭാഗത്തിങ്കൽ സ്ഥിതനായിരിക്കുന്ന രവി ദേവന്മാരാൽ പ്രതിഷ്ഠാപിതനായിരിക്കുന്ന ത്രിനെയനനായി ഭവിക്കുന്നു- ഗോഗതനായിരിക്കുന്ന ഇവൻ യക്ഷിയായി ഭവിക്കുന്നു- ജൂകഗനായിരിക്കുന്ന ഇവൻ കാളിയായി ഭവിക്കുന്നു- സ്ത്രീഗതനായിരിക്കുന്ന ഇവനാകട്ടെ ശ്രീരാമാഖ്യാവതാരവിഷ്ണുവായി ഭവിക്കുന്നു- പിന്നെ വീണാഗതനായിരിക്കുന്ന ഇവനാകട്ടെ വിഷ്ണുവായിട്ടുതന്നെ ഭവിക്കുന്നു-

സാരം——ചൊവ്വ ക്ഷേത്രത്തിൽ നില്ക്കുന്ന ആദിത്യൻ ശിവനാകുന്നു- ചൊവ്വാക്ഷേത്രം രണ്ടായിട്ടുണ്ടു- ഒന്നു മേടവും മററെതു വൃശ്ചികവുമാകുന്നു- അതുകളിൽവെച്ചു വൃശ്ചികത്തിൽനിന്ന ആദിത്യൻതാനെ ഉണ്ടായ ശിവനെന്നും മേടത്തിൽ പരമോച്ചത്തിങ്കൽനിന്ന മേലെ നില്ക്കുന്ന ആദിത്യൻ മനുഷ്യരാൽ പ്രതിഷ്ഠിക്കപ്പെട്ട ശിവനെന്നും പരമോച്ചത്തിങ്കൽ നിന്നു കീഴെ നില്ക്കുന്ന ആദിത്യൻ ദേവന്മാരാൽ പ്രതിഷ്ഠിക്കപ്പെട്ട ശിവനെന്നും ഗ്രഹിച്ചുകൊൾക ഇടവത്തിൽ നില്ക്കുന്ന ആദിത്യൻ യക്ഷിയാകുന്നു- തുലാത്തിൽ നില്ക്കുന്ന ആദിത്യൻ ഭദ്രകാളിയാകുന്നു- കന്നിയിൽ നില്ക്കുന്ന ആദിത്യൻ ശ്രീരാമൻ മുതലായ അവതാര വിഷ്ണുവാകുന്നു- മിഥുനത്തിൽ നില്ക്കുന്ന ആദിത്യൻ വിഷ്ണുതന്നെ ആകുന്നു-

൨൦൭. ധൎമ്മദൈവഞ്ച നാഗാശ്ച ഭാസ്കരഃ കൎക്കടസ്ഥിതഃ। സിംഹസ്ഥോ ദൈവതം സോയം പൂജ്യതെ നിത്യമാത്മനാ ॥

അന്വയാൎത്ഥം —— കൎക്കടസ്ഥിതനായിരിക്കുന്ന ഭാസ്കരൻ ധൎമ്മദൈവമായിട്ടും നാഗങ്ങളായിട്ടും ഭവിക്കുന്നു- സിംഹസ്ഥനായിരിക്കുന്ന ഭാസ്കരൻ യാതൊന്നു ആത്മാവിനാൽ ദിവസംതോറും പൂജിക്കപ്പെടുന്നുവൊ ആ ദൈവതയാകുന്നു-

സാരം- കൎക്കടകത്തിങ്കൽ നില്ക്കുന്ന ആദിത്യനെക്കൊണ്ടു ധൎമ്മദൈവങ്ങളെയും സൎപ്പങ്ങളെയും ചിങ്ങത്തിങ്കൽ നില്ക്കുന്ന ആദിത്യനെക്കൊണ്ടു പ്രഷ്ടാവിനാൽ നിത്യമായി ഉപാസിക്കപ്പെട്ടുവരുന്ന ദൈവതയെയും പറയേണം-

൨൦൮. ഗന്ധൎവ്വയക്ഷൌ ധനുഷി സ്ഥിതോൎക്കഃ സ്നുയൊസ്ത്രിയൌ മീനഗതസ്തുഭാനുഃ। ശാസ്താപിശാചൊമൃഗയാപ്രധാനഃ കിരാതമൂൎത്തിശ്ച ശംഭൊൎമ്മൃഗസംസ്ഥഃ ॥

അന്വയാൎത്ഥം —— ധനുസ്സിങ്കൽ സ്ഥിതനായിരിക്കുന്ന അൎക്കൻ ഗന്ധൎവ്വയക്ഷന്മാരായി ഭവിക്കുന്നു- മീനഗതനായിരിക്കു

ളാകുന്നു. അവൻ ബലിയാകുന്നു എങ്കിൽ ധൎമ്മദൈവമാകുന്നു. സിംഹരാശിസ്ഥിതനായിരിക്കുന്ന ചന്ദ്രൻ അന്യപൂജിതയായിരിക്കുന്ന ഭഗവതിയാകുന്നു.

സാരം—സ്വക്ഷേത്രത്തിങ്കൽ നില്ക്കുന്ന ചന്ദ്രനെക്കൊണ്ടു സപ്തമാതൃക്കളെയും ബലവാനാകുന്നു എങ്കിൽ ധൎമ്മദൈവത്തെയും ചിങ്ങത്തിൽ നില്ക്കുന്ന ചന്ദ്രനെക്കൊണ്ടു അന്യന്മാരാൽ സേവിക്കപ്പെട്ടുവരുന്ന ഭഗവതിയെയും പറഞ്ഞുകൊൾക.

൨൦. ചാപസ്ഥോ വ്യോമഗന്ധൎവ്വസ്സ്യാൽ സ്ത്രീമീനഗതശ്ശശീ। പ്രേതശ്ശൂലപിശാചാഖ്യാശ്ശശീമന്ദഗ്രഹസ്ഥിതഃ॥

അന്വയാൎത്ഥം—ചാപസ്ഥനായിരിക്കുന്ന ശശി വ്യോമഗന്ധൎവ്വനാകുന്നു. മീനഗതനായിരിക്കുന്ന ശശി തൽസ്ത്രീയാകുന്നു. മന്ദഗ്രഹസ്ഥിതനായിരിക്കുന്ന ശശി പ്രേതശ്ശൂലപിശാചാഖ്യന്മാരാകുന്നു.

സാരം—ധനുരാശിയിൽ നില്ക്കുന്ന ചന്ദ്രനെക്കൊണ്ടു ആകാശഗന്ധൎവ്വനെയും മീനരാശിയിൽ നില്ക്കുന്ന ചന്ദ്രനെക്കൊണ്ടു ആകാശഗന്ധൎവ്വസ്ത്രീയെയും ശനിക്ഷേത്രത്തിങ്കൽ നില്ക്കുന്ന ചന്ദ്രനെക്കൊണ്ടു പ്രേതത്തെയും ശൂലപിശാചൻ തുടങ്ങി ഉള്ളവരെയും പറയേണം.

൨൧. സ്യാൽ ഭൂതരാക്ഷസോ ബ്രഹ്മരാക്ഷസോ നരഭോജിനീ। ബാലപ്രഭക്ഷിണീത്യാദ്യാസ്സ്വക്ഷസ്ഥസ്ഥിതചന്ദ്രതഃ॥

അന്വയാൎത്ഥം—സ്വക്ഷസ്ഥനായിരിക്കുന്ന ക്ഷീരനന്ദനൻ ഭൂതരാക്ഷസൻ, ബ്രഹ്മരാക്ഷസൻ, നരഭോജിനി, ബാലപ്രഭക്ഷിണി ഇത്യാദ്യന്മാരായി ഭവിക്കും.

സാരം—സ്വക്ഷേത്രത്തിങ്കൽ നില്ക്കുന്ന ചൊവ്വയെക്കൊണ്ടു ഭൂതരാക്ഷസൻ, ബ്രഹ്മരാക്ഷസൻ ഇങ്ങിനെ തുടങ്ങിയുള്ള പുരുഷദൈവതങ്ങളെയും നരഭോജിനി, ബാലപ്രഭക്ഷിണി ഇങ്ങിനെ തുടങ്ങിയുള്ള സ്ത്രീദൈവതങ്ങളെയും പറയേണം.

൨൨. ഭൌമോ ഭൈരവയക്ഷൌ തു ബലാ ശൌക്രേ തു ബൌധസ്ഥിതോ ഗന്ധൎവ്വോ രതികാമ ഇത്യയമഥോ യക്ഷീ ചതുഷ്പാ ഹരിഃ। കൎക്കിസ്ഥഃ പരദൈവതാ ഭഗവതീ വ കൃഷ്ണചാമുണ്ഡ്യസൃക് സിംഹേ നൈഹവനദൈവതാശ്ച ശിവഭൂതൌഘാശ്ച രുഷ്ടഗ്രിഹേ॥

അന്വയാൎത്ഥം—ശൌക്രത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഭൌമൻ ഭൈരവയക്ഷനും എന്ന ബാലയുമാകുന്നു. ബൌധത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഇവൻ രതികാമനെന്നു പ്രസിദ്ധനായിരിക്കുന്ന ഗന്ധൎവ്വനും പിന്നെ യക്ഷിയും ചതുഷ്പാനായിരിക്കുന്ന

ൽനില്ക്കുന്നചൊവ്വയെക്കൊണ്ട ശത്രുക്കളുടെ ആഭിചാരകർമ്മത്തിങ്കൽനിന്ന ഉൽഭവിച്ച ദൈവതകളെയുംപറയെണം.

ശ്ലൊ- ഭൌമക്ഷെത്രബുധെജ്വരൊഗ്രഗ്രഹെഗന്ധർവ്വഏഷ
സ്വഭെഗന്ധർവ്വൊപികിന്നരൊ പിഹിമഗൌരാംഭൂപിശാചൊ
ഹൃഷഹി സിംഹെപന്നഗകന്യകാ ഗുരുഗൃഹെമപിഷ്ടമപിജപ്രെരി
താചാമുണ്ഡിംവചീപിശാചവൃഗമഃഖലാരാശ്രിതാമന്ദഗെ॥

അന്വയാർത്ഥം— ഭൌമ ക്ഷെത്രബുധൻ ജ്വരനായിഭവിക്കും ഉഗ്രഗ്രഹത്തിങ്കലെങ്കിൽഇവൻ ഗന്ധർവ്വനായിഭവിക്കും- സ്വഭത്തിങ്കലെ ഇവൻ ഗന്ധർവ്വനായിട്ടും കിന്നരനായിട്ടും ഭവിക്കും- ഹിമഗുവിന്റെ ഗൃഹത്തിങ്കലെഇവൻ ഭൂപിശാചനായിഭവിക്കും സിംഹത്തിങ്കലെ ഇവൻ പന്നഗകന്യകയായി ഭവിക്കും ഗുരുഗൃഹത്തിങ്കലെ ഇവൻ മപിഷ്ടമപിജപ്രെരിതയായിരിക്കുന്ന ചാമുണ്ഡിയായിഭവിക്കും. മന്ദഭത്തിങ്കലെ ഇവൻ ഖലാശ്രിതയായിരിക്കുന്ന കവചിയും പിശാചവൃഗവുമായി ഭവിക്കും-

സാരം— മെടം,വൃശ്ചികം ൟ രാശികളിൽ നില്ക്കുന്ന ബുധനെക്കൊണ്ട ജ്വരദെവതയെപറയെണം-ഇടവം തുലാം ൟരാശികളിൽ നില്ക്കുന്ന ബുധനെക്കൊണ്ട ഗന്ധർവ്വനെപറയെണം- മിഥുനം കന്നി ഇതുകളിൽനില്ക്കുന്ന ബുധനെക്കൊണ്ട ഗന്ധർവ്വനെയും കിന്നരനെയും പറയെണം- കർക്കടകത്തിൽനില്ക്കുന്ന ബുധനെക്കൊണ്ട ജലപിശാചിനെപറയെണം ചിങ്ങത്തിൽ നില്ക്കുന്ന ബുധനെക്കൊണ്ട സർപ്പകന്യകയെപറയെണം- ധനു മീനം ൟ രാശികളിൽനില്ക്കുന്ന ബുധനെക്കൊണ്ട വൃശ്ചികനാൽ ഭക്ഷിക്കപ്പെട്ടവനായ ഒരുബ്രാഹ്മണന്റെ പ്രാർത്ഥനഹെതുവായിട്ട വന്നുഭവിക്കുന്നചാമുണ്ഡിയെപറയെണം- മകരം കുംഭങ്ങളിൽ നില്ക്കുന്നബുധനെക്കൊണ്ട യുദ്ധഭൂമിയിൽ വസിക്കുന്ന കവചിയെയും ശൂലപിശാചനെയും കാലപിശാചനെയും പറയെണം.-

ശ്ലൊ- ഭൌമം ക്ഷാകുപിതശത്രുനിവഹം ഗുരൌദേവതാചാഭി
ചാരൊത്ഥാരുദ്രമിസൂഃസ്വഭുജാർവഗൃഹെയക്ഷീച യക്ഷൊപ്യ ഭൌ
തിപ്രാപ്യസ്മൃതഭൌമ്യഉതബുധഗൃഹെ ക്ഷുദ്രമൊത്ഥകാദൈവതാ വിപ്ര
ന്നൊമപിചാഭിചാരജനിതാവാദെവാകഃപൊൽഭവാഃ॥

അന്വയാർത്ഥം— ഭൌമക്ഷെത്രത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഗുരുകുപിതശത്രുനിവഹമായിട്ടും ഭൂമിസുരന്റെ ആഭിചാരൊത്ഥമായിരിക്കുന്നദൈവതയുമായിഭവിക്കും- ശുക്രഗൃഹത്തിങ്കൽ സ്ഥിതനായിരിക്കുന്നഗുരു തിപ്രാപ്യസ്മൃതിമന്മാരായിരിക്കുന്ന യ

നില്ക്കുന്ന വ്യാഴത്തെക്കൊണ്ടു അധമനായിരിക്കുന്ന ഗന്ധൎവ്വന്റെ ബാധയെ പറയെണം- ധനുമീനങ്ങളിൽ നില്ക്കുന്ന വ്യാഴം ഒരു ദെവതയായിട്ടു, ഭവിക്കില്ല എന്നതുകൊണ്ടു ബാധകാധിപനായാലും വ്യാഴം തന്റെ രാശികളിൽ നിന്നാൽ ബാധയില്ലാ എന്നതിനെ അറിയിച്ചിരിക്കുന്നു-

൨൮൭. ഭൗമക്ഷെത്രഭൃഗുസ്സജീവവശജൊയക്ഷസ്സധാരാക്ഷസസ്സ്വൎക്ഷകൎക്കടകെ ച യക്ഷസഹിതായക്ഷീബുധൎക്ഷെ പുനഃ । വിഭ്രാഭ്യാസഭവാഭിചാരജനകെ യക്ഷീസ്സുരക്ഷെത്രഗാ ചാപെബ്രാഹ്മണശാപദൈവതഝഷെദുൎഗ്ഗാഭവെൽഭാൎഗ്ഗവഃ ॥

അന്വയാൎത്ഥം — ഭൗമക്ഷെത്രഭൃഗുവാകട്ടെ ജീവനെന്നപൊലെ ഭവിക്കുന്നു- അജത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഭാൎഗ്ഗവൻ യക്ഷനും അപ്രകാരം രാക്ഷസനുമായി ഭവിക്കുന്നു- സ്വൎക്ഷത്തിങ്കലും കൎക്കടകത്തിങ്കലും സ്ഥിതനായിരിക്കുന്ന ഭാൎഗ്ഗവൻയക്ഷസഹിതയായിരിക്കുന്ന യക്ഷിയായി ഭവിക്കും- ബുധൎക്ഷത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഭാൎഗ്ഗവനാകട്ടെ വിഭ്രാഭ്യാസഭവാഭിചാരമായി ഭവിക്കും- ഇനഭത്തിങ്കൽസ്ഥിതനായിരിക്കുന്ന ഭാൎഗ്ഗവൻ സുരക്ഷെത്രഗയായിരിക്കുന്ന യക്ഷിയായി ഭവിക്കും- ചാപത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഭാൎഗ്ഗവൻ ബ്രാഹ്മണശാപമായിട്ടു തന്നെ ഭവിക്കും- ഝഷഭത്തിങ്കൽ സ്ഥിതനായിരിക്കുന്ന ഭാൎഗ്ഗവൻ ദുൎഗ്ഗയായിട്ടുഭവിക്കും-

സാരം — മെടം വൃശ്ചികം ഈ രണ്ടു രാശികളിൽ നില്ക്കുന്ന ശുക്രനെക്കൊണ്ടു മെൽ പറഞ്ഞ രാശികളിൽ വ്യാഴം നിന്നാൽ എതുപ്രകാരമൊ അപ്രകാരം പറയുന്നുകൊൾക- അതുകളിൽ വെച്ചു മെടത്തിൽനിന്നാൽ യക്ഷരാക്ഷസന്മാരെ കൂടെ പറയെണമെന്നറിക- സ്വക്ഷെത്രത്തിലുംകൎക്കടകത്തിലും നിന്നാൽ യക്ഷനെയും യക്ഷിയെയുംപറയെണം- ബുധക്ഷെത്രത്തിൽ നിന്നാൽവിഭ്രാഭ്യാസം നിമിത്തമായി ഉണ്ടായഅഭിചാരത്തെ പറയെണം- ചിങ്ങത്തിൽനിന്നാൽ ദെവാലയത്തിലുള്ള യക്ഷിയുടെബാധയെ പറയെണം- ധനുവിൽ നിന്നാൽ ബ്രാഹ്മണശാപത്തെയും- മീനത്തിൽ നിന്നാൽ ദുൎഗ്ഗാഭഗവതിയുടെ കൊപത്തെയും പറയെണം-

൨൮൮. മന്ദക്ഷെത്രഗതസ്യ ശുക്രസ്യാദപസ്മാരദൈവതാ । വാത്യാപ്രഭൃതയഃകാലപിശാചശ്ചാത്രബാധകഃ ॥

അന്വയാൎത്ഥം — മന്ദക്ഷെത്രഗതനായിരിക്കുന്ന ശുക്രൻഅപസ്മാരദെവതയായി ഭവിക്കും- വാത്യാപ്രഭൃതികളായിട്ടും ഭവി

പ്രേതമായിട്ടും ഭവിക്കും. ശശിഗൃഹത്തിങ്കൽ സ്ഥിതനായിരിക്കുന്ന ശനി നീചസമപ്പിതമായിരിക്കുന്ന ദൈവമായി ഭവിക്കും. സിംഹത്തിങ്കൽ സ്ഥിതനായിരിക്കുന്ന ശനി സുരാവാസഗനായിരിക്കുന്ന ശാസ്താവായിട്ടും ആഖേട പിശാചകനായിട്ടും ഭവിക്കും ഗുരുഭത്തിങ്കൽ സ്ഥിതനായിരിക്കുന്ന ശനി മണിസംഘാതാത്മ വിശ്രുതമായിരിക്കുന്ന ഗന്ധർവ്വഭേദമായി ഭവിക്കും. പിന്നെ നിജഭത്തിങ്കൽ സ്ഥിതനായിരിക്കുന്ന ശനിപ്രേതവും പിശാചാദ്യുമായി ഭവിക്കും.

സാരം— ബുധക്ഷേത്രത്തിൽ നില്ക്കുന്ന ശനി വനദൈവതയും ബന്ധുക്കളാൽ അയക്കപ്പെട്ട പ്രേതവുമായി ഭവിക്കും. കർക്കടകത്തിൽ നിൽക്കുന്ന ശനി നീചന്മാരാൽ അയക്കപ്പെട്ട ദൈവമായി ഭവിക്കും. ചിങ്ങത്തിങ്കൽനിൽക്കുന്നശനി ദേവാലയ സംബന്ധിയായിരിക്കുന്ന ശാസ്താവായിട്ടും നായാട്ടു പിശാചായിട്ടും ഭവിക്കും. വ്യാഴക്ഷേത്രത്തിങ്കൽ നിൽക്കുന്ന ശനി സഹസ്രമണിമാൻ എന്നും പുഷ്പശോഭി എന്നും പ്രസിദ്ധന്മാരായിരിക്കുന്ന ഗന്ധർവ്വന്മാരായി ഭവിക്കും. സ്വക്ഷേത്രത്തിൽ നിൽക്കുന്ന ശനിപ്രേത പിശാചാദികളായി ഭവിക്കും.

(വാ) ഏതച്ഛത്രുബാധാനിരൂപണവിഷയം.

അന്വയാർത്ഥം— ഇത ശത്രുബാധാനിരൂപണ വിഷയമായി ഭവിക്കുന്നു.

സാരം— അഥശത്രുബാധാനിരൂപ്യതെ എന്നുള്ളടത്തുനിന്നു തുടങ്ങി ഇതുവരെ പറകപ്പെട്ടതൊക്കയു, ശത്രുബാധാ നിരൂപണത്തിങ്കൽ ഉപയോഗമുള്ളതാകുന്നു.

(വാ) അഥവ്യാധെശ്ശമനനിരൂപണപ്രകാരൊഭിധീയതെ॥

അന്വയാർത്ഥം— അനന്തരം വ്യാധിയുടെ ശമനനിരൂപണപ്രകാരം ലെഖനം ചെയ്യപ്പെടുന്നു.

സാരം— ഇനി വ്യാധിയുടെ ശമന നിരൂപണം ഇന്നപ്രകാരമെന്നതിനെ കാണിക്കുന്നു.

൨൨൨. ബാധാശ്രയശ്ചലഗ്നതൊവ്യാധിശാന്തിശ്ചിന്ത്യാത്ര ന്ധ്രെപാപയൊഗെക്ഷണാദ്യൈഃ।ദൊഷൈശ്ച്ഛകെതവ്യാധിവൃദ്ധി ർഗ്ഗതാദ്യൈഃ പ്രാഗ്വന്നസ്യാഭാവിനീവൃത്തികാനാം ॥

അന്വയാർത്ഥം— ബാധാ ആശ്രയത്തെ ആശ്രയിച്ചിട്ട ചിന്ത്യമാകുന്നു. വ്യാധിശാന്തി ലഗ്നത്തെ ആശ്രയിച്ചിട്ട ചിന്ത്യമാകുന്നു. ആശ്രയം പാപയൊഗെക്ഷണാദ്യങ്ങളായിരിക്കുന്ന ദൊഷങ്ങളൊടുയുക്തമായിരിക്കും വിഷയത്തിങ്കൽ വ്യാധിവൃ

കിൽ വ്യാധി ശമിക്കും- ശീഷ്ഷോദയമായിട്ടും വെളിഏററമുള്ളതായിട്ടും സ്ഥിരമായിട്ടും ഊൎദ്ധ്വമുഖമായിട്ടും വരികിൽ ശമിക്കയില്ല-

(വാ) അത്രഗ്രന്ഥാന്തരം ||

മെല്പെഴുതിയവാക്യത്തിന്റെ അൎത്ഥം സ്പഷ്ടമാകുന്നു-

൨൨൫. ഷഷ്ഠാഷ്ടമവ്യയസുഖെ പാപവിമുക്തെ ശുഭാന്വിതെകെന്ദ്രെവ്യാധെശ്ശാന്തിപ്രശ്നെശാന്തിൎഭവതിനിൎദിശെന്മതിമാൻ ||

അന്വയാൎത്ഥം—— മതിമാനായിരിക്കുന്ന ദൈവജ്ഞൻ വ്യാധിയുടെ ശാന്തി പ്രശ്നത്തിങ്കൽ ഷഷ്ഠാഷ്ടമവ്യയസുഖം പാപവിമുക്തമായിട്ടും കെന്ദ്രം ശുഭാന്വിതമായിട്ടുമിരിക്കുംവിഷയത്തിങ്കൽ ശാന്തി ഉടനെ ഭവിക്കുമെന്നു നിൎദ്ദേശിക്കെണം-

൨൨൬. ബാധകഖെടാധിഷ്ഠിതഭാംശവശാൽ പ്രതിക്രിയാകരണെ വിധെയ | കൎത്തൃവിശെഷൊഗ്രന്ഥാന്തരഗദിതൊനിഗദ്യതെതമനു ||

അന്വയാൎത്ഥം—— ബാധകഖെടാധിഷ്ഠിതഭാംശങ്ങളെ അനുസരിച്ചിട്ട പ്രതിക്രിയാതരണെ വിധിയിങ്കൽ കൎത്തൃവിശെഷം ഗ്രന്ഥാന്തഗദിതമായി ഭവിക്കുന്നു- അത ഹെതുവായിട്ട അനന്തരം നിഗദിക്കപ്പെടുന്നു-

സാരം—— ബാധകഗ്രഹങ്ങൾ നില്ക്കുന്ന രാശികളുടെയും നവാംശങ്ങളുടെയും ഭെദത്തെ അനുസരിച്ചിട്ട ബാധാപ്രതിവിധാനത്തിങ്കൽ കൎത്തൃഭെദത്തെ അന്യഗ്രന്ഥകാരന്മാർ പറയുകയാൽ അതിനെ ഇനി ഇവിടെ പറയുന്നു-

൨൨൭ ബാധകവിഹഗാധിശ്രിതഭവനാംശകയൊൎന്നിരീക്ഷ്യ സത്വാദിഗുണാൻ | സാത്വികരാജസതാമസകൎമ്മാണ്യെപ്രതൽ പ്രതിക്രിയാഃതിതാ ||

അന്വയാൎത്ഥം—— ബാധകവിഹഗാധിശ്രിതഭവനാംശകങ്ങളുടെ സത്വാദിഗുണങ്ങളെ നിരീക്ഷിച്ചിട്ട സാത്വികരാജസതാമസകൎമ്മാവായിരിക്കുന്നവൻ ഏതൽപ്രതിക്രിയാകൎത്താവായി ഭവിക്കെണം-

സാരം—— ബാധകാധിപനായ ഗ്രഹത്താൽ ആശ്രയിക്കപ്പെട്ട രാശിയും അംശകവും സാത്വികമായിരുന്നാൽ സാത്വികമായിരിക്കുന്ന കൎമ്മത്തൊടുകൂടിയവൻ ബാധാപ്രതിവിധിയെ ചെയ്യെണം- മെൽപറഞ്ഞ രാശ്യംശകങ്ങൾ രാജസങ്ങളായിരുന്നാൽ രാജസമായ കൎമ്മത്തൊടുകൂടിയവൻ ബാധാപ്രതിവിധിയെ ചെയ്യെണം- താമസങ്ങളായിരുന്നാൽ താമസമായ കൎമ്മത്തൊടു കൂടിയവൻ പ്രതിവിധിയെ ചെയ്യെണം-

വിപ്രൈഃ । പാപൈതദ്ഗ്രഹശൈവചണ്ഡാലാദ്യൈഃ പ്രതീരിതംകൈശ്ചിൽ ॥

അന്വയാർത്ഥം— ബാധകേശൻ സൌമ്യനായിട്ടോ സൌമ്യഗ്രഹസ്ഥനായിട്ടോ സന്നായിരിക്കും വിഷയത്തിങ്കൽ തൽപ്രതിക്രിയാവിപ്രന്മാരാൽ കർത്തവ്യയാകുന്നു. പാപനായിട്ടോ പാപഗ്രഹസ്ഥനായിട്ടോ സന്നായിരിക്കും വിഷയത്തിങ്കൽ തൽപ്രതിക്രിയാ ചണ്ഡാലാദ്യന്മാരാൽ കർത്തവ്യയാകുന്നു- ഇങ്ങിനെ ചിലരാൽ ഈരിതമായി ഭവിക്കുന്നു-

സാരം— ബാധകസ്ഥാനാധിപൻ ശുഭനായാലും ശുഭരാശിയിൽ നില്ക്കുന്നവനായാലും ബ്രാഹ്മണൻ ബാധാപ്രതിവിധിയെ ചെയ്യേണം- പാപനായാലും പാപന്റെ രാശിയിൽ നിന്നാലും ചണ്ഡാലാദികൾ ബാധാപ്രതിവിധിയെ ചെയ്യേണം- ഇങ്ങിനെ ചിലർ പറയുന്നു-

൨൰൧. മൃത്യുഞ്ജയഗണപതിഹോമാദീനാം കർത്തൃചിന്തനേധിഷണഃ । അനുകൂലോജലവൃദ്ധിശ്ശമഗ്ഗണശ്ചാപ്യുലഗ്നമൂർദ്ധ്വമുഖം ॥

അന്വയാർത്ഥം— മൃത്യുഞ്ജയഗണപതിഹോമാദികളുടെ കർത്തൃചിന്തനത്തിങ്കൽ ധിഷണൻ അനുകൂലനായിട്ടും ജലവൃദ്ധിയും ശമഗ്ഗണവും ഊർദ്ധ്വമുഖമായിരിക്കുന്ന ലഗ്നവും ഭവിക്കേണം.

സാരം— മൃത്യുഞ്ജയഹോമം. ഗണപതിഹോമം ഇത്യാദികളായ കർമ്മങ്ങൾ ആരെക്കൊണ്ടു ചെയ്യിപ്പിക്കേണമെന്നുള്ള സന്ദേഹത്തിങ്കൽ ഒരു കർമ്മിയെ ഉദ്ദേശിച്ചുവെച്ച രാശിക്കു വ്യാഴത്തിന്റെ ഇഷ്ടസ്ഥിതിയും വെലിയേററവും ശമത്തിന്നു ശുദ്ധിയും ഊർദ്ധ്വമുഖമാവുകയെന്നുള്ള അവസ്ഥയുമുണ്ടായാൽ ആ കർമ്മിയെക്കൊണ്ടു അതുകളെ ചെയ്യിപ്പിച്ചുകൊൾക-

## ഇതി പഞ്ചദശോദ്ധ്യായഃ

## ഷോഡശാദ്ധ്യായ പ്രാരംഭഃ

൧- അദ്ധ്യായൈഃ പഞ്ചദശഭിഃ ഗ്രൈരേതൈസ്സമീരിതഃ । ആയുഃപ്രശ്നസ്സരോഗാരംഭാന്തബാധാപ്രതിക്രിയഃ ॥

അന്വയാർത്ഥം— ഗതങ്ങളായിരിക്കുന്ന ഈ പതിനഞ്ചു അദ്ധ്യായങ്ങൾകൊണ്ടു ആയുഃപ്രശ്നം സരോഗാരംഭാന്ത ബാധാപ്രതിക്രിയമായിട്ടു സമീരിതമായി-

കാരം അംശകങ്ങളെ അനുസരിച്ചിട്ട സഞ്ചാരത്തെയും സ്ഥിതിയെയും സഞ്ചാരസ്ഥിതികളെയും മദ്ധ്യദെശത്തിങ്കൽ പറഞ്ഞുകൊള്ളുക.

൪. ആരൂഢാധീശപരാരൂഢരാശ്യംശാഭ്യാഞ്ച ചിന്തയെൽ ।
ഏതയൊശ്ച സംവാദെസതിസ്യാല്ലക്ഷണംദൃഢം ॥

അന്വയാൎത്ഥം — ആരൂഢാധീശപരാരൂഢരാശ്യംശങ്ങളെകൊണ്ടും ഇതിനെ ചിന്തിക്കെണം. രണ്ടിന്നും സംവാദം സത്തായിരിക്കും വിഷയത്തിങ്കൽ ലക്ഷണം ദൃഢമായി ഭവിക്കും.

സാരം — ആരൂഢാധിപൻ നില്ക്കുന്ന രാശികൊണ്ടും അംശംകൊണ്ടും മെൽപറഞ്ഞ പ്രകാരം വിചാരിക്കെണം. രണ്ടിന്നും സാമ്യമുണ്ടായാൽ ലക്ഷണം ഒക്കകയും ചെയ്യും.

൫. ജന്മലഗ്നാധിനാഥസ്യപ്രശ്നലഗ്നാധിപസ്യച । മിശ്രി
സിദ്ധ്യെദയത്നെനകാൎയ്യംവൈരിജയാദികം ।

അന്വയാൎത്ഥം — ജന്മലഗ്നാധിനാഥന്റെയും പ്രശ്നലഗ്നാധിപന്റെയും മിക്കിങ്കൽ വൈരിജയാദികമായിരിക്കുന്ന കാൎയ്യം യത്നത്തൊടുകൂടാതെ സിദ്ധിക്കും.

സാരം — ജന്മലഗ്നത്തിന്റെയും പ്രശ്നലഗ്നത്തിന്റെയും അധിപന്മാരായിരിക്കുന്ന ഗ്രഹങ്ങളുടെ മിക്കിൽ പ്രഷ്ടാവിന്ന ശത്രുജയാദികാൎയ്യങ്ങൾ യത്നത്തൊടുകൂടാതെ തന്നെ വന്നുകൂടും.

൬. ആരൂഢെസപ്തമെവാസ്യഗ്രഹശ്ചെദുച്ചസംസ്ഥിതഃ ।
തസ്യൊക്തംദ്രവ്യസൎവ്വസ്വംപ്രഷ്ടുരസ്തീതിനിൎദ്ദിശെൽ ॥

അന്വയാൎത്ഥം — ആരൂഢത്തിങ്കലൊ ഇതിന്റെ സപ്തമത്തിങ്കലൊ ഉച്ചസംസ്ഥിതനായിരിക്കുന്ന ഗ്രഹം ഭവിക്കുന്നു എങ്കിൽ അവന്നു ഉക്തമായിരിക്കുന്ന ദ്രവ്യസൎവ്വസ്വം പ്രഷ്ടാവിന്നു ഭവിക്കുന്നു എന്നു നിൎദ്ദെശിക്കെണം.

സാരം — ആരൂഢരാശിയിലൊ അതിന്റെ എഴാം രാശിയിലൊ ഉച്ചസ്ഥനായിട്ട ഒരുഗ്രഹം നിന്നാൽ ആഗ്രഹത്തിന്നുപറകപ്പെട്ട ദ്രവ്യാദിസകലവസ്തുക്കളും പൃഛകന്നുണ്ടെന്നു പറയെണം.

൭. ആരൂഢദത്തീശാഭ്യാംയദ്യല്ലക്ഷണമീരിതം । ആരൂഢ
വിഷയെപൂൎവ്വംതത്തദത്രാപിയൊജയെൽ ॥

അന്വയാൎത്ഥം — മുമ്പെആരൂഢവിഷയത്തിങ്കൽ യാതൊരു യാതൊരു ലക്ഷണം ആരൂഢദത്തഈശന്മാരെക്കൊണ്ടു ഈരിതമായി ഭവിക്കുന്നുവൊ ആ ലക്ഷണത്തെയും ഇവിടെ യൊജിപ്പിക്കെണം.

ളിൽ നില്ക്കുന്ന പാപന്മാരെക്കൊണ്ടു കഴിഞ്ഞുപോയ ആപത്തി നെയും പറയെണം- തുലാം മുതലായ ആറു രാശികളിൽ ഒന്ന ലഗ്നമായിരിക്കുംപൊൾ നാലാമെടത്തിന്റെ ഉത്തരാൎദ്ധം മുതൽ പത്താമെടത്തിന്റെ പൂൎവ്വാൎദ്ധം വരെയുള്ള ആറു രാശികളിൽ നില്ക്കുന്ന ശുഭഗ്രഹങ്ങളെക്കൊണ്ടു സമ്പത്തിന്റെയും പാപഗ്രഹങ്ങളെക്കൊണ്ടു ആപത്തിന്റെയും അനുഭവം കഴിഞ്ഞിരിക്കുന്നു എന്നു പറയെണം- മെഷാദികളായ ആറു രാശികളിൽ ഒന്നു ലഗ്നമായിരിക്കുംപൊൾ മെൽപറഞ്ഞ പ്രകാരം ഉള്ള ഗ്രഹങ്ങളെക്കൊണ്ടു സമ്പത്തിന്റെയും ആപത്തിന്റെയും മെലിലുള്ള അനുഭവത്തെ പറയെണം-

൧൧. സാമാദിഷുപ്രയൊക്തവ്യ ഉപായസ്സമയെത്രകഃ । ഇതിജിജ്ഞാസവെവാച്യംലക്ഷണംകിമപീയ്യതെ ।

അന്വയാൎത്ഥം — ഈ സമയത്തിങ്കൽ സാമാദികളിൽ വെച്ച എതു ഉപായം പ്രയൊക്തവ്യമാകുന്നു എന്നുജിജ്ഞാസുവായിരിക്കുന്നവനായിക്കൊണ്ടു വാച്യമായിരിക്കുന്ന ഒരു ലക്ഷണം ഉൽരണംചെയ്യപ്പെടുന്നു-

സാരം—ഇക്കാലത്തിങ്കൽ സാമദാന ഭെദദണ്ഡങ്ങളിൽ വെച്ച എതൊരുപായം പ്രയൊഗിച്ചാൽ സഫലമായി ഭവിക്കുമെന്ന അറിവാൻ ഇച്ശയൊടുകൂടിയവനായിക്കൊണ്ടു പറകപ്പെടുവാൻ യൊഗ്യമായ ഒരു ലക്ഷണത്തെ ഇനി പറയുന്നു-

൧൨. സാമ്നൊജീവസ്സഭൃഗുതനയൊദണ്ഡനാഥൌകുജാൎക്കൌ ദാനസ്യെന്ദുശ്ശിഖിയമബുധാസ്സാസുരാഭെദനാഥാ । വീൎയ്യൊപെതൈരുപചയഗതൈൎല്ലഗ്നഗൈഃകെന്ദ്രഗൈൎവ്വാതത്തൽസിദ്ധിം പ്രബ്രൂതിതദഹസ്വാംശകൈൎവ്വാപിതെഷാം ।

അന്വയാൎത്ഥം — സഭൃഗുതനയനായിരിക്കുന്ന ജീവൻ സാമത്തിന്റെ നാഥനാകുന്നു. കുജാൎക്കന്മാർ ദണ്ഡനാഥന്മാരാകുന്നു- ഇന്ദു ദാനത്തിന്റെ നാഥനാകുന്നു- സാസുരന്മാരായിരിക്കുന്ന ശിഖി യമബുധന്മാരെ ഭെദനാഥന്മാരാകുന്നു- വീൎയ്യൊപെതന്മാരായി ഉപചയഗതന്മാരായിട്ടൊ ലഗ്നഗന്മാരായിട്ടൊ കെന്ദ്രഗന്മാരായിട്ടൊ ഇരിക്കുന്ന അവർ ഹെതുവായിട്ട തദഹത്തിങ്കലൊ അവരുടെ സ്വാംശകത്തിങ്കലൊ പ്രസ്താവ തത്തൽസിദ്ധിയെ പ്രബ്രൂകിക്കുന്നു-

സാരം— ഗുരുശുക്രന്മാർ സാമത്തിന്റെയുംസൂൎയ്യനും ചൊവ്വയും ദണ്ഡത്തിന്റെയും ചന്ദ്രൻ ദാനത്തിന്റെയും രാഹു, കെതു, ശനി, ബുധൻ, ഇവർ ഭെദത്തിന്റെയും അധിപതികളാകു

തമെഷസ്യചിത്രം । കൊണെഷുകൃഷ്ണം ബഹുവസ്ത്രമെകെ ഫലയുതഞ്ചെല്ലു
കണ്ടകെചന്ദ്രസംയുതെഥ രായശൈഥവാ സ്വപ്നവാസൊധരയുവ
തിസ്തനൊമാഗമംപ്രപൃഛകാലെ ॥

അന്വയാൎത്ഥം — ഭാനു കെന്ദ്രസ്ഥംഭവാംസസ്ഥായി ഭവിക്കും- ശ്ലേഷ്മവസിതവസനധരനായി ഭവിക്കും- അന്യൎക്ക രക്തവാസസ്സായി ഭവിക്കും- ജ്ഞൻ പാടാശാമലനനായി ഭവിക്കും- ഗുരുവിന്റെ വസനം പീതമായിഭവിക്കും- അൎക്കന്റെവസനം ചിത്രമായി ഭവിക്കും- കൊണെൻ കൃഷ്ണാംബരനായി ഭവിക്കും കെന്ദ്രസംസ്ഥന്മാരായിട്ടൊ ആയസ്ഥന്മാരായിട്ടൊ ഇരിക്കുന്നവരെ കൊണ്ടു പ്രശ്നകാലത്തിങ്കൽ സ്വപ്നവാസൊധര യുവതി നൃകളുടെ ആഗമമാകുന്ന ലക്ഷണത്തെ കഥിക്കെണം-

സാരം—— സൂൎയ്യാദികളുടെ വസ്ത്രങ്ങൾ ക്രമെണ കുസുംബിൻ പൂവിന്റെ നിറത്തൊടും വെളുപ്പൊടും ചുമപ്പൊടും പാടാശവൎണ്ണ ത്തൊടും പീതവൎണ്ണത്തൊടും നാനാവൎണ്ണത്തൊടും കറുപ്പൊടും കൂടി യതുകളായിരിക്കും- അങ്ങിനെ ഉള്ള സൂൎയ്യാദികൾ കെന്ദ്രങ്ങളി ലൊ പതിനൊന്നാമെടത്തൊ നിന്നാൽ അവൎക്കു പറഞ്ഞിട്ടുള്ള വ സ്ത്രങ്ങളെ ധരിച്ചിരിക്കുന്ന സ്ത്രീപുരുഷന്മാർ പ്രശ്നസമയത്തിങ്ക ൽ പ്രഷ്ടാവിന്റെ ഗൃഹത്തിങ്കൽ വരുമെന്ന പറയെണം- ഇത ദൃതാഗ്രഹരാശികൊണ്ടു വെണ്ടുന്ന ഒരു കാൎയ്യമാകുന്നു- അന്യനാ ൽ ഉണ്ടാക്കപ്പെട്ട പ്രശ്നചാൎത്തിനെകണ്ടു ഫലംപറയുന്ന ദൈവ ജ്ഞന്ന സ്വപ്നസ്പഷ്ടമായിരിക്കുന്ന ആരൂഢംകൊണ്ടുമാം- അ വിടെ മെൽപ്രകാരം ഉള്ള സ്ത്രീപുരുഷന്മാരുടെ വരവ ഉണ്ടായിരു ന്നുപറഞ്ഞു കൊൾക-

൧൭. പ്രസ്ഥാനലഗ്നാഷ്ടമഗൈൎബ്ബലിഷ്ഠൈഃകെന്ദ്രസംസ്ഥൈ ൎവ്വിഹഗൊദിതാനാം । വിപ്രാദിനാമിനരവസ്ത്രഭാജാമഭ്യാ ഗമൊവൽനികീൎത്തനീയഃ ॥

അന്വയാൎത്ഥം — പ്രസ്ഥാനലഗ്നാഷ്ടമഗന്മാരായിട്ടൊ കെന്ദ്ര സ്ഥിതന്മാരായിട്ടൊ ഉള്ള ബലിഷ്ഠന്മാരായിരിക്കുന്ന ഗ്രഹങ്ങളെ കൊണ്ടു വിഹഗൊദിതന്മാരായിരിക്കുന്ന വിപ്രാദിനാമിനരവ സ്ത്രഭാക്കുകളുടെ അഭ്യാഗമം വൎത്മത്തിങ്കൽ കീൎത്തനീയമായിഭ വിക്കുന്നു-

സാരം——പ്രസ്ഥാനലഗ്നത്തിന്റെ എട്ടാമെടത്തൊ ബലവാ നായിരിക്കുന്ന വ്യാഴംനിന്നാൽ വഴിയിൽ ബ്രാഹ്മണജാതിയാക യാലും പുരുഷഗ്രഹമാകയാലും മഞ്ഞനിറത്തൊടുകൂടിയ വസ്ത്ര ത്തെധരിച്ചവനാകയാലും അപ്രകാരമുള്ളൊരു പുരുഷന്റെ വര

ത്മസ്ഥനാഥനെക്കൊണ്ടു വരന്റെ ലക്ഷണം വാച്യമായിഭവിക്കു
ന്നു- ഏവമായിരിക്കുന്ന പ്രശ്നത്തിങ്കൽ ലഗ്നപുത്രാദികങ്ങൾകൊ
ണ്ടു പ്രഷ്ടൃസുതാദികന്മാരുടെ ലക്ഷണം വാച്യമായി ഭവിക്കുന്നു-

സാരം——വിവാഹ പ്രശ്നത്തിങ്കൽ ആരൂഢരാശിയുടെ അധി
പനെക്കൊണ്ടു സ്ത്രീയുടെയും ആരൂഢത്തിന്റെ ഏഴാംരാശിയുടെ
അധിപനെക്കൊണ്ടു പുരുഷന്റെയും ലക്ഷണത്തെ പറയെണം-
അന്യപ്രശ്നങ്ങളിൽ ലഗ്നംകൊണ്ടുപൃഛകന്റെയും അഞ്ചാംഭാവം
മുതലായതുകൾകൊണ്ടു പുത്രാദികളുടെയും ലക്ഷണത്തെ പറയെ
ണം-

൨൦. ലക്ഷണകഥനെമുഷ്ടിൻഖചരവപുൎദ്രവ്യജാതമപിവിദ്യാ
ൽ । സംജ്ഞാസ്വാസ്വാദശാഫലകഥിതമ്യൊജനീയമഖിലമപി ।

അന്വയാൎത്ഥം—— ഈ ലക്ഷണകഥനത്തിങ്കൽ ഖചരവപു
സ്സിനെയും ദ്രവ്യജാതത്തെയും അറിയെണം- സംജ്ഞാസ്വാസ്വാ
ദശാഫലകഥിതമായിരിക്കുന്ന അൎത്ഥം അഖിലമായിട്ടു യൊജനീ
യമായി ഭവിക്കുന്നു-

സാരം—— മെൽപ്രകാരം ലക്ഷണത്തെ പറയുമ്പൊൾ ഗ്രഹ
ങ്ങളുടെ ശരീരഭെദത്തെയും ദ്രവ്യഭെദത്തെയും അറിഞ്ഞിരിക്കെ
ണം- സംജ്ഞാധ്യായത്തിങ്കലും ദശാഫലാധ്യായത്തിങ്കലും പറ
കപ്പെട്ടതുകൾ സകലങ്ങളായിട്ടു ഇവിടെ യൊജിപ്പിക്കപ്പെടുവാ
ൻ യൊഗ്യങ്ങളാകുന്നു-

൨൧. യല്പദാസ്വീഹലൊകെതൽസൎവ്വംധാതുമൂലജീവമയം ।
കൃഷ്ണീയപ്രമുഖെഭ്യശ്ശാസ്ത്രെഭ്യസ്തൽഭിദാജ്ഞെയാ । ഇതി ॥

അന്വയാൎത്ഥം—— ഈ ലൊകത്തിങ്കൽ യാതൊരു യാതൊരുവ
സ്തുഭവിക്കുന്നുവൊ അതു സൎവ്വമായിട്ടു ധാതുമൂലജീവമയമായി
ഭവിക്കുന്നു- കൃഷ്ണീയപ്രമുഖങ്ങളായിരിക്കുന്ന ശാസ്ത്രങ്ങളിൽ നി
ന്നു തൽഭിദാജ്ഞെയയാകുന്നു.

സാരം—— ഈ ലൊകത്തിങ്കൽ ധാതു, മൂലം, ജീവൻ, ഈ മൂന്നു
കൂട്ടത്തിൽചെരാതെ ഒന്നുമില്ല- ധാതുമൂലജീവന്മാരുടെ ഭെദത്തെ കൃ
ഷ്ണീയംമുതലായ ശാസ്ത്രങ്ങളിൽ നിന്നു അറിഞ്ഞുകൊൾക-

(വാ) അഥശകുനവിഷയം കിഞ്ചില്ലക്ഷണമുച്യതെ॥

അനന്തരം ശകുനവിഷയമായിട്ടു ഒരു ലക്ഷണം പറകപ്പെടു
ന്നു എന്നു മെൽഎഴുതിയ വാക്യത്തിന്റെ സാരം-

൨൨. പൃഛനസ്വൈഷപശ്രുതെഷ്ടൃദൃഷ്ടശകുനംസൌമ്യൈഷ്ടതദ്ദു
ൎന്നം ഭൂതാദ്യൎദ്ധവശാദമുഷ്യകഥയെൽപ്രശ്നാധിദൈവനവാ । ക
ൎമ്മാന്ത്യസുഖസ്ഥിതൈൎബ്ബലയുതൈൎവൈപ്യവമാദിശ്യതാം യാതു

സാരം—— ആദിത്യൻ ചന്ദ്രൻ, ചൊവ്വ, ബുധൻ വ്യാഴം, ശുക്രൻ, ശനി, രാഹു ഈ എട്ടു ഗ്രഹങ്ങളും പകൽമൂന്നെമുക്കാലി ല്ല നാഴികനെരം ഉദയത്തെ ക്രമെണ ലഭിക്കുന്നു. ഞായറാഴ്ച ഇങ്ങിനെ ധരിച്ചുകൊൾക. തിങ്കളാഴ്ചയാകിൽ ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, ആദിത്യൻ ശെഷങ്ങളാ യ ആഴ്ചകളിലും ഇങ്ങിനെ മാറി മാറി ക്രമത്തെ ഊഹിച്ചുകൊ ൾക. പ്രശ്നകാലത്തിങ്കൽ വ്യാഴത്തിന്റെയും ബുധന്റെയും ശു ക്രന്റെയും ഉദയം ഭവിച്ചാൽ ഉടനെ സകലമായ ഇഷ്ടവും സാ ധിക്കും ചന്ദ്രന്റെ ഉദയമാകിൽ പതുക്കെ സാധിക്കും മറ്റുള്ളവ രുടെ ഉദയമാകിൽ ഒന്നും സാധിക്കയില്ല.

൨൩. പ്രശ്നെദിനഗതവിഘടിർവിന്യസ്യവിഭജ്യശെഖരൈൎഗ്ഗ്ലൈ ഷാൽവിജ്ഞെയൊവിഹഗാനാമുദയൊവക്തവ്യമൎത്ഥനൈതം॥

അന്വയാൎത്ഥം—— പ്രശ്നം കൃതമായിരിക്കും വിഷയത്തിങ്കൽ ദിനഗതനാഡികളെ വിന്യസിച്ചിട്ടു ശെഖരങ്ങൾകൊണ്ടു വിഭ ജിച്ചിട്ടു ശെഷത്തിങ്കൽനിന്നു വിഹഗന്മാരുടെ ഉദയം വിജ്ഞെയ മായി ഭവിക്കുന്നു. ഇതുകൊണ്ടു ഇതു വക്തവ്യമാകുന്നു.

സാരം—— പ്രശ്നകാലത്തിങ്കലെക്ക അന്നത്തെ ഉദയത്തിങ്ക ൽനിന്ന അനന്തരം ചെന്നദിനനാഴികയെ വിനാഴികയാക്കി വെച്ച ൨൨൫ കൊണ്ടു ഹരിച്ചിട്ടു ശെഷമുള്ളതുകൊണ്ടു ഗ്രഹങ്ങ ളുടെ ഉദയത്തെ അറിയെണം. ഇരുനൂറെറിരുപത്തഞ്ചുവിനാഴികഎ ന്നത ഒരു ഗ്രഹത്തിന്റെ ഉദയ പ്രമാണമായ യാമാൎദ്ധമാകു ന്നു. അത ഒന്നു പൊയാൽ ഒരു ഗ്രഹത്തിന്റെ ഉദയം കഴിഞ്ഞു. ശെഷിച്ച വിനാഴികകൾ പിന്നത്തെ ഗ്രഹത്തിന്റെ ഉദയകാ ലത്തിൽ ചെന്നതാകുന്നു. അതുകൊണ്ടു ഹരിച്ചുണ്ടായ ഫലത്തി ന്റെ സംഖ്യ എത്രയൊ അത്രഗ്രഹങ്ങളെ വാരാധിപൻ മുതലാ യി എണ്ണി അവരിൽ ഒടുക്കത്തെ ഗ്രഹത്തിന്റെ പിന്നത്തെ ഗ്ര ഹത്തിന്റെ ഉദയകാലമാകുന്നു എന്നു ശിഷ്ടംകൊണ്ടു അറിയാ വുന്നതാകുന്നു. ഈ ക്രിയകൊണ്ടു മെൽ പറഞ്ഞ ഫലത്തെ പ റഞ്ഞുകൊൾക.

(വാ) അത്രാനുഷ്ഠാനപദ്ധതി ॥

അൎത്ഥം—— സ്പഷ്ടമാകുന്നു.

൨൪. ഗതനാഡികാമുദധിസംഗുണാംഹരെദവനീരൈൎന്നൃപ ശെഷിണൊഃക്രമാൽ । മൂൎത്തിവിദ്രമെതകലഹസൌഖ്യനിൎഗ്ഗമാഃസ കളത്രബന്ധനമിതീരയെൽബുധഃ ॥

അന്വയാൎത്ഥം——ബുധനായിരിക്കുന്ന ദൈവജ്ഞൻ ഗതനാ

ങ്ങൾ ക്രമേണഭൂമിയുടെയും ജലത്തിന്റെയും അഗ്നിയുടെയുംവായുവിന്റെയുമാകുന്നു- ഇങ്ങിനെയാകയാൽ പൃഛവാക്കിന്റെ ആദ്യാക്ഷരം മെൽ പറഞ്ഞ അക്ഷരങ്ങളിൽ ഒന്നായിവന്നാൽ അതുയാതൊരു ഭൂതത്തിന്റെ അക്ഷരമൊ അതിന്റെ ഉദയമാകുന്നു എന്നു ധരിച്ചുകൊൾക-

൩൧. യാമസ്സ്യാദ്ദിവസാഷ്ടഭാഗഇഹതെഷ്വാദ്യെമഹീപൂൎവ്വകൊയുദ്ധെസ്യാൽഗഗനാദികശ്ചദിവസെരാത്രൌചഭൂതക്രമാദുമെൽപാദയുതദ്വിടീതുപയസൊനാഡ്യംഹ്രിഹീനാശ്രുചെന്നാഡ്യൎദ്ധംപവനസ്യഖസ്യഘടികാപാദൊദയെദ്യാമയൊഃ॥

അന്വയാൎത്ഥം——ഇവിടെ ദിവസാഷ്ടഭാഗം യാമമായി ഭവിക്കും അതുകളിൽവെച്ചു ഒന്നത്തിങ്കൽ മഹീപൂൎവ്വകമായിട്ടും യുദ്ധത്തിങ്കൽഗഗനാദികമായിട്ടു ദിവസത്തിങ്കലും രാത്രിയിങ്കലും ഭൂതക്രമം ഭവിക്കും- രണ്ടു യാമങ്ങളിലും ഭൂമിക്കു പാദയുതയായിരിക്കുന്നഘടിയും പയസ്സിന്നു നാഡിയും ശ്രുചിക്കു അംഹ്രിഹീനയായിരിക്കുന്ന ഘടിയുംപവനന്നു നാഡ്യൎദ്ധവും ഖത്തിന്നഘടികാപാദവും ഭവിക്കും

സാരം—— പകൽ ഒന്നാമത്തെ യാമാൎദ്ധത്തിന്റെ ആദിയിൽ ഒന്നെകാൽ നാഴിക ഭൂമിയുടെ ഉദയമാകുന്നു പിന്നെ ഒരുനാഴിക ജലത്തിന്റെ ഉദയമാകുന്നു- പിന്നെ മുക്കാൽനാഴിക അഗ്നിയുടെ ഉദയമാകുന്നു. പിന്നെ അരനാഴിക വായുവിന്റെ ഉദയമാകുന്നു- പിന്നെ കാൽ നാഴിക ആകാശത്തിന്റെ ഉദയമാകുന്നു- രണ്ടാംയാമാൎദ്ധത്തിന്റെ ആദിയിൽ കാൽനാഴിക ആകാശത്തിന്റെ ഉദയമാകുന്നു- പിന്നെ അരനാഴിക വായുവിന്റെ ഉദയമാകുന്നു- പിന്നെ മുക്കാൽനാഴിക അഗ്നിയുടെ ഉദയമാകുന്നു- പിന്നെ ഒരുനാഴിക ജലത്തിന്റെ ഉദയമാകുന്നു- പിന്നെ ഒന്നെകാൽ നാഴിക ഭൂമിയുടെ ഉദയമാകുന്നു- മൂന്നാമത്തതിന്നു ഒന്നാമത്തതിന്നു പറഞ്ഞതുപൊലെ നാലാമത്തതിന്നു രണ്ടാമത്തതിന്നു പറഞ്ഞതുപൊലെ ഇങ്ങിനെ മറ്റുള്ളതുകൾക്കും ഗ്രഹിച്ചുകൊൾക-

൩൨. ഭൂതാനാമുദയെനചവിചിന്തയെൽപ്രഷ്ടൃകാൎയ്യമഖിലമപി। നമൃതിന്നുരൊഗശാന്തിൎഭൂരണെതദയെജലൊദയെതുപുനഃ॥

൩൩. ശംസ്സിതമചിരാൽസിദ്ധ്യതിവഹ്നെതദയെമൃതിൎവിരൊധശ്ച। വായൊരുദയെസൎവ്വംസിദ്ധ്യതിഗമനാഗമാദിചലകാൎയ്യം॥

യിങ്കൽ അകന്നു എങ്കിൽ നദീകൂപാദിയിങ്കൽ പതനമൊ ഝഷാദിജലജന്തൂപദ്രവമൊ ഭവിക്കും.

സാരം——ലഗ്നാധിപൻ പാപഗ്രഹത്തൊടുകൂടി നരരാശിയിൽ നിന്നാൽ മനുഷ്യർ ഹെതുവായിട്ടും ചതുഷ്പാദ്രാശികളിൽനിന്നാൽ ചതുഷ്പാത്തുകളായിരിക്കുന്ന രാശികളുടെ ഭെദത്തെ അനുസരിച്ചിട്ടു പശ്വാദികളായ നാല്ക്കാലികൾ ഹെതുവായിട്ടും പൃച്ഛകന്ന ആപത്തിനെ പറയെണം. ലഗ്നാധിപൻ പാപനൊടുകൂടെ സരീസൃപരാശിയിൽ നിന്നാൽ സൎപ്പാദികൾ നിമിത്തമായുള്ള ആപത്തിനെ പറയെണം. ജലരാശിയിൽ പാപനൊടുകൂടി നിന്നാൽ പുഴയിലൊ കിണററിലൊ പൃച്ഛകൻ വീഴുമെന്നും അല്ലാ എങ്കിൽ മത്സ്യം മുതല ഇത്യാദികളായ ജലജന്തുക്കളാൽ ഉള്ള ഉപദ്രവം പൃച്ഛകന്നു ഭവിക്കുമെന്നും പറയെണം.

൩൩. സംഹാരൊഡുഗശ്ചൊൎക്കജഃക്ഷിതിഭുവാ യുക്തൊഥവാ വീക്ഷിതഃ പ്രഷ്ടുൎമ്മന്ദിരദാഹകൃൽസശിഖിനായുക്തെക്ഷിതൊ വാഥവാ സംഹാരൊഡുഗതൊസദീക്ഷിതയുതൊ ലഗ്നാധിപഃ കഷ്ടകാൎയ്യെവംരാഹുയുതെക്ഷിതെത്തുരനുവെ പ്രഷ്ടാഹിദഷ്ടൊഭവെൽ॥

അന്വയാൎത്ഥം___ക്ഷിതി ഭുവിനൊടു യുക്തനായിട്ടൊ വീക്ഷിതനായിട്ടൊ സംഹാരൊഡുഗതനായിരിക്കുന്ന അൎക്കജൻപ്രഷ്ടാവിന്റെ മന്ദിരദാഹകൃത്തായി ഭവിക്കുന്നു- അവൻ ശിഖിയൊടു യുക്തെക്ഷിതനായിട്ടും അപ്രകാരം ഭവിക്കുന്നു. അസദീക്ഷിതയുതനായി സംഹാരൊഡുഗതനായിരിക്കുന്ന ലഗ്നാധിപൻ കഷ്ടകാരിയായി ഭവിക്കുന്നു. ഇപ്രകാരം തനുപൻ രാഹുയുതെക്ഷിതനായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവ അഹിദഷ്ടനായി ഭവിക്കും.

സാരം___ചൊവ്വയുടെ ദൃഷ്ടിയൊ യൊഗമൊ ഉള്ള ശനി സംഹാരനക്ഷത്രത്തിന്മെൽ നിന്നാൽ പൃച്ഛകന്റെ ഭവനം തീപ്പിടിക്കും, സംഹാരനക്ഷത്രത്തിന്മെൽ നില്ക്കുന്ന ശനിക്കു കെതുവിന്റെ ദൃഷ്ടിയൊ യൊഗമൊ രണ്ടിലൊന്നും സംഹാരനക്ഷത്രത്തിന്മെൽ സ്ഥിതിയും ഉണ്ടായാൽ പൃച്ഛകന്നു കഷ്ടമുണ്ടാകും. ലഗ്നാധിപന്നു സംഹാരനക്ഷത്രത്തിന്മെൽ സ്ഥിതിയും രാഹുവിന്റെ ദൃഷ്ടിയൊ യൊഗമൊ രണ്ടിലൊന്നുമുണ്ടായാൽ പൃച്ഛകനെ പാമ്പു കടിക്കും-

൩൪- മാന്ദ്യാരാൎയ്യെധരനുഗെദ്രെക്കാണഗതെ ഹെമാഗമഃ പ്രാപ്യതെതാം ലഗ്നസ്ഥെഷ്ടഗൃഹെവ്യയസ്ഥിതഇതൊഹെമ്നൊവിനാശൊ

ന്നില്ക്കുംപൊൾ ശനിരണ്ടാമെടത്തുനിന്നാൽ ധനലാഭത്തെയും ചൊല്ലപ്പെട്ടാമെടത്തു നില്ക്കുംപൊൾ ശനിലഗ്നത്തിങ്കൽനി ന്നാൽധനനാശത്തെയുംപറയെണം-

ശ്ലൊ- ഭാനൌ ലഗ്നെ പശുഗജതുരംഗാദികാനാം വിനാശഃകീ ടോത്ഥാപത്തംച ബുധയൊർമൃത്യുഭീതിഃകുജസ്യ। ഊൎദ്ധ്വെന്ദൊ ൎവിപക്ഷിസുഹൃൽ പുത്രയൊഃ കീൎത്തനീയാനീചാരിസ്ഥാരവിഹ തകരായെഫലം പ്രൊക്തമെതൽ॥

അന്വയാൎത്ഥം—— ലഗ്നത്തിങ്കലെഭാനുവിന്ന പശുഗജതുരം ഗാദികളുടെ വിനാശം കീൎത്തനീയമായിഭവിക്കുന്നു- തപന ബുധന്മാൎക്കുകീടൊത്ഥാപത്തംകീൎത്തനീയയായിഭവിക്കുന്നു-കുജന്നു മൃത്യുഭീതികീൎത്തനീയയായിഭവിക്കുന്നു- ഇതിങ്കലെഇന്ദുവിന്റെ സൂനുവിന്ന സുഹൃൽപുത്രന്മാരുടെവിപത്ത കീൎത്തനീയയായിഭ വിക്കുന്നു- യാവചിലരനീചാരിസ്ഥന്മാരായിട്ടും രവിഹതകര ന്മാരായിട്ടും ഭവിക്കുന്നുവൊ ഇവരുടെഫലം പ്രൊക്തമായി-

സാരം—— ശത്രുക്ഷെത്രത്തിലൊ നീചത്തിലൊ ഉള്ളആദി ത്യൻ ലഗ്നത്തിൽനിന്നാൽ പശ്വാദികളുടെ നാശവും അപ്ര കാരം ഉള്ളആദിത്യനും നീചസ്ഥിതിയൊ ശത്രുക്ഷെത്രസ്ഥിതി യൊ മൌഢ്യമൊ ഉള്ളബുധനും കൂടിലഗ്നത്തിൽനിന്നാൽ പുഴ ക്കളിൽ നിന്നഉണ്ടാകുന്ന ആപത്തും ചൊല്ലമെൽപ്രകാരം ലഗ്ന ത്തിൽനിന്നാൽ മരണഭയവും ബുധൻമെൽപ്രകാരം ലഗ്നത്തി ൽനിന്നാൽ ബന്ധുനാശവും പുത്രനാശവും ഫലമാകുന്നു മെൽ പറഞ്ഞഗ്രഹങ്ങൾക്ക നീചസ്ഥിതിയൊ ശത്രുക്ഷെത്രസ്ഥിതി യൊ മൌഢ്യമൊഉണ്ടായിരിക്കുംപൊഴുള്ള ലഗ്നസ്ഥിതിവെണ മെന്നുള്ളത നീചാരിസ്ഥാരവിഹതകരായെഫലം പ്രൊക്തമെത്താ മെന്നുള്ളവാക്യംകൊണ്ടെസിദ്ധമാകുന്നു-

ശ്ലൊ- സ്വൊച്ചസ്ഥിതൊഥവൈഭൃഗുരുഡുപാചന്ദ്രെണയുക്തൊ യദിലഗ്നസംസ്ഥഃ। പ്രീതിഃ വൈദെവജനാത്സമന്താൽപക്ഷെ ണലാഭശ്ചചതുഷ്പദാനാം॥ ഇതി-

അന്വയാൎത്ഥം—— സ്വൊച്ചസ്ഥിതനായിരിക്കുന്ന ഭൃഗു അഥവാ ഉഡുപാചന്ദ്രനൊടയുക്തനായിട്ട ലഗ്നസംസ്ഥനായി എ ങ്കിൽ എല്ലാടവുമുള്ളദെവജനത്തിങ്കൽനിന്ന പ്രീതിഭവിക്കും പ ക്ഷംകൊണ്ടെചതുഷ്പദങ്ങളുടെ ലാഭവും ഭവിക്കും-

സാരം—— വ്യാഴമൊ ശുക്രനൊഉച്ചസ്ഥനായിചന്ദ്രനൊടകൂ ടിലഗ്നത്തിൽനിന്നാൽ സൎവ്വദെവന്മാരുടെയും അനുഗ്രഹമുണ്ടാ കും- പതിനഞ്ചുദിവസത്തിലകത്ത പശുമുതലായ നാൽക്കാലി

ന്നശേഷിച്ചാൽ അസാദ്ധ്യമാകുന്നു എന്നും അറിഞ്ഞുകൊൾക-

൩൩. വ്യാധീനാംശമനംകരോതിവലഭിദ്ദൈവസ്യപൂജാദികെ
രഗ്നിൎഹോമവിധാനതോഥപിതൃപൂജാദിഃപിതൃണാംപതിഃ। രക്ഷ
സ്സൂചയതിവ്യഥാദികഥനംതൽ ബ്രഹ്മരക്ഷോമുഖാവേശനൈ
തദ്വിധാനമസ്യശമനായാധീയതാംധീമതാ ॥

അന്വയാൎത്ഥം —— വലഭിത്ത ദൈവന്റെ പൂജാദികളാൽഹേ
തുവായിട്ട വ്യാധികളുടെ ശമനത്തെ ഉണ്ടാക്കുന്നു- അഗ്നിഹോ
മവിധാനം ഹേതുവായിട്ട ഉണ്ടാക്കുന്നു- പിന്നെ പിതൃക്കളുടെപ
തി പിതൃപൂജാദികൾ ഹേതുവായിട്ടുണ്ടാക്കുന്നു- രക്ഷസ്സ് വ്യഥാ
ദിക്കളുടെ കഥ ബ്രഹ്മരക്ഷോമുഖാവേശം ഹേതുവായിട്ട ഉ
ണ്ടായതാകുന്നു എന്നു സൂചിപ്പിക്കുന്നു- ധീമാനായിരിക്കുന്നവ
നാൽ ഇതിന്റെ ശമനത്തിനായിക്കൊണ്ടുള്ള വിധാനം ചെയ്യ
പ്പെടേണം-

സാരം —— മൂതവാക്യാക്ഷര സംഖ്യയെ അന്തകൊണ്ടു പെ
രുക്കി എട്ടുകൊണ്ട ഹരിച്ചെപ്പോൾ ശേഷിച്ചത ഒന്നാകുന്നു എ
ങ്കിൽ ഇന്ദ്രൻ ഇങ്ങിനെ തുടങ്ങിയുള്ള ദിക്പാല കല്പനയെ മു
മ്പെ പറഞ്ഞിട്ടുണ്ട- ഈ ശ്ലോകംകൊണ്ട ഇന്ദ്രാദിദിക്പാലന്മാ
രെകൊണ്ട പറകപ്പെടുവാൻ യോഗ്യമായ ഫലത്തെ പറഞ്ഞി
രിക്കുന്നു- എങ്ങിനെ എന്ന താഴെ നോക്കി അറിഞ്ഞുകൊൾക-
ഇന്ദ്രൻദൈവപൂജാദികൾ ഹേതുവായിട്ട രോഗശമനത്തെ സൂ
ചിപ്പിക്കുന്നു- അഗ്നിഹോമകൎമ്മം കൊണ്ടുള്ള രോഗശമനത്തെ
സൂചിപ്പിക്കുന്നു- യമൻപിതൃപൂജകൾ ഹേതുവായിട്ടുള്ള രോഗ
ശമനത്തെ സൂചിപ്പിക്കുന്നു- നിരൃതി രോഗകാരണം, ബ്രഹ്മര
ക്ഷസ്സു മുതലായവരുടെ ബാധയാകുന്നു എന്നുള്ളതിനെ സൂചി
പ്പിക്കുന്നു-

൩൪. തൈലാഭിഷേകാച്ചഘൃതാഭിഷേകാദ്ദേവേസധാരാമപി
തൎപ്പണേന। പാശീവിധത്തേഗദശാന്തിമേഷാംവക്രാദ്യഭാവാ
ദികമാൎത്തിഹേതും ॥

൩൫. മാലാപടീരാഗതഗുല്ഗുലൂത്ഥധൂപപ്രദാനാഭരണാൎപ്പണാ
ദ്യൈഃ। ദൈവപ്രസാദേനഗദോപശാന്തിംകരോതിതൂൎണ്ണംഖലു
മാതരിശ്വാ ॥

അന്വയാൎത്ഥം —— മാതരിശ്വാവ മാലാപടീരാഗതഗുൽഗുലൂ
ത്ഥധൂപ പ്രദാനാഭരണാൎപ്പണാദ്യങ്ങൾ ഹേതുവായിട്ടുണ്ടായ
ദൈവപ്രസാദം കൊണ്ട ഗദോപശാന്തിയെ ഉണ്ടാക്കുന്നു-

സാരം —— മൂതവാക്യത്തിന്റെ അക്ഷരസംഖ്യയെ മേൽപ്ര

അധൊഭാഗത്തിങ്കൽ ആരംഭിച്ചിട്ടും ഗണനം ഭവിക്കെണം- യ ൽഭാവസംബന്ധിയായിരിക്കുന്ന പത്രം മ്ലാനികക്ഷത്യാദ്യുപെത മായിട്ടും തദ്യുതമായിട്ടും ഭവിക്കുമൊ അതിന്നു വ്യാധ്യാദ്യനിഷ്ട വും പ്രാപ്തിസംവൎദ്ധനാദ്യ മായിരിക്കുന്നശുഭവും ഭവിക്കുന്നു-

സാരം—— പ്രഷ്ടാവിനാൽ ദാനംചെയ്യപ്പെട്ട വെററിലക ൾകൊണ്ടു സകല ഫലത്തെയും ഇനിപറവാൻപൊകുംപ്രകാരം പറയെണം- ഉപ്പക്കുമ്പെ ആയിരുന്നാൽ കീഴിൽനിന്നു മെൽ പ്പെട്ടും ഉച്ചതിരിഞ്ഞാൽ മുകളിൽനിന്നു കീഴപ്പെട്ടും എണ്ണി അതുക ളുടെ സംഖ്യയെ ഗ്രഹിക്കെണം- എണ്ണുമ്പൊൾ ഒന്നാമത്തെതു തുടങ്ങിയുള്ളതായിരുന്ന വെററിലകളെ ലഗ്നാദി ഭാവങ്ങളാക്കി ക ല്പിക്കെണം- യാതൊരു ഭാവത്തിന്റെ സ്ഥാനത്തുവന്ന വെററി ലെക്കു വാട്ടമൊ കെടൊ ഉണ്ടാകുന്നുവൊ ആ ഭാവത്തിന്നു വ്യാ ധിമുതലായ അനിഷ്ട ഫലങ്ങളെയും യാതൊരു ഭാവത്തിന്റെ സ്ഥാനത്തുവന്ന വെററില വാടാതെയും കെടില്ലാതെയുമുള്ളതാകു ന്നുവൊ ആ ഭാവത്തിന്റെ ലാഭം അല്ലാ എങ്കിൽ വൎദ്ധനം ഇ ത്യാദികളായ ശുഭഫലങ്ങളെയും താംബൂലാവസ്ഥയെ നൊക്കിപ്പ റഞ്ഞുകൊൾക- സംഖ്യാഗ്രഹണം കൊണ്ടുള്ള പ്രയൊജനത്തെ ഇനി പറയും-

൪൯. താംബൂലസംഖ്യാംപിണ്ഡനാംശരഘ്നാംസൈകാംഹരെ ൽസപ്തഭിരത്രിശിഷ്ടൈഃ । സൂൎയ്യാദികാനാമുദയൊത്രകല്പ്യ:ഗ്ര ഹൊദയൊയത്രസലഗ്നരാശിഃ ॥

അന്വയാൎത്ഥം—— താംബൂല സംഖ്യയെ പിണ്ഡനയാക്കി ശ രഘ്നയാക്കി സൈകയാക്കി ചെയ്തിട്ട ഏഴുകൾകൊണ്ടു ഹരി ക്കെണം- ഇവിടെ ശിഷ്ടങ്ങൾകൊണ്ടു സൂൎയ്യാദികന്മാരുടെ ഉദ യം കല്പ്യമാകുന്നു- ഗ്രഹൊദയം യാതൊരിടെത്തു ഭവിക്കുന്നു വൊ അതുലഗ്നരാശി എന്നു കല്പ്യമാകുന്നു-

സാരം—— താംബൂല സംഖ്യയെ ഇരട്ടിച്ച അഞ്ചുകൊണ്ടുഗു ണിച്ച അതിൽ ഒന്നു കൂട്ടി ഏഴുകൊണ്ടുഹരിച്ചിട്ട ശെഷിച്ചതുകൊ ണ്ടു സൂൎയ്യാദികളായ ഏഴു ഗ്രഹങ്ങളെയഥാക്രമമായികല്പിച്ചുകൊ ൾക- എങ്ങിനെ എന്നാൽ ഹരിച്ചിട്ട ഒന്നു ശെഷിച്ചാൽ താംബൂ ലത്തിങ്കൽ ഉദിച്ച ഗ്രഹം സൂൎയ്യനാകുന്നു എന്നു കല്പിക്കെണം ര ണ്ടുശെഷിച്ചാൽ ചന്ദ്രൻ മൂന്നുശെഷിച്ചാൽ ചൊവ്വ ഇത്യാദിക്ര മെണ കല്പിക്കെണമെന്നറിക-

മെൽ പ്രകാരം ഉച്ചിരിക്കുന്ന ഗ്രഹം തൽകാലത്തിങ്കൽ യാ തൊരു രാശിയിൽ നില്ക്കുന്നുവൊ അതു ലഗ്നരാശിയെന്നും കല്പി

അഞ്ചാമെടത്തൊ വ്യാഴം കന്നിരാശിയിലൊ കന്നിരാംശകത്തി
ങ്കലൊ ആയി നിന്നാൽ രാജാവിന്ന ഗജലാഭമുണ്ടാകമെന്നുപ
റയാം- പതിനൊന്നാം ഭാവാധിപൻ ചതുഷ്പാദ്രാശിയുടെ അധി
പനായിട്ട കെന്ദ്രത്തിങ്കലൊ ത്രികൊണത്തിങ്കലൊ നില്ക്കയു
മുണ്ടായാൽ മെൽപറഞ്ഞതു ദ്രവ്യം തന്നെ- കൎമ്മാധിപലാഭാധി
പന്മാരുടെ കെന്ദ്രസ്ഥിതികൂടെ ഉണ്ടെങ്കിൽ ഗജത്തെ ഉടനെ ല
ഭിക്കമെന്നുപറയാം-

(വാ) പുനരപിലക്ഷണാന്തരംലിഖ്യതെ॥

ഇനിയും വെറെഉള്ള ലക്ഷണം എഴുതപ്പെടുന്നു എന്നൎത്ഥം-

൫൩. പൃച്ഛായാംഗുളികംപൂൎവംസംസ്പൃശന്തിസ്തുമാന്ദതൈൎബ്ബിരൽ
കാലജാൻഗ്രഹാംശ്ചാന്യാൻപൃച്ഛല്ലക്ഷണമാദിശെൽ॥

അന്വയാൎത്ഥം —— മുമ്പിൽ പൃഛയിങ്കലെഗുളികനെ വഴിപൊ
ലെ വിസ്പഷ്ടനാക്കി അറിയിക്കെണം- തൽകാലജന്മാരായിരി
ന്നവരായിരിക്കുന്ന ഗ്രഹങ്ങളെയും അറിയിക്കെണം- പി
ന്നെ ലക്ഷണത്തെ ആദെശിക്കെണം-

സാരം——മുമ്പെ പ്രശ്നകാലത്തിങ്കലെക്ക ഗുളികസ്ഫുടത്തെ നല്ല
വണ്ണം ക്രിയചെയ്തു സൂക്ഷ്മമാക്കി വരുത്തെണം- അപ്രകാരം
മറ്റുള്ള ഗ്രഹങ്ങളുടെ സ്ഫുടങ്ങളെയും വരുത്തെണം പിന്നെ ല
ക്ഷണത്തെ പറഞ്ഞുകൊള്ളുക-

൫൪. ഭാനൌമാന്ദിയുതെക്ഷിതെനിജഗൃഹെ കസ്യാപിപും
സൊനൃപാ കൊപൊവാസ്ത്യപരൊന്യമീയപുംക്ഷ സ്ത്ര്യാന്ന്യായതൊ
വാഗമഃ! ശീതാംശൌകലഹൊഽബലാഭിരഥവാ സ്ത്രീഹെതുക
സ്സ്യാദഥവാ യുഗ്മ്വിൻകലഹൊഥവാപുനരിഹശ്രൂയെതദൂരാദപി

അന്വയാൎത്ഥം —— ഭാനു മാന്ദിയുതെക്ഷിതനായിരിക്കും വിഷ
യത്തിങ്കൽ നിജഗ്രഹത്തിങ്കൽ ഒരു പുമാന്ന രാജാവൊ നൃപതിയു
ടെ കൊപമൊ ന്യായത്തൊടുകൂടാതെ തളിയപുരുഷന്റെ ആഗമ
മൊ വാച്യമായി ഭവിക്കുന്നു- ശീതാംശു മാന്ദിയുതെക്ഷിതനാ
യിരിക്കും വിഷയത്തിങ്കൽ അബലമാരുടെ കലഹം ഭവിക്കും-
അല്ലാ എങ്കിൽ സ്ത്രീഹെതുകമായിരിക്കുന്ന അതു ഭവിക്കും- അ
ല്ലാ എങ്കിൽ ഇവിടെ പിന്നെ ദൂരത്തിങ്കൽ നിന്നെങ്കിലും വല്ലൊ
രു കലഹം ശ്രവിക്കപ്പെടും-

സാരം——ആദിത്യനു ഗുളികന്റെ യൊഗമൊ ദൃഷ്ടിയൊ ഉ
ണ്ടായാൽ പൃഛകന്റെ ഗ്രഹത്തിങ്കൽ ഒരുപുരുഷന്നു രൊഗമുണ്ടു
എന്നൊ രാജാവു കൊപിച്ചിരിക്കുന്നു എന്നൊ സംഗതികൂടാതെ
ഭാജ്യത്തിന്റെ വരവുണ്ടു എന്നൊ പറയെണം- ചന്ദ്രനുഗുളി

ഹീയാൽപുനരൊത്ഥരാഹുമഥവാപാമായുധംവാഗ്രതൊമന്ദെശപ
ൻാമീക്ഷിരൊ ഗ്രഹമുപൈത്യഥൊത്ഥായാസ്യരി॥

അന്വയാൎത്ഥം — ശുക്രൻ മാന്ദിയുടെ ക്ഷിതനായിരിക്കും വിഷയത്തിങ്കൽ ആരുവിനാൽ വസ്ത്രത്തിന്റെ ഛെദനം ഭവിക്കും ഭയിയുടെയൊ പയസ്സിന്റെയൊ പാത്രക്ഷതി ഭവിക്കും അല്ലായെങ്കിൽ ഉപനയനം ഭവിക്കും ന്യായത്തൊടുകൂടാതെ വിപ്രാഗമവും ഭവിക്കും. അല്ലായെംകിൽപിന്നെ ഒരുത്തൻ ആരുവിനെയൊ പാമയുധത്തെയൊ അഗ്രത്തിങ്കൽ ഗ്രഹിക്കും. മന്ദൻമാന്ദിയുടെ ക്ഷിതനായിരിക്കും വിഷയത്തിങ്കൽ ഭീക്ഷിതനായിരിക്കുന്ന ഒരുത്തൻ ഗ്രഹത്തെ പ്രാപിച്ചിട്ടു അനന്തരം ഭുട്ടഹെതുവായിട്ടു യാനം ചെയ്യും

സാരം —— ശുക്രനു ഗുളികയൊഗമൊ ഗുളികദൃഷ്ടിയൊ ഉണ്ടാകിൽ വൃഷകന്റെ വസ്ത്രം എലി വെട്ടുമെന്നൊ തൈർക്കലമൊ പാൽക്കലമൊ ഉടയുമെന്നൊ ഇവിടെ ഒരുത്തൻ തെവിശരൊപാലൊ കൊണ്ടുവരുമെന്നൊ സംഗതിയൊടുകൂടാതെ ഒരു വിപ്രന്റെ വരവുണ്ടാകുമെന്നൊ പൂച്ച എലിയെയൊ കൊഴിയെയൊ പൃച്ഛകന്റെ മുമ്പിൽ വെച്ചു പിടിക്കുമെന്നൊ പറയെണം. ശനിക്കു ഗുളികയൊഗമൊ ഗുളികദൃഷ്ടിയൊ ഉണ്ടായാൽ ഭിക്ഷയൊടുകൂടിയ ഒരുത്തൻ ഗൃഹത്തിങ്കൽ വന്നിട്ടു പിന്നെ ഇടഞ്ഞുപൊകുമെന്നു പറയെണം.

൭൬. ചണ്ഡാലസ്യമൃതിസ്ഥലെത്തുനിജകെതഭാഗ്രഹൊവാ
യസദ്രവ്യാണാമഥവാഹൃതിഃ പുനരഹെംശപവ്യാഘ്രയൊൎവിഗ്ര
ഹഃ। ഖഭാപന്നഗഭംശനഫണിയുഗാനീതിശ്ചതത്രാഥവാട്ട
ശ്ചസ്യാപനയൊവദെല്മിതിസുധീഃ കെതൊഃഫലംരാഹുവൽ॥

അന്വയാൎത്ഥം — ചണ്ഡാലന്റെ മൃതിയൊ നിജകമായിരിക്കുന്ന സ്ഥലത്തിങ്കൽ കെതുഗ്രഹമൊ ആയസദ്രവ്യങ്ങളുടെ ആഹൃതിയൊ ഭവിക്കും. പിന്നെ അഹിമാന്ദിയുടെ ക്ഷിതനായിരിക്കും വിഷയത്തിങ്കൽ ശപവ്യാഘ്രങ്ങളുടെ വിഗ്രഹമൊ പന്നഗാംശനമൊ അവിടെ ഫണിയുഗം നീതിയൊ ദ്ധ്വജത്തിന്റെ ഉപനയമൊ ഭവിക്കും. ഇങ്ങിനെ സുധീയായിരിക്കുന്നവൻ പറയെണം. കെതുവിന്റെ ഫലം രാഹുവിന്റെ എന്നപൊലെ ആകുന്നു.

സാരം —— ശനിക്കു ഗുളികന്റെ യൊഗമൊ ദൃഷ്ടിയൊ ഉണ്ടായാൽ ചണ്ഡാലമരണമൊ പ്രഷ്ടാവിന്റെ സ്ഥലത്തിങ്കൽ വെച്ചു ചണ്ഡാലകലഹമൊ അവിടെ ഇരിമ്പുകൊണ്ടുള്ള പാത്രം മുതലായതു കൊണ്ടുവരികയൊ ഉണ്ടാകുമെന്നു പറയാം. രാഹുവിന്നു ഗുളികന്റെ ദൃഷ്ടിയൊ യൊഗമൊ ഉണ്ടായാൽ ശപവും വ്യാഘ്രവും

ന്യെത്രശുദ്ധാസതൊശ്ചെൽ । അഗ്രെശുഭശ്ചെദപിഹന്തിസ്സമദ്ധ്യെ
പൃഷ്ഠെസഭെപതനംപരതൊലഭെത ॥

അന്വയാൎത്ഥം — ധൎമ്മത്തിങ്കൽ പാപാന്വയവീക്ഷണം ഭവിക്കുന്നു എങ്കിൽ ദീക്ഷാവിഘാതിക്കും. ശുഭാന്വയങ്ങളോടു അന്വയവീക്ഷണം ഭവിക്കുന്നു എങ്കിൽ ഇവിടെ അഗ്രത്തിങ്കൽ ശുഭനാകുന്നു എങ്കിൽ മദ്ധ്യത്തിങ്കലും വിഹതി ഭവിക്കും. അവൻ പൃഷ്ഠത്തിങ്കലാകുന്നു എങ്കിൽ അതിനെ പരങ്കൽ നിന്നലഭിക്കും.

സാരം — ഒമ്പതാമെടത്തു പാപയൊഗമൊ പാപദൃഷ്ടിയൊ ഉണ്ടായാൽ ദീക്ഷമുടങ്ങുമെന്നു പറയെണം. അവിടെ ശുഭദൃഷ്ടിയൊഗങ്ങളും പാപദൃഷ്ടിയൊഗങ്ങളും കൂടി ഭവിച്ചാൽ ശുഭൻനില്ക്കുന്നതു മുമ്പിലാകുന്നു എങ്കിൽ ദീക്ഷാമദ്ധ്യത്തിങ്കൽ മുടങ്ങും. ശുഭൻ നില്ക്കുന്നതു പിന്നിലാകുന്നു എങ്കിൽ അന്യനാൽ ആരംഭിക്കപ്പെട്ട ദീക്ഷയെ മുഴുവനാക്കുവാൻതാൻ വെണ്ടിവരും എന്നു പറയെണം.

൩൨. മാതൃദീക്ഷാവിചാരെതുധൎമ്മധൎമ്മെശതാസ്വപന്താം । പ്രൊക്തസ്ഥാനെഷ്വപിഗ്രാഹ്യാശ്ചതുൎത്ഥതൽപതീന്ദവഃ ॥

അന്വയാൎത്ഥം — ഇവിടെ മാതൃദീക്ഷാവിചാരത്തിങ്കലാകട്ടെ ധൎമ്മധൎമ്മെശന്മാർ സ്വപന്തുകളുടെ പ്രൊക്തസ്ഥാനങ്ങളിൽ ചതുൎത്ഥതൽപതീന്ദുക്കളും ഗ്രാഹ്യന്മാരായി ഭവിക്കുന്നു.

സാരം — മാതാവിന്റെ ശെഷക്രിയ ചെയ്യാൻ സംഗതി വരുമൊ ഇല്ലയൊ എന്നുള്ള പ്രശ്നത്തെ സംബന്ധിച്ചിട്ടുള്ള വിചാരത്തിങ്കൽ ഒമ്പതാമെടത്തിന്റെ സ്ഥാനത്തിങ്കൽ നാലാമെടത്തെയും ഒമ്പതാം ഭാവാധിപതിയുടെ സ്ഥാനത്തിങ്കൽ നാലാംഭാവാധിപനെയും ആദിത്യന്റെ സ്ഥാനത്തിങ്കൽ ചന്ദ്രനെയും യൊജിപ്പിച്ചു മെൽപറഞ്ഞ പ്രകാരം വിചാരിച്ചു കൊള്ളുക.

൩൩. ജാതൊയഃപിതൃജന്മൎക്ഷഭവനെയല്ലഗ്നഗസ്തൽപതിഃ കൎത്താസൗപിതൃകൎമ്മണൊപിതൃമൃതിശെഷപുത്രയെയഃപുനഃ । ജാതസ്സ്വാത്മജപൌത്രയുക്സ്സവിധിനാകൎത്താച്ചദീക്ഷാംപിതുൎജ്ജാതൊ വ്യൎത്ഥിപിതുസ്സമസ്തമധിപെലഗ്നസ്ഥിതെചാധികഃ ॥

അന്വയാൎത്ഥം — യാവനൊരുത്തൻ പിതൃജന്മൎക്ഷ ഭവനത്തിങ്കൽ ജാതനായിട്ടു, തൽപതിയല്ലഗ്ന ഗനായിട്ടും ഭവിക്കുന്നു വൊ അവർ പിതൃകൎമ്മത്തെ ചെയ്യും. യാവനൊരുത്തൻ പിന്നെ പിതൃമൃതിശെഷപുത്രയത്തിൽ ജാതനായിരിക്കുന്നുവൊ അവൻ സ്വാത്മജ പൌത്രയുക്തനായിട്ട വിധിക്കുതക്കവണ്ണം പിതാവിന്റെ ദീക്ഷയെ ചെയ്യും. പിതാവിന്റെ വ്യയാമത്തിങ്കൽ ജാതനായിരിക്കു

ശോനവമപതിനാഭാനുനാവാസമെതൊഭാഗ്യമേഷാവായദീക്ഷന കവദ്വൃത്തിവിദ്യാദ്യുപെതഃ ॥

അന്വയാൎത്ഥം —— ലഗ്നെന്ദുക്കളിൽനിന്നു പിതൃഗ്രഹപതിസ്വലഗ്നായഗന്നാകുന്നു എങ്കിൽ ഇവിടെ ശുശ്രൂഷകൊണ്ടും ദീക്ഷകൊണ്ടും പിതാവിന്റെ പ്രീതിയെ ഉണ്ടാക്കും. ലഗ്നാധീശൻ നവമപതിയൊടൊ ഭാനുവിനൊടൊ സമെതനായിട്ടൊ ഭാഗ്യസ്ഥാനായിട്ടൊ ഭവിക്കുന്നു എങ്കിൽ ജനകൻ എന്നപൊലെ വൃത്തിവിദ്യാദ്യുപെതനായി ഭവിക്കും.

സാരം —— ലഗ്നാൽ ഒമ്പതാം ഭാവാധിപൻ ലഗ്നത്തിലൊ അതിന്റെ പതിനൊന്നാമെടത്തൊ നിന്നാലും ചന്ദ്രാൽ ഒമ്പതാംഭാവാധിപൻ ചന്ദ്രൻ നില്ക്കുന്ന രാശിയിലൊ അതിന്റെ പതിനൊന്നാമെടത്തൊ നിന്നാലും ശുശ്രൂഷാ ദീക്ഷകൾ കൊണ്ടു പിതാവിനെ പ്രസാദിപ്പിക്കും. ലഗ്നാധിപന്നു ഭാഗ്യാധിപനൊടുയൊഗമൊ ആദിത്യനൊടു യൊഗമൊ ഭാഗ്യസ്ഥിതിയൊ ഉണ്ടായാൽ പിതാവെന്നപൊലെ പുത്രൻ സദാചാരവിദ്യാദികളൊടു കൂടിയവനായിരിക്കും.

൩൩. ജാതൊയഃപിതൃജന്മരിഃഫപതിനക്ഷത്രെഷുകഷ്ടാൽപിതുൎദ്ദുഃഖംദൂരഗമാദിഭിസ്സന്തതംവൈരീഭവെദ്വൈരിഭെ । യദ്രിഃഫാധിപസംയുതഃഖലുപിതുൎജ്ജന്മാധിപൊയസ്യവാ രിഃഫസ്ഥസ്സചതാവുഭൌപുനരൃണംനൂനംലഭെതാംപിതുഃ ഇതി ॥

അന്വയാൎത്ഥം —— യാവനൊരുത്തൻ പിതൃജന്മരിഃഫപതിനക്ഷത്രങ്ങളിൽ ജാതനായി ഭവിക്കുന്നുവൊ. അവൻ എല്ലാസമയത്തിങ്കലും ദൂരഗമാദികൾ ഹെതുവായിട്ടു പിതാവിന്നു ദുഃഖത്തെ ഉണ്ടാക്കും. വൈരിഭത്തിങ്കൽ ജാതനായവൻ വൈരിയായി ഭവിക്കും. പിതാവിന്റെ ജന്മാധിപൻ യദ്രിഃഫാധിപസംയുതനായിട്ടും യാവനൊരുത്തന്നു അവൻ രിഃഫസ്ഥനായിട്ടും ഭവിക്കുന്നുവൊ ആ ഇരിവർ പിന്നെ പിതാവിന്റെ ഋണത്തെ ലഭിക്കും നിശ്ചയം.

സാരം —— അച്ഛന്റെ ജന്മചന്ദ്രാൽ ദ്വാദശഭാവത്തിന്റെ അധിപതിയായ ഗ്രഹത്തിന്റെ നക്ഷത്രങ്ങളിൽ ജനിച്ചവൻ എല്ലാസമയത്തിങ്കലും ദൂരയാത്രാദികൾകൊണ്ടു അച്ഛനെ ദുഃഖിപ്പിക്കും. അച്ഛന്റെ ജന്മചന്ദ്രാൽ ആറാംരാശിയിലൊ ആറാംരാശ്യാധിപന്റെ നക്ഷത്രങ്ങളിലൊ ജനിച്ചവൻ അച്ഛന്റെ ശത്രുവായിരിക്കും. അച്ഛന്റെ ജന്മാധിപനായ ഗ്രഹം തന്റെ പന്ത്രണ്ടാം ഭാവാധിപനൊടുകൂടി നിന്നാലും പന്ത്രണ്ടാമെടത്തുനി

സാരം — ൧൦. കാലത്തിങ്കൽ എന്റെ കുടിയിരിപ്പു പറമ്പിന്നു ഗ്രഹസ്ഥിതിവശാൽ വല്ല ദോഷങ്ങളുമുണ്ടോ ഇല്ലയൊ എന്ന ഒരുത്തൻ ചോദിച്ചാൽ അവനോടു പറയേണ്ടതിനായിക്കൊണ്ടു ഒരു ലക്ഷണത്തെ പറയുന്നു-

ന്യൻ അകലായഝലിനാമാദ്യൗ ഭൂമേല്ലഗ്നന്തു മേഷഭം। ആദ്യേവാജ്ഞ
പഴാദ്ഫേശ്ചാലീന്തെല്ലാഃകഃക്ഷടൊദയഃ ।

൧൦. ഉടറാ ഊഞനാദ്ഫ-ശ്ചാദ്ഗെതലാഎനവാരശൂി ഐവഴാഞ്ഞ
മളൂദ്ഫ-ശ്ചാദ്ദെയറാഔരനാദ്ധഷ്ഠാദ് ॥

അന്വയാർത്ഥം — നാമാദിയിങ്കൽ അകലങ്ങൾ ഭവിക്കുന്നു എങ്കിൽ ഭൂമിയുടെ ലഗ്നം മേഷഭമായി ഭവിക്കും. ആദ്യവങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. ഇചഴങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. ഈതെളങ്ങളാകുന്നു എങ്കിൽ കർക്കടോദയം ഭവിക്കും. ഉടറങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. ഊഞനങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. എരലങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. എനവങ്ങളാകുന്നു എങ്കിൽ തുലിയായി ഭവിക്കും. ഐവഴങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. ഒമളങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. ഓയറങ്ങളാകുന്നു എങ്കിൽ പിന്നെയുള്ള രാശിയായി ഭവിക്കും. ഔരനങ്ങളാകുന്നു എങ്കിൽ ഝഷമായി ഭവിക്കും.

സാരം — മേൽപറഞ്ഞ ചോദ്യത്തിങ്കൽ കുടിയിരിപ്പു പറമ്പിന്റെ പേര അകപ്പെട്ടമെല്ലൊ. അതിന്റെ ആദിയിൽ അ, ക, ല ൧൦. അക്ഷരങ്ങളിൽ ഏതെങ്കിലും ഒന്നു വരികിൽ കുടിയിരിപ്പുപറമ്പിന്റെ ലഗ്നം മേടമാകുന്നു എന്ന ഗ്രഹിക്കേണം. കുടിയിരിപ്പുപറമ്പിന്റെ പേരിന്റെ ആദ്യാക്ഷരം ആ, ഖ, വ ഇതുകളിൽ ഒന്നായാൽ ഇടവം ലഗ്നമെന്നു ഗ്രഹിക്കേണം. ഇപ്രകാരം മറ്റുള്ള അക്ഷരങ്ങൾ വരികിൽ മറ്റുള്ള രാശികളെ ലഗ്നങ്ങളാക്കി ഗ്രഹിച്ചുകൊൾക.

൧൧. ലഗ്നത്രികോണേ ഗുരുരത്രലഗ്നേ ചരേ ഗുരൗ സ്വഭയരാശി
സംസ്ഥേ। ചന്ദ്രേപവിലഗ്നേ ചരഗേസ്ഥിരേ ദ്വ്യസ്ഥിതെ തുലഗ്നേ
സദ്ധുലഗ്നാഏവ ॥

അന്വയാർത്ഥം — ഗുരു ലഗ്നത്രികോണത്തിങ്കൽ ഭവിക്കും. ഈ ലഗ്നം ചരമായി സത്തായിരിക്കുംവിഷയത്തിങ്കൽ ഗുരു ഉഭയരാശി സംസ്ഥനായി ഭവിക്കും. വിലഗ്നം ചന്ദ്രമായി സ

ലൊ ലഗ്നത്തിങ്കലൊ അതുരണ്ടുകളുടെ അഷ്ടമങ്ങളിലൊ യാതൊരു സമയത്തിങ്കൽ പാപന്മാർ സ്ഥിതന്മാരായി ഭവിക്കുമൊ ആ സമയത്തിങ്കൽ ഗൊനരപുഷ്കന്മാരായിരിക്കുന്ന തല്പാസികൾക്കു മൃതിഭവിക്കും.

സാരം— ചന്ദ്രരാശിയിലൊ ലഗ്നത്തിലൊ അതുകളുടെ എട്ടാം രാശികളിലൊ പാപഗ്രഹങ്ങൾ നില്ക്കുംകാലത്തിങ്കൽ ആ പറമ്പിൽ താമസിക്കുന്ന മനുഷ്യൎക്കും അവിടെ ഉള്ള പശ്വാദികൾക്കും മരണമുണ്ടാകും.

൬൪. ലഗ്നാൽപഞ്ചമഗേഥവാനവമഗേയദിപാപശശാംകാൻ സു-
തധൎമ്മവാധിഷ്ണപ്രവേശസമയേതല്പാസിഗൎഭോത്ഭവഃ ।
ധൎമ്മാപത്യഗരാശിഭേദവശതസ്ത്രീണാം ഗവാംവാമഹിഷ്യാദീനാ-
മഥവാസ്മസ്ഥിതിജുഷാംഗൎഭഗ്രഹസ്സൂൽക്ഷിതൌ ॥

അന്വയാൎത്ഥം— ലഗ്നത്തിങ്കൽ നിന്ന പഞ്ചമത്തിങ്കലൊ അല്ലാഎങ്കിൽ നവമത്തിങ്കലൊ അല്ലാഎങ്കിൽ ശശാംകങ്കൽനിന്ന സുതങ്കലൊ ധൎമ്മത്തിങ്കലൊ ധിഷ്ണപ്രവെശസമയത്തിങ്കൽ തല്പാസിഗൎഭോത്ഭവം ഭവിക്കും. ധൎമ്മാപത്യഗരാശിഭേദത്തെ അനുസരിച്ചിട്ട തൽക്ഷിതിയിങ്കൽ എല്ലാനാളും സ്ഥിതിജുഷ്ടകളായിരിക്കുന്ന സ്ത്രീകൾക്കൊ ഗൊക്കൾക്കൊ മഹിഷ്യാദികൾക്കൊ ഗൎഭഗ്രഹം വാച്യമാകുന്നു.

സാരം— ലഗ്നത്തിങ്കൽനിന്നൊ ചന്ദ്രൻകൽനിന്നൊ അഞ്ചാമതാമെടങ്ങളിൽ വ്യാഴം കടക്കുന്ന കാലത്തിങ്കൽ മെൽപറഞ്ഞ ഭൂമിയിൽ വസിക്കുന്നവൎക്ക ഗൎഭമുണ്ടാകും. ഒമ്പതാമെടവും അഞ്ചാമെടവുമാകുന്ന രാശികളും ഭേദത്തിന്നുതക്കവണ്ണം മെൽപറഞ്ഞ ഭൂമിയിൽ എല്ലാസമയവും വസിക്കുന്ന സ്ത്രീകൾക്കൊ പശുക്കൾക്കൊ എരുമതുടങ്ങി ഉള്ളതുകൾക്കൊ മെൽപറഞ്ഞ കാലത്തിങ്കൽ ഗൎഭമുണ്ടാകുമെന്നു പറഞ്ഞുകൊൾക.

൬൫. അരിഭവനെസഹജെവാജ്യൈഹാംപത്യൌസ്ഥിതെകല-
ഹഃ । നൃപപീഡാനിധനഗതെലഗ്നെന്ദ്വൊൎവധൊവ്യയഗെ ॥
ഇതി ॥

അന്വയാൎത്ഥം— ബൃഹത്തുകളുടെപതി ലഗ്നെന്ദുക്കളിൽ നിന്ന അരിഭവനത്തിങ്കലൊ സഹജത്തിങ്കലൊ സ്ഥിതനായിരിക്കും വിഷയത്തിങ്കൽ കലഹം വാച്യമായി ഭവിക്കുന്നു. നിധനഗതനായിരിക്കും വിഷയത്തിങ്കൽ നൃപപീഡാ വാച്യയായിഭവിക്കുന്നു. വ്യയഗനായിരിക്കും വിഷയത്തിങ്കൽ വധം വാച്യമായി ഭവിക്കുന്നു.

ട്ടകളിൽ നിന്ന ഇതരങ്ങളിൽ ആകുന്നു എംകിൽ പത്തുകൊണ്ട്വൈ ക്ഷ്യ്ശന്മാരായി ഭവിക്കും-

സാരം—സൂൎയ്യനും, ചന്ദ്രനും, ലഗ്നാധിപനും, പത്താംഭാവാധിപനും ജനനകാലത്തിങ്കൽ യാതൊരു നാളുകളിൽ നിന്നുവൊ ആ നാളുകളുടെ ഒന്നാമത്തെ കാലുകളുടെ അധിപന്മാർ ബലവാന്മാരായിട്ട മെൽ പറഞ്ഞ അംശങ്ങളുടെ പതിനൊന്നാമെടങ്ങളിൽ നിന്നാലും ലഗ്നത്രികൊണരാശികളിൽ നിന്നാലും പ്രഷ്ടാവിനു വെഗത്തിൽ മുപ്പുകിട്ടും- മെൽപറഞ്ഞ അംശാധിപന്മാർ ആറെട്ട പന്ത്രണ്ടാമെടങ്ങളിൽ അല്ലാതെ മറ്റുള്ളെടങ്ങളിൽ നിന്നാൽ പതുക്കെ മുപ്പുകിട്ടും. ആറെട്ട പന്ത്രണ്ടാമെടങ്ങളിൽ നിന്നാൽ മുപ്പുകിട്ടുക ഇല്ല-

൯൯. സൂൎയ്യാദികെതുപരമൈ്യപരെഷ്വകെചിത്താരാസ്വചന്നിരൃതിശക്രപമസ്ഥിതാസു । മിത്രാദിഷ്വസുപുനരഷ്ടസുവാത്രശീഘ്രംജ്യൈഷ്ഠ്യംപദംസുരപതെഃപയസാഞ്ചപത്യുഃ ।

അന്വയാൎത്ഥം—സൂൎയ്യാദികെതുപൎയ്യന്തം ചരന്മാരിൽ വെച്ചചിലർ നിരൃതിശക്രപമസ്ഥിതകളായിരിക്കുന്ന താരകളിലൊ മിത്രാദികളായിരിക്കുന്ന എട്ട ഇതുകളിലൊ സ്ഥിതന്മാരാകുന്നു എങ്കിൽ ജ്യൈഷ്ഠ്യമായിരിക്കുന്ന പദത്തെ ലഭിക്കും-സുരപതിയുടെയും പയസ്സുകളുടെയും പതിയുടെയും താരകളിൽ സ്ഥിതന്മാരാകുന്നു എങ്കിൽ പൊട്ടുന്നനവെ ലഭിക്കും-

സാരം—നവഗ്രഹങ്ങളിൽ ചിലർ കിഴക്കുള്ള നക്ഷത്രങ്ങളിലും നിരൃതികൊണിലുള്ള നക്ഷത്രങ്ങളിലും. തൃക്കെട്ട മുതൽ എട്ട നക്ഷത്രങ്ങളിൽ നിന്നാൽ മുപ്പുകിട്ടുമെന്നറിക- തൃക്കെട്ടയിലും ചതയ നക്ഷത്രത്തിന്മെലു മായാൽ ഉടനെ കിട്ടുകയും ചെയ്യും-

൧൦൦. കൃത്തികാദിഭരണ്യന്താഃപ്രദക്ഷിണതയാസ്ഥിതാഃ।സൎവ്വാസപിദിശാസ്വീശകൊണാദാരഭ്യസൎവ്വതഃ-ഇതി ॥

അന്വയാൎത്ഥം — കൃത്തികാദിഭരണ്യന്തകളായിരിക്കുന്ന താരകൾ ഈശകൊണത്തിങ്കൽനിന്നു തുടങ്ങീട്ട പ്രദക്ഷിണതയൊടുകൂടെ സൎവ്വകളായിരിക്കുന്ന ദിക്കുകളിൽ എല്ലാപ്രദെശങ്ങളിലും സ്ഥിതകളാകുന്നു-

സാരം— കാൎത്തികമുതൽ ഭരണിവരെ ഉള്ള നക്ഷത്രങ്ങൾ ഈശാനകൊണിൽ നിന്നു തുടങ്ങി പ്രദക്ഷിണമായിട്ട എല്ലാദിക്കുകളിലും സൎവ്വത്ര നില്ക്കുന്നു-

൧൦൧. നക്ഷത്രൈഃകാലചക്രസ്യൈന്ദ്ര്യാഗ്നിന്യാമൃതൃനാതഥാ । സംപ്രദായാന്തരൊക്താനികഥ്യന്തെലക്ഷണാന്യഥ ॥

സാരം — ഒരു ലഗ്നാഗ്രത്തിങ്കൽനിന്നു തുടങ്ങി നടുവിലൊക്കെ കടക്കുകയും അതിന്റെ അടുത്ത ലഗ്നത്തിന്മേൽ കൂടെ പുറത്തെക്കു വരികയും വേണം. ഇങ്ങിനെ ഒരാവൃത്തിയൊണ്ടു ഏഴു നക്ഷത്രങ്ങളെ ഗണിക്കാം. ഇങ്ങിനെ നാലാവൃത്തിയാൽ അഭിജിത്തിനോടുകൂടെ ഇരുപത്തെട്ടു മാകയും ചെയ്യും.

൨൫. പ്രാഗ്ലഗ്നാഗ്രാദധസ്താദിനകരഗണിതാൽ ഗണ്യമാപ്രശ്നതാരം പ്രാണോത്ര പ്രഷ്ടൃതാരാൽ പുനരിതിഗണിതെ ലക്ഷ്മിണൊ ന ത്വദേഹഃ । വാമം ശസ്ത്രസ്യകോണാദ്ധ്യുദയനഗണ്യാത്സം പ്രാഗ്വത്ത്രസ്ഥാനം മൃത്യോസ്സ്വയേസ്സ്മിൻ സ്ഥിതവതിമരണം പ്രഷ്ടുരെകത്രലഗ്നേ ॥

അന്വയാൎത്ഥം — പ്രാഗ്ലഗ്നാഗ്രത്തിങ്കൽനിന്നു കീഴ്പ്പെട്ടലഗ്നകൎണ്ണത്തിങ്കൽനിന്നു പ്രശ്നതാരത്തിങ്കലൊക്കെ വലത്തൂടെ ഗണ്യമാകുന്നു. ഇവിടെ പ്രാണൻ ഭവിക്കുന്നു. പിന്നെ ഈ പ്രഷ്ടൃതാരത്തിങ്കൽനിന്നു തുടങ്ങി ഗണിതമായിരിക്കും വിഷയത്തിങ്കൽ ഇവിടെ ദേഹം ഭവിക്കുന്നു. ശസ്ത്രത്തിന്റെ കോണത്തിങ്കൽനിന്നു തുടങ്ങി വാമമാകും വണ്ണം ഈരേഴിന്റെ ഉദയത്തിങ്കൽനിന്നു തുടങ്ങി മുൻപറഞ്ഞ പ്രകാരം ഗണിക്കേണം. ഇവിടെമൃത്യുവിന്റെ സ്ഥാനമാകുന്നു. ഈ മൂന്നും ഏകമായിരിക്കുന്ന ലഗ്നത്തിങ്കൽ സ്ഥിതവത്തായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടാവിന്നു മരണം ഭവിക്കും.

സാരം — മെൽ പറഞ്ഞ പ്രകാരം ഉള്ളകാല ചക്രത്തിന്റെ കിഴക്കുള്ള ലഗ്നരെഖയുടെ അഗ്രത്തിങ്കൽ പ്രശ്നകാലത്തിങ്കലെ ആദിത്യൻ നിന്ന നാളിനെ കല്പിച്ചു അതാദിയായി കീഴ്പ്പെട്ടു വലത്തൂടെ പ്രശ്നനാളുവരെ എണ്ണുക പ്രശ്നനാൾ എവിടെ വന്നുവൊ അവിടെ പ്രാണന്റെ സ്ഥിതി എന്നറിക. പിന്നെ പ്രഷ്ടാവിന്റെ നാൾ തുടങ്ങി പ്രശ്ന നക്ഷത്രത്തിങ്കലൊക്കെ എണ്ണിയാൽ അവിടെ ദെഹമെന്നറിക. പിന്നെ ശംശാനകോണിൽ നിന്നുതുടങ്ങി കാൎത്തികനാൾ ആദിയായി ഇടത്തൂടെ എണ്ണിയാൽ പ്രശ്നനാൾ വരുന്നെടത്ത മൃത്യുവിന്റെ സ്ഥിതി എന്നറിക. പ്രാണദെഹമൃത്യുക്കൾ ഒരു ലഗ്നത്തിന്മെൽ വരികിൽ പൃച്ഛകനു മരണം ഫലമാകുന്നു.

൨൬. ലഗ്നൈക്യംയദിതത്രമൃത്യുവപുഷൊരശൂപ്രഷ്ടിമെഷ്വാദികം മൃഷാലസ്യകൃതെകലഗ്ന ഫലതിൎമ്മൃത്യോശ്ചജീവസ്യചപ്രാഗാദ്യന്നിഭ പൂൎവ്വകെചഗണനെപ്യപ്രാഷാദന്യാതൊലഗ്നൈക്യം ഇളികാക്കഭാൎത്തജനനൊദ്ധ്യനാംവിചിന്ത്യാദൃശിം ॥

ഗതാ പാശ്ചാൽസുദിശാന്യസായമുദയസ്ഥാനം പുനശ്ച പ്രാഗ്ജൽ മദ്ധ്യം
സൈപാൎശ്വഗമഖണ്ഡതഃ പുനരതോഖണ്ഡദ്വയം വാമത ന്യക്ത്വാ പാ
തെനബഹിൎവ്രജേൽ പ്രഥമയാമേതദ്ഗതിസ്സ്യാദ്ദൃശീ ॥

അന്വയാൎത്ഥം ——— അൎക്കാരാൎക്കബുധാമരമന്ത്രിശശികളിൽ പ്രാച്യാദിദിക്കുകളിൽ ഉദിതയായിട്ട എട്ടു ദിശകളിലും ഗമിച്ചിട്ട സന്ധ്യാസമയത്തിങ്കൽ ഉദയസ്ഥാനത്തെ പിന്നെയും പ്രാപിക്കുന്നു. സൈപാൎശ്വഗമഖണ്ഡത്തിങ്കൽനിന്നു മദ്ധ്യത്തെ ഗമിച്ചിട്ട പിന്നെ ഇതിങ്കൽനിന്നു ഖണ്ഡദ്വയത്തെ വാമത്തിങ്കൽ ത്യജിച്ചിട്ട അന്ത്യത്തോടെ ബഹിൎഭാഗത്തിങ്കൽ പ്രവേശിക്കും. പ്രഥമയാമത്തിങ്കൽ ഇൽഗതി ഈദൃശിയായി ഭവിക്കുന്നു.

സാരം ——— ഞായറാഴ്ച കിഴക്കെദിക്കിലും ചൊവ്വാഴ്ച അഗ്നികോണിലും വ്യാഴാഴ്ച തെക്കെദിക്കിലും ബുധനാഴ്ച നിരൃതികോണിലും വെള്ളിയാഴ്ച പടിഞ്ഞാറെദിക്കിലും ശനിയാഴ്ച വായുകോണിലും തിങ്കളാഴ്ച വടക്കെദിക്കിലും യോഗിനിയുടെ ഉദയമാകുന്നു. യാതൊരു ഖണ്ഡത്തിന്മേൽ ഉദിച്ചുവൊ അതിന്മേൽകൂടെ നടുവിൽചെന്നിട്ട നടുവിൽനിന്നു രണ്ടുഖണ്ഡങ്ങളെ ഇടത്തുഭാഗത്തിങ്കൽ വിട്ട പിന്നെ ഉള്ളതുകളിൽ അടുത്ത ഖണ്ഡത്തിന്മേൽ കൂടെ പുറത്തേക്കുപോകുന്നു. ആദ്യ യാമത്തിങ്കൽ യോഗിനിയുടെ ഗതി ഇപ്രകാരമാകുന്നു. ഇവിടെ യാമപദംകൊണ്ടു യാമാൎദ്ധത്തെ ഗ്രഹിക്കേണം. യാമാൎദ്ധം എന്നതു മൂന്നേമുക്കാൽ നാഴികയാകുന്നു. ഇതിനെയും യാമമെന്നു പറയാമെന്നൊരു പക്ഷമുണ്ടു.

വൃൻ. തസ്മാന്മദ്ധ്യമതോഥഖണ്ഡയുഗളം വാമേനഹിത്വാപ
തരെണൈവാൎദ്ധം യഃ തിഗതിഃ പുനഃ പുനരിതി സ്യാദന്യയാമേഷ്വ
പി ॥ ൟയാമത്ഥം ശവിനാഡികാനഗസുഗീൎജ്ഞയസ്സു കാലൊ
ഗതെ ബാഹ്യാന്തൎവൃതിമദ്ധ്യമാങ്കണമലെ ഷ്ട്ഠപായാനനിഷ്ഠാനെ
ദയ്യാഃ ॥

അന്വയാൎത്ഥം ——— അതിങ്കൽനിന്നു മദ്ധ്യത്തെ ഗമിച്ചിട്ട അനന്തരം ഇതിങ്കൽനിന്നു ഖണ്ഡയുഗളത്തെ വാമത്തിങ്കൽ ത്യജിച്ചിട്ട ഇതരത്തോടെ മെൽപൊട്ടു യാനം ചെയ്യുന്നു. ഇപ്രകാരം ശെഷങ്ങളായിരിക്കുന്ന യാമങ്ങളിലും പിന്നെയും പിന്നെയും ഗതി ഭവിക്കും. ബാഹ്യാന്തൎവൃതി മദ്ധ്യമാങ്കണതലങ്ങളിൽ അതയാനനിഷ്ഠഃങ്ങൾക്കു മൂപ്പത്തെഴര വിനാഴികയാകുന്നകാലം ജ്ഞേയമായി ഭവിക്കുന്നു.

സാരം ——— യാതൊരു ഖണ്ഡത്തിന്മേൽ കൂടെ യോഗിനി പുറ

ത്ക്രമേണ ॥

അന്വയാൎത്ഥം—— മൃത്യു ഉൽഗമിച്ചിട്ട അഷ്ടൊദയത്തങ്കിൽ നിന്നുതുടങ്ങി ക്രമെണ തെക്കെദിശാബ്ബുപവഹിസൊമരക്ഷ സ്സൂരായ്യ ശാൎദ്ദിക്കുകളിൽ എല്ലാദിവസങ്ങളിലും ദിവസത്തിങ്കൽ അഷ്ടവാര മുഴുവൻ ഭചക്രഗനായി ഭവിക്കുന്നു.

സാരം—— മൃത്യു എല്ലാദിവസവും സൂൎയ്യൊദയസമകാലമായിട്ട വായുകൊണിൽ ഉദിച്ചിട്ടക്രമെണ കാലചക്രത്തിങ്കൽ എട്ടുപ്രാവിശ്യം സഞ്ചരിക്കുന്നു- എങ്ങിനെയെന്നാൽ വായുകൊണിലെ ദണ്ഡാഗ്രത്തിങ്കൽ ഉദിച്ചിട്ട വായുകൊണിലെ ദണ്ഡത്തിന്മെൽകൂടിനടുവിൽ വന്ന യൊഗിനി എന്നപൊലെ തെക്കൊട്ടും അവിടെ നിന്ന ഈശാനകൊണിലെക്കും അവിടെ നിന്ന പടിഞ്ഞാട്ടും അവിടെനിന്ന അഗ്നികൊണിലെക്കും അവിടെനിന്ന വടക്കൊട്ടും അവിടെനിന്ന നിരൃതികൊണിലെക്കും അവിടെനിന്ന കിഴക്കൊട്ടും ഇങ്ങിനെ ഒരു ദിവസം എട്ടു വൃത്തികൾ വരമാറു സഞ്ചരിക്കുമെന്നറിക- ഇങ്ങിനെ തന്നെ എല്ലാദിവസങ്ങളിലും മൃത്യുചാരം.

൪൨. മെഷാദികചരഭാനാം ദിശ്യയൊന്തെഷുമൃത്യുയൊഗി ന്യ്യാഃ । മിഥുനാദിദ്വന്ദ്വാനാം മദ്ധ്യെഷ്വഗ്ന്യാദികൊണെഷു ॥

അന്വയാൎത്ഥം— ദിക്കിങ്കൽ മെഷാദിക ചരഭങ്ങളുടെ അന്തങ്ങളിലും അഗ്ന്യാദികൊണങ്ങളിൽ മിഥുനാദിദ്വന്ദ്വങ്ങളുടെ മദ്ധ്യങ്ങളിലും മൃത്യുയൊഗിനികളുടെ ഉദയം ഭവിക്കുന്നു-

സാരം — മൃത്യുയൊഗിനികളുടെ ഉദയം കിഴക്കുമുതലായ നാലുദിക്കുകളിലും അഗ്നികൊണു മുതലായ നാലുകൊണുകളിലും ഉണ്ട- ദിക്കുകളിലാകിൽ മെടം, കൎക്കടകം, തുലാം മകരം ഇങ്ങിനെ ഉള്ള നാലു ചരരാശികളുടെ അവസാനങ്ങളിൽ കിഴക്കുതുടങ്ങി ക്രമത്താലും അഗ്ന്യാദി കൊണുകളിലാകിൽ മിഥുനം, കന്നി, ധനു മീനം, ഇങ്ങിനെ ഉള്ള ഉഭയരാശികളുടെ മദ്ധ്യപ്രദെശങ്ങളിലും ഉദിക്കുമെന്നറിക.

(വാ) അഥയൊഗിന്യാസ്സ്വരൂപമുച്യതെ ॥

അനന്തരം യൊഗിനിയുടെ സ്വരൂപത്തെ പറയുന്നു എന്ന മെലെഴുതിയ വാക്യത്തിന്റെ അൎത്ഥം-

൪൩ • ദംഷ്ട്രൊഗ്രമുഖയംകരാഞ്ജനനിഭാ സംരക്തവൃത്തെക്ഷണാ നാദാപൂരിത ദിങ്മുഖാവചുചിസ്സന്ധ്യാഭ്രരക്താംബരാ । മെദൊമാംസ വപാവിഭൂഷിതനഖീ ശൂലാസിശംഖാങ്കശൂൎണ്ണഖെടധരാ നിഹന്തിന്ദിലാത്മതാം ശം യൊഗിനീ ॥ ഇതി ॥

പക്ഷഭേദമുണ്ടു. അതിനെ ഇനി ശ്ലോകപാദങ്ങൾ കൊണ്ടു പറയുന്നു.

൯൬. കേസരീഭോഗശേഷാഹിസത്മഹാരീകലാവതി । രാ
ജാഗുണവതാസെവ്യാവാരണാസീതമാപഗാ ॥

൯൭. ലൊകഭീക്ഷണസംഹാരീമാൎഗ്ഗതൊഹസികെരവഃ । ത
പസംപദരൊഗേണസൂൎയ്യവാരാദിഷ്വക്രമാൽ ॥

൯൮. ഏകാദിസംഖ്യാവചനൈരിഹാൎണ്ണൈരിന്ദ്രാഗ്നിപൂ
ൎവ്വാഃ കഥിതാഹികാഷ്ഠാഃ । അഹസ്സുദിക്ഷൂദയനം ക്രമേണ ചാന്ത്യാ
സ്സു ചാരഃ പ്രതിയാമമസ്യാഃ ॥

അന്വയാൎത്ഥം—സൂൎയ്യവാരാദികളിൽ ക്രമേണ അതുകൾ കെസരീഭോഗശേഷാഹി എന്നും സത്മഹാരീ കലാവതീ എന്നും രാജാഗുണവതാസെവ്യഃ എന്നും വാരണാസീതമാപഗാ എന്നും ലൊകഭീക്ഷണസംഹാരീ എന്നും മാൎഗ്ഗതൊഹസികെരവഃ എന്നും തപസംപദരൊഗേണ എന്നുമാകുന്നു. ഇതുകളിൽ ഏകാദിസംഖ്യാവചനങ്ങളായിരിക്കുന്ന അൎണ്ണങ്ങൾകൊണ്ടു ഇന്ദ്രാഗ്നിപൂൎവ്വകളായിരിക്കുന്ന കാഷ്ഠങ്ങൾ കഥിതകളായി ഭവിക്കുന്നു. ഈ അഹസ്സുകളിൽ ഈ ദിക്കുകളിൽ ഇവളുടെ ഉദയനവും ക്രമത്താലെ യാമത്തിങ്കൽ യാമത്തിങ്കൽ അന്ത്യകളായിരിക്കുന്ന ദിക്കുകളിൽ ചാരവും ഭവിക്കുന്നു.

സാരം—യൊഗിനിയുടെ ചാരഭേദത്തെ ക്രമേണ ഞായറ മുതലായ ആഴ്ചകളിൽ വരുന്ന പ്രകാരത്തിൽ പറയുന്നതുകളായ ശ്ലോകപാദങ്ങൾ കെസരീഭോഗശേഷാഹി എന്നു തുടങ്ങി ഉള്ളതുകളാകുന്നു.

മേൽ കാണിക്കപ്പെട്ട ശ്ലോകപാദങ്ങളിലെ അക്ഷരങ്ങളിൽ ഏകസംഖ്യയെ പറയുന്ന അക്ഷരം ദിക്പാലന്മാരിൽ ഒന്നാമത്തവനായ ഇന്ദ്രന്റെ ദിക്കിനെ പറയുന്നതാകുന്നു. ഇന്ദ്രന്റെ ദിക്ക കിഴക്കെത. മറ്റുള്ള അക്ഷരങ്ങളെകൊണ്ടും ഈപ്രകാരം അതാതു ദിക്കുകളെ ഗ്രഹിച്ചുകൊൾക. അതുകളിൽ ആദ്യാക്ഷരങ്ങളായ കെ, സ, രാ, വാ, ലൊ, മാ, ത. ഇതുകൾ ഞായറാഴ്ച മുതലായ ദിവസങ്ങളിൽ യൊഗിനിയുടെ ഉദയ ദിക്കിനെ പറയുന്നതുകളാകുന്നു. ശിഷ്ടങ്ങൾ സഞ്ചാര ദിക്കുകളെ പറയുന്നതുകളാകുന്നു ഞായറാഴ്ച കിഴക്ക ഉദയം. ഇതിനെ കെ എന്നതുകൊണ്ടു ധരിച്ചുകൊൾക. സരീഭോഗശേഷാഹി എന്നുള്ള ശിഷ്ടംകൊണ്ടു വടക്കെ ദിക്ക അഗ്നികോണ നിരൃതികോണ തെക്കെ ദിക്ക പടിഞ്ഞാറെ ദിക്ക വായുകോണ ഈശാനകോണ. ഇതു

ഗുണിച്ച രാശി പ്രമാണംകൊണ്ടു ഹരിച്ചിട്ടു കിട്ടിയ സംഖ്യയെ ഇലിയുടെ സ്ഥാനത്തും വെച്ച അതിന്റെ രാശിസ്ഥാനത്തിങ്കൽനിന്നു രാശി മണ്ഡലസംഖ്യയെ കളയെണം- രാശികളൊക്കെ പന്ത്രണ്ടാകയാൽ രാശി മണ്ഡലസംഖ്യ പന്ത്രണ്ടുതന്നെ- ഇവിടെ രാശിസ്ഥാനത്തിങ്കൽനിന്നു ഇത്രപ്രാവശ്യം മണ്ഡല സംഖ്യയെ ശോധിച്ചിരിക്കുന്നു എന്നു ഓൎമ്മവെക്കെണം- പിന്നെ മണ്ഡല ശോധനത്തിങ്കൽവന്ന ആവൃത്തിയുടെ സംഖ്യയോട സമാനസംഖ്യമായ സ്ഥാനത്തെ കെസരീയോഗ ശെഷാഹി ഇത്യാദികളിലും മത്സ്യമാദികളിലും വിട്ടു മെലെസ്ഥാനത്തിങ്കൽനിന്നു മണ്ഡല ശോധന ശിഷ്ടമായിരിക്കുന്ന സ്ഫുടത്തെ കളയെണം- എന്നാൽ യോഗിനിയുടെയും മൃത്യുവിന്റെയും സ്ഫുടമായി ഭവിക്കും- ഇതുകൊണ്ടു വന്നുകൂടിയതിനെ പറയാം- ഞായറാഴ്ച മെൽ പ്രകാരം ഗണിച്ചു വരുത്തിയ രാശി, തിയ്യതി, ഇലി- ഇവ മൂന്നും കൂടിയതിന്റെ രാശിസ്ഥാനത്തിങ്കൽ നിന്നു ഒരു പ്രാവശ്യം മണ്ഡല സംഖ്യയെ കളഞ്ഞു എങ്കിൽ കെസരീയോഗ ശെഷാഹി എന്നുള്ള പാഠംകൊണ്ടു പറകപ്പെട്ട സ്ഥാനങ്ങളിൽ ഒന്നാംസ്ഥാനമായ കെ എന്നതിനെ ഉപെക്ഷിച്ചിട്ടു പിന്നെത്തെ സ്ഥാനമായ സ എന്നതിങ്കൽനിന്നു മണ്ഡലശൊധനത്തിങ്കൽ ശിഷ്ടമായ സ്ഫുടത്തെ കളയെണം- മെൽ പറഞ്ഞ പാദത്തിൽ സ എന്ന അക്ഷരം മകരരാശിയെ ബൊധിപ്പിക്കുന്നതാകയാലും മകരരാശി പത്താമത്തതാകയാലും ചരരാശികളുടെ അവസാനത്തിങ്കൽ നിന്നു ശൊധനം വെണ്ടതാകയാലും രാശി സ്ഥാനത്തിങ്കൽ പത്തു സംഖ്യയെ വെച്ച അതിങ്കൽ നിന്നു കളഞ്ഞു കൊൾക- മണ്ഡല ശൊധനത്തിങ്കൽ വന്ന ആവൃത്തി സംഖ്യ രണ്ടാകുന്നു എങ്കിൽ രി എന്നതിങ്കൽ നിന്നു കളയെണ്ടതാകയാൽ രണ്ടു രാശികളെയും പതിനഞ്ചു തിയ്യതികളെയും വെച്ച അതിങ്കൽ നിന്നു കളഞ്ഞു കൊൾക- ചരരാശിയുടെ അവസാനത്തിങ്കൽ നിന്നു ശൊധിക്കെണമെന്നതുപൊലെ ഉഭയ രാശികളുടെ മദ്ധ്യത്തിങ്കൽ നിന്നു ശൊധിക്കെണമെന്നതും പ്രാപ്തംതന്നെ- മെഷാദികചരഭാനാം ഇത്യാദി ആയി മെൽ പറകപ്പെട്ട ന്യായത്തെ ഓൎത്തു കൊൾക- മണ്ഡലശൊധനത്തിങ്കൽ വന്ന ആവൃത്തിസംഖ്യ മൂന്നാകിൽ അഞ്ചുരാശികളെയും പതിനഞ്ചു തിയ്യതികളെയും വെച്ച അതിൽനിന്നു കളയെണം ഈരീതിയെ ചതുരാദി സംഖ്യ ശെഷിക്കുന്നെടത്തും അനുസരിച്ചു വിചാരിച്ചുകൊൾക- മെൽപ്രകാരംവരുത്തിയ രാ

ന്ധാലയാദ്യന്നെന്നതുകൊണ്ടു പുലയൻ, പറയൻ, നായാടി ഇവരെ ഗ്രഹിച്ചുകൊൾക. ഭരംശാനകോണുടെയാകിൽ ബ്രാഹ്മണമരണമുണ്ടാകും.

൧൦൨- നൈരൃത്യാംഭൃത്യനാശോവാ വാരുണ്യാം.വാ ചതുഷ്പദാം। ജീവന്തിരോഗിണോനൂനമൈന്ദ്ര്യാം സതിസംഭവെ॥

അന്വയാൎത്ഥം —— തന്നിമിത്തം നൈരൃതിയായിരിക്കുന്നദിക്കിൽ ഭവിക്കുമെങ്കിൽ ഭൃത്യനാശവും വാച്യമാകുന്നു. വാരുണിയായിരിക്കുന്നദിക്കിലെങ്കിൽ ചതുഷ്പാത്തുകളുടെ നാശവും വാച്യമാകുന്നു. ഇതുകളുടെ സംഭവം സത്തായിരിക്കും വിഷയത്തിങ്കൽ രോഗികൾ ജീവിക്കുന്നു നിശ്ചയം.

സാരം —— മൃത്യുവിന്റെ യാത്രാനിവൃത്തി കൊണ്ടുടെയാകിൽ മുൻപറഞ്ഞ മൃഗത്തിൻ മരണമോ ഭൃത്യനാശമോ ഭവിക്കുന്നുമെന്നും പടിഞ്ഞാറെ ദിക്കുടെയാകിൽ പോത്തിൻ മരണമൊ നാല്ക്കാലികളുടെ നാശം തന്നെയൊ ഭവിക്കുമെന്നും പറഞ്ഞുകൊൾക.

മെൽപറഞ്ഞ തരുപതനാദികളിൽ വെച്ചു എതെങ്കിലുമൊന്നുണ്ടായാൽ പിന്നെ രോഗിയായ പൃഛകൻ മരിക്കയില്ലെന്നു നിസ്സംശയമായി പറകയുമാം.

൧൦൩- പ്രാച്യാമന്തഃപ്രവെശെപ്രഭുജനമരണംവഹ്നികോണെഗ്നിഭീതിർയ്യാമ്യാംസ്യാദ്വിപ്രനാശസ്ത്വിനജദിശ്യാത്മനൊത്ഥശ്ചമൈന്യം। നൈരൃത്യാംപാശഭൃദ്ദിശ്യതിസരണമപിശ്ലീപദിരിത്യൂഷ്ണരോഗാ ശ്ചാപെചൈത്യ്രോത്ഥരാവശ്ശശിനിസമൃഗഭ്രുഃപ്രഷ്ടുമൂൎദ്ധശകോണെ॥

അന്വയാൎത്ഥം —— മൃത്യുവിന്റെ പ്രാചിയിങ്കലുള്ള അന്തഃപ്രവെശം സത്തായിരിക്കും വിഷയത്തിങ്കൽ പ്രഭുജനമരണം ഭവിക്കും. വഹ്നികോണത്തിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ അഗ്നിഭീതി ഭവിക്കും. ഇനങ്ങദിക്കിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ ഭൃതന്ന പൃഗാശനം ഹെതുവായിട്ടു ദുഃഖം ഭവിക്കും. നൈരൃതിയായിരിക്കുന്ന ദിക്കിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ ഇത ഹെതുവായിട്ടു ആത്മാവിന്നു ദൈന്യം ഭവിക്കും. പാശഭൃദ്ദിക്കിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ അതിസരണവും ഛട്ടിയും തുടങ്ങിയുള്ള ഉഷ്ണരോഗങ്ങൾ ഭവിക്കും. ചാപത്തിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ ചൈത്യോത്ഥരാവം ഭവിക്കും. ശശിയിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ മൃഗഭൂവായിരിക്കുന്ന അത്തു ഭവിക്കും. ഈശകോണത്തിങ്കൽ സത്തായിരിക്കും വിഷയത്തിങ്കൽ പ്രഷ്ടുമൂൎദ്ധാ ഭവിക്കും.

ശികളിൽ ക്രമേണ സഞ്ചരിക്കുന്നു- കാലന്റെ ഉദയം മൃത്യുദയം പോലെ തന്നെ സഞ്ചാരത്തിങ്കൽ ഭേദമുണ്ടു- മൃത്യുവിന്റെ സഞ്ചാരക്രമേണ എന്നുപറകപ്പെട്ട എല്ലാ അതിന്നു വിപരീതമായിട്ടത്രെ കാലസഞ്ചാരമെന്നു അറിഞ്ഞുകൊൾക- ഈ മൃത്യുകാലന്മാരുടെ സ്ഫുടങ്ങളെ വരുത്തുവാനുള്ള ക്രിയാ അനേകമുണ്ടു അധ്യായത്തിങ്കൽ യാതാനാഡീഘടികാ ഇത്യാദിശ്ലോകംകൊണ്ടു പറകപ്പെട്ടതാകുന്നു എന്നുധരിച്ചുകൊൾകയും വേണം-

ഗ്രന്ഥം- യോഗിന്യത്ര സഹോദിതാമൃതിയമസ്ഥാനേദിനാഷ്ടാംശകംനീത്വാഗച്ഛതിവാരദിക്ഷ്വനുദിനംതത്രീശാനദിശ്യഷ്ടമേ പ്രാച്യാംചെൽസ്ഥിതിരേവമേഷവൃഷയോൎദ്ദ്വക്ഷീന്തുലാകീടയൊൎവ്വാമ്യാദൌചതഥൈവയാമദലയൊഃ കോണേഷു യാമാവധി॥

അന്വയാൎത്ഥം—— യോഗിനി ഇവിടെ മൃത്യുകാലന്മാരൊടുകൂടെ ഉദിതയായിട്ടു മൃതിയമസ്ഥാനത്തിങ്കൽ ദിനാഷ്ടാംശകത്തെ നയിച്ചിട്ടു ദിനത്തിങ്കൽ ദിനത്തിങ്കൽ വാരദിക്കുകളിൽ ഗമിക്കുന്നു- അഷ്ടമമായിരിക്കുന്ന ദിനാഷ്ടാംശകത്തിങ്കൽ ഈശാന ദിക്കിൽതന്നെ ഗമിക്കുന്നു- പ്രാചിയിങ്കൽ മേഷവൃഷങ്ങളിൽ സ്ഥിതിഭവിക്കുമെങ്കിൽ യാമദലങ്ങളിൽ തന്നെഭവിക്കും- ദ്വക്ഷിതുലാകീടങ്ങളിൽ ഭവിക്കും- യാമ്യാദിയിങ്കലെ സ്ഥിതിയും അപ്രകാരംതന്നെ. കോണങ്ങളിലെ സ്ഥിതി യാമം മുഴുവൻ ഭവിക്കും

സാരം—— യോഗിനി ഇവിടെമൃത്യുകാലന്മാരൊടുകൂടെഉദിച്ചിട്ടു മൃത്യുകാലന്മാരുടെ ഉൽഗമസ്ഥാനത്തിങ്കൽ ഒരുയാമം നിന്നിട്ടു പിന്നെ വാരദിക്കുകളെ പ്രാപിക്കുന്നു- ഞായറാഴ്ചയുടെദിക്കു കിഴക്കു- തിങ്കളാഴ്ചയുടെദിക്കു വടക്കു- ചൊവ്വാഴ്ചയുടെദിക്കു അഗ്നികോണ- ബുധനാഴ്ചയുടെദിക്കു നിരൃതികോണ- വ്യാഴാഴ്ചയുടെദിക്കു തെക്കു- വെള്ളിയാഴ്ചയുടെദിക്കു പടിഞ്ഞാറ- ശനിയാഴ്ചയുടെദിക്കു വായുകോണ- ഇങ്ങിനെ വാരദിക്കുകൾ എന്നറിക- ഞായറാഴ്ചനാൾ ആകുന്നുഎങ്കിൽ കിഴക്കുദിച്ചു ആദ്യയാമംമുഴുവൻ അവിടെനിന്നു അനന്തരം രണ്ടാം യാമംമുതലായ കാലങ്ങളിൽ ചന്ദ്രവാരാദിദിക്കുകളിൽ ക്രമേണ ചെന്നുനിന്നിട്ടു എട്ടാം യാമത്തിങ്കൽ ഈശാനകോണിൽ ചെന്നുനില്ക്കുന്നു- തിങ്കളാഴ്ചനാൾ വടക്കെദിക്കിൽ ഉദിച്ചു ആദ്യയാമത്തിങ്കൽ അവിടെനിന്നിട്ടു പിന്നെ രണ്ടാമത്തതു മുതലായ യാമങ്ങളിൽ കുജവാരാദിദിക്കുകളിൽ ചെന്നുനിന്നിട്ടു എട്ടാം യാമത്തിങ്കൽ ഈശാനകോണിൽതന്നെ ചെന്നുനില്ക്കുന്നു- മറ്റുള്ള ആഴ്ചകളിലെ സ്ഥിതിയെ ഈ രീതിയെ അനുസരിച്ചു ഊഹിച്ചുകൊൾക- കിഴക്കെദി

ന്യൂംഭേനഃകൃദരൊരൊഗെണ്ഡഹഭഃകാലൊത്ഥഭൈരവമസഃ ॥

അന്വയാൎത്ഥം—— കംസാരിക്ഷോഭമതിയാഎന്നും സോമദേവ കലാവതീഎന്നും, രംഗോജ്ജ്വലപതിസേയം എന്നും ഭദ്രമാസീത മാപശാഎന്നും ലൊകവൎത്തിച സംഹാരി എന്നും, ശാൎങ്ഗിതട്ടാസ പുത്രവാൻ എന്നും ന്യൂംഭെസകൃദരൊരൊഗെണ എന്നും ഫതഃ കാ ലൊത്ഥഭൈരവമസഃ എന്നും ഉള്ള ഇതുകൾ രത്ന ശ്ലോകപാദങ്ങളാ കുന്നു-

സാരം—— സ്പഷ്ടമാകുന്നു-

൧൧. ദലദലയെപ്രതിപദഃകംസാരീത്യമിതാദിശഃ । യാമെ ഷ്വഷ്ടസു വിജ്ഞേയാ ദ്വിതീയാദലയോൎദ്വയോഃ ॥

൧൨. സോമദേവാദിതാസ്തൃതീയാദലയോഃ പുനഃ । രംഗോജ്ജ്വലവതീത്യാദി ചതുൎത്ഥീദലയൊരഥ ॥

൧൩. ഭദ്രമാസീതിഗദിതാ പഞ്ചമ്യാദലയോസ്തതഃ । ലൊ കവൎത്ത്യാദികാഷ്ഷ്ട്യാം ശാൎങ്ഗിത്യാദ്യാദിശസ്തതാഃ ।

൧൪. ന്യൂംഭേത്യാദ്യാസ്സപ്തമ്യാമഷ്ടമ്യാം ശ്വഹതാദികാഃ । നവമ്യാദിഷു ദലസ്യാദ്യാഃ പ്രതിപദാദിവൽ ॥

൧൫. ദലദലയെയൊഗിനീസ്യാദിത്യുക്താ തിഥിയൊഗി നീ ॥

അന്വയാൎത്ഥം—— പ്രതിപത്തിന്റെ ദലദ്വയത്തിങ്കൽ എ ട്ടു യാമങ്ങളിൽ കംസാരീത്യാദിത കളായിരിക്കുന്ന ദിക്കുകൾ വി ജ്ഞേയകളായി ഭവിക്കുന്നു- രണ്ടു ദ്വിതീയാദലങ്ങളിൽ സോ മദേവാദിത കളായിരിക്കുന്ന ദിക്കുകൾ അപ്രകാരം വിജ്ഞേയ കളായി ഭവിക്കുന്നു- തൃതീയാദലങ്ങളിലാകട്ടെ രംഗോജ്ജ്വലവതീ ത്യാദിയായിരിക്കുന്ന ദിക്കുകൾ വിജ്ഞേയകളായി ഭവിക്കുന്നു- പിന്നെ ചതുൎത്ഥീദലങ്ങളിൽ ഭദ്രമാസീ എന്നിങ്ങിനെ ഗദിതക ളായിരിക്കുന്ന ദിക്കുകൾ വിജ്ഞേയകളായി ഭവിക്കുന്നു- പി ന്നെ പഞ്ചമിയുടെ ദലങ്ങളിൽ ലൊകവൎത്ത്യാദികളായിരിക്കുന്ന ദിക്കുകൾ വിജ്ഞേയകളായി ഭവിക്കുന്നു- ഷഷ്ഠിയുടെ ദലങ്ങളി ൽ ശാൎങ്ഗിത്യാദ്യകളായിരിക്കുന്ന ദിക്കുകൾ സ്മൃതകളായി ഭവിക്കു ന്നു- സപ്തമിയുടെ ദലങ്ങളിൽ ന്യൂംഭേത്യാദ്യകളായിരിക്കുന്ന ദി ക്കുകളും സ്മൃതകളായി ഭവിക്കുന്നു- അഷ്ടമിയുടെ ദലങ്ങളിൽ ശ്വഹ താദികളായിരിക്കുന്ന ദിക്കുകളും സ്മൃതകളായി ഭവിക്കുന്നു- ന വമ്യാദികളിൽ പ്രതിപദാദികളിൽ യാതൊരു പ്രകാരം ഭവിക്കു മൊ അപ്രകാരം ദലദ്വയത്തിങ്കൽ യൊഗിനി ഭവിക്കും- ഇ ങ്ങിനെ തിഥി യൊഗിനി ഉക്തയായി-

ഥംവെതികൃതെപ്രശ്നെവക്തവ്യമഥകഥ്യതെ ॥

അന്വയാൎത്ഥം—— നരകത്തിങ്കൽ ഇനിക്കു പാതം ഭവിക്കുമൊ സ്വൎഗ്ഗത്തിങ്കൽ വാസം ഭവിക്കുമൊ ധനാഗമം എങ്ങിനെ ഭവിക്കും. ഇപ്രകാരം പ്രശ്നം കൃതമായിരിക്കും വിഷയത്തിങ്കൽ വക്തവ്യമായിട്ടുള്ളത അനന്തരം കഥിക്കപ്പെടുന്നു.

സാരം — ഇനിക്കു മരിച്ചാൽ നരകാനുഭവമൊ സ്വൎഗ്ഗാനുഭവമൊ ഇപ്പോൾ ധനാഗമം എങ്ങിനെ ഇപ്രകാരം ചോദിച്ചാൽ പറവാൻ യോഗ്യമായിട്ടുള്ളതിനെ ഇനി പറയുന്നു.

൨൦൭ സദ്ഗുണത്രയവിഷഘടികാവിഷ്ടിഗ്ഗണ്ഡാന്തവൈധൃ
തൌലാടഃ । പരിവെഷവ്യതിപാതകധൂമാൎഗ്ഗളമന്ദപൂൎവ്വചതുര
ഭയാഃ ॥

൨൦൮. ഏതെദൊഷാനരകപതനംസൂചയന്തീഹപ്രാ
ശ്നെവാതുഹിനരുചിവാസംഭവന്തൊഥവാക്കെ । ദുഃഖംമാന
ക്ഷയമധനതാംനാരകാനെവവിദ്യാ ദസ്മിൽലൊകെപുനരതിത
രാംചന്ദ്രദൊഷൈസ്സമെതൈഃ ।

അന്വയാൎത്ഥം—— സദ്ഗുണത്രയ വിഷഘടികകളും വിഷ്ടിയും ഗണ്ഡാന്തവൈധൃതങ്ങളും ലാടവും പരിവെഷവ്യതിപാതകധൂമാൎഗ്ഗളമന്ദ പൂൎവ്വചതുൎഭങ്ങളുമാകുന്ന ഈ ദൊഷങ്ങൾ പ്രശ്നത്തിങ്കലൊ തുഹിനരശ്മികലൊ അൎക്കങ്കലൊ സംഭവിത്തുകളായിട്ട ഇവിടെ നൃക്കൾക്കു നരകപതനത്തെ സൂചിപ്പിക്കുന്നു. ഈ ലൊകത്തിങ്കൽ ദുഃഖത്തെയു, മാനക്ഷയത്തെയും അധനതയെയും നാരങ്ങൾ എന്നു തന്നെ അറിയെണം. ചന്ദ്രദൊഷങ്ങളായിരിക്കുന്ന ഇതുകൾ ഹെതുവായിട്ടാകട്ടെ ദുഃഖവും മാനക്ഷയവും അധനതയും ഏററവും ഭവിക്കും.

സാരം—— സദ്ഗുണം. ഖണ്ഡസദ്ഗുണം. രക്തസദ്ഗുണം, വിഷ., വിഷ്ടിഗണ്ഡാന്തം. വൈധൃതം. ലാടം, പരിവെഷം. വ്യതീപാതം. ധൂമം, ഏകാൎഗ്ഗളം, ശനി. രാഹു. കെതു, ഗുളികൻ ഇവ പതിനാറും ഉദയലഗ്നത്തിനൊടൊ ചന്ദ്രലഗ്നത്തിനൊടൊ ആദിത്യൻനിന്നരാശിയൊടൊ സംബന്ധിച്ചിരുന്നാൽ നരകാനുഭവത്തെ സൂചിപ്പിക്കുന്നു. മെൽപറഞ്ഞദൊഷങ്ങളിൽ സദ്ഗുണത്രയം മാധവീയാദികളിൽ സ്പഷ്ടമാകുന്നു. വിഷ്ടിഗണ്ഡാന്താദികൾ സുപ്രസിദ്ധങ്ങൾതന്നെ സദ്ഗുണത്രയത്തിന്റെസ്വരൂപം ഇനപ്രകാരമെന്ന മാധവീയാദികളിൽ നൊക്കിഅറിഞ്ഞുകൊൾക ദുഃഖവും മാനക്ഷയവും ദാരിദ്ര്യവും ഇവിടെഉള്ളനരകങ്ങളാകുന്നു. മെൽപറഞ്ഞദൊഷങ്ങൾ ചന്ദ്രനു സംഭവിച്ചാൽ ദുഃഖവും മാന

ളുടെ അൎദ്ധാംശത്തെകൊടുക്കും. ദ്വാപരയുഗരാശിയിലൊ ദ്വാപരയുഗാംശകരാശിയിലൊ നില്ക്കുന്നഗ്രഹത്തിന്റെ ദശാസംവത്സരങ്ങളുടെ നാലിലൊരുഭാഗത്തെ കൊടുക്കും. കലിയുഗരാശിയിലൊ കലിയുഗാംശകരാശിയിലൊ നില്ക്കുന്നഗ്രഹത്തിന്റെ ദശാസംവത്സരങ്ങളുടെ എട്ടിലൊരുഭാഗത്തെ കൊടുക്കും. മെടം, ചിങ്ങം, ധനു ഇവമൂന്നും കൃതയുഗരാശികൾ. ഇടവം, കന്നി, മകരം ഇവമൂന്നും ത്രേതായുഗരാശികൾ. മിഥുനം, തുലാം, കുംഭം ഇവമൂന്നും ദ്വാപരയുഗരാശികൾ. കൎക്കിടകം, വൃശ്ചികം മീനം ഇവമൂന്നും കലിയുഗരാശികൾ.

൨൨൨. യജ്ഞനനം കൃതയുഗഭേ ദൈവനിയോഗാദ്വൈത്യസകലജ്ഞാൽ। ധനമന്യദൎത്ഥതന്ത്രായാമൎത്ഥലബ്ധിരടനേ ഭി॥

൨൨൩. ദ്വാപരഭേ സ്വീയധനവ്യാപാരാൻ കലിയുഗന കെനാപി॥ ഏവംഫലമാവിശേൽ കൃതപൂൎവ്വയുഗാദി ധനരാശിഗതഃ॥

൨൨൪. സ്വദശാപഹൃതിപ്രവൃത്തിഷുസമയേഷ്വപിഹചിന്ത്യതാം തദംശോപി॥

അന്വയാൎത്ഥം.— യജ്ഞനനം കൃതയുഗത്തിങ്കൽ ഭവിക്കുന്നുവൊ ഇവനായിക്കൊണ്ടു സകലജനന്മാർ ദൈവനിയോഗംഹേതുവായിട്ടു ഉപയോഗംചെയ്തിട്ടു ധനത്തെദാനംചെയ്യും. യജ്ഞനനം ത്രേതയിങ്കൽ ഭവിക്കുന്നുവൊ അവന്ന അൎത്ഥലബ്ധി അടനംഹേതുവായിട്ടുഭവിക്കും. യജ്ഞനനം ദ്വാപരത്തിങ്കൽ ഭവിക്കുന്നുവൊ അവന്നഅൎത്ഥലബ്ധിസ്വീയധനവ്യാപാരം ഹേതുവായിട്ടു ഭവിക്കും. യജ്ഞനനം കലിയുഗത്തിങ്കൽ ഭവിക്കുന്നുവൊ അവന്ന അൎത്ഥലബ്ധി ഒന്നുഹേതുവായിട്ടും ഭവിക്കില്ല. കൃതപൂൎവ്വയുഗാദിധനരാശിഗതന്മാരായിരിക്കുന്ന വിഹഗന്മാർ സ്വദശാപഹൃതിപ്രവൃത്തികളായിരിക്കുന്ന സമയങ്ങളിൽ ഇപ്രകാരംഫലദന്മാരായി ഭവിക്കുന്നു. ഇവിടെ തദംശവുംചിന്തിക്കപ്പെടേണം.

സാരം.— കൃതയുഗരാശിയിലൊ കൃതയുഗനവാംശകത്തിങ്കലൊ ജനനമാകിൽ അറിവുള്ളവർ ദൈവത്തിന്റെ കല്പനഹേതുവായിട്ടു അവന്റെ സമീപത്തിങ്കൽവന്നിട്ടു അവന്നായിക്കൊണ്ടുധനം ദാനംചെയ്യും. ത്രേതാദ്യംശകങ്ങളിൽ ജനിച്ചവന്ന അവിടവിടെനടന്നാൽ ധനലാഭം ഉണ്ടാകും. ദ്വാപരാദ്യംശകങ്ങളിൽ ജനിച്ചവന്നു തന്റെധനംകൊണ്ടു കൃഷ്യാദികളെ ചെയ്താൽ ധനലാഭമുണ്ടാകും. കലിയുഗാദ്യംശകങ്ങളിൽ ജനിച്ചവന്ന ഒന്നുകൊണ്ടും ധനമുണ്ടാകയില്ല. ഇങ്ങിനെതന്നെകൃ

BOSE PUBLIC LIBRARY
Reg No. 101
VELOOR, KOTTAYAM-686 003